# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂലൈ 1, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

554/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ.  പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1.വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 35

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 35

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 116

**II അടിയന്തരപ്രമേയം**

കസ്റ്റഡി മരണം – 499

(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) തീരസുരക്ഷ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത – 520

- ശ്രീ. റ്റി. വി. രാജേഷ്

(2) കുടിവെള്ള ലഭ്യതയും വിതരണവും – 525

- ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

**IV സബ്മിഷൻ**

1. കേരള കലാമണ്ഡലത്തിന്റെ സബ് സെന്റർ – 531

- പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

2. ആൾക്കൂട്ട ആക്രമണങ്ങൾ – 533

- ഡോ. എം. കെ. മുനീർ
- പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

3. അടയ്ക്ക കർഷകർക്കുള്ള നഷ്ടപരിഹാരം – 536

- ശ്രീ. കെ. കുഞ്ഞിരാമൻ

4. കാരുണ്യ ബെനവലന്റ് പദ്ധതി – 538

-ശ്രീ. പി. ജെ. ജോസഫ്

5. റെഗുലേറ്റർ-കം-ബ്രിഡ്ജ് – 542

-ശ്രീ. മുഹമ്മദ് മുഹസിൻ പി.

പേജ്

6. കോട്ടയം ജനറൽ ആശുപത്രിയിലെ സൗകര്യങ്ങൾ - 544

-ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

7. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ - 547

- ശ്രീമതി യു. പ്രതിഭ

8. എയർ ആംബുലൻസ് - 550

-ശ്രീ. പാറക്കൽ അബ്ദുല്ല

9. അണ്ടർ പാസ്സേജ് നിർമ്മാണം - 554

-ശ്രീ. ബി. ഡി. ദേവസ്സി

10. ചട്ടങ്ങളുടെ രൂപീകരണം - 556

-ശ്രീ. ജെയിംസ് മാത്യു

## V റിപ്പോർട്ടുകളുടെ സമർപ്പണം

1. വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും - 558

2. മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും - 558

3. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2019-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് - 558

പേജ്

4. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും – 558

5. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റി അഞ്ച് മുതൽ തൊണ്ണൂറ്റി ഏഴ് വരെയുള്ള റിപ്പോർട്ടുകൾ – 559

6. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ – 559

**VI ക്രമപ്രശ്നം**

കാലഹരണപ്പെട്ട റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് – 559

- ശ്രീ. എം. ഉമ്മർ

**റൂളിംഗ്** – 561

**VII ധനകാര്യം**

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും – 562

**VIII വ്യക്തിപരമായ വിശദീകരണം**

(1) വസ്തുതാപരമല്ലാത്ത പരാമർശം – 566

- ശ്രീ. എം. സ്വരാജ്

**ധനകാര്യം (തുടർച്ച)** – 566

**വ്യക്തിപരമായ വിശദീകരണം (തുടർച്ച)** – 649

(2) ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അഴിമതി ആരോപണം – 649

- തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ)

*പേജ്*

(3) പ്ലാസ്മയുടെ വിൽപ്പനയുമായി ബന്ധപ്പെട്ട
അഴിമതി ആരോപണം - 655
- ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു
വികസനവും മന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)

**ധനകാര്യം (തുടർച്ച)** - 661

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2019 ജൂലൈ 1, തിങ്കൾ*

| വാല്യം 176] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 18 |
|---|---|---|

നിയമസഭ 2019 ജൂലൈ മാസം 1-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.....ചോദ്യം നമ്പർ (*481)

### വ്യവസായ സംരംഭകരോടുള്ള സമീപനം

1 (*481) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിന് നടത്തിയ നിയമനിർമ്മാണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഇളവുനൽകിയെന്ന് അവകാശപ്പെടുമ്പോഴും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകേണ്ട അധികാരികൾ തന്നെ വിലങ്ങുതടിയാകുന്നത് കാരണം പ്രവാസികളടക്കമുള്ള സംരംഭകർ ആത്മഹത്യ ചെയ്യുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ചില പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ തടസ്സമായി നിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) അധികാരികളുടെ സമീപനം കാരണം വ്യവസായ സംരംഭകർ ആത്മഹത്യ ചെയ്യുന്നത് സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനെ സാരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായും അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിലേയ്ക്കുമായി വിവിധ വകുപ്പുകളിലെ നിലവിലെ ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്റ്റ്, 2018 സർക്കാർ പുറപ്പെടുവിച്ചു.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം (K-SWIFT), വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ഏകീകൃത അപേക്ഷാഫോറവും അതിന്റെ ഓൺലൈൻ സംവിധാനവും നിലവിൽ വന്നതിനാൽ വ്യവസായ സംരംഭകർക്ക് 14 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്.

വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകൾ ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) സംസ്ഥാന തലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാനാകും എന്നതാണ് ഇത് മുഖാന്തരം വ്യവസായ രംഗത്ത് വന്നിട്ടുള്ള പ്രധാന മാറ്റങ്ങൾ.

സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിന് നടത്തിയ നിയമനിർമ്മാണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ 150-ൽപ്പരം പ്രചരണ പരിപാടികളാണ് നടത്തിയിട്ടുള്ളത്. പ്രസ്തുത പരിപാടികളിൽ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്, 2018 പുതിയതായി ആരംഭിച്ച ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT), ഇൻവെസ്റ്റ് കേരള പോർട്ടൽ, കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) എന്നിവയെക്കുറിച്ചുള്ള വിശദമായ ബോധവൽക്കരണം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സംരംഭകർ, വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവർക്ക് പരിശീലന പരിപാടികളിലൂടനീളം സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വ്യവസായ സൗഹൃദ പദ്ധതികളെക്കുറിച്ച് ലഘുലേഖകൾ, പ്രചരണപത്രികകൾ എന്നിവയും നൽകിയിട്ടുണ്ട്. National Council of Applied Economic Research എന്ന ന്യൂഡൽഹി ആസ്ഥാനമായ സ്ഥാപനം 2016 മുതൽ ഇന്ത്യയിലെ ഓരോ സംസ്ഥാനത്തും നിലനിൽക്കുന്ന State Investment Potential Index കണക്കാക്കുന്നതിനുവേണ്ടി പഠനം നടത്തുന്നുണ്ട്. ആറ് ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പഠനം നടത്തി ഓരോ സംസ്ഥാനത്തിന്റേയും റാങ്ക് നിശ്ചയിക്കുന്നത്. Land, Labour, Infrastructure, Economic Climate, Political Stability & Governance എന്നിവയാണ് മേൽസൂചിപ്പിച്ച ആറ് ഘടകങ്ങൾ. 21 സംസ്ഥാനങ്ങളിൽ നടത്തിയ പഠനത്തിൽ കേരളം ആറാം സ്ഥാനത്താണ്. ഒന്നാം സ്ഥാനത്ത് ഡൽഹിയും രണ്ടാം സ്ഥാനത്ത് തമിഴ്നാടും ആണുള്ളത്. 2016-ൽ കേരളം 10-ാം സ്ഥാനത്തായിരുന്നത് 2017-ൽ 7-ാം സ്ഥാനത്തും 2018-ൽ 6-ാം സ്ഥാനത്തും എത്തി. ഈ സർക്കാരിന്റെ ഭരണകാലത്ത് ഇപ്രകാരം 10-ാം സ്ഥാനത്ത് നിന്നും 6-ാം സ്ഥാനത്തേയ്ക്ക് ഉയർത്താൻ കഴിഞ്ഞു എന്നുള്ളത് അടിസ്ഥാനപരമായ നേട്ടമായി കാണുന്നു.

ലാൻഡിനെ സംബന്ധിച്ച് മൊത്തമായി നടത്തിയ പഠനത്തിൽ ലാൻഡ് റെക്കോർഡ്സ് ഡിജിറ്റൈസ് ചെയ്തതിൽ കേരളം ഒന്നാം സ്ഥാനത്തും വ്യവസായ പാർക്കുകളുടെ സംഗതിയിൽ രണ്ടാം സ്ഥാനത്തുമാണുള്ളത്.

(ബി) ഈ അടുത്ത കാലത്ത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത നിർഭാഗ്യകരമായ സംഭവത്തിന്റെ യഥാർത്ഥ കാരണം അന്വേഷിച്ചുവരികയാണ്.

ഒറ്റപ്പെട്ട സംഭവങ്ങൾ ഇത്തരത്തിൽ പർവ്വതീകരിച്ച് നടത്തുന്ന പ്രചരണ വേലകൾ സംസ്ഥാനത്ത് വ്യവസായ നിക്ഷേപം വർദ്ധിക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നതിനും സാധ്യതയുണ്ട്.

(സി & ഡി) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന വ്യവസായ സൗഹൃദ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് നടപ്പിലാക്കിവരികയാണ്. ആയതിനാൽ നിലവിൽ ചെറിയ തടസ്സങ്ങൾ അനുഭവപ്പെട്ടാലും വരുംകാലങ്ങളിൽ പൂർണ്ണ രൂപത്തിലുള്ള ഒരു നിക്ഷേപ സൗഹൃദ അന്തരീക്ഷം സംസ്ഥാനത്ത് രൂപപ്പെടും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ ഉത്തരം ഞാൻ ശ്രദ്ധിച്ചുകേട്ടു. 'ഏട്ടിലെ പശു പുല്ല് തിന്നില്ല'. അങ്ങ് കുറേ കാര്യങ്ങൾ ഇവിടെ വിശദീകരിച്ചു. അത് ഗ്രമാറ്റിക്കലി നോക്കിയാൽ ശരിയാണ്. പക്ഷേ പ്രായോഗികമായി ആളുകൾക്കുണ്ടാകുന്ന അനുഭവം വേറെയാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്നുപറയുന്നത് ലോക ബാങ്കിന്റെ ചില മാനദണ്ഡങ്ങൾ അടങ്ങുന്നതാണ്. ആ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇതിന്റെ സൂചകങ്ങൾ തീരുമാനിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 2018-ൽ കേരളത്തിന്റെ റാങ്ക് 21 ആണ്. അന്ന് ആന്ധ്രാപ്രദേശാണ് ഒന്നാം സ്ഥാനത്ത് എത്തിയത്. ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ ഈ റാങ്കിംഗ് മുന്നോട്ടുകൊണ്ടുവരുന്നതിനുവേണ്ടി ഫലപ്രദമായ ഒരു നടപടിയും ഉണ്ടാകുന്നില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ പറയുന്നതുപോലെ Kerala Single Window Interface for Fast and Transparent Clearance (K-SWIFT) വഴി 30 ദിവസത്തിനുള്ളിൽ ക്ലിയറൻസ് കിട്ടുമെന്ന പ്രതീക്ഷയോടുകൂടി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ ഒട്ടുമിക്ക ആളുകൾക്കും ക്ലിയറൻസ് കിട്ടുന്നില്ല. അതുകൊണ്ട് അതിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ? അതല്ല ഈ രൂപത്തിൽ ഈസി മൂഡിൽ പോകുന്ന നിലപാടാണ് സ്വീകരിക്കുന്നതെങ്കിൽ കേരളം ഒരു കരകാണാക്കയത്തിലേയ്ക്ക് പോകും എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കണം.

ശ്രീ. ഇ. പി. ജയരാജൻ: സർ, സംസ്ഥാനത്ത് വ്യവസായ രംഗം നേരിട്ടുകൊണ്ടിരിക്കുന്ന വ്യത്യസ്തങ്ങളായ പ്രശ്നങ്ങളെ സംബന്ധിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിശദമായി പരിശോധിക്കുകയുണ്ടായി. വ്യവസായികളുമായും ഈ രംഗത്ത് അനുഭവമുള്ളവരുമായും പുതിയ സംരംഭകരുമായും കേരളത്തിന്റെ വിവിധ ജില്ലകളിലും പ്രദേശങ്ങളിലും വച്ച് നടത്തിയിട്ടുള്ള ചർച്ചകളിലൂടെ അവർ ഉയർത്തിയിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കാനും പുതിയ സംരംഭങ്ങൾ ആരംഭിക്കാനും കഴിയത്തക്ക നിലയിലുള്ള സാഹചര്യം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു പ്രശ്നം ലൈസൻസ്

ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ്. അത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഏകജാലക ഓൺലൈൻ സംവിധാനം (K-SWIFT) ഇവിടെ ഏർപ്പെടുത്തിയത്. ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള ഒരു നല്ല സംരംഭമാണത്. വ്യത്യസ്ത രംഗങ്ങളിൽ നിന്നുള്ള 14 ഡിപ്പാർട്ട്മെന്റുകളിൽ നിന്നും അനുമതികൾ ഏകജാലകം വഴി ലഭ്യമാക്കാൻ കഴിയത്തക്ക നിലയിൽ പ്രത്യേക സംവിധാനമൊരുക്കിയാണ് K-SWIFT പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അത് പൂർണ്ണതയിലേയ്ക്ക് എത്തിക്കഴിഞ്ഞിട്ടില്ല. അതിൽ ചില തകരാറുകൾ വന്നിട്ടുണ്ട്. കാരണം നേരത്തെ പുതിയ സംരംഭകർക്കുവേണ്ടി എന്നുള്ള നിലയിലാണ് K-SWIFT രൂപപ്പെടുത്തിയെടുത്തത്. അതിനുവേണ്ടിയുള്ള നടപടികൾ വന്നപ്പോൾ പുതുക്കൽ നടപടികളും ഇതിലൂടെ വന്നു. അങ്ങനെ വന്നപ്പോൾ അത് സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. അതുകൂടി പരിഹരിച്ച് മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഒട്ടനവധി അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. റിന്യൂവൽ വരുന്നുണ്ട്. അടുത്തകാലത്ത് നടത്തിയിട്ടുള്ള ഒരു പഠനത്തിൽ കണ്ടെത്തിയിരിക്കുന്നത് ഇന്ത്യയിൽ തന്നെ K-SWIFT-ന്റെ പുരോഗതിയിൽ ഫാസ്റ്റ് മൂവേഴ്സ് പട്ടികയിലാണ് കേരളം ഇപ്പോഴുള്ളത് എന്നാണ്. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ ലോക ബാങ്ക് 190 രാഷ്ട്രങ്ങളിൽ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് 2003 മുതൽ ഇത്തരത്തിലുള്ള പുതിയ സംരംഭം ആരംഭിക്കുന്നതിനുവേണ്ടി 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' എന്ന നിലയിൽ ഒരു പദ്ധതി തയ്യാറാക്കി എല്ലാ സംസ്ഥാനങ്ങളിലും ഇതിന്റെ രംഗം ഒരുക്കിക്കൊണ്ടിരിക്കുന്നത്. ഇതിനെ പരമാവധി ഉപയോഗപ്പെടുത്തി കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും പുതിയ സംരംഭകർക്കും നിലവിലുള്ളവർക്കും പൂർണ്ണമായും അവരുടെ വ്യവസായ രംഗത്തെ വികസിപ്പിക്കാനും അതുവഴി തൊഴിലവസരങ്ങൾ, കേരളത്തിന്റെ സാമ്പത്തിക വളർച്ച എന്നിവയെ ത്വരിതപ്പെടുത്താനും കഴിയത്തക്ക നിലയിലുള്ള സംവിധാനം ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, K-SWIFT-ന്റെ പുതിയ സംരംഭമടക്കം ആധുനിക സൗകര്യത്തോടുകൂടിയ ചില നടപടികളെടുക്കുന്നു, ഓൺലൈൻ രജിസ്ട്രേഷൻ വരുന്നു എന്ന് അങ്ങയുടെ ഉത്തരത്തിൽ പറയുകയുണ്ടായി. ഇത് രണ്ടും നിലനിൽക്കുന്ന സമയത്താണ് ആന്തൂരിൽ സാജനും പുനലൂരിൽ സുഗതനും രക്തസാക്ഷികളാകേണ്ടി വന്നത്. പുനലൂരിലെ സുഗതന്റെ മരണമുണ്ടായതിനുശേഷം ഗവൺമെന്റ് പാഠം പഠിച്ചിരുന്നുവെങ്കിൽ ആന്തൂരിലെ സാജന്റെ മരണം ഒഴിവാക്കാൻ കഴിയുമായിരുന്നു. അതിൽ തന്നെ ഉദ്യോഗസ്ഥർ എന്ന പേരിൽ,

അവരുടെ ചിലയാളുകളുടെ നേരെ സസ്പെൻഷൻ നടപടിയെടുത്തിരിക്കുകയാണ്. അതിനേക്കാൾ കൂടുതൽ പൊളിറ്റിക്കൽ ലീഡർഷിപ്പാണുള്ളത്. പൊളിറ്റിക്കൽ ലീഡർഷിപ്പ് എടുത്ത നടപടിയുടെ അടിസ്ഥാനത്തിലാണ് സ്വാഭാവികമായും ഇതിനകത്ത് തീരുമാനമുണ്ടാകുന്നത്. അവിടെ മുനിസിപ്പൽ ചെയർപേഴ്സണെതിരായി എന്ത് നടപടി സ്വീകരിച്ചു? മാധ്യമങ്ങളിൽ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്ന വാർത്തകൾ അവർക്കൊന്നും കുറ്റമില്ലെന്നാണ്.

മി. സ്പീക്കർ: യെസ്..യെസ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ചോദ്യം ചോദിക്കണ്ടേ?

മി. സ്പീക്കർ: ചോദിക്കണം. പക്ഷേ അങ്ങ് ചോദ്യം ചോദിക്കുകയല്ലല്ലോ ചെയ്യുന്നത്? ഇപ്പോൾ 10 മിനിറ്റായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്.

മി. സ്പീക്കർ: പ്രധാനപ്പെട്ട ഒരു ചോദ്യത്തിന് പരമാവധി 20 മിനിറ്റേ കൊടുക്കാൻ പാടുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ചോദിക്കണ്ട എന്നുപറഞ്ഞാൽ ഞാൻ ചോദിക്കില്ല. ആന്തൂരിലെ പ്രശ്നം ഇവിടെ ചോദിക്കാൻ പറ്റില്ലെന്ന് പറഞ്ഞാൽ ഞാൻ ചോദിക്കില്ല.

മി. സ്പീക്കർ: അതൊന്നും ഞാൻ പറഞ്ഞില്ല. അങ്ങനെ വ്യാഖ്യാനിക്കണ്ട. അങ്ങ് ദയവായി ചോദ്യം ചോദിക്കുക. പ്രസ്താവനകൾ, കയ്യിലുള്ള വിവരങ്ങൾ വെളിപ്പെടുത്തൽ ഇവയൊന്നും പാടില്ലെന്ന് ചട്ടത്തിലുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പണ്ട് തന്നെ 'ആന്തൂരിനെക്കുറിച്ച് ശബ്ദിക്കരുത് എന്നൊരു സമീപനം ഇവിടെയുണ്ട്. അത് വേണ്ട. പുനലൂരിലും ആന്തൂരിലും നടന്ന ഈ രണ്ട് രക്തസാക്ഷിത്വങ്ങളുടെ പശ്ചാത്തലം വച്ചുകൊണ്ട് കുറ്റക്കാർക്കെതിരെ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്നതിനെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഈ വിഷയം ആന്തൂരുമായി ബന്ധപ്പെട്ടതല്ല. ബഹുമാനപ്പെട്ട അംഗം, അങ്ങയുടെ ജില്ലയായ കോട്ടയത്തെ പള്ളിത്തോട് പഞ്ചായത്തിൽ നിങ്ങളുടെ പ്രസിഡന്റാണുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പള്ളിത്തോട് പഞ്ചായത്ത് അല്ല, പള്ളിക്കാത്തോട് പഞ്ചായത്താണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, അപ്പോൾ അങ്ങേയ്ക്ക് അത് സംബന്ധിച്ച് അറിയാം. അവിടെ വലിയൊരു വ്യവസായി ആത്മഹത്യയിലേയ്ക്ക് നീങ്ങുന്നതിൽനിന്ന് രക്ഷപ്പെടുത്താനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. രണ്ടാമത്തേത്, മാധ്യമങ്ങൾ എഴുതിവിട്ട കൊച്ചി കോർപ്പറേഷനിലെ കാര്യങ്ങളാണ്. മലപ്പുറത്തെ മൂന്നിയൂർ പഞ്ചായത്ത്, പാലക്കാട് വല്ലപ്പുഴ പഞ്ചായത്ത്, കോട്ടയം നഗരസഭ തുടങ്ങിയ ചില സ്ഥലങ്ങളിൽ ലൈസൻസ് നൽകുന്നതിൽ വന്നുകൊണ്ടിരിക്കുന്ന പിശകുകളെ സംബന്ധിച്ച് ഗവൺമെന്റ് മനസ്സിലാക്കി അതിന് പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഈ സഭയിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ആന്തൂരിന്റെ കാര്യത്തിലാണെങ്കിൽ നമുക്ക് ഒരാളെ കുറ്റവാളിയായി പ്രഖ്യാപിക്കാൻ പറ്റില്ല. അതിന് വിശദമായ അന്വേഷണം വേണം. ഞാൻ മനസ്സിലാക്കുന്നത് അന്വേഷണം നടക്കുമ്പോൾ നിങ്ങളെല്ലാം ദുഃഖിക്കും എന്നാണ്. അന്വേഷണം പൂർത്തിയാകട്ടെ. അത് പൂർത്തിയാകുമ്പോൾ എല്ലാ കാര്യങ്ങളും വ്യക്തമാകും. അപ്പോൾ കൂടുതൽ കാര്യങ്ങൾ നമുക്ക് അത് സംബന്ധിച്ച് ചർച്ച ചെയ്യാൻ സാധിക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഈസ് ഓഫ് കമ്മിറ്റിംഗ് സൂയിസൈഡായി മാറിയിരിക്കുകയാണ്. ആന്തൂരിലെ സാജൻ പാറയിലിന്റെ ആത്മഹത്യയും പുനലൂരിലെ സുഗതന്റെ ആത്മഹത്യയും കേരള മനസ്സാക്ഷിയെ ഞെട്ടിക്കുകയും പ്രവാസി ലോകത്ത് പരിഭ്രാന്തിയും നിരാശയും പടർത്തിയിരിക്കുകയുമാണ്. നമ്മൾ എന്ത് രാഷ്ട്രീയം പറഞ്ഞാണ് ഇതിനെ മറികടക്കേണ്ടത്? ഇത് മറികടക്കാനുള്ള രണ്ട് നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം. ഒന്ന്, ആന്തൂരിലെ രാഷ്ട്രീയ നേതൃത്വത്തിന് ഇതിൽ പൂർണ്ണ ഉത്തരവാദിത്വമുണ്ടെന്ന് പ്രവാസി ലോകവും കേരളവും പൂർണ്ണമായി വിശ്വസിക്കുന്നു. ആ ഭരണ നേതൃത്വത്തിനെതിരായി മാതൃകാപരമായ നടപടി സ്വീകരിക്കുക. രണ്ട്, ധാരാളം പ്രവാസികൾ മണലാരണ്യങ്ങളിലും വിദേശ രാജ്യങ്ങളിലും കഠിനാധ്വാനം ചെയ്ത് കേരളത്തിൽ വന്ന് ഒരു ജീവിതകാലത്തെ സമ്പാദ്യം മുഴുവൻ മുതൽമുടക്കിയ പ്രവാസികൾക്ക് അനുമതികൾ കിട്ടാത്തതിന്റെ വാർത്തകൾ എല്ലാ ദിവസവും പത്രത്തിൽ വരുന്നു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെല്ലായിടത്തും വ്യാപകമായി അദാലത്തുകൾ സംഘടിപ്പിച്ച് ന്യായമായ കാര്യങ്ങൾ നടത്തിക്കൊടുക്കാനുള്ള തീരുമാനമെടുക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ ഇവിടെ പറഞ്ഞതുപോലെ ഒരാളെ കുറ്റവാളിയായി പ്രഖ്യാപിക്കുന്നതിന് നമ്മുടെ മുമ്പിൽ എന്ത് തെളിവാണുള്ളത്. അത് പരിശോധിക്കട്ടെ. അന്വേഷണം നടക്കുകയാണ്. അന്വേഷണ റിപ്പോർട്ട്

വരട്ടെ. ഒരു കാര്യം എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കേരളം വ്യാവസായിക സൗഹൃദ സംസ്ഥാനമായി ഒട്ടനവധി വ്യവസായങ്ങൾ വളർന്നുവരേണ്ട നാടാണ്. മാധ്യമങ്ങളും നമ്മൾ ഇവിടെ ഓരോ ദിവസവും നടത്തിക്കൊണ്ടിരിക്കുന്ന ചർച്ചകളും കേരളത്തിന്റെ അഭിവൃദ്ധിയെ പ്രതികൂലമായി ബാധിക്കുമെന്ന് മനസ്സിലാക്കണം. കേരളത്തിലേയും ഇന്ത്യയിലേയും വിദേശ രാജ്യങ്ങളിലെയും മലയാളികളും പ്രവാസികളുമൊന്നും ഇതിൽ ഉത്കണ്ഠപ്പെടുന്നില്ല. ഇതൊക്കെ നമ്മുടെ വ്യാഖ്യാനങ്ങളുടെയും ചിന്തകളുടെയും ഭാഗമാണ്. നമുക്കൊക്കെ ഒരു രാഷ്ട്രീയ കാഴ്ചപ്പാടുണ്ട്. ആ രാഷ്ട്രീയ കാഴ്ചപ്പാട് വച്ചുകൊണ്ട് പ്രശ്നങ്ങളെ സമീപിക്കുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള ചിന്തകളുണ്ടാകുന്നത്. അതല്ലാതെ ഇതുവരെ ലഭിച്ചിട്ടുള്ള തെളിവുകളും മറ്റ് കാര്യങ്ങളും പരിശോധിച്ചതിൽ ആന്തൂർ മുനിസിപ്പൽ ചെയർപേഴ്സൺ ഒരു തെറ്റും ചെയ്തിട്ടില്ല എന്നാണ് വ്യക്തമായിട്ടുള്ളത്. ഇനിയും പരിശോധിക്കട്ടെ. പോലീസും ഡിപ്പാർട്ട്മെന്റും അന്വേഷിക്കുന്നുണ്ട്. ആ അന്വേഷണം പൂർത്തീകരിച്ചാൽ ഇതുസംബന്ധിച്ച് നിലപാട് സ്വീകരിക്കാം. എല്ലാ പ്രവാസികളെയും രക്ഷിക്കാനും അവരുടെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. വ്യവസായ രംഗത്ത് വ്യവസായ വകുപ്പുതന്നെ അദാലത്ത് സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വ്യവസായികളുടെയും സംരംഭകരുടെയും പ്രശ്നങ്ങൾ നേരിട്ട് കേട്ട് അവിടെത്തന്നെ പരിഹാരമുണ്ടാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും ഓരോ ജില്ലയിലും അദാലത്ത് സംഘടിപ്പിക്കുന്നുണ്ട്. നമ്മുടെ തദ്ദേശസ്വയംഭരണ വകുപ്പും അദാലത്ത് വച്ചിരിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, അനാവശ്യമായ കാലതാമസമുണ്ടാക്കുന്ന ചില പ്രശ്നങ്ങൾ നമ്മുടെ ശ്രദ്ധയിൽ വന്നത് ഈ സഭ ചർച്ച ചെയ്തതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിതന്നെ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ലൈസൻസ് കിട്ടുന്നതിനും അനുമതി കിട്ടുന്നതിനുമൊക്കെയുള്ള കാലതാമസങ്ങൾക്കിടയാക്കുന്ന നിയമ വ്യവസ്ഥകളിലുണ്ടാക്കേണ്ട മാറ്റങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. പക്ഷെ അടിയന്തരമായി ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കെട്ടിക്കിടക്കുന്ന അപേക്ഷകളും മറ്റ് കാര്യങ്ങളുമുണ്ടോ എന്ന് പരിശോധിക്കാൻവേണ്ടി ഇതിനകം തന്നെ ഉത്തരവ് കൊടുത്തിട്ടുണ്ട്. എല്ലാ നഗരസഭകളിലും ഇതിന്റെ ഭാഗമായുള്ള പരിശോധനകൾ നടന്നുവരികയാണ്. കോർപ്പറേഷനിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിതന്നെ നേരിട്ട് പങ്കെടുത്തുകൊണ്ടുള്ള അദാലത്തുകൾ ഈ സമ്മേളനം കഴിഞ്ഞ് 22-ാം തീയതിക്കകം നടത്താൻ തീരുമാനിച്ചുകഴിഞ്ഞു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ആന്തൂരിലെ ദാസന്റെയും സാജന്റെയും ദാരുണമായ മരണം; ദാസനും കൊലചെയ്യപ്പെട്ടതാണ്. അതുകൊണ്ടാണ് ദാസന്റെ പേര് ആദ്യം പറഞ്ഞത്. സാജന്റെ ദാരുണമായ മരണത്തിൽ മുനിസിപ്പൽ സെക്രട്ടറിയെയും എഞ്ചിനീയറെയും ഓവർസീയറെയും സസ്പെന്റ് ചെയ്തിട്ടുണ്ട്. അത് എന്തടിസ്ഥാനത്തിലാണ്? പ്രാഥമിക അന്വേഷണം പൂർത്തിയാക്കുന്നതിന് മുമ്പുതന്നെയാണ് സസ്പെൻഷൻ. അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എന്നാൽ ഈ സംഭവത്തിൽ മുനിസിപ്പൽ ചെയർപേഴ്സണ് ഉത്തരവാദിത്വമുണ്ട്. 'ഞാൻ ഈ കസേരയിൽ ഇരിക്കുമ്പോൾ നടക്കില്ല' എന്ന് ചെയർപേഴ്സൺ പറഞ്ഞതായി മരണപ്പെട്ട സാജന്റെ ഭാര്യ ബീനയും ഭാര്യാപിതാവ് പുരുഷോത്തമനും സാജന്റെ സഹോദരന്മാരും സാജന്റെ മാനേജരും പറയുന്നു. രാഷ്ട്രീയ നേതൃത്വത്തിന്, ഭരണ നേതൃത്വത്തിന് ഉത്തരവാദിത്വമുണ്ടെന്ന് അവിടെ ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.യും ശ്രീ. പി. ജയരാജനും പരസ്യമായി പ്രസംഗ വേദിയിൽ പറയുന്നു.

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യം ചോദിക്കൂ.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, മുനിസിപ്പൽ വൈസ് ചെയർമാൻ കെ. ഷാജു ഫേയ്സ്ബുക്കിൽ വളരെ വ്യക്തമായി പോസ്റ്റിടുന്നു. ഈ കാര്യങ്ങൾ നിലനിൽക്കെ ഒന്നാം പ്രതിയാകേണ്ട മുനിസിപ്പൽ ചെയർപേഴ്സണെ രക്ഷിക്കുന്നതിനുവേണ്ടി അവർ നിരപരാധിയാണെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും മാധ്യമങ്ങളുടെ മുമ്പിൽ പരസ്യമായി പറഞ്ഞത് വളരെ വേദനയോടെയാണ് സാജന്റെ കുടുംബാംഗങ്ങൾ കേൾക്കുന്നത്. ഇവിടെ നിയമ വ്യവസ്ഥകളില്ലാത്തതുകൊണ്ടല്ല.

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യം ചോദിക്കൂ.

<u>ശ്രീ. സണ്ണി ജോസഫ്</u>: Sir, I am coming to the question definitely., എൽ.എസ്.ജി.ഡി.-യുടെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് പുറത്തിറക്കിയ സർക്കുലറിൽ പറയുന്നത്, സമയപരിധിക്കുള്ളിൽ പെർമിറ്റ് നൽകാത്ത കെട്ടിടത്തിന്മേൽ അപേക്ഷക കൗൺസിലിന് പരാതി നൽകുന്ന പക്ഷം അത് പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നതിന് മേയർ, മുനിസിപ്പൽ ചെയർമാൻ, സെക്രട്ടറി എന്നിവർ അംഗങ്ങളായി ഒരു അഞ്ചംഗ സമിതി രൂപീകരിക്കണമെന്നാണ്. ടി സമിതി പെർമിറ്റ് സ്വീകരിക്കുന്നതിന്റെ കാരണം വസ്തുനിഷ്ഠമാണോയെന്ന് പരിശോധിക്കുകയും സുതാര്യതയും മുൻഗണനയും ഉറപ്പാക്കേണ്ടതുമാണ്. ടി കമ്മിറ്റി എല്ലാ മാസവും യോഗം ചേരേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിയമ വ്യവസ്ഥകളില്ലാത്തതു കൊണ്ടല്ല. ഇത് 2010-ൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും കൊടുത്ത ഉത്തരവാണ്. ആ ഉത്തരവിനെ ലംഘിച്ചുകൊണ്ട് സാജന്റെ മരണത്തിനിടയാക്കിയ മുനിസിപ്പൽ ചെയർപേഴ്സണെ തൽസ്ഥാനത്തുനിന്നും മാറ്റിനിർത്തി IPC 306 അനുസരിച്ച് ആത്മഹത്യാ പ്രേരണയ്ക്ക് കേസ്സെടുക്കുമോ; അതിന് സർക്കാർ ധൈര്യം കാണിക്കുമോ; ധാർമ്മികമായി, നിയമപരമായി, വസ്തുതാപരമായി ഈ കേസ്സിൽ യഥാർത്ഥ പ്രതിയെ രക്ഷിക്കുന്നതിനുപകരം ശിക്ഷാ നടപടികൾ സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഈ ഗവൺമെന്റ് ധാർമ്മികമായും നിയമവ്യവസ്ഥയിൽ ഉറച്ചുനിന്നുകൊണ്ടും എല്ലാ വശങ്ങളും പരിശോധിച്ചുകൊണ്ടും മാത്രമേ നടപടി സ്വീകരിക്കുകയുള്ളൂ. രാഷ്ട്രീയമായ വിദ്വേഷത്തിന്റെയും പകയുടെയും ഭാഗമായി ഒരാളെ കുറ്റവാളിയായി പ്രഖ്യാപിച്ച് പ്രചരിപ്പിച്ചതു കൊണ്ടൊന്നും അയാൾ കുറ്റവാളിയാകില്ല. അതിന് നമ്മുടെ ഇന്നത്തെ സംവിധാനം അന്വേഷണമാണ്. നിങ്ങൾ പറഞ്ഞതുകൊണ്ട് കുറ്റവാളിയാകുമോ; ഇവിടെ ബഹുമാന്യനായ എം.എൽ.എ. പറഞ്ഞാൽ കുറ്റവാളിയാകുമോ; കുറ്റവാളിയാകുന്നത് പരിശോധനയുടെയും മറ്റും അടിസ്ഥാനത്തിലാണ്. ഇവിടെ പറഞ്ഞിട്ടുള്ള പല.... ....(ബഹളം).... ......

<u>മി. സ്പീക്കർ</u>: Please, please..let him finish. ....(ബഹളം).... അങ്ങ് ചോദ്യം ചോദിച്ചപ്പോൾ അദ്ദേഹം കേട്ടുകൊണ്ടിരുന്നല്ലോ. പ്ലീസ് ഇരിക്കൂ.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, നിങ്ങളെപ്പോലെ അവകാശം എനിക്കുമില്ലേ. നിങ്ങൾ പറയുന്നതുകൊണ്ട് ഒരാൾ കുറ്റവാളിയാകില്ല. അന്വേഷണമാണ് ഒരു ഗവൺമെന്റിന്റെ മുന്നിലുള്ള കാര്യങ്ങൾ വ്യക്തമാക്കുന്നത്. ....(ബഹളം).... ആ അന്വേഷണം നടന്നുവരികയാണ്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിലപാട് സ്വീകരിക്കാൻ കഴിയുകയുള്ളൂ. നിങ്ങൾ തന്നെ ഈ പറയുന്ന ഓരോ വാചകങ്ങളും തിരുത്തേണ്ടിവരും എന്ന കാര്യംകൂടി ഓർമ്മിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് നല്ലതായിരിക്കും. ഇതുസംബന്ധിച്ച് ഒരു പിശകും ഗവൺമെന്റിന് സംഭവിച്ചിട്ടില്ലെന്ന കാര്യം ഞാൻ വ്യക്തമാക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, Ease of Doing Business (EoDB), an index published by the World Bank is a benchmark study of the regulations across different countries of the world. ഇതിന്റെ അടിസ്ഥാനത്തിൽ construction permit, getting electricity, registration, getting credit, protecting minority investors, paying taxes, trading across borders, enforcing contracts, efficient, effective, simple and user friendly സാഹചര്യങ്ങൾ, infrastructure availability, finance and tax issues

തുടങ്ങിയ മേഖലയിലൊക്കെ ഉണ്ടാക്കേണ്ട മാറ്റങ്ങളെ സംബന്ധിച്ചാണ് പറയുന്നത്. അതിൽത്തന്നെ രജിസ്ട്രേഷൻ, റവന്യൂ, മുനിസിപ്പാലിറ്റി, ബിൽഡിംഗ് റൂൾസ്, പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് തുടങ്ങിയ ഭേദഗതികൾ പറഞ്ഞു. KSIDC-യുടെ (Kerala State Industrial Development Corporation Ltd.) പഠനത്തെത്തുടർന്ന് ചില ആക്ടുകൾ ഭേദഗതി ചെയ്യണമെന്ന് പറഞ്ഞു. ഏകദേശം ആറേഴ് ആക്ടുകൾ ഭേദഗതി ചെയ്തു. പക്ഷേ കേരള പഞ്ചായത്ത് രാജ് റൂൾസ്, 1996 ഉൾപ്പെടെ ഒമ്പതോളം നിയമങ്ങൾ ഇനിയും ഭേദഗതി ചെയ്യാനുണ്ട്. ഈ കാര്യങ്ങളിലൊന്നും ശക്തമായ നടപടിയുണ്ടായിട്ടില്ല. ആ കാര്യങ്ങളെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ നിലപാട് അറിയണം. അതോടൊപ്പം അങ്ങ് ഇവിടെ കേരളം രണ്ടാമതോ അഞ്ചാമതോ സ്ഥാനത്താണെന്ന് പറഞ്ഞു.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, ഞാൻ അങ്ങയെ ഉൾപ്പെടെ ഈ സഭയെ ഒന്ന് ഓർമ്മപ്പെടുത്തുകയാണ്. ഉപചോദ്യങ്ങൾ മുഖ്യ ചോദ്യത്തിൽ നിന്നോ അതിന്റെ ഉത്തരത്തിൽ നിന്നോ ഉയരുന്നില്ലെന്നോ, വിവരങ്ങൾ ആവശ്യപ്പെടുന്നതിനുപകരം വിവരം നൽകുന്നുവെന്നോ, വിവരങ്ങൾ നൽകുവാനുള്ള അവസരമല്ല ഇത്. വിവരങ്ങൾ ചോദിക്കാനുള്ള അവസരമാണ്. അങ്ങനെയാണെങ്കിൽ നിഷേധിക്കണമെന്നാണ്. ഈ ചട്ടമാണ് ഇവിടെ ഉദ്ധരിക്കേണ്ടത്. അങ്ങേയ്ക്ക് ചോദിക്കാനുള്ള വിവരങ്ങൾ ചോദിക്കാം. അങ്ങയുടെ കയ്യിലുള്ള വിവരങ്ങൾ പറയുവാനുള്ള സമയം ഇതല്ല.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ സംബന്ധിച്ചാണ് പറയുന്നത്. Department of Industrial Policy and Promotion (DIPP) നടത്തിയ പഠനത്തിലോ Business Reforms Action Plan (BRAP) നടത്തിയ പഠനത്തിലോ കേരളം അങ്ങ് പറഞ്ഞ സ്ഥാനത്തൊന്നും എത്തിയിട്ടില്ല. എന്റെ പ്രധാനപ്പെട്ട ചോദ്യം എല്ലാം ശരിയാക്കാമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന സർക്കാർ ഒന്നും ശരിയാക്കാത്തതിന്റെ രണ്ട് രക്തസാക്ഷികളാണ് സാജനും സുഗതനും. അങ്ങ് ഇവിടെ വളരെ ഗുരുതരമായ ഒരു കുറ്റം, തെറ്റ്, അപരാധം ചെയ്തു. അതെന്താണെന്ന് ചോദിച്ചാൽ അന്വേഷണത്തിലിരിക്കുന്ന സാജന്റെ മരണത്തിൽ ചെയർപേഴ്സൺ ഒരുതരത്തിലും കുറ്റവാളിയല്ലെന്ന് അദ്ദേഹം അന്ന് ഈ സഭയിൽ പറഞ്ഞു. ചെയറിനോട് ഞാൻ ചോദിക്കുന്നു. അന്വേഷണത്തിലിരിക്കുന്ന ഒരു കാര്യത്തിൽ, ഒരു തരത്തിലും ചെയർപേഴ്സൺ കുറ്റവാളിയല്ലെന്ന് പറയുന്നു. ശ്രീ. പി. ജയരാജനും ശ്രീ. ജെയിംസ് മാത്യുവിനും ബോദ്ധ്യമുണ്ട്.

മി. സ്പീക്കർ: പ്ലീസ്..പ്ലീസ്. അങ്ങയുടെ ചോദ്യം എന്താണ്?

ശ്രീ. പി. ടി. തോമസ്: സർ, അത് പറഞ്ഞത് ഓർഡറിലാണോ; അത് അദ്ദേഹം തിരുത്തുമോ; അല്ലെങ്കിൽ അതന്വേഷണത്തെ ബാധിക്കില്ലേ; അക്കാര്യത്തെ സംബന്ധിച്ച് വിശദീകരണം വേണമെന്നാണ് എന്റെ ആവശ്യം.

ശ്രീ. ഇ. പി. ജയരാജൻ: സർ, സഭയിൽ ഈ പ്രശ്നം ഉന്നയിച്ച് അങ്ങും പ്രതിപക്ഷവുമാണ് ഇത് ചർച്ച ചെയ്തിട്ടുള്ളത്. നിങ്ങളാണ് ഈ വിഷയം സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. നിങ്ങളാണ് കുറ്റവാളിയെ പ്രഖ്യാപിക്കുന്നത്. അത് അന്വേഷണത്തെ ബാധിക്കില്ലേ; ഇതിന്റെ അന്വേഷണം നടക്കുകയാണ്. അതിനുശേഷം ഇതുസംബന്ധിച്ചുള്ള നിഗമനത്തിൽ എത്താമെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ആദ്യം ചോദിച്ച ചോദ്യത്തിന്, 14 വകുപ്പുകളിലാണ് ഇപ്പോൾ മാറ്റം വരുത്തിയിട്ടുള്ളത്. ഇനിയും ഇവിടെ സൂചിപ്പിച്ചിട്ടുള്ളതുപോലെ 9 വകുപ്പുകളിൽ കൂടി സോഫ്റ്റ്‌വെയർ അപ്ലൈ ചെയ്ത് K-SWIFT-ൽ കൂടി കൂടുതൽ സ്വീകാര്യതയും പ്രശ്നപരിഹാരങ്ങളും ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം. കൂടുതൽ വകുപ്പുകൾ ഇതിൽ ചേർക്കേണ്ടതുണ്ട്. ഇപ്പോൾ അതിന്റെ പ്രക്രിയയിലാണ്. അങ്ങനെ വരുമ്പോൾ ഇപ്പോൾ വ്യത്യസ്ത മേഖലയിലുള്ള ഏതാണ്ട് 23 വകുപ്പുകളിൽ ലഭ്യമാക്കേണ്ട ലൈസൻസും പെർമിഷനുമൊക്കെ ഏകജാലക സംവിധാനം K-SWIFT വഴി ലഭ്യമാക്കും. അത് ഓരോ പോർട്ടിലും അവരവർക്ക് തന്നെ ലോഗിൻ ചെയ്യാൻ സാധിക്കും. അവരുടെ password, user name എന്നിവ ഉപയോഗിച്ച് എന്താണ് ഇതിന്റെ position; ഇത് അംഗീകരിക്കപ്പെട്ടോ; ഇനി എന്തുചെയ്യണം; ഇപ്പോൾ എവിടെ കിടക്കുന്നു എന്നുള്ള കാര്യങ്ങളെല്ലാം കണ്ടെത്തുന്ന നിലയിലാണ് ഈ സോഫ്റ്റ്‌വെയർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുവേണ്ടി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഇവിടെ ചർച്ച ചെയ്ത പ്രധാനപ്പെട്ട വിഷയം, ഇപ്പോൾ പല വ്യവസായ സംരംഭങ്ങളും ആരംഭിക്കുന്നതിനായി പ്രവാസികളും മറ്റും മുന്നോട്ടുവന്ന് ലൈസൻസിനുവേണ്ടി അപേക്ഷിക്കുമ്പോൾ മറ്റ് പലരും ഇത് മനസ്സിലാക്കി വിവരാവകാശ നിയമപ്രകാരം അപേക്ഷ കൊടുക്കുകയാണ്. വിവരാവകാശ നിയമം നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ വളരെ സുപ്രധാനമായ ഒരു വഴിത്തിരിവാണ്. എന്നാൽ അതിന്റെ പേരിൽ ഇല്ലാത്ത വിഷയങ്ങൾ കുത്തിപ്പൊക്കി സംരംഭകരെ ഭയപ്പെടുത്തി വൻതോതിൽ പണം പിടുങ്ങുകയാണ്. ഇതിനുവരുന്ന സെറ്റിൽമെന്റ് ഉണ്ടാക്കാൻവേണ്ടി അവർ മുന്നോട്ടുവരികയാണ്. ഇത്തരത്തിലുള്ള മാഫിയ സംഘം സംസ്ഥാനത്ത് പലയിടത്തും

പ്രവർത്തിക്കുന്നുണ്ട്. അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; അതുകൊണ്ടാണ് പലപ്പോഴും സെക്രട്ടറിമാരും മറ്റും ലൈസൻസ് കൊടുക്കാൻ മടിക്കുന്നത്. ഇതിന്റെ കാലതാമസ പരിധിക്ക് പ്രധാനപ്പെട്ട ഒരു കാരണമായി വിവരാവകാശ നിയമത്തെ ചിലർ ദുരുപയോഗപ്പെടുത്തുന്നുണ്ട്. ഈ കാര്യത്തിൽ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്. ഒരു ബിസിനസ്സിന് ലൈസൻസ് കൊടുക്കാതിരിക്കാൻ അവിടെ മറ്റൊരു ബിസിനസ്സുകാരൻ കടന്നുവരുന്നു. അതിനെ ദുർബ്ബലപ്പെടുത്താൻ നിലവിലുള്ള ആൾ തന്നെ ഈ സംരംഭകരെ ഭയപ്പെടുത്തി പണമുണ്ടാക്കാൻ പരാതികൾ അയയ്ക്കുകയാണ്. ആ പരാതിയുടെമേലെ വിജിലൻസിന് പരാതി കൊടുക്കുകയാണ്. ഇത്തരത്തിൽ സംരംഭകരെ നിരുത്സാഹപ്പെടുത്താനും ഭയപ്പെടുത്താനും ശ്രമിക്കുന്ന പൊതുനില നമ്മുടെ സമൂഹത്തിലുണ്ട്. ഇതെല്ലാം ഫലപ്രദമായി അവസാനിപ്പിക്കാനും എല്ലാവരുടെയും സഹകരണത്തോടുകൂടി കാര്യങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുവാനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഇപ്പോൾ പഞ്ചായത്ത് തലത്തിൽ തന്നെ ഇതിനുള്ള സംരംഭമുണ്ട്. എല്ലാ സ്ഥലങ്ങളിലും ഇത്തരം പ്രശ്നങ്ങൾ വരുമ്പോൾ അത് പരിശോധിച്ച് പരിഹരിക്കാനുള്ള നടപടികൾ തീർച്ചയായും ഇനിയുമുണ്ടാകുമെന്നുള്ള കാര്യം സൂചിപ്പിക്കുകയാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ മലപ്പുറം ജില്ലയിലെ മൂന്നിയൂർ പഞ്ചായത്തിനെപ്പറ്റി പരാമർശിച്ചു. അത് മൂന്നിയൂർ പഞ്ചായത്തല്ല. തേഞ്ഞിപ്പലം പഞ്ചായത്താണ്. ഈ രണ്ട് പഞ്ചായത്തും എന്റെ അസംബ്ലി മണ്ഡലത്തിലാണുള്ളത്. തേഞ്ഞിപ്പലം പഞ്ചായത്തിലെ വ്യവസായ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഒരു സ്റ്റീൽ ഫർണിച്ചർ യൂണിറ്റിന്റെ ലൈസൻസിന്റെ കാലാവധി 2018 സെപ്റ്റംബർ മാസം അവസാനിച്ചു. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ചെറുകിട വ്യവസായ സംരംഭമാണത്. അതിന്റെ ലൈസൻസ് പുതുക്കുന്നതിനുവേണ്ടി ജൂൺ മാസം തന്നെ അദ്ദേഹം അപേക്ഷ കൊടുത്തു. യു.ഡി.എഫ്. ഭരിക്കുന്ന ഭരണസമിതിയാണ് തേഞ്ഞിപ്പലം പഞ്ചായത്ത്. 2018 ജൂലൈ 10-ാം തീയതി കൂടിയ ഭരണസമിതി യോഗം ലൈസൻസ് പുതുക്കികൊടുക്കുവാൻ തീരുമാനിച്ചു. പക്ഷേ പഞ്ചായത്ത് സെക്രട്ടറി ആ ലൈസൻസ് നൽകുന്നില്ല. നിരവധി തവണ എൽ.ഡി.എഫ്.-ന്റെ എതിർപ്പോടുകൂടിയാണ് പഞ്ചായത്ത് ഭരണസമിതി അത് പാസ്സാക്കിയത്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഇവിടെ ശ്രീ. എം. സ്വരാജ് സംസാരിച്ചപ്പോൾ പരസ്പര വിരുദ്ധമായ പരാമർശങ്ങൾ നടത്തിയിരുന്നു. ഞാൻ പറയുന്നത് പഞ്ചായത്ത് ഭരണസമിതി ലൈസൻസ് കൊടുക്കുവാൻ തീരുമാനിച്ചിട്ടും സെക്രട്ടറി ലൈസൻസ് കൊടുക്കുന്നില്ല. നിരവധി തവണ പഞ്ചായത്ത് ആഫീസിൽ കയറിയിറങ്ങിയിട്ട് ഗത്യന്തരമില്ലാതെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചു.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഹൈക്കോടതി 6 ആഴ്ചയ്ക്കുള്ളിൽ ആ ലൈസൻസ് പുതുക്കി കൊടുക്കുവാൻ ആവശ്യപ്പെട്ടു. പക്ഷേ ഈ സമയം വരെ ലൈസൻസ് പുതുക്കിക്കൊടുക്കുവാൻ തയ്യാറായിട്ടില്ല. പഞ്ചായത്ത് സെക്രട്ടറിയാണെങ്കിൽ യൂണിയന്റെ നേതാവുമാണ്. അതിനുശേഷം ഞാൻ കഴിഞ്ഞയാഴ്ച ഈ വിഷയത്തിലിടപെട്ട് നേരിട്ട് സെക്രട്ടറിയോട് സംസാരിച്ചു. സെക്രട്ടറി എന്നോട് പറഞ്ഞത് നിങ്ങൾ ഒരു എഗ്രിമെന്റുമായി, ഒരു ബോണ്ട് പേപ്പറുമായി പഞ്ചായത്ത് ആഫീസിൽ പോകണം എന്നാണ്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ. പ്രസ്താവനകൾ ഇറക്കരുത്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, കഴിഞ്ഞ ദിവസം ഈ സംരംഭകൻ പഞ്ചായത്തിൽ പോയപ്പോൾ നിങ്ങൾ എം.എൽ.എ.യുടെ അടുത്ത് പോയില്ലേ, മന്ത്രിയുടെ സെക്രട്ടറിയുടെ അടുത്ത് പോയില്ലേ. അവിടെപോയി ലൈസൻസ് വാങ്ങിക്കണം എന്നാണ് പറഞ്ഞത്. ഈ പാവപ്പെട്ട സംരംഭകന് ലൈസൻസ് കിട്ടാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ഇ. പി. ജയരാജൻ: സർ, തീർച്ചയായും ലൈസൻസ് ലഭ്യമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കും. നമ്മുടെ ഈ സിസ്റ്റം കുറച്ചുകൂടി മെച്ചപ്പെടുത്തിക്കൊണ്ട് വളരെ വേഗത്തിൽ അതിനുവേണ്ടിയുള്ള വലിയൊരു സംരംഭത്തിൽ ഞങ്ങൾ ഇപ്പോൾ ഏർപ്പെടുകയാണ്. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും പ്രസിഡന്റുമാരെയും ജില്ലാടിസ്ഥാനത്തിൽ പ്രത്യേകം വിളിച്ചുചേർത്ത് ഈ നൂതന സംവിധാനം അവരെ പരിശീലിപ്പിക്കാനും അത് വേഗത്തിൽ പ്രായോഗികമായി നടപ്പാക്കാനുമുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെ ഈ രംഗം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥരെയും പ്രത്യേകം വിളിച്ച് അവർക്ക് പരിശീലനം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഉദ്ദേശിക്കുന്ന തരത്തിൽ ഈ സംവിധാനം

കുറച്ചുകൂടി മെച്ചപ്പെടുത്താൻ കഴിയുമെന്ന് തന്നെയാണ് വിശ്വസിക്കുന്നത്. ഞാൻ പറഞ്ഞിരിക്കുന്ന കാര്യം, മൂന്നിയൂരിൽ പെട്രോൾ പമ്പിന് അനുമതി നൽകാത്ത പ്രശ്നത്തെ സംബന്ധിച്ചാണ്.

മി. സ്പീക്കർ: അതെ. അതാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, പെട്രോൾ പമ്പിന് അനുമതി നൽകാത്ത പ്രശ്നത്തിൽ ഒരു പ്രവാസിയെ വേട്ടയാടുകയാണെന്നാണ് പരാതി. അത് കുന്നത്തേരി ശ്രീ. അബ്ദുൾ റഹിമാനാണ്. അദ്ദേഹം ഒരു പമ്പ് സ്ഥാപിക്കാനാണ് നിർദ്ദേശിച്ചത്. എല്ലാ കാര്യങ്ങളും നിർവ്വഹിച്ചു. അദ്ദേഹം പറഞ്ഞിട്ടുള്ള പരാതികൾ പത്രത്തിലൊക്കെ വന്നിട്ടുണ്ട്. എല്ലാ കാര്യങ്ങളും നിർവ്വഹിച്ചുവെങ്കിലും അദ്ദേഹത്തിന് ലൈസൻസ് കൊടുക്കുന്നില്ല. എല്ലാം പൂർത്തീകരിച്ച് വന്നപ്പോൾ അദ്ദേഹത്തോട് പറയുന്നത് ഖരമാലിന്യ സംസ്കരണ പ്ലാന്റ് വേണമെന്നാണ്. ഇങ്ങനെ ഓരോ കാര്യങ്ങൾ പറഞ്ഞ് ഈ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്ന നിലപാട് ഉദ്യോഗസ്ഥരിലുണ്ട്. അത് അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കും. ഇപ്പോൾ തന്നെ എൽ.എസ്.ജി.ഡി.-യുടെ ലൈസൻസ് കൊടുക്കുന്നതിനുള്ള നിരവധി കാര്യങ്ങളിൽ മാറ്റം വന്നിട്ടുണ്ട്. വളരെ വേഗത്തിൽ തന്നെ മാറ്റം വരും. എൽ.എസ്.ജി.ഡി.-യും വകുപ്പുമന്ത്രിയും സെക്രട്ടറിയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഞാനുമിരുന്ന് കാര്യങ്ങൾ വിശദമായി ചർച്ച ചെയ്ത് എത്രയുംവേഗത്തിൽ കാര്യങ്ങൾ നിർവ്വഹിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' നടപ്പിലാക്കുന്നതിലേയ്ക്ക് ഏഴോളം നിയമങ്ങൾ ഈ നിയമസഭയിൽ ഭേദഗതി ചെയ്തതാണ്. അതിൽ ടീ ആക്റ്റാണ് നമ്മൾ വിട്ടുപോയത്. അത് സെൻട്രൽ ആക്റ്റാണ്. അതിൽ ഇടപെടുന്നതിന് ചില പരിമിതികളുണ്ട്. Cardamom, tea തുടങ്ങിയവയുടെ auction-ൽ നടക്കുന്ന കൃത്രിമങ്ങൾ വളരെ ഗുരുതരമാണ്. ഈ രംഗത്ത് ചില ആളുകളുടെ കുത്തകാവകാശമുണ്ട്. കമ്പനികൾതന്നെ സിസ്റ്റർ കമ്പനിയെ വച്ച് ലേലം പിടിക്കുകയും തേയിലയുടെ വിലയിടിക്കുന്നതിന് ബോധപൂർവ്വമായ ശ്രമം നടത്തുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇൻഡസ്ട്രി വലിയ പ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്. Tea auction-ലും cardamom auction-ലും ഗവൺമെന്റ് ഇടപെടുമോ; ഇതുമായി ബന്ധപ്പെട്ട പായ്ക്കിംഗ് രംഗത്തേയ്ക്ക് ധാരാളം സംരംഭകർ പുതുതായി എത്തുന്നുണ്ട്. അത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, തീർച്ചയായും സ്വീകരിക്കും.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ ബഹുമാന്യനായ മന്ത്രിയുടെ ഉത്തരം വ്യക്തമാക്കുന്നത് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' എന്നുപറഞ്ഞാൽ ഒരു പ്രഹസനം മാത്രമാണെന്നാണ്. അങ്ങയുടെ ഉത്തരവും ഗ്രൗണ്ട് റിയാലിറ്റിയുമായി യാതൊരു പൊരുത്തവുമില്ല. അങ്ങ് പറഞ്ഞു, ആന്തൂരിലെ സംഭവത്തിൽ ചെയർപേഴ്സനെ ഞങ്ങൾ കുറ്റവാളിയാക്കിയെന്ന്. അങ്ങുകൂടി അംഗമായ സി.പി.ഐ.(എം.) കണ്ണൂർ ജില്ലാ കമ്മിറ്റിയാണ് ഈ സംഭവത്തിൽ ചെയർപേഴ്സണ് പങ്കുണ്ടെന്ന് പരസ്യമായി പ്രഖ്യാപിച്ചത്. അല്ലാതെ പ്രതിപക്ഷമല്ല.

മി. സ്പീക്കർ: നിങ്ങൾക്ക് എന്താണ് പ്രശ്നം? ........(ബഹളം)......... ചോദ്യം ചോദിക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ചെയർപേഴ്സനെ പ്രതിയാക്കിയത് പ്രതിപക്ഷമല്ല.

മി. സ്പീക്കർ: ചോദിച്ച കാര്യം തന്നെയാണോ വീണ്ടും ചോദിക്കുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, പ്രഖ്യാപിച്ചത് അങ്ങുകൂടി അംഗമായ സി.പി.ഐ.(എം.) കണ്ണൂർ ജില്ലാ കമ്മിറ്റിയാണ്. ഇവിടെ ആന്തൂരിലെ കാര്യം ചോദിക്കുമ്പോൾ അങ്ങ് ചോദിക്കുന്നു, മുന്നിയൂരിലെന്താണ്, കൊച്ചിയിലെന്താണ് എന്ന്. അങ്ങ് കേരളത്തിലെ വ്യവസായ വകുപ്പുമന്ത്രിയാണ്. അങ്ങ് പ്രശ്നം പരിഹരിക്കാൻ ചുമതലപ്പെട്ടയാളാണ്. അങ്ങയുടെ ഉത്തരത്തിൽ ഒരു ദുഃസൂചനയുണ്ട്. അന്വേഷണം പൂർത്തിയാകുമ്പോൾ നിങ്ങൾ ദുഃഖിക്കേണ്ടി വരും. അതിന്റെ അർത്ഥം അന്വേഷണം ഏത് വഴിക്കാണ് പോകുന്നത്; മന്ത്രി വെളിപ്പെടുത്തിയതനുസരിച്ച് നോക്കിയാൽ അന്വേഷണം പൂർത്തിയാകുമ്പോൾ നിങ്ങൾ പ്രതിയെ രക്ഷിക്കും. ഇത് നിർഭാഗ്യകരമാണ്. സാജൻ ആത്മഹത്യചെയ്തിട്ട് 13 ദിവസമായി. ....(ബഹളം)......

മി. സ്പീക്കർ: ദയവായി ഒരേ ചോദ്യം തന്നെ ചോദിക്കാതിരിക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഇനിയെങ്കിലും കണ്ടീഷണലായി സാജന്റെ കൺവെൻഷൻ ഹാളിന് ലൈസൻസ് കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇത് ഈ വിഷയത്തിന്റെ ഭാഗമല്ലെങ്കിലും ഉത്തരം ഞാൻ പറയാം. ഞാൻ സത്യവും നീതിയും നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ആളാണ്. അതുകൊണ്ടുതന്നെ സത്യത്തിലൂടെ നിരീക്ഷിക്കുമ്പോൾ സത്യമായിട്ടുള്ള കാര്യങ്ങൾ ഞാൻ സംസാരിക്കുമ്പോൾ വന്നേയ്ക്കാം. അതിൽ വിഷമിച്ചിട്ട് കാര്യമില്ല. ഞാൻ വസ്തുതാപരമായും സത്യസന്ധമായുമുള്ള കാര്യങ്ങളാണ് അവതരിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ മാധ്യമ രംഗങ്ങളിലെല്ലാം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതും ബഹുമാനപ്പെട്ട അംഗത്തിനുതന്നെ അറിയാവുന്ന കാര്യവുമാണ് ഞാൻ പറഞ്ഞതിന്റെ ഉള്ളടക്കം എന്ന കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

## സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കാനുള്ള പരിപാടികൾ

2 (*482) ശ്രീ. എ. എൻ. ഷംസീർ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങൾകൊണ്ട് സമ്പദ് വ്യവസ്ഥയ്ക്കുണ്ടായ തിരിച്ചടി മറികടക്കുന്നതിന് മൂലധന ചെലവിൽ വർദ്ധന വരുത്തിക്കൊണ്ടും ഉപഭോക്തൃ ചരക്കുകളുടെ ഡിമാന്റ് വർദ്ധിപ്പിച്ച് കമ്പോള ശാക്തീകരണം വഴിയും സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിക്ഷേപകരിൽ ആശങ്ക സൃഷ്ടിക്കാൻ ചിലർ നടത്തുന്ന ദുരുപദിഷ്ട നീക്കം മറികടന്നുകൊണ്ട് പ്രവാസി ചിട്ടി യൂറോപ്പ് ഉൾപ്പെടെ കൂടുതൽ മേഖലകളിലേയ്ക്ക് വിപുലീകരിച്ചിട്ടുണ്ടോ; ഇതിനായി കെ.എസ്.എഫ്.ഇ.യുടെ സ്ഥാപന ശാക്തീകരണത്തിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ത്വരണം നൽകുന്ന രീതിയിൽ കെ.എഫ്.സി.യെ പുനഃസംഘടിപ്പിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങൾ സാമ്പത്തിക സ്ഥിതിയെ കൂടുതൽ ദുർബ്ബലമാക്കി. പ്രവാസി കുടിയേറ്റത്തിലുണ്ടായ തിരിച്ചടിയും നാണ്യവിളകളുടെ ഇപ്പോഴും തുടരുന്ന താഴ്ന്ന വിലകളും നമ്മൾ കണക്കിലെടുക്കേണ്ടതുണ്ട്. ടി പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിനായി ദീർഘകാല-ഹ്രസ്വകാല അടിസ്ഥാനത്തിലുള്ള നടപടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം നിലവിലുള്ള സാമ്പത്തിക മുരടിപ്പിന് മറുമരുന്നാകും. 43,731 കോടി രൂപയുടെ പദ്ധതികൾക്ക് KIIFB ഇതിനകം അംഗീകാരം നൽകിക്കഴിഞ്ഞു.

2019-20 വാർഷിക പദ്ധതിയിൽ ജീവനോപാധി വികസനത്തിന് 4700 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് സംസ്ഥാന വിഹിതമായി 230 കോടി രൂപയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് 75 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ 11,000 കോടി രൂപയുടെ പുനരധിവാസ വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 60% കൃഷിക്കും 20% ചെറുകിട വ്യവസായ മേഖലയ്ക്കുമാണ്. തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ സമഗ്ര ജീവനോപാധി പദ്ധതി തയ്യാറാക്കുന്നതിന് പ്രളയബാധിത പഞ്ചായത്തുകൾക്കായി 250 കോടി രൂപ പ്രത്യേകമായി നീക്കിവച്ചിട്ടുണ്ട്. പ്രളയാനന്തരം കേരളത്തിന്റെ പുനർനിർമ്മാണത്തിന് റിബിൽഡ് കേരളയ്ക്കായി പദ്ധതിയിൽ 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വ്യവസായ പാർക്കുകളിലേയ്ക്ക് കോർപ്പറേറ്റ് നിക്ഷേപം ആകർഷിക്കുന്നതിനും സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. അന്തർദ്ദേശീയ നിലവാരത്തിലുള്ള റൈസ് പാർക്കുകളും റബ്ബർ പാർക്കും 1000 കോടിയുടെ രണ്ടാം കുട്ടനാട് പാക്കേജും 2019-20 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷം തീരദേശ വികസന പ്രവർത്തനങ്ങൾക്കായി ആയിരത്തിലേറെ കോടി രൂപ ചെലവഴിക്കും.

ബേക്കൽ-കോവളം ജലപാത, തെക്കുവടക്ക് സമാന്തര റെയിൽ പാത തുടങ്ങിയവയുടെ നിർമ്മാണം ബജറ്റിൽ ഉറപ്പ് നൽകിയിട്ടുണ്ട്. പൂർണ്ണമായും സ്ത്രീകൾക്കുള്ള സ്കീമുകളുടെ അടങ്കൽ 760 കോടി രൂപയായും പൊതു വികസന സ്കീമുകളിലെ സ്ത്രീകൾക്കായുള്ള പ്രത്യേക ഘടകം കൂടിയുള്ള വിഹിതം 16.85%-ഉം വർദ്ധിപ്പിച്ചു. കുടുംബശ്രീയുടെ മൊത്തം ബജറ്റ് 1000 കോടി രൂപയാണ്. ലൈഫ് മിഷന്റെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന സമുച്ചയങ്ങൾക്കായി 1296 കോടി രൂപ അനുവദിച്ചു.

പൊതുവിദ്യാഭ്യാസ രംഗത്തെ സൗകര്യങ്ങളുടെ വിപുലീകരണത്തിന് കിഫ്ബിയിൽനിന്നും 2037.91 കോടി രൂപയും കിഫ്ബി ധനസഹായം ലഭിച്ചിട്ടില്ലാത്ത സ്കൂളുകളുടെ പശ്ചാത്തലസൗകര്യ വികസനത്തിന് 170 കോടി രൂപയും അക്കാദമിക മികവിന് 32 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രളയക്കെടുതിയിൽ നിന്ന് കാർഷിക മേഖലയ്ക്ക് പുനർജന്മം നൽകാൻ 2500 കോടി രൂപ നടപ്പുവർഷം ചെലവഴിക്കും. ഇതിൽ ഭക്ഷ്യവിളകൾക്കുള്ള 167 കോടി രൂപയും പച്ചക്കറികൾക്കുള്ള 71 കോടി രൂപയും സംസ്ഥാന ക്രോപ്പ് ഇൻഷ്വറൻസ് സ്കീമിനുള്ള 20 കോടി രൂപയും മണ്ണ് ജലസംരക്ഷണത്തിനുള്ള 120 കോടി രൂപയും ഉൾപ്പെടും.

മൃഗപരിപാലനം, ഉൾനാടൻ മത്സ്യമേഖല, കശുവണ്ടി, കയർ, കൈത്തറി, ഖാദി ഗ്രാമവ്യവസായം, വാണിജ്യം തുടങ്ങിയ മേഖലകൾക്ക് 2019-20-ലെ ബജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതികളുടെ മൊത്തം അടങ്കൽ യഥാക്രമം 1977 കോടി രൂപ, 663 കോടി രൂപയാക്കി ഉയർത്തിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും ഏതാണ്ട് 4000 കോടി രൂപയുടെ പ്രവൃത്തികൾ ആരോഗ്യമേഖലയിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

2019-20-ൽ 39807.17 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7500 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) പ്രവാസി ചിട്ടി 2019 മേയ് മാസം 17-ാം തീയതി മുതൽ യൂറോപ്പിലെങ്ങും ലഭിച്ചുതുടങ്ങിയിട്ടുണ്ട്. നിലവിലെ സാങ്കേതികവിദ്യ പരമാവധി ഉപയോഗപ്പെടുത്തിയാണ് പൂർണ്ണമായും ഓൺലൈനിൽ പ്രവർത്തിക്കുന്ന ഈ പദ്ധതി കെ.എസ്.എഫ്.ഇ. തയ്യാറാക്കിയിരിക്കുന്നത്. താമസിയാതെ മറ്റ് രാജ്യങ്ങളിലെ മലയാളികൾക്കെല്ലാം പ്രവാസി ചിട്ടിയുടെ സേവനം ലഭ്യമാക്കുന്നതാണ്.

(സി) സംസ്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായക ശക്തിയാകുന്ന സാമ്പത്തിക സ്ഥാപനമെന്ന നിലയ്ക്ക് കെ.എഫ്.സി.യെ എത്തിക്കുന്നതിനായി കെ.എഫ്.സി.-യുടെ ഡയറക്ടർ ബോർഡിനെ പ്രൊഫഷണലായി പുനഃസംഘടിപ്പിച്ചുകൊണ്ടാണ് പരിഷ്കാരങ്ങൾ ആരംഭിച്ചത്. അടുത്ത രണ്ട് വർഷം കൊണ്ട് കെ.എഫ്.സി.-യുടെ വായ്പാ ആസ്തി ഇരട്ടിയാക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് കെ.എഫ്.സി.-യുടെ വായ്പാ നയത്തിൽ സമൂലമായ മാറ്റങ്ങളാണ് നടപ്പിലാക്കിയത്. താഴെപ്പറയുന്ന മൂന്ന് രീതിയിലുള്ള തന്ത്രങ്ങളാണ് കെ.എഫ്.സി. പ്രധാനമായും ആവിഷ്കരിച്ചത്.

1. നിലവിലുള്ള കിട്ടാക്കടം കുറയ്ക്കുക.

2. മികച്ച സംരംഭകരെ കണ്ടെത്തി വായ്പാ ആസ്തി വർദ്ധിപ്പിക്കുക.

3. കെ.എഫ്.സി.-ക്ക് കുറഞ്ഞ നിരക്കിൽ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുക.

ശ്രീ. എ. എൻ. ഷംസീർ: സർ, നമ്മുടെ രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. എന്നാൽ സാമ്പത്തിക പ്രതിസന്ധിയില്ലായെന്ന രീതിയിൽ തെറ്റായ കണക്കുകളാണ് കേന്ദ്ര ഗവൺമെന്റ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് 2010-ൽ നടപ്പിലാക്കിയ ആസിയാൻ കരാർ നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിച്ചിട്ടുണ്ടോ; സംസ്ഥാനത്ത് ഏതാണ്ട് 35-ഓളം സ്വകാര്യ ടെക്സ്റ്റൈൽ കമ്പനികളുണ്ടായിരുന്നു. ഇപ്പോൾ അത് നാലായി ചുരുങ്ങി. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ ഗൾഫ് മേഖലയിൽനിന്നുള്ള സാമ്പത്തിക ഒഴുക്ക് വലിയ രീതിയിൽ കുറയുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരം സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പ്രതികൂല കാര്യങ്ങളെല്ലാം ചേർന്ന് സംസ്ഥാനത്തെ ഉപഭോഗത്തിലും നിക്ഷേപത്തിലും വലിയ മുരടിപ്പ് സൃഷ്ടിച്ചിട്ടുണ്ട്. സാമ്പത്തിക ശാസ്ത്രം പഠിപ്പിക്കുന്നത് നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന കാര്യങ്ങൾ ഒന്നുകിൽ നിക്ഷേപമായി മാറണം അല്ലെങ്കിൽ ഉപഭോഗത്തിനുവേണ്ടി ഉപയോഗിക്കണം എന്നാണ്. ഇത് രണ്ടും കുറഞ്ഞ് കഴിഞ്ഞാൽ ചരക്കുകൾ കെട്ടിക്കിടക്കും. അത് സാമ്പത്തിക മാന്ദ്യത്തിലേയ്ക്ക് നയിക്കും. ഇത്തരമൊരു സാഹചര്യത്തിൽ പണമുള്ള നിക്ഷേപകർക്ക് നിക്ഷേപം നടത്താൻ താൽപ്പര്യമില്ല. പണം കയ്യിലില്ലാത്തതുകൊണ്ട് ആവശ്യക്കാർക്ക് വാങ്ങാനും പണമില്ല. ഈ സാഹചര്യത്തിൽ ഒറ്റ ഉത്തരമേയുള്ളൂ. സർക്കാർ വർദ്ധിച്ച തോതിൽ മുതൽ മുടക്കാം. അങ്ങനെ മാന്ദ്യത്തിൽ നിന്ന് കരകയറുക. എന്നാൽ എഫ്.ആർ.ബി.എം. ആക്ട് നിലവിലുള്ളതുകൊണ്ട് സംസ്ഥാന സർക്കാരിന് അങ്ങനെ ചെയ്യാൻ കഴിയില്ല. അതുകൊണ്ടാണ് ബഡ്ജറ്റിന് പുറത്ത് കിഫ്ബി വഴി സമാനതകളില്ലാത്ത രീതിയിൽ 54,000 കോടി രൂപയുടെ നിക്ഷേപം നടത്താൻ നമ്മൾ ശ്രമിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും വലിയ ഒരു ഉത്തേജന പാക്കേജ് ഉണ്ടായിട്ടില്ല. ഇത് കേരളത്തെ മാന്ദ്യത്തിൽനിന്നും കരകയറ്റുന്നതിന് ഏറ്റവുമധികം സഹായകരമാകുമെന്നാണ് കരുതുന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇന്നത്തെ 'ദി ഹിന്ദു' പത്രം റിപ്പോർട്ട് ചെയ്യുന്ന ഒരു പ്രധാന വാർത്ത 2014-ൽ ഒരു വലിയ ഫിസ്കൽ ക്രൈസിസ് ഗവൺമെന്റ് സെക്രട്ടറിമാർ ഉൾപ്പെടെ റിപ്പോർട്ട് ചെയ്തിരുന്നുവെന്നതാണ്. ഏതാണ്ട് 1363 കോടി രൂപ സമാഹരിക്കണമെന്ന് ഗവൺമെന്റ് സെക്രട്ടറിമാർ നൽകിയ നിർദ്ദേശം അവഗണിച്ചുകൊണ്ട് അതിൽ ഒരു സമീപനവും അന്ന് ഗവൺമെന്റ് സ്വീകരിച്ചില്ലെന്ന കാര്യം താങ്കളുടെ ശ്രദ്ധയിലുണ്ടോ; അത് മാത്രമല്ല ടാക്സ് കളക്ഷൻ വളരെ മന്ദഗതിയിലാക്കിയതോടൊപ്പം ടാക്സ് അടയ്ക്കേണ്ട പല ആളുകളും കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയപ്പോൾ ആ സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള ഒരു നടപടിയും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായ ഇത്തരം കാര്യങ്ങൾ താങ്കളുടെ ശ്രദ്ധയിലുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേന്ദ്ര സർക്കാരിന്റെ കാര്യം വളരെ വ്യക്തമാണ്. കണക്ക് പ്രസിദ്ധീകരിച്ചത് വച്ച് നോക്കിയാൽ സാമ്പത്തിക മാന്ദ്യമില്ല, മറിച്ച് ദേശീയ വരുമാന വളർച്ചയാണുള്ളത്. എന്നാൽ ദേശീയ വരുമാന വളർച്ചയുമായി ബന്ധപ്പെട്ടുള്ള ഒരുപാട് സൂചകങ്ങളുണ്ട്. കയറ്റുമതി വർദ്ധിക്കണം, നിക്ഷേപം വർദ്ധിക്കണം, ഉപഭോഗം വർദ്ധിക്കണം, ഇലക്ട്രിസിറ്റി കൺസംപ്ഷൻ വർദ്ധിക്കണം എന്നിങ്ങനെയുള്ള 17 correlates ഉണ്ട്. അവ ദേശീയ വരുമാന വളർച്ചയുടെ ഗതിയുമായി ബന്ധപ്പെടുത്തി മുൻ സാമ്പത്തിക ഉപദേഷ്ടാവ് ശ്രീ. രഘുറാം രാജൻ വിശദമായിട്ടുള്ളൊരു റിഗ്രഷൻ അനാലിസിസ് നടത്തുകയുണ്ടായി. അത് കണ്ടപ്പോൾ ഈ correlates-ഉം ദേശീയ വരുമാന വളർച്ചയും തമ്മിൽ ഒരു ബന്ധവുമില്ല. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം എത്തിച്ചേർന്നത് 7.5 ശതമാനമല്ല, മറിച്ച് 4.5 ശതമാനം വളർച്ചയെന്നാണ്. ഇതൊക്കെ മറച്ചുവച്ചുകൊണ്ടാണ് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. അവിടെ മാത്രമല്ല സംസ്ഥാനത്തും ഇത്തരത്തിലുള്ള സ്ഥിതിവിശേഷങ്ങൾ ഉണ്ടായിട്ടുണ്ട്. ഏതായാലും ഇന്ന് കാര്യങ്ങൾ കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. രാജ്യം മുഴുവനും സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കും മുരടിപ്പിലേയ്ക്കും നീങ്ങുകയാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

പ്രൊഫ. കെ. യു. അരുണൻ: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികളെന്തെല്ലാമാണ് എന്നുള്ളതാണ് പ്രധാന ചോദ്യം. പക്ഷെ അതിനോടനുബന്ധിച്ച് ഒരു കാര്യം പറയാനുള്ളത് ലോട്ടറിയുമായി ബന്ധപ്പെട്ടുകൊണ്ട് 1969-70-ൽ കെ. ടി മുഹമ്മദ് 'സൃഷ്ടി' എന്ന നാടകമെഴുതി. ആ നാടകത്തിൽ "വേണു മോനെ ഈ നമ്പർ ഒന്ന് ഉണ്ടോയെന്ന് നോക്കിയേ" എന്ന്

പറഞ്ഞ് മാധവിയമ്മ വരികയാണ്. നമ്പർ ഉണ്ടെന്നറിഞ്ഞപ്പോൾ മാധവിയമ്മ ആനന്ദതുന്തിലയായിട്ട് നൃത്തം ചെയ്യുമ്പോൾ നാടകകൃത്ത് കെ. ടി മുഹമ്മദ് "stop it" എന്നുപറഞ്ഞു. എന്നുപറഞ്ഞാൽ സങ്കൽപ്പത്തിലാണെങ്കിൽപ്പോലും ലോട്ടറി കൊടുത്തുകൊണ്ട് മനുഷ്യരെ സന്തോഷിപ്പിക്കുന്ന രീതി ഉപേക്ഷിക്കേണ്ടതാണ് എന്ന പരോക്ഷമായ ധ്വനി അന്നുതന്നെ ഉണ്ടായിരുന്നു. പക്ഷേ നമ്മൾ, മുമ്പ് കായംകുളം എം. എൽ. എ. ആയിരുന്ന കുഞ്ഞു സാഹിബ് തുടങ്ങിയ ആ പരിപാടിയുമായി മുന്നോട്ടുപോകുകയാണ്. അത് സാമ്പത്തികമായി നമ്മളെ ത്വരിതപ്പെടുത്തുന്നുണ്ടെന്ന കാര്യത്തിൽ വളരെ സന്തോഷമുണ്ടെന്നുള്ളതും അതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുക കൂടി ചെയ്യുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ സഭയിലുള്ള ഒരു അംഗവും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കില്ല. ഇവിടെ ലോട്ടറി വേണ്ടെന്ന് വച്ചപ്പോൾ ഈ സംസ്ഥാനത്തെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും സംഘടനകളും ചേർന്ന് വലിയ പ്രയത്നം നടത്തിയാണ് അത് പുനഃസ്ഥാപിച്ചെടുത്തത്. ഏതായാലും അവസാനം പറഞ്ഞുവന്നപ്പോൾ ഇത് ഇങ്ങനെ നടക്കുന്നതിൽ എന്നെ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. അതിനും സന്തോഷം.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. ജെയിംസ് മാത്യു: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുവേണ്ടി ചെയ്തുവരുന്ന നിരവധി പ്രവർത്തനങ്ങൾ ഇവിടെ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. നമുക്കറിയുന്നതുപോലെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് ഏറ്റവും പ്രധാനപ്പെട്ടത് ഉത്പാദനം ശക്തിപ്പെടുത്തുകയെന്നുള്ളതാണ്. ഉത്പാദന മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട മേഖലകളാണ് കാർഷിക, മൃഗസംരക്ഷണ, മത്സ്യകൃഷി മേഖലകൾ. ഈ മേഖലകളിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കത്തക്ക രീതിയിൽ സ്റ്റാർട്ട് അപ്പ് മിഷനുകളിലെല്ലാം കൊടുക്കുന്നതുപോലെയുള്ള പ്രോത്സാഹനം കൊടുക്കാൻ സാധിക്കുമോ; ഇതിനുവേണ്ടി നിലവിൽ കാർഷിക മേഖലയിൽ ഇ-കൃഷി എന്നു പറയുന്ന ഒരു മൊബൈൽ ആപ്പുണ്ട്. പക്ഷേ അത് ഉപയോഗിക്കപ്പെടുന്നില്ല. പ്രസ്തുത മൊബൈൽ ആപ്പ് വാല്യു അഡീഷനും മാർക്കറ്റിംഗിനും ഉപയോഗിക്കത്തക്ക വിധത്തിലുള്ള മൊബൈൽ ആപ്പാണ്. ഇത്തരത്തിലുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കാർഷിക, മൃഗസംരക്ഷണ, മത്സ്യകൃഷി മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വളരെ പ്രധാനപ്പെട്ടൊരു ഉപചോദ്യമാണ് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. പുതിയ തലമുറയുടെ പ്രത്യേകത എന്താണ്? പുതിയ തലമുറ വിദ്യാസമ്പന്നരാണ്. വിദ്യാസമ്പന്നരായ പുതിയ തലമുറ കൃഷി പോലുള്ള പരമ്പരാഗത മേഖലയിലേയ്ക്ക് വരണമെന്നുണ്ടെങ്കിൽ അവരുടെ കഴിവുകൾക്കനുസരിച്ച് ഈ മേഖല നവീകരിക്കപ്പെടണം. പുതിയ ഇന്നൊവേഷൻസ് ഈ മേഖലയിലേയ്ക്ക് സന്നിവേശിപ്പിക്കാൻ കഴിയണം. അവരെ സംരംഭകരാക്കി മാറ്റാൻ കഴിയണം. ഉപജീവനത്തിനുവേണ്ടി ജോലി ചെയ്യുന്നവരെന്ന നിലയിൽ അവർ ഒരിക്കലും വരാൻ പോകുന്നില്ല. നമ്മൾ ജനകീയ ക്യാമ്പയിൻ നടത്തിയാലും അവർ സ്ഥിരമായിട്ട് നിൽക്കാൻ പോകുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവരെ സംരംഭകരാക്കി മാറ്റാം. വലിയ ഭൂവിടമില്ലെങ്കിലും ഉള്ള ഭൂമിയിൽ നിന്ന് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കാനുള്ള അവസരങ്ങൾ ഒരുക്കാം. അതിനായി ഇപ്പോൾ പറഞ്ഞതുപോലുള്ള വെബ്സൈറ്റുകളും മൊബൈൽ ആപ്പുകളുമൊക്കെ പ്രയോജനപ്പെടുത്താം. ഇവയൊക്കെ പുതിയ തലമുറയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് വളരെ പ്രധാനപ്പെട്ടതാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, നമ്മുടെ വനങ്ങൾക്കുള്ളിൽ കാലാവധിയെത്തി സ്വാഭാവികമായും നശിച്ചുപോയ തടികളുണ്ട്. നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ പിടിക്കപ്പെട്ടവയുൾപ്പെടെ വിവിധ കാരണങ്ങളാൽ ഫോറസ്റ്റ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിരിക്കുന്ന തടി ഉരുപ്പടികളുണ്ട്. പോലീസ് സ്റ്റേഷനുകളിൽ തൊണ്ടിയായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഉപയോഗശൂന്യമായ വാഹനങ്ങളുണ്ട്. ഇവ സമയബന്ധിതമായി ലേലം ചെയ്താൽ അതിന്റെ സാമ്പത്തിക സ്രോതസ്സ് നമുക്ക് സാമ്പത്തിക ഉത്തേജനത്തിനായി ഉപയോഗിക്കാൻ സാധിക്കും. അതിനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രസ്തുത ചോദ്യത്തിന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി മറുപടി പറയും.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനത്തിനുള്ളിൽ പലയിടങ്ങളിലായി കാറ്റത്തും മറ്റുമൊക്കെ മരങ്ങൾ പിഴുത് വീഴാറുണ്ട്. കാട്ടിനുള്ളിൽ വീഴുന്ന ഒരു മരം എടുക്കുന്നതിനുവേണ്ടി നമ്മൾ ശ്രമിച്ചാൽ പലപ്പോഴും ഒരു മരത്തിന് പകരം നിരവധി മരങ്ങൾ നശിച്ചുപോകുന്നൊരു സ്ഥിതി വരും. മാത്രവുമല്ല വനത്തിനകത്ത് നിന്ന് തടി കളക്ട് ചെയ്ത് ഡിപ്പോയിലെത്തിച്ച് ലേലം ചെയ്യുന്നതിന് വരുന്ന ചെലവിന് അനുസൃതമായി പണം പലപ്പോഴും ലഭിക്കാത്ത സാഹചര്യവുമുണ്ട്. അതുപോലെ,

വനത്തിൽ നിന്ന് ഇപ്പോൾ തടി വെട്ടൽ ഇല്ല, പ്ലാന്റേഷനിൽ നിന്നുള്ള മരങ്ങളാണ് മുറിക്കുന്നത്. നാച്വറലായിട്ട് വളർന്നുവരുന്ന തടികൾ വനത്തിൽ നിന്ന് വെട്ടുന്നില്ല. അവ അവിടെത്തന്നെ വീണ് മണ്ണിനോട് ചേർന്ന് വീണ്ടും അവിടെത്തന്നെ കിളിർത്തു വരുകയെന്ന സമീപനമാണ് പൊതുവിൽ സ്വീകരിക്കുന്നത്. പോലീസ് സ്റ്റേഷനിലും മറ്റും സൂക്ഷിച്ചിരിക്കുന്ന തൊണ്ടി സാധനങ്ങൾ നിയമപരമായി കേസ്സിൽ ഉൾപ്പെട്ട് വരുന്നതാണ്. സ്വാഭാവികമായും കോടതിയുടെ അനുമതിയോടുകൂടി മാത്രമേ തൊണ്ടി സാധനങ്ങൾ ഡിസ്പോസ് ചെയ്യുവാൻ കഴിയുകയുള്ളൂ. പോലീസ് സ്റ്റേഷനുകളിലും മറ്റും കിടക്കുന്ന കേസ്സുമായി ബന്ധപ്പെട്ട വാഹനങ്ങളും മറ്റുമൊക്കെ പരമാവധി നേരത്തെ ഡിസ്പോസ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, അങ്ങയുടെ മറുപടിയിൽ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുവാനുള്ള കുറേയധികം പരിപാടികൾ വളരെ വിശദീകരിച്ച് പറഞ്ഞു. നമ്മുടെ കടം ഇപ്പോൾ ഏകദേശം 2,01,000 കോടി രൂപയായി ഉയർന്നിട്ടുണ്ട്. നമ്മുടെ ഡേ റ്റു ഡേ എക്സ്പെൻസസിനുവേണ്ടി നമ്മൾ ഇപ്പോഴും ബോണ്ടിറക്കുകയാണ്. ഇന്നലെ വരെ 1000 കോടി രൂപയുടെ ബോണ്ടിറക്കി. അതുപോലെ നമ്മുടെ ചെലവുകൾ എവിടെയും നിയന്ത്രിക്കുന്നില്ല. എക്സ്പെൻസസ് കൂടിവരികയാണ്. പല പ്രഖ്യാപനങ്ങളും നടക്കുന്നുണ്ടെങ്കിലും ചെലവുകൾ എവിടെയും കുറയുന്നില്ല. ഇന്നലെ 16 പുതിയ വാഹനങ്ങൾ വാങ്ങാൻ സർക്കാർ അനുമതി നൽകി. ചെലവുകൾ കുറയ്ക്കാൻ എന്തെങ്കിലും പരിപാടികളുണ്ടോ; അതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ചെലവുകൾ നിയന്ത്രിക്കുന്നതിനുവേണ്ടി വാഹനങ്ങൾ വാങ്ങുന്നതിനുള്ള നിയന്ത്രണമടക്കം യാത്രാ ചെലവിന്റെ കാര്യത്തിലെല്ലാം ധനകാര്യ വകുപ്പിൽ നിന്ന് പ്രത്യേക ഉത്തരവിറക്കിയിട്ടുള്ളതാണ്. സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് ചർച്ച ചെയ്തതിൽ മൊത്തത്തിൽ 16 വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുവാദം കൊടുത്തിട്ടുണ്ട്. ഇപ്പോഴുള്ള ഉത്തരവിൽ തന്നെ ഏതെല്ലാം തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് സ്വന്തമായി ഇനി വാഹനം വാങ്ങാൻ അവകാശമുണ്ട്, ആ വാഹനത്തിന്റെ വില എത്രവരെയാകാം എന്നൊക്കെ വ്യക്തമാക്കിയിട്ടുണ്ട്. ആ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഈ വാഹനങ്ങൾ അനുവദിച്ചിട്ടുള്ളത്. പക്ഷെ വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുള്ളത്. നമുക്ക് വരുമാനം വർദ്ധിപ്പിച്ചിട്ട് ചെലവിനൊപ്പം

കൊണ്ടുപോകണം എന്ന നിലപാടെടുത്ത് പ്രവർത്തിക്കാം. പക്ഷേ രണ്ടുമൂന്ന് വർഷം നമ്മൾ ഇത്തരത്തിൽ പ്രവർത്തിച്ചിട്ടും നമുക്ക് വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുന്നില്ലെങ്കിൽ ചെലവുകൾക്ക് കടിഞ്ഞാണിടേണ്ടി വരും. വായ്പയെടുക്കുന്നതിന് ട്രഷറിയിൽ നിന്ന് കൊടുക്കാൻ നികുതി വരുമാനത്തിനപ്പുറം വേറെ വരുമാനവുമില്ല. അപ്പോൾ യുക്തിപൂർവ്വം മുൻഗണനകൾ തീരുമാനിച്ച് ചെലവുകൾ നിയന്ത്രിക്കുകയാണ് അഭികാമ്യം. അതിനെക്കുറിച്ചും സർക്കാർ ആലോചിക്കുന്നുണ്ട്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഇന്ത്യൻ സമ്പദ് വ്യവസ്ഥ ഗുരുതരമായ വെല്ലുവിളികൾ നേരിടുമ്പോഴും ഒരു സംസ്ഥാന ഗവൺമെന്റിന് പരിമിതികൾ ഏറെയുണ്ടായിട്ടും ഇതിനെയെല്ലാം മറികടന്ന് കിഫ്ബി എന്ന വിസ്മയമുൾപ്പെടെ സാമ്പത്തിക സമാഹരണത്തിനുള്ള നൂതനമായ മാർഗ്ഗങ്ങൾ കണ്ടെത്തി മുന്നോട്ടുപോകുകയാണ് പിണറായി സർക്കാർ. ബുദ്ധികൊണ്ടും പ്രായോഗിക സമീപനം കൊണ്ടും കേരളത്തിലെ ധനകാര്യ വകുപ്പിനെ നയിക്കാൻ കരുത്തനായ മന്ത്രിയുള്ളത് ഈ നാടിന്റെ സൗഭാഗ്യമാണ്. കേരളത്തിലെ സ്ത്രീ സമൂഹത്തെ മുൻനിർത്തി സൂക്ഷ്മതല സംഘടനാ സംവിധാനമായ കുടുംബശ്രീ യൂണിറ്റുകളിലെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും അവർക്ക് സാമൂഹിക സുരക്ഷിതത്വം ഒരുക്കുന്നതിനുമായി കുടുംബശ്രീ ചിട്ടികൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ എന്ന് നടപ്പിലാക്കാൻ സാധിക്കും?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കുടുംബശ്രീ ഒരു ലഘുവായ്പാ സമ്പാദ്യ പദ്ധതി മാത്രമല്ല, നമുക്കെല്ലാം അറിയാവുന്നതുപോലെ അതിന്റെ പ്രത്യേകത മറ്റ് ബഹുമുഖ പ്രവർത്തനങ്ങളിലേർപ്പെടുന്നുവെന്നുള്ളതാണ്. പക്ഷേ അടിസ്ഥാനപരമായി ലഘുസമ്പാദ്യ വായ്പാ പദ്ധതിതന്നെയാണ്. സമ്പാദ്യത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് മാത്രമല്ല, ബാങ്കുകളിൽ നിന്ന് സുരക്ഷിതമായ രീതിയിൽ അംഗങ്ങൾക്ക് വായ്പ വാങ്ങിക്കൊടുക്കുന്നുണ്ട്. ഈ വർഷം ഇതിനകം 1100 കോടി രൂപയോളം പലിശരഹിത പ്രളയ വായ്പയായി കുടുംബശ്രീ വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ഈ വർഷം ഏതാണ്ട് 1000 കോടിയിലധികം രൂപ ബാങ്ക് ലിങ്കേജ് വഴി ലഭ്യമാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇങ്ങനെ നമ്മുടെ നാട്ടിൽ പണം സാധാരണക്കാരിൽ എത്തിക്കുന്നതിൽ കുടുംബശ്രീക്ക് പ്രധാനപ്പെട്ട പങ്കുണ്ട്. അതുപോലെ സമ്പാദ്യവും വളരെ പ്രധാനമാണ്. കുടുംബശ്രീ യൂണിറ്റുകൾക്ക് കെ.എസ്.എഫ്.ഇ.-യിൽ ചേരാൻ പറ്റുന്ന രീതിയിൽ ചിട്ടി സംവിധാനം ചെയ്യുന്നുണ്ട്. അതിന്റെ പ്രായോഗിക സൂക്ഷ്മവശങ്ങളെക്കുറിച്ച് കുടുംബശ്രീ മിഷനുമായി ചർച്ചകൾ നടന്നു കൊണ്ടിരിക്കുകയാണ്. കെ.എസ്.എഫ്.ഇ.-യുടെ 50-ാം വാർഷികമായ ഈ വർഷം കുടുംബശ്രീ ചിട്ടികൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീ.വി. ടി. ബൽറാം</u>: സർ, ഇന്നുവന്ന 495-ാം നമ്പർ ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ധൂർത്ത് നിയന്ത്രിച്ചും സാമൂഹിക ക്ഷേമ വികസന മേഖലകളിൽ പരമാവധി പണം ചെലവഴിക്കുകയുമാണ് സർക്കാർ അനുവർത്തിച്ചുവന്ന നയം. ധൂർത്തും അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ബ്രാൻഡിന് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശയാത്രയ്ക്കും വിമാനയാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതുമടക്കം സർക്കാർ നിയന്ത്രണമേർപ്പെടുത്തിയെന്ന് പറയുന്നുണ്ട്. ഒരുഭാഗത്ത് ഇങ്ങനെ പറയുമ്പോൾ മറുഭാഗത്ത് പുറത്തുവരുന്ന വാർത്ത മുഖ്യമന്ത്രിയുടേയും മറ്റും സംസ്ഥാനത്തിനകത്തെ യാത്രകൾക്കായി ഹെലികോപ്റ്റർ വാടകയ്ക്കെടുക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുവെന്നാണ്. ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; സ്ഥിരമായി ഇങ്ങനെ ഹെലികോപ്റ്റർ വാടകയ്ക്കെടുക്കുമ്പോൾ അതിന് എത്ര രൂപയാണ് പൊതുഖജനാവിൽ നിന്നും ചെലവഴിക്കേണ്ടിവരിക എന്നതിനെക്കുറിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലുള്ള പല വാർത്തകളും വരുന്നുണ്ട്. ഗവൺമെന്റ് പ്രചാരണം നടത്തുന്നതിനെക്കുറിച്ചും പരസ്യം നടത്തുന്നതിനെക്കുറിച്ചും ആക്ഷേപങ്ങൾ വരുന്നുണ്ട്. എന്നാൽ നമ്മൾ മനസ്സിലാക്കേണ്ടത് ഈ പദ്ധതികളെല്ലാം പുറത്തുനിന്നുള്ള ആളുകൾക്ക് കോൺട്രാക്ട് നൽകാതെ ജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനാണ് ശ്രമിക്കുന്നത്. ജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുമ്പോൾ കമ്മ്യൂണിക്കേഷൻ വളരെ പ്രധാനമാണ്. ജനങ്ങളിൽ ഈ വിവരം എത്തണം. നിങ്ങളുടെ വിമർശനം മാത്രം എത്തിയാൽ പോരല്ലോ. അത് കൃത്യമായി എല്ലാ മാധ്യമങ്ങളിലും വരുന്നുണ്ട്. ഞങ്ങൾ പറയുന്നതുകൂടി ജനങ്ങളിൽ എത്തണ്ടേ? നിങ്ങളുടെ ഭരണകാലത്തും പ്രചാരണത്തിനുവേണ്ടി പണം നീക്കിവച്ചിട്ടില്ലേ. അടിസ്ഥാനരഹിതമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നുണ്ടെങ്കിൽ നിശ്ചയമായും നിങ്ങൾക്ക് അത് ചൂണ്ടിക്കാണിക്കാം. ഞങ്ങൾ അത് ഉൾക്കൊള്ളാം. ജനങ്ങളിൽ ഈ സന്ദേശങ്ങൾ എത്തേണ്ടത് വളരെ പ്രധാനമായിട്ടാണ് കരുതുന്നത്. അതുപോലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്ത് ഹെലികോപ്റ്റർ സ്ഥിരമായി ഉപയോഗിക്കുന്ന രീതിയില്ല. ആവശ്യം വന്നാൽ ഹെലികോപ്റ്റർ വാടകയ്ക്ക് എടുക്കേണ്ടിവരും. അതൊന്നുമല്ല സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ തകർക്കുന്നത്. ഇതൊക്കെ സിമ്പോളിക്കാണ്. വാഹനം വാങ്ങുവാൻ പാടില്ല. അതിന് അച്ചടക്കത്തിന്റെ പ്രശ്നമുണ്ട്. വാഹന നിയന്ത്രണം

വച്ചുകൊണ്ട് ഇവിടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുവാൻ പോകുന്നില്ല. പക്ഷെ മൊത്തത്തിൽ ഇത് നൽകുന്നൊരു സന്ദേശമുണ്ട്. ആ സന്ദേശത്തെ സിമ്പോളിക്കായിട്ട് മാത്രമേ നമ്മൾ കാണുവാൻ പാടുള്ളൂ.

## സഹകരണമേഖലയിൽ ആദായനികുതി വകുപ്പിന്റെ ഇടപെടൽ

3 (*483) ശ്രീ. സി. ദിവാകരൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ബാങ്കിംഗ് രംഗത്ത് സഹകരണ മേഖലയുടെ പങ്ക് വിശദമാക്കുമോ;

(ബി) സഹകരണമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഏജൻസികൾ സഹകരണ സ്ഥാപനങ്ങളിൽ അനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) വിവരശേഖരണത്തിന്റെ പേരിൽ സഹകരണസംഘങ്ങളിൽ കടന്നുകയറി ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം താളം തെറ്റിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കാർഷിക വായ്പാസംഘങ്ങൾക്ക് ആദായനികുതി നിയമത്തിൽ ഇളവിന് അർഹതയുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഇപ്രകാരമുള്ള ഇളവ് അനുവദിക്കുന്നതിന് ആദായ നികുതി വകുപ്പ് വിമുഖത കാണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ജി) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ എന്തൊക്കെ നിയന്ത്രണങ്ങൾ കൊണ്ടുവരാനാണ് ആദായ നികുതി വകുപ്പും മറ്റ് കേന്ദ്ര ഏജൻസികളും ശ്രമിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) കേരളത്തിൽ 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിലും റിസർവ് ബാങ്ക് ലൈസൻസോടും കൂടി സഹകരണ മേഖലയിൽ ഒരു സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, 60 അർബൻ

സഹകരണ ബാങ്കുകൾ, 2 എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ ബാങ്കുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 1600 ലധികം വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവയുടെ 3000-ത്തിലധികം വരുന്ന ശാഖകളും നാടിന്റെ നാനാഭാഗത്തും പ്രവർത്തിക്കുന്നു.

കേരളത്തിലെ സഹകരണ ബാങ്കുകൾ വഴി കോർ ബാങ്കിംഗ്, എ.റ്റി.എം. സംവിധാനങ്ങൾ ഉൾപ്പെടെയുള്ള അത്യാധുനിക ബാങ്കിംഗ് സൗകര്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയിലെ നിക്ഷേപ ബാക്കിനിൽപ്പിൽ സഹകരണ മേഖലയിൽ നിന്നുള്ള നിക്ഷേപ സമാഹരണ യജ്ഞം പദ്ധതികളിലൂടെ സ്വരൂപിച്ചിട്ടുള്ള നിക്ഷേപങ്ങളും ഉണ്ട്. കേരളത്തിലെ സഹകരണ ബാങ്കിംഗ് രംഗത്ത് NABARD മുഖേന ലഭ്യമാകുന്ന KCC വായ്പകൾ പുനർ വായ്പയായി 7% പലിശ നിരക്കിൽ നൽകിവരുന്നുണ്ട്. ടി വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശരഹിതമായി ടി വായ്പ ലഭ്യമാകുന്നുണ്ട്. വൻകിട ബാങ്കുകൾ തിരസ്കരിക്കുന്ന സാധാരണക്കാർക്കുള്ള അത്താണിയാണ് സഹകരണ ബാങ്കുകൾ, ഒരേ സമയം സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും നാടിന്റെ സ്ഥായിയായ വികസന ആവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതിനും സഹകരണ ബാങ്കുകൾ വലിയ പങ്ക് വഹിക്കുന്നു.

പുതിയ SLBC റിപ്പോർട്ട് പ്രകാരം സഹകരണ ബാങ്കുകളിലെ നിക്ഷേപം 2.06 ലക്ഷം കോടി രൂപയും വായ്പ 1.30 ലക്ഷം കോടി രൂപയുമാണ്.

(ബി) റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും ആദായ നികുതി ഇളവ് അനുവദിക്കാവുന്നതാണെന്ന് 1961-ലെ ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 80 (പി) (2)-ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ 2017-ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം നിഷേധിക്കപ്പെട്ടു. കൂടാതെ സംഘങ്ങളുടെ വരുമാനത്തിൽ അധികഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്ന് നേടുന്നതാണെന്ന വാദം ആദായ നികുതി വകുപ്പ് കോടതിയിൽ ഉന്നയിച്ച് അവർക്ക് അനുകൂലമായി വിധി സമ്പാദിക്കാറുണ്ട്. നിലവിൽ 80 (പി)-യുടെ ആനുകൂല്യം ലഭിക്കുന്ന പി. എ. സി. എസ്, പി. സി. എ. ആർ. ഡി. ബി. എന്നിവയുടെ ആനുകൂല്യം നഷ്ടമായാൽ ആയത് ടി സഹകരണ സംഘങ്ങളുടെ അംഗങ്ങൾക്ക് ലഭിക്കുന്ന ഡിവിഡന്റിൽ കുറവ് വരുത്താനും ലാഭത്തിൽ നിന്നും വകമാറ്റുന്ന മറ്റ് ഫണ്ടുകളെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

കൂടാതെ സഹകരണ സംഘങ്ങളിലെ ഭൂരിഭാഗം നിക്ഷേപകരും സാധാരണക്കാരാണ്. നിക്ഷേപങ്ങൾക്ക് ആദായ നികുതി നൽകേണ്ടി വരുമെന്ന ആദായനികുതി വകുപ്പിന്റെ നിലപാട് ബാങ്കിന് നിക്ഷേപകരെ നഷ്ടപ്പെടുന്നതിന് കാരണമാകുന്നുണ്ട്. അത് സഹകരണ ബാങ്കുകളുടെ പ്രവർത്തനമൂലധനത്തെയും നിക്ഷേപത്തെയും പ്രവർത്തനത്തെയും ദോഷകരമായി ബാധിക്കും. ആദായ നികുതി വകുപ്പ് നിയമത്തിലെ 269 ST പ്രകാരം ഒരാൾക്ക് 2 ലക്ഷം രൂപ വരെ മാത്രമേ പണമായി സ്വീകരിക്കാനോ നൽകാനോ കഴിയുകയുള്ളൂ. എന്നത് സംഘങ്ങളുടെ ഇടപാടുകൾക്ക് പ്രതികൂലമാണ്. കൂടാതെ 269 SS പ്രകാരം 20,000 രൂപയിൽ കൂടുതൽ ഒരാൾക്ക് റൊക്കം പണമായി നൽകുവാൻ പാടില്ല എന്നതും പ്രതികൂലമാണ്.

കൂടാതെ വായ്പകളിലും ജപ്തികളിലും മോറട്ടോറിയം പ്രഖ്യാപിച്ചതുവഴി വായ്പാ തിരിച്ചടവിൽ ഗണ്യമായ കുറവുവരുകയും ആയതിൽ ബാങ്കുകളുടെ NPA വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

കാർഷിക കടാശ്വാസ കമ്മീഷൻ, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എന്നിവയുടെ ഉത്തരവിൻ പ്രകാരം ലഭിക്കേണ്ട തുക യഥാസമയം ലഭിക്കാത്തതും പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്.

കേരള സഹകരണ നിയമപ്രകാരം അർഹമായ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇളവുകൾ, വരുമാന നികുതി ഇളവുകൾ എന്നിവ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് ലഭ്യമായി കാണുന്നില്ല.

കൂടാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ വ്യാപകമായുള്ള പ്രവർത്തനം ശക്തമായ സഹകരണ പ്രസ്ഥാനം നിലകൊള്ളുന്ന നമ്മുടെ പ്രദേശത്ത് ദോഷകരമായി ബാധിക്കുന്നുണ്ട്. മൾട്ടി സ്റ്റേറ്റ് സംഘങ്ങളുടെ പ്രവർത്തനപരിധി കേരള സംസ്ഥാനമൊട്ടാകെ എന്നിരിക്കെ ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന കേരള സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധിയിലേയ്ക്ക് അധിലംഘിച്ച് കടക്കുന്നു എന്നതും കേരളത്തിലെ ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ മേഖലയ്ക്ക് തിരിച്ചടിയാണ്. സഹകരണ സ്ഥാപനം എന്ന നിലയിൽ ജനങ്ങളുടെ വിശ്വാസം ടി സംഘങ്ങൾ ചൂഷണം ചെയ്തുവരുന്നതായി കാണുന്നു. ഇത്തരം സംഘങ്ങളുടെ പലിശ നിർണ്ണയിക്കുന്നതിന് സംസ്ഥാന രജിസ്ട്രാർക്കോ, കേന്ദ്ര രജിസ്ട്രാർക്കോ, സർക്കാരിനോ പ്രത്യേകിച്ച് അവകാശം ഇല്ലാത്തതാണ്. സംഘത്തിന്റെ വാർഷിക ജനറൽ ബോഡി യോഗമാണ്/ഭരണ സമിതിയാണ് പലിശ നിയന്ത്രിക്കുന്നത്. ഇത് അനിയന്ത്രിതമായ കിടമത്സരത്തിനും അതുവഴി സഹകരണ സ്ഥാപനങ്ങളുടെ തകർച്ചയ്ക്കും കാരണമായേയ്ക്കാം.

(സി) ആദായനികുതി നിയമപ്രകാരം നിക്ഷേപകരുടെ വിവരം ആവശ്യപ്പെടുന്നതും ആദായനികുതി നിയമത്തിലെ 269 SS പ്രകാരം 20,000 രൂപയിൽ കൂടുതൽ ഒരാൾക്ക് രൊക്കം പണമായി നൽകുവാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നതുംമൂലം സഹകരണ സ്ഥാപനങ്ങളിലെ സ്വതന്ത്ര ഇടപാടുകൾക്ക് തടസ്സം ഉണ്ടാകുന്നുണ്ട്.

(ഡി) ആദായനികുതി നിയമത്തിലെ 133 (6) വകുപ്പ് പ്രകാരം നിക്ഷേപകരുടെ വിവരം ആവശ്യപ്പെടാൻ ആദായ നികുതി വകുപ്പിന് അവകാശമുണ്ട്. സുപ്രീംകോടതി വിധിയും ആദായനികുതി വകുപ്പിന് അനുകൂലമാണ്. എന്നാൽ വിവരങ്ങൾ നൽകാത്ത സംഘങ്ങൾക്കെതിരെ നിക്ഷേപത്തിന് തുല്യമായ തുക പിഴ ചുമത്തുന്നുവെന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. കൂടാതെ സംഘങ്ങളോട് നിരവധി സ്റ്റേറ്റ്മെന്റുകൾ ആദായ നികുതി വകുപ്പ് തുടർച്ചയായി ആവശ്യപ്പെടുന്നുണ്ടെന്നും ഇവ നൽകുവാൻ ഒരു ജീവനക്കാരന്റെ സേവനം പൂർണ്ണമായി ഉപയോഗിച്ചാലും സാധിക്കുന്നില്ല എന്നും അനാവശ്യമായി സംഘങ്ങളെ നിരന്തരം ബുദ്ധിമുട്ടിക്കുന്നുവെന്നും പരാതികൾ ലഭിക്കുന്നുണ്ട്.

(ഇ) കാർഷിക വായ്പാ സംഘങ്ങൾക്ക് ആദായനികുതി നിയമത്തിൽ ഇളവിന് അർഹതയുണ്ട്. കാർഷിക വായ്പാ സംഘങ്ങൾക്ക് ആദായനികുതി വകുപ്പ് 80 (p) പ്രകാരം ആദായനികുതി ഇളവിന് അർഹതയുണ്ട്. എന്നാൽ 2006-ലെ ഫിനാൻസ് ആക്ട് പ്രകാരം നിലവിൽ വന്ന 80 (p)-4 വകുപ്പ് അനുസരിച്ച് സഹകരണ ബാങ്കുകൾക്ക് ആദായനികുതി ഇളവിന് അർഹതയില്ല. പല കാർഷിക വായ്പാ സംഘങ്ങളുടെയും പ്രവർത്തനം ബാങ്കിംഗ് ബിസിനസ്സ് ആണെന്ന് കാണിച്ച് 80 (p)-4 വകുപ്പിന്റെ പരിധിയിൽ വരുമെന്ന് കാണിച്ച് ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഇക്കാര്യത്തിൽ കാർഷിക വായ്പാ സംഘങ്ങളും സഹകരണ ബാങ്കുകളുടെ പരിധിയിൽ ഉൾപ്പെടുമെന്ന് ആദായനികുതി വകുപ്പ് വാദിക്കുന്നുണ്ട്.

(എഫ്) 2017-ലെ ഫിനാൻസ് ആക്ട് ഭേദഗതിയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയ്ക്ക് ആനുകൂല്യം ലഭ്യമാണ്. എന്നാൽ സംഘങ്ങളുടെ വരുമാനത്തിൽ അധികഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്ന് നേടുന്നതാണെന്ന വാദം ആദായനികുതി വകുപ്പ് കോടതിയിൽ ഉന്നയിച്ച് അവർക്ക് അനുകൂലമായി വിധി സമ്പാദിക്കാൻ ശ്രമിച്ചുവരുകയാണ്.

(ജി) 1961 -ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായ നികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത അപ്പീൽ തീർപ്പാക്കി ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്.

ആദായ നികുതി നിയമത്തിൽ 80 പി (4) കൂട്ടിച്ചേർക്കപ്പെട്ടതോടെ 2007-08 മുതൽ ആദായ നികുതി വകുപ്പ് ടി നിയമത്തിലെ 80 പി (2) പ്രകാരമുള്ള ആനുകൂല്യം പ്രാഥമിക സംഘങ്ങൾക്ക് നിഷേധിക്കുകയാണ്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിരവധി കേസ്സുകൾ ഫയൽ ചെയ്യപ്പെടുകയും വിശദമായ വിശകലനത്തിന് ശേഷം വിധി പ്രസ്താവിച്ചിട്ടുള്ളതും പല കേസ്സുകളും ഇപ്പോൾ തുടരുന്നതുമാണ്.

ആദായ നികുതി വകുപ്പ് നിയമത്തിലെ 269 ST പ്രകാരം ഒരാൾക്ക് 2 ലക്ഷം രൂപ വരെ മാത്രമേ പണമായി സ്വീകരിക്കാനോ നൽകാനോ കഴിയുകയുള്ളൂ എന്നത് സംഘങ്ങളുടെ ഇടപാടുകൾക്ക് പ്രതികൂലമാണ്. കൂടാതെ 269 SS പ്രകാരം 20,000 രൂപയിൽ കൂടുതൽ ഒരാൾക്ക് രൊക്കം പണമായി നൽകുവാൻ പാടില്ല എന്നതും പ്രതികൂലമാണ്.

2006-ലെ ഫിനാൻസ് ആക്ടിലൂടെ ആദായ നികുതി നിയമത്തിലെ 80 (p) ഭേദഗതി ചെയ്ത് 1-4-2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതിനാൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് 80 (p) അനുസരിച്ചുള്ള ആദായ നികുതി ഇളവ് നൽകേണ്ടതില്ലായെന്ന് ഇൻകം ടാക്സ് വകുപ്പിന്റെ 20-9-2010-ലെ 6/2010 (F No.173 (3)/44/2009-IT (A-I) സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക സംഘങ്ങളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുവെങ്കിലും ടി സംഘങ്ങളുടെ അറ്റാദായത്തിലെ ഭൂരിഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്നും നേടുന്നതാണെന്ന വാദമുന്നയിച്ചാണ് ആദായനികുതി വകുപ്പ് പലപ്പോഴും സംഘങ്ങൾക്ക് അർഹമായ ആനുകൂല്യം നിഷേധിക്കുന്നതും കോടതി കേസ്സുകളിൽ സംഘങ്ങൾക്കെതിരായി വിധി സമ്പാദിക്കുന്നതും. ഇൻകം ടാക്സ് ആക്ട് ഒരു കേന്ദ്ര നിയമം ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകളിന്മേൽ ഇടപെടാൻ

പരിമിതികളുണ്ട്. എന്നിരുന്നാലും സഹകരണ മേഖലയെന്നത് സമ്പദ് വ്യവസ്ഥയെയും ജനങ്ങളുടെ വരുമാനം, തൊഴിൽ തുടങ്ങി സമൂഹത്തിലെ സമസ്ത മേഖലകളെയും ബാധിക്കുന്നതാകയാൽ ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാകുന്നതിന് 2-7-2018-ൽ കേന്ദ്ര ധനാകാര്യ മന്ത്രാലയത്തിന് സഹകരണ വകുപ്പുമന്ത്രി കത്ത് നൽകിയിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, സഹകരണ ബാങ്കിന്റെ സ്ഥിതിഗതികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി (ബി) ചോദ്യത്തിന് ഉത്തരം നൽകിയിരിക്കുന്നത് കേരളത്തിലെ ജനങ്ങളെ വല്ലാതെ വേദനിപ്പിക്കുന്നൊരു തരത്തിലാണ്. പാവപ്പെട്ട ആളുകളുടെ ആകെയൊരു ആശ്രയം സഹകരണ ബാങ്കുകളാണ്. ആദായ നികുതി വകുപ്പ് നിയമത്തിലെ 269 ST പ്രകാരം ഒരാൾക്ക് 2 ലക്ഷം രൂപവരെ മാത്രമേ പണമായി സ്വീകരിക്കുവാനോ നൽകുവാനോ കഴിയുകയുള്ളൂ എന്നത് സംഘങ്ങളുടെ ഇടപാടുകൾക്ക് പ്രതികൂലമാണ്. കൂടാതെ 269 SS പ്രകാരം 20,000 രൂപയിൽ കൂടുതൽ ഒരാൾക്ക് റൊക്കം പണമായി നൽകുവാൻ പാടില്ലെന്നും പറയുന്നു. ചുരുക്കത്തിൽ കേരളത്തിലെ സഹകരണ മേഖല ഗുരുതരമായ പ്രശ്നത്തിലേയ്ക്ക് കടക്കുകയാണ്. ഇത് കേന്ദ്ര സർക്കാറിന്റെ വിനാശകരമായൊരു സാമ്പത്തിക നയമാണ്. കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ പിടിച്ചുനിർത്തുന്ന ബാങ്കിംഗ് മേഖലയെ തകർക്കുവാൻ പോകുകയാണ്. ഇത് പ്രതിരോധിക്കുവാൻ ആവശ്യമായ ശക്തമായ നിയമ നടപടികൾ എടുക്കേണ്ടി വന്നാൽ എടുക്കണം. അതുപോലെ പ്രളയാനന്തര നവകേരളത്തിന്റെ സൃഷ്ടിക്കായി സഹകരണ സ്ഥാപനങ്ങളുടെ ലാഭവിഹിതമുപയോഗിച്ച് നടപ്പിലാക്കുന്ന 'കെയർ കേരള' പദ്ധതിയിൽ പങ്കാളികളായ സഹകരണ സ്ഥാപനങ്ങൾക്ക് ആദായനികുതി ഇളവ് അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇൻകം ടാക്സ് ആക്ട് കേന്ദ്ര നിയമമാണെന്ന് നമുക്കറിയാം. സംസ്ഥാന ഗവൺമെന്റിന് ആ ആക്ടിൽ ഇടപെടാൻ പരിമിതികളുണ്ട്. എന്നാലും സഹകരണ മേഖലയെന്നത് നമ്മുടെ സമ്പദ് വ്യവസ്ഥയെയും ജനങ്ങളുടെ വരുമാനം, തൊഴിൽ തുടങ്ങി സമൂഹത്തിലെ സമസ്ത മേഖലകളെയും ബാധിക്കുന്നതാകയാൽ ആദായ നികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായ നികുതിയിൽ ഇളവ് ലഭ്യമാക്കുന്നതിന് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സഹകരണ വകുപ്പ് മുമ്പ് കത്ത് നൽകിയിട്ടുണ്ട്. കേന്ദ്ര ധനകാര്യ മന്ത്രിയുമായി സഹകരണമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. ഇപ്പോൾ പുതിയതായി

തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് മെമ്പർമാരുടെ ആദ്യസമ്മേളനത്തിൽ പ്രധാനപ്പെട്ട ഒരു അജണ്ടയായി ഈ വിഷയം ചർച്ച ചെയ്യാനും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന കർശനമായ നിയമങ്ങളുടെ ഫലമായി നിക്ഷേപ സംഖ്യ കൂടുകയോ കുറയുകയോ ചെയ്യുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നിക്ഷേപം വൻതോതിൽ വർദ്ധിക്കുന്നൊരു അവസ്ഥയാണുള്ളത്. നിലവിൽ 2.6 ലക്ഷം കോടി രൂപയാണ് സംസ്ഥാനത്തെ സഹകരണ മേഖലയുടെ നിക്ഷേപം. 2016 നവംബർ 8-ലെ നോട്ട് നിരോധനസമയത്ത് അത് ഒന്നര ലക്ഷം കോടിയായിരുന്നു. വലിയ തോതിലുള്ള നിക്ഷേപ വർദ്ധനവുണ്ടായിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, നമ്മുടെ ഗ്രാമങ്ങളിൽ, വിശിഷ്യാ നിലനിൽക്കുന്ന ഒരു ജനാധിപത്യ മതേതരത്വ പണമിടപാട് സംവിധാനമാണ് പ്രാഥമിക സഹകരണ മേഖല മുതൽ മുകളിലോട്ടുള്ളത്. അവിടെ നിന്നും പണത്തെ മുംബൈ, ഡൽഹി എന്നിവിടങ്ങളിലെ വലിയ ബാങ്കുകളിലേയ്ക്ക് എത്തിക്കുവാനുള്ളൊരു സംവിധാനം നോട്ട് പിൻവലിക്കലിനുശേഷം കേന്ദ്ര ഗവൺമെന്റ് ബോധപൂർവ്വം തന്നെ കൊണ്ടുവന്നു. നികുതിഭാരം കൂടി വരുമ്പോൾ നമ്മുടെ ബാങ്കുകളിലേയ്ക്കുള്ള പൊതു ആകർഷണം കുറയുവാൻ സാധ്യതയുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ അധികാരാവകാശങ്ങൾക്കകത്തുനിന്ന് കേരളത്തിലെ ചെറുതും വലുതുമായ നിക്ഷേപങ്ങൾ ഈ ബാങ്കുകളിലേയ്ക്കുതന്നെ ആകർഷിക്കാനും സാധാരണ മനുഷ്യർക്ക് വായ്പ അത്യാവശ്യത്തിന് കൊടുക്കുവാനുമുള്ള പുതിയ സ്കീമുകൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് പദ്ധതികൾ നടപ്പാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നിക്ഷേപത്തെ സംബന്ധിച്ചിടത്തോളം സഹകരണ മേഖലയ്ക്ക് പ്രയാസമൊന്നുമില്ല. നിക്ഷേപസമാഹരണ യജ്ഞത്തിലൂടെ ധാരാളം പണം സമാഹരിക്കുന്നുണ്ട്. അതുകൂടാതെ നല്ലൊരു വിശ്വാസ്യത സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിനുള്ളതുകൊണ്ടുതന്നെ നിക്ഷേപം ആവശ്യം പോലെ വരുന്നുണ്ട്. ഇവിടെ പ്രധാനമായും നമ്മെ ബുദ്ധിമുട്ടിക്കുന്നത് ഇൻകം ടാക്സ് ആക്ടിന്റെ പുതിയ വ്യവസ്ഥകൾ നമ്മുടെ സംസ്ഥാനത്ത് സഹകരണ മേഖലയിൽ അടിച്ചേൽപ്പിക്കുവാൻ വേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ പരിശ്രമമാണ്. അതിനെതിരെ നിയമപരമായും സഹകാരികളെ പൊതുവെ സംഘടിപ്പിച്ചും ഗവൺമെന്റിന്റെ സമീപനത്തെ മാറ്റിത്തീർക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, സഹകരണ മേഖല ഒരു ജനകീയ പ്രസ്ഥാനമാണ്. സാധാരണക്കാർക്ക് അപ്രോച്ചബിളായിട്ടുള്ള ബാങ്കുകളാണ് സഹകരണ ബാങ്കുകൾ. എന്നാൽ അടുത്ത കാലത്തായി പൊതുമേഖലാ ബാങ്കുകളടക്കം ലയിപ്പിച്ചുകൊണ്ട് സ്വകാര്യവൽക്കരിക്കുകയും അതോടൊപ്പം കോ-ഓപ്പറേറ്റീവ് ബാങ്കുകളടക്കമുള്ളവയെ ബോധപൂർവ്വം തകർക്കാനുള്ള ശ്രമങ്ങളും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ന്യൂ ജനറേഷൻ ബാങ്കുകളടക്കമുള്ള പ്രൈവറ്റ് ബാങ്കുകൾക്ക് നോട്ടുനിരോധനത്തിന്റെ സമയത്ത് നോട്ടുകൾ മാറുവാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തപ്പോഴും നമ്മുടെ സഹകരണ ബാങ്കുകൾക്ക് അതിനുള്ള സൗകര്യങ്ങൾ ചെയ്യാതിരിക്കുകയും അതോടൊപ്പംതന്നെ ആദായ നികുതി വകുപ്പിന്റെ നേതൃത്വത്തിൽ ബോധപൂർവ്വം ഈ മേഖലയെ തകർക്കുവാനുള്ള ശ്രമങ്ങളും നടക്കുന്നത് കുറേക്കാലമായി നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇത് വലിയൊരു ആശയത്തിന്റെ ഭാഗമായിട്ടാണ്. കോർപ്പറേറ്റിസത്തിന് പകരം കോർപ്പറേറ്റ് വൽക്കരണമാണ് നടക്കുന്നത്. ഈ പ്രതിസന്ധികളെ മറികടന്ന് മുന്നോട്ടുപോകുവാൻ നമ്മുടെ സർക്കാർ ചെയ്യുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; അതിനെ തരണം ചെയ്ത് മുന്നോട്ടുപോയി വിജയിപ്പിക്കാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമുക്ക് നിശ്ചയമായും കേന്ദ്ര ഗവൺമെന്റിന്റെ സഹകരണ മേഖലയ്ക്കെതിരായി വരുന്ന നീക്കങ്ങളെ തടയാൻ കഴിയുമെന്ന് അനുഭവങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. നോട്ട് നിരോധനത്തിന്റെ മറവിൽ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുവാൻ വലിയ പരിശ്രമം നടത്തിയത് നമുക്കോർമ്മയുണ്ട്. നമ്മുടെ ഗവൺമെന്റ് അതിന്റെ മുന്നിൽ നിന്നു. നോട്ട് നിരോധനം നമ്മുടെ സംസ്ഥാനത്തിന്റെ സഹകരണ മേഖലയെ ബാധിക്കാതിരിക്കാനും നിക്ഷേപകരെ സംബന്ധിച്ചിടത്തോളം അവർക്കൊരു പരിഭ്രാന്തിയുണ്ടാകാതിരിക്കാനും സഹായകരമായ ശക്തമായിട്ടുള്ള നിലപാട് ഗവൺമെന്റ് സ്വീകരിച്ചു. ഓരോ രൂപയ്ക്കും സർക്കാറിന്റെ ഗ്യാരന്റിയുണ്ടെന്ന് പ്രഖ്യാപിച്ച് നമ്മുടെ സംസ്ഥാനമെടുത്തൊരു സമീപനമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർതന്നെ നമ്മുടെ സംസ്ഥാനത്തിന്റെ സമീപകാല ചരിത്രത്തിലെ വലിയ സമരത്തിന് നേതൃത്വം കൊടുക്കുന്ന അനുഭവമുണ്ടായി. ദേശീയ ശ്രദ്ധയാകർഷിക്കുന്ന പ്രശ്നമാക്കി നോട്ട് നിരോധന പ്രശ്നത്തെ ഉയർത്തിക്കൊണ്ടുവരാൻ നമ്മുടെ സംസ്ഥാനമെടുത്ത സമീപനമാണ് നമുക്ക് ഗുണകരമായത്. ഇതിന്റെയെല്ലാം ഭാഗമായി കേരളത്തിലെ സഹകാരി സമൂഹത്തെ കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരുമിപ്പിച്ചുനിർത്താനും സഹകരണ മേഖല ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

കാണുന്നതിനുവേണ്ടിയുള്ള ശക്തമായ നീക്കങ്ങൾ നടത്തുവാനും നമുക്ക് സാധിച്ചതിന്റെ ഭാഗമായിട്ടാണ് ഞാൻ നേരത്തെ സൂചിപ്പിച്ച ഒന്നര ലക്ഷം കോടി രൂപയിൽ നിന്ന് രണ്ട് ലക്ഷത്തിലധികം കോടി രൂപയുടെ നിക്ഷേപവുമായി കഴിഞ്ഞ രണ്ട് വർഷക്കാലത്തിനകത്ത് വലിയ മാറ്റം സഹകരണ മേഖലയിലെ നിക്ഷേപരംഗത്തുണ്ടായിട്ടുള്ളത്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ...... ചോദ്യോത്തര സമയം അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

4 (*484) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. വി. ജോയി:
ശ്രീമതി. വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങൾ വികസിപ്പിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങളൊരുക്കി പ്രസ്തുത കേന്ദ്രങ്ങളിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനും ജില്ലാ വിനോദസഞ്ചാര വികസനസമിതികളും മാനേജ്മെന്റ് സമിതികളും നടത്തുന്ന പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് പരിപാടിയുണ്ടോ;

(ബി) പങ്കാളിത്ത മാതൃകയിലൂടെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഉന്നതനിലവാരമുള്ള താമസസൗകര്യം ഒരുക്കി വിനോദസഞ്ചാരത്തിന് പ്രോത്സാഹനം നൽകുന്നതോടൊപ്പം പ്രസ്തുത കേന്ദ്രങ്ങളുടെ വികസനത്തിൽ കൂടി ഫലപ്രദമായി ഇടപെടാൻ കെ.റ്റി.ഡി.സി.യെ പ്രാപ്തമാക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങൾ വികസിപ്പിക്കുന്നതിനും സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലാ വിനോദസഞ്ചാര സമിതികളും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സമിതികളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ (ഡി.ടി.പി.സി.) സെക്രട്ടറിമാരായി ടൂറിസം രംഗത്ത് പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സമിതികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ട് സ്ഥാപനത്തിലും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് കൃത്യമായ ഇടവേളകളിൽ ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്. ചില ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സമിതികൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് സഞ്ചാരികൾക്ക് ആവശ്യമായ വാഹനം വാങ്ങി ടൂർ ഓപ്പറേഷൻ ഉൾപ്പെടെ നടത്തി വരുന്നുണ്ട്. എങ്കിലും ടൂറിസം രംഗത്തെ പുതിയ വെല്ലുവിളികൾ നേരിടുന്നതിനും കുറെക്കൂടി മെച്ചപ്പെട്ട സേവനം വിനോദ സഞ്ചാരികൾക്ക് നൽകുന്നതിനും ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലുകളെയും (ഡി.ടി.പി.സി.) ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സമിതികളെയും (ഡി.എം.സി.)സജ്ജമാക്കുന്നതിനുമായി വിശദ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപ പ്രോത്സാഹനത്തിനുമായി രൂപീകൃതമായ പൊതുമേഖലാ സ്ഥാപനമാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ.). സ്വകാര്യ മേഖലയുടെയും സർക്കാരിന്റെയും പങ്കാളിത്തത്തോടെയുള്ള വികസന മാതൃകകളാണ് കെ.ടി.ഐ.എൽ. നടപ്പിലാക്കുന്നത്.

ഇതിനു പുറമെ ടൂറിസം സാധ്യതകൾ വേണ്ടത്ര ഉപയോഗപ്പെടുത്താത്ത മേഖലകൾ, പുതുതായി വികസിച്ചുവരുന്ന പ്രദേശങ്ങൾ മുതലായവ കണ്ടെത്തി സ്വകാര്യ മേഖലയുടെ കൂടി പങ്കാളിത്തത്തോടെ വികസിപ്പിക്കാനുള്ള പദ്ധതികളും കെ.ടി.ഐ.എൽ. ഏറ്റെടുക്കുന്നുണ്ട്.

(സി) നിലവിൽ നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ താമസസൗകര്യം ഒരുക്കുക എന്ന ചുമതലയാണ് കെ.ടി.ഡി.സി. നിർവ്വഹിക്കുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിലെ പ്രമുഖ ടൂറിസം കേന്ദ്രങ്ങളിലെല്ലാം കെ.ടി.ഡി.സി. സ്വന്തമായി ഹോട്ടലുകൾ നടത്തി വരുന്നുണ്ട്. കേരളത്തിലെ പല ടൂറിസം കേന്ദ്രങ്ങളിലും ആദ്യം ഹോട്ടലുകൾ ആരംഭിച്ചത് കെ.ടി.ഡി.സി.യാണ്. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന, ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ഹോട്ടൽ ഗ്രൂപ്പ് ആണ് ഇന്ന് കെ.ടി.ഡി.സി. എന്നാൽ ഒരു ടൂറിസം ഡെസ്റ്റിനേഷനിൽ സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നത് ടൂറിസം വകുപ്പാണ്. വിവിധ ഡിസ്ട്രിക്ട് പ്രൊമോഷൻ കൗൺസിലുകളും ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (ബി.ആർ.ഡി.സി.), കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ.) ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ടൂറിസം വകുപ്പ് ഡെസ്റ്റിനേഷന്റെ വികസനം നടപ്പാക്കുന്നത്. ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിലൂടെ കെ.ടി.ഡി.സി. ഹോട്ടലുകൾ പ്രവർത്തിക്കുന്ന ഡെസ്റ്റിനേഷനുകളുടെ വികസനത്തിൽ കെ.ടി.ഡി.സി. അതിന്റേതായ പങ്ക് വഹിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നിലവിലുള്ള രീതിയിൽ തന്നെ തുടരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## വിദേശ രാജ്യങ്ങളിൽ കെ.എസ്.എഫ്.ഇ. ചിട്ടികൾ

5 (*485) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടികൾ നിലവിൽ ഏതെല്ലാം വിദേശ രാജ്യങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പലിശ ഇടപാടുകൾക്ക് കടുത്ത നിയന്ത്രണങ്ങൾ ഉള്ളതും നിരവധി പ്രവാസി മലയാളികൾ ജോലി ചെയ്യുന്നതുമായ സൗദി അറേബ്യ പോലുള്ള രാജ്യങ്ങളിൽ ചിട്ടി നടത്തിപ്പിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ;

(സി) അത് പരിഹരിക്കുവാൻ ശരി-അത്ത് നിയമങ്ങളനുസരിച്ചുള്ള ഹലാൽ ചിട്ടികൾ തുടങ്ങുവാൻ കെ.എസ്.എഫ്.ഇ.-യ്ക്ക് പദ്ധതിയുണ്ടോ എന്നറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടികൾ നിലവിൽ ഗൾഫ് രാജ്യങ്ങളിലും യൂറോപ്പിലും നടത്തിവരുന്നു.

(ബി) ഇല്ല.

(സി) ഹലാൽ ചിട്ടികളുടെ നടത്തിപ്പ് പരിഗണനയിലുണ്ട്.

## കയർ വ്യവസായ മേഖലയുടെ സംരക്ഷണത്തിന് നടപടി

6 (*486) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദനപ്രക്രിയയിലെ യന്ത്രവൽക്കരണത്തിലൂടെയും ആധുനീകരണത്തിലൂടെയും കയറുല്പന്നങ്ങളുടെ വില മത്സരാധിഷ്ഠിതമാക്കി സപ്ലൈ രംഗവും തൽസമയം വിദേശ, ആഭ്യന്തര കമ്പോളം വിപുലീകരിച്ച് ഡിമാന്റ് രംഗവും ശാക്തീകരിക്കുന്നതിന് ചെയ്തുവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) ദേശീയ കയർ ഗവേഷണവും മാനേജ്മെന്റും ഇൻസ്റ്റിറ്റ്യൂട്ട് ഈ രംഗത്ത് നടത്തി വരുന്ന പ്രവർത്തനം എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് അവലോകനം ചെയ്തിട്ടുണ്ടോ;

(സി) ഉല്പാദന, വിപണന രംഗങ്ങളിൽ ചെറുകിട ഉല്പാദകരുടെ താല്പര്യം സംരക്ഷിക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ചെയ്തുവരുന്ന പ്രവർത്തനം അറിയിക്കാമോ;

(ഡി) കയർ വ്യവസായത്തിന്റെ പുനരുദ്ധാരണത്തിന് പ്രധാന പങ്കുവഹിക്കേണ്ട കയർഫെഡിനെ പുനഃസംഘടിപ്പിച്ച് ശാക്തീകരിക്കാനായി നടത്തിയ പ്രവർത്തനം അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ആഭ്യന്തര വിപണിയിൽ വിൽപ്പന മെച്ചപ്പെടുത്തുന്നതിന് പ്രദർശനങ്ങൾ, ബയർ സെല്ലർ മീറ്റുകൾ നടത്തുന്നുണ്ട്. കയർഫെഡ് ഷോറൂമുകളിൽ കൂടുതൽ ഏജൻസികളെ കണ്ടെത്തി വിൽപ്പന മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിദേശ വിപണിയിൽ കൂടുതൽ ഡിമാന്റുള്ള പി.വി.സി./ലാറ്റക്സ്

ടഫ്റ്റഡ് കയർ മാറ്റുകൾ നിർമ്മിക്കുന്നതിന് അത്യുൽപ്പാദനക്ഷമതയുള്ള ടഫ്റ്റിംഗ് പ്ലാന്റ് ഇറക്കുമതി ചെയ്ത് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ അട്ടൂർ ഡിവിഷനിൽ പ്രവർത്തിപ്പിച്ചുവരുന്നു. ഇതുകൂടാതെ കയർ ഭൂവസ്ത്രം, മറ്റ് കയർ അധിഷ്ഠിത പായകൾ എന്നിവയുടെ ഡിമാന്റ് നിറവേറ്റുന്നതിന് പൂർണ്ണമായും ആട്ടോമാറ്റിക് ആയി പ്രവർത്തിക്കുന്ന 7 തറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. ദേശീയ കയർ ഗവേഷണവും മാനേജ്മെന്റും ഇൻസ്റ്റിറ്റ്യൂട്ട് (നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്) കയർ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് വിവിധ ഗവേഷണ പ്രവർത്തനങ്ങളും പരിശീലന പരിപാടികളും വിജയകരമായി സംഘടിപ്പിച്ചുവരുന്നു.

<u>കയർ മേഖലയിൽ നടത്തിയ വിവിധ പ്രവർത്തനങ്ങൾ</u>

- ചരിവുപ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കൃഷി ചെയ്യുന്നതിനുവേണ്ടി പ്രകൃതിദത്തമായ കയർ ജിയോസെൽ വികസിപ്പിച്ചെടുത്തു.
- ചകിരി നാര് ഉപയോഗിച്ച് വിവിധ തരത്തിലുള്ള കൃഷിക്കാവശ്യമായ പുതയിടീൽ വസ്തുക്കൾ വികസിപ്പിച്ചെടുത്തു.
- പ്രകൃതി സൗഹാർദ്ദപരമായ രീതിയിൽ ഭൂവസ്ത്രത്തിന്റെ ഉപയോഗത്തിന്റെ പരിശീലനം കയർഫെഡിന്റെ സഹായത്തോടുകൂടി എൻ.സി.ആർ.എം.ഐ നടത്തുകയുണ്ടായി.
- കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള ഓറിയന്റേഷൻ ട്രെയിനിംഗ് നടത്തുകയുണ്ടായി.
- കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെ വനിതകൾക്കുവേണ്ടി കയർ ഭൂവസ്ത്രം നെയ്യുന്നതിനുള്ള പരിശീലന പരിപാടി നടത്തുകയുണ്ടായി.
- കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെ സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും ബോർഡ് ഡയറക്ടർമാർക്കും വേണ്ടിയുള്ള ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.
- എൻ.സി.ആർ.എം.ഐ മൈക്രോബയോളജി & മോളികുലാർ ബയോളജി ലാബിൽ ശാസ്ത്രജ്ഞൻമാർക്കുള്ള 21 ദിന പരിശീലന പരിപാടി നടത്തുകയുണ്ടായി.

- കൃഷിഭവന്റെ പരിധിയിലുള്ള കർഷകർക്ക് ട്രൈക്കോഡർമ ഫംഗസിന്റെ ഉൽപ്പാദനത്തിൽ ശ്രദ്ധിക്കേണ്ട മുൻകരുതലുകളെ കുറിച്ചുള്ള പരിശീലനം നൽകുകയുണ്ടായി.

- വൈക്കം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലെ കയർ പ്രോജക്ട് ഓഫീസിന്റെ കീഴിലുള്ള കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ഡീഫൈബറിംഗ് യൂണിറ്റിലെ തൊഴിലാളികൾക്കും, ആലപ്പുഴ, വൈക്കം കയർ കൺസോർഷ്യം സൊസൈറ്റി, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലെ ഡീഫൈബറിംഗ് യൂണിറ്റിലെ തൊഴിലാളികൾക്കും കയർ പിത്ത് കമ്പോസ്റ്റിംഗിൽ പരിശീലനം നൽകി.

(സി) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ചെറുകിട കയർ ഉൽപ്പന്ന നിർമ്മാതാക്കളെയും കയർ സഹകരണ സംഘങ്ങളെയും ക്രയവിലസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി ഓർഡറുകൾ നൽകുന്നുണ്ട്. അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വില മുൻകൂറായി നൽകി സംഭരിക്കുകയും ഈ ഉൽപ്പന്നങ്ങൾ കയറ്റുമതിക്കാർക്ക് സഹായവിലയ്ക്ക് നൽകുകയും ചെയ്യുന്നത് ഈ മേഖലയിലെ ഫലപ്രദമായ ഇടപെടലാണ്. ചെറുകിട ഉൽപ്പാദകർക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളായ ചകിരി, കയർ എന്നിവ കയർഫെഡിൽ നിന്നും സംഭരിച്ച് ചെറുകിട നിർമ്മാതാക്കൾക്ക് വായ്പയായി നൽകുകയും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിലയിൽ നിന്നും ഈ വായ്പ ഈടാക്കുകയും ചെയ്യുന്നു. ഇന്ത്യയിലും വിദേശങ്ങളിലുമുള്ള ട്രേഡ് ഫെയറുകൾ, പ്രാദേശിക പ്രദർശന വിപണന മേളകൾ എന്നിവയിൽ സജീവമായി പങ്കെടുക്കുകയും നവീനങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. വിശേഷ അവസരങ്ങളിൽ (ഓണം, ക്രിസ്തുമസ്, ദീപാവലി) പ്രത്യേക വിതരണ ക്യാമ്പയിനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കയറ്റുമതിമേഖലയിൽ വിദേശ ഉപഭോക്താക്കളെ കണ്ടെത്തുന്നതിനായി പ്രത്യേക എക്സ്പോർട്ട് ഡിവിഷൻ പ്രവർത്തിപ്പിക്കുകയും നിലവിൽ 8 രാജ്യങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുകയും ചെയ്യുന്നു. ആഭ്യന്തര വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.

(ഡി) കയറിന്റെ വാങ്ങലിലും വിൽപ്പനയിലും സർവ്വകാല റിക്കോർഡ് നേട്ടം കൈവരിക്കാൻ കയർഫെഡിന് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർഫെഡിന്റെ പ്രവർത്തനങ്ങളിൽ സമഗ്രമായ പുരോഗതിയും ഉണ്ടായിട്ടുണ്ട്. കൂടാതെ കയർ ഭൂവസ്ത്ര വിപണനം, ചകിരി സംഭരിച്ച് അംഗ

സംഘങ്ങൾക്ക് നൽകുന്ന നടപടികൾ എന്നിവയിലൂടെ കയർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ചകിരി ക്ഷാമം പരിഹരിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് വടവന്നൂരിൽ ഡി.എഫ്.മിൽ സ്ഥാപിച്ചും കയർ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിൽപ്പനയ്ക്കായി ഇ-കൊമേഴ്സ് പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും ഗാർഡൻ മെറ്റീരിയൽ യൂണിറ്റ് സ്ഥാപിച്ചും കയർഫെഡ് കൈവരിച്ച നേട്ടത്തിൽ ചിലതാണ്.

## ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനം

7 (*487) ശ്രീ.യു. ആർ. പ്രദീപ്:
ശ്രീ. കെ.വി.വിജയദാസ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തി ഹ്രസ്വകാലം കൊണ്ട് ഒന്നരലക്ഷത്തിലധികം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധ്യമാകും വിധം ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് സൃഷ്ടിക്കാനായ വ്യവസായ സൗഹൃദാന്തരീക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് നയിക്കാനായി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ടോ; അതിന്റെ ഫലം വിലയിരുത്തിയിട്ടുണ്ടോ;

(സി) ചെറുകിട-ഇടത്തരം മേഖലകളിലെ ഉല്പന്നങ്ങൾക്ക് അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) :

(എ) നിലവിലുള്ളതും പുതിയതുമായ ഒട്ടനവധി പദ്ധതികൾ ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.

കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിന് സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും അതിവേഗം, സുതാര്യമായി ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളിൽ നിലനിന്നിരുന്ന നിയമങ്ങൾ ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2- ാം നമ്പർ)" നിയമം

പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായ മേഖലയിൽ പുത്തനുണർവ് പ്രദാനം ചെയ്തുകൊണ്ട് കേരള വ്യവസായ വാണിജ്യ നയം 2018 പ്രഖ്യാപിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളിലെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ചുകൊണ്ട് സംരംഭകർക്ക് ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

MSME മേഖലയിലെ വ്യവസായ സംരംഭകർക്കായി ചുവടെ പറയുന്ന പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്:

- സംരംഭകത്വ സഹായ പദ്ധതി
- നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി
- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി
- തകർച്ച നേരിടുന്ന എം.എസ്.എം.ഇ.കളുടെ പുനരുദ്ധാരണ പദ്ധതി
- ഇഡി ക്ലബ്ബ്
- ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ

പരമാവധി സംരംഭകർക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിലേക്കായി സ്ഥലം അനുവദിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പ് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നു. ആയതിന് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നും ബഹുനില സമുച്ചയങ്ങൾ നിർമ്മിച്ച് പശ്ചാത്തല സൗകര്യം ഒരുക്കി സംരംഭകർക്ക് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

കേരളത്തിലെ അഭ്യസ്തവിദ്യരും തൊഴിലന്വേഷകരുമായ യുവാക്കളെ സംരംഭകർ ആക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ തലങ്ങളിൽ നടത്തിവരുന്ന വിവിധ സംരംഭകത്വ പരിശീലന പരിപാടികളായ ഇഡിപി, ടെക്നോളജി ക്ലിനിക്ക്, ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരഭകത്വ ബോധവത്കരണ പരിപാടി എന്നിവ മുഖാന്തിരം കൂടുതൽ സംരംഭകരെ വ്യവസായ സംരംഭകർ ആക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി. മുഖേന വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5% പലിശയിൽ 25 ലക്ഷം രൂപ ആറ് വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ നൽകി വരുന്നു.

(ബി) വിലയിരുത്തിയിട്ടുണ്ട്. കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി

എല്ലാ ജില്ലകളിലും സംരംഭകത്വ ബോധവത്കരണ പരിപാടി, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, ഇൻവെസ്റ്റേഴ്സ് മീറ്റ്, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു. ഈ പരിപാടികളിലൂടെ ഒരു വർഷം ശരാശരി 30000-ൽപ്പരം സംരംഭകർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകുകയും ഇതിൽ 6000-ഓളം പേർ സംരംഭകരാകുകയും ചെയ്തതായി മുൻ വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നു.

(സി) കേരളത്തിലെ ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും വിപണന മേളകൾ വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി കെ-ബിപ്പ് സംഘടിപ്പിച്ചു വരുന്നു. ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനും വേണ്ടി ദേശീയ/അന്തർദ്ദേശീയ തലങ്ങളിൽ നടക്കുന്ന വിവിധ വ്യാപാര മേളകളിൽ-സൂക്ഷ്മ ചെറുകിട യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരവും ബിസിനസ്സ് മീറ്റുകളും കെ-ബിപ്പ് ഒരുക്കി കൊടുക്കുന്നു.

## കൈത്തറി വികസനത്തിനുള്ള കേന്ദ്ര സഹായം

8 (*488) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപയുടെ ധനസഹായം അനാസ്ഥമൂലം നഷ്ടമാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദീകരണം നൽകാമോ;

(ബി) കടം തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്ത നെയ്ത്തുകാരുടെയും സംഘടനകളുടെയും ദുരിതം അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാർ ഏതെങ്കിലും പദ്ധതി ആരംഭിച്ചിരുന്നോ; ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അർഹരായ ആളുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടർ പദ്ധതി നിർവ്വഹണ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കൈത്തറി കയറ്റുമതി പ്രോത്സാഹന പദ്ധതിയെക്കുറിച്ച് ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടർ യഥാസമയം അറിയിപ്പ് നൽകാത്തതുമൂലം സംസ്ഥാനത്തിന് കേന്ദ്രസഹായം ലഭ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി 28-2-2011-ൽ കേന്ദ്ര സർക്കാർ റിവൈവൽ, റിഫോം & റിസ്ട്രക്ച്ചറിംഗ് പാക്കേജ് പ്രഖ്യാപിച്ചിരുന്നു. കടം തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്ത കൈത്തറി നെയ്ത്തുകാരുടെയും സംഘങ്ങളുടെയും ദുരിതം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 124 പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കും 1199 വ്യക്തിഗത നെയ്ത്തുകാർക്കുംകൂടി 1323 പേർക്കും രണ്ടാം ഘട്ടത്തിൽ ഹാന്റക്സിനും 233 പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കും 5 വ്യക്തിഗത നെയ്ത്തുകാർക്കുംകൂടി 239 പേർക്കും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

(സി) 2015-16 വർഷത്തെ നാഷണൽ ഹാന്റ്‌ലൂം എക്സ്പോയുടെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുവാൻ പദ്ധതി നിർവ്വഹണ ഏജൻസിയായ ഹാൻവീവ് കാലതാമസം വരുത്തിയതിനാലാണ് പദ്ധതി നിർവ്വഹണ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ വൈകിയതെന്ന് കൈത്തറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത വിനിയോഗ സർട്ടിഫിക്കറ്റ് 22-6-2018-ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത സാഹചര്യം ഉണ്ടായിട്ടില്ല. കൈത്തറി മേഖലയിൽ കൈത്തറി ക്ലസ്റ്റർ രൂപീകരിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തുന്നതിനും കേന്ദ്ര സഹായം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്.

## ധനപരമായ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി

9 (*489) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി ചെലവ് കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ ധനപരമായ നടപടിക്രമങ്ങൾ ലഘൂകരിക്കാനും സാങ്കേതികവിദ്യാധിഷ്ഠിത സമ്പ്രദായം ആവിഷ്കരിച്ചുകൊണ്ട് പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള കാലതാമസം കുറയ്ക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതി വിഹിതത്തിലും വിനിയോഗത്തിലും ഉണ്ടായ വർദ്ധനവ് അറിയിക്കാമോ;

(ബി) മണ്ഡലം ആസ്തിവികസന നിധി, എം.എൽ.എ.-മാരുടെ പ്രത്യേക നിധി എന്നിവ ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ തടസ്സരഹിതമായും സമയബന്ധിതമായും നടപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം അറിയിക്കാമോ;

(സി) നികുതി ഭരണം കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; ഇന്റേണൽ ഓഡിറ്റിംഗ് ശാക്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പദ്ധതി ചെലവ് കാര്യക്ഷമമാക്കുന്നതിന് ധനപരമായ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് 2016-17 വർഷം മുതൽ ഗ്രീൻ ബുക്ക് സമ്പ്രദായം ആരംഭിച്ചു. ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് പുതിയതായി ഭരണാനുമതി ആവശ്യമില്ല. 2019-20 സാമ്പത്തിക വർഷത്തിൽ 2733.32 കോടി രൂപയുടെ പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-19 വർഷത്തിൽ 29,150 കോടി രൂപയാണ് പദ്ധതി അടങ്കലായി വകയിരുത്തിയിരുന്നത്. 2019-20 വർഷത്തിൽ അടങ്കൽ തുക 30610 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018 മേയ് മാസത്തിലെ പദ്ധതി വിനിയോഗം 5.09 ശതമാനമായിരുന്നു. 2019 മേയ് മാസത്തിലെ പദ്ധതി ചെലവ് 3.61 ശതമാനമാണ്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിൽ കാലതാമസം ഉണ്ടായതിനാലാണ് പദ്ധതി വിനിയോഗത്തിൽ കുറവുണ്ടായത്.

(ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അധികാരം അതാത് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ആയതനുസരിച്ച് അടങ്കൽ തുക 1 കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് ജില്ലാ കളക്ടർക്ക് നേരിട്ടും 1 കോടിയോ അതിനുമുകളിലോ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി വാങ്ങിയ ശേഷവും ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണ്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19 സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ. (അച്ചടി) നമ്പർ 119/2018/ധന തീയതി 4-8-2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പ്രത്യേക അലോട്ട്മെന്റ് സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് PRICE Software-ൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇനിമുതൽ അക്രെഡിറ്റഡ് ഏജൻസികൾക്ക് ഇതുസംബന്ധിച്ച എസ്റ്റിമേറ്റുകൾ PRICE Software-ൽ തന്നെ തയ്യാറാക്കാവുന്നതാണ്. ഇത്തരം എസ്റ്റിമേറ്റുകൾക്ക് ഇനിമുതൽ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ മുൻകൂർ അനുമതി തേടേണ്ടതില്ല. അക്രെഡിറ്റഡ് ഏജൻസികൾ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ ബൾബുകൾ GeM(Government e-Market Place)ലൂടെ വാങ്ങുമ്പോൾ ഉടൻതന്നെ പേമെന്റ് നൽകുന്നതിനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൽ (MLA SDF) ഉൾപ്പെടുന്ന പ്രവൃത്തികൾ തടസ്സരഹിതമായും സമയബന്ധിതമായും നടപ്പാക്കുന്നതിനായി 29-12-2017-ലെ സ.ഉ. (അച്ചടി) നമ്പർ 161/2017/ധന പ്രകാരം സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) <u>GST വകുപ്പ്</u>

GSTN പോർട്ടൽ വഴി കാര്യക്ഷമവും സുതാര്യവുമായ GST നികുതി പിരിവ് നടന്നുവരുന്നു. കമ്പ്യൂട്ടർ സംവിധാനം വഴിതന്നെ റിട്ടേണുകൾ വിശദപരിശോധനയ്ക്ക് വിധേയമാക്കുന്നതിനാലും നടപടിക്രമങ്ങൾ സുതാര്യമായതിനാലും അഴിമതി രഹിതമായി നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നു. ചെക്ക് പോസ്റ്റുകൾക്ക് പകരമായി ഇ-വേ ബിൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തേയ്ക്ക് വരുന്ന ചരക്കുകൾക്ക് ഇ-വേ ബിൽ ഉണ്ടോയെന്ന് ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുന്നുമുണ്ട്. ANPR ക്യാമറ സംവിധാനം വഴി ഇ-വേ ബിൽ

പരിശോധന കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് ആഗസ്റ്റ് 2019 വരെ സാവകാശം നൽകിയിരിക്കുന്നതിനാൽ ആഡിറ്റ് സംവിധാനം തുടങ്ങുന്നതിന് സാധിച്ചിട്ടില്ല. വാർഷിക റിട്ടേണുകൾ കിട്ടുന്ന മുറയ്ക്ക് ഇന്റേണൽ ആഡിറ്റിംഗ് സംവിധാനം വഴി ഇവ പരിശോധിക്കുകയും നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

മോട്ടോർ വാഹന വകുപ്പ്

മോട്ടോർ വാഹന വകുപ്പിൽ നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള പരമാവധി വാഹനങ്ങൾക്കെതിരെയും ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും പരമാവധി വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മാത്രമല്ല വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ബുധനാഴ്ച ദിവസം നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനായി മാറ്റിവച്ചിട്ടുണ്ട്. നികുതി അടയ്ക്കാതെ നിരത്തിലൂടെ ഓടുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതി അടയ്ക്കാതെ നിരത്തിലുപയോഗിച്ച് മോട്ടോർ വാഹന വകുപ്പ് പിടിച്ചെടുത്ത് വിവിധ പോലീസ് സ്റ്റേഷനുകളിലും അനുബന്ധ സ്ഥലങ്ങളിലും സൂക്ഷിച്ചുവരുന്ന വാഹനങ്ങൾ ലേലം ചെയ്ത് സർക്കാരിന് കിട്ടേണ്ട നികുതി കുടിശ്ശിക വസൂലാക്കാറുണ്ട്.

പ്രത്യേക ടാക്സ് കളക്ഷൻ ക്യാമ്പയിനും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വകുപ്പ് തലത്തിൽ നടത്തി വരുന്നു. വാഹന ഉടമകൾക്ക് മോട്ടോർ വാഹന നികുതി, ഹരിത നികുതി എന്നിവ അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

വാഹൻ സോഫ്റ്റ്‌വെയർ നിലവിൽ വന്നതിനുശേഷം വാഹനവിലയുടെ അടിസ്ഥാനത്തിൽ 15 വർഷത്തേയ്ക്ക് ടാക്സ് അടയ്ക്കേണ്ട വാഹനങ്ങളുടെ വില manufacturer തന്നെ update ചെയ്യുന്നതിനാൽ നികുതിയിനത്തിലുള്ള ചോർച്ച ഉണ്ടാകുന്നില്ല. വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുവഴി സ്വീകരിക്കുന്ന അപേക്ഷകളും സേവനങ്ങളും പ്രവർത്തന സമയവും നിജപ്പെടുത്തിയിട്ടുണ്ട്. ഓഫീസിനോടനുബന്ധിച്ച് ഓൺലൈൻ സംവിധാനം ലഭ്യമാക്കുന്നതിനുവേണ്ടി കുടുംബശ്രീ-ഇ-സേവാകേന്ദ്രവും പ്രവർത്തിച്ചു വരുന്നു.

ലാൻഡ് റവന്യൂ വകുപ്പ്

ലാൻഡ് റവന്യൂ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ പിരിക്കാവുന്ന മുതലിന്റെ 94.61% പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 30.28 കോടി രൂപ മുൻവർഷത്തെ അപേക്ഷിച്ച് അധികമായി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ലാൻഡ് റവന്യൂ പിരിവ് വർദ്ധിപ്പിക്കുന്നതിനായി ജില്ലകൾക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ച് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ അവലോകനവും ചെയ്തു വരുന്നുണ്ട്. കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളിലും നിശ്ചിത ഇടവേളകളിൽ ഇന്റേണൽ ആഡിറ്റ് നടത്തി റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നുണ്ട്.

രജിസ്ട്രേഷൻ വകുപ്പ്

സംസ്ഥാനത്ത് ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ കാരണം സർക്കാരിനുണ്ടാകുന്ന റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനായി ഭൂമിയുടെ ന്യായവില സമഗ്രമായി പുനർനിർണ്ണിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ മുദ്രവില ശരിയായി ചുമത്തിയിട്ടില്ലെന്ന് കണ്ടുപിടിക്കുന്ന പക്ഷം കുറവ് മുദ്രവില ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കുന്നതിന് കേരള മുദ്രപ്പത്ര ആക്ടിൽ 33 A എന്ന വകുപ്പ് കൂട്ടിച്ചേർത്തു. ആധാരങ്ങളുടെ രജിസ്ട്രേഷന് 1 ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില അടയ്ക്കേണ്ടവയ്ക്ക് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തി. ആധാരങ്ങളുടെ ഫീസ് ഓൺലൈനായി അടയ്ക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡ പ്രകാരമുള്ള വിലനിർണ്ണയത്തിനായി കേരള മുദ്രപ്പത്ര ആക്ട് 28 B എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു. 1986 മുതൽ 2017 മാർച്ച് 31 വരെ കുടിശ്ശികയുള്ള കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതി 2018 ഏപ്രിൽ 1-ന് നിലവിൽ വന്നു. 2020 മാർച്ച് 31 വരെ കാലാവധിയുണ്ട്. സംസ്ഥാനത്തെ പത്ത് ജില്ലകളിൽ ജില്ലാ രജിസ്ട്രാർ (ആഡിറ്റ്)മാരെയും 4 ജില്ലകളിൽ ജില്ലാ രജിസ്ട്രാർ (ജനറൽ)മാരെ ചുമതലപ്പെടുത്തിയും എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കൃത്യമായും കാര്യക്ഷമമായും ആഡിറ്റിംഗ് നടത്തി വരുന്നുണ്ട്. ടി ആഡിറ്റിംഗ് റിപ്പോർട്ടുകളിലെ സാമ്പത്തിക വിഷയങ്ങളിൽ നടപടി സ്വീകരിക്കുന്നതിനായി 4 മേഖലകളിലായി സോണൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എക്സൈസ് വകുപ്പ്

നികുതി ഭരണം കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് നൽകുന്ന ലൈസൻസുകൾ, പെർമിറ്റുകൾ എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനും പുതുക്കുന്നതിനുമുള്ള സൗകര്യം ഉൾപ്പെടെ 20 സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ട്. ആഭ്യന്തര പരിശോധന ശക്തമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ച പ്രകാരം നടപടികൾ സ്വീകരിച്ച് ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു.

**നൈപുണ്യ സംരംഭകത്വം**

10 (*490) ശ്രീ. ആർ. രാജേഷ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തയ്യായിരം പേർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നൈപുണ്യ സംരംഭകത്വം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ട പ്രോത്സാഹനം നൽകുന്നതിനായി ചെയ്തുവരുന്ന പ്രവർത്തനം അറിയിക്കാമോ; ഇ.ഡി.ക്ലബ്ബുകൾ, ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ എന്നിവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇത്തരം മേഖലകളിലെ നൂതന ആശയങ്ങളും ആധുനിക സാങ്കേതിക വിദ്യയും ഉപകരണങ്ങളും തൽപ്പരർക്ക് പരിചയപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ;

(ഡി) വളരെക്കുറഞ്ഞ മുതൽമുടക്കുള്ളതും പരിസ്ഥിതി മലിനീകരണം ഇല്ലാത്തതുമായ ഗാർഹിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) :

(എ) 25000 പേർക്ക് തൊഴിൽ നൽകുന്ന പ്രത്യേക പദ്ധതികളൊന്നും വ്യവസായ വാണിജ്യ വകുപ്പ് മുഖേന പ്രഖ്യാപിച്ചിട്ടില്ല.

എന്നാൽ ഒരു വർഷം ശരാശരി 30000-ൽപരം പേർക്ക് വിവിധ തരത്തിലുള്ള സംരംഭകത്വ പരിശീലന പരിപാടികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ യുവാക്കൾക്ക് വിവിധ മേഖലകളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകത്വ ബോധവൽക്കരണ പരിപാടിയിൽ ഉൾപ്പെട്ട ടെക്നോളജി ക്ലിനിക്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം എന്നീ നൈപുണ്യ വികസന പരിശീലന പരിപാടികൾ വ്യവസായ വകുപ്പ് മുഖേന നടത്തിവരുന്നു.

വ്യവസായ പരിശീലന വകുപ്പ് മുഖേനയും തൊഴിൽ വകുപ്പ് മുഖേനയും ആണ് കേരള സർക്കാർ പ്രധാനമായും നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നത്.

(ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ട പ്രോത്സാഹനം നൽകുന്നതിനായി

- സംരംഭകത്വ സഹായ പദ്ധതി
- നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി
- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി
- തകർച്ച നേരിടുന്ന എം.എസ്.എം.ഇ.കളുടെ പുനരുദ്ധാരണ പദ്ധതി
- ഇ.ഡി. ക്ലബ്ബ്
- ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ

എന്നീ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടത്തിവരുന്നു.

ഇതുകൂടാതെ വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള നിയമങ്ങൾ അവശ്യം ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2- ാം നമ്പർ)" നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായ മേഖലയിൽ പുത്തനുണർവ് പ്രദാനം ചെയ്തുകൊണ്ട് കേരള വ്യവസായ വാണിജ്യ നയം 2018 പ്രഖ്യാപിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ ലഭിക്കുന്നതിലേക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ KSIDC വികസിപ്പിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തി അവരെ, യുവ സംരംഭകരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയായ ഇ.ഡി. ക്ലബ്ബുകളും പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

(സി) ജില്ലാ താലൂക്ക് തലങ്ങളിൽ നടപ്പിലാക്കുന്ന സംരംഭകത്വ ബോധവത്കരണ പരിപാടിയിൽ ഉൾപ്പെട്ട ടെക്നോളജി ക്ലിനിക്ക്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട പരിശീലനങ്ങളിൽ നൂതന ആശയങ്ങളും ആധുനിക സാങ്കേതിക വിദ്യയും ഉപകരണങ്ങളും തൽപ്പരർക്ക് പരിചയപ്പെടുത്തുന്നതിന് വ്യവസായ വകുപ്പ് അവസരം നൽകുന്നുണ്ട്.

(ഡി) പരിസ്ഥിതി മലിനീകരണമില്ലാത്തതും വീടുകളിലോ വീടുകളോട് ചേർന്നോ ആരംഭിക്കാൻ കഴിയുന്ന യൂണിറ്റുകൾക്ക് ധനസഹായം അനുവദിക്കുന്നതിലേക്കായി 2017-18 മുതൽ നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്/ഗ്രീൻ വിഭാഗത്തിൽപ്പെട്ട ഉൽപ്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

## സംസ്ഥാനത്തിന്റെ സാമ്പത്തികനില

11 (*491) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദൈനംദിന ചെലവുകൾക്ക് പോലും പണമില്ലാതെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില അനുദിനം ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് നീങ്ങുന്നു എന്ന ആക്ഷേപം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) സാമ്പത്തികനില സുസ്ഥിരമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) നിത്യനിദാന ചെലവുകൾക്കായി കടപ്പത്രങ്ങളിലൂടെ കോടികൾ കടമെടുക്കുന്ന സാഹചര്യത്തിലും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാരിന്റെ ആയിരം ദിനാഘോഷങ്ങളുടെ ഭാഗമായി ഒൻപതര കോടി രൂപ ചെലവഴിച്ചിട്ട് മൂന്ന് മാസം കഴിയുന്നതിന് മുമ്പ് ഈ സർക്കാർ നാലാം വർഷത്തിലേക്ക് കടന്നതിന്റെ ആഘോഷങ്ങൾ സംഘടിപ്പിച്ച് ലക്ഷങ്ങൾ ചെലവഴിച്ചത് ന്യായീകരിക്കാവുന്നതാണോ എന്ന് അറിയിക്കാമോ;

(ഇ) സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച ചെലവുകൾ വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും ഫലമായി രാജ്യത്താകമാനം സംജാതമായ സാമ്പത്തിക മുരടിപ്പ് സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ഇതോടൊപ്പം ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങൾ സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കി. ടി പ്രതികൂല ഘടകങ്ങൾ സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ അത്യന്തം ദുർബ്ബലമാക്കിയെന്നത് വസ്തുതയാണ്.

കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതവും സംസ്ഥാനത്തിന്റെ മുഖ്യ നികുതി സ്രോതസ്സായ ചരക്ക് സേവന നികുതിയിൽ നിന്നുള്ള വരുമാനവും മാസത്തിന്റെ രണ്ടാം പകുതിയിലാണ് ലഭിക്കുന്നത്. എന്നാൽ ശമ്പളവും പെൻഷനും അടക്കമുള്ള ചെലവിന്റെ ഏറിയ പങ്കും മാസാദ്യമാണ് വഹിക്കേണ്ടി വരുന്നത്. വരവിന്റെയും ചെലവിന്റെയും കാര്യത്തിലുള്ള ഈ ക്രമമില്ലായ്മ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽ വിവരിച്ച പ്രതികൂല സാഹചര്യത്തിലും സാമൂഹ്യക്ഷേമ വികസന ചെലവുകളിൽ കുറവ് വരാത്ത വിധം കൃത്യമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികളിൽ പ്രധാനപ്പെട്ടവ ഇവയാണ്.

1. വിവിധ ഫീസുകളും ചാർജ്ജുകളും കാലാനുസൃതമായി പരിഷ്കരിച്ചു.
2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യൂവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.
7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.
8. സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ നോൺപ്ലാൻ റവന്യൂ അക്കൗണ്ടിലെ അസന്തുലിതാവസ്ഥ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന വളരെ ഗൗരവമേറിയ സാമ്പത്തിക പ്രശ്നമാണ്. അതുകൊണ്ട് റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാകുന്ന സാഹചര്യത്തിൽ മാത്രമേ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. വരുമാനം വർദ്ധിപ്പിച്ച് മേൽ പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിനുതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. എന്നാൽ കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളും നോട്ട് നിരോധനവും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയും കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയവും സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ ദുർബ്ബലപ്പെടുത്തിയത് വരുമാന വർദ്ധനവ് ലക്ഷ്യമാക്കി സർക്കാർ കൈക്കൊണ്ട നടപടികളെ പൂർണ്ണ വിജയത്തിലെത്തിക്കുന്നതിൽ നിന്നും പിന്നോട്ടടിച്ചിട്ടുണ്ട്.

ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കുന്നതിന് നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുപോരുന്നുണ്ട്.

(ഡി&ഇ) സർക്കാരിന്റെ ആയിരം ദിനാഘോഷങ്ങളുടെ ഭാഗമായി ജില്ലാതല എക്സിബിഷനും കലാപരിപാടികൾക്കും മുൻകൂറായി 14 ജില്ലാ കളക്ടർമാർക്ക് മുൻ സാമ്പത്തികവർഷം (2018-19) 490 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ ലഭ്യമായ കണക്ക് പ്രകാരം 91,67,640 രൂപയാണ് ടി തുകയിൽ നിന്ന് വിനിയോഗിച്ചിട്ടുള്ളത്. ജില്ലകളിൽ നിന്ന് ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം 3,50,59,617 രൂപ കൂടി ചെലവായിട്ടുണ്ട്.

സർക്കാർ നാലാം വർഷത്തിലേക്ക് കടന്നതിന്റെ ഭാഗമായി പ്രോഗ്രസ്സ് കാർഡ് പ്രകാശന ചടങ്ങിനോടനുബന്ധിച്ച ചെലവുകൾക്കായി നാളിത് വരെ 12 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രോഗ്രസ്സ് കാർഡ് അച്ചടിച്ച ഇനത്തിൽ ബന്ധപ്പെട്ട പ്രസ്സിന് നൽകേണ്ട തുക നാളിതുവരെ അനുവദിച്ചിട്ടില്ല. തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ നടത്തിയ വികസന ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ തുറകളിലുമുള്ള ജനങ്ങൾക്കും അനുഭവവേദ്യമാക്കുന്നതോടൊപ്പം ആയത് ജനങ്ങളിലെത്തിക്കുകയെന്നത് ജനാധിപത്യ സർക്കാരുകളുടെ കടമയാണ്. ഇതിന്റെ ഭാഗമായാണ് ഇത്തരം ആഘോഷ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളത്. ടി പരിപാടികളിൽ സാമ്പത്തിക അച്ചടക്കവും മിതത്വവും പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ മേൽ പ്രതിപാദിച്ച ചെലവുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ എന്തെങ്കിലും പ്രതികൂല ഫലങ്ങൾ ഉളവാക്കിയെന്ന് സർക്കാർ കണക്കാക്കുന്നില്ല.

## വ്യാപാര സ്ഥാപനങ്ങളിൽ എൻഫോഴ്സ്മെന്റ് വിഭാഗം റെയ്ഡ്

12 (*492) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. കെ. എം. ഷാജി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നടപ്പിലാക്കിയശേഷം നികുതി വരുമാനം കുറഞ്ഞതിനെത്തുടർന്ന് വ്യാപാരസ്ഥാപനങ്ങളിൽ എൻഫോഴ്സ്മെന്റ് വിഭാഗം റെയ്ഡ് നടത്തിയിരുന്നോ;

(ബി) പ്രസ്തുത റെയ്ഡിൽ നികുതി വെട്ടിപ്പ് നടന്നതായി കണ്ടുപിടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കിയ ശേഷം മൂന്ന് മാസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കാത്തവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാന വ്യാപകമായി 76 സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തിയിട്ടുണ്ട്.

(ബി) 76 സ്ഥാപനങ്ങൾ റെയ്ഡ് നടത്തിയതിൽ 19 സ്ഥാപനങ്ങളുടെ കണക്ക് പരിശോധിച്ച് തീർപ്പാക്കിയതിൽ നിന്നും 3.11 കോടി രൂപ നികുതി ഇനത്തിലും പിഴയായും ഈടാക്കിയിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളുടെ കണക്ക് പരിശോധിച്ച് വരുന്നതും അവിടുന്ന് കണ്ടെടുത്ത സ്റ്റേറ്റ്മെന്റുകളും പരിശോധനയുമായി ബന്ധപ്പെട്ട് ശേഖരിച്ച വിവരങ്ങളും വ്യാപാരിയുടെ റിട്ടേണുകളും കണക്കുകളുമായി ഒത്തുനോക്കി പരിശോധിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പിന്റെ യഥാർത്ഥ കണക്കുകൾ മേൽപ്പറഞ്ഞ പരിശോധനയ്ക്ക് ശേഷമേ വ്യക്തമാവുകയുള്ളൂ.

(സി) ആഗസ്റ്റ് 2017 മുതൽ ഫെബ്രുവരി 2019 വരെ ജി.എസ്.ടി. ആർ-3 ബി റിട്ടേണുകൾ ഫയൽ ചെയ്യാത്ത, നികുതി ബാധ്യത വരുന്ന വ്യാപാരികൾക്ക് ഓരോ മാസത്തേയ്ക്കുമുള്ള ഡീഫോൾട്ടർ 3A നോട്ടീസുകൾ ഈ സാമ്പത്തിക വർഷം അയച്ച് കൊടുത്തിട്ടുണ്ട്. ഇത്തരത്തിൽപ്പെട്ട 2628 നികുതിദായകരിൽ നിന്നും 14,654 നോട്ടീസുകൾ അയച്ചതിൽ ഇതുവരെ 1381 നികുതിദായകർ 3118 റിട്ടേണുകൾ ഫയൽ ചെയ്തു. ഇതിൽ നിന്നും ആകെ 67.07 കോടി രൂപ നികുതി ലഭിച്ചിട്ടുണ്ട്.

## ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ

13 (*493) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ.വി. എസ്. ശിവകുമാർ:
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയെ ദേശീയ നിലവാരത്തിലുള്ള തീർത്ഥാടന കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി അവിടെ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ശബരിമലയിലെ യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ മറവിൽ അവിടെ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനും അതിലൂടെ രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നതിനും ചില രാഷ്ട്രീയ സംഘടനകൾ നടത്തിയ ശ്രമങ്ങൾ ശബരിമലയിലെ വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ;

(സി) ഹൈക്കോടതി ഉന്നതാധികാര സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഒരു അതോറിറ്റി രൂപീകരിച്ച് കൈമാറുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇക്കാര്യത്തിനായി നിയമഭേദഗതി കൊണ്ടുവരുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ദേശീയ തീർത്ഥാടനകേന്ദ്രമാക്കി മാറ്റുന്നതിനായി ബഡ്ജറ്റ് വിഹിതവും KIIFB ഫണ്ടും വിനിയോഗിച്ച് മാസ്റ്റർ പ്ലാനിനനുസൃതമായിട്ടുള്ള പ്രവത്തികളും ഇടത്താവള സമുച്ചയങ്ങളുടെ നിർമ്മാണ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നോൺ പ്രോഫിറ്റ് കമ്പനിയായി ഒരു പ്രത്യേക എസ്.പി.വി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ശബരിമല മാസ്റ്റർ പ്ലാനിനനുസൃതമായ ലേ-ഔട്ട് പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്.

(ബി) ഇത്തരം ശ്രമങ്ങൾമൂലം തീർത്ഥാടകരുടെ എണ്ണത്തിൽ കുറവുണ്ടാവുകയും അത് ശബരിമലയിലെ വരുമാനത്തിൽ കുറവുവരുത്തുകയും ചെയ്തു. എന്നാൽ ശബരിമലയിലെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ തുക വകയിരുത്തിയതിനാൽ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടായിട്ടില്ല.

(സി&ഡി) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ബഹുമാനപ്പെട്ട ഹൈക്കോടതി നിയമിച്ച ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടെയാണ് നിർവ്വഹിച്ചുവരുന്നത്. ശബരിമല തീർത്ഥാടന കേന്ദ്രത്തെ അന്തർദ്ദേശീയ തീർത്ഥാടന കേന്ദ്രമായി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ശബരിമല വികസന അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ നിയമ ഭേദഗതി വരുത്തുന്നകാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## കേരള ബാങ്ക് രൂപീകരണത്തിന് ലഭിക്കേണ്ട അനുമതി

14 (*494) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിൽ നിന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ അനുമതിയും ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനി എന്തെല്ലാം തരത്തിലുള്ള അനുമതിയാണ് ലഭിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ&ബി) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർക്രമീകരിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ RBI തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് RBI നിർദ്ദേശിച്ചിരുന്നത്. ആയത് പ്രകാരം ലയനത്തിന് മുമ്പ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായുള്ള അപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് 29-3-2019 -ൽ സമർപ്പിച്ചിട്ടുണ്ട്.

ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിക്കേണ്ടതുണ്ട്.

## അധിക വരുമാനം കണ്ടെത്തുവാൻ മാർഗ്ഗങ്ങൾ

15 (*495) ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യനിദാന ചെലവുകൾക്കൊപ്പം പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും തുക കണ്ടെത്തുവാൻ നിലവിലെ സാഹചര്യത്തിൽ സർക്കാരിന് സാധിക്കുന്നുണ്ടോ;

(ബി) അധിക വരുമാനം കണ്ടെത്തുവാൻ 2019-20-ലെ ബജറ്റിലൂടെ സർക്കാർ കണ്ടെത്തിയ മാർഗ്ഗങ്ങൾ എന്തൊക്കെയാണ്;

(സി) ചെലവ് ചുരുക്കി വികസനത്തിന് പണം കണ്ടെത്തുക എന്ന കാര്യം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ചെലവ് ചുരുക്കലിന്റെ ഭാഗമായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച കാര്യങ്ങൾ പൂർണ്ണതോതിൽ നടപ്പിലാക്കാത്തതുമൂലം ഉദ്ദേശിച്ച ഫലം ലഭിക്കാതെ വന്നിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>):

(എ) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL) അനുവദിക്കുന്നതിനുള്ള സന്നദ്ധത ലോക ബാങ്ക് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വായ്പയുടെ ആദ്യ ഗഡുവായി 1750 കോടി രൂപ അനുവദിക്കുന്നതിനുള്ള അന്തിമഘട്ട ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ, ജർമ്മൻ ബാങ്കായ KfW -ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാനവിഹിതം ഉൾപ്പെടെ) യുടെ വായ്പ ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികളും പുരോഗമിക്കുന്നു. കൂടാതെ, RIDF-ൽനിന്നും NIDA-യിൽനിന്നും HUDCO-യിൽനിന്നും വായ്പയിനത്തിൽ തുക സ്വരൂപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ബി)

- നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉറപ്പിക്കുന്നതിന്റെ ഭാഗമായി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ വാർഷിക റിട്ടേണുകളും അനുബന്ധ രേഖകളും സ്കൂട്ടിനൈസ് ചെയ്യുന്നതിനായി നികുതി വകുപ്പിനെ സജ്ജമാക്കുന്നതിന് തീവ്രപരിശീലന പരിപാടി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

- ജി.എസ്.ടി.ആർ. 2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ആവശ്യമായ ബാക്ക് എൻഡ് മോഡ്യൂൾ സംവിധാനം വികസിപ്പിക്കുന്നതിനും മേഖല തിരിച്ചുള്ള ഡാറ്റാ വിശകലനം ശക്തിപ്പെടുത്തുന്നതിനുമായി ഒന്നോ രണ്ടോ വർഷത്തേയ്ക്ക് പ്രൊഫഷണൽ കൺസൾട്ടന്റുമാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

- ജൂൺ 1 മുതൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തത്സമയം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.

- ഹോട്ടലുകളടക്കമുള്ള കൂടുതൽ സേവനദാതാക്കളെ ജി.എസ്.ടി രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി, ചെറുകിട സേവനദാതാക്കൾക്കായി 6 ശതമാനം നിരക്കിൽ ഒരു കോമ്പോസിഷൻ രീതി നടപ്പിൽ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

- വാറ്റ് ആംനസ്റ്റി ഊർജ്ജിതമായി നടപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പാക്കുന്നതോടൊപ്പം റവന്യൂ റിക്കവറി നടപടികളും ഊർജ്ജിതമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

- നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുവാനും എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുവാനും വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടിവരുന്ന സാഹചര്യങ്ങളിൽ കേന്ദ്ര-സംസ്ഥാന ചരക്ക് സേവന നികുതി ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു. ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സീക്രട്ട് ഫണ്ടായി 2 കോടി രൂപയും എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ഇ-വേ ബിൽ പരിശോധനയ്ക്കും ഓൺലൈൻ വഴി നോട്ടീസുകൾ തയ്യാറാക്കി നൽകുന്നതിനും വാഹനത്തിൽ ഘടിപ്പിക്കുന്ന ടാബ്, സ്കാനർ, പ്രിന്റർ എന്നിവ വാങ്ങുന്നതിലേയ്ക്കായി 1 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

- 2019-20 മുതൽ സിനിമാ ഹാളുകളിൽ അംഗീകൃത സോഫ്റ്റ്വെയറിൽ ഇ-ടിക്കറ്റിംഗ് നിർബന്ധമാക്കും.

- കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി സംസ്ഥാനത്തിന് അകത്തുള്ള സേവനങ്ങളുടെയും ചരക്കുകളുടെയും വിതരണത്തിന് ഒരു ശതമാനം സെസ്സ് ചുമത്തുന്നതിന് ജി.എസ്.ടി. കൗൺസിൽ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

- 2005 മാർച്ച് 31 വരെയുള്ള കേരള പൊതുവിൽപ്പന നികുതി പ്രകാരമുള്ള കുടിശ്ശികകൾക്കും 2017 ജൂൺ 30 വരെയുള്ള കേരള മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, സർച്ചാർജ്ജ് നിയമപ്രകാരമുള്ള കുടിശ്ശികകൾക്കും 2017 മാർച്ച് 31 വരെയുള്ള കേരള കാർഷികാദായ നികുതി കുടിശ്ശികയ്ക്കും ബാധകമാക്കിക്കൊണ്ട് സമഗ്രമായ ആംനസ്റ്റി പദ്ധതി നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

• ബിയർ, വൈൻ ഉൾപ്പെടെയുള്ള എല്ലാത്തരം മദ്യങ്ങളുടെയും ആദ്യ വിൽപ്പനയിലെ നികുതി 2 ശതമാനം വർദ്ധിപ്പിക്കുന്നതിലൂടെ 180 കോടി രൂപ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.

• പുതിയതായി വാങ്ങുന്ന മോട്ടോർ സൈക്കിൾ, മോട്ടോർ കാറുകൾ, സ്വകാര്യ സർവ്വീസ് വാഹനങ്ങൾ എന്നിവയുടെ ഒറ്റത്തവണ നികുതിയിൽ ഒരു ശതമാനം വർദ്ധനവ് വരുത്തുന്നതുവഴി 200 കോടി രൂപയുടെ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.

• 1986 മുതൽ കുടിശ്ശിക ഉണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് 2018-19-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2020 മാർച്ച് വരെ ദീർഘിപ്പിക്കുകയാണ്. ഇതിലൂടെ 100 കോടി രൂപയുടെ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.

• കേരളത്തിലെ ഭൂമിയുടെ വിപണി വിലയും സർക്കാർ നിശ്ചയിച്ചിട്ടുള്ള ന്യായവിലയും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരുന്നതിന് ന്യായവിലയുടെ 10 ശതമാനം വർദ്ധിപ്പിക്കുന്നതിലൂടെ 400 കോടി രൂപയുടെ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.

• താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചുമത്തുന്ന ആഡംബര നികുതി നിരക്ക് പുതുക്കുന്നതിലൂടെ 50 കോടി രൂപയുടെ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.

• പുതുക്കിയ നിരക്കിൽ പാട്ടത്തുക നിശ്ചിത സമയത്തിനകം അടയ്ക്കാത്ത സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പാട്ടം റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുന്നതിലൂടെ 200 കോടി രൂപയുടെ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.

• വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾക്കുള്ള എല്ലാ ചാർജ്ജുകളും ഫീസുകളും 5 ശതമാനം ഉയർത്തിയിട്ടുണ്ട്.

(സി&ഡി) വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യക്ഷേമ രംഗങ്ങളിൽ ഉന്നത നിലവാരം പുലർത്തിപ്പോരുന്ന നമ്മുടെ സംസ്ഥാനത്ത് പ്രസ്തുത മേഖലകളിലടക്കമുള്ള രംഗങ്ങളിലെ സർക്കാർ ഇടപെടലുകളിലും ക്ഷേമ പ്രവർത്തനങ്ങളിലും നിയന്ത്രണങ്ങൾ വരുത്തുന്നതും ചെലവ് ചുരുക്കുന്നതും അഭികാമ്യമല്ല. എന്നാൽ, റബ്ബർ ഉൾപ്പെടെയുള്ള കാർഷിക ഉത്പന്നങ്ങളുടെ വിലകൾ ഉയരാത്തതുമൂലവും ഗൾഫിലെ തൊഴിൽ നയങ്ങളുടെ ഭാഗമായി ആ രാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റത്തിലുണ്ടായ ഇടിവ് വഴി ഗൾഫ് പണവരുമാനം

കുറയുന്നതുമൂലവും കേരള സമ്പദ്ഘടന മുരടിപ്പിന്റെ ശക്തമായ ഭീഷണിയെ അഭിമുഖീകരിക്കുകയാണ്. ഈ സാഹചര്യത്തിൽ, വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകളും ധൂർത്തും നിയന്ത്രിച്ചും സാമൂഹ്യ ക്ഷേമ വികസന മേഖലകളിൽ പരമാവധി പണം ചെലവഴിക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ആയതിന്റെ അടിസ്ഥാനത്തിൽ ധൂർത്തും അനാവശ്യ ചെലവുകളും നിയന്ത്രിക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ് ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും അടക്കം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടി നിയന്ത്രണങ്ങൾ കർശനമായി പാലിച്ചുപോരുന്നുണ്ട്.

**സഹകരണ പ്രസ്ഥാനം നടത്തിവരുന്ന പ്രവർത്തനങ്ങൾ**

16 (*496) ശ്രീ. കെ. ജെ. മാക്സി:

ശ്രീ. സജി ചെറിയാൻ:

ശ്രീ. കെ. ബാബു:

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പ്രസ്ഥാനം കാർഷിക മേഖലയിലും പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലും ചെറുകിട വ്യവസായ രംഗത്തുമുൾപ്പെടെ നടത്തിവരുന്ന മുഖ്യപ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കാർഷിക വായ്പയുടെ തോത് അമ്പത് ശതമാനമാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ;

(സി) സഹകരണ സംഘങ്ങളുടെ ഇടപെടലിലൂടെ കൊള്ളപലിശക്കാരുടെ ഇടപാടുകൾ നിരുത്സാഹപ്പെടുത്തുന്നതിന് എത്രമാത്രം സാധ്യമായിട്ടുണ്ട്;

(ഡി) അത്യപൂർവ്വം ചില സംഘങ്ങളെങ്കിലും വൻകിട ഫ്ലാറ്റ്, ആഡംബര ഹോട്ടലുകൾ തുടങ്ങിയവയുടെ നിർമ്മാണ രംഗത്ത് വ്യാപരിക്കുന്നത് സഹകരണ തത്വങ്ങൾക്കോ സഹകരണ നയത്തിനോ അനുഗുണമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ)

- സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി നെൽ കർഷകരെ തിരികെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷിക മേഖല സംരക്ഷിച്ച് സംസ്ഥാനത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നെൽ കർഷകർക്ക് പലിശരഹിത വായ്പ നൽകി വരുന്നുണ്ട്. ആയതിലേയ്ക്കായി വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകി വരുന്നു.

- സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിക്കായി ധനസഹായം നൽകിവരുന്നുണ്ട്. അത്തരത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിവരുന്ന സംഘങ്ങൾക്ക് ടി വർദ്ധനവിന്റെ 5% പരമാവധി 1 ലക്ഷം രൂപ വരെ സർക്കാർ പ്രോത്സാഹന സഹായം നൽകുന്നുണ്ട്.

- കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയെക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകി വരുന്നുണ്ട്.

- സഹകരണ സംഘങ്ങൾ കൊയ്ത്ത് മെതിയന്ത്രം വാങ്ങി കർഷകർക്ക് കാർഷിക ആവശ്യങ്ങൾക്കായി നൽകി വരുന്നു. അത്തരത്തിൽ വാങ്ങുന്ന മെതിയന്ത്രങ്ങളുടെ വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക പ്രോത്സാഹന ഗ്രാന്റായി സംഘങ്ങൾക്ക് സർക്കാർ നൽകി വരുന്നുണ്ട്.

- സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിയ്ക്കായി കർഷകന് പലിശരഹിത വായ്പ നൽകുന്നതോടൊപ്പം കർഷകരിൽ നിന്നും ചെറിയൊരു തുക സ്വീകരിച്ച് ടി വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നുണ്ട്. ടി ഇൻഷ്വറൻസ് പ്രീമിയം തുക ക്ലെയിം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ധനസഹായമായി നൽകുന്നതിന് വ്യവസ്ഥയുണ്ട്.

• ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടപടികൾ കൈക്കൊണ്ടുവരുന്നു. ആയതിലേയ്ക്ക് സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്.

• നെൽകൃഷിക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്.

• കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെയും കാർഷിക പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം കർഷക സേവന കേന്ദ്രങ്ങൾ ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു. അത്തരത്തിൽ 79 കർഷക സേവന കേന്ദ്രങ്ങൾ സർക്കാർ ധനസഹായത്തോടെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

• പൈലറ്റ് അടിസ്ഥാനത്തിൽ ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വട്ടവട, മൂന്നാർ, മറയൂർ, ദേവികുളം പഞ്ചായത്തുകൾ സഹകരണ സംഘങ്ങൾ മുഖാന്തരം വിപണനത്തിനുള്ള സൗകര്യങ്ങൾ കർഷകർക്ക് നൽകിവരുന്നുണ്ട്. അത്തരത്തിലുള്ള സഹായത്തിനുള്ള പലിശ സബ്സിഡിക്കായി സർക്കാർ തുക വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തികോന്നമനവും അതുവഴി സാമൂഹിക പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണലും ഉദ്ദേശ്യ ലക്ഷ്യങ്ങളാക്കി പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ തന്നെ നേതൃത്വത്തിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്ന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ അവിഭാജ്യ ഘടകമാണ്. ടി പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി വായ്പകൾ നൽകൽ, ചിട്ടി മുതലായ സമ്പാദ്യ പദ്ധതികൾ നടത്തൽ, വ്യവസായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുക, കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുക, കമ്പ്യൂട്ടർ പരിശീലനം നൽകുക, ആയുർവ്വേദ ഔഷധ നിർമ്മാണം, പെട്രോൾ പമ്പ് നടത്തൽ, വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തൽ മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനുപുറമെ അട്ടപ്പാടിയിലുള്ള ആദിവാസികളുടെ സമഗ്രമായ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും സഹായത്തോടെ മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുക, പ്രതിരോധ കുത്തിവയ്പ്പ്, ഗർഭിണികൾക്കും

കുട്ടികൾക്കും പോഷകാഹാരം ഉൾപ്പെടെയുള്ള ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെ ഇ.എം.എസ്. സഹകരണ ആശുപത്രി അഞ്ച് ഘട്ടങ്ങളിലായി ആകെ 1250 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി ആവിഷ്കരിക്കുകയും ആയതിന്റെ പ്രാരംഭഘട്ടം നടപ്പിലാക്കുന്നതിലേയ്ക്കായി സ്ഥാപനത്തിന്റെ വകയായി 30 ലക്ഷം രൂപയ്ക്ക് പുറമെ സർക്കാർ 2018-19 സാമ്പത്തിക വർഷം 145 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുള്ളതുമാണ്.

(ബി) സംസ്ഥനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ അംഗങ്ങൾക്ക് 7% നിരക്കിൽ നിലവിൽ കാർഷിക വായ്പ നൽകി വരുന്നു. ടി വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശയുടെ 3% ഉത്തേജന പലിശ ഇളവായും 4% പലിശ സബ്സിഡിയായും ലഭ്യമാക്കി വരുന്നുണ്ട്. കൂടാതെ സ്വർണ്ണപ്പണ്ടപ്പണയത്തിന്മേലും സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങൾക്ക് കാർഷിക വായ്പ നൽകി വരുന്നുണ്ട്. ടി വായ്പകൾക്കും കൃത്യമായ തിരിച്ചടവിന്മേൽ മേൽപ്പറഞ്ഞ ആനുകൂല്യം നൽകി വരുന്നുണ്ട്. കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ 26-3-2019-ന് കൂടിയ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം കാർഷിക വായ്പാ തോത് കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിനുപുറമെ മുൻവർഷത്തെക്കാൾ അധികരിച്ച് കാർഷിക വായ്പ നൽകിയിട്ടുള്ള സംഘങ്ങൾക്ക് ഇത്തരത്തിൽ അധികരിച്ച് നൽകിയ വായ്പയുടെ 5% പരമാവധി ഒരു ലക്ഷത്തിൽ അധികരിക്കാത്ത തുക പ്രോത്സാഹനമായി നൽകിവരുന്നു. കാർഷിക വായ്പ വിതരണം ചെയ്യുന്നതിൽ 20%-ൽ അധികരിച്ച് നെൽകൃഷി വായ്പ നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത വായ്പയുടെ 5% -ൽ അധികരിക്കാതെ പരമാവധി 25,000 രൂപവരെ പ്രസ്തുത സംഘങ്ങൾക്ക് പ്രോത്സാഹനമായി ധനസഹായം നൽകുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാനത്ത് സഹകരണ മേഖല നൽകിവരുന്ന കാർഷിക വായ്പയുടെ തോത് വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഹ്രസ്വകാല കാർഷിക വായ്പകൾ നൽകി വരുന്ന സഹകരണ സംഘങ്ങളെ ത്രിതല ഘടനയിൽ നിന്നും ദ്വിതല ഘടനയിലേയ്ക്ക് മാറ്റി സംസ്ഥാനത്തെ അപ്പെക്സ് ബാങ്കായി 'കേരള ബാങ്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(സി) സഹകരണ സംഘങ്ങളുടെ ഇടപെടലിലൂടെ കൊള്ളപ്പലിശക്കാരുടെ ഇടപാടുകൾ നിരുത്സാഹപ്പെടുത്തുന്നതിനും ഗ്രാമീണ മേഖലയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ കൊള്ളപ്പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുക, ജനങ്ങളെ കൂടുതൽ സാമ്പത്തിക

ഉയർച്ചയിലേയ്ക്ക് നയിക്കുക, അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" എന്ന പേരിൽ ഗ്രാമീണ ലഘുവായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ വായ്പ മേഖലയുടെ പ്രയോജനം പൂർണ്ണമായും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി സഹകരണ സ്ഥാപനങ്ങൾ 'സൺഡേ ബാങ്കിംഗ്', 'പ്രഭാത-സായാഹ്ന ശാഖ' എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലർ പ്രകാരം മറ്റ് ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് കുറഞ്ഞ പലിശ നിരക്കിലാണ് അംഗങ്ങൾക്ക് വായ്പ നൽകി വരുന്നത്. ഇത് സാധാരണക്കാർക്ക് വലിയൊരാശ്വാസമാണ്.

(ഡി) സഹകരണ മേഖലയുടെ വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി ഫ്ലാറ്റ് നിർമ്മാണം, ഹോട്ടൽ നിർമ്മാണം എന്നിവ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങളായി രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾ വൻകിട ഫ്ലാറ്റ്, ആഡംബര ഹോട്ടലുകൾ തുടങ്ങിയവയുടെ നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ആയത് സഹകരണ തത്വങ്ങൾക്കോ സഹകരണ നയത്തിനോ വിരുദ്ധമല്ല. ഇതുസംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടില്ല.

## സാമ്പത്തിക ഭദ്രത സംബന്ധിച്ച അവലോകനം

17 (*497) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.:</u>
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കടം എടുക്കുന്ന തുകയിൽ വലിയൊരു ഭാഗം റവന്യൂ ചെലവിന് വിനിയോഗിക്കേണ്ടി വരുമ്പോഴുള്ള ഉത്കണ്ഠാജനകമായ അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന് എടുക്കാൻ പറ്റുന്ന വായ്പകൾ സംബന്ധിച്ചും വായ്പാപരിധി സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) വായ്പാപരിധി ഉയർത്തുന്നതിനെക്കുറിച്ച് കേന്ദ്രസർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; ഇക്കാര്യത്തിലെ കേന്ദ്രസമീപനം വ്യക്തമാക്കുമോ;

(ഇ) നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന കടബാധ്യത എങ്ങനെയാണ് നേരിടുന്നതെന്നും വരുംവർഷങ്ങളിൽ ഇത് എങ്ങനെ പരിണമിക്കുമെന്നും വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് എല്ലാ വർഷവും സർക്കാർ അവലോകനം നടത്താറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മദ്ധ്യകാല സാമ്പത്തിക നയം രൂപീകരിച്ച് തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചു പോരുന്നുണ്ട്.

(ബി) സംസ്ഥാനത്തിന്റെ നോൺപ്ലാൻ റവന്യൂ അക്കൗണ്ടിലെ അസന്തുലിതാവസ്ഥ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന വളരെ ഗൗരവമേറിയ സാമ്പത്തിക പ്രശ്നമാണ്. അതുകൊണ്ട് റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാകുന്ന സഹചര്യത്തിൽ മാത്രമേ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. വരുമാനം വർദ്ധിപ്പിച്ച് മേൽ പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിനുതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. എന്നാൽ കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളും നോട്ട് നിരോധനവും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയും കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയവും സംസ്ഥാനത്തിന്റെ വിഭവസമാഹരണ ശേഷിയെ ദുർബ്ബലപ്പെടുത്തിയത് വരുമാന വർദ്ധനവ് ലക്ഷ്യമാക്കി സർക്കാർ കൈക്കൊണ്ട നടപടികളെ പൂർണ്ണ വിജയത്തിലെത്തിക്കുന്നതിൽ നിന്നും പിന്നോട്ടടിച്ചിട്ടുണ്ട്. ടി പ്രതികൂല സാഹചര്യത്തിലും സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

i. സർക്കാർ വകുപ്പുകൾ/പൊതുമേഖല/ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവ നൽകുന്ന എല്ലാ സേവനങ്ങൾക്കുമുള്ള ചാർജ്ജുകൾ 5% വർദ്ധിപ്പിച്ചു.

ii. സംസ്ഥാനത്തിന് അകത്തുള്ള സേവനങ്ങളുടെയും ചരക്കുകളുടെയും വിതരണത്തിന് ഒരു ശതമാനവും അഞ്ചാം പട്ടികയിൽ വരുന്ന സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ഉൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനവും സെസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

iii. ചരക്ക് സേവന നികുതിയിലുള്ള ചോർച്ച തടയുന്നതിനായി വാർഷിക റിട്ടേൺ പരിശോധന, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം ഉപയോഗിച്ചുള്ള തൽസമയ ഇ-വേ ബിൽ പരിശോധന അടക്കമുള്ള ഭരണപരമായ നടപടികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

iv. വാറ്റ് ആംനസ്റ്റി, റവന്യൂ റിക്കവറി നടപടികളോടൊപ്പം ഊർജ്ജിതമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

v. നികുതി കുടിശ്ശികകൾക്കായി സമഗ്ര ആനംസ്റ്റി പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

vi. ബിയർ, വൈൻ ഉൾപ്പെടെയുള്ള എല്ലാത്തരം മദ്യങ്ങളുടെയും ആദ്യ വിൽപ്പനയിലെ നികുതി 2% വർദ്ധിപ്പിച്ചു.

vii. 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച മോട്ടോർ വാഹന നികുതി കുടിശ്ശിക അടയ്ക്കുവാനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഈ വർഷവും തുടരും.

viii. പുതുതായി വാങ്ങുന്ന മോട്ടോർ സൈക്കിൾ, മോട്ടോർ കാറുകൾ, സ്വകാര്യ സർവ്വീസ് വാഹനങ്ങൾ എന്നിവയുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം വർദ്ധിപ്പിച്ചു.

ix. രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി അണ്ടർ വാല്യൂവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതാണ്.

x. ഭൂമിയുടെ ന്യായവിലയിൽ 10% വർദ്ധനവ് വരുത്തുവാൻ നടപ്പ് ബഡ്ജറ്റിൽ തീരുമാനച്ചിട്ടുണ്ട്.

xi. താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ ആഡംബര നികുതി നിരക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പുതുക്കുന്നതാണ്.

xii. പാട്ടക്കുടിശ്ശികയായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

xiii. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

(സി) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP യുടെ 3%-മായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം എടുക്കുന്ന വായ്പകളിൽ പൊതുവിപണിയിൽ നിന്നുള്ള വായ്പയും LIC, GIC, NABARD മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും NSSF-ൽ നിന്നുള്ള വായ്പയും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പയും (വിദേശ സഹായ പദ്ധതി ഉൾപ്പെടെ) ലഘുസമ്പാദ്യ പദ്ധതി, Provident Fund, പബ്ലിക് അക്കൗണ്ടിലെ മറ്റ് നീക്കിയിരിപ്പുകൾ തുടങ്ങിയവയും ഉൾപ്പെടുന്നു. ഇതനുസരിച്ച് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915 കോടി രൂപയാണ്.

(ഡി) പ്രളയക്കെടുതി മുഖാന്തരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല മറുപടി ലഭ്യമായിട്ടില്ല. 21-6-2019-ൽ കേന്ദ്രത്തിന്റെ പ്രീ-ബജറ്റ് മീറ്റിംഗിൽ കേന്ദ്ര ധനകാര്യ മന്ത്രിക്ക് സംസ്ഥാന ധനകാര്യ മന്ത്രി സമർപ്പിച്ച നിവേദനത്തിൽ പ്രളയാനന്തര പുനർ നിർമ്മാണത്തിനായി ലോക ബാങ്ക്, ADB, KfW തുടങ്ങിയവയിൽനിന്നും എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ വായ്പ പരിധിക്ക് പുറമെ പരിഗണിക്കുകയോ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3.5% ഉയർത്തുകയോ ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) റവന്യൂ വരവിന്റെയും ചെലവിന്റെയും വളർച്ചയിൽ ഉണ്ടാകുന്ന ഗണ്യമായ അന്തരം സംസ്ഥാനം കാലങ്ങളായി അഭിമുഖീകരിക്കുന്ന പ്രതിസന്ധിയാണ്. തത്ഫലമായി കടമെടുക്കുന്ന പണത്തിന്റെ ഒരു ഭാഗം റവന്യൂ ചെലവിനായി വിനിയോഗിക്കേണ്ടതായി വരുന്നുണ്ട്. ടി സാഹചര്യം പൂർണ്ണമായി ഇല്ലാതാക്കുന്നതിനായി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികളാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. ടി ഉദ്യമം സമ്പൂർണ്ണ വിജയം കൈവരിക്കുന്ന ഘട്ടത്തിൽ കടമെടുക്കുന്ന മുഴുവൻ തുകയും വികസന പ്രവർത്തനത്തിനായി ചെലവഴിക്കാൻ സാധിക്കും. സമ്പദ്ഘടനയിൽ ആയത് ഉളവാക്കുന്ന ഉത്തേജനം സർക്കാരിന്റെ വരുമാനത്തിൽ പ്രതിഫലിക്കും. അങ്ങനെ വരുമ്പോൾ സംസ്ഥാനത്തിന്റെ കടബാദ്ധ്യത നിറവേറ്റുന്നതടക്കമുള്ള ചെലവുകൾ നടത്തുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല.

## സൗര പദ്ധതി പ്രവർത്തനങ്ങൾ

18 (*498) ശ്രീമതി യു. പ്രതിഭ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗര പദ്ധതിയുടെ ഭാഗമായി പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ, സോളാർ പാർക്ക്, മറ്റു സൗരോർജ്ജ നിലയങ്ങൾ എന്നിവിടങ്ങളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പുരപ്പുറ സോളാർ പദ്ധതിയിൽ ഏതെല്ലാം കെട്ടിടങ്ങളെയും സർക്കാർ സ്ഥാപനങ്ങളെയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സൗര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.-യും അനെർട്ടുമായി ചേർന്ന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുമായി ചേർന്ന് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി ഉപഭോക്താക്കളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഊർജ്ജമിഷനിൽ ഉൾപ്പെട്ടിട്ടുള്ള സൗര പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് വൈദ്യുതി പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ ചുവടെ പറയുന്ന മേഖലകളിൽ നിന്നും കെ.എസ്.ഇ.ബി.എൽ.-അനെർട്ട് സംയുക്തമായി ഉത്പാദിപ്പിക്കുവാനാണ് വിഭാവനം ചെയ്യുന്നത്.

| | |
|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | 100 മെഗാവാട്ട് |
| വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ | 250 മെഗാവാട്ട് |

കൂടാതെ കെ.എസ്.ഇ.ബി.എൽ മുഖേന സോളാർ പാർക്കിൽ നിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്-ഹൈവേ സോളാർ പദ്ധതികളിൽ നിന്നും 50 മെഗാവാട്ട്, സ്വകാര്യ ഉത്പാദകരിൽ നിന്നും ബിഡ്ഡിങ് മുഖേന 200 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) 500 മെഗാവാട്ട് പുരപ്പുറ പദ്ധതിയിൽ ഗാർഹിക കാർഷിക ഉപഭോക്താക്കൾ, സർക്കാർ കെട്ടിടങ്ങൾ, ഗാർഹികേതര/സർക്കാർ ഇതര

സ്ഥാപനങ്ങൾ മുതലായവയിൽ നിന്നുമാണ് ഉത്പാദനം വിഭാവനം ചെയ്തിരിക്കുന്നത്. പുരപ്പുറ സോളാർ പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾ 150 മെഗാവാട്ട്, സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂര 100 മെഗാവാട്ട്, വ്യവസായം, വാണിജ്യം തുടങ്ങി മറ്റ് ഉപഭോക്താക്കളുടെ മേൽക്കൂരകളിൽ നിന്നും 250 മെഗാവാട്ട് എന്നിങ്ങനെയാണ് പുരപ്പുറ സോളാർ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

(സി) കെ.എസ്.ഇ.ബി.യും അനെർട്ടും ആയി ചേർന്ന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താത്പര്യമുള്ള ഉപഭോക്താക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സോളാർ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയിൽ 2,78,258 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു.

(ഇ) പദ്ധതിയുടെ ടെൻഡർ വിളിക്കുന്നതിനായുള്ള ടെൻഡർ പ്രമാണങ്ങൾ തയ്യാറായിക്കഴിഞ്ഞു. ഓൺലൈൻ ടെൻഡർ വിളിക്കുന്നതിനുള്ള പ്ലാറ്റ്ഫോറം നൽകുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ MSTC Ltd.മായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**നികുതി ഭരണത്തിലെ കാര്യക്ഷമതാ വർദ്ധനവിനുള്ള നടപടികൾ**

19 (*499) ശ്രീ. എം. നൗഷാദ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ചെലവ് വർദ്ധിക്കുന്നതിനെക്കാൾ ഉയർന്ന നിരക്കിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർദ്ധിക്കുന്ന ഗുണകരമായ സ്ഥിതി കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നികുതി ഭരണത്തിലെ കാര്യക്ഷമതാ വർദ്ധനവിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) നികുതി കുടിശ്ശിക പ്രത്യേകിച്ച് തടസ്സവാദത്തിൽപ്പെട്ടിട്ടില്ലാത്ത തുക വസൂലാക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് ജി.എസ്.ഡി.പി.-യുടെ വളർച്ചാനിരക്കും പൊതുകടത്തിന്റെ പലിശനിരക്കും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരേണ്ടതിനാൽ കുറഞ്ഞ നിരക്കിൽ കമ്പോളാധിഷ്ഠിത പൊതുനിക്ഷേപം ആകർഷിക്കുന്നതിന് ട്രഷറികളുടെ ഭൗതിക സേവന സാഹചര്യം മെച്ചപ്പെടുത്താൻ പദ്ധതിയുണ്ടോ എന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2019-20-ൽ സംസ്ഥാന ചരക്ക് സേവന നികുതി വരുമാനം 30% വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. ഇത് കൈവരിക്കുന്നതിനുവേണ്ടി ചരക്ക് സേവന നികുതി നിയമപ്രകാരമുള്ള വാർഷിക റിട്ടേണുകൾ സ്കൂട്ടിണിയ്ക്ക് വിധേയമാക്കി അനധികൃത ഇൻപുട്ട് ടാക്സ് എടുക്കുകയോ വിറ്റുവരവ് കുറച്ച് കാണിക്കുകയോ ക്രയവിക്രയങ്ങൾ റിട്ടേണിൽ ഉൾപ്പെടുത്താതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് നികുതി നിർണ്ണയത്തിലൂടെ ഈടാക്കാവുന്നതാണ്. 2017-18, 2018-19 സാമ്പത്തിക വർഷത്തിലെ റിട്ടേൺ സ്കൂട്ടിനി പൂർത്തീകരിക്കുമ്പോൾ ചരക്ക് സേവന നികുതിയിൽ കാര്യമായ വളർച്ച പ്രതീക്ഷിക്കുന്നു. കൂടാതെ ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിന് വീഴ്ച വരുത്തിയ വ്യാപാരികൾക്കെതിരെ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ആസ്ഥാനത്ത് ഡാറ്റാ അനലിറ്റിക്കൽ യൂണിറ്റ് സ്ഥാപിക്കുകയും റിട്ടേണിൽ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്ത് റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ മേൽനടപടികൾക്കായി നികുതി നിർണ്ണയ അധികാരികൾക്ക് ലഭ്യമാക്കുന്നു. ബില്ല് നൽകാതെ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളിൽ ടെസ്റ്റ് പർച്ചേസ് നടത്തി നികുതിവിധേയത്വം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇന്റലിജൻസ് വിഭാഗം നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ കടപരിശോധനയും നടത്തുന്നു.

ചരക്കുകളുടെ വില്പനയിന്മേൽ മാത്രമല്ല സേവനങ്ങളുടെ മേലുള്ള നികുതിയുടെ വിഹിതവും സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തേക്കും പുറത്തേയ്ക്കുമുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിനായി അതിർത്തി മേഖലകളിൽ നിരവധി നിരീക്ഷണ സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള രേഖകളുമായും ഇ-വേ ബില്ലുകളുമായാണ് വാഹനങ്ങൾ അതിർത്തികടക്കുന്നതെന്നും ഇത്തരം സ്ക്വാഡുകൾ ഉറപ്പ് വരുത്തുന്നു. ANPR ക്യാമറ സംവിധാനം വഴി ഇ-വേ ബിൽ പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ വാറ്റ് നിയമപ്രകാരമുള്ള നികുതി നിർണ്ണയങ്ങളും സമയബന്ധിതമായി തീർപ്പാക്കുവാനുള്ള സത്വര നടപടികളും കൈക്കൊണ്ടുവരുന്നു. പ്രസ്തുത അധിക നികുതി സമാഹരണത്തിലൂടെ റവന്യൂ വരുമാനത്തിൽ കാര്യമായ വർദ്ധനവുണ്ടാകുന്നതാണ്.

2018-19-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ വിദേശ നിർമ്മിത വിദേശമദ്യം/വിദേശ നിർമ്മിത വൈൻ എന്നിവ ബിവറേജസ് കോർപ്പറേഷൻ വഴി വിപണനം നടത്തുവാൻ തീരുമാനമെടുത്തിട്ടുള്ളതാണ്. 2018 ഫിനാൻസ്

ബില്ലിലൂടെ ആയതിനനുസൃതമായ ഭേദഗതി അബ്കാരി നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് വിദേശനിർമ്മിത വിദേശമദ്യത്തിന് പ്രൂഫ് ലിറ്ററിന് 87.70 രൂപയും വിദേശ നിർമ്മിത വൈനിന് ബൾക്ക് ലിറ്ററിന് 1.25 രൂപയും ഈടാക്കുക വഴി ഗവൺമെന്റ് വരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുള്ളതാണ്. ഇതിനനുബന്ധമായി ലേബൽ അപ്രൂവലിന് ഓരോ ബ്രാന്റിനും 50,000 രൂപയും ഈടാക്കുക വഴി ഈ ഇനത്തിലും ഗവൺമെന്റിന് വരുമാന വർദ്ധനവ് ഉണ്ടായിട്ടുള്ളതാണ്.

ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി. ഒരു ലക്ഷത്തിൽ കൂടുതൽ മുദ്രവില അടയ്ക്കുന്നതിനായി ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കി.

ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപ്പത്ര നിയമത്തിൽ 28 B എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു.

ഫെയർ വാല്യൂ നിർണ്ണയത്തിലെ അപാകതകൊണ്ടും ഇനിയും ഫെയർവാല്യൂ നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ടും ഉണ്ടാകുന്ന റവന്യൂ നഷ്ടം പരിഹരിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ മുദ്രവില ശരിയായി ചുമത്തിയിട്ടില്ല എന്ന് കണ്ടുപിടിക്കുന്നപക്ഷം കുറവ് മുദ്രവില ബന്ധപ്പെട്ട കക്ഷികളിൽനിന്നും ഈടാക്കുന്നതിന് കേരള മുദ്രപ്പത്ര ആക്ടിൽ 33 A എന്ന വകുപ്പ് കൂട്ടിച്ചേർത്തു.

ലാൻഡ് റവന്യൂ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 30.28 കോടി രൂപ മുൻവർഷത്തെ അപേക്ഷിച്ച് അധികമായി പിരിച്ചെടുത്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷമായ 2019-20 വർഷത്തിലും ലാൻഡ് റവന്യൂ പിരിവ് വർദ്ധിപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറുടെ 15-5-2019-ലെ എൽ.ആർ. (ബി2)-17229/19 നമ്പർ നടപടിക്രമം പ്രകാരം ജില്ലകൾക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ച് ഉത്തരവാകുകയും പ്രസ്തുത ടാർജറ്റിന് അനുസൃതമായി ടാർജറ്റ് കൈവരിക്കുന്നുണ്ടോയെന്ന് പ്രതിമാസം അവലോകനവും ചെയ്തുവരുന്നു.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും സാമ്പത്തിക സുസ്ഥിരതയ്ക്കും നികുതിയേതര വരുമാനത്തിൽ വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ/ചാർജ്ജുകൾ എന്നിവയിൽ 1-4-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ട് 8-3-2019 ലെ സ.ഉ. (അച്ചടി) നമ്പർ 28/2019/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) നികുതി കുടിശ്ശികയുള്ള വ്യാപാരികൾക്ക് 2019-ലെ കേരള ധനകാര്യ ബിൽ പ്രകാരം കൂടുതൽ ഉദാരമായ വ്യവസ്ഥകളോടെ ആംനസ്റ്റി പദ്ധതി അവതരിപ്പിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം നികുതി പൂർണ്ണമായും ഒടുക്കുന്ന വ്യാപാരികൾക്ക് ടി ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് പിഴ, പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കിക്കൊടുക്കുന്നതാണ്. ആയതിന് അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി ഈ വർഷം സെപ്റ്റംബർ 30 ആണ്. ഈ പദ്ധതി പ്രയോജനപ്പെടുത്തുവാൻ വൈമുഖ്യം കാട്ടുന്ന നികുതി കുടിശ്ശികക്കാർക്കെതിരെ റിക്കവറി നടപടികൾ ശക്തിപ്പെടുത്തുന്നതാണ്.

അബ്കാരി കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കോടതി കേസ്സുകൾ നിലവിലില്ലാത്ത കുടിശ്ശിക കക്ഷികളിൽനിന്നും കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കുവാനും കോടതി സ്റ്റേ നിലനിൽക്കുന്ന കേസ്സുകളിൽ സ്റ്റേ നീക്കി റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ബന്ധപ്പെട്ട എല്ലാ ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിൽ 1986 മുതൽ 2017 മാർച്ച് 31 വരെ കുടിശ്ശികയുള്ള അണ്ടർവാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. പദ്ധതി 2018 ഏപ്രിൽ 1 -ന് നിലവിൽ വന്നു. 2020 മാർച്ച് 31 വരെ കാലാവധിയുണ്ട്.

റവന്യൂ വകുപ്പിനെ സംബന്ധിച്ചിടത്തോളം വിവിധ സ്റ്റേകളിൽ ഉൾപ്പെട്ട് വരുന്നതിനാൽ നികുതികൾ പിരിച്ചെടുക്കാൻ കഴിയാതെ കുടിശ്ശികയായി നിൽക്കുന്നുണ്ട്. ഇപ്രകാരം വിവിധ സ്റ്റേകളിൽപ്പെട്ടിട്ടില്ലാത്ത തുകകൾ പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ട്രഷറികളിൽ പൊതുനിക്ഷേപം സ്വീകരിക്കുന്നതിന് വിപുലമായ ക്രമീകരണങ്ങളാണ് ധനകാര്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. എസ്.ബി. സെക്ഷൻ എന്ന ഒരു പ്രത്യേക വിഭാഗം തന്നെ സ്ഥിര നിക്ഷേപം സ്വീകരിക്കുന്നതിനും നിക്ഷേപ പലിശ അക്കൗണ്ടിൽ വരവുവച്ച് നൽകുന്നതിനും എല്ലാ ട്രഷറികളിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ആകർഷകമാക്കുകയും ആയത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രിന്റ് ചെയ്ത് നൽകുന്നതിനുമുള്ള തയ്യാറെടുപ്പുകൾ ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞു. പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട, ചെങ്ങന്നൂർ എന്നീ ജില്ലാ ട്രഷറികളിൽ ഇപ്പോൾ സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്യാണ്

ഇടപാടുകാർക്ക് നൽകുന്നത്. പ്രസ്തുത രീതി താമസംവിനാ കേരളത്തിലെ മുഴുവൻ ട്രഷറികളിലും ഏർപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള സജ്ജീകരണങ്ങൾ പുരോഗമിക്കുന്നു.

ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ പലിശ എല്ലാ മാസവും അക്കൗണ്ടുടമയുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വരവ് വച്ച് നൽകുകയും നിക്ഷേപകന് കേരളത്തിലെ ഏത് ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്നതിനുള്ള സൗകര്യം കോർ ബാങ്കിംഗ് ഏർപ്പെടുത്തിയതോടെ ലഭ്യമാണ്. ഇടപാടുകാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ എല്ലാ ട്രഷറികളിലും ഏർപ്പെടുത്തിയിട്ടുണ്ട്. കസ്റ്റമർ ലോഞ്ച്, ഫാൻ, കുടിവെള്ളം, വിശ്രമസ്ഥലം, ഫ്രണ്ട് ഓഫീസ് സംവിധാനം എന്നിവ ഇടപാടുകാർക്ക് നൽകിയിട്ടുള്ള സൗകര്യങ്ങളിൽപ്പെടുന്നു. സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിനും മറ്റനുബന്ധകാര്യങ്ങൾക്കുമായി പ്രത്യേക കൗണ്ടറുകൾ ട്രഷറികളിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പാസ്ബുക്ക് പ്രിന്ററുകളും ട്രഷറികളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പെൻഷൻകാരെയും ഇടപാടുകാരെയും നേരിട്ട് കണ്ട് നിക്ഷേപ സമാഹരണത്തിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് ഒരു കർമ്മ പദ്ധതി വകുപ്പ് തയ്യാറാക്കിയിട്ടുള്ളതും ട്രഷറികൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകുകയും ആയതിനനുസൃതമായ പ്രത്യേക ക്യാൻവാസിംഗ് നടത്തി നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും വകുപ്പ് തയ്യാറായിക്കഴിഞ്ഞു. അടുത്തമാസം മുതൽ നിക്ഷേപസമാഹരണ യജ്ഞം ട്രഷറികളിൽ ആരംഭിക്കുന്നതാണ്.

നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി 1-7-2019 മുതൽ സ്ഥിരനിക്ഷേപ പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

**ടൂറിസം മേഖലയെ ദോഷകരമായി ബാധിക്കുന്ന സാഹചര്യങ്ങൾ**

20 (*500) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ ടൂറിസം മേഖലയ്ക്കുണ്ടായ ഉത്തേജനം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിനായി പ്രത്യേക സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) നിപ പോലുള്ള മാരകരോഗങ്ങളുടെ തിരിച്ചുവരവ് സംസ്ഥാനത്തെ ടൂറിസം മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; ഇത് വിദേശരാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളുടെ വരവിനെ എപ്രകാരമാണ് ബാധിച്ചത് എന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) 15-5-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ ടൂറിസം മേഖലയെ ഹർത്താലിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. നിലവിൽ ലഭ്യമായ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിലെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവുള്ളതായി കാണുന്നില്ല. ഹർത്താലുകളുമായി ബന്ധപ്പെട്ട് വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സുരക്ഷാപ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള അവസരങ്ങളിൽ ജില്ലാ ഭരണകൂടങ്ങളുടെയും ആഭ്യന്തര വകുപ്പിന്റെയും സഹായത്തോടെ അവ പരിഹരിക്കുന്നതിന് വകുപ്പിന് സാധിച്ചു വരുന്നു. ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽ ഹർത്താലിൽ നിന്നും ടൂറിസം മേഖലയ്ക്ക് ചെറിയ ഇളവ് ലഭിച്ചുവരുന്നു എന്നതും ഈ മേഖലയ്ക്ക് ഉത്തേജനം നൽകുന്നുണ്ട്.

(ബി) സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. നിലവിൽ സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവപ്രാധാന്യത്തോടെ കണക്കാക്കി അനവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരംക്ഷണത്തിനായി വിവിധ ടൂറിസം കേന്ദ്രങ്ങളിൽ നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും, 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും പ്രവർത്തിച്ചുവരുന്നു.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കോവളം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരംക്ഷണം മുൻ നിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം കെൽട്രോൺ മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പദ്ധതിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ ഒരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്. ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഓരോ ഡെസ്റ്റിനേഷനുകളിലും പ്രത്യേക ശ്രദ്ധയും ചുവടെപ്പറയുന്ന നടപടികളും കൈക്കൊണ്ടുവരുന്നു:

- നിയമപാലകരുടെ സേവനം കുറ്റമറ്റ രീതിയിൽ എപ്പോഴും ഉറപ്പാക്കുക.
- നിയമലംഘന പ്രവർത്തനങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക.
- അനാശ്യാസ പ്രവർത്തനങ്ങൾക്കെതിരെ ജാഗരൂകരാകുക.
- ടൂറിസം ഉല്ലാസ പരിപാടികൾ സുരക്ഷിതത്വ നിയമം പാലിക്കുന്നുവെന്ന് ഉറപ്പാക്കുക.
- അത്യാഹിതം സംഭവിച്ചാൽ പ്രഥമ ശുശ്രൂഷയ്ക്കുള്ള സംവിധാനമൊരുക്കുക.
- അപകടങ്ങളും മറ്റ് അത്യാഹിതങ്ങളും ഉണ്ടായാൽ അവ ശ്രദ്ധിക്കുവാനും സത്വര നടപടി കൈക്കൊള്ളുവാനുമുള്ള ക്രൈസിസ് മാനേജ്മെന്റ് സംവിധാനമൊരുക്കുക.
- മേൽപ്പറഞ്ഞതിന് സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തുക.

ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അടിസ്ഥാന സൗകര്യ വികസനത്തിൽ സുരക്ഷിതത്വം കൂടി പരിഗണിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ടൂറിസം കേന്ദ്രങ്ങളിൽ കണക്ടിവിറ്റി, റോഡ് സൗകര്യം, ഗതാഗത സൗകര്യം, സുരക്ഷാ സംവിധാനങ്ങൾ, ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റ് കോംപ്ലക്സുകൾ, പാർക്കിംഗ് സൗകര്യം, ആശയ വിനിമയത്തിനായുള്ള ആധുനിക സംവിധാനങ്ങൾ, സ്ട്രീറ്റ് ലൈറ്റുകൾ, മറ്റ് പ്രകാശ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. കൂടാതെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ശുചിത്വവും ഹരിത തത്വവും പ്രോൽസാഹിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ടൂറിസം രംഗത്ത് പുതിയ വെല്ലുവിളികൾ നേരിടുന്നതിനായി വകുപ്പിനെ സജ്ജമാക്കുന്നതിനും ടൂറിസം മേഖലയിൽ പുതിയ ഉണർവ്വിനായി സമഗ്ര മാറ്റം ഉൾക്കൊള്ളുന്നതിനുമായി പുതിയ ടൂറിസം നയം സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലൂടെ സഞ്ചാരികൾക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനോടൊപ്പം ടൂറിസം രംഗം കൂടുതൽ സജീവവും ആകർഷകവുമാക്കുന്നതിന് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുവാനും സാധിക്കുമെന്ന് വിലയിരുത്തുന്നു.

(സി) 2018 മേയ് മാസത്തിലാണ് സംസ്ഥാനത്ത് ആദ്യമായി നിപ രോഗം റിപ്പോർട്ട് ചെയ്തത്. 2018 മേയ് മാസം മുതൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. എന്നാൽ ഈ കുറവ് മുഖ്യമായും തിരുവനന്തപുരം ജില്ലയിൽ എത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിലെ കുറവുമൂലമാണ്. ആയതിനാൽ തന്നെ നിപ മാത്രമല്ല വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വരാൻ കാരണം. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വർദ്ധനവാണ് ഉണ്ടായത്.

എന്നാൽ 2018 കലണ്ടർ വർഷത്തിൽ ആദ്യത്തെ നാല് മാസങ്ങളിലെ വളർച്ചാ നിരക്കുകളായ 16.49%, 18.58%, 21.04%, 21.21% എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ നിപ ബാധയുമായി ബന്ധപ്പെട്ട് ആഭ്യന്തര വളർച്ചാ നിരക്കിൽ വലിയ ഇടിവ് സംഭവിച്ചതായി കാണാം. തുടർന്ന് 2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയമാണ് പിന്നീട് ഉള്ള മാസങ്ങളിലെ നെഗറ്റീവ് വളർച്ചാ നിരക്കിന് കാരണം.

പിന്നീട് 2019 മേയ് മാസത്തിലാണ് വീണ്ടും കേരളത്തിൽ നിപ ബാധിച്ചത്. ഇത് സംസ്ഥാനത്തെ സഞ്ചാരികളുടെ എണ്ണത്തെ എത്രത്തോളം ബാധിച്ചു എന്ന് പരിശോധിക്കണമെങ്കിൽ 2019 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ അന്തിമമാക്കണം. നിലവിൽ 2019 മാർച്ച് വരെയുള്ള കണക്കുകളാണ് അന്തിമമാക്കിയിട്ടുള്ളത്.

## കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കാൻ നടപടി

21 (*501) ശ്രീ. സി. മമ്മൂട്ടി:

ഡോ. എം. കെ. മുനീർ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രാഥമിക കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്ക് പ്രോത്സാഹനം നൽകുന്നതിനായുള്ള എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത ഇൻസെന്റീവ് നൽകുന്ന കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

i. കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സംഘങ്ങൾ, അപ്പെക്സ് സ്ഥാപനമായ ഹാന്റക്സ്, പൊതുമേഖലാ സ്ഥാപനമായ ഹാൻവീവ് എന്നിവയ്ക്ക് കൈത്തറി പ്രദർശന വിപണന മേളകളിൽ (സംസ്ഥാനത്തിനകത്തും അന്യസംസ്ഥാനങ്ങളിലും) പങ്കെടുക്കുന്നതിന് വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നു.

ii. സംസ്ഥാന പ്രദർശനമേളകളിൽ പങ്കെടുക്കുന്നവർക്ക് അവരുടെ ആകെ വിൽപ്പനയുടെ 10% പരമാവധി 10,000 രൂപ 'എക്സിബിഷൻ ഗ്രാന്റായി' നൽകുന്നു.

iii. സംസ്ഥാനത്തിനകത്ത് ഓണം, ക്രിസ്തുമസ്, വിഷു എന്നീ സീസണുകളിലും കൂടാതെ പ്രത്യേക അനുമതിയോടുകൂടിയും സംഘടിപ്പിക്കുന്ന പ്രദർശന വിപണനമേളകൾക്കായി ജില്ലാ വ്യവസായകേന്ദ്രങ്ങൾ മുഖേന തുക അനുവദിച്ചു നൽകുന്നുണ്ട്.

iv. നാഷണൽ ഹാന്റ്ലൂം എക്സ്പോ, സ്പെഷ്യൽ ഹാന്റ്ലൂം എക്സ്പോ, ഇൻഡ്യ ഇന്റർനാഷണൽ ട്രെയ്ഡ് ഫെയർ (ഐ.ഐ.റ്റി.എഫ്.), മലബാർ ക്രാഫ്റ്റ് മേള എന്നിങ്ങനെയുള്ള ദേശീയ അന്തർദേശീയ പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിനായി സാമ്പത്തിക സഹായം നൽകി വരുന്നു.

v. തിരുവനന്തപുരത്ത് വി.ജെ.റ്റി. ഹാൾ, വികാസ് ഭവൻ എന്നിവിടങ്ങളിലും മറ്റ് ജില്ലകളിലും പ്രദർശനമേളകൾ പ്രത്യേകാനുമതിയോടുകൂടി സംഘടിപ്പിക്കു ന്നതിന് വേണ്ട തുകയും എക്സിബിഷൻ ഗ്രാന്റും നൽകുന്നു.

vi. സീസണുകളിൽ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന വിഹിതമായി റിബേറ്റ് നൽകി വരുന്നു.

vii. ഷോറൂം നിർമ്മാണത്തിനും നവീകരണത്തിനുമായും ഫണ്ട് അനുവദിച്ച് നൽകുന്നുണ്ട്.

viii. കൈത്തറി വസ്തുങ്ങൾ വിദേശത്ത് കയറ്റുമതി ചെയ്യുന്നതിന് പ്രോത്സാഹനമായി വിദേശ വിൽപ്പന/കയറ്റുമതിക്ക് 'എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ്' പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ്'. കണ്ണൂരിൽ നിന്നുള്ള 2 പ്രാദേശിക കൈത്തറി സംഘങ്ങളാണ് പ്രസ്തുത പദ്ധതിയുടെ സഹായത്തോടുകൂടി വിദേശത്ത് കൈത്തറി ഉത്പന്നങ്ങൾ വിപണനം നടത്തിവരുന്നത്. 2018-19 സാമ്പത്തിക വർഷം ആകെ 19,47,163 രൂപ ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം, എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവിനായുള്ള കൈത്തറി സഹകരണ സംഘങ്ങളുടെ അപേക്ഷകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

(സി) വിൽപ്പനയുടെ 20% തുകയാണ് എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവായി സംഘങ്ങൾക്ക് നൽകുന്നത്. പ്രസ്തുത കാര്യത്തിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

### യന്ത്രത്തറി വ്യവസായത്തെ കരകയറ്റുന്നതിന് പദ്ധതി

22 (*502) ശ്രീ. പി. ഉണ്ണി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയ ആഗോള വാണിജ്യ കരാറുകൾ സംസ്ഥാനത്തെ സ്വകാര്യ ടെക്സ്റ്റൈൽ മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് പരിശോധനാ വിധേയമാക്കിയിരുന്നോ;

(ബി) കേരള ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലുള്ളതും സഹകരണ മേഖലയിലുള്ളതുമായ യന്ത്രത്തറി വ്യവസായത്തെ കരകയറ്റുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) ടെക്സ് ഫെഡിന്റെ കീഴിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി എൻ.സി.ഡി.സി. സഹായത്തോടെ നടത്തുന്ന ആധുനീകരണ പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയ ആഗോള വാണിജ്യ കരാറുകൾ സംസ്ഥാനത്തെ പൊതു-സ്വകാര്യ ടെക്സ്റ്റൈൽ മേഖലയിൽ ഉൽപ്പാദനത്തെയും വിപണനത്തെയും ഗുരുതരമായി ബാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും സ്പിന്നിംഗ് മില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും മില്ലുകളുടെ പുനരുദ്ധാരണത്തിനുമായി 7 പേരടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. 18-1-2017-ൽ രൂപീകരിക്കപ്പെട്ട പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

കേരള ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലുള്ള പിണറായി ഹൈടെക് വീവിംഗ് മില്ലിന്റെ പൂർത്തീകരണത്തിനും വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനുമായി 8-11-2017 -ലെ സ.ഉ. (സാധാ) നമ്പർ 1537/2017/വ്യവ. നമ്പർ പ്രകാരം 885.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി തുകയിൽ 129.5 ലക്ഷം രൂപ ഭൂമി ഏറ്റെടുക്കുന്നതിനും ഭൂമിയുടെ വികസനത്തിനുമായി

ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 14-6-2018-ലെ സ.ഉ. (സാധാ) 677/18/വ്യവ. നമ്പർ പ്രകാരം 200 ലക്ഷം രൂപയും 9-11-2018-ലെ സ.ഉ. (സാധാ). 1271/18/വ്യവ. നമ്പർ പ്രകാരം 685.10 ലക്ഷം രൂപയും കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. 28-2-2019-ൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത മില്ലിൽ 36 എയർ ജെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മില്ലിന്റെ പ്രവർത്തനത്തിന് കൂടുതലായി ആവശ്യമുള്ള കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ പിണറായി വില്ലേജിൽ കിഴക്കുംഭാഗം ദേശത്തിലെ റീ സർവ്വേ 12/1ൽപ്പെട്ട 144.71 സെന്റ് സ്ഥലം നെഗോഷിയേറ്റഡ് പർച്ചേസിലൂടെ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ പുതിയ പ്രോജക്ടായ കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ ആദ്യഘട്ട പ്രവർത്തനം (വീവിംഗ് ഉൾപ്പെടുന്നില്ല) 26-2-2016-ൽ ആരംഭിച്ചു. മില്ലിനെ പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ആധുനികവത്കരണത്തെ കുറിച്ച് 4-4-2018-ൽ ചേർന്ന യോഗത്തിൽ ചർച്ച നടത്തുകയും ആയതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരികയുമാണ്. മില്ലിൽ 30 എയർജെറ്റ് ലൂമുകൾ സ്ഥാപിച്ചിട്ടുണ്ട്.

പൊതു-സഹകരണ സ്പിന്നിംഗ് മേഖലയ്ക്ക് കോട്ടൺ ആവശ്യത്തിന് വാങ്ങുന്നതിനുള്ള സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി പുനരുജ്ജീവിപ്പിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ കൈത്തറി സ്കൂൾ യൂണിഫോമിന് ആവശ്യമായ നൂൽ കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു.

ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ ആധുനികവൽകരണ പ്രവൃത്തികൾ നടന്നുവരുന്നു. വരുംവർഷങ്ങളിൽ ഈ മില്ലുകൾ സംസ്ഥാനത്തെ യന്ത്രത്തറി വ്യവസായത്തിന് മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന്റെ 2314.93 ലക്ഷം രൂപയുടെ എൻ.സി.ഡി.സി. ആധുനികവൽക്കരണ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു.

കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ 2078.95 ലക്ഷം രൂപയുടെ എൻ.സി.ഡി.സി. ആധുനികവൽക്കരണ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു കഴിഞ്ഞു.

കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേക്കായി 57.39 കോടി രൂപയുടെ പുതുക്കിയ പദ്ധതി റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 45.19 കോടി രൂപ എൻ.സി.ഡി.സി. അനുവദിച്ച് നൽകുകയും ഇതിൽ 1844.71 ലക്ഷം രൂപ മില്ലിന് നൽകിയിട്ടുമുണ്ട്. 2018-19 വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച 300 ലക്ഷം രൂപയും മില്ലിന് അനുവദിച്ച് നൽകിയിട്ടുണ്ട്. 2019-20 വാർഷിക ബഡ്ജറ്റിൽ കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഉൾക്കൊള്ളിച്ചിട്ടുള്ള 775 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മില്ലിന്റെ 7296 സ്പിന്റിലിനായുള്ള മെയിൻ മെഷീൻ മില്ലിൽ എത്തിച്ചേർന്നിട്ടുണ്ടെന്നും സിവിൽ, ഇലക്ട്രിക്കൽ ജോലികൾ മേൽപ്പറഞ്ഞ 775 ലക്ഷം രൂപ അനുവദിച്ചു നൽകുന്നതോടെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണെന്നും കൈത്തറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണത്തിനായുള്ള 29.97 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ ചെലവായ 2997.78 ലക്ഷം രൂപയിൽ ഇതുവരെ 1681.46 ലക്ഷം രൂപ മില്ലിന് നൽകിയിട്ടുമുണ്ട്. 2018-19 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 890 ലക്ഷം രൂപയും മില്ലിന് അനുവദിച്ച് നൽകിയിട്ടുണ്ട്. മില്ലിന്റെ ആധുനികവൽക്കരണ പദ്ധതികളുടെ ഏറ്റവും അത്യാവശ്യമുള്ള ഘടകങ്ങളുടെ പൂർത്തീകരണത്തിനായി 2019-20 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 107.78 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആധുനികവൽക്കരണത്തിന്റെ ഭാഗമായുള്ള ഇലക്ട്രിക്കൽ വർക്കുകൾക്കായുള്ള ടെൻഡർ നടപടികളും സിവിൽ വർക്കുകളും നടന്നുവരുന്നു. മില്ലിൽ ഫ്ലോറിംഗ് കഴിഞ്ഞ സ്ഥലങ്ങളിൽ വയ്ക്കേണ്ടതായ മെഷിനറികൾ എത്തിയിട്ടുണ്ട്.

ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനശേഷി പന്ത്രണ്ടായിരം സ്പിന്റിലിൽ നിന്നും ഇരുപത്തയ്യായിരം സ്പിന്റിലായി ഉയർത്തുന്നതിനായി 3394.26 ലക്ഷം രൂപയുടെ മില്ലിന്റെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 3341.99 ലക്ഷം രൂപ മില്ലിന് നൽകിയിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 560 ലക്ഷം രൂപ മില്ലിന് അനുവദിച്ച് നൽകിയിട്ടുണ്ട്. മില്ലിന്റെ ആധുനികവൽകരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി 2019-20 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 52.27 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. നൽകി വരുന്ന സേവനങ്ങൾ

23 (*503) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ചൂഷണങ്ങൾക്കെതിരെ ബദൽ ധനകാര്യ സ്ഥാപനമായി ഇ.എം.എസ്. സർക്കാരിന്റെ കാലത്താരംഭിച്ച കെ.എസ്.എഫ്.ഇ. നൽകിവരുന്ന സേവനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിവരിക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് പതിറ്റാണ്ടിലെ പ്രവർത്തന മികവുകൊണ്ടും വിശ്വാസ്യത കൊണ്ടും സംസ്ഥാന ധനകാര്യ മേഖലയിൽ ശക്തമായ സാന്നിദ്ധ്യം ഉറപ്പിച്ച കെ.എസ്.എഫ്.ഇ. സാമൂഹ്യ സുരക്ഷയ്ക്കായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ ഇത്തരത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിൽ വരുത്തുന്നതെന്നും അതിന്റെ പുരോഗതിയും വെളിപ്പെടുത്തുമോ;

(സി) കുടുംബശ്രീ യൂണിറ്റുകളിലെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും അവർക്ക് സാമൂഹ്യസുരക്ഷ ഒരുക്കുന്നതിനുമായി കുടുംബശ്രീ ചിട്ടികൾ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാന ഗവൺമെന്റ് അതിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച നോൺ-ബാങ്കിംഗ് ധനകാര്യ സ്ഥാപനമാണ് കെ.എസ്.എഫ്.ഇ. 1967-ലെ ഇ.എം.എസ് സർക്കാർ ആണ് കെ.എസ്.എഫ്.ഇ.-യുടെ രൂപീകരണത്തിന് മുൻകൈ എടുത്തത്. കേരളത്തിന്റെ പാരമ്പര്യ സാമ്പത്തിക വ്യവഹാരമായിരുന്ന ചിട്ടി പദ്ധതി വ്യക്തമായ നിയമങ്ങളുടെയും നിയന്ത്രണങ്ങളുടെയും അഭാവത്തിൽ സ്വകാര്യ ചൂഷകരുടെ വിളനിലമായി മാറിയിരുന്നു. നിരവധി സാധാരണക്കാർ ഈ ചൂഷകരുടെ പിടിയിൽ അമരുന്ന സാഹചര്യത്തിലാണ് അന്നത്തെ ധനമന്ത്രി ശ്രീ. പി. കെ. കുഞ്ഞ്, കെ.എസ്.എഫ്.ഇ.-യുടെ രൂപീകരണത്തിന് തുടക്കം കുറിച്ചത്. തുടർന്ന് തൃശ്ശൂർ ആസ്ഥാനമായി കെ.എസ്.എഫ്.ഇ. 1969 നവംബർ 6 -ന് നിലവിൽ വന്നു.

ആദ്യം 10 ശാഖകളുമായി തുടങ്ങിയ സ്ഥാപനം ചിട്ടി എന്ന പദ്ധതിയെ പൂർണ്ണമായും നിയമവിധേയം ആക്കുകയും ചൂഷണവിമുക്തവും ജനോപകാര

പ്രദവുമായ ഒന്നാക്കി മാറ്റുകയും ചെയ്തു. 1975-ൽ സംസ്ഥാന ചിട്ടി നിയമം വന്നപ്പോൾ കെ.എസ്.എഫ്.ഇ. തുടങ്ങുന്ന ചിട്ടികൾ പൂർണ്ണമായും അതിന്റെ കീഴിലാക്കുകയും ചിട്ടിയിൽ ചേരുന്ന മുഴുവൻ പേർക്കും അതിന്റെ പരിരക്ഷ നൽകുകയും ചെയ്തു. നേരത്തെ കേരള ചിട്ടി ഫണ്ട് ആക്ട് അനുസരിച്ചും 2012 മുതൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി പ്രകാരം രാജ്യത്ത് നടപ്പാക്കിയ ചിട്ട് ഫണ്ട് ആക്ട് 1982 അനുസരിച്ചും ആണ് കെ.എസ്.എഫ്.ഇ. ചിട്ടി നടത്തുന്നത്. ഇങ്ങനെ പൂർണ്ണമായും നിയമപരമായി ചിട്ടി പദ്ധതി നടത്തുന്നതിനാൽ ഇതിൽ ചേരുന്ന ഇടപാടുകാർക്കെല്ലാം നിയമസുരക്ഷ കിട്ടുകയും ചൂഷണത്തിന്റെ പിടിയിൽനിന്ന് അവർ രക്ഷപ്പെടുകയും ചെയ്യുന്നു. ഇപ്പോൾ പ്രവാസി മലയാളികൾക്കായി കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചതോടെ നിയമ പരിരക്ഷയുള്ള ചൂഷണരഹിതമായ പാരമ്പര്യാധിഷ്ഠിത സാമ്പത്തിക പദ്ധതിയുടെ ആനുകൂല്യം ചരിത്രത്തിൽ ആദ്യമായി അവർക്ക് കൂടി ലഭിക്കുന്നു.

കമ്പനിയുടെ ഏറ്റവും വലിയ പ്രോഡക്ട് ആയ ചിട്ടിക്ക് പുറമേ സ്വർണ്ണപ്പണയ വായ്പ, വ്യക്തിഗത വായ്പ, ഭവന വായ്പ, ഗൃഹോപകരണ- വാഹന വായ്പ, ചിട്ടിയിൽ നിന്നുള്ള വായ്പ തുടങ്ങിയ നിരവധി പദ്ധതികളും മിതമായ പലിശ നിരക്കിൽ ലളിതമായ ജാമ്യ വ്യവസ്ഥയോടെ കെ.എസ്.എഫ്.ഇ. നൽകിവരുന്നുണ്ട്. ബ്ലേഡ് കമ്പനികൾ എന്നറിയപ്പെടുന്ന സ്വകാര്യ ചൂഷണ സാമ്പത്തിക തട്ടിപ്പുകാരിൽ നിന്ന് ജനസാമാന്യത്തെ മോചിപ്പിക്കാൻ ഒരുപരിധി വരെ ഇത്തരം വായ്പാ പദ്ധതികൾ സഹായിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ.-യുടെ സമ്പാദ്യ പദ്ധതികൾ ആകട്ടെ, താരതമ്യേന ഭേദപ്പെട്ട പലിശ നൽകി സാധാരണക്കാരുടെ സമ്പാദ്യത്തിന് സുരക്ഷിതത്വവും ആദായവും നൽകുന്നു. ഇപ്പോൾ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയും ആരംഭിച്ച് നടപ്പാക്കുന്നതിൽ നല്ല രീതിയിലുള്ള പ്രതികരണമാണ് ലഭിക്കുന്നത്.

(ബി) ഇ.എം.എസ്. മന്ത്രിസഭയുടെ കീഴിൽ ശ്രീ. പി. കെ. കുഞ്ഞ് ധനമന്ത്രിയായിരിക്കെ തൃശ്ശൂർ ആസ്ഥാനമായി 1969 നവംബർ 6-ന് നിലവിൽ വന്ന ഗവൺമെന്റിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള കെ.എസ്.എഫ്.ഇ. എന്ന ധനകാര്യ സ്ഥാപനം മലയാളികളുടെ തനതു സാമ്പത്തിക ഉൽപ്പന്നമായ ചിട്ടി എന്ന പദ്ധതിക്ക് വ്യക്തമായ നിയന്ത്രണങ്ങളിലൂടെ, ഈ മേഖലയിലെ ചൂഷണങ്ങളിൽ നിന്ന് നിക്ഷേപകരെ സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ ധനകാര്യ രംഗത്ത് ശക്തമായ സാന്നിധ്യമായി നിലനിൽക്കുന്നു. 10 ശാഖകളും 2 ലക്ഷം രൂപ മൂലധനവുമായി ആരംഭിച്ച ഈ സ്ഥാപനം ഇന്ന് 578 ശാഖകളും 7000 ത്തോളം ജീവനക്കാരും 39000 കോടി രൂപ വാർഷിക വിറ്റുവരവുമുള്ള സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ സാമ്പത്തിക സ്ഥാപനമായി, തുടർച്ചയായി

ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ട് സംസ്ഥാനത്തിലെ പൊതുസമൂഹത്തിന് മികച്ച സാമ്പത്തിക സേവനം നൽകിക്കൊണ്ട് മുന്നേറിക്കൊണ്ടിരിക്കുന്നു. ചിട്ടി എന്ന കമ്പനിയുടെ മുഖ്യ പദ്ധതി തന്നെ ബൃഹത്തായ സാമൂഹ്യ ലക്ഷ്യം വച്ചുകൊണ്ടുള്ള സമ്പാദ്യ പദ്ധതിയാണ്. സമൂഹത്തിലെ എല്ലാതരം ജനങ്ങൾക്കും അവരവർക്ക് മിച്ചം വെയ്ക്കാൻ കഴിയുന്ന തുക ചിട്ടിയിൽ നിക്ഷേപിച്ച് വിവിധങ്ങളായ സാമ്പത്തിക ആവശ്യങ്ങൾക്ക് ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്. ഇപ്പോൾ കമ്പനി പ്രവാസി ചിട്ടി എന്ന ഒരു പുതിയ കാൽവയ്പ്പ് നടത്തിക്കൊണ്ട് പ്രവാസി മലയാളികൾക്കായി ചിട്ടി അവതരിപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതിക്ക് ആഗോള മലയാളികൾക്കിടയിൽ നിന്ന് മികവുറ്റ പിന്തുണയാണ് ലഭിക്കുന്നത്. ഇതുവഴി ലഭിക്കുന്ന ധനസമാഹരണത്തിലൂടെ വിദേശ മലയാളികൾ ആഗ്രഹിക്കുന്ന രീതിയിൽത്തന്നെ സംസ്ഥാന അടിസ്ഥാന വികസന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയും. കെ.എസ്.എഫ്.ഇ.യുടെ മറ്റ് പദ്ധതികൾ സ്വർണ്ണ പണയ വായ്പ, വ്യക്തിഗത, ഗൃഹോപകരണ, ഭവന നിർമ്മാണ വായ്പ എന്നിവയാണ്. സ്വർണ്ണ പണയ വായ്പാ രംഗത്ത് സ്ഥാപനം വലിയ കുതിപ്പ് നടത്തിയിട്ടുണ്ട്. ഉദ്ദേശം 3000 കോടി രൂപയുടെ ബിസിനസ്സ് തന്നാണ്ട് നടത്തുവാനാണ് ലക്ഷ്യമിടുന്നത്. 9.50 മുതൽ 10.50% വരെയാണ് വാർഷിക പലിശ, പണമിടപാട് സ്ഥാപനങ്ങളുടെ വൻപലിശ ചൂഷണങ്ങളിൽ നിന്ന് സാധാരണ ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വായ്പ നൽകുക എന്നതാണ് സ്ഥാപനം ലക്ഷ്യമിടുന്നത്. ഇതുകൂടാതെ സ്ഥിര നിക്ഷേപങ്ങളും സ്ഥാപനം സ്വീകരിക്കുന്നുണ്ട്. ഈ നിക്ഷേപങ്ങൾക്ക് 1% നിരക്കിൽ ഗ്യാരണ്ടി കമ്മീഷനും സർക്കാരിലേക്ക് നൽകുന്നുണ്ട്. കഴിഞ്ഞ പ്രളയകാലത്തും കമ്പനി സി.എസ്.ആർ. പദ്ധതികളിലൂടെ സമൂഹ നന്മയ്ക്ക് ഉതകുന്ന രീതിയിൽ വിവിധ ധനസഹായങ്ങൾ നൽകിയിട്ടുണ്ട്.

(സി) കുടുംബശ്രീ ചിട്ടികൾ തുടങ്ങുന്ന കാര്യം സജീവ പരിഗണനയിൽ ഉണ്ട്. ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

### ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി

24 (*504) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ഓടുകൂടി അന്തർദ്ദേശീയ നിലവാരമുള്ളതും ഗുണമേന്മയുള്ളതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) വൈദ്യുതി വിതരണ രംഗത്തുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നിലവിലുള്ള 110 കെ.വി സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി. സബ് സ്റ്റേഷനായി ഉയർത്തുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(സി) വൈദ്യുതി മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമാക്കിയിട്ടുള്ള ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ;

(ഡി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി. ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി ദ്യുതി 2021 എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനികവത്കരിക്കുകയും ചെയ്തുകൊണ്ട് വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുകയാണ് 2021-ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

കേരള സംസ്ഥാനത്തിൽ വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനായി നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി. ആയി ഉയർത്തുന്നതിനും പുതിയ 400/220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ പുതിയതായി 400 കെ.വി.യുടെ 507 സർക്യൂട്ട് കി.മീ ലൈനുകളുടെയും 220 കെ.വി.-യുടെ 1965 സർക്യൂട്ട് കി.മീ. ലൈനുകളുടെയും 110 കെ.വി. യുടെ 2009 സർക്യൂട്ട് കി.മീ. ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു.

കേരളത്തിന്റെ വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുറത്തു നിന്നും വൈദ്യുതി കൊണ്ടുവരുന്നതിനായി ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ, പുഗലൂർ മാടക്കത്തറ HVDC ലിങ്ക്, ഉടുപ്പി-മൈലാട്ടി 400 കെ.വി. ലൈൻ എന്നിവയുടെ പണി പുരോഗമിച്ചു വരുന്നു.

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതികൾക്ക് പുറമെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും വോൾട്ടേജ് ലെവൽ ഉയർത്തുന്നതിന്റെയും ശേഷി വർദ്ധിപ്പിക്കുന്നതിന്റെയും പ്രവൃത്തികൾ ബോർഡിന്റെ സ്വന്തം ഫണ്ടുപയോഗിച്ച് സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്.

(ബി&സി) വൈദ്യുതി വിതരണ രംഗത്തുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നിലവിലുള്ള 110 കെ.വി. സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി. സബ് സ്റ്റേഷനായി ഉയർത്തുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാംഘട്ട പദ്ധതിയിൽ 5 സബ് സ്റ്റേഷൻ പാക്കേജുകളും 9 ലൈൻ പാക്കേജുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ഇതിൽ മലപ്പുറം-മഞ്ചേരി ലൈൻ പാക്കേജിന്റെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു.

2. രണ്ട് പദ്ധതികൾക്ക്-ഏറനാട് ലൈൻ/പാക്കേജിനും HLTS ലൈൻ പാക്കേജിനും കേന്ദ്ര ഏജൻസിയായ PSDF വഴിയാണ് ഫണ്ടിംഗ്. PSDF-ൽ നിന്നും ഈ രണ്ട് പദ്ധതികൾക്കായി ഏകദേശം 400 കോടി രൂപ ഗ്രാന്റായി അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഈ പദ്ധതികൾ M/s. Sterlite Power Transmission Ltd, Pune ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇതിൽ വരുന്ന കക്കയം-നല്ലളം ഭാഗത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തിയായി ചാർജ്ജ് ചെയ്തുകഴിഞ്ഞു.

3. കൊച്ചി ലൈൻ പാക്കേജിന്റെ OH ഭാഗം M/s. L&T Ltd, Chennai -യും കേബിൾ ഭാഗം M/s. KEI industries Limited-ഉം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിൽ ഉൾപ്പെടുന്ന കറുകടം-കോതമംഗലം 220 കെ.വി. ഒ.എച്ച് ലൈൻ പൂർത്തിയായിട്ടുണ്ട്.

4. North South Interlink package, kottayam Lines Package, Thrissivaperur Line Package, North Malabar Lines Package, Kolathunadu Line Strengthening Package തുടങ്ങിയ 5 ലൈൻ പാക്കേജുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ നൽകി കഴിഞ്ഞു.

5. സബ്സ്റ്റേഷൻ പാക്കേജുകളായ AIS Package I-ന്റെ (കോതമംഗലം, ചിത്തിരപുരം, മഞ്ചേരി, ചാലക്കുടി 220 കെ.വി. സബ്സ്റ്റേഷനുകൾ) M/s Siemens India Ltd വഴിയും GIS Package I-ന്റെ (ആലുവ, കലൂർ, കുന്നമംഗലം 220 കെ.വി. സബ്സ്റ്റേഷൻ) M/s. GE T&D വഴിയും പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

6. 3 സബ്സ്റ്റേഷൻ പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ അപേക്ഷാ ഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് നിലവിലുള്ള കണക്ടഡ് ലോഡ് ലളിതമായ രീതിയിൽ ക്രമീകരിക്കുന്നതിനായി പ്രത്യേക അവസരം നൽകുകയുണ്ടായി.

ലോ ടെൻഷൻ ഉപഭോക്താക്കൾക്ക് ഓൺലൈനായി വൈദ്യുതി കണക്ഷന് അപേക്ഷിക്കാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഹൈ ടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ വൈദ്യുതി കണക്ഷൻ അപേക്ഷകൾ ഏകജാലക സംവിധാനം വഴി ഓൺലൈനായി സമർപ്പിക്കുന്നതിനായി ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തി.

<u>പുതിയതായി തുടക്കം കുറിച്ച ആധുനിക സംവിധാനങ്ങൾ/പദ്ധതികൾ</u>

വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതിക വിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. വിതരണ ശൃംഖലയുടെ വൈദ്യുതി നഷ്ടം കണ്ടുപിടിക്കുവാനും കുറയ്ക്കാനും ലക്ഷ്യമിട്ടിട്ടുള്ള ആർ.എ.പി.ഡി.ആർ.പി. ഫേസ്-2 ഐ.ടി. പദ്ധതി (ഐ.പി.ഡി.എസ്.)
2. തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.
3. വിതരണ മേഖലയുടെ നവീകരണത്തിനായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് പദ്ധതി
4. തെരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലുള്ള സബ് സ്റ്റേഷനുകളിലെ 11 കെ.വി. ലൈനുകളുടെ പ്രവർത്തനം കേന്ദ്രീകൃതമായി മോണിറ്റർ ചെയ്യാനുള്ള ആർ.റ്റി- ഡാസ് (RT-DAS) പദ്ധതി.

**ഊർജ്ജ സംരക്ഷണ പദ്ധതികൾ**

25 (*505) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. പി. ഉണ്ണി:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനുകീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഊർജ്ജ സംരക്ഷണത്തിനായി തയ്യാറാക്കിയിട്ടുള്ള ഏതെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതെന്ന് വിവരിക്കുമോ;

(ബി) ഊർജ്ജ പ്രസരണ-വിതരണ സംവിധാനങ്ങളുടെ കാര്യക്ഷമതാ പഠനങ്ങൾ നടത്താറുണ്ടോ; എങ്കിൽ പ്രസ്തുത പഠനങ്ങളിലെ കണ്ടെത്തലുകൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) കാര്യക്ഷമത കൂടിയ വൈദ്യുതോപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും എൽ.ഇ.ഡി. ലൈറ്റുകൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) വൈദ്യുതോപയോഗം ക്രമീകരിക്കുന്നതിനായി കാര്യക്ഷമത കൂടിയ വൈദ്യുതോപകരണങ്ങൾ വ്യാപിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്ന സ്വകാര്യ, സ്വാശ്രയ, സഹകരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഊർജ്ജ സംരക്ഷണ നിയമം 2001 ഇന്ത്യയിൽ നടപ്പിലാക്കുന്ന കേന്ദ്ര ഏജൻസിയാണ് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE). കേരളത്തിൽ ഊർജ്ജ സംരക്ഷണ നിയമം 2001 നടപ്പിലാക്കുന്നതിനായി നിയുക്തമായ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി (SDA) ആണ് എനർജി മാനേജ്മെന്റ് സെന്റർ. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഊർജ്ജ സംരക്ഷണത്തിനായി താഴെപ്പറയുന്ന പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കി വരുന്നത്.

നിയുക്ത ഊർജ്ജ ഉപഭോക്താക്കൾ

കേന്ദ്ര സർക്കാർ പാസ്സാക്കിയ ഊർജ്ജ സംരക്ഷണ നിയമം 2001 (Energy Conservation Act 2001) പ്രകാരം 12 തരങ്ങളിൽപ്പെട്ട വൻകിട വ്യവസായശാലകളെ നിയുക്ത ഉപഭോക്താക്കളായി (Designated Consumers)

പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരം ഉപഭോക്താക്കൾക്കായി Perform Achieve and Trade (PAT) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2016 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ നടപ്പിലാക്കിയ PAT II-ൽ ഉൾപ്പെടുത്തിയ 9 വ്യവസായശാലകളാണ് കേരളത്തിലുള്ളത്.

2019 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള PAT V-ൽ വൻകിട ഹോട്ടൽ വ്യവസായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം 3 ഹോട്ടലുകളാണ് കേരളത്തിലുള്ളത്.

ഇത്തരം ഊർജ്ജ ഉപഭോക്താക്കൾക്ക് ദേശീയ തലത്തിൽ ഊർജ്ജോപഭോഗത്തിന് benchmark നിശ്ചയിക്കുകയും ഇത്തരം benchmark-ൽ കൂടുതൽ ഊർജ്ജം ഉപയോഗിക്കുന്നവർക്ക് പിഴ ഈടാക്കാക്കുകയും benchmark-ന് താഴെ ഊർജ്ജം ഉപയോഗിക്കുന്നവർക്ക് എനർജി സേവിംഗ് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്. ഇത്തരം സർട്ടിഫിക്കറ്റുകൾ പവർ എക്സ്ചേഞ്ചുകൾ വഴി വിൽക്കാവുന്നതാണ്.

ഇത്തരം സ്ഥാപനങ്ങളിൽ ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഊർജ്ജ ഓഡിറ്റ് നിർബന്ധമായും നടത്തേണ്ടതാണ്. ഇത്തരം ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനായി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി 200 ൽ അധികം അക്രെഡിറ്റഡ് എനർജി ഓഡിറ്റേഴ്സിനെ (Accredited Energy Auditors) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ ബി.ഇ.ഇ.യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം വ്യവസായശാലകളിൽ ഊർജ്ജ ഓഡിറ്റ് നടത്തിയ റിപ്പോർട്ട് മേൽ നടപടികൾക്കായി ബി.ഇ.ഇ.യിലും ഇ.എം.സി.യിലും സമർപ്പിക്കേണ്ടതാണ്. കൂടാതെ ഈ സ്ഥാപനങ്ങളിൽ ബി.ഇ.ഇ.യുടെ Certified Energy Manager സർട്ടിഫിക്കേഷനുള്ള വ്യക്തിയെ എനർജി മാനേജരായി നിയമിക്കേണ്ടതാണ്.

ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി എല്ലാ വർഷവും ഊർജ്ജ മേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ദ്ധർക്കുവേണ്ടി സർട്ടിഫൈഡ് എനർജി ഓഡിറ്റർ/മാനേജർ പരീക്ഷ നടത്തിവരുന്നു. ഈ പരീക്ഷ പാസ്സായ 350-ൽ അധികം CEA/CEM സാങ്കേതിക വിദഗ്ദ്ധർ കേരളത്തിലുണ്ട്. ഇത്തരം എനർജി മാനേജർമാർക്കായി എല്ലാ വർഷവും ഏകദിന ശില്പശാല ഇ.എം.സി.-യിൽ നടത്തുന്നുണ്ട്.

<u>സ്റ്റാൻഡേർഡ്സ് & സ്റ്റാർ ലേബലിംഗ് പ്രോഗ്രാം</u>

ഊർജ്ജ സംരക്ഷണ നിയമം വകുപ്പ് 14(b)(d) അനുസരിച്ച് വൈദ്യുത ഉപകരണങ്ങളുടെ ഊർജ്ജ കാര്യക്ഷമത ജനങ്ങളുടെ അറിവിലേക്കായി പ്രദർശിപ്പിക്കേണ്ടതുണ്ട്. അതിൻപ്രകാരം 10 വൈദ്യുതോപകരണങ്ങളിൽ സ്റ്റാർ

ലേബലിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ 12 ഉപകരണങ്ങൾക്ക് സ്വമേധയാ (Voluntary) സ്റ്റാർ ലേബലിംഗും നിലവിൽ വന്നിട്ടുണ്ട്. ഇത്തരം വൈദ്യുതോപകരണങ്ങളുടെ കാര്യക്ഷമത പടിപടിയായി ഉയർത്തി ഊർജ്ജം സംരക്ഷിക്കുക എന്നുള്ളതാണ് ലക്ഷ്യം. ഇത്തരം നിർബന്ധമാക്കിയിട്ടുള്ള ഉപകരണങ്ങൾ സ്റ്റാർ ലേബലില്ലാതെ നിർമ്മിക്കുന്നതും വിൽക്കുന്നതും കുറ്റകരമാണ്. ഇത്തരം കാര്യങ്ങൾ പരിശോധിക്കുവാനായി ഇൻസ്പെക്ടർമാരെ നിയോഗിക്കുന്നതിനുള്ള കേന്ദ്ര വിജ്ഞാപനം നിലവിൽ വന്നിട്ടുണ്ട്. ഇത്തരം ഉപകരണങ്ങളിലുള്ള പരാതികൾ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിയും ബി.ഇ.ഇ.യും പരിശോധിച്ച് നിലവാരം കുറവാണെന്ന് ബോധ്യമായാൽ അത്തരം ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ നിന്നും നിർമ്മാണ കമ്പനി മാറ്റേണ്ടതാണ്.

## ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് (ECBC)

വാണിജ്യ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് 100 KVA -ക്ക് മുകളിൽ വൈദ്യുതി ആവശ്യം വരുന്ന കെട്ടിടങ്ങൾക്ക് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കിയിട്ടുണ്ട്. അതനുസരിച്ച് കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കോഡ് കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിന്റെ ഭാഗമാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. ഈ കോഡ് നടപ്പിലാക്കുന്നതിനായി ECBC സെൽ രൂപീകരിച്ചിട്ടുണ്ട്. ഇത് ഇ.എം.സി.-യിലാണ് പ്രവർത്തിക്കുന്നത്.

ഇതിന്റെ ഭാഗമായി എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് വിഷയമാക്കി 39 പരിശീലന പരിപാടികൾ പൊതുമരാമത്ത്, നഗരാസൂത്രണം, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ലൈസൻസ്ഡ് എഞ്ചിനീയർമാർ, ആർക്കിടെക്റ്റുകൾ, ബിൽഡർമാർ, കോർപ്പറേഷനുകൾ എന്നിവയുമായി സഹകരിച്ച് നടത്തുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിലെ 250 എഞ്ചിനീയർമാർക്ക് വിശദമായ പഠന ക്ലാസ്സുകൾ നടത്തുകയുണ്ടായി.

## ഊർജ്ജ സംരക്ഷണ നിധി

ഊർജ്ജ സംരക്ഷണ നിയമ പ്രകാരം എല്ലാ സംസ്ഥാനങ്ങളും ഊർജ്ജ സംരക്ഷണ നിധി രൂപീകരിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരും ബി.ഇ.ഇ.-യും ഇതിലേയ്ക്ക് തുക നിക്ഷേപിച്ചാണ് നിധി രൂപീകരിക്കുന്നത്. കേരളത്തിൽ സംസ്ഥാന ഊർജ്ജസംരക്ഷണ നിധി നിലവിൽ വരികയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

ഡെമോൺസ്ട്രേഷൻ പ്രോജക്ടുകൾ

ബി.ഇ.ഇ.-യുടെ സാമ്പത്തിക സഹായത്തോടെ വൈദ്യുതി വിതരണ മേഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി കേരളത്തിലെ 15 ട്രാൻസ്ഫോമറുകളുടെ ഊർജ്ജ കാര്യക്ഷമത പഠനം നടത്തിയതിന്റെ റിപ്പോർട്ട് ആയിട്ടുണ്ട്. ഇതിലെ ഊർജ്ജ നഷ്ടം കൂടുതൽ ഉള്ള 5 ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

സർക്കാർ കെട്ടിടങ്ങൾ

ബി.ഇ.ഇ.-യുടെ സാമ്പത്തിക സഹായത്തോടെ സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സൗജന്യ എനർജി ഓഡിറ്റ് നടത്തുന്ന പദ്ധതി നിലവിലുണ്ട്.

ഗവൺമെന്റ് സ്കൂളുകളിലെ ഊർജ്ജ കാര്യക്ഷമത പ്രവർത്തനങ്ങൾ

സർക്കാർ സ്കൂളുകളെ ഊർജ്ജ കാര്യക്ഷമത കൂടിയ സ്കൂളുകളായി മാറ്റുന്നതിനായി താഴെപ്പറയുന്ന മാതൃക പദ്ധതികൾ നടപ്പിലാക്കി വരുന്നു:

- സ്കൂളുകളിൽ എനർജി ഓഡിറ്റ് നടത്തി വരുന്നു.
- സ്കൂളുകളിൽ നിലവിലുള്ള ഊർജ്ജ കാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിക്കുക.
- പുനരുൽപ്പാദന ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികൾ.

മാതൃകാ ഊർജ്ജ കാര്യക്ഷമതാ ഗ്രാമ പഞ്ചായത്ത് പദ്ധതി

ഗ്രാമ പഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജകാര്യക്ഷമതാ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുമായി സഹകരിച്ച് കേരളത്തിൽ 2 ഗ്രാമപഞ്ചായത്തുകളിൽ പെരളശ്ശേരി (കണ്ണൂർ) രാജാക്കാട് (ഇടുക്കി) ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം ഈ പഞ്ചായത്തുകളിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സമ്പൂർണ്ണ ഊർജ്ജ സംരക്ഷണ/ഊർജ്ജ കാര്യക്ഷമതാ ബോധവത്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 9 വാട്ട്സിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. 35 വാട്ട്സിന്റെയും 18 വാട്ട്സിന്റെയും 200 വീതം എൽ.ഇ.ഡി. തെരുവു വിളക്കുകൾ ഓരോ പഞ്ചായത്തിലും ലഭ്യമാക്കിയിട്ടുണ്ട്.

<u>ശിൽപ്പശാലകൾ</u>

പൊതുമേഖലാ സ്ഥാപനങ്ങൾ, നിയുക്ത ഉപഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ, സർട്ടിഫൈഡ് എനർജി ഓഡിറ്റേഴ്സ് ആന്റ് മാനേജേഴ്സ് എന്നിവർക്കായി ഊർജ്ജ സംരക്ഷണത്തെപ്പറ്റിയും ഊർജ്ജ മേഖലയിലെ നൂതന ടെക്നോളജിയെപ്പറ്റിയും ശിൽപ്പശാലകൾ നടത്തി വരുന്നു.

<u>സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ മേഖല (Micro, Small & Medium Enterprises (MSME)</u>

MSME മേഖലയിൽ ഊർജ്ജകാര്യക്ഷമത, വർദ്ധിപ്പിക്കുന്നതിനായി വിവിധ മേഖലകളിൽ ട്രെയിനിംഗ്, ബോധവത്കരണ പരിപാടികൾ, എനർജി ഓഡിറ്റ് എന്നിവ നടത്തി വരുന്നു.

ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയും യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം, ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി എന്നിവയുടെ സഹകരണത്തോടുകൂടി കേരളത്തിലെ ക്ഷീര മേഖലയിൽ ഊർജ്ജകാര്യക്ഷമതാ പഠനം നടന്നുകൊണ്ടിരിക്കുന്നു.

എനർജി കൺസർവേഷൻ ആക്ട് 2001 -ലെ സെക്ഷൻ 14 (ഇ) പ്രകാരം എല്ലാ ഡിസ്ട്രിബ്യൂഷൻ യൂട്ടിലിറ്റികളെയും പ്രത്യേക ഉപഭോക്താവായി കണക്കാക്കുന്നു. അതിനാൽ തന്നെ പ്രസ്തുത ആക്ട് അനുസരിച്ച് KSEBL-ഉം ഒരു പ്രത്യേക ഉപഭോക്താവായി മാറിയതിനാൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ The manner and intervals of time for conduct of energy audit Regulations 2009 പ്രകാരം എനർജി ഓഡിറ്റ് നടത്താൻ ബാധ്യസ്ഥമാകുകയും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഊർജ്ജ സംരക്ഷണത്തിനായി തയ്യാറാക്കിയിട്ടുള്ള PAT Cycle II, KSEBL-ൽ നടപ്പിലാക്കി വരികയും ചെയ്യുന്നു. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി നിശ്ചയിച്ചതിനനുസരിച്ച് ഊർജ്ജ നഷ്ടം കുറയ്ക്കാനായി ഉപകരണങ്ങൾ വാങ്ങുമ്പോൾ ഊർജ്ജ സംരക്ഷണത്തിനുതകുന്ന തരത്തിലുള്ള

സാങ്കേതിക ഗുണമേന്മ ഉറപ്പുവരുത്താനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചും പ്രസരണ വിതരണ നഷ്ടം കുറയ്ക്കാനുള്ള അളവുകോൽ KSEBL-ൽ നിശ്ചയിച്ചും ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഡിസ്ട്രിബ്യൂഷൻ പ്ലാനിംഗിൽ ഉൾപ്പെടുത്തിക്കൊണ്ടും PAT cycle II നടപ്പിലാക്കുന്നു. ഊർജ്ജ നഷ്ടം കുറയ്ക്കാനായി സ്റ്റാർ റേറ്റഡ് ട്രാൻസ്ഫോർമറുകൾ മാത്രം ഉപയോഗിക്കാനും കേടായ മീറ്ററുകൾ പരമാവധി മാറ്റുവാനും മെക്കാനിക്കൽ മീറ്ററുകൾ പൂർണ്ണമായും മാറ്റി സ്ഥാപിക്കുവാനും ലക്ഷ്യമിടുന്നു. കൂടാതെ പഴകിയ കണ്ടക്ടറുകൾ മാറ്റി കൂടുതൽ കപ്പാസിറ്റി ഉള്ളവ സ്ഥാപിക്കാനും സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈൻ ആക്കി ഊർജ്ജ നഷ്ടം പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്നു.

കൂടാതെ താഴെപറയുന്ന പ്രവർത്തനങ്ങളും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയിട്ടുണ്ട്:

1. ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ്-ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതി.
2. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിലെ എനർജി ഓഡിറ്റിംഗ്.
3. കെ.എസ്.ഇ.ബി.എൽ.-ന്റെ സബ്ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മനേജ്മെന്റ് സെല്ലുകളുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ.
4. വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം.
5. ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്.) പദ്ധതി.
6. സബ്സ്റ്റേഷനുകളിലെ ഊർജ്ജ ഓഡിറ്റിംഗ്.
7. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി എന്ന പദ്ധതി.
8. തെരുവ് വിളക്കുകളുടെ ഊർജ്ജ സംരക്ഷണം.

(ബി) RAPDRP പദ്ധതി നടപ്പിലാക്കിയിട്ടുള്ള നഗരങ്ങളിൽ ഊർജ്ജ പ്രസരണ വിതരണ സംവിധാനങ്ങളുടെ കാര്യക്ഷമതാ പഠനം നടന്നു വരുന്നു. ഉദയ് പദ്ധതിയുടെ കീഴിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും ചേർന്ന് ഒപ്പുവച്ചിരിക്കുന്ന ഉടമ്പടിയനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് വിതരണ നഷ്ടം ഗണ്യമായി കുറയ്ക്കേണ്ടിയിരിക്കുന്നു. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ഊർജ്ജ ആഡിറ്റിംഗിനായി എല്ലാ 11 കെ.വി.

ഫീഡറുകളിലും മീറ്ററുകൾ സ്ഥാപിക്കുക, എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ അതിർത്തികളിലും ബോർഡർ മീറ്ററുകൾ സ്ഥാപിക്കുക, എല്ലാ ട്രാൻസ്ഫോർമറുകളിലും DTR മീറ്ററുകൾ സ്ഥാപിക്കുക എന്നീ പ്രവൃത്തികളും നടന്നു വരുന്നു. എനർജി മാനേജ്മെന്റ് സെന്റർ കേരളത്തിലെ തെരഞ്ഞെടുത്ത വൈദ്യുതി വിതരണ ട്രാസ്ഫോർമറുകളുടെ കാര്യക്ഷമതാ പഠനം നടത്തിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെയും ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെയും സാമ്പത്തിക സഹായത്തോടെ 25 വൈദ്യുതി വിതരണ ട്രാൻസ്ഫോർമറുകളുടെ കാര്യക്ഷമതാ പഠനം നടത്തുകയുണ്ടായി. കൂടാതെ 10 ട്രാൻസ്ഫോർമറുകൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ ബി.ഇ.ഇ. 5 സ്റ്റാർ/4 സ്റ്റാർ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. പഠനം നടത്തിയ ട്രാൻസ്ഫോർമറുകളുടെ കാര്യക്ഷമത 92 മുതൽ 96 ശതമാനം വരെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) കാര്യക്ഷമത കൂടിയ വൈദ്യുതോപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇ.എം.സി.യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സിവിൽ സ്റ്റേഷനുകൾ, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സൗജന്യ ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഊർജ്ജ സംരക്ഷണ നിർദ്ദേശങ്ങൾ താഴെ പറയുന്ന സർക്കാർ കെട്ടിടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്:

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. വികാസ് ഭവൻ, തിരുവനന്തപുരം
3. സിവിൽ സ്റ്റേഷൻ, കോഴിക്കോട്
4. സിവിൽ സ്റ്റേഷൻ, തൃശ്ശൂർ
5. സിവിൽ സ്റ്റേഷൻ, എറണാകുളം
6. സിവിൽ സ്റ്റേഷൻ, കോട്ടയം
7. ഹൈക്കോടതി കെട്ടിടം, കൊച്ചി
8. വൈലോപ്പിള്ളി സംസ്കൃതിഭവൻ, തിരുവനന്തപുരം
9. മൻമോഹൻ ബംഗ്ലാവ്, തിരുവനന്തപുരം
10. സിവിൽ സ്റ്റേഷൻ, കൊല്ലം

11. സിവിൽ സ്റ്റേഷൻ, പത്തനംതിട്ട

12. സിവിൽ സ്റ്റേഷൻ, ആലപ്പുഴ

13. തിരുവനന്തപുരം മെഡിക്കൽ കോളേജ്

മേൽപ്പറഞ്ഞ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകൾ, ഫാനുകൾ എന്നിവ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകൾ, T5 ട്യൂബ് ലൈറ്റുകൾ, ഫൈവ് സ്റ്റാർ റേറ്റഡ് ഫാനുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജ സംരക്ഷണ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി പി.ഡബ്ല്യൂ.ഡി.യുമായി ചേർന്ന് ഒരു കോടി രൂപയുടെ പദ്ധതികളാണ് നടപ്പിൽ വരുത്തുന്നത്. ഇതിന്റെ ടെൻഡർ നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതിയായ "ഫിലമെന്റ് രഹിത കേരളം" പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ ബൾബുകളും എൽ.ഇ.ഡി. ആക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ഊർജ്ജ കാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾക്കായി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സ്ററാർ ലേബലിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. കേരളത്തിലെ പല സ്വകാര്യ സ്വാശ്രയ സഹകരണ സ്ഥാപനങ്ങളും അവർ നിർമ്മിക്കുന്ന വൈദ്യുത ഉപകരണങ്ങൾക്ക് സ്റ്റാർ ലേബലിംഗ് നേടിയിട്ടുണ്ട്. സ്റ്റാർ ലേബലിംഗ് ഉള്ള വൈദ്യുത ഉപകരണങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി ഇ.എം.സി.യുടെ ആഭിമുഖ്യത്തിൽ സാങ്കേതിക വിദഗ്ദ്ധർക്കും, വ്യവസായികൾക്കും, പൊതുജനങ്ങൾക്കും ബോധവത്കരണ ക്ലാസ്സുകൾ, ശില്പശാലകൾ, എക്സിബിഷനുകൾ എന്നിവ നടത്തിവരുന്നു.

**കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം**

26 (*506) <u>ശ്രീ. വി. അബ്ദുറഹിമാൻ:</u>

<u>ശ്രീമതി പി. അയിഷാ പോറ്റി:</u>

<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നുള്ള കാർഷിക വായ്പാ തോത് വർദ്ധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) നെൽകൃഷിക്ക് വായ്പ നൽകുന്ന സംഘങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും നൽകി വരുന്ന പ്രത്യേക സഹായം എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സഹകരണ സംഘങ്ങൾ കുറഞ്ഞ നിരക്കിൽ കുടുംബശ്രീ വഴി വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതി എല്ലാ ജില്ലകളിലും പ്രാവർത്തികമായിട്ടുണ്ടോ;

(ഡി) കാർഷിക ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന് വിപണന സഹകരണ സംഘങ്ങൾക്ക് സർക്കാർ സഹായം നൽകി വരുന്നുണ്ടോ;

(ഇ) ചെറുകിട കാർഷിക വായ്പയെടുക്കുന്നവരിൽ എൺപത് ശതമാനത്തോളം പേർ ആശ്രയിക്കുന്ന സഹകരണ സംഘങ്ങളെ കേന്ദ്ര സർക്കാർ കൊണ്ടുവന്ന സർഫാസി എന്ന കരിനിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി കർഷകതാല്പര്യം സംരക്ഷിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നുള്ള കാർഷിക വായ്പാ തോത് വർദ്ധിച്ചിട്ടില്ല. കാർഷിക വായ്പാ ഇനത്തിൽ 2017-18 വർഷത്തിൽ ആകെ 5278.73 കോടി രൂപയും 2018-19 വർഷത്തിൽ ആകെ 4860.86 കോടി രൂപയുമാണ് വിതരണം ചെയ്തിട്ടുള്ളത്. 2017-18 വർഷത്തെ അപേക്ഷിച്ച് 2018-19 വർഷത്തിൽ കാർഷിക വായ്പാ വിതരണത്തിൽ 417.87 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

(ബി)

നെൽകൃഷിക്ക് വായ്പ നൽകുന്ന സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

- സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി നെൽ കർഷകരെ തിരികെ കൃഷിയിലേക്ക് കൊണ്ടുവരുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷിക മേഖല സംരക്ഷിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുകയും വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകുകയും ചെയ്യുന്നു.

- സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തെക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5% പരമാവധി ഒരു ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നുണ്ട്.

- കഴിഞ്ഞവർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയെക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25,000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്.

- സഹകരണ സംഘത്തിന് കൊയ്ത്ത് മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്.

- സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി കർഷകന് നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന അംഗീകൃത ഇൻഷ്വറൻസ് പ്രീമിയം തുക തിരിച്ച് നൽകുന്നതിന് ധനസഹായം നൽകുന്ന വ്യവസ്ഥയുണ്ട്.

- ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.

- നെൽകൃഷിക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്.

<u>പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം</u>

- പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി പരമാവധി 4 ലക്ഷം രൂപ വരെ അനുവദിക്കുന്നു.

- കെ.ജി.റ്റി.ഇ/മറ്റ് സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധ കോഴ്സുകളിലേക്ക് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള യുവതലമുറയ്ക്ക് പരിശീലനങ്ങൾ നൽകുന്നതിനായുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 1.50 ലക്ഷം രൂപയും സബ്സിഡിയിനത്തിൽ 3.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചുവരുന്നു.

- പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡിയായി പ്രതിമാസം 10,000 രൂപ നിരക്കിൽ 5 വർഷത്തേക്കും ടി വർഷകാലത്തിനിടയിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് തുടർന്നുള്ള 3 വർഷങ്ങളിൽ പ്രതിമാസം 15,000 രൂപ നിരക്കിലും മാനേജീരിയൽ സബ്സിഡി അനുവദിക്കുന്നുണ്ട്.

- പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വർക്കിംഗ് ക്യാപിറ്റൽ ഗ്രാന്റായി 5 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.

- പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ബിൽഡിംഗ് മെയിന്റനൻസിന് ഗ്രാന്റ് ഇനത്തിൽ പരമാവധി 5 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.

- പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതിയിനത്തിൽ ഓഹരിയായി 5 ലക്ഷം രൂപയും സബ്സിഡിയായി 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.

- നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്ന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം ഓഹരിയിനത്തിൽ 10 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ 40 ലക്ഷം രൂപ അനുവദിക്കുന്നു.

- ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തന വിപുലീകരണത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഓഹരി ഇനത്തിൽ 20 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 50 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

<u>വനിതാ സഹകരണ സംഘങ്ങൾക്ക് നൽകി വരുന്ന ധനസഹായം</u>

- വനിതാ സഹകരണ സംഘങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നു.

- ദുർബ്ബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വനിതാ സഹകരണ സംഘങ്ങൾക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വനിതാ സഹകരണ സംഘങ്ങളുടെ ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനുമായി ധനസഹായം അനുവദിച്ച് വരുന്നു.

- വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമായി പരമാവധി 2 ലക്ഷം രൂപവരെയും പ്രവർത്തന മൂലധന ഗ്രാന്റായി 5 ലക്ഷം രൂപവരെയും ധനസഹായം അനുവദിച്ച് വരുന്നു.

• വനിതകൾക്ക് തൊഴിൽ നൽകുന്ന വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരിയും സബ്സിഡിയുമായി ധനസഹായം അനുവദിച്ച് വരുന്നു.

• വനിതാ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 2019-20 വർഷം ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങൾ കുറഞ്ഞ നിരക്കിൽ കുടുംബശ്രീ വഴി വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതി എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതാണ്. വയനാട് ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും ഇതിനകം പ്രാവർത്തികമായിട്ടുള്ളതും വയനാട് ജില്ലയിൽ ഉടൻ പ്രാവർത്തികമാക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുമുണ്ട്.

(ഡി) ഉണ്ട്. കാർഷിക ഉത്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന് വിപണന സഹകരണ സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ 75% പരമാവധി 25 ലക്ഷം രൂപ സബ്സിഡി, ഓഹരി, വായ്പയായി യഥാക്രമം 20:25:30 എന്ന അനുപാതത്തിൽ സർക്കാർ സഹായം നൽകിവരുന്നുണ്ട്. ഇതിനായി 2019-20 വർഷത്തേയ്ക്ക് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) പ്രാഥമിക സഹകരണ സംഘങ്ങൾ സർഫാസി നിയമത്തിൽ ഉൾപ്പെടുന്നില്ല. കർഷക താൽപ്പര്യം സംരക്ഷിക്കുന്നതിന് സഹകരണ മേഖലയെ സർഫാസി നിയമത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. സഹകരണ മേഖലയിലെ സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിലും അർബൻ ബാങ്കുകളിലുമാണ് സർഫാസി നിയമം ബാധകമാക്കിയിട്ടുള്ളത്.

## ഭൂമിക്കടിയിലൂടെ വൈദ്യുതി ലൈൻ

27 (*507) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കമ്പി പൊട്ടി വീണ് ജനങ്ങളുടെ ജീവനും സ്വത്തിനും നാശം സംഭവിക്കുന്നത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(ബി) വൈദ്യുതി ലൈൻ ഭൂമിക്കടിയിലൂടെ കടന്നുപോകുന്ന രീതിയിലുള്ള സംവിധാനം ചെയ്യുന്നതിന് സർക്കാർ തീരുമാനം എടുക്കുമോ; എങ്കിൽ വിശദമാക്കുമോ;

(സി) സ്വകാര്യ വ്യക്തികൾ തന്റെ പുരയിടത്തിലേയ്ക്കും കൃഷി സ്ഥലങ്ങളിലേക്കും ഭൂമിക്കടിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിന് അവർ തന്നെ ചെലവ് വഹിച്ചാൽ അതിന് സർക്കാർ അനുമതി നൽകുമോ; വ്യക്തമാക്കാമോ;

(ഡി) ഭൂമിക്കടിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് ഭൂമിക്കടിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിന് ചെലവാകുന്ന തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതി കമ്പി പൊട്ടിവീണുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി ബോർഡ് ക്രിയാത്മകമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി സുരക്ഷാ നടപടിക്രമങ്ങൾ കർശനമായി നടപ്പിലാക്കാനായി ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ സുരക്ഷാവിഭാഗം ശക്തിപ്പെടുത്തുകയും വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുകയും ചെയ്യുന്നു.

വൈദ്യുതി കമ്പി പൊട്ടിവീഴാതിരിക്കാനായി ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ AAC കമ്പികൾ പൂർണ്ണമായും ഒഴിവാക്കി ACSR കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ ACSR കമ്പികൾ മാറ്റി പുതിയ ACSR കമ്പികളാക്കുന്നതിനും സുരക്ഷയെ മുൻനിർത്തി KSEBL അതീവ പ്രാധാന്യം നൽകിവരുന്നു. കഴിഞ്ഞ പത്ത് വർഷങ്ങളിലായി 1.38 ലക്ഷം കി.മീ. ലൈൻ, KSEBL റീ കണ്ടക്ടറിംഗ് നടത്തിക്കഴിഞ്ഞു. കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തിയും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിച്ചും വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത ലോകനിലവാരത്തിലേക്ക് ഉയർത്തുകയാണ് 2021-ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 1.68 ലക്ഷം കി.മീ. AAC കമ്പികൾ മാറ്റി സ്ഥാപിക്കുന്നതിനാണ് KSEBL ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ

ഘട്ടംഘട്ടമായി എബിസി കണ്ടക്ടറുകൾ സ്ഥാപിച്ചുകൊണ്ടും നിർമ്മിക്കുന്ന ലൈനുകളുടെ ഗുണമേന്മ പൂർണ്ണമായും ഉറപ്പുവരുത്തിക്കൊണ്ടും ലൈനുകൾ പൊട്ടി വീഴുന്നത് ഒഴിവാക്കാൻ KSEBL ശ്രദ്ധിച്ചുവരുന്നു.

കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ സ്പേസറുകൾ സ്ഥാപിച്ചുകൊണ്ടും വൈദ്യുതി കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കാൻ ശ്രദ്ധിക്കുന്നു. ഇതുകൂടാതെ പ്രകൃതിക്ഷോഭംമൂലം ലൈൻപൊട്ടിവീണ് കിടക്കുന്നപക്ഷം അവമൂലമുണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട് ലൈൻ ഏർപ്പെടുത്തിയും ഏത് പരാതിയും നേരിട്ട് അറിയിക്കുന്നതിന് 1912 എന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടങ്ങൾ ഒഴിവാക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.

ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സേഫ്റ്റി ഓഫീസർമാർക്കായി സുരക്ഷാ വർക്ക്ഷോപ്പ് നടത്തുകയും ഇതിൽ ലൈനിൽ ജോലി ചെയ്യുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെപ്പറ്റിയും ലൈനുകൾ ശരിയായി പരിപാലിക്കേണ്ടതിനെപ്പറ്റിയും വിശദമായി ചർച്ച ചെയ്യുകയും അതിനെപ്പറ്റി പരിശീലനം നൽകുകയും ചെയ്യുന്നു.

(ബി) ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് വളരെ ചെലവേറിയതാകയാൽ RAPDRP പദ്ധതി നിലവിലുള്ള നഗര പ്രദേശങ്ങളിൽ മാത്രമേ ഓവർഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടുള്ളൂ. ഇത്തരത്തിൽ ഫണ്ട് ലഭ്യമാകുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി കേബിളുകളോ എബിസി കണ്ടക്ടറുകളോ മറ്റ് കവേർഡ് കണ്ടക്ടറുകളോ സ്ഥാപിക്കുവാനാണുദ്ദേശിക്കുന്നത്.

ഭൂഗർഭ കേബിൾ സംവിധാനത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ നടപ്പിലാക്കി. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി നാളിതുവരെ നഗരപ്രദേശങ്ങളിലായി 1810 കിലോമീറ്റർ 11 കെ.വി. ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചുകഴിഞ്ഞു.

| | |
|---|---|
| APDRP-395 km | പൂർത്തീകരിച്ച പദ്ധതികൾ |
| R-APDRP-1357 km | |

IPDS-58 km (പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 193 കിലോമീറ്റർ കേബിൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതിൽ 58 km സ്ഥാപിച്ച് കഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.)

(സി) സ്വകാര്യ വ്യക്തികൾക്ക് തങ്ങളുടെ പുരയിടത്തിലേയ്ക്ക് അവർ തന്നെ ചെലവ് വഹിക്കുന്ന പക്ഷം മറ്റു സാങ്കേതിക പ്രശ്നങ്ങൾ ഒന്നുമില്ലെങ്കിൽ സർവ്വീസ് കണക്ഷൻ ഉൾപ്പെടെ ഭൂമിക്കടിയിലൂടെ ലൈൻ വലിച്ചുകൊടുക്കുന്നത് പരിഗണിക്കാവുന്നതാണ്.

(ഡി) ഭൂമിക്കടിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടില്ല.

(ഇ) ഒരു മീറ്റർ 11 KV UG കേബിൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ച നിരക്ക് പ്രകാരം 1770 രൂപയാണ്. ഇതുകൂടാതെ റോഡ് റെസ്റ്റോറേഷൻ ചാർജ്ജും മറ്റ് യൂട്ടിലിറ്റി ചാർജ്ജുകളും അധികം വരുന്നതാണ്. ലോ ടെൻഷൻ UG കേബിൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് കമ്മീഷൻ ഇപ്പോൾ നിശ്ചയിച്ചിട്ടില്ല.

## ശബരിമല മാസ്റ്റർ പ്ലാൻ

28 (*508) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. സി. ദിവാകരൻ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ; മാസ്റ്റർ പ്ലാൻ പ്രകാരം പൂർത്തിയാക്കിയ ജോലികളുടെയും ഇനി പൂർത്തീകരിക്കേണ്ട ജോലികളുടെയും വിവരങ്ങൾ അറിയിക്കുമോ;

(ബി) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചും ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനും സർക്കാരിന്റെ സാമ്പത്തിക വിഹിതം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ശബരിമല തീർത്ഥാടകർക്ക് അമ്പത് കിലോ മീറ്റർ ഇടവിട്ട് ഇടത്താവള സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ശബരിമല വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഒരുക്കിയിട്ടുള്ള സംവിധാനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; ഇതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുമോ; വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ശബരിമലയിൽ ഉണ്ടാകുന്ന തീർത്ഥാടകരുടെ തിരക്കും അടിസ്ഥാന സൗകര്യവികസനത്തിനുള്ള ആവശ്യകതയും പരിഗണിച്ച് ശബരിമലയുടെ വികസനത്തിനായി സുപ്രീംകോടതിയുടെ അനുമതിയോടെ കേന്ദ്രസർക്കാർ വനഭൂമി ലഭ്യമാക്കുകയുണ്ടായി. ഇങ്ങനെ ലഭ്യമാക്കിയ വനഭൂമിയുടെ കൃത്യവും ദീർഘവീക്ഷണത്തോടുകൂടിയുള്ളതുമായ ഉപയോഗം ഉറപ്പാക്കേണ്ട ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനാണ്. ഇതിലേക്കായി 2005-ൽ തന്നെ ഒരു കൺസൾട്ടന്റിനെ നിയോഗിച്ച് വിശദമായ പഠനം നടത്തി വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് ശബരിമലയ്ക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയുണ്ടായി. പ്രസ്തുത മാസ്റ്റർ പ്ലാൻ 2007-ൽ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സന്നിധാനത്തും പമ്പയിലും ക്ഷേത്ര സമുച്ചയമൊഴികെയുള്ള എല്ലാ നിർമ്മിതികളും ഒഴിവാക്കുക, തീർത്ഥാടകർക്കാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി നിലയ്ക്കൽ ബേസ് ക്യാമ്പാക്കുക, പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തുക മുതലായവയാണ് മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളത്. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികളും പൂർത്തിയാക്കാനുള്ള പ്രവൃത്തികളും അനുബന്ധമായി* ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ബി) 2019 സാമ്പത്തിക വർഷം ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമല സാനിറ്റേഷൻ സൊസൈറ്റിക്ക് 1338.7 ലക്ഷം രൂപയും തദ്ദേശ സ്വയംഭരണ വകുപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് 2.2 കോടി രൂപയും നഗരസഭകൾക്ക് 1 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. പോലീസ്, ആരോഗ്യം തുടങ്ങിയ വകുപ്പുകൾക്ക് ഓരോ തീർത്ഥാടനകാലത്തും ആവശ്യമായി വരുന്ന തുക സർക്കാർ അനുവദിച്ചു നൽകുന്നുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് ഈ വർഷം 28 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശബരിമലയുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് 738 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശബരിമല തീർത്ഥാടകർക്ക് വേണ്ടി അമ്പതു കിലോമീറ്റർ ഇടവിട്ട് ഇടത്താവള സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും സർക്കാർ വിഹിതവും കിഫ്ബി ഫണ്ടും വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ, ഭക്ഷണ സൗകര്യം, വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിനുള്ള പെട്രോൾ പമ്പുകൾ എന്നിവയുൾപ്പെടെയുള്ള സൗകര്യങ്ങളോടെയാണ് ഇടത്താവളം പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ഭൂമിയിലും കൂടൽമാണിക്യം ദേവസ്വത്തിലും ശബരിമല ഇടത്താവളം നിർമ്മിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടികൾ തുടർന്നുവരുന്നു.

(ഡി) ശബരിമല വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായി ഒരു ഗവേണിംഗ് ബോഡിയും ദേവസ്വം സെക്രട്ടറി അദ്ധ്യക്ഷനും വകുപ്പ് മേധാവികളും സാങ്കേതിക വിദഗ്ദ്ധരും അംഗങ്ങളുമായ ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന കമ്പനിയായി ഒരു എസ്.പി.വി. രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മുള വ്യവസായത്തിന്റെ സംരക്ഷണം

29 (*509) <u>ശ്രീ. ബി. ഡി. ദേവസ്സി:</u>
<u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായത്തിൽപ്പെട്ട ഈറ്റ, പനമ്പ് നെയ്ത്തുതൊഴിലാളികളെ സംരക്ഷിക്കുന്നതിന് ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വലിയ നഷ്ടത്തിലായിരുന്ന ബാംബൂ കോർപ്പറേഷനെ കരകയറ്റാനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) മുള വ്യവസായത്തിന്റെ സംരക്ഷണത്തിനായി ബാംബൂ കോർപ്പറേഷനോടൊപ്പം സുരഭി, കാഡ്കോ, ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളെക്കൂടി ഉൾപ്പെടുത്തി ബാംബൂ മിഷൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കരകൗശല മേഖലയിൽ പരിശീലനം നൽകുന്നതിനും പൊതു, സ്വകാര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷൻ സമൂഹത്തിലെ താഴെത്തട്ടിലുള്ള ഈറ്റ വെട്ട്-പനമ്പ് നെയ്ത്ത് മേഖലയിലെ സ്ത്രീ പ്രാതിനിധ്യം വളരെയധികമുള്ള തൊഴിലാളികളുടെ ഉന്നമനവും ഗോത്രമേഖലയിലെ തൊഴിലാളികളുടെ പുരോഗതിയും, സാമൂഹ്യ സുരക്ഷിതത്വവും ലക്ഷ്യമിട്ട് 1971-ൽ രൂപീകൃതമായ പൊതുമേഖലാ സ്ഥാപനമാണ്. പരമ്പരാഗത വ്യവസായത്തിൽപ്പെട്ട ഈറ്റ, പനമ്പ് നെയ്ത്ത് തൊഴിലാളികളെ സംരക്ഷിക്കുന്നതിന് താഴെ വിവരിക്കുന്ന വിധത്തിൽ നടപടികൾ നടപ്പിലാക്കിയിട്ടുണ്ട്.

(1) കോർപ്പറേഷന്റെ അംഗീകൃത ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് 'മിനിമം വേജസ് പദ്ധതി' നടപ്പിലാക്കി. പരമ്പരാഗത ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 8-5-2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ ഭാഗമായ ഡി.എ. ആയി 192 ലക്ഷം രൂപ (13 മാസത്തേത്) ഈ സർക്കാർ നൽകിയിട്ടുണ്ട്.

(2) ഈറ്റ സുലഭമായി ലഭിക്കുന്നതിനായി സെപ്റ്റംബർ 2018 മുതൽ ഈറ്റ ശേഖരിക്കാൻ വേണ്ട അനുമതി ലഭ്യമാക്കി.

(3) പനമ്പിന്റെ സംഭരണ വില പുതുക്കി നിശ്ചയിച്ചു.

(4) പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ വിജയമായതോടെ അവയുടെ എണ്ണം വർദ്ധിപ്പിച്ചു. ഇതിന്റെ ഭാഗമായി അങ്കമാലി മേഖലയിലും തിരുവനന്തപുരം മേഖലയിലും സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചു. ഇത് പരമ്പരാഗത തൊഴിൽ മേഖലയെ

പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ചെറുപ്പക്കാരെ ഈ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നതിനും അവസരമൊരുക്കി.

(5) ഈറ്റയിൽ നിന്നും അളി കീറി പനമ്പ് നെയ്യേണ്ടി വരുന്ന തൊഴിലാളികളുടെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഉൽപ്പാദന വർദ്ധനവിന് അനുസരിച്ച് കൂടുതൽ കൂലി ലഭ്യമാക്കുന്നതിനും ആവശ്യാനുസരണം പനമ്പ് നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അങ്കമാലിയിലും പെരുമ്പാവൂർ വല്ലത്തും അളി വിതരണ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി.

(6) കോർപ്പറേഷന്റെ ഉൽപ്പന്നങ്ങളായ ഫ്ളാറ്റന്റ് ബാംബൂ ബോർഡ്, ബാംബൂ ഫ്ലോറിംഗ് ടൈൽസ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുവായ ബാംബൂ സ്ട്രിപ്പ് നിർമ്മിക്കുന്നതിനുവേണ്ടി പാലക്കാട്, മാനന്തവാടി, നാദാപുരം എന്നിവിടങ്ങളിലെ ഫീഡർ യൂണിറ്റുകൾ പുനഃക്രമീകരിച്ചു.

(7) പാലക്കാട് ജില്ലയിലെ തെങ്കുറിശ്ശി ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് കോർപ്പറേഷൻ ബാംബൂ കർട്ടനുകൾ, ടൂത്ത് പിക്ക്, കർട്ടൻ ബ്ലിൻഡ്സ്, ഇൻസെൻസ് സ്റ്റിക്സ്, ബാംബൂ സ്ട്രിപ്സ് തുടങ്ങിയ മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(8) കോർപ്പറേഷന്റെ പുതിയ സംരംഭങ്ങളായ കേരളത്തിൽ ഉടനീളം 15 കമ്മ്യൂണിറ്റി വീവിംഗ് സെന്ററുകൾ, ബാംബൂ ഹാന്റിക്രാഫ്റ്റ് മേഖലയിലുള്ളവർക്കുള്ള കോമൺ ഫെസിലിറ്റി സെന്റർ, ലൈവ്ലിഹുഡ് ബിസിനസ്സ് ഇൻക്യുബേഷൻ യൂണിറ്റുകൾ, ബാംബൂ ട്രീറ്റ്മെന്റ് ഫെസിലിറ്റി, ബാംബൂ വെയ്സ്റ്റ് മാനേജ്മെന്റ് സിസ്റ്റം, ബാംബൂ ഫർണീച്ചർ യൂണിറ്റ്, ബാംബൂ കൊറഗേറ്റഡ് റൂഫിംഗ്, മാനുഫാക്ചറിംഗ് യൂണിറ്റ്, ബാംബൂ ഗോഡൗൺ, ടൂറിസം കേന്ദ്രങ്ങളിൽ ബാംബൂ ഉൽപ്പന്ന വിപണന കേന്ദ്രങ്ങൾ എന്നിവയ്ക്കും അനുമതി ലഭിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായത്തിൽപ്പെട്ട ബാംബൂ കോർപ്പറേഷന്റെ ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കി സംഭരിച്ച് വിപണനം നടത്തുന്നതിനും കാലാനുസൃതമായി നവീകരിക്കുന്നതിനുമുള്ള നടപടികൾ താഴെ വിവരിക്കുന്ന വിധത്തിൽ കൈക്കൊണ്ടിട്ടുണ്ട്.

(1) 15 സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ തുടങ്ങാനും ബാംബൂ കൊറഗേറ്റഡ് ഷീറ്റ് നിർമ്മാണത്തിനുമായി 7.85 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചു. ആയതിൽ 5 കോടി രൂപ അനുവദിച്ച് തന്നിട്ടുള്ളതിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(2) കാലങ്ങളായി പനമ്പും ബാംബൂ പ്ലൈയും വില കുറച്ച് വിൽപ്പന നടത്തിയിരുന്ന നഷ്ടം പരിഹരിക്കുന്നതിനായി ഉത്പാദന ചെലവെങ്കിലും കോർപ്പറേഷന് ലഭിക്കുന്ന രീതിയിൽ പനമ്പിന്റെയും പ്ലൈയുടെയും വില ചെറിയ തോതിൽ വർദ്ധിപ്പിക്കുക വഴി കോർപ്പറേഷന്റെ നഷ്ടം അൽപ്പമെങ്കിലും കുറയ്ക്കാൻ സാധിച്ചു.

(3) ബാംബൂ ബോർഡ് ഫാക്ടറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിലനിലവാരം കുറഞ്ഞതും ഗുണമേന്മ കൂടിയതുമായ ബാംബൂ പ്ലൈ സ്റ്റാൻഡേർഡ് വിപണിയിലെത്തിക്കുക വഴി വിപണി പിടിച്ചടക്കാനും കൂടുതൽ ഓർഡർ ലഭിക്കാനും പ്രവർത്തന നഷ്ടം അൽപ്പമെങ്കിലും കുറയ്ക്കുന്നതിനും സാധിച്ചു. പനമ്പിന്റെ അപര്യാപ്തത നീക്കുന്നതിന്റെ ഭാഗമായി മുളയുടെ സ്ട്രിപ്പുകൾ ഒട്ടിച്ച് പ്ലൈ നിർമ്മിക്കുകയും ഇപ്രകാരം ഫാക്ടറിയുടെ പ്രവർത്തന ദിവസങ്ങൾ കൂട്ടുന്നതിനും ഗുണമേന്മയുള്ള പ്ലൈ നിർമ്മിക്കുന്നതിനും വേണ്ടിയുള്ള മെഷീനുകൾ മോഡിഫിക്കേഷൻ നടത്തി പ്ലൈ നിർമ്മിക്കുകയും വിപണി കണ്ടെത്തുകയും ചെയ്തു.

(4) കഴിഞ്ഞ കാലങ്ങളിൽ പ്രതിമാസം 4 ദിവസങ്ങളിൽ ഉണ്ടായിരുന്ന പ്രൊഡക്ഷൻ 15-16 ദിവസം വരെ എടുക്കുവാൻ സാധിക്കുന്നുണ്ട്. ഇതുമൂലം കോർപ്പറേഷന്റെ ടേൺ ഓവർ കൂട്ടാനുള്ള ശ്രമം നടന്നുവരുന്നു. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനെ മുള ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന അക്രെഡിറ്റേഷൻ ഏജൻസിയാക്കുന്നതിനുള്ള അപേക്ഷ സർക്കാർ പരിഗണനയിലാണ്.

(5) മുളയിൽ നിന്നും പരിസ്ഥിതി സൗഹൃദ ഉല്പന്നമായ ബാംബൂ-ഫ്ലോറിംഗ് ടൈൽസ് ഉൽപ്പാദിപ്പിക്കുന്നതിനായി 2011-ൽ കോഴിക്കോട് ജില്ലയിലെ നല്ലളത്ത് 'ഹൈടെക് ബാംബൂ ഫ്ലോറിംഗ് ടൈൽസ് ഫാക്ടറി' സ്ഥാപിച്ച് ഫാക്ടറി മെഷീനറികളുടെ പുനഃക്രമീകരണം നടത്തി ഉൽപ്പാദനം ശാസ്ത്രീയമാക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(6) സംസ്കരിച്ച മുള ഉപയോഗിച്ച് വനം വകുപ്പ്, കെ.ടി.ഡി.സി., ഫിഷറീസ് യൂണിവേഴ്സിറ്റി എന്നീ സർക്കാർ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഇക്കോ ഹബ്ബുകൾ, ബാംബൂ ഹട്ടുകൾ, ബാംബൂ ഫർണീച്ചർ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ബോട്ടുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും തുടങ്ങിയ കോർപ്പറേഷന് ലഭിച്ച ഓർഡറുകൾ പൂർത്തീകരിച്ച് ഭാവിയിൽ ഈ മേഖലയെ വിപുലീകരിച്ച് വികസനത്തിന്റെ പാതയിലാക്കിക്കൊണ്ടിരിക്കുകയാണ്.

(7) പുതിയ പ്രോജക്ട് എന്ന നിലയ്ക്ക് ബാംബൂ ലോഗ്സ്, ബാംബൂ കൊറഗേറ്റഡ് ഷീറ്റ്, ചന്ദനത്തിരി സ്റ്റിക്ക് എന്നിവ ഉണ്ടാക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കി വരുന്നു.

(8) ബാംബൂ ബോർഡ് ഫാക്ടറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വില കുറഞ്ഞ എന്നാൽ ഗുണമേന്മ കൂടിയ ബാംബൂ പ്ലൈ സ്റ്റാൻഡേർഡ്സ് വിപണിയിലെത്തിക്കുകവഴി വിപണി പിടിച്ചെടുക്കാനും കൂടുതൽ ഓർഡർ ലഭിക്കാനും പ്രവർത്തന നഷ്ടം കുറയ്ക്കാനും സാധിച്ചു.

കേരളത്തിലെ മുള മേഖലയിലെ അസംഘടിതരായ കരകൗശലക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പന്ന ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും മത്സരോത്സുക വിപണി ഉറപ്പുവരുത്തുന്നതിനായും സംസ്ഥാന സർക്കാരിന് കീഴിൽ രൂപീകരിച്ചിട്ടുള്ള സ്ഥാപനമാണ് കേരള സംസ്ഥാന ബാംബൂ മിഷൻ.

പരമ്പരാഗത വ്യവസായത്തിൽപ്പെട്ട ഈറ്റ, പനമ്പ് തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സുരഭിയുടെ പ്രൈമറി സംഘങ്ങളായ ദീപ്തി ഹാന്റിക്രാഫ്റ്റ്സ്, ഇരിങ്ങാലക്കുട, സെറാഫിക്ക് ഹാന്റിക്രാഫ്റ്റ്സ്, വെള്ളികുളങ്ങര ഉണർവ് ഹാന്റിക്രാഫ്റ്റ്സ്, വയനാട് എന്നീ സംഘങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങി വിൽപ്പന നടത്തി വരുന്നു.

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷനെ കരകയറ്റാനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു:

1. കോർപ്പറേഷന്റെ അംഗീകൃത ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് മിനിമം വേജസ് പദ്ധതി നടപ്പിലാക്കി.

2. പനമ്പിന്റെ സംഭരണ വില പുതുക്കി നിശ്ചയിച്ചു.

3. പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സാമൂഹ്യയന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ വിജയമായതോടെ അവയുടെ എണ്ണം വർദ്ധിപ്പിച്ചു.

4. ഈറ്റയിൽ നിന്നും അളി കീറി പനമ്പ് നെയ്യേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾമൂലം ഈ മേഖലയിൽ നിന്നും മാറി നിൽക്കുന്ന തൊഴിലാളികളെ തിരിച്ചു കൊണ്ടുവരുന്നതിനായി അത്തരക്കാർക്ക് ആവശ്യാനുസരണം പനമ്പ് നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ സ്ലീവറിംഗ് യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി.

5. ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് കോർപ്പറേഷൻ നൽകിയിരുന്ന ചികിത്സ-മരണാനന്തര ആനുകൂല്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ നിലവിലുണ്ടായിരുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ പരിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി വരുന്നു.

6. കോർപ്പറേഷന്റെ ഉൽപ്പന്നങ്ങളായ 'ഫ്ലാറ്റന്റ് ബാംബു ബോർഡ്, ബാംബൂ ഫ്ലോറിംഗ് ടൈൽസ്' എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുവായ 'ബാംബൂ സ്ട്രിപ്പ്' നിർമ്മിക്കുന്നതിനുവേണ്ടി പാലക്കാട്, മാനന്തവാടി, നാദാപുരം എന്നിവിടങ്ങളിലെ ഫീഡർ യൂണിറ്റുകൾ പുനഃക്രമീകരിച്ചു.

7. പാലക്കാട് ജില്ലയിലെ തെങ്കുറിശ്ശി ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് കോർപ്പറേഷൻ ബാംബൂ കർട്ടനുകൾ, ടൂത്ത് പിക്ക്, കർട്ടൻ ബ്ലിൻഡ്സ്, ഇൻസെൻസ് സ്റ്റിക്സ്, ബാംബൂ സ്ട്രിപ്പ് തുടങ്ങിയ മൂല്യധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

8. പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാനും പുതിയ തലമുറയെ പനമ്പ് നെയ്ത്ത് പഠിപ്പിക്കുന്നതിനും കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകി ഈ പരിശീലന കേന്ദ്രത്തിൽ വിവിധ ബാച്ചുകളിലായി 200 പേർക്ക് പനമ്പ് നെയ്ത്തിൽ പരിശീലനം നൽകി ജോലി ലഭ്യമാക്കാൻ സാധിച്ചു.

9. കേരളത്തിലുടനീളം 15 കമ്മ്യൂണിററി വീവിംഗ് സെന്ററുകൾ, ബാംബൂ ഹാന്റിക്രാഫ്റ്റ് മേഖലയിലുള്ളവർക്കുള്ള കോമൺ ഫെസിലിറ്റി സെന്റർ, ലൈവ്‌ലിഹുഡ് ബിസിനസ്സ് ഇൻകുബേഷൻ യൂണിറ്റുകൾ, ബാംബു ട്രീറ്റ്മെന്റ് ഫെസിലിറ്റി, ബാംബു വെയ്സ്റ്റ് മാനേജ്മെന്റ് സിസ്റ്റം ഫർണീച്ചർ യൂണിറ്റ്, ബാംബൂ കൊറഗേറ്റഡ് റൂഫിംഗ്, മാനുഫാക്ചറിംഗ് യൂണീറ്റ്, ബാംബൂ ഗോഡൗൺ, ടൂറിസം കേന്ദ്രങ്ങളിൽ ബാംബൂ ഉല്പന്ന വിപണന കേന്ദ്രങ്ങൾ എന്നിവയും കൂടാതെ കോർപ്പറേഷന്റെ സ്വപ്ന പദ്ധതിയായ ബാംബൂ ലോഗ്സ് ഉല്പാദന കേന്ദ്രത്തിനുവേണ്ടിയുള്ള മുള ഉല്പാദനത്തിന് വേണ്ടി 1500 ഓളം ഏക്കർ സാന്ദ്രത കൂടിയ ബാംബൂ തോട്ടത്തിന് ഈ വർഷം അനുമതി ലഭിച്ചിട്ടുണ്ട്.

10. 2018 സെപ്റ്റംബർ മുതൽ ഈറ്റ ശേഖരിക്കാൻ വേണ്ട അനുമതി ലഭ്യമായിട്ടുണ്ട്.

11. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ നിന്നും കേരള സംസ്ഥാന ബാംബൂ മിഷൻ വഴി 50 കോടി രൂപയുടെ പദ്ധതികൾ നാഷണൽ ബാംബൂ മിഷന് സമർപ്പിക്കുകയും അതിൽ 25.41 കോടി രൂപയുടെ 11 പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

ബാംബൂ മേഖലയിലെ കരകൗശല വിദഗ്ധരെ ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്നതിന് പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ വിദേശത്തുള്ളവരുടെയടക്കം പങ്കെടുപ്പിച്ച് ദേശീയ കരകൗശല മേള സംഘടിപ്പിച്ചു.

(സി) കേരളത്തിലെ മുള വ്യവസായ സംരക്ഷണത്തിനായി സംസ്ഥാന ബാംബൂ മിഷൻ നടപ്പിലാക്കുന്ന പദ്ധതികളിൽ കാഡ്കോ, സുരഭി, ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ ഏജൻസികൾ എന്നിവരിൽ നിന്നും മുള സംബന്ധമായ പ്രൊപ്പോസലുകൾ ലഭിക്കുകയാണെങ്കിൽ സംസ്ഥാന ബാംബൂ മിഷൻ അനുയോജ്യമായ സ്കീമുകളിൽ പ്രസ്തുത പദ്ധതികളെ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

(ഡി) പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാൻ ലക്ഷ്യമിട്ട് പുതിയ തലമുറയെ പനമ്പ് നെയ്ത്ത് പഠിപ്പിക്കുന്നതിന്റെയും കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിന്റെയും ഉദ്ഘാടനം 31-7-2017-ന് കോർപ്പറേഷന്റെ ആസ്ഥാന മന്ദിരത്തിൽ ബഹുമാനപ്പെട്ട വ്യവസായ വാണിജ്യ കായിക വകുപ്പ് മന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഈ പരിശീലന കേന്ദ്രത്തിൽ വിവിധ ബാച്ചുകളിലായി 200 പേർക്ക് പനമ്പ് നെയ്ത്തിൽ പരിശീലനം നൽകി ജോലി ലഭ്യമാക്കാൻ സാധിച്ചു. നല്ലളം ആസ്ഥാനമായി പ്രവർത്തിക്കുന്ന തറയോട് നിർമ്മാണ ഫാക്ടറിയും അനുബന്ധ യൂണിറ്റുകളായ മാനന്തവാടി, നാദാപുരം, പാലക്കാട് എന്നിവയെയും മുളയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് പ്രാപ്തമാകുന്ന രീതിയിൽ പുനഃസംഘടിപ്പിച്ചു വരുന്നു. മാനന്തവാടി ഫീഡർ യൂണിറ്റിൽ മുള സംസ്കരിക്കുന്നതിനാവശ്യമായ യൂണിറ്റ് നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചു. ഇവിടെ നിന്നും മുള കൊണ്ടുള്ള ഫർണീച്ചർ നിർമ്മിക്കുന്നതിനാശ്യമായ പരിശീലനം തൊഴിലാളികൾക്ക് നൽകി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. സംസ്ഥാന ബാംബൂ കോർപ്പറേഷൻ സുരഭിയുടെ സഹായത്തോടെ തൃശ്ശൂരിൽ കരകൗശല ഉല്പന്നങ്ങൾക്ക് വിപണന ശൃംഖല സ്ഥാപിക്കുന്നതിനായുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ ബാംബൂ ഫെസ്റ്റുകളിൽ പങ്കെടുത്ത് കോർപ്പറേഷന്റെ കരകൗശല ഉല്പന്നങ്ങൾ വിറ്റഴിക്കാനും സാധിക്കുന്നു. കരകൗശല വസ്തുക്കളുടെ മാർക്കറ്റിംഗ് ആധുനിക സൗകര്യങ്ങളോടെ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സുരഭിയുടെ കല്ലൂരിലുള്ള ക്രാഫ്റ്റ് ഡെവലപ്മെന്റ് സെന്ററിൽ കരകൗശല തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നു. സുരഭിയെ കൂടാതെ സ്വകാര്യ കരകൗശല വിദഗ്ധരും ഈ സൗകര്യങ്ങൾ ഉപയോഗിച്ചുവരുന്നു.

കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന അസംഘടിതരായ കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗമനപാതയിലേക്ക് നയിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ പ്രവർത്തിച്ചുവരുന്നു. കേരള സംസ്ഥാന ബാംബൂ മിഷൻ കൈക്കൊണ്ടുവരുന്ന വിവിധ പരിശീലന പരിപാടികളും, പൊതു-സ്വകാര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി ചെയ്തു വരുന്ന കാര്യങ്ങളും താഴെപ്പറയുന്നു.

മുള ഉൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി

കേരളത്തിലെ വിവിധ ജില്ലകളിൽ എൻ.ജി.ഒ./സൊസൈറ്റി മുഖേന മുളകൊണ്ട് കരകൗശല വസ്തുക്കൾ/നൂതന ഗൃഹോകരണങ്ങൾ/ബാംബൂ കർട്ടൻ/വിവിധതരം മുള നെയ്ത്ത് ഉല്പന്നങ്ങൾ/മുള കൊണ്ടുള്ള പേന, പെൻസ്റ്റാന്റ്, ട്രോഫി, മെമന്റോ, ജ്വലറി കളിപ്പാട്ടങ്ങൾ/ഫർണിച്ചർ നിർമ്മാണം/മുള കൊണ്ടുള്ള കെട്ടിട നിർമ്മാണത്തിനുള്ള പരിശീലനം തുടങ്ങിയ മേഖലയിൽ പരിശീലനം നൽകി വരുന്നു. കൂടാതെ സംസ്ഥാന ബാംബൂ മിഷൻ ബാംബൂ ഇന്നൊവേഷൻ സെന്റർ, അങ്കമാലിയിൽ നേരിട്ട് നൂതന സാങ്കേതിക വിദ്യ പരിചയപ്പെടുത്തിയുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

നൈപുണ്യ വികസന പരിശീലന പരിപാടികൾ

കേരള സംസ്ഥാന ബാംബൂ മിഷൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുള മേഖലയിലെ കരകൗശലക്കാർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ കരകൗശലക്കാർക്ക് നൂതനമായി ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

പരിശീലകർക്കുള്ള പരിശീലന പരിപാടികൾ (ToT Training Programme)

കേരള സംസ്ഥാന ബാംബൂ മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ബാംഗ്ലൂർ, അഹമ്മദാബാദ്, സെന്റർ ഫോർ ഇന്ത്യൻ ബാംബൂ റിസോഴ്സ് & ടെക്നോളജി (CIBART), ഗുജറാത്ത്; ബാംബൂ & കെയ്ൻ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (BCDI), അഗർത്തല എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പരിശീലകർക്കുള്ള പരിശീലന പരിപാടി (ToT Training Programme) സംഘടിപ്പിച്ചു. ഈ പരിശീലകരെ ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികളിൽ മാസ്റ്റർ ട്രെയിനേഴ്സാക്കി അവരുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

കൂടാതെ മുള മേഖലയുടെ പുരോഗമന ആശയങ്ങൾ പരിചയപ്പെടുത്തുന്നതിന് വേണ്ടി ദേശീയ/സംസ്ഥാന തലത്തിൽ വിവിധ വർക്ക്ഷോപ്പുകൾ/സെമിനാറുകൾ ഈ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ചു വരുന്നു.

മുള ഉല്പന്ന നിർമ്മാണത്തിനാവശ്യമായ യന്ത്രോപകരണങ്ങളുടെ വിതരണം

പരിശീലന പരിപാടികളിൽ പങ്കെടുത്ത കരകൗശലക്കാരുടെ 10 ഗ്രൂപ്പുകൾക്ക് ഉല്പന്ന പ്രക്രിയകളിലുള്ള പോരായ്മകൾ വിലയിരുത്തിയശേഷം അവരുടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ ടൂൾസും മറ്റ് ഉപകരണങ്ങളും നൽകി.

ബാംബൂ ഇന്നൊവേഷൻ സെന്റർ

സംസ്ഥാനത്ത് മുള മേഖലയ്ക്ക് വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ, അങ്കമാലിയിലെ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ പരിസരത്ത് ബാംബൂ ഇന്നൊവേഷൻ സെന്റർ രൂപീകരിച്ച് 2016 ആഗസ്റ്റ്, 16-ാം തീയതി മുതൽ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തെ മുള മേഖലയുടെ വികസനത്തിനായുള്ള ഒരു റിസോഴ്സ് സെന്ററായിട്ടാണ് ബാംബൂ ഇന്നൊവേഷൻ സെന്റർ പ്രവർത്തിക്കുന്നത്.

- മുളയുടെ പ്രജനനം പഠിക്കുന്നതിനുള്ള സംവിധാനം.
- മുള മേഖലയിൽ പ്രവർത്തിക്കുന്നവരെ ഏകോപിപ്പിക്കൽ.
- മുളകൊണ്ട് നിർമ്മിക്കാവുന്ന നൂതന മാതൃകകളുടെ പ്രദർശനം.
- പുതിയ മാതൃകകൾ ഉണ്ടാക്കുവാനും അത് പഠിപ്പിക്കുവാനുമുള്ള സംവിധാനം.
- നിർമ്മാണത്തിനാവശ്യമുള്ള ഉപകരണങ്ങളെപ്പറ്റി പഠിപ്പിക്കുക.
- ബാംബൂ ഉല്പാദന പ്രക്രിയയെ അടിസ്ഥാനമാക്കി ഉപകരണങ്ങൾ രൂപപ്പെടുത്തി ഉൽപ്പാദിപ്പിച്ച് കരകൗശലക്കാർക്ക് വിതരണം ചെയ്യുക.
- നിലവിലുള്ള കരകൗശലക്കാരുടെ നൈപുണ്യം വിലയിരുത്തി, അതിനെ അടിസ്ഥാനമാക്കി പരിശീലന പരിപാടികൾ തയ്യാറാക്കുക തുടങ്ങിയവയാണ് ബാംബൂ ഇന്നൊവേഷൻ സെന്ററിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ.

കരകൗശലക്കാർക്ക് സംസ്കരിച്ച മുള ലഭ്യമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ബാംബു മിഷനും കേരള സംസ്ഥാന ബാംബു കോർപ്പറേഷനുമായി ചേർന്ന് ഒരു ബാംബു സപ്ലൈ ചെയിൻ രൂപീകരിച്ചു വരികയാണ്. ഈ പദ്ധതി

രണ്ട് ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നത്. പദ്ധതിയിൽ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണവും ഡിപ്പോകളുടെ വികസനവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് അസംഘടിതരായ കരകൗശലക്കാർക്ക് ഉപയോഗമാകും.

കരകൗശല മേഖലയിൽ പരിശീലനം നൽകുന്നതിനും പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന് കീഴിലുള്ള ഓഫീസ് ഓഫ് ഡെവലപ്മെന്റ് കമ്മീഷണർ (ഹാൻഡിക്രാഫ്റ്റ്സ്)ന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടുകൂടി വിവിധ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

- <u>പൊതുസേവന കേന്ദ്രങ്ങൾ</u>

ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആന്റ് പ്രൊമോഷൻ ഓഫ് ഹാൻഡിക്രാഫ്റ്റ്സ് എന്ന പദ്ധതിയുടെ ഭാഗമായി കുഞ്ഞിമംഗലം (കണ്ണൂർ), ചേർപ്പ് (തൃശ്ശൂർ), കടവൂർ (കൊല്ലം), നിലമ്പൂർ (മലപ്പുറം), മീനങ്ങാടി (വയനാട്) എന്നീ അഞ്ച് സ്ഥലങ്ങളിൽ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

- <u>പരിശീലന പരിപാടികൾ</u>

<u>ഡിസൈൻ വർക്ക്ഷോപ്പ്</u>

പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തിവരുന്നു. ഇതിൽ വിവിധ ജില്ലകളിലായി 9 വർക്ക്ഷോപ്പുകൾ പൂർത്തിയായി. ഈ പരിപാടിയിലൂടെ 270 ഓളം ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും 110-ഓളം പുതിയ പ്രോട്ടോറ്റൈപ്പുകൾ നിർമ്മിക്കുകയും ചെയ്തു.

<u>ശിൽപ്പ അവബോധന പ്രോഗ്രാമുകൾ</u>

വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും കരകൗശല മേഖലയുടെയും ഉൽപ്പന്നങ്ങളെപ്പറ്റിയും അവബോധം നൽകുന്നതിനും പുതിയ തലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും 26 ശിൽപ്പ അവബോധന പ്രോഗ്രാമുകൾ (Craft Awareness Programmes) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സംഘടിപ്പിക്കുകയുണ്ടായി.

## സംസ്ഥാനത്തിന്റെ പൊതുകടം

30 (*510) ശ്രീ. എം. ഉമ്മർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പുറപ്പെടുവിച്ച ധവളപത്രത്തിൽ പൊതുകടം എത്രയായിരുന്നു; നിലവിലെ പൊതുകടം എത്രയാണ്; വിശദമാക്കാമോ;

(ബി) സംസ്ഥാനം അന്താരാഷ്ട്ര ബോണ്ടുകൾവഴി കടം വാങ്ങുമ്പോൾ അത് പൊതുകടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുമോ; വിശദമാക്കാമോ;

(സി) കേന്ദ്രം നിശ്ചയിച്ച പരിധിയിൽ കൂടുതൽ സംസ്ഥാനം കടം വാങ്ങിയാൽ കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കുന്നതിന് നിയമതടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൂൺ 2016-ൽ പുറത്തിറക്കിയ സംസ്ഥാന സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച ധവള പത്ര പ്രകാരം സംസ്ഥാനത്തിന്റെ 2015-16-ലെ ആകെ കടബാദ്ധ്യത 155389.33 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 30-4-2019 വരെയുള്ള സംസ്ഥാനത്തിന്റെ കടബാധ്യത 238588.78 കോടി രൂപയാണ്.

(ബി) സംസ്ഥാനം അന്താരാഷ്ട്ര ബോണ്ടുകൾവഴി കടമെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള അന്താരാഷ്ട്ര ബോണ്ട് ഉൾപ്പെടെയുള്ള എല്ലാ ധനസമാഹരണ മാർഗ്ഗങ്ങളിലൂടെയും കിഫ്ബി ഫണ്ട് സമാഹരിക്കുന്നുണ്ട്. ഇപ്രകാരം ബോണ്ടുകൾ വഴി സമാഹരിക്കുന്ന വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നുണ്ട്. എന്നാൽ ഇത് സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമാകുന്നില്ല.

(സി) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP യുടെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിനുമേൽ അധികരിക്കുന്ന വായ്പ വരും വർഷങ്ങളിലെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറവ് ചെയ്യുന്നതരത്തിൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ

1 (5260) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ പുനർനിർമ്മാണത്തിനായി ഫണ്ട് കണ്ടെത്താൻ ഏതൊക്കെ ഏജൻസികളിൽ നിന്നുമാണ് സർക്കാർ ഉപദേശങ്ങൾ സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) നവകേരള നിർമ്മാണത്തിനായി ആരംഭിച്ച റീബിൽഡ് കേരളം പദ്ധതി ഫണ്ട് ശേഖരണത്തിന് മാത്രമായി വിഭാവനം ചെയ്തതാണോ; വിശദമാക്കാമോ;

(സി) നവകേരള, കിഫ്ബി ഓഫീസുകൾ മോടിപിടിപ്പിക്കുന്നതിന് കോടികൾ ചെലവഴിക്കുന്ന സർക്കാർ നടപടി പ്രളയബാധിതരോടുള്ള അനീതിയാണ് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഫണ്ട് കണ്ടെത്താൻ ഏജൻസികളിൽനിന്നും ഉപദേശങ്ങൾ തേടിയിട്ടില്ല.

(ബി) പ്രളയ പുനർനിർമ്മാണത്തിന് ആവശ്യമായ ധനസമാഹരണം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഒരു പ്രധാന കർത്തവ്യമാണ്. എന്നാൽ ഇതുമാത്രമല്ല റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കടമ.

(സി) നവകേരള ഓഫീസ് മോടിപിടിപ്പിക്കുന്നതിനായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## പ്രവാസി ചിട്ടിയിൽ ഐ.ടി./നെറ്റ് വർക്കിംഗ് സാങ്കേതിക ഉപദേശം

2 (5261) ശ്രീ. പി. കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയിൽ ഐ.റ്റി./നെറ്റ് വർക്കിംഗ് സാങ്കേതിക ഉപദേശങ്ങൾക്കായി കൺസൾട്ടന്റായിട്ടോ ഉപദേശകരായിട്ടോ ഏതെങ്കിലും വ്യക്തിയെയോ വ്യക്തികളെയോ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം നിയമനം ലഭിച്ച വ്യക്തികളുടെ പേര്, ഇവർ കൈപ്പറ്റിയ പ്രതിഫലം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവരെ നിയമിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

## ധനകാര്യ വകുപ്പിന്റെ തുടർച്ചാനുമതി ലഭിച്ചുകൊണ്ട് പ്രവർത്തിക്കുന്ന വകുപ്പുകൾ

3 (5262) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ വകുപ്പിന്റെ തുടർച്ചാനുമതി ഓരോ വർഷവും പുതുക്കി ലഭിച്ചുകൊണ്ട് പ്രവർത്തിക്കുന്ന വകുപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വകുപ്പുകളിലെ ഏതെല്ലാം ഓഫീസുകൾക്കും തസ്തികകൾക്കും ആണ് തുടർച്ചാനുമതി നിലവിൽ നൽകിയിട്ടുള്ളത്; ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും വകുപ്പുകളിൽ തുടർച്ചാനുമതി നിഷേധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഡി) ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടിമാത്രം സൃഷ്ടിക്കപ്പെടുന്നതും ആവശ്യം പൂർത്തീകരിച്ച് കഴിയുമ്പോൾ നിർത്തലാക്കുകയും ചെയ്യുന്ന ഓഫീസുകൾക്കും തസ്തികകൾക്കുമാണ് തുടർച്ചാനുമതി ആവശ്യമുള്ളത്. ഓരോ

വകുപ്പും നൽകുന്ന ശിപാർശ പരിശോധിച്ചാണ് തുടർച്ചാനുമതി നൽകാറുള്ളത്. പല വകുപ്പുകളിലും ഇത്തരത്തിൽ തുടർച്ചാനുമതി ആവശ്യമുള്ള തസ്തികകളുണ്ട്. റവന്യൂ വകുപ്പിന് കീഴിലുള്ള LA യൂണിറ്റുകൾ, ലാന്റ് ട്രിബ്യൂണലുകൾ, സർവ്വേ വകുപ്പിന് കീഴിലുള്ള റീസർവ്വേ ഓഫീസുകൾ, പോലീസ് വകുപ്പ്, വിജിലൻസ് വകുപ്പ്, വനം വകുപ്പ്, ജലസേചന വകുപ്പ്, ആരോഗ്യ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വിവിധ കമ്മീഷനുകൾ, പ്രോജക്ടുകൾ എന്നിവിടങ്ങളിൽ തുടർച്ചാനുമതി ആവശ്യമുള്ള തസ്തികകളുണ്ട്. കൂടാതെ All India Service-ലെ Ex-cadre തസ്തികകളും തുടർച്ചാനുമതിയിലാണ് നിലനിർത്തിപ്പോരുന്നത്. ഇവയുടെ ആവശ്യകത പരിശോധിച്ച് തുടർച്ച ആവശ്യമുള്ളവയ്ക്ക് തുടർച്ച നൽകുകയും ആവശ്യമില്ലാത്തവ നിർത്തലാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള ഓഫീസുകളുടെ പേരും ജീവനക്കാരുടെ എണ്ണവും തസ്തികയും സംബന്ധിച്ച് ക്രോഡീകരിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

## ബഡ്ജറ്ററി/ബഡ്ജറ്ററിയിതര ബോറോയിംഗ്സ്

4 (5263) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണ്; ഇതിൽ ബഡ്ജറ്ററി / ബഡ്ജറ്ററിയിതര ബോറോയിംഗ്സ് എത്ര ;

(ബി) ബഡ്ജറ്ററി/ബഡ്ജറ്ററി ഇതര ബോറോയിംഗ്സിന് നൽകുന്ന ശരാശരി പലിശ എത്ര ;

(സി) നിലവിലെ ബഡ്ജറ്ററി /നോൺബഡ്ജറ്ററി ബോറോയിംഗിന് ഉള്ള പലിശ ആകെ ചേർത്താൽ സംസ്ഥാനം കടങ്ങൾക്കു നൽകുന്ന പലിശ നിരക്ക് എത്ര ശതമാനം എന്നറിയിക്കുമോ ?

### ഉത്തരം

(എ) അക്കൗണ്ട് ജനറലിന്റെ 3-4-2019 വരെയുള്ള കണക്കുകൾ പ്രകാരം (1-4-2018 മുതൽ 30-4-2019 വരെയുള്ള താത്കാലിക കണക്കുകൾ ഉൾപ്പെടെ) സംസ്ഥാനത്തിന്റെ പൊതുകടം (തനി) 160601.47 കോടി രൂപയാണ്. സംസ്ഥാനത്ത് നേരിട്ട് ബഡ്ജറ്റിതര ബോറോയിംഗ്സ് ഒന്നുംതന്നെയില്ല

(ബി) ബഡ്ജറ്ററി ബോറോയിംഗ്സിലൂടെ സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ള കടബാധ്യതയ്ക്ക് (അക്കൗണ്ടന്റ് ജനറലിന്റെ 2018-19-ലെ താൽക്കാലിക കണക്കുകൾ അടിസ്ഥാനമാക്കി) നൽകുന്ന ശരാശരി പലിശ നിരക്ക് 6.56 ശതമാനമാണ്.

(സി) ബാധകമല്ല.

## കാസർഗോഡ് ജില്ലയിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്തിയ പ്രവൃത്തികൾ

5 (5264) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എം. എൽ. എ. ആസ്തി വികസന ഫണ്ടുപയോഗിച്ചുനടത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ചു വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതാണെന്നും അവയുടെ ബില്ലുകൾ ബന്ധപ്പെട്ട കരാറുകാർക്ക് കൊടുത്തുതീർത്തോ എന്നും വ്യക്തമാക്കാമോ ;

(സി) പ്രവൃത്തി പൂർത്തീകരിച്ചിട്ടും കരാറുകാർക്ക് പണം കൊടുക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; പണം തീരെ കൊടുക്കാത്തതും കുറച്ചു മാത്രം കൊടുത്തു ബാക്കി കൊടുക്കാനുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ഡി) എം. എൽ. എ. ആസ്തി വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ എത്തിയാൽ പത്ത് ലക്ഷത്തിൽ കൂടുതൽ തുക കരാറുകാർക്കു നൽകരുതെന്ന് ട്രഷറികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ കാരണമെന്താണെന്നും ഇല്ലെങ്കിൽ ട്രഷറികളിൽനിന്ന് ഇപ്പോൾ കരാറുകാർക്ക് പത്ത് ലക്ഷത്തിലധികം വരുന്ന ബില്ലുകൾ മാറിക്കിട്ടാത്തത് എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ചുനടത്തിയ പ്രവൃത്തികൾ അനുബന്ധം-1-ൽ കാണാവുന്നതാണ്*.

(ബി) 2016-17 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) 2017-18 & 2018-19 വർഷങ്ങളിലെ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം -II-ൽ ഉൾപ്പെടുത്തുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എം.എൽ.എ. ആസ്തി വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ എത്തിയാൽ പത്ത് ലക്ഷത്തിൽ കൂടുതൽ തുക കരാറുകാർക്ക് നൽകരുതെന്ന് ട്രഷറികൾക്ക് നിർദ്ദേശം നൽകിയിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

6 (5265) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും കെ.എസ്.ആർ.ടി.സി. ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) അപകട സാധ്യതയുള്ള ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ലൈൻ ഡ്യൂട്ടി വിഭാഗം ജീവനക്കാരെയും ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ&ബി) 24-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ. 54/2017/ധനപ്രകാരം നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/കുടുബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കെ.എസ്.ആർ.ടി.സി. ജീവനക്കാരെ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി വിഭാഗത്തെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

**അസിസ്റ്റൻസ് ടു സ്റ്റേറ്റ് ഫ്രം നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്**

7 (5266) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം 3563-അസിസ്റ്റൻസ് ടു സ്റ്റേറ്റ് ഫ്രം നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (NDRS) എന്ന ഹെഡ്ഡിൽ കേന്ദ്രം എന്ത് തുകയാണ് അനുവദിച്ചത്; പ്രസ്തുത തുക എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിച്ചത്; വ്യക്തമാക്കുമോ;

(ബി) ഇത് ചെലവഴിച്ചത് സംബന്ധിച്ച വിശദാംശം പി.എഫ്.എം.എസ്. പോർട്ടലിൽ (ധനകാര്യ മന്ത്രാലയം o/o കൺട്രോളർ ഓഫ് അക്കൗണ്ട്സ്) നല്കിയിട്ടുണ്ടോ?

ഉത്തരം

(എ) 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ വകയിരുത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ദുരന്ത പ്രതികരണത്തിന് ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) തുക വിനിയോഗിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ പി.എഫ്.എം.എസ്. വെബ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ദുരന്ത നിവാരണ വകുപ്പുമായി ചേർന്ന് കൈക്കൊണ്ടിട്ടുണ്ട്.

**ജീവനക്കാർക്ക് മൊബൈൽ ഫോൺ**

8 (5267) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവനക്കാർക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് ഏതെല്ലാം വകുപ്പുകൾ ധനകാര്യ വകുപ്പിനോട് അനുവാദം ചോദിച്ചിട്ടുണ്ട്; 2016 ജനുവരി മുതൽ മൊബൈൽ ഫോൺ വാങ്ങുവാൻ അനുവാദം നൽകിയ വകുപ്പുകളുടെ വിവരം ലഭ്യമാക്കുമോ;

(ബി) നിലവിൽ എല്ലാ ജീവനക്കാർക്കും സ്വന്തമായി ഫോൺ ഉണ്ടായിരിക്കെ ജീവനക്കാർക്ക് ഫോൺ വാങ്ങി നൽകുവാൻ വലിയ തുക ചെലവാക്കുന്നത് നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജലവിഭവ വകുപ്പിലെ ജീവനക്കാർക്ക് ഫോൺ വാങ്ങുന്നതിനായി ധന വകുപ്പ് അനുവാദം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, സഹകരണ വകുപ്പ്, ജലവിഭവ വകുപ്പ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, സാംസ്കാരിക വകുപ്പ്, നോർക്ക വകുപ്പ്, സംസ്ഥാന ജി.എസ്.ടി വകുപ്പ്, വിജിലൻസ് വകുപ്പ് മുതലായ വകുപ്പുകൾ അനുവാദം ചോദിച്ചിട്ടുണ്ട്.

2016 ജനുവരി മുതൽ സഹകരണ വകുപ്പിനും ജലവിഭവ വകുപ്പിനും നോർക്ക വകുപ്പിൽ നിന്നുള്ള പ്രൊപ്പോസൽ പ്രകാരം മൊബൈൽ ഫോൺ വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. സാംസ്കാരികകാര്യ വകുപ്പിന്റെ ശിപാർശ പ്രകാരം പ്രസ്തുത വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചലച്ചിത്ര അക്കാദമിക്ക് മൊബൈൽ ഫോൺ വാങ്ങിയ നടപടി ധന വകുപ്പ് സാധൂകരിച്ചിട്ടുണ്ട്.

(ബി) ഉന്നത തസ്തികയിലുള്ള ജീവനക്കാർക്ക് മാത്രമാണ് അവരുടെ കൃത്യ നിർവ്വഹണം കാര്യക്ഷമവും സുഗമവുമാക്കുന്നതിന്റെ ഭാഗമായി ഔദ്യോഗിക ഫോൺ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. അതോടൊപ്പം ഈ ഇനത്തിലുള്ള ചെലവുകളിൽ അച്ചടക്കവും മിതത്വവും പാലിക്കുന്നതിനുതകുന്ന നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ഉയർന്ന തസ്തികയിലുള്ള ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഔദ്യോഗിക ഫോൺ സൗകര്യം നിർത്തലാക്കുന്നത് ഉചിതമായി കാണുന്നില്ല. വകുപ്പുകളുടെ ആവശ്യകത പരിശോധിച്ച് ചില പ്രത്യേക സാഹചര്യങ്ങളിൽ ഫോൺ വാങ്ങുന്നതിന് അനുമതി നൽകാറുണ്ട്.

(സി) ആറാമത് ചെറുകിട ജലസേചന സെൻസസും വാട്ടർ ബോഡി സെൻസസും നടത്തുന്നതിന്റെ ഭാഗമായി ജിയോമാപ്പിംഗ് നടത്തുന്നതിനായി മൊബൈൽ ഫോൺ വാങ്ങുന്നതിനും ഫോൺ ഒന്നിന് 15,000 രൂപ നിരക്കിൽ 494 ഫോണുകൾക്ക് ആകെ 74,10,000 രൂപ ജലവിഭവ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. 100% കേന്ദ്ര സഹായമുള്ള സ്കീമാണിത്. കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങളും വിലയും അനുസരിച്ചുള്ള ഫോണുകൾ GeM വഴി ടെണ്ടർ മുഖേന വാങ്ങുവാനാണ് അനുമതി നല്കിയത്.

(ഡി) ജലവിഭവ വകുപ്പിന് മൊബൈൽ ഫോൺ വാങ്ങുന്നതിന് അനുമതി നൽകിയ Agri-C2/7/2019-FIN നമ്പർ ഇ-ഫയലിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ ധനക്കമ്മി പരിധി നിരക്ക്

9 (5268) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധന ഉത്തരവാദിത്വ നിയമപ്രകാരം സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും ധനക്കമ്മി പരിധി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ധനക്കമ്മി പരിധി സംബന്ധിച്ച നിരക്ക് കുറയ്ക്കണമെന്ന കേന്ദ്ര സമീപനം ന്യായമാണോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിരക്ക് താഴ്ത്തുന്നത് സംസ്ഥാനത്തിന്റെ കടമെടുപ്പ് അവകാശം കുറയ്ക്കുന്നതിനാണോയെന്നും ആയത് സംസ്ഥാനത്തിന്റെ ധന ആവശ്യങ്ങളെ ഏത് തരത്തിൽ ബാധിക്കുമെന്നും വ്യക്തമാക്കുമോ ;

(ഡി) ആഭ്യന്തര മൊത്ത ഉല്പാദനത്തിന്റെ എത്ര ശതമാനം വരെ കടം, പലിശബാധ്യത എന്നിവ ആകാമെന്നാണ് ധനകാര്യകമ്മീഷൻ വ്യക്തമാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക നിലയും കടം, പലിശബാധ്യത എന്നിവയുടെ നിരക്കും വ്യക്തമാക്കുമോ ;

(എഫ്) പ്രളയാനന്തര കേരളത്തിന്റെ സ്ഥിതി പരിഗണിച്ച് വായ്പാപരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സമീപനം അറിയിക്കുമോ?

### ഉത്തരം

(എ) 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ (ഭേദഗതി) ആക്ട് പ്രകാരം 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ മൂന്ന് ശതമാനമായി നിലനിർത്തേണ്ടതാണ്. 2018-ലെ FRBM (ഭേദഗതി) ചട്ടപ്രകാരം 2018-19 മുതൽ ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനത്തോടെ കേന്ദ്ര സർക്കാർ

രാജ്യത്തിന്റെ ജി.ഡി.പി.-യുടെ 0.1 ശതമാനത്തിന് തുല്യമോ അതിൽ കൂടുതലോ ആയ തുക ധന കമ്മിയിൽ കുറവ് ചെയ്യേണ്ടതും 2021 മാർച്ച് അവസാനത്തോടുകൂടി ധന കമ്മി കുറച്ചുകൊണ്ട് ജി.ഡി.പി.-യുടെ മൂന്ന് ശതമാനത്തിൽ കൂടാതെ നിലനിർത്തേണ്ടതുമാണ്.

(ബി&സി) 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്വ ആക്റ്റ് ഭേദഗതി ചെയ്യുകയും ധന കമ്മി ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുള്ളത്. ഇപ്രകാരം സംസ്ഥാനത്തിന്റെ ധന കമ്മി മൂന്ന് ശതമാനമായി നിലനിർത്തേണ്ടതുണ്ട്. കേന്ദ്ര സർക്കാർ അനുവദിച്ചുനൽകുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടുമാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത നിരക്ക് താഴ്ത്തുന്നത് കേരളം പോലെയുള്ള ഒരു സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കും.

(ഡി) 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ അനുസരിച്ചുള്ള കടബാധ്യത/ ജി.എസ്.ഡി.പി. അനുപാതവും ലക്ഷ്യവും പലിശയടവ് റവന്യൂ വരുമാന അനുപാത ലക്ഷ്യവും ചുവടെ ചേർക്കുന്നു.

(ശതമാനത്തിൽ)

| ഇനം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|
| കടബാധ്യത/ ജി.എസ്.ഡി.പി. അനുപാതവും ലക്ഷ്യവും | 31.34 | 30.84 | 30.40 | 30.01 | 29.67 |
| പലിശയടവ്/റവന്യൂ വരുമാന അനുപാത ലക്ഷ്യം | 15.70 | 15.01 | 14.37 | 13.78 | 13.23 |

(ഇ) സംസ്ഥാനത്തിന്റെ 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ റവന്യൂ കമ്മി/ജി.എസ്.ഡി.പി. ധന കമ്മി/ജി.എസ്.ഡി.പി. കടബാധ്യത/ ജി.എസ്.ഡി.പി. പലിശയടവ്/ റവന്യൂ വരുമാനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(ശതമാനത്തിൽ)

| ഇനം | 2017-18 | 2018-19 (RE) |
|---|---|---|
| റവന്യൂ കമ്മി/ജി.എസ്.ഡി.പി. | 2.46 | 1.68 |
| ധന കമ്മി/ജി.എസ്.ഡി.പി. | 3.91 | 3.06 |
| കടബാധ്യത/ജി.എസ്.ഡി.പി. | 30.69 | 30.49 |
| പലിശയടവ്/ റവന്യൂ വരുമാനം | 18.21 | 15.63 |

(എഫ്) പ്രളയക്കെടുതി മുഖാന്തരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല മറുപടി ലഭ്യമായിട്ടില്ല. 21-6-2019-ൽ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി നടത്തിയ മീറ്റിംഗിൽ കേന്ദ്ര ധനകാര്യ മന്ത്രിക്ക് സംസ്ഥാന ധനകാര്യ മന്ത്രി സമർപ്പിച്ച നിവേദനത്തിൽ പ്രളയാനന്തര പുനർനിർമ്മാണത്തിനായി ലോക ബാങ്ക്, ADB, KfW തുടങ്ങിവയിൽ നിന്നും എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറമേ പരിഗണിക്കുകയോ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3.5 ശതമാനമായി ഉയർത്തുകയോ ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഇടുക്കി ജില്ലയുടെ വികസന പാക്കേജ്**

10 (5269) ശ്രീ പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ വികസനത്തിനായി അയ്യായിരം കോടി രൂപയുടെ പാക്കേജ് ബജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) ഇതിനായുള്ള തുക എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) 2019-20 സാമ്പത്തിക വർഷം ഈ പാക്കേജിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഡി) പരിസ്ഥിതിയെ പരിഗണിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) സമഗ്രതല സ്പർശിയായ ഒരു മേഖല വികസന പരിപാടിയാണ് ഇടുക്കി പാക്കേജ്. ഇടുക്കി ജില്ലയിൽ മൂന്ന് വർഷത്തിനുള്ളിൽ നടപ്പാക്കേണ്ട 5000 കോടി രൂപയുടെ പാക്കേജാണിത്. സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ പദ്ധതികൾ, റീ-ബിൽഡ് കേരളാ ഇനിഷ്യേറ്റീവ്, കിഫ്ബി എന്നീ സ്രോതസ്സുകളിൽ നിന്ന് സ്കീമുകൾ സംയോജിപ്പിച്ചായിരിക്കും പാക്കേജിന് രൂപം നൽകുന്നത്. 2019-20-ൽ 550 കോടി രൂപ സംസ്ഥാന പ്ലാനിൽനിന്നും 100 കോടി രൂപ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും 350 കോടി രൂപ, തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും 250 കോടി രൂപ, കിഫ്ബിയിൽ നിന്നും 250 കോടി രൂപ, റീ-ബിൽഡ് കേരള തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും 250 കോടി രൂപ അഡീഷണലായും ഇടുക്കി പാക്കേജിനായി വകയിരുത്തുന്നതാണ്. തേയിലയുടെയും കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവിളകളുടേയും ചക്ക തുടങ്ങിയ പഴവർഗ്ഗങ്ങളുടെയും പച്ചക്കറിയുടെയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമത ഉയർത്തുന്നതിനും ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു വികസന തന്ത്രമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ക്ഷീരസാഗരം മാതൃകയിൽ കന്നുകാലി വളർത്തൽ സമഗ്ര പദ്ധതി ആരംഭിക്കുക, ബ്രഹ്മഗിരി മാതൃകയിൽ ഇറച്ചി സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക, ടൂറിസം ക്ലസ്റ്ററുകളും സർക്യൂട്ടുകളും ആവിഷ്കരിക്കുക, പ്രളയംമൂലവും മറ്റിടങ്ങളിൽ ഉരുൾപ്പൊട്ടൽമൂലവും വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ പ്രത്യേക തുക അനുവദിക്കുക, ഇടുക്കി മെഡിക്കൽ കോളേജിന്റെ അടുത്ത കെട്ടിടം പൂർത്തീകരിക്കുക മുതലായവ ഉൾക്കൊള്ളുന്നതാണ് ഈ പാക്കേജ്. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ചാണ് പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നത്. പാക്കേജിലുൾപ്പെട്ട വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്.

**ഇടുക്കി പാക്കേജിന്റെ തുടർനടപടികൾ**

11 (5270) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അഞ്ഞൂറ് കോടി രൂപയുടെ ഇടുക്കി പാക്കേജിന്റെ തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സമഗ്രതല സ്പർശിയായ ഒരു മേഖല വികസന പരിപാടിയാണ് ഇടുക്കി പാക്കേജ്. ഇടുക്കി ജില്ലയിൽ മൂന്ന് വർഷത്തിനുള്ളിൽ നടപ്പാക്കേണ്ട 5000 കോടി രൂപയുടെ പാക്കേജാണിത്. സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ പദ്ധതികൾ, റീ-ബിൽഡ് കേരളാ ഇനിഷ്യേറ്റീവ്, കിഫ്ബി എന്നീ സ്രോതസ്സുകളിൽ നിന്ന് സ്കീമുകൾ സംയോജിപ്പിച്ചായിരിക്കും പാക്കേജിന് രൂപം നൽകുന്നത്. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ചാണ് പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നത്. പാക്കേജിലുൾപ്പെട്ട വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ പ്രാരംഭഘട്ടത്തിലാണ്.

**'സമുന്നതി മംഗല്യ സഹായനിധി പദ്ധതി'**

12 (T*5271) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സമുന്നതി മംഗല്യസഹായനിധി പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും ഈ പദ്ധതി നാളിതുവരെയായിട്ടും നടപ്പിലാക്കാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് എന്ന് ഭരണാനുമതി നൽകാനാണ് ഉദ്ദേശിക്കുന്നത്; അപേക്ഷകൾ എന്ന് മുതൽ സ്വീകരിച്ച് തുടങ്ങും; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികളുടെ വിവാഹ നടത്തിപ്പിലേയ്ക്കായി ഒരു ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ് കോർപ്പറേഷൻ വിഭാവനം ചെയ്തിട്ടുള്ളത്. ഡി.പി.ആർ. സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി 2019 ജൂൺ മാസത്തെ ഉപധാനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്.

(സി) പദ്ധതിക്ക് ഭരണാനുതി പുറപ്പെടുവിച്ചിട്ടില്ല. പദ്ധതിയുടെ രൂപരേഖയും മാനദണ്ഡങ്ങളും ലഭ്യമാകേണ്ടതുണ്ട്. ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചശേഷം മാത്രമേ അപേക്ഷകൾ സ്വീകരിച്ചുതുടങ്ങാനാവൂ.

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കുടുംബക്ഷേമ സഹായ പദ്ധതി

13 (T*5272) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹനാഥൻ അകാലത്തിൽ മരണപ്പെട്ടാൽ നൽകുന്ന കുടുംബക്ഷേമ സഹായ പദ്ധതി (ഫാമിലി ബെനിഫിറ്റ് സ്കീം) നിലവിൽ നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ ഇനത്തിൽ കുടിശ്ശിക തുകയായി ഓരോ ജില്ലയിലും എത്ര തുക നൽകാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ തുക നൽകുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും എന്ത് തുക ലഭിക്കാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ആയത് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. 19-10-1977-ലെ സ.ഉ.(പി) നമ്പർ 405/77/ധന പ്രകാരമാണ് സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കായി കുംടുംബക്ഷേമ സഹായ പദ്ധതി (ഫാമിലി ബെനിഫിറ്റ് സ്കീം) നടപ്പിലാക്കിയത്. ആയത് പ്രകാരം ക്ലാസ് IV ജീവനക്കാർക്ക് 7 രൂപ വീതവും, മറ്റ് ജീവനക്കാർക്ക് 10 രൂപ വീതവും മാസവരി സംഖ്യ നിരക്കുകളായി നിശ്ചയിച്ചിരുന്നു. എന്നാൽ ഈ നിരക്കുകൾ, 16-5-1998-ലെ 1463/98/ധന പ്രകാരം 04/1998 പ്രാബല്യത്തിൽ, ക്ലാസ് IV ജീവനക്കാർ 25 രൂപയും മറ്റ് ജീവനക്കാർക്ക് 50 രൂപയും പ്രതിമാസ വരിസംഖ്യ ആക്കി പരിഷ്കരിക്കുകയുണ്ടായി. അതനുസരിച്ച് സർവ്വീസിലിരിക്കെ മരണപ്പെടുന്ന വ്യക്തിക്ക്, ടിയാൻ സമർപ്പിക്കുന്ന ഓപ്ഷന് ആനുപാതികമായി 10 രൂപ ഓപ്ഷന് 10,000 രൂപയും 25 രൂപ ഓപ്ഷന് 25,000 രൂപയും 50 രൂപ ഓപ്ഷന് 50,000 രൂപയും മരണാനന്തര ആനുകൂല്യമായി മരണപ്പെട്ടയാളിന്റെ നിയമാനുസൃത അവകാശിക്ക് നൽകിവരുന്നുണ്ട്.

(ബി) ഈ ഇനത്തിൽ കുടിശ്ശിക തുകയായി ഒന്നുംതന്നെ നൽകാനില്ല. സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽനിന്നും, ടിയാന്റെ കുടുംബക്ഷേമ പദ്ധതി തീർപ്പാക്കുന്നതിനായി, വകുപ്പ് മേധാവിക്ക് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പൂർണ്ണമാണെങ്കിൽ 19-10-1977-ലെ സ.ഉ.(പി) നമ്പർ 405/77/ധന പ്രകാരവും, 16-5-1998-ലെ 1463/98/ധന ഉത്തരവ് പ്രകാരവും വകുപ്പ് മേധാവിതന്നെ തീർപ്പുകൽപ്പിക്കുന്നു.

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

എന്നാൽ അപാകതകളുള്ള അപേക്ഷകൾ വകുപ്പ് മേധാവികൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ആയത് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുകയും ചെയ്തുവരുന്നു. ആയതിനാൽ ഈ ഇനത്തിൽ കുടിശ്ശികയായി ഒന്നുംതന്നെ നൽകാനില്ല.

(സി) കുടുംബക്ഷേമ പദ്ധതി (ഫാമിലി ബെനിഫിറ്റ് സ്കീം) പൂർണ്ണമായും ഒരു സംസ്ഥാന പദ്ധതിയാണ്. ഈ തുക നൽകുന്നതിന് കേന്ദ്രസർക്കാരിൽനിന്നും ഒരു തുകയും ലഭിക്കുന്നില്ല.

(ഡി) ഉത്തരം (സി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ഷൊർണ്ണൂർ മണ്ഡലത്തിലെ എ.ഡി.എസ്. പ്രവൃത്തികൾ

14 (5273) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം ഷൊർണ്ണൂർ മണ്ഡലത്തിലെ എ.ഡി.എസ്. പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഓരോ പ്രവൃത്തിയുടെയും കരാർ തുകയും വ്യക്തമാക്കുമോ ?

ഉത്തരം

2018-19 സാമ്പത്തിക വർഷം ഷൊർണ്ണൂർ മണ്ഡലത്തിലെ എ.ഡി.എസ്. പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഓരോ പ്രവൃത്തിയുടെയും കരാർ തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) -ൽ കാണാവുന്നതാണ്. *

## മദ്യ വ്യവസായം, ലോട്ടറി എന്നിവയിൽ നിന്നുള്ള വരുമാനം

15 (5274) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം സംസ്ഥാന റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണ് മദ്യ വ്യവസായം, ലോട്ടറി എന്നിവയിൽ നിന്നും ലഭിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 13.71 ശതമാനം മദ്യ വ്യവസായത്തിൽനിന്നും 9.97 ശതമാനം ലോട്ടറിയിൽനിന്നും ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ കടം

16 (5275) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക കടമെടുക്കുകയുണ്ടായി; എത്ര പ്രാവശ്യം കടമെടുക്കുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് കടമെടുത്തത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ (1-4-2018 മുതൽ 30-4-2019 വരെയുള്ള) ഉൾപ്പെടെ 1-4-2016 മുതൽ 30-4-2019 വരെ 81218.44 കോടി രൂപയാണ് കടമായി (തനി) എടുത്തിട്ടുള്ളത്. കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. ഇത് ലോക ബാങ്ക്, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പൊതുവിപണിയിൽ (കടപ്പത്രം) നിന്നും പ്രോവിഡന്റ് ഫണ്ട്, സ്മോൾ സേവിംഗ്സ് (NSSF) മുതലായവയിൽ നിന്നും എടുത്തിട്ടുള്ള വായ്പയാണ്.

## ലോട്ടറിയിൽനിന്നുള്ള നികുതി വരുമാനം

17 (5276) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പ് നടത്തിവരുന്ന ഭാഗ്യക്കുറി നറുക്കെടുപ്പിലൂടെ 2018 ജനുവരി മുതൽ ഡിസംബർ വരെ നികുതിയിനത്തിൽ എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംസ്ഥാന റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പനയിലൂടെ 2018 ജനുവരി മുതൽ ഡിസംബർ വരെ ലഭിച്ച ജി.എസ്.ടി. തുക 1106.07 കോടി രൂപയാണ്.

(ബി) ഇത് സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 1.21% ആണ്.

**മസാല ബോണ്ട് ഇറക്കാനുണ്ടായ സാഹചര്യം**

18 (5277) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ടിലൂടെ സർക്കാർ എത്ര തുക സ്വരൂപിച്ചിട്ടുണ്ടെന്നും, ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതിൽ നിക്ഷേപം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ, വിശദാംശം നൽകുമോ;

(ബി) തിരിച്ചടവ് കാലാവധിക്ക് എത്ര തുക തിരിച്ചടയ്ക്കേണ്ടി വരുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) മസാല ബോണ്ട് വഴി ഇതുവരെ 2150 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്. തിരിച്ചടവ് കാലാവധിയായ 5 വർഷം കഴിയുമ്പോൾ പലിശയും മുതലും ഉൾപ്പെടെ ആകെ 3195.23 കോടി രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. അന്താരാഷ്ട്ര ബോണ്ട് വിപണിയിലെ സാമ്പ്രദായിക നടപടിക്രമങ്ങളിലൂടെ നടപ്പിലാക്കിയ കിഫ്ബിയുടെ മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. കിഫ്ബിയിൽ ലഭ്യമായിട്ടുള്ള നിക്ഷേപകരുടെ വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനുശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷപകർക്ക് തന്നെ ആകണമെന്നില്ല.

**മസാല ബോണ്ടുകൾ വാങ്ങിയ കമ്പനികൾ**

19 (5278) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾ പ്രൈമറി സെല്ലിംഗ് മാർക്കറ്റിൽ നിന്നും വാങ്ങിയ കമ്പനികളുടെ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എത്ര തുകയുടെ ബോണ്ടുകളാണ് പ്രസ്തുത കമ്പനികൾ വാങ്ങിയിരിക്കുന്നതെന്ന് അറിയിക്കുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത മസാല ബോണ്ടുകൾ വാങ്ങിയ കമ്പനികളെ തെരഞ്ഞെടുത്തതിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കമ്പനികളുടെ ഏതൊക്കെ പ്രതിനിധികളാണ് കേരളത്തിലെത്തി സർക്കാരുമായി ചർച്ച നടത്തിയിരുന്നത്; ചർച്ച നടത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) കിഫ്ബിയുടെ ന്യൂസ് ലെറ്ററുകളിൽ പ്രതിപാദിച്ചിരിക്കുന്ന ആങ്കർ ഇൻവെസ്റ്റർ ആരാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) അന്താരാഷ്ട്ര ബോണ്ട് വിപണിയിലെ സാമ്പ്രദായിക നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നടപ്പിലാക്കിയ കിഫ്ബിയുടെ മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. കിഫ്ബിയിൽ ലഭ്യമായിട്ടുള്ള നിക്ഷേപകരുടെ വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനുശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷപകർക്ക് തന്നെ ആകണമെന്നില്ല.

(ഡി) വിവിധ രാജ്യങ്ങളിൽ നടന്ന റോഡ് ഷോകളിൽ ഇതുവരെ ഇന്ത്യയിൽ നിന്നുള്ള മസാല ബോണ്ട് ഇടപാടുകളിൽ നിക്ഷേപിച്ചിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി ചർച്ച നടത്തുകയുണ്ടായി. കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് കാനഡയിലെ ക്യൂബെക് ആസ്ഥാനമായുള്ള സി.ഡി.പി.ക്യൂ. എന്ന പെൻഷൻ ഫണ്ട് സ്ഥാപനത്തിലെ പ്രതിനിധികളാണ് കേരളത്തിലെത്തി ചർച്ചകൾ നടത്തിയത്. ഇത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>നവംബർ 16, 2019</u>

ശ്രീമതി അനിത മരങ്കൊലി ജോർജ്, സീനിയർ വൈസ് പ്രസിഡന്റ്, ഗ്രോത്ത് മാർക്കറ്റ്സ്

ശ്രീ. വീറ്റോ ടെലർബാ - ഡയറക്ടർ, ഇൻവെസ്റ്റ്മെന്റ്സ്, സോവറിൻഡെബ്റ്റ്

ശ്രീ. ഹർഷ് സിംഗാൾ- സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ.

ഫെബ്രുവരി 19, 2019

ശ്രീ. ഫ്രാൻകോയിസ് ലഗാർടെ - ഹെഡ് ഓഫ് സോവറിൻ ഡെബ്റ്റ്

ശ്രീ. ഡേവിഡ് ലെട്ടോർ - ഹെഡ് ഓഫ് ഫിക്സഡ് ഇൻകം റിസ്ക്.

ശ്രീ. ഹർഷ് സിംഗാൾ - സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ.

ഫെബ്രുവരി 25-28, 2019

ശ്രീ. എറിക് ലെമിയക്സ് - ഡയറക്ടർ, ഇൻവെസ്റ്റ്മെന്റ്സ്- എക്സ്റ്റേണൽ പോർട്ട്ഫോളിയോ മാനേജ്മെന്റ്- പബ്ലിക് മാർക്കറ്റ്സ്

ശ്രീ. ഹർഷ് സിംഗാർ- സീനിയർ ഡയറക്ടർ & ഹെഡ്, ഇന്ത്യ.

ശ്രീമതി സോഫി കോസിനെ - വൈസ് പ്രസിഡന്റ്, എമേർജിംഗ് മാർക്കറ്റ് & ഇ.എസ്.ജി.

ശ്രീമതി വർഷ പോഡാർ - അസോസിയേറ്റ്, ഗ്രോത് മാർക്കറ്റ്

(ഇ) കിഫ്ബി ഒരു സ്ഥാപനത്തെയും ആങ്കർ ഇൻവെസ്റ്ററായി നിയോഗിച്ചിട്ടില്ല. ലോകത്തിലെ വലിയ പെൻഷൻ ഫണ്ടുകളിൽ ഒന്നായ ഒരു സ്ഥാപനം എന്ന നിലയിലും, മസാല ബോണ്ടിലെ മുഖ്യ നിക്ഷേപകരിൽ ഒന്നായ സ്ഥാപനം എന്ന നിലയിലും കിഫ്ബിയെയും അതിന്റെ സംവിധാനങ്ങളെയും കുറിച്ച് അറിയുവാൻ താല്പര്യം പ്രകടിപ്പിച്ച സ്ഥാപനം എന്ന നിലയിലാണ് ടി സ്ഥാപനത്തെക്കുറിച്ച് ന്യൂസ് ലെറ്ററിൽ പ്രതിപാദിച്ചിട്ടുള്ളത്.

## കിഫ്ബി വഴി മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ധനസഹായം

20 (5279) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ഏതെല്ലാം പദ്ധതികളാണ് അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മാർക്കറ്റുകളുടെ നവീകരണത്തിനായി കിഫ്ബിയുടെ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മാർക്കറ്റുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നും വിശദീകരിക്കുമോ;

(സി) കിഫ്ബി ധനസഹായം ഉപയോഗിച്ച് മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളുടെ നവീകരണത്തിനുവേണ്ടി ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ 3 പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ തുക ഉൾപ്പെടെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പുലിമുട്ട് നിർമ്മാണം - 46.94 കോടിരൂപ

2. പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ - 112.22 കോടി രൂപ

3. കൊല്ലം ജില്ലയിലെ കൊല്ലം ബീച്ച് - താന്നി തീരദേശ സംരക്ഷണം - 35.08 കോടി രൂപ

(ബി) 29-6-2018-ലെ സ.ഉ.(സാധാ)നമ്പർ 535/2018/മ.ഇ.വ. പ്രകാരം മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആകെ 193.46 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ ടി പദ്ധതികളുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിന്മേൽ KSCADC വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. മാർക്കറ്റുകൾ ഏതാണെന്നും ഇതുവരെ കിഫ്ബിയിൽ വിവരം ലഭിച്ചിട്ടില്ല.

(സി) 29-6-2018-ലെ സ.ഉ.(സാധാ) നമ്പർ 535/2018/മ. ഇ. വ. പ്രകാരം തീരദേശ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആകെ 294.72 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ ടി പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ്

വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ KSCADC 69 സ്കൂളുകൾക്കായി ആകെ 141.27 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത് പരിശോധനയിലാണ്. പ്രസ്തുത സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## കിഫ്ബി മസാല ബോണ്ടിലെ ഏജന്റുമാർക്കും ഡീലർമാർക്കും നൽകേണ്ട വാർഷിക തുക

21 (5280) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടിലെ വിവിധ ഏജന്റുമാർക്കും, ഏജൻസികൾക്കും, ഡീലർമാർക്കും, നിയമ ഉപദേഷ്ടാക്കൾക്കുമായി നൽകേണ്ട വാർഷിക തുകകൾ ചേർത്ത് ഓരോ വർഷവും നൽകേണ്ട ഇഫക്റ്റീവ് പലിശ നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) കിഫ്ബി ഇറക്കിയ മസാല ബോണ്ടുകളിൽ ഇത്രയും കൂടുതൽ ഏജന്റുമാർ, ഏജൻസികൾ ഡീലർമാർ, നിയമ ഉപദേഷ്ടാക്കൾ എന്നിവരെ നിയമിച്ചതിന്റെ കാരണം വെളിപ്പെടുത്താമോ;

(സി) ആഭ്യന്തര ബോണ്ടുകളുടെ വില്പനയ്ക്കായി ഇത്രയും കൂടുതൽ ഏജന്റുമാർ, ഏജൻസികൾ, ഡീലർമാർ, നിയമ ഉപദേഷ്ടകർ എന്നിവരുടെ സേവനം ആവശ്യമായി വരുമോ; വിശദമാക്കാമോ;

(ഡി) മസാല ബോണ്ടുകൾക്ക് ഇംഗ്ലണ്ടിലെ നിയമങ്ങൾ ബാധകമായതു കൊണ്ടാണോ ഒന്നിൽ കൂടുതൽ നിയമ ഉപദേശകരെ നിയമിക്കേണ്ട സാഹചര്യമുണ്ടായത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബി മസാല ബോണ്ടിലെ വിവിധ ഏജൻസികൾക്ക് നൽകേണ്ട ഫീസ് കണക്കിലെടുത്ത് ഇഫക്റ്റീവ് വാർഷിക പലിശ നിരക്ക് 0.22% കൂടി വർദ്ധിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മറ്റേത് മസാല ബോണ്ട് ഇടപാടുകളേയുംപോലെ അന്താരാഷ്ട്ര വിപണിയിലെ നിലവാരത്തിനൊത്ത് നിയമിക്കേണ്ട ഏജന്റുമാർ, ഏജൻസികൾ, ഡീലർമാർ, നിയമ ഉപദേഷ്ടാക്കൾ എന്നിവരെ മാത്രമേ കിഫ്ബിയുടെ മലാസ ബോണ്ട് ഇടപാടുമായി ബന്ധപ്പെട്ട് നിയമിച്ചിട്ടുള്ളൂ.

(സി) നിലവിലെ നടപടിക്രമങ്ങൾ പ്രകാരം ആഭ്യന്തര ബോണ്ട് ഇടപാടുകളുമായി ബന്ധപ്പെട്ട് അറേഞ്ചേഴ്സ്, രജിസ്ട്രാർ ആൻഡ് ട്രാൻസ്ഫർ ഏജന്റ്, ട്രസ്റ്റീ, ലീഗൽ കൗൺസൽ എന്നിവരെ നിയമിക്കേണ്ടത് അനിവാര്യമാണ്.

(ഡി) അന്താരാഷ്ട്ര നിയമോപദേശത്തിന് അന്താരാഷ്ട്ര ലീഗൽ കൗൺസലിനേയും ഇന്ത്യൻ നിയമ വ്യവസ്ഥകൾ സംബന്ധിച്ച് ഉപദേശങ്ങൾക്കായി ആഭ്യന്തര ലീഗൽ കൗൺസലിനേയും നിയമിക്കേണ്ടി വന്നു. ഇത് മസാല ബോണ്ട് ഇടപാടുകളിൽ സാധാരണയായി പാലിച്ചുവരുന്ന ഒരു നടപടിക്രമമാണ്.

**കിഫ്ബി മസാല ബോണ്ടുകളിൽ സർക്കാർ നൽകിയ ഗ്യാരന്റി**

22 (5281) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടുകളിൽ സർക്കാർ നൽകിയ ഗ്യാരന്റി കൺസോളിഡേറ്റഡ് ഫണ്ടിന്റെ മുകളിലാണോ എന്ന് വിശദമാക്കാമോ;

(ബി) സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഗ്യാരന്റികൾക്ക് പാലിക്കേണ്ട നിബന്ധനകൾ കിഫ്ബി മസാല ബോണ്ടുകളുടെ കാര്യത്തിൽ പാലിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കിഫ്ബി മസാല ബോണ്ടുകൾക്ക് ആർ.ബി.ഐ.-യിൽനിന്നും കിഫ്ബി നേരിട്ട് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) കിഫ്ബി മസാല ബോണ്ടുകൾക്ക് കൺസോളിഡേറ്റഡ് ഫണ്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നൽകുന്ന ഗ്യാരണ്ടിക്ക് ആർ.ബി.ഐ.-യുടെയും കേന്ദ്ര സർക്കാരിന്റെയും അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കിഫ്ബിയുടെ മസാല ബോണ്ടുകൾക്ക് സർക്കാർ നൽകുന്ന ഗ്യാരന്റി സഞ്ചിതനിധിയുടെ മേൽ ഏതെങ്കിലും തരത്തിലുള്ള അധികാരം നിക്ഷേപകർക്ക് നൽകുന്നില്ല. സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്യാരന്റികൾക്ക് പാലിക്കേണ്ട എല്ലാ മാനദണ്ഡങ്ങളും കിഫ്ബിയുടെ മസാല ബോണ്ടിന് നൽകിയ സർക്കാർ ഗ്യാരന്റിയിലും പാലിച്ചിട്ടുണ്ട്.

(സി) നിലവിലെ ഫെമ ചട്ടപ്രകാരം റിസർവ് ബാങ്ക് അംഗീകാരമുള്ള ഡീലർ ബാങ്കിലൂടെ മാത്രമേ മസാല ബോണ്ട് അനുമതിക്കായി റിസർവ് ബാങ്കിനെ സമീപിക്കുവാൻ കഴിയൂ. ഇപ്രകാരം കിഫ്ബിയുടെ മസാല ബോണ്ടിന്റെ അറേഞ്ചറായി തിരഞ്ഞെടുക്കപ്പെട്ട ആക്സിസ് ബാങ്കിലൂടെയാണ് കിഫ്ബിയുടെ മസാല ബോണ്ടിന് റിസർവ് ബാങ്ക് അനുമതി ലഭ്യമാക്കിയത്.

(ഡി) സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്യാരന്റികൾക്ക് കേന്ദ്ര സർക്കാരിന്റേയോ റിസർവ് ബാങ്കിന്റെയോ പ്രത്യേക അനുമതി ലഭ്യമാക്കേണ്ടതില്ല. ഭരണഘടന പ്രകാരം അതാത് സംസ്ഥാനങ്ങൾക്കുതന്നെ ആ സംസ്ഥാനത്തിന്റെ ഗ്യാരന്റീസ് ആക്ടിന്റെ പരിധിക്കുള്ളിൽനിന്ന് ഗ്യാരന്റികൾ നൽകാവുന്നതാണ്.

**കിഫ്ബി മസാല ബോണ്ടുകൾക്ക് ഫെമ നിയമപ്രകാരമുള്ള അംഗീകാരം**

23 (T*5282) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾക്ക് ആർ.ബി.ഐ. യിൽ നിന്നും ഫെമ നിയമപ്രകാരമുള്ള അംഗീകാരം മാത്രം ലഭ്യമാക്കിയാൽ മതിയോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ആക്സിസ് ബാങ്ക് എന്ന സ്ഥാപനം മുഖേനയാണ് കിഫ്ബി ബോണ്ടുകൾക്ക് ഫെമ നിയമപ്രകാരമുള്ള അംഗീകാരം ലഭ്യമാക്കിയിരിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാർ ഗ്യാരന്റി നൽകി ലഭ്യമാക്കുന്ന വിദേശ വായ്പകൾക്ക് ഒരു സ്വകാര്യ ബാങ്ക് വഴി ആർ.ബി.ഐ. അംഗീകാരം ലഭ്യമാക്കുന്നതിന്റെ നിയമസാധുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) പ്രസ്തുത ബോണ്ടുകൾക്ക് സംസ്ഥാന സർക്കാർ ഗ്യാരന്റി നൽകുന്നതിന് മുൻപ് ആർ.ബി.ഐ.-യിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടോ;

(ഇ) ഇന്ത്യൻ ഭരണഘടനയുടെ 293 അനുച്ഛേദം പ്രകാരം ഒരു സംസ്ഥാനത്തിന് അതിന്റെ സഞ്ചിതനിധി ഗ്യാരന്റിയായി ലഭ്യമാക്കുന്ന വിദേശവായ്പകളിൽ കേന്ദ്ര സർക്കാരിന്റെ കൗണ്ടർ ഗ്യാരന്റി ലഭ്യമാക്കേണ്ടതുണ്ടോ; കിഫ്ബി ഇത് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾക്ക് നിലവിലെ വ്യവസ്ഥകൾ പ്രകാരം ആർ.ബി.ഐ.-യിൽ നിന്ന് ഫെമ നിയമപ്രകാരമുള്ള അനുമതി മാത്രമേ ആവശ്യമായിട്ടുള്ളൂ.

(ബി & സി) നിലവിലെ ഫെമ ചട്ടപ്രകാരം റിസർവ് ബാങ്ക് അംഗീകാരമുള്ള ഡീലർ ബാങ്ക് മുഖേന മാത്രമേ മസാല ബോണ്ടിന്റെ അപേക്ഷ റിസർവ് ബാങ്കിൽ സമർപ്പിക്കുവാൻ കഴിയൂ. അതിനാൽ കിഫ്ബിയുടെ മസാല ബോണ്ടിന്റെ അറേഞ്ചറായി തിരഞ്ഞെടുക്കപ്പെട്ട ആക്സിസ് ബാങ്കിലൂടെയാണ് കിഫ്ബിയുടെ മസാല ബോണ്ടിന് റിസർവ് ബാങ്ക് അനുമതി ലഭ്യമാക്കിയത്.

(ഡി) സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്യാരന്റികൾക്ക് കേന്ദ്ര സർക്കാരിന്റേയോ റിസർവ് ബാങ്കിന്റെയോ പ്രത്യേക അനുമതി ലഭ്യമാക്കേണ്ടതില്ല. ഗ്യാരന്റീസ് ആക്ടിന്റെ പരിധിക്കുള്ളിൽനിന്ന് സംസ്ഥാന സർക്കാരുകൾക്ക് തന്നെ ഗ്യാരന്റി നൽകാവുന്നതാണ്.

(ഇ) കിഫ്ബിയുടെ മസാല ബോണ്ടുകൾക്ക് സർക്കാർ നൽകുന്ന ഗ്യാരന്റി സഞ്ചിതനിധിയുടെ മേൽ ഏതെങ്കിലും തരത്തിലുള്ള അധികാരം നിക്ഷേപകർക്ക് നൽകുന്നില്ല. കിഫ്ബിയുടെ വായ്പകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരന്റികൾക്ക് കേന്ദ്ര സർക്കാരിന്റെ കൗണ്ടർ ഗ്യാരന്റി ആവശ്യമില്ല.

**കിഫ്ബി പദ്ധതി അവലോകന യോഗങ്ങൾ**

24 (5283) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി മുഖാന്തിരം അനുവദിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താനായി അവലോകന യോഗങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തലങ്ങളിലാണ് യോഗം നടത്തുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കിഫ്ബി പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ ബന്ധപ്പെട്ട ഭരണവകുപ്പുകളുമായും പദ്ധതി നിർവ്വഹണ ഏൻസികളുമായും (എസ്.പി.വി.) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജനറൽ മാനേജർ എന്നീ തലങ്ങളിൽ കിഫ്ബി അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. ചില അവസരങ്ങളിൽ ബന്ധപ്പെട്ട മന്ത്രി തലത്തിലും കിഫ്ബി പദ്ധതികളെ സംബന്ധിച്ച് അവലോക യോഗങ്ങൾ നടത്താറുണ്ട്. ഇതുകൂടാതെ അൻപത് കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികളിന്മേൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും അവലോകന യോഗം നടത്തിവരുന്നു.

## കിഫ്ബി പദ്ധതികൾക്ക് ഭരണാനുമതി

25 (5284) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മുഖേന ആകെ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്നും അതിനായി എത്ര കോടി രൂപയുടെ അടങ്കൽ തുകയാണ് വകയിരുത്തിയതെന്നും സർക്കാർ വിശദമാക്കുമോ ?

ഉത്തരം

നാളിതുവരെ 555 പദ്ധതികൾക്കായി 43730.88 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

## കിഫ്ബി പ്രവർത്തനമാരംഭിച്ചതിനുശേഷം ധനകാര്യ വകുപ്പിന്റെ ജോലിഭാരത്തിൽ ഉണ്ടായ മാറ്റം

26 (5285) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രവർത്തനമാരംഭിച്ചതിനുശേഷം സംസ്ഥാനത്തെ പൊതുമരാമത്ത് പണികളുൾപ്പെടെ ഉള്ളവയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിൽ ധന വകുപ്പിന്റെ ജോലിയിൽ എത്ര ശതമാനം കുറവുണ്ടായിട്ടുണ്ട്; ധനകാര്യ വകുപ്പ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൈകാര്യം ചെയ്യുന്ന ഫയലുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കിഫ്ബി പ്രവർത്തനമാരംഭിച്ചതിനുശേഷം ധനകാര്യ വകുപ്പിന്റെ ജോലിഭാരത്തിൽ ഉണ്ടായ മാറ്റം പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ വർക്ക് സ്റ്റഡി എന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കിഫ്ബി പ്രവർത്തനം ആരംഭിച്ചതിനുശേഷം സംസ്ഥാന പ്ലാൻ ഫണ്ടിലോ റവന്യൂ ചെലവുകളിലോ സർക്കാർ യാതൊരുവിധ കുറവും വരുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ കിഫ്ബി പ്രവർത്തനം ആരംഭിച്ചതിനുശേഷം ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന ഫയലുകളുടെ എണ്ണത്തിൽ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) Major Infrastructure Development പദ്ധതികൾക്കുവേണ്ടി ഫണ്ടിംഗ് നടത്തുക എന്നതാണ് കിഫ്ബിയിലൂടെ ലക്ഷ്യമിടുന്നത്. ധനകാര്യ വകുപ്പ് സംസ്ഥാനത്തിന്റെ ബഹുമുഖമായ സാമ്പത്തിക ചെലവുകൾ കൈകാര്യം ചെയ്യുന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചുവരുന്നത്. കിഫ്ബി പ്രവർത്തനം ആരംഭിച്ചു എന്നതുകൊണ്ട് ധനകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തേണ്ട സാഹചര്യം ഇല്ല എന്നതിനാൽ ചോദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള തരത്തിലുള്ള വർക്ക് സ്റ്റഡിയുടെ ആവശ്യമുള്ളതായി സർക്കാർ കരുതുന്നില്ല.

**കിഫ്ബിയുടെ ധനസമാഹരണം**

27 (5286) ശ്രീ. എം. ഉമ്മർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി രൂപീകൃതമായതിനുശേഷം ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും ധനസമാഹരണം നടത്തിയിട്ടുണ്ട്; വിശദമായ കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രവൃത്തികൾക്ക് അനുമതി നൽകുന്ന കാര്യത്തിൽ കിഫ്ബി ഏതെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) കിഫ്ബി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളവയുടെ വിശദാംശം നൽകുമോ;

(ഡി) കിഫ്ബിയിൽ നിന്നും നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) പുതിയ ബോർഡിന്റെ രൂപീകരണത്തിനുശേഷം ധനസമാഹരണം നടത്തിയിട്ടുള്ള സ്രോതസ്സുകളും അവയുടെ കണക്കും അനുബന്ധമായി ചേർക്കുന്നു*.

(ബി) ബജറ്റിൽ/ക്യാബിനറ്റ് യോഗങ്ങളിൽ കിഫ്ബി പദ്ധതികളായി പ്രഖ്യാപിക്കുന്ന/അംഗീകരിക്കുന്ന പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനനുസരിച്ച് നിശ്ചിത പദ്ധതി നിർവ്വഹണ ഏജൻസികൾ കിഫ്ബിയിൽ സമർപ്പിക്കുന്ന റിപ്പോർട്ട് 24-2-2018-ലെ സ.ഉ (കൈ)നമ്പർ 69/2018/ധന ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അവലോകനം, അംഗീകാരം എന്നിവയ്ക്കുവേണ്ട നടപടികൾ സ്വീകരിക്കുകയാണ് കിഫ്ബി ചെയ്തുവരുന്നത്. 24-2-2018-ലെ സ.ഉ (കൈ)നമ്പർ 69/2018/ധന ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

(സി) കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയ പദ്ധതികളിൽ പൂർത്തീകരിക്കാനുള്ളവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) കിഫ്ബിയിൽനിന്നും നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ 1859.31 കോടി രൂപ ചെലവിച്ചിട്ടുണ്ട്.

## കിഫ്ബി വഴി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ

28 (5287) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച പൊഴിയൂർ-കാരോട് കുടിവെള്ള പദ്ധതി, അതിയന്നൂർ കുടിവെള്ള പദ്ധതി, മുള്ളറവിള-ആയയിൽ പാലം നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നിലവിലെ തടസ്സങ്ങൾ ഓരോന്നായി വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൊഴിയൂർ-കാരോട്, അതിയന്നൂർ എന്നീ കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ ജലം നെയ്യാറിൽ ഇല്ല എന്ന് തെറ്റിദ്ധരിപ്പിക്കുന്ന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഏത് ഏജൻസിയാണ് ഈ റിപ്പോർട്ട് നൽകിയത് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കിഫ്ബി വഴി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച പൊഴിയൂർ-കാരോട് കുടിവെള്ള പദ്ധതി, അതിയന്നൂർ കുടിവെള്ള പദ്ധതി, മുള്ളറവിള-ആയയിൽ പാലം നിർമ്മാണം എന്നീ പ്രവൃത്തികളിന്മേൽ ഉണ്ടായിരുന്ന സാങ്കേതിക ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പ്രസ്തുത SPV-കൾ (പദ്ധതി നിർവ്വഹണ ഏജൻസി) സമർപ്പിച്ച മറുപടികൾ പരിശോധിച്ച് കിഫ്ബിയുടെ ഇനിവരുന്ന എക്സിക്യൂട്ടീവ്/ബോർഡ് യോഗങ്ങളിൽ അംഗീകാരത്തിനായി സമർപ്പിക്കാനുതകുന്ന അന്തിമ റിപ്പോർട്ട് തയ്യാറായി വരുന്നു.

(ബി) പൊഴിയൂർ-കാരോട്, അതിയന്നൂർ എന്നീ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സിന്റെ ജലലഭ്യതയുമായി ബന്ധപ്പെട്ട തെറ്റിദ്ധരിപ്പിക്കുന്ന റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. ചില വിശദീകരണങ്ങൾ വാട്ടർ അതോറിറ്റിയോട് കിഫ്ബി ചോദിച്ചിരുന്നു. ആയതിന് ഇറിഗേഷനിൽനിന്നും ലഭ്യമായ വിവരങ്ങൾ ശേഖരിച്ച് സ്രോതസ്സിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള വിശദാംശങ്ങൾ കേരള വാട്ടർ അതോറിറ്റി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയ അന്തിമ റിപ്പോർട്ട് തയ്യാറായി വരുന്നു.

**കിഫ്ബി പദ്ധതി**

29 (5288) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുന്ദമംഗലം ബൈപ്പാസ് നിർമ്മാണത്തിന് ആർ.ബി.ഡി.സി.കെ. സർക്കാരിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എത്ര ഘട്ടമായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പണ്ടാരപ്പറമ്പ്, ഉണ്ടോടിക്കടവ്, ഉണ്ടോടിക്കടവ്-പടനിലം, പണ്ടാരപ്പറമ്പ്-കാരന്തൂർ എന്നീ മൂന്ന് ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(സി) 27-9-2016-ലെ സ.ഉ.(സാധാ)നമ്പർ 1324/2016/പൊ.മ.വ. ഉത്തരവ് പ്രകാരം കുന്നമംഗലം മണ്ഡലത്തിലെ പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസ് എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ബൈപ്പാസ് റോഡിനാവശ്യമായ ചില നിബന്ധനകളുമായി (ട്രാഫിക് ഡാറ്റ ഉൾപ്പെടെയുള്ളവ) പൊരുത്തപ്പെടാത്തതിനാൽ ടി പദ്ധതിയുടെ നിർമ്മാണത്തിനായി ഭരണ വകുപ്പ് ചുമതലപ്പെടുത്തിയ നിർവ്വഹണ ഏജൻസി (ആർ.ബി.ഡി.സി.കെ.) പദ്ധതിയുടെ കൂടുതൽ വിശദാംശങ്ങൾ സർക്കാരിൽ സമർപ്പിക്കുന്നതിനായി തയ്യാറാക്കി വരുന്നു. ബാക്കി രണ്ട് ഘട്ടങ്ങളുടെയും ഭരണാനുമതി, ടി മൂന്ന് ഘട്ടങ്ങളുടെയും ഡി.പി.ആർ. എന്നിവ കിഫ്ബിയിൽ ലഭ്യമായിട്ടില്ല.

## വയനാട് ജില്ലയിലെ കിഫ്ബി പദ്ധതികൾ

30 (5289) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും വയനാട് ജില്ലയിലെ വിവിധ പദ്ധതികൾക്കായി ഇതുവരെ എത്ര കോടി രൂപ ചെലവഴിക്കാനുള്ള നടപടിക്രമങ്ങളാണ് പൂർത്തിയായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വയനാട് ജില്ലയിൽ നാളിതുവരെ 577.049 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ തുക ഉൾപ്പെടെയുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വണ്ടൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

31 (5290) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ബി) കിഫ്ബി പദ്ധതിയിൽ അനുവദിച്ച റോഡ് പ്രവൃത്തികൾക്കുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഈ നിയോജകമണ്ഡലത്തെ സംബന്ധിക്കുന്ന കിഫ്ബി അംഗീകാരം നൽകിയ 9 പദ്ധതികളിൽ 3 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 4 പദ്ധതികളുടെ ടെണ്ടർ നടപടിയും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിച്ചിട്ടുണ്ട്. ബാക്കി 2 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർനടപടി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിക്കുന്നതാണ്.

(ബി) കിഫ്ബി പദ്ധതിയിൽ അനുവദിച്ച റോഡ് പ്രവൃത്തികൾക്കുള്ള മാനദണ്ഡങ്ങൾക്ക് കിഫ്ബിയുടെ 33-ാമത് ബോർഡ് യോഗം അംഗീകാരം നൽകിയിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. അനുബന്ധത്തിലെ പേജുകളുടെ എണ്ണം അധികമായതിനാൽ ടി അനുബന്ധം സോഫ്റ്റ് കോപ്പി ആയി സമർപ്പിക്കുന്നു.*

## ഏറനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

32 (5291) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഏറനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും അവ എപ്പോൾ പൂർത്തിയാക്കുവാനാകുമെന്നും അറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി)ഏറനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*. അംഗീകാരം ലഭിച്ച പദ്ധതികളിൽ ഒരെണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അഞ്ച് പദ്ധതികളുടെ ടെണ്ടർ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടത് പദ്ധതി നിർവ്വഹണ ഏജൻസികളുടെ ചുമതലയാണ്.

## കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

33 (5292) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽനിന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾക്ക് ഇനിയും അംഗീകാരം ലഭ്യമാകാനുണ്ടെന്നും വിശദമാക്കാമോ;

(സി) കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) കിഫ്ബി അംഗീകാരം ഇതുവരെ ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾക്ക് വേഗത്തിൽ അംഗീകാരം ലഭ്യമാക്കി മുഴുവൻ പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ അനുബന്ധം1 ആയി ചേർക്കുന്നു*.

(ബി&സി) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അവശേഷിക്കുന്ന കിഫ്ബി പദ്ധതികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച്, ചുമതലപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് വിശദമായ അവലോകനത്തിനുശേഷം കിഫ്ബിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് തൃപ്തികരമാണെങ്കിൽ കിഫ്ബിയുടെ എക്സിക്യൂട്ടീവ്/ജനറൽ ബോർഡ് യോഗങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. ഇത്തരത്തിൽ കിഫ്ബി അംഗീകരിച്ച പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിക്കാണ്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ

34 (5293) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബി വഴി ഫണ്ട് അനുവദിച്ചത്; വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി ഫണ്ട് അനുവദിച്ച പ്രവൃത്തികളും അവയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

## ആസ്തി വികസനഫണ്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ

35 (5294) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആംഗ്ലോ-ഇൻഡ്യൻ മാനേജ്മെന്റുകളുടെ കീഴിലുള്ള എയ്ഡഡ് സ്കൂളുകളുടെ ശോചനീയാവസ്ഥയും സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്ത് അവയുടെ പുനരുദ്ധാരണത്തിനായി നോമിനേറ്റഡ് എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽനിന്നും ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനാവശ്യമായ ഭേദഗതികൾ, പ്രസ്തുത പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

സർക്കാർ അധീനതയിൽ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS)യും എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി (MLA SDF)-യും ലക്ഷ്യമിടുന്നത്. ആയതിനാൽ പ്രസ്തുത ഫണ്ടുകൾ എയ്ഡഡ് സ്കൂളുകൾക്കായി വിനിയോഗിക്കുന്നതിൽ പരിമിതിയുണ്ട്. എന്നിരുന്നാലും 12-5-2017-ലെ സ. ഉ. (അച്ചടി)നമ്പർ 63/2017/ധന പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് വിനിയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഒരു സ്കൂളിന് പരമാവധി 10 ലക്ഷം രൂപ ആസ്തി വികസന ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. കൂടാതെ എയ്ഡഡ് സ്കൂളുകളുടെ നവീകരണം ലക്ഷ്യമിട്ട് സർക്കാർ ചലഞ്ച് ഫണ്ട് പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ചലഞ്ച് ഫണ്ട് പദ്ധതിയിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ 1-3-2018-ലെ സ.ഉ.(അച്ചടി)നമ്പർ 30/2018/ധന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതത് മാനേജ്മെന്റുകൾ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്ക് ആനുപാതികമായിട്ടാണ് സർക്കാർ ചലഞ്ച് ഫണ്ട് അനുവദിച്ചുവരുന്നത്. മാനേജ്മെന്റ് വിഹിതവും സർക്കാർ വിഹിതവും 1:1 എന്ന അനുപാതത്തിൽ പരമാവധി 1 കോടി രൂപ ഇപ്രകാരം ഒരു സ്കൂളിനായി സമാഹരിക്കാവുന്നതാണ്. സർക്കാർ വിഹിതം നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും വിനിയോഗിക്കാവുന്നതാണ്. ചലഞ്ച് ഫണ്ട് എയ്ഡഡ് സ്കൂളുകളിൽ കെട്ടിടങ്ങൾ, ലൈബ്രറി/ലബോറട്ടറി, ഹൈടെക്/സ്മാർട്ട് ക്ലാസ് റൂമുകൾ, ശുചിമുറി, പാചകപ്പുര/ഡൈനിംഗ് ഹാൾ എന്നിവ നിർമ്മിക്കുന്നതിനും നിലവിലുള്ള സ്കൂൾ സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും കുടിവെള്ള സൗകര്യം ഒരുക്കുന്നതിനും വിനിയോഗിക്കാവുന്നതാണ്.

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും സ്മാർട്ട് ക്ലാസ്സ് റൂമുകളും പാചകപ്പുരകളും ടോയ്‌ലെറ്റുകളും നിർമ്മിക്കുന്നതിനും ടോയ്‌ലെറ്റുകളോട് ചേർന്ന് സാനിട്ടറി നാപ്കിൻ വെന്റിംഗ്/ ഡിസ്പോസർ മെഷീനുകൾ സ്ഥാപിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനുമുള്ള പൈപ്പ് ഇടുന്നതിനും ടാങ്ക് നിർമ്മിക്കുന്നതിനും/ വാങ്ങുന്നതിനും വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനും വാട്ടർ റീചാർജിംഗ് സൗകര്യമൊരുക്കുന്നതിനും കുഴൽക്കിണർ

നിർമ്മിക്കുന്നതിനും ഇതിനോടകം തന്നെ അനുമതി നൽകിയിട്ടുണ്ട്. (29-12-2017-ലെ സ.ഉ. (അച്ചടി) നമ്പർ 161/2017/ധന പ്രകാരം അനുബന്ധം I ഖണ്ഡികകൾ 29, 30, 31.*) എയ്ഡഡ് സ്കൂളുകൾക്കായി നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെയും എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെയും മാനദണ്ഡങ്ങളിൽ കൂടുതൽ ഭേദഗതി വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല.

**ഏറനാട് നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്**

36 (5295) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലും സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിലുമായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ് ആയി എത്ര തുകയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരമുള്ള പ്രവൃത്തിക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) 4-8-2018-ലെ സ.ഉ.(പി)നമ്പർ 119/2018/ധന പ്രകാരം 2.7 മുതൽ 2.10 വരെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാദണ്ഡങ്ങൾക്ക് വിധേയമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ സേവിംഗ്സ് തുക

37 (5296) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

## മഞ്ചേരി നിയോജകമണ്ഡത്തിലെ വികസനം

38 (5297) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി ആസ്തി വികസന പദ്ധതി ഉൾപ്പെടെ, 1-7-2016 മുതൽ 31-3-2019 വരെ അനുവദിച്ച തുകയുടെയും പദ്ധതിയുടെയും, പ്രവൃത്തികളുടേയും വിശദാംശം വർഷാടി സ്ഥാനത്തിൽ നൽകുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി ആസ്തി വികസന പദ്ധതി പ്രകാരം 1-7-2016 മുതൽ 31-3-2019 വരെ അനുവദിച്ച തുകയുടെയും പദ്ധതിയുടെയും പ്രവൃത്തികളുടെയും വിശദാംശം അനുബന്ധത്തിൽ കാണാവുന്നതാണ്*.

(ബി) ഓരോ പ്രവൃത്തിയുടെയും സ്ഥിതിവിവരം ശേഖരിച്ച് വരുന്നു.

**ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

39 (5298) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012 മുതൽ 2018-19 വരെ കാലഘട്ടങ്ങളിൽ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ സ്ഥിതിവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) 2012 മുതൽ 2016 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന പദ്ധതിയുടെ വിവരങ്ങൾ അനുബന്ധം -1ൽ ചേർത്തിരിക്കുന്നു.* 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ വിവരങ്ങൾ അനുബന്ധം -2-ൽ ചേർത്തിരിക്കുന്നു.*

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ നിന്നുള്ള ടെണ്ടർ സേവിംഗ്സ്**

40 (5299) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ നിന്നും 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടെണ്ടർ സേവിംഗ്സ് തുകയുടെ പ്രപ്പോസലുകൾ അനുവദിക്കുന്നതിലെ ധനകാര്യ വകുപ്പിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന പ്രകാരം 2.7 മുതൽ 2.10 വരെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്.

## വടക്കാഞ്ചേരി മണ്ഡലത്തിൽ ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

41 (5300) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 2016-17 വർഷത്തെ പദ്ധതിയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. 2017-18, 2018-19 എന്നീ വർഷങ്ങളിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി* ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതു ലൈബ്രറികൾക്ക് നിയോജകമണ്ഡലം ആസ്തി പദ്ധതിയിൽനിന്നും തുക

42 (5301) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള പൊതുലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള പൊതു ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

## എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് സ്കൂളുകൾക്ക് വാഹനം

43 (5302) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിന് പ്രൊപ്പോസൽ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും വാഹനം ലഭ്യമാക്കാൻ കഴിയാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ സ്കൂളുകൾക്ക് 2017-18, 2018-19 വർഷങ്ങളിൽ വാഹനങ്ങൾക്ക് ഫണ്ട് നീക്കിവച്ച് ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെയായി വാഹനം ലഭ്യമാക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ;

(സി) ഈ സ്കൂളുകൾക്ക് വാഹനം എന്നാണ് നൽകാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ പദ്ധതി നിർവ്വഹണത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ ഏതെങ്കിലും തരത്തിലുള്ള അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും സർക്കാർ സ്കൂളുകളിൽ ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

ലഘൂകരിച്ചിട്ടുണ്ട്. 5-3-2019-ലെ സ.ഉ.(സാധാ)നമ്പർ 1648/2019/ധന പ്രകാരം 14 ജില്ലകളിലേയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ 4202-01-800-84NPV എന്ന ശീർഷകത്തിൽ ഡ്രോയിംഗ് & ഡിസ്ബേർസിംഗ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം 7 സ്കൂളുകൾക്ക് വാഹനം വാങ്ങി നൽകുന്നതിന് 15-2-2018-ന് ഭരണാനുമതി നൽകിയിരുന്നു. ആയതിൽ 5 സ്കൂളുകൾക്ക് മാത്രമേ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ വാഹനം വാങ്ങി നൽകിയിട്ടുള്ളൂ. രണ്ട് സ്കൂളുകൾക്ക് 8 സീറ്റുള്ള ചെറിയ വാഹനമാണ് വേണ്ടത്. പ്രസ്തുത വാഹനങ്ങളുടെ ഇ-ടെണ്ടറിൽ ആരും പങ്കെടുത്തില്ല. ആയതിനാൽ വാഹനം വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ റീ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം 7 സ്കൂളുകൾക്ക് വാഹനം വാങ്ങി നൽകുന്നതിന് 17-12-2018-ന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ബില്ല് 30-3-2019-ന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും തുക മാറി നൽകാൻ കഴിഞ്ഞില്ല. ആയതിനാൽ ഫണ്ട് സറണ്ടർ ചെയ്തിരുന്നു. ടി ഫണ്ട് ഈ സാമ്പത്തിക വർഷത്തിൽനിന്നും വഹിക്കാവുന്നതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 2017-18-ൽ അനുമതി നൽകിയ വാഹനങ്ങൾക്ക് റീ-ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്കും 2018-19-ൽ അനുമതി നൽകിയ വാഹനങ്ങൾക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്കും വാഹനം അനുവദിക്കുന്നതായിരിക്കും.

(ഡി) വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

## എം.എൽ.എ. ആസ്തി വികസന ഫണ്ട്

44 (5303) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു എം.എൽ.എ.-യ്ക്ക് മണ്ഡലത്തിൽ ഒരു വർഷം അഞ്ച് കോടി രൂപ എന്ന സംവിധാനം നിലവിൽ വന്നതിനുശേഷം എല്ലാ മണ്ഡലങ്ങളിലും ഈ ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം നിലവിൽ വന്നതിനുശേഷം തുക മുഴുവൻ ചെലവഴിക്കാത്ത മണ്ഡലങ്ങൾ ഏതൊക്കെയാണെന്നും എത്ര തുകയാണ് ചെലവഴിക്കാൻ ബാക്കിയുള്ളതെന്നും വ്യക്തമാക്കാമോ;

(സി) എം.എൽ.എ.-മാർ മുഴുവൻ തുകയ്ക്കുള്ള ( 5 കോടി) പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ നൽകാത്തതുകൊണ്ടാണോ അതല്ല മറ്റു സാങ്കേതിക കാരണങ്ങൾ കൊണ്ടാണോ ആസ്തി വികസന ഫണ്ട് മണ്ഡലങ്ങളിൽ മുഴുവനായി ചെലവഴിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) പോയ വർഷങ്ങളിൽ ആസ്തി വികസന ഫണ്ട് മുഴുവനായും ഉപയോഗിക്കാത്ത എം.എൽ.എ.-മാർക്ക് ബാക്കിയുള്ള തുകയ്ക്കുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ നൽകാൻ അവസരം നൽകുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു എം.എൽ.എ.-യ്ക്ക് മണ്ഡലത്തിൽ ഒരു വർഷം അഞ്ച് കോടി രൂപ എന്ന സംവിധാനം നിലവിൽ വന്നതിനുശേഷം എല്ലാ മണ്ഡലങ്ങളിലും ഈ ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്.

(ബി&സി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം ഓരോ മണ്ഡലത്തിലെയും അതത് എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികളിൽ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമായവയ്ക്ക് ഭരണാനുമതി നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്യുതിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

(ഡി) 13-6-2019-ലെ സർക്കുലർ നമ്പർ 61/2019/ധന പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18, 2018-19 സാമ്പത്തിക വർഷത്തിനുകീഴിൽ ശിപാർശ ചെയ്ത പ്രവൃത്തികൾക്ക് ഭരണാനുതി നൽകുന്നതിനുള്ള സമയപരിധി 31-12-2019 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**ഉദുമ നിയോജകമണ്ഡലത്തിൽ ടെണ്ടർ സേവിംഗ്സ്**

45 (5304) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉദുമ നിയോജകമണ്ഡലത്തിലെ എ.ഡി.എസ്.-ൽ 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സായി എത്ര തുക നീക്കിയിരിപ്പുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ

പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ. -യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിലുണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുയുള്ളൂ.

## മണലൂർ മണ്ഡലത്തിലെ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ

46 (5305) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ 24-5-2018-ലെ 6/2408/2017 പ്രകാരം ഭരണാനുമതിയായെങ്കിലും പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാനായിട്ടില്ല എന്ന കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ;

(സി) അക്രെഡിറ്റഡ് ഏജൻസികൾക്ക് നിർവ്വഹണ ചുമതലയും പൊതുമരാമത്ത് വകുപ്പിന് മേൽനോട്ട ചുമതലയും ഉള്ള പ്രവൃത്തികൾ ഏത് അക്കൗണ്ട് ശീർഷകത്തിൽ നിന്നുമാണ് വിനിയോഗിക്കേണ്ടത്;

(ഡി) മേൽ സൂചിപ്പിച്ച പ്രവൃത്തി പൊതുമരാമത്തിന്റെ മേൽനോട്ടത്തിൽ നടത്തുന്നതിന് പ്രസ്തുത വകുപ്പിന്റെ ഡെപ്പോസിറ്റ് ഹെഡ്ഡായ 8443-00-108 -PW Deposit എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണെന്ന് തൃശ്ശൂർ ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ വിശദീകരണപ്രകാരം മണലൂർ നിയോജകമണ്ഡലത്തിലെ 17 വിവിധ കേന്ദ്രങ്ങളിൽ

ബസ് ഷെൽട്ടർ നിർമ്മാണത്തിനായി സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ് എന്ന അക്രെഡിറ്റഡ് ഏജൻസിയാണ് ഭരണാനുമതിക്കായി ജില്ലാ കളക്ടർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചതും ആയതിന്റെ അടിസ്ഥാനത്തിൽ 24-5-2018-ന് ഉത്തരവ് നമ്പർ ആർ.ഡി. 6/2048/2017 തീയതി 24-5-2018 പ്രകാരം ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിട്ടുള്ളതും ടി പ്രവൃത്തിക്കായി 59.07 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണാധികാരം പ്രോജക്റ്റ് മാനേജർ, SILK-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിൽ പ്രവൃത്തിയുടെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പായ പൊതുമരാമത്ത് നിരത്തുകൾ വിഭാഗം നടത്തേണ്ടതും അക്രെഡിറ്റഡ് ഏജൻസി സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് അനുബന്ധ രേഖകളോടൊപ്പം പൊതുമരാമത്ത് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശിപാർശ സഹിതം ധനകാര്യ വകുപ്പിന് അംഗീകാരത്തിനായി അയയ്ക്കേണ്ടതാണ്. എന്നാൽ പ്രവൃത്തിക്കാവശ്യമായ തുക വകയിരുത്തിയിരിക്കുന്നത് 5475-00-800-91 project under LAC-ADS(NP) എന്ന ശീർഷകത്തിലായതിനാൽ പ്രസ്തുത ശീർഷകം പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിന്റെ Operating Head അല്ലാത്തതുകൊണ്ട് ബില്ല് payment നടത്താൻ സാധിക്കുന്നതല്ലായെന്നും ആയതിനാൽ പ്രസ്തുത തുക പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിന്റെ Deposit Head ആയ 8443-00-108-PW Deposit എന്ന ശീർഷകത്തിൽ DDO Code 130159C001-ൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണെന്നും ജില്ലാ കളക്ടറെ അറിയിച്ചിരുന്നു. അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ G.O.(P) No.126/2017/Fin dated 25-9-2017 പ്രകാരം 5475-00-800-91 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും ബസ് ഷെൽട്ടറുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ ആയതിനാൽ അതിന്റെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് നടത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശമുള്ളതിനാൽ അക്രെഡിറ്റഡ് ഏജൻസിയായ SILK നൽകുന്ന ബില്ലുകൾ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കുകയോ ബില്ലുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

(സി) G.O.(P)No.126/2017/Fin. dated 25-09-2017 പ്രകാരം അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ 5475-00-800-91 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഡി) മേൽ സൂചിപ്പിച്ച പ്രവൃത്തി പൊതുമരാമത്തിന്റെ മേൽനോട്ടത്തിൽ നടത്തുന്നതിനും പ്രസ്തുത വകുപ്പിന്റെ ഡെപ്പോസിറ്റ് ഹെഡ്ഡായ 8443-00-108 PW

Deposit എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണെന്ന് തൃശ്ശൂർ ജില്ലാ കളക്ടറെ ധനകാര്യ വകുപ്പിൽനിന്നും അറിയിച്ചിട്ടില്ല. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലത്തിൽനിന്നും പ്രസ്തുത വിവരം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ G.O.(P) No.126/2017/Fin. dated 25-9-2017 പ്രകാരം 5475-00-800-91 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും ബസ് ഷെൽട്ടറുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ ആയതിനാൽ അതിന്റെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് നടത്തേണ്ടതാണെന്നുമുള്ള സർക്കാർ നിർദ്ദേശമുള്ളതിനാൽ SILK നൽകുന്ന ബില്ലുകൾ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ടെണ്ടർ ബാലൻസ്

47 (5306) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. -മാരുടെ ആസ്തി വികസന പദ്ധതി, പ്രാദേശിക വികസന പദ്ധതി എന്നിവയിൽ വരുന്ന ടെണ്ടർ ബാലൻസ് തുക ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ സമർപ്പിക്കാൻ ഇപ്പോൾ അനുമതി നൽകുന്നുണ്ടോ;

(ബി) പയ്യന്നൂർ മണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ ടെണ്ടർ ബാലൻസായി എത്ര തുകയാണുള്ളത്; വിശദമാക്കാമോ;

(സി) ടെണ്ടർ ബാലൻസായി വരുന്ന തുകയ്ക്ക് പുതിയ പദ്ധതികൾ സമർപ്പിക്കാൻ അനുമതി നൽകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിൽ വരുന്ന പദ്ധതികളുടെ ടെണ്ടർ ബാലൻസ് തുക 4-8-2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന പ്രകാരം ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ സമർപ്പിക്കാൻ അനുമതി നൽകുന്നുണ്ട്.

(ബി) നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം

പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.യും അതത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എസ്കസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) പിരിവ് (ബി)യിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ടെണ്ടർ ബാലൻസ് തുക കണ്ടെത്തിയാൽ മാത്രമേ പുതിയ പദ്ധതികൾക്ക് അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

## വെണ്ടുവഴി സർക്കാർ എൽ.പി. സ്കൂളിന് ഓപ്പൺ സ്റ്റേജ് നിർമ്മിക്കാൻ നടപടി

48 (5307) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കോതമംഗലം മുനിസിപ്പാലിറ്റിയിൽ വെണ്ടുവഴി സർക്കാർ എൽ.പി. സ്കൂളിന് ഒരു ഓപ്പൺ സ്റ്റേജ് നിർമ്മിക്കുവാൻ എം.എൽ.എ. എസ്.ഡി.എഫ്.-ൽ നിന്നും 4.95 ലക്ഷം രൂപയുടെ പ്രത്യേക അനുമതിക്കുവേണ്ടി നൽകിയിട്ടുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ;

(സി) സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പരിപാടിയുടെ ഭാഗമായി കോതമംഗലത്തെ സർക്കാർ എൽ.പി. സ്കൂളായ വെണ്ടുവഴി സ്കൂളിന് ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിക്കുവാൻ എം.എൽ.എ. എസ്.ഡി.എഫ്.-ൽ നിന്നും തുക അനുവദിക്കുവാൻ പ്രത്യേക അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത ശിപാർശ E-1148888 എന്ന ഫയലിൽ കൈകാര്യം ചെയ്തിരുന്നു. എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ

മാർഗ്ഗരേഖയിലെ അനുബന്ധം 1 ഇനം 1 -ലെ "മറ്റ് തരത്തിലുള്ള കെട്ടിട നിർമ്മാണം" എന്ന ഇനത്തിൽപ്പെടുത്തി വെണ്ടുവഴി സർക്കാർ എൽ.പി. സ്കൂളിന് ഒരു ഓപ്പൺ സ്റ്റേജ് നിർമ്മിക്കുവാനുള്ള എം.എൽ.എ.-യുടെ ശിപാർശയ്ക്ക് അനുമതി നൽകാവുന്നതാണ്. ആയതിനാൽ ഈ ശിപാർശയിൽ തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് അറിയിച്ച് എറണാകുളം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. [11-6-2019-ലെ 49/NC-B1/2019/ധന (1148888) നമ്പർ കത്ത്]. ഈ വിവരം ബഹു. എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് റോഡ് പ്രവൃത്തികൾ

49 (5308) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിൽ വരുന്ന റോഡ് പ്രവൃത്തികൾ ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഡിപ്പോസിറ്റ് വർക്കായി ചെയ്യേണ്ട സാഹചര്യങ്ങളിൽ തദ്ദേശ വകുപ്പിൽ നിന്നും ഡെപ്പോസിറ്റ് ചെയ്യേണ്ട തുക തദ്ദേശ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സമയബന്ധിതമായി ഡെപ്പോസിറ്റ് ചെയ്യാത്തതുമൂലം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാതെ പ്രയാസം നേരിടുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ച ആസ്തിവികസന ഫണ്ട് പ്രവൃത്തികളുടെ തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിക്ക് (വിശിഷ്യാ പൊതുമരാമത്ത് വകുപ്പിന്) തദ്ദേശ ഭരണ ചീഫ് എൻജിനീയറുടെ ആഫീസിൽ നിന്നും ഫണ്ട് ഇല്ല എന്ന കാരണം പറഞ്ഞ് സമയബന്ധിതമായി ഡെപ്പോസിറ്റ് ചെയ്യാതിരിക്കുന്ന സാഹചര്യം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ; വിവരിക്കുമോ?

### ഉത്തരം

(എ&ബി) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരിയായ 4515-00-800-96 ശീർഷകത്തിൽനിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് നിലവിലുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ള ബില്ലുകൾക്കെല്ലാം തന്നെ യഥാസമയം തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള രേഖകൾ ഉള്ളടക്കം ചെയ്യാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകൾ ന്യൂനതകൾ പരിഹരിച്ച് പുനർസമർപ്പിക്കുന്നതിലേയ്ക്കായി അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് തിരികെ നൽകുകയും ന്യൂനത പരിഹരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് അലോട്ട്മെന്റ് നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

## വടക്കാഞ്ചേരി മണ്ഡലത്തിലെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവൃത്തികൾ

50 (5309) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പ്രാദേശികവികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചതും, നിർമ്മാണം പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പൂർത്തീകരിക്കാത്തതും ആരംഭിക്കാത്തതുമായ പദ്ധതികളുടെ പ്രവൃത്തി തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ ആയത് എന്താണെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഭരണാനുമതി നൽകിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്

51 (5310) ശ്രീ. എം. ഉമ്മർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് യഥാസമയം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമയപരിധി കഴിഞ്ഞിട്ടും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്ത എത്ര കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ട്; ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ചെലവാക്കിയ തുകയ്ക്ക് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകാൻ വിസമ്മതിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ഫണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നത് റീ-ഇംബേഴ്സ്മെന്റ് ആയോ അഡ്വാൻസായോ ആണ്. റീ-ഇംബേഴ്സമെന്റ് ആയി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാകുന്നത്. ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ ഇനത്തിലും ഫണ്ട് റിലീസ് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലാകാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെങ്കിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പൂർണ്ണമായും ഉപയോഗിച്ചുതീരാത്ത സാഹചര്യം ഉണ്ടായാൽ, തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കുവാൻ സാധിക്കുന്നതാണ്. പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വിവിധ വകുപ്പുകൾ ചെലവാക്കിയ തുക സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിംഗിന് വിധേയമാക്കുമ്പോൾ, ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമായ വൗച്ചറുകൾ ഹാജരാക്കാത്തതും പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതും ചൂണ്ടിക്കാട്ടി അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ഒബ്ജക്ഷൻ ഉയർത്താറുണ്ട്. ഇത്തരത്തിൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ഒബ്ജക്ഷൻ ധന വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഓഡിറ്റ് ഒബ്ജക്ഷൻ നീക്കുന്നതിനാവശ്യമായ വൗച്ചറുകളോ തിരുത്തൽ നടപടികളോ സ്വീകരിച്ച് ആയത് അക്കൗണ്ടന്റ് ജനറലിനെ അറിയിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട് വകുപ്പുകൾക്ക് ധന വകുപ്പ് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

52 (5311) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നീക്കിവച്ചത് എത്ര തുകയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുതയിനത്തിൽ കേന്ദ്ര വിഹിതമായി 2019 മാർച്ച് 31 വരെ എത്ര തുക ലഭിച്ചു; വിശദമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് യഥാസമയത്ത് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിന്റെ പേരിൽ കേന്ദ്രവിഹിതം നഷ്ടമായിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് നഷ്ടമായതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ മറികടന്ന് ഫണ്ട് ചെലവഴിച്ചതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഈ സർക്കാർ വന്നതിനുശേഷം നഷ്ടപ്പെട്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 8097.99 കോടി രൂപയാണ് നീക്കിവച്ചത്.

(ബി) പി.എഫ്.എം.എസ്. വെബ് പോർട്ടലിലെ കണക്കുകൾ പ്രകാരം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴി 4150.62 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ഫണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നത് റീ-ഇംബേഴ്സ്മെന്റ് ആയോ അഡ്വാൻസായോ ആണ്. റീ-ഇംബേഴ്സ്മെന്റ് ആയി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാകുന്നത്. ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ

ഇനത്തിലും ഫണ്ട് റിലീസ് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലാക്കാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഹാരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെങ്കിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പൂർണ്ണമായും ഉപയോഗിച്ച് തീരാത്ത സാഹചര്യം ഉണ്ടായാൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വിവിധ വകുപ്പുകൾ ചെലവാക്കിയ തുക സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയതിനുശേഷം മാത്രമേ ഇത്തരത്തിൽ ചെലവാക്കിയ ആകെ തുകയിൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ട് ചെലവഴിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരുകയുള്ളൂ. ഇത്തരത്തിൽ 2016-17 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതി ചെലവ് സംബന്ധിച്ച അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയതിൽ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ ചില കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ശമ്പളവും വേതനവുമായി ബന്ധപ്പെട്ട പദ്ധതി ഘടകങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങളിലുള്ള അവ്യക്തത കാരണം ഇത്തരത്തിൽ ചെലവാക്കിയ തുകയ്ക്ക് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുവദിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ കാര്യത്തിൽ അക്കൗണ്ടന്റ് ജനറലുമായും കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട് പ്രസ്തുത തുകയ്ക്ക് അക്കൗണ്ടന്റ് ജനറലിൽ നിന്നും ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനും ഹെൽത്ത് സർവ്വീസസ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് നടപടികൾ അക്കൗണ്ടന്റ് ജനറൽ പൂർത്തിയാക്കുന്ന മുറയ്ക്കേ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

**ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ**

53 (5312) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയിലേക്ക് പ്രസ്തുത സ്ഥാപനത്തിൽ മറ്റ് തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാർക്ക് പ്രൊമോഷൻ നൽകി നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിനായി നികുതി വകുപ്പിൽ നിന്നും പി.എസ്.സി.-യുടെ ഉപദേശത്തിനായി കത്ത് (എ 3/6/2019/ടാക്സസ്) നൽകിയിട്ടുണ്ടോ; എങ്കിൽ പി.എസ്.സി.-യുടെ ഉപദേശമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താതെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് വകുപ്പുതല പ്രൊമോഷൻ വഴി നിയമനം നടത്തുന്നത് ഏത് സാഹചര്യത്തിലാണ് ; അത് പുനഃപരിശോധിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ബി.സി.-യിലെ നിലവിലെ സർവ്വീസ് റൂൾ പ്രകാരം അസിസ്റ്റന്റ് ഗ്രേഡ് II/അസിസ്റ്റന്റ് ഗ്രേഡ് I എന്നീ തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് BA/BSc/BCom യോഗ്യതയുടെയോ അല്ലെങ്കിൽ ഏതെങ്കിലും യോഗ്യതയുടെയോ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ ബൈട്രാൻസ്ഫർ മുഖേന സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്. ടി ജീവനക്കാരുടെ അഭാവത്തിൽ BA/BSc/BCom യോഗ്യതയുടെയോ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ മൂന്ന് വർഷത്തെ ബിരുദ യോഗ്യതയുടെയും കൂടാതെ കമ്പനീസ് ആക്ട് പ്രകാരം പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ അംഗീകൃത വ്യവസായ സ്ഥാപനത്തിൽ നിന്നോ ലഭിച്ച കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങിലും കമ്പ്യൂട്ടർ ഓപ്പറേഷനിലും നേടുന്ന മൂന്ന് വർഷത്തെ പ്രവൃത്തി പരിചയത്തിന്റെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനത്തിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ബി.സി.-യിൽ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന മേൽപ്പറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ള ആരുംതന്നെ ഇത്തരത്തിൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ബി-ഡി) പബ്ലിക് സർവ്വീസ് കമ്മീഷന്റെ 21-8-2013-ലെ AIII(1) 1298/95/CW(2) നമ്പർ കത്ത് പ്രകാരം കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ യോഗ്യത നിലവിലുള്ള കെ.എസ്.ബി.സി. സർവ്വീസ് റൂൾ പ്രകാരമുള്ള മൂന്ന് വർഷത്തെ പരിചയ യോഗ്യതയ്ക്ക് പകരം വ്യക്തമായ കമ്പ്യൂട്ടർ യോഗ്യതകളായ DCA, PGDCA ഇവയിൽ അനുയോജ്യമായ യോഗ്യത നിഷ്കർഷിച്ചുകൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ പ്രസ്തുത തസ്തികയിൽ ലഭ്യമായ എല്ലാ ഒഴിവുകളും (42 എണ്ണം) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയുടെ നിലവിലുള്ള യോഗ്യത ഭേദഗതി ചെയ്ത് ഉത്തരവായിട്ടില്ല. ഈ സാഹചര്യത്തിൽ പി.എസ്.സി. നിലവിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതാണ്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

54 (5313) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തര സാഹചര്യങ്ങളിൽ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ആശുപത്രികളിൽപ്പെടാത്ത ആശുപത്രിയിൽ ചികിത്സതേടുന്ന ജീവനക്കാർക്ക് ഈ പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം സാഹചര്യത്തിൽ ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം ബദൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യത്തിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയും പദ്ധതിയിൻകീഴിൽ ഗുണഭോക്താവിന് പരിരക്ഷ ലഭിക്കുന്നതാണ്. അത്തരം സാഹചര്യങ്ങളിൽ, സ്കീമിന്റെ അംഗീകൃത നിരക്കുകളെയോ പാക്കേജുകളെയോ അടിസ്ഥാനമാക്കി ചികിത്സാ ചെലവ് ഇൻഷ്വറർ പ്രതിപൂരണം ചെയ്തുനൽകുന്നതാണ്.

## സ്പാർക്ക് സോഫ്റ്റ്‌വെയറിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

55 (5314 ) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിക്കുന്ന ക്ഷാമബത്ത ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സ്പാർക്കിൽ നിന്നും യഥാസമയം ബിൽ പ്രോസെസ്സ് ചെയ്യുവാൻ കഴിയാത്തതുമൂലം വൈകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പാർക്കിന്റെ പോരായ്മകൾ നിമിത്തം ഏറ്റവുമൊടുവിൽ പ്രഖ്യാപിച്ച ക്ഷാമബത്ത വിതരണം ചെയ്യുന്നതിന് ഏകദേശം എത്ര ദിവസത്തെ കാലതാമസമുണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സ്പാർക്കിന്റെ പോരായ്മകൾമൂലവും നെറ്റ്‌വർക്ക് തകരാറുമൂലവും, സർക്കാർ പ്രഖ്യപിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുവാൻ കഴിയാത്തത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ക്ഷാമബത്ത ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ ബില്ലുകൾ സമയോചിതമായി പ്രോസെസ്സ് ചെയ്യാൻ കഴിയാത്ത സാഹചര്യം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാലതാമസമുണ്ടായിട്ടില്ല.

(സി) സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ സ്പാർക്ക് വഴി വിതരണം ചെയ്യുവാൻ കഴിയാത്തതായ സാഹചര്യം നിലവിലില്ല. എന്നാൽ കാലോചിതമായ പരിഷ്കരണത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത് വേഗത്തിലാക്കുന്നതാണ്.

**സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പോളിസി**

56 (5315) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പോളിസി എടുത്തിട്ടുള്ള എല്ലാ ജീവനക്കാർക്കും പോളിസി സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകാത്ത സാഹചര്യത്തിൽ പോളിസി കാലാവധി പൂർത്തിയാകുമ്പോൾ തുക ലഭിക്കുവാൻ പോളിസികൾ ഓരോന്നിനും പ്രത്യേകം മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നൽകണമെന്ന നിബന്ധന ലഘൂകരിക്കുവാൻ നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് വരിസംഖ്യാ രേഖകൾ അടിസ്ഥാന രേഖയായി പരിഗണിച്ച് പോളിസി കാലാവധി പൂർത്തിയാകുമ്പോൾ തുക ലഭ്യമാക്കുന്നതിന് ചട്ടങ്ങൾ പരിഷ്കരിക്കുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് പോളിസി സർട്ടിഫിക്കറ്റ് ലഭിക്കാത്ത ജീവനക്കാർ തുക ലഭിക്കുവാൻ പ്രത്യേക മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നൽകണമെന്ന നിബന്ധന നിലവിലില്ല. ലഭിച്ച പോളിസികൾ തിരിച്ചുകിട്ടാനാവാത്ത വിധം നഷ്ടപ്പെട്ട് പോകുകയോ നശിച്ചുപോകുകയോ ചെയ്യുന്ന സാഹചര്യത്തിൽ മാത്രമാണ് പ്രത്യേക മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നൽകണമെന്ന നിബന്ധനയുള്ളത്. ആയതിനാൽ പ്രസ്തുത നിബന്ധന ഭേദഗതി വരുത്തേണ്ട സാഹചര്യം നിലവിലില്ല.

(ബി) നിലവിലുള്ള ഇൻഷ്വറൻസ് റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയമങ്ങൾ അനുസരിച്ചാണ് എസ്.എൽ.ഐ. പോളിസികളുടെയും ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അതുപ്രകാരം പോളിസി പ്രീമിയം രേഖകൾ, ജീവനക്കാരന്റെ അപേക്ഷ, ഡിസ്ചാർജ് വൗച്ചറും രസീതും എന്നീ രേഖകൾ പരിഗണിച്ചുമാത്രമേ പോളിസി കാലാവധി പൂർത്തിയാകുമ്പോൾ തുക ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. എസ്.എൽ.ഐ. ചട്ടങ്ങൾ മാത്രമായി പരിഷ്കരിക്കുവാൻ സാധിക്കുകയില്ല.

## പങ്കാളിത്ത പെൻഷൻ പദ്ധതി

57 (5316) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സർവ്വീസ് മേഖലയിൽ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയശേഷം 2019 മേയ് 31 വരെ എത്ര പങ്കാളിത്ത പെൻഷൻകാർ ജോലി ചെയ്യുന്നുണ്ട് എന്നതിന്റെ വകുപ്പ് തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് സർക്കാർ രൂപീകരിച്ച സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്പാർക്കിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് സംസ്ഥാനത്തെ സിവിൽ സർവ്വീസ് മേഖലയിൽ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയശേഷം 2019 മേയ് 31 വരെ പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജോലി ചെയ്യുന്ന ജീവനക്കാരുടെ വകുപ്പ് തിരിച്ചുള്ള പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) നിലവിൽ സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി 7-1-2018-ലെ സ.ഉ.(പി)നമ്പർ 172/2018/ധന പ്രകാരം ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലായതിനാലും പങ്കാളിത്ത പെൻഷൻ പുനഃപരിശോധന പോലുള്ള ഒരു വിഷയത്തിന്റെ വിവിധ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തലങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടത് ആവശ്യമായതിനാലും സമിതിയുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് സർക്കാർ 6-5-2019-ലെ സ.ഉ.(പി) നമ്പർ 56/2019/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം അതിന്റെ ഓരോ ഘട്ടത്തിലും സർക്കാർ വിലയിരുത്തുന്നുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാനുള്ള കമ്മിറ്റി**

58 (T*5317) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ടി നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പുനഃപരിശോധന സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയെ എന്നാണ് നിയമിച്ചത്; പ്രസ്തുത സമിതി ഇതിനകം ചേർന്ന യോഗങ്ങളുടെ നടപടികുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ കമ്മിറ്റിയുടെ കാലാവധി നീട്ടുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 7-11-2018-ലെ സ.ഉ (പി)നമ്പർ 172/2018/ധന പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലായതിനാൽ ഔദ്യോഗികമായി യോഗങ്ങൾ ഒന്നുംതന്നെ ചേർന്നിട്ടില്ല. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച സാമ്പത്തിക നിയമ വശങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടത് ആവശ്യമായതിനാൽ സമിതിയുടെ പ്രവർത്തന കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് സർക്കാർ 6-5-2019-ലെ സ.ഉ.(പി)നമ്പർ 56/2019/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഭവന വായ്പയുടെ പിഴപ്പലിശ നിരക്ക്

59 (5318) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ എടുത്തശേഷം തുക അതത് ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ ദുരുപയോഗം ചെയ്യുന്നവരിൽ നിന്ന് ഈടാക്കുന്ന പിഴപ്പലിശ നിരക്ക് 2.5 ശതമാനത്തിൽ നിന്നും 18% ആയി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള പിഴപ്പലിശയിലെ വർദ്ധനവ് ഏത് തീയതി മുതൽക്കുള്ള വായ്പകൾക്കാണ് ബാധകമാകുന്നത്;

(സി) പ്രസ്തുത സർക്കാർ ഉത്തരവിന്റെ പ്രാബല്യത്തീയതിക്ക് മുൻപ് വായ്പ എടുക്കുകയും നാളിതുവരെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാതിരിക്കുകയും ചെയ്ത ജീവനക്കാർക്കുള്ള പിഴപ്പലിശനിരക്ക് എത്രയാണ്; വിശദമാക്കുമോ?

### ഉത്തരം

(എ) 3-5-2019- ലെ സ.ഉ.(അച്ചടി)നമ്പർ 53/2019/ധന പ്രകാരം ഭവന നിർമ്മാണ വായ്പ എടുത്തശേഷം തുക അതത് ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ ദുരുപയോഗം ചെയ്യുന്നവരിൽനിന്ന് ഈടാക്കുന്ന പിഴപ്പലിശ നിരക്ക് 2.5 ശതമാനത്തിൽനിന്നും 18 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു.*

(ബി) 3-5-2019-ലെ സ.ഉ (അച്ചടി)നമ്പർ 53/2019/ധന പ്രകാരം പിഴപ്പലിശയിലെ വർദ്ധനവ് 3-5-2019 മുതൽ വായ്പയെടുത്തവർക്കാണ് ബാധകമാകുക.

(സി) 3-5-2019-ലെ സ.ഉ.(അച്ചടി)നമ്പർ 53/2019/ധന ഉത്തരവിന്റെ പ്രാബല്യ തീയതിക്ക് മുമ്പ് സർക്കാരിൽ നിന്ന് ഭവന നിർമ്മാണ വായ്പ എടുക്കുകയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാതിരിക്കുകയും ചെയ്ത ജീവനക്കാർക്കുള്ള പിഴപ്പലിശ നിരക്ക് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 244D2 (V) പ്രകാരം 2.5 ശതമാനമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

60 (5319) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകളുടെ തൽസ്ഥിതി എന്താണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ നിന്നും പ്രസ്തുത പദ്ധതിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നുമുള്ള വിശദവിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

### ഉത്തരം

(എ-സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങളനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം 78062 അപേക്ഷകളാണ് ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ളത്. അതിൽ 5400 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്. ബാങ്കിൽ നിന്നുള്ള പരിശോധനകൾക്കുശേഷം SLBC ശിപാർശയോടെ 28-6-2019 വരെ 22258 അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഓൺലൈനായി സമർപ്പിക്കപ്പെട്ട മറ്റ് അപേക്ഷകൾ ബാങ്കിന്റെ വിവിധ തലങ്ങളിൽ പരിശോധനയിലാണ്. സർക്കാരിൽ ലഭിച്ച 22258 അപേക്ഷകളിൽ 16174 അപേക്ഷകളിന്മേൽ സർക്കാർ വിഹിതമായി 156.73 കോടി രൂപ അനുവദിക്കുകയും ആയത് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കൂടാതെ 38.84 കോടി രൂപ സർക്കാർ വിഹിതമായി ബാങ്കുകൾക്ക് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ നിയോജകമണ്ഡല അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. ബാങ്ക് തിരിച്ചുള്ള അപേക്ഷകളുടെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

61 (5320) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതിക്ക് വേണ്ടി സർക്കാർ എത്ര കോടി രൂപ അനുവദിച്ചു; വിശദമാക്കാമോ;

(ബി) ഏത് തീയതിവരെ കുടിശ്ശികയായ വായ്പകൾക്കാണ് ഇത്തരത്തിൽ സഹായം ലഭിച്ചിരുന്നത്; ഇത്തരത്തിൽ എത്ര ആളുകൾക്ക് സഹായം ലഭിക്കുകയുണ്ടായി എന്നതിന്റെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) വിദ്യാഭ്യാസവായ്പാ തിരിച്ചടവ് പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട തുകയിൽ നിന്നും എത്ര കോടി രൂപയുടെ സഹായം ഇതിനകം ലഭ്യമാക്കി എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ഡി) വിദ്യാഭ്യാസവായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ പ്രയാസം അനുഭവിക്കുന്ന ഒട്ടനവധിപേർ ഇന്നും സംസ്ഥാനത്തുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് കൂടി ഈ സഹായപദ്ധതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്ത് ലഭ്യമാക്കിയ 16174 അപേക്ഷകർക്ക് സർക്കാർ വിഹിതമായി ആകെ 156.73 കോടി രൂപ അനുവദിച്ച് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. കൂടാതെ, 38.84 കോടി രൂപ സർക്കാർ വിഹിതമായി ബാങ്കുകൾക്ക് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി&സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ച് 1-4-2012 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് തുടങ്ങിയതും NPA ആകാത്തതുമായ വായ്പകൾക്ക് ആനുകൂല്യം ലഭിക്കുന്നു. കൂടാതെ 31-3-2016-നോ അതിന് മുമ്പേ NPA ആയതും 31-3-2016-ന് NPA ആയി തുടരുന്നതുമായ വായ്പകൾക്കും പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

പ്രസ്തുത പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. തുക അനുവദിച്ചത് സംബന്ധിച്ച ബാങ്ക് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31-3-2016-നുള്ളിൽ തിരിച്ചടവ് വരുന്നവരെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ടി പദ്ധതിയിൽ 31-1-2018 വരെ ലഭിച്ച അപേക്ഷകളിന്മേലുള്ള സഹായ വിതരണമാണ് ഇപ്പോൾ നടന്നുവരുന്നത്. പുതിയ അപേക്ഷകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുമെന്നതിനാൽ ടി പദ്ധതിയിൽ പുതിയ അപേക്ഷകൾ ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികൾ

62 (5321) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ പ്രവൃത്തികളടക്കമുള്ള വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ ഒരു കോടി രൂപ വീതവും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 1-ഉം 2-ഉം ആയി ചേർക്കുന്നു.* കിഫ്ബി വഴിയുള്ള പ്രവൃത്തികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധം 3-ഉം* പൊതുമരാമത്ത് വഴിയുള്ള പ്രവൃത്തികളുടെയും നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധം 4-ഉം* മറ്റ് പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 5 ആയും* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സഹകരണ ബാങ്കുകളിൽ നിന്ന് സമാഹരിച്ച തുക

63 (5322) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ, കെ.എസ്.ആർ.ടി.സി. പെൻഷൻ എന്നിവ നൽകുന്നതിനുവേണ്ടി സഹകരണ ബാങ്കുകളിൽ നിന്നും എത്ര തുക സമാഹരിച്ചു; വിശദാംശം നൽകുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര തുക തിരിച്ചടച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ;

(സി) ബാക്കി തുക എന്നത്തേക്ക് തിരിച്ചടയ്ക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി വിവിധ സഹകരണ സംഘങ്ങളിൽനിന്നും രണ്ട് ഘട്ടങ്ങളായി സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേന പെൻഷൻ വിതരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് 4407.78 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

14 മാസ കാലാവധിയിൽ സമാഹരിച്ചിട്ടുള്ള മേൽ വായ്പകൾക്ക് 9.5% പലിശ നിരക്കിൽ 196.83 കോടി രൂപ നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകുന്നതിനുവേണ്ടി സഹകരണ ബാങ്കുകളിൽ നിന്നും ഇതുവരെ 1176,57,18,000 രൂപ (ആയിരത്തി ഒരുനൂറ്റി എഴുപത്തിയാറ് കോടി അൻപത്തിഏഴ് ലക്ഷത്തി പതിനെണ്ണായിരം രൂപ മാത്രം) സമാഹരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം ചെയ്ത വകയിൽ സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിന് കെ.എസ്.ആർ.ടി.സി.-ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 10% പലിശ ഉൾപ്പെടെ 785,33,88,594 രൂപ (എഴുന്നൂറ്റി എൺപത്തി അഞ്ച് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തെണ്ണായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം ) തിരിച്ചടച്ചിട്ടുണ്ട്.

ജില്ലകൾ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി എടുത്ത വായ്പ കാലാവധി പൂർത്തിയാകാത്ത സാഹചര്യത്തിൽ തിരിച്ച നല്കിയിട്ടില്ല. കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകുന്നതിനുവേണ്ടി സമാഹരിച്ച തുകയുടെ കാര്യത്തിൽ ഓരോ മാസവും തിരിച്ചടയ്ക്കേണ്ട തുക സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വിവിധ ക്ഷേമപെൻഷനുകൾ

64 (5323) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമപെൻഷനുകൾക്കു വേണ്ടി എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്; അറിയിക്കുമോ;

(ബി) ഗുണഭോക്താക്കളുടെ എണ്ണവും വിതരണം ചെയ്ത തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി 16424.70 കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. മറ്റ് ക്ഷേമ പെൻഷനുകൾ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണവും വിതരണം ചെയ്ത തുകയും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 467809 | 17007803919 |
| 2 | കൊല്ലം | 390533 | 13675174119 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | പത്തനംതിട്ട | 171288 | 6334669169 |
| 4 | ആലപ്പുഴ | 317791 | 11411460749 |
| 5 | കോട്ടയം | 251721 | 9156715269 |
| 6 | ഇടുക്കി | 144893 | 5270101819 |
| 7 | എറണാകുളം | 396826 | 14594053909 |
| 8 | തൃശ്ശൂർ | 441104 | 16502358119 |
| 9 | പാലക്കാട് | 404926 | 15180374909 |
| 10 | മലപ്പുറം | 460949 | 17314696269 |
| 11 | കോഴിക്കോട് | 390634 | 14267157474 |
| 12 | വയനാട് | 106748 | 3829809594 |
| 13 | കണ്ണൂർ | 355974 | 13584299596 |
| 14 | കാസർഗോഡ് | 163855 | 6118335086 |
| | ആകെ | 4465061 | 164247010000 |

മറ്റ് ക്ഷേമ പെൻഷനുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

65 (5324) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ വാങ്ങുന്ന എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര പേർക്ക് വിവിധ ക്ഷേമ പെൻഷനുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ എത്ര രൂപ വീതം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 25-6-2019 തീയതിയിലെ കണക്കുപ്രകാരം സംസ്ഥാനത്ത് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്ന 4541990 പേരുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 1098576 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രതിമാസം 600 രൂപയായിരുന്ന മിനിമം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 2016 ജൂൺ മുതൽ 1000 രൂപയായും 2017 ഏപ്രിൽ മുതൽ 1100 രൂപയായും 2019 ഏപ്രിൽ 1 മുതൽ 1200 രൂപയായും വർദ്ധിപ്പിച്ചു. 80 ശതമാനവും അതിനുമുകളിലും വൈകല്യമുള്ളവർക്കുള്ള വികലാംഗ പെൻഷൻ 21-2-2018 മുതൽ 1100 രൂപയിൽ നിന്നും 1300 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

## ഇന്ദിരാ ഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം

66 (5325) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം ഇന്ദിരാ ഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം, ഇന്ദിരാ ഗാന്ധി നാഷണൽ ഡിസെബിലിറ്റി പെൻഷൻ സ്കീം എന്നിവയിലൂടെ കേന്ദ്ര സർക്കാർ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ചത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിലൂടെ കേന്ദ്ര സർക്കാർ അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ - 77.5847 കോടി രൂപ.

ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ - 11.0998 കോടി രൂപ

(ബി) 2018-19 സാമ്പത്തിക വർഷം ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷനുവേണ്ടി 48,84,22,700 രൂപയും ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷനുവേണ്ടി 1577,32,43,600 രൂപയും സംസ്ഥാനത്ത് ചെലവഴിച്ചു. മേൽപ്പറഞ്ഞ തുകയിൽ ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ കേന്ദ്ര വിഹിതമായ 77.5847 കോടി രൂപയും ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ വിഹിതമായ 11.0998 കോടി രൂപയും ഉൾപ്പെടുത്തിയാണ് വിതരണം ചെയ്തിട്ടുള്ളത്.

## അഡീഷണൽ ഓതറൈസേഷൻ

67 (5326) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-19-ൽ ഏതെല്ലാം വകുപ്പുകൾ അഡീഷണൽ ഓതറൈസേഷൻ വഴി ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) അഡീഷണൽ ഓതറൈസേഷൻ വഴി നൽകിയ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ വർഷം അഡീഷണൽ ഓതറൈസേഷൻ വഴി നൽകിയ തുക ബന്ധപ്പെട്ട വകുപ്പുകൾ ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇത് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് 2018-19-ൽ വിവിധ ധനാഭ്യർത്ഥനകളിലായി അധിക ധനാനുമതി മുഖേന ഫണ്ട് അനുവദിച്ചതും അതിൻപ്രകാരം ചെലവായ തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ജീവനക്കാരുടെ ശമ്പള പരിഷ്കരണം

68 (5327) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ നൽകുന്നതിന് വേണ്ടി എന്ത് തുക വേണ്ടിവരും; വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയാൽ ഇത് എത്രയായി വർദ്ധിക്കുമെന്നാണ് ധനകാര്യ വകുപ്പ് തയ്യാറാക്കിയ മദ്ധ്യകാല സാമ്പത്തിക നയത്തിൽ വ്യക്തമാക്കിയിട്ടുള്ളത്;

(സി) 2020-21-ൽ തനത് നികുതി വരുമാനമായി പ്രസ്തുത നയത്തിൽ എത്ര കോടി രൂപയാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പള ഇനത്തിൽ 32827.43 കോടി രൂപയുടേയും പെൻഷൻ ഇനത്തിൽ 18911.83 കോടി രൂപയുടേയും ചെലവാണ് പ്രതീക്ഷിക്കുന്നത്.

(ബി) ശമ്പള പരിഷ്കരണം നടത്തുമ്പോൾ ഉണ്ടാകുന്ന അധിക ബാദ്ധ്യത ഉൾപ്പെടെ 2021-22 സാമ്പത്തിക വർഷം ശമ്പളയിനത്തിൽ 43098.44 കോടി രൂപയുടേയും പെൻഷൻ ഇനത്തിൽ 26552.70 കോടി രൂപയുടേയും ചെലവാണ് 2019-20 വർഷത്തേക്കുള്ള മദ്ധ്യകാല സാമ്പത്തിക നയ സ്റ്റേറ്റ്മെന്റിൽ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത്.

(സി) 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതിയിനത്തിൽ 76541.52 കോടി രൂപയുടെ വരുമാനമാണ് 2019-20 വർഷത്തേയ്ക്കുള്ള മധ്യകാല സാമ്പത്തിക നയ സ്റ്റേറ്റ്മെന്റ് പ്രകാരം എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത്.

**ഇ-വേ ബിൽ സമ്പ്രദായം**

69 (5328) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർ സംസ്ഥാന ചരക്കുനീക്കം വീക്ഷിക്കുന്നതിന് ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണമായ രീതിയിൽ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണമായി നടപ്പിലാക്കുന്നതോടെ അതിർത്തി ചെക്കുപോസ്റ്റുകളുടെ പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ചരക്കുകൾക്കാണ് ഇ-വേ ബിൽ സമ്പ്രദായം ബാധകമല്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇപ്രകാരമുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിനും രേഖപ്പെടുത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) അന്തർ സംസ്ഥാന ചരക്കുനീക്കത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഓൺലൈൻ സെൽഫ് ഡിക്ലറേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനമനുസരിച്ച് 1-4-2018 മുതൽ അൻപതിനായിരം രൂപയിൽ കൂടുതൽ മൂല്യമുള്ള, ചട്ടപ്രകാരം ഒഴിവാക്കിയിട്ടില്ലാത്ത എല്ലാ ചരക്കുകളുടെയും നീക്കത്തിന് ഇ-വേ ബിൽ ബാധകമാണ്. പ്രസ്തുത തീരുമാനത്തിന് വിധേയമായി 1-4-2018 മുതൽ തന്നെ കേരളത്തിലും ഇ-വേ ബിൽ സമ്പ്രദായം നിലവിൽ വന്നിട്ടുണ്ട്. ഇ-വേ ബില്ലുകൾ എടുക്കാതെയോ കാലഹരണപ്പെട്ട ഇ-വേ ബില്ലുകളുമായോ വരുന്ന ചരക്കുകളുടെ മേൽ നികുതിയും തത്തുല്യമായ തുക പിഴയായും ചുമത്തുന്നുണ്ട്. ഇത്തരം ശിക്ഷാനടപടികൾ നികുതി വെട്ടിപ്പിനുള്ള സാധ്യത ഗണ്യമായി കുറയ്ക്കുന്നതായി തെളിഞ്ഞിട്ടുണ്ട്. ANPR ക്യാമറ സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന ചരക്കുവാഹനങ്ങൾ ഇ-വേ ബിൽ എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഇതിന്റെ ഭാഗമായി വാളയാറിൽ പൈലറ്റ് അടിസ്ഥാനത്തിൽ ANPR ക്യാമറ സംവിധാനം പരിശോധിച്ച് കാര്യക്ഷമത ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) ജി.എസ്.ടി. സംവിധാനം നടപ്പിലാക്കിയതുമുതൽ അതിർത്തി ചെക്ക്പോസ്റ്റ് സംവിധാനം നിർത്തലാക്കിയിട്ടുണ്ട്.

(സി) ചരക്കുസേവന നികുതി നിയമപ്രകാരം ചുവടെ ചേർത്തിരിക്കുന്ന വിതരണങ്ങൾക്ക് ഇ-വേ ബിൽ ബാധകമല്ല.

| ക്രമ നമ്പർ | ചരക്കുകളുടെ വിവരണം |
|---|---|
| (1) | (2) |
| 1 | ഗാർഹികാവശ്യത്തിനുള്ളതും നോൺ ഡൊമസ്റ്റിക് എക്സംപ്റ്റഡ് വിഭാഗത്തിലുള്ള (NDEC) ഉപഭോക്താക്കൾക്കുവേണ്ടിയുള്ളതുമായ ദ്രവീകൃത പെട്രോളിയം ഗ്യാസ് |
| 2 | പൊതുവിതരണ കേന്ദ്രത്തിലൂടെ വിൽപ്പന നടത്തുന്ന മണ്ണെണ്ണ |
| 3 | തപാൽ വകുപ്പ് കൈമാറ്റം നടത്തുന്ന പോസ്റ്റൽ ബാഗേജ് |
| 4 | Natural or cultured pearls and precious or semi-precious stones; precious metals and metals clad with precious metal (Chapter 71) |

| (1) | (2) |
|---|---|
| 5 | ചാപ്റ്റർ 71-ന കീഴിലെ സ്വർണ്ണ, വെള്ളി ആഭരണങ്ങളും മറ്റ് വസ്തുക്കളും [Jewellery, goldsmith's and silver smith's wares and other articles (Chapter 71)] |
| 6 | കറൻസി |
| 7 | ഉപയോഗിച്ച സ്വകാര്യ ഗാർഹിക വസ്തുക്കൾ |
| 8 | Coral, unworked (0508) and worked coral (9601) |

(ഡി) അതിർത്തി ചെക്ക്പോസ്റ്റ് സംവിധാനം നിർത്തലാക്കേണ്ടിവന്ന സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് വരുന്ന ചരക്കുനീക്കം നിരീക്ഷിക്കുന്നതിനായി ബദൽ സംവിധാനം എന്ന നിലയിൽ സംസ്ഥാന ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെ ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുകയും പ്രധാന അതിർത്തികളിൽ 24 മണിക്കൂറും വാഹന പരിശോധനയ്ക്കും ഇ-വേ ബിൽ പരിശോധനയ്ക്കുമായി സർവ്വയലൻസ് സ്ക്വാഡുകളെ ഷിഫ്റ്റ് സമ്പ്രദായത്തിൽ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡർ സംവിധാനം വഴി സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന ചരക്കുവാഹനങ്ങളിൽ ഇ-വേ ബിൽ ഉണ്ടോ എന്ന് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അന്തർ സംസ്ഥാന ചരക്കുനീക്കത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഓൺലൈൻ സെൽഫ് ഡിക്ലറേഷൻ സംവിധാനം എന്ന നിലയിൽ ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനമനുസരിച്ച് 1-4-2018 മുതൽ അൻപതിനായിരം രൂപയിൽ കൂടുതൽ മൂല്യമുള്ള, ചട്ടപ്രകാരം ഒഴിവാക്കിയിട്ടില്ലാത്ത എല്ലാ ചരക്കുകളുടെയും നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം കൊണ്ടുവന്നു. പ്രസ്തുത തീരുമാനത്തിന് വിധേയമായി 1-4-2018 മുതൽ തന്നെ കേരളത്തിലും ഇ-വേ ബിൽ സമ്പ്രദായം നിലവിൽ വന്നിട്ടുണ്ട്.

## ജി.എസ്.ടി. നടപ്പിലാക്കിയതോടെ നികുതി ചോർച്ച

70 (5329) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നടപ്പിലാക്കിയതോടെ സ്വർണ്ണ വ്യാപാര രംഗത്ത് 200 കോടിയിലധികം രൂപയുടെ നികുതി നഷ്ടം ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് ഇത്രയും വലിയ നികുതി ചോർച്ചയ്ക്ക് കാരണമായി സർക്കാർ കാണുന്ന സാഹചര്യങ്ങൾ; ഇത് പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊള്ളുമെന്നറിയിക്കുമോ;

(സി) സംസ്ഥാനത്തേക്കുള്ള ഉൽപ്പന്നങ്ങളിൽ 80 ശതമാനവും ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതിനാൽ അതിർത്തി ചെക്ക്പോസ്റ്റുകളിൽ പരിശോധന ശക്തമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) കട പരിശോധന, വാർഷിക റിട്ടേൺ സമർപ്പണം എന്നിവ സമയബന്ധിതമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പാക്കിയതോടെ സ്വർണ്ണ വിൽപ്പനയിൽ കേരളത്തിന് ലഭിക്കുന്ന നികുതിയിൽ (എസ്.ജി.എസ്.ടി.) കുറവ് വന്നിട്ടുണ്ട്.

(ബി) വാറ്റ് കാലഘട്ടത്തിൽ സ്വർണ്ണത്തിന് കോമ്പൗണ്ടിംഗ് സമ്പ്രദായം വഴിയാണ് നികുതി ഈടാക്കിയിരുന്നത്. മുൻ വർഷങ്ങളിൽ അടച്ചിരുന്ന നികുതിയുടെ നിശ്ചിത ശതമാനം കൂട്ടിയായിരുന്നു കോമ്പോസിഷൻ സ്കീം തുക നിശ്ചയിച്ചിരുന്നത്. കോമ്പോസിഷൻ സ്കീം സ്വീകരിച്ചവർക്ക് സ്വർണ്ണം വാങ്ങിയ ഘട്ടത്തിൽ നൽകിയ നികുതിയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റും ലഭ്യമായിരുന്നില്ല. കോമ്പോസിഷൻ സ്കീമിൽ ഉൾപ്പെടാതിരുന്ന വ്യാപാരികൾ 5 ശതമാനം നികുതിയാണ് അടച്ചിരുന്നത്. എന്നാൽ ജി.എസ്.ടി. യിൽ നികുതി നിരക്ക് 3% ആയി കുറയുകയുണ്ടായി. അതിന്റെ പകുതി മാത്രമേ സംസ്ഥാന സർക്കാരിന് ലഭ്യമാകുകയുള്ളൂ. കൂടാതെ സ്വർണ്ണം വാങ്ങുന്ന ഘട്ടത്തിൽ കൊടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും ലഭ്യമാകുന്നതാണ്. ഈ കാരണങ്ങളാൽ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. സ്വർണ്ണാഭരണങ്ങൾ കൊണ്ടുപോകുന്നതിന് ഇ-വേ ബിൽ ആവശ്യമില്ലാത്തതിനാൽ നികുതി ചോർച്ചയ്ക്ക് ഇടവരുത്തിയിട്ടുണ്ട്.

(സി) ജി.എസ്.ടി. സംവിധാനം നടപ്പിലാക്കിയതിനാൽ അതിർത്തി ചെക്ക് പോസ്റ്റ് സംവിധാനം നിർത്തലാക്കേണ്ടിവന്നു. ഈ സാഹചര്യത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് വരുന്ന ചരക്കുനീക്കം നിരീക്ഷിക്കുന്നതിനായി ബദൽ സംവിധാനം എന്ന നിലയിൽ സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുകയും പ്രധാന

അതിർത്തികളിൽ 24 മണിക്കൂറും വാഹന പരിശോധനയ്ക്കും ഇ-വേ ബിൽ പരിശോധനയ്ക്കുമായി സർവൈയലൻസ് സ്ക്വാഡുകളെ ഷിഫ്റ്റ് സമ്പ്രദായത്തിൽ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വെട്ടിപ്പ് കണ്ടെത്തുന്നതിനായി കടപരിശോധനകൾ കൃത്യമായി നടത്തിവരുന്നുണ്ട്. കൂടാതെ കള്ളക്കടത്തും നികുതി വെട്ടിച്ചുള്ള ചരക്ക് നീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുവേണ്ടി നിരീക്ഷണ ക്യാറകളും എ.എൻ.പി.ആർ. സംവിധാനവും നടപ്പിലാക്കുന്നതിന് മുന്നോടിയായി വാളയാറിൽ പരീക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

71 (5330) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ജി.എസ്.ടി. വരുമാനമാണ് ലക്ഷ്യമിട്ടിരുന്നത്; പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നികുതി പിരിച്ചെടുക്കുവാൻ സംസ്ഥാന സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നറിയിക്കാമോ;

(സി) അതിർത്തിയിൽ ഇ-വേ ബില്ലുകളും, വാഹനങ്ങളിലെ ചരക്കും പരിശോധിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വാഹനങ്ങളുടെ നമ്പർ അടിസ്ഥാനത്തിൽ ഇ-വേ ബില്ലുകൾ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിൽ പ്രതീക്ഷിച്ച നികുതി വരുമാനം 46795.68 കോടി രൂപയാണ് (ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം). ലഭിച്ച വരുമാനം 43707.51 കോടി രൂപയാണ്. പ്രതീക്ഷിച്ച വരുമാനം സമാഹരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം ചുവടെ ചേർക്കുന്നു:

1. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ ബഹുഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചുവെങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ പൂർണ്ണമായും ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

2. GST യുമായി ബന്ധപ്പെട്ട് 2017-18-ന്റെ Annual Return ആഗസ്റ്റ് 2019 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്കൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാം എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

3. ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതിനിരക്ക് 23-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം 28%-ൽനിന്ന് 18%, 12% ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു.

നികുതിനിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുനഃപരിശോധിക്കാനുള്ള സാധ്യത വിരളമാണ്.

(ബി) പ്രസ്തുത നികുതി പിരിച്ചെടുക്കാൻ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുകയും ചെയ്തു.
2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

3. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുവേണ്ടി നാല് ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ) പോസ്റ്റും കൂടുതലായി അനുവദിച്ചു.

4. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസെസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

6. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

7. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

8. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽവരുത്തി.

9. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക് കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

10. സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് ചെക്ക് പോസ്റ്റുകൾ ഇല്ലാതായി.

അതുകൊണ്ട് അതിർത്തി കടന്നുവരുന്ന വാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് അതിർത്തികളിൽ വിന്യസിച്ചു.

11. ജി.എസ്.ടി. നടപ്പിലാക്കിയശേഷം സംസ്ഥാന വ്യാപകമായി 76 സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. അതിൽ 19 സ്ഥാപനങ്ങളുടെ കണക്ക് പരിശോധിച്ച് തീർപ്പാക്കിയതിൽനിന്നും 3.11 കോടി രൂപ നികുതി ഇനത്തിലും പിഴയായും ഈടാക്കിയിട്ടുണ്ട്. ബാക്കി

സ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിച്ച് വരുന്നതും അവിടെനിന്ന് കണ്ടെടുത്ത സ്റ്റേറ്റ്മെന്റുകളും പരിശോധനയുമായി ബന്ധപ്പെട്ട് ശേഖരിച്ച വിവരങ്ങളും വ്യാപാരികളുടെ റിട്ടേണുകളും കണക്കുകളുമായി ഒത്തുനോക്കി പരിശോധിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പിന്റെ യഥാർത്ഥ കണക്കുകൾ മേൽ പറഞ്ഞ പരിശോധനയ്ക്കുശേഷമേ വ്യക്തമാവുകയുള്ളൂ.

(സി) അതിർത്തിയിൽ ഇ-വേ ബില്ലുകളും വാഹനങ്ങളിലെ ചരക്കും പരിശോധിക്കുന്നതിന് 126 സർവ്വയലൻസ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്.

(ഡി) വാളയാറിൽ പൈലറ്റ് അടിസ്ഥാനത്തിൽ എ.എൻ.പി.ആർ. ക്യാമറ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ക്യാമറ പിടിച്ചെടുക്കുന്ന വണ്ടി നമ്പരുകളിൽ ചരക്ക് വാഹനങ്ങളുടെ നമ്പരുകൾ മാത്രമായി ഫിൽറ്റർ ചെയ്ത് പ്രസ്തുത വാഹനങ്ങൾക്ക് ഇ-വേ ബിൽ ഉണ്ടോ എന്ന് തത്സമയം പരിശോധിച്ച് ഉറപ്പുവരുത്തുന്നു.

**ജി.എസ്.ടി. ഇനത്തിൽ ഹോട്ടലുകളിൽനിന്നും പിരിഞ്ഞുകിട്ടിയ തുക**

72 (5331) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. രജിസ്ട്രേഷനിൽ പിന്നോക്കം നിൽക്കുന്നത് ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് മേഖലയാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രതിവർഷം എത്ര ലക്ഷത്തിന്റെ വിറ്റുവരവുള്ള ഹോട്ടലുകളെയാണ് ജി.എസ്.ടി. രജിസ്ട്രേഷനെടുക്കണമെന്ന നിബന്ധനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ജി.എസ്.ടി. രജിസ്ട്രേഷൻ ബാധകമായ എത്ര ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് ധന വകുപ്പ് കണക്കാക്കുന്നത്;

(ഡി) ഇതിൽ ജി.എസ്.ടി. രജിസ്ട്രേഷനുള്ളവ എത്ര; രജിസ്ട്രേഷൻ എടുത്തതിൽ എത്രയെണ്ണം ആയത് റദ്ദാക്കി; റദ്ദാക്കാനുള്ള കാരണം എന്നിവ വ്യക്തമാക്കുമോ;

(ഇ) 2018-19 സാമ്പത്തിക വർഷം ഈ മേഖലയിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ സർക്കാരിന് പിരിഞ്ഞു കിട്ടിയ തുക എത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രതിവർഷം 20 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ഹോട്ടലുകളെയാണ് ജി.എസ്.ടി. രജിസ്ട്രേഷനെടുക്കണമെന്ന നിബന്ധനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി - ഇ) വിവരം ശേഖരിച്ചുവരുന്നു.

## നികുതി വെട്ടിപ്പ്

73 (5332) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ മറവിൽ വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ നികുതി വെട്ടിപ്പ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ എത്ര കച്ചവടക്കാർക്കെതിരെ നടപടിയെടുത്തു; വിശദമാക്കുമോ;

(സി) ഇ-വേ ബിൽ ഏർപ്പെടുത്തിയതിനുശേഷം നികുതി പിരിവിൽ കാര്യക്ഷമത ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) നികുതി വെട്ടിപ്പിനെക്കുറിച്ചുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 76 സ്ഥാപനങ്ങൾ റെയ്ഡ് നടത്തിയതിൽ 19 സ്ഥാപനങ്ങളുടെ കണക്ക് പരിശോധിച്ച് തീർപ്പാക്കിയതിൽനിന്നും 3.11 കോടി രൂപ നികുതി ഇനത്തിലും പിഴയായും ഈടാക്കിയിട്ടുണ്ട്. വിശദമായ പരിശോധനയ്ക്കുശേഷമേ ബാക്കി സ്ഥാപനങ്ങളുടെ നികുതി വെട്ടിപ്പിന്റെ യഥാർത്ഥ കണക്കുകൾ വ്യക്തമാകുകയുള്ളൂ.

(സി) 1-4-2018 മുതലാണ് ഇ-വേ ബിൽ ഏർപ്പെടുത്തിയത്. 2018-19 സാമ്പത്തിക വർഷം നികുതി പിരിവിൽ 5303.82 കോടി രൂപയുടെ വർദ്ധനവ് (ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെ) ഉണ്ടായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിലേയും 2018-19 സാമ്പത്തിക വർഷത്തിലേയും മാസം തിരിച്ചുള്ള നികുതി പിരിവിന്റെ വിവരം ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| മാസം | 2017-18-ലെ വരുമാനം | 2018-19-ലെ വരുമാനം | വർദ്ധനവ് തുകയിൽ |
|---|---|---|---|
| ഏപ്രിൽ | 1898.16 | 2168.59 | 270.43 |
| മേയ് | 2911.35 | 2760.66 | (-)150.69 |
| ജൂൺ | 3051.09 | 4661.41 | 1610.32 |
| ജൂലൈ | 2685.61 | 3810.71 | 1125.1 |
| ആഗസ്റ്റ് | 3979.30 | 3017.24 | (-)962.06 |
| സെപ്റ്റംബർ | 2881.94 | 3925.53 | 1043.59 |
| ഒക്ടോബർ | 3528.53 | 4217.36 | 688.83 |
| നവംബർ | 3014.00 | 3291.14 | 277.14 |
| ഡിസംബർ | 3613.51 | 3494.11 | (-)119.40 |
| ജനുവരി | 2946.29 | 3881.99 | 935.70 |
| ഫെബ്രുവരി | 3589.50 | 3214.52 | (-)374.98 |
| മാർച്ച് | 4304.41 | 5264.25 | 959.84 |
| ആകെ | 38403.69 | 43707.51 | 5303.82 |

**നികുതി റിട്ടേണുകൾ**

74 (5333) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി റിട്ടേണുകൾ അസെസ്സ് ചെയ്യുന്നതിൽ ഓരോ വർഷവും എത്ര കേസ്സുകൾ കുടിശ്ശികയായിട്ടുണ്ട്; ജി.എസ്.ടി നടപ്പിലാക്കുന്നതിന് മുമ്പും ശേഷവും എത്ര വീതം കേസ്സുകൾ കുടിശ്ശികയായിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ;

(ബി) അസെസ്സ്മെന്റ് വഴി നാളിതുവരെ എത്ര തുക അധിക നികുതിയായി പിരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിൽ എത്ര തുക പിരിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) വാറ്റ് അസെസ്സ്മെന്റ് പുനരാരംഭിക്കാമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അസെസ്സ്മെന്റ് പുനരാരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ;

(ഡി) നികുതി റിട്ടേൺ അസെസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതാണ് പ്രതീക്ഷിച്ച തരത്തിലുള്ള നികുതി വളർച്ച കൈവരിക്കാത്തതിന് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) അസെസ്സ്മെന്റ് വഴി നാളിതുവരെ അധിക നികുതിയായി പിരിക്കുന്നതിന് പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. എന്നാൽ പ്രസ്തുത തുക ഉൾപ്പെടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ആകെ 52959.79 കോടി രൂപ (2019-20 സാമ്പത്തിക വർഷം) പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 31-5-2019 വരെ 6266.46 കോടി രൂപ പിരിച്ചെടുത്തു. അസെസ്സ്മെന്റ് വഴിയുള്ള അധിക നികുതിയായി 22.48 കോടി രൂപ 31-5-2019 വരെ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) വാറ്റ് അസെസ്സ്മെന്റ് പുനരാരംഭിക്കാമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അസെസ്സ്മെന്റ് പുനരാരംഭിച്ചിട്ടുണ്ട്.

(ഡി) വാറ്റ് നിയമപ്രകാരം വ്യാപാരികൾ സെൽഫ് അസെസ്സ്മെന്റ് നടത്തിയാണ് റിട്ടേൺ ഫയൽ ചെയ്യുന്നത്. ഇതിൽ ഏതെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ മാത്രമേ അസെസ്സ്മെന്റ് നടപടിക്രമങ്ങളിലേക്ക് പോകേണ്ടതുള്ളൂ. ഇപ്രകാരം അസെസ്സ്മെന്റുകൾ പൂർത്തീകരിക്കുന്നതിന് 5 വർഷ കാലപരിധി നിയമപ്രകാരം ഉണ്ട്. 2017-18-ലെ ജി.എസ്.ടി. വാർഷിക റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയം 31 ആഗസ്റ്റ് 2019 വരെ ജി.എസ്.ടി. കൗൺസിൽ നീട്ടി നൽകിയിട്ടുണ്ട്. 2018-19 വാർഷിക റിട്ടേണുകൾ 2019 സെപ്റ്റംബർ മാസത്തിലാണ് നൽകേണ്ടത്. ജി.എസ്.ടി. വാർഷിക റിട്ടേണുകൾ സമർപ്പിച്ചതിനുശേഷമേ ഫലപ്രദമായ പരിശോധനയും ഓഡിറ്റും നടത്തുവാൻ കഴിയുകയുള്ളൂ. ജി.എസ്.ടി. കാലയളവിൽ 14% വളർച്ചാ നിരക്ക് കേന്ദ്ര സർക്കാർ ഉറപ്പുവരുത്തുന്നതുകൊണ്ട് നികുതി പിരിവിനെ കാര്യമായി ബാധിക്കുന്നില്ല.

## നികുതി റിട്ടേണുകൾ

75 (5334) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത ധനപ്രതിസന്ധിയിലൂടെ മുന്നോട്ടുപോകുമ്പോഴും നികുതി വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(ബി) നികുതി റിട്ടേണുകൾ 50 ശതമാനത്തിലും താഴെ മാത്രമേ പരിശോധിക്കുന്നുള്ളൂ എന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(സി) മൊത്തം നികുതി വരുമാനത്തിന്റെ 2 ശതമാനത്തിലും താഴെ മാത്രമേ പിരിച്ചെടുക്കുന്നുള്ളൂ എന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ഡി) 2014-15, 2015-16, 2016-17 വർഷങ്ങളിലെ വാറ്റ് വരുമാനം എത്ര; അധികമായി അസെസ്സ്മെന്റിലൂടെ കണ്ടെത്തിയ തുക എത്ര; ഇതിൽ എത്ര പിരിച്ചെടുത്തു; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കഴിഞ്ഞ് അഞ്ച് വർഷങ്ങളിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലുണ്ടായ നികുതി വർദ്ധനവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | പിരിച്ച നികുതി | വർദ്ധനവ് (തുകയിൽ) |
|---|---|---|
| 2014-15 | 27870.89 | 2494.64 |
| 2015-16 | 31152.07 | 3281.18 |
| 2016-17 | 34038.36 | 2886.29 |
| 2017-18 | 38403.69 | 4365.33 |
| 2018-19 | 43707.51 | 5303.82 |

(ബി) നികുതി റിട്ടേണുകൾ പരിശോധിക്കുന്നതിന് പ്രത്യേക മോഡ്യൂൾ തയ്യാറാക്കി എല്ലാ റിട്ടേണുകളും പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(സി) മൊത്തം നികുതി വരുമാനത്തിന്റെ 80 ശതമാനത്തോളം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ നിന്നാണ് ലഭിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പിരിച്ച നികുതിയുടെ കണക്കും വർദ്ധനവിന്റെ കണക്കും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | പിരിച്ച നികുതി | വർദ്ധനവ് (തുകയിൽ) |
|---|---|---|
| 2014-15 | 27870.89 | 2494.64 |
| 2015-16 | 31152.07 | 3281.18 |
| 2016-17 | 34038.36 | 2886.29 |
| 2017-18 | 38403.69 | 4365.33 |
| 2018-19 | 43707.51 | 5303.82 |

(ഡി) 2014-15, 2015-16, 2016-17 വർഷങ്ങളിലെ വാറ്റ് വരുമാനം ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | വാറ്റ് വരുമാനം (അധികമായി അസെസ്സ്മെന്റിലൂടെ പിരിച്ചെടുത്ത തുക ഉൾപ്പെടെ) |
|---|---|
| 2014-15 | 15075.49 |
| 2015-16 | 16229.15 |
| 2016-17 | 17854.36 |

അധികമായി അസെസ്സ്മെന്റിലൂടെ കണ്ടെത്തിയ തുകയും പിരിച്ചെടുത്ത തുകയും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | അധികമായി അസെസ്സ്മെന്റിലൂടെ കണ്ടെത്തിയ തുക | അധികമായി അസെസ്സ്മെന്റിലൂടെ കണ്ടെത്തിയ തുകയിൽ പിരിച്ചെടുത്തത് |
|---|---|---|
| 2014-15 | 1645.17 | 361.61 |
| 2015-16 | 1818.64 | 269.04 |
| 2016-17 | 2689.62 | 322.68 |

## സ്വർണ്ണം വിറ്റുവരവ് ഇനത്തിൽ ലഭിച്ച നികുതി

76 (5335) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-19 സാമ്പത്തിക വർഷത്തിൽ സ്വർണ്ണം വിറ്റുവരവ് ഇനത്തിൽ എത്ര തുക നികുതിയായി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് മുൻ സാമ്പത്തിക വർഷത്തേക്കാൾ എത്ര വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2018-19 സാമ്പത്തിക വർഷത്തിൽ സ്വർണ്ണം വിറ്റുവരവ് ഇനത്തിൽ 327.02 കോടി രൂപ നികുതിയായി ലഭിച്ചു.

(ബി) ഇത് മുൻ സാമ്പത്തിക വർഷത്തെക്കാൾ 150.07 കോടി രൂപ കുറവാണ്.

## 2016-17-ലെ വാറ്റ് വരുമാനം

77 (5336) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ കണക്കനുസരിച്ച് വാറ്റ് വരുമാനം എത്ര രൂപയായിരുന്നു ;

(ബി) ടി കാലയളവിൽ നികുതി റിട്ടേൺ പരിശോധനയിലൂടെ വാറ്റ് നികുതി എത്ര ലഭിക്കുമെന്നാണ് കണക്കാക്കിയത്; അതിൽ എന്ത് തുക പിരിച്ചെടുത്തു ?

ഉത്തരം

(എ) 2016-17-ലെ കണക്കനുസരിച്ച് വാറ്റ് വരുമാനം 17854.36 കോടി രൂപയായിരുന്നു.

(ബി) ടി കാലയളവിൽ വാറ്റ് റിട്ടേൺ പരിശോധനയിലൂടെ 2629.52 കോടി തുകയുടെ അഡീഷണൽ ഡിമാന്റ് ഉണ്ടാക്കുകയും അതിൽ 301.01 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു.

## തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ

78 (5337) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര അറ്റകുറ്റപ്പണികൾക്കായി ജലവിഭവ വകുപ്പ് 536.27 കോടി രൂപയുടെ ബില്ലുകൾ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ 2019 ജനുവരി - ഫെബ്രുവരി മാസത്തിൽ സമർപ്പിച്ചിരുന്നോ ;

(ബി) ഇതിൽ എന്ത് തുകയ്ക്കുള്ള ബില്ലാണ് പാസ്സാക്കിയതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ &ബി) ട്രഷറി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 2019 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ജലവിഭവ വകുപ്പ് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സമർപ്പിച്ചിരുന്ന 27 ബില്ലുകളിൽനിന്നും ആകെ 5,04,96,777 (അഞ്ച് കോടി നാല് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുന്നൂറ്റി എഴുപത്തി ഏഴ് രൂപ മാത്രം) രൂപയുടെ ബില്ലുകൾ പാസാക്കി നൽകിയിട്ടുണ്ട്. ഈ കാലയളവിൽ വകുപ്പ് സമർപ്പിച്ചിരുന്ന എല്ലാ ബില്ലുകളും പാസ്സാക്കി നൽകിയിട്ടുണ്ട്. പ്രളയാനന്തര അറ്റകുറ്റപ്പണികൾക്കായി 536.27 കോടി രൂപയുടെ ബില്ലുകൾ ജലവിഭവ വകുപ്പ് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സമർപ്പിച്ചിട്ടില്ല.

## 2018-19 സാമ്പത്തിക വർഷത്തിലെ ട്രഷറി നിയന്ത്രണം

79 (5338) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായ സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ ട്രഷറി നിയന്ത്രണം കൊണ്ടുവന്നിരുന്നോ;

(ബി) എങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് പ്രസ്തുത കാലത്ത് ട്രഷറി പേമെന്റുകളിൽ ഏർപ്പെടുത്തിയിരുന്നത്;

(സി) ട്രഷറി ക്യൂ സിസ്റ്റത്തിലേക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് മാറ്റിയത്; പ്ലാൻ ഫണ്ട്/നോൺ പ്ലാൻ ഫണ്ട് ഇനം തിരിച്ച് നൽകുമോ;

(ഡി) ഇ-ലാംസിലേക്ക് എത്ര കോടി രൂപയുടെ ബില്ലുകളാണ് മാറ്റിയത്?

<u>ഉത്തരം</u>

(എ&ബി) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കിവരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും 2018-19 സാമ്പത്തിക വർഷാവസാന മാസങ്ങളിൽ ഏർപ്പെടുത്തിയിട്ടില്ല.

(സി) 2018-19 സാമ്പത്തിക വർഷം 1863.76 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂ സിസ്റ്റത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | എണ്ണം | തുക (കോടിയിൽ) |
|---|---|---|---|
| 1 | സർക്കാർ വകുപ്പുകളുടെ ബില്ലുകൾ (പ്ലാൻ) | 24487 | 1592.03 |
| 2 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ (നോൺ പ്ലാൻ) | 25750 | 271.73 |
| | ആകെ | 50237 | 1863.76 |

(ഡി) 2018-19 സാമ്പത്തിക വർഷം ഇ-ലാംസിലേയ്ക്ക് 994.60 കോടി രൂപയുടെ ബില്ലുകളാണ് മാറ്റിയത്.

## തൃക്കരിപ്പൂരിൽ സബ്ട്രഷറി ആരംഭിക്കാൻ നടപടി

80 (5339) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂരിൽ നിലവിലുണ്ടായിരുന്ന വൺമാൻ ട്രഷറി നിർത്തലാക്കി സബ്ട്രഷറി ആരംഭിക്കുമെന്നറിയിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും സബ്ട്രഷറി അനുവദിക്കാത്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃക്കരിപ്പൂരിൽ സബ്ട്രഷറി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതോടെ ട്രഷറി ഇടപാടുകാർക്ക് നിലവിൽ ഏത് ട്രഷറിയിൽനിന്നും ഇടപാട് നടത്താൻ തക്കവണ്ണം ട്രഷറികൾ സജ്ജമായിക്കഴിഞ്ഞതിനാൽ നിലവിൽ പുതിയ സബ്ട്രഷറികൾ ആരംഭിക്കുന്നത് പരിഗണനയിലില്ല.

## നിലമ്പൂർ സബ്ട്രഷറി

81 (5340) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടോ; എത്രയാണ് കെട്ടിട നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന തുക;

(സി) നിലമ്പൂർ ട്രഷറിയെ റൂറൽ ജില്ലാ ട്രഷറിയായി ഉയർത്തുന്നതിന് എം.എൽ.എ. നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) നിലമ്പൂർ കേന്ദ്രമാക്കി റൂറൽ ജില്ലാ ട്രഷറി അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണം ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ 3-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ട്രഷറി ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(ബി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 17 കോടി രൂപ 2054-00-095-96(P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. നിലമ്പൂർ സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി വേണ്ടിവരുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടില്ല.

(സി) നിലമ്പൂർ സബ്ട്രഷറിയെ റൂറൽ ജില്ലാ ട്രഷറിയായി ഉയർത്തുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യിൽനിന്നും നിവേദനം ലഭിച്ചിട്ടില്ല.

(ഡി) കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതോടെ ട്രഷറി ഇടപാടുകാർക്ക് നിലവിൽ ഏത് ട്രഷറിയിൽനിന്നും ഇടപാട് നടത്താൻ തക്കവണ്ണം ട്രഷറികൾ സജ്ജമായിക്കഴിഞ്ഞതിനാൽ നിലവിൽ പുതിയ ട്രഷറികൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

## കാസർഗോഡ് ജില്ലയിലെ ട്രഷറി കെട്ടിടനിർമ്മാണം

82 (5341) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ കിഫ്ബിയിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) എങ്കിൽ ഓരോ ട്രഷറിയുടേയും നിർമ്മാണപ്രവൃത്തികൾ ആരെല്ലാമാണ് ഏറ്റെടുത്തിരിക്കുന്നതെന്നും ഓരോ പ്രവൃത്തിയും എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ കിഫ്ബിയിൽനിന്ന് തുക അനുവദിച്ചിട്ടില്ല.

(ബി &സി) ബാധകമല്ല.

## ട്രഷറി ചെക്കിന് അധികം തുക നൽകാനിടയായ സാഹചര്യം

83 (5342) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ പഞ്ചായത്ത് കരാറുകാരന് കണ്ണൂർ ജില്ലാ ട്രഷറിയിൽ നിന്നും രണ്ട് ലക്ഷം രൂപയുടെ ചെക്കിന് പകരം ഇരുപത് ലക്ഷം രൂപ നൽകിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ ഇക്കാര്യത്തിൽ ട്രഷറി വകുപ്പ് നടത്തിയ അന്വേഷണത്തിന്റേയും കൈക്കൊണ്ട നടപടികളുടെയും വിശദാംശങ്ങൾ നൽകുമോ ;

(സി) അനധികൃതമായി കൈപ്പറ്റിയ പത്തിരട്ടിപണം ഇതിനകം കരാറുകാരനിൽ നിന്ന് തിരിച്ച് പിടിക്കുകയുണ്ടായോ ;

(ഡി) ചില കോണുകളിൽ നിന്നുള്ള സമ്മർദ്ദവും ഇടപെടലുകളും അന്വേഷണത്തെയും പണം തിരിച്ചുപിടിക്കുന്ന നടപടിയെയും ദുർബ്ബലമാക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി വിഷയത്തിൽ ഉത്തരമേഖല ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി ട്രഷറി ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും തുടർന്ന് വീഴ്ചവരുത്തിയതായി ബോധ്യപ്പെട്ട 4 ട്രഷറി ജീവനക്കാർക്ക് ചാർജ്ജ് മെമ്മോയും കുറ്റാരോപണ പത്രികയും നൽകിക്കൊണ്ട് അച്ചടക്കനടപടി ആരംഭിക്കുകയും പ്രസ്തുത ചെക്ക് തെറ്റായി സ്ക്രൂട്ടിണി ചെയ്ത സീനിയർ അക്കൗണ്ടന്റിനേയും ആയത് പാസ്സാക്കിയ ജൂനിയർ സൂപ്രണ്ടിനേയും കണ്ണൂർ ജില്ലാ ട്രഷറിയിൽനിന്ന് അടിയന്തരമായി ട്രാൻസ്ഫർ ചെയ്യുകയുമുണ്ടായി.

(സി) അനധികൃതമായി കൈപ്പറ്റിയ പണം ഇടപാടുകാരനിൽനിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ നിയമാനുസൃതം സ്വീകരിച്ചുവരുന്നു. കൂടാതെ ടിയാൻ കൈപ്പറ്റിയ പണം തിരികെ ഒടുക്കാത്ത പക്ഷം നിയമാനുസൃത മാർഗ്ഗത്തിലൂടെ ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും ഈടാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ടി വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള സമ്മർദ്ദമോ ഇടപെടലുകളോ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ട്രഷറി പണമിടപാടിനുള്ള സാങ്കേതിക തടസ്സങ്ങൾക്ക് പരിഹാരം

84 (5343) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക തടസ്സങ്ങൾ കാരണം ട്രഷറികളിലെ വ്യക്തിഗത അക്കൗണ്ടുകളിൽ നിന്നും പണമെടുക്കാനാകാതെ വരുന്നത് പരിശോധിക്കുമോ;

(ബി) ഇന്റർനെറ്റിന്റെ വേഗതക്കുറവും സെർവറിന്റെ ശേഷിക്കുറവും സാങ്കേതിക സംവിധാനത്തിന്റെ പാളിച്ചകളുമാണ് ഇത്തരത്തിൽ സംഭവിക്കുവാൻ കാരണമാകുന്നതെന്ന കാര്യം പരിശോധിക്കുമോ;

(സി) നിലവിൽ ട്രഷറികളിൽ നടപ്പിലാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ പൂർണ്ണതോതിൽ ഉപയോഗിക്കുവാൻ കഴിയുന്നില്ലെന്നകാര്യം പരിശോധിക്കുമോ;

(ഡി) സബ് ട്രഷറികളിൽ നിന്നും ജില്ലാ ട്രഷറികളിൽ നിന്നും സോഫ്റ്റ്‌വെയർ സംബന്ധിച്ച് ലഭിച്ച പരാതികളെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഇത് പരിഹരിക്കുവാൻ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) സാങ്കേതിക തടസ്സങ്ങൾമൂലം ട്രഷറിയിടപാടുകൾ മുടങ്ങാതിരിക്കുന്നതിനുള്ള പരമാവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും ട്രഷറിയുടെ നിയന്ത്രണത്തിന് പുറത്തുള്ള കാരണങ്ങളാൽ (വൈദ്യുതിമുടക്കം, BSNL നെറ്റ്‌വർക്കിലുണ്ടാകുന്ന തകരാർ) വളരെ അപൂർവമായി തടസ്സം നേരിടാറുണ്ട്. ഇങ്ങനെ ആയാലും ട്രഷറികളുടെ പ്രവർത്തനം അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുന്നതാണ്.

(ബി) Network-ന്റെ വേഗതക്കുറവല്ല ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് കാരണം. വർദ്ധിച്ചുവരുന്ന ഇടപാടുകളുടെ എണ്ണത്തിനനുസരിച്ച് Central Server-ന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) എല്ലാ ട്രഷറിയിടപാടുകളും ഓൺലൈനായിട്ടാണ് നടന്നുവരുന്നത്. അത് നിർവ്വഹിക്കുന്നതിനുവേണ്ടി വികസിപ്പിച്ചെടുത്തിട്ടുള്ള Software എല്ലാ ട്രഷറിയിടപാടുകളും നടത്തുന്നതിന് നിലവിൽ പര്യാപ്തമാണ്.

(ഡി) ട്രഷറികളിൽ നിന്ന് software സംബന്ധിച്ച് ലഭിക്കുന്ന നിർദ്ദേശങ്ങളും പരാതികളും ട്രഷറി ഡയറക്ടറേറ്റിൽനിന്ന് software വികസിപ്പിക്കുന്ന National Informatics Centre-നെ അറിയിച്ച് പരിഹരിക്കുന്നതാണ് നിലവിലുള്ള രീതി. ഇത്തരത്തിൽ പരിഹരിക്കാത്തതായ പരാതികളൊന്നും ധനകാര്യ വകുപ്പിന്റെ പരിശോധനയിലില്ല.

## കൊല്ലം ജില്ലയിലെ കാരുണ്യ ചികിത്സ

85 (T*5344) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യപദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ഏതെല്ലാം സ്വകാര്യ ആശുപത്രികളിലാണ് രോഗികൾക്ക് ചികിത്സ ലഭിക്കുന്നത്;

(ബി) ഏതെല്ലാം രോഗങ്ങൾക്കാണ് ഓരോ ആശുപത്രിയിലും ചികിത്സ നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിരുന്ന കൊല്ലം ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ഡയാലിസിസ് സെന്ററുകളുടേയും ടി ആശുപത്രികളിൽ ലഭ്യമാകുന്ന ചികിത്സകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

86 (5345) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് ഫണ്ടായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഓരോ ജില്ലയിലും അനുവദിച്ച കണക്ക് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 1318.90 കോടി രൂപയുടെ മുൻകൂർ ചികിത്സാനുമതി നൽകിയിട്ടുണ്ട്.

(ബി) ചികിത്സാനുമതി നൽകിയതിന്റെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കാരുണ്യ ബെനവലന്റ് പദ്ധതി

87 (5346) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് മാസങ്ങളിൽ (ഏപ്രിൽ, മേയ്, ജൂൺ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം എത്ര പേർക്ക്, എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ മുൻപ് പ്രസ്തുത പദ്ധതി പ്രകാരം സഹായം കിട്ടിയിരുന്ന രോഗികൾക്ക് കഴിഞ്ഞ മൂന്ന് മാസങ്ങളിൽ (ഏപ്രിൽ, മേയ്, ജൂൺ) ഏത് പദ്ധതി പ്രകാരമാണ് സഹായം അനുവദിച്ചതെന്നും എത്ര പേർക്ക് എത്ര തുകയാണ് നൽകിയതെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ മൂന്ന് മാസങ്ങളിൽ (ഏപ്രിൽ, മേയ്, ജൂൺ) മാരകമായ രോഗം പിടിപെട്ട ചികിത്സാസഹായത്തിനായി അപേക്ഷിച്ച മുഴുവൻ ആളുകൾക്കും സഹായധനം അനുവദിക്കുവാൻ കഴിഞ്ഞിരുന്നോ എന്നും ഇല്ലെങ്കിൽ ഏതെങ്കിലും അപേക്ഷ നിരസിച്ചിട്ടുണ്ടെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി സംസ്ഥാനത്ത് ആരംഭിച്ച കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 1-4-2019 മുതൽ ലയിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും പദ്ധതിയുടെ പ്രവർത്തനം 1-4-2019 മുതൽ മൂന്ന് മാസത്തേയ്ക്ക് നിലവിലെ സ്ഥിതിയിൽ തുടരുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

(ബി&സി) കഴിഞ്ഞ 3 മാസങ്ങളിൽ (ഏപ്രിൽ, മേയ്, ജൂൺ) കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരം 10021 പേർക്ക് 131.42 കോടി രൂപ ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ച് സമർപ്പിച്ച എല്ലാ അപേക്ഷകൾക്കും ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാത്ത അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

## സ്വകാര്യ ആശുപത്രികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട്

88 (5347) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ പ്രയോജനപ്പെടുത്താമെങ്കിലും ഒട്ടുമിക്ക സ്വകാര്യ ആശുപത്രികളും ആയത് പ്രയോജനപ്പെടുത്തുന്നതിനും അപേക്ഷ സ്വീകരിച്ച് നടപടികൾ പൂർത്തീകരിക്കുന്നതിനും വിമുഖത കാണിക്കുന്നതുമൂലം സാധാരണക്കാരായ രോഗികൾ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;വിശദമാക്കാമോ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് സർക്കാരിൽ നിന്നും സ്വകാര്യ ആശുപത്രിക്ക് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ അക്രെഡിറ്റേഷനുള്ള 61 സ്വകാര്യ ആശുപത്രികളും 27 സ്വകാര്യ ഡയാലിസിസ് സെന്ററുകളിലും ചികിത്സ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സർക്കാരിൽനിന്നും കാരുണ്യ ബെനവലന്റ് ഫണ്ടിന് തുക അനുവദിക്കുന്ന മുറയ്ക്ക് സ്വകാര്യ ആശുപത്രികൾക്ക് തുക വിതരണം ചെയ്തുവരികയാണ് ചെയ്യുന്നത്. കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കെ.എസ്.എഫ്.ഇ. ചിട്ടി വീതപ്പലിശ

89 (5349) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്ത് ചിട്ടിപ്പണം അടയ്ക്കുവാൻ താമസിച്ചു എന്ന കാരണത്താൽ കെ.എസ്.എഫ്.ഇ. വീതപ്പലിശ നിഷേധിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അനുഭാവപൂർണ്ണമായ തീരുമാനം കൈക്കൊണ്ട് 2018 ആഗസ്റ്റ് മാസത്തിൽ ചിട്ടിപ്പണം അടയ്ക്കുവാൻ താമസിച്ചവർക്ക് വീതപ്പലിശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2018 ആഗസ്റ്റ് മാസം 14-നുശേഷം വന്ന ചിട്ടി തവണ സംഖ്യയും വായ്പത്തവണ സംഖ്യയും ഡിവിഡന്റ് നഷ്ടപ്പെടാതെയും മുടക്ക് പലിശ കൂടാതെയും അടയ്ക്കുന്നതിനുള്ള സമയം 15-9-2018 വരെ ദീർഘിപ്പിച്ച് എല്ലാ ശാഖയിലേയ്ക്കും നിർദ്ദേശം കൊടുത്തിരുന്നു. അതനുസരിച്ച് 2018 സെപ്റ്റംബർ 15 വരെ വീതപ്പലിശ ലഭ്യമാക്കിക്കൊണ്ട് ചിട്ടി തവണ അടയ്ക്കുവാൻ സൗകര്യം നൽകിയിട്ടുണ്ട്.

## പ്രവാസി ചിട്ടി സെർവർ മാനേജ്മെന്റ്

90 (5350) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് പ്രവാസി ചിട്ടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എന്തെങ്കിലും ചുമതലകളോ പ്രവർത്തനങ്ങളോ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട സെർവർ മാനേജ് ചെയ്യുന്നതിനും മെയിന്റനൻസ് ചെയ്യുന്നതിനുമുള്ള ചുമതല ഏത് സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത്;

(സി) ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവാസി ചിട്ടിയുടെ സെർവർ മാനേജ് ചെയ്യുന്നതിനും മെയിന്റനൻസിനും കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ സാങ്കേതിക സഹായമാണ് ഉപയോഗിക്കുന്നത്.

(സി) നിലവിൽ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുള്ള സഹായങ്ങൾ നൽകിവരുന്നത് കിഫ്ബിയാണ്. കിഫ്ബിക്ക് സാങ്കേതിക സഹായം നൽകുവാൻ കെ.എസ്.ഐ.ഇ.-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ നിലയിൽ കെ.എസ്.എഫ്.ഇ. ചിട്ടിയുടെ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട സെർവർ മാനേജ്മെന്റിന് കെ.എസ്.ഐ.ഇ.യുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇവയിൽ ചിട്ടിയുടെ അടിസ്ഥാന ആപ്ലിക്കേഷൻ, ഡോക്യുമെന്റ് മാനേജ്മെന്റ്, മൊബൈൽ ആപ്ലിക്കേഷൻ, അക്കൗണ്ടിംഗ്, കസ്റ്റമർ മാനേജ്മെന്റ് എന്നിവയുടെ ഡെവലപ്മെന്റ്, ടെസ്റ്റിംഗ്, പ്രൊഡക്ഷൻ ആവശ്യങ്ങൾക്കായുള്ള സെർവറുകൾ ഉൾപ്പെടുന്നു. ഇതിലേക്കായി നാളിതുവരെ ചെലവായ തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കെ.എസ്.എഫ്.ഇ. യിലെ ക്രമക്കേടുകൾ**

91 (5351) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിലെ ക്രമക്കേടുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഓഡിറ്റ് ടീം കൂടാതെ പ്രത്യേക വിജിലൻസ് വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) കെ.എസ്.എഫ്.ഇ.-യിൽ പുതുതായി രൂപീകരിച്ച ബി.പി.ആർ.ഇ. കമ്മിറ്റി ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കമ്മിറ്റിയംഗങ്ങളുടെ സേവന വേതന വ്യവസ്ഥകൾക്കും മറ്റുകാര്യങ്ങൾക്കുമായി ഇന്നേവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രത്യേക വിജിലൻസ് വിഭാഗം രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ശ്രീ. പി. സി. പിള്ള, ചെയർമാൻ, ബി.പി.ആർ.ഇ. കമ്മിറ്റി, 2-7-2018 മുതൽ 31-5-2019 വരെ 15,35,484 രൂപ ചെലവഴിച്ചിട്ടുണ്ട്. BPR കമ്മിറ്റിക്കുവേണ്ടി സിറ്റിംഗ് ഫീ ഇനത്തിൽ 21,060 രൂപയും ഓണറേറിയം ഇനത്തിൽ 30,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. സുവർണ്ണ ജൂബിലി പദ്ധതികൾ

92 (5352) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ എന്തൊക്കെ പുതിയ പദ്ധതികൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) സുവർണ്ണ ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) കഴിഞ്ഞ അമ്പത് വർഷക്കാലം കെ.എസ്.എഫ്.ഇ.യെ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ സഹായിച്ച സ്ഥാപനത്തിലെ ജീവനക്കാർക്ക് വേണ്ടി സുവർണ്ണ ജൂബിലിയുടെ ഭാഗമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സുവർണ്ണ ജൂബിലിയുടെ ഭാഗമായി കെ.എസ്.എഫ്.ഇ. പ്രധാനമായും നടപ്പാക്കുന്നത് 'കെ.എസ്.എഫ്.ഇ. സുവർണ്ണ ജൂബിലി ചിട്ടികൾ 2019' എന്ന സവിശേഷ ചിട്ടി പദ്ധതിയാണ്. നിരവധി സമ്മാനങ്ങളും ആനുകൂല്യങ്ങളും കോർത്തിണക്കിയ ചിട്ടി പദ്ധതിയാണിത്.

(ബി) 15-6-2019-ന് തന്നെ സുവർണ്ണ ജൂബിലി ചിട്ടികൾ ആരംഭിച്ചുകഴിഞ്ഞു. ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും ജീവനക്കാരുടെയും ഇടപാടുകാരുടെയും കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനും വിവിധ പരിപാടികൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. സുവർണ്ണ ജൂബിലി ആഘോഷങ്ങളെ സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ ആലോചിച്ച് നടപ്പാക്കുന്നതിന് കമ്പനി ബോർഡിന്റെ ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പ്ലാനുകൾ കെ.എസ്.എഫ്.ഇ.-യുടെ അൻപതാം വാർഷികദിനമായ നവംബർ 6-നോട് അനുബന്ധിച്ച് പ്രഖ്യാപിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

(സി) ഇതുസംബന്ധിച്ച തീരുമാനമാനമൊന്നും എടുത്തിട്ടില്ല.

## കെ.എസ്.എഫ്.ഇ. ഹെഡ് ഓഫീസ് നവീകരണം

93 (5353) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ഹെഡ് ഓഫീസിലെ നവീകരണ പ്രവർത്തനങ്ങൾക്ക് എത്ര രൂപ ചെലവഴിച്ചു;

(ബി) എന്തൊക്കെ ആധുനിക സംവിധാനങ്ങളാണ് ഇതിലൂടെ കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ. എസ്. എഫ്. ഇ. ഹെഡ്ഡാഫീസിലെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇതുവരെ 1.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കേന്ദ്രീകൃത ശീതീകരണ സംവിധാനം, സോളാർ വൈദ്യുതി, ആധുനിക രീതിയിലുള്ള ഇന്റീരിയർ, ഫർണീച്ചറുകൾ, കൗണ്ടറുകൾ, ക്യാബിനുകൾ, സ്റ്റോറേജ് സംവിധാനങ്ങൾ, ക്യാപ്സ്യൂൾ ലിഫ്റ്റ്, വീഡിയോ കോൺഫറൻസിംഗ് സംവിധാനം, കമ്പ്യൂട്ടർ ശൃംഖല, സി.സി.ടി.വി., ഫയർ പ്രൊട്ടക്ഷൻ സംവിധാനങ്ങൾ, യന്ത്രവൽകൃത കാർ പാർക്കിംഗ് സൗകര്യം, ഡിസ്കഷൻ റൂമുകൾ, ഗസ്റ്റ് റൂമുകൾ, ലോബി, ഡീസൽ ജനറേറ്റർ മുതലായവയാണ് കെ.എസ്.എഫ്.ഇ. ആസ്ഥാന മന്ദിരം നവീകരണത്തിലൂടെ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നത്.

## കെ.എസ്.എഫ്.ഇ. ശാഖകളുടെ ശീതീകരണം

94 (5354) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ എത്ര ശാഖകളിൽ നാളിതുവരെ ആധുനിക രീതിയിലുള്ള ശീതീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം പുതിയതായി എത്ര ബ്രാഞ്ചുകളിൽ ശീതീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യുടെ 53 ശാഖകളിൽ നാളിതുവരെ ആധുനികരീതിയിലുള്ള ശീതീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 3 റീജിയണൽ ഓഫീസുകളും ശീതീകരിച്ചിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ.-യുടെ 53 ശാഖകൾ നവീകരിക്കുന്നതിനായി 6,06,03,076 രൂപ (ആറ് കോടി ആറ് ലക്ഷത്തി മൂവായിരത്തി എഴുപത്തിയാറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. 3 റീജിയണൽ ഓഫീസുകൾ നവീകരിക്കുന്നതിനായി 49,65,360 രൂപ (നാൽപ്പത്തി ഒൻപത് ലക്ഷത്തി അറുപത്തി അയ്യായിരത്തി മൂന്നൂറ്റി അറുപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം പുതിയതായി 200 ബ്രാഞ്ചുകളിൽ ശീതീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

**കെ.എസ്.എഫ്.ഇ. വായ്പയും പലിശയും**

95 (5355) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കെ.എസ്. എഫ്. ഇ.യിൽ നിന്നും സർക്കാർ എത്ര കോടി രൂപ കടം എടുത്തിട്ടുണ്ട്; എത്ര ശതമാനം പലിശയ്ക്കാണ് കടമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര രൂപ പലിശയിനത്തിൽ നൽകി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കെ.എസ്.എഫ്.ഇ.-യിൽനിന്നും കടമെടുത്തതിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു:

| സാമ്പത്തിക വർഷം | കടമെടുത്ത തുക (തുക കോടിയിൽ) | തിരിച്ചടച്ച തുക (തുക കോടിയിൽ) | പലിശ നിരക്ക് (ശതമാനം) |
|---|---|---|---|
| 2016-17 | 370 | 370 | 11.00 - 11.25 |
| 2017-18 | 1705 | 330 | 7.25 - 8.90 |
| 2018-19 | 2850 | 1875 | 7.25 - 8.90 |
| 2019-20 (ജൂൺ 25 വരെ) | 1000 | 2000 | 8.05 - 8.75 |

നിലവിൽ 1350 കോടി രൂപ കടം നിലനിൽക്കുന്നുണ്ട്.

(ബി) പലിശയായി ഇതുവരെ 265.42 കോടി രൂപ നൽകിയിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. ഓഫീസുകളെ ബന്ധിപ്പിക്കുന്ന സോഫ്റ്റ്‌വെയർ

96 (5356) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസ്, റവന്യൂ റിക്കവറി ഓഫീസുകൾ എന്നിവയെ കസ്ബ (CASBA) സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി നിശ്ചയിച്ചിരിക്കുന്ന സോഫ്റ്റ്‌വെയർ വെണ്ടർ ആരാണെന്ന് പറയാമോ;

(സി) ഇതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും ഇത് എന്നേയ്ക്ക് പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുമെന്നും അറിയിക്കാമോ?

ഉത്തരം

(എ- സി) ഉണ്ട്. 'കസ്ബ' സോഫ്റ്റ്‌വെയർ നിർമ്മിച്ച എസ്.എഫ്.ഒ. ടെക്നോളജിസ് (പ്രൈ.) ലിമിറ്റഡ്, നെസ്റ്റ് ടെക് പാർക്ക്, കാക്കനാട് തന്നെയാണ് ഇതിനായി സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നത്. ഇതിന്റെ പ്രവർത്തനം ധ്രുതഗതിയിൽ നടക്കുന്നു. 2019 നവംബർ മാസത്തിൽ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## നാദാപുരം ഇരിങ്ങണ്ണൂരിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച്

97 (5357) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ കെ.എസ്.എഫ്.ഇ.ബ്രാഞ്ച് അനുവദിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെ എന്ന് വിശദമാക്കാമോ?

(ബി) നാദാപുരം മണ്ഡലത്തിലെ എടച്ചേരിയിൽ ഇരിങ്ങണ്ണൂർ പ്രദേശത്ത് കെ.എസ്.എഫ്.ഇ. ബ്രാഞ്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽ നിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്,

അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിദ്ധ്യം എന്നിവയ്ക്ക് പുറമെ ബിസിനസ്സ് സാധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

(ബി) നാദാപുരം മണ്ഡലത്തിലെ എടച്ചേരിയിൽ ഇരിങ്ങണ്ണൂർ പ്രദേശത്ത് കെ.എസ്.എഫ്.ഇ.-യുടെ ശാഖ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമാക്കുവാൻ കോഴിക്കോട് അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പെരുമ്പഴുതൂർ, പ്ലാമൂട്ടുകട കെ.എസ്.എഫ്.ഇ. ശാഖകൾ**

98 (5358) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എത്ര ശാഖകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി എന്ന് വ്യക്തമാക്കാമോ; പുതിയതായി ആരംഭിക്കുന്ന ശാഖകൾ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പെരുമ്പഴുതൂർ, പ്ലാമൂട്ടുകട എന്നീ സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിക്കുന്നതിനായി 2016-ൽ എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പെരുമ്പഴുതൂർ, പ്ലാമൂട്ടുകട എന്നീ സ്ഥലങ്ങളിൽ 2019-20 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ കെ.എസ്.എഫ്.ഇ.-യുടെ 6 ശാഖകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

1. പാളയം എം ജി. റോഡ്
2. പാറശ്ശാല ഈവനിംഗ്/കളിയിക്കാവിള
3. വെട്ടുകാട്/പൂന്തുറ
4. വെങ്ങാനൂർ/ഉച്ചക്കട
5. നഗരൂർ
6. ഊന്നിമൂട്

(സി & ഡി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പെരുമ്പഴുതൂർ എന്ന സ്ഥലത്ത് കെ.എസ്.എഫ്.ഇ.-യുടെ ശാഖ ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനം നടത്തിയതനുസരിച്ച് പെരുമ്പഴുതൂർ എന്ന സ്ഥാലത്ത് പുതിയ ശാഖ തുടങ്ങുന്നതിന് ബിസിനസ്സ് സാധ്യതയില്ല. ആയതിനാൽ പുതിയ ശാഖ തുടങ്ങുന്നതിന് പരിഗണിച്ചിട്ടില്ല. എന്നാൽ പ്ലാമൂട്ടുകടയിൽ പുതിയ ശാഖ തുടങ്ങുന്നതിന് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. നിയമനം

99 (5359) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ഈ സർക്കാർ അനുവദിച്ച ഉന്നത മാനേജ്മെന്റ് തസ്തികയിലേയ്ക്ക് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടെന്നും ഇല്ലെങ്കിൽ ഇതിനുള്ള കാരണവും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

100 (5360) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വൈകുന്നതിനുള്ള കാരണം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി വൈകുന്നത് കാരണം ജീവനക്കാരും പെൻഷൻകാരും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തെരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാലാണ് പദ്ധതി നടപ്പാക്കുവാൻ വൈകുന്നത്.

(ബി)കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതി നടപ്പാക്കുന്ന തീയതി സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ അതിദ്രുതം പുരോഗമിക്കുകയാണ്.

**മെഡിസെപ് പദ്ധതിയുടെ ഗുണഭോക്താക്കൾ**

101 (T*5361) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) മെഡിസെപ് ആരംഭിക്കുമ്പോൾ നിലവിലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സഹായം നിർത്തലാക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും നിലവിൽ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) ഒ.പി. ചികിത്സ നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കേരള ഗവൺമെന്റ് സർവ്വന്റ് മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules, 1960) വിധേയരായ എല്ലാ സർക്കാർ ജീവനക്കാർക്കും റീജിയണൽ കാൻസർ സെന്റർ തിരുവനന്തപുരം, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി (SCTIMST), മലബാർ കാൻസർ സെന്റർ (MCC), കൊച്ചിൻ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രിയിലേയും ഔട്ട് പേഷ്യന്റ് ചികിത്സയ്ക്ക് നിലവിലെ പ്രതിപൂരണ സമ്പ്രദായം (Medical Reimbursement) തുടരുന്നതാണ്.

## മെഡിസെപ് പദ്ധതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ

102 (5362) ശ്രീ .മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിയിൽ പ്രസ്തുത ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് വിശദീകരിക്കാമോ?

### ഉത്തരം

(എ&ബി) 24-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 54/2017/ധന പ്രകാരം നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം

സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ/പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/ കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി വിഭാഗത്തെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

103 (5363) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിലേക്കായി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഈ പ്രൊപ്പോസൽ അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ & ബി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുമായിട്ടുമുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

## സേവനാവകാശ കാലാവധിയിൽ ഇൻഷ്വറൻസ് വകുപ്പിലെ ക്ലെയിം തീർപ്പാക്കൽ

104 (5364) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിലവിൽ ക്ലെയിം തീർപ്പാക്കലിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം പരിഹരിക്കുന്നതിനും പൂർണ്ണമായ അപേക്ഷ ലഭിച്ച തീയതി മുതൽ സേവനാവകാശ നിയമം വ്യക്തമാക്കുന്ന സമയപരിധിക്കുള്ളിൽ ക്ലെയിമുകൾ തീർപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഇൻഷ്വറൻസ് ക്ലെയിമുകൾ തീർപ്പാക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നുണ്ട്. കമ്പ്യൂട്ടർവൽക്കരണം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് സേവനാവകാശ നിയമം വ്യക്തമാക്കുന്ന സമയപരിധിക്കുള്ളിൽ ക്ലെയിമുകൾ തീർപ്പാക്കുന്നതിന് സാധിക്കുന്നതാണ്.

## ഇൻഷ്വറൻസ് വകുപ്പിന്റെ റീജിയണൽ ഓഫീസുകൾ

105 (5365) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി റീജിയണൽ ഓഫീസുകൾ സ്ഥാപിക്കുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുമായിട്ടുമുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

## റിക്കാർഡുകൾ സൂക്ഷിക്കാൻ ആധുനിക സംവിധാനങ്ങൾ

106 (5366) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) റിക്കാർഡുകൾ സൂക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ:

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമായി സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതികളുടെ പോളിസി ഫയലുകൾ സ്കാൻ ചെയ്ത് 'വിശ്വാസ്' സോഫ്റ്റ്‌വെയറിന്റെ ഭാഗമാകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**കയർ മേഖലയിലെ ആധുനികവത്കരണം**

107 (5367) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ കാലാനുസൃതമായ ആധുനികവത്ക്കരണം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ആയതിലേക്ക് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കയർ മേഖലയിൽ കാലാനുസൃതമായ ആധുനികവത്കരണം നടപ്പിലാക്കിവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പാദിപ്പിച്ച് കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും ലക്ഷ്യമിടുന്നു.

കയർ വ്യവസായ മേഖലയെ ആധുനികവത്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണയന്ത്രവത്കരണം നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 75 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു.

കയർപിരി മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കാനായി 8000-ത്തോളം ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകിയതിനെത്തുടർന്ന് രണ്ടായിരത്തിയഞ്ഞൂറോളം റാട്ടുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഉല്പന്ന വൈവിദ്ധ്യവല്ക്കരണത്തിലൂടെ തൊഴിലാളികളുടെ തൊഴിലവസരവും വേതനവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ആവിഷ്കരിച്ചുവരുന്നു.

## കയറിന്റെ വിലവർദ്ധനവ്

108 (5368) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ സംഘങ്ങൾ മുഖേനയും ചെറുകിട ഉല്പാദകരും ഉണ്ടാക്കുന്നതുമായ കയറിന് വില വർദ്ധനവ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിലവർദ്ധനവ് എന്നു മുതൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) കയർ തൊഴിലാളികൾക്ക് വർദ്ധിപ്പിച്ച കൂലി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) 29-12-2018-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 1401/18/ഐ.ഡി. പ്രകാരം, 1-1-2019 മുതൽ പരമ്പരാഗത കയർ പിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

## മണ്ണ് സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം

109 (5369) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വകുപ്പിന്റെ പദ്ധതികൾക്കാണ് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത്; ഇത് ദീർഘകാല മണ്ണ് സംരക്ഷണത്തിനായി പ്രയോജനപ്പെടുമോ എന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതിയിലൂടെ തോടുകളുടെയും കുളങ്ങളുടെയും ദീർഘകാല സംരക്ഷണം ഉറപ്പാക്കുന്നതിന് കഴിയുമോ; വിശദീകരിക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കിയതുമൂലം കയർ മേഖലയിൽ ഉത്പാദന വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ - സി) കേരളത്തിലെ കയർ വ്യവസായ മേഖലയുടെ രണ്ടാം പുനഃസംഘടനയുടെ പ്രധാനഘടകങ്ങളിൽ ഒന്നാണ് കയർ ജിയോ ടെക്സ്റ്റൈൽസിന്റെ വ്യാപനം. ഈ പദ്ധതി വഴി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കപ്പെടുകയെന്ന വ്യക്തമായ കാഴ്ചപ്പാടാണുള്ളത്. കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിലൂടെ മണ്ണ് സംരക്ഷണത്തിനായി കയർ പ്രയോജനപ്പെടുത്താവുന്നതാണ്.

കയർ കേരള 2017-ൽ വച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ടി സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മണ്ണ്-ജല സംരക്ഷണം, കാർഷിക റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് കയർ ഭൂവസ്ത്രം ലഭ്യമാക്കുന്നതിനുള്ള കരാർ ഒപ്പുവച്ചു. മാർച്ച് 2019 വരെ 5608011 സ്ക്വ.മീറ്റർ കയർ ഭൂവസ്ത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കയർഫെഡ്, ഫോമിൽ, കെ.എസ്.സി.സി. തുടങ്ങിയ ഏജൻസികൾ വഴി വിതരണം ചെയ്യുകയും വിരിക്കുകയും ചെയ്തിട്ടുണ്ട്.

എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൻകീഴിൽ, സംസ്ഥാനത്തെ കുളങ്ങളും തോടുകളും അടക്കമുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതുവഴി കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ചകിരി/കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് കൂടുതൽ വർക്ക് ഓഡറുകൾ ലഭ്യമാക്കുകയും അതുമൂലം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

ടി നിർമ്മാണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന്റെ മെച്ചങ്ങൾ പലതാണ്. കയർ ഭൂവസ്ത്രം നെയ്തെടുക്കുന്നതുകൊണ്ട് ഊടും പാവും ഉണ്ട്. ചരിവിൻ നീളത്തിന്റെ ദിശയിൽ ഇത് വിരിച്ചാൽ കയർ ഭൂവസ്ത്രം ജലത്തെ ശേഖരിച്ച് സ്വന്തം പ്രതലത്തിലൂടെ വലിച്ചുകൊണ്ടുപോയി പുറത്തേയ്ക്ക് ഒഴുക്കിവിടും. ഇങ്ങനെ വെള്ളം എളുപ്പം വാർന്നുപോകാൻ സഹായിക്കുന്നു. അതേസമയം കയർഭൂവസ്ത്രം അരിപ്പയായി പ്രവർത്തിച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്യുന്നു. ചണം

പോലുള്ള നാരുകളിൽനിന്ന് വ്യത്യസ്തമായി ഏതാനും വർഷം കൊണ്ടേ കയർ ജീർണ്ണിക്കുകയുള്ളൂ. അതിനിടയിൽ സ്വാഭാവികമായും മണ്ണിനെ സംരക്ഷിക്കുന്ന പുല്ലും ചെടികളും വേരുപടലങ്ങളും വളർന്ന് പ്രകൃതി സഹജമായ കവചം മണ്ണിനെ ഒരുക്കിയെടുക്കും. അവസാനം കയർ ഭൂവസ്ത്രം ജീർണ്ണിച്ച് പ്രകൃതിക്ക് ദോഷമുണ്ടാക്കാതെ മണ്ണിൽ ലയിച്ചുചേരുകയും ചെയ്യും.

## സിമന്റ് വില നിയന്ത്രിക്കാൻ നടപടി

110 (5370) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ സിമന്റ് വിലയിൽ വന്ന വർദ്ധനവിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് സിമന്റ് വലിയ തോതിൽ ആവശ്യമായി വരുന്ന സാഹചര്യത്തിൽ സിമന്റ് വില നിയന്ത്രിക്കുന്നതിനും വിലയിൽ കുറവ് വരുത്തുന്നതിനും സർക്കാർ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) പ്രളയബാധിതർക്കുള്ള വീട് നിർമ്മാണത്തിന് അൻപത് ശതമാനം വിലക്കുറവിൽ സിമന്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മലബാർ സിമന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനും വിപണിയിൽ ഇടപെട്ട് മിതമായ നിരക്കിൽ വിപണനം നടത്താനും വിലക്കയറ്റം പിടിച്ചുനിർത്താനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന സർക്കാർ 2016-ൽ മലബാർ സിമന്റ്സിന് വേണ്ടി കൊച്ചി തുറമുഖത്തിന് സമീപം ഏറ്റെടുത്തിട്ടുള്ള 6.93 ഏക്കർ ഭൂമിയിൽ നാളിതുവരെ യാതൊരുവിധ പ്രവർത്തനവും നടത്തിയിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ബൃഹത്തായ രീതിയിൽ പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് വില താരതമ്യേന കൂടുതലാണ്. മറ്റ് പ്രൈവറ്റ് സിമന്റ് കമ്പനിക്കാരുടെ ബില്ലിംഗ് വില 400 രൂപ മുതൽ 430 രൂപ വരെ ആണെങ്കിലും ഹോൾസെയിൽ വില ഏകദേശം 340 നും 365 നും ഇടയ്ക്കാണ്. ഒരു ബാഗിന് ചില്ലറ വിൽപ്പന വില ഇപ്പോൾ ഏകദേശം 370-നും 390-നും ഇടയ്ക്കാണ്. സാധാരണ ജനങ്ങൾക്ക് മിതമായ വിലയിൽ സിമന്റ് ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടുകൂടി മലബാർ സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടില്ല.

(ബി & സി) സംസ്ഥാനം നേരിട്ട മഹാ പ്രളയത്തിനുശേഷമുള്ള വിവിധ നിർമ്മാണ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന ആവശ്യകത സിമന്റിന്റെ ഉപഭോഗത്തിൽ വൻ വർദ്ധനവിന് കാരണമായിട്ടുണ്ട്. സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗങ്ങൾ 29-7-2016, 10-5-2017, 22-11-2018, 19-2-2019 എന്നീ തീയതികളിൽ സർക്കാർ തലത്തിൽ വിളിച്ചുചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

'ലൈഫ് മിഷൻ' പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13-9-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സിമന്റ് വില നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് ഉല്പാദകരുടെ യോഗം 2-5-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്തിരുന്നു.

(ഡി) കേരളത്തിൽ മലബാർ സിമന്റ്സിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമന്റിന്റെ 5 മുതൽ 8 ശതമാനത്തോളമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് പങ്ക് വഹിക്കുന്നുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും യൂണിറ്റുകൾ നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിമന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമന്റ് ഉല്പാദനം മെച്ചപ്പെടുത്തുകയും ജില്ലകൾതോറും സഹകരണ മേഖലയെ കൂടുതൽ ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് മലബാർ സിമന്റ് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലേയും മാർക്കറ്റിൽ നിത്യേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിപണി വിപുലീകരിക്കുന്നതിനായി കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ഒരു സിമന്റ് ഹബ്ബ് സുസജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ&എഫ്) മറ്റ് സംസ്ഥാനങ്ങളിലെ സ്വകാര്യ കമ്പനികളെയാണ് സിമന്റിനായി സംസ്ഥാനത്തെ ജനങ്ങൾ ആശ്രയിക്കുന്നത്. ആയതിനാൽ കേരളത്തിലെ സിമന്റിന്റെ ആവശ്യകതയുടെ 20 ശതമാനമെങ്കിലും വിപണിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൊച്ചി തുറമുഖത്ത് ബൾക്ക് സിമന്റ് ടെർമിനൽ & ലോജിസ്റ്റിക് ഹബ്ബ് എന്ന പദ്ധതി വിഭാവനം ചെയ്തത്. 6 ലക്ഷം ടൺ സിമന്റ് വിപണിയിലെത്തിക്കുവാൻ ഉദ്ദേശിക്കുന്ന നാഷണൽ കൗൺസിൽ ഫോർ സിമന്റ് ആന്റ് ബിൽഡിംഗ് മെറ്റീരിയൽ തയ്യാറാക്കിയ സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 160 കോടി ചെലവ് കണക്കാക്കിയിട്ടുള്ള പദ്ധതിക്ക് 21-10-2014-ലെ സ.ഉ.(കൈ) നമ്പർ145/14/വ്യവ പ്രകാരം അനുമതി നൽകിയിരുന്നു. അതനുസരിച്ച് പോർട്ട് ട്രസ്റ്റിന്റെ 6.93 ഏക്കർ സ്ഥലം പാട്ടത്തിന് എടുക്കുന്നതിനായി KVAT ലോണായി മൊത്തം 48.67 കോടി രൂപ [(22-3-2016-ലെ സ.ഉ.(സാധാ)304/2016/വ്യവ. പ്രകാരം 12.08 കോടി, 24-5-2016-ലെ സ.ഉ.(സാധാ)459/2016/വ്യവ. പ്രകാരം 15 കോടി, 4-3-2017-ലെ സ.ഉ.(സാധാ)312/2017/വ്യവ. പ്രകാരം 21.59 കോടി)] സർക്കാർ അനുവദിക്കുകയും കമ്പനി 57.89 കോടി രൂപ മുടക്കുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് വിശദമായി പരിശോധിക്കുന്നതിനായി ഈ രംഗത്ത് വിദഗ്ദ്ധ ഏജൻസിയായ ഹോൾട്ടക്കിനെ (Holtec) ടെൻഡർ വഴി കണ്ടെത്തുകയും അവർ 10 ലക്ഷം ടൺ സിമന്റ് വിപണിയിലെത്തിക്കുന്നതും ആയതിന് 275.85 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ളതുമായ ഒരു വിശദമായ റിപ്പോർട്ട് (DPR) തയ്യാറാക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. കൊച്ചിൻ പോർട്ട് ട്രസ്റ്റ് സ്ഥലത്ത് നിശ്ചയിച്ചിട്ടുള്ള സിമന്റ് ഹാൻഡ്‌ലിംഗ് യൂണിറ്റ് എന്ന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആരോപണത്തെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, പാലക്കാട് യൂണിറ്റ് നടത്തിയ സത്വരാന്വേഷണ റിപ്പോർട്ടിൽ പദ്ധതിയെക്കുറിച്ച് വിശദമായി പഠിക്കാതെയും പദ്ധതിയുമായി ബന്ധപ്പെട്ട വസ്തുതകൾ മറച്ചുവച്ചും 58 കോടി രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റ് നൽകിയതായി പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ**

111 (5371) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി., നോട്ട് നിരോധനം തുടങ്ങിയ കേന്ദ്ര സർക്കാർ നടപടികൾമൂലം കേരളത്തിലെ വ്യവസായ മേഖലയിൽ വന്നുചേർന്നിട്ടുള്ള പരിണിതഫലം എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇത്തരം പ്രശ്നങ്ങൾ മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ഇതിന്റെ ഫലമായി വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ് എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) വിലയിരുത്തിയിട്ടില്ല.

**വ്യവസായ പ്രോത്സാഹന പദ്ധതികൾ**

112 (5372) ശ്രീ. രാജു എബ്രഹാം:
ശ്രീ. എം. സ്വരാജ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പ്രോത്സാഹനത്തിനായി കിൻഫ്ര മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയത്തിനനുസൃതമായി പുതിയ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാർ സഹായത്തോടെ എട്ടിടങ്ങളിൽ ചെറുകിട വ്യവസായ പാർക്കുകൾ രൂപീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) വിവിധ മേഖലകളിലെ ഹൈടെക് വ്യവസായ വികസനത്തിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഹൈടെക് പാർക്ക് രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ഇ) കയറ്റുമതി പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ എറണാകുളത്ത് വികസിപ്പിക്കാനുദ്ദേശിക്കുന്ന എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ പണി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ പ്രോത്സാഹനത്തിനായി കിൻഫ്ര മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ, കണ്ണൂർ
2. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
3. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം
5. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം
6. സ്പൈസസ് പാർക്ക്, ഇടുക്കി

ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ കിൻഫ്ര സ്ഥാപിച്ചുവരുന്നു. ഇതുപ്രകാരം ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി താഴെ പറയുന്ന പുതിയ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കിവരുന്നു.

1. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം (രണ്ടാം ഘട്ട വികസനം)
2. കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം
3. കൊരട്ടി പാർക്കിന്റെ രണ്ടാം ഘട്ട വികസനം
4. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, രാമനാട്ടുകര, കോഴിക്കോട്.

(ബി) സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയത്തിനനുസൃതമായി പുതിയ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇവയിൽ പാലക്കാടും കണ്ണൂരും പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കാസർഗോഡ് ജില്ലയിലെ മടിക്കൈയിലും ഇത്തരത്തിൽ ഒരു പദ്ധതി ആരംഭിക്കുന്നുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ ഇൻഡഗ്രേറ്റഡ് ഡെവലപ്മെന്റ് സെന്റർ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന ചെറുകിട വ്യവസായ പാർക്കുകൾ കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാണ്.

- കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, തുമ്പ, തിരുവനന്തപുരം
- കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, അടൂർ, പത്തനംതിട്ട
- കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴവന്നൂർ, എറണാകുളം
- കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ
- കിൻഫ്ര ടെക്സ്റ്റോ ഇൻഡസ്ട്രിയൽ പാർക്ക്, മലപ്പുറം
- കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ
- കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, വയനാട്
- കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ്

(ഡി) ഹൈടെക് വ്യവസായ വികസനത്തിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഹൈടെക് പാർക്ക് കിൻഫ്ര എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ 243 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിൽ മുപ്പതോളം സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. അവരെല്ലാംതന്നെ അവരുടെ പദ്ധതിയുടെ വിവിധ പ്രവർത്തനഘട്ടങ്ങളിലാണ്.

(ഇ) കയറ്റുമതി പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ എറണാകുളത്ത് കിൻഫ്ര വികസിപ്പിച്ച കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ പണി പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പാർക്ക് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാണ്. 16 വ്യവസായ സംരംഭങ്ങൾ അവിടെ പ്രവർത്തിച്ചുവരുന്നു.

## വ്യവസായ യൂണിറ്റുകൾ വഴി പ്ലാസ്റ്റിക് മാലിന്യ സംസ്കരണവും പുനരുപയോഗവും

113 (5373) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻതോതിലുള്ള പ്ലാസ്റ്റിക് മാലിന്യത്തിന്റെ വെല്ലുവിളി നേരിടാൻ പ്ലാസ്റ്റിക് ശേഖരിച്ച് വൃത്തിയാക്കി പൊടിക്കുന്ന വൻകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന ഇത്തരം വ്യവസായ സംരംഭങ്ങൾക്ക് എന്തെല്ലാം പ്രോത്സാഹനമാണ് നൽകി വരുന്നത്; നല്കുന്നില്ലെങ്കിൽ ഇനിമുതൽ സഹായങ്ങളും പ്രോത്സാഹനവും നൽകുവാൻ തയ്യാറാകുമോ;

(സി) പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി വൃത്തിയാക്കിയ പ്ലാസ്റ്റിക് ശേഖരിച്ച് പൊടിക്കുന്ന യൂണിറ്റുകൾ ചില പഞ്ചായത്തുകളും സ്വകാര്യവ്യക്തികളും നിലവിൽ ആരംഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തു വരുന്നത്; ഭാവിയിൽ എന്തെല്ലാം സഹായവും പ്രോത്സാഹനവും ചെയ്തുകൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പരിസ്ഥിതിയെയും നമ്മുടെ നിലനിൽപ്പിനേയും ദോഷകരമായി ബാധിക്കുന്ന പ്ലാസ്റ്റിക് കവറുകളുടെയും പ്ലാസ്റ്റിക്ക് കുപ്പികളുടെയും ഉൽപ്പാദനം നിയന്ത്രിക്കുമോ;

(ഇ) ഇത് ഉൽപ്പാദിപ്പിക്കുന്നവരിൽ നിന്നും പ്രത്യേക നികുതി ഈടാക്കി അതുപയോഗിച്ച് നിലവിലുള്ള പ്ലാസ്റ്റിക്ക് പൊടിച്ച് റോഡ് ടാറിംഗിനും ഫ്ലോർ ടൈലിംഗിനും ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയോ അതിനുള്ള പ്രോത്സാഹനം നൽകുകയോ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ- സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനി മുഖേന പ്ലാസ്റ്റിക് മാലിന്യ സംസ്കരണ കേന്ദ്രം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് ഇതിനായുള്ള ഒരു കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയായിവരുന്നു. സംരംഭക സഹായ പദ്ധതി പ്രകാരം ചെറുകിട -സൂക്ഷ്മ -ഇടത്തരം വ്യവസായ മേഖലയിൽ തുടങ്ങുന്ന പ്ലാസ്റ്റിക് റീസൈക്ലിംഗ് അടിസ്ഥാനത്തിലുള്ള വ്യവസായ സംരംഭങ്ങൾക്കും ബയോഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾക്കും 10% അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റുകൾ പല ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പുവഴി നൽകുന്ന മറ്റ് വിവിധ സേവനങ്ങൾ; K-SWIFT വഴി വിവിധ വകുപ്പുകളിൽനിന്നും ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള സൗകര്യം, PMEGP പദ്ധതി പ്രകാരം സബ്സിഡിയോടുകൂടിയുള്ള വായ്പാ പദ്ധതി, വിവിധ പരിശീലന

പരിപാടികളിലുള്ള പങ്കാളിത്തം, ബിസിനസ്സ് ഇൻകുബേഷൻ സെന്റർ വഴിയുള്ള സാങ്കേതിക സഹായം എന്നിവയും ഈ മേഖലയിൽ വ്യവസായ സംരംഭം ആരംഭിക്കുന്നവർക്ക് നൽകിവരുന്നു. MSME മേഖലയിലുള്ള വ്യവസായ സംരംഭം എന്ന നിലയിൽ ഇത്തരം സ്ഥാപനങ്ങൾക്ക് വൈദ്യുതി നിരക്കിലും ഇളവ് ലഭ്യമാക്കുന്നുണ്ട്.

(ഡി) ഉപയോഗിച്ച കുടിവെള്ള കുപ്പികൾ പാതയോരങ്ങളിലും ജലാശയങ്ങളിലും മറ്റും വലിച്ചെറിയുന്നതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ, 500 ബെഡ്ഡിൽ കൂടുതലുള്ള ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിൽ PET ബോട്ടിലുകളുടെ ഉപയോഗം നിരോധിച്ചുകൊണ്ട് 14-6-2018-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർക്കുലർ ഇറക്കിയിട്ടുണ്ട്. കൂടാതെ പ്രധാനപ്പെട്ട 68 വിനോദസഞ്ചാര കേന്ദ്രങ്ങളിലും ബീച്ചുകളിലും one time use പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് 11-10-2018-ൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ തീർത്ഥാടന കാലങ്ങളിൽ നിലയ്ക്കൽ, പമ്പ, ശബരിമല എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് 8-11-2018-ൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

ദേവികുളം താലൂക്കിൽ one time use പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് 27-6-2018-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം നിരോധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനത്തിന്റെ പരിധിയിൽ വരുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ പട്ടിക തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, എൻവയോൺമെന്റൽ എഞ്ചിനീയർ, ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയോൺമെന്റ് & ക്ലൈമറ്റ് ചെയ്ഞ്ച്, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സ്, CIPET പ്രതിനിധി, KPMA പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതിയെ 10-12-2018-ലെ G.O.(Rt)No.134/2018/Envt പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(ഇ) കച്ചവട സ്ഥാപനങ്ങൾ/വീടുകളിൽനിന്നുണ്ടാകുന്ന പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ വൃത്തിയാക്കി വേർതിരിച്ച് അംഗീകൃത മാലിന്യം കൈകാര്യം/ നിർമ്മാർജ്ജനം ചെയ്യുന്നതിനായി തദ്ദേശസ്ഥാപനങ്ങൾ മെറ്റീരിയൽ കളക്ഷൻ സംവിധാനങ്ങൾ വിവിധ സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെനിന്നും ഇവയെ അംഗീകൃത റീസൈക്ലിംഗ് യൂണിറ്റിലേക്കോ റോഡ് ടാറിംഗിനായോ ക്ലീൻ കേരള കമ്പനി മുഖേന നൽകിവരുന്നു.

## വ്യവസായ സംരംഭകർക്ക് ആനുകൂല്യങ്ങൾ

114 (5374) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായ സംരംഭകർക്കായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ സർക്കാർ നൽകിവരുന്നത്; വിശദവിവരം നൽകുമോ;

(ബി) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ സർക്കാർ ലഘൂകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പരമാവധി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പരമാവധി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിലേക്കായി ചുവടെ വിവരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യം ലഭിക്കുന്ന സംരംഭകത്വ സഹായപദ്ധതി
- നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി
- തകർച്ച നേരിടുന്ന എം.എസ്.എം.ഇ-കളുടെ പുനരുദ്ധാരണ പദ്ധതി
- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

കേന്ദ്ര സർക്കാർ പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി മുഖേന ജില്ലാ വ്യവസായ കേന്ദ്രം ഗുണഭോക്താക്കളെ കണ്ടെത്തി DLTFC (District Level Task Force Committee) മുൻപാകെ സമർപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളും സംരംഭകന് ആവശ്യമായ സഹായങ്ങളും ചെയ്തുകൊടുക്കുന്നതാണ്.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക

മൂലധന സഹായമായി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 100 യുവ സംരംഭങ്ങൾക്ക് 20 കോടി രൂപ മൂലധനസഹായം അനുവദിക്കുകയുണ്ടായി. വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5% പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ 6 വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള നിയമങ്ങൾ അവശ്യം ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ)" നിയമം പുറപ്പെടുവിച്ചിട്ടുണ്ട്.

- വ്യവസായം ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളുടെ ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിലേക്കായി K-Swift എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

- മികച്ച സംരംഭകരെ വളർത്തിയെടുക്കുന്നതിലേക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ED Club -കൾ സ്ഥാപിച്ചു.

- കൂടുതൽപേരെ സംരംഭകർ ആക്കുന്നതിലേക്കായി താലൂക്ക്-ജില്ലാ തലങ്ങളിൽ സംരംഭകത്വ വികസന പരിശീലന പരിപാടികൾ, വിവിധ മേഖലകളിൽ സാങ്കേതിക പരിശീലനങ്ങൾ, നൈപുണ്യ പരിശീലനങ്ങൾ, നിക്ഷേപക സംഗമം എന്നിവ നടത്തിവരുന്നു.

- വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/പ്ലോട്ടുകൾ എന്നിവ പരമാവധി യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്.

- കൂടുതൽ യൂണിറ്റുകൾ അനുവദിക്കുന്നതിലേക്കായി PPP മോഡലിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

- മേൽ വിവരിച്ചതിനുപുറമെ 2017-18 മുതൽ നാനോ ഹൗസ് ഹോൾഡ് പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതിയും തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതിയും ആർട്ടിസാൻസ് മേഖലയിലെ യൂണിറ്റുകൾക്ക് ആശാ പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

## സിമന്റിന്റെ വില വർദ്ധനവ്

115 (5375) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിമന്റിന്റെ വില വർദ്ധനവ് രൂക്ഷമാകുന്നതുമൂലം നിർമ്മാണ മേഖലയിൽ തൊഴിലില്ലായ്മ രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിമന്റിന്റെ വില വർദ്ധനവ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളതായി വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സിമന്റ് കമ്പനികളുടെ ഉൽപാദനം വർദ്ധിപ്പിച്ച് ന്യായവിലയ്ക്ക് സിമന്റ് വിപണിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സിമന്റിന്റെ വില വർദ്ധിക്കുന്നത് നിർമ്മാണ മേഖലയെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായും, സംസ്ഥാനം നേരിട്ട മഹാപ്രളയത്തിനുശേഷമുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയുടെ അടിസ്ഥാനത്തിലും നിർമ്മാണ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ച സിമന്റിന്റെ ഉപയോഗത്തിൽ വൻവർദ്ധനവിന് കാരണമായിട്ടുണ്ട്. എന്നാൽ സിമന്റിന്റെ വിലവർദ്ധനവ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ ഏക പൊതുമേഖലാ സിമന്റ് നിർമ്മാണ കമ്പനിയാണ് മലബാർ സിമന്റ്സ് ലിമിറ്റഡ്.

കേരളത്തിൽ മലബാർ സിമന്റിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമന്റിന്റെ 5 മുതൽ 8 ശതമാനത്തോളമാണ്. കേരളത്തിൽ സിമന്റിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് വളരെ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിൽ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും യൂണിറ്റുകൾ നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത്

നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗങ്ങൾ 29-7-2016, 10-5-2017, 22-11-2018, 19-2-2019 എന്നീ തീയതികളിൽ വിളിച്ചുചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## വാണിജ്യ മിഷന്റെ പ്രവർത്തനം

116 (5376) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യമേഖലയുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് രൂപീകരിച്ച വാണിജ്യമിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ സംരംഭക ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി, അവയുടെ ദേശീയ/അന്തർദ്ദേശീയ വിപണനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 3-12-2018-ലെ സ.ഉ.(സാധാ)നമ്പർ 1329/18/വ്യവ. പ്രകാരം വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്.

വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോൽസാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക, ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.
2. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.
3. കേരളത്തിലെ നിക്ഷേപകർ/സംരംഭകൾക്ക് ദേശീയ/അന്തർദ്ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.

4. ദേശീയ/അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

5. ഭക്ഷ്യസംസ്കരണം, കൈത്തറി, വസ്ത്രം, കരകൗശല സാധനങ്ങൾ, തടി ഫർണിച്ചർ, ബാംബൂ ഉത്പന്നങ്ങൾ, കേരള സോപ്പ് എന്നിവയുടെ വിപണനം പ്രൊമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

6. പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.

7. വിദേശ നിക്ഷേപങ്ങൾക്ക് ഫെസിലിറ്റേഷൻ സേവനങ്ങൾ നടത്തുക.

8. വാണിജ്യ മേഖലയിലെ വൈദ്യുതി ഉപയോഗത്തിന്റെ നിലവിലെ നിരക്കുകൾ സർക്കാർ പുനഃപരിശോധിക്കും.

9. മൊത്ത വ്യാപാരികൾക്കും ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കും.

10. വാണിജ്യ സേവനമേഖലയുടെ വളർച്ചയ്ക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കും.

(ബി) കേരള വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ പ്രാരംഭദശയിൽ ആയതിനാൽ പ്രവർത്തനങ്ങൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടില്ല. വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾക്കായി കരട് രൂപരേഖയും നിയമാവലിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### വ്യവസായ സംരംഭകരുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള വർദ്ധന

117 (5377) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക വഴി സംരംഭകരുടെ എണ്ണത്തിൽ എത്രമാത്രം വർദ്ധന ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക വഴി വ്യവസായം നടത്തുവാനുള്ള അനുകൂലമായ ഒരു സാഹചര്യം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. ഈ അനുകൂല സാഹചര്യങ്ങൾ ഉപയോഗിച്ച് കേരളത്തിൽ നിലവിലുള്ളതും പുതിയതുമായ നിരവധി സംരംഭങ്ങൾ വിജയകരമായി പ്രവർത്തിച്ചുപോരുന്നുണ്ട്. പ്രസ്തുത സംരംഭങ്ങളുടെ വിവരശേഖരണം നിലവിൽ കണക്കാക്കപ്പെട്ടിട്ടില്ല.

**വിദ്യാർത്ഥികളിൽ വ്യവസായ അഭിരുചി വളർത്തുന്നതിന് നടപടി**

118 (5378) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ വ്യവസായ അഭിരുചി വളർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) വിദ്യാർത്ഥികളിൽ വ്യവസായ അഭിരുചി വളർത്തുന്നത് വ്യവസായ ഉന്നമനത്തിന് വൻ സാധ്യതകൾ സൃഷ്ടിക്കുമെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുള്ളതിനാൽ സാങ്കേതിക വിദ്യാഭ്യാസത്തിൽ ഇത്തരം മേഖലകൾ കൂടി സമന്വയിപ്പിച്ച് വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി വ്യവസായ വകുപ്പിന് സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദ്യാർത്ഥികളിൽ വ്യവസായ അഭിരുചി വളർത്തുന്നതിനായി വ്യവസായ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുക, നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തുക, വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യുക എന്നിവയാണ് ഇ.ഡി. ക്ലബ്ബിന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇ.ഡി ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്.

ഒരു ഇ.ഡി. ക്ലബ്ബിന് ഒരു വർഷം 20,000 രൂപ നിരക്കിൽ ഗ്രാന്റ് അനുവദിക്കുന്നു.

കൂടാതെ വിദ്യാർത്ഥികളിൽ സംരംഭകത്വ ശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ബോധവൽക്കരണ ക്ലാസുകൾ സംസ്ഥാനത്തെ വിവിധ പോളിടെക്നിക്കുകൾ, ITI-കൾ, ആർട്സ് & സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്നു. സംരംഭകത്വ സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാൻമാരാക്കാൻ ഈ പരിപാടികൊണ്ട് സാധ്യമാകും.

സ്വന്തമായി നൂതന ആശയങ്ങളുമായി വരുന്ന യുവ വിദ്യാർത്ഥി സംരംഭങ്ങൾക്കുവേണ്ടി പ്രാഥമിക മൂലധന സഹായവും (സീഡ് ഫണ്ട് സഹായം) ഇൻക്യുബേഷൻ സൗകര്യങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ നൽകിവരുന്നു.

സീഡ് ഫണ്ട് സഹായ ഇനത്തിൽ ലഭിക്കാവുന്ന പരമാവധി ധനസഹായം മൊത്ത നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും.

(ബി) സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് വ്യവസായ പരിശീലന വകുപ്പ്, സാങ്കേതിക വകുപ്പ് എന്നിവ മുഖേനയാണ്.

## തുറന്ന് പ്രവർത്തിപ്പിച്ച വ്യവസായ സ്ഥാപനങ്ങൾ

119 (5379) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിച്ചു; വിശദമാക്കുമോ?

<u>ഉത്തരം</u>

മുൻസർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന 78 സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിച്ചു.

## പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ

120 (5380) ശ്രീ. വി. ജോയി:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ തുടർന്നുണ്ടായ കഷ്ടനഷ്ടങ്ങൾ അതിജീവിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവർത്തന ലാഭത്തിലേക്ക് എത്തിക്കുന്നതിൽ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ അവസാനവർഷം പ്രസ്തുത സ്ഥാപനങ്ങളുടെ അവസ്ഥ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കഴിഞ്ഞ ഓരോ വർഷവും പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിവരിക്കുമോ;

(ഡി) 2018-19-ലെ ഏറ്റവും കൂടുതൽ വിറ്റുവരവ് നേടിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ വളർച്ചാനിരക്ക് എത്ര ശതമാനം ആണെന്നും അറിയിക്കാമോ?

### ഉത്തരം

(എ) കേരളം നേരിട്ട മഹാപ്രളയം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 39.60 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കിയെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിട്ട സ്ഥാപനങ്ങൾക്ക് സർക്കാർ കൂടുതൽ പ്രവർത്തന മൂലധന സഹായം നൽകുക വഴി പ്രതികൂല സാഹചര്യത്തെ അതിജീവിക്കുവാൻ സ്ഥാപനങ്ങൾക്ക് സാധിച്ചു. മാത്രമല്ല ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച ആധുനികവത്കരണ വിപുലീകരണ പദ്ധതികളും മാനേജ്മെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകളും റിയാബ് മുഖേന മാസംതോറും ബഹുമാനപ്പെട്ട മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും നടത്തുന്ന പ്രവർത്തന അവലോകന സംവിധാനത്തിലൂടെയും നടത്തിയ ഇടപെടലുകൾ വളരെയധികം

പ്രയോജനകരമായിട്ടുണ്ട്. സ്ഥാപനങ്ങളുടെ ആധുനികവത്കരണ വിപുലീകരണ പദ്ധതികൾക്കായി കൂടുതൽ ധനസഹായം ബഡ്ജറ്റിൽനിന്നും നൽകി സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി & സി) മുൻസർക്കാരിന്റെ അവസാന വർഷം 2015-16-ൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 8 എണ്ണം ലാഭത്തിലും 32 എണ്ണം നഷ്ടത്തിലുമായിരുന്നു പ്രവർത്തിച്ചിരുന്നത്. ഈ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 123 കോടി രൂപയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ ഭാഗമായി കൂടുതൽ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ നഷ്ടം ഓരോ വർഷങ്ങളിലും കുറച്ചുകൊണ്ടുവന്ന് മൊത്തം ലാഭം നേടുവാനും സാധിച്ചു. മാത്രമല്ല സ്ഥാപനങ്ങളുടെ വിറ്റുവരവിനും വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

നിലവിൽ 2018-19 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 12 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ മൊത്തം ലാഭം 8.26 കോടി രൂപയായി ഉയർത്തുവാനും സാധിച്ചു.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ**

121 (5381) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 കാലഘട്ടത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ നിലവിൽ ലാഭത്തിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ നടപടികളിലൂടെ ലാഭകരമായ സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ; ഇവയുടെ 2018-19 -ലെ ലാഭത്തിന്റെ വിശദാംശം നൽകുമോ;

(സി) 2015-16-ൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം നിലവിൽ നഷ്ടത്തിലായിട്ടുണ്ടോ; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഏതാനും പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ പൊതുമേഖലയിലെ ഭൂരിപക്ഷം സ്ഥാപനങ്ങളും നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന അവസ്ഥ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ അതിനനുസൃതമായി സ്വീകരിച്ച തിരുത്തൽ നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ നിലവിൽ ലാഭകരമാക്കുവാൻ സാധിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച ആധുനികവത്കരണ വിപുലീകരണ പദ്ധതികളും മാനേജ്മെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകളും റിയാബ് മുഖേന മാസംതോറും കൂടാതെ മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും നടത്തുന്ന പ്രവർത്തന അവലോകന സംവിധാനത്തിലൂടെയും നടത്തിയ ഇടപെടലുകൾ വളരെയധികം പ്രയോജനകരമായിട്ടുണ്ട്. സ്ഥാപനങ്ങളുടെ ആധുനികവത്കരണ വിപുലീകരണ പദ്ധതികൾക്കായി കൂടുതൽ ധനസഹായം ബഡ്ജറ്റിൽനിന്നും നൽകി സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിട്ട സ്ഥാപനങ്ങൾക്ക് പ്രവർത്തനമൂലധന സഹായം നൽകുക വഴി പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുവാൻ സ്ഥാപനങ്ങൾക്ക് സാധിച്ചു.

നിലവിൽ 2018-19 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ആഗോളവത്കരണത്തിന്റെ ഫലമായി വിപണിയിൽനിന്നും നേരിടുന്ന മത്സരത്തെ അതിജീവിച്ച് വർദ്ധിച്ചുവരുന്ന ചെലവുകൾക്ക് ആനുപാതികമായി വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കാതെയാണ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നത്. കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും വിപണന സംവിധാനങ്ങൾ വിപുലപ്പെടുത്തിയും നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഉൽപ്പാദന സംവിധാനങ്ങൾ നവീകരിച്ച് ചെലവുകൾ കുറച്ചുകൊണ്ടുമാണ് സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ സർക്കാർ നടത്തിവരുന്നത്.

(സി & ഡി) 2015-16 സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിച്ചിരുന്ന മലബാർ സിമന്റ്സ് ലിമിറ്റഡ് 2018-19 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

2016 സെപ്റ്റംബറിൽ മലബാർ സിമന്റ്സിൽ ഉണ്ടായ വിജിലൻസ് കേസ്സിനെ തുടർന്ന് അസംസ്കൃത വസ്തുക്കൾ ലഭ്യമാകാത്തതുകൊണ്ട് കമ്പനിക്ക് മൂന്ന് മാസത്തേയ്ക്ക് ഉല്പാദനം നിർത്തിവയ്ക്കേണ്ടിവന്നു. ഇതിനെ തുടർന്ന് കമ്പനിക്ക് വിപണിയിൽ ഉണ്ടായിരുന്ന സിമന്റ് മാർക്കറ്റ് നഷ്ടപ്പെടുകയും തത്ഫലമായി ഉൽപ്പാദനം വെട്ടിക്കുറയ്ക്കുകയും ചെയ്യേണ്ടിവന്നതിനാൽ കഴിഞ്ഞ രണ്ട് വർഷമായി കമ്പനി നഷ്ടത്തിൽ പ്രവർത്തിക്കുകയായിരുന്നു. ഈ സർക്കാരിന്റെ ശക്തമായ ഇടപെടലും റിയാബിന്റെ നേതൃത്വത്തിലുള്ള മാസംതോറുമുള്ള പ്രവർത്തനാവലോകനത്തിന്റെയും ജീവനക്കാരുടെ പൂർണ്ണ സഹകരണത്തോടുംകൂടി കമ്പനിയുടെ പ്രവർത്തനം ക്രമേണ മെച്ചപ്പെടുകയും ഈ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ മേയ് വരെ 67 ലക്ഷം രൂപ ലാഭം നേടുകയും ചെയ്തു.

(ഇ) 2015-16-ൽ വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 131.87 കോടി രൂപ ആയിരുന്നത് 2018-19-ൽ 8.26 കോടി ലാഭത്തിലേയ്ക്കുയർന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച ആധുനികവത്കരണ വിപുലീകരണ പദ്ധതികളും മാനേജ്മെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകളും റിയാബ് മുഖേന മാസംതോറും കൂടാതെ മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും നടത്തുന്ന പ്രവർത്തന അവലോകന സംവിധാനത്തിലൂടെയും നടത്തിയ ഇടപെടലുകൾ വളരെയധികം പ്രയോജനകരമായിട്ടുണ്ട്. സ്ഥാപനങ്ങളുടെ ആധുനികവത്കരണ വിപുലീകരണ പദ്ധതികൾക്കായി കൂടുതൽ ധനസഹായം ബഡ്ജറ്റിൽനിന്നും നൽകി സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിട്ട സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം നൽകുക വഴി പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുവാൻ സ്ഥാപനങ്ങൾക്ക് സാധിച്ചു.

ആഗോളവത്കരണത്തിന്റെ ഫലമായി വിപണിയിൽനിന്നും നേരിടുന്ന മത്സരത്തെ അതിജീവിച്ച് വർദ്ധിച്ചുവരുന്ന ചെലവുകൾക്ക് ആനുപാതികമായി വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കാതെയാണ് സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നത്. കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും വിപണന സംവിധാനങ്ങൾ വിപുലപ്പെടുത്തിയും നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഉൽപ്പാദന സംവിധാനങ്ങൾ നവീകരിച്ച് ചെലവുകൾ കുറച്ചുകൊണ്ടുമാണ് സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ സർക്കാർ നടത്തിവരുന്നത്.

## കിറ്റ്കോയെ സ്വകാര്യ ഏജൻസി ഏറ്റെടുക്കാനുള്ള സിഡ്ബിയുടെ തീരുമാനം

122 (5382) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷനായ കിറ്റ്കോയെ സ്വകാര്യ ഏജൻസി ഏറ്റെടുക്കുന്നതിന് സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം മേഖലകളിൽ കിറ്റ്കോയ്ക്ക് നിലവിൽ സർക്കാർ പ്രോജക്ടുകൾ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഓരോ മേഖലയിലും എത്ര രൂപയുടെ കരാറുകൾ നിലവിൽ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ഡി) സിഡ്ബിയുടെ തീരുമാനം നടപ്പാക്കുന്ന പക്ഷം പ്രസ്തുത കരാറുകളുടെ ഭാവി സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) SIDBI, കിറ്റ്കോയുടെ ഓഹരികൾ വിൽക്കുന്നതിനായി ടെണ്ടർ നടപടികൾ എടുത്തിരുന്നു. തുടർനടപടികൾ താൽക്കാലികമായി മരവിപ്പിച്ചിരിക്കുകയാണ്.

(ബി) പ്രധാനമായും ഹെൽത്ത്, പട്ടിക വർഗ്ഗ വികസനം KIIFB ഫണ്ടിംഗ് ഉള്ള കായിക മേഖലയിലെ പ്രോജക്ടുകൾ, DIC യുടെ വിവിധ കരാറുകൾ എന്നിവ കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്.

(സി)

| മേഖല നിലവിലുള്ള കരാർ തുക | (ഫീസ്) (Rs. in Crore) |
|---|---|
| ഹെൽത്ത് | 17.40 |
| പട്ടികവർഗ്ഗ വികസനം | 3.09 |
| KIIFB ഫണ്ടിംഗ് ഉള്ള കായിക മേഖലയിലെ പ്രോജക്ടുകൾ | 18.00 |
| DIC | 0.58 |

(ഡി) ഇപ്പോൾ ഉള്ളതുപോലെ തന്നെ തുടർന്നും പദ്ധതികൾ നടപ്പാക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നതായിരിക്കുമെന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

## പട്ടുനൂൽ വ്യവസായം

123 (5383) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടുനൂൽ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പട്ടുവസ്ത്ര പദ്ധതികളിലൂടെ പട്ട് വസ്ത്ര നെയ്ത്ത് തിരുവനന്തപുരം ജില്ലയിൽ പൂഴിക്കുന്നിലും ബാലരാമപുരത്തും പാലക്കാട് ജില്ലയിൽ ചിതലിയിലും കണ്ണൂർ ജില്ലയിൽ കണ്ടോത്തും നടന്നുവരുന്നു. 2017-18 - ൽ 77.63 ലക്ഷം രൂപയുടെയും 2018-19 - ൽ 51.80 ലക്ഷം രൂപയുടെയും സിൽക്ക് വസ്ത്രം ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. സിൽക്ക് വസ്ത്രം ഉൽപ്പാദനം കൂടുതൽ വ്യാപകമാക്കുന്നതിനുവേണ്ടി 2019-20 സാമ്പത്തിക വർഷം 50 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## റൈസ് പാർക്ക്, റബ്ബർ പാർക്ക് എന്നിവ ആരംഭിക്കാൻ നടപടി

124(5384) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത്, വ്യവസായ വകുപ്പിന്റെ കീഴിൽ റൈസ് പാർക്ക്, റബ്ബർ പാർക്ക് എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ റൈസ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഒന്നാം ഘട്ടമായി പാലക്കാട് കിൻഫ്ര മെഗാ ഫുഡ്പാർക്കിൽ 5 ഏക്കർ സ്ഥലത്ത് റൈസ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സിയാൽ മോഡൽ റബ്ബർ പാർക്ക് നിർമ്മിക്കുന്നതിനായി കോട്ടയം ജില്ലയിൽ ഭൂമി കണ്ടെത്തിയിട്ടുണ്ട്.

## തനത് ഉല്പന്നങ്ങളുടെ വ്യാവസായിക മാർക്കറ്റ്

125 (5385) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് ഉല്പന്നങ്ങൾക്ക് സ്വദേശത്തും വിദേശത്തും വ്യാവസായികമായി മാർക്കറ്റ് കണ്ടെത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ;

(ബി) വിവിധതരം ചെറുകിട വ്യവസായങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വ്യവസായ വികസനം സാധ്യമാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് വ്യവസായികൾക്കായി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ തനത് ഉല്പന്നങ്ങൾക്ക് സ്വദേശത്തും വിദേശത്തും വിപണി കണ്ടെത്തുന്നതിനായി ചുവടെ വിവരിക്കുന്ന പദ്ധതികൾ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു:

- **വ്യവസായ പ്രദർശനം**

കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും നേരിട്ട് വിപണനം നടത്തുന്നതിനും അവ പൊതുസമൂഹത്തിൽ പരിചയപ്പെടുത്തുന്നതിനുമായി എല്ലാ ജില്ലകളിലും വ്യവസായ പ്രദർശനങ്ങൾ നടത്തിവരുന്നു. 2018-19 വർഷത്തിൽ ജില്ലാതലങ്ങളിൽ 30 മേളകൾ സംഘടിപ്പിച്ചു. അതിൽ 618 സംരംഭകർ പങ്കെടുത്തു.

- **മലബാർ ക്രാഫ്റ്റ്സ് മേള**

കേരളത്തിലെ പരമ്പരാഗത മേഖലയിൽ നൂതന ആശയങ്ങൾ പങ്കുവയ്ക്കുന്ന കരകൗശല വിദഗ്ധരുടെ സംഗമത്തിനും പരമ്പരാഗത കരകൗശല ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുവേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. 2018 ജനുവരി 16 മുതൽ 30 വരെ പാലക്കാടും 2019 ഫെബ്രുവരി 24 മുതൽ മാർച്ച് 9 വരെ കണ്ണൂരിലും മലബാർ ക്രാഫ്റ്റ് മേള സംഘടിപ്പിച്ചു.

- **ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ (IITF)**

ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽവച്ച് എല്ലാ വർഷവും നടത്തി വരാറുള്ള ഇന്ത്യ അന്താരാഷ്ട്ര വ്യാപാരമേളയിൽ 2016, 2017 വർഷങ്ങളിൽ കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നുമുള്ള ചെറുകിട വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിച്ചതിലൂടെ അവയ്ക്ക് ദേശീയ/അന്തർദ്ദേശീയ വിപണി കണ്ടെത്താൻ സാധിച്ചു.

- **കേരള അഗ്രോ ഫുഡ് പ്രോ**

കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യസംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 'കേരള അഗ്രോ ഫുഡ് പ്രോ' എന്ന പേരിൽ ഒരു മേള സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ കാർഷിക വിഭവങ്ങൾ അസംസ്കൃത വിഭവങ്ങളായി ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങളുടെ പ്രദർശനവും വില്പനയും നടത്തുക എന്നതും അവർക്കാവശ്യമായ നൂതന യന്ത്രസാമഗ്രികൾ പരിചയപ്പെടുക എന്നതും മേളയുടെ ലക്ഷ്യമാണ്. 2017 ഫെബ്രുവരി മാസത്തിൽ കൊച്ചിയിൽ വച്ചും 2018 മാർച്ച് മാസത്തിൽ തൃശ്ശൂരിൽവച്ചും കേരള അഗ്രോ ഫുഡ് പ്രോ സംഘടിപ്പിച്ചു.

- **ദേശീയ/അന്തർദ്ദേശീയ പരിപാടികളിൽ പങ്കെടുക്കൽ**

ദേശീയ/അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിന്റെ വ്യവസായ അനുകൂല സാഹചര്യങ്ങൾ പ്രചരിപ്പിക്കുന്നതിനും കേരളത്തിലെ വ്യവസായ ഉല്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി രാജ്യത്തിനകത്തും പുറത്തും നടക്കുന്ന മേളകളിൽ സംരംഭകരെ പങ്കെടുപ്പിച്ചുവരുന്നു. 2016-17, 2017-18, 2018-19 വർഷങ്ങളിൽ ദേശീയ/അന്തർദ്ദേശീയ മേളകളിൽ പങ്കെടുത്തിട്ടുണ്ട്.

(ബി) കേരളത്തിലെ വിവിധതരം ചെറുകിട വ്യവസായങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വ്യവസായ വികസനം സാധ്യമാക്കുന്നതിനായി സർക്കാർ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

**വാണിജ്യ മിഷൻ**

പൊതുമേഖല, ഖാദി ഗ്രാമ വ്യവസായങ്ങൾ, കൈത്തറി കരകൗശല വ്യവസായം, എം.എസ്.എം.ഇ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന വിവിധയിനം ഉൽപ്പന്നങ്ങൾക്ക് ദേശീയവും അന്തർദ്ദേശീയവുമായി വിപണി കണ്ടെത്തി വ്യവസായ വികസനം സാധ്യമാക്കുന്നതിനും ഇതിനാവശ്യമായ നടപടികൾ നിർദ്ദേശിക്കുന്നതിനുമായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ/സർക്കാർ ഇതര ഏജൻസികളുടെ യോജിച്ചുള്ള പ്രവർത്തനത്തിലൂടെ വാണിജ്യ മേഖലയിൽ ആഗ്രഹിക്കുന്ന തരത്തിലുള്ള ലക്ഷ്യം കണ്ടെത്തുക എന്നതിന്റെ അടിസ്ഥാനത്തിലാണ് വാണിജ്യ മിഷൻ അതിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നത്.

**ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം**

ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായകമാകുന്ന വിധത്തിൽ എം.എസ്.ഇ.-സി.ഡി.പി. പദ്ധതി കാര്യക്ഷമമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഏകീകൃത അസംസ്കൃത വസ്തുക്കളുടെ ശേഖരണം, ഏകീകൃത വിപണനം, കോമൺ ഫെസിലിറ്റി സെന്റർ എന്നിവയാണ് ഈ പദ്ധതിയിലൂടെ മുഖ്യമായി ലക്ഷ്യമിടുന്നത്. ആകെ പദ്ധതി ചെലവിന്റെ 70% കേന്ദ്ര വിഹിതവും 20% സംസ്ഥാന സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്.

**വ്യാപാർ (കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്)**

സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുന്നതിന് ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു.

**എസ്.എം.ഇ. പോർട്ടൽ**

സംസ്ഥാനത്തെ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ/അന്തർദ്ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുവാനും സഹായകമായ തരത്തിൽ എസ്.എം.ഇ. പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്.

## സംരംഭക സഹായ പദ്ധതി

126 (5386) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ദാസൻ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ,-ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് മൂലധന സഹായം നൽകുന്നതിനും കൂടുതൽ വിറ്റുവരവ് സാധ്യമാക്കുന്നതിനുമായി സംരംഭക സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംരംഭക സഹായ പദ്ധതിയുടെ നിശ്ചിത ശതമാനം ഗുണഭോക്താക്കൾ സ്ത്രീകൾ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) സർക്കാർ സ്ഥാപനങ്ങൾ, ഏജൻസികൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവ വഴി സംരംഭകരെ കണ്ടെത്തി അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പരമാവധി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ പുനരുദ്ധാരണത്തിനുമായി ചുവടെ പറയുന്ന പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്:

- സംരംഭകത്വ സഹായപദ്ധതി
- നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി
- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി
- തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരുദ്ധാരണ പദ്ധതി

മേൽ പദ്ധതികൾക്കുപുറമെ പ്രളയബാധിതരായിട്ടുള്ള നിലവിലുള്ള MSME യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിലേയ്ക്കായി - പ്രളയ പുനരുദ്ധാരണ പദ്ധതി (വിഹിതം 1000 ലക്ഷം രൂപ), പ്രളയ പുനർ നിർമ്മാണ പദ്ധതി (വിഹിതം 600 ലക്ഷം രൂപ) എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സംരംഭക സഹായ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

- പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

- മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

- ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു.

(ഡി) 2019-20 – ലെ പ്ലാൻ റൈറ്റപ്പിൽ സംരംഭക സഹായ പദ്ധതിയുടെ 20% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗരേഖയിൽ സംരംഭകരെ കണ്ടെത്തി അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കായി പ്രത്യേക സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് പുറമെ കേരള സ്റ്റേറ്റ് വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.), കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.) എന്നിവ സ്പോൺസർ ചെയ്യുന്ന MSME യൂണിറ്റുകൾക്ക് സംരംഭക സഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നുണ്ട്.

## ചെറുകിട വ്യവസായ സഹകരണ സ്ഥാപനങ്ങൾ

127 (5387) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ചെറുകിട വ്യവസായങ്ങൾക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) വനിതാ സംരംഭകർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ എന്നറിയിക്കാമോ;

(ഡി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 1969 - ലെ കേരള സഹകരണ സംഘം നിയമത്തിലെ 4 മുതൽ 7 വരെയുള്ള വകുപ്പുകൾ പ്രകാരവും കേരള സഹകരണ സംഘം ചട്ടങ്ങളിലെ 3 മുതൽ 5 വരെ ചട്ടങ്ങളും പ്രകാരമാണ് സഹകരണ സംഘങ്ങൾ ആരംഭിക്കുന്നത്.

വകുപ്പ് 4 പ്രകാരം പൊതുതാൽപ്പര്യത്തോടുകൂടിയതോ അല്ലെങ്കിൽ അംഗങ്ങളുടെ സാമ്പത്തിക മേൻമ ലക്ഷ്യമാക്കിയുള്ളതോ ആയ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ ഈ രണ്ടുതരത്തിലുള്ള സംഘങ്ങളും രൂപീകരിക്കാവുന്നതാണ്. ഒരു സഹകരണ സംഘം ആരംഭിക്കുന്നതിന് വ്യത്യസ്തമായ 25 കുടുംബങ്ങളിൽ നിന്നെങ്കിലുമുള്ള വ്യക്തികൾ ചേർന്ന് ഫോറം നമ്പർ 1-ൽ രജിസ്ട്രാർക്ക് അപേക്ഷ നൽകേണ്ടതുണ്ട്. കയർ, കൈത്തറി സഹകരണ സംഘങ്ങൾ ഒഴികെയുള്ള ചെറുകിട വ്യവസായ സഹകരണ സംഘങ്ങളും ഹാന്റിക്രാഫ്റ്റ് സംഘങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് 10 അംഗങ്ങൾ മതിയാവുന്നതാണ്. വകുപ്പ് 3 പ്രകാരം വ്യവസായ സഹകരണ സംഘം സംസ്ഥാന പരിധിയിലുള്ള രജിസ്ട്രാറുടെ അധികാരങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറിൽ നിക്ഷിപ്തമാണ്. അതേ സമയം കൈത്തറി, യന്ത്രത്തറി മേഖലയുടേയും കയർ മേഖലയുടേയും രജിസ്ട്രാറുടെ അധികാരം യഥാക്രമം കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടർക്കും കയർ വികസന

ഡയറക്ടർക്കുമാണ്. ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധി ഒതുങ്ങിനിൽക്കുന്ന വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ രജിസ്ട്രാറുടെ പൂർണ്ണ അധികാരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കാണ്. ആയതിനാൽ ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധിയുള്ള വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കാണ് സമർപ്പിക്കേണ്ടത്. മറ്റുള്ളവ വ്യവസായ വാണിജ്യ ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

താഴെപ്പറയുന്ന രേഖകളാണ് സമർപ്പിക്കേണ്ടത്:

1. വ്യത്യസ്ത 25 കുടുംബങ്ങളിൽ നിന്നെങ്കിലുമുള്ള വ്യക്തികൾ ഒപ്പിട്ട അപേക്ഷാ ഫാറം (2 പകർപ്പ്) (കയർ കൈത്തറി ഒഴികെയുള്ള ചെറുകിട വ്യവസായ സംഘങ്ങളും ഹാന്റിക്രാഫ്റ്റ് സംഘങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് 10 അംഗങ്ങൾ മതിയാകുന്നതാണ്).
2. സംഘത്തിന്റെ നിർദ്ദിഷ്ട നിയമാവലിയുടെ മൂന്ന് പകർപ്പ്.
3. നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ വരവുവച്ചിട്ടുള്ള തുക ബാങ്കിൽ ഒടുക്കിയ സാക്ഷ്യപത്രം.
4. പ്രവേശന ഫീസും ഓഹരി മൂലധനവും നൽകിയിട്ടുള്ള വ്യക്തികളുടെ പേരും അവർ നൽകിയ തുകയും വ്യക്തമാക്കുന്ന പട്ടികയുടെ രണ്ട് പകർപ്പ്.
5. സംഘം ഉദ്ദേശിക്കുന്ന വ്യാപാരത്തിന്റെ സാമ്പത്തിക ഭദ്രതയുടെ വിശദാംശങ്ങൾ കാണിക്കുന്ന പദ്ധതി രേഖ.
6. അപേക്ഷാഫീസ് ട്രഷറിയിൽ അടച്ച ചെലാൻ രസീത്.
7. രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റ് രേഖകൾ.

അപേക്ഷ തയ്യാറാക്കി മുഖ്യ സംഘാടകൻ നേരിട്ടോ തപാൽ മുഖേനയോ ബന്ധപ്പെട്ട രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷ രജിസ്ട്രാർ നിരസിക്കുന്ന പക്ഷം 60 ദിവസത്തിനകം സർക്കാരിന് അപ്പീൽ നൽകേണ്ടതാണ്.

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് ആക്ട്, റൂളുകൾ എന്നിവ പ്രകാരമാണ് നടപടികൾ നിർദ്ദേശിച്ചിരിക്കുന്നത്. കേരള സഹകരണ സംഘം നിയമത്തിൽ 110 വകുപ്പുകളും കേരളാ സഹകരണ സംഘം ചട്ടങ്ങളിൽ 200 ചട്ടങ്ങളും ആണുള്ളത്.

(ബി) സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്കായി വ്യവസായ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

- സംരംഭകത്വ സഹായ പദ്ധതി- പരമാവധി 30 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു.
- നാനോ/ഗാർഹിക സംരംഭങ്ങൾക്ക് വാർഷിക പലിശയിൽ 6 മുതൽ 8% വരെ പലിശ സബ്സിഡി പദ്ധതിയിലൂടെ അനുവദിക്കുന്നു.
- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി - സ്ഥിരമൂലധനത്തിന്റെ 40% പരമാവധി 2 ലക്ഷം രൂപ വരെയും വനിത/യുവാക്കൾ/SC/ST എന്നിവർക്ക് 50% പരമാവധി 3 ലക്ഷം രൂപ വരെയും അനുവദിക്കുന്നു.
- തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരുദ്ധാരണ പദ്ധതി
- പ്രളയബാധിതരായിട്ടുള്ള നിലവിലുള്ള എം.എസ്.എം.ഇ. യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിലേക്കായി 2019-20 സാമ്പത്തിക വർഷം മുതൽ പ്രളയ പുനരുദ്ധാരണ പദ്ധതി (വിഹിതം - 1000 ലക്ഷം), പ്രളയ പുനർ നിർമ്മാണ പദ്ധതി (വിഹിതം - 600 ലക്ഷം) എന്നീ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(സി & ഡി) ഉണ്ട്. സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ അനുവദിക്കുമ്പോൾ വനിതാ സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.

കൂടാതെ വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5% പലിശയിൽ 25 ലക്ഷം രൂപ വരെ ആറ് വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി. വഴി നൽകിവരുന്നു.

**ചെറുകിട വ്യവസായ സംരംഭങ്ങൾ**

128 (5388) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഗ്രാമപ്രദേശങ്ങളിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും അതുവഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വ്യവസായ വകുപ്പിന് കീഴിൽ ഏതെങ്കിലും പദ്ധതി ഉണ്ടോ; വിശദമാക്കാമോ;

(ബി) ചെറുകിട വ്യവസായ മേഖലയിൽ വനിത സംരംഭകരെ ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) അനുയോജ്യമായ സ്ഥലങ്ങളിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി പ്രത്യേക പദ്ധതികൾ നിലവിലില്ല.

(ബി) സൂക്ഷ്മ -ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യമായ 'സംരംഭകത്വ സഹായപദ്ധതി' നടപ്പിലാക്കിവരുന്നു. വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഈ പദ്ധതി പ്രകാരം വനിതാ സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.

കെ.എസ്.ഐ.ഡി.സി. മുഖേന വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5%പലിശയിൽ 25 ലക്ഷം രൂപ വരെ ആറ് വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ നൽകിവരുന്നു.

ചെറുകിട വ്യവസായ മേഖലയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് തൊഴിൽ അവസരം ഉയർത്താനായി 20-5-2019-ലെ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് പുറപ്പെടുവിച്ച ജി.ഒ.(സാധാ)നമ്പർ 98/2019/ഐ.ടി.ഡി. ഉത്തരവ് പ്രകാരം പ്രീ ഇൻകുബേഷൻ, വിപണനം, ഉല്പന്ന വികസനം എന്നീ മേഖലകളിൽ പദ്ധതി ആവിഷ്കരിച്ച് കേരള സ്റ്റാർട്ടപ്പ് (കെ.എസ്.യു.എം.) മുഖേന നടപ്പിലാക്കിവരുന്നു.

കൂടാതെ വിവിധ തലത്തിലുള്ള സംരംഭകത്വ പരിശീലന പരിപാടികളിൽ ഏറ്റവും കുറഞ്ഞത് 20% വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

## ചെറുകിട വ്യവസായ സംരംഭങ്ങളുടെ പുനരുദ്ധാരണം

129 (5389) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശം നേരിട്ട സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) അസിസ്റ്റൻസ് ടു റീബിൽഡ് ഫ്ളഡ് അഫക്ടഡ് M.S.M.Es എന്നൊരു പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കുമോ;

(സി) നാശം സംഭവിച്ച കെട്ടിടങ്ങൾ, മെഷിനറികൾ, ഉപകരണങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനുള്ള നിക്ഷേപത്തിനാണോ ഈ സഹായം ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതിക്കുള്ള അപേക്ഷ സമർപ്പിക്കുന്നതും ആയതിന്റെ തുടർനടപടികളും സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ഇ) സ്ത്രീകൾ, യുവസംരംഭകർ, പട്ടകജാതി/പട്ടികവർഗ്ഗ എന്നീ വിഭാഗങ്ങൾക്ക് ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടിൽ പ്രത്യേക സബ്സിഡി ലഭ്യമാക്കുന്നുണ്ടോ;

(എഫ്) വ്യവസായ വകുപ്പ് ശിപാർശ ചെയ്ത പ്രോജക്ട് റിപ്പോർട്ടിലെ, ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പയുടെ ഒരുഭാഗം സ്റ്റാർട്ടപ്പ് സപ്പോർട്ട് എന്ന നിലയിൽ സബ്സിഡിയായി അനുവദിക്കുമോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ) 2018 ആഗസ്റ്റിൽ സംസ്ഥാനം നേരിട്ട പ്രളയത്തിൽ നാശം സംഭവിച്ച എം.എസ്.എം.ഇ. -കളെ കണ്ടെത്തുന്നതിൽ വകുപ്പുതലത്തിൽ മൊബൈൽ സർവ്വേ സംഘടിപ്പിക്കുകയും ആയതിൻപ്രകാരം കണ്ടെത്തിയ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിലേക്കായി 29-5-2019-ലെ സ.ഉ.(സാധാ)436/2019/വ്യവ. പ്രകാരം പ്രളയ പുനരുദ്ധാരണ പദ്ധതിക്കും (വിഹിതം 1000 ലക്ഷം രൂപ), 29-5-2019-ലെ സ.ഉ.(സാധാ)435/2019/വ്യവ. ഉത്തരവ് പ്രകാരം പ്രളയ പുനർനിർമ്മാണ പദ്ധതിക്കും (വിഹിതം 600 ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇതുകൂടാതെ 17-12-2018-ലെ സ.ഉ. (കൈ)27/2018/DMD പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കിവരികയാണ്.

(ബി-ഡി) ഉണ്ട്. Assistance to rebuild flood affected MSMEs (Flood Rebuild Scheme) എന്ന പദ്ധതിക്ക് 29-5-2019-ലെ G.O.(Rt)No.436/2019/ID എന്ന ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പ്രാരംഭ സഹായം, നിക്ഷേപ സഹായം എന്നീ രണ്ട് ഘട്ടങ്ങളിലായി ധനസഹായം നൽകുന്നു.

അസ്സൽ ഡീറ്റെയിൽഡ് റിവൈവൽ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെട്ടതും, നിലവിലുള്ളതും ഭാഗികമായി/പൂർണ്ണമായി പ്രളയത്തിൽ നഷ്ടപ്പെട്ടതുമായ യൂണിറ്റുകളുടെ സിവിൽ വർക്ക്, പ്ലാന്റ് ആന്റ് മെഷിനറി എക്വിപ്മെന്റ് എന്നീ സ്ഥിരാസ്തികളുടെ പുനരുദ്ധാരണത്തിനും പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതിനുമായി സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% മുതൽ 40% വരെ പരമാവധി 20 ലക്ഷം രൂപ വരെ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കും 30 ലക്ഷം രൂപ വരെ പ്രത്യേക (സ്ത്രീകൾ, യുവസംരംഭകർ, പട്ടികജാതി-പട്ടികവർഗ്ഗ) വിഭാഗത്തിൽപ്പെട്ട സംരംഭകർക്കും സബ്സിഡി നൽകുന്നു.

ഈ പദ്ധതികൾക്കുള്ള അപേക്ഷകൾ അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ജനറൽ മാനേജർമാർക്ക് സമർപ്പിക്കേണ്ടതും വ്യവസായമിത്ര എന്ന ജില്ലാതല കമ്മിറ്റി അപേക്ഷകൾ പരിഗണിക്കുന്നതും തീർപ്പാക്കുന്നതുമാണ്.

(ഇ) ജനറൽ വിഭാഗത്തിന് Civil Work, Plant & Machinery, Equipment എന്നിവ ഉൾപ്പെട്ട സ്ഥിര നിക്ഷേപത്തിന് 15% പരമാവധി 20 ലക്ഷം രൂപ വരെ ധനസഹായം നൽകുമ്പോൾ പ്രത്യേക വിഭാഗത്തിൽപ്പെട്ടവർക്ക് (സ്ത്രീകൾ, യുവസംരംഭകർ, പട്ടികജാതി-പട്ടികവർഗ്ഗ) 20% പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

(എഫ്) ഒരു വ്യക്തമായ Revival Project Report-ന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ അനുവദിക്കുന്ന ടേം ലോൺ, ധനകാര്യ സ്ഥാപനത്തിന്റെ ശിപാർശ എന്നിവ കണക്കിലെടുത്ത് പ്രാരംഭ സഹായമായി അർഹമായ ധനസഹായത്തിന്റെ 50% പരമാവധി 5 ലക്ഷം രൂപ വരെ അനുവദിക്കുന്നു.

**പരമ്പരാഗത പീഡിത വ്യവസായങ്ങളുടെ സംരക്ഷണം**

130 (5390) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത പീഡിത വ്യവസായങ്ങളായ മൺപാത്ര നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, തഴപ്പായ് വ്യവസായം, സ്വർണ്ണം-വെള്ളി ആഭരണ നിർമ്മാണ വ്യവസായം തുടങ്ങിയവയുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഇഷ്ടിക, ഓട് നിർമ്മാണ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പീഡിത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കരകൗശലമേഖലയെ പുനരുദ്ധരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി സർക്കാർ വർഷാവർഷം ബഡ്ജറ്റ് വിഹിതം അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് കേരള സംസ്ഥാനതല സ്ഥാപനങ്ങളായ കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം, ആർട്ടിസാൻസ് വികസന കോർപ്പറേഷൻ, കെൽപാം, മുള വികസന കോർപ്പറേഷൻ, കേരള ബാംബൂ മിഷൻ എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കരകൗശല തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ എത്തിച്ചുനൽകുക, പരിശീലനം നൽകുക, ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക തുടങ്ങിയ മേഖലകളിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തനം കാഴ്ചവയ്ക്കുന്നു. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാനും പ്രാപ്തമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. വിവിധ പരമ്പരാഗത മേഖലയിലും അതാത് ക്ലസ്റ്ററുകൾ വികസിപ്പിക്കുന്നതിലൂടെ തൊഴിലവസരങ്ങളും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇടുക്കി, ആലപ്പുഴ, വയനാട് ജില്ലകളിൽ വാഴനാര് ഉൽപ്പന്നങ്ങളുടേയും കോട്ടയത്ത് തഴപ്പായ ഉൽപ്പന്നങ്ങളുടേയും കണ്ണൂർ ജില്ലയിൽ ബെൽ മെറ്റൽ ഉൽപ്പന്നങ്ങളുടേയും മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ കളിമൺ പാത്ര നിർമ്മാണ ക്ലസ്റ്ററിന്റേയും വികസന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പരമ്പരാഗത മേഖലയിൽ സ്വകാര്യ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്ന ആഷ എന്ന പദ്ധതി പ്രകാരം സംരംഭകർക്ക് മൂലധനച്ചെലവിന്റെ 40% തുക വരെ ധനസഹായം ലഭിക്കുന്നു.

(ബി) ഇഷ്ടിക, ഓട് നിർമ്മാണ വ്യവസായങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധി അസംസ്കൃത വസ്തുമായ കളിമണ്ണിന്റെ ദൗർലഭ്യമാണ്. ഇത് പരിഹരിക്കുന്നതിനായി 2015-ൽ സർക്കാർ വിജ്ഞാപനം ചെയ്ത കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ റൂൾ 106(5) പ്രകാരം പരമ്പരാഗത മൺപാത്ര

തൊഴിലാളികൾക്കും ആ മേഖലയിൽ പ്രവർത്തനം നടത്തുന്ന സഹകരണ സംഘങ്ങൾക്കും ഓരോ കലണ്ടർ വർഷത്തിലും 50 ടൺ കളിമണ്ണ് അനുവദിക്കുന്നതിന് റോയൽറ്റി ഈടാക്കാതെ സ്പെഷ്യൽ ട്രാൻസിസ്റ്റ് പാസ്സ് അനുവദിക്കുന്നുണ്ട്. ഇതിന്റെ പ്രയോജനം ആർജ്ജിക്കുന്നതിനായി എല്ലാ തൊഴിലാളികൾക്കും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഒപ്പിട്ട തിരിച്ചറിയൽ കാർഡ് നൽകിവരുന്നുണ്ട്. കൂടാതെ കളിമൺപാത്ര തൊഴിലാളികൾ കൂടുതൽ അധിവസിക്കുന്ന മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ ക്ലസ്റ്റർ വികസനത്തിന്റെ ഭാഗമായി പൊതു സൗകര്യകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കളിമൺപാത്ര വ്യവസായത്തിന്റെ പുരോഗതിക്കായി സ്ഥാപിച്ച കേരള സംസ്ഥാന കളിമൺ തൊഴിലാളി ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനവും പുരോഗമിക്കുകയാണ്. കൂടാതെ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് അസംസ്കൃതസാധനങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ റോമെറ്റീരിയൽ ബാങ്ക് സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

(സി) പീഡിത വ്യവസായങ്ങളുടെ സംരക്ഷണത്തിനായി15-5-2018 G.O.(MS)No.38/2018/ID പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ

131(5391) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിക്കായി എത്ര കിലോമീറ്റർ പൈപ്പ് ലൈനാണ് ഇതുവരെ സ്ഥാപിച്ചിട്ടുള്ളത്;

(ബി) കണ്ണൂർ ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

### ഉത്തരം

(എ) കേരളത്തിലെ 7 വടക്കൻ ജില്ലകളിലൂടെ കടന്നുപോകുന്ന കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയുടെ ആകെ നീളം 507 കി.മീ ആണ്. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ആകെ ദൈർഘ്യമായ 409 കി.മീ.ൽ 407 കി.മീറ്ററിലും പണി പൂർത്തീകരിച്ചു. കൂറ്റനാട്-

ബാംഗ്ലൂർ പൈപ്പ് ലൈനിന്റെ ആകെ ദൈർഘ്യമായ 98 കി.മീ ൽ 44 കി.മീറ്ററിന്റെ വെൽഡിംഗ് പൂർത്തീകരിച്ചു. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈനിൽ പ്രധാനമായും 5 നദികൾക്കു കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണി മാത്രമേ ബാക്കിയുള്ളൂ. നേത്രാവതി നദി (മംഗലാപുരം), ചന്ദ്രഗിരി നദി (കാസർഗോഡ്), ഇരവഴിഞ്ഞി പുഴ, കുറ്റ്യാടി പുഴ, ചാലിയാർ പുഴ (കോഴിക്കോട്) എന്നീ ജലാശയങ്ങളിലെ പൈപ്പ് ലൈൻ സ്ഥാപിക്കൽ ജോലികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

(ബി) കണ്ണൂർ ജില്ലയിൽ പൈപ്പ് ലൈനിന്റെ ആകെ നീളം 83.5 കി.മീറ്റർ ആണ്. ആകെയുള്ള 83.5 കി.മീറ്ററിലും പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. പുഴയിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈൻ കരയിൽ സ്ഥാപിച്ചിട്ടുള്ള പ്രധാന പൈപ്പ് ലൈനുമായി ബന്ധിപ്പിക്കുന്ന ജോലിയും, പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞ ഭൂമി പൂർവ്വസ്ഥിതിയിലാക്കി സുരക്ഷാ/മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിക്കുന്ന ജോലിയുമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

കണ്ണൂർ ജില്ലയിൽ നാളിതുവരേയ്ക്കും ഭൂമിയിലെ വിളകൾക്കും നാശനഷ്ടങ്ങൾക്കുമായി 36,43,81,271 രൂപയും ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയുടെ വിലയായി 36,53,453 രൂപയും ഭൂവുടമകൾക്ക് നല്കിക്കഴിഞ്ഞു.

## വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. നിയമനം

132 (5392) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.-മാരുടെ നിയമനത്തിനായി യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ എം.ഡി. -മാരുടെ നിയമനം പി.എസ്.സി. നിയമനങ്ങൾ പോലെ സുതാര്യമാക്കുന്നതിനും പ്രസ്തുത തസ്തികയിലേക്ക് യോഗ്യതയും കഴിവുമുള്ളവരെ കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള 8 പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.-മാരുടെ നിയമനത്തിനായുള്ള യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

1. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്
2. മലബാർ സിമന്റ്സ് ലിമിറ്റഡ്
3. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്
4. കെംഡൽ
5. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്
6. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
7. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്
8. കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

മേൽ സ്ഥാപനത്തിലെ എം.ഡി.-മാരുടെ യോഗ്യത നിർണ്ണയിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 26-5-2018-ലെ G.O.(Ms) No.16/2018/P&EA ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് വഴിയാണ് നടത്തുന്നത്. ഇതിനുവേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പാണ് പുറപ്പെടുവിക്കുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവർക്ക് പുനർനിയമനം**

133 (5393) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് തസ്തികയിൽ നിന്നും വിരമിച്ചവർക്ക് ഈ സർക്കാർ നിലവിൽ വന്നശേഷം അതേ തസ്തികയിലോ മറ്റേതെങ്കിലും തസ്തികയിലോ കരാർ നിയമനമോ മറ്റേതെങ്കിലും തരത്തിലുള്ള നിയമനമോ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ആർക്കെല്ലാമാണ് നിയമനം നൽകിയതെന്ന് തസ്തികസഹിതം വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ടെക്സ്ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കാണ് നിയമനം നൽകിയിട്ടുള്ളത്.

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്നും 31-5-2018-ൽ അസിസ്റ്റന്റ് മാനേജർ (പ്രോജക്ട്) ആയി വിരമിച്ച ശ്രീ. എം. സി. ഗോപിനാഥിനെ കമ്പനിയിൽ കരാർ അടിസ്ഥാനത്തിൽ അതേ തസ്തികയിൽ നിയമിക്കുകയും 10-2-2019-ൽ ടിയാനെ പിരിച്ച് വിടാൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ ഡി.ജി.എം. ഫിനാൻസ് തസ്തികയിലേയ്ക്ക്, ഡി. രാമസ്വാമിക്കും എച്ച്.ആർ. മാനേജർ തസ്തികയിലേയ്ക്ക് ശ്രീ. എം. എം. ഗോപിനാഥനും വിരമിക്കൽ തീയതിയ്ക്ക് ശേഷം 6 മാസത്തേയ്ക്ക് പുനർനിയമനം നൽകിയിട്ടുണ്ട്.

ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ Purchase & store വിഭാഗത്തിലെ അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ എന്ന തസ്തികയിൽ നിന്ന് വിരമിച്ച ശ്രീ. ബാലഗോപാലിനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ടിയാൻ ഇപ്പോഴും തുടരുന്നു.

ടെക്സ്ഫെഡിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ശ്രീ. വി. ധർമരാജ്, ജി. എം. 20-4-2014-ൽ 58 വയസ്സ് പൂർത്തിയായതിനുശേഷവും ജോലി ചെയ്യുന്നുണ്ട്. പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കിൻഫ്ര പാർക്കുകൾ**

134 (5394) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിൻഫ്ര പാർക്കുകൾ എവിടെയൊക്കെയുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ബി) ഓരോ പാർക്കിലും എത്ര ചതുരശ്ര അടി വീതം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) നിർമ്മിച്ചവ പൂർണ്ണമായും വ്യവസായ യൂണിറ്റുകൾക്ക് അലോട്ട് ചെയ്തു നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കിൻഫ്ര സ്ഥാപിച്ചിട്ടുള്ള പാർക്കുകൾ താഴെ പറയുന്നു.

നിലവിലെ പദ്ധതികൾ

1. കിൻഫ്ര അപ്പാരൽ പാർക്ക്, തിരുവനന്തപുരം
2. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം
3. കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം
4. കിൻഫ്ര ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, മലപ്പുറം
5. കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ
6. കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം
7. കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം, പത്തനംതിട്ട
8. കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, അടൂർ, പത്തനംതിട്ട
9. കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം
10. കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ
11. കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ
12. ചെറുകിട വ്യവസായ പാർക്ക്, വയനാട്
13. കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ്
14. കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, എറണാകുളം
15. ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി, എറണാകുളം
16. കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ
17. കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട്

18. കിൻഫ്ര ബയോടെക്നോളജി പാർക്ക്, കളമശ്ശേരി, എറണാകുളം

19. കിൻഫ്ര വ്യവസായ പാർക്ക്, പിറവന്തൂർ, കൊല്ലം

20. കിൻഫ്ര വ്യവസായ പാർക്ക്, ഒറ്റപ്പാലം, പാലക്കാട്

21. ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല, മലപ്പുറം

22. ഐ.ടി./ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം

23. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ, കണ്ണൂർ

24. ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം.

കിൻഫ്ര നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മെഗാ ഫുഡ് പാർക്ക്, പാലക്കാട്

2. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്

3. ഇൽക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം

4. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം

5. സ്പൈസസ് പാർക്ക്, ഇടുക്കി.

<u>ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം</u>

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ കിൻഫ്ര സ്ഥാപിച്ചു വരുന്നു. ഇതുപ്രകാരം ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി താഴെ പറയുന്ന പുതിയ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കി വരുന്നു:

1. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം (രണ്ടാം ഘട്ട വികസനം)

2. കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം (രണ്ടാം ഘട്ട വികസനം)

3. കൊരട്ടി പാർക്കിന്റെ രണ്ടാം ഘട്ട വികസനം

4. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, രാമനാട്ടുകര, കോഴിക്കോട്

(ബി) ഓരോ പാർക്കിലും നിർമ്മിച്ചിട്ടുള്ള കെട്ടിട സമുച്ചയങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പാർക്കിന്റെ പേര് | വിസ്തീർണ്ണം (ചതുരശ്ര അടി) |
|---|---|---|
| (1) | (2) | (3) |
| 1 | ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, തുമ്പ, തിരുവനന്തപുരം | 320406 |
| 2 | കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം | 153886 |
| 3 | ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര വ്യവസായ പാർക്ക്, പിറവന്തൂർ, കൊല്ലം | 64000 |
| 4 | ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം, പത്തനംതിട്ട | 13000 |
| 5 | ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര വ്യവസായ പാർക്ക്, രാജകുമാരി, ഇടുക്കി | 50000 |
| 6 | ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം | 125000 |
| 7 | ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ | 37853 |
| 8 | കിൻഫ്ര നിയോ സ്പേസ്, മലപ്പുറം | 100000 |
| 9 | ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട് | 126891 |

| (1) | (2) | (3) |
|---|---|---|
| 10 | ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, മെഗാ ഫുഡ് പാർക്ക്, പാലക്കാട് | 47142 |
| 11 | ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ | 56000 |
| 12 | ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ | 135000 |

(സി) ഇവയിൽ കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക് കിൻഫ്ര വ്യവസായ പാർക്ക് രാജകുമാരി ഇടുക്കി, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി തൃശ്ശൂർ, കിൻഫ്ര നിയോസ്പേസ് മലപ്പുറം എന്നീ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ പൂർണ്ണമായും അലോട്ട് ചെയ്തുകഴിഞ്ഞു.

**സിഡ്കോ ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടികൾ**

135 (T* 5395) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയിൽ 2012 ഫെബ്രുവരി 22 മുതൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കി വന്ന ആശ ലോറൻസിന്റെ കരാർ 31-8-2016-ൽ പുതുക്കി നൽകിയതിനുശേഷം 1-12-2016-ൽ ദിവസവേതന അടിസ്ഥാനത്തിലേക്ക് മാറ്റിയത് എന്ത് കാരണത്താലാണ്; വ്യക്തമാക്കാമോ;

(ബി) ആശ ലോറൻസ് 28-10-2018-ൽ മുഖ്യമന്ത്രിക്ക് നല്കിയ പരാതിയിൽ പറയുന്ന എതിർകക്ഷികളായ പത്മ, ലില്ലി, ഷാഹിന, ഷിബിന, ഫയാസ് എന്നിവർക്കെതിരെ എടുത്ത നടപടികൾ എന്തൊക്കെയാണ്; ആശ ലോറൻസിന് യാത്രാബത്ത എത്ര കാലം നൽകിയിട്ടുണ്ട്; ടിയാൾ സേവനം അനുഷ്ഠിച്ച കാലയളവിൽ എന്തൊക്കെ അലവൻസുകളാണ് നൽകിയിട്ടുള്ളത്; നൽകിയ അലവൻസുകളുടെ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഈ വ്യക്തിക്ക് 2018 ജൂൺ 4 മുതൽ ടി.എ. നിർത്തലാക്കിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പകർപ്പ് ലഭ്യമാക്കാമോ; ആശ ലോറൻസിനെ സിഡ്കോയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരവേ പിരിച്ചുവിടാനുണ്ടായ കാരണം എന്തെന്ന് വ്യക്തമാക്കാമോ ;

(സി) സിഡ്കോയിൽ ഇപ്പോൾ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വിശദവിവരം വ്യക്തമാക്കാമോ; പ്രസ്തുത ജീവനക്കാർ ഏതൊക്കെ ഓഫീസുകളിൽ എത്ര നാളായി ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) ആശ ലോറൻസിന്റെ പേരിൽ 2016 മേയ് 21 വരെ എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ; ടിയാളിനെതിരായി പരാതി ലഭിച്ചത് എപ്പോഴാണ്; സിഡ്കോയിലെ അൺസ്കിൽഡ് വർക്കേർസ് ആയ പത്മ, ആശ ലോറൻസിനെതിരെ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതിയുടെ പകർപ്പും അതിന്മേലുള്ള പോലീസ് റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഇ) സിഡ്കോ എം.ഡി. ശ്രീ. ജയകുമാറിനെതിരെയും മാർക്കറ്റിംഗ് ഹെഡ് ശ്രീ.എബിനെതിരെയും പാലക്കാട് ടൗൺ പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത് ഏത് പരാതിയിലാണ്; ടി കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(എഫ്) സിഡ്കോയിലെ അൺസ്കിൽഡ് വർക്കേഴ്സ് നിയമനത്തിനെതിരായി ഹൈക്കോടതിയിലുള്ള കേസിൽ സർക്കാരിൻെറയും സിഡ്കോയുടെയും അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ;

(ജി) സിഡ്കോ മുൻ എം.ഡി. സജി ബഷീറിനെയും മുൻ എ.ജി.എം. അനിൽകുമാറിനെയും പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകിയ വിജിലൻസ് കേസ്സിൽ പ്രതികളായ മറ്റ് ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വിശദവിവരം നൽകാമോ; അവരെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അനുമതി നല്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻ കാലങ്ങളിൽ സിഡ്കോയിൽ കരാർ ജീവനക്കാരായിരുന്ന ശ്രീമതി ആശ ലോറൻസ് ഉൾപ്പെടെയുള്ള എല്ലാവരെയും 21-5-2016 തീയതിയിൽ സേവനം അവസാനിപ്പിച്ചിരുന്നു. എന്നാൽ ശ്രീമതി ആശ ലോറൻസിന്റെ സേവനം ആവശ്യമുള്ള അവസരങ്ങളിൽ മാത്രം ഉപയോഗപ്പെടുത്തുന്നതിനായി ദിവസ വേതനാടിസ്ഥാനത്തിൽ പിന്നീട് നിയമിച്ചിരുന്നു.

(ബി) തിരുവനന്തപുരം സിഡ്കോ സെയിൽസ് എമ്പോറിയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന ശ്രീമതി ആശ ലോറൻസ് നൽകിയ പരാതിയുമായി ബന്ധപ്പെട്ട് അന്വേഷണ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത വിഷയം ബോർഡിൽ ചർച്ച ചെയ്ത് പ്രശ്നം രമ്യമായി പരിഹരിക്കുകയും ചെയ്തു. അതിനുശേഷം പരാതിയൊന്നും ലഭിച്ചിട്ടില്ല.

തിരുവനന്തപുരം സിഡ്കോ സെയിൽസ് എംപോറിയത്തിൽ ജോലി നോക്കിയ കാലയളവിൽ ശ്രീമതി ആശാ ലോറൻസ് ഫീൽഡ് വർക്ക് ചെയ്തിട്ടില്ലാത്തതിനാൽ യാത്രാബത്തയ്ക്ക് അർഹതയില്ല. എന്നാൽ സിഡ്കോയുടെ കോഴിക്കോട് ആഫീസിൽ ജോലി നോക്കിയ കാലയളവിൽ നൽകിയ യാത്രാബത്തയും മറ്റ് അലവൻസുകളും സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) സിഡ്കോയിൽ ഇപ്പോൾ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ പേര്, അവർ ഇപ്പോൾ ജോലി ചെയ്യുന്ന ആഫീസ് എന്നിവ സംബന്ധിച്ച വിവരം അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

(ഡി) 23-10-2018-ൽ ശ്രീമതി ആശ ലോറൻസിനെതിരെ സിഡ്കോയിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. സിഡ്കോയിലെ അൺസ്കിൽഡ് വർക്കർ ആയ ശ്രീമതി പത്മ കേരള സംസ്ഥാന പട്ടികജാതി-പട്ടിക വർഗ്ഗ കമ്മീഷനിൽ ശ്രീമതി ആശ ലോറൻസിനെതിരെ പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിയുടെ പകർപ്പ് അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

(ഇ) സിഡ്കോയുടെ ഒലവക്കോട് ആർ.എം.ഡിപ്പോ മാനേജർ ആയിരുന്ന ശ്രീമതി ജയന്തി കൃഷ്ണൻ നൽകിയ പരാതിയിലാണ് പ്രസ്തുത എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്. അന്വേഷണം നടന്നു വരുന്നു.

(എഫ്) സിഡ്കോയിലെ അൺസ്കിൽഡ് വർക്കേഴ്സ് നിയമനം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലനിന്നിരുന്ന കേസ്സിൽ 12-4-2019-ൽ അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

(ജി) സിഡ്കോ മുൻ എം.ഡി. സജി ബഷീറിനെയും മുൻ എ.ജി.എം. അജിത്കുമാറിനെയും പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകിയ VC.2/2014/SIU-II നമ്പർ കേസ്സിൽ പ്രതികളായി സിഡ്കോയിലെ മറ്റ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സിഡ്കോയിലെ നിയമനങ്ങൾ

136 (5396) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിഡ്കോയിൽ 2012 ഫെബ്രുവരി മുതൽ കരാർ ജീവനക്കാരിയായിരുന്ന ആശ ലോറൻസിനെ ദിവസവേതന വിഭാഗത്തിലേക്ക് മാറ്റുവാനുള്ള കാരണമെന്തെന്ന് അറിയിക്കുമോ;

(ബി) ആശ ലോറൻസിനെ പ്രസ്തുത ദിവസവേതന ജോലിയിൽ നിന്നും പിരിച്ചുവിടാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) 2011 മുതൽ 2019 മേയ് വരെ സിഡ്കോയിൽ എത്ര പേരെ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്; ഇതിൽ എത്ര പേരെ സ്ഥിരപ്പെടുത്തി; അവർ ആരൊക്കെയാണെന്നും ഏതെല്ലാം തസ്തികകളിലാണെന്നും സ്ഥിരപ്പെടുത്തുവാനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) സിഡ്കോയിലെ അഴിമതിയുമായി ബന്ധപ്പെട്ട് 2011-ന് ശേഷം എത്ര പേർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നുവെന്നും അവർ ആരൊക്കെയാണെന്നും ഈ കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും അറിയിക്കുമോ?

ഉത്തരം

(എ & ബി) മുൻ കാലങ്ങളിൽ സിഡ്കോയിൽ കരാർ ജീവനക്കാരായിരുന്ന ശ്രീമതി ആശ ലോറൻസ് ഉൾപ്പെടെയുള്ള എല്ലാവരുടെയും സേവനം 21-5-2016 തീയതിയിൽ അവസാനിപ്പിച്ചിരുന്നു. പിന്നീട് ശ്രീമതി ആശ ലോറൻസിന്റെ സേവനം ആവശ്യമുള്ള അവസരങ്ങളിൽ മാത്രം ഉപയോഗപ്പെടുത്തുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു.

സിഡ്കോയുടെ സെയിൽസ് എംപോറിയത്തിൽ ദിവസവേതനക്കാരുടെ സേവനം അനിവാര്യമല്ലാത്ത സാഹചര്യത്തിൽ അത്തരം സേവനം അവസാനിപ്പിക്കാറുണ്ട്. ഈ സാഹചര്യത്തിലാണ് ശ്രീമതി ആശാ ലോറൻസിന്റെ ദിവസവേതനാടിസ്ഥാനത്തിലുള്ള സേവനവും അവസാനിപ്പിച്ചിട്ടുള്ളത്.

(സി) 2011 മുതൽ 2016 മേയ് വരെ സിഡ്കോയിൽ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ ഏകദേശം 400 പേരെ നിയമിയ്ക്കുകയും 21-5-2016-ന് ഇവരെ വിടുതൽ ചെയ്യുകയുമുണ്ടായി. തുടർന്ന് 2019 മേയ് വരെ

ആവശ്യാനുസരണം മാത്രം സേവനം പ്രയോജനപ്പെടുത്തുന്നതിനായി പാർട്ട് ടൈം സ്വീപ്പർ, സെക്യൂരിറ്റി ജീവനക്കാർ എന്നിവരെ റോമെറ്റീരിയൽ ഡിപ്പോകളിലും പ്രോഡക്ഷൻ യൂണിറ്റുകളിലും, സിവിൽ യൂണിറ്റുകളിലും, സിവിൽ കൺസ്ട്രക്ഷൻ പ്രോജക്ടുകളുടെ സൂപ്പർവിഷൻ നടത്തുന്നതിനായി 4 പേരെയും, മാർക്കറ്റിംഗ്/റോ മെറ്റീരിയൽ ഓഫീസുകളിൽ 2 അക്കൗണ്ട്സ് ട്രെയിനികളെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. 23-5-2014 ലെ 260/20 നമ്പർ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം 4 പാർട്ട് ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) ശ്രീമതി എസ്. വിധുകുമാരി - പ്രഷൻ ഡൈകാസ്റ്റിംഗ് യൂണിറ്റ്

(2) ശ്രീമതി എസ് സരോജം - വുഡ് വർക്കിംഗ് യൂണിറ്റ്

(3) വൈ നിർമ്മല-ഗവ.ഇൻസ്ട്രുമെന്റ് വർക്ക് ഷോപ്പ്, പാപ്പനംകോട്

(4) ശ്രീമതി പുഷ്പ എം.എൻ.-ഹെഡ് ഓഫീസ്, സിഡ്കോ

(ഡി) വിജിലൻസ് അന്വേഷണം/കേസ് നേരിടുന്ന സിഡ്കോ ജീവനക്കാരുടെ ലിസ്റ്റ് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്*. അന്വേഷണ റിപ്പോർട്ടിന്മേൽ തുടർനടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

## സിഡ്കോയിലെ നിയമനം

137 (5397) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോ കമ്പനി സെക്രട്ടറിയായിരുന്ന ജയശ്രീ ഏത് കാലയളവിലാണ് ഈ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതെന്നും എന്ത് കാരണം കൊണ്ടാണ് ജോലിയിൽനിന്നും ഒഴിഞ്ഞതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യക്തി ഇപ്പോഴും ബോർഡ് യോഗങ്ങളിൽ പങ്കെടുക്കാറുണ്ടോ, ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഇപ്രകാരം പങ്കെടുക്കുന്നതെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ രണ്ട് വർഷത്തെ ബോർഡ് യോഗങ്ങളുടെ മിനിട്സിന്റെയും അറ്റൻഡൻസിന്റെയും പകർപ്പ് ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സിഡ്കോയിലെ മാർക്കറ്റിംഗ് ഹെഡ് ആയ എബിന്റെ നിയമനം എങ്ങനെയായിരുന്നുവെന്നും ടിയാൻ ജോലിയിൽ പ്രവേശിച്ച തീയതി എന്നാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ ക്രിമിനൽ കേസ് എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ ക്രിമിനൽ കേസ് നിലനിൽക്കേ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഇ) സിഡ്കോയിൽ അൺസ്കിൽഡ് വർക്കേഴ്സിന്റെ നിയമനം നടത്തിയതിന്റെ റാങ്ക് ലിസ്റ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ മുഴുവൻ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരം

(എ) സിഡ്കോയിൽ കമ്പനി സെക്രട്ടറിയായിരുന്ന ശ്രീമതി ജയശ്രീ 14-3-2016 മുതൽ 27-7-2018 വരെയാണ് ഈ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നത്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്നതിൽ കാലതാമസം വന്നതിനാൽ തന്നെ സേവനത്തിൽ നിന്നും വിടുതൽ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി ജയശ്രീ 25-6-2018 തീയതിയിൽ സമർപ്പിച്ച അപേക്ഷ അംഗീകരിച്ചുകൊണ്ട് ടിയാളെ 27-7-2018-ൽ സിഡ്കോ വിടുതൽ ചെയ്യുകയുണ്ടായി.

(ബി) സിഡ്കോയുടെ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം പുതിയ കമ്പനി സെക്രട്ടറിയെ നിയമിക്കുന്നതുവരെ ടിയാളെ റീട്ടെയ്നർ ഫീസ് അടിസ്ഥാനത്തിൽ കൺസൾട്ടന്റ് കമ്പനി സെക്രട്ടറിയായി നിയമിച്ചിട്ടുള്ളതിനാലാണ് സിഡ്കോയുടെ ഡയറക്ടർ ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നത്. കഴിഞ്ഞ 2 വർഷത്തെ ബോർഡ് യോഗങ്ങളുടെ മിനിട്സിന്റെയും അറ്റൻഡൻസിന്റെയും പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.*

(സി) സിഡ്കോയിൽ 24-2-2016-ൽ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലാണ് ശ്രീ. എബിനെ സിഡ്കോ നേരിട്ട് നിയമിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

പാലക്കാട് ടൗൺ നോർത്ത് സ്റ്റേഷനിൽ കേസ് നിലവിലുണ്ട്. ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല.

(ഇ) റാങ്ക് ലിസ്റ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ട്രാക്കോ കേബിൾ കമ്പനിത്തൊഴിലാളികളുടെ പി.എഫ്. വിഹിതം

138 (5398) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല സ്ഥാപനമായ ട്രാക്കോ കേബിൾ കമ്പനിയിൽ തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും 12% തുക പി.എഫ്.-ൽ അടച്ചുകൊണ്ടിരുന്നത്, 2019 ജനുവരി മുതൽ ഉയർന്ന ശമ്പളം ലഭിക്കുന്നവർ ആണെങ്കിലും 15000 രൂപയുടെ 12% മാത്രം മാനേജ്മെന്റ് അടച്ചാൽ മതിയെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) മേൽ ഉത്തരവ് തൊഴിലാളി വിരുദ്ധവും തൊഴിലാളികൾക്ക് കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉത്തരവ് ഭേദഗതി ചെയ്ത് ശമ്പള പരിധി എടുത്ത് കളയുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

ഉണ്ട്.

(സി) കേന്ദ്ര സർക്കാരാണ് ഈ വിഷയത്തിൽ തീരുമാനമെടുക്കേണ്ടത്.

## ടി.ടി.പി.എൽ.-ൽ മലിനീകരണ നിവാരണ പ്ലാന്റ്

139 (5399) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടി.ടി.പി.എൽ. -ൽ മലിനീകരണ നിവാരണ പ്ലാന്റ് പ്രവർത്തന സജ്ജമായിട്ടുണ്ടോ;

(ബി) ഇതുവഴി പ്രതിദിനം എത്ര ടൺ ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും; മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ഇതിന് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കഴിഞ്ഞ രണ്ട് മാസമായി ഉൽപ്പാദനം ഗണ്യമായി കുറഞ്ഞ സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രതിദിനം 45 ടൺ ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 18-9-2018-ൽ PCB/HO/TVM/ICO-R/10/2017 നമ്പർ കത്ത് പ്രകാരം പ്രവർത്തനാനുമതി ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 19-6-2019-ൽ ടി.ടി.പി.എൽ.-ലെ ഉദ്യോഗസ്ഥരുമായി സർക്കാർ ചർച്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. മലിനീകരണ നിവാരണ പ്ലാന്റിലെ ചില യന്ത്രത്തകരാറുകൾമൂലം മലിനീകരണം നിയന്ത്രണവിധേയമാക്കാൻ ഉല്പാദനം കുറച്ചിരുന്നു. ആ തകരാറുകൾ പരിഹരിച്ച് ഉല്പാദനം സാധാരണ നിലയിൽ പുനഃസ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.

## കരകൗശല വികസന കോർപ്പറേഷൻ എം.ഡി.യെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി

140 (5400) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി നിലവിൽ ജോലി ചെയ്യുന്ന വ്യക്തിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി തേടി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇത് സംബന്ധിച്ച് 23-10-2018 ലും തുടർന്ന് 11-6-2019 ലും നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. കരകൗശല വികസന കോർപ്പറേഷൻ എം.ഡി.യായി നിലവിൽ ജോലി ചെയ്യുന്ന വ്യക്തിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി തേടിക്കൊണ്ട് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, ടിയാൾ കൃഷി വകുപ്പിന് കീഴിൽ ജോലി ചെയ്യവേ ഉണ്ടായ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരാതിയായതിനാൽ ആവശ്യമായ അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതിൽ അന്വേഷണത്തിന്റെ തൽസ്ഥിതി അറിയിക്കുവാനും പ്രോസിക്യൂഷൻ അനുമതി സംബന്ധിച്ച അഭിപ്രായം ലഭ്യമാക്കുവാനും കൃഷി വകുപ്പ് വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കോട്ടയം ജില്ലയിലെ റബ്ബർ അധിഷ്ഠിത വ്യവസായപാർക്ക്

141 (5401) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പാറത്തോട് ഗ്രാമപഞ്ചായത്തിൽ ചിറ്റടി എന്ന സ്ഥലത്ത് റബ്ബർ അധിഷ്ഠിത വ്യവസായപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം ബി.ടി.ആർ.(ബേസിക് ടാക്സ് രജിസ്റ്റർ )-ൽ തോട്ടം എന്ന് രേഖപ്പെടുത്തിയതിനാൽ വ്യവസായ പാർക്കിന്റെ നിർമ്മാണത്തിന് സ്ഥലം ഉപയോഗിക്കാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ബി.ടി.ആർ.-ൽ ആവശ്യമായ മാറ്റം വരുത്തി സഹായിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. വ്യവസായ വകുപ്പുമന്ത്രിക്ക് നൽകിയ 21-2-2019-ലെ MLA-PNJR/GP/47/2019-20 നമ്പർ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ, റവന്യൂ റെക്കോർഡിൽ (ബേസിക് ടാക്സ് രജിസ്റ്റർ) പ്രസ്തുത സ്ഥലം തോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് മാറ്റാൻ റവന്യൂ അധികാരികൾക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സംരംഭം തുടങ്ങുന്നതിനാവശ്യമായ അനുകൂല നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. ബി.ടി.ആർ-ൽ ആവശ്യമായ മാറ്റം വരുത്തി നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു. എം.എൽ.എ. 21-2-2019 ൽ നൽകിയ കത്തിന്മേൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ വ്യക്തമായ മറുപടി ആവശ്യപ്പെടുകയും, റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി ഈ വിഷയത്തിലുള്ള ഇ-ഫയൽ പ്രസ്തുത വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

## മഞ്ചേരി മണ്ഡലത്തിലെ പുതിയ വ്യവസായ സംരംഭങ്ങൾ

142 (5402) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി നിയോജകമണ്ഡലത്തിൽ പുതുതായി എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ

ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം മേഖലയിലാണ് ആരംഭിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മഞ്ചേരി നിയമസഭ നിയോജകമണ്ഡലത്തിൽ ചുവടെ പറയുന്ന പ്രധാന നിർമ്മാണ മേഖലകളിലായി ആകെ 137 ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- ജനറൽ എഞ്ചിനീയറിംഗ്
- റെഡിമെയ്ഡ് വസ്ത്രം
- മര ഫർണീച്ചർ
- എം.ഡി.എഫ്. ഫർണീച്ചർ
- പി.വി.സി. പൈപ്പ്
- പി.വി.സി. വാട്ടർ റാങ്ക്
- ഹാൻഡിക്രാഫ്റ്റ് ഉൽപ്പന്നം
- ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ഉൽപ്പന്നം
- കുപ്പിവെള്ളം
- കോസ്മെറ്റിക്സ് ഉൽപ്പന്നം
- ഫുഡ് പ്രോഡക്ട്സ്
- ഗോൾഡ് ഓർണമെന്റ്സ്
- പേവിംഗ് ടൈൽസ്
- സിമന്റ് ബ്രിക്സ്
- പേപ്പർ പ്രൊഡക്സ് & പാവ
- സോഫ്റ്റ് ഡ്രിംഗ്സ്
- പ്രിന്റിംഗ് പ്രസ്സ്
- ഇന്റീരിയർ ഡെക്കറേഷൻ

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന സംരംഭകർക്കായി പദ്ധതിയുടെ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, സാങ്കേതിക സഹായങ്ങൾ, ഇലക്ട്രിസിറ്റി താരിഫ് കുറയ്ക്കുന്നതിനുള്ള കത്തുകൾ, ധനകാര്യ സ്ഥാപനങ്ങളിലേയ്ക്കുള്ള ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ടുകളുൾപ്പെടെയുള്ള ശിപാർശ കത്തുകൾ, ഓൺലൈൻ അപേക്ഷ സഹായങ്ങൾ, സംരംഭകർക്ക് കിയോസ്ക് സംവിധാനം, ഉദ്യോഗ് ആധാർ മെമ്മോറാണ്ടം ഫയലിംഗ്, എഫ്.ഐ.ഇ.യിൽ ആവശ്യമായ പ്ലോട്ടുകൾ അനുവദിക്കൽ, ആവശ്യമായ കൈത്താങ്ങ് സഹായങ്ങൾ എന്നിവ നൽകിവരുന്നു.

## പട്ടാമ്പി മണ്ഡലത്തിൽ വ്യവസായ പാർക്ക്

143 (5403) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ വ്യവസായ പാർക്കിനായി കിൻഫ്ര മുഖേന സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് പഞ്ചായത്തിലാണ് സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പട്ടാമ്പി മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ കിൻഫ്രയ്ക്ക് നിലവിൽ പദ്ധതിയില്ല.

## കൽപ്പറ്റ മണ്ഡലത്തിലെ സംരംഭക സഹായ പദ്ധതി

144 (5404) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംരംഭക സഹായ പദ്ധതിയിൽ കൽപ്പറ്റ മണ്ഡലത്തിലെ എത്ര യൂണിറ്റുകൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംരംഭക സഹായ പദ്ധതിയിലുൾപ്പെടുത്തി കൽപ്പറ്റ മണ്ഡലത്തിൽ ആകെ 30 യൂണിറ്റുകൾക്ക് ചുവടെ പറയും പ്രകാരം സഹായം അനുവദിച്ചു:

| സാമ്പത്തിക വർഷം | യൂണിറ്റുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2016-17 | 7 | 42,06,234 |
| 2017-18 | 11 | 59,72,531 |
| 2018-19 | 12 | 54,16,318 |
| ആകെ | 30 | 1,55,95,083 |

## നിലമ്പൂരിൽ വ്യവസായ പാർക്ക്

145 (5405) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് റിയാബ് പ്രതിനിധികളെയും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം 2016-ൽ നടന്നിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യോഗത്തിൽ വ്യവസായ വകുപ്പ് തന്നെ പണം നൽകി സ്ഥലം ഏറ്റെടുക്കുവാൻ സന്നദ്ധമാണെന്ന് അറിയിച്ചിരുന്നോ;

(സി) പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി പ്രകാരം സ്വകാര്യ ഉടമസ്ഥർ ഭൂമി നൽകാൻ തയ്യാറായാൽ വില നൽകി ഭൂമി ഏറ്റെടുത്ത് വ്യവസായ പാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) നിലമ്പൂരിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു യോഗം 2016-ൽ നടന്നിരുന്നു. സർക്കാർ തന്നെ ഭൂമിവില നൽകി ഭൂമി ഏറ്റെടുത്ത് സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതിയിൽ വ്യവസ്ഥയില്ല.

## കൊട്ടാരക്കര മണ്ഡലത്തിലെ വ്യവസായ സാധ്യതകൾ

146 (5406) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) സാധ്യതാപഠനം നടത്തിയിട്ടില്ലെങ്കിൽ അടിയന്തരമായി സാധ്യതാപഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന പഞ്ചായത്തുകളിൽ വിജയകരമായി നടത്താൻ കഴിയുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണ് എന്നത് സംബന്ധിച്ച് കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം സാധ്യതാപഠനം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടില്ല. എന്നാൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കരീപ്ര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കടയ്ക്കോട് എന്ന സ്ഥലത്ത് വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ 290 സെന്റ് സ്ഥലം വാങ്ങുകയും വ്യവസായ ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

(സി) കൊല്ലം ജില്ലാ പഞ്ചായത്ത്, കൊട്ടാരക്കര താലൂക്ക് വ്യവസായ ഓഫീസ് എന്നീ ഓഫീസുകൾ നടത്തിയ വ്യവസായ സാധ്യതാ പഠനത്തിൽ ജനറൽ എഞ്ചിനീയറിംഗ്, ഫുഡ് പ്രോസെസ്സിങ്ങ് യൂണിറ്റുകൾ, സിമന്റ് ബ്രിക്സ് യൂണിറ്റുകൾ, ഐ.ടി. സംരംഭങ്ങൾ, റെഡിമെയ്ഡ് ഗാർമെന്റ് മാനുഫാക്ചറിംഗ്, ഡിജിറ്റൽ പ്രിന്റിംഗ് പ്രസ്സുകൾ തുടങ്ങിയ മേഖലകൾ വിജയ സാധ്യതയുള്ളവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

**അങ്കമാലിയിലെ വ്യവസായ കേന്ദ്രങ്ങളിലെ റോഡുകൾ**

147 (5407) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വ്യവസായകേന്ദ്രങ്ങളിലെ റോഡുകളിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ പ്രളയത്തിൽ അങ്കമാലി നിയോജകമണ്ഡലത്തിലെ വ്യവസായ കേന്ദ്രങ്ങളിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ വ്യവസായ കേന്ദ്രങ്ങളിലെ റോഡ് നവീകരണത്തിനായി 11-4-2019-ൽ ബി 8/1953 നമ്പരായി എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നൽകിയ ശിപാർശയിൽ ഭരണാനുമതി നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അങ്കമാലി വ്യവസായ വികസന ഏരിയ/പ്ലോട്ടിൽ ആഭ്യന്തര റോഡുകളുടെയും കാനയുടെയും കൽവെർട്ടിന്റെയും പ്രവൃത്തികൾക്കായി 142 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുകയിൽ 1.09 കോടി രൂപ വിനിയോഗിച്ച് കാന വർക്കുകൾ ചെയ്തു. 74.60 ലക്ഷം രൂപ ആഭ്യന്തര റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുമുണ്ട്.

(ബി) കഴിഞ്ഞ പ്രളയത്തിൽ അങ്കമാലി വ്യവസായ വികസന ഏരിയയിൽ റോഡുകൾ തകർന്നിട്ടില്ല.

(സി) ശിപാർശ സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വ്യവസായ വികസനം

148 (5408) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് മുഖേന ഷൊർണ്ണൂർ മണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഷൊർണ്ണൂർ വ്യവസായ വികസന പ്ലോട്ടിൽ ഒരു ബഹുനില വ്യവസായ സമുച്ചയ നിർമ്മാണത്തിനായി 1 ഏക്കർ 32 സെന്റ് സ്ഥലം സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ പദ്ധതി അടങ്കൽ തുക 21,48,00,000 രൂപയാണ്. നിർമ്മാണ നിർവ്വഹണ ഏജൻസിയായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് മുൻകൂറായി 3 കോടി രൂപ നൽകിയിട്ടുമുണ്ട്.

ഷൊർണ്ണൂർ മണ്ഡലത്തിൽ സംരംഭക സഹായ പദ്ധതി പ്രകാരം 14 യൂണിറ്റുകൾക്ക് 52.74 ലക്ഷം രൂപയും പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി പ്രകാരം 20 യൂണിറ്റുകൾക്കായി 40.23 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

## വ്യാപാരി വ്യവസായികൾക്ക് സാമ്പത്തിക സഹായം

149 (5409) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ ഏറ്റവും ദുരിതം അനുഭവിച്ച വ്യാപാരി വ്യവസായികളുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട് വ്യാപാര സ്ഥാപനങ്ങൾ പൂട്ടിയിടേണ്ടി വന്ന വ്യാപാരി വ്യവസായികൾക്ക് സാമ്പത്തിക സഹായമായി എത്ര രൂപ വീതമാണ് അവരുടെ അക്കൗണ്ടിലോ നേരിട്ടോ നൽകിയതെന്ന് വിശദമാക്കാമോ;

(സി) വീടുകളിൽ വെള്ളം കയറി വൻനാശനഷ്ടം ഉണ്ടായവർക്ക് 10,000 രൂപ അടിയന്തര സഹായം നൽകിയ സർക്കാർ ജീവനോപാധികൾ സർവ്വതും നഷ്ടപ്പെട്ട വ്യാപാരി വ്യവസായികൾക്ക് ആശ്വാസമായി സാമ്പത്തിക സഹായം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കടക്കെണിയിൽ നിന്നും ആത്മഹത്യയിലേക്ക് പോകുന്ന ഇവർക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയവ കണക്കാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ 5355 MSME യൂണിറ്റുകൾക്ക് ഏകദേശം 1415.68 കോടി രൂപയുടെയും 16061 ഷോപ്പുകൾക്ക് 624.90 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ വകുപ്പിന്റെ 17-12-2018-ലെ സ.ഉ.(കൈ)നമ്പർ 27/2018/DMD ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. വ്യാപാരി ക്ഷേമനിധി ബോർഡും വ്യാപാരി വ്യവസായി സംഘടനകളും സംയുക്തമായി നഷ്ടം വിലയിരുത്തുകയും സംസ്ഥാനത്ത് പ്രളയദുരന്തമനുഭവിയ്ക്കുന്നവരും വ്യാപാരി ക്ഷേമനിധി ബോർഡിൽ

അംഗങ്ങളല്ലാത്തവരുമായ 11030 വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ 1130 പേർക്ക് ക്ഷേമനിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രളയ ദുരിതമുണ്ടായ പഞ്ചായത്തുകളിലെ വ്യാപാരികൾക്ക് 30,000 രൂപ വീതം ദുരിതാശ്വാസ സഹായം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) ഉജ്ജീവന സഹായ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ബാങ്ക് മുഖാന്തിരമാണ് അനുവദിക്കുന്നത്. 24-6-2019 വരെ 1132 MSME-കൾക്കും ഷോപ്പുകൾക്കുമായി 8590.94 ലക്ഷം രൂപ ബാങ്കുകൾ അനുവദിച്ചിട്ടുണ്ട്.

(സി & ഡി) ഉജ്ജീവന സഹായ പദ്ധതി പ്രകാരം വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ പുനഃനിർമ്മാണത്തിന് ബാങ്കുകൾ മുഖാന്തിരം വായ്പകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം ലഭിക്കുന്ന സ്ഥിരമൂലധനത്തിനും/പ്രവർത്തനമൂലധനത്തിനും 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാങ്കുകൾക്ക് അനുവദിക്കുന്നുണ്ട്.

ഇതിനുപുറമെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം രണ്ട് പ്രളയ പുനർനിർമ്മാണ പദ്ധതികൾ 2019-20 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതി) (വിഹിതം: 1000.00 ലക്ഷം രൂപ)</u>

പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക യൂണിറ്റുകളെ പുനരുജ്ജീവിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി സ്റ്റാർട്ട് അപ്പ് സഹായവും നിക്ഷേപ സഹായവും നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

- സംരംഭങ്ങളുടെ പുനർനിർമ്മാണത്തിന്റെ ഭാഗമായി മൊത്തം സ്ഥിര മൂലധന നിക്ഷേപത്തിന്റെ (റ്റി.എഫ്.സി.ഐ.) 15 ശതമാനം മുതൽ 40 ശതമാനം വരെ സഹായം നൽകും. ഇത് പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷം രൂപ വരെയും പ്രത്യേക വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് 30 ലക്ഷം രൂപ വരെയും പരിമിതപ്പെടുത്തിയിട്ടുണ്ട്.

- ആകെ സ്ഥിര മൂലധന നിക്ഷേപത്തിൽ

    i. മരാമത്ത് ജോലികൾ,

    ii. പ്ലാന്റും മെഷിനറികളും,

    iii. ഉപകരണങ്ങൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു.

2. പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി) (വിഹിതം: 600.00 ലക്ഷം രൂപ)

ബാങ്കുകളിൽ നിന്നും 8 ശതമാനം പലിശയിളവിൽ ടേം ലോൺ/പ്രവർത്തന മൂലധന വായ്പ/വർഷാടിസ്ഥാന ക്രമത്തിൽ പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിലെ നിർമ്മാണ സേവന വിഭാഗങ്ങൾക്ക് സഹായധനമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. യൂണിറ്റുകൾക്ക് അർഹമായ പരമാവധി തുക പ്രതിവർഷം 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും യൂണിറ്റുകളുടെ പ്രവർത്തനവും/ലാഭക്ഷമതയും ബാങ്കുകൾ കണക്കാക്കി സഹായം 3 വർഷം വരെ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

- ഈ സഹായം സൂക്ഷ്മ, ചെറുകിട, ഇടത്തരം നിർമ്മാണ സേവന സംരംഭങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

- സഹായം ബാങ്കുമായി ബന്ധപ്പെടുത്തിയിട്ടുള്ള ഗ്രാന്റിന്റെ രൂപത്തിലും വ്യവസായ വകുപ്പിന്റെ വ്യക്തമായ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലുമായിരിക്കും.

**പ്രളയത്തിൽ നഷ്ടം നേരിട്ട വ്യാപാരികൾക്ക് വായ്പ**

150 (5410) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയത്തിൽ കടകൾ മുങ്ങി നാശനഷ്ടം നേരിട്ട വ്യാപാരികൾക്ക് പലിശരഹിത വായ്പ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര രൂപ വീതമാണ് ഓരോ കച്ചവടക്കാരനും നൽകാൻ ഉദ്ദേശിക്കുന്നത്; വായ്പ നൽകുന്നതിലെ വ്യവസ്ഥകൾ വിശദമാക്കാമോ;

(സി) ഇത്തരത്തിൽ വായ്പയ്ക്കായി എത്ര കച്ചവടക്കാർ അപേക്ഷ നൽകി എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതുവരെ എത്ര പേർക്ക് വായ്പ നൽകി എന്ന് അറിയിക്കാമോ;

(ഡി) വായ്പ നൽകുന്നത് വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് കച്ചവടക്കാർക്ക് വായ്പ നൽകാനാകും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉജ്ജീവന സഹായ പദ്ധതി പ്രകാരം പലിശ രഹിത വായ്പ പ്രളയബാധിതരായ കടയുടമകൾക്ക് അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ വ്യാപാരി ക്ഷേമനിധി ബോർഡും വ്യാപാരി വ്യവസായി സംഘടനകളും സംയുക്തമായ നഷ്ടം വിലയിരുത്തുകയും സംസ്ഥാനത്ത് പ്രളയദുരന്ത മനുഭവിക്കുന്നവരും വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലാത്തവരുമായ 11030 വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ 1130 പേർക്ക് ക്ഷേമനിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രളയ ദുരിതമുണ്ടായ പഞ്ചായത്തുകളിലെ വ്യാപാരികൾക്ക് 30,000 രൂപ വീതം ദുരിതാശ്വാസ സഹായം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) 17-12-2018-ലെ സ.ഉ.(കൈ)27/2018/DMD പ്രകാരം 2018-ലെ പ്രളയബാധിതരായവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

<u>അർഹത</u>

1. Term loan & Working Capital loan 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.

2. Working Capital Loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. ഈ സർക്കാർ ഉത്തരവിന് മുൻപായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

(സി) ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ റിപ്പോർട്ട് പ്രകാരം 672 ഷോപ്പുകൾക്ക് ഉജ്ജീവന സഹായ പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട്. 24-6-2019 തീയതി വരെ ലഭ്യമായ ജില്ല തിരിച്ചുള്ള കണക്ക് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | ഷോപ്പുകൾ | |
|---|---|---|
| | അപേക്ഷിച്ചവരുടെ (എണ്ണം) | ബാങ്ക് അനുവദിച്ചത് (എണ്ണം) |
| തിരുവനന്തപുരം | 3 | 0 |
| കൊല്ലം | 0 | 0 |
| പത്തനംതിട്ട | 908 | 137 |
| ആലപ്പുഴ | 327 | 38 |
| കോട്ടയം | 18 | 8 |
| ഇടുക്കി | 240 | 66 |
| എറണാകുളം | 488 | 141 |
| തൃശ്ശൂർ | 764 | 116 |
| പാലക്കാട് | 17 | 9 |
| മലപ്പുറം | 64 | 38 |
| കോഴിക്കോട് | 34 | 52 |
| വയനാട് | 39 | 53 |
| കണ്ണൂർ | 18 | 14 |
| ആകെ | 2970 | 672 |

(ഡി) ഉജ്ജീവന സഹായ പദ്ധതി പ്രകാരം പ്രളയബാധിതരായ കച്ചവടക്കാർക്ക് ബാങ്ക് വായ്പ അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ത്വരിതഗതിയിൽ നടപടി സ്വീകരിക്കുന്നതിന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി

151 (5411) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറികൾ പ്രവർത്തിക്കുന്നതിന് ജില്ലാതല പാരിസ്ഥിതികാനുമതി നൽകാനുള്ള സംവിധാനം നിലവിലില്ലാത്തതുകാരണം ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാരിസ്ഥിതികാനുമതി നൽകാനുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി പിരിച്ചുവിട്ടതുമൂലം ഇതിനായുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയും നിർമ്മാണ പ്രവൃത്തികൾക്ക് കരിങ്കല്ല് ലഭിക്കാത്തതുമായ ഗുരുതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ജില്ലാതല പാരിസ്ഥിതികാനുമതി നൽകാനുള്ള അതോറിറ്റി സംബന്ധിച്ച് കേന്ദ്ര സർക്കാർ അടുത്ത കാലത്ത് എന്തെങ്കിലും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഈ സമിതി പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവുപ്രകാരം ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയുടെ പ്രവർത്തനം അവസാനിച്ചതുമൂലം പാരിസ്ഥിതികാനുമതിക്കായുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാൻ സാധിക്കാത്ത സഹചര്യം നിലവിലുണ്ട്. പാരിസ്ഥിതികാനുമതിക്കായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ സമിതി (SEIAA) മുൻപാകെ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി & ഡി) പാരിസ്ഥിതികാനുമതി നൽകാനുള്ള ജില്ലാതല അതോറിറ്റി സംബന്ധിച്ച അന്തിമ വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ EIA നോട്ടിഫിക്കേഷൻ, 2019-ന്റെ സീറോ ഡ്രാഫ്റ്റ് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## ഉദുമ മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റ്

152 (5412) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സെറിഫെഡിന്റെ കീഴിലുള്ള ഉദുമ മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റിലെ സ്ത്രീ തൊഴിലാളികൾക്ക് എത്ര മാസത്തെ വേതനമാണ് കുടിശ്ശികയായിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ജോലി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവർക്ക് ശമ്പള കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സെറിഫെഡ് എന്ന സ്ഥാപനം പ്രവർത്തനരഹിതമായതിന് ശേഷം ഉദുമ-മൈലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ 20-1-2016 വരെ പ്രവർത്തിച്ചിരുന്നു. സെറിഫെഡ് പുനഃസ്ഥാപിച്ചപ്പോൾ ടി സ്ഥാപനം സെറിഫെഡിന് കൈമാറിയിട്ടുണ്ട്. ഖാദി ബോർഡ് 31-3-2016 വരെയുള്ള വേതനം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഇതേവരെയുള്ള ഉത്സവബത്തയും തൊഴിലാളികൾക്ക് ഖാദി ബോർഡ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തൊഴിലാളികൾ സെറിഫെഡിന് കീഴിലായതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെറിഫെഡിന് നിർദ്ദേശം നൽകുന്നതാണ്.

## തുണിമില്ല് വ്യവസായം നേരിടുന്ന പ്രതിസന്ധി

153 (5413) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ.എം. നൗഷാദ്:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.പി.എ. സർക്കാർ ആസിയാൻ കരാർ ഒപ്പുവച്ചതിനെത്തുടർന്ന് തീരുവയില്ലാതെ നൂല്, വസ്ത്രം തുടങ്ങിയവ രാജ്യത്ത് ഇറക്കുമതി ചെയ്യുന്നതുമൂലം സംസ്ഥാനത്തെ തുണിമില്ലുകളുടെ പ്രവർത്തനത്തിലുണ്ടായ പ്രതിസന്ധിയും പ്രസ്തുത മേഖലയിലുണ്ടായ പ്രത്യാഘാതങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന തുണിമില്ലുകളെക്കുറിച്ചും അവയുടെ നിലവിലെ അവസ്ഥയെക്കുറിച്ചും വിശദമാക്കാമോ;

(സി) തുണിമില്ല് തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും പുനരധിവാസവും ഉറപ്പാക്കുന്നതിനായി സർക്കാർ നടത്തിവരുന്ന ഇടപെടൽ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) തുണിമില്ലുകൾ കാലാനുസൃതമായി നവീകരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശാക്തീകരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. രാജ്യത്ത് നൂല് ഇറക്കുമതി ചെയ്യുന്നതുമൂലം നൂലിന് മാർക്കറ്റിൽ വിലയിടിവ് ഉണ്ടായിട്ടുണ്ട്. കൂടാതെ ഡിമോണിറ്റൈസേഷൻ, ജി.എസ്.ടി. രൂപീകരണം എന്നിവ മാർക്കറ്റിൽ ഉണ്ടാക്കിയ പ്രതിസന്ധി കാരണം സംസ്ഥാനത്തെ മില്ലുകളിൽ നഷ്ടം സംഭവിക്കുകയും ആയത് മില്ലുകളുടെ പ്രവർത്തനത്തെയും തൊഴിലാളികളുടെ കൂലിയുൾപ്പെടെയുള്ള വേതന വ്യവസ്ഥകളെയും ബാധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പൊതു-സഹകരണ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ സ്പിന്നിംഗ് മില്ലുകളും വൻ നഷ്ടത്തിലാണ് പ്രവർത്തിചുകൊണ്ടിരിക്കുന്നത്.

ടെക്സ് ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 8 സഹകരണ സ്പിന്നിംഗ് മില്ലുകൾ താഴെ പറയുന്നവയാണ്:

1. കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ
2. ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ
3. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ
4. കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ
5. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ
6. മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്
7. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ
8. കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന മില്ലുകൾ താഴെ പറയുന്നവയാണ്:

<u>സ്പിന്നിംഗ് മില്ലുകൾ</u>

1. പ്രഭുറാം മിൽസ്
2. കോട്ടയം ടെക്സ്റ്റൈൽസ്
3. എടരിക്കോട് ടെക്സ്റ്റൈൽസ്
4. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്
5. ഉദുമ ടെക്സ്റ്റൈൽ മിൽ

<u>വീവിംഗ് മിൽ</u>

1. ഹൈടെക് വീവിംഗ് മിൽ, പിണറായി

<u>കോമ്പോസിറ്റ് മിൽ</u> (സ്പിന്നിംഗ് ആന്റ് വീവിംഗ്)

1. കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ

കൂടാതെ പൊതുമേഖലയിൽ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, ബാലരാമപുരം, സീതാറാം ടെക്സ്റ്റൈൽസ്, തൃശ്ശൂർ എന്നീ മില്ലുകളെല്ലാം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മില്ലുകളിൽ അവശ്യം വേണ്ട പുനരുദ്ധാരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

മില്ലുകൾ നേരിടുന്ന പൊതു അവസ്ഥകളിൽ പ്രധാനമായും മെഷീനറികളുടെ കാലപ്പഴക്കം, അസംസ്കൃത വസ്തുക്കളിന്മേലുള്ള വിലക്കയറ്റം, ഉല്പന്നങ്ങളുടെ വിലക്കുറവ്, യഥാസമയത്ത് പരുത്തി ലഭിക്കാത്തത്, കുറഞ്ഞ ഉല്പാദന ക്ഷമത, തൊഴിലാളികളുടെ ഉയർന്ന ആബ്സന്റീസം, പ്രവർത്തന മൂലധനത്തിലെ ശോഷണം, വർദ്ധിച്ച ബാധ്യത, കുറഞ്ഞ കൂലി എന്നിവയാണ്.

ഇവ പരിഹരിക്കുന്നതിന് സർക്കാർ ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

(സി) സംസ്ഥാനത്തെ പൊതുമേഖലയിലേയും സഹകരണ മേഖലയിലേയും സ്പിന്നിംഗ് മില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും മില്ലുകളുടെ പുനരുദ്ധാരണത്തിനുമായി 7 പേരടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. 18-1-2017-ൽ രൂപീകരിക്കപ്പെട്ട പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ-പൊതുമേഖലാ സ്പിന്നിംഗ് മില്ലുകൾ തുടർച്ചയായി പ്രവർത്തിക്കുന്നതിനായി സർക്കാർ ധനസഹായം നൽകിവരുകയും മില്ലുകളുടെ പ്രവർത്തനം ക്രമമായി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ ചില മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ പൂർത്തിയായി വരുന്നു. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടുകൂടി മില്ലുകളിലെ യൂട്ടിലൈസേഷൻ ഉയരുകയും ആനുപാതികമായി ഉൽപ്പാദനം വർദ്ധിക്കുകയും മില്ലുകളിലെ നഷ്ട കുറയുകയും ചെയ്യുന്നതാണ്. തത്ഫലമായി മില്ലുകൾ തടസ്സമില്ലാതെ പ്രവർത്തിച്ച് തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ സാധിക്കുന്നതുമാണ്. കൂടാതെ തൊഴിലാളികളുടെ കൂലി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ദീർഘകാലകരാർ (LTA) ചർച്ച നടന്നുവരികയാണ്. ആവശ്യത്തിന് തൊഴിലാളികളെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്പിന്നിംഗ് മില്ലുകൾ കോട്ടൺ ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ പൊതുവായി വാങ്ങിക്കുന്നതിന് സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി (സി.സി.പി.സി.) പുനഃരുജ്ജീവിപ്പിച്ച് പ്രവർത്തിച്ചുവരുന്നു. ഈ കമ്മിറ്റി യഥാസമയം ചേർന്ന് സർക്കാർ നൽകി വരുന്ന ധനസഹായമുൾപ്പെടെ ഉപയോഗപ്പെടുത്തി ന്യായമായ വിലയ്ക്ക് പരുത്തി വാങ്ങി വിതരണം ചെയ്തുവരുന്നു.

(ഡി) തുണിമില്ലുകൾ കാലാനുസൃതമായി നവീകരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശാക്തീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

മില്ലുകളുടെ ആധുനികവൽക്കരണത്തിനായി സർക്കാർ 2019-20 സാമ്പത്തികവർഷത്തിൽ 86 കോടി രൂപയോളം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## പട്ടുവസ്ത്ര ഉല്പാദനത്തിനായി സെറിഫെഡ് പദ്ധതി

154 (5414) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടുവസ്ത്ര ഉല്പാദനത്തിനായി സെറിഫെഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതി എന്ന് ലഭിച്ചു; കേന്ദ്ര, സംസ്ഥാന മുതൽമുടക്ക് എത്ര ശതമാനം വീതമാണ്എന്ന് വെളിപ്പെടുത്താമോ;

(സി) കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് ലഭിച്ചുവെന്നറിയിക്കുമോ;

(ഡി) സംസ്ഥാന വിഹിതം ലഭിക്കാൻ കോടതി ഇടപെടൽ വേണ്ടിവരാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) 5-8-2015-ലെ G.O.(Ms)No.109/15/ID പ്രകാരം സംസ്ഥാന സർക്കാർ സെറിഫെഡിന് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ കേന്ദ്ര സംസ്ഥാന വിഹിതം 80:20 എന്ന തോതിലാണ്. സെറിഫെഡ് വ്യവസ്ഥകൾ പാലിക്കാത്തതുകൊണ്ട് 7-1-2017-ലെ G.O.(Rt)No.25/17/ID പ്രകാരം പ്രസ്തുത പ്രൊപ്പോസൽ സർക്കാർ നിരസിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല.

(ഡി) സംസ്ഥാന വിഹിതം നൽകിയിട്ടില്ല. കോടതി ഇടപെടൽ പരിശോധിച്ചുവരുന്നു.

## ഖാദി ബോർഡിന്റെ തേൻ സംഭരണം

155 (5415) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന തേൻ സംഭരണ ഏജൻസിയായ ഖാദി ബോർഡ്, തേൻ സംഭരിക്കാത്തതിനെത്തുടർന്ന് വിപണി കണ്ടെത്താനാകാതെ തേനീച്ച കർഷകർ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഖാദി ബോർഡിന്റെ തേൻ സംഭരണ കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ;

(സി) കർഷകരുമായി ചർച്ച ചെയ്ത് തേൻ വില നിശ്ചയിക്കാനും സംഭരണം ഉറപ്പാക്കാനും ആവശ്യമായ നിർദ്ദേശം ബോർഡിന് നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിലുള്ള തേൻ സംസ്കരണ യൂണിറ്റുകളിൽ തേനീച്ച കർഷകരിൽനിന്നും തേൻ സംഭരിക്കുന്നില്ല എന്നത് വസ്തുതാപരമായി ശരിയല്ല. സാധ്യതയുള്ള മുഴുവൻ ജില്ലകളിൽനിന്നും തേൻ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും പുതിയ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുമുണ്ട്.

(ബി) തിരുവനന്തപുരം, പത്തനംതിട്ട ഇലന്തൂർ, എറണാകുളം നേര്യമംഗലം, പാലക്കാട് കളപ്പട്ടി, മലപ്പുറം നിലമ്പൂർ, കോഴിക്കോട് ബാലുശ്ശേരി എന്നിവിടങ്ങളിൽ.

(സി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിലവിൽ തേൻ വില നിശ്ചയിക്കുന്നത് ബോർഡ് തലത്തിൽ സ്ഥാപനങ്ങളുടേയും തേൻ ഉല്പാദന സംഘങ്ങളുടേയും പ്രതിനിധികളടങ്ങുന്ന യോഗത്തിലാണ്. 26-3-2018-ന് ചേർന്ന യോഗത്തിൽ തീരുമാനിച്ച വിലയാണ് നിലവിലുള്ളത്.

**കഞ്ഞിക്കുഴി ഖാദി നെയ്ത്ത് കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ**

156 (5416) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഖാദി നെയ്ത്ത് കേന്ദ്രത്തിൽ നിലവിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്യുന്നത്;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് കുടിവെള്ളം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ തൊഴിലാളികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഞ്ഞിക്കുഴി ഖാദി നെയ്ത്ത് കേന്ദ്രത്തിൽ നിലവിൽ 10 തൊഴിലാളികൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബഡ്ജറ്റിൽ പുതിയ വർക്ക്ഷെഡ് നിർമ്മിക്കുന്നതിനായി 24 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

## പ്രാദേശിക സ്പോർട്സ് ക്ലബ്ബുകൾക്ക് പരിപോഷണം

157 (5417) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിലെ കായിക മികവ് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; അതിലെ ഗുണഭോക്താക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്കൂൾ വിദ്യാർത്ഥികളായ കായികതാരങ്ങൾക്ക് പരിശീലനം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് കായിക വകുപ്പിന് കീഴിൽ സ്വീകരിച്ച വരുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രാദേശികമായി പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾക്ക് പരിപോഷണം നൽകുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഗ്രാമീണ മേഖലയിൽ കായിക മികവ് വർദ്ധിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നിവയിലൂടെ ഗ്രാമീണ മേഖലയിലുള്ള തെരഞ്ഞെടുത്ത കായികതാരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ജില്ലാ കോച്ചിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകിവരുന്നുണ്ട്. ജി. വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലൂടെ സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെട്ട കായിക വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകിവരുന്നു.

നഗര/ഗ്രാമീണ മേഖലകളിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്:

<u>പ്ലേ ഫോർ ഹെൽത്ത്</u>

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

<u>സ്പ്ലാഷ്</u>

10 വയസ്സ് മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തലിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. പരിശീലന സമയത്ത് പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദ്ദേശീയ തലത്തിലുള്ള താരങ്ങളാക്കുന്നതിനുള്ള പരിശീലനം നൽകി അവരെ ഉയർന്ന നിലവാരത്തിലുള്ള നീന്തൽ താരങ്ങളാക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണിത്.

<u>എയ്സ്</u>

ടെന്നീസ് കളിയിൽ തൽപ്പരരായ കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന പരിശീലന പരിപാടിയാണ് ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE).

ഇതുകൂടാതെ, തെരഞ്ഞെടുക്കപ്പെട്ട 11 കായിക ഇനങ്ങളിൽ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള കായികതാരങ്ങളെ അന്തർദ്ദേശീയ മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നതിനായി ആവിഷ്കരിച്ച പ്രത്യേക പരിശീലന പദ്ധതിയായ 'ഓപ്പറേഷൻ ഒളിമ്പ്യ' നടപ്പാക്കിവരുന്നു.

(സി) സ്കൂളുകൾ, ക്ലബ്ബുകൾ മുതലായ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്.

## കായികക്ഷമത വർദ്ധിപ്പിക്കാൻ നടപടി

158 (5418) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതനിലവാരത്തിലും ജീവിതസൗകര്യങ്ങളിലും ഉണ്ടായ ഉയർച്ചയുടെ ഭാഗമായി ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതീയുവാക്കളിലും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതീയുവാക്കളിലും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട്, കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതിയാണ് 'കായികക്ഷമത മിഷൻ'.

ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിയ്ക്കുന്നതാണ്.

- നഴ്സറി മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ
- 8-ാം ക്ലാസ്സ് മുതൽ പ്ലസ് ടൂ വരെയുള്ള വിദ്യാർത്ഥികൾ
- യൂണിവേഴ്സിറ്റി തലം
- യുവജനങ്ങൾ മുതൽ മുതിർന്ന പൗരൻമാർ വരെ

ഇതിൽ യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ വിഭാവനം ചെയ്യുന്നതിനുള്ള അവസാനഘട്ട ചർച്ചകൾ നടന്നുവരുന്നു. ബാക്കി വിഭാഗങ്ങൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ അതാത് തലങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് തീരുമാനിച്ചു കഴിഞ്ഞു.

വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായസഹകരണത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

കൂടാതെ ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനുതകുന്ന രീതിയിൽ ചിട്ടയായ വ്യായാമം ഉൾപ്പെടെ ഉൾക്കൊള്ളുന്ന ആരോഗ്യകരമായ ജീവിതശൈലി ജനങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമായ രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്പോർട്സ് പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## കായികരംഗത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

159 (5419) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായികരംഗത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരിഷ്കാരങ്ങളിലൂടെ എന്തൊക്കെ സേവനങ്ങൾ കായിക താരങ്ങൾക്ക് ലഭ്യമാക്കി എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കായിക രംഗത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

<u>കിഫ്ബി</u>

2016-17, 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കായികാടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 57 സ്റ്റേഡിയങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ 41 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ സാങ്കേതികാനുമതി ലഭിച്ച സ്റ്റേഡിയങ്ങളിൽ 27 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 20 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണത്തോടെ എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങൾക്ക് കേരളം സജ്ജമാവുകയും ചെയ്യുന്നതാണ്.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പ്ലേ ഫോർ ഹെൽത്ത്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായികവിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

സ്പ്ലാഷ് & എയ്സ്

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

കളിത്തട്ട്

കേരളത്തിന്റെ തനത് കായികവിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്.

ട്രിവാൻഡ്രം മാരത്തോൺ

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ.

ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ

കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉൽപ്പന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി 'ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ കേരള 2018' സംഘടിപ്പിക്കുകയുണ്ടായി.

ഷൂട്ടിംഗ് അക്കാഡമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള അന്തർദ്ദേശീയ നിലവാരത്തിലുള്ള ഷൂട്ടിംഗ് റേഞ്ചിൽ 30 കോടിയോളം രൂപ ചെലവിൽ ഷൂട്ടിംഗ് അക്കാഡമി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അക്കാഡമിയിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനും ദേശീയ-അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യമുണ്ട്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ

ജീവിതശൈലീ രോഗങ്ങളിൽനിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

ജി.വി. രാജാ സ്പോർട്സ് സ്കൂൾ & കണ്ണൂർ സ്പോർട്സ് ഡിവിഷൻ

കായിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗ്

സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യം വികസനം മികവുറ്റ രീതിയിൽ നടപ്പാക്കുന്നതിനായി രൂപീകരിക്കപ്പെട്ടതാണ് കായിക എഞ്ചിനീയറിംഗ് വിഭാഗം. പ്രതിവർഷം 50 കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് കായിക എഞ്ചിനീയറിംഗ് വിഭാഗം ചെയ്തുവരുന്നത്.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കായാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ'.

നിലവിൽ റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കാളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കൂടാതെ പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ മികച്ച കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ വിവിധ കായിക ഇനങ്ങളിലായി 14 മുതൽ 19 വയസ്സ് വരെ പ്രായപരിധിയിലുള്ള 11 കായികതാരങ്ങൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമിൽ ഇടം നേടിയ കേരള താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാന ഘട്ടത്തിലാണ്.

കായികമികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈഭൻ. ഇ. ബി.യ്ക്ക് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിൽ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ

ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കായിക വികസന നിധിയിൽ നിന്നും കായികതാരങ്ങൾക്ക് അർഹതയനുസരിച്ച് ധനസഹായം അനുവദിക്കുന്നുണ്ട്.

**കിക്കോഫ് പദ്ധതി നടപ്പിലാക്കുന്ന കേന്ദ്രങ്ങൾ**

160 (5420) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിക്കോഫ് പദ്ധതി നടപ്പിലാക്കുന്നത് എത്ര കേന്ദ്രങ്ങളിലാണെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) മാവൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ഈ പദ്ധതി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കിക്കോഫ് പദ്ധതി സംസ്ഥാനത്തെ 20 സ്കൂളുകളിലാണ് നടപ്പിലാക്കുന്നത്. ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) പരിശോധിച്ചുവരുന്നു.

**ഓപ്പറേഷൻ ഒളിമ്പ്യ**

161 (5421) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് എത്ര കായികതാരങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഏതൊക്കെ കായിക ഇനങ്ങളിൽ ഏതൊക്കെ സ്ഥലങ്ങളിൽ കായിക പരിശീലനം നടത്തുന്നുണ്ടെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ'. ഇന്ത്യയിലേയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണിത്.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത കായികതാരങ്ങളുടെ എണ്ണവും സ്ഥലവും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

**അഡ്വഞ്ചർ സ്പോർട്സ് പദ്ധതികൾ**

162 (5422) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ സ്പോർട്സ് പദ്ധതികൾ പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ അഡ്വഞ്ചർ സ്പോർട്സ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി പരിഗണിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ദേശീയ സാഹസിക അക്കാഡമികൾ വഴി ട്രെക്കിംഗ്, അഡ്വഞ്ചർ കാർണിവൽ തുടങ്ങി യുവാക്കളിൽ സാഹസികത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സാഹസിക പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചു വരുന്നുണ്ട്.

2010-14 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള ഒഴിവുകളിലേക്ക് അപേക്ഷിക്കാൻ അഡ്വഞ്ചർ സ്പോർട്സ് ഇനമായ മൗണ്ടനീയറിംഗ് ഉൾപ്പെടുത്തി 25-10-2017-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ബാധകമല്ല.

**സ്കൂൾ മൈതാന നവീകരണത്തിനുള്ള നടപടി**

163 (5423) <u>ശ്രീ .വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമപ്രദേശങ്ങളിലെ സ്കൂൾ കുട്ടികളുടെ കായിക മികവ് പരിപോഷിപ്പിക്കുന്നതിനായി സ്കൂളുകളിലെ മൈതാനങ്ങൾ നവീകരിക്കുന്നതിന് കായിക വകുപ്പ് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

ഗ്രാമ പ്രദേശങ്ങളിലെ സ്കൂൾ കുട്ടികളുടെ കായിക മികവ് പരിപോഷിപ്പിക്കുന്നതിനായി സ്കൂളുകളിലെ മൈതാനങ്ങൾ നവീകരിക്കുന്നതിന് ഈ വകുപ്പിൽ പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ കിഫ്ബി ധനസഹായത്തിലും കായിക വകുപ്പിന്റെ പദ്ധതി ചെലവിലും നടപ്പാക്കി വരുന്ന കായികാടിസ്ഥാന വികസന പ്രവൃത്തികളിൽ സംസ്ഥാനത്തെ വിവിധ സ്കൂൾ ഗ്രൗണ്ടുകളുടെ നവീകരണവും ഉൾപ്പെടുന്നുണ്ട്. സ്കൂൾ മൈതാനങ്ങൾ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ നഴ്സറി തലം മുതൽ മുതിർന്ന പൗരന്മാർ വരെയുള്ള കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനായി കായിക ക്ഷമത മിഷൻ എന്ന പദ്ധതിയും ആവിഷ്കരിച്ചുവരുന്നു.

## തിരുവനന്തപുരം ജില്ലയിലെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

164 (5424) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ പരിശീലനം നടത്തുന്ന കായികതാരങ്ങൾക്ക് ലഭ്യമാക്കുന്ന ആഹാരം, പരിശീലനം, താമസം എന്നിവ സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കായികതാരങ്ങൾക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ എല്ലാം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കായികതാരങ്ങളെ തെരഞ്ഞെടുത്തതിനുശേഷം അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഓപ്പറേഷൻ ഒളിമ്പ്യയിൽ പരിശീലനം നടത്തുന്ന വിദ്യാർത്ഥികളായ കായികതാരങ്ങൾക്ക് നിബന്ധനകളിൽ ഇളവുവരുത്തി സ്കൂളുകളിലും കോളേജുകളിലും അനുയോജ്യമായ കോഴ്സുകൾ പഠിക്കുന്നതിനുവേണ്ട അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) ഓപ്പറേഷൻ ഒളിമ്പ്യയിൽ പരിശീലനം നടത്തുന്ന കായികതാരങ്ങളുടെ മാതാപിതാക്കളുടെ/രക്ഷകർത്താക്കളുടെ യോഗം എത്ര പ്രാവശ്യം വിളിച്ചിട്ടുണ്ട്; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ബോക്സിംഗ്, റസ്‌ലിംഗ് എന്നീ ഇനങ്ങളിലെ കായികതാരങ്ങളുടെ പരിശീലനം, താമസം, ഭക്ഷണം എന്നിവ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലും സ്വിമ്മിംഗിന്റെ പരിശീലനം, താമസം, ഭക്ഷണം എന്നിവ പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിലുമാണ് ഒരുക്കിയിരിക്കുന്നത്. സൈക്ലിംഗ് പരിശീലനം എൽ.എൻ.സി.പി.-യിലും താമസം, ഭക്ഷണം എന്നിവ ചെമ്പഴന്തി എസ്.എൻ. കോളേജിലുമാണ് നൽകിയിട്ടുള്ളത്.

(ബി) നിലവിൽ ബോക്സിംഗ്, റസ്‌ലിംഗ്, സ്വിമ്മിംഗ്, സൈക്ലിംഗ് എന്നീ കായികയിനങ്ങൾക്ക് പരിശീലകർ നിർദ്ദേശിച്ച പ്രകാരമുള്ള കായിക

ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കായികയിനം | ഉപകരണങ്ങൾ |
|---|---|---|
| 1 | ബോക്സിംഗ് | പഞ്ചിംഗ് ബാഗ്, ഗ്ലൗസ്, റിംഗ് |
| 2 | റസ്‌ലിംഗ് | മാറ്റ്, ക്രഷ് മാറ്റ്, ക്ലൈമ്പിംഗ് റോപ്പ്, വെറൈറ്റി റോപ്പ് |
| 3 | സ്വിമ്മിംഗ് | അന്താരാഷ്ട്ര നിലവാരമുള്ള പൂളും മറ്റു പരിശീലന സാമഗ്രികളും |
| 4 | സൈക്ലിംഗ് | ആദ്യ ഘട്ടത്തിൽ എല്ലാ താരങ്ങൾക്കും പൊതുവായ സൈക്കിളും വിദഗ്ധ പരിശീലനത്തിന് വ്യക്തിഗത ഇനം തിരിച്ചുള്ള പ്രത്യേക സൈക്കിളുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. |

(സി) ആദ്യ ഘട്ടത്തിൽ എല്ലാ കായിക ഇനങ്ങളിലെയും കായികതാരങ്ങൾക്ക് ലഭ്യമായ താൽക്കാലിക സൗകര്യങ്ങൾ നൽകിയിട്ടുണ്ട്. നിലവിൽ ബോക്സിംഗ്, റസ്‌ലിംഗ്, കായികതാരങ്ങൾക്ക് സ്ഥിരമായ താമസം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ഹോസ്റ്റലിലും സ്വിമ്മിംഗ് കായിക താരങ്ങൾക്ക് പിരപ്പൻകോട് നീന്തൽ സമുച്ചയത്തിലെ ഹോസ്റ്റലും സൈക്ലിംഗ് കായികതാരങ്ങൾക്ക് താമസം സൗകര്യം ചെമ്പഴന്തി എസ്.എൻ. കോളേജിന്റെ ഹോസ്റ്റലിലുമാണ് ഒരുക്കിയിരിക്കുന്നത്.

(ഡി) സ്കൂൾ, കോളേജ് തലത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ അഡ്മിഷൻ നടത്തേണ്ടുന്ന അതാത് ദിവസങ്ങളിൽ തന്നെ അഡ്മിഷൻ നടത്തുകയും അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾക്ക് സ്പെഷ്യൽ ഓർഡർ സംവിധാനങ്ങളിലൂടെ അഡ്മിഷന് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഇ) തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ യോഗം ചേർന്നിട്ടുണ്ട്. രക്ഷകർത്താക്കളും കൗൺസിലും ചേർന്നുള്ള എഗ്രിമെന്റിൽ ഏർപ്പെടുന്നതിന്റെ വ്യവസ്ഥകൾ ബോദ്ധ്യപ്പെടുത്തുന്നതിനായിട്ടാണ് യോഗം ചേർന്നിട്ടുള്ളത്. യോഗത്തിന്റെ മിനിട്സ് ലഭ്യമല്ല.

## തായ്കൊണ്ടോ അസോസിയേഷൻ ഓഫ് കേരളയ്ക്ക് സ്പോർട്സ് കൗൺസിൽ അംഗീകാരം

165 (5425) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കായിക നിയമം അനുസരിച്ച് ഒരു കായിക അസോസിയേഷന് അഫിലിയേഷൻ നൽകുന്നത് കേന്ദ്ര കായിക മന്ത്രാലയത്തിന്റെയും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലാണോയെന്ന് വ്യക്തമാക്കാമോ;

(ബി) തായ്കൊണ്ടോ അസോസിയേഷൻ ഓഫ് കേരളയ്ക്ക് സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) തായ്കൊണ്ടോ എന്ന കായിക ഇനത്തിന് കേന്ദ്ര കായിക മന്ത്രാലയത്തിന്റെയോ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെയോ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ എപ്രകാരമാണ് ഇതിന് അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-ലെ സ്പോർട്സ് ആക്ട്, സെക്ഷൻ 31- ലെയും 2008-ലെ കേരള സ്പോർട്സ് റൂൾ 55, 56 -ലെയും നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചാണ് സംസ്ഥാന കായിക അസോസിയേഷനുകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകുന്നത്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ഒരു കായിക അസോസിയേഷന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകണമെങ്കിൽ പ്രസ്തുത സംഘടന ഭാരത സർക്കാരിന്റെ യുവജനകാര്യവും സ്പോർട്സ് മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ദേശീയ സ്പോർട്സ് ഫെഡറേഷനോടോ, അസോസിയേഷനോടോ ബോർഡിനോടോ അഫിലിയേറ്റ് ചെയ്തിരിക്കണം അല്ലെങ്കിൽ അന്തർദ്ദേശീയ സ്പോർട്സ് ഫെഡറേഷന്റെയും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെയും അംഗീകാരം ഉള്ളതോ ആയ ദേശീയ സ്പോർട്സ് ഫെഡറേഷനോടോ ബോർഡിനോടോ അഫിലിയേറ്റ് ചെയ്തിരിക്കണം.

(ബി) ഉണ്ട്.

(സി) തായ്കൊണ്ടോ അസോസിയേഷൻ ഓഫ് കേരളയ്ക്ക് 2000-ലെ സ്പോർട്സ് ആക്ട്, സെക്ഷൻ 31-ലെയും 2008-ലെ കേരള സ്പോർട്സ് റൂൾ 55, 56-ലെയും നിബന്ധനകളും വ്യവസ്ഥകളും പാലിച്ചാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ളത്.

**സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ**

166 (5426) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ 2018-19-ൽ അംഗീകാരം നൽകിയിട്ടുള്ള കായിക അസോസിയേഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കായിക അസോസിയേഷനുകളുടെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേരുവിവരങ്ങൾ വിശദമാക്കാമോ;

(സി) നിലവിൽ അംഗീകാരം നൽകാത്ത കായിക അസോസിയേഷനുകൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്റ്റേറ്റ് റഗ്ബി അസോസിയേഷൻ, കേരള റോൾ ബോൾ അസോസിയേഷൻ

(ബി) <u>സ്റ്റേറ്റ് റഗ്ബി അസോസിയേഷൻ</u>

പ്രസിഡന്റ് - ശ്രീ. ഡി. മഹേഷ് കുമാർ

സെക്രട്ടറി - ശ്രീ. ആർ. ജയകൃഷ്ണൻ

ട്രഷറർ - ശ്രീ. സലിം. കെ. ഇടശ്ശേരി

കേരള റോൾ ബോൾ അസോസിയേഷൻ ഭാരവാഹികളെ തെരഞ്ഞെടുത്തിട്ടില്ല.

(സി) 2000-ലെ കേരള സ്പോർട്സ് ആക്ട് സെക്ഷൻ 31 (1 എ) Clause (ix) അനുസരിച്ച് സംസ്ഥാനതലത്തിൽ ഒരു സ്പോർട്സ് ഇനത്തിന് ഒരു സംഘടന മാത്രമേ ഉണ്ടാകാവൂ എന്നാണ് നിയമം അനുശാസിക്കുന്നത്. ഇപ്രകാരം നിലവിൽ 43 കായിക ഇനങ്ങളിൽ സംസ്ഥാന കായിക അസോസിയേഷനുകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കായികരംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ

167 (5427) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഒളിമ്പിക്സ് ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ഏതെങ്കിലും കായിക ഇനത്തിന് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായികരംഗത്ത് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ'.

നിലവിൽ റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും, ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കായികരംഗത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു:

കിഫ്ബി

2016-17, 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കായികാടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 57 സ്റ്റേഡിയങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ

41 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ സാങ്കേതികാനുമതി ലഭിച്ച സ്റ്റേഡിയങ്ങളിൽ 27 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 20 സ്റ്റേഡിയങ്ങളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണത്തോടെ എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങൾക്ക് കേരളം സജ്ജമാവുകയും ചെയ്യുന്നതാണ്.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻ ഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

<u>പ്ലേ ഫോർ ഹെൽത്ത്</u>

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

<u>സ്ലാഷ് & എയ്സ്</u>

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

കളിത്തട്ട്

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്.

ട്രിവാൻഡ്രം മാരത്തോൺ

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ.

ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ

കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉൽപ്പന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി 'ഇന്റർ നാഷണൽ സ്പോർട്സ് എക്സ്പോ കേരള 2018' സംഘടിപ്പിക്കുകയുണ്ടായി.

ഷൂട്ടിംഗ് അക്കാഡമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള അന്തർദ്ദേശീയ നിലവാരത്തിലുള്ള ഷൂട്ടിംഗ് റേഞ്ചിൽ ഷൂട്ടിംഗ് അക്കാഡമി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അക്കാഡമിയിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനും ദേശീയ-അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യമുണ്ട്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ

ജീവിതശൈലീ രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

ജി.വി. രാജാ സ്പോർട്സ് സ്കൂൾ & കണ്ണൂർ സ്പോർട്സ് ഡിവിഷൻ

കായിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗ്

സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യ വികസനം മികവുറ്റ രീതിയിൽ നടപ്പാക്കുന്നതിനായി രൂപീകരിക്കപ്പെട്ടതാണ് കായിക എഞ്ചിനീയറിംഗ് വിഭാഗം. പ്രതിവർഷം 50 കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് കായിക എഞ്ചിനീയറിംഗ് വിഭാഗം ചെയ്തുവരുന്നത്.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ'.

നിലവിൽ റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കൂടാതെ പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

കൂടാതെ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ മികച്ച കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ വിവിധ കായിക ഇനങ്ങളിലായി 14 മുതൽ 19 വയസ്സുവരെ പ്രായപരിധിയിലുള്ള 11 കായികതാരങ്ങൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമിൽ ഇടം നേടിയ കേരള താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിൽ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാന ഘട്ടത്തിലാണ്.

കായികമികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ. ഇ. ബി.യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിൽ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## സ്പോർട്സ് ഹോസ്റ്റലുകൾ

168 (5428) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ഹോസ്റ്റലുകളിൽ മെസ് നടത്തുന്നതിന് സ്പോർട്സ് കൗൺസിൽ മുഖേന തുക അനുവദിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; ഓരോ വിദ്യാർത്ഥിക്കും പ്രതിദിനം എത്ര രൂപ നിരക്കിലാണ് മെസ് ചെലവ് അനുവദിക്കുന്നത്; ഈ ഇനത്തിൽ സർക്കാരിന്റെ പ്രതിമാസ ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക അനുവദിക്കുന്നത് ഇപ്പോൾ കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് കുടിശ്ശിക ആയതെന്നും ഇതിന് കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) കരാർ ജീവനക്കാരെ നിയോഗിച്ച് ഭക്ഷണം തയ്യാറാക്കി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ട ചുമതല സീനിയർ കോച്ചുമാരിൽ നിക്ഷിപ്തമായിരിക്കെ, സർക്കാർ തുക അനുവദിച്ചില്ലെങ്കിലും മാനുഷിക പരിഗണനയിൽ സ്വന്തം നിലക്ക് വായ്പ വാങ്ങിയും മറ്റും ഇത്രയും കാലം ഹോസ്റ്റലുകൾ നടത്തിക്കൊണ്ടുപോയത് കാരണം കോച്ചുമാർ കടക്കെണിയിലായതും ഹോസ്റ്റലുകൾ അടച്ചുപൂട്ടലിന്റെ വക്കിലെത്തിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ മാസംതോറും അതാത് ജില്ലകളിലെ ഹോസ്റ്റൽ മെസ്സ് നടത്തിപ്പിലേക്ക് വേണ്ടിവരുന്ന തുക ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് ടി തുക ഓരോ ഹോസ്റ്റലിനും ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖാന്തിരമാണ് അനുവദിക്കുന്നത്. ഓരോ വിദ്യാർത്ഥിക്കും പ്രതിദിനം 200 രൂപ നിരക്കിലാണ് മെസ്സ് ചെലവ് അനുവദിക്കുന്നത്. ഈയിനത്തിൽ പ്രതിമാസം ഏകദേശം 1,80,00,000 രൂപ സർക്കാരിന് ചെലവ് വരുന്നുണ്ട്.

(ബി) നിലവിൽ കുടിശ്ശികയില്ല.

(സി) നിലവിൽ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നത്. സ്പോർട്സ് ഹോസ്റ്റലുകൾക്കുള്ള ധനസഹായം കൃത്യമായി അനുവദിക്കാറുണ്ട്.

## സ്പോർട്സ് ഹോസ്റ്റലുകളിൽ പ്രവർത്തിക്കുന്ന മെസ്സുകൾ

169 (5429) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളിൽ പ്രവർത്തിക്കുന്ന മെസ്സുകൾ അടച്ചുപൂട്ടുന്ന അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സ്പോർട്സ് ഹോസ്റ്റലുകളുടെ മെസ്സിന്റെ നടത്തിപ്പ് ചുമതല ഏത് ഏജൻസിക്കാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സ്പോർട്സ് ഹോസ്റ്റലുകളുടെ മെസ്സിന്റെ നടത്തിപ്പ് ചുമതല അതത് ജില്ലാ സ്പോർട്സ് കൗൺസിലുകൾക്കാണ് നൽകിയിട്ടുള്ളത്.

## എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്റ്റേഡിയം പദ്ധതി

170 (5430) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു ഗ്രാമീണ സ്റ്റേഡിയം എന്ന പദ്ധതി കായിക വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഉണ്ടെങ്കിൽ കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സ്റ്റേഡിയങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പുതിയ ഗ്രാമീണ സ്റ്റേഡിയങ്ങൾക്കായി പ്ലാനും എസ്റ്റിമേറ്റും സഹിതം അപേക്ഷ സമർപ്പിച്ചാൽ കായിക വകുപ്പിൽ നിന്നും അംഗീകാരം ലഭ്യമാകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ ഭാഗമായി 43 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായുള്ള നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്.

(ബി) നടുവണ്ണൂർ വോളീബോൾ അക്കാഡമി, പുല്ലൂരാംപാറ-തിരുവമ്പാടി സ്റ്റേഡിയം, മേപ്പയ്യൂർ സ്കൂൾ സ്റ്റേഡിയം, വടകര ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, ഫറൂഖ് ഗണപതി സ്കൂൾ എന്നിവയാണ് കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്ത് സ്റ്റേഡിയങ്ങൾ.

(സി) മുൻ ബജറ്റുകളിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ പ്രവർത്തനപഥത്തിൽ വന്നതിനുശേഷമേ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങൾ പരിഗണിക്കുവെന്ന് 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**ഭിന്നശേഷി കായികതാരം ശ്രീജിഷ്ണയ്ക്ക് ജോലി നൽകുന്നതിന് നടപടി**

171 (5431) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ തുടർച്ചയായി നാഷണൽ ഗെയിംസിലും 2015-ൽ തായ്‌വാനിൽ നടന്ന ഏഷ്യാ പസഫിക് സ്പെഷ്യൽ ഒളിമ്പിക്സിലും 2016-ൽ ബൾഗേറിയയിൽ നടന്ന വേൾഡ് ഡെഫ് ഒളിമ്പിക്സിലും പങ്കെടുത്ത് സ്വർണ്ണം ഉൾപ്പെടെയുള്ള നിരവധി മെഡലുകൾ കരസ്ഥമാക്കിയ തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിലെ പെരുവല്ലൂർ കളാശ്ശേരി വീട്ടിൽ ശ്രീജിഷ്ണ എന്ന ഭിന്നശേഷിയുള്ള കായികതാരത്തിന് സർക്കാരിൽ നിന്നും സ്പോർട്സ് കൗൺസിലിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ കായികതാരത്തിന് സർക്കാർ ജോലി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യം സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിൻമേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കുമാരി ശ്രീജിഷ്ണയുടെ കായിക നേട്ടങ്ങൾ പരിഗണിച്ച് കായിക വികസന നിധിയിൽ നിന്നും ഒരു ലക്ഷം രൂപയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽ നിന്നു 10,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഭിന്നശേഷിയുള്ള കായികതാരങ്ങൾക്കായി പ്രത്യേക പദ്ധതിയൊന്നും നിലവിലില്ല. എന്നാൽ സർക്കാരിന്റെ സ്പോർട്സ് ക്വാട്ട പദ്ധതിയിൽ ഉൾപ്പെടുത്തി വർഷംതോറും 2 ഒഴിവുകൾ ഭിന്നശേഷിക്കാരായ കായികതാരങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

**സ്പോർട്സ് ക്വാട്ടയിൽ നേരിട്ട് നിയമനം**

172 (5432) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ടയിൽ എത്ര പേർക്ക് നേരിട്ട് നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകാൻ അപേക്ഷ സ്വീകരിച്ചതിന്മേൽ നിയമന നടപടികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഈ തരത്തിൽ എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമിൽ ഇടം നേടിയ കേരള താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

കായികമികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി. കെ.യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ. ഇ. ബി.യ്ക്ക് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിൽ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 1295 അപേക്ഷകൾ ലഭിക്കുകയുമുണ്ടായി. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച്, അസ്സൽ സർട്ടിഫിക്കറ്റ് പരിശോധന നടത്തിയ ശേഷം ആകെ 249 ഒഴിവുകളിൽ 248 ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി 409 ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത സെലക്ട് ലിസ്റ്റിന്മേൽ നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ടി സെലക്ട് ലിസ്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കായികതാരങ്ങൾക്ക് പ്രോത്സാഹനവും നിയമനവും

173 (5433) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികതാരങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് ഈ സർക്കാർ ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര കായികതാരങ്ങൾക്ക് ഏതെല്ലാം തസ്തികകളിൽ സ്ഥിരനിയമനം നൽകിയെന്ന് അറിയിക്കാമോ; ഇതിന്റെ പട്ടിക നൽകാമോ;

(സി) സർക്കാർ സർവ്വീസിൽ സ്ഥിരനിയമനം നൽകുന്നതിന് കായിക താരങ്ങളുടെ ലിസ്റ്റ്/വെയിറ്റിംഗ് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് സ്ഥിരനിയമനം ലഭിച്ച കായികതാരങ്ങളിൽ ആരെങ്കിലും ജോലിയിൽ നിന്ന് വിട്ടുതൽ ചെയ്ത് പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) രാജ്യാന്തര നിലവാരമുള്ള കായികതാരങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതി ആരംഭിച്ചിട്ടുണ്ട്.

നിലവിൽ റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ്, കൊല്ലത്തും, ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കാളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം എൽ.എൻ.സി.പി.-യിൽ അത്‌ലറ്റിക്സ്, തൃശ്ശൂർ ജില്ലയിൽ തൃപ്രയാർ വോളീബോൾ അക്കാഡമി, കണ്ണൂർ ജില്ലയിൽ ബാസ്കറ്റ്ബോൾ അക്കാഡമി എന്നിവ പ്രവർത്തിച്ചുവരുന്നു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കൂടാതെ പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ വിവിധ കായിക ഇനങ്ങളിലായി 14 മുതൽ 19 വയസ്സ് വരെ പ്രായപരിധിയിലുള്ള 11 കായികതാരങ്ങൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമിൽ ഇടം നേടിയ കേരള താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാന ഘട്ടത്തിലാണ്.

കായികമികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിംബിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ. ഇ. ബി.-യ്ക്ക് ഒരു പ്രത്യേക കേസായി

പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ കണ്ണൂർ ജില്ലാ കാര്യാലയത്തിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഒരു ക്ലാർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) നിലവിലുണ്ട്. സെലക്ട് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

(ഡി) ഇല്ല.

## മാവൂർ വില്ലേജിൽ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം

174 (5434) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് മാവൂർ വില്ലേജിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള 7.8 ഏക്കർ സ്ഥലം സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന് വിട്ടുനൽകാൻ പ്രസ്തുത വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് എന്ത് മറുപടിയാണ് നൽകിയിട്ടുള്ളത്;

(സി) അന്യാധീനപ്പെട്ടുകിടക്കുന്ന പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കോഴിക്കോട് ജില്ലയിൽ മാവൂർ റോഡിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഭൂമി സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിനായി കായികയുവജനകാര്യ വകുപ്പിന് വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഭാവിയിൽ നടക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾക്കായി സംരക്ഷിക്കേണ്ടതിനാൽ പൊതുമാരമാത്ത് വകുപ്പിനുകീഴിലുള്ള സ്ഥലങ്ങൾ മറ്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി വിട്ടുനൽകുവാൻ നിർവ്വാഹമില്ല എന്ന് പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കോതമംഗലം എം.എ. കോളേജിൽ ഖേലോ ഇന്ത്യ പദ്ധതി**

175 (5435) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖേലോ ഇന്ത്യ പദ്ധതിയുടെ കീഴിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കോതമംഗലം എം.എ. കോളേജ് സമർപ്പിച്ച അപേക്ഷയിൽ സീരിയൽ നമ്പർ 9 പ്രകാരം നൽകേണ്ട വിവരങ്ങളിൽ പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലത്തിന്റെ പൊസഷൻ കായിക വകുപ്പിന് കൈമാറണമെന്ന വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ;

(ബി) ഖേലോ ഇന്ത്യയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖകളിൽ ഇപ്രകാരം സ്ഥലത്തിന്റെ പൊസഷൻ കായിക വകുപ്പിന് കൈമാറണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; പ്രസ്തുത മാർഗ്ഗരേഖയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം എയ്ഡഡ് കോളേജുകളിലാണ് ഇതിനുമുൻപ് ഖേലോ ഇന്ത്യ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും ഇവിടെ ഈ പദ്ധതി നടപ്പാക്കിയപ്പോൾ ഇത്തരത്തിൽ സ്ഥലത്തിന്റെ പൊസഷൻ കായിക വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) ഖേലോ ഇന്ത്യ ബൈലോ പ്രകാരം കോളേജിനും സർക്കാരിനും ബന്ധപ്പെട്ട സ്ഥലം ഉപയോഗപ്പെടുത്തുന്നതിലേയ്ക്കായി ഒരു എം.ഒ.യു. തയ്യാറാക്കി പദ്ധതി നടപ്പിലാക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) നിരവധി ദേശീയ/അന്തർദ്ദേശീയ ഒളിമ്പ്യൻ താരങ്ങളെ സൃഷ്ടിച്ചിട്ടുള്ളതും സ്കൂൾ കായികമേളകളിൽ തുടർച്ചയായി മുന്നിലെത്തുന്നതുമായ കോതമംഗലത്തെ സ്കൂളുകൾക്കുൾപ്പെടെ നിലവാരമുള്ള പരിശീലനം ഒരുക്കുന്നതിന് സഹായകരമാകും വിധം കോതമംഗലം എം.എ കോളേജിൽ, കോളേജും സർക്കാരും തമ്മിൽ ധാരണാ പത്രം (എം.ഒ.യു.) തയ്യാറാക്കി ഒപ്പുവച്ച്, ഖേലോ ഇന്ത്യ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഖേലോ ഇന്ത്യ പദ്ധതിയുടെ കീഴിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് കോതമംഗലം എം.എ. കോളേജ് സമർപ്പിച്ച അപേക്ഷയിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആവശ്യമായ

തിരുത്തലുകൾ വരുത്തി സമർപ്പിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷയിൽ സീരിയൽ നമ്പർ 9-ന് നൽകേണ്ട വിവരങ്ങൾ വസ്തുതാപരമല്ലാത്തതിനാൽ ആയത് തിരുത്തി ലഭിക്കേണ്ടതുണ്ട്. ഖേലോ ഇന്ത്യ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 6.1.3 പ്രകാരം അർഹമായ സ്ഥാപനങ്ങൾ ബന്ധപ്പെട്ട സ്ഥലത്തിന്റെ പൊസഷൻ കായിക വകുപ്പിന് കൈമാറാൻ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല. ആയതിലെ ഖണ്ഡിക 7.2.4(vi), (vii) എന്നിവ പ്രകാരം 1) 'Certified that the land on which the project is proposed to be executed is readily available for commencement of work and is free from all encumbrances' എന്നും ഖണ്ഡിക 7.2.4 (vii) പ്രകാരം 2) 'We undertake that the cost of project over and above the grant admissible under Khelo India Scheme shall be borne by the College' എന്നും ഖണ്ഡിക 7.5 (xix) പ്രകാരം 3)'We undertake that the Memorandum of Understanding (MoU) prescribed in Annexure 7 of Khelo India Scheme shall be signed by the authorized signatory of the college and that of Sports Authority of India' എന്നും ഖണ്ഡിക 7.2.4 (vi), 7.5(xxi) എന്നിവ പ്രകാരം 4) 'We undertake that the sports facilities, once created, shall be allowed to the used by general public free of cost or on payment of a nominal fee' എന്നും ഖണ്ഡിക 7.2.4(ix),7.5(xx) എന്നിവ പ്രകാരം 5) 'We undertake that the maintenance of the assets created shall be looked after by the college at their expense' എന്നും സ്ഥാപന മേധാവി സാക്ഷ്യപത്രം സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖയുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

(സി) ആലുവ യു.സി. കോളേജിന്റെ പ്രൊപ്പോസൽ സംസ്ഥാന സർക്കാർ ശിപാർശ ചെയ്ത് കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. പദ്ധതി അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല. സ്ഥലത്തിന്റെ പൊസഷൻ കായിക വകുപ്പിന് കൈമാറിയിരുന്നില്ല.

(ഡി & ഇ) കേന്ദ്ര കായിക മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള 'Khelo India – Utilization and Creation/upgradation of sports infrastructure' പദ്ധതിയുടെ 'Operation Guidelines'പ്രകാരം സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും ഗുണഭോക്തൃ സ്ഥാപനവും തമ്മിലാണ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ധാരണാപത്രം ഒപ്പുവയ്ക്കേണ്ടത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചാലക്കുടി സേക്രട്ട് ഹാർട്ട് കോളേജിൽ ഇൻഡോർ സ്റ്റേഡിയം

176 (5436) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട സേക്രട്ട്ഹാർട്ട് കോളേജിൽ ഖേലോ ഇന്ത്യ പ്രോജക്ടിന്റെ ഭാഗമായി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുകൂലമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ചാലക്കുടി സേക്രട്ട് ഹാർട്ട് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഗ്രാന്റ് തോൺട്ടൺ ഇന്ത്യ എൽ.എൽ.പി. എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മാനന്തവാടി സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട്

177 (5437) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഗ്രൗണ്ട് നവീകരണത്തിന് എന്തെങ്കിലും പദ്ധതികൾ കായിക വകുപ്പ് ആവിഷ്കരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ & ബി) നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല.

## നിലമ്പൂർ മിനി സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക്

178 (5438) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സിൽ നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്ക് എട്ട് ലൈനുകളാക്കി നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; എത്ര ലൈനോട്ടുകൂടിയാണ് ട്രാക്ക് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാതലം മുതലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് എട്ട് ലൈൻ ട്രാക്കുകൾ വേണമെന്നിരിക്കെ, നിലമ്പൂർ മിനി സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് എട്ട് ലൈനായി നിർമ്മിക്കുന്നതിന് സ്പോർട്സ് ഡയറക്ടറേറ്റിനും നിർമ്മാണ ചുമതലയുള്ള കിറ്റ്കോ-ക്കും നിർദ്ദേശം നൽകുമോ;

(സി) മലപ്പുറം ജില്ലയിൽ നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്കോട്ടുകൂടിയ എത്ര സ്റ്റേഡിയങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സിൽ പണികഴിപ്പിച്ചു വരുന്ന നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്ക് എട്ട് ലൈനുകളാക്കി നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനം ലഭ്യമായിട്ടില്ല. നിലവിൽ 6 ലൈൻ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കാനാണ് പദ്ധതിയുള്ളത്. മലപ്പുറം ജില്ലയിലെ മഞ്ചേരി സ്റ്റേഡിയത്തിൽ 8 ലൈനോട്ടുകൂടിയുള്ള സിന്തറ്റിക് ട്രാക്ക് നിർമ്മാണ പുരോഗതിയിലാണ്.

(സി) മലപ്പുറം ജില്ലയിൽ 8 ട്രാക്കോട്ടുകൂടിയ 400 മീറ്റർ സിന്തറ്റിക് സ്റ്റേഡിയം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ തേഞ്ഞിപ്പലത്തും, കിഫ്ബി പദ്ധതിയുൾപ്പെടുത്തി മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള മഞ്ചേരിയിലെ ജില്ലാ സ്പോർട്സ് കോംപ്ലക്സ് സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്ന പദ്ധതി കായിക വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. 6 ട്രാക്കോട്ടുകൂടിയ 400 മീറ്റർ സിന്തറ്റിക് സ്റ്റേഡിയം തിരൂർ മുനിസിപ്പാലിറ്റിയുടെ കീഴിലുണ്ട്.

## പയ്യന്നൂരിൽ നീന്തൽക്കുളം

179 (5439) ശ്രീ. സി കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ നിയോജകമണ്ഡലങ്ങളിലും നീന്തൽക്കുളം നിർമ്മിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നീന്തൽക്കുളം നിർമ്മിക്കുവാൻ അനുയോജ്യമായ സ്ഥലം നൽകിയാൽ ഫണ്ട് അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രൊപ്പോസൽ ലഭ്യമാകുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കുളത്തൂരിൽ കിക്കോഫ് പദ്ധതി

180 (5440) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂരിൽ അനുവദിച്ച കിക്കോഫ് പദ്ധതിയിൽ കോച്ചിംഗ് ക്യാമ്പ് നടത്തുന്നതിന് പ്രതിമാസം അനുവദിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്ററിന്റെ സാമ്പത്തിക ഇടപാട് നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ കുട്ടിക്കും പ്രതിദിന ചെലവ് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; എത്ര കുട്ടികൾക്കാണ് തുക വിനിയോഗിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ജി.വി.എച്ച്.എസ്. സ്കൂളിൽ നടപ്പിലാക്കുന്ന കിക്കോഫ് പദ്ധതിയിൽ ഒരാഴ്ചയിൽ രണ്ട് ദിവസമാണ് പരിശീലനം നടത്തിവരുന്നത്. പരിശീലന ദിവസങ്ങളിൽ 540 രൂപ (20 രൂപ നിരക്കിൽ പരിശീലകർ ഉൾപ്പെടെ 27 പേർക്ക്) ലഘുഭക്ഷണം

നൽകുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായ സെപ്റ്റ് മുഖേന സ്കൂളുകൾക്ക് നൽകി വരുന്നുണ്ട്. പരിശീലനത്തിന് ആവശ്യമായ കായികോപകരണങ്ങളും വസ്ത്രങ്ങളും ഉൾപ്പെടെയുള്ള സാമഗ്രികൾ പദ്ധതിയുടെ ആരംഭത്തിൽ നേരിട്ട് പരിശീലന കേന്ദ്രങ്ങളിൽ എത്തിച്ചു നൽകിയിട്ടുണ്ട്. തുക ചെലവഴിക്കുന്നതിനുള്ള അധികാരം ഹെഡ്മാസ്റ്ററിൽ നിക്ഷിപ്തമാണ്. കുളത്തൂർ ജി.വി.എച്ച്.എസ്. സ്കൂളിലെ പ്രധാനദ്ധ്യാപകനെയാണ് സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

## കൊയിലാണ്ടിയിലെ സ്റ്റേഡിയം നവീകരണം

181 (5441) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിൽ സ്പോർട്ട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി സ്പോർട്ട്സ് കൗൺസിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ പദ്ധതിയാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. 1,69,00,000 രൂപയുടെ പദ്ധതിയിൽ സ്റ്റേഡിയത്തിന്റെ മുൻവശത്തിന്റെ എലിവേഷൻ പുതുക്കി മനോഹരമാക്കുക, ചുറ്റുമതിലിൽ ലൈറ്റുകൾ സ്ഥാപിക്കുക, ഗെയിറ്റുകൾ മാറ്റി സ്ഥാപിക്കുക, ഫുട്ബോൾ, അത്‌ലറ്റിക് മത്സരങ്ങൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ ഗ്രൗണ്ട് നവീകരണം, പുരുഷ/ വനിത കായികതാരങ്ങൾക്ക് പ്രത്യേകം ഡ്രസ്സിംഗ് റൂമുകൾ, ടോയ്‌ലെറ്റുകൾ നിർമ്മാണം എന്നിവ ഉൾപ്പെടുത്തി ഊരാളുങ്കൽ കോപ്പറേറ്റീവ് സൊസൈറ്റി മുഖേന പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

## യുവജനങ്ങൾക്ക് വ്യവസായ പ്രോത്സാഹനം

182 (5442) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് സർക്കാർ നൽകിവരുന്നത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) യുവജനങ്ങൾക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം തരത്തിലുള്ള വായ്പകൾ സർക്കാർ തലത്തിൽ നല്കിവരുന്നുണ്ട്; ഇത്തരം വായ്പകൾക്ക് സബ്സിഡി നൽകി വരുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) യുവജനങ്ങൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

<u>ഇ.ഡി. ക്ലബ്ബ് :</u>

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുക, നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തുക, വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യുക എന്നിവയാണ് ഇ.ഡി. ക്ലബ്ബിന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇ.ഡി. ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്.

<u>ഇൻകുബേഷൻ സെന്ററുകൾ:</u>

അഭ്യസ്തവിദ്യരും തൊഴിൽ അന്വേഷകരുമായ യുവാക്കളെ തൊഴിൽദാതാക്കളാക്കുക എന്ന ലക്ഷ്യത്തോടുകൂടി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി, യുവജനങ്ങൾ ഉൾപ്പെടെയുള്ള ചെറുകിട വ്യവസായികളേയും, സംരംഭകരേയും ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.

(ബി) വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തിരം MSME മേഖലയിൽ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം ഉത്പാദന മേഖലയിൽ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് ജനറൽ വിഭാഗത്തിന് 15% പരമാവധി 20 ലക്ഷം രൂപ സബ്സിഡി നൽകുമ്പോൾ യുവജനങ്ങൾക്ക് (18 മുതൽ 45 വയസ്സ് വരെ) 20% പരമാവധി 30 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യവുമായ യുവ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ 100 യുവസംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി.

**യുവജനങ്ങൾക്ക് തൊഴിൽസംരംഭങ്ങൾ**

183 (5443) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനായി എന്തെല്ലാം സഹായങ്ങൾ നല്കിവരുന്നുണ്ടെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) യുവജനങ്ങൾക്ക് തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനായി ചുവടെപ്പറയുന്ന നടപടികൾ വ്യവസായ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു:

ഇ.ഡി. ക്ലബ്ബ് :

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുക, നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തുക, വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യുക എന്നിവയാണ് ഇ.ഡി. ക്ലബ്ബിന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇ.ഡി. ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്.

ഇൻകുബേഷൻ സെന്ററുകൾ:

അഭ്യസ്തവിദ്യരും തൊഴിൽ അന്വേഷകരുമായ യുവാക്കളെ തൊഴിൽ ദാതാക്കളാക്കുക എന്ന ലക്ഷ്യത്തോടുകൂടി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പുതിയ വ്യവസായ ആശയവുമായി മുന്നോട്ടുവരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി, യുവജനങ്ങൾ ഉൾപ്പെടെയുള്ള ചെറുകിട വ്യവസായികളേയും, സംരംഭകരേയും ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.

(ബി) സംരംഭക സഹായ പദ്ധതി പ്രകാരം യുവജനങ്ങളും അല്ലാത്തവരും ആരംഭിക്കുന്ന ഉത്പാദന മേഖലയിലെ യൂണിറ്റുകൾക്കായി 3 ലക്ഷം രൂപവരെ സ്റ്റാർട്ടപ്പ് സപ്പോർട്ടായി നൽകി വരുന്നുണ്ട്.

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഈ പദ്ധതിക്ക് പ്രായപരിധിയില്ല. ഈ പദ്ധതിപ്രകാരം പരമാവധി സംരംഭകർക്ക് പ്രായഭേദമന്യേ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായ സഹകരണങ്ങൾ നൽകി വരുന്നുണ്ട്.

**യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ**

184 (5444) ശ്രീ. ആന്റണി ജോൺ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. ബാബു:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി യുവജനക്ഷേമ ബോർഡ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) യുവജനങ്ങളുടെ ഭൗതികവും സാംസ്കാരികവും സാഹിത്യപരവും കലാ-കായികപരവുമായ സർവ്വതോന്മുഖ വികസനത്തിനായി ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) യുവജനങ്ങളുടെ തൊഴിൽപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി തൊഴിൽരഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബോർഡ് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) യുവജനശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി യുവജനക്ഷേമ ബോർഡ് യുവശക്തി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി പഞ്ചായത്തുതലത്തിൽ കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇവരിലൂടെയും യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകൾ/യുവാക്ലബ്ബുകളിലൂടെയും യുവജനക്ഷേമ ബോർഡിന്റെ യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ യുവജനങ്ങളിൽ എത്തിക്കുകയും ബോർഡിന്റെ ജില്ലാ ഓഫീസുകൾ വഴി ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ഇതിനുവേണ്ട നിർദ്ദേശങ്ങൾ സംസ്ഥാന ഓഫീസിൽ നിന്നും നൽകുകയും ചെയ്തുവരുന്നു.

(ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവജനങ്ങൾക്കായി ദേശീയ മാധ്യമ സെമിനാർ, ജോബ് ഫെസ്റ്റ്, യൂത്ത് കേരള എക്സ്പ്രസ്സ്, ദിനാചരണങ്ങൾ, കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്, ആർട്ട് ഡി ടൂർ, യൂത്ത് അവാർഡ്, സാംസ്കാരിക കൂട്ടായ്മകൾ, ഇന്റർനാഷണൽ മ്യൂസിക് & ഡാൻസ് ഫെസ്റ്റിവൽ, നാഷണൽ ഫോക് ഫെസ്റ്റ്, സാഹസിക പരിശീലനങ്ങൾ, ബോധവത്കരണ പരിപാടികൾ, കായിക പരിശീലനങ്ങൾ, പി.എസ്.സി. കോച്ചിംഗ്, ഷോർട്ട് ഫിലിം ഫെസ്റ്റ്, കേരളോത്സവം, സ്വയം തൊഴിൽ പരിശീലനങ്ങൾ, സംരംഭകത്വ ശിൽപ്പശാല, യുവശക്തി പദ്ധതി, യുവാക്ലബ്ബ് എന്നീ പരിപാടികളും സംരംഭങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്നില്ല. എന്നാൽ സ്വയംതൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ക്ലബ്ബുകൾക്ക് ധനസഹായം നൽകിവരുന്നുണ്ട്.

## കലാഭവൻ മണിയുടെ ഓർമ്മയ്ക്കായി നാടൻപാട്ട് മത്സരം

185 (5445) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്തരിച്ച അനശ്വര കലാകാരൻ കലാഭവൻ മണിയുടെ ഓർമ്മയ്ക്കായി സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനതല നാടൻപാട്ട് മത്സരം ചാലക്കുടിയിൽ ഈ വർഷവും സംഘടിപ്പിക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

അന്തരിച്ച അനശ്വര കലാകാരൻ കലാഭവൻ മണിയുടെ ഓർമ്മയ്ക്കായി സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പ്രാദേശികതലത്തിലും ജില്ലാ-സംസ്ഥാനതലങ്ങളിലും നാടൻപാട്ട് മത്സരം സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനതല മത്സരം ചാലക്കുടിയിൽ വച്ച് നടത്തുന്നത് പരിഗണനയിലുണ്ട്.

## യുവജന കമ്മീഷൻ

186 (5446) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന കമ്മീഷന്റെ രൂപവൽക്കരണ ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്മീഷന് സർക്കാർ അനുവദിച്ച തുകയുടെ പകുതിപോലും കഴിഞ്ഞ വർഷം ഉപയോഗപ്പെടുത്തിയില്ല എന്നത് പരിശോധിക്കുമോ;

(സി) കമ്മീഷന്റെ പ്രവർത്തനം യുവജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. സംസ്ഥാനത്തെ യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിക്കുന്നതിനുമായാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കമ്മീഷൻ മുമ്പാകെ ലഭിച്ച പരാതികളിലും കമ്മീഷൻ സ്വമേധയാ എടുത്ത കേസ്സുകളിലും ബന്ധപ്പെട്ടവരുടെ റിപ്പോർട്ടുകൾ തേടുകയും

കേസ്സുകളുടെ സ്വഭാവമനുസരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുകയും ശിപാർശകൾ സമർപ്പിക്കുകയും യുവജനങ്ങളുടെ അവകാശങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ ഇടപെടുകയും ചെയ്തുവരുന്നുണ്ട്. യുവജനങ്ങളെ ശാക്തീകരിക്കുന്നതിനായി മദ്യം-മയക്കുമരുന്ന്, തീവ്രവാദം എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, എസ്.സി/എസ്.ടി. കോളനികളിലെ യുവതീയുവാക്കൾക്ക് സാമൂഹിക സാമ്പത്തിക ലൈംഗിക ചൂഷണത്തിനെതിരെയും ദാരിദ്ര്യം, പോഷകാഹാരക്കുറവ്, നിരക്ഷരത എന്നിവ പരിഹരിക്കുന്നതിനുള്ള ബോധവത്ക്കരണം, വിവിധ തലത്തിലുള്ള സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുകയും ജോബ് പോർട്ടൽ, സാംസ്കാരിക വിനിമയ പദ്ധതി തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ ഓരോ സാമ്പത്തിക വർഷവും സംഘടിപ്പിച്ചുവരികയും ചെയ്യുന്നു.

(ബി) 2018-19 സാമ്പത്തിക വർഷം കമ്മീഷന് 1.30 കോടി രൂപയാണ് പദ്ധതി വിഹിതമായി വകയിരുത്തിയിരുന്നത്. എന്നാൽ പ്രളയത്തെത്തുടർന്ന് 20% കുറവു വരുത്തിയ 1,04,00,000 രൂപയുടെ പദ്ധതി തുകയിൽ നിന്നും 50 ലക്ഷം രൂപ റിലീസ് ചെയ്തു നൽകിയിരുന്നു. ഈ തുക കമ്മീഷൻ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, 2017-18 സമ്പത്തിക വർഷം അനുവദിച്ച തുകയിൽ, ശേഷിച്ച തുകയിൽ നിന്നും 19,03,000 രൂപ കമ്മീഷന്റെ എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും ചെലവഴിച്ചതുൾപ്പെടെ ആകെ 69,03,000 രൂപ പദ്ധതിയിനത്തിൽ വിനിയോഗിച്ചിട്ടുണ്ട്.

(സി) കമ്മീഷന്റെ പ്രവർത്തനം യുവജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

### കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ബാധ്യത

187 (5447) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള ബാധ്യത എത്രയാണ്;

(ബി) ചെലവിന് ആനുപാതികമായി വൈദ്യുതി ചാർജ്ജ് വർദ്ധന നടപ്പിലാക്കാത്തതാണ് വൈദ്യുതി ബോർഡിന്റെ ബാധ്യത കൂടുന്നതിന് പ്രധാനകാരണം എന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വൈദ്യുതിയുടെ വിലവർദ്ധനവിനായി റെഗുലേറ്ററി കമ്മീഷനെ ബോർഡ് സമീപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി എന്ത് തുകയാണ് നിലവിൽ വൈദ്യുതി കുടിശ്ശികയായി നൽകുവാനുള്ളത്; ഇത് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഈ വർഷം എന്ത് തുക ലഭിച്ചു?

<u>ഉത്തരം</u>

(എ) ദീർഘകാല വായ്പയും, ഹ്രസ്വകാലവായ്പയും, ഓവർ ഡ്രാഫ്റ്റും ചേർത്ത് 31-3-2019-വരെയുള്ള ബാധ്യത 7792.56 കോടി രൂപയാണ്.

(ബി) ഉണ്ട്; സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് പരിഷ്കരണ ഉത്തരവുകളിലൂടെ റവന്യൂ കമ്മിയുടെ (ARR & ERC ഉത്തരവിലൂടെ നിജപ്പെടുത്തുന്ന) ഒരു ഭാഗം മാത്രമേ, നികത്തിത്തരുവാൻ അനുവദിക്കുന്നുള്ളൂ. അമിതമായ താരിഫ് വർദ്ധനവ് ഉണ്ടാകാതിരിക്കാൻ ബാക്കി തുക പിൽകാലത്തേക്ക് മാറ്റിവയ്ക്കുന്നു.

സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, പുറപ്പെടുവിച്ചിട്ടുള്ള ട്രൂയിംഗ് അപ്പ് ഉത്തരവുപ്രകാരം, 2016-17 വരെയുള്ള നികത്തപ്പെടാത്ത റവന്യൂ കമ്മി 6734.17 കോടി രൂപയാണ്.

കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള താരിഫ് പോളിസി പ്രകാരം, താരിഫ് റിവിഷനിലൂടെ നികത്തപ്പെടാത്ത റവന്യൂ കമ്മി, ഏഴ് വർഷം കൊണ്ട് താരിഫ് പരിഷ്കരണത്തിലൂടെ നികത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

കാലാകാലങ്ങളായി നികത്തപ്പെടാത്ത റവന്യൂ കമ്മി വൈദ്യുതി ബോർഡിന്റെ കടബാധ്യത അമിതമായി വർദ്ധിക്കുവാൻ ഇടയാക്കി ഇതും, താരിഫ് പോളിസിയിലെ നിർദ്ദേശവും കൂടി കണക്കിലെടുത്ത്, 31-10-2018-ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മൾട്ടി ഇയർ താരിഫ് പെറ്റീഷനിൽ പ്രതീക്ഷിത കമ്മിയോടൊപ്പം, നികത്തപ്പെടാത്ത റവന്യൂ കമ്മിയുടെ ഒരു വിഭാഗവും കൂടി ചേർത്ത് 2018-19-ൽ 1100.77 കോടി രൂപ താരിഫ് പരിഷ്കരണത്തിലൂടെ നികത്തിത്തരണമെന്നുള്ള നിർദ്ദേശമാണ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരണ നടപടികളുടെ അന്തിമഘട്ടത്തിലാണ്.

(സി) 14-1-2019-ലെ G.O.(Rt) No.10/2019/Power പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 30-9-2018 വരെയുള്ള വൈദ്യുതി കുടിശ്ശിക (പലിശ ഉൾപ്പെടെ) 1326.69 കോടി രൂപ 2019-20 മുതൽ നാല് വാർഷിക തവണകളായി (@Rs.331.67 കോടി രൂപ) വൈദ്യുതി ബോർഡിന് നൽകുവാൻ ഉത്തരവായി. ഇതിൽ 2019-20 സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ 331.67 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. 1-10-2018 മുതൽ 20-5-2019 വരെ കേരള വാട്ടർ അതോറിറ്റി 110.12 കോടി രൂപ കൂടി അടവാക്കിയിട്ടുണ്ട്. 3/2019-ൽ കണക്കാക്കിയിട്ടുള്ള കുടിശ്ശിക പ്രകാരം 153.79 കോടി രൂപയാണ് കേരള വാട്ടർ അതോറിറ്റി വൈദ്യുതി കുടിശ്ശികയായി കെ.എസ്.ഇ.ബി.എൽ.-ന് നൽകാനുള്ളത്.

## ഊർജ്ജ കേരള മിഷൻ

188 (5448) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിനായി ഓൺലൈൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ; ഇതിനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ) ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. സൗര

മൂന്ന് വർഷങ്ങൾ കൊണ്ട് സൗരോർജ്ജ ഉത്പാദനത്തിൽ നിന്നും 1000 മെഗാവാട്ട് അധികമായി ചേർക്കുന്ന സൗര എന്ന പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡും അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, സ്വകാര്യ ഉത്പാദകരിൽ നിന്നും ബിഡ്ഡിങ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽ നിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്-ഹൈവേ സോളാർ പദ്ധതികളിൽ നിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉത്പ്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താല്പര്യമുള്ള ഉപഭോക്താക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 278258 ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. പദ്ധതിയുടെ ടെൻഡർ വിളിക്കുന്നതിനായുള്ള ടെൻഡർ പ്രമാണങ്ങൾ തയ്യാറായി കഴിഞ്ഞു. ഓൺലൈൻ ടെൻഡർ വിളിക്കുന്നതിനുള്ള പ്ലാറ്റ്ഫോറം നൽകുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ MSTC Ltd മായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

2. ദ്യുതി - 2021

നാല് വർഷങ്ങൾ കൊണ്ട് 4036.30 കോടി രൂപ മുതൽമുടക്കുള്ള വിതരണ മേഖലയിലെ വികസന പദ്ധതിയാണ് ദ്യുതി-2021. ഇതിൽ 9936 കി.മീ. ഹൈടെൻഷൻ ലൈനുകൾ വലിക്കുക, 3741 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, HT&LT അനുപാതം പരിഷ്കരിച്ച് ലൈനുകളുടെ നിലവാരം ഉയർത്തുക, HT ലൈനുകളും ട്രാൻസ്ഫോർമറുകളും സാറ്റ്ലൈറ്റ് മാപ്പ് ചെയ്യുക, ഫോൾട്ട് പാസ്റ്റ് ഡിറ്റക്ടറുകൾ സ്ഥാപിക്കുക, ആവശ്യമായ ലൈനുകളിൽ ABC അല്ലെങ്കിൽ കവേർഡ് കണ്ടക്ടർ വലിക്കുക മുതലായ ആധുനികവൽക്കരണങ്ങൾ ഉൾപ്പെടുന്നു. വിതരണ ശൃംഖലയിലെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി വിതരണ നഷ്ടം പരമാവധി കുറച്ച് ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുക എന്ന ദൗത്യമാണ് ദ്യുതി-2021 ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ഭാഗമായി വരുന്ന നാല് വർഷങ്ങളിലേയ്ക്കുള്ള ജോലികൾ കണ്ടെത്തി വിശദമായ പ്രോജക്ട് റിപ്പോർട്ടും, എസ്റ്റിമേറ്റും തയ്യാറാക്കി വർക്ക് ഷെഡ്യൂൾ ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു. ഈ പദ്ധതി പ്രകാരം വിതരണ മേഖലയിൽ നാളിതുവരെ 98 കോടിരൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 206 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. ആസൂത്രണം ചെയ്തിട്ടുള്ള ബാക്കിയുള്ള പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

3. ട്രാൻസ്ഗ്രിഡ് 2.0

കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല (Intra-State Transmission Network) ശക്തിപ്പെടുത്തുക എന്ന ദൗത്യമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലുള്ളത്. രണ്ട് ഘട്ടങ്ങളിലായി 10,000 കോടി രൂപ മൂലധന വിഹിതം ആവശ്യമുള്ള പദ്ധതിയാണിത്. ഈ പദ്ധതി നടപ്പാക്കുന്നതോടെ സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖലയുടെ ശേഷി ഗണ്യമായി ഉയരുകയും പ്രസരണ നഷ്ടം പരമാവധി കുറയ്ക്കുകയും ചെയ്യാനാവും. ഒന്നാംഘട്ടം 2021-ൽ പൂർത്തിയാകും. പുതിയ 400 കെ.വി. ട്രാൻസ്മിഷൻ ലൈനുകൾ വലിക്കുക. പുതിയ 220 കെ. വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള 110 കെ. വി. സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുക മുതലായ ജോലികൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 6375 കോടി രൂപയുടെ ഒന്നാം ഘട്ട പദ്ധതിയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും പദ്ധതിയ്ക്ക് ഫണ്ട് അനുവദിക്കാനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു.

4. ഫിലമെന്റ് രഹിത കേരളം

സംസ്ഥാനത്തുടനീളം നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫിലമെന്റ് ലാമ്പുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുക എന്ന ബൃഹത്തായ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. കെ.എസ്.ഇ.ബി.എൽ.-ഉം എനർജി മാനേജ്മെന്റ് സെന്ററും (EMC) ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് ഇത്. കേരളത്തിലെ 1.25 കോടിയോളം വരുന്ന ഉപഭോക്താക്കളിൽ 80 ലക്ഷത്തോളം വരുന്ന ഗാർഹിക ഉപഭോക്താക്കളെയാണ് ആദ്യ ഘട്ടത്തിൽ ഈ പദ്ധതി ലക്ഷ്യമിടുന്നത്. അതോടൊപ്പം സ്ട്രീറ്റ് ലൈറ്റുകളും ലക്ഷ്യമിട്ടിട്ടുണ്ട്. ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന ഇൻകാൻഡിസെന്റ് ലാമ്പുകളും (ICL) കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പുകളും (CFL) മാറ്റി പകരം 9W എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുകയും ഫ്ലൂറസെന്റ് ട്യൂബുകൾ മാറ്റി പകരം 18W/20W എൽ.ഇ.ഡി. ട്യൂബുകൾ സ്ഥാപിക്കുക വഴി പീക്ക് ലോഡ് ഡിമാന്റ് മാനേജ് ചെയ്യാനും മെർക്കുറി മാലിന്യം ഭൂമിയിൽ കലരുന്നത് തടയുവാനും കാർബൺ എമിഷൻ കുറയ്ക്കുവാനും സാധിക്കുന്നു. 7.5 കോടി 9W LED ബൾബുകളും 3 കോടി 18W/20W LED ട്യൂബുകളുമാണ് ഈ പദ്ധതി വഴി വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നത്. ഈ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.-യിലേയും ഇ.എം.സി.-യിലേയും ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങൾ ആയിട്ടുള്ള ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

5. ഇ-സേഫ് കേരളം

കേരളം ഒരു വൈദ്യുതി അപകടരഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഇ-സേഫ്. വൈദ്യുതി സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരണം നടത്തുക, നിലവിലുള്ള ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് ആധുനികവൽക്കരിച്ച് സുരക്ഷ ഉറപ്പാക്കുക, ബെയർ കണ്ടക്ടറുകൾ മാറ്റി അണ്ടർഗ്രൗണ്ട് കേബിളുകൾ ആക്കുക, കവേർഡ് കണ്ടക്ടറുകളും ABC കണ്ടക്ടറുകളും ഉപയോഗിച്ച് ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് കൂടുതൽ സുരക്ഷിതമാക്കുക, ELCB സ്ഥാപിച്ചിട്ടില്ലാത്ത ബി.പി.എൽ. ഉപഭോക്താക്കൾക്കും എസ്.സി./എസ്.ടി. ഉപഭോക്താക്കൾക്കും സ്ഥാപിച്ചു നൽകുക എന്നീ ജോലികൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കെ.എസ്.ഇ.ബി.എൽ. തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുക, സുരക്ഷാ പരിശീലനം നൽകുക, സുരക്ഷയെ സംബന്ധിച്ച ബോധവൽക്കരണവും പ്രചരണവും നൽകുക എന്നീ പ്രവൃത്തികൾ ഇതിന്റെ അനുബന്ധമായി വിജയകരമായി നടന്നുവരുന്നുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിനായി ഓൺലൈൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കുവാൻ പദ്ധതിയുണ്ട്. പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതി ലൈൻ പൊട്ടിവീണുണ്ടായ അപകടങ്ങൾ

189 (5449) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടെ സംസ്ഥാനത്ത് വൈദ്യുതി ലൈൻ പൊട്ടിവീണ് ഷോക്കേറ്റതിനെ തുടർന്ന് എത്രപേർ മരണമടയുകയും എത്രപേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ലൈൻ പൊട്ടിവീഴുന്നതടക്കം വൈദ്യുതി അനുബന്ധ അപകടങ്ങൾ ഇല്ലാതാക്കി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമൊരുക്കണമെന്ന് ഹൈക്കോടതി നേരത്തെ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ;

(സി) ഇന്ത്യൻ വൈദ്യുതി നിയമം (1956) അനുശാസിക്കുന്ന മുഴുവൻ സുരക്ഷാനടപടികളും 6 മാസത്തിനകം സ്വീകരിക്കുമെന്ന് ഈ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ഉറപ്പ് നൽകുകയുണ്ടായോ;

(ഡി) പ്രസ്തുത ഉറപ്പിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ വർഷം (2018) സംസ്ഥാനത്ത് വൈദ്യുതി ലൈൻ പൊട്ടിവീണ് ഷോക്കേറ്റ് 20 പേർ മരിക്കുകയും 10 പേർക്ക് മാരകമല്ലാത്ത അപകടം സംഭവിക്കുകയും ചെയ്തു. കൂടാതെ 34 മൃഗങ്ങൾക്ക് ജീവഹാനി സംഭവിക്കുകയുണ്ടായി.

(ബി & സി) പത്തനംതിട്ട, പ്രക്കാനം കുളങ്ങരയിൽ ശ്രീ. ബിജി കുളങ്ങര മാത്യു, ഫയൽ ചെയ്ത പൊതുജന താല്പര്യ ഹർജി (O.P.No.5812 of 2002(S) -ൻമേൽ തീർപ്പുകൽപ്പിച്ച ബഹുമാനപ്പെട്ട ജസ്റ്റിസ് വി. ബാലി 2006 ജൂൺ 2-ന് പുറപ്പെടുവിച്ച ഉത്തരവിൽ, സംസ്ഥാനത്തെ ഇലക്ട്രിക് ലൈനുകളിലുണ്ടാകുന്ന ഷോർട്ട് സർക്യൂട്ട് 6 മാസത്തിനുള്ളിൽ പരിഹരിച്ചു കൊള്ളാമെന്നുള്ള കെ.എസ്.ഇ.ബി.-യുടെ ഉറപ്പുരേഖപ്പെടുത്തുകയാണുണ്ടായത്.

(ഡി) ഇതിൻപ്രകാരം കൂട്ടിമുട്ടാൻ സാധ്യതയുള്ള ലൈനുകൾ പരമാവധി റീ ഷാക്ക്ളിംഗ് നടത്താനും, ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ AAC കമ്പികൾ പൂർണ്ണമായും ഒഴിവാക്കി ACSR കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ ACSR കമ്പികൾ മാറ്റി പുതിയ ACSR കമ്പികൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളിലായി 1.38 ലക്ഷം കി.മി ലൈൻ, കെ.എസ്.ഇ.ബി.എൽ. റീ കണ്ടക്റ്ററിംഗ് നടത്തിക്കഴിഞ്ഞിട്ടുണ്ട്.

കൂടാതെ മൺസൂൺ കാലത്തു മരച്ചില്ലകൾ ഒടിഞ്ഞു വീണ വൈദ്യുതകമ്പികൾ പൊട്ടിവീഴുന്നതു ഒഴിവാക്കാനായി മഴക്കാലത്തിനുമുന്നേ മരച്ചില്ലകൾ വെട്ടി മാറ്റി അപകട സാധ്യതകൾ പരമാവധി ഒഴിവാക്കാനും ശ്രമിക്കുന്നു. എന്നിരുന്നാലും കാറ്റിലും മഴയിലുംപെട്ട് ചില സ്ഥലങ്ങളിൽ മരങ്ങൾ വീഴുന്നതുമൂലവും അല്ലാതെയും വൈദ്യുതി കമ്പി പൊട്ടിവീഴുമെന്നത് കണക്കിലെടുത്ത്, ആവശ്യമായ സ്ഥലങ്ങളിൽ സ്പേസറുകൾ സ്ഥാപിച്ചുകൊണ്ടും സബ് സ്റ്റേഷനുകളിൽ മെച്ചപ്പെട്ട റിലേകൾ സ്ഥാപിച്ച് വൈദ്യുതി ബന്ധം ഓട്ടോമാറ്റിക്കായി വിച്ഛേദിക്കുന്നതിനുള്ള സംവിധാനം ഹൈ ടെൻഷൻ ലൈനുകളിൽ ഏർപ്പെടുത്തികൊണ്ടും അപകടം ഒഴിവാക്കാനായി KSEBL ശ്രദ്ധിച്ചുവരുന്നു. ജീവനക്കാർക്കും ജനങ്ങൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള മാർഗ്ഗങ്ങൾ തീരുമാനിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനുമായി ചീഫ് എഞ്ചിനീയർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ ചീഫ് സേഫ്റ്റി കമ്മീഷണറായി കെ.എസ്.ഇ.ബി.എൽ. നിയമിക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കാനും കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി എബിസി കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും സ്ഥാപിച്ചുകൊണ്ടും നിർമ്മിക്കുന്ന ലൈനുകളുടെ ഗുണമേന്മ പൂർണ്ണമായും ഉറപ്പുവരുത്തികൊണ്ടും ലൈനുകൾ പൊട്ടിവീഴുന്നത് തടയാനും കെ.എസ്.ഇ.ബി.എൽ. ശ്രദ്ധിച്ചുവരുന്നു.

## വൈദ്യുതി ലൈൻ പൊട്ടിയാൽ തനിയെ ഓഫാകുന്ന സംവിധാനം

190 (5450) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈൻ പൊട്ടിയാൽ തനിയെ ഓഫാകുന്ന സാങ്കേതിക സംവിധാനം 11 കെ.വി.മുതൽ മുകളിലേക്കുള്ള ലൈനുകളിൽ മാത്രമാണോ ഇപ്പോഴുള്ളത്;

(ബി) ലോടെൻഷൻ വിതരണ ലൈനുകളിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാങ്കേതികവിദ്യ സംസ്ഥാനത്ത് ഇപ്പോഴുണ്ടോ;

(സി) ഇല്ലെങ്കിൽ ലൈനുകളിൽ ഇൻസുലേഷനുള്ള കമ്പികൾ ഉപയോഗിക്കുക, ഭൂഗർഭ കേബിളിലേക്ക് മാറുക എന്നിവയാണോ ഇതിനുള്ള പരിഹാരം; വിശദമാക്കാമോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; ഇതിന് എത്ര ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ&ബി) വൈദ്യുതി ലൈൻ പൊട്ടിയാൽ ഓട്ടോമാറ്റിക്ക് റിലേ സംവിധാനം ഉപയോഗിച്ചുള്ള തനിയെ ഓഫാകുന്ന സംവിധാനം നിലവിൽ 11 കെ.വി. മുതൽ മുകളിലേയ്ക്കുള്ള ലൈനുകളിലാണുള്ളത്. എൽ.റ്റി. ലൈനുകളിൽ കമ്പി പൊട്ടുന്ന അവസരത്തിൽ കമ്പികൾ തമ്മിൽ കൂട്ടിമുട്ടിയാൽ അമിതമായി വൈദ്യുതി പ്രവാഹം ഉണ്ടാകുമ്പോൾ വൈദ്യുതി ബന്ധം സ്വയം വിച്ഛേദിക്കുന്ന ഫ്യൂസ് സംവിധാനം നിലവിലുണ്ട്.

ലോ ടെൻഷൻ ലൈനുകളിൽ മറ്റ് സാങ്കേതിക വിദ്യ നിലവിൽ ഉണ്ടെങ്കിലും ഉപയോഗിക്കുന്നത് ചെലവേറിയതും പ്രായോഗികമായി ബുദ്ധിമുട്ടേറിയതുമാണ്. വൈദ്യുത കമ്പികൾ പൊട്ടി വീഴുന്നത് ഒഴിവാക്കാനായി ശക്തികുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ AAC കമ്പികൾ പൂർണ്ണമായും ഒഴിവാക്കി ACSR കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ ACSR കമ്പികൾ മാറ്റി പുതിയ ACSR കമ്പികൾ ആക്കുന്നതിനും സുരക്ഷയെ മുൻനിർത്തി KSEBL അതീവ പ്രാധാന്യം നൽകിവരുന്നു. കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തിയ 'ദ്യുതി 2021' -ൽ 1.68 ലക്ഷം കി.മീ AAC കമ്പികൾ മാറ്റി സ്ഥാപിക്കുന്നതിനാണ് KSEBL ലക്ഷ്യമിട്ടിരിക്കുന്നത്.

(സി&ഡി) ലൈനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എബിസി കണ്ടക്ടർ ഉപയോഗിക്കുന്നതുവഴിയും ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാവുന്നതാണ്. എന്നാൽ ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയാതുകൊണ്ട്, RAPDRP പദ്ധതി നിലവിലുള്ള പ്രധാനപ്പെട്ട നഗരപ്രദേശങ്ങളിൽ മാത്രം 11 KV ഓവർഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്ക് പ്രകാരം 1 മീറ്റർ LT ലൈൻ പോസ്റ്റുൾപ്പെടെ നിർമ്മിക്കാൻ ശരാശരി 430 രൂപ ആകുമ്പോൾ 1 മീറ്റർ എബിസി കണ്ടക്ടർ സ്ഥാപിക്കാനുള്ള ചെലവ് പോസ്റ്റില്ലാതെ തന്നെ 840 രൂപയാണ്. (ലോ ടെൻഷൻ UG കേബിൾ സ്ഥാപിക്കുന്നതിനുള്ള

ചെലവ് റെഗുലേറ്ററി കമ്മീഷൻ ഇപ്പോൾ നിശ്ചയിച്ചിട്ടില്ല). അതുപോലെ, റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്ക് പ്രകാരം ഒരു മീറ്റർ 11 കെ.വി. ലൈൻ പോസ്റ്റുകൾപ്പെടെ വലിക്കുന്നതിനുള്ള ചെലവ് ശരാശരി 745 രൂപയാകുമ്പോൾ ഒരു മീറ്റർ 11 kV UG കേബിൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് റോഡ് റെസ്റ്റോറേഷൻ ചാർജ്ജും മറ്റ് യൂട്ടിലിറ്റി ചാർജ്ജുകളും കൂടാതെ തന്നെ 1770 രൂപയാണ്. ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതിതാരിഫിലും പ്രതിഫലിക്കുന്നതാണ്. എന്നാൽ 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തിയും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിച്ചും വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുകയാണ് 2021-ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 156.09 കോടിരൂപ ചെലവിൽ 942.37 കി. മീ. HT എബിസി കണ്ടക്ടറും 240.95 കോടി രൂപ ചെലവിൽ 2498 കി.മീ. LT എബിസി കണ്ടക്ടറും 242.29 കോടി രൂപയുടെ 1406.516 കി.മീ. ഭൂഗർഭകേബിളുകളും 35.173 കോടി രൂപ ചെലവിൽ 228.5 കി. മീ. കവേർഡ് കണ്ടക്ടറും സ്ഥാപിക്കാനും 291.255 കോടി രൂപ ചെലവിൽ 1968.325 കി.മീ. HT ഓവർഹെഡ് ലൈനുകൾ മാറ്റി എബിസി കണ്ടക്ടറുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി

191 (5451) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ വെള്ളത്തൂവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികളിൽ നിന്നും ആകെ 12.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ സാധിച്ചു. ചെറുകിട ജലവൈദ്യുത പദ്ധതികളായ പെരുവണ്ണാമൂഴി (6 മെഗാവാട്ട്), അപ്പർ കല്ലാർ (2 മെഗാവാട്ട്), ചിന്നാർ (24 മെഗാവാട്ട്), പഴശ്ശിസാഗർ (7.5 മെഗാവാട്ട്)

എന്നീ പദ്ധതികൾ ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനം ആരംഭിച്ചു. കൂടാതെ 2015 മുതൽ മുടങ്ങിക്കിടന്നിരുന്ന ജലവൈദ്യുത പദ്ധതികളായ ചാത്തൻകോട്ടുനട (6 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്), പള്ളിവാസൽ എക്സ്റ്റെൻഷൻ (60 മെഗാവാട്ട്) എന്നിവ പുനരാരംഭിക്കുവാൻ സാധിച്ചു. ഈ പദ്ധതികൾ വഴി ആകെ 612.63 ദശലക്ഷം യൂണിറ്റ് അധിക വൈദ്യുതിയാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണം നടന്നുവരുന്ന പദ്ധതികൾക്ക് പുറമെ മറ്റു പദ്ധതികളുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു.

ഇടുക്കിയിലെ നിലവിലുള്ള റിസർവോയർ ഉപയോഗപ്പെടുത്തി മറ്റൊരു 780 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഒരു പുതിയ ഭൂഗർഭ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനായി ബോർഡ് തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി സമർപ്പിച്ച പ്രീ-ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതിയായ ഇടുക്കി എക്സ്റ്റെൻഷൻ സ്കീമിന്റെ DPR (Detailed Project Report) തയ്യാറാക്കുന്നതിനായുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതിന് 26-4-2019-ൽ ചേർന്ന ബോർഡ് യോഗം തീരുമാനിച്ചു. ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതിനുവേണ്ടിയുള്ള അനുമതിക്കായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

<u>പരിഗണനയിലുള്ള സൗരോർജ്ജ പദ്ധതികൾ താഴെപ്പറയുന്നവയാണ്.</u>

സൗരോർജ്ജ ഉത്പാദനത്തിൽ നിന്നും 1000 മെഗാവാട്ട് അധികമായി ചേർത്തുകൊണ്ട് ഊർജ്ജ മിഷനിൽ ഉൾപ്പെട്ടിട്ടുള്ള സൗര എന്ന പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ അനെർട്ടുമായി സംയുക്ത സംരംഭത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും 500 മെഗാവാട്ട്, സ്വകാര്യ ഉൽപ്പാദകരിൽ നിന്നും ബിഡ്ഡിങ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽ നിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ് ഹൈവേ സോളാർ പദ്ധതികളിൽനിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.

1. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താല്പര്യമുള്ള ഉപഭോക്താക്കളിൽനിന്ന് അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 278258 ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. സർവ്വേ നടപടികൾ പുരോഗമിക്കുന്നു.

2. കേരളത്തിനുള്ളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽനിന്നും 200 മെഗാവാട്ട് സൗരോർജ്ജം 25 വർഷത്തേയ്ക്ക് വാങ്ങുവാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിരുന്നു. ഒരു ബിഡ്ഡർ മാത്രം പങ്കെടുത്തതിനാൽ ടെണ്ടർ റദ്ദുചെയ്യുകയും റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

3. കാസർഗോഡ് സോളാർ പാർക്കിൽ നടപ്പിലാക്കുന്ന 50 മെഗാവാട്ട് പദ്ധതിക്ക് THDCL-മായി വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. ഗവൺമെന്റിൽനിന്നും 250 ഏക്കർ സ്ഥലം അനുവദിച്ചു. പദ്ധതിക്കുള്ള ടെണ്ടർ 5-3-2019-ൽ ക്ഷണിക്കുകയും EPC കോൺട്രാക്ടറെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. LOA നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അമ്പലത്തറയിൽ മറ്റൊരു 5 മെഗാവാട്ടിന്റെ സോളാർ പ്ലാന്റ് കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

4. കായംകുളത്ത് NTPC കൈവശമുള്ള ഭൂമി കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം 92 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി കായംകുളത്ത് NTPC-യുടെ കൈവശമുള്ള കായൽ പരപ്പിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി KSEB-യും NTPC-യും തമ്മിൽ വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്.

5. കേന്ദ്ര സർക്കാർ സ്ഥാപനമായ NHPC മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. പദ്ധതിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ്.

6. കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള വയനാട് ജില്ലയിലെ ബാണാസുരസാഗർ റിസർവോയർ ഇടുക്കി ജില്ലയിലെ ചെങ്കുളം കല്ലാർകുട്ടി, ഇടുക്കി, ആനയിറങ്കൽ, പൊന്മുടി, കുണ്ടള എന്നീ ജലസംഭരണികളിലും ഫ്ലോട്ടിംഗ് സോളാർ പദ്ധതി സ്ഥാപിക്കുന്നതിന് പ്രാഥമിക പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ SECI, NTPC എന്നിവയുമായി ധാരണയായിട്ടുണ്ട്. ഇതുകൂടാതെ ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതികൾ (6.385 MW 22-സ്ഥാപനങ്ങളിൽ) മറ്റു കെ.എസ്.ഇ.ബി. പദ്ധതികൾ (11.10 MW-6 സ്ഥലങ്ങളിൽ) കെ.എസ്.ഇ.ബി. ഏറ്റെടുത്തു നടത്തി വരുന്നു.

പുതിയതും പുതുക്കാവുന്നതുമായ ഊർജ്ജ സ്രോതസ്സുകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് അനെർട്ട് വഴി നാളിതുവരെ 150 മെഗാവാട്ട് സോളാർ നിലയങ്ങളും 70 മെഗാവാട്ട് കാറ്റാടി നിലയങ്ങളും സ്ഥാപിച്ചിട്ടുണ്ട്. അത് വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് സൗരനിലയങ്ങളും 100 മെഗാവാട്ട് കാറ്റാടി നിലയങ്ങളും സ്ഥാപിക്കാനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്.

ഉപഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവാദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ " ബൈ മൈ സൺ" (www.buymyson.com) എന്ന ഇ-കൊമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഈ വെബ്പോർട്ടൽ വഴി വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത സബ്സിഡി അനെർട്ട് വഴിയാണ് വിതരണം ചെയ്യുന്നത്.

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട്, 47.4 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാവുന്ന 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് ബൂട്ട് (Built Own Operate Transfer)അടിസ്ഥാനത്തിൽ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതി വഴി 12.5 മെഗാവാട്ട് അധിക വൈദ്യുത ഉല്പാദനശേഷി കൈവരിച്ചിട്ടുണ്ട്. 8 MW-ന്റെ പാതംകയം ജലവൈദ്യുത പദ്ധതിയും 4.5 മെഗാവാട്ടിന്റെ കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടവും ഇതിൽ ഉൾപ്പെടുന്നു.

ഇതുകൂടാതെ ഗ്രിഡ് ബന്ധിതമല്ലാത്ത 4 KW-ന്റെ ഈച്ചാംപെട്ടി പൈകോ ജലവൈദ്യുത പദ്ധതിയും ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള 25 പൈകോ ജലവൈദ്യുത പദ്ധതികളും കമ്മീഷൻ ചെയ്തിട്ടുണ്ട്.

## മാലിന്യത്തിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി

192 (5452) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം ലക്ഷ്യമിട്ട് ബ്രഹ്മപുരത്ത് ആരംഭിക്കുന്ന പദ്ധതിയുമായി സഹകരിച്ച് അവിടെനിന്നും വൈദ്യുതി വാങ്ങുവാൻ കെ.എസ്.ഇ.ബി.യും സ്വകാര്യ കമ്പനിയും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പിട്ടുവോ എന്ന് വ്യക്തമാക്കുമോ;എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കരാർ പ്രകാരം കെ.എസ്.ഇ.ബി.യ്ക്ക് എന്ന് മുതൽ വൈദ്യുതി വാങ്ങുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്;

(സി) സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിന് സഹായകരമാകുന്ന ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കുവാനും അത്തരം പദ്ധതികളിൽനിന്നും ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും വാങ്ങുന്നതിനും കെ.എസ്.ഇ.ബി. എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മുനിസിപ്പൽ ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന 9.76 MW-ന്റെ പദ്ധതിയിൽനിന്നും വൈദ്യുതി വാങ്ങുന്നതിനായി 18-6-2019-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്, ജി.ജെ. എക്കോപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കരാർ പ്രകാരം പദ്ധതിയുടെ നിർമ്മാണം തുടങ്ങി 18 മാസത്തിനകം പണികൾ പൂർത്തിയാക്കി വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്.

(സി) മാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ട് കേരളത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ നിന്നുള്ള മുഴുവൻ വൈദ്യുതിയും റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് വാങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

## കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക ഭദ്രത

193 (5453) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംതൃപ്തി മുൻനിർത്തി വൈദ്യുതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങളും നടപടിക്രമങ്ങളിലെ ലഘൂകരണവും എന്തെല്ലാമാണ്; തടസ്സരഹിതമായി നിശ്ചിത പ്രവാഹശേഷിയിൽ വൈദ്യുതി ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) വൈദ്യുതി ലൈനിൽനിന്നും ഉപകരണങ്ങളിൽനിന്നും ഉള്ള ഷോക്കുമൂലം അപകടം കുറയ്ക്കാനായി വൈദ്യുതി ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ ഫലം കണ്ടിട്ടുണ്ടോ; സമീപ കാലത്തുണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ അപായങ്ങളൊഴിവാക്കാനുള്ള പ്രവർത്തനം കൂടുതൽ ഫലപ്രദവും ഊർജ്ജിതവുമാക്കാൻ നടപടിയുണ്ടാകുമോ;

(സി) കാര്യക്ഷമമായ സേവനം നൽകുന്നതിന് ആവശ്യമായതിലധികം ജീവനക്കാർ നിലവിലുണ്ടോ; എങ്കിൽ ഇവരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാവുന്ന രീതിയിൽ പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ റെഗുലേറ്ററി കമ്മീഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ അപേക്ഷാഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറവിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും ഉപഭോക്താവിൽ നിന്ന് അനുബന്ധമായി ചേർത്തിട്ടുള്ള സത്യവാങ്മൂലം വാങ്ങിയതിനുശേഷം വൈദ്യുത കണക്ഷൻ നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകാൻ ഉത്തരവ് ആയിട്ടുണ്ട്.

തടസ്സരഹിതമായി ഗുണേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ ജി.ഐ.എസ്. അധിഷ്ഠിത രേഖാചിത്രം തയ്യാറാക്കുകയും 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ DPR തയ്യാറാക്കുകയും ദ്യുതി 2021 എന്നു പേരിട്ടിട്ടുള്ള ഈ പദ്ധതിയിൽ 4036.30 കോടി രൂപയുടെ പ്രവൃത്തികളാണ് PMU മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി പ്രകാരം വിതരണ മേഖലയിൽ 97.72 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 206 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) വൈദ്യുതി ലൈനിൽ നിന്നും ഉപകരണങ്ങളിൽ നിന്നുമുള്ള ഷോക്കുമൂലം ഉണ്ടാകുന്ന അപകടം കുറയ്ക്കുന്നതിനായി താഴെ പറയുന്ന പ്രവൃത്തികൾ ഊർജ്ജ കേരള മിഷനിൽ പ്രഖ്യാപിച്ചിട്ടുള്ള ദ്യുതി 2021, ഇ-സേഫ് പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നു.

1. ബെയർ കണ്ടക്ടറുകൾ മാറ്റി അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുക.
2. പഴക്കമേറിയ ചാലകങ്ങൾക്ക് പകരം പുതിയ ചാലകങ്ങൾ സ്ഥാപിക്കുക.
3. ജന നിബിഡ പ്രദേശങ്ങളിലും വനപ്രദേശങ്ങളിലും വൃക്ഷലതാദികൾ അധികമുള്ള സ്ഥലങ്ങളിലും കവചിത ചാലകങ്ങൾ ഉപയോഗിക്കുക.
4. വൈദ്യുതി വിതരണത്തിന് തടസ്സം ഉണ്ടായിട്ടുള്ള ശൃംഖലാ ഭാഗങ്ങൾ ഉടനടി തിരിച്ചറിഞ്ഞ് വിവരം നൽകുന്നതിനുള്ള ഫാൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ സ്ഥാപിക്കുക.
5. 11 കെ.വി. പോളുകൾ, എൽ.റ്റി. പോളുകൾ തുടങ്ങിയവയ്ക്ക് ആവശ്യമായ എർത്തിംഗ് സംവിധാനം ഒരുക്കുക.

6. പഴക്കം ചെന്ന ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ നവീകരണം.
7. ELCB സ്ഥാപിച്ചിട്ടില്ലാത്ത BPL ഉപഭോക്താക്കൾക്കും SC/ST ഉപഭോക്താക്കൾക്കും ELCB സ്ഥാപിച്ച് നൽകുക.
8. നിലവിലുള്ള സ്ട്രക്ച്ചറുകൾ നവീകരിക്കുക.
9. കവചിത കണ്ടക്ടറുകളും ABC-യും ഉപയോഗിച്ച് വിതരണശൃംഖല കൂടുതൽ സുരക്ഷിതമാക്കുക.

നൂതന വർക്ക്സൈറ്റ് എർത്തിംഗ് രീതിയായ " ഇക്വി പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയതിനാൽ വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ ഷോക്കുമൂലമുള്ള അപകടം കുറഞ്ഞിട്ടുണ്ട്. ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സേഫ്റ്റി വർക്ക്ഷോപ്പ് നടത്തുകയും ഇതിൽ ലൈനിൽ ജോലി ചെയ്യുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെപ്പറ്റിയും ലൈനുകൾ ശരിയായി പരിപാലിക്കേണ്ടതിനെപ്പറ്റിയും വിശദമായി ചർച്ച ചെയ്യുകയും അതിനെപ്പറ്റി പരിശീലനം നൽകുകയും ചെയ്തു. സുരക്ഷാപാലനം ഉറപ്പു വരുത്തുന്നതിനായി മുഴുവൻ ജീവനക്കാർക്കും കൃത്യമായ ഇടവേളകളിൽ പരിശീലന ക്ലാസ്സുകൾ നടത്തി സുരക്ഷാ നടപടികളെക്കുറിച്ചുള്ള ബോധവത്കരണം നടത്തി വരുന്നു.

പൊതുജനങ്ങൾക്കിടയിലെ വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായി ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾ വഴി ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ തുടങ്ങിയവ ജനങ്ങളിൽ എത്തിക്കുന്നു. സെക്ഷൻ ഓഫീസ് തലത്തിൽ സ്കൂളുകൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/റെസിഡൻസ് അസോസിയേഷൻസ് തുടങ്ങിയവ കേന്ദ്രീകരിച്ച് സുരക്ഷാ ക്ലാസ്സുകളും ബോധവത്കരണവും നടത്തുന്നുണ്ട്. എല്ലാ വർഷവും മേയ് മാസം ഒന്ന് മുതൽ എഴ് വരെ സുരക്ഷാ വാരം ആയി ആചരിക്കുന്നുണ്ട്. ഇതിനോടനുബന്ധിച്ച് എല്ലാ ഓഫീസുകളിലും " സമ്പൂർണ്ണ സുരക്ഷാ വർഷം 2019" " വൈദ്യുതി സുരക്ഷാവാരാചരണം - 2019 മേയ് 1 മുതൽ 7 വരെ" " വൈദ്യുതി സുരക്ഷ നടപടികൾ പാലിക്കു, വൈദ്യുതി അപകടങ്ങൾ ഒഴിവാക്കു" എന്ന ബോർഡ് സ്ഥാപിച്ചു. ഇതിന്റെ ഭാഗമായി റോഡ്ഷോ, ലഘുലേഖ വിതരണം, ഡോക്യുമെന്ററി പ്രദർശനം, ഗ്രാമപ്രദേശങ്ങളിൽ വാഹനം ഉപയോഗിച്ച് പ്രചരണം തുടങ്ങിയവ സംഘടിപ്പിച്ചിരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാ വിഭാഗം കുടുംബശ്രീ മിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ വഴി ബോധവത്കരണ ക്യാമ്പയിൻ നടത്താൻ തീരുമാനമായിട്ടുണ്ട്. അതിനുവേണ്ടി ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്ററുമായും ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായും ബന്ധപ്പെട്ട് സെക്ഷൻ ഓഫീസ് തലത്തിൽ കുടുംബശ്രീയിലെ അംഗങ്ങൾക്ക് സുരക്ഷാ പരിശീലന ക്ലാസ്സുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പുതുതായി ഇലക്ട്രിക് കണക്ഷനുകൾ നൽകുമ്പോൾ എല്ലാ പ്രെമിസസുകളിലും ഇ.എൽ.സി.ബി. നിഷ്കർഷിക്കുന്നുണ്ട്. നിലവിൽ ഇ.എൽ.സി.ബി. സ്ഥാപിച്ചിട്ടില്ലാത്ത പ്രെമിസസുകളിൽ ഇ.എൽ.സി.ബി. സ്ഥാപിക്കുന്നതിന് പൊതുജനങ്ങളുടെയിടയിൽ ബോധവത്കരണം നടത്തി വരുന്നുണ്ട്.

പൊട്ടി വീഴാൻ സാധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റി ദൃഢതയുള്ള എ.സി.എസ്.ആർ. കമ്പികൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയായി വരുന്നു.

കമ്പി പൊട്ടിവീണുള്ള അപകടങ്ങൾ കുറയ്ക്കാനായി ഓവർ ഹെഡ് ലൈനുകൾക്ക് ഗാർഡിംഗ് നൽകുവാനുള്ള നിർദ്ദേശം ഘട്ടംഘട്ടമായി നടപ്പിലാക്കുവാനും ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ എം.സി.സി.ബി. (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെയും വിതരണ ശൃംഖലയുടെയും എർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്.

(സി) കെ.എസ്.ഇ.ബി.എൽ. കാര്യക്ഷമമായ സേവനം നൽകുന്നതിന് ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും വേണ്ട പുനഃക്രമീകരണം നടത്തുന്നതിനും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഐ.ഐ.എം. കോഴിക്കോടിന്റെ ഒരു പഠനം നടത്തുകയുണ്ടായി. ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശിപാർശകൾ ഫുൾടൈം

ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ടി കമ്മിറ്റിയെ സഹായിക്കുന്നതിലേയ്ക്കായി രണ്ട് ഉപസമിതികളെയും ചുമതലപ്പെടുത്തി.

കെ.എസ്.ഇ.ബി.-യിലെ ജീവനക്കാരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാവുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി കരാറുകളിൽ ഏർപ്പെട്ടും വില കൂടിയ ദ്രവീകൃത ഇന്ധനം ഉപയോഗിച്ചുള്ള വൈദ്യുത ഉത്പാദനം അവശ്യ സന്ദർഭങ്ങളിൽ മാത്രം നടത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും കുറഞ്ഞ നിരക്കിലുള്ള വായ്പകൾ ലഭ്യമാക്കിയും സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

## കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

194 (5454) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. -യ്ക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നല്കുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശനിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-ൽ ഒരു തവണ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയതിനുപുറമെ 8-6-2018-ലും പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി

ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റു തരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായ മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉത്തരവ് ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശ്ശികകൾ തീർപ്പാക്കുവാനായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ജില്ലാതല കമ്മിറ്റികൾക്ക് ഇത്തരത്തിലുള്ള കുടിശ്ശികയുടെ മുതലിനത്തിൽ തന്നെ ഇളവുകൾ അടക്കം അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

## സൗര പദ്ധതി

195 (5455) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സൗര പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

### ഉത്തരം

സംസ്ഥാനത്തെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് സൗരപദ്ധതി വഴി ലക്ഷ്യമിടുന്നത്. (ഗാർഹിക ഉപഭോക്താക്കളുടെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 150 മെഗാവാട്ട്, സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിട മേൽക്കൂരയിൽ 100 മെഗാവാട്ട്, മറ്റ് വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ 250 മെഗാവാട്ട്). താഴെപ്പറയുന്ന 3 മാതൃകകളാണ് പദ്ധതിയിലുള്ളത്.

(1) ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ-ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിശ്ചിത ശതമാനം സൗജന്യമായി കെട്ടിടമുടമയ്ക്ക് നൽകുന്നു.

(2)ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉല്പാദിപ്പിക്കുന്ന വൈദ്യുതി ദീർഘകാലത്തേയ്ക്ക് (കരാർ കാലാവധി) നിശ്ചിത നിരക്കിൽ കെട്ടിടമുടമയ്ക്ക് നൽകുന്നു.

(3) കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സംരംഭകന്റെ ചെലവിൽ കെ.എസ്.ഇ.ബി.എൽ. സൗരനിലയം സ്ഥാപിക്കുന്നു.

(i) ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഭാഗികമായോ പൂർണ്ണമായോ നിശ്ചിത നിരക്കിൽ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നു.

അല്ലെങ്കിൽ

(ii) ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും സംരംഭകൻ ഉപയോഗിക്കുന്നു.

പദ്ധതിയിൽ താല്പര്യമുള്ള ഉപഭോക്താക്കൾക്ക് 2019 ജനുവരി 30 വരെ രജിസ്ട്രേഷൻ ചെയ്യാൻ അവസരം നൽകിയിരുന്നു. അതുപ്രകാരം ആകെ 2,78,258 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു. രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ കെട്ടിട മേൽക്കൂരകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുവാൻ അനുയോജ്യമാണോ എന്ന പ്രാഥമിക സാങ്കേതിക പഠനം നടന്നുവരുന്നു.

## വൈദ്യുതി സുരക്ഷ

196 (5456) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ലൈനുകൾ പൊട്ടി വീണ് അപകടങ്ങൾ ഉണ്ടാകുന്നത് തടയാൻ ഇന്ത്യൻ വൈദ്യുതി നിയമം 1956 -ൽ നിഷ്കർഷിച്ചിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(സി) ഇവ നടപ്പാക്കുമെന്ന് കാണിച്ച് സർക്കാർ ഹൈക്കോടതിയിൽ ഉറപ്പുനൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സുരക്ഷാ പ്രവൃത്തികൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ നിലവിൽ കെ.എസ്.ഇ.ബി.-യ്ക്ക് എന്താണ് തടസ്സമെന്ന് വിശദീകരിക്കുമോ; ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനായി ഇവ അടിയന്തരമായി നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 177 പ്രകാരം വൈദ്യുതി നിയമം 1956, Central Electricity Authority (Measures relating to Safety and Electric Supply) Regulations, 2010 ആയി മാറ്റി എഴുതിയിട്ടുണ്ട്.

i) ഈ റെഗുലേഷനിലെ സബ് റെഗുലേഷൻ 12-1 അനുശാസിക്കുന്നത്.

പുതിയ വൈദ്യുതി ലൈനുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുമ്പോൾ അവയ്ക്ക് മതിയായ വൈദ്യുത ശേഷി (പവർ), വൈദ്യുതി രോധന

ശേഷി (ഇൻസുലേഷൻ), ബലം (മെക്കാനിക്കൽ സ്ട്രെങ്ത്) എന്നിവ ഉണ്ടാവണമെന്നും ഇത്തരത്തിൽ സ്ഥാപിച്ച ലൈനുകൾ മനുഷ്യജീവനും സ്വത്തിനും മൃഗങ്ങൾക്കും സുരക്ഷ ഉറപ്പാക്കുന്ന തരത്തിൽ പരിപാലിക്കണം.

ii) ഈ റെഗുലേഷനിലെ സബ് റെഗുലേഷൻ 73-1 അനുശാസിക്കുന്നത്.

പൊതുനിരത്തുകളിലൂടെയോ, മൈനുകളിലൂടെയോ, ഫാക്ടറിയിലൂടെയോ ഉപഭോക്താവിന്റെ സ്ഥലത്തു കൂടെയോ ഇൻസുലേഷൻ ഇല്ലാത്ത വൈദ്യുത ലൈനുകൾ സ്ഥാപിക്കുമ്പോൾ അവ പൊട്ടുകയാണെങ്കിൽ, അപകടം ഒഴിവാക്കുന്നതിന് എർത്ത് ചെയ്തിട്ടുള്ള ഗാർഡിംഗ് നൽകി സംരക്ഷിക്കണം.

ഇന്ത്യൻ വൈദ്യുതി നിയമം 1956-ൽ, 74 മുതൽ 93 വരെയുള്ള സെക്ഷനുകളിലാണ് ഓവർഹെഡ് ലൈനുകളെക്കുറിച്ചും അവയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനാവശ്യമായ കാര്യങ്ങളും പ്രതിപാദിച്ചിട്ടുള്ളത്. ഇവയിൽ പ്രധാനമായും, ഉപയോഗിക്കുന്ന സാധനങ്ങൾക്ക് ആവശ്യം വേണ്ടുന്ന ഗുണനിലവാരത്തെക്കുറിച്ചും ലൈനുകൾ നിർമ്മിക്കുമ്പോൾ പാലിക്കപ്പെടേണ്ട ക്ലിയറൻസ്, ജോയിന്റ് ഗാർഡിംഗ്, എർത്തിംഗ് തുടങ്ങി സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിയമം ഇപ്പോൾ പ്രാബല്യത്തിലില്ല. Central Electricity Authority (Measures relating to Safety and Electric Supply) Regulations, 2010 ആണ് സുരക്ഷയുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലവിലുള്ളത്. പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

(സി) പത്തനംതിട്ട, പ്രക്കാനം കുളങ്ങരയിൽ ശ്രീ. ബിജി കുളങ്ങര മാത്യു, ഫയൽ ചെയ്ത പൊതുജന താല്പര്യ ഹർജി (O.P.No.5812 of 2002(S))-ന്മേൽ തീർപ്പുകൽപ്പിച്ച ബഹുമാനപ്പെട്ട ജസ്റ്റിസ് വി. ബാലി 2006 ജൂൺ 2-ന് പുറപ്പെടുവിച്ച ഉത്തരവിൽ, സംസ്ഥാനത്തെ ഇലക്ട്രിക് ലൈനുകളിലുണ്ടാകുന്ന ഷോർട്ട് സർക്യൂട്ട് 6 മാസത്തിനുള്ളിൽ പരിഹരിച്ചുകൊള്ളാമെന്നുള്ള കെ.എസ്.ഇ.ബി.-യുടെ ഉറപ്പ് രേഖപ്പെടുത്തുകയാണുണ്ടായത്.

(ഡി) ലൈനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എബിസി കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും ഗാർഡിംഗ് നിർമ്മിക്കുന്നതു വഴിയും കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടം ഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്.

വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കാനും കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി എബിസി കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും സ്ഥാപിച്ചുകൊണ്ടും നിർമ്മിക്കുന്ന ലൈനുകളുടെ ഗുണമേന്മ പൂർണ്ണമായും ഉറപ്പുവരുത്തികൊണ്ടും AAC കണ്ടക്ടറുകൾ മാറ്റി ACSR കണ്ടക്ടറുകൾ സ്ഥാപിച്ചുകൊണ്ടും വൈദ്യുതി ലൈനുകളിൽ നിന്നുള്ള അപകടങ്ങൾ ഒഴിവാക്കാൻ കെ.എസ്.ഇ.ബി.എൽ. ശ്രദ്ധിച്ചുവരുന്നു.

## വൈദ്യുതി വിതരണ മേഖലയിലെ നേട്ടങ്ങൾ

197 (5457) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ലോഡ്ഷെഡ്ഡിങ്ങോ പവർകട്ടോ ഇല്ലാതെ ഗുണമേന്മയുള്ള വൈദ്യുതി സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മുൻകാലങ്ങളിൽ കേരളത്തിലെ സ്ഥിരം കാഴ്ചയായിരുന്ന ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കിയതിന് പിന്നിലെ മാനേജ്മെന്റ് വൈഭവം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) 2017-ലും 2018-ലും ദേശീയ ഊർജ്ജ സംരക്ഷണ അവാർഡിന് കേരളത്തെ തെരഞ്ഞെടുത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ആഗോള നിലവാരത്തിൽ ഗുണമേന്മയുള്ള വൈദ്യുതി കുറഞ്ഞ ചെലവിൽ തടസ്സരഹിതമായും സുരക്ഷിതമായും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തിലേക്ക് എന്തൊക്കെ ചുവടുവയ്പുകളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) പ്രളയത്തെത്തുടർന്ന് വൈദ്യുതി തടസ്സം നേരിട്ട മുഴുവൻ ഉപഭോക്താക്കൾക്കും പത്ത് ദിവസത്തിനകം വൈദ്യുതി പുനഃസ്ഥാപിച്ചു നൽകിയത് എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(എഫ്) വനമേഖലയിലെ പഞ്ചായത്തായ ഇടമലക്കുടിയിൽ വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന് പുറമേ സംസ്ഥാനത്തിന് പുറമേനിന്നും വിവിധ കരാറുകളിലൂടെയും പവർ എക്സ്ചേഞ്ച് വഴിയും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കി പവർകട്ടും ലോഡ്ഷെഡ്ഡിംഗും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. ഇതിനായി കേന്ദ്ര വൈദ്യുത നിലയങ്ങളുമായി 1724 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറും സംസ്ഥാനത്തിന് പുറത്തുള്ള താപനിലയങ്ങളിൽനിന്നും 1215 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറിലും ഏർപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ വേനൽക്കാലത്തേയ്ക്ക് കരുതിവയ്ക്കുന്ന സംഭരണശേഷി ആവശ്യാനുസരണം ഉപയോഗിച്ച് ജല വൈദ്യുത നിലയങ്ങളിൽനിന്നുമുള്ള ഉൽപ്പാദനം കാര്യക്ഷമമായി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പവർ എക്സ്ചേഞ്ചിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുകയും ബാങ്കിംഗ് സംവിധാനത്തിലൂടെ വേനൽക്കാലത്ത് മറ്റ് സംസ്ഥാനങ്ങളിൽനിന്നും കരാറുകൾ മുഖേന കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുകയും ചെയ്തിട്ടുണ്ട്. 2016 മുതലുള്ള ദീർഘകാല കരാറുകളുടെയും ഹ്രസ്വകാല കരാറുകളുടെയും ബാങ്കിംഗ് സംവിധാനത്തിലൂടെ ലഭ്യമായ വൈദ്യുതിയുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. മേൽസൂചിപ്പിച്ച സംവിധാനങ്ങളിലൂടെയാണ് 2019 വേനൽക്കാലത്ത് സർവ്വകാല റെക്കോർഡായ 4316 മെഗാവാട്ട് വൈദ്യുതിയിലൂടെ ആവശ്യകതയും 88.34 ദശലക്ഷം യൂണിറ്റിന്റെ പ്രതിദിന ഉപഭോഗവും ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഇല്ലാതെ നിറവേറ്റിയത്.

(സി) 2017-ലും 2018-ലും സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് പരിപാടികളിലൂടെ നേടിയ ഊർജ്ജ ലാഭം, മാതൃകാ ഊർജ്ജ കാര്യക്ഷമ പദ്ധതികളുടെ നടത്തിപ്പ്, ഊർജ്ജ കാര്യക്ഷമ ഉപകരണങ്ങളുടെ വിതരണം, ബോധവൽക്കരണ പരിപാടികൾ എന്നിവയിലൂടെ നേടിയ ഊർജ്ജ ലാഭം എന്നിവ കണക്കിലെടുത്താണ് കേരളത്തെ ദേശീയ അവാർഡിന് തെരഞ്ഞെടുത്തത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് പരിപാടിയിലൂടെ 2016-17-ൽ 464 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 2017-18-ൽ 33.754 മില്ല്യൺ യൂണിറ്റ് വൈദ്യുതിയും ലാഭിക്കുവാൻ സാധിച്ചിട്ടുണ്ട്. മാതൃകാ ഊർജ്ജ കാര്യക്ഷമ പഞ്ചായത്ത്, എൽ.ഇ.ഡി. വില്ലേജ് പദ്ധതി എന്നിവയിലൂടെ ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങളുടെ വിതരണം നടത്തിയും ഊർജ്ജ ഓഡിറ്റ് നടത്തിപ്പിലൂടെയും പൊതുജന ബോധവൽക്കരണത്തിലൂടെയും ഊർജ്ജ ലാഭം നേടുന്നതിന് കേരളത്തിന് സാധിച്ചിട്ടുണ്ട്.

സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി വിഭാഗത്തിൽ (SDA) ദേശീയ അവാർഡ് തുടങ്ങിയത് 2008-ലാണ്. ഇതിനുശേഷം എനർജി മാനേജ്മെന്റ് സെന്ററിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽനിന്ന് 9 തവണ ഊർജ്ജസംരക്ഷണ അവാർഡ് ലഭിച്ചിട്ടുണ്ട്.

(ഡി) 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷൻ'-ൽ ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 'ദ്യുതി 2021' എന്ന സമഗ്ര പദ്ധതി നടപ്പാക്കുന്നതിലൂടെ നഗര-ഗ്രാമ വ്യത്യാസം ഇല്ലാതെ എല്ലായിടത്തും കുറഞ്ഞത് രണ്ട് സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി എത്തിക്കാൻ കഴിയുന്നവിധം വൈദ്യുതി വലയ സംവിധാനം രൂപപ്പെടുത്തുകയും അങ്ങനെ മുഴുവൻ സമയവും വൈദ്യുതി ലഭ്യത ഉറപ്പാക്കി ആഗോളതലത്തിലെ മികച്ച വൈദ്യുതി വിതരണ വിശ്വാസ്യത ആർജ്ജിക്കുകയുമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി എച്ച്.റ്റി. ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ശൃംഖലകളിൽ ബാക് ഫീഡിംഗ് സംവിധാനം ഉറപ്പുവരുത്തുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷികുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക

(റീ കണ്ടക്ടറിംഗ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്ന് പോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ഇലക്ട്രിക്കൽ ലൈനുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റാൻഡേർഡൈസേഷൻ തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4036.30 കോടി രൂപയുടെ പ്രവൃത്തികളാണ് 2018 മുതൽ 2021 വരെയുള്ള നാല് വർഷ കാലയളവിൽ, സർക്കിൾ തലത്തിൽ രൂപീകരിച്ച 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട ഏകദേശം 97.72 കോടി രൂപയുടെ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) പ്രളയക്കെടുതിയിൽ പ്രതിഷ്ഠാപനങ്ങൾക്ക് ഉണ്ടായ കേടുപാടുകൾ തീർത്ത് പ്രളയപൂർവ്വസ്ഥിതി കൈവരിക്കുന്നതിന് സാമ്പ്രദായക മാർഗ്ഗങ്ങൾ അവലംബിക്കുകയാണെങ്കിൽ ആയതിന് മാസങ്ങൾ എടുക്കുമെന്ന് കെ.എസ്.ഇ.ബി. തിരിച്ചറിയുകയും ബദൽ മാർഗ്ഗങ്ങൾ തേടുകയും ഉണ്ടായി. യുദ്ധസമാനമായ സാഹചര്യം മുന്നിൽ കണ്ട് മിഷൻ റീ കണക്ട് എന്ന പേരിൽ പ്രത്യേക ദൗത്യപദ്ധതി രൂപീകരിച്ച് മുന്നോട്ടുപോകുവാൻ KSEB തീരുമാനിച്ചു. തുടർന്ന് വൈദ്യുതി പുനഃസ്ഥാപനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി സംസ്ഥാന തലത്തിലും സർക്കിൾ, സെക്ഷൻ തലങ്ങളിലും കർമ്മസേനകളെ നിയോഗിച്ചു. 20 ലക്ഷം രൂപ വരെയുള്ള സാധനങ്ങൾ വാങ്ങുവാനുള്ള അധികാരം ചീഫ് എഞ്ചിനീയർമാർക്കും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും നൽകിയും ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കിയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായുള്ള സാധനസാമഗ്രികൾ പ്രളയവുമായി ബന്ധപ്പെട്ടുണ്ടായ വൈദ്യുതിതടസ്സം പരിഹരിക്കുന്നതിനായി ഉപയോഗിക്കുന്നതിനുള്ള ഉത്തരവുകൾ നൽകിയും സാധനസാഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തി. വൈദ്യുതി ബന്ധം പൂർണ്ണമായും പുനഃസ്ഥാപിക്കാൻ സാധിക്കാത്ത വീടുകളിൽ ഒരു ലൈറ്റും പ്ലഗ് പോയിന്റും ഉള്ള വൈദ്യുതി കണക്ഷൻ ഉറപ്പുവരുത്താനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. പ്രളയബാധിത പ്രദേശങ്ങളിലെ പുനഃസ്ഥാപന പ്രവൃത്തികൾക്കായി പ്രളയം ബാധിക്കാത്ത സ്ഥലങ്ങളിലെ ജീവനക്കാരുടെയും കരാർ ജോലിക്കാരുടെയും സേവനം ഉപയോഗപ്പെടുത്തിയിരുന്നു. ഇതുകൂടാതെ വിവിധ സംസ്ഥാനങ്ങളിലെ ഗവൺമെന്റ് & ഗവൺമെന്റിതര വൈദ്യുതവിതരണ ഏജൻസികളും കമ്പനികളും വൈദ്യുതി പുനഃസ്ഥാപിക്കാൻ വേണ്ട സഹായം ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിനകത്തുള്ള ടെക്നിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരും വിദ്യാർത്ഥികളും വയർമാൻ അസോസിയേഷനും വൈദ്യുതി പുനഃസ്ഥാപന പ്രക്രിയയിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

(എഫ്) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇടമലക്കുടി ആദിവാസി കോളനി വൈദ്യുതീകരണവും നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി 13.5 കി.മീ. 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കുകയും 3 കി.മീ. എൽ.റ്റി. സിംഗിൾ ഫേസ് ലൈനും, 1 കി.മീ. എൽ.റ്റി. ത്രീ ഫേസ് ലൈനും നിർമ്മിക്കുകയും, രണ്ട് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 200 ഭവനങ്ങളുടെ വയറിംഗ് പ്രവൃത്തികൾ ബോർഡ് ജീവനക്കാർ ഏറ്റെടുത്ത് നടത്തി ടി ഭവനങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്തു. പദ്ധതിയുടെ pre-feasibility report തയ്യാറാക്കിയിട്ടുണ്ട്.

## പുരപ്പുറ സൗരവൈദ്യുത പദ്ധതി

198 (5458) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ വൈദ്യുതി പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) നിലവിൽ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) പ്രാഥമിക പരിശോധനയിൽ എത്ര പേരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ പറ്റാവുന്നതായി കണ്ടെത്തിയത്;

(ഡി) കെ.എസ്.ഇ.ബി. നേരിട്ടാണോ എല്ലായിടത്തും ചെയ്യുന്നത്;

(ഇ) അനെർട്ട് മുഖാന്തരമാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് എന്നറിയിക്കാമോ ?

### ഉത്തരം

(എ) ഊർജ്ജ കേരള മിഷനിൽപ്പെട്ട സൗര പദ്ധതിയിൽ ഉൾപ്പെട്ട ഉപഭോക്താക്കളുടെ വീടുകളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പദ്ധതിയിൽ 278258 ഉപഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ സ്ഥലം സന്ദർശിച്ച് സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന്റെ സാങ്കേതിക സാദ്ധ്യത പരിശോധിക്കുന്ന സർവ്വേ 97 ശതമാനത്തിലേറെ പൂർത്തിയായിട്ടുണ്ട്.

(ബി) നിലവിൽ 278258 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിച്ച് രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ പുരപ്പുറം സന്ദർശിച്ച് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ സാദ്ധ്യമാണോ എന്ന സാങ്കേതിക പഠനത്തിന്റെ വിവരങ്ങൾ

ശേഖരിക്കുന്ന സർവ്വേ നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്. അത് പൂർത്തിയായതിനുശേഷമേ എത്ര പേരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുക എന്ന് കൃത്യമായി കണക്കാക്കാൻ പറ്റുകയുള്ളൂ.

(ഡി & ഇ) സുതാര്യമായ ടെണ്ടർ നടപടി ക്രമങ്ങളിലൂടെ കെ.എസ്.ഇ.ബി. നേരിട്ട് കരാർ നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ഇ.ബി.എൽ, അനെർട്ട്, ഇ.എം.സി., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങിയ സ്ഥാപനങ്ങൾ സംയുക്തമായാണ് ഊർജ്ജ കേരള മിഷനിൽപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്.

## വൈദ്യുതി ലൈനുകളിലേയ്ക്ക് നീണ്ടു നിൽക്കുന്ന മരച്ചില്ലകൾ സുരക്ഷിതമായി മുറിച്ചുനീക്കുന്നതിന് നടപടി

199 (5459) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ വൈദ്യുതി ലൈനുകളിലേക്ക് നീണ്ടു നിൽക്കുന്ന മരച്ചില്ലകൾ മുറിക്കുന്ന സമയത്ത് മരച്ചില്ലകൾ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റാതെ ഉപേക്ഷിച്ച് പോകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഉപേക്ഷിച്ചുപോകുന്ന മരച്ചില്ലകൾ കാൽനട യാത്രക്കാർക്കും വാഹന ഗതാഗതത്തിനും തടസ്സമുണ്ടാക്കുമെന്നതിനാൽ മരക്കൊമ്പുകൾ മുറിച്ചാലുടൻ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) വൈദ്യുതി ലൈനുകൾക്ക് മീതെയുള്ള ശിഖരങ്ങൾ മുറിക്കുന്ന പ്രവൃത്തി ആരെയാണ് കെ. എസ്. ഇ. ബി. ഏൽപ്പിച്ചിരിക്കുന്നത്; ഇതിന് കരാർ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി ലൈനുകളിലേയ്ക്ക് നീണ്ടുനിൽക്കുന്ന വൃക്ഷച്ചില്ലകൾ മുറിച്ചു മാറ്റിയാലുടൻ കാൽനട യാത്രക്കാർക്കും ഗതാഗതത്തിനും തടസ്സമുണ്ടാകാതെ സുരക്ഷിതമായി നീക്കുകയും പ്രവൃത്തികൾ തീരുന്ന മുറയ്ക്ക് ആയവ ബന്ധപ്പെട്ട വ്യക്തികൾക്കും/ ഉടമസ്ഥനും മറ്റും കൈമാറുകയോ, അല്ലെങ്കിൽ അവ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റിയിടുകയോ ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.-യിലെ അറ്റകുറ്റപ്പണി ജീവനക്കാരെയും കരാർ ജീവനക്കാരെയും ഉപയോഗിച്ചാണ് ടി പ്രവൃത്തികൾ/ജോലികൾ ചെയ്യുന്നത്. ബോർഡിന്റെ ലേബർ ഡേറ്റാ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ച് ഓർഡർ നൽകിയാണ് കരാർ അടിസ്ഥാനത്തിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നത്.

**അങ്കമാലി നിയോജകമണ്ഡലത്തിലെ എളവൂർ ചന്തയിലെ ട്രാൻസ്ഫോർമർ മാറ്റാൻ നടപടി**

200 (5460) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ എളവൂർ ചന്തയിൽ ട്രാൻസ്ഫോർമർ മാറ്റി വയ്ക്കുന്നതിന് 21-12-2018-ൽ നൽകിയ നിവേദനത്തിൽ കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ എളവൂർ ചന്തയിൽ 100 KVA ട്രാൻസ്ഫോർമർ മാറ്റി 160 KVA ട്രാൻസ്ഫോർമർ വയ്ക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും ആയതിനു വേണ്ടുന്ന എസ്റ്റിമേറ്റ് തുക പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് 25-3-2019-ൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. 160 KVA ട്രാൻസ്ഫോർമർ ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

**വൈദ്യുതി ബോർഡിന്റെ വരുമാന വർദ്ധനവ്**

201 (5461) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ബോർഡിന്റെ വരുമാനത്തിൽ എത്ര ശതമാനത്തിന്റെ വർദ്ധനവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മഴക്കാലങ്ങളിൽ അധിക വൈദ്യുതി ഉല്പാദിപ്പിക്കുക വഴി വരുമാനം എത്ര ശതമാനം വർദ്ധിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഡിറ്റ് പൂർത്തിയാക്കിയ കണക്ക് പ്രകാരം 2016-17 വർഷത്തിൽ 372.47 കോടി രൂപയും, 2017-18 വർഷത്തിൽ 1045.83 കോടി രൂപയും അധികവരുമാനമുണ്ടായി. 2018-19 വർഷത്തെ ആഡിറ്റ് പൂർത്തിയായിട്ടില്ല. 2015-16-നെ അപേക്ഷിച്ച് 2017-18-ൽ 12.6 ശതമാനം വർദ്ധന വരുമാനത്തിൽ ഉണ്ടായി.

(ബി) മഴക്കാലങ്ങളിൽ സംസ്ഥാനത്തിന്റെ ഉപഭോഗം വേനൽ മാസങ്ങളെ അപേക്ഷിച്ച് കുറയുന്നതിനാൽ ജലവൈദ്യുത ഉൽപ്പാദനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കഴിഞ്ഞ വേനൽ മാസത്തെ സംസ്ഥാനത്തിന്റെ റിക്കോർഡ് ദൈനംദിന ഉപഭോഗം 88.34 MU-ൽനിന്ന് ജൂൺ മാസത്തെ ശരാശരി ദൈനംദിന ഉപഭോഗം 72.17 MU ആയി കുറഞ്ഞിട്ടുണ്ട്. ആയതിനാൽ അതനുസരിച്ച് ജലവൈദ്യുത ഉൽപ്പാദനം കുറഞ്ഞിട്ടുണ്ട്.

| | ദൈനംദിന ഉപഭോഗം (MU) | വൈദ്യുതി ദൈനംദിന ജല ഉൽപ്പാദനം (MU) |
|---|---|---|
| ഏപ്രിൽ | 80.99 | 20.79 |
| മേയ് | 82.56 | 22.67 |
| ജൂൺ | 72.17 | 13.48 |

മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം ഈ മഴക്കാലത്ത് അധിക വൈദ്യുതി സംസ്ഥാനം ഉൽപ്പാദിപ്പിച്ചിട്ടില്ല.

## ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം

202 (5462) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാമിൽ (DELP) ഉൾപ്പെടുത്തി ഇതിനകം എത്ര എൽ. ഇ. ഡി. ബൾബുകൾ വിതരണം ചെയ്തു;

(ബി) ഇതിലൂടെ ഇതിനകം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ സാധിച്ചു ;

(സി) ഈ പദ്ധതിയ്ക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാമിൽ (DELP) ഉൾപ്പെടുത്തി 1-6-2019 നകം 13535335 എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു.

(ബി) DELP പദ്ധതി പ്രകാരം 20 വാട്ടിന്റെ ഒരു സി.എഫ്.എൽ. ബൾബും 60 വാട്ടിന്റെ ഒരു ഫിലമെന്റ് ബൾബും മാറ്റി 9 വാട്ടിന്റെ 2 എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. തൽഫലമായി ഉപഭോക്താവിന് ഒരു മാസം 7 യൂണിറ്റിന്റെ വൈദ്യുതി ലാഭമുണ്ടാകും. നാളിതുവരെ പദ്ധതിപ്രകാരം

വിതരണം ചെയ്ത എൽ.ഇ.ഡി. ബൾബുകൾ അനുസരിച്ച് പ്രതിമാസം 47 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിയും.

(സി) DLEP പദ്ധതിയിൽ ഉൾപ്പെടുത്തിയ എൽ.ഇ.ഡി. ബൾബുകളുടെ വിതരണത്തോടനുബന്ധിച്ചുള്ള എല്ലാ തുകകളും നാളിതുവരെ കെ.എസ്.ഇ.ബി.യുടെ അക്കൗണ്ടിൽനിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

## പിലാത്തറയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

203 (5463) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിച്ച് കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പിലാത്തറ കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണവും ബോർഡ് നടത്തിവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പിലാത്തറ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഓക്സിജൻ സിലിണ്ടറിന്റെ സഹായത്തോടെ ജീവിക്കുന്ന രോഗികൾക്ക് വൈദ്യുതി ഇളവ്

204 (5464) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ഓക്സിജൻ സിലിണ്ടറിന്റെ സഹായത്തോടെ ജീവിക്കുന്ന രോഗികൾക്ക് പ്രതിമാസം ഭീമമായ തുക വൈദ്യുതി ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം രോഗികൾക്ക് അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി തുകയിൽ ഇളവുവരുത്തുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 30-5-2012 ൽ നടന്ന മന്ത്രിസഭ യോഗത്തിൽ ലൈഫ് സപ്പോർട്ടിംഗ് സിസ്റ്റത്തിന്റെ സഹായത്തോടെ ജീവൻ നിലനിർത്തുന്ന രോഗികൾക്ക് സൗജന്യമായി വൈദ്യുതി നൽകാൻ തീരുമാനിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ബോർഡ് 18-10-2012-ലെ ഉത്തരവ് പ്രകാരം ജീവൻ സുരക്ഷാ സംവിധാനം (ഓക്സിജൻ കോൺസൻട്രേറ്റർ മാത്രം) ഉപയോഗിക്കുന്ന രോഗികൾക്ക് 1-9-2012 മുതൽ ചില നിബന്ധനകൾക്ക് വിധേയമായി പരമാവധി പ്രതിമാസം 100 യൂണിറ്റ് വരെ വൈദ്യുതി സൗജന്യമായി ബോർഡിന്റെ തനത് ഫണ്ടിൽനിന്ന് നൽകി വരുന്നുണ്ടായിരുന്നു.

എന്നാൽ 13-2-2014-ലെ G.O. (Rt) No. 50/2014/PD നമ്പർ പ്രകാരം ലൈഫ് സപ്പോർട്ടിംഗ് മെഷീൻ പ്രവർത്തിപ്പിക്കേണ്ടുന്നതിനാവശ്യമായ മുഴുവൻ വൈദ്യുതിയും, അർഹതപ്പെട്ട രോഗികൾക്ക്, ഗവൺമെന്റ് ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ നൽകാൻ ഉത്തരവായിട്ടുള്ളതും 26-6-2014 മുതൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രസ്തുത ഉത്തരവ് നടപ്പിലാക്കി വരുന്നതുമാണ്. മെഷീൻ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന അധിക വൈദ്യുതിയിൽ 100 യൂണിറ്റ് വരെ ഉപഭോഗത്തിനുള്ള വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി. ലിമിറ്റഡും, 100 യൂണിറ്റിനുമേൽ വരുന്ന ഉപഭോഗത്തിനുള്ള വൈദ്യുതി ചാർജ്ജ് ഗവൺമെന്റുമാണ് വഹിക്കുന്നത്.

(ബി) നിലവിൽ എല്ലാ ലൈഫ് സപ്പോർട്ടിംഗ് ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്കും അവരുടെ വരുമാന പരിധിയില്ലാതെയാണ് ആനുകൂല്യം നൽകിവരുന്നത്. ലൈഫ് സപ്പോർട്ടിംഗ് മെഷീൻ ഉപയോഗിക്കുന്നതുമൂലമുള്ള വൈദ്യുതി ചാർജ്ജ് പൂർണ്ണമായും ഇപ്പോൾ സൗജന്യമായി നൽകിവരുന്നതിനാൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കേണ്ട സാഹചര്യം ഉണ്ടാകുന്നില്ല.

**അനെർട്ടിന്റെ പ്രവർത്തനം**

205 (5465) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതോത്പാദനത്തിലും ഊർജ്ജസംരക്ഷണ മേഖലയിലും അനെർട്ടിന്റെ പ്രവർത്തനംമൂലമുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ട് വഴി നടപ്പാക്കുന്ന എത്ര പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും അവയുടെ പുരോഗതിയെന്താണെന്നും അറിയിക്കുമോ;

(സി) ഇപ്പോൾ ആരംഭിച്ചിട്ടുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) പുരപ്പുറ സൗരോർജ്ജ പദ്ധതി പോലെ പുരയിട വൈദ്യുതോത്പാദന പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വൈദ്യുതോൽപ്പാദന മേഖലയിൽ അനെർട്ടിന്റെ പ്രവർത്തനംമൂലമുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പുതിയതും പുതുക്കാവുന്നതുമായ ഊർജ്ജ മേഖലയിൽ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് അനെർട്ടാണ്.

സംസ്ഥാനത്ത് പുതിയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, ജൈവോർജ്ജം തുടങ്ങിയ മേഖലകളിൽ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങളും അവയുടെ ഉപകരണങ്ങൾ വ്യാപിപ്പിക്കലും ആണ് അനെർട്ടിന്റെ പ്രവർത്തനംകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇത്തരം ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി ഉൽപ്പാദനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതും അനെർട്ടിന്റെ കർത്തവ്യമാണ്. അത് അനെർട്ട് സ്തുത്യർഹമായി നിർവ്വഹിക്കുന്നുണ്ട്. കാറ്റാടി നിലയങ്ങളും സൗരോർജ്ജ നിലയങ്ങളും സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനത്തിൽ സ്വകാര്യ സംരംഭകർ മുന്നോട്ടുവരുന്നത് അനെർട്ടിന്റെ പ്രവർത്തനഫലമായാണ്. കേന്ദ്ര സർക്കാരിന്റെ MNRE മന്ത്രാലയത്തിന്റെ സംസ്ഥാന നോഡൽ ഏജൻസിയായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക വിദ്യ പ്രദാനം ചെയ്യുന്നതും അനെർട്ടാണ്. കഴിഞ്ഞ കാലങ്ങളിൽ മേൽക്കൂര സൗര വൈദ്യുതി നിലയങ്ങൾക്കായിരുന്നു അനെർട്ട് ശ്രദ്ധകൊടുത്തിരുന്നത്. കൂടാതെ പാലക്കാട് കുഴൽമന്ദത്ത് അനെർട്ടിന്റെ 2 മെഗാവാട്ട് സൗരനിലയം KSEB-യിലേയ്ക്ക് വൈദ്യുതി നൽകുന്നുമുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ട് ഗ്രിഡ്ബന്ധിത മേൽക്കൂര സൗരവൈദ്യുത പദ്ധതിക്കായിരുന്നു മുൻഗണന കൊടുത്തിരുന്നത്. സോളാർ കൂടാതെ പാലക്കാട് കഞ്ചിക്കോട് സ്വകാര്യ കമ്പനി 26 മെഗാവാട്ട് കാറ്റാടി നിലങ്ങളും കൂട്ടിച്ചേർത്തിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ രംഗത്ത്

പ്രാഗത്ഭ്യം ലഭിച്ചവർക്ക് അവാർഡ് നൽകുന്നത് ആരംഭിച്ചത് ഈ സർക്കാർ വന്നതിനുശേഷമാണ്. 2018-ലെ അവാർഡ് കഴിഞ്ഞ ആഴ്ചയാണ് പ്രഖ്യാപിച്ചത്. ഇടുക്കിയിലെ രാമക്കൽമേട്ടിൽ അനെർട്ട് നേരിട്ട് 3 മെഗാവാട്ട് സോളാർ-വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ആദ്യ ഘട്ടമായി 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. സോളാർ റേഡിയേഷൻ വിഭവ പഠനം നടത്തുന്നതിനുള്ള ഉപകരണങ്ങൾ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തും ഇടുക്കിയിലെ രാമക്കൽമേട്ടിലും സ്ഥാപിച്ചു. ഇത് കാലാവസ്ഥാ വിവരങ്ങൾ ശേഖരിക്കുന്നതിനും വലിയ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനും ഗുണകരമാണ്. അക്ഷയ ഊർജ്ജ സ്രോതസ്സുകളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉപഭോഗം കൂട്ടാനുള്ള വ്യവസ്ഥയാണ് റിന്യൂവബിൾ എനർജി പർച്ചേസ് ഒബ്ലിഗേഷൻ. ഇതുസംബന്ധിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷന് ഓരോ ത്രൈമാസ കാലയളവിലും അനെർട്ട് നൽകിവരുന്നു.

(സി) ഇപ്പോൾ ആരംഭിച്ചിട്ടുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതി കെ.എസ്.ഇ.ബി.എൽ. മുഖാന്തിരമാണ് നടപ്പാക്കുന്നത്. ഉപഭോക്താക്കളുടെ വീടുകളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന 'സൗര' പദ്ധതിയിൽ 31-1-2019-ൽ രജിസ്ട്രേഷൻ സമാപിക്കുകയും 278258 ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയുമുണ്ടായി. ഇതിൽ 277799 ഉപഭോക്താക്കൾ എൽ.റ്റി. വിഭാഗത്തിലും 452 ഉപഭോക്താക്കൾ എച്ച്.റ്റി. വിഭാഗത്തിലും 7 ഉപഭോക്താക്കൾ ഇ.എച്ച്.റ്റി. വിഭാഗത്തിലും പെടുന്നവരാണ്. ഇതിൽ 253948 ഉപഭോക്താക്കൾ വൈദ്യുതി ബോർഡ് പണം മുടക്കുന്ന സാമ്പത്തിക മാതൃകയും ബാക്കിയുള്ള 24,310 ഉപഭോക്താക്കൾ സ്വന്തമായി പണം മുടക്കുന്ന സാമ്പത്തിക മാതൃകയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ സ്ഥലം സന്ദർശിച്ച് സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന്റെ സാങ്കേതിക സാദ്ധ്യത പരിശോധിക്കുന്ന സർവ്വേ 97 ശതമാനത്തിലേറെ പൂർത്തിയായിട്ടുണ്ട്.

(ഡി) പുരപ്പുറ സൗരവൈദ്യുതി പദ്ധതി പോലെ പുരയിട സൗര വൈദ്യുത പദ്ധതി ആരംഭിക്കുന്നതിന് കഴിയില്ല. ഫലഭൂയിഷ്ഠമായ മണ്ണ് കൃഷിക്കുതന്നെ ഉപയോഗിക്കേണ്ടതാണ്. എങ്കിലും കൃഷിയോഗ്യമല്ലാത്ത സ്ഥലം തെരഞ്ഞെടുത്ത് ഇത്തരം നിലയങ്ങൾ സ്ഥാപിക്കുന്നതിൽ തെറ്റില്ല. ജലാശയങ്ങളുടെ മുകൾ ഭാഗവും ഇതിനായി ഉപയോഗിക്കാം.

## മഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ

206 (5466) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് 2019-20 സാമ്പത്തിക വർഷത്തിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ചതും നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിയാത്തതുമായ പ്രവൃത്തികളുടെ വിവരം തരംതിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) വിതരണ മേഖലയിൽ മഞ്ചേരി നിയോജകമണ്ഡലത്തിനുകീഴിൽ 2019-20 സാമ്പത്തിക വർഷത്തിൽ 18.525 കി.മീ. എച്ച്.ടി. ഓവർ ഹെഡ് ലൈനുകൾ, 4.5 കി.മീ. എച്ച്.ടി. ABC ലൈനുകൾ, 3 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 3.6 കി.മീ. എച്ച്.ടി. ഓവർ ഹെഡ് ലൈൻ ABC ലൈൻ ആക്കി മാറ്റുക, 22.19 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി കൺവേർഷൻ നടത്തുക, 9 കി.മീ. എച്ച്.ടി. ലൈനുകളും 269.95 എൽ.ടി. ലൈനുകളും റീ കണ്ടക്ടറിംഗ് ചെയ്യുക എന്നീ പ്രധാന പ്രവൃത്തികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പ്രധാന പ്രവൃത്തികളുൾപ്പെടെയുള്ള എല്ലാ പ്രവൃത്തികൾക്കുമായി ദ്യുതി-2021 പദ്ധതിയിൽ 623.02 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

i. മഞ്ചേരി നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലെ പ്രസരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 220 കെ.വി. സബ്സ്റ്റേഷൻ, മഞ്ചേരി (എളങ്കൂർ)യുടെ നിർമ്മാണം ട്രാൻസ്ഗ്രിഡ് പദ്ധതിയിൽപ്പെടുത്തി ചെയ്തുവരുന്നുണ്ട്. രണ്ട് 100 MVA ട്രാൻസ്ഫോർമർ ശേഷിയുള്ള ഈ സബ്സ്റ്റേഷൻ 2019-ൽത്തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ ഈ സബ്സ്റ്റേഷനെ നിലവിലുള്ള 110 കെ.വി. പ്രസരണ ശൃംഖലയുമായി ബന്ധപ്പെടുത്തുന്ന പ്രവൃത്തികളും ഈ സാമ്പത്തികവർഷം നടന്നുവരുന്നു.

ii. മഞ്ചേരി മുതൽ നിലമ്പൂർ വരെയുള്ള 66 കെ.വി. ലൈൻ 110 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തിയും ഈ സാമ്പത്തികവർഷം പൂർത്തിയാക്കുന്നതാണ്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വിതരണ മേഖലയിൽ ആരംഭിച്ചിട്ടുള്ളതിൽ 11 കെ.വി. ലൈൻ നിർമ്മാണ പ്രവൃത്തികളിൽ 3.3 കിലോമീറ്ററും, ട്രാൻസ്ഫോർമറുകളുടെ ഫെൻസിംഗ് നിർമ്മിക്കുന്ന പ്രവൃത്തികളിൽ അഞ്ചും പൂർത്തീകരിക്കാനുണ്ട്. ഇതിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രസരണ മേഖലയിലെ പ്രവൃത്തികൾ മുൻ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ചവയും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളവയുമാണ്.

**ഗാർഹിക കണക്ഷനുകൾ**

207 (5467) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി വൈദ്യുതിവൽക്കരിച്ച വീടുകളുടെ എണ്ണവും അതിനായി ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ബി.പി.എൽ. തുടങ്ങിയ വിഭാഗങ്ങൾക്ക് ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ പ്രത്യേക പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വീട്ടുനമ്പർ ലഭിക്കാത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി വൈദ്യുതീകരിച്ച വീടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | വീടുകളുടെ എണ്ണം | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| 1 | പാറശ്ശാല | 362 | 3859896 |
| 2 | വെള്ളറട | 241 | 2539897 |
| 3 | ഒറ്റശേഖരമംഗലം | 342 | 2847408 |
| 4 | പെരുംകടവിള | 277 | 2300000 |
| 5 | കൊല്ലായിൽ | 194 | 2115334 |
| 6 | അമ്പൂരി | 186 | 1954705 |
| 7 | ആര്യൻകോട് | 289 | 3099426 |
| 8 | കുന്നത്തുകാൽ | 349 | 3781274 |
| 9 | കള്ളിക്കാട് | 217 | 2496424 |
| | ആകെ | 2457 | 24994364 |

(ബി) സംസ്ഥാന സർക്കാരിന്റെ പ്രധാന വികസന പദ്ധതികളിലൊന്നായ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റ് പദ്ധതികൾ ഇല്ലാത്തതിനാൽ, നിലവിൽ 1000 വാട്ട്സ് വരെയുള്ള എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുവാൻ ദ്യുതി- 2021 പദ്ധതിയിൽ ഉൾപ്പെടുത്തി ബോർഡിന്റെ തനതു ഫണ്ടിൽനിന്നും 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാണ്.

(സി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പരോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും ഉണഭോക്താവിൽനിന്ന് വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷയോടൊപ്പം നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങിയതിന് ശേഷം വൈദ്യുത കണക്ഷൻ നൽകാൻ ഊർജ്ജ വകുപ്പ് ഉത്തരവിടുകയും കെ.എസ്.ഇ.ബി. അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകാനും ഉത്തരവുണ്ട്.

**അനെർട്ടിലെ ലേലം**

208 (5468) <u>ശ്രീ. എം. വിൻസെന്റ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എത്ര മേശ, കസേര,അലമാര, (തടിയിലുള്ളത്, ഇരുമ്പ്, പ്ലാസ്റ്റിക്) മറ്റു ഉപയോഗമില്ലാത്ത സാധങ്ങൾ എന്നിവ ലേലം നടത്തിയിട്ടുണ്ട്; എന്ത് തുകയ്ക്കാണ് ലേലം നടത്തിയത്; ഇവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) ഈ ലേലത്തിന് മുൻപ് ലേല സാധങ്ങളുടെ അപ്സെറ്റ് വാല്യൂ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അപ്സെറ്റ് വാല്യൂ നിശ്ചയിക്കുന്നതിനുള്ള കമ്മറ്റി അംഗങ്ങൾ ആരൊക്കെയാണ്; കമ്മിറ്റിയെ നിശ്ചയിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അനെർട്ടിന്റെ ഈ ലേല സാധനങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്ന സ്റ്റോർ കീപ്പർ ആരാണ്; ടിയാന്റെ പേരും തസ്തികയും ലഭ്യമാക്കാമോ;

(ഇ) സർക്കാർ നിയമങ്ങൾ കൃത്യമായി പാലിച്ചാണോ ടി ലേലം നടത്തിയിട്ടുള്ളത് എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) അനെർട്ടിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഉപയോഗപ്രദമല്ലാത്ത മേശ, കസേര, അലമാര എന്നിവ ലേലം ചെയ്തുനൽകിയിട്ടുണ്ട്. ഇതിന്റെ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*. ലേലത്തിൽ പങ്കെടുത്ത 4 പേരിൽ ഉയർന്ന തുകയായി വിളിച്ച 7,000 രൂപയ്ക്കാണ് ടി സാധനങ്ങൾ നൽകിയത്. ഇതുകൂടാതെ പഴയ ന്യൂസ് പേപ്പറുകൾ 1590 രൂപയ്ക്കും, പഴയ സീലിംഗ് ഫാനുകൾ 11,600 രൂപയ്ക്കും ലേലം ചെയ്തുനൽകിയിട്ടുണ്ട്.

(ബി) മേശ, കസേര, അലമാര എന്നിവയുടെ അപ്സെറ്റ് വാല്യൂ 3,495 രൂപയായും ന്യൂസ് പേപ്പറിന്റെ അപ്സെറ്റ് വാല്യൂ 1,000 രൂപയായും, പഴയ സീലിംഗ് ഫാനുകൾക്ക് 8,000 രൂപയായിട്ടുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) അപ്സെറ്റ് വാല്യൂ നിശ്ചയിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

(ഡി) അനെർട്ടിൽ സ്റ്റോർകീപ്പർ എന്ന തസ്തിക നിലവിലില്ല. എന്നാൽ അനെർട്ട് കേന്ദ്ര ഓഫീസിലെ സ്റ്റോക്കിന്റെ ചുമതല നൽകിയിട്ടുള്ളത് ടെക്നീഷ്യനായ ശ്രീ. ബി. അനിൽകുമാറിനാണ്.

(ഇ) ഉപയോഗയോഗ്യമല്ലാത്ത സാധനങ്ങൾ നടപടിക്രമങ്ങൾ പാലിച്ചാണ് ലേലം നടത്തിയിട്ടുള്ളത്. ശ്രീ. ആർ. ജയകുമാർ, പ്രോഗ്രാം ഓഫീസർ, ശ്രീ. ജെ. മനോഹരൻ, ടെക്നിക്കൽ ഓഫീസർ, ശ്രീ. സിനു, ഓഫീസ് അസിസ്റ്റന്റ് എന്നിവരാണ് ലേല നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്.

**വയനാട്ടിലെ സൗരോർജ്ജ പാനൽ പദ്ധതി**

209 (5469) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടിനുമുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് വയനാട് ജില്ലയിൽ നിന്നും ആകെ എത്ര അപേക്ഷയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ

(ബി) വയനാട് ജില്ലയിൽ ഈ പദ്ധതി നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പദ്ധതിയുടെ വയനാട് ജില്ലയിലെ നിലവിലെ സ്ഥിതി അറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉപഭോക്താക്കളുടെ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് സൗര പദ്ധതിയിൽ വയനാട് ജില്ലയിൽനിന്നും ആകെ 21140 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിവിധ മാതൃകകൾ ചുവടെ ചേർക്കുന്നു:

1. ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിശ്ചിത ശതമാനം സൗജന്യമായി കെട്ടിടമുടമയ്ക്ക് നൽകുന്നു.

2. ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ദീർഘകാലത്തേയ്ക്ക് (കരാർ കാലാവധി) നിശ്ചിത നിരക്കിൽ കെട്ടിടമുടമയ്ക്ക് നൽകുന്നു.

3. കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സംരംഭകന്റെ ചെലവിൽ കെ.എസ്.ഇ.ബി.എൽ. സൗരനിലയം സ്ഥാപിക്കുന്നു.

i. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഭാഗികമായോ പൂർണ്ണമായോ നിശ്ചിത നിരക്കിൽ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നു.

അല്ലെങ്കിൽ

ii. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും സംരംഭകൻ ഉപയോഗിക്കുന്നു.

(സി) വയനാട് ജില്ലയിൽ ആകെ ലഭിച്ച 21140 അപേക്ഷകളിൽ 18382 അപേക്ഷകരുടെയും സ്ഥലപരിശോധന പൂർത്തിയായിട്ടുണ്ട്.

## വൈദ്യുതി നിയന്ത്രണങ്ങൾ

210 (5470) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽമഴയുടെ കുറവും കാലവർഷം എത്തുന്നതിന് താമസവും നേരിട്ട സാഹചര്യത്തിൽ വൈദ്യുതി ഉത്പാദനത്തിൽ കുറവുണ്ടായിട്ടുണ്ടോ; 2019 ജൂൺ 19 ലെ പ്രധാന ജലവൈദ്യുത അണക്കെട്ടുകളിലെ ജലനിരപ്പ് വ്യക്തമാക്കുമോ; വിശദീകരിക്കുമോ;

(ബി) ഈ നില തുടർന്നാൽ ലോഡ്ഷെഡ്ഡിംഗ് ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ;

(സി) വേനൽകാലത്ത് വൈദ്യുതി ഉപഭോഗത്തിന് നിയന്ത്രണമേർപ്പെടുത്തി പവർക്കട്ട് പോലുള്ള കടുത്ത നടപടികളിൽ നിന്ന് ഒഴിവാക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജൂൺ 8-ന് കാലവർഷം ആരംഭിച്ചുവെങ്കിലും അസാധാരണമായി അറബിക്കടലിൽ രൂപംകൊണ്ട 'വായു' ചുഴലിക്കാറ്റ് സംസ്ഥാനത്തെ കാലവർഷത്തെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥ ഉണ്ടാവുകയും തൻമൂലം കാലവർഷം ദുർബ്ബലമാവുകയും ചെയ്തു. പിന്നീടിതുവരെ മഴ കാര്യമായി ലഭിക്കാത്ത സാഹചര്യത്തിൽ ഡാമുകളിലേയ്ക്കുള്ള നീരൊഴുക്കിന്റെ അളവും ഉപഭോഗത്തിന്റെ അളവും വേനൽക്കാലത്തെ അതേ അവസ്ഥയിലാണ് തുടരുന്നത്. പ്രസ്തുത സാഹചര്യത്തിൽ ജലനിരപ്പ് കൂടുതൽ താഴുന്നത് ക്രമീകരിക്കുന്നതിന്റെ ഭാഗമായി ജല വൈദ്യുതിയുടെ ഉൽപ്പാദനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.

ജൂൺ മാസം 19-ാം തീയതി രാവിലെ 7 മണിക്കുള്ള കണക്കനുസരിച്ച് ജല സംഭരണികളിലെ നിലവിലെ ജലനിരപ്പ് (മീറ്ററിൽ) താഴെ കൊടുത്തിരിക്കുന്നു.

1. ഇടുക്കി - 703.18
2. പമ്പ - 963.650
3. കക്കി - 932.328
4. ഷോളയാർ - 786.994
5. ഇടമലയാർ - 124.370
6. കുണ്ടള - 1741.500
7. മാട്ടുപ്പെട്ടി - 1567.000
8. കുറ്റ്യാടി - 744.870
9. തരിയോട് - 754.650
10. ആനയിറങ്കൽ - 1188.520
11. പൊന്മുടി - 683.650

12. നേര്യമംഗലം - 451.450

13. പൊരിങ്ങൽ - 414.900

14. ശെങ്കുളം (SBR) - 846.600

15. ലോവർ പെരിയാർ- 247.300

16. കക്കാട് - 183.000

(ബി) ജൂൺ മാസം 29-ാം തീയതി രാവിലെ 7 മണിക്കുള്ള കണക്കനുസരിച്ച് ഡാമുകളിലെ മൊത്തം ജല സംഭരണം 458.513 ദശലക്ഷം യൂണിറ്റാണ്. മൊത്തം സംഭരണശേഷി 390 ദശലക്ഷം യൂണിറ്റ് ആകുന്നതുവരെ ജല വൈദ്യുതിയുടെ ഉപഭോഗം പ്രതിദിനം 12 ദശലക്ഷം യൂണിറ്റായി നിശ്ചയിച്ചിട്ടുണ്ട്. മൊത്തം ജല സംഭരണം 390 ദശലക്ഷം യൂണിറ്റ് എത്തിയാൽ ജല വൈദ്യുതിയുടെ ഉപഭോഗം നിയന്ത്രിക്കുന്നതിനായി 'അലെർട്ട്' ലെവലുകൾ ഏർപ്പെടുത്തുവാനും ആവശ്യകത നിറവേറ്റുന്നതിനായി ഇതര നടപടികൾ സ്വീകരിക്കുവാനും തീരുമാനിക്കുകയുണ്ടായി. ഇപ്പോഴത്തെ സാഹചര്യത്തിൽ സംസ്ഥാനത്തിന് പുറമേനിന്നും കൊണ്ടുവരാവുന്ന പരമാവധി വൈദ്യുതിയുടെ അളവ് 63 ദശലക്ഷം യൂണിറ്റ് ആണെന്നിരിക്കെ ജല വൈദ്യുതിയുടെ ഉൽപ്പാദനം 12 ദശലക്ഷം യൂണിറ്റായി നിജപ്പെടുത്തിയാൽ സംസ്ഥാനത്തെ പരമാവധി വൈദ്യുതി ഉപഭോഗം 75 ദശലക്ഷം യൂണിറ്റായി പരിമിതപ്പെടുത്തേണ്ടിവരും. 2019 ജൂൺ മാസത്തിൽ കാലവർഷം പ്രതീക്ഷിച്ചതിലും വളരെ കുറവാണ്. ഈ നില തുടർന്നാൽ ലോഡ് ഷെഡ്ഡിംഗ് ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവന്നേക്കാം.

(സി) സംസ്ഥാനത്തെ ആഭ്യന്തര ഉൽപ്പാദനം കുറയ്ക്കേണ്ടി വന്നാൽ വൈദ്യുതി ആവശ്യകത നിറവേറ്റാൻ നിലവിലുള്ള പ്രസരണ ശൃംഖലയുടെ അപര്യാപ്തതമൂലം പവർ എക്സ്ചേഞ്ചിൽനിന്നും കൂടുതൽ വൈദ്യുതി ഇവിടെയെത്തിക്കാൻ ബുദ്ധിമുട്ടുണ്ട്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഇടമൺ-കൊച്ചി പ്രസരണ ശൃംഖല സമയബന്ധിതമായി പൂർത്തീകരിച്ചാൽ അന്യസംസ്ഥാനത്തിൽനിന്നുള്ള വൈദ്യുതി കുറഞ്ഞ വിലയ്ക്ക് കൂടുതൽ തോതിൽ ലഭ്യമാക്കി കേരളത്തിന്റെ വൈദ്യുതി ആവശ്യകത പ്രതിസന്ധികൾ ഇല്ലാതെ നിറവേറ്റാൻ സാധിക്കും.

കാലവർഷം ദുർബ്ബലമാകുകയും പ്രതീക്ഷിക്കുന്ന രീതിയിലുള്ള നീരൊഴുക്ക് ലഭ്യമാകാതിരിക്കുകയും ചെയ്താൽ മാത്രമേ വേനൽക്കാലത്ത് വൈദ്യുതി ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരികയുള്ളൂ.

## വൈദ്യുതി നയം

211 (5471) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ മേഖലയെ ശക്തിപ്പെടുത്തി,സമസ്ത മേഖലകളെയും വികസിപ്പിക്കുവാനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പു വരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി വൈദ്യുതി നയം രൂപീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഏർപ്പെട്ട ദീർഘകാല കരാർ വഴി നിരക്ക് കുറഞ്ഞ വൈദ്യുതി ഇപ്പോൾ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉപഭോക്താക്കൾക്ക് താങ്ങാവുന്ന നിരക്കിൽ ചെലവ് കുറഞ്ഞതും ഗുണമേന്മയുള്ളതുമായ വൈദ്യുതി ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി കെ.എസ്.ഇ.ബി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അടിസ്ഥാന സൗകര്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് വൈദ്യുതനയം 2019 രൂപീകരിക്കുന്നതിന്റെ ഭാഗമായി കരട് നയം പ്രസിദ്ധീകരിക്കുകയും ആയതിന്മേലുള്ള പൊതുഅഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്.

ലഭിച്ച പൊതുജനാഭിപ്രായങ്ങൾ പരിശോധിച്ചും ചർച്ചകൾ വഴി അഭിപ്രായങ്ങൾ സ്വീകരിച്ചും നയത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തി അന്തിമരൂപം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഏർപ്പെട്ട വിവിധ ദീർഘകാല കരാറുകളിൽനിന്നും 2018-19 കാലയളവിൽ ശരാശരി 4.43 രൂപ നിരക്കിൽ 7572 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിച്ചിട്ടുണ്ട്.

(സി) ഉപഭോക്താക്കൾക്ക് താങ്ങാവുന്ന നിരക്കിൽ ചെലവുകുറഞ്ഞതും ഗുണമേന്മയുള്ളതുമായ വൈദ്യുതി ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നിർമ്മാണം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനോടൊപ്പം അടുത്ത മൂന്ന് വർഷംകൊണ്ട് 1000 മെഗാവാട്ട്

സൗരോർജ്ജ ഉൽപ്പാദനം ലക്ഷ്യമിട്ട സൗര എന്ന പദ്ധതി ഊർജ്ജ കേരള മിഷനിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും 500 മെഗാവാട്ട്, സ്വകാര്യ ഉൽപ്പാദകരിൽനിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽനിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്- ഹൈവേ സോളാർ പദ്ധതികളിൽനിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഊർജ്ജ കേരള മിഷനിൽ പ്രഖ്യാപിച്ചിട്ടുള്ള "ദ്യുതി 2021'. വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കാർ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 'ദ്യുതി 2021' പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. നാല് വർഷംകൊണ്ട് 4036.30 കോടി രൂപ മുതൽമുടക്കുള്ള വിതരണ മേഖലയിലെ വികസന പദ്ധതിയാണ് ദ്യുതി 2021. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതി പ്രകാരം വിതരണ മേഖലയിൽ നാളിതുവരെ 98 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 206 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. ആസൂത്രണം ചെയ്തിട്ടുള്ള ബാക്കിയുള്ള പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

## മഞ്ചേരി - നിലമ്പൂർ വൈദ്യുത ലൈൻ ശേഷിവർദ്ധന

212 (5472) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി-നിലമ്പൂർ വൈദ്യുത ലൈൻ 110 കെ. വി. ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) നിർദ്ദിഷ്ട നിലമ്പൂർ ബൈപാസ് റോഡ് അലൈൻമെന്റുമായി ബന്ധപ്പെട്ട് 110 കെ. വി. ലൈൻ എങ്ങനെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനുള്ള ചെലവെത്രയെന്നും തുക വഹിക്കേണ്ടതാരെന്നും വ്യക്തമാക്കാമോ;

(സി) നിലമ്പൂർ ബൈപ്പാസിലൂടെയുള്ള 110 കെ. വി. ലൈൻ മോണോപോൾ ആയിട്ടാണോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ റൈറ്റ് ഓഫ് വേ ഇരു ഭാഗത്തേക്കും എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) നിർദ്ദിഷ്ട നിലമ്പൂർ ബൈപ്പാസ് റോഡിലൂടെയുള്ള ലൈൻ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കുന്നതിന് പൊതുമരാമത്ത്, വൈദ്യുതി വകുപ്പ് തലത്തിലുള്ള സംയുക്ത യോഗം ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മഞ്ചേരി - നിലമ്പൂർ വൈദ്യുത ലൈനിന്റെ ശേഷി 110 കെ.വി. ആയി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥാപിക്കേണ്ട 76 ടവറുകളിൽ 60 എണ്ണത്തിന്റെ ഫൗണ്ടേഷൻ സ്ഥാപിക്കുന്ന പ്രവൃത്തി കഴിഞ്ഞു.

- മഞ്ചേരി ടാപ് ടവർ മുതൽ എളങ്കൂർ 220 കെ.വി. സബ്സ്റ്റേഷൻ വരെയുള്ള ഭാഗത്തെ മരം മുറിക്കൽ പൂർത്തീകരിച്ചു.
- എളങ്കൂർ മുതൽ തിരുവാലിവരെയുള്ള ഭാഗത്തെ മരംമുറിക്കൽ പ്രവൃത്തി ടെണ്ടർ ചെയ്തു.
- 13 ടവറുകളുടെ ഇറക്ഷൻ അടിഭാഗം കഴിഞ്ഞു. ബാക്കി ജോലികൾ ചെയ്യുമ്പോൾ നിലമ്പൂർ മേഖലയിൽ വൈദ്യുത തടസ്സം ഉണ്ടാകും. ആയതിനാൽ ഉപഭോഗം കുറവാകുന്ന ജൂലൈ മുതൽ ഭാഗികമായി വൈദ്യുതി നിയന്ത്രണത്തോടുകൂടി പ്രവൃത്തികൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കെ.എസ്.ഇ.ബി. ഇപ്പോഴുള്ള 66 കെ.വി. ROW-ൽ തന്നെയാണ് 110 കെ.വി. ലൈനും വലിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ ലൈനിന്റെ ROW-ൽ തന്നെ പി.ഡബ്ല്യു.ഡി. നിർദ്ദിഷ്ട ബൈപ്പാസിന്റെ റൂട്ടും പിന്നീട് തീരുമാനിച്ചതിനാൽ 28-11-2018-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട എം.എൽ.എ.യെയും കെ.എസ്.ഇ.ബി. അധികാരികളെയും ഉൾപ്പെടുത്തി നടത്തിയ യോഗത്തിൽ നിർദ്ദിഷ്ട ബൈപ്പാസ് റോഡിന്റെ മധ്യത്തിലൂടെ മോണോപ്പോൾ സംവിധാനമുപയോഗിച്ച് ലൈൻ

സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് കെ.എസ്.ഇ.ബി. അനുമതി നൽകിയിട്ടുണ്ട്. എന്നാൽ നേരത്തെ പ്രസ്തുത പ്രവൃത്തിക്കായി ബോർഡ് അനുവദിച്ച തുകയിൽനിന്നും മോണോപ്പോൾ ഉപയോഗിക്കുന്നതിനാൽ അധികമായി 7,38,34,250 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. സ്വാഭാവികമായും പി.ഡബ്ല്യു.ഡി. ആണ് പ്രസ്തുത ചെലവ് വഹിക്കേണ്ടത്.

(സി) നിലമ്പൂർ ബൈപ്പാസിലൂടെ ഉള്ള 110 കെ.വി. ലൈൻ സാധാരണ ടവറുകൾക്ക് പകരം മോണോപോൾ സംവിധാനമുപയോഗിച്ചാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. 110 കെ.വി. ലൈനുകൾക്ക് ഇരുഭാഗത്തേയ്ക്കും 11 മീറ്റർ വീതമാണ് ROW. നിയമപ്രകാരം ലൈനുകളുടെ വെർട്ടിക്കൽ ക്ലിയറൻസ് (റോഡിൽ നിന്നും) പാലിച്ച് ഗതാഗത തടസ്സം ഉണ്ടാകാത്ത രീതിയിലാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്.

(ഡി) ബഹുമാനപ്പെട്ട എം.എൽ.എ.യുടേയും മലപ്പുറം ജില്ലാ കളക്ടറുടേയും സാന്നിദ്ധ്യത്തിൽ വ്യത്യസ്ത സമയങ്ങളിലായി സംയുക്ത യോഗങ്ങൾ നടന്നിട്ടുണ്ട്.

- 25-5-2018, 5-6-2018, 11-7-2018, 25-7-2018 എന്നീ തീയതികളിൽ പി.ഡബ്ല്യു.ഡി., കെ.എസ്.ഇ.ബി.എൽ.എ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം ചേർന്നിട്ടുണ്ട്.
- 1-11-2018-ന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി.വി. അൻവറിന്റെ സാന്നിദ്ധ്യത്തിൽ സംയുക്ത യോഗം മലപ്പുറം കളക്ടറേറ്റിൽവച്ച് നടക്കുകയുണ്ടായി.
- 8-11-2018-ന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി.വി. അൻവറിന്റെ സാന്നിദ്ധ്യത്തിൽ പി.ഡബ്ല്യു.ഡി., കെ.എസ്.ഇ.ബി.എൽ. എന്നിവയുടെ സംയുക്ത യോഗം നിലമ്പൂർ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽവച്ച് നടക്കുകയുണ്ടായി.
- 30-5-2019-ന് മലപ്പുറം കളക്ടറുടെ അദ്ധ്യക്ഷതയിൽ കലക്ടറേറ്റിൽവച്ച് സംയുക്ത യോഗം നടന്നിട്ടുണ്ട്.
- ഇവകൂടാതെ 28-11-2018-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ചേമ്പറിൽവച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യും കെ.എസ്.ഇ.ബി. അധികാരികളും പങ്കെടുത്ത ഒരു യോഗം ബഹുമാനപ്പെട്ട വൈദ്യുത മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.
- പ്രസ്തുത പ്രവൃത്തി ത്വരിതഗതിയിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെയും ഊർജ്ജ വകുപ്പിന്റെയും ഏകോപനം ആവശ്യമാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## വൈദ്യുത വിതരണ ശൃംഖല സ്മാർട്ടാക്കാൻ നടപടി

213 (5473) ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11 കെ. വി. വൈദ്യുത ലൈനുകളിലെ തകരാർ കണ്ടെത്തി പരിഹരിക്കുന്നതിന് നിലവിലെ സംവിധാനം എത്രമാത്രം പര്യാപ്തമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സംവിധാനം മെച്ചപ്പെടുത്തി വൈദ്യുത വിതരണ ശൃംഖല സ്മാർട്ടാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ചിട്ടുണ്ട്. ലൈൻ പട്രോൾ നടത്തിയും വിവിധ സെക്ഷനുകളായി ലൈൻ ഐസൊലേറ്റ് ചെയ്ത് ടെസ്റ്റ് ചാർജ് ചെയ്തും മറ്റും തകരാർ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്. ഈ സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ട് "Communicable Fault Pass Detector" എന്ന നൂതന സംവിധാനത്തിന്റെ വളരെ ചെലവു കുറഞ്ഞ ഒരു മോഡൽ ബോർഡ് ജീവനക്കാർത്തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് മൂന്നൂറോളം എണ്ണം പരീക്ഷണാടിസ്ഥാനത്തിൽ ഷൊർണ്ണൂർ, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ ഉപയോഗിച്ച് വളരെ ഫലപ്രദമെന്ന് വിലയിരുത്തിയിട്ടുമുണ്ട്. തകരാർ ഉണ്ടാകുന്ന സമയത്ത് വിവരം SMS ആയി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ്‌വെയർ വഴി തകരാർ ഉണ്ടായ സ്ഥലം അറിയുന്നതിനുമുള്ള നൂതന സംവിധാനമാണിത്. ഇത്തരത്തിലുള്ള 3000-ത്തോളം "Communicable Fault Pass Detector (CFPD)" ഇപ്പോൾ നിർമ്മാണത്തിലാണ്.

2021 ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന 'ദ്യുതി 2021'ന്റെ നാല് വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരത്തിലുള്ള 16223 CFPD സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ തകരാർ സംഭവിക്കാൻ സാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ ഇവ സ്ഥാപിക്കുവാനും പിന്നീട് മറ്റിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുമാണ് നിശ്ചയിച്ചിരിക്കുന്നത്.

## ഗാർഹിക ഊർജ്ജ നഷ്ടം

214 (5474) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗാർഹിക ഊർജ്ജ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദവിവരം നൽകുമോ?

ഉത്തരം

ഗാർഹിക ഊർജ്ജ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുന്ന നടപടികൾ ചുവടെ കൊടുക്കുന്നു.

1. സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ഉണ്ടാക്കിയ ധാരണപ്രകാരം 9 വാട്ട് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.40 കോടി ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു.

2. കെ.എസ്.സി.ബി.എൽ.-ന്റെ 211 സബ് ഡിവിഷൻ ജി.എസ്.എം. സെല്ലുകൾ വഴി ഉപഭോക്താക്കൾക്ക് നേരിട്ടും റസിഡൻസ് അസോസിയേഷനുകൾ, സാമൂഹിക സാംസ്കാരിക കലാ സംഘടനകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാണിജ്യ ഉത്സവാഘോഷ മേളകൾ മുതലായവ മുഖാന്തരവും ലഘുലേഖകളിലൂടെയും ക്ലാസ്സുകളിലൂടെയും ഊർജ്ജ സംരക്ഷണ ബോധവൽക്കരണം തുടർച്ചയായി നടത്തിവരുന്നു. കൂടാതെ സെക്ഷൻ ഓഫീസുകളിലെ എനർജി വോളണ്ടിയർമാർ ഉപഭോക്താക്കളുടെ ഊർജ്ജ ഉപഭോഗത്തെപ്പറ്റിയും ഊർജ്ജ സംരക്ഷണത്തെപ്പറ്റിയുമുള്ള പരാതികളും സംശയങ്ങളും വീടുകളിൽ നേരിട്ട് എത്തി നിവാരണം ചെയ്യുന്നു. ഊർജ്ജസംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ എത്തിക്കുകയും ചെയ്തു.

3. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുത്തുന്നതിലേയ്ക്കായി നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

4. കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജ ലഭ്യത ഉറപ്പാക്കുന്നതിനായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് " ഫിലമെന്റ് രഹിത കേരളം." കേരളത്തിലെ എല്ലാ ഫിലമെന്റ് ബൾബുകളും മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നത്.

പദ്ധതിയുടെ ഭാഗമായി ഗാർഹിക ഉപഭോക്താക്കൾക്ക് ഉൾപ്പെടെ ഗുണമേന്മയുള്ള എൽ.ഇ.ഡി. ബൾബുകൾ കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ സംഘങ്ങളുടെയും സഹായത്തോടെ ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ. ബൾബുകളും തിരിച്ചെടുത്ത് സുരക്ഷിതമായി സംസ്കരിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഗാർഹിക മേഖലയിൽ ഊർജ്ജനഷ്ടം കുറച്ചുകൊണ്ടു വരുന്നതിന് ഇ.എം.സി. താഴെപ്പറയുന്ന പരിപാടികൾ നടത്തിവരുന്നുണ്ട്:

മാതൃകാ ഊർജ്ജ കാര്യക്ഷമത ഗ്രാമ പഞ്ചായത്ത് പദ്ധതി

ഗ്രാമ പഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജകാര്യക്ഷമതാ ഗ്രാമ പഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. ഇതുപ്രകാരം ഈ പഞ്ചായത്തുകളിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സമ്പൂർണ്ണ ഊർജ്ജ സംരക്ഷണ/ഊർജ്ജകാര്യക്ഷമതാ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 9 വാട്ട്സിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. 35 വാട്ട്സിന്റെയും 18 വാട്ട്സിന്റെയും 200 വീതം എൽ.ഇ.ഡി. തെരുവ് വിളക്കുകൾ ഓരോ പഞ്ചായത്തിലും ലഭ്യമാക്കിയിട്ടുണ്ട്.

ഊർജ്ജ ക്ലിനിക്

വീടുകളിലെ ഊർജ്ജോപയോഗം എങ്ങനെ കാര്യക്ഷമമാക്കാം എന്ന് വീട്ടമ്മമാർക്ക് മനസ്സിലാക്കിക്കൊടുക്കുന്ന പരിപാടിയാണ് ഊർജ്ജ ക്ലിനിക്. ഇ.എം.സി.-യിൽനിന്നും പരിശീലനം ലഭിച്ച വനിതാ വാളണ്ടിയർമാരാണ് ഊർജ്ജ ക്ലിനിക് പരിപാടി നടത്തുന്നത്.

ഊർജ്ജ കിരൺ

കേരളത്തിലെ സർക്കാരിതര സംഘടനകളുമായി ചേർന്ന് കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഗാർഹിക ഊർജ്ജ സംരക്ഷണത്തിൽ പരിശീലന പരിപാടികൾ/ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നു.

സ്മാർട്ട് എനർജി പരിപാടി

വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനും അവരവരുടെ വീടുകളിൽ ഏതെല്ലാം വിധത്തിൽ ഊർജ്ജലാഭം നേടാം എന്ന് മനസ്സിലാക്കി കൊടുക്കുന്നതിനും സ്മാർട്ട് എനർജി പരിപാടി നിലവിലുണ്ട്.

സ്റ്റാൻഡേർഡ്സ് ആന്റ് സ്റ്റാർ ലേബലിംഗിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ

ഊർജ്ജ കാര്യക്ഷമതയുള്ള വൈദ്യുതോപകരണങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് പകരുന്നതിന് വിവിധ സംഘടനകളുമായി ചേർന്ന് സംസ്ഥാനത്തുടനീളം ബോധവൽക്കരണ പരിപാടികളും ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങളുടെ പ്രദർശനങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്. കേരളത്തിലെ പൊതുജന വായനശാലകളുമായി ചേർന്ന് പ്രാദേശിക തലത്തിൽ ഗാർഹിക ഊർജ്ജസംരക്ഷണത്തെക്കുറിച്ച് പൊതുജന ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

## കെ.എസ്.ഇ.ബി.യുടെ ഗാർഹിക വൈദ്യുതി നിരക്ക്

215 (5475) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്കാണ് നിലവിൽ കെ.എസ്.ഇ.ബി. സൗജന്യനിരക്കിൽ വൈദ്യുതി നൽകിവരുന്നത്; ഉപഭോഗം എത്ര യൂണിറ്റിൽ താഴെ ഉള്ളവർക്കാണ് ഈ ആനുകൂല്യം ലഭ്യമാകുന്നത്;

(ബി) ഇതുവഴി കെ.എസ്.ഇ.ബി.-യ്ക്ക് പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ നഷ്ടം വരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ലഭ്യമായിട്ടില്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കെ.എസ്.ഇ.ബി. വിലയിരുത്തിയിട്ടുള്ളത്;

(ഡി) ഇത്തരം കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഇപ്പോൾ ഈടാക്കുന്ന വൈദ്യുതി നിരക്കിന്റെ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത വൈദ്യുതി നിരക്ക് പരിഷ്കരിക്കുവാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ, 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസ ശരാശരി 20 യൂണിറ്റുവരെ ഉപഭോഗമുള്ളതുമായ, എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വൈദ്യുതി തികച്ചും സൗജന്യമായി നൽകിവരുന്നു. ഗവൺമെന്റ് സബ്സിഡി നൽകി വരുന്ന ടി വിഭാഗം ഉപഭോക്താക്കൾ ഏകദേശം 38,000 ഓളം വരും. കൂടാതെ, പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന, ഗാർഹിക ഉപഭോക്താക്കൾക്ക്, 40 യൂണിറ്റ് വരെ (പ്രതിമാസം) യൂണിറ്റൊന്നിന് 35 പൈസാ നിരക്കിലും, തുടർന്നുവരുന്ന ഓരോ യൂണിറ്റിനും 50 പൈസാ നിരക്കിലും ഗവൺമെന്റ് സബ്സിഡി നൽകിവരുന്നുണ്ട്. ഇതിന് പുറമേ 240 യൂണിറ്റിന് താഴെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഉപഭോക്താക്കൾക്ക് പ്രതിമാസം 20 രൂപ ഫിക്സഡ് ചാർജ്ജിനത്തിൽ സബ്സിഡി നൽകി വരുന്നു. ഇതിനുപുറമേ, പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതും, 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ളതുമായ, ദാരിദ്ര്യ രേഖയിൽപ്പെട്ടതുമായ ഏകദേശം 23000 വരുന്ന ഗാർഹിക വിഭാഗം ഉപഭോക്താക്കൾക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ 1.50 രൂപ നിരക്കിലാണ് വൈദ്യുതി നൽകുന്നത്.

(ബി) താഴെപ്പറയുന്ന വിഭാഗം ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതുമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിവർഷനഷ്ടം ചുവടെ ചേർക്കുന്നു:

1. കണക്ടഡ് ലോഡ് 500 വാട്ടിന് താഴെയും പ്രതിമാസ ഉപഭോഗം 20 യൂണിറ്റിന് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായിട്ടാണ് വിതരണം ചെയ്യുന്നത്. ഇതുമൂലമുള്ള പ്രതിവർഷനഷ്ടമായ ഏകദേശം 40 ലക്ഷം രൂപ സബ്സിഡിയായി കെ.എസ്.ഇ.ബി.-ക്ക് നൽകാൻ 20-6-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. 2012 ലെ നിരക്ക് വർദ്ധനവിൽനിന്ന് പ്രതിമാസ ഉപഭോഗം 120 യൂണിറ്റ് വരെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും ഒഴിവാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത നഷ്ടം സബ്സിഡിയായി കെ.എസ്.ഇ.ബി.-ക്ക് നൽകാൻ 6-8-2012-ലെ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നഷ്ടം 2-3-2016-ലെ ഉത്തരവ് പ്രകാരം പ്രതിവർഷം ഏകദേശം 384.12 കോടി രൂപയാണ്.

3. കൂടാതെ ലൈഫ് സപ്പോർട്ട് സിസ്റ്റത്തിന്റെ സഹായത്തോടെ രോഗികളായി കഴിയുന്നവരുടെ പ്രതിമാസ ഉപഭോഗത്തിൽ 100 യൂണിറ്റ് വരെയുള്ള വൈദ്യുതി സൗജന്യമായി നൽകുന്നുണ്ട്. പ്രസ്തുത നഷ്ടവും സർക്കാരിൽനിന്നും സബ്സിഡിയായി അനുവദിക്കുന്നതാണ്. ഈ ഇനത്തിൽ പ്രതിവർഷം ഏകദേശം 86 ലക്ഷം രൂപയുടെ നഷ്ടമുണ്ട്.

മുകളിൽ പറഞ്ഞ സബ്സിഡികൾ ബോർഡ് സർക്കാരിന് നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽനിന്നും തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നത്.

സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ നിലവിലുള്ള താരിഫ് ഉത്തരവിനനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന് നൽകുമ്പോഴുണ്ടാകുന്ന ശരാശരി ചെലവ് (Average Cost of Supply) 5.26 രൂപയാണ്. എന്നാൽ ഗാർഹിക വിഭാഗത്തിൽനിന്ന് ലഭിക്കുന്ന വരുമാനം കേവലം 4.13 രൂപ മാത്രമാണ്. ഇതുമൂലം ഉദ്ദേശം 1200 കോടിയോളം രൂപയുടെ വരുമാന നഷ്ടം ഉണ്ടെന്നാണ് കണക്കാക്കുന്നത്.

(സി&ഡി) 2016-17 വർഷത്തിൽ കേരള സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ വീടുകളും (വയറിംഗ് ചെയ്യാത്തതുൾപ്പെടെ) വൈദ്യുതീകരിക്കുകയുണ്ടായി. വയറിംഗ് ചെയ്തിട്ടില്ലാത്ത ബിപി.എൽ., എസ്.റ്റി. കുടുംബങ്ങളുടെ വീടുകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനികളുടെ Corporate Social Responsibility-യിൽപ്പെടുത്തിയും കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട് ഉപയോഗിച്ചും വയറിംഗ് കെ.എസ്.ഇ.ബി. ഏറ്റെടുത്ത് പൂർത്തിയാക്കുകയുണ്ടായി. 1,50,238 കുടുംബങ്ങൾക്ക് വൈദ്യുതി നൽകിക്കൊണ്ട് 29-5-2017-ന് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചു. വനംവകുപ്പിന്റെ അനുമതി ലഭിക്കാത്തതുകാരണവും റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കാനുള്ളതുകൊണ്ടും നൽകുവാൻ സാധിക്കാതിരുന്ന ചില കണക്ഷനുകൾ തടസ്സങ്ങൾ നീക്കി നൽകിവരുന്നുണ്ട്.

എന്നാൽ നിലവിൽ 1000 വാട്ട്സ് വരെയുള്ള എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുവാൻ ദ്യുതി-2021 പദ്ധതിയിൽ ഉൾപ്പെടുത്തി ബോർഡിന്റെ തനതുഫണ്ടിൽനിന്നും 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ ഗാർഹിക വിഭാഗം ഉപഭോക്താക്കളിൽനിന്നും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ പുറപ്പെടുവിച്ച 17-4-2017-ലെ ഉത്തരവുപ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കിവരുന്നത്.

വിശദാംശങ്ങൾ പട്ടിക- 1ൽ കൊടുത്തിരിക്കുന്നു.

<u>പട്ടിക- 1</u>

നിലവിലുള്ള നിരക്ക്

| പ്രതിമാസ ഉപഭോഗം (യൂണിറ്റിൽ) | നിരക്ക് (രൂപയിൽ) | കുറിപ്പ് |
|---|---|---|
| 0-40 | 1.50 | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും, 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ളതുമായ ഉപഭോക്താക്കൾക്കു മാത്രം ബാധകം |
| 0-50 | 2.90 | ടെലിസ്കോപ്പിക്ക് |
| 51-100 | 3.40 | |
| 101-150 | 4.50 | |
| 151-200 | 6.10 | |
| 201-250 | 7.30 | |
| 0-300 | 5.50 | നോൺ ടെലിസ്കോപ്പിക്ക് |
| 0-350 | 6.20 | |
| 0-400 | 6.50 | |
| 0-500 | 6.70 | |
| 500 ന് മുകളിൽ | 7.50 | |

പ്രതിമാസ ഫിക്സഡ് ചാർജ്ജ് സിംഗിൾ ഫേസ്- 30 രൂപ, ത്രീഫേസ് 80 രൂപ.

(എഫ്) വൈദ്യുതി നിയമം 2003-ലെ 62 & 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് പരിഷ്കരിക്കുവാനുള്ള അധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ

നിക്ഷിപ്തമാണ്. നിലവിൽ 17-4-2017-ലെ ഉത്തരവ് പ്രകാരമുള്ള വൈദ്യുതി നിരക്കാണ് ഈടാക്കി വരുന്നത്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് റെഗുലേഷൻ- 2018 പ്രകാരം, താരിഫ് പരിഷ്കരിക്കുന്നതിനുള്ള അപേക്ഷ വൈദ്യുതി ബോർഡ്, റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 31-10-2018 ന് സമർപ്പിച്ചിട്ടുണ്ട്.

എന്നാൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് സമർപ്പിച്ച അപേക്ഷയിന്മേൽ റെഗുലേറ്ററി കമ്മീഷൻ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.

**താരിഫ് റെഗുലേഷൻ**

216 (5476) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ താരിഫ് റെഗുലേഷൻ അനുസരിച്ച് 2018-19, 2020-21 എന്നീ വർഷങ്ങളിൽ വൈദ്യൂതി താരിഫ് പരിഷ്കരിക്കുന്നതിന് വൈദ്യൂതി റെഗുലേറ്ററി കമ്മീഷന് മുമ്പാകെ കെ.എസ്.ഇ.ബി. അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് തരത്തിലുള്ള താരിഫ് പരിഷ്കരണമാണ് ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) ഇതിന്മേൽ റെഗുലേറ്ററി കമ്മീഷന്റെ തീരുമാനം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (കമ്മീഷൻ) 5-10-2018 ൽ പുറപ്പെടുവിച്ച താരിഫ് ചട്ടങ്ങൾ പ്രകാരം, മതിപ്പ് വരവുചെലവുകൾ അനുവദിക്കുന്നതിനും, താരിഫ് പരിഷ്കരണത്തിനുമുള്ള അപേക്ഷ 31-10-2018-ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷം 1101.72 കോടി രൂപയുടേയും 2021-22 ൽ 700.44 കോടി രൂപയുടേയും അധികവരുമാനം പ്രതീക്ഷിക്കുന്ന പരിഷ്കരണത്തിനാണ് അപേക്ഷിച്ചിട്ടുള്ളത്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ച താരിഫ് പരിഷ്കരണ ശിപാർശകളിന്മേൽ വിവിധ കേന്ദ്രങ്ങളിൽവച്ച് പൊതു തെളിവെടുപ്പ് നടത്തുകയും ഉപഭോക്താക്കളിൽനിന്നും പൊതുജനങ്ങളിൽനിന്നും അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്. പെറ്റീഷന്മേൽ വിശദമായ പരിശോധന കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നടത്തിവരുന്നു. ടി നടപടികൾ അന്തിമഘട്ടത്തിലാണ്.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

217 (5477) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഉപഭോക്താക്കളിൽനിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എത്ര തുക പിരിച്ചെടുത്തുവെന്ന് അറിയിക്കാമോ;

(സി) കുടിശ്ശിക പിരിച്ചെടുക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടേയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. കൂടാതെ 8-6-2018-ൽ പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായ മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉത്തരവ് ബോർഡ് 20-8-2018-ന് പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശ്ശികകൾ തീർപ്പാക്കുവാനായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ജില്ലാതല കമ്മിറ്റികൾക്ക് ഇത്തരത്തിലുള്ള കുടിശ്ശികയുടെ മുതലിനത്തിൽ തന്നെ ഇളവുകൾ അടക്കം അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 31-12-2018 വരെ പ്രാബല്യം ഉണ്ടായിരുന്നു.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 പ്രകാരം വിവിധ ഉപഭോക്താക്കളിൽനിന്നും 1352.79 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (25-5-2016) 30-6-2016 വരെ നിലനിന്നിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (B.O(DF No. 636/2016/KSEB/TRAC/Supply Code/R3/OTS/2015) പ്രകാരം നില നിന്നിരുന്നു. ഈ പദ്ധതി പ്രകാരം 2 വർഷത്തിന് മുകളിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾ അപേക്ഷിക്കാൻ അർഹരായിരുന്നു. 5 വർഷത്തിൽ കൂടുതൽ കാലയളവിലെ കുടിശ്ശികയ്ക്ക് 6 ശതമാനം പലിശയും 2-5 വർഷത്തിനുള്ളിലെ കുടിശ്ശികയ്ക്ക് 8 ശതമാനം പലിശയുമാണ് അനുവദിക്കപ്പെട്ടിരിക്കുന്നത്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക തുകയിൽ മുതൽ ഒറ്റത്തവണയായി അടയ്ക്കണമെന്ന് നിഷ്കർഷിച്ചിരുന്നുവെങ്കിലും ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദീർഘകാല കുടിശ്ശികയുള്ള ഇതര ഉപഭോക്താക്കൾ എന്നിവർക്ക് ബോർഡിന്റെ ഫുൾടൈം ഡയറക്ടർമാരുടെ അനുവാദത്തോടുകൂടി പലിശയടവിന് ആറ് മാസ തവണ അനുവദിക്കപ്പെട്ടിരുന്നു. റവന്യൂ റിക്കവറി നടപടികളിൽപ്പെട്ടിരിക്കുന്ന ഉപഭോക്താക്കൾക്കും നിബന്ധനകൾക്ക് വിധേയമായി പദ്ധതി പ്രയോജനപ്പെടുത്താവുന്നതായിരുന്നു.

തുടർന്ന് 1-6-2018 മുതൽ 31-12-2018 വരെ നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി B.O. (FTD) No. 1846/2018 (KSEB/TRAC/OTS/R3/ 2018) Tvpm, dated 15-10-2018 നിലവിൽ വന്നിരുന്നു. ഇതുപ്രകാരം 2 വർഷത്തിന് മുകളിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് പദ്ധതി പ്രയോജനപ്പെടുത്താൻ സാധിക്കുമായിരുന്നു. ഈ പദ്ധതി പ്രകാരമുള്ള പലിശ നിരക്കുകൾ താഴെ പറയും പ്രകാരമായിരുന്നു.

2-5 വർഷം വരെയുള്ള കുടിശ്ശിക- 8 %

5 വർഷത്തിനു മുകളിൽ- 6%

ദീർഘകാലമായി പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങൾക്കും തോട്ടങ്ങൾക്കും MD charge 6 മാസമായി നിജപ്പെടുത്തുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി അപകടരഹിത കേരളം

218 (5478) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക മേഖലകളിൽ വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം ക്യാമ്പയിനുകളാണ് സർക്കാർ നടത്തി വരുന്നത്;

(സി) വൈദ്യുതി അപകടരഹിത കേരളം എന്ന ലക്ഷ്യം നേടുന്നതിനായി ഇ-സേഫ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെയും പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെയും വീടുകൾക്ക് സുരക്ഷിതമായ പുനർ വൈദ്യുതീകരണം സൗജന്യമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ & ബി) സംസ്ഥാനത്ത് ഗാർഹിക മേഖലയിലെ വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ചുവടെ കാണിച്ചിട്ടുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

i. ദൃശ്യ/ശ്രവ്യ/പത്ര മാധ്യമങ്ങൾ വഴി ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ തുടങ്ങിയവ ജനങ്ങളിൽ എത്തിക്കുന്നു.

ii. സെക്ഷൻ ഓഫീസ് തലത്തിൽ സ്കൂളുകൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/റെസിഡൻഷ്യൽ അസോസിയേഷൻസ് തുടങ്ങിയവയെ കേന്ദ്രീകരിച്ച് സുരക്ഷാ ക്ലാസ്സുകളും ബോധവൽക്കരണവും നടത്തുന്നുണ്ട്.

iii. എല്ലാ വർഷവും മേയ് മാസം ഒന്ന് മുതൽ ഏഴുവരെ സുരക്ഷാവാരമായി ആചരിക്കുന്നുണ്ട്. ഇതിനോടനുബന്ധിച്ച് എല്ലാ ഓഫീസുകളിലും "സമ്പൂർണ്ണ സുരക്ഷാ വർഷം 2019" " വൈദ്യുതി സുരക്ഷാ വാരാചരണം- 2019 മേയ് 1 മുതൽ 7 വരെ" "വൈദ്യുതി സുരക്ഷാ നടപടികൾ പാലിക്കു, വൈദ്യുതി

അപകടങ്ങൾ ഒഴിവാക്കൂ" എന്ന ബോർഡ് സ്ഥാപിച്ചു. ഇതിന്റെ ഭാഗമായി റോഡ് ഷോ, ലഘുലേഖ വിതരണം, ഡോക്യുമെന്ററി പ്രദർശനം, ഗ്രാമപ്രദേശങ്ങളിൽ വാഹനം ഉപയോഗിച്ച് പ്രചരണം തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ,

iv. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാ വിഭാഗം കുടുംബശ്രീ മിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ ഭാഗമായി ബോധവൽക്കരണ ക്യാമ്പയിൻ നടത്താൻ തീരുമാനമായിട്ടുണ്ട്. അതിനുവേണ്ടി ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്ററുമായും ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായും ബന്ധപ്പെട്ട് സെക്ഷൻ ഓഫീസ് തലത്തിൽ കുടുംബശ്രീയിലെ അംഗങ്ങൾക്ക് സുരക്ഷാ പരിശീലന ക്ലാസ്സുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

v. പുതുതായി ഇലക്ട്രിക് കണക്ഷനുകൾ നൽകുമ്പോൾ എല്ലാ പ്രെമിസസുകളിലും ELCB നിഷ്കർഷിക്കുന്നുണ്ട്. നിലവിൽ ELCB സ്ഥാപിച്ചിട്ടില്ലാത്ത പ്രെമിസസുകളിൽ ELCB സ്ഥാപിക്കുന്നതിന് പൊതുജനങ്ങളുടെയിടയിൽ ബോധവൽക്കരണം നൽകി വരുന്നുണ്ട്.

(സി) ഉണ്ട്. വൈദ്യുതി അപകടം ഒഴിവാക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന സുരക്ഷ ഉറപ്പുവരുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഇ-സേഫ് പദ്ധതി നടപ്പാക്കുന്നത്. ബഹുജന ബോധവൽക്കരണ പ്രവർത്തനങ്ങൾ, വയറിംഗ് സംവിധാനത്തിൽ ELCB അടക്കമുള്ള സുരക്ഷാ ഉപകരണങ്ങൾ ഉറപ്പുവരുത്താനാവശ്യമായ ക്യാമ്പയിനുകൾ, വൈദ്യുതി അപകടങ്ങൾ സംബന്ധിച്ച് പരിശോധനകളും മുൻകരുതൽ നടപടികൾ, വൈദ്യുതി ലൈൻ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയിൽ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തൽ തുടങ്ങി ഒട്ടേറെ നടപടികൾ ഇ-സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി) പാലക്കാട് അഗളി, പുതൂർ ഷോളയൂർ എന്നീ പ്രദേശങ്ങളിൽ ഏകദേശം നാനൂറോളം വീടുകളിൽ റീവയറിംഗ് നടത്തി ഇ.എൽ.സി.ബി. സ്ഥാപിച്ച് വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി നാനൂറ്റി അറുപത് വീടുകളിൽ വൈദ്യുതീകരണം നടത്തുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വൈദ്യുതി ബിൽ കുടിശ്ശിക

219 (5479) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ ഗാർഹിക വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2019-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഉള്ളടക്കം അറിയിക്കാമോ;

(സി) മതിയായ പഠനങ്ങൾ നടത്താതെ ഗാർഹിക വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചാൽ അത് കുടുംബ ബജറ്റ് താളം തെറ്റിക്കുമെന്നതിനാൽ നിരക്ക് വർദ്ധനവിൽ നിന്ന് സർക്കാർ പിൻതിരിയുമോ; വിശദമാക്കാമോ;

(ഡി) വൈദ്യുതി ബിൽ കുടിശ്ശിക ഇനത്തിൽ നാളിതുവരെയായി പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്ന് അറിയിക്കാമോ; 10 ലക്ഷത്തിന് മുകളിൽ കുടിശ്ശികയുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയുടെ പട്ടിക നൽകാമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 5-10-2018-ൽ പുറത്തിറക്കിയ താരിഫ് ചട്ടങ്ങൾ പ്രകാരം 2018-19 മുതൽ 4 വർഷത്തേയ്ക്കുള്ള മതിപ്പ് വരവുചെലവുകൾ (ARR&ERC) അനുവദിക്കുന്നതിനും, 2018-19, 2020-21 സാമ്പത്തിക വർഷങ്ങളിൽ, ഗാർഹിക വിഭാഗം ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഹരിക്കുന്നതിനുമുള്ള അപേക്ഷ 31-10-2018-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ടി. അപേക്ഷയിൽ റെഗുലേറ്ററി കമ്മീഷൻ വിശദമായ പരിശോധന നടത്തിവരുന്നു. എന്നാൽ, വൈദ്യുതി ചാർജ്ജ് വർദ്ധനവിനുള്ള അപേക്ഷയിന്മേൽ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) വൈദ്യുതി നിരക്ക് പരിഷ്കരണം സംബന്ധിച്ച തീരുമാനങ്ങൾ എടുക്കേണ്ടത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകുന്ന പെറ്റീഷനിൽ പൊതു തെളിവെടുപ്പുകൾ നടത്തി കണക്കുകൾ വിശദമായി പഠിച്ച് നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരണ നടപടികൾ സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ പഠനങ്ങൾ നടത്തുന്നത് റെഗുലേറ്ററി കമ്മീഷനാണ്.

(ഡി) 31-3-2019-ലെ ക്രോഡീകരിച്ച കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി കുടിശ്ശിക ഇനത്തിൽ (പലിശ ഇല്ലാതെ) പിരിഞ്ഞുകിട്ടാനുള്ളത് 1388.20 കോടി രൂപയാണ്. 10 ലക്ഷത്തിനുമുകളിൽ കുടിശ്ശികയുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യുടെ സ്ട്രീറ്റ് ലൈറ്റുകൾ

220 (5480) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ സ്ട്രീറ്റ് ലൈറ്റുകൾ നിശ്ചിത സമയം പ്രകാശിപ്പിക്കുന്നതിന് സ്ഥാപിച്ചിരിക്കുന്ന ടൈമറുകൾ പ്രവർത്തിക്കാത്തതുമൂലം 24 മണിക്കൂറും ലൈറ്റുകൾ കത്തുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.-യ്ക്ക് പ്രതിവർഷം ഉണ്ടാകുന്ന ശരാശരി വൈദ്യുതി നഷ്ടം എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമൂലം ശരാശരി എത്ര കോടി രൂപയുടെ നഷ്ടം കെ.എസ്.ഇ.ബി.യ്ക്ക് വരുന്നുവെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ;

(സി) വൈദ്യുതി വിതരണരംഗത്ത് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ എത്ര ശതമാനം പ്രസരണത്തിലൂടെ നഷ്ടമാകുന്നു; ആയത് എത്ര മെഗാവാട്ട്; ഇതുമൂലം കെ.എസ്.ഇ.ബി.-യ്ക്ക് പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ നഷ്ടം സംഭവിക്കുന്നു; വിശദമാക്കുമോ;

(ഡി) ഇത് തടയുന്നതിന് പ്രധാന നഗരങ്ങളിലെങ്കിലും ഭൂഗർഭ കേബിൾ സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സ്ട്രീറ്റ് ലൈറ്റ് കണക്ഷനുകൾ രണ്ട് തരത്തിലാണുള്ളത്. മീറ്ററുകൾ ഘടിപ്പിച്ചിട്ടുള്ള കണക്ഷനുകളും മീറ്ററുകൾ ഘടിപ്പിച്ചിട്ടില്ലാത്തവയും. മീറ്ററുകൾ ഘടിപ്പിച്ചിട്ടില്ലാത്ത സ്ട്രീറ്റ് ലൈറ്റുകളുടെ ബില്ലിംഗ്, സ്ട്രീറ്റ് ലൈറ്റിന്റെ ഇനത്തിന്റെയും വാട്ടേജിന്റെയും ഉപയോഗിക്കുന്ന മണിക്കൂറിന്റെയും അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്.

സ്ട്രീറ്റ് ലൈറ്റുകൾ അനാവശ്യമായി കത്തിക്കിടക്കുന്നതുമൂലമുണ്ടാകുന്ന വൈദ്യുതി നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടില്ല. സപ്ലൈ കോഡ് അനുശാസിക്കുന്നത് പ്രകാരം എല്ലാ സ്ട്രീറ്റ് ലൈറ്റുകളിലും മീറ്ററുകൾ ഘടിപ്പിച്ച് കൃത്യമായി ഉപഭോഗമനുസരിച്ചുള്ള ചാർജ്ജ് ഈടാക്കുവാനും ഇപ്രകാരം ഊർജ്ജ ദുർവ്യയം നിരുത്സാഹപ്പെടുത്താനുള്ള നടപടികളാണ് ബോർഡ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ മീറ്റർ ചെയ്യപ്പെടുന്ന സ്ട്രീറ്റ് ലൈറ്റുകൾ കൺട്രോളറുകളുടെ കേടുപാടുകൾ കാരണം കത്തിക്കിടക്കുന്നത് ഒഴിവാക്കാനായി താമസംവിനാ അവ മാറ്റി സ്ഥാപിക്കുകയോ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുകയോ ഫ്യൂസുകൾ ഘടിപ്പിച്ചിട്ടുള്ള ബദൽ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്ത് വൈദ്യുതി നഷ്ടം വരാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രസരണ വിതരണ നഷ്ടം 2017-18 സാമ്പത്തിക വർഷം 13.07 ശതമാനം ആയിരുന്നു. ആകെ 3181.61 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് സാങ്കേതിക വാണിജ്യ നഷ്ടത്തിലൂടെ നഷ്ടമായത്. ഇത് ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ തോതുകളിലൊന്നായിട്ടാണ് കണക്കാക്കുന്നത്. സാങ്കേതിക നഷ്ടം ഒരു പരിധിവരെ മാത്രമേ കുറയ്ക്കുവാൻ കഴിയുകയുള്ളൂ. വാണിജ്യനഷ്ടം പൂർണ്ണമായും ഒഴിവാക്കാൻ കഴിയുന്നതാണ്. സാങ്കേതിക വാണിജ്യനഷ്ടം ഓരോ വർഷവും കുറച്ചുകൊണ്ട് വരുന്നതുകൊണ്ട് പുറമേനിന്നു വാങ്ങുന്ന വൈദ്യുതിയുടെ അളവിൽ അത്രയും കുറവു വരുത്താനാവുകയും അതുവഴി സാമ്പത്തിക ലാഭവും ഉണ്ടാകുന്നുണ്ട്. ആകെ പ്രസരണ വിതരണ നഷ്ടം സാങ്കേതിക കാരണങ്ങളാൽ പൂർണ്ണമായി ഒഴിവാക്കാനാകാത്തതിനാലും ആയത് 2017-18-ലേയ്ക്ക് റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച ടാർജറ്റ് ആയ 13.66 ശതമാനത്തിനേക്കാൾ കുറവായതിനാലും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

(ഡി) ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതുവഴി സാങ്കേതിക നഷ്ടം പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ല. ഓവർഹെഡ് ലൈനുകളെ അപേക്ഷിച്ച് നഷ്ടം കുറവാണെങ്കിലും ഇവ സ്ഥാപിക്കുന്നതിനുള്ള ചെലവ് അധികമാണ്. ഓവർഹെഡ് ലൈൻ വലിക്കാൻ സാധിക്കാത്തയിടങ്ങളിലും സുരക്ഷ മുൻനിർത്തി മറ്റ് ആവശ്യഘട്ടങ്ങളിലും ഭൂഗർഭ കേബിളുകൾ സ്ഥാപിക്കാറുണ്ട്. ദ്യുതി പദ്ധതിയിലും ഇ-സേഫ് പദ്ധതിയിലും ഉൾപ്പെടുത്തി ഭൂഗർഭ ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ചെയ്തുവരുന്നു.

നിലവിൽ RAPDRP- പദ്ധതി നടപ്പിലാക്കി വരുന്ന എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരപ്രദേശങ്ങളിൽ അണ്ടർഗ്രൗണ്ട് കേബിൾ സംവിധാനം നടപ്പിലാക്കിവരുന്നു.

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി നാളിതുവരെ നഗരപ്രദേശങ്ങളിൽ 1810 കിലോമീറ്റർ 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിച്ചുകഴിഞ്ഞു.

| | | |
|---|---|---|
| APDRP | 395 km | പൂർത്തീകരിച്ച പദ്ധതികൾ |
| R-APDRP | 1357 km | |
| IPDS | 58 km | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 193 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതിൽ 58 കിലോമീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. |

## സോളാർ വൈദ്യുതി

221 (5481) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിട സൗകര്യമുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സോളാർ വൈദ്യുതി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ സ്വകാര്യ വ്യക്തികൾക്കും സംരംഭങ്ങൾക്കും സർക്കാരിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ) എല്ലാ സർക്കാർ കെട്ടിടങ്ങളുടെയും മുകളിൽ സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുക എന്നതാണ് സർക്കാർ നയം. ആദ്യപടി എന്ന നിലയിൽ സിവിൽ സ്റ്റേഷനുകളിൽ സോളാർ വൈദ്യുതീകരണം നടത്താനുള്ള ശ്രമം നടത്തുന്നു.

(ബി) കേന്ദ്ര സർക്കാരിൽനിന്നുള്ള സബ്സിഡി 3 മാസംകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. വ്യക്തികൾക്ക് ഈ സൗകര്യം ഉപയോഗിക്കാവുന്നതാണ്. സ്വകാര്യ സംരംഭകരെയും പൊതുമേഖലാ സ്ഥാപനങ്ങളെയും ഉൾക്കൊള്ളിച്ച് അനെർട്ട് എംപാനൽ ചെയ്യുന്ന ലിസ്റ്റിൽ ഉൾപ്പെട്ടവരാണ് നിലയം സ്ഥാപിച്ചു നൽകുന്നത്.

അനെർട്ട് സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കൊമേഴ്സ് വെബ്പോർട്ടൽ വഴി വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത സബ്സിഡി അനെർട്ട് വഴിയാണ് വിതരണം ചെയ്യുന്നത്.

ഇതുകൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഉപഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

## വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന്റെ പുരോഗതി

222 (5482) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താവിന്റെ വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ നടപടിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എങ്ങനെ എന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉപഭോക്താക്കളുടെ വീടുകളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പദ്ധതിയിൽ 278258 ഉപഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ സ്ഥലം സന്ദർശിച്ച് സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന്റെ സാങ്കേതിക സാദ്ധ്യത പരിശോധിക്കുന്ന സർവ്വേ 97 ശതമാനത്തിലേറെ പൂർത്തിയായിട്ടുണ്ട്.

പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിവിധ മാതൃകകൾ ചുവടെ ചേർക്കുന്നു:

1. ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിശ്ചിത ശതമാനം സൗജന്യമായി കെട്ടിടമുടമയ്ക്ക് നൽകുന്നു.
2. ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ദീർഘകാലത്തേയ്ക്ക് (കരാർ കാലാവധി) നിശ്ചിത നിരക്കിൽ കെട്ടിടമുടമയ്ക്ക് നൽകുന്നു.
3. കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സംരംഭകന്റെ ചെലവിൽ കെ.എസ്.ഇ.ബി.എൽ. സൗരനിലയം സ്ഥാപിക്കുന്നു.

(i) ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഭാഗികമായോ പൂർണ്ണമായോ നിശ്ചിത നിരക്കിൽ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നു

അല്ലെങ്കിൽ

(ii) ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും സംരംഭകൻ ഉപയോഗിക്കുന്നു.

(ബി) ആകെ 278258 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

31-1-2019-ൽ സൗര രജിസ്ട്രേഷൻ സമാപിക്കുകയും 278258 ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയുമുണ്ടായി. ഇതിൽ 277799 ഉപഭോക്താക്കൾ എൽ.റ്റി. വിഭാഗത്തിലും 452 ഉപഭോക്താക്കൾ എച്ച്.റ്റി. വിഭാഗത്തിലും 7 ഉപഭോക്താക്കൾ ഇ.എച്ച്.റ്റി. വിഭാഗത്തിലും പെടുന്നവരാണ്. ഇതിൽ 2,53,948 ഉപഭോക്താക്കൾ വൈദ്യുതി ബോർഡ് പണം മുടക്കുന്ന സാമ്പത്തിക മാതൃകയും ബാക്കിയുള്ള 24310 ഉപഭോക്താക്കൾ സ്വന്തമായി പണം മുടക്കുന്ന സാമ്പത്തിക മാതൃകയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

## വൈദ്യുതി ലൈൻ പൊട്ടിവീണ് അപകടങ്ങൾ

223 (5483) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈൻ പൊട്ടിവീണ് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2016-19 കാലയളവിൽ എത്ര ആളുകൾ ലൈൻ പൊട്ടിവീണ് കിടന്നതിൽ നിന്നും ഷോക്കേറ്റ് മരണപ്പെട്ടു; ജില്ലതിരിച്ച് വിശദാംശം നൽകുമോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് ഓരോരുത്തർക്കും എത്ര രൂപ ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ഡി) വർഷകാലത്ത് ശക്തമായ കാറ്റിലും മറ്റും ലൈൻ പൊട്ടിവീണ് ഇത്തരത്തിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2016-2019 കാലയളവിൽ വൈദ്യുതി ലൈൻ പൊട്ടിവീണ് കിടന്നതിൽനിന്നും ഷോക്കേറ്റ് മരണപ്പെട്ട പൊതുജനങ്ങളുടെ കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

| | 2016 | 2017 | 2018 | 2019 |
|---|---|---|---|---|
| തിരുവനന്തപുരം | 2 | 1 | 4 | 2 |
| കൊല്ലം | 1 | 1 | 2 | 1 |
| പത്തനംതിട്ട | - | 1 | - | - |
| ആലപ്പുഴ | - | 1 | 3 | - |
| കോട്ടയം | 1 | 1 | - | 1 |
| ഇടുക്കി | - | 2 | - | - |
| എറണാകുളം | - | - | 3 | - |
| തൃശ്ശൂർ | - | 1 | 3 | 1 |
| പാലക്കാട് | - | 1 | 2 | 1 |
| മലപ്പുറം | 1 | - | - | - |
| കോഴിക്കോട് | - | 1 | 1 | 1 |
| വയനാട് | 1 | - | 1 | - |
| കണ്ണൂർ | - | 3 | - | 2 |
| കാസർഗോഡ് | - | - | 2 | - |
| ആകെ | 6 | 13 | 21 | 9 |

(സി) 2016-ൽ ലൈൻ പൊട്ടിവീണതിൽനിന്നും ഷോക്കേറ്റ് മരണപ്പെട്ട പൊതുജനങ്ങളിൽ 5 പേരുടെ ആശ്രിതർക്ക് (ഓരോ കുടുംബത്തിനും) 5 ലക്ഷം രൂപ വീതവും 2017-ൽ മരണപ്പെട്ട 9 പേരുടെ ആശ്രിതർക്ക് (ഓരോ കുടുംബത്തിനും) 5 ലക്ഷം രൂപ വീതവും, 2018-ൽ മരണപ്പെട്ട 9 പേരുടെ ആശ്രിതർക്ക് (ഓരോ കുടുംബത്തിനും) 10 ലക്ഷം രൂപ വീതവും 2019-ൽ മരണപ്പെട്ട 3 പേരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപ വീതം അഡ്വാൻസും അനുവദിച്ച് നൽകിയിട്ടുണ്ട്. ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ചതിനുശേഷം വ്യവസ്ഥകൾക്ക് വിധേയമായി ബാക്കിയുള്ള മരണപ്പെട്ട പൊതുജനങ്ങളുടെ ആശ്രിതർക്കും വ്യവസ്ഥകൾക്ക് വിധേയമായി അർഹമായ ആശ്വാസ ധനസഹായം അനുവദിക്കുന്നതാണ്.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും കമ്പിപൊട്ടി വീണുള്ള അപകടങ്ങൾ കുറയ്ക്കാനായി എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെ.വി. ലൈനുകൾ, എൽ.റ്റി.

ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിംഗ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീ ഷാക്ലിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് എ.ബി. സ്വിച്ച്, എർത്തിംഗ്, ലൈറ്റ്നിംഗ് അറസ്റ്റർ, ഓയിൽ ലെവൽ ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തുവരുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ പ്രവൃത്തികൾ നടന്നുവരുന്നു.

പൊതുജനങ്ങളുടെയും കുട്ടികളുടെയും സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രവ്യ/പത്ര മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. എല്ലാ വർഷവും മേയ് മാസം ഒന്നു മുതൽ ഏഴ് വരെ സുരക്ഷാവാരം ആചരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി റോഡ് ഷോ, ലഘുലേഖ വിതരണം, ഡോക്യുമെന്ററി പ്രദർശനം, ഗ്രാമപ്രദേശങ്ങളിൽ വാഹനം ഉപയോഗിച്ച് പ്രചരണം തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാ വിഭാഗം കുടുംബശ്രീ മിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ വഴി ബോധവൽക്കരണ ക്യാമ്പയിൻ നടത്താൻ തീരുമാനമായിട്ടുണ്ട്. ആയതിലേയ്ക്കായി ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓഡിനേറ്ററുമായും ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായും ബന്ധപ്പെട്ട് സെക്ഷൻ തലത്തിൽ കുടുംബശ്രീയിലെ അംഗങ്ങൾക്ക് സുരക്ഷാ പരിശീലന ക്ലാസ്സുകൾ നടത്തുന്നതിന് തീരുമാനിച്ചു.

പൊട്ടിവീഴാൻ സാധ്യതയുള്ള അലൂമിനിയം കമ്പികൾ മാറ്റി ദൃഢതയുള്ള ACSR കമ്പികൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയായി വരുന്നു. കമ്പി പൊട്ടി വീണുള്ള അപകടങ്ങൾ കുറയ്ക്കാനായി ഗാർഡിംഗ് ഇല്ലാത്ത ഓവർ ഹെഡ് ലൈനുകൾക്ക് ഗാർഡിംഗ് നൽകുന്ന ജോലി ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ

ട്രാൻസ്ഫോർമറുകളുടെയും വിതരണ ശൃംഖലയുടേയും എർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയവ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്.

കമ്പി പൊട്ടി വീഴുക മുതലായ അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് "9496 061 061" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഏത് പരാതിയും നേരിട്ട് അറിയിക്കുന്നതിന് "1912" എന്ന കേന്ദ്രീകൃത ഉപഭോക്തൃസേവന കേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റു പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്.

(ഇ) ജൂൺ മാസം പത്താം തീയതി തിരുവനന്തപുരം ജില്ലയിൽ ബീച്ച് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ കനത്ത കാറ്റും മഴയുംമൂലം വൈദ്യുതി കമ്പി പൊട്ടിവീണ് രണ്ട് വ്യക്തികൾ മരിച്ച സംഭവത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയും (WP (C) No. 16435/2019) ടി കേസ്സിൽ 18-6-2019-ലെ ഇടക്കാല ഉത്തരവ് പ്രകാരം ഇനി മുതൽ ഇത്തരത്തിലുള്ള അപകട മരണങ്ങൾ ഒഴിവാക്കുന്നതിന് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ സമർപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ.-നോട് ആവശ്യപ്പെടുകയുണ്ടായി. ഇതനുസരിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

## വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ പുനഃക്രമീകരണം

224 (5484) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ എണ്ണം അടിസ്ഥാനമാക്കി വൈദ്യുതി സെക്ഷനുകൾ പുനഃക്രമീകരണം നടത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ പുനഃക്രമീകരണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

## പുതിയകാവ് കെ.എസ്.ഇ.ബി. ഓഫീസിന്റെ സ്ഥലം വിട്ടുനൽകാൻ നടപടി

225 (5485) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുതിയകാവ്-തകരപ്പറമ്പ് റോഡിന്റെ നവീകരണത്തിനായി പുതിയകാവ് കെ.എസ്.ഇ.ബി. ഓഫീസിന്റെ സ്ഥലം വിട്ടുകിട്ടണമെന്ന അപേക്ഷ വകുപ്പിന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുതിയകാവ്-തകരപറമ്പ് റോഡിന്റെ നവീകരണത്തിനായി കിളിമാനൂർ സെക്ഷനോഫീസിന്റെ മുൻവശത്തെ രണ്ട് സെന്റ് ഭൂമി വിട്ടുനൽകുന്നതിനുള്ള കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്. സെന്റിന് 66,775 രൂപ (അറുപത്താറായിരത്തി എഴുനൂറ്റി എഴുപത്തിയഞ്ച്) നിരക്കിൽ ഭൂമിയുടെ വിലയും കൂടാതെ പ്രസ്തുത സ്ഥലത്തുള്ള പ്രതിഷ്ഠാപനങ്ങൾ (ഇൻസ്റ്റലേഷൻസ്) മറ്റൊരു സ്ഥലത്തേയ്ക്ക് സ്ഥാപിക്കുന്നതിനും, ചുറ്റുമതിൽ, പാർക്കിംഗ് ഷെഡ് എന്നിവ പുനർനിർമ്മിക്കുന്നതിനുമായി 10 ലക്ഷം രൂപയും ഈടാക്കി പഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുന്ന രണ്ട് സെന്റ് സ്ഥലം വിട്ടുനൽകാൻ 30-1-2019-ൽ ബോർഡ് ഉത്തരവായിട്ടുണ്ട്. ഈ വിവരം കിളിമാനൂർ ഗ്രാമപഞ്ചായത്ത് അധികൃതരെ 17-5-2019-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

226 (5486) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസുകൾക്ക് കീഴിലുള്ള ഉപഭോക്താക്കളുടെ എണ്ണം സെക്ഷൻ ഓഫീസുകൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസുകളിലെ തസ്തികകൾ ഏതെല്ലാമാണെന്നും ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും സെക്ഷൻ ഓഫീസുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) എത്രകാലമായി പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും അവ എന്നത്തേയ്ക്ക് നികത്തപ്പെടുമെന്നും വ്യക്തമാക്കാമോ;

(ഇ) ഓരോ സെക്ഷൻ ഓഫീസുകളിലും ആവശ്യമായ വാഹനങ്ങൾ എത്രയാണെന്നും നിലവിൽ എത്ര വാഹനങ്ങൾ വീതമാണുള്ളതെന്നും സെക്ഷൻ ഓഫീസുകൾ തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള 30 സെക്ഷൻ ഓഫീസുകളുടെ പേരും അവിടുത്തെ ഉപഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സെക്ഷന്റെ പേര് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | കാസർഗോഡ് | 22260 |
| 2 | നെല്ലിക്കുന്ന് | 25175 |
| 3 | കുമ്പള | 15810 |
| 4 | ഉപ്പള | 21580 |
| 5 | മഞ്ചേശ്വരം | 18847 |
| 6 | വോർക്കാടി | 15486 |
| 7 | പൈവളിഗെ | 12313 |
| 8 | ചെർക്കള | 27011 |
| 9 | മുള്ളേരിയ | 19637 |
| 10 | ഉദുമ | 22250 |
| 11 | കുറ്റിക്കോൽ | 19583 |
| 12 | ചട്ടച്ചാൽ | 15444 |
| 13 | പെർള | 11238 |
| 14 | സീതാംഗോളി | 14270 |
| 15 | കാഞ്ഞങ്ങാട് | 17918 |
| 16 | ബളാംതോട് | 11118 |

| (1) | (2) | (3) |
|---|---|---|
| 17 | ഭീമനടി | 17814 |
| 18 | ചിത്താരി | 21115 |
| 19 | ചോയ്യങ്കോട് | 12175 |
| 20 | കയ്യൂർ | 11531 |
| 21 | മാവുങ്കാൽ | 25087 |
| 22 | നല്ലോമ്പുഴ | 11248 |
| 23 | നീലേശ്വരം | 21210 |
| 24 | പടന്നക്കാട് | 11851 |
| 25 | പടന്ന | 9435 |
| 26 | പെരിയ ബസാർ | 15774 |
| 27 | പീലിക്കോട് | 21462 |
| 28 | രാജപുരം | 19201 |
| 29 | തൃക്കരിപ്പൂർ | 18057 |

(സി) കെ.എസ്.ഇ.ബി.എൽ.-ന് കീഴിലുള്ള ഇലക്ട്രിക്കൽ സെക്ഷനുകളിലെ വിവിധ തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. അസിസ്റ്റന്റ് എഞ്ചിനീയർ
2. സീനിയർ സൂപ്രണ്ട്
3. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)
4. സീനിയർ അസിസ്റ്റന്റ്
5. ഓവർസീയർ
6. കാഷ്യർ
7. മീറ്റർ റീഡർ
8. ലൈൻമാൻ
9. ഇലക്ട്രിസിറ്റി വർക്കർ

കാസർഗോഡ് ജില്ലയിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ വിവിധ തസ്തികകളിലുള്ള ഒഴിവുകളുടെ എണ്ണം സെക്ഷൻ ഓഫീസ് തിരിച്ച് പട്ടികയാക്കി അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ കാസർഗോഡ് ജില്ലയിലെ ഇലക്ട്രിക്കൽ സെക്ഷനുകളിലെ നിലവിലുള്ള സാംഗ്ഷൻ സ്ട്രെംഗ്ത് 174 ആണ്. നിലവിൽ 171 പേർ ഇലക്ട്രിസിറ്റി വർക്കർമാരായി ഇലക്ട്രിക്കൽ സെക്ഷനുകളിൽ ജോലിചെയ്തുവരുന്നു. പട്ടികയിൽ ചില സെക്ഷനുകളിൽ അധികമായി ഇപ്പോൾ പുനർവിന്യസിച്ചിരിക്കുന്ന ഇലക്ട്രിക്കൽ വർക്കർ തസ്തികയിലുള്ള ജീവനക്കാരെ ജില്ലാതലത്തിൽ സെക്ഷൻ ഓഫീസുകളിൽ ഏകീകരണം നടത്തി ക്രമീകരിക്കുന്നതാണ്. ഇതേത്തുടർന്ന് നിലനിൽക്കുന്ന ആകെ 3 ഒഴിവുകളിൽ പെറ്റി കോൺട്രാക്ടേഴ്സിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് വരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്, (ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 1486 ഒഴിവുകൾ കോടതി വിധി പ്രകാരം പെറ്റി കോൺട്രാക്ടേഴ്സിനായി നീക്കിവച്ചിരിക്കുകയാണ്.)

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2019-ലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നതിനാൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ചില തസ്തികകളിലെ ഒഴിവുകളിൽ ജീവനക്കാർ വന്നുചേരുന്ന മുറയ്ക്കും പിരിഞ്ഞു പോകുന്ന മുറയ്ക്കും വ്യത്യാസം വരുവാൻ സാധ്യതയുണ്ട്.

(ഡി) പ്രസ്തുത തസ്തികകളിൽ ചിലത് ഒരു വർഷമായി ഒഴിഞ്ഞുകിടക്കുന്നു. 2019-ലെ ജനറൽ ട്രാൻസ്ഫർ പ്രക്രിയ പൂർത്തിയാകുമ്പോൾ ഒഴിഞ്ഞു കിടക്കുന്ന ഭൂരിപക്ഷം ഒഴിവുകളും നികത്തപ്പെടും. ബാക്കി വരുന്ന ഒഴിവുകൾ ജീവനക്കാരുടെ പ്രൊമോഷൻ മുഖേനയും ജില്ലാ തലത്തിൽ ജീവനക്കാരെ പുനർവിന്യസിച്ചും നികത്തുന്നതാണ്.

(ഇ) എല്ലാ സെക്ഷൻ ഓഫീസുകളിലും ഒരു വാഹനം വീതമാണ് അനുവദിച്ചിട്ടുള്ളത്. കാസർഗോഡ് ജില്ലയിൽ ആകെയുള്ള 30 സെക്ഷൻ ഓഫീസുകളിൽ പീലിക്കോട്, ചെർക്കള, കാസർഗോഡ്, നെല്ലിക്കുന്ന്, വോർക്കാടി എന്നീ 5 സെക്ഷൻ ഓഫീസുകളിൽ ഡിപ്പാർട്ട്മെന്റ് വാഹനവും ബാക്കിയുള്ള 25 സെക്ഷൻ ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിലുള്ള വാഹനവുമാണ് ഓടുന്നത്.

## വള്ളിത്തോട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് നിർമ്മാണം

227 (5487) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിത്തോട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം ലഭിച്ചിട്ട് ഒരു വർഷത്തിലധികമായിട്ടും സെക്ഷൻ ഓഫീസ് നിർമ്മാണത്തിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ; സെക്ഷൻ ഓഫീസ് നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കി സെക്ഷൻ ഓഫീസ് നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) വള്ളിത്തോട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് നിർമ്മാണത്തിനാവശ്യമായ സ്ഥലം 18-1-2017-ൽ ലഭ്യമായിട്ടുണ്ട്.

(ബി&സി) 8-10-2018-ൽ വള്ളിത്തോട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ഇരിട്ടിയിലെ മിനി വൈദ്യുതി ഭവൻ നിർമ്മാണം

228 (5488) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി ആസ്ഥാനമായി മിനി വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിന് വകുപ്പിന്റെ കൈവശം സ്ഥലം ലഭ്യമാണോ എന്ന് അറിയിക്കാമോ;

(ബി) വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്ഥലം ലഭ്യമാണ്.

(ബി) ഇരിട്ടിയിലെ മിനി വൈദ്യുതി ഭവൻ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മിനി വൈദ്യുതി ഭവൻ നിർമ്മാണത്തിനായി പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കൽ, വിശദമായ ഡിസൈൻ എന്നീ ജോലികൾ പുരോഗമിക്കുന്നു.

(സി) പ്രസ്തുത ജോലി പൂർത്തിയാക്കി ടെണ്ടർ ക്ഷണിച്ച് എത്രയും വേഗം നിർമ്മാണം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

## കുഴമതിക്കാട് ആസ്ഥാനമാക്കി വൈദ്യുതി സെക്ഷൻ

229 (5489) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം കെ.എസ്.ഇ.ബി. ഓഫീസുകളുടെ അതിർത്തി പുനർനിർണ്ണയിച്ച് ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) അതിർത്തി പുനർനിർണ്ണയം നടത്തിയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ കുഴമതിക്കാട് ആസ്ഥാനമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന കുണ്ടറ ഡിവിഷന് കീഴിലുള്ള പെരുമ്പുഴ നല്ലില, വെളിയം എഴുകോൺ, ഓയൂർ ഇലക്ട്രിക്കൽ സെക്ഷനോഫീസുകളുടെയും കൊട്ടാരക്കര ഡിവിഷന് കീഴിലുള്ള കൊട്ടാരക്കര, കൊട്ടാരക്കര (ഈസ്റ്റ്), കുളക്കട, വാളകം, ചെങ്ങമനാട്, ആയൂർ, പുത്തൂർ എന്നീ സെക്ഷനോഫീസുകളുടെയും അതിർത്തി പുനർനിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഉപഭോക്താക്കളുടെ എണ്ണം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിക്കുന്നതിനും അറ്റകുറ്റപ്പണികൾ മറ്റ് അനുബന്ധ പ്രവൃത്തികൾ മുതലായവ സമയാധിഷ്ഠിതമായി ചെയ്യുന്നതിനുള്ള സൗകര്യം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ചാണ് പുനർനിർണ്ണയം നടത്തിയിരിക്കുന്നത്.

(സി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ

സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കുഴിമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വിളയൂരിൽ സബ് സ്റ്റേഷൻ

230 (5490) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളയൂരിൽ ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വിളയൂരിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ പ്രസ്തുത സ്ഥലത്ത് ഭാവിയിൽ ലോഡ് വർദ്ധനവ് ഉണ്ടായാൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കെ.എസ്.ഇ.ബി.യിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

231 (5491) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 16-6-2009 മുതൽ 15-12-2013 വരെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; അതിൽ എത്ര എണ്ണം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്ര എണ്ണം; ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനുള്ള കാരണം വിശദമാക്കാമോ; പ്രസ്തുത ഒഴിവുകൾ സംബന്ധിച്ചുള്ള ഫയലുകളുടെ കറന്റ് ഫയലിൻെറയും നോട്ട് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യിലെ 15-12-2013 -ലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ കേഡർ സ്ട്രെംഗ്തിന്റെ (അപ്രൂവ്ഡ്) വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത തീയതിയിലെ (സ്പെഷ്യൽ റൂൾ പ്രകാരം) ഓരോ വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെയും കണക്കുകൾ ലഭ്യമാക്കുമോ;

(സി) 16-6-2009 മുതൽ 15-12-2013 വരെ 6 മാസത്തിൽ കൂടുതൽ ലീവ് എടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം എത്ര; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ;

(ഡി) 16-6-2009 മുതൽ 15-12-2013 വരെ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്; എത്ര പേർ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ടി ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയുടെ നിയമനവുമായി ബന്ധപ്പെട്ട് സംസ്ഥാന വിവരാവകാശ കമ്മീഷൻ എന്തൊക്കെ വിവരങ്ങൾ കെ.എസ്.ഇ.ബി.-യോട് ചോദിച്ചിട്ടുണ്ട്; പ്രസ്തുത ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പി.എസ്.സി. വഴിയാണ് നിയമനം നടത്തിവരുന്നത്. ആയതുകൊണ്ട് തന്നെ കാലാകാലങ്ങളിൽ വരുന്ന ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

വിവരം ശേഖരിച്ചുവരുന്നു.

**കെ.എസ്.ഇ.ബി. ലൈൻമാൻമാരുടെ സ്ഥലംമാറ്റം**

232 (5492) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി -യുടെ 1-6-2019-ലെ ഇ.ബി4(എ)/എൽ.എം/ജി.റ്റി/2019 നമ്പർ പ്രകാരമുള്ള ലൈൻമാൻമാരുടെ സ്ഥലംമാറ്റ ഉത്തരവനുസരിച്ച് പ്രസ്തുത ജീവനക്കാർ നിലവിൽ ജോലിചെയ്യുന്ന സ്ഥലങ്ങളിൽ നിന്ന് വിടുതൽ നേടി പുതിയ സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് കാലതാമസം നേരിടുന്നതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽനിന്ന് വിടുതൽ നേടി പുതിയ സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് കെ.എസ്.ഇ.ബി. ചെയർമാൻ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലംമാറ്റ ഉത്തരവ് സംബന്ധിച്ച് തൽക്കാലം തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് കെ.എസ്.ഇ.ബി. ചെയർമാൻ മഞ്ചേരി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) മഞ്ചേരി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബോധപൂർവ്വം സ്ഥലംമാറ്റ ഉത്തരവ് നടപ്പിലാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് പരിശോധിച്ച് എത്രയും വേഗം ലൈൻമാൻ തസ്തികയിലെ ജീവനക്കാരെ വിടുതൽ ചെയ്ത് പുതിയ ഓഫീസുകളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 1-6-2019-ലെ ഇ.ബി.4 (എ)/ എൽ.എം./ജി.റ്റി./2019 പ്രകാരമുള്ള ലൈൻമാൻമാരുടെ സ്ഥലംമാറ്റ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ നിലവിൽ ജോലി ചെയ്തുവരുന്ന സ്ഥലങ്ങളിൽനിന്ന് വിടുതൽ നേടി പുതിയ സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്ന നടപടികൾ തുടർന്നുവരുന്നു. ഗ്രീവൻസ് നൽകിയവരുടെയും കോടതിയിൽ കേസ് നൽകിയവരുടെയും വിടുതൽ ഗ്രീവൻസ്/കോടതി കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനനുസരിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി - ഇ) സംസ്ഥാന വൈദ്യുതി ബോർഡിൽ ഏറ്റവും അധികം ജീവനക്കാർ ജോലി ചെയ്യുന്ന തസ്തികകളിൽ ഒന്നാണ് ലൈൻമാൻ തസ്തിക. ഓരോ പ്രദേശത്തെയും വൈദ്യുതി വിതരണത്തിലും വൈദ്യുതി തടസ്സ നിവാരണത്തിലും നേരിട്ട് ബന്ധമുള്ള ഒരു തസ്തികയായതിനാൽ ഒറ്റയടിക്ക് ട്രാൻസ്ഫർ ആയ എല്ലാ ലൈൻമാൻമാരേയും വിടുതൽ ചെയ്യുന്നത് അപ്രായോഗികമാണ്. കാലവർഷം ശക്തി പ്രാപിക്കുമെന്ന പ്രവചനം നിലനിൽക്കുന്നതിനാലാണ് എല്ലാ ജില്ലകളിലേയും ലൈൻമാൻമാരെ കൂട്ടത്തോടെ വിടുതൽ ചെയ്യുന്നതിന് താൽക്കാലികമായി നിയന്ത്രണം ഏർപ്പെടുത്തിയത്. മലപ്പുറം ജില്ലയിൽ മാത്രമായിട്ട് ഒരു നിർദ്ദേശവും നൽകിയിട്ടില്ലാത്തതാകുന്നു. ഘട്ടംഘട്ടമായി ട്രാൻസ്ഫർ ആയ എല്ലാ ലൈൻമാൻമാരേയും വിടുതൽ ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## കെ.എസ്.ഇ.ബി.-യിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഒഴിവുകൾ

233 (5493) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ അസി. എഞ്ചിനീയർമാർക്ക് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി പ്രൊമോഷൻ നൽകുന്നതിന് വലിയ കാലതാമസം വരുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എ.ഇ.-മാരെ എ.എക്സ്.ഇ.-മാരായി യഥാസമയം പ്രൊമോട്ടു ചെയ്യുന്നതിനും അതുവഴി ഒഴിവ് വരുന്ന അസി. എഞ്ചിനീയർമാരുടെ ഒഴിവുകൾ പി.എസ്.സി. -യെ അറിയിക്കുന്നതിനും, അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) താൽക്കാലികമായി നൽകിയിട്ടുള്ള പ്രൊമോഷനുകൾ റെഗുലറൈസ് ചെയ്യുന്നതിനും, ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിച്ച് അസി. എഞ്ചിനീയർ തസ്തികയിൽ നിയമനം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ KS&SSR-ലേയും കേരള എഞ്ചിനീയേഴ്സ് സർവ്വീസ് റൂൾസിലെ നിബന്ധനകൾ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി പ്രൊമോഷൻ നൽകുന്നതിന് രണ്ട് ചാനലുകളിലായാണ്. ആകെ കേഡർ സ്ട്രെംഗ്തിന്റെ 75 ശതമാനം ബി.ടെക് യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ(ഇലക്ട്രിക്കൽ)മാർക്കും 25 ശതമാനം ഡിപ്ലോമ യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ(ഇലക്ട്രിക്കൽ)മാർക്കും സ്ഥാനക്കയറ്റം നൽകി നികത്തുകയാണ് ചെയ്യേണ്ടത്. നിലവിൽ ഡിഗ്രി ക്വാട്ടയിൽ ഒഴിവുകളില്ല. ഇതിനുപുറമേ 11-2-2011-ലെ ബോർഡ് ഓർഡർ നമ്പർ (FM) നമ്പർ 479/2011/CE(HRM)/Genl/2/AE-AEE(Ele)/2011 പ്രകാരം ജൂനിയറായ ഡിപ്ലോമ യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്ക് സീനിയർ ആയ ഡിഗ്രി യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരെ മറികടന്ന് സ്ഥാനക്കയറ്റം നൽകാനുമാകില്ല. മേൽ തസ്തികയിലെ ജീവനക്കാർക്ക് ഒഴിവുകൾ വരുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം കിട്ടുന്നതിൽ വലിയ കാലതാമസം നേരിടുന്ന സ്ഥിതിവിശേഷം നിലവിലില്ല.

(ബി&സി) ബോർഡ് ഉത്തരവ് നമ്പർ B.O. (FM) No.479/2011/ CE(HRM)/Genl/2/AE-AEE(Ele)/2011/11-2-2011 പ്രകാരമുള്ള സീനിയോറിറ്റി

പ്രൊട്ടക്ഷൻ ക്ലോസ് നിലവിലുള്ളതിനാൽ 20-7-2018-ൽ 78 പേർക്കും 10-1-2019-ൽ 64 പേർക്കും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും താൽക്കാലികമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി (ഇലക്ട്രിക്കൽ) പ്രൊമോഷൻ നൽകിയിരുന്നു. ഇതിനെത്തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ (ഇലക്ട്രിക്കൽ) വർക്കിംഗ് സ്ട്രെംഗ്തിൽ ഉണ്ടായ കുറവ് കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ഇപ്പോൾ നിലവിലുള്ള കെ.പി.എസ്.സി. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ലിസ്റ്റിൽനിന്നും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

## അനെർട്ടിലെ താൽക്കാലിക നിയമനങ്ങൾ

234 (5494) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ അനെർട്ടിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സംവിധാനത്തെ മറികടന്ന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം വഴി താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നിയമനം നേടിയവരുടെ പേര്, തസ്തിക, ശമ്പളം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) ഇപ്രകാരം താൽക്കാലിക നിയമനം നേടിയ എത്രപേർക്ക് വാർഷിക ശമ്പളവർദ്ധനവോടുകൂടി സേവനകാലാവധി നീട്ടി നൽകിയിട്ടുണ്ട് എന്ന് പേര്, ശമ്പളവർദ്ധനവ് എന്നിവ സഹിതം വിശദമാക്കാമോ;

(സി) ഇത്തരം നിയമനനടപടികൾ സർക്കാർ നയത്തിനും നിയമങ്ങൾക്കും അനുസൃതമാണോ എന്ന് വെളിപ്പെടുത്താമോ;

(ഡി) അല്ലെങ്കിൽ ഇത്തരം ക്രമക്കേടുകൾ തിരുത്തുവാനും അനെർട്ടിലെ എല്ലാ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രം നടക്കുന്നു എന്ന് ഉറപ്പുവരുത്തുവാനും സത്വരനടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) അനെർട്ടിലെ ഒഴിവുള്ള അംഗീകൃത തസ്തികകളിലൊന്നിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സംവിധാനത്തെ മറികടന്ന് ഒരു നിയമനവും നടത്തിയിട്ടില്ല. ഊർജ്ജ വകുപ്പ് സെക്രട്ടറി ചെയർമാനായിട്ടുള്ള അനെർട്ടിന്റെ 50-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 30-11-2017-ലെ തീരുമാനപ്രകാരം അനെർട്ട് നടപ്പിലാക്കുന്ന വിവിധ പ്രോജക്ട് ആവശ്യങ്ങൾക്ക് 12 പ്രൊഫഷണലുകളെ സംസ്ഥാന സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ്

ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന കരാർ അടിസ്ഥാനത്തിൽ പ്രോജക്ടുകളിലേയ്ക്ക് നിയമിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | ചുമതല | ശമ്പളം |
|---|---|---|---|
| 1 | ഡോ. ശ്രീനാ വല്ലഭൻ | പ്രോജക്ട് കോ-ഓർഡിനേറ്റർ | 50,000 |
| 2 | ശ്രീ. സി. കൃഷ്ണകുമാർ | പ്രോജക്ട് കോ-ഓർഡിനേറ്റർ | 50,000 |
| 3 | ശ്രീ. വിനയ് പി. | പ്രോജക്ട് എഞ്ചിനീയർ | 35,000 |
| 4 | ശ്രീമതി ജെ.എം. രാധിക | പ്രോജക്ട് എഞ്ചിനീയർ | 35,000 |
| 5 | ശ്രീ. ആർ. ശ്രീറാം | പ്രോജക്ട് എഞ്ചിനീയർ | 35,000 |
| 6 | ശ്രീ. ബന്ദിശ് | അക്കൗണ്ട്സ് ഓഫീസർ | 45,000 |
| 7 | ശ്രീ. എ. സിദ്ധിക്ക് | അക്കൗണ്ടന്റ് | 30,000 |
| 8 | ശ്രീ. എൻ. വി. അനിൽ കുമാർ | പ്രോജക്ട് ഓഫീസർ (IT) | 25,000 |
| 9 | കുമാരി സൗമ്യ എം.എസ്. | അസിസ്റ്റന്റ് IEC ഓഫീസർ | 25,000 |
| 10 | ശ്രീ. അമിത് എം.എസ്. | IEC Expert | 45,000 |
| 11 | ശ്രീ. എ. അനീഷ് മോൻ | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 15,000 |
| 12 | കുമാരി ഗീതു ജി. | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 15,000 |

(ബി) പ്രോജക്ട് പ്രവൃത്തികൾക്കായി നിയോഗിച്ചിരുന്ന ഒരു വർഷം പൂർത്തിയാക്കിയ 7 പേർക്ക് സി.എം.ഡി.-യുടെ ശിപാർശ പ്രകാരം 10 ശതമാനം ശമ്പളവർദ്ധനവോടുകൂടി സേവന കാലാവധി ഒരു വർഷത്തേയ്ക്കുകൂടി നീട്ടി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | നിലവിലെ ശമ്പളം | വർദ്ധന നിരക്ക് | പുതുക്കിയ ശമ്പളം |
|---|---|---|---|---|
| 1 | ഡോ. ശ്രീനാ വല്ലഭൻ, പ്രോജക്ട് കോ-ഓർഡിനേറ്റർ | 50,000 | 5,000 | 55,000 |
| 2 | ശ്രീ. സി. കൃഷ്ണകുമാർ, പ്രോജക്ട് കോ-ഓർഡിനേറ്റർ | 50,000 | 5,000 | 55,000 |
| 3 | ശ്രീ. വിനയ് പി., പ്രോജക്ട് എഞ്ചിനീയർ | 35,000 | 3,500 | 38,500 |
| 4 | ശ്രീ. എ. സിദ്ധിക്ക്, അക്കൗണ്ടന്റ് | 30,000 | 3,000 | 33,000 |
| 5 | കുമാരി സൗമ്യ എം.എസ്., അസിസ്റ്റന്റ് IEC ഓഫീസർ | 25,000 | 2,500 | 27,500 |
| 6 | ശ്രീ. എ. അനീഷ് മോൻ, കമ്പ്യൂട്ടർ അസിസ്റ്റന്റ് | 15,000 | 1,500 | 16,500 |
| 7 | കുമാരി ഗീതു ജി., കമ്പ്യൂട്ടർ അസിസ്റ്റന്റ് | 15,000 | 1,500 | 16,500 |

(സി) 5-6-2004-ലെ സർക്കാർ ഉത്തരവ് G.O. (Ms) No. 12/2004/PD പ്രകാരം അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നിയമാനുസൃതമായാണ് വിവിധ പ്രോജക്ട് ആവശ്യങ്ങൾക്ക് 12 പ്രൊഫഷണലുകളെ നിയമിച്ചിട്ടുള്ളത്.

(ഡി) അനെർട്ടിലെ ഒഴിവുള്ള അംഗീകൃത തസ്തികകളിൽ താൽക്കാലിക നിയമനങ്ങളെല്ലാം കഴിഞ്ഞ 2 വർഷമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം മാത്രം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഹൈഡൽ ടൂറിസത്തിലെ ജീവനക്കാർ**

235 (5495) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈഡൽ ടൂറിസത്തിൽ എത്ര ജീവനക്കാർ ഇപ്പോൾ ഉണ്ടെന്നും ഇവരിൽ എത്രപേർ സ്ഥിരം ജീവനക്കാരെന്നും എത്രപേർ താൽക്കാലിക ജീവനക്കാരെന്നും വിശദമാക്കാമോ;

(ബി) ഇവരുടെ പേരുവിവരവും തസ്തികയും വിശദമാക്കാമോ; ഇവർക്ക് എത്ര രൂപയാണ് ശമ്പളം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജീവനക്കാരിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടവർ ആരെല്ലാമെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇവരിൽ ഈ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടവർ ആരെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഹൈഡൽ ടൂറിസത്തിൽ നിലവിൽ 167 ജീവനക്കാർ ജോലി ചെയ്തുവരുന്നു. ഇതിൽ കരാർ അടിസ്ഥാനത്തിൽ 133 പേരും താൽക്കാലികാടിസ്ഥാനത്തിൽ 34 പേരുമാണുള്ളത്. സ്ഥിരം ജീവനക്കാർ ആരും ഇല്ല.

(ബി) ജീവനക്കാരുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) ജീവനക്കാരെ ഹൈഡൽ ടൂറിസത്തിന്റെ ഓരോരോ ടൂറിസം ജോലികൾക്കുവേണ്ടി ആവശ്യമായ സമയത്ത് കരാർ അടിസ്ഥാനത്തിൽ ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. സ്ഥിരനിയമനങ്ങൾ ഹൈഡൽ ടൂറിസത്തിൽ ഒരു തസ്തികയിലും നടത്താറില്ല.

**കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഇൻസ്പെഷൻ ബംഗ്ലാവുകൾ**

236 (5496) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ താമസിക്കാനുള്ള അനുവാദമുള്ളത് ആർക്കൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ഐ.ബി.-കളിൽ താഴെ കൊടുത്തിരിക്കുന്ന മുൻഗണനാക്രമത്തിലാണ് താമസസൗകര്യം നൽകിവരുന്നത്.

1. സംസ്ഥാന ഗവർണർമാർ, മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, മുൻ ഗവർണർമാർ, മുൻ മുഖ്യമന്ത്രി, മുൻ വിദ്യുച്ഛക്തി മന്ത്രിമാർ, കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അനൗദ്യോഗിക മെമ്പർ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ.
3. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഡയറക്ടർമാർ.
4. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഓഫീസർമാർ മുതൽ ജീവനക്കാർ വരെയുള്ളവർക്ക് ഔദ്യോഗിക നിലവാരമനുസരിച്ച് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായും സ്വന്തം ആവശ്യത്തിനനുസൃതമായും മുൻഗണനാടിസ്ഥാനത്തിൽ നൽകുന്നു.
5. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനുള്ള മറ്റ് സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥർക്ക്.
6. എം.പി.-മാർ, എം.എൽ.എ.മാർ, നിയമസഭാ കമ്മിറ്റി അംഗങ്ങൾ (പി.യു.സി., പെറ്റീഷൻ കമ്മിറ്റി).
7. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മുൻ ചെയർമാൻമാർ, ഡയറക്ടർമാർ, ക്ലാസ്-I ഓഫീസർമാർ.
8. കേന്ദ്ര സംസ്ഥാന വകുപ്പുകളിലേയും പൊതുമേഖല ഭരണ സ്ഥാപനങ്ങളിലേയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനുള്ള ഉദ്യോഗസ്ഥർക്ക്.
9. മറ്റുള്ളവർക്ക് (വിനോദസഞ്ചാരികൾക്ക് ഒഴിവുള്ള പക്ഷം മുൻകൂട്ടി അറിയിപ്പ് ലഭിച്ചാൽ).

## സഹകരണ ബാങ്കുകളിലെ സ്വാശ്രയ പെൻഷൻ പദ്ധതി

237 (5497) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് നൽകി വരുന്ന സ്വാശ്രയ പെൻഷൻ പദ്ധതിയിലെ അപാകതകൾ പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബഹു. ഹൈക്കോടതിയിൽ കേസ്സുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ പദ്ധതിക്ക് നിയമപരമായ സാധുത നഷ്ടപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇ.പി.എഫ്. പെൻഷൻ പദ്ധതിയേക്കാൾ ജീവനക്കാർക്ക് ഗുണകരമാകുന്ന സ്വാശ്രയ പെൻഷൻ പദ്ധതിയുടെ അപാകതകൾ പരിഹരിക്കുന്നതിനും പുനഃസംവിധാനം ചെയ്ത് നിലവിലുള്ള ജീവനക്കാരേയും കേസിൽ ഉൾപ്പെട്ട മുഴുവൻ പെൻഷൻകാരേയും സ്വാശ്രയ പെൻഷൻ പദ്ധതിയിൽ തന്നെ നിലനിർത്തുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ.ഉ. (അ) നമ്പർ 81/2019/തൊ.വ. പ്രകാരം സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ ഇ.പി.എഫ്.ന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിരുന്നു. ടി ഉത്തരവിനെതിരെ നിരവധി റിട്ട് പെറ്റീഷനുകൾ ജീവനക്കാർ ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ഇ.പി.എഫ്. ആക്ടിലെ സെക്ഷൻ 17(1) (c) പ്രകാരം റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ മുഖേന സംസ്ഥാന സർക്കാരിന് അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ഉത്തരവിനെതിരെ പെൻഷൻ ബോർഡ് ഫയൽ ചെയ്ത റിട്ട് അപ്പീലുകളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ജീവനക്കാർക്ക് പെൻഷൻ സ്കീം തെരഞ്ഞെടുക്കാവുന്നതാണെന്ന് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ സർക്കാരും പെൻഷൻ ബോർഡും ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

(സി) സ്വാശ്രയ പെൻഷൻ പദ്ധതി പരിഷ്കരണത്തിന്റെ വിവിധ വശങ്ങൾ, നിയമ ഭേദഗതികൾ, കേരള ബാങ്ക് രൂപീകരണ സമയത്ത് വരുത്തേണ്ട മാറ്റങ്ങൾ എന്നിവ പഠിക്കുന്നതിന് ഒരു കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്. കേസ്സിൽ ഉൾപ്പെട്ട ജീവനക്കാരുടെ കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനിന്മേൽ ഉത്തരവാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് ഉചിത നടപടികൾ സ്വീകരിക്കാവുന്നതാണ്.

## കോ-ഓപ്പറേറ്റീവ് മെമ്പേഴ്സ് റിലീഫ് ഫണ്ട്

238 (5498) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ആശ്വാസ ഫണ്ടിന് (കോ ഓപ്പറേറ്റീവ് മെമ്പേഴ്സ് റിലീഫ് ഫണ്ട്) രൂപം നല്കിയത് എന്നാണ് എന്ന് അറിയിക്കാമോ; ഈ ഫണ്ട് രൂപം നല്കിയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഫണ്ടിൽ നിന്ന് നാളിതുവരെ സഹകാരികൾക്ക് എത്ര തുക സഹായധനമായും മറ്റും അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് ഈ ഫണ്ടിൽ നിന്ന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) 1969-ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ 22-6-2018-ലെ സ.ഉ. (കൈ) നമ്പർ 22/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം സ്കീം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു. 5 വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെ ആണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. മാരക രോഗബാധിതരായവർ (അർബുദം, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, കരൾ സംബന്ധമായ ഗുരുതരമായ അസുഖം ബാധിച്ചവർ).
2. വാഹനാപകടത്തിൽപ്പെട്ട് അംഗവൈകല്യം സംഭവിച്ചവർ/ ശയ്യാവലംബരായവർ.
3. അപകടത്തിൽപ്പെട്ട് ശയ്യാവലംബരായ അംഗങ്ങളുടെ/മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ.
4. മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാദ്ധ്യതപ്പെട്ട കുട്ടികൾ.
5. പ്രകൃതി ദുരന്തത്തിൽപ്പെട്ട് വീടും അനുബന്ധ സ്വത്ത് വകകളും നഷ്ടപ്പെട്ടവർ.

(ബി) ഈ ഫണ്ടിൽനിന്നും സഹകാരികൾക്ക് സഹായധനം നൽകി തുടങ്ങിയിട്ടില്ല.

(സി) പ്രളയദുരിതാശ്വാസ നിധിയിലേയ്ക്ക് ഈ ഫണ്ടിൽനിന്ന് 35 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## ജെ.ഡി.സി., എച്ച്.ഡി.സി. കോഴ്സുകൾ

239 (5499) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജെ.ഡി.സി.,എച്ച്.ഡി.സി.കോഴ്സുകൾ എന്നാണ് നിലവിൽ വന്നതെന്ന് അറിയിക്കാമോ ;

(ബി) അവസാനമായി ഈ കോഴ്സിന്റെ സിലബസ് പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; കാലോചിതമായി പ്രസ്തുത കോഴ്സുകളുടെ സിലബസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജെ.ഡി.സി. കോഴ്സ് 1955-56-ലും എച്ച്.ഡി.സി. കോഴ്സ് 1949 ജൂലൈ 7-നും ആരംഭിച്ചു.

(ബി) ജെ.ഡി.സി. കോഴ്സിന്റെ സിലബസ് 24-4-2014 ലെ സ.ഉ.(എം.എസ്.) നമ്പർ 55/2014/സഹ. നമ്പർ ഉത്തരവ് പ്രകാരവും എച്ച്.ഡി.സി. & ബി.എം. കോഴ്സിന്റെ സിലബസ് 12-9-2013-ലെ സ.ഉ.(എം.എസ്.) നമ്പർ 117/2013 നമ്പർ ഉത്തരവ് പ്രകാരവുമാണ് പരിഷ്കരിച്ചത്.

5 വർഷത്തിലൊരിക്കൽ സിലബസ് പരിഷ്കരിക്കണമെന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാൽ ആയത് പ്രകാരം 28-11-2018-ലെ സ.ഉ.(സാധാ) നമ്പർ 663/2018 പ്രകാരം സംസ്ഥാന സഹകരണ യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ അദ്ധ്യക്ഷനായ 10 അംഗ കമ്മിറ്റിയെ ജെ.ഡി.സി./ എച്ച്.ഡി.സി. & ബി.എം. സിലബസ് പരിഷ്കരിക്കുന്നതിന് നിയമിച്ചിട്ടുണ്ട്.

## സഹകരണ മേഖലയിൽ ആഭ്യന്തര വിമാന സർവ്വീസ്

240 (5500) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിൽ ആഭ്യന്തര വിമാന സർവ്വീസ് തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## സഹകരണ വകുപ്പിലെ ആർബിട്രേഷൻ കേസ്സുകൾ

241 (5501) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ധനപരവും അല്ലാത്തതുമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ധനപരമല്ലാത്ത കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി നിയമിക്കപ്പെട്ടവർക്ക് സർക്കാർ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ധനപരമായ തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിയമിക്കപ്പെട്ടവർക്ക് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആർബിട്രേഷൻ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് മതിയായ സംവിധാനങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 69-ഉം 70-ഉം റൂൾ 67-ഉം 68-ഉം പ്രകാരം സഹകരണ സ്ഥാപനങ്ങളിലെ ആർബിട്രേഷൻ കേസ്സുകൾ ധനപരമായ കേസ്സുകൾ, ധനപരമല്ലാത്ത കേസ്സുകൾ എന്നിവയായി വേർതിരിക്കുന്നു. ധനപരമായ തർക്കങ്ങൾ രജിസ്ട്രാർ മുമ്പാകെയാണ് ഫയൽ ചെയ്യേണ്ടത്. ധനപരമല്ലാത്ത തർക്കങ്ങൾ ആർബിട്രേഷൻ കോടതികൾ മുമ്പാകെയാണ് ഫയൽ ചെയ്യേണ്ടത്. ആയതിലേയ്ക്കായി തിരുവനന്തപുരത്തും കോഴിക്കോട്ടും ആർബിട്രേഷൻ കോടതികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ധനപരമല്ലാത്ത തർക്കങ്ങൾ ആർബിട്രേഷൻ കോടതികളിലാണ് ഫയൽ ചെയ്യുന്നത്. പ്രസ്തുത കോടതികളിൽ സർക്കാർ നിയമിക്കപ്പെട്ട പ്രിസൈഡിംഗ് ഓഫീസർ ആണ് കേസ്സുകൾക്ക് തീർപ്പ് കൽപ്പിക്കുന്നത്. തികച്ചും സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ആർബിട്രേഷൻ കോടതികൾക്ക് ഉണ്ട്. ഇത് പൂർണ്ണ ആർത്ഥത്തിലുള്ള കോടതി സംവിധാനങ്ങളിൽ പ്രവർത്തിക്കുന്നു.

(സി) വ്യക്തമാക്കാം. ധനപരമായ കേസ്സുകൾ തീർപ്പ് കൽപ്പിക്കുന്നത് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലാണ്. രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരെ കേസ് തീർപ്പാക്കുന്നതിലേയ്ക്കായി ആർബിട്രേറ്റർ/മദ്ധ്യസ്ഥൻമാരായി നിയമിക്കുന്നു. ഇവർക്ക് സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്. നിലവിലെ ആഫീസ് സംവിധാനത്തിന്റെ ഭാഗമായാണ് ഇവർ പ്രവർത്തിക്കുന്നത്.

(ഡി) ആർബിട്രേഷൻ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് സഹകരണ വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർ മുതൽ അഡീഷണൽ രജിസ്ട്രാർ തസ്തികയിൽ വരെയുള്ള ഉദ്യോഗസ്ഥർ ആർബിട്രേറ്റർമാരായി സേവനം അനുഷ്ഠിച്ചുവരുന്നു. ഇവർക്ക് മതിയായ പരിശീലനം കണ്ണൂർ, പൂജപ്പുര ഐ.സി.എം., കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ഐ.എം.ജി. എന്നീ സ്ഥാപനങ്ങളിലൂടെ ബന്ധപ്പെട്ട മേഖലകളിൽ നൽകിവരുന്നു.

**സഹകരണ ബാങ്കുകളിലെ സാമ്പത്തിക ക്രമക്കേട്**

242 (5502) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സഹകരണ ബാങ്കുകളിലും സാമ്പത്തിക ക്രമക്കേട് നടക്കുന്നതായും അതുമൂലം സഹകാരികൾക്ക് കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നതുമായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സഹകരണ ബാങ്കുകളിലാണ് ഇത്തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയത്; എത്ര കോടി രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയത്;

(സി) ഇത്തരം ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ; ഇല്ലെങ്കിൽ അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം സാഹചര്യങ്ങളിൽ സഹകാരികളുടെ താല്പര്യം സംരക്ഷിക്കുന്നതിനും അവരുടെ നിക്ഷേപം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പല സഹകരണ ബാങ്കുകളിലും സാമ്പത്തിക ക്രമക്കേട് നടക്കുന്നതായും അതുമൂലം സഹകാരികൾക്ക് കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 95 സഹകരണ ബാങ്കുകളിലായി 274.14 കോടി രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) നിലവിലുള്ള സംവിധാനം പര്യാപ്തമാണ്.

(ഡി) 7-7-1992-ലെ സ.ഉ.(കൈ.) 59/92/സഹ നമ്പർ പ്രകാരം കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പിലാക്കിയിട്ടുള്ളതും ടി സ്കീം പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും സഹകരണ നിയമം വകുപ്പ് 57 (ബി) പ്രകാരം ടി സ്കീമിൽ അംഗത്വം എടുക്കുന്നത് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ സാമ്പത്തിക ക്രമക്കേടുകൾ ഫലപ്രദമായി തടയുന്നതിന് ജില്ലാതലത്തിലും താലൂക്ക് തലത്തിലും ഓഡിറ്റും ഇൻസ്പെക്ഷനും ക്രമക്കേടുകളിന്മേൽ വകുപ്പുതല അന്വേഷണങ്ങളും നടത്തിവരുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനം സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളെ സംബന്ധിക്കുന്ന പരാതികളിൽ ഫലപ്രദമായ പരിശോധനകൾ നടത്തിവരുന്നു.

## സഹകരണ ജീവനക്കാരുടെ ശമ്പളവും ലീവ് സറണ്ടറും

243 (5503) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ട് മാസം പ്രവർത്തിക്കുന്ന ജീവനക്കാർക്ക് പതിനാല് മാസത്തെ ശമ്പളവും ഒരു മാസത്തെ ലീവ് സറണ്ടറും നൽകിയ ഏതെങ്കിലും സഹകരണ സ്ഥാപനം നിലവിലുണ്ടോ; എങ്കിൽ അത് ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് കാലയളവിലാണ് ഇങ്ങിനെ നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ ജീവനക്കാർക്ക് 12 മാസത്തെ ശമ്പളവും ഒരു മാസത്തെ ലീവ് സറണ്ടർ ആനുകൂല്യവും നൽകുന്നതിന് പുറമേ രണ്ട് മാസത്തെ ശമ്പളത്തിന് തുല്യമായ തുക എംപ്ലോയീസ് റിട്ടയർമെന്റ് ബെനിഫിറ്റ് ഫണ്ട് എന്ന രീതിയിൽ നിക്ഷേപിക്കുന്നു.

(ബി) 1-7-1961 മുതലാണ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ എംപ്ലോയീസ് റിട്ടയർമെന്റ് ബെനിഫിറ്റ് ഫണ്ട് പ്രാബല്യത്തിൽ വന്നിട്ടുള്ളത്.

**ജവഹർ സഹകരണ ഭവനിലെ സ്ഥാപനങ്ങൾ**

244 (5504) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജവഹർ സഹകരണ ഭവനിൽ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചു; ബാക്കിയുള്ളവയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും സ്ഥാപനങ്ങൾ സഹകരണ ഭവനിലേയ്ക്ക് മാറുന്നതിന് താല്പര്യക്കുറവ് അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും സ്ഥാപനം സഹകരണ ഭവനിലേയ്ക്ക് മാറാതിരുന്നാൽ അവർ നൽകിയ സംഭാവന തിരികെ നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജവഹർ സഹകരണ ഭവനിൽ നിലവിൽ സഹകരണ സംഘം രജിസ്ട്രാർ ഓഫീസും സഹകരണ ആഡിറ്റ് ഡയറക്ടറേറ്റും തിരുവനന്തപുരം ജില്ലാ സഹകരണ വകുപ്പ് എംപ്ലോയീസ് സഹകരണ സംഘവും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), സഹകരണ വിജിലൻസ്, സഹകരണ ആർബിട്രേഷൻ കോടതി, സഹകരണ ട്രൈബ്യൂണൽ, സഹകരണ ഓംബുഡ്സ്മാൻ എന്നീ ആഫീസുകൾ പ്രവർത്തിക്കാനാവശ്യമായ ഇന്റീരിയർ വർക്കുകളുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. സഹകരണ പെൻഷൻ ബോർഡ്, സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി ഫണ്ട് ബോർഡ്, സഹകരണ ജീവനക്കാരുടെ വെൽഫെയർ ഫണ്ട് ബോർഡ് എന്നിവ സഹകരണ ഭവനിൽ പ്രവർത്തിക്കാൻ ആവശ്യമായ ഇന്റീരിയർ വർക്കുകൾ നടത്തുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കേരള സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് സഹകരണ ഭവനിൽ അനുവദിച്ച 10-ാം നിലയിൽ ഇന്റീരിയർ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി ആഫീസ് ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) ജവഹർ സഹകരണ ഭവനിൽ സ്ഥലം അനുവദിച്ച് നൽകിയിരുന്ന കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് അവർക്ക് അനുവദിച്ച് നൽകിയിരുന്ന സ്ഥലം പരിമിതമായതിനാലും സഹകരണ ഭവനിൽ 9-ാം നിലയിലായതിനാലും ടി ബോർഡിനെ ഒഴിവാക്കണമെന്ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) ജവഹർ സഹകരണ ഭവന്റെ നിർമ്മാണപ്രവർത്തനത്തിനായി സ്വീകരിച്ചിട്ടുള്ള സംഭാവന തിരികെ നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

**കാർഷിക വായ്പ നൽകാത്ത സഹകരണ സംഘങ്ങൾ**

245 (5505) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ സഹകരണ ബാങ്കുകൾ കാർഷികവായ്പ നൽകിയതിന്റെ വിവരം ശതമാനക്കണക്കിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കാസർഗോഡ് ജില്ലയിൽ കാർഷിക വായ്പ നൽകാത്ത സഹകരണ സംഘങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ സഹകരണ ബാങ്കുകൾ കാർഷിക വായ്പ നൽകിയതിന്റെ വിവരം ജില്ല തിരിച്ച് ശതമാനക്കണക്കിൽ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ലകൾ | ശതമാനം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 13.99 |
| 2 | കൊല്ലം | 10.34 |
| 3 | പത്തനംതിട്ട | 22 |
| 4 | ആലപ്പുഴ | 7.73 |
| 5 | കോട്ടയം | 7.45 |
| 6 | ഇടുക്കി | 25.4 |
| 7 | എറണാകുളം | 7.10 |

| (1) | (2) | (3) |
|---|---|---|
| 8 | തൃശ്ശൂർ | 5 |
| 9 | പാലക്കാട് | 11.58 |
| 10 | കോഴിക്കോട് | 10 |
| 11 | മലപ്പുറം | 6.44 |
| 12 | വയനാട് | 29.96 |
| 13 | കണ്ണൂർ | 9.32 |
| 14 | കാസർഗോഡ് | 14.09 |

(ബി) കാസർഗോഡ് ജില്ലയിലെ എല്ലാ കാർഷിക വായ്പാ സഹകരണ സംഘങ്ങളും കാർഷിക വായ്പ നൽകിയിട്ടുണ്ട്.

**ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

246 (5506) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് സെക്രട്ടറിയേറ്റ് സ്റ്റാഫ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സൊസൈറ്റിയിലെ നിലവിലെ ഭരണസമിതി അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അംഗങ്ങളെ സസ്പെൻഡ് ചെയ്ത ഉത്തരവിന്റെ പകർപ്പും സസ്പെൻഷൻ പിൻവലിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) കഴിഞ്ഞ സൊസൈറ്റി തെരഞ്ഞെടുപ്പിൽ എത്ര ജീവനക്കാർ മത്സരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; അവർക്ക് ഓരോരുത്തർക്കും ലഭിച്ച വോട്ടിന്റെ എണ്ണം അടക്കമുള്ള വിശദാംശങ്ങൾ അടങ്ങിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ബൈലോയുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധം-I ആയി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംഘത്തിൽ നിലവിൽ അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റിയാണുള്ളത്.

ശ്രീ. വിജയദേവ് ജി. (കൺവീനർ), ശ്രീ. രമേശ് ജി.ആർ., ശ്രീ. മുരളീധരൻ പിള്ള എം. എന്നിവരാണ് ടി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലുള്ളത്.

(സി) സംഘത്തിൽ വിവിധ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് കേരള സഹകരണ നിയമം വകുപ്പ് 32 പ്രകാരം സംഘം ഭരണ സമിതിയെ താൽക്കാലികമായി മാറ്റിനിർത്തി തിരുവനന്തപുരം ജില്ലാ ജോയിന്റ് രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവിന്റെയും അന്വേഷണത്തിൽ ടി ക്രമക്കേടുകളിൽ നിലവിലുണ്ടായിരുന്ന ഭരണസമിതിക്ക് പങ്കുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 32 പ്രകാരം റ്റി. 732-ാം നമ്പർ ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘം ഭരണസമിതിയെ നീക്കം ചെയ്തുകൊണ്ട് തിരുവനന്തപുരം ജില്ലാ ജോയിന്റ് രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവിന്റെയും പകർപ്പുകൾ അനുബന്ധം II-ഉം III-ഉം ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) സംഘത്തിന്റെ മിനിട്സ് പോലീസ് അന്വേഷണവുമായി ബന്ധപ്പെട്ട് പോലീസ് കസ്റ്റഡിയിലാണെന്ന് സംഘം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അറിയിച്ചിട്ടുണ്ട്. ആകയാൽ വിശദാംശങ്ങളും രേഖകളും ശേഖരിച്ച് നൽകുന്നതാണ്.

**പൊതുനന്മ ഫണ്ട് നടപടികൾ**

247 (5507) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകൾ അവരുടെ ലാഭത്തിന്റെ നിശ്ചിത വിഹിതം പൊതുനന്മ ഫണ്ടായി ഉപയോഗിക്കുന്നു എന്ന കാര്യം ഉറപ്പുവരുത്തുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകൾ 2016, 2017, 2018 വർഷങ്ങളിൽ ചെലവഴിച്ച പൊതുനന്മ ഫണ്ടുകൾ എത്രയെന്നും ഏതെല്ലാം പദ്ധതിക്കെന്നും വ്യക്തമാക്കാമോ;

(സി) സഹകരണ ബാങ്കിൽ ഭരണസമിതിയോഗം അംഗീകരിച്ച പൊതുനന്മ ഫണ്ട് പദ്ധതികൾ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് അംഗീകാരത്തിനായി നൽകിയിട്ട് അനുമതി ലഭിക്കാതിരുന്നിട്ടുണ്ടോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രാഥമിക സഹകരണ ബാങ്കുകൾക്ക് അസിസ്റ്റന്റ് രജിസ്ട്രാർ/ ജോയിന്റ് രജിസ്ട്രാർമാരുടെ അനുമതി ഇല്ലാതെ പൊതുനന്മ ഫണ്ട് ചെലവഴിക്കാൻ സാധിക്കുമോ; നടപടിക്രമം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രാഥമിക സഹകരണ സംഘത്തിന്റെ ലാഭത്തിൽനിന്നും നിർബന്ധമായും വകയിരുത്തേണ്ട തുക കഴിച്ച് ബാക്കി വരുന്ന തുക സംഘത്തിന്റെ വാർഷിക പൊതുയോഗം കൂടി സംഘം നിയമാവലി പ്രകാരം വിഭജനം നടത്തി ലാഭത്തിന്റെ നിശ്ചിത വിഹിതം പൊതുനന്മ ഫണ്ടിലേയ്ക്ക് മാറ്റുന്നു. സഹകരണ നിയമം വകുപ്പ് 56(2) ഡി പ്രകാരം സഹകരണ ബാങ്കുകൾ അവയുടെ ലാഭത്തിന്റെ 10 ശതമാനത്തിൽ അധികരിക്കാത്ത തുക പൊതുനന്മ ഫണ്ടിലേയ്ക്ക് വകമാറ്റാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സംഘം പൊതുനന്മ ഫണ്ടിലേയ്ക്ക് വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം വകുപ്പുതല പരിശോധനയിലും ആഡിറ്റിലും ഉറപ്പുവരുത്താറുണ്ട്.

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾ 2016, 2017, 2018 വർഷങ്ങളിൽ ചെലവഴിച്ച പൊതുനന്മ ഫണ്ടുകളുടെ വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(സി) നിയമാനുസൃതം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ഒന്നുംതന്നെ അനുമതി നൽകാതിരുന്നിട്ടില്ല. എന്നാൽ എറണാകുളം ജില്ലയിൽ 7 സഹകരണ സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും മലപ്പുറം ജില്ലയിൽ 2 സഹകരണ സംഘങ്ങളുടെ അപേക്ഷകളിലും ന്യൂനതകൾ ഉള്ളതിനാൽ അംഗീകാരം നൽകിയിട്ടില്ല. മറ്റ് ജില്ലകളിൽ ഒന്നുംതന്നെ ഇപ്രകാരം അനുമതി ലഭിക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പൊതുനന്മ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഉപനിബന്ധന തയ്യാറാക്കി ജോയിന്റ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതും ഉപനിബന്ധനയ്ക്ക് വിധേയമായി ചെലവഴിക്കാവുന്നതുമാണ്. സഹകരണ നിയമത്തിലെ വകുപ്പ് 56(2) ഡി പ്രകാരം സംഘത്തിന്റെ അറ്റലാഭത്തിൽനിന്നും നീക്കിവയ്ക്കുന്ന 10 ശതമാനത്തിൽ അധികരിക്കാത്ത തുക 1890-ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് സെക്ഷൻ 2 അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് സംഘം ഭരണസമിതി തീരുമാനപ്രകാരം വിനിയോഗിക്കാവുന്നതാണ്. അതിനുപരിയായി തുക വിനിയോഗിക്കുന്നപക്ഷം ജോയിന്റ് രജിസ്ട്രാറിൽനിന്നും അനുമതി വാങ്ങേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹോൾസെയിൽ സൊസൈറ്റികളുടെ ലാഭനഷ്ടം

248 (5508) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ജില്ല ഹോൾസെയിൽ സൊസൈറ്റികളുടെ ലാഭനഷ്ടം സംബന്ധിച്ച കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ജില്ലാ ഹോൾസെയിൽ സൊസൈറ്റികളുടെ ആഡിറ്റ് പൂർത്തിയാക്കിയ വർഷത്തെ ലാഭനഷ്ടം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ആഡിറ്റ് പൂർത്തിയാക്കിയ വർഷം | നഷ്ടം (രൂപയിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 2000-01 | 4,11,76,683.58 |
| 2 | കൊല്ലം (പ്രവർത്തന രഹിതമാണ്) | 1999-2000 | 2,78,25,178.12 |
| 3 | പത്തനംതിട്ട (പ്രവർത്തന രഹിതമാണ്) | 1990-91 (അവസാന ആഡിറ്റ് നടന്നത്) | 31-12-2019-ലെ താൽക്കാലിക ബാക്കിപത്രു പ്രകാരം 38,29,560.51 |
| 4 | ആലപ്പുഴ (പ്രവർത്തന രഹിതമാണ്) | 2000-01 | 1,79,13,904.67 |
| 5 | ഇടുക്കി | 2017-18 | 4,39,03,672 |
| 6 | കോട്ടയം | 2017-18 | 3,90,76,376.87 |
| 7 | എറണാകുളം | 2017-18 | 9,93,55,886 |
| 8 | തൃശ്ശൂർ | 2017-18 | 7,83,92,134.38 |
| 9 | പാലക്കാട് | 2017-18 | 35,54,471.62 |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | കോഴിക്കോട് (പ്രവർത്തന രഹിതമായിരുന്നു. ഇപ്പോൾ പുനരുജ്ജീവിപ്പിച്ചു. 21-7-2019-ൽ പുതിയ ഭരണസമിതി നിലവിൽവന്നു.) | 1988-89 | 2.46 കോടി |
| 11 | വയനാട് | 2017-18 | 68,82,035.12 |
| 12 | മലപ്പുറം (ലിക്വിഡേഷനിലാണ്) | 1981-82 | 31,79,776.99 |
| 13 | കണ്ണൂർ | 2017-18 | 972.73 ലക്ഷം |
| 14 | കാസർഗോഡ് | 2017-18 | 45.22 ലക്ഷം |

## സഹകരണ രംഗത്തെ പുതിയ സേവനമേഖലകൾ

249 (5509) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഓൺലൈൻ ടാക്സി സേവനം ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സമൂഹത്തിലെ സേവന രംഗത്തും മറ്റ് മേഖലകളിലുമുണ്ടായിട്ടുള്ള മാറ്റത്തിനനുസരിച്ച് ഏതെല്ലാം പുതിയ രംഗങ്ങളിലാണ് സാധ്യതതേടുന്നത്;

(സി) കൂടുതൽ പുതിയ മേഖലകളിലേയ്ക്ക് സഹകരണ രംഗത്തെ സേവനം ഉപയോഗിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) നിലവിൽ അത്തരം നിർദ്ദേശം പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ സഹകരണ ബാങ്കുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനും ബാങ്കുകളുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിനും സംസ്ഥാന പദ്ധതി പ്രകാരം എൻ.സി.ഡി.സി. പദ്ധതി പ്രകാരവും വിവിധ സ്കീമുകളിലൂടെ ഏകീകൃത സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള ആധുനികവൽക്കരണം, സർക്കാർ ഓഹരി മൂലധനം, കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി നിക്ഷേപ ഉറപ്പ്,

നെൽകൃഷി വായ്പയ്ക്കുള്ള പ്രോത്സാഹനം, മാതൃകാ സഹകരണ സംഘങ്ങളുടെ നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രായോഗിക വാണിജ്യ പദ്ധതികൾ ഏറ്റെടുപ്പിക്കുക, കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ, നീതി മെഡിക്കൽ സ്റ്റോർ, നീതി ലാബ് എന്നിവ ആരംഭിച്ച് ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നുകളും പരിശോധനാ ലാബ് സൗകര്യങ്ങളും ലഭ്യമാക്കി വരുന്നു. അതോടൊപ്പം, പൊതുമാർക്കറ്റിൽ വിലനിലവാരം പിടിച്ചു നിർത്തുന്നതിനായി നീതി സ്റ്റോറുകളും ഉത്സവകാലങ്ങളിൽ പ്രത്യേക ചന്തകളും നടത്തിവരുന്നു.

സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് വ്യവസ്ഥകളോടെ ആർ.ബി.ഐ. തലത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ആധുനിക ബാങ്കിംഗ് സേവനങ്ങൾ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിനോടൊപ്പം കുറഞ്ഞ സേവന നിരക്കും സമൂഹത്തിന്റെ സമഗ്ര പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ടാണ് കേരള ബാങ്ക് രൂപീകരണമെന്ന ആശയവുമായി സർക്കാർ മുന്നോട്ടുപോകുന്നത്.

സമൂഹത്തിലെ സേവന രംഗത്തും മറ്റ് മേഖലകളിലുമുണ്ടായിട്ടുള്ള മാറ്റത്തിനനുസരിച്ച് പുതിയ രംഗങ്ങളിലെ സാധ്യതകൾ കാർഷിക ഗ്രാമവികസന ബാങ്ക് പരിശോധിച്ചുവരുന്നു. സഹകരണ സംഘങ്ങൾ മുഖേന നെല്ലിന്റെ സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിലേയ്ക്ക് പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, ആർ.റ്റി.ജി.എസ്., ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സഹകരണ സംഘങ്ങളുടെ ഇടപെടലിലൂടെ വട്ടിപ്പലിശക്കാരുടെ ചൂഷണം ഗ്രാമീണ മേഖലയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ കൊള്ളപ്പലിശക്കാരിൽനിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുക,

ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിക്കുക, അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" എന്ന പേരിൽ ഗ്രാമീണ ലഘു വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 1000 രൂപ മുതൽ 25000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽനിന്ന് 12 ശതമാനം പലിശ (നൂറ് രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/ വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷംകൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1120 രൂപ തിരിച്ചടയ്ക്കണം.

(സി) സഹകരണ രംഗത്തെ സേവനം, ജനജീവിതത്തിന്റെ എല്ലാ മേഖലകളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ പുതിയ മേഖലകളിലേയ്ക്ക് സഹകരണ രംഗത്തെ സേവനം ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള സാധ്യതകൾ കാർഷിക ഗ്രാമവികസന ബാങ്കുകൾ ആരാഞ്ഞുവരുന്നു. നെൽകർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിനും ഉപഭോക്താക്കൾക്ക് നല്ലയിനം അരി ലഭ്യമാക്കുന്നതിലേയ്ക്കുമായി നെല്ലിന്റെ സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിലേയ്ക്ക് സഹകരണ രംഗത്തെ സേവനം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പാലക്കാട് ഒരു പുതിയ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സംഘത്തിന്റെ കീഴിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സഹകരണ മേഖലയുടെ കെയർ ഗ്രേസ് പദ്ധതി**

250 (5510) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം ദുരിതബാധിതരായവർക്ക് സഹകരണ മേഖല കെയർ ഗ്രേസ് എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നോ;

(ബി) എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ആവിഷ്കരിച്ചിരുന്നു.

(ബി) പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത്.

സഹകരണ മേഖലയിലുള്ള ആശുപത്രികൾ, ക്ലിനിക്കുകൾ, മെഡിക്കൽ ലാബുകൾ, മെഡിക്കൽ സ്റ്റോറുകൾ എന്നിവ ദുരിതബാധിതരായ ജനവിഭാഗത്തിന്റെ പൊതുവായ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പ്രയോജനപ്പെടുത്തുക, പരിശോധന-ചികിത്സാ സൗകര്യങ്ങൾ സൗജന്യമായോ കുറഞ്ഞ നിരക്കിലോ ലഭ്യമാക്കുക, ദുരിതബാധിതരായ കുടുംബങ്ങളിൽ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് സാമ്പത്തിക പിന്തുണ നൽകുക എന്നിവയൊക്കെയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. അർഹരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽനിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി സർക്കുലർ നിർദ്ദേശവും പുറപ്പെടുവിച്ചിരുന്നു.

പ്രളയബാധിത പ്രദേശങ്ങളിലെ സഹകരണ സംഘങ്ങൾ ഈ പദ്ധതി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

## സഹകരണ ബാങ്കുകൾ മുഖേന ഹൈടെക് ക്ലാസ് മുറികൾ

251 (5511) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ സഹകരണത്തോടെ പൊതു വിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ

ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ, സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചുനൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

## സഹകരണ വകുപ്പിന്റെ സ്മാർട്ട് ക്ലാസ് മുറി

252 (5512) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ സഹായത്തോടെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറി, ഊർജ്ജക്ഷമതയുള്ള അടുപ്പ് എന്നിവ സ്ഥാപിക്കുന്ന പദ്ധതിയിലേക്ക് നോമിനേറ്റഡ് എം.എൽ.എ. നിർദ്ദേശിച്ച ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) പ്രസ്തുത സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

### ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും, സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ച് നൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു.

എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചുനൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം

സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചുനൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചുനൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

ഓരോ നിയോജകമണ്ഡലത്തിലേയും എം.എൽ.എ.-മാർ നൽകുന്ന ലിസ്റ്റും സന്നദ്ധരായ സഹകരണസംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കി ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ അതത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. പ്രസ്തുത പദ്ധതികളിലേയ്ക്ക് നോമിനേറ്റഡ് എം.എൽ.എ. സ്കൂളുകളുടെ പേരുകൾ നിർദ്ദേശിച്ചതായി സഹകരണ വകുപ്പിന് വിവരം ലഭിച്ചിട്ടില്ല. ഈ പദ്ധതി ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിലാണ് ഏറ്റെടുത്ത് നടപ്പാക്കുന്നത്.

**കെയർ കേരളയ്ക്കായി സഹകരണ സംഘങ്ങളുടെ ലാഭവിഹിതം**

253 (5513) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും ഒരു വർഷത്തെ പ്രവർത്തനലാഭത്തിൽ നിന്ന് ഓഹരി ഉടമകളുടെ ലാഭവിഹിതമായി നീക്കിവയ്ക്കുന്ന തുക കെയർ കേരള പദ്ധതിയ്ക്ക് മാറ്റിവയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നോ;

(ബി) സഹകരണ സ്ഥാപനങ്ങൾ ഇപ്രകാരം ലാഭവിഹിതമായി കൈമാറിയ തുകയെത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) കെയർ കേരള പദ്ധതിയ്ക്കായി സഹകരണ മേഖല ഇതിനകം മുടക്കിയ തുകയെത്രയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും ഒരു വർഷത്തെ പ്രവർത്തന ലാഭത്തിൽനിന്ന് അംഗങ്ങൾക്ക് ലാഭവിഹിതമായി നീക്കിവയ്ക്കുന്ന തുക പൊതുയോഗത്തിന്റെ അംഗീകാരത്തോടുകൂടി കെയർ ഹോം പദ്ധതിക്ക് സംഭാവനയായി അനുവദിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ലാഭവിഹിതം നിക്ഷേപിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ മെയിൻ ശാഖയിൽ ആരംഭിച്ചിട്ടുള്ള പൂൾ അക്കൗണ്ടിൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും 22-6-2019 വരെ 36,72,71,714.70 രൂപ ലഭിച്ചിട്ടുണ്ട്.

(സി) കെയർ ഹോം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ നിർമ്മിക്കുന്ന 2000 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സഹകരണ വകുപ്പ് അനുവദിച്ചു നൽകിയ 80,32,56,582 രൂപയിൽനിന്നും 24-6-2019 വരെ 60,21,35,000 രൂപ വിനിയോഗിച്ചുകഴിഞ്ഞു.

പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 7-9-2018-ലെ സ.ഉ.(കൈ) 326/2018/റവ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 46/2018 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കുന്നത്.

ഈ പദ്ധതി അനുസരിച്ച് ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനമായ 10,000 രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപയായിരിക്കും വായ്പാ പരിധി. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെ ആയിരിക്കും. തിരിച്ചടവിന് 9 മാസത്തെ മൊറട്ടോറിയം അനുവദിക്കുന്നതാണ്. പത്താം മാസം മുതൽ തുല്യ മാസഗഡുക്കളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. ബാങ്കുകൾ 9 ശതമാനം പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടത്. വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വഹിക്കുന്നതാണ്. 31-3-2019 വരെയുള്ള കണക്കുകൾ പ്രകാരം 9126 അയൽക്കൂട്ടങ്ങൾ വഴി 94017 അംഗങ്ങൾക്കായി 52,256.93 ലക്ഷം രൂപ ടി വായ്പാ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

**നവകേരള നിർമ്മാണത്തിൽ സഹകരണ മേഖലയുടെ പങ്ക്**

254 (5514) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിന് സഹകരണ മേഖലയുടെ സംഭാവനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സഹകരണ മേഖല ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

(സി) കെയർ ഹോം പദ്ധതിക്കായി സഹകരണ സ്ഥാപനങ്ങളിൽനിന്നും എന്ത് തുകയാണ് സമാഹരിച്ചതെന്ന് അറിയിക്കുമോ;

(ഡി) സർക്കാർ ഭാഗത്ത് നിന്നും ഇതിനായി എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ;

(ഇ) സഹകരണ മേഖല ലാഭവിഹിത വിതരണത്തിനായി നീക്കിവച്ച തുകയാണോ ഈ പദ്ധതിക്കായി വിനിയോഗിക്കുന്നത്;

(എഫ്) രണ്ടാം ഘട്ടത്തിൽ കെയർ ഹോം പദ്ധതി പ്രകാരം കൂടുതൽ വീടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഈ വർഷത്തെ ലാഭവിഹിതവും ഇക്കാര്യത്തിനായി നീക്കിവയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിന്റെ ഭാഗമായി സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുന്ന കെയർ ഹോം പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കെയർ ഹോം പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ 2040 വീടുകളാണ് സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ച് നൽകുന്നത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭൂരഹിതർക്കായി സർക്കാർ അനുവദിച്ച് നൽകുന്ന ഭൂമിയിൽ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതിക്ക് തുക സംഭാവനയായി നൽകാൻ കഴിവുള്ള സഹകരണ സ്ഥാപനങ്ങളിൽനിന്നും സമാഹരിച്ച് സി.എം.ഡി.ആർ.എഫ്. അക്കൗണ്ടിലൂടെ മാറ്റിയെടുത്ത തുകയും സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽനിന്നും അനുവദിച്ച തുകയും സഹകരണ സ്ഥാപനങ്ങൾ അവരുടെ ഒരു വർഷത്തെ ലാഭവിഹിതത്തിൽനിന്നും വ്യക്തിഗത അംഗങ്ങൾക്ക് നൽകുന്നതിനായി കണക്കാക്കിയ തുക പൊതുയോഗത്തിന്റെ അംഗീകാരത്തോടുകൂടി കെയർ ഹോം പദ്ധതിക്ക് സംഭാവനയായി അനുവദിക്കുന്നതും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിക്കുന്ന തുകയും സുമനസ്സുകളായ വ്യക്തികളും സഹകരണ സ്ഥാപനങ്ങളും സഹകാരികളും നൽകുന്ന സഹായവും ചേർത്താണ് കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത്.

കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് വിവിധ തരം വായ്പ നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കെയർ ഹോം. ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 7-9-2018-ലെ സ.ഉ.(കൈ) 326/2018/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച് റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 46/2018 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കുന്നത്. ഈ പദ്ധതി അനുസരിച്ച് ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനമായ 10,000 രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ, അയൽക്കൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപയായിരിക്കും വായ്പാപരിധി. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെയായിരിക്കും. തിരിച്ചടവിന് 9 മാസത്തെ മൊറട്ടോറിയം അനുവദിക്കുന്നതാണ്. പത്താം മാസം മുതൽ തുല്യമാസ ഗഡുക്കളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. ബാങ്കുകൾ 9 ശതമാനം പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടത്. വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതാണ്. 31-3-2019 വരെയുള്ള കണക്കുകൾ പ്രകാരം 9126 അയൽക്കൂട്ടങ്ങൾ വഴി 94017 അംഗങ്ങൾക്കായി 52,256.93 ലക്ഷം രൂപ ടി വായ്പ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത മൊറട്ടോറിയത്തിന്റെ കാലാവധി 31-12-2019 വരെ ദീർഘിപ്പിച്ച് നൽകുന്നതിനും സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-12-2019 വരെ മൊറട്ടോറിയം അനുവദിച്ചും സഹകരണ സംഘം രജിസ്ട്രാറുടെ 15/19 നമ്പർ സർക്കുലർ നൽകിയിട്ടുണ്ട്. പ്രളയത്തിൽ സർക്കാർ പ്രളയബാധിത/ഉരുൾപൊട്ടൽ ബാധിത പ്രദേശമായി പ്രഖ്യാപിച്ച് 1260 വില്ലേജുകളിലെ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരിത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ

ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പ പദ്ധതി എന്ന പേരിൽ ഒരു വായ്പ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് കെയർ കേരള എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളാണ് ഈ പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർ ഹോം പദ്ധതി. പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി സഹകരണ വകുപ്പ് ഏറ്റെടുത്ത പദ്ധതിയാണ് കെയർ ഹോം. സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി കുടുംബശ്രീ സംവിധാനത്തിലൂടെ സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്കരിച്ച പദ്ധതിയാണ് കെയർ ഗ്രേസ്.

(സി) കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക സംഭാവനകൾ നൽകാൻ കഴിവുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും 44,98,12,052 രൂപയുടെ ചെക്കുകൾ സമാഹരിച്ച് സി.എം.ഡി.ആർ.എഫ്.-ൽ നിക്ഷേപിക്കുകയും സർക്കാർ ടി തുക പദ്ധതിക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽനിന്നും 35,00,00,000 രൂപ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ അവരുടെ 2017-18 സാമ്പത്തിക വർഷത്തെ പ്രവർത്തന ലാഭത്തിൽ നിന്നും വ്യക്തിഗത അംഗങ്ങൾക്ക് ലാഭവിഹിതമായി നീക്കിവയ്ക്കുന്ന തുക പൊതുയോഗത്തിന്റെ അംഗീകാരത്തോടുകൂടി കെയർ ഹോം പദ്ധതിക്ക് സംഭാവനയായി അനുവദിക്കുന്നുണ്ട്. 22-6-2019 വരെ ടി ഇനത്തിൽ 36,72,71,714.70 രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള തുക (കുന്നിൻ പ്രദേശങ്ങളിൽ 1,01,900 രൂപയും മറ്റുള്ള പ്രദേശങ്ങളിൽ 95,100 രൂപയും) കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആദ്യഗഡുവായി ഗുണഭോക്താവിന് ലഭിക്കുന്നുണ്ട്.

(ഇ) കെയർ ഹോം പദ്ധതിക്ക് തുക സംഭാവനയായി നൽകാൻ കഴിവുള്ള സഹകരണ സ്ഥാപനങ്ങളിൽനിന്നും സമാഹരിച്ച് സി.എം.ഡി.ആർ.എഫ്. അക്കൗണ്ടിലൂടെ മാറ്റിയെടുത്ത തുകയും സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിനിന്നും അനുവദിച്ച തുകയും സഹകരണ സ്ഥാപനങ്ങൾ അവരുടെ ഒരു വർഷത്തെ ലാഭവിഹിതത്തിൽ നിന്നും വ്യക്തിഗത അംഗങ്ങൾക്ക് നൽകുന്നതിനായി കണക്കാക്കിയ തുക പൊതുയോഗത്തിന്റെ അംഗീകാരത്തോടുകൂടി കെയർ ഹോം പദ്ധതിക്ക് സംഭാവനയായി അനുവദിക്കുന്നതും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിക്കുന്ന തുകയും സുമനസ്സുകളായ വ്യക്തികളും സഹകരണ സ്ഥാപനങ്ങളും സഹകാരികളും നൽകുന്ന സഹായവും ചേർത്താണ് കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത്.

(എഫ്) കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭൂരഹിതരായവർക്കായി സർക്കാർ അനുവദിച്ച് തരുന്ന ഭൂമിയിൽ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ജി) കെയർ ഹോം പദ്ധതിക്കായി സഹകരണ സ്ഥാപനങ്ങൾ അവരുടെ 2017-18 വർഷത്തെ ലാഭവിഹിതത്തിൽനിന്നും വ്യക്തിഗത അംഗങ്ങൾക്ക് നൽകുന്ന ഡിവിഡന്റ് തുക പൊതുയോഗത്തിന്റെ അംഗീകാരത്തോടുകൂടി സംഭാവനയായി നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വിവിധ സാങ്കേതിക കാരണങ്ങളാൽ 2017-18 വർഷത്തെ ലാഭവിഹിതത്തിൽനിന്നും തുക അനുവദിക്കാൻ കഴിയാത്ത സഹകരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷത്തെ ലാഭവിഹതത്തിൽനിന്ന് ഡിവിഡന്റ് തുക സംഭാവനയായി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## കെയർ ഹോം പദ്ധതിക്ക് സഹകരണ സംഘങ്ങളുടെ സാമ്പത്തിക സഹായം

255 (5515) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് നടപ്പാക്കിയ കെയർഹോം പദ്ധതിയ്ക്കായി സംസ്ഥാനത്തെ സഹകരണസംഘങ്ങൾ സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) സഹകരണ സംഘങ്ങളിൽനിന്നും ലഭിച്ച സാമ്പത്തിക സഹായത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന കെയർ ഹോം പദ്ധതിക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി തുക സംഭാവന നൽകാൻ കഴിവുള്ള സഹകരണ സ്ഥാപനങ്ങളിൽനിന്നും 44,98,12,052 രൂപയുടെ ചെക്കുകൾ സമാഹരിച്ച് സി.എം.ഡി.ആർ.എഫ്.ൽ നിക്ഷേപിക്കുകയും സർക്കാർ ടി തുക പദ്ധതിക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽനിന്നും 35,00,00,000 രൂപ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ അവരുടെ 2017-18 സാമ്പത്തിക വർഷത്തെ പ്രവർത്തന ലാഭത്തിൽ നിന്നും വ്യക്തിഗത അംഗങ്ങൾക്ക് ലാഭവിഹിതമായി നീക്കിവയ്ക്കുന്ന തുക പൊതുയോഗത്തിന്റെ അംഗീകാരത്തോടുകൂടി കെയർ ഹോം പദ്ധതിക്ക് സംഭാവനയായി അനുവദിക്കുന്നുണ്ട്. 22-6-2019 വരെ ടി ഇനത്തിൽ 36,72,71,714.70 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളിൽനിന്നും ലഭിച്ച സാമ്പത്തിക സഹായത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

സഹകരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ലാഭവിഹിതം സമാഹരിക്കുന്നതിനായി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മെയിൻ ശാഖയിൽ സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ ആരംഭിച്ചിട്ടുള്ള പൂൾ അക്കൗണ്ടിലേയ്ക്ക് സഹകരണ സ്ഥാപനങ്ങൾ 22-6-2019 വരെ നേരിട്ട് നിക്ഷേപിച്ച തുകയിൽ 10,89,25,042.88 രൂപ റെക്കൻസിലിയേഷൻ ചെയ്തുവരികയാണ്.

## കേരള ബാങ്ക് രൂപീകരണവും ജീവനക്കാരുടെ പുനർവിന്യാസവും

256 (5516) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ.സി.ജോസഫ്:
ശ്രീ. പി.ടി. തോമസ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായി സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിലെ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുന്നത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംബന്ധിച്ച് ഹ്യൂമൻ റിസോഴ്സ് പോളിസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; പ്രസ്തുത ചർച്ചയിൽ ജീവനക്കാർക്ക് നൽകിയ ഉറപ്പുകൾ വ്യക്തമാക്കുമോ;

(സി) കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും നിയമനനിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന, ജില്ല സഹകരണ ബാങ്കുകളിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുന്നത് സംബന്ധിച്ച ഹ്യൂമൻ റിസോഴ്സ് പോളിസി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

## സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടം

257 (5517) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബാങ്ക് നൽകിയിട്ടുള്ള വായ്പകളിൽ കിട്ടാക്കടം എത്ര ശതമാനം ആണ്; ഇത് എത്ര കോടി രൂപ വരും; വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കിട്ടാക്കടം പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 31-3-2019-ലെ സാമ്പത്തിക സ്ഥിതി വിവര കണക്കുകൾ ചുവടെ ചേർക്കുന്നു. (Unaudited)

THE KERALA STATE CO-OPERATIVE BANK LTD (KSCB)

Un-audited Performance Report for the FY 2018-19

| Sl.No. | Particulars | Amount (in crore) |
|---|---|---|
| 1 | Share capital | 678.74 |
| 2 | Deposits | 8945.78 |
| 3 | Reserves (free) | 53.56 |
| 4 | Owned Funds | 732.3 |
| 5 | Borrowings | 3532.53 |
| 6 | Investment | 5414.56 |
| 7 | Profit before Tax | 281.91 |
| 8 | Income tax paid | 58.00 |
| 9 | Profit after Tax | 223.91 |
| 10 | Loans advanced | 6487.74 |
| 11 | NPA (amount) | 205.27 |
| 12 | NPA % | 3.16 % |
| 13 | Provision for NPA Loan | 113.95 |
| 14 | Net NPA (amount) | 91.32 |
| 15 | Net NPA % | 1.43 % |
| 16 | CD Ratio | 72.52 |
| 17 | CRAR | 22.54 % |

(ബി) 31-3-2019-ലെ (unaudited) കണക്കുകൾ പ്രകാരം ബാങ്കിന് നിലവിൽ 205.27 കോടി രൂപ നിഷ്ക്രിയാസ്തി (NPA) ഉണ്ട്. ആയത് മൊത്തം വായ്പയുടെ 3.16 ശതമാനം ആണ്.

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, സർഫാസി നടപടിക്രമങ്ങൾ, ആർബിട്രേഷൻ, എക്സിക്യൂഷൻ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ വിതരണത്തിന് രൂപീകരിച്ച കൺസോർഷ്യത്തിലെ സഹകരണ ബാങ്കുകൾ

258 (5518) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ വിതരണത്തിന് രൂപീകരിച്ച കൺസോർഷ്യത്തിൽ എത്ര സഹകരണ ബാങ്കുകളുണ്ടെന്നും പ്രസ്തുത സഹകരണ ബാങ്കുകൾ ഇതിനകം എത്ര കോടി രൂപ പെൻഷൻ വിതരണത്തിനായി നൽകിയെന്നും അറിയിക്കാമോ;

(ബി) സർക്കാരിൽ നിന്നും പ്രസ്തുത സഹകരണ ബാങ്കുകൾക്ക് പലിശ ലഭിക്കാറുണ്ടോ; എങ്കിൽ ഓരോ ബാങ്കിനും ഇതിനകം പലിശയിനത്തിൽ ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ വിതരണത്തിൽ 2018 ഫെബ്രുവരി മാസം വരെയുണ്ടായിരുന്ന കുടിശ്ശികയും 2019 ജൂൺ വരെയുള്ള പെൻഷൻ വിതരണത്തിനുമായി രൂപീകരിച്ച കൺസോർഷ്യത്തിൽ സംസ്ഥാനത്തെ 181 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പങ്കാളികളായിട്ടുണ്ട്. ടി സഹകരണ സംഘങ്ങളിൽനിന്നായി 1176,57,18,000 രൂപ പെൻഷൻ വിതരണത്തിനായി കൺസോർഷ്യത്തിലേയ്ക്ക് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സഹകരണ ബാങ്കുകൾക്ക് തുക നിക്ഷേപിച്ച് 6 മാസം പൂർത്തിയാകുന്ന മുറയ്ക്ക് നിക്ഷേപിച്ച തുകയുടെ 10 ശതമാനം പലിശ സഹിതം മുതൽ ഉൾപ്പെടെ തിരികെ നൽകുന്നു. ഇപ്രകാരം 2019 മേയ് മാസം വരെയുള്ള കാലാവധി പൂർത്തിയായ തുക തിരികെ നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 785,33,88,594 രൂപ സർക്കാർ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ഇതിൽ 40,44,60,614 രൂപ പലിശയാണ്. സംഘങ്ങൾക്ക് പലിശ ഇനത്തിൽ നൽകിയ തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജില്ലാ സഹകരണ ബാങ്കുകളിലെ കിട്ടാക്കടം

259 (5519) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളുടെ നിലവിലെ കിട്ടാക്കടം ഓരോ ബാങ്കിലും എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) കിട്ടാക്കടം അഞ്ച് ശതമാനത്തിൽ താഴെ കൊണ്ടുവരണമെന്ന് ആർ.ബി.ഐ.നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കിട്ടാക്കടം പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളുടെ 31-3-2019-ലെ ആഡിറ്റ് ചെയ്യാത്ത കണക്കുകൾ പ്രകാരമുള്ള കിട്ടാക്കടത്തിന്റെ (NPA) വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | NPA (%) |
|---|---|
| തിരുവനന്തപുരം | 25.15 |
| കൊല്ലം | 10.17 |
| പത്തനംതിട്ട | 12.03 |
| കോട്ടയം | 11.97 |
| ഇടുക്കി | 7.62 |
| ആലപ്പുഴ | 5.41 |
| എറണാകുളം | 8.95 |
| തൃശ്ശൂർ | 9.89 |
| പാലക്കാട് | 11.02 |
| മലപ്പുറം | 13.01 |
| കോഴിക്കോട് | 4.98 |
| വയനാട് | 6.25 |
| കണ്ണൂർ | 5.94 |
| കാസർഗോഡ് | 4.86 |

(ബി) പൊതുനിർദ്ദേശം ഉണ്ട്. ബാങ്കിംഗ് അനുബന്ധ സേവനങ്ങളായ എ.റ്റി.എം., ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് മുതലായവയുടെ ലൈസൻസ് ലഭിക്കണമെങ്കിൽ നിഷ്ക്രിയ ആസ്തി അഞ്ച് ശതമാനത്തിൽ താഴെ ആയിരിക്കണമെന്ന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിബന്ധനയുണ്ട്.

(സി) കുടിശ്ശികക്കാരുമായുള്ള കൂടിക്കാഴ്ചകൾ, അദാലത്തുകൾ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ വഴി ആനുകൂല്യങ്ങൾ, ബാങ്ക് തലത്തിലുള്ള പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതികൾ, സഹകരണ നിയമപ്രകാരമുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ, സർഫാസി നിയമപ്രകാരമുള്ള നടപടികൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മൊറട്ടോറിയം നിലനിൽക്കുന്നതിനാൽ കർഷകരുടെ വായ്പകളിൽ ജപ്തി നടപടികൾ നിർത്തിവച്ചിട്ടുണ്ട്.

## വനിതാ സഹകരണ സംരംഭങ്ങൾ

260 (5520) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാസംരംഭകർക്ക് സഹകരണ സ്ഥാപനങ്ങൾ തുടങ്ങുവാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) സഹകരണ സ്ഥാപനം ആരംഭിക്കുവാൻ വനിതകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ) 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 4 മുതൽ 8 വരെയും ചട്ടം 3 അനുസരിച്ചുള്ള നിബന്ധനകൾക്ക് വിധേയമായാണ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തുനൽകുന്നത്. വനിതാ സംരംഭകർക്ക് സഹകരണ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും ഇതേ മാനദണ്ഡങ്ങൾ തന്നെയാണുള്ളത്. അപേക്ഷകർ വനിതകളും 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും 25 പേരിൽ കുറയാതെ വ്യത്യസ്ത കുടുംബത്തിൽപ്പെട്ടവരും ആയിരിക്കണമെന്ന് നിബന്ധനയുണ്ട്. അപേക്ഷയോടൊപ്പമുള്ള രജിസ്ട്രേഷൻ ഫീസ് വനിതാ സഹകരണ സംഘങ്ങൾക്ക് 500 രൂപയായി നിജപ്പെടുത്തിയിട്ടുമുണ്ട്.

(ബി) രജിസ്ട്രേഷൻ നടപടികൾ സഹകരണ നിയമ പ്രകാരമാണ്. മറ്റ് സർക്കാർ ഉത്തരവുകൾ ഇല്ല.

(സി) ഉണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വനിതാ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ഫീസിൽ 50 ശതമാനം ഇളവും പരമാവധി 50,000 രൂപയായും ചട്ടം 65 പ്രകാരം ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

## ആർ.സി.സി. എംപ്ലോയീസ് കൺസ്യൂമർ സഹകരണ സംഘം

261 (5521) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി. എംപ്ലോയീസ് കൺസ്യൂമർ സഹകരണ സംഘം ലിമിറ്റഡ് റ്റി 2080-ൽ നിലവിൽ എത്ര ജീവനക്കാർ അംഗങ്ങളാണെന്ന് അറിയിക്കുമോ;

(ബി) അംഗങ്ങൾ അല്ലാത്ത ജീവനക്കാർക്ക് പ്രസ്തുത സംഘത്തിൽ അംഗത്വം നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോ;

(സി) ഈ സൊസൈറ്റി നടത്തിവരുന്ന സംരംഭങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർ.സി.സി. എംപ്ലോയീസ് കൺസ്യൂമർ സഹകരണ സംഘം ലിമിറ്റഡ് നമ്പർ. റ്റി.2080-ൽ 42 ജീവനക്കാർ അംഗങ്ങളായിട്ടുണ്ട്.

(ബി) ഇല്ല.

(സി) ആർ.സി.സി. ക്യാന്റീൻ, ഫുഡ് കോർട്ട് & റ്റീ സ്നാക്സ് കൗണ്ടർ എന്നിവ നടത്തിവരുന്നു.

## ടൂറിസം മേഖലയിലെ സഹകരണ സംഘങ്ങൾ

262 (5522) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ടൂറിസം മേഖലയിൽ പ്രവർത്തിച്ചുവരുന്ന സഹകരണസംഘങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ജില്ലയിലെ ടൂറിസം മേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സഹകരണസംഘങ്ങൾ എത്രയെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ ടൂറിസം മേഖലയിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങൾ ചുവടെ പരാമർശിക്കുന്നവയാണ്:

1. നെടുമങ്ങാട് ഈസ്റ്റ് വെസ്റ്റ് ഇക്കോ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.1581.
2. നെടുമങ്ങാട് താലൂക്ക് ടൂറിസം പ്രൊമോഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.2176.
3. നെടുമങ്ങാട് താലൂക്ക് ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.2082.
4. തിരുവനന്തപുരം ഹൈറേഞ്ച് ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.1476.
5. വർക്കല താലൂക്ക് ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.924.
6. തിരുവനന്തപുരം ജില്ലാ ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ 1482.
7. അഞ്ചുതെങ്ങ് കായൽ വിനോദസഞ്ചാര വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.2189.
8. ചിറയിൻകീഴ് താലൂക്ക് ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1880.
9. തിരുവനന്തപുരം ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1424.
10. തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1620.
11. തിരുവനന്തപുരം ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.1687.

12. കേരള സ്റ്റേറ്റ് ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സെന്റർ ക്ലിപ്തം നമ്പർ 4391.

13. ജി.3 ഗ്ലോബൽ ടൂറിസം ഹോസ്പിറ്റാലിറ്റി റിക്രിയേഷൻ & എന്റർടൈൻമെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4444.

14. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) ക്ലിപ്തം നമ്പർ 4469.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ ടൂറിസം മേഖലയിൽ രണ്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. നെടുമങ്ങാട് താലൂക്ക് ടൂറിസം പ്രൊമോഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ റ്റി.2176.

2. അഞ്ചുതെങ്ങ് കായൽ വിനോദസഞ്ചാര വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.2189.

## തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറൽ ഓഫീസ് നവീകരണം

263 (5523) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറൽ ഓഫീസ് നവീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ചെലവ് അടക്കമുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) ഓഫീസ് നവീകരണത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഓഫീസ് നവീകരണത്തിന് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് പണപ്പിരിവ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ജില്ലയിലെ സഹകരണ സംഘം പ്രതിനിധികളുടെയും പ്രമുഖ സഹകാരികളുടെയും യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ആധുനികവൽക്കരണത്തിന് തീരുമാനം എടുത്തിരുന്നു. പ്രമുഖ സഹകാരികളും, സഹകരണ സംഘം പ്രതിനിധികളും, സഹകരണ സംഘം ജീവനക്കാരുടെ പ്രതിനിധികളും വകുപ്പ് ജീവനക്കാരുടെ പ്രതിനിധികളും അടങ്ങിയ കോർഡിനേഷൻ കമ്മിറ്റിയും ഫിനാൻസ്, മോണിറ്ററിംഗ്, ഇൻഫ്രാസ്ട്രക്ചർ, ഇൻഫർമേഷൻ ടെക്നോളജി, ആഡിറ്റ് എന്നീ ഉപസമിതികളുമാണ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചത്. ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ അസോസിയേഷൻ പ്രസിഡന്റാണ് കോർഡിനേഷൻ കമ്മിറ്റിയുടെ ചെയർമാൻ. ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സമിതിയുടെ കൺവീനറാണ്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ നിർമ്മിത കേന്ദ്രയാണ് നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുള്ളത്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ ജില്ലാ ഓഫീസിന്റെ സാങ്കേതിക സഹായത്തോടെയാണ് കമ്പ്യൂട്ടർ, യു.പി.എസ്., അനുബന്ധ ഉപകരണങ്ങൾ എന്നിവ കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ വാങ്ങിയിട്ടുള്ളത്. കോർഡിനേഷൻ കമ്മിറ്റിയാണ് ഇതുസംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നത്. നിർമ്മിതി കേന്ദ്രയ്ക്ക് 74,70,000 രൂപയും കമ്പ്യൂട്ടർ, യു.പി.എസ്., മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് 13,78,110 രൂപയും ഉദ്ഘാടനം, ഓഫീസ് ഷിഫ്റ്റിംഗ് എന്നീ ഇനങ്ങളിൽ 3,91,883 രൂപയും ചെലവ് വന്നിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് സഹകരണ സംഘങ്ങളിൽനിന്നും 1,05,66,001 രൂപ ഫണ്ട് ലഭിച്ചിട്ടുണ്ട്. ചെലവുകൾ കഴിച്ച് ബാക്കി തുക കോർഡിനേഷൻ കമ്മിറ്റിയുടെ പേരിൽ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. കണക്കുകൾ പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി തുക അതാത് സർക്കിൾ സഹകരണ യൂണിയനുകൾക്ക് ആനുപാതികമായി തിരികെ നൽകുന്നതിന് കോർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

(ബി) സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. ജില്ലയിലെ താലൂക്ക് സർക്കിൾ യൂണിയനുകളുടെ നേതൃത്വത്തിലാണ് പ്രവർത്തനത്തിനാവശ്യമായ ഫണ്ട് സ്വരൂപിച്ചിട്ടുള്ളത്. മേൽ പ്രവൃത്തികൾക്കാവശ്യമായ 1,05,66,001 രൂപ ഫണ്ടിനത്തിൽ സഹകരണ സംഘങ്ങളിൽനിന്നും സ്വരൂപിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഒരു സഹകരണ സംഘത്തിലെ മെമ്പർ നൽകിയ പരാതിയിൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ), സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ടി കാലയളവിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) ഇൻ-ചാർജ്, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ പ്രസ്തുത കാലയളവിൽ ചുമതല അനുഷ്ഠിച്ചിരുന്ന ഡെപ്യൂട്ടി രജിസ്ട്രാർമാർ എന്നിവരെ എതിർകക്ഷികളാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി എന്നിവർക്ക് പരാതി സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത പരാതിയിന്മേൽ സഹകരണ വിജിലൻസ് ഓഫീസിലെ ജോയിന്റ് രജിസ്ട്രാർ (വിജിലൻസ്) അന്വേഷണം നടത്തി സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയതിൽ നടപടി തുടർന്നുവരുന്നതുമാണ്.

## ആലത്തൂരിലെ കെയർ ഹോം പദ്ധതി

264 (5524) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർഹോം പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്നും അവ ആർക്കെല്ലാമാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന വീടുകളുടെ എണ്ണവും അവ ആർക്കെല്ലാമാണ് നൽകുന്നതെന്നും വിശദമാക്കാമോ;

(സി) വീട് നിർമ്മിച്ച് നൽകുന്നതിന് തയ്യാറായ സഹകരണ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതിയ്ക്കായി ഓരോ സ്ഥാപനവും ചെലവഴിച്ച തുകയും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കെയർ ഹോം പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ മൂന്ന് വീടുകളാണ് നിർമ്മിച്ചുനൽകിയത്.

1) ശ്രീമതി പൊന്നു മാടമ്പാറ, കുനിശ്ശേരി

2) ശ്രീ. സജീവ്, പുള്ളോട് വീട്, പന്തലാംകോട്

3) ശ്രീമതി രാജമ്മ, വടക്കേവീട്, കുന്നംകാട്, കിഴക്കഞ്ചേരി

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന വീടുകളില്ല. പദ്ധതി പ്രകാരം അനുവദിച്ച 3 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ ചുവടെ പേര് ചേർത്തിട്ടുള്ള സഹകരണ സ്ഥാപനങ്ങളാണ് വീട് നിർമ്മിച്ചുനൽകുന്നതിന് മേൽനോട്ടം വഹിച്ചിട്ടുള്ളത്.

1) ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്.

2) ആലത്തൂർ സേവന സഹകരണ ബാങ്ക്.

3) കിഴക്കഞ്ചേരി സേവന സഹകരണ ബാങ്ക്.

കെയർ ഹോം പദ്ധതി പ്രകാരം ഓരോ വീടിനും സഹകരണ വകുപ്പ് അനുവദിച്ച 4 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിച്ച 95,100 രൂപയും ചേർത്ത് ആകെ തുകയായ 4,95,100 രൂപയ്ക്ക് പുറമെ ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് 13,850 രൂപയും കിഴക്കഞ്ചേരി സേവന സഹകരണ ബാങ്ക് 25,000 രൂപയും ഈ പദ്ധതി പ്രകാരം വീട് നിർമ്മിച്ചുനൽകുന്നതിന് സംഭാവനയായി നൽകിയിട്ടുണ്ട്.

**കോഴിക്കോട് സഹകരണ ഭവൻ കെട്ടിടം**

265 (5525) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓഫീസുകൾ പ്രവർത്തിച്ചുവരുന്ന സഹകരണ ഭവൻ കെട്ടിടം ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് ഉപയോഗപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടം ഉപയോഗശൂന്യമായതിനുശേഷം ഓഫീസുകൾ പ്രവർത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പകരം സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടം നവീകരിക്കുക പ്രായോഗികമല്ലാത്തതിനാൽ പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) സഹകരണ ഭവൻ കെട്ടിടം ഉപയോഗശൂന്യമായതിനുശേഷം സഹകരണ ഭവനിൽ പ്രവർത്തിച്ചിരുന്ന ജോയിന്റ് രജിസ്ട്രാർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ 14-5-2012 മുതൽ കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ബിൽഡിംഗ് വാടകയ്ക്കെടുത്ത് പ്രവർത്തിച്ചിരുന്നു. എന്നാൽ വാടക കുടിശ്ശികമൂലം കോഴിക്കോട് കോർപ്പറേഷൻ നിയമ നടപടികൾ സ്വീകരിച്ച് ഓഫീസുകൾ ഒഴിപ്പിച്ചിരുന്നു.

തുടർന്ന് പുതിയറയിലുള്ള സഹകരണ ഭവനോട് ചേർന്ന് സഹകരണ വകുപ്പിന് സ്വന്തമായുള്ള സ്ഥലത്ത് ഒരു സെമി പെർമനന്റ് ഷെഡ് നിർമ്മിച്ച് മേൽ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. സൗകര്യപ്രദമായ രീതിയിൽ പുതിയ ഒരു കെട്ടിടം പണിതാൽ മാത്രമേ സഹകരണ ഭവനിലെ ഓഫീസുകൾ സുഗമമായി പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

## പ്രളയബാധിതർക്ക് സഹകരണ സംഘങ്ങൾ വഴി വായ്പ

266 (5526) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ ഫർണിച്ചറും വീട്ടുപകരണങ്ങളും നഷ്ടമായവരെ സഹായിക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വായ്പ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിയിരുന്നോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് വായ്പ അനുവദിച്ചു; എത്ര കോടി രൂപയാണ് അനുവദിച്ചത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക പലിശരഹിത വായ്പയായിട്ടാണോ നൽകിയത്; അല്ലെങ്കിൽ എത്ര ശതമാനം പലിശയാണ് ഈ വായ്പക്ക് ഈടാക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിയിരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കേരളം നേരിട്ട പ്രകൃതിദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 7-9-2018-ലെ സ.ഉ.(കൈ)326/2018/റവ. നമ്പർ പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി സഹകരണ ബാങ്കുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് കുടുംബശ്രീ മിഷൻ തീരുമാനിച്ച സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് 46/2018 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കുന്നത്.

ഈ പദ്ധതി അനുസരിച്ച് ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനമായ 10,000 രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപയായിരിക്കും വായ്പാ പരിധി. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെ ആയിരിക്കും. തിരിച്ചടവിന് 9 മാസത്തെ മൊറട്ടോറിയം അനുവദിക്കുന്നതാണ്. 10-ാം മാസം മുതൽ തുല്യ മാസ ഗഡുക്കളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടത്. വായ്പയുടെ പലിശ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വഹിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം 75590 പേർക്കായി ആകെ 581.03 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നത്. ടി വായ്പയുടെ പലിശ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതാണ്. അയൽക്കൂട്ടം ഗുണഭോക്താവിൽനിന്ന് പലിശ അടക്കമുള്ള തുകയാണ് ബാങ്കിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടത്. പലിശ തുക (9%) സർക്കാരിൽനിന്നും കൈപ്പറ്റി കുടുംബശ്രീ മിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുകയും അയൽക്കൂട്ടങ്ങൾ ഈ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ചെയ്യുന്നു.

## പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുവാൻ ഇടപെടൽ

267 (5527) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അനിൽ അക്കര:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്തുവാൻ സഹകരണ വകുപ്പ് നടത്തിവരുന്ന ഇടപെടൽ എന്തൊക്കെയാണ്;

(ബി) ഇത് വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൂടുതൽ നീതി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ത്രിവേണി മാർക്കറ്റുകൾ വഴി ലഭ്യമാകുന്ന പ്രൊവിഷൻ സാധനങ്ങളുടെ ഗുണനിലവാരം മോശമാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്തുവാൻ സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കി വിലവർദ്ധനവ് നിയന്ത്രിച്ചുനിർത്തുവാൻ വിപണിയിൽ ശക്തമായി ഇടപെട്ടുവരുന്നു. ഇതിന്റെ ഭാഗമായി ഉത്സവകാലങ്ങളിലെ വിലവർദ്ധനവ് തടയുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി 13 ഇനം നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക ഉത്സവ വിപണിയിലൂടെയും വിപണനം ചെയ്ത് വിലക്കയറ്റം നിയന്ത്രിച്ചുവരുന്നു. ഉത്സവകാലങ്ങളിലെ പൊതുവിപണിയിലെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനായി ഉത്സവ വിപണികൾ സംഘടിപ്പിക്കുന്നതിനായി 2016-17 വർഷത്തിൽ 3 കോടി രൂപയും 2017-18 വർഷത്തിൽ 52 കോടി രൂപയും

2018-19 വർഷത്തിൽ 41 കോടി രൂപയും സർക്കാർ സബ്സിഡിയായി നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ഉത്സവ വിപണികൾ സംഘടിപ്പിക്കുന്നതിനായി സബ്സിഡിയായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2019 ഓണം/ബക്രീദ് കാലഘട്ടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 7 മുതൽ 35 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

(ബി) വിജയപ്രദമാണ്. പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിച്ചുനിർത്തുവാൻ സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ മുഖേനയും ശക്തമായ ഇടപെടലുകളാണ് നടത്തുന്നത്. സംസ്ഥാനത്ത് അരിക്ഷാമം പരിഹരിക്കുന്നതിനും അരിവില നിയന്ത്രിക്കുന്നതിനുമായി പശ്ചിമ ബംഗാളിൽനിന്നും അരി ഇറക്കുമതി ചെയ്ത് പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 678 അരിക്കടകൾ ആരംഭിച്ച് സുവർണ്ണമസൂരി എന്ന ഉൽപ്പന്ന നാമമുള്ള അരി കിലേയ്ക്ക് 25 രൂപാ നിരക്കിൽ വിൽപ്പന നടത്തിയിരുന്നു. ഉത്സവ കാലങ്ങളിലെ പൊതുവിപണിയിലെ വില നിലവാരം പിടിച്ചുനിർത്തുന്നതിനായി ഉത്സവ വിപണികൾക്കായി 2016-17-ൽ 3 കോടി രൂപയും 2017-18-ൽ 52 കോടി രൂപയും 2018-19-ൽ 41 കോടി രൂപയും സർക്കാർ സബ്സിഡിയായി നൽകിയിട്ടുണ്ട്. ഉത്സവ കാലങ്ങളിൽ വിലക്കയറ്റം തടയുന്നതിനായി നടത്തിയിട്ടുള്ള സബ്സിഡി വിപണനമേളകൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നു. കഴിഞ്ഞ ഓണക്കാലത്ത് 196 ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ, തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, എസ്.സി./എസ്.ടി. സഹകരണ സംഘങ്ങൾ, ജീവനക്കാരുടെ സഹകരണ സംഘങ്ങൾ എന്നുതുടങ്ങി വിവിധ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 3466 വിപണികളിലൂടെയും ക്രിസ്തുമസ്/പുതുവത്സരം പ്രമാണിച്ച് 460 വിപണികളിലൂടെയും നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 9 ത്രിവേണി സ്റ്റോറുകളും പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 232 നീതി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ഉത്സവ വിപണികൾ സംഘടിപ്പിക്കുന്നതിനായി 100 കോടി രൂപ സബ്സിഡി ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. പൊതുവിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുവാൻ സഹകരണ വകുപ്പ് നടത്തിവരുന്ന ഇടപെടലുകൾ വിജയപ്രദമാണെന്ന് വിലയിരുത്തുന്നു.

(സി) പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 876 നീതി സ്റ്റോറുകൾ ഉണ്ട്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്ത് പുതുതായി കൂടുതൽ നീതി സ്റ്റോറുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം 232 നീതി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) വളരെ അപൂർവ്വമായി ചില സന്ദർഭങ്ങളിൽ ഗുണനിലവാരം മോശമാണെന്ന പരാതി കൺസ്യൂമർഫെഡറേഷന് ലഭിച്ചിട്ടുണ്ട്. ഇത്തരം പരാതികൾ പരിശോധിച്ച് അപ്പോൾത്തന്നെ പരിഹരിക്കാറുണ്ട്.

(ഇ) ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ടി പർച്ചേസ് കമ്മിറ്റി സാമ്പിളുകൾ പരിശോധിച്ച് ഉൽപ്പന്നങ്ങളുടെ ബ്രാൻഡ്/മാർക്ക് വിലയിരുത്തി മാർക്കറ്റിൽ ഈ ഇനങ്ങൾക്ക് ഗുണനിലവാരത്തിലുള്ള അംഗീകാരം ഉറപ്പാക്കിയാണ് ഉൽപ്പന്നങ്ങൾ വാങ്ങുന്നത്. വാങ്ങുവാൻ തീരുമാനിച്ച സാധനങ്ങളുടെ സാമ്പിൾ അതാത് ഗോഡൗണുകളിൽ സൂക്ഷിക്കുകയും സാമ്പിൾ നൽകുന്ന സാധനങ്ങളാണ് നൽകുന്നതെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. പ്രാഥമിക പരിശോധനയിൽ ഗുണനിലവാരമില്ലാത്ത സാധനമാണെന്ന് ബോധ്യപ്പെട്ടാൽ അവ ഗോഡൗണിൽനിന്നുതന്നെ നിരസിക്കാറുണ്ട്. സബ്സിഡി വിപണന സമയങ്ങളിൽ ഗുണനിലവാര പരിശോധനയ്ക്കായി Cashew Export Promotion Council Laboratory and Research Institute എന്ന ഏജൻസിയെ ചുമതലപ്പെടുത്താറുണ്ട്.

### കൊട്ടാരക്കരയിലെ കൺസ്യൂമർഫെഡിന് സ്ഥാപനങ്ങൾ

268 (5528) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കൺസ്യൂമർ ഫെഡിന് കീഴിൽ ആകെ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ഓരോ സ്ഥാപനത്തിലുമുള്ള സ്ഥിരം, താൽക്കാലിക ജീവനക്കാരുടെ തസ്തികകളും എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) ലാഭത്തിലല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 3 സ്ഥാപനങ്ങൾ.

(ബി) 1. ത്രിവേണി, കൊട്ടാരക്കര

2. മൊബൈൽ ത്രിവേണി, കൊട്ടാരക്കര

3. ത്രിവേണി വാളകം.

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. ത്രിവേണി, കൊട്ടാരക്കര - സ്ഥിരം ജീവനക്കാർ-2, ദിവസവേതന ജീവനക്കാർ-2.

2. മൊബൈൽ ത്രിവേണി, കൊട്ടാരക്കര - സ്ഥിരം ജീവനക്കാർ-1, ദിവസവേതന ജീവനക്കാർ-1.

3. ത്രിവേണി, വാളകം - സ്ഥിരം ജീവനക്കാർ-3, ദിവസവേതന ജീവനക്കാർ-2

(സി) ത്രിവേണി കൊട്ടാരക്കര, മൊബൈൽ ത്രിവേണി കൊട്ടാരക്കര, ത്രിവേണി വാളകം എന്നീ 3 സ്ഥാപനങ്ങളും ലാഭത്തിലല്ല പ്രവർത്തിക്കുന്നത്.

**സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

269 (5529) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ എത്ര വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഓരോ സ്ഥാപനത്തിലും ഏതെല്ലാം കോഴ്സുകൾ പഠിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കുന്ന വിഷയം ആലോചിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ 16 സഹകരണ പരിശീലന കേന്ദ്രങ്ങളും 13 സഹകരണ പരിശീലന കോളേജുകളും പ്രവർത്തിച്ചുവരുന്നു.

ജെ.ഡി.സി. കോഴ്സ് നടത്തുന്ന സഹകരണ പരിശീലന കേന്ദ്രങ്ങൾ:-

1. തിരുവനന്തപുരം
2. കൊട്ടാരക്കര
3. ആറന്മുള
4. ചേർത്തല
5. കോട്ടയം
6. പാലാ
7. നോർത്ത് പറവൂർ
8. തൃശ്ശൂർ
9. പാലക്കാട്
10. തിരൂർ
11. കോഴിക്കോട്
12. വയനാട്
13. കണ്ണൂർ
14. മുന്നാട് (കാസർഗോഡ്)
15. തലശ്ശേരി
16. നെടുങ്കണ്ടം

എച്ച്.ഡി.സി. & ബി. എം. കോഴ്സ് നടത്തുന്ന സഹകരണ പരിശീലന കോളേജുകൾ:-

1. തിരുവനന്തപുരം
2. കൊട്ടാരക്കര
3. ആറന്മുള
4. ചേർത്തല
5. കോട്ടയം (NSS Management)

6. പാലാ
7. നോർത്ത് പറവൂർ
8. തൃശ്ശൂർ
9. പാലക്കാട്
10. തിരൂർ
11. കോഴിക്കോട്
12. തലശ്ശേരി
13. കാഞ്ഞങ്ങാട് (കാസർഗോഡ്)

(ബി) സഹകരണ പരിശീലന കേന്ദ്രങ്ങളിൽ ജെ.ഡി.സി. കോഴ്സും സഹകരണ പരിശീലന കോളേജുകളിൽ എച്ച്.ഡി.സി. & ബി.എം. കോഴ്സും നടത്തിവരുന്നു.

(സി) സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന 84 വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**കാട്ടാക്കട സഹകരണ പാരലൽ കോളേജ്**

270 (5530) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സഹകരണ പാരലൽ കോളേജിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായുള്ള ഭൂമിയുടെ വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും ബാധ്യതകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സഹകരണ രംഗത്തെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ പ്രസ്തുത കെട്ടിടത്തിൽ മാറ്റി സ്ഥാപിക്കാൻ കഴിയുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കാട്ടാക്കട എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വർഷങ്ങളായി പ്രവർത്തനരഹിതമാണ്. ടി സംഘത്തിന്റെ പേരിലുള്ള 7.80 ആർ വസ്തുവും കെട്ടിടങ്ങളും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പണയപ്പെടുത്തി സംഘത്തിൽ മുമ്പ് നിലവിലുണ്ടായിരുന്ന ഭരണസമിതി വായ്പ എടുത്തിരുന്നത് കുടിശ്ശിക വരുത്തുകയും ജീവനക്കാരുടെ ഇ.പി.എഫ്. വിഹിതം അടയ്ക്കാതെ കുടിശ്ശിക വരുത്തിയത് അടയ്ക്കാനുള്ള നിർദ്ദേശത്തെത്തുടർന്ന് ആയത് സഹകരണ ബാങ്ക് അടച്ച തുക ഉൾപ്പെടെയുള്ള തുക സംഘത്തിന്റെ വസ്തു ജപ്തി ചെയ്ത് ഈടാക്കുന്നതിന് ഉത്തരവായിട്ടുള്ളതും അപ്രകാരം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ സ്പെഷ്യൽ സെയിൽ ഓഫീസർ ജാമ്യ വസ്തുവിൽ കണ്ടീഷണൽ അറ്റാച്ച്മെന്റ് നടത്തിയിട്ടുള്ളതുമാണ്. 2-7-2018-ന് ജാമ്യവസ്തു ലേലം ചെയ്ത് വിൽക്കുന്നതിന് ബാങ്കിന്റെ സ്പെഷ്യൽ സെയിൽ ഓഫീസർ പത്രപ്പരസ്യം ചെയ്തിരുന്നു. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ച് ബൈലാ പ്രകാരമുള്ള പ്രവർത്തനം നടത്തുന്നതിനും ജില്ലാ സഹകരണ ബാങ്കിലെ വായ്പാ കുടിശ്ശിക തീർക്കുന്നതിനും സംഘത്തിൽ മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുകയും ടി കമ്മിറ്റി 20-6-2018-ന് ചാർജ്ജെടുക്കുകയും ചെയ്തിരുന്നു. ടി സംഘം ജില്ലാ സഹകരണ ബാങ്കിന് വരുത്തിയിട്ടുള്ള 17,13,400 രൂപയും ബാങ്ക് ഇ.പി.എഫ്.-ൽ അടച്ചിട്ടുള്ള 17,52,311 രൂപയും ചേർത്ത് 34,65,711 രൂപയും 30-5-2007 മുതൽ ആയതിന് 10% സാധാരണ പലിശയും ഈടാക്കിയെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ടി വർദ്ധിച്ച സാമ്പത്തിക ബാദ്ധ്യത ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് സംഘത്തിൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കും സാധിക്കുന്നില്ല. ടി ജാമ്യവസ്തു 14-8-2019-ൽ ലേലം ചെയ്ത് വിൽക്കുന്നതിന് 81,93,523 രൂപയും ചെലവുകളും ഈടാക്കുന്നതിന് നോട്ടീസ് വന്നിട്ടുള്ളതായും അറിയിക്കുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കുന്നത്തുകാൽ വില്ലേജിൽ സർവ്വേ നമ്പർ 206/6-ൽ ബ്ലോക്ക് നമ്പർ 8-ൽ ഉൾപ്പെടുന്ന 7.8 ആർ വസ്തുവാണ് ടി സംഘത്തിന്റെ പേരിലുള്ളത്.

(സി) ടി വസ്തുവും കെട്ടിടങ്ങളും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് പണയപ്പെടുത്തി സംഘത്തിലെ മുൻ ഭരണസമിതി വായ്പ എടുത്തിട്ടുണ്ട്. MTOL 02/01-02 നമ്പരായി എടുത്തിട്ടുള്ള വായ്പ അടയ്ക്കാതെ കുടിശ്ശിക വരുത്തിയിട്ടുള്ള 17,13,400 രൂപയും ഇ.പി.എഫ്.-ൽ അടച്ചിട്ടുള്ള 17,52,311 രൂപയും ചേർത്ത് 34,65,711 രൂപയും ആയതിന് 30-5-2007 മുതൽ 10% പലിശയും ഈടാക്കി എടുക്കുന്നതിന് അവാർഡ് ആയിട്ടുള്ളതാണ്. അപ്രകാരം വസ്തു ലേലം ചെയ്ത്

വിൽക്കുന്നതിന് ജില്ലാ സഹകരണ ബാങ്കിലെ സെയിൽ ഓഫീസർ നോട്ടീസ് നൽകിയിട്ടുണ്ട്. ഏറ്റവും ഒടുവിലായി 14-6-2019 മുതൽ 15 ദിവസത്തിനകം ബാങ്കിന് നാളിതുവരെ അടയ്ക്കാനുള്ള 81,93,523 രൂപയും ചെലവുകളും അടച്ച് തീർത്തില്ലെങ്കിൽ വസ്തു ലേലം ചെയ്ത് തുക ഈടാക്കുന്നതാണെന്ന് നോട്ടീസും നൽകിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് ബാധ്യതപ്പെടുത്തിയിട്ടുള്ള വസ്തുവും കെട്ടിടങ്ങളും ടി ബാങ്ക് ജപ്തി ചെയ്തിട്ടുള്ളതും ലേലം ചെയ്ത് വിൽക്കുന്നതിന് നോട്ടീസ് പല പ്രാവശ്യവും നൽകിയിട്ടുള്ളതാകയാൽ ടി വസ്തുവിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളിലേയ്ക്ക് ഓഫീസുകൾ മാറ്റി പ്രവർത്തിപ്പിക്കുന്നതിന് സാധിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

## അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കോ-ഓപ്പറേറ്റീവ് കോളേജുകൾ

271 (5531) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലുള്ള കോ-ഓപ്പറേറ്റീവ് കോളേജുകൾക്ക് സർക്കാർ ഏതെങ്കിലും രീതിയിലുള്ള സാമ്പത്തിക സഹായങ്ങളോ മറ്റ് സഹായങ്ങളോ ചെയ്തു വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വിവിധ യൂണിവേഴ്സിറ്റികളിലെ ഡിഗ്രി, പി.ജി കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ അവസാനിപ്പിച്ചതിനാലും ഹയർ സെക്കന്ററി സ്കൂളുകൾ വ്യാപകമായതിനാലും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കോ-ഓപ്പറേറ്റീവ് കോളേജുകളെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണമേഖലയിലുള്ള കോ-ഓപ്പറേറ്റീവ് കോളേജുകൾക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനാവശ്യമായ സഹായവും പ്രോത്സാഹനങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) സഹകരണ മേഖലയിലുള്ള കോ-ഓപ്പറേറ്റീവ് കോളേജുകൾക്ക് 25 ലക്ഷം രൂപവരെ സർക്കാർ ഓഹരി മൂലധന സഹായമായി നിലവിൽ നൽകിവരുന്നുണ്ട്.

(ബി) അത്തരത്തിലുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സഹകരണ മേഖലയിലുള്ള പ്രൊഫഷണൽ കോളേജുകൾക്ക് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽനിന്ന് തുക അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്.

## സഹകരണ ആശുപത്രികളുടെ പ്രവർത്തനം

272 (5532) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ ആശുപത്രികൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) സഹകരണ ആശുപത്രികൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) സഹകരണ ആശുപത്രികളുടെ നഷ്ടം നികത്തി അവയെ ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ രജിസ്ട്രേഷനുള്ള 97 സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ആകെ | ലാഭത്തിൽ പ്രവർത്തിക്കുന്നവ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 4 | 1 |
| 2 | കൊല്ലം | 7 | 1 |
| 3 | പത്തനംതിട്ട | 2 | - |
| 4 | ആലപ്പുഴ | - | - |
| 5 | കോട്ടയം | 3 | 2 |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | ഇടുക്കി | 2 | - |
| 7 | എറണാകുളം | 5 | - |
| 8 | തൃശ്ശൂർ | 7 | - |
| 9 | പാലക്കാട് | 3 | 1 |
| 10 | മലപ്പുറം | 10 | 3 |
| 11 | കോഴിക്കോട് | 26 | 3 |
| 12 | വയനാട് | - | - |
| 13 | കണ്ണൂർ | 23 | 1 |
| 14 | കാസർഗോഡ് | 5 | - |
| | ആകെ | 97 | 12 |

(ബി) ഉണ്ട്. ആശുപത്രി സഹകരണ സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ലാത്തതിനാൽ ഭാരിച്ച വാടക നൽകി വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും പരിശോധനാ ഫീസും ചികിത്സാനിരക്കും കാലഘട്ടത്തിനനുസൃതമായി വർദ്ധിപ്പിക്കാത്തതും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ഭാരിച്ച ചെലവും മറ്റ് സ്വകാര്യ ആശുപത്രികളോട് കിടപിടിക്കത്തക്ക വിധത്തിലുള്ള ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഫണ്ടിന്റെ അഭാവവുമാണ് ചില സഹകരണ ആശുപത്രികൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനുള്ള കാരണം.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രികളുടെ നഷ്ടം നികത്തുന്നതിന് നിലവിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

**പേരാവൂർ സഹകരണ ആശുപത്രി വിൽപ്പന**

273 (5533) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പേരാവൂർ സഹകരണ ആശുപത്രി സ്വകാര്യ വ്യക്തിക്ക് വിറ്റിട്ടുണ്ടോ;

(ബി) പ്രസ്തുത വിൽപ്പനയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ;

(സി) അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ പേരാവൂർ സഹകരണ ആശുപത്രി സ്വകാര്യ വ്യക്തിക്ക് വിറ്റിട്ടില്ല.

(ബി & സി) ബാധകമല്ല.

## കൃഷി വ്യാപനത്തിന് സഹകരണ ബാങ്കുകളുടെ പലിശരഹിത വായ്പ

274 (5534) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളും കീഴിലുള്ള അനുബന്ധ ബാങ്കുകളും മുഖേന പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ പലിശരഹിത വായ്പ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഏത് ജില്ലയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്;

(സി) കൂടുതൽ ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിച്ച് കൂടുതൽ കർഷകർക്ക് ആനുകൂല്യം എത്തിക്കാനും പച്ചക്കറി കൃഷി വിപുലപ്പെടുത്താനും ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടുക്കി ജില്ലയിലെ വട്ടവട, മൂന്നാർ, മറയൂർ, ദേവികുളത്തെ മറ്റ് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിപണന സഹായത്തിനുള്ള പലിശ സബ്സിഡി നൽകുന്നതിലേയ്ക്കാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രാഥമിക നടപടി സ്വീകരിച്ചിരുന്നെങ്കിലും പ്രളയ പശ്ചാത്തലത്തിൽ ടി പദ്ധതി യഥാവിധി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) പൈലറ്റ് അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലേയ്ക്ക് ആവിഷ്കരിച്ചിട്ടുള്ള ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതി വിജയകരമായി നടപ്പിലാക്കുന്ന മുറയ്ക്ക് മാത്രമേ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

## സഹകരണ സ്ഥാപനങ്ങളുടെ കടം

275 (5535) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പ തിരിച്ചടവ് മുടങ്ങി വൻതുക കുടിശ്ശികയായ സഹകരണ സ്ഥാപനങ്ങളുടെ കടം സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) റബ്കോയ്ക്ക് സംസ്ഥാന/ജില്ല സഹകരണ ബാങ്കുകളിൽ എന്ത് തുക കുടിശ്ശികയുണ്ട്; ഇത് ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള കടം ഏറ്റെടുക്കുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ്; വെളിപ്പെടുത്താമോ?

ഉത്തരം

(എ) റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സംസ്ഥാന സഹകരണ ബാങ്കിൽനിന്നും അനുവദിച്ചിരുന്ന ഏതാനും വായ്പകൾ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കി, ആയത് സർക്കാർ അടയ്ക്കുന്നതിനും പ്രസ്തുത തുക സ്ഥാപനങ്ങൾക്ക് സർക്കാരിലുള്ള വായ്പാ ബാധ്യതയായി മാറ്റുന്നതിനും ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക സംഘങ്ങൾ നിശ്ചിത കാലയളവിൽ തിരിച്ച് അടയ്ക്കേണ്ടതാണ്. മാത്രമല്ല, തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിന് ഒരു MoU ഒപ്പുവയ്ക്കുന്നതിനും ഉത്തരവായിട്ടുണ്ട്. കൂടാതെ ലോൺ തുകയ്ക്ക് തത്തുല്യമായ തുകയ്ക്കുള്ള വസ്തുവകകൾ Government-ൽ pledge ചെയ്യാനും ഉത്തരവായിട്ടുണ്ട്.

(ബി) റബ്കോയ്ക്ക് നിലവിൽ സംസ്ഥാന സഹകരണ ബാങ്ക് നൽകിയ വായ്പ ഇനത്തിലോ, ജില്ലാ/സംസ്ഥാന സഹകരണ ബാങ്കുകളുടെ കൺസോർഷ്യം വായ്പ ഇനത്തിലോ കുടിശ്ശികയില്ല.

എന്നാൽ റബ്കോയ്ക്ക് ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ മുതലിനത്തിൽ 5 കോടിയും പലിശയിനത്തിൽ 1,32,06,164 രൂപ ഉൾപ്പെടെ ആകെ 6,32,06,164 രൂപ നിലവിൽ വായ്പാ കുടിശ്ശികയാണ്. ഇത് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടില്ല.

(സി) റിസർവ് ബാങ്ക് നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇപ്രകാരം വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്ക് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചത്.

## സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

276 (5536) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കമ്മീഷനെ എന്നത്തേയ്ക്ക് നിയമിക്കും;

(ബി) ഈ കമ്മീഷനിൽ ഏതൊക്കെ സംഘടനകൾക്ക് പ്രാതിനിധ്യം നൽകുമെന്ന് വ്യക്തമാക്കുമോ;

(സി) അർബൻ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ഈ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിക്കുന്നതിന് കമ്മിറ്റിയെ നിയമിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നാൽ സഹകരണ അർബൻ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഇതിനായി 8-3-2019-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അർബൻ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഈ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് കമ്മീഷനെ നിയോഗിക്കുന്ന വേളയിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

## സഹകരണ ബാങ്കുളിലെ ജീവനക്കാരുടെ എണ്ണം

277 (5537) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം അധികമാണെന്ന് ഇതുസംബന്ധിച്ച് പഠനം നടത്തിയ ടാസ്ക് ഫോഴ്സ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാന സഹകരണ ബാങ്കിലും പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലും നിലവിൽ അധികമായിട്ടുള്ള ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം അധികമാണെന്ന് ടാസ്ക് ഫോഴ്സ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**സഹകരണ രജിസ്ട്രാറുടെ സർക്കുലർ**

278 (5538) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ഒരുമാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകണമെന്ന് നിർദ്ദേശം നൽകിയിരുന്നോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് തുകയാണ് ഇതുവരെ ലഭിച്ചതെന്ന് അറിയിക്കുമോ;

(സി) ഇത സംബന്ധിച്ച് 2018 സെപ്റ്റംബർ 17-ന് സഹകരണ രജിസ്ട്രാർ ഇറക്കിയ സർക്കുലർ കേരള ഹൈക്കോടതി റദ്ദാക്കിയിരുന്നോ;

(ഡി) എങ്കിൽ അതിന്റെ കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) നൽകിയിരുന്നു.

52,31,68,974 (അൻപത്തിരണ്ട് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തി എണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തിനാല്) രൂപ.

(സി&ഡി) 31406/2018-ാം നമ്പർ റിട്ട് പെറ്റീഷന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 28-9-2018-ലെ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ 17-9-2018-ലെ 47/18 നമ്പർ സർക്കുലറിന് ഒരു മാസത്തേയ്ക്ക് ഇടക്കാല സ്റ്റേ നൽകിയിരുന്നു. പ്രസ്തുത സർക്കുലർ റദ്ദ് ചെയ്തിട്ടില്ല.

## വിരമിച്ച സഹകരണ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

279 (5539) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് സർവീസിൽ നിന്നും 1-4-2014-നുശേഷം വിരമിച്ച ജീവനക്കാർക്ക് നിയമാനുസരണം ലഭിക്കേണ്ട ഗ്രാറ്റുവിറ്റി നിഷേധിക്കപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാറ്റുവിറ്റി ഇനത്തിൽ എൽ.ഐ.സി.-യിൽ നിന്നും ക്ലെയിം ചെയ്തു വാങ്ങിയ മുഴുവൻ തുകയും ജീവനക്കാർക്ക് നൽകണമെന്ന ഹൈക്കോടതി വിധിയുടെ ഉത്തരവ് WP(C) NO 33342/2017 നടപ്പിലാക്കാൻ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽനിന്നും വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ എൽ.ഐ.സി.-യിൽനിന്നും ലഭിച്ച മുഴുവൻ തുകയും നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായങ്ങൾ നിലവിലുണ്ട്.

(ബി) ഗ്രാറ്റുവിറ്റി ഇനത്തിൽ എൽ.ഐ.സി.-യിൽനിന്നും ക്ലെയിം ചെയ്ത് വാങ്ങിയ മുഴുവൻ തുകയും ജീവനക്കാർക്ക് നൽകണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 33342/2017 നമ്പർ റിട്ട് പെറ്റീഷന്മേലുള്ള വിധിന്യായത്തിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ടി അപ്പീലിന്മേൽ അന്തിമ വിധിന്യായം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സഹകരണ മേഖലയിലെ നിയമന മാനദണ്ഡങ്ങൾ

280 (5540) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നിലവിലുള്ള നിയമന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സഹകരണ മേഖലയിലെ ഒഴിവ് വരുന്ന തസ്തികകൾ നികത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങളെ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സഹകരണ നിയമം വകുപ്പ് 80 (3 എ) ഷെഡ്യൂൾ ഒന്നിൽപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരവും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയിലെ ജൂനിയർ ക്ലാർക്ക് മുതൽ മുകളിലേയ്ക്കുള്ള എല്ലാ തസ്തികകളിലേയ്ക്കും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് വഴിയും, മറ്റ് തസ്തികകളിലേയ്ക്കും മറ്റുള്ള സഹകരണ സ്ഥാപനങ്ങളിലേയ്ക്കുമുള്ള നിയമനങ്ങൾ സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശപ്രകാരം എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തി സംഘം അതാത് ഭരണസമിതിയുമാണ് നിയമനങ്ങൾ നടത്തുന്നത്.

(ബി) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജില്ലാ സഹകരണ ബാങ്കുകളിലെ ഒഴിവുകൾ

281 (5541) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിൽ ക്ലാർക്ക്-കം-കാഷ്യർ തസ്തികയിൽ ഒഴിവുകളുണ്ടോ; ബാങ്കുതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) 2018 ജനുവരിക്കുശേഷം പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ബാങ്കിലും എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്-കം-കാഷ്യർ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ടോ;

(ഡി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)

| ജില്ലാ സഹകരണ ബാങ്കുകൾ | ഒഴിവുകളുടെ വിശദാംശം |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 5 |
| പത്തനംതിട്ട | 11 |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | 20 |
| ഇടുക്കി | 32 |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | 20 |
| പാലക്കാട് | ഇല്ല |
| മലപ്പുറം | 4 |
| കോഴിക്കോട് | 2 |
| വയനാട് | 2 |
| കണ്ണൂർ | 12 |
| കാസർഗോഡ് | 16 |

(ബി)

| ജില്ലാ സഹകരണ ബാങ്കുകൾ | നിയമനം നൽകിയവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 4 |
| കൊല്ലം | 1 (ആശ്രിത നിയമനം) |
| പത്തനംതിട്ട | 30 |
| ആലപ്പുഴ | 10 |
| കോട്ടയം | 27 |
| ഇടുക്കി | 8 |
| എറണാകുളം | 40 |
| തൃശ്ശൂർ | 48 |
| പാലക്കാട് | 19 |
| മലപ്പുറം | 16 |
| കോഴിക്കോട് | 31 |
| വയനാട് | 3 |
| കണ്ണൂർ | 25 |
| കാസർഗോഡ് | 4 |

(സി) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക് കം കാഷ്യർ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ട്.

(ഡി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലർക്ക്-കം-കാഷ്യർ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## വീടുകൾ നിർമ്മിച്ചുനൽകുന്ന സഹകരണ സ്ഥാപനങ്ങൾ

282 (5542) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം ജില്ലകളിലാണ് വീടുകൾ നിർമ്മിച്ചു നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ പങ്കാളികളായിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കെയർ ഹോം പദ്ധതി പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലുമായി 2040 വീടുകളാണ് നിർമ്മിച്ചുനൽകുന്നത്. നിർമ്മിച്ചുനൽകുന്ന വീടുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | നിർമ്മിച്ചുനൽകുന്ന വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 57 |
| 2 | കൊല്ലം | 42 |
| 3 | പത്തനംതിട്ട | 114 |
| 4 | ആലപ്പുഴ | 244 |
| 5 | കോട്ടയം | 83 |
| 6 | ഇടുക്കി | 212 |
| 7 | എറണാകുളം | 337 |
| 8 | തൃശ്ശൂർ | 500 |
| 9 | പാലക്കാട് | 206 |
| 10 | മലപ്പുറം | 90 |
| 11 | കോഴിക്കോട് | 44 |
| 12 | വയനാട് | 84 |
| 13 | കണ്ണൂർ | 20 |
| 14 | കാസർഗോഡ് | 7 |
| | ആകെ | 2040 |

(ബി) സഹകരണ സ്ഥാപനങ്ങളുടെ പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ടൂർ പാക്കേജുകൾ**

283 (5543) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പ് ടൂർ പാക്കേജുകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളിലെന്ന് വിശദമാക്കുമോ;

<u>ഉത്തരം</u>

ടൂറിസം വകുപ്പ് നേരിട്ട് ടൂർ പാക്കേജുകൾ നടത്തുന്നില്ല.

**ടൂറിസം രംഗത്ത് നിയമാനുസൃത ലൈസൻസ്**

284 (5544) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമാനുസൃത ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും ടൂറിസം രംഗത്ത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; വിശദമാക്കുമോ;

(സി) സേവനദാതാക്കളുടെ ഗുണനിലവാരം പരിശോധിച്ച് ടൂറിസം സേവനങ്ങൾക്ക് നികുതിയും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിഴയും നിശ്ചയിക്കുന്നതിനുള്ള ചുമതല ടൂറിസം റെഗുലേറ്ററി അതോറിറ്റിക്ക് നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനത്തിനുള്ള ലൈസൻസ് നൽകുന്നത് ടൂറിസം വകുപ്പ് അല്ല. എന്നാൽ നിയമാനുസൃത ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും ടൂറിസം രംഗത്ത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവയ്ക്കെതിരെ നടപടി സ്വീകരിക്കാൻ പോലീസ് വകുപ്പിനും അതത് ജില്ലാ ഭരണകൂടങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വിവരം കൈമാറുന്നുണ്ട്.

(ബി) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചാൽ പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

**ടൂറിസം രംഗത്തെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി**

285 (5545) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ ബി. ഡി. ദേവസ്സി:
ശ്രീ എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേവലം വിനോദസഞ്ചാരത്തിനപ്പുറം ഒരു ആഗോള വ്യവസായസംരംഭമായി ടൂറിസം വളർന്നുവരുന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ മേഖലയിലുള്ള അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് പുതുതായി ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ;

(സി) വിനോദസഞ്ചാരത്തോടൊപ്പം ആരോഗ്യ, വിദ്യാഭ്യാസ, വൈജ്ഞാനിക ടൂറിസവും പഠനയാത്രകളും പ്രോത്സാഹിപ്പിക്കുക വഴി സീസണുകളെ മാത്രം അശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും സ്ഥിരവരുമാനദായകമാക്കുന്നതിനും കഴിയുമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടൂറിസം സഹകരണസംഘങ്ങൾ സീസണുകളെ മാത്രം ആശ്രയിക്കാതെ സ്ഥിരവരുമാനം ലഭിക്കുന്ന തരത്തിൽ വിദ്യാഭ്യാസ, ആരോഗ്യ, വൈജ്ഞാനികമേഖലകളിലെ പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേവലം വിനോദസഞ്ചാരത്തിനപ്പുറം ഒരു ആഗോള വ്യവസായ സംരംഭമായി ടൂറിസം വളർന്നുവരുന്നുവെന്നാണ് കരുതുന്നത്. ടൂറിസം വ്യവസായം എന്ന ലേബൽ തന്നെ ഇതിന് ഉദാഹരണമാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ട്രേഡ് അസോസിയേഷനുകളും മറ്റും ടൂറിസം വ്യവസായമായി കണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത് എന്നാണ് വകുപ്പ് കരുതുന്നത്.

(ബി) ടൂറിസം മേഖലയിലെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരും ടൂറിസം വകുപ്പും പുതിയ പദ്ധതികൾ പലതും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വകുപ്പിന്റെ പുതിയ ക്യാമ്പയിനായ 'Human by nature' ഇത്തരത്തിൽ ഒന്നാണ്. സർക്കാർ സമഗ്ര ടൂറിസം നയം അടിസ്ഥാനമാക്കിയാണ് പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നതും. സ്വദേശത്തും വിദേശത്തും സംസ്ഥാന ടൂറിസം വളർച്ച മികച്ച രീതിയിലാക്കാൻ ഉതകുന്ന ക്യാമ്പയിനുകളും വിപണന തന്ത്രങ്ങളും വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. സർക്കാർ ടൂറിസം വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് ഏറ്റവും പുതിയ പദ്ധതിയായാണ് അവതരിപ്പിക്കുന്നത്.

(സി) യാഥാസ്ഥിതിക ടൂറിസം സീസൺ മാത്രം മുന്നിൽ കണ്ടല്ല ഇപ്പോൾ വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. സീസൺ അല്ലാത്ത സമയത്തെ ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ ഏറ്റവും മികച്ച ഉദാഹരണമാണ്. ഫാം ടൂറിസം, ബ്ലോഗ് എക്സ്പ്രസ് എന്നിവയും സീസൺ മാത്രം മുന്നിൽ കണ്ടല്ല നടപ്പിലാക്കുന്നത്. ആരോഗ്യം-വിദ്യാഭ്യാസം-വൈജ്ഞാനിക ടൂറിസവും പഠന യാത്രകളും പ്രോത്സാഹിപ്പിക്കാനുതകുന്ന പദ്ധതികൾ നടപ്പിൽ വരുത്തി 12 മാസവും കേരളത്തിൽ ടൂറിസം സീസണാണെന്ന പ്രതിച്ഛായ സൃഷ്ടിക്കുകയും ഇത് ഈ രംഗത്തും മറ്റും സ്ഥിര വരുമാനദായകമാക്കുന്നതിനും കഴിയുമെന്നാണ് വകുപ്പ് കരുതുന്നത്.

(ഡി) പരിശോധിക്കാവുന്നതാണ്.

**ടൂറിസം മേഖലയിൽ പ്രളയാനന്തരമുള്ള സാമ്പത്തിക പ്രതിസന്ധി**

286 (5546) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തെ ടൂറിസം മേഖല കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയാണോയെന്നറിയിക്കുമോ;

(ബി) 2018-ൽ വിനോദസഞ്ചാര മേഖലയിലെ വരുമാനത്തിൽ ഇടിവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിനോദസഞ്ചാരമേഖലയോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന കരകൗശലവ്യവസായം മുതൽ ഹൗസ് ബോട്ട് വരെയുള്ള മേഖലകളിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ മേഖലയെ രക്ഷിക്കുന്നതിന് സർക്കാർ എന്ത് ഇടപെടലാണ് നടത്തുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിനുശേഷം സംസ്ഥാന ടൂറിസം മേഖല സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നു. കഴിഞ്ഞ വർഷം ആഗസ്റ്റ്-സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ വിനോദസഞ്ചാര മേഖലയെ പ്രളയം ദോഷകരമായി ബാധിച്ചു എന്നത് വസ്തുതയാണ്. മൂന്നാർ, വയനാട് തുടങ്ങിയ മലയോര ടൂറിസം കേന്ദ്രങ്ങളിൽ റോഡ് കണക്ടിവിറ്റി പ്രളയത്തെ തുടർന്ന് തകർന്നത് ഈ മേഖലയിൽ പ്രതിസന്ധി ഉണ്ടാക്കിയിരുന്നു. എന്നാൽ വകുപ്പിന്റെയും സർക്കാരിന്റെയും ടൂറിസം മേഖലയിൽ ഉണ്ടായ അടിയന്തര ഇടപെടലുകൾമൂലം പ്രയാസം ലഘൂകരിക്കാൻ സാധിച്ചിട്ടുണ്ട്. മുൻകൂർ ബുക്കിംഗ് പലതും ഒഴിവായത് ഈ രംഗത്തെ ഹോട്ടൽ/ട്രാവൽ ഏജന്റുമാർക്കും മറ്റും പ്രതിസന്ധി ഉണ്ടാക്കിയതായി ഈ രംഗത്തെ ട്രേഡ് പ്രതിനിധികളിൽനിന്നും മനസ്സിലാക്കുന്നു. എന്നാൽ തുടർന്ന് ഡിസംബർ തൊട്ട് മികച്ച ഒരു ടൂറിസം സീസണാണ് സംസ്ഥാനത്ത് ലഭിച്ചത്. യാദൃച്ഛികമായി ടൂറിസം മേഖല നേരിട്ട പ്രതിസന്ധി ഉടനെതന്നെ മറികടക്കാനായി എന്നതും വസ്തുതയാണ്. കൂടാതെ, പ്രളയം സംഭവിച്ച 2018 ആഗസ്റ്റ് മുതൽ 2019 മാർച്ച് വരെയുള്ള സ്ഥിതിവിവരക്കണക്ക് പരിശോധിക്കുമ്പോൾ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മാസം മാത്രമാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്. എന്നാൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മുതൽ തുടർച്ചയായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) 2018-ൽ വിനോദ സഞ്ചാര മേഖലയിൽനിന്നുള്ള വരുമാനത്തിൽ കുറവ് ഉണ്ടായിട്ടില്ല. 2017 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ടൂറിസം മേഖലയിൽനിന്നും സംസ്ഥാനത്ത് ലഭിച്ച ആകെ വരുമാനത്തിൽ 8.61 ശതമാനത്തിന്റെ വർദ്ധനവും വിദേശനാണ്യ വരുമാനത്തിൽ 4.44 ശതമാനത്തിന്റെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. 2018 വർഷം 36258.01 കോടി രൂപ ടൂറിസം മേഖലയിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചതായാണ് കണക്ക് കൂട്ടിയിട്ടുള്ളത്. ഇതിൽ 2018 വർഷത്തെ വിദേശ നാണ്യ വരുമാനം 8764.46 കോടി രൂപയാണ്.

(സി&ഡി) വിനോദസഞ്ചാര മേഖലയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കരകൗശല വ്യവസായം മുതൽ ഹൗസ് ബോട്ട് വരെയുള്ള മേഖലകളിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി

287 (5547) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(സി) വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവഴി വിദേശത്തുനിന്നുള്ള ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികളെക്കൂടി സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് 'ബാരിയർ ഫ്രീ കേരള ടൂറിസം'. 2021-ൽ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുക എന്നതാണ് ഇതിലൂടെ ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഒന്നാംഘട്ടത്തിനായി 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 120 ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഈ പദ്ധതി പ്രാവർത്തികമാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗസ്റ്റ് ഹൗസുകൾ/യാത്രി നിവാസുകൾ എന്നിവയിൽ ലിഫ്റ്റുകൾ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ആദ്യഘട്ടത്തിൽ 120 ടൂറിസം ഡെസ്റ്റിനേഷനുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 70 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 175 റാമ്പുകൾ, 62 ടോയ്‌ലെറ്റുകൾ, 115 വാക്കിംഗ് സ്റ്റിക്കുകൾ, 106 വീൽചെയറുകൾ, 807 സൈനേജുകൾ, 108 ക്രച്ചസുകൾ എന്നിവ സജ്ജമാക്കിക്കഴിഞ്ഞു.

ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോത്സാഹിപ്പിക്കുക എന്നുള്ളത് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഒരു പ്രധാന ആശയം കൂടിയാണ്. അതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദ ടൂറിസം പാക്കേജുകൾ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹെൽപ്പിംഗ് ഹാൻഡ്സ് ഓർഗനൈസേഷൻ എന്ന എൻ.ജി.ഒ.-യുമായി ചേർന്ന് കോവളത്ത് ഇന്റർനാഷണൽ ബാരിയർ ഫ്രീ കൈറ്റ് ഫെസ്റ്റ് നടത്തുകയുണ്ടായി.

(സി) പരിഗണിക്കാവുന്നതാണ്.

**വിനോദസഞ്ചാര മേഖല പരിസ്ഥിതി സൗഹൃദമാക്കാൻ നടപടി**

288 (5548) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ക്ലീൻ സാനിട്ടേഷൻ ക്യാമ്പയിൻ മുഖേന വിനോദസഞ്ചാരമേഖലകളിൽ മാലിന്യസംസ്കരണവും ശുചീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കുമോ;

(സി) ടൂറിസം നയത്തിന്റെ ഭാഗമായി പ്രസ്തുത മേഖലയിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ഗ്രീൻ സർട്ടിഫിക്കേഷനിൽ ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധത്തിലാണ് വിനോദസഞ്ചാര വകുപ്പ് നിലവിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ ആസൂത്രണം ചെയ്ത ഗ്രീൻ കാർപ്പെറ്റ് കർമ്മ പദ്ധതിയിലെ പ്രധാന അജണ്ടയായി ഹരിതത്വം പ്രോത്സാഹിപ്പിക്കൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികളുടെ പ്രോത്സാഹനവും വിപുലീകരണവുമാണ് വകുപ്പ് ആവിഷ്കരിച്ചുവരുന്നത്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനവും ഘട്ടം ഘട്ടമായി നടപ്പാക്കുന്നുണ്ട്.

(ബി) വിവിധ ഏജൻസികളുമായി ചേർന്ന് പരിസ്ഥിത സൗഹൃദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണവും അതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കുന്ന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 56 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കിവരുന്നു. 14 ജില്ലകളിലും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചാണ് നടപ്പാക്കുന്നത്. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പെറ്റ് പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കിവരുന്നു. ഓരോ കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, എൻ.ജി.ഒ.-കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(സി) ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കാൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള മാർഗ്ഗനിർദ്ദേശവും നൽകിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കാനുള്ള നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത്. ഹരിത പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അളവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ചില കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കാനായിട്ടുണ്ട്. ഘട്ടംഘട്ടമായി കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

(ഡി) നടപടി സ്വീകരിച്ചിട്ടില്ല.

## വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന ഭിന്നശേഷിക്കാർക്ക് സജ്ജീകരണങ്ങൾ

289 (5549) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ എത്തുന്ന ഭിന്നശേഷിക്കാർക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഇല്ലാത്തതുമൂലം പലപ്പോഴും ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഇവർക്കായി ഇത്തരം കേന്ദ്രങ്ങളിൽ ഒരുക്കുന്നതിന് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് 'ബാരിയർ ഫ്രീ കേരള ടൂറിസം'. 2021-ൽ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഒന്നാം ഘട്ടത്തിനായി 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 120 ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഈ പദ്ധതി പ്രാവർത്തികമാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗസ്റ്റ് ഹൗസുകൾ/യാത്രി നിവാസുകൾ എന്നിവയിൽ ലിഫ്റ്റുകൾ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ആദ്യഘട്ടത്തിൽ 120 ടൂറിസം ഡെസ്റ്റിനേഷനുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 70 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 175 റാമ്പുകൾ, 62 ടോയ്‌ലെറ്റുകൾ, 115 വാക്കിംഗ് സ്റ്റിക്കുകൾ, 106 വീൽചെയറുകൾ, 807 സൈനേജുകൾ, 108 ക്രച്ചസുകൾ എന്നിവ സജ്ജമാക്കിക്കഴിഞ്ഞു.

## ടൂറിസം രംഗത്ത് മാനവശേഷി വികസനം

290 (5550) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജൻ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് മാനവശേഷി വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

(ബി) ശിവഗിരിയും സമീപ തീർത്ഥാടനകേന്ദ്രങ്ങളും ഉൾക്കൊള്ളിച്ച് തീർത്ഥാടന ടൂറിസം പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഈ പദ്ധതിക്ക് ആവശ്യമായ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ എന്തൊക്കെ പുതിയ സൗകര്യങ്ങളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വേളി ടൂറിസ്റ്റ് വില്ലേജിൽ നടപ്പാക്കുന്ന വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) വർക്കലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ടൂറിസം രംഗത്ത് മാനവശേഷി വികസനം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ വിനോദസഞ്ചാര വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ നടത്തിവരുന്നു. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി, ഹോട്ടൽ/ഹോസ്പിറ്റാലിറ്റി മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകുന്ന വിനോദ സഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. വർഷാവർഷം 1430-ൽപ്പരം വിദ്യാർത്ഥികൾക്ക് ഹോട്ടൽ മേഖലയിലെ വിവിധ ട്രേഡുകളിൽ വിദഗ്ദ്ധ പരിശീലനം നൽകി ഹോട്ടൽ/ഹോസ്പിറ്റാലിറ്റി മേഖലകളിൽ ജോലിക്ക് പ്രാപ്തരാക്കുന്നു. കൂടാതെ ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി വിദഗ്ദ്ധ പരിശീലനം നൽകി വരാറുണ്ട്.

വിനോദസഞ്ചാര മേഖലയിലെ തൊഴിലവസരങ്ങൾക്കായി കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് താഴെപ്പറയുന്ന കോഴ്സുകൾ നടത്തിവരുന്നു:

1. മൂന്ന് വർഷത്തെ ബി.എസ്.സി. ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്.
2. കേന്ദ്ര സർക്കാരിന്റെ കപ്പാസിറ്റി ബിൽഡിംഗ് ഫോർ സർവ്വീസ് പ്രൊവൈഡേഴ്സ് പ്രകാരം താഴെപ്പറയുന്ന ട്രെയിനിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കി വരുന്നുണ്ട്. 300 മണിക്കൂർ ദൈർഘ്യമുള്ള ഫുഡ് & ബിവറേജസ് സർവ്വീസ് (Waiter) പരിശീലനം, 500 മണിക്കൂർ ദൈർഘ്യമുള്ള ഫുഡ് പ്രൊഡക്ഷൻ (Cook) പരിശീലനം, ആറ് ദിവസത്തെ സ്കിൽ പരിശീലനവും സർട്ടിഫിക്കേഷനും.

3. നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി ഈ വർഷം മുതൽ താഴെപ്പറയുന്ന ഡിപ്ലോമ കോഴ്സുകൾ നടത്താൻ അനുവാദം നൽകിയിട്ടുണ്ട്:

1. ഡിപ്ലോമ ഇൻ ഫുഡ് പ്രൊഡക്ഷൻ
2. ഡിപ്ലോമ ഇൻ ഫുഡ് & ബിവറേജ് സർവ്വീസ്
3. ഡിപ്ലോമ ഇൻ ഹൗസ് കീപ്പിംഗ്

മൂന്ന് വർഷത്തെ ബി.എസ്.സി. ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്, കേന്ദ്ര ടൂറിസം മന്ത്രാലയത്തിനുകീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടെയും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെയും അംഗീകാരത്തോടെ നടത്തുന്നതാണ്. 300/500 മണിക്കൂർ ദൈർഘ്യമുള്ള പരിശീലനങ്ങൾ 18 വയസ്സനുമുകളിൽ പ്രായമുള്ള യുവതീയുവാക്കളെ ഹോസ്പിറ്റാലിറ്റി രംഗത്തെ പുതിയ തൊഴിലവസരങ്ങൾക്ക് സന്നദ്ധരാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആറ് ദിവസത്തെ പരിശീലനം നിലവിൽ ഹോട്ടൽ വ്യവസായത്തിൽ ജോലി ചെയ്യുന്നവരുടെ സ്കിൽ പരിശീലനവും സർട്ടിഫിക്കേഷനും നടത്തുന്നു. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ വിശദമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പരിശീലനങ്ങൾ നടത്തുന്നത്. കൂടാതെ വിവിധ വകുപ്പുകളുടെ ആവശ്യപ്രകാരം പ്രത്യേക പരിശീലന പരിപാടികൾ നടത്താറുമുണ്ട്.

ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസിൽ (KIITS) ടൂറിസവുമായി ബന്ധപ്പെട്ട വിവിധ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഡിഗ്രി കോഴ്സുകൾ നടത്തിവരുന്നു. AICTE അംഗീകാരമുള്ള MBA (ട്രാവൽ ആന്റ് ടൂറിസം), BBA (ടൂറിസം മാനേജ്മെന്റ്) എന്നീ കോഴ്സുകൾ നിലവിലുണ്ട്. കൂടാതെ ഈ വർഷം മുതൽ B.Com (ട്രാവൽ & ടൂറിസം) എന്ന കോഴ്സും ആരംഭിക്കുന്നതാണ്. കേരളത്തിലെ ടൂറിസം മേഖലയിൽ പരിശീലനം ലഭിച്ച ഗൈഡുമാരുടെ അഭാവം പരിഹരിക്കാൻ പ്രത്യേക 'ഗൈഡ് ട്രെയിനിംഗ് കോഴ്സും' കിറ്റ്സിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

(ബി) ശിവഗിരിയും സമീപ തീർത്ഥാടന കേന്ദ്രങ്ങളും ഉൾക്കൊള്ളിച്ച് തീർത്ഥാടന ടൂറിസം പദ്ധതി സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ സ്കീമിലെ സ്പിരിച്വൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം-അരുവിപ്പുറം-കുന്നുംപാറ ശ്രീ സുബ്രഹ്മണ്യ-ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം എന്ന തീർത്ഥാടന ടൂറിസം പദ്ധതിക്ക്

അനുമതി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പദ്ധതി പ്രൊപ്പോസൽ, DPR എന്നിവ ടൂറിസം വകുപ്പായിരുന്നു സമർപ്പിച്ചിരുന്നത്. എന്നാൽ പദ്ധതിയുടെ നിർമ്മാണച്ചുമതല ITDC-യ്ക്കാണ് കേന്ദ്ര ടൂറിസം മന്ത്രാലയം നൽകിയിട്ടുള്ളത്. മേൽ പദ്ധതിക്ക് 69.47 കോടി രൂപയുടെ അനുമതിയാണ് ലഭിച്ചിട്ടുള്ളത്.

(സി) മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിന്റെ വികസനത്തിനായി 351.37 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിവരണം ചുവടെ ചേർക്കുന്നു:

1. TFC & ഫസ്റ്റ് എയ്ഡ് സെന്റർ, ക്ലോക്ക് റൂം, കഫറ്റേരിയ, റീഡിംഗ് റൂം എന്നിവ
2. ഇല്യൂമിനേഷൻ
3. റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്
4. പാർക്കിംഗ് ഏരിയ വികസനം
5. പബ്ലിക് കൺവീനിയൻസ്
6. തിടപ്പള്ളി
7. സോളാർ പവർ പ്ലാന്റ്
8. ലാന്റ്സ്കേപ്പ് വികസനം
9. വാട്ടർ ഫൗണ്ടൻ
10. ഡസ്റ്റ് ബിൻ/ചൂണ്ടുപലകകൾ
11. കുടിവെള്ള സംവിധാനം
12. ഓവർഹെഡ് വാട്ടർ ടാങ്ക്

ശ്രീനാരായണ ഗുരുവിന്റെ ജന്മസ്ഥലമായ ചെമ്പഴന്തി ഗുരുകുലത്തിൽ ഒരു 'കൺവൻഷൻ സെന്റർ' നിർമ്മിക്കുന്നതിന് 9,90,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര ആസ്ഥാനമായുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിനാണ് ഇതിന്റെ നിർവ്വഹണച്ചുമതല നൽകിയിട്ടുള്ളത്. 18 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ഡി) വേളിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കൺവെൻഷൻ സെന്റർ, മിനിയേച്ചർ റെയിൽവേ, അർബൻ പാർക്ക്, ഇക്കോ പാർക്ക്, ടൂറിസ്റ്റ് വില്ലേജിന്റെ തീര സംരക്ഷണം എന്നിവ ഉൾപ്പെടുന്ന 34.5 കോടി രൂപയുടെ ആറ് പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കുന്നത്.

| പദ്ധതിയുടെ പേര് | അനുവദിച്ച തുക (രൂപ കോടിയിൽ) |
|---|---|
| 1. കൺവെൻഷൻ സെന്റർ | 9.98 |
| 2. മിനിയേച്ചർ റെയിൽവേ | 9 |
| 3. അർബൻ പാർക്ക് | 4.99 |
| 4. ഇക്കോ പാർക്ക് & ഷോർ ലൈൻ വികസനം | 4.78 |
| 5. വിവിധോദ്ദേശ ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ | 3.60 |

ടി പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ നിയമിച്ചിട്ടുണ്ട്.

(ഇ) വർക്കലയിലെ ബീച്ച് ടൂറിസം വികസനത്തിന് 8.99 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന വകുപ്പിന്റെ ആർക്കിടെക്ട് എംപാനൽമെന്റ് ഏജൻസിയായ ദീപക് മേത്ത ആർക്കിടെക്ട് ഗ്രൂപ്പ് വിഭാവനം ചെയ്ത മാസ്റ്റർ പ്ലാനിൽ പ്രധാനമായും പിൽഗ്രിമേജ് ടൂറിസം, ബീച്ച് ടൂറിസം, ഹെൽത്ത് ടൂറിസം, ഹെറിറ്റേജ് ടൂറിസം എന്നീ ഘടകങ്ങളായി ഉൾപ്പെടുത്തിയ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണ ഏജൻസിയായി വകുപ്പ് തെരഞ്ഞെടുത്തിട്ടുണ്ട്. 24 മാസമാണ് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലാവധി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

## ഇക്കോ ടൂറിസം പദ്ധതികൾ

291 (T*5551) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി പ്രാധാന്യമുള്ള ഇക്കോ ടൂറിസം മേഖലകളിൽ പ്രകൃതിക്കും സ്വാഭാവിക ജൈവവൈവിദ്ധ്യത്തിനും യാതൊരു കോട്ടവും തട്ടാതെ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കേരളത്തിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ സന്ദർശക വാഹകശേഷി കണക്കാക്കിയിട്ടുണ്ടോ; ഇതനുസരിച്ചുള്ള സന്ദർശകരെയാണോ പ്രസ്തുത മേഖലയിൽ സന്ദർശനത്തിന് അനുവദിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഇത്തരം ഇക്കോ ടൂറിസം മേഖലകളിൽ മുൻകൂട്ടിയുള്ള ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തി നിയന്ത്രിതമായി സന്ദർശകരെ പ്രവേശിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ;

(ഡി) ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പൂർണ്ണമായും പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കർശനനടപടി സ്വീകരിക്കുമോ;

(ഇ) ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ അവ ആസൂത്രണം ചെയ്യുന്നതിനും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന യാതൊരുവിധ നിർമ്മാണപ്രവർത്തനങ്ങളും ഇത്തരം മേഖലകളിൽ നടത്തുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഭൂരിഭാഗവും വനപ്രദേശങ്ങളിലോ വനാതിർത്തിയോടുചേർന്നുള്ള പ്രദേശങ്ങളിലോ ആണ് സ്ഥിതി ചെയ്യുന്നത്. ഇത്തരം മേഖലകളിലെ ഇക്കോ ടൂറിസം പദ്ധതികൾ നിലവിലെ വനം-പരിസ്ഥിതി നിയമങ്ങൾക്ക് വിധേയമായും പരിസ്ഥിതി സൗഹാർദ്ദപരമായുമാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

(ബി) വനം വകുപ്പിന്റെ സഹകരണത്തോടെ 25 ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ സന്ദർശക വാഹകശേഷി സംബന്ധിച്ച പഠനം നടന്നുവരുന്നുണ്ട്. ഈ പഠനം പൂർത്തിയാവുന്ന മുറയ്ക്കും ലഭിക്കുന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലും തുടർനടപടികൾ പരിഗണിക്കാവുന്നതാണ്.

(സി) തേക്കടി പെരിയാർ, പറമ്പിക്കുളം കടുവ സങ്കേതങ്ങളിലും തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ കീഴിലുള്ള ഇക്കോ ടൂറിസം, കേരള വന വികസന കോർപ്പറേഷന്റെ കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഇപ്പോൾത്തന്നെ ഓൺലൈൻ ബുക്കിംഗ് സംവിധാനം ലഭ്യമാണ്. ഈ സൗകര്യം കൂടുതൽ ഇക്കോ ടൂറിസം മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

(ഡി) ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വനം വകുപ്പിന്റെ നിയന്ത്രണത്തിലായതിനാൽ ഈ വിഷയത്തിലെ തുടർനടപടികൾ സ്വീകരിക്കേണ്ടത് ആ വകുപ്പാണ്.

(ഇ സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഭൂരിഭാഗവും വനപ്രദേശങ്ങളിലോ വനാതിർത്തിയോടുചേർന്നുള്ള പ്രദേശങ്ങളിലോ ആണ് സ്ഥിതി ചെയ്യുന്നത്. ഇത്തരം മേഖലകളിലെ ഇക്കോ ടൂറിസം പദ്ധതികൾ നിലവിലെ വനം-പരിസ്ഥിതി നിയമങ്ങൾക്ക് വിധേയമായും പരിസ്ഥിതി സൗഹാർദ്ദപരമായുമാണ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്.

പുതിയ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുമ്പോൾ അവ വനം-പരിസ്ഥിതി സംബന്ധമായ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാറുണ്ട്.

## ഇക്കോ ടൂറിസം മേഖലയുടെ വികസനം

292 (T*5552) ശ്രീ. കെ. ആൻസലൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സന്ദർശകർ ധാരാളമായി എത്തിച്ചേരുന്ന ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) വനമേഖലയെ ആശ്രയിച്ചുകഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്താൻ ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കോ ടൂറിസം ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനും അവയ്ക്ക് കൂടുതൽ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും വനം-പരിസ്ഥിതി നിയമങ്ങൾക്ക് വിധേയമായുമുള്ള അടിസ്ഥാന സൗകര്യ വികസനമാണ് സംസ്ഥാനത്തെ വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കി വരുന്നത്.

നടപ്പുസാമ്പത്തിക വർഷം ഈ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ ഇവയാണ്:

1. സൈലന്റ്‌വാലി, റോഡോവാലി, മൂന്നാർ മീശപ്പുലിമല ഭാഗങ്ങളിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ.
2. തേക്കടിയിൽ സന്ദർശകർക്കുള്ള സൗകര്യങ്ങളുടെ വികസനവും കഫെറ്റീരിയ കം എന്റർടെയ്ൻമെന്റ് സെന്റർ നിർമ്മാണവും.
3. തെന്മല ഒറ്റക്കല്ലിലെ മാൻ പുനരധിവാസ കേന്ദ്രം നവീകരണം.
4. ഇരവികുളം ദേശീയോദ്യാനത്തിൽ വിനോദസഞ്ചാരികൾക്കുള്ള സൗകര്യങ്ങളുടെ ആധുനികവൽക്കരണം.
5. തെന്മലയിലെ ആംഫി തിയേറ്റർ നവീകരണം.
6. സൈലന്റ് വാലി ദേശീയോദ്യാനത്തിൽ നേച്ചർ അപ്രീസിയേഷൻ, ഇന്റർപ്രെട്ടീവ് ഇക്കോ ടൂറിസം പരിപാടികൾ.
7. മുട്ടറ മരുതിമലയിലെ സൗകര്യങ്ങളുടെ വികസനം.
8. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ സന്ദർശക വാഹക ശേഷി പഠനം.
9. ചെറുചക്കിച്ചോല ഇക്കോ ടൂറിസം പദ്ധതി.
10. നെല്ലിയാമ്പതിയിലെ ഇക്കോ ടൂറിസം പദ്ധതി വികസനം.

(ബി) പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വികസിക്കുന്നതിനൊപ്പം നിലവിലുള്ളവയുടെ വിപുലീകരണത്തിനും ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനും തുല്യ പ്രാധാന്യമാണ് നൽകിവരുന്നത്. പ്രമുഖ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്ക് താമസസൗകര്യം, ശൗചാലയം, കുടിവെള്ളം, ഇൻഫർമേഷൻ സെന്റർ തുടങ്ങിയ സൗകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ട്.

(സി) വനാശ്രിത സമൂഹങ്ങളുടെ പങ്കാളിത്തമുള്ള വനസംരക്ഷണ സമിതിയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയും മുഖേനയാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കിവരുന്നത്. ഇത്തരം കേന്ദ്രങ്ങളിലെ ഗൈഡ്, സംരക്ഷണം, മൂല്യവർദ്ധിത വന ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ ഇത്തരം കമ്മിറ്റികളിലെ അംഗങ്ങളുടെ ഉപജീവന മാർഗ്ഗമാണ്. ഇതിനുവേണ്ട പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വിനോദസഞ്ചാര/വനം വകുപ്പുകൾ ലഭ്യമാക്കുന്നുണ്ട്.

(ഡി) വിനോദസഞ്ചാര വെബ്സൈറ്റിലെ ഇക്കോ ടൂറിസം മൈക്രോവെബ്സൈറ്റ്, ഇക്കോ ടൂറിസം ബ്രോഷറുകൾ, തെന്മല ഇക്കോടൂറിസത്തെക്കുറിച്ചുള്ള വീഡിയോ ബ്രോഷർ, കാഴ്ച പരിമിതർക്കായി ബ്രെയിലി ലിപിയിലുള്ള ബ്രോഷർ, ഗൈഡിംഗ് മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയ വിപണന മാർഗ്ഗങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

### കെ.ടി.ഡി.സി.-യുടെ നവീകരണം

293 (5553) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി. സ്വകാര്യമേഖലയുമായി മത്സരിക്കുന്നതിനും ടൂറിസം രംഗത്ത് തനത് മുദ്ര പതിപ്പിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) മാറുന്ന കാലത്തിനും ടൂറിസ്റ്റുകളുടെ അഭിരുചിക്കും അനുസൃതമായി മാറുന്നതിന് കെ.ടി.ഡി.സി-ക്ക് സാധിക്കുന്നില്ല എന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ ഇടപെടൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിവരിക്കാമോ;

(സി) കെ.ടി.ഡി.സി.-യെ പൂർണ്ണമായും നവീകരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ നിലവിൽവന്നശേഷം കെ.ടി.ഡി.സി.യിൽ ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്; അതിലൂടെ കെ.ടി.ഡി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.ടി.ഡി.സി. സ്വകാര്യ മേഖലയുമായി മത്സരിക്കണമെങ്കിൽ മിക്കവാറും യൂണിറ്റുകളും നവീകരിക്കേണ്ടതായിട്ടുണ്ട്. അതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സ്വീകരിച്ചുകഴിഞ്ഞു:

1. ഹോട്ടലുകൾ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്തുക.
2. ബിയർ പാർലറുകളും മോട്ടലുകളും ബ്രാന്റ് ചെയ്യൽ.
3. ബോട്ടുകൾ നവീകരിക്കൽ.
4. പുതിയ ടൂർ പാക്കേജുകൾ ആവിഷ്കരിക്കൽ.

കെ.ടി.ഡി.സി.-യെ സ്വകാര്യ മേഖലയുമായി മത്സരാധിഷ്ഠിതമാക്കുവാൻ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം ആവശ്യമാണ്. ഇതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു.

(ബി) ഉണ്ട്. കെ.ടി.ഡി.സി.-യിൽ പ്രൊഫഷണലിസം എല്ലാ മേഖലകളിലും കൊണ്ടുവരാനുദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി കെ.ടി.ഡി.സി.-യിലെ ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്തുന്നതിനും ബിയർ പാർലറുകളും മോട്ടലുകളും ബ്രാന്റ് ചെയ്യുന്നതിനും ബോട്ടുകൾ നവീകരിക്കുന്നതിനും പുതിയ ടൂർ പാക്കേജുകൾ ആവിഷ്കരിക്കുന്നതിനും സാമൂഹ്യ മാധ്യമങ്ങളെ കെ.ടി.ഡി.സി.-യുടെ പ്രചരണത്തിനായി ഉചിതമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും ജീവനക്കാരുടെ ഗുണനിലവാരം ഉയർത്തുന്നതിനും ജീവനക്കാർക്ക് കൂടുതൽ പ്രചോദനം നൽകുന്നതിനും വിറ്റുവരവുമായി ബന്ധപ്പെടുത്തിയുള്ള ഇൻസെന്റീവ് സ്കീം ആവിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിന്റെ ടൂറിസം രംഗത്ത് മികച്ച സേവനങ്ങളും സൗകര്യങ്ങളും നൽകുന്നതിനായി വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. ഓൺലൈൻ ട്രാവൽ ഏജൻസികളുടെ ബുക്കിംഗ് തത്സമയം എടുക്കുന്നതിനുവേണ്ടി ചാനൽ മാനേജർ സോഫ്റ്റ്‌വെയർ സൗകര്യം കെ.ടി.ഡി.സി.-യുടെ മിക്കവാറും ഹോട്ടലുകളിൽ നടപ്പിലാക്കിക്കഴിഞ്ഞു.

2. കെ.ടി.ഡി.സി. ഹോട്ടലുകളുടെ വരുമാനം വർദ്ധിപ്പിക്കാനും മികച്ച നിരക്കിൽ കെ.ടി.ഡി.സി. ഹോട്ടൽ മുറികൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനുമായി റവന്യൂ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

3. കെ.ടി.ഡി.സി. വെബ്സൈറ്റ് വിപുലമായി നവീകരിക്കും.

4. സാമൂഹിക മാധ്യമങ്ങളെ കെ.ടി.ഡി.സി.-യുടെ പ്രചരണത്തിനായി ഉചിതമായ രീതയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കും.

5. കെ.ടി.ഡി.സി.-യുടെ വിവിധ ഹോട്ടൽ/റിസോർട്ടുകൾ അനുയോജ്യമായ രീതിയിൽ നവീകരിക്കുവാൻ പദ്ധതിയുണ്ട്.

6. മികച്ച സേവനം നൽകുന്നതിനായി ജീവനക്കാരുടെ ഗുണനിലവാരം ഉയർത്തും. ആവശ്യമെങ്കിൽ കെ.ടി.ഡി.സി. പ്രൊമോഷൻ പോളിസിയിൽ മാറ്റങ്ങൾ വരുത്തുന്നതുമാണ്.

7. ജീവനക്കാർക്ക് കൂടുതൽ പ്രചോദനം നൽകുന്നതിനും ഊർജ്ജസ്വലത വർദ്ധിപ്പിക്കുന്നതിനുമായി വിറ്റുവരവുമായി ബന്ധപ്പെടുത്തിയുള്ള ഇൻസെന്റീവ് സ്കീം ആവിഷ്കരിക്കും.

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം കെ.ടി.ഡി.സി.-യുടെ വിവിധ യൂണിറ്റുകൾ നവീകരിച്ചിട്ടുണ്ട്. തേക്കടിയിലെ ആരണ്യ നിവാസ്, പെരിയാർ ഹൗസ്, തമ്പാനൂരിലെ ചൈത്രം, മസ്കറ്റ് ഹോട്ടൽ തുടങ്ങി വിവിധ യൂണിറ്റുകൾ നവീകരിച്ചുകഴിഞ്ഞു. കുമരകത്തെ വാട്ടർ സ്കേപ്പ് വിപുലമായി നവീകരിച്ചു വരികയാണ്. തേക്കടിയിൽ 120 പേർക്ക് ഇരിക്കാവുന്ന ഒരു ബോട്ട് നീറ്റിലിറക്കി. വേറൊന്ന് പണി നടന്നുവരുന്നു.

കെ.ടി.ഡി.സി.-യുടെ ഹോട്ടലുകളുടെ വരുമാന വർദ്ധനവിനായി പാക്കേജ് ടൂറുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസം സീസണിലും ഓഫ് സീസണിലും വെവ്വേറെ ടൂർ പാക്കേജുകളുണ്ട്. കുടുംബങ്ങൾക്കും കുട്ടികൾക്കുമായി ആകർഷകമായ പാക്കേജുകൾ വേനൽക്കാല അവധിക്കാലത്ത് നടപ്പിലാക്കിയിരുന്നു.

**കോവളം-പൂവാർ ടൂറിസം കോറിഡോർ**

294 (5554) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം-പൂവാർ ടൂറിസം കോറിഡോർ എന്ന പേരിൽ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) സൈലന്റ് വാലി ടൂറിസം പാർക്ക്, കോവളം-കരിച്ചൽ റിവർ ഓവർ ബ്രിഡ്ജ് എന്നിവ പ്രസ്തുത മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടവയാണോ;

(സി) പ്രസ്തുത പാർക്കിന്റെയും ബ്രിഡ്ജിന്റെയും അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം ആരംഭിച്ചതെന്നാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ആരാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇവയുടെ നിർമ്മാണം നിർത്തിവയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഇ) ഇവയുടെ നിർമ്മാണത്തിന് ഇതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) " Preparation of 30 years Advance Vision and Development Plan for Kovalam-Poovar Tourism Corridor" എന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 4-8-2012-ലെ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 27-3-2013-ലെ ഉത്തരവ് പ്രകാരം 61,51,710 രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. M/s. Fortress Infrastructure Advisory Services എന്ന ഏജൻസിക്കാണ് ഇതിന്റെ നിർവ്വഹണച്ചുമതല. കരട് ഫൈനൽ മാസ്റ്റർ പ്ലാൻ അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലാണ്.

(ബി-ഇ) കരട് മാസ്റ്റർ പ്ലാൻ ബന്ധപ്പെട്ട കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി അംഗീകാരം നൽകിയാൽ മാത്രമേ മാസ്റ്റർ പ്ലാനിലെ ഘടകങ്ങൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

**ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി**

295 (5555) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പണയിൽക്കടവ്, മൂങ്ങോട്, അഞ്ചുതെങ്ങ്, കഠിനംകുളം, പെരുമാതുറ പ്രദേശങ്ങളിലെ ടൂറിസം സാധ്യത പ്രയോജനപ്പെടുത്തി പ്രസ്തുത പ്രദേശത്ത് ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; ഇത് സംബന്ധിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

നിലവിൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലില്ല.

**ഇടുക്കി ഡാമിനോട് ചേർന്നുള്ള ടൂറിസം പദ്ധതികൾ**

296 (5556) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പദ്ധതിയുടെ ഭാഗമായി ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് ലേസർ ഷോ ആരംഭിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) സഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് അക്വേറിയം നിർമ്മിക്കാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ;

ഉത്തരം

(എ) ഇത്തരത്തിൽ ഒരു പദ്ധതി ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടില്ല. എന്നാൽ ഹൈഡൽ ടൂറിസം പദ്ധതി തയ്യാറാക്കുന്നതായി അറിയുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

**മഞ്ചേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

297 (5557) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ടൂറിസം വകുപ്പ് മുഖേന മഞ്ചേരി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പുതിയ ഏതെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ ടൂറിസം വകുപ്പ് മുഖേന മഞ്ചേരി നിയോജകമണ്ഡലത്തിൽ പുതിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

**പിറവത്തെ ടൂറിസം വാക്ക്‌വേ നിർമ്മാണം**

298 (5558) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം പള്ളിത്താഴം മുതൽ ചാലാശ്ശേരി കടവ് വരെയും സബർബൻ മാൾ മുതൽ ആറ്റുതീരം പാർക്ക് വരെയും ടൂറിസം വാക്ക്‌വേ നിർമ്മിക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**നമ്പികുളം ഇക്കോ ടൂറിസം പദ്ധതി**

299 (5559) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ടൂറിസം കോറിഡോറിന്റെ ഭാഗമായ നമ്പികുളം ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) സമയബന്ധിതമായി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പദ്ധതിയുടെ ഭാഗമായുള്ള പാർക്കിംഗ് ഏരിയ പ്രവൃത്തികൾ പുരോഗമിക്കുന്നു. സംരക്ഷണ ഭിത്തി നിർമ്മിച്ചു. വാച്ച് ടവറിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിച്ചു.

(ബി) നിർമ്മാണ പുരോഗതി വിലയിരുത്താൻ ആർക്കിടെക്ട് ഏജൻസി, ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 1-6-2019-ന് ചേർന്ന് നിർദ്ദേശം നൽകിയിരുന്നു. പദ്ധതി ഈ നവംബർ 30-ന് മുമ്പ് പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷ.

**അഴീക്കോട് മുനക്കൽ മുസിരീസ് ബീച്ച്**

300 (5560) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ ബീച്ചുകളിലൊന്നായ കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോട്, മുനക്കൽ മുസിരീസ് ബീച്ചിൽ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ ബീച്ചിൽ കാണപ്പെടുന്ന ഡോൾഫിനുകളെ വിനോദ സഞ്ചാരികൾക്ക് കാണുവാൻ സാധിക്കുന്ന രീതിയിലുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കുമോ;

(സി) അറുപത് ഏക്കറോളം വിസ്തൃതിയിൽ കിടക്കുന്ന ഈ ബീച്ചിന്റെ വികസനത്തിന് വേണ്ടി സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ മേൽനോട്ടത്തിൽ ഭാവി വികസനത്തിന് വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ടൂറിസം വകുപ്പിന്റെ മുസിരീസ് പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ കടൽത്തീരത്തുള്ള വിനോദസഞ്ചാര സാധ്യത പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) പരിശോധിക്കാവുന്നതാണ്.

**അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി**

301 (5561) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട വികസനത്തിന് ടൂറിസം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട വികസനത്തിനുള്ള കരട് റിപ്പോർട്ട് തയ്യാറാക്കിയെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ ടൂറിസം പദ്ധതികൾ**

302 (5562) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാഭരണകൂടത്തിന്റെ കീഴിൽ ഈ അടുത്ത കാലത്തായി കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ജില്ലാഭരണകൂടം ടൂറിസവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളോ പ്രോജക്ടുകളോ ഇപ്പോൾ തയ്യാറാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) മുകളിൽ പറഞ്ഞ രണ്ടിനങ്ങൾക്കുമായി ടൂറിസം വകുപ്പ് ജില്ലാഭരണകൂടത്തിന് അനുവദിച്ച തുകയും അനുവദിക്കാനിരിക്കുന്ന തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ടൂറിസം വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളും ഉദ്യോഗസ്ഥന്മാരും അവരുടെ ഔദ്യോഗിക ഉത്തരവാദിത്വങ്ങളും സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

(എ&സി) ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധം 'എ' ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇത് സംബന്ധിച്ച നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ഡി) ടൂറിസം വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളും ഉദ്യോഗസ്ഥന്മാരും അവരുടെ ഔദ്യോഗിക ഉത്തരവാദിത്വങ്ങളും സംബന്ധിച്ച വിശദാംശം അനുബന്ധം 'ബി'-യിൽ ഉള്ളടക്കം ചെയ്യുന്നു.* ബി.ആർ.ഡി.സി.-യിൽനിന്നും ശേഖരിച്ച വിവരം അനുബന്ധം 'സി'-യിൽ ഉള്ളടക്കം ചെയ്യുന്നു.*

**വിനോദസഞ്ചാര കപ്പലുകൾക്കായി ക്രൂസ് ടെർമിനൽ**

303 (5563) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തുറമുഖത്ത് വിനോദസഞ്ചാര കപ്പലുകൾക്കായി നിർമ്മിക്കുന്ന ക്രൂസ് ടെർമിനലിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ ഒരു പദ്ധതി നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പയ്യന്നൂരിലെ മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി

304 (5564) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് ഇനി ഭരണാനുമതി ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ രണ്ട് ബോട്ട് ടെർമിനലുകളുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

1. ബോട്ട് ജെട്ടി, പുന്നക്കടവ് - രാമന്തളി ഗ്രാമപഞ്ചായത്ത് അനുവദിച്ച തുക 1,75,00,000 പദ്ധതി നിർമ്മാണം ആരംഭിച്ചു.
2. ബോട്ട് ടെർമിനൽ, മുക്കുവച്ചേരി (കാലി കടപ്പുറം), പട്ടന്നൂർ നഗരസഭ - അനുവദിച്ച തുക 5,02,00,000 പ്രവൃത്തി ടെണ്ടർ ചെയ്തു.

(ബി) അംഗീകരിച്ച പദ്ധതികൾക്കെല്ലാംതന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## തുഷാരഗിരിയിലെ ടൂറിസം കോട്ടേജുകൾ

305 (5565) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുഷാരഗിരിയിൽ ഡി.റ്റി.പി.സി.യുടെ അധീനതയിലുള്ള ടൂറിസം കോട്ടേജുകളുടെ പ്രവർത്തനം ആരംഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത കോട്ടേജുകൾ കെ.റ്റി.ഡി.സി.-യെക്കൊണ്ട് ഏറ്റെടുപ്പിച്ച് അവയുടെ പ്രവർത്തനമാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ പ്രളയത്തിൽ ഈ കെട്ടിടങ്ങൾക്ക് സംഭവിച്ച കേടുപാട് ഭാഗികമായി മാത്രമേ പരിഹരിക്കാനായിട്ടുള്ളൂ. അറ്റകുറ്റപ്പണി പൂർത്തിയാക്കി കോട്ടേജുകളുടെ പ്രവർത്തനം പുനരാരംഭിക്കാനാണ് ശ്രമിക്കുന്നത്.

(സി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

## വള്ളിക്കുന്ന് മണ്ഡലത്തിലെ പുഴയോര ടൂറിസം പദ്ധതി

306 (5566) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന്, തേഞ്ഞിപ്പലം, മൂന്നിയൂർ, ചേലേമ്പ്ര ബന്ധപ്പെടുത്തിയുള്ള പുഴയോര ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് 2017-ൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലസന്ദർശനം നടത്തിയിരുന്നുവോ;

(ബി) ഇതിന്മേൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന്, തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിലെ മാതാപ്പുഴ പാലത്തിന് സമീപവും, ബാലതുരുത്തിയിലും, പുഴയോര കായലോര കാഴ്ചകൾ കാണുന്നതുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതിയുടെ സാദ്ധ്യത പരിശോധിക്കുന്നതിനായി, ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിരുന്നു. തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതിന്, പദ്ധതി പ്രദേശത്തിന്റെ 'സ്ഥലലഭ്യത/ഉപയോഗാനുമതി' അത്യാവശ്യമായതിനാൽ സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും രേഖകളും ലഭ്യമാക്കുന്നതിനായി വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും കത്ത് നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതി തയ്യാറാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## കരിയാത്തൻപാറ ടൂറിസ്റ്റ് കേന്ദ്രം

307 (5567) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ടൂറിസം കോറിഡോറിന്റെ പ്രധാന ഡെസ്റ്റിനേഷനുകളിൽ ഒന്നായ കരിയാത്തൻപാറ ടൂറിസ്റ്റ് കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കരിയാത്തൻപാറ ടൂറിസം പദ്ധതി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ മെച്ചപ്പെടുത്തുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സർക്കാർ തയ്യാറാകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

**കടലുകാണിപ്പാറയിൽ ടൂറിസം വകുപ്പിന്റെ ഭൂമി**

308 (5568) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് കടലുകാണിപ്പാറയിൽ എത്ര ഭൂമിയാണ് ടൂറിസം വകുപ്പിന്റെ അധീനതയിൽ ഉള്ളത് എന്ന് വെളിപ്പെടുത്താമോ;

(ബി) ജി.ഒ.(ആർ.റ്റി)896/2002/RD തീയതി 8-5-2002 ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽനിന്നും കൈമാറി ലഭിച്ച ഭൂമി ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലേക്ക് മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 3 ഏക്കർ സ്ഥലമാണ് 8-5-2002-ലെ ജി.ഒ.(ആർ.റ്റി.)896/ 2002/RD ഉത്തരവ് പ്രകാരം ടൂറിസം പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ളത്. ഈ ഭൂമി കൈമാറ്റം സംബന്ധിച്ച് ജില്ലാ കളക്ടർ മുഖാന്തിരം ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**പശ്ചിമ കൊച്ചിയിലെ വാക്‌വേയുടെ ഉടമസ്ഥാവകാശം**

309 (5569) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിൽ ബി.ഒ.റ്റി. പാലം മുതൽ കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലം വരെ കായലിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള വാക്‌വേയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പിൽ നിന്നുള്ള തുക വിനിയോഗിച്ചാണ് ഇതിന്റെ നിർമ്മാണം നടത്തിയിട്ടുള്ളതെന്നും ഇതിന്റെ നടത്തിപ്പവകാശം ആർക്കാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊച്ചിൻ പോർട്ട് ട്രസ്റ്റ്.

(ബി) 1st Phase

ബ്യൂട്ടിഫിക്കേഷൻ ഓഫ് കൊച്ചിൻ മധുര നാഷണൽ ഹൈവേയ്സ്-കുണ്ടന്നൂർ പാലം മുതൽ ബി.ഒ.റ്റി. വരെ 430 മീറ്റർ - 99.95 ലക്ഷം രൂപ

സാമ്പത്തിക സഹായം - BPCL, പ്രോജക്ട് എക്സിക്യൂഷൻ - കൊച്ചിൻ പോർട്ട് ട്രസ്റ്റ്

2nd Phase

ടൂറിസം വകുപ്പാണ് സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്. തുക - Rs. 298.66 ലക്ഷം

3rd Phase

കേന്ദ്ര ഗവൺമെന്റ് ഫണ്ട് - Rs. 499.95

**ദേവസ്വം നിയമനങ്ങളിലെ സംവരണം**

310 (5570) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം നിയമനങ്ങളിൽ സംവരണം ലഭിക്കുന്ന വിഭാഗങ്ങൾക്കുള്ള സംവരണതോതിൽ ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ വിശദമാക്കുമോ;

(ബി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സംവരണതത്വം പാലിച്ചുകൊണ്ട് നാളിതുവരെ നടത്തിയ നിയമനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന കൊച്ചിൻ ദേവസ്വം ബോർഡിൽ സംവരണതത്വം പാലിച്ചുകൊണ്ട് നാളിതുവരെ നടത്തിയ പിന്നോക്ക, പട്ടികജാതി, പട്ടികവർഗ്ഗ നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തുടങ്ങിയ ഉന്നത തസ്തികകളിൽ സംവരണതത്വം പാലിച്ചുകൊണ്ട് നിയമനങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ദേവസ്വം നിയമനങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഹിന്ദു മതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമേ ദേവസ്വം ബോർഡിലെ നിയമനങ്ങൾക്ക് അർഹതയുള്ളൂവെന്നതിനാൽ പൊതുസംവരണ തത്വപ്രകാരം ന്യൂനപക്ഷങ്ങൾക്കുള്ള സംവരണ വിഹിതമായ 18%-ൽനിന്നും മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക്-10%, ഈഴവ-3%, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക്-2%, മറ്റ് പിന്നോക്കക്കാർക്ക്-3% എന്നിങ്ങനെ സംവരണമേർപ്പെടുത്തുന്നതിന് ദേവസ്വങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് പ്രകാരം നിലവിൽവന്നു. ഒരു ചെയർമാനും രണ്ട് അംഗങ്ങളുമാണ് ബോർഡിലുള്ളത്. സെക്രട്ടറിയുടെ നേതൃത്വത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസ് പ്രവർത്തിക്കുന്നു. സർക്കാരിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിലാണ് പ്രവർത്തിച്ചുവരുന്നത്. പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും റിട്ടയർ ചെയ്ത ഉന്നത ഉദ്യോഗസ്ഥരാണ് പരീക്ഷ സംബന്ധിച്ച ജോലികൾ നിയന്ത്രിക്കുന്നത്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകൾ ഒഴികെയുള്ള എല്ലാ തസ്തികകൾക്കും പബ്ലിക് സർവ്വീസ് കമ്മീഷന്റെ മാതൃകയിൽ 'ദേവജാലിക' എന്ന ഓൺലൈൻ സംവിധാനത്തിലൂടെ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി ദേവസ്വം ബോർഡുകളിൽ നിയമിച്ചുവരുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ഡി) വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

(ഇ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 10% സംവരണം നൽകുന്നതിന് ദേവസ്വം ബോർഡുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാർക്ക് കേന്ദ്ര സർക്കാരും 10% സംവരണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഇതിനുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**ക്ഷേത്രങ്ങൾ നവീകരിക്കുന്നതിന് ധനസഹായം**

311 (5571) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴക്കമുള്ളതും നാശോന്മുഖമായിട്ടുള്ളതുമായ ക്ഷേത്രങ്ങളെ നവീകരിക്കുന്നതിന് ദേവസ്വം ബോർഡ് സാമ്പത്തിക സഹായം നൽകാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ സാമ്പത്തിക സഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഇത്തരത്തിൽ ഏതെങ്കിലും ക്ഷേത്രങ്ങൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡും കൊച്ചിൻ ദേവസ്വം ബോർഡും തങ്ങളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളെ നവീകരിക്കുന്നതിന് അപേക്ഷ സ്വീകരിച്ച് സാമ്പത്തിക സഹായം നൽകുന്നു. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ളതും ക്ഷേത്ര നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്വയം പര്യാപ്തമല്ലാത്തതുമായ പൊതുക്ഷേത്രങ്ങൾക്കും ബോർഡിന്റെ പരിധിയിൽപ്പെടാത്ത ക്ഷേത്രങ്ങൾക്കും ജീർണ്ണോദ്ധാരണ ഗ്രാന്റ് ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. ഇതിന് പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ഗുരുവായൂർ ദേവസ്വത്തിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിന് പൊതുക്ഷേത്രമാണെന്ന് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെയോ ഗസറ്റഡ് ഓഫീസറുടെയോ പഞ്ചായത്ത് മെമ്പറുടെയോ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം.

(സി) ഉണ്ട്. 22-5-2018-ൽ സർക്കാർ ഈ ആവശ്യത്തിന് 7 കോടി രൂപ അനുവദിച്ചിരുന്നു. മലബാർ ദേവസ്വം ബോർഡ് പ്രസ്തുത തുകയിൽനിന്നും

ബോർഡിന്റെ കീഴിലുള്ള 702 പൊതുക്ഷേത്രങ്ങൾക്കായി 6,09,50,000 രൂപയും ബോർഡിന്റെ കീഴിലല്ലാത്ത 511 ക്ഷേത്രങ്ങൾക്കായി 74,05,000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ നടത്തിപ്പുകാരായ 117 ക്ഷേത്രങ്ങൾക്ക് 16,45,000 രൂപയും അനുവദിച്ചിട്ടുണ്ട്.

### ശബരിമല വികസന പദ്ധതിക്ക് തുക

312 (5572) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല വികസനം ലക്ഷ്യമിട്ട് ഇത്തവണത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ചുള്ള ഓരോ വികസന പദ്ധതിയ്ക്കും ചെലവാകുന്ന തുക എത്രയെന്ന് പറയാമോ?

ഉത്തരം

ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് ഈ വർഷം 28 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശബരിമലയുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് 738 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്കേ തുക സംബന്ധിച്ച തീരുമാനമാകുകയുള്ളൂ.

### ശബരിമല വരുമാനം

313 (5573) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ശബരിമലയിൽ നിന്നും ദേവസ്വം ബോർഡിന് വിവിധയിനങ്ങളിൽ ലഭിച്ച ആകെ വരുമാനം എത്രയായിരുന്നു;

(ബി) ശബരിമലയിലെ ഏതൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് ഈ വരുമാനം ഉപയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) 2018-ൽ നടവരവ് മുൻവർഷത്തെ അപേക്ഷിച്ച് കുറയുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(ഡി) വരവ് കുറഞ്ഞ സാഹചര്യത്തിൽ ദേവസ്വം ബോർഡിന് സർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് ഇപ്രകാരം അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 മണ്ഡലം-മകരവിളക്ക് കാലയളവിൽ ആകെ 180,18,98,585 രൂപ ലഭിച്ചു.

(ബി) സ്വാമി ഭക്തർക്ക് സുഗമമായി ദർശനം നടത്താനും പ്രാഥമിക കർമ്മങ്ങൾ നടത്തുന്നതിനുള്ള ശൗചാലയങ്ങൾ, വിരിഷെഡുകൾ, ശുദ്ധജല വിതരണ കെട്ടിടങ്ങൾ, നടപ്പാത, അന്നദാന മണ്ഡപം, പ്രസാദ വിതരണം, നടപ്പന്തൽ മുതലായവയുടെ അറ്റകുറ്റപ്പണികളും പുതിയ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നതിന് ഉപയോഗിച്ചിട്ടുണ്ട്.

(സി) ശബരിമല സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് വിവിധ രാഷ്ട്രീയ മത സംഘടനകൾ ശബരിമലയിലും പരിസര പ്രദേശങ്ങളിലും നാമജപ ഘോഷയാത്ര പോലുള്ള പ്രകടനങ്ങൾ നടത്തിയിരുന്നു. ഇതുമൂലം മുൻവർഷത്തെ അപേക്ഷിച്ച് ശബരിമലയിലേയ്ക്കുള്ള ഭക്തജനങ്ങളുടെ വരവിലും തന്മൂലം നടവരവിലും കുറവ് സംഭവിച്ചിട്ടുള്ളതാണ്.

(ഡി) വരുമാനക്കുറവ് നികത്തുന്നതിനായി 100 കോടി രൂപ 2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കാൻ നടപടി**

314 (5574) <u>ശ്രീമതി. പി. അയിഷാ പോറ്റി:</u>
<u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. എസ്. ശർമ്മ:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കണമെന്ന സംസ്ഥാന ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ലക്ഷക്കണക്കിന് വരുന്ന തീർത്ഥാടകരുടെ സുരക്ഷയും അവർക്കുവേണ്ട സൗകര്യങ്ങളും ഏർപ്പെടുത്തി ശബരിമലയെ ദേശീയ നിലവാരമുള്ള തീർത്ഥാടന കേന്ദ്രമായി ഉയർത്തുന്നതിന് പരിപാടിയുണ്ടോ; വിശദമാക്കുമോ;

(സി) മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള വർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പ്രത്യേക വികസന അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മലബാർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക ഭദ്രതയില്ലായ്മ ബോർഡിന്റെ പ്രവർത്തന കാര്യക്ഷമതയെ ബാധിക്കാതിരിക്കുവാനായി സർക്കാർ സഹായം നൽകി വരുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലപാട് അറിയിച്ചിട്ടില്ല.

(ബി) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായി ശബരിമല ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ശബരിമല മാസ്റ്റർ പ്ലാനിനനുസൃതമായി സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലും മറ്റ് ഇടത്താവളങ്ങളിലും തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നോൺ പ്രോഫിറ്റ് കമ്പനിയായി ഒരു പ്രത്യേക എസ്.പി.വി. രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ബഹുമാനപ്പെട്ട ഹൈക്കോടതി നിയമിച്ച ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടെയാണ് നിർവ്വഹിച്ചുവരുന്നത്. ശബരിമല തീർത്ഥാടന കേന്ദ്രത്തെ അന്തർദ്ദേശീയ തീർത്ഥാടന കേന്ദ്രമായി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ശബരിമല വികസന അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ നിയമ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ഉണ്ട്. പ്രതിവർഷം ശമ്പളത്തിനും ശമ്പളേതര ആവശ്യങ്ങൾക്കും ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കും സർക്കാർ അനുവദിക്കുന്ന ഗ്രാന്റ് കൊണ്ടാണ് മലബാർ ദേവസ്വം ബോർഡ് പ്രവർത്തിച്ചുവരുന്നത്. 2019-20 സാമ്പത്തിക വർഷം 36.388 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## പമ്പയിലെ വാഹന പാർക്കിംഗ്

315 (5575) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് നിലവിൽ പമ്പയിൽ പാർക്കിംഗ് അനുവദിക്കുന്നുണ്ടോ; നിലയ്ക്കലിൽ നിന്ന് പമ്പയിലേക്ക് സ്വകാര്യവാഹനങ്ങൾ അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലയ്ക്കൽ പാർക്കിംഗ് കേന്ദ്രമാക്കിയിട്ടും അവിടെ തീർത്ഥാടകർക്ക് വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തീർത്ഥാടകരുടെ ദുരിതം പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പമ്പയിൽ തീർത്ഥാടകർക്ക് പാർക്കിംഗ് അനുവദിക്കണമെന്ന് ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് നിലവിൽ പമ്പയിൽ പാർക്കിംഗ് അനുവദിക്കുന്നില്ല. നിലയ്ക്കലിൽനിന്നും പമ്പയിലേയ്ക്ക് സ്വകാര്യ വാഹനങ്ങൾ നിലവിലെ സാഹചര്യത്തിൽ അനുവദിക്കുന്നില്ല.

(ബി) തീർത്ഥാടകർക്ക് ആവശ്യമായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി നടന്നുവരികയാണ്.

(സി) പമ്പയിൽ തീർത്ഥാടകർക്ക് പാർക്കിംഗ് അനുവദിക്കണമെന്ന് ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പമ്പയിൽ അടിഞ്ഞുകൂടിയ മണൽ

316 (5576) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തിൽ പമ്പയിൽ അടിഞ്ഞുകൂടിയ മണൽ ദേവസ്വം ബോർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; ആകെ എത്ര മണൽ ശേഖരമാണ് ഇവിടെ നിന്നും ലഭിച്ചത് എന്നറിയിക്കാമോ;

(ബി) ഇതിൽ എത്ര അളവ് മണലാണ് ദേവസ്വം ബോർഡിന് ലഭിക്കുക; ഇത് ഉപയോഗിച്ച് എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടപ്പാക്കുക; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ മണൽ എറ്റെടുക്കുന്നതിൽ വനം വകുപ്പ് എന്തെങ്കിലും തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രളയകാലത്ത് പമ്പയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് 20,000 $M^3$ (ഇരുപതിനായിരം) മണൽ ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പമ്പയിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഈ മണൽ ഉപയോഗിക്കുമെന്നാണ് ദേവസ്വം ബോർഡ് അറിയിച്ചിട്ടുള്ളത്.

(സി) പമ്പയാറ്റിന്റെ തീരത്ത് അടിഞ്ഞുകൂടിയിട്ടുള്ള മണൽ ഏറ്റെടുക്കുന്നതിനും തീരത്തുനിന്നും കൊണ്ടുപോകുന്നതിനുമുള്ള പാസ് ലഭിച്ചശേഷമേ മണൽ കൊണ്ടുപോകാവൂ എന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

**ശബരിമലയുടെ സുരക്ഷ**

317 (5577) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ പുനരുദ്ധാരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ ഇതിനോടകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) എത്ര കോടി രൂപയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കാണ് സർക്കാർ അംഗീകാരം നൽകിയതെന്ന് വിശദമാക്കാമോ;

(സി) ശബരിമലയുടെ സുരക്ഷ വർദ്ധിപ്പിക്കാൻ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കാൻ പുതുതായി എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ ആലോചിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയത്തിനുശേഷം പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ സർക്കാരിന്റെ മേൽനോട്ടത്തിൽ നടന്ന പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് TATA പ്രോജക്ട് ലിമിറ്റഡ് കമ്പനി 25 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) 2019-20 ബഡ്ജറ്റിൽ ശബരിമല മാസ്റ്റർ പ്ലാൻ പ്രവൃത്തികൾക്കായി 28 കോടി രൂപയും ശബരിമലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി 738 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) അയ്യപ്പ ഭക്തർ ദർശനത്തിനായി എത്തുന്ന 3 വഴികളിലും പോലീസ് സംരക്ഷണവും പോലീസ് സഹായത്തോടെ സ്ഥിരമായ ബാഗേജ് സ്കാനറും DFMD-യും സ്ഥാപിച്ച് സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

(ഡി) സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കാൻ പുതുതായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് യഥാസമയം ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

**ശബരിമലയിലെ നിർമ്മാണപ്രവൃത്തികൾ**

318 (5578) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന ശബരിമല തീർത്ഥാടനകാലം ആരംഭിക്കുന്നതിന് മുമ്പ് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണപ്രവൃത്തികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ അന്തിമ രൂപരേഖ തയ്യാറായിട്ടുണ്ടോ;

(സി) സന്നിധാനത്തെ മാലിന്യ പ്ലാന്റ് നിലവിൽ പൂർണ്ണമായും പ്രവർത്തനക്ഷമമാണോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വരുന്ന ശബരിമല തീർത്ഥാടനകാലത്ത് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ലേ ഔട്ട് പ്ലാൻ അംഗീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണപ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

ശബരിമല

1. ശാന്തിമഠം

2. ഭസ്മക്കുളം നവീകരണം

3. ഭണ്ഡാരത്തിന്റെ സ്ഥാനമാറ്റം

4. പാണ്ടിത്താവളം മുതൽ അയ്യപ്പനന്ദനം വരെയുള്ള റോഡ് നിർമ്മാണ പ്രവർത്തനം

5. മണ്ഡപം - 5 എണ്ണം

പമ്പ

1. പമ്പാ തീരത്തെ പടി കെട്ടുന്നതിനുള്ള സംവിധാനം

2. പമ്പ ടോയ്‌ലെറ്റ് ബ്ലോക്ക്

നിലയ്ക്കൽ

1. ടോയ്‌ലെറ്റ് കോംപ്ലക്സ് (120 എണ്ണം)

2. വാർഷിക അറ്റകുറ്റപ്പണി

3. കുടിവെള്ള വിതരണത്തിനായി നിലവിൽ ഉള്ളതിനേക്കാൾ കൂടുതൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4. പാർക്കിംഗ് ഗ്രൗണ്ട്

5. ജല സംഭരണി

(ബി) സന്നിധാനത്തും നിലയ്ക്കലും പ്രസ്തുത പ്രവൃത്തികളുടെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പമ്പയിൽ പ്രസ്തുത പ്രവൃത്തികളുടെ അന്തിമ രൂപരേഖ പൂർണ്ണമായും തയ്യാറായിട്ടില്ല.

(സി) സന്നിധാനത്തെ മാലിന്യപ്ലാന്റ് നിലവിൽ പൂർണ്ണമായും പ്രവർത്തനക്ഷമമാണ്.

## ശബരിമലയിൽ പുണ്യദർശനം കോംപ്ലക്സ്

319 (5579) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്ത് ടൂറിസം വകുപ്പിന് ഗസ്റ്റ് ഹൗസ് ഉണ്ടോ എന്നറിയിക്കാമോ;

(ബി) ഇവിടെ നിർമ്മിക്കാൻ ഉദ്ദേശിച്ച പുണ്യദർശനം കോംപ്ലക്സിന്റെ നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് ചെലവഴിക്കുക എന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പുണ്യദർശനം കോംപ്ലക്സിന്റെ നിർമ്മാണ അടങ്കൽ തുക 4.9 കോടി രൂപയാണ്.

(സി) പുണ്യദർശനം കോംപ്ലക്സിന്റെ നിർമ്മാണത്തിന് ഉദ്ദേശിക്കുന്ന ഭൂമി സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡും വനം വകുപ്പും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി നിയമിച്ച അഡ്വക്കേറ്റ് കമ്മീഷണറുടെ മേൽനോട്ടത്തിൽ സംയുക്ത സർവ്വേ പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**പൈതൃക മന്ദിരമായ ഭവാനി കൊട്ടാരം**

320 (5580) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ദേവസ്വം ബോർഡ് ആസ്ഥാനത്തെ പൈതൃക മന്ദിരമായ ഭവാനി കൊട്ടാരം പൊളിക്കുന്നതിനെതിരെ പ്രതിഷേധം ഉണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) മുന്നൂറു വർഷം പഴക്കമുള്ളതും തേക്കിൻതടികൊണ്ടു നിർമ്മിച്ചതുമായ ഈ കൊട്ടാരം പൈതൃക മന്ദിരമായി സംരക്ഷിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഭവാനി കൊട്ടാരം പൊളിക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല.

(ബി) പൈതൃക മന്ദിരമായി സംരക്ഷിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ലായെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**ദേവസ്വം ബോർഡ് ഫണ്ട് വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ**

321 (5581) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ദേവസ്വം ബോർഡിന്റെ ഫണ്ട് വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പാറശ്ശാല ശ്രീമഹാദേവർ ക്ഷേത്രത്തിന്റെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഓരോ ക്ഷേത്രങ്ങളുടെയും ആചാരാനുഷ്ഠാന പ്രകാരമുള്ള സൗകര്യങ്ങൾ ദേവസ്വം ബോർഡ് ഒരുക്കിയിട്ടുണ്ട്. കൂടാതെ കാവും കുളവും പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷേത്രകുളങ്ങളുടെ നവീകരണവും കാവുകളുടെ സംരക്ഷണവും നടപ്പിലാക്കുന്നുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഇടത്താവള സമുച്ചയം നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ ഇടത്താവളങ്ങൾ, ശുചിമുറികൾ മുതലായവ സജ്ജീകരിച്ച് വരുന്നുണ്ട്.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ദേവസ്വം ഫണ്ട് വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇതുസംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേവസ്വം ബോർഡ് വക ഭൂമി തിരിച്ചുപിടിക്കാൻ നടപടി

322 (5582) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകൾക്ക് എത്ര ഏക്കർ ഭൂമിയുണ്ട്;

(ബി) പ്രസ്തുത ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള സ്ഥലങ്ങൾ തദ്ദേശവാസികൾ കൈവശപ്പെടുത്തിയതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ ആയത് തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) വയനാട് ജില്ലയിൽ ഇത്തരത്തിൽ തിരിച്ചുപിടിക്കാനുള്ള ഭൂമി ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് 2700 ഏക്കറോളം ഭൂമിയുണ്ട്. കൊച്ചിൻ ദേവസ്വത്തിന് 1402 ഏക്കർ 87 3/4 സെന്റ് ഭൂമിയുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള ഉടമസ്ഥതയിൽ ഭൂമിയില്ല.

(ബി) ഉണ്ട്.

(സി) ദേവസ്വം ബോർഡുകൾക്ക് അന്യാധീനപ്പെട്ട ഭൂമി തിരിച്ച് പിടിക്കുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 21 ക്ഷേത്രങ്ങളിൽ മാത്രമാണ് സർവ്വേ നടത്തിയിട്ടുള്ളത്. ഈ ക്ഷേത്രങ്ങളിൽ കയ്യേറ്റം റിപ്പോർട്ട് ചെയ്തിട്ടില്ല. മറ്റിടങ്ങളിൽ സർവ്വേ നടക്കുന്ന മുറയ്ക്കേ കയ്യേറ്റം സംബന്ധിച്ച വിവരങ്ങൾ അറിയാൻ കഴിയുകയുള്ളൂ.

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സാമ്പത്തിക പ്രതിസന്ധി

323 (5583) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന ക്ഷേത്രങ്ങളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും തൽക്കാലം നിർത്തിവയ്ക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സാമ്പത്തിക പ്രതിസന്ധിയാണോ അതിന് കാരണമെന്ന് വ്യക്തമാക്കുമോ; എങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും തസ്തിക ഭേദഗതി ചെയ്യുന്നതും ഇതോടൊപ്പം നിർത്തിവയ്ക്കുമോ എന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ തീർത്ഥാടനകാലത്ത് ശബരിമലയിലുണ്ടായ വരുമാനനഷ്ടം ക്ഷേത്രങ്ങളുടെ നടത്തിപ്പ്, ദൈനംദിന ചെലവുകൾ, പരിപാലനം എന്നിവയെ പ്രതികൂലമായി ബാധിക്കുകയുണ്ടായോ;

(ഡി) ഇല്ലെങ്കിൽ നിലവിലെ സാമ്പത്തിക പ്രതിസന്ധിക്കുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല.

(സി&ഡി) പമ്പയിലുണ്ടായ പ്രളയത്തെത്തുടർന്നും ശബരിമലയിലെ സ്ത്രീപ്രവേശന വിഷയവുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് നടന്ന പ്രതിഷേധനങ്ങളും കാരണം ശബരിമലയിലും മറ്റ് ക്ഷേത്രങ്ങളിലും വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. ഇത് ക്ഷേത്രങ്ങളുടെ നടത്തിപ്പ്, ദൈനംദിന ചെലവുകൾ, പരിപാലനം എന്നിവയെ ഭാഗികമായി ബാധിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ല.

**മലബാർ ദേവസ്വം ബോർഡ് വഴി ആനുകൂല്യം നൽകിവരുന്ന വിഭാഗങ്ങൾ**

324 (5584) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ കീഴിൽ അല്ലാത്ത മലബാറിലെ മറ്റ് ക്ഷേത്രങ്ങളിലെ പൂജാരികൾ, കോലധാരികൾ, വെളിച്ചപ്പാടുകൾ, കോമരങ്ങൾ തുടങ്ങിയ ഏതെങ്കിലും വിഭാഗത്തിന് ദേവസ്വം ബോർഡ് വഴി ആനുകൂല്യം നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് എന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ അനുവദിക്കപ്പെടുന്ന ആനുകൂല്യങ്ങൾ മലബാർ ദേവസ്വം ബോർഡ് പരിധിയിലെ എത്ര പേർ കൈപ്പറ്റുന്നുണ്ട്; വർഷത്തിൽ ആകെ എത്ര രൂപയുടെ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(സി) ഓരോ വിഭാഗത്തിനും മാസത്തിൽ/വർഷത്തിൽ നൽകി വരുന്ന ആനുകൂല്യം എത്രയെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ളതും അല്ലാത്തതുമായി ഉത്തര മലബാറിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആചാരസ്ഥാനികർ (വെളിച്ചപ്പാടുകൾ/കോമരങ്ങൾ), കോലധാരികൾ എന്നീ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മലബാർ ദേവസ്വം ബോർഡിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) 1811 ആചാരസ്ഥാനികർക്കും 397 കോലധാരികൾക്കുംകൂടി പ്രതിമാസം 1,100 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് വർഷത്തിൽ ആകെ 2,91,45,600 രൂപ ചെലവ് വരുന്നതാണ്.

(സി) ആചാരസ്ഥാനികർ

1811 x 1100 x 12 = 2,39,05,200 രൂപ

കോലധാരികൾ

397 x 1100 x 12 = 52,40,400 രൂപ

ആകെ : 2,91,45,600 രൂപ

**ഗുരുവായൂർ ദേവസ്വം വക വൃദ്ധസദനം ആരംഭിക്കാൻ നടപടി**

325 (5585) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രപരിസരങ്ങളിൽ മക്കളാൽ ഉപേക്ഷിക്കപ്പെട്ട് ക്ഷേത്രത്തിൽ നിന്ന് ലഭിക്കുന്ന ആഹാരം കഴിച്ച് ക്ഷേത്രനടകളിൽ കിടന്നുറങ്ങുന്ന വൃദ്ധജനങ്ങളുടെ ദുരിതജീവിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുവായൂർ നഗരസഭ അവരെ അവിടെനിന്നും നീക്കം ചെയ്യുന്ന നിലവിലെ സ്ഥിതിക്ക് പകരമായി ഗുരുവായൂർ ദേവസ്വത്തിന്റെ മേൽനോട്ടത്തിൽ ഒരു വൃദ്ധസദനവും ആതുരാലയവും സ്ഥാപിച്ച് അവരെ സംരക്ഷിക്കുന്നതിന് ദേവസ്വത്തിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(സി) ഇല്ലെങ്കിൽ മേൽസൂചിപ്പിച്ച തരത്തിലുള്ള സ്ഥാപനങ്ങൾ അടിയന്തരമായി ആരംഭിക്കുവാൻ ഗുരുവായൂർ ദേവസ്വത്തിന് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ദർശനത്തിന് വരുന്ന സ്ത്രീകൾക്ക് നിലവിൽ 2 ദിവസം സൗജന്യമായി താമസസൗകര്യം നൽകുന്നതിന് ഗുരുവായൂർ ദേവസ്വം സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള നിരാലംബരായ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി ഉചിതമായ നടപടി കൈക്കൊള്ളണമെന്ന് ഗുരുവായൂർ ദേവസ്വത്തിന് നിർദ്ദേശം നൽകുന്നതാണ്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട പൂജാരിമാരുടെ വിവരങ്ങൾ

326 (5586) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട പൂജാരിമാരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള മേജർ ക്ഷേത്രങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട പൂജാരിമാരുടെ എണ്ണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചിൻ ദേവസ്വം ബോർഡിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7 പേരും മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 2 ക്ഷേത്രങ്ങളിൽ പട്ടികജാതിയിൽപ്പെട്ട ഓരോ ആൾ വീതവും തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 12 പേരും ശാന്തിമാരായി സേവനം അനുഷ്ഠിക്കുന്നുണ്ട്.

(ബി) മേജർ ക്ഷേത്രങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പൂജാരിമാർ സേവനം അനുഷ്ഠിക്കുന്നില്ല.

## അങ്കമാലി മണ്ഡലത്തിലെ ക്ഷേത്രനവീകരണം

327 (5587) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ദേവസ്വം ക്ഷേത്രങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് വിശദമാക്കുമോ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ എല്ലാ ദേവസ്വം ക്ഷേത്രങ്ങളുടേയും നവീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 24 ക്ഷേത്രങ്ങളിലെ അറ്റകുറ്റപ്പണികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. അവയിൽ 7 എണ്ണം ഒഴികെ ബാക്കിയെല്ലാം പൂർത്തിയായിട്ടുണ്ട് . ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള മലയാറ്റൂർ പന്തയ്ക്കൽ ക്ഷേത്രത്തിലെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 2017 മുതൽ 2019 വരെ 59,289 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷേത്ര ആഡിറ്റോറിയത്തിനോടനുബന്ധിച്ചുള്ള അടുക്കളയുടെ പ്രവൃത്തികൾക്കായി 2,45,000 രൂപയുടെ എസ്റ്റിമേറ്റും കൊച്ചിൻ ദേവസ്വം ബോർഡ് പാസ്സാക്കി നൽകിയിട്ടുണ്ട്.

(ബി) ദേവസ്വം ഓഫീസറോ ക്ഷേത്ര ഉപദേശക സമിതികളോ നവീകരണപ്രവർത്തനങ്ങൾ നടത്തണമെന്ന് ശിപാർശ ചെയ്യുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 5348-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

10.00 A.M.]

## II. അടിയന്തരപ്രമേയം

### കസ്റ്റഡി മരണം

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് ഇന്ന് ലഭിച്ചിരിക്കുന്ന നോട്ടീസിലെ വിഷയം 26-6-2019-ന് സഭയിൽ ഉന്നയിക്കപ്പെട്ട കാര്യം തന്നെയാണ്. ഒരേ വിഷയംതന്നെ ചട്ടം 50 പ്രകാരം ആവർത്തിച്ച് സഭയിൽ ഉന്നയിക്കുന്നത് ശരിയായ രീതിയല്ല; അത് ക്രമപ്രകാരവുമല്ല. എന്നാൽ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് പുതിയ ചില കാര്യങ്ങളുണ്ടായ സാഹചര്യത്തിലാണ് ഇന്ന് ഈ വിഷയം ഉന്നയിക്കാൻ നോട്ടീസ് നൽകിയിരിക്കുന്നതെന്നാണ് നോട്ടീസ് നൽകിയിരിക്കുന്ന അംഗങ്ങൾ അവകാശപ്പെടുന്നത്. അതുകൊണ്ട് ഈ കേസ്സിലെ പുതിയ കാര്യങ്ങളെ സംബന്ധിക്കുന്ന പരാമർശങ്ങളിൽ ഒതുങ്ങി നിന്ന് ഈ വിഷയം ഉന്നയിക്കേണ്ടതാണെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ മർദ്ദനത്തെത്തുടർന്ന് കോലാഹലമേട്ടിലെ രാജ്കുമാർ മരിക്കാനിടയായ സംഭവത്തിൽ നാട്ടുകാർക്കെതിരെ കേസ്സെടുത്ത് പോലീസുകാരെ സംരക്ഷിക്കാനും കേസ് ദുർബ്ബലപ്പെടുത്താനുമുള്ള പോലീസിന്റെ ശ്രമങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെ വസ്തുതകൾ നേരത്തെ പ്രസ്താവിച്ചതാണ്. അതുകൊണ്ട് അത് ആവർത്തിക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. 15-6-2019-ന് രാജ്കുമാറിനെ അറസ്റ്റ് ചെയ്തുവെന്നാണ് പോലീസ് രേഖയിലുള്ളത്. രാജ്കുമാറിന്റെ കാൽമുട്ടുകൾക്കും നടുവിനും വേദനയുള്ളതായി പറഞ്ഞതിനാൽ അന്നുതന്നെ രാത്രി 12.00 മണിയോടെ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ എത്തിച്ച് ചികിത്സ നൽകിയെന്ന് പറയുന്നു. 16-6-2019-നാണ് ഇദ്ദേഹത്തെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്ത് പീരുമേട് സബ് ജയിലിൽ പാർപ്പിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ജയിലിൽ എത്തിയപ്പോൾ തന്നെ

ഇദ്ദേഹത്തിന് നടക്കാൻ പ്രയാസമുണ്ടായിരുന്നു. അവിടെയുള്ള ഉദ്യോഗസ്ഥരുടെ സഹായത്തോടെയാണ് സെല്ലിലേയ്ക്ക് എത്തിയതെന്ന് ജയിൽ ഡി.ജി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിമാൻഡിലായതിനുശേഷം പലതവണ അദ്ദേഹം ശാരീരിക അസ്വസ്ഥതകൾ കാണിക്കുകയുണ്ടായി, അതിന്റെ ഭാഗമായി 18-6-2019-ന് ജയിലിൽനിന്ന് പീരുമേട് താലൂക്ക് ആശുപത്രിയിൽ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ ശാരീരികാവസ്ഥ സംബന്ധിച്ച് ജയിൽ ഡി.ജി.പി. പറയുന്നത്, ഭക്ഷണം കഴിക്കാനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനും മറ്റുള്ളവരുടെ ആശ്രയം വേണമെന്നാണ്. അതൊക്കെ ചെയ്തുകൊടുത്തത് സഹതടവുകാരാണ്. അങ്ങനെയൊരാൾ ആശുപത്രിയിൽ എത്തിയാൽ സ്വാഭാവികമായും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് ചികിത്സിക്കുകയാണ് വേണ്ടത്. എന്ത് കാരണത്താലാണ് അത് നടക്കാതിരുന്നതെന്ന് അറിയില്ല. മറ്റൊരു വിചിത്രമായ കാര്യം 19-6-2019, 20-6-2019 തീയതികളിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹാജരാക്കി ചികിത്സ നൽകിയെന്നാണ് പറയുന്നത്. പീരുമേട്ടിൽനിന്ന് ഇത്തരമൊരു ആരോഗ്യസ്ഥിതിയുള്ള ഒരാളെ കോട്ടയം മെഡിക്കൽ കോളേജിൽ എത്തിച്ച് അവിടെ പരിശോധിച്ച് വീണ്ടും പീരുമേട്ടിൽ കൊണ്ടുപോകുന്നത് ആരോഗ്യസ്ഥിതി എത്രമാത്രം വഷളാക്കുമെന്ന് സാധാരണഗതിയിൽ ഊഹിക്കാവുന്നതാണ്. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എന്തുകൊണ്ട് ഇദ്ദേഹത്തെ അഡ്മിറ്റ് ചെയ്ത് ചികിത്സിച്ചില്ല എന്നതും പരിശോധിച്ച് മനസ്സിലാക്കേണ്ട കാര്യമാണ്. 21-6-2019-ന് പീരുമേട് സബ് ജയിലിൽവച്ച് രാജ്കുമാറിന് കഠിനമായ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടു. ആ ഘട്ടത്തിൽ അദ്ദേഹത്തിനെ പീരുമേട് താലൂക്ക് ആശുപത്രിയിൽ എത്തിച്ചു. രാവിലെ 10.45-ന് അദ്ദേഹം മരണപ്പെടുകയും ചെയ്തു. ജയിൽ ഡി.ജി.പി.യുടെ റിപ്പോർട്ട് പ്രകാരം 16-6-2019-ന് രാത്രി 1.20-നാണ് ജയിലിൽ എത്തിക്കുന്നത്. 21-6-2019 രാവിലെ 10.20-ഓടെ ശ്വാസതടസ്സംമൂലം ശ്വാസമെടുക്കുന്നത് ക്രമപ്രകാരമല്ലെന്ന് കണ്ടതിനാലാണ് ജയിൽ ജീവനക്കാരുടെ അകമ്പടിയോടെ ജയിൽവക ആംബുലൻസിൽ പീരുമേട് താലൂക്ക് ആശുപത്രിയിലേയ്ക്ക് അയച്ചത്. ചികിത്സ നൽകുന്നതിനിടയിലാണ് രാവിലെ 10.45-ന് അദ്ദേഹം മരണപ്പെട്ടതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഇത് ഞാൻ അന്നേ വ്യക്തമാക്കിയതാണ്. ഇത് ഗൗരവമായി കാണേണ്ട ഒരു പ്രശ്നമാണ്. അത് ഗൗരവമായിത്തന്നെയാണ് കാണുന്നത്. രാജ്കുമാർ മരണപ്പെട്ട കാര്യത്തിൽ ക്രിമിനൽ നടപടിക്രമം 174 വകുപ്പ് പ്രകാരം പീരുമേട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 349/19 ആയി കേസ് രജിസ്റ്റർ ചെയ്ത് മൃതദേഹം ഇടുക്കി സബ്ഡിവിഷണൽ മജിസ്ട്രേറ്റ് ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കി കോട്ടയം

മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം പരിശോധന നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുത്തിട്ടുള്ളതാണ്. കേസ്സിന്റെ അടിയന്തരസ്വഭാവം കണക്കിലെടുത്ത് സംസ്ഥാന പോലീസ് മേധാവിയുടെ 26-6-2019-ലെ ഉത്തരവുപ്രകാരം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും എ.ഡി.ജി.പി. ക്രൈംസിന്റെ 27-6-2019-ലെ ഉത്തരവുപ്രകാരം ക്രൈംബ്രാഞ്ച് എറണാകുളം റേഞ്ച് ഐ.ജി.-യുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും കോട്ടയം ക്രൈംബ്രാഞ്ച് എസ്.പി.-യുടെ നേതൃത്വത്തിൽ ഏഴംഗ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ച് അന്വേഷണം നടത്തിവരികയുമാണ്. പ്രതി രാജ്കുമാറിനെ അറസ്റ്റ് ചെയ്ത തീയതിയെപ്പറ്റിയും രാജ്കുമാറിനേറ്റ പരിക്കുകളെക്കുറിച്ചും വിശദമായ അന്വേഷണമാണ് നടന്നുവരുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുകയും മറ്റു ചില ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്. പ്രതി രാജ്കുമാർ കസ്റ്റഡിയിൽ മരണപ്പെട്ടതിലേയ്ക്ക് രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണവും ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള വകുപ്പുതല അന്വേഷണവും കാര്യക്ഷമമായി നടത്തിവരുന്നു. ഈ നോട്ടീസിലെ മറ്റൊരു കാര്യം നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് മെമ്പറായ ആലീസ് തോമസ് 24-6-2019-ൽ ഇടുക്കി ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 28-6-2019-ൽ പീരുമേട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 360/19 ആയി മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പരാതിയിൽ രാജ്കുമാറിനെ നജീബും മറ്റുള്ളവരും ചേർന്ന് ദേഹോപദ്രവം ചെയ്തുവെന്ന കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് കേസ്സെടുത്തിട്ടുള്ളത്. ഇതെല്ലാം അന്വേഷണത്തിലാണ്. ഒരു കാര്യമേ സർക്കാരിന് വ്യക്തമാക്കാനുള്ളൂ, ലോക്കപ്പിനുള്ളിൽ തല്ലുകയും തല്ലിക്കൊല്ലുകയും ചെയ്യുന്ന ഒരാളെയും സംരക്ഷിക്കുന്ന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. മാത്രമല്ല അത്തരം ആളുകൾ സർവ്വീസിലും സ്വാഭാവികമായും ഉണ്ടാകില്ല. പക്ഷേ ഇതിനെല്ലാം പ്രാഥമികമായ അന്വേഷണം നടക്കേണ്ടത് ആവശ്യമാണ്. ആ അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. കുറ്റക്കാരായി കണ്ടെത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ pleading guilty ആണ് അദ്ദേഹം നടത്തുന്നതെന്ന് വരികൾക്കിടയിലൂടെ വ്യക്തമാകും. കേരള പോലീസിനുവേണ്ടി അദ്ദേഹം കുറ്റസമ്മതം നടത്തിക്കഴിഞ്ഞിരിക്കുകയാണ്. നെടുങ്കണ്ടം പോലീസ്

സ്റ്റേഷനിൽവച്ച് പോലീസിന്റെ ക്രൂരമായ മർദ്ദനമേറ്റ് മരിക്കാനിടയായ രാജ്കുമാറിന്റെ കേസ്സിൽ നാട്ടുകാരെ പ്രതിചേർത്തുകൊണ്ട് കേസ്സെടുക്കുകയും അതുവഴി കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥരെ രക്ഷിക്കുന്നതിനും കേസ് ദുർബ്ബലപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഗൂഢശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിച്ചത് പോലീസ് റെക്കോർഡിൽ 15-ാം തീയതിയാണ് ഇയാളെ അറസ്റ്റ് ചെയ്തത് എന്നാണ്. ജൂൺ 12-ാം തീയതി വൈകുന്നേരം 3.30-ന് പുളിയമ്മല കാർമ്മൽ സ്കൂളിന്റെ മുമ്പിൽവച്ച് നാട്ടുകാർ രാജ്കുമാറിനെയും ഈ കേസ്സുമായി ബന്ധപ്പെട്ട ശാലിനി, മഞ്ജു എന്നീ രണ്ട് യുവതികളെയും പോലീസിനെ ഏൽപ്പിച്ചിരുന്നു. പോലീസ് കെ.എൽ.1 എ.വി. 9686 എന്ന നമ്പർ ജീപ്പിൽ രാജ്കുമാറിനെ കൊണ്ടുപോകുകയും മറ്റൊരു വണ്ടിയിൽ ശാലിനിയേയും മഞ്ജുവിനെയും കൊണ്ടുപോകുകയും ചെയ്തു. ശാലിനിയുടെയും മഞ്ജുവിന്റെയും അറസ്റ്റ് രേഖപ്പെടുത്തി പിറ്റേദിവസം കോടതിയിൽ ഹാജരാക്കി അവരെ റിമാന്റ് ചെയ്തു. രാജ്കുമാറിനെ എവിടേയ്ക്കാണ് കൊണ്ടുപോയതെന്ന് ആർക്കും അറിയില്ല. പത്രപ്രവർത്തകരും മാധ്യമ പ്രവർത്തകരും പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചുചെന്നപ്പോൾ ഇങ്ങനെയൊരു സംഭവമില്ലെന്നാണ് പോലീസ് പറഞ്ഞത്. 15-ാം തീയതി വൈകുന്നേരമാണ് രാജ്കുമാറിന്റെ അറസ്റ്റ് പോലീസ് രേഖപ്പെടുത്തി അന്നുരാത്രി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. എന്നാൽ പിറ്റേദിവസം വെളുപ്പിനുതന്നെ ഡോക്ടർമാർ പറഞ്ഞിട്ടും സമ്മതിക്കാതെ നിർബന്ധമായി ഇയാളെ ഡിസ്ചാർജ് ചെയ്തു. അന്നുവൈകുന്നേരമാണ് ഇടുക്കി മജിസ്ട്രേറ്റിന്റെ വസതിയിൽ ഹാജരാക്കി ഇയാളെ ജയിലിലേയ്ക്ക് വെളുപ്പാൻകാലത്ത് അയയ്ക്കുന്നത്. ജയിലിൽ എത്തിക്കഴിഞ്ഞപ്പോഴുണ്ടായ സ്ഥിതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. നടക്കാൻ വയ്യാതെ, ഭക്ഷണം കഴിക്കാൻ സാധിക്കാത്ത ഗുരുതരമായ നിലയിൽ ഉറക്കെ നിലവിളിക്കുന്ന ആളെയാണ് ജയിലിൽ കൊണ്ടുപോയത്. എന്നിട്ടും അഞ്ച് ദിവസത്തോളം ജയിലിൽ ഇയാളെ എന്തിനാണ് സൂക്ഷിച്ചതെന്ന് ഇപ്പോഴും വ്യക്തമല്ല. ജയിലിൽപ്പോലും അവിടെനിന്ന് ആശുപത്രിയിൽ കൊണ്ടുപോയതിന്റെ രേഖകളില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ നെടുങ്കണ്ടത്തുനിന്നും കോട്ടയത്തെ മെഡിക്കൽ കോളേജിൽ കൊണ്ടുപോയിട്ട് അവിടെ ഒ.പി.യിൽ ആളില്ലെന്നുപറഞ്ഞ് തിരിച്ചുവീണ്ടും ഇടുക്കിയിലേയ്ക്ക് കൊണ്ടുവന്നു എന്നെല്ലാമുള്ള അവിശ്വസനീയമായ കാര്യങ്ങളാണ് പോലീസ് പറയുന്നത്. ഇയാൾക്ക് ആവശ്യമായ ചികിത്സ ഒരു സമയത്തും കൊടുക്കാതെ 21-ാം തീയതി രാവിലെയാണ് ഇയാൾ മരിക്കുന്നത്. ഇക്കാര്യത്തിൽ നാട്ടുകാർ എവിടെയാണ് കുറ്റവാളികളാകുന്നത്; നാട്ടുകാർ തല്ലിയെങ്കിൽ 12-ാം തീയതി

പോലീസ് കസ്റ്റഡിയിലെടുക്കുമ്പോൾ തന്നെ ആശുപത്രിയിൽ ഹാജരാക്കി ആ റിപ്പോർട്ടുമായി അവർക്കെതിരെ കേസ്സെടുക്കേണ്ടതല്ലേ? അവർക്കെതിരെ കേസ്സെടുത്തത് 24-ാം തീയതിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ഒരു രസകരമായ കാര്യമുണ്ട്. ഇടുക്കി ജില്ലയിലെ ഒരു പഞ്ചായത്തിൽ കോൺഗ്രസ് സസ്പെന്റ് ചെയ്ത ആലീസ് എന്നുപറയുന്ന ഒരു പഞ്ചായത്ത് മെമ്പറുടെ പരാതി ഇയാൾ മരിച്ചുകഴിഞ്ഞ് മൂന്ന് ദിവസം കഴിഞ്ഞിട്ട് പോലീസ് വാങ്ങിയിരിക്കുകയാണ്. 12-ാം തീയതി നാട്ടുകാർ ഇയാളെ തല്ലിയെന്ന് ആലീസ് എന്നുപറയുന്ന പഞ്ചായത്ത് മെമ്പർ എവിടെയാണ് പരാതി നൽകിയത്; ഫാക്സ് മുഖേന എസ്.പി.യുടെ ഓഫീസിലേയ്ക്കാണ് അയച്ചത്. നാട്ടുകാർക്കെതിരായി കള്ളക്കേസ്സുണ്ടാക്കി പോലീസുദ്യോഗസ്ഥരെ രക്ഷിക്കാൻ പോലീസ് എങ്ങനെയാണ് ശ്രമിക്കുന്നതെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇവിടെ കണ്ടത്. ഈ തട്ടിപ്പിന് ദുരൂഹമായ ചില മാനങ്ങളുണ്ട്. ഹരിത ഫിനാൻസ് എന്ന പേരിൽ രാജ്കുമാർ ഒരു സ്ഥാപനം തുടങ്ങുന്നു. 1000 രൂപ കൊടുത്താൽ ഒരു ലക്ഷം രൂപ വായ്പയായി നൽകും. അഞ്ചാറ് സ്ത്രീകളെവച്ച് കാൻവാസ് ചെയ്തു. ആയിരക്കണക്കിനാളുകാൾ ഒരു ലക്ഷം രൂപ വായ്പ ലഭിക്കുന്നതിനുവേണ്ടി ആയിരം രൂപ നൽകി. എവിടെയാണ് കൊടുത്തത്; ഇടുക്കിയിലെ പട്ടം കോളനി സഹകരണ ബാങ്കിൽ ഒരു അക്കൗണ്ട് തുടങ്ങി അതിലേയ്ക്കാണ് ഈ തുക മുഴുവൻ വന്നത്. എല്ലാ ദിവസവും വൈകുന്നേരം ഈ തുകയുടെ വിത്ഡ്രോവൽ കാണിക്കുന്നുണ്ട്. പട്ടം കോളനി സഹകരണ ബാങ്കിന്റെ പ്രസിഡന്റ് സി.പി.ഐ.(എം.) ജില്ലാ സെക്രട്ടേറിയറ്റ് അംഗമായ ശ്രീ. ഗോപകൃഷ്ണനാണ്. ഭരണസമിതി അറിയാതെ ഒരു തട്ടിപ്പ് നടക്കുകയും എല്ലാ ദിവസവും ആയിരക്കണക്കിന് രൂപ ആ ബാങ്കിൽ വരികയും വൈകുന്നേരം അത് പിൻവലിക്കുകയും ചെയ്തിട്ട് ഭരണസമിതി അറിഞ്ഞില്ല എന്നുപറഞ്ഞാൽ ഈ തട്ടിപ്പിന് ദുരൂഹമായ മാനങ്ങളുണ്ട് എന്ന ആക്ഷേപത്തിന് ഞാനൊരിക്കൽകൂടി അടിവരയിടുകയാണ്. ഈ തട്ടിപ്പ് പുറത്തുകൊണ്ടുവരാനുള്ള ശ്രമമാണോ പോലീസ് നടത്തിയത്? എന്നാൽ നിയമമനുസരിച്ച് ഡി. കെ. ബാസു കേസിൽ കഴിഞ്ഞ ദിവസം ശ്രീ. പി. ടി. തോമസ് പറഞ്ഞത് ഞാൻ പറയുന്നില്ല. സുപ്രീംകോടതി പറഞ്ഞ അറസ്റ്റിന്റെ മാനദണ്ഡങ്ങൾ നോക്കി കോടതിയിൽനിന്ന് ഇയാളെ പോലീസ് കസ്റ്റഡിയിൽ വിട്ടുതരണമെന്ന് അഭ്യർത്ഥിച്ച് ഈ തട്ടിപ്പ് പുറത്തുകൊണ്ടുവരാൻ കേസന്വേഷണം നടത്താമായിരുന്നല്ലോ? തട്ടിപ്പ് പുറത്തുകൊണ്ടുവരാനല്ല പോലീസ് ശ്രമിച്ചത്. ഇയാൾ തട്ടിപ്പിലൂടെ ഉണ്ടാക്കിയ കോടിക്കണക്കിന് രൂപ ഇയാളുടെ കയ്യിൽനിന്നും തട്ടിയെടുക്കുന്നതിനുവേണ്ടി നടത്തിയ നിധിവേട്ടയാണ് പോലീസ് നടത്തിയത്. ഈ പൈസ എവിടെയോ ഒളിച്ചുവച്ചിട്ടുണ്ട്. ആ പൈസ എടുത്തുമാറ്റാൻവേണ്ടിയുള്ള ശ്രമമാണ് പോലീസ്

നടത്തിയത്. നെടുങ്കണ്ടം പോലീസ് സ്റ്റേഷന് ഒരു പാരമ്പര്യംകൂടിയുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഒരു സംഭവം നടന്നു. ഇളപ്പുങ്കൽ മീരാൻ റാവുത്തർ സ്വയം കഴുത്തറുത്ത് ആത്മഹത്യചെയ്തു. വീട്ടിൽവന്ന് പോലീസ് പരിശോധന നടത്തിയപ്പോൾ അലമാരയിൽ രണ്ട് ലക്ഷം രൂപ ഇരിക്കുന്നു. നെടുങ്കണ്ടം പോലീസ് ഈ പൈസ എടുത്തുമാറ്റി. മകൻ ചോദ്യം ചെയ്തപ്പോൾ 'നീ നിന്റെ ബാപ്പയെ കൊന്നതാണെന്ന് കേസ്സെടുക്കുമെന്ന് പറഞ്ഞ് പേടിപ്പിച്ച് ഈ രണ്ട് ലക്ഷം രൂപ കൊണ്ടുപോയി. അയാൾ പിന്നീട് പരാതി കൊടുത്തിട്ട് നെടുങ്കണ്ടം സി.ഐ.-യേയും എസ്.ഐ.-യേയും കുറച്ചുനാൾ മുമ്പാണ് സസ്പെന്റ് ചെയ്തത്. അതേ പോലീസ് സ്റ്റേഷനിലാണ് ഈ നിധി വേട്ട, തട്ടിപ്പുകേസ്സിൽ തട്ടിപ്പ് നടത്തിയ പൈസ അടിച്ചുമാറ്റാനുള്ള ശ്രമം നടത്തിയിരിക്കുന്നത്. ഇതിന്റെ അന്വേഷണം നടത്തുന്ന ഡിവൈ.എസ്.പി.-യെ സംബന്ധിച്ച് പറയുകയാണെങ്കിൽ കോട്ടയത്ത് ഒരാൾ ഒരു ഏജന്റ് മുഖേന മംഗലാപുരത്ത് മെഡിക്കൽ കോളേജിൽ ചേരുന്നതിനുവേണ്ടി 70 ലക്ഷം രൂപ നൽകി. ഏജന്റ് പറ്റിച്ചു. ഡിവൈ.എസ്.പി. അത് ശരിയാക്കിത്തരാമെന്ന് പറഞ്ഞ് മംഗലാപുരത്തുപോയി ആ ഏജന്റിനെ കയ്യും കാലും കെട്ടി വണ്ടിയിലിട്ട് കോട്ടയത്ത് കൊണ്ടുവന്ന് 70 ലക്ഷം രൂപ തിരികെ കൊടുപ്പിച്ചു. പക്ഷെ കൊടുത്തപ്പോൾ അതിന്റെ കമ്മീഷനായി 25 ലക്ഷം രൂപ അപ്പോൾത്തന്നെ ഡിവൈ.എസ്.പി. വാങ്ങി. അതിന് സസ്പെൻഷനിലായ ഉദ്യോഗസ്ഥനാണ് ഈ കേസ്സിൽ അന്വേഷണം നടത്തുന്നത്. ഞാൻ കോളേജിൽ പഠിക്കുമ്പോൾ എ. അയ്യപ്പൻ എഴുതിയ ഒരു കവിത കേട്ടിട്ടുണ്ട്. അതിൽ 'റോഡപകടത്തിൽ മൃതിയടഞ്ഞ വഴിയാത്രക്കാരന്റെ ചോരയിൽ ചവിട്ടി ഞാൻ നിൽക്കുമ്പോൾ അവന്റെ പോക്കറ്റിൽനിന്നും തെറിച്ചുപോയ അഞ്ച് രൂപ നോട്ടിലായിരുന്നു എന്റെ കണ്ണ്' എന്നാണ്. കേരളത്തിലെ ഒരു വിഭാഗം പോലീസ് ഉദ്യോഗസ്ഥരുടെ കണ്ണ് ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും ആത്മഹത്യ ചെയ്യുന്നവരുടെയും പോക്കറ്റിലിരിക്കുന്ന 500-ന്റെയും 2000-ത്തിന്റെയും നോട്ടുകളിലാണ്. മൂന്നാംമുറ കേട്ടുകേൾവിയില്ലാത്തതാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. ഇരു കാൽമുട്ടിലും എല്ലും മാംസവും വേർപെട്ടു, ഉരുട്ടലിന് വിധേയമാക്കി ശരീരത്തിൽ 14 മുറിവുകളും 7 ചതവുകളും ഉണ്ടായിരുന്നു. നാല് വാരിയെല്ലുകൾ പൊട്ടി, കുപ്രസിദ്ധ മർദ്ദനമുറയായ ഉരുട്ടലിന് രാജ്കുമാർ വിധേയനായിയെന്ന് ശരിവയ്ക്കുന്ന പോസ്റ്റുമോർട്ടം റിപ്പോർട്ടാണുള്ളത്. അടിയന്തരാവസ്ഥകാലത്ത് രാജനെ ഉരുട്ടിക്കൊന്നുവെന്ന് 44 വർഷം കെ. കരുണാകരന് എതിരായി ആക്ഷേപം നടത്തിക്കൊണ്ടിരുന്ന ആളുകളാണ് നിങ്ങൾ. ശ്രീ. പി. ടി. തോമസിന്റെ പ്രസംഗത്തിന് ബഹുമാന്യനായ മുഖ്യമന്ത്രി അന്ന് (26-6-2019) മറുപടി പറഞ്ഞപ്പോൾ ഞാൻ ശ്രദ്ധിച്ചു. ഇത് എന്റെ വിധി വൈപരീത്യമാണ് എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

സങ്കടത്തോടുകൂടി പറഞ്ഞത്. അടിയന്തരാവസ്ഥ കാലത്തെ വാർഷികത്തിൽ ഇത് വിധിവൈപരീത്യമല്ല, പോലീസിനെ കയറൂരിവിട്ട് സ്വന്തക്കാരെ സംരക്ഷിച്ച് പാർട്ടിക്കാരെ അഴിഞ്ഞാടാൻ വിട്ട, ആർക്കും നിയന്ത്രണമില്ലാത്ത പോലീസ് നയമാണ് ഈ സംഭവത്തിലേയ്ക്ക് എത്തിച്ചേർന്നിരിക്കുന്നത്. രാജ്കുമാറിന് ആഹാരവും വെള്ളവും നൽകാതെ ദിവസങ്ങളോളമുള്ള ക്രൂരമായ പോലീസ് മർദ്ദനമായിരുന്നു. വെള്ളംകൊടുക്കാതെ ഡീഹൈഡ്രേഷൻ ഉണ്ടായതുകൂടിയാണ് മരണകാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പ്രതി കസ്റ്റഡിയിൽനിന്ന് ഓടി രക്ഷപ്പെടാൻ ശ്രമിച്ചപ്പോഴുണ്ടായ മുറിവുകളാണെന്ന് പോലീസ് പറഞ്ഞിട്ടുണ്ട്. ഫെയ്സ് എൻകൗണ്ടറിൽ ഗുജറാത്തിലെ പോലീസും പറയാറുള്ളത് ഇതുതന്നെയാണ്. എനിക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ഒരപേക്ഷയുണ്ട്. നമ്മുടെ വൈദ്യശാസ്ത്ര ശാഖയിൽ 'ടോർച്ചർ മെഡിസിൻ' എന്നൊരു പുതിയ ശാഖ തുടങ്ങിയിട്ടുണ്ട്. പട്ടാളത്തിന്റെയും പോലീസിന്റെയും ക്രൂരമായ പീഡനങ്ങൾക്ക് വിധേയരാകുന്ന, മാനസികവും ശാരീരികവുമായ പീഡനങ്ങൾക്ക് വിധേയരാകുന്ന ആളുകൾക്ക് ചികിത്സ നൽകാനുള്ള ഒരു പുതിയ വിഭാഗമാണ് ടോർച്ചർ മെഡിസിൻ. കേരളത്തിലെ പോലീസ് ഇങ്ങനെ പോയാൽ കേരളത്തിലെ എല്ലാ താലൂക്ക് ആശുപത്രികളിലും ടോർച്ചർ മെഡിസിന്റെ ഡിപ്പാർട്ട്മെന്റ് ബഹുമാനപ്പെട്ട മന്ത്രി തുടങ്ങേണ്ടിവരുമെന്ന് ഞാൻ പറയുകയാണ്.

ഇവിടെ ഈ സംഭവം നടന്നുകൊണ്ടിരിക്കുമ്പോൾ ഇടുക്കിയിൽനിന്നുള്ള മന്ത്രി ശ്രീ. എം. എം. മണി എന്തൊക്കെ പ്രസ്താവനകളാണ് നടത്തിയത്? "അവൻ തട്ടിപ്പുകാരനാണ്, നിയമസഭയിൽ അടിയന്തരപ്രമേയം ഉന്നയിച്ച ആളുകളുടെ അനുയായികളാണ്. ഞാനായിരുന്നു പോലീസ് ഉദ്യോഗസ്ഥനെങ്കിൽ കസ്റ്റഡിയിൽ കിട്ടുമ്പോൾ തന്നെ അവനെ ഏൽപ്പിച്ച ആളുകളെക്കൂടി അറസ്റ്റ് ചെയ്യുമായിരുന്നു." പോലീസിനുള്ള മെസ്സേജാണിത്. എന്താണ് മെസ്സേജ്? അവനെ അറസ്റ്റ് ചെയ്യാൻ പോലീസിൽ ഏൽപ്പിച്ച നാട്ടുകാർക്കെതിരെക്കൂടി നിങ്ങൾ കേസ്സെടുക്കണം എന്നത് ഒരു മന്ത്രിയുടെ സന്ദേശമാണ്. ആരാണ് ശ്രീ. എം. എം. മണി; അദ്ദേഹത്തിന് വൈദ്യുതി വകുപ്പിന്റെ ചുമതലയല്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തെ ഇടുക്കിയിലെ പോലീസ് മന്ത്രിയാക്കിയിട്ടുണ്ടോ? അദ്ദേഹം പണ്ട് വൺ, ടൂ, ത്രീ പറഞ്ഞതാണ്. ഒരാളെ വെട്ടിക്കൊന്നു, ഒരാളെ കുത്തിക്കൊന്നു, ഒരാളെ വെടിവെച്ചുകൊന്നു. വൺ, ടൂ, ത്രീയുടെകൂടെ ഫോർ കൂടി ചേർത്തോ. ഒരാളെ ലോക്കപ്പിലിട്ട് ഉരുട്ടിക്കൊല്ലാനുള്ളതുകൂടി അദ്ദേഹത്തിന്റെ വൺ, ടൂ, ത്രീയിൽ ചേർത്തോ.

<u>മി. സ്പീക്കർ</u> : വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഗുരുതരമായ ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇത്രയും സംഭവങ്ങൾ ഒരു പോലീസ് സ്റ്റേഷനിൽ നടന്നിട്ട് ഉന്നതരായ പോലീസ് ഉദ്യോഗസ്ഥർ അതറിഞ്ഞില്ല എന്നുപറയുന്നത് എന്ത് ന്യായമാണ്? ഇടുക്കിയിലെ എസ്.പി. ഇതറിഞ്ഞില്ലേ; ഇടുക്കിയിലെ എസ്.പി.-ക്ക് എല്ലാ കാര്യങ്ങളും അറിയാം. ഇടുക്കി ജില്ലയിൽ ആ എസ്.പി.-യുടെ മേൽനോട്ടത്തിൽ നരനായാട്ടാണ് നടക്കുന്നത്. ആളുകൾക്കെതിരായും കോൺഗ്രസ് പ്രവർത്തകർക്കെതിരായും നൂറ് കണക്കിന് കള്ളക്കേസ്സുകളെടുത്ത്, തനിക്കിഷ്ടമില്ലാത്തവർക്കെതിരായി പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളെക്കൊണ്ട് പരാതികൊടുത്ത് എസ്.സി./എസ്.ടി. അട്രോസിറ്റി ആക്ടിൽ കേസെടുത്ത് പ്രതിയാക്കുന്ന ആളാണ് അദ്ദേഹം. ശ്രീ. എം. എം. മണി എന്ന മന്ത്രിയുടെ കിങ്കരനാണ് അവിടത്തെ എസ്.പി.; തിന്നുന്ന മന്ത്രിക്ക് കൊല്ലുന്ന പോലീസ് സൂപ്രണ്ടാണ് ഇടുക്കി ജില്ലയിലുള്ളത്. ആ എസ്.പി.-ക്കെതിരായി മാതൃകാപരമായി നടപടിയെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകളിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ആ പോലീസ് സ്റ്റേഷനിലെ പോലീസുകാരെ മാത്രമല്ല, ഉന്നതരായ പോലീസുകാർക്കെതിരായിക്കൂടി നടപടിയെടുക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ......(തടസ്സം)..... ശ്രീ. എ. എൻ. ഷംസീർ, ഞാൻ ഇടുക്കിയിലെ കാര്യം മാത്രമേ പറയുന്നുള്ളൂ. തലശ്ശേരിയിലേയ്ക്ക് വരുന്നില്ല. എന്നെക്കൊണ്ട് തലശ്ശേരിയിലെ കാര്യങ്ങൾ പറയിക്കരുത്.

<u>മി. സ്പീക്കർ</u> : കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ അവസാനിപ്പിക്കാം. നിയമം സംരക്ഷിക്കേണ്ട പോലീസ് വിചാരണക്കോടതിയുടെയും ആരാച്ചാരുടെയും ജോലി ഒരുമിച്ച് നിർവ്വഹിക്കുന്ന കാഴ്ചയാണ് കേരളത്തിൽ നടക്കുന്നത്. ഇത് ഗുരുതരമായൊരു വിഷയമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>): സർ, എന്നെക്കുറിച്ച് തികച്ചും അടിസ്ഥാനരഹിതവും തെറ്റായ വ്യാഖ്യാനവുമാണ് അദ്ദേഹം ഇവിടെ നടത്തിയത്. ഇതുമായി ബന്ധപ്പെട്ട് പുളിയമ്മല കവലയിൽവച്ച് ഒരു കാറിൽ വന്ന പ്രതിയെ പോലീസ് കസ്റ്റഡിയിലെടുത്തു എന്നാണ് റിപ്പോർട്ട് വന്നിരിക്കുന്നതും അദ്ദേഹം ഇവിടെ പറഞ്ഞതും. എന്നാൽ അതിനുമുമ്പ് ഈ പ്രതി ആരുടെ കസ്റ്റഡിയിൽ ആയിരുന്നു, അവിടെ എന്ത് നടന്നുവെന്ന്

അന്വേഷിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇപ്പോഴും അതേ അഭിപ്രായം തന്നെയാണുള്ളത്. അന്നേരവും ഞാൻ അതുതന്നെയാണ് പറഞ്ഞത്. ഒന്ന്, അതിൽ ദുരൂഹതയുണ്ട്. രണ്ട്, ഈ തട്ടിപ്പ് നടത്തിയിരിക്കുന്നത് ശ്രീ. വി. ഡി. സതീശന്റെ പാർട്ടിയിലെ പ്രവർത്തകരടക്കമാണ്. മുകേഷ് മോഹനൻ, അതുപോലെതന്നെ ഒരു വനിതയെ സസ്പെന്റ് ചെയ്തല്ലോ; ആ വനിത ഇതിലുണ്ട്, ഒരു സെറ്റ് ആളുകളുണ്ട്. എന്തുകൊണ്ട് അതെല്ലാം മറച്ചുവച്ച് സംസാരിക്കുന്നു. അതിനല്ലേ ജില്ലാ കോൺഗ്രസ് പ്രസിഡന്റിന്റെ പേരിൽ നടപടിയെടുത്തത്. .....(ബഹളം).... നിങ്ങൾ ചുമ്മാ തട്ടിപ്പ് നടത്താതെ. ശ്രീ. വി. ഡി. സതീശൻ വലിയ വാചാലമായി പ്രസംഗിക്കുമെന്നുപറഞ്ഞ് എന്റെ മെക്കിട്ടുകേറുന്നത് നിർഭാഗ്യകരമാണ്. നിങ്ങൾ വൺ, ടു, ത്രീയുടെ കാര്യം പറയുന്നു. നിങ്ങളുടെ വൺ, ടു, ത്രീയുടെ ഭാഗമാണല്ലോ അടുത്തിരിക്കുന്ന സ്നേഹിതൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. അദ്ദേഹം നാല് കൊലക്കേസ്സിൽ എന്നെ പ്രതിയാക്കാനാണ് ശ്രമിച്ചത്. ഹൈക്കോടതിയുടെ ഇടപെടൽകൊണ്ടാണ് അത് തടഞ്ഞത്. ഒരു കേസ്സിൽ എന്നെ അറസ്റ്റ് ചെയ്ത് ഞാൻ കണ്ടിട്ടുപോലുമില്ലാത്ത ആളെ കൊന്നുവെന്നുപറഞ്ഞ് കൊലക്കേസ്സിൽ പ്രതിയാക്കി എന്നെ നാടുവിടിയിച്ച മാന്യ ദേഹമാണ് പോലീസിനെക്കുറിച്ച് വലിയ വർത്തമാനം പറയുന്നത്. ......(ബഹളം)..... കോൺഗ്രസുകാരാണ് ഈ തട്ടിപ്പിന്റെ പിന്നിൽ. ഏത് ഉദ്യോഗസ്ഥനാണെങ്കിലും ശിക്ഷിക്കണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം. ഈ കാര്യത്തിൽ നീതിപൂർവ്വമായ അന്വേഷണമാണ് നടത്തുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞല്ലോ. ഞാൻ അതിനെ പൂർണ്ണമായി പിന്താങ്ങുകയാണ്. അതുകൊണ്ട് ആളെ ഇരുത്തുന്ന പണി വേണ്ട. ചുമ്മാ തട്ടിപ്പ് നടത്തണ്ട. നിങ്ങളുടെ പ്രവർത്തകർ അതിന്റെ പിന്നിലുണ്ട്. എന്തുകൊണ്ട് കോൺഗ്രസ് പ്രവർത്തകയെ സസ്പെന്റ് ചെയ്തു. .....(ബഹളം)........

മി. സ്പീക്കർ : ഡിബേറ്റില്ല. പ്ലീസ്.... പ്ലീസ്.

ശ്രീ. എം. എം. മണി: സർ, മുൻകൂട്ടിത്തന്നെ അദ്ദേഹത്തെ കസ്റ്റഡിയിലെടുത്ത് മർദ്ദിച്ചുവെന്നതാണ് എന്റെ നിഗമനം. അതാരാണെന്നടക്കം തെളിയണം. അവരെയെല്ലാം രക്ഷിക്കാൻവേണ്ടി എസ്.പി.യെയും നിരപരാധിയായ എന്നെയും പ്രതിക്കൂട്ടിലാക്കി ആളെ ഒരുമാതിരി വെടക്കാക്കുന്ന പണി വേണ്ട ശ്രീ. വി. ഡി. സതീശൻ. ......(ബഹളം).....

മി. സ്പീക്കർ: എന്താണ്, അങ്ങ് മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പേരിൽ കേസ്സെടുത്തുവെന്നല്ലേ പറഞ്ഞുള്ളൂ......(ബഹളം).......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ദേഹത്തിന്റെ പേര് പരാമർശിച്ചപ്പോൾ അദ്ദേഹത്തിന് സംസാരിക്കാൻ അവസരം കൊടുത്തു. എന്റെ പേര് പരാമർശിച്ചതിന് എനിക്ക് സംസാരിക്കാനുള്ള അവസരം തരണ്ടേ; എന്തിനാണ് എന്റെ പേര് പരാമർശിച്ചത്? അഞ്ചേരി ബേബിയുടെ കേസ്സിൽ ശ്രീ. എം. എം. മണി പ്രതിയായി തൊടുപുഴ കോടതിയിൽ കേസ്സുണ്ടായിരുന്നു. ഇല്ലെന്ന് അദ്ദേഹം പറയട്ടെ. ആ കേസ്സിൽ ജാമ്യം നിഷേധിച്ച് സുപ്രീംകോടതിവരെ പോയത് എല്ലാവർക്കും അറിയാം. എന്നിട്ട് എന്തിനാണ് എന്നെ കുറ്റപ്പെടുത്താൻ ശ്രമിക്കുന്നത്? ആ കേസ് ഇല്ലായിരുന്നോ? വൺ, ടൂ, ത്രീ പ്രസംഗം തൊടുപുഴയിലെ മണക്കാടെന്ന് പറയുന്ന സ്ഥലത്ത് ശ്രീ. എം.എം. മണി നടത്തിയതാണ്. ശ്രീ. എം. എം. മണിയുടെ പാർട്ടിക്കാരാണ് അതിന്റെ വീഡിയോ എടുത്ത് പുറത്തുവിട്ടത്. ഞങ്ങളല്ല. ആ യോഗത്തിൽ ഞങ്ങളുണ്ടായിരുന്നില്ല. ആ യോഗത്തിലുണ്ടായിരുന്ന ആളുകളാണ് ശ്രീ. എം. എം. മണിയുടെ വൺ, ടൂ, ത്രീ പ്രസംഗം മാധ്യമങ്ങൾക്ക് കൊടുത്തത്. എന്നിട്ട് എന്തിനാണ് എന്റെ മെക്കിട്ട് കേറുന്നത്? അദ്ദേഹം എന്നെക്കുറിച്ച് പറഞ്ഞ പരാമർശം ചട്ടം 307 അനുസരിച്ച് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണം. .......(ബഹളം).....

മി. സ്പീക്കർ: നിങ്ങൾ ഇരിക്കൂ. ബഹു. മുഖ്യമന്ത്രി സംസാരിക്കട്ടെ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ രണ്ട് ഭാഗം വന്നിട്ടുണ്ട്. അതിൽ ഒരുഭാഗത്തെക്കുറിച്ച് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലം. അന്ന് ചിലപ്പോൾ പലരേയും പ്രതിയാക്കാൻ ശ്രമിച്ചിട്ടുണ്ടാകും. അത് വേറൊരു ഭാഗം. അതിലേയ്ക്കെല്ലാം ഇപ്പോൾ നമ്മൾ പോകേണ്ടതില്ല. എനിക്കറിയാവുന്ന കുറേ കാര്യങ്ങളുണ്ട്. അതൊന്നും ഞാൻ ഇവിടെ പറയുന്നില്ല. ഏതായാലും അതല്ല ഇപ്പോൾ ഇവിടത്തെ പ്രധാന വിഷയം. ഇപ്പോഴത്തെ വിഷയം കസ്റ്റോഡിയൽ ഡെത്താണ്. കസ്റ്റഡി മരണത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാവില്ല. ഇതുമായി ബന്ധപ്പെട്ട് പ്രാഥമികമായ അന്വേഷണങ്ങൾ നടത്താതെ നമുക്കൊരു നിഗമനത്തിലേയ്ക്കെത്താനോ നടപടിയിലേയ്ക്ക് നീങ്ങാനോ കഴിയില്ല. അതിനുമുമ്പ് നമുക്ക് ഈ നിയമസഭാ വേദിയിൽ മറ്റൊരു കാര്യം പറയാനും കഴിയില്ല. ഒന്നുമാത്രമേ പറയാൻ കഴിയൂ, കസ്റ്റഡി മരണത്തിന് ഉത്തരവാദികളായവർ സർവ്വീസിൽത്തന്നെ ഇല്ലാത്ത നില സ്വീകരിക്കും. മാത്രമല്ല, ദിവസങ്ങളോളം ഒരാൾ അനധികൃതമായി കസ്റ്റഡിയിൽ കഴിഞ്ഞാൽ ആ ജില്ലയിലെ ഉയർന്ന പോലീസ് ഓഫീസർമാർ അതറിയേണ്ടതുണ്ട്. അതിന്റെ ഉത്തരവാദിത്വം അവർക്കുകൂടി വരും. അതുമായി ബന്ധപ്പെട്ട് അത്തരം കാര്യങ്ങൾകൂടി അന്വേഷിക്കുന്ന നില സ്വാഭാവികമായും ഉണ്ടാകും. പോലീസ് തെറ്റ് ചെയ്തെങ്കിൽ ആ തെറ്റ് ചെയ്ത പോലീസിനെ ന്യായീകരിക്കേണ്ട ഒരാവശ്യവും

സംസ്ഥാന സർക്കാരിനില്ല. നമ്മുടെ സംസ്ഥാനത്ത് രണ്ട് തരത്തിലുള്ള സംഭവങ്ങളുണ്ട്. തെറ്റ് ചെയ്യാത്തവരെ ക്രൂശിക്കാൻ നോക്കിയാൽ സ്വാഭാവികമായും സർക്കാർ അവരുടെ കൂടെനിൽക്കും. കൃത്യനിർവ്വഹണം കൃത്യമായി നടത്തിയവരാണെങ്കിൽ അവരുടെ കൂടെ സർക്കാർ നിൽക്കുകതന്നെ ചെയ്യും. പക്ഷെ അതിന്റെ അർത്ഥം, നമ്മുടെ സംസ്ഥാനത്ത് നിയമവിരുദ്ധമായി ആളുകളെ തല്ലിക്കൊല്ലാം എന്നല്ല. അങ്ങനെ തല്ലിക്കൊല്ലാൻ ആർക്കും അവകാശമില്ല. അത്തരം ആളുകൾ സർവ്വീസിലുമുണ്ടാകില്ല. ഇതുമായി ബന്ധപ്പെട്ട് പോലീസ് ചില കാര്യങ്ങൾ ചെയ്യുന്നുവെന്ന് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. അത്തരം കാര്യങ്ങളെല്ലാം അന്വേഷണത്തിലുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ഗൗരവമായ അന്വേഷണമാണ് നടക്കുന്നത്. ആ അന്വേഷണത്തിന്റെ പ്രാഥമിക റിപ്പോർട്ട് ഏതാനും ദിവസംകൊണ്ട് തന്നെ വരണം. ആ തരത്തിൽ തന്നെ അത് നിർദ്ദേശിക്കുകയാണ്. ചുരുക്കം ദിവസങ്ങൾ കൊണ്ട് അന്വേഷണത്തിന്റെ പ്രാഥമിക ഘട്ടം പൂർത്തിയാകും. അപ്പോൾ സ്വാഭാവികമായും എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കാൻ സാധിക്കും. അവിടെ ഒന്നാം വാർഡ് മെമ്പർ ആലീസ് തോമസിന്റെ പരാതിയുടെ ഭാഗമായാണ് കേസ് വന്നതെന്ന് ഞാൻ നേരത്തേ പറഞ്ഞു. അവരെ കോൺഗ്രസിൽ നിന്നും സസ്പെന്റ് ചെയ്തതാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അത് ശരിയായിരിക്കാം. അവർ സേവാദൾ ജില്ലാ സെക്രട്ടറിയും ഗാന്ധി ദർശൻ ഉടുമ്പൻചോല മണ്ഡലം ഭാരവാഹിയും മഹിളാ കോൺഗ്രസ് വൈസ് പ്രസിഡന്റുമെല്ലാമായിരുന്നു. 28-നുശേഷം അവർ ഈ സ്ഥാനങ്ങളിലുണ്ടോയെന്ന് എനിക്കറിയില്ല. സസ്പെന്റ് ചെയ്തുവെന്ന് പറയുന്ന കാര്യം ശരിയുമാണ്. പക്ഷെ അവരാണ് പരാതി കൊടുത്തത്. അവരെ പോലീസ് സ്വാധീനിച്ച് പരാതി എഴുതിച്ചതാണോ പോലീസിന്റെ ഭാഗമായി പരാതി നൽകുന്ന നിലയാണോ ഉണ്ടായിട്ടുള്ളത് എന്നതെല്ലാം അന്വേഷിക്കട്ടെ. അന്വേഷണത്തിന്റെ ഭാഗമായി എന്താണെന്ന് നമുക്ക് കണ്ടെത്താം. പോലീസ് പോലീസിന് ചേരാത്ത എന്തെങ്കിലും പണിയെടുത്തിട്ടുണ്ടെങ്കിൽ, അതാണ് ഉദാഹരണമായി പറഞ്ഞത് അലമാരയിൽ പണം കണ്ടപ്പോൾ ആ പണവും എടുത്തുകൊണ്ടുപോയി എന്നുള്ളത്. അങ്ങനെയുള്ള കാര്യത്തിലെല്ലാം കർക്കശ നിലപാട് തന്നെയാണ് സ്വീകരിച്ചു പോകുന്നത്. അത് ഇനിയും സ്വീകരിക്കും. ഇവിടെ കാണേണ്ട ഒരു കാര്യം, നമ്മുടെ സംസ്ഥാനത്ത് തെറ്റ് ചെയ്യുന്ന പോലീസുദ്യോഗസ്ഥരെയാകെ ന്യായീകരിച്ച ഒരു കാലമുണ്ടായിരുന്നു. അത് അവസാനിച്ചുകഴിഞ്ഞു. അത് എന്തായാലും ഈ സർക്കാർ തുടരുകയില്ല. ശക്തമായ നടപടി ഇത്തരം ആളുകൾക്ക് നേരെയുണ്ടാകും. പക്ഷെ സ്വാഭാവികമായും അന്വേഷണം നടക്കണം. ആ അന്വേഷണത്തിന്റെ ഭാഗമായുള്ള നിഗമനങ്ങൾ വരണം. അതിനെത്തുടർന്ന് കർക്കശമായ നടപടികളിലേയ്ക്ക് കടക്കും. ഒരാശങ്കയും ആ കാര്യങ്ങളിൽ ഉണ്ടാകേണ്ടതില്ല. ഇത് ഒന്നുകൂടി വ്യക്തമാക്കാൻ അവസരം ലഭിച്ചുവെന്നുള്ളത് നല്ല കാര്യമാണ്. ആയതിനാൽ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ലോക്കപ്പിൽവച്ച് ഉരുട്ടിക്കൊല്ലുകയും തല്ലിക്കൊല്ലുകയും ചെയ്യുന്ന ആരും സർവ്വീസിൽ ഉണ്ടായിരിക്കില്ലെന്നാണ് ബഹു. മുഖ്യമന്ത്രി അവസാനമായി പറഞ്ഞത്. വരാപ്പുഴയിലെ ശ്രീജിത്തിനെ പോലീസ് കസ്റ്റഡിയിൽവച്ച് ഭീകരമായി മർദ്ദിച്ചുകൊന്ന എല്ലാ പോലീസുദ്യോഗസ്ഥരും ഇപ്പോൾ സർവ്വീസിൽ തന്നെയുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറക്കരുത്. അതിന് നേതൃത്വം കൊടുത്ത റൂറൽ എസ്.പി.-യെ അങ്ങ് ഡി.ഐ.ജി.-യായി പ്രൊമോട്ട് ചെയ്ത് കാലിക്കറ്റ് സിറ്റി പോലീസ് കമ്മീഷണറായി പോസ്റ്റ് ചെയ്തിരിക്കുകയാണ്. അവിടെയുണ്ടായിരുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥരും ഇപ്പോൾ സർവ്വീസിൽ തന്നെയുണ്ട്. സി.ഐ., എസ്.ഐ., പോലീസുകാർ എല്ലാവരുമുണ്ട്. ടൈഗർ ഫോഴ്സിൽപ്പെട്ട ഒരാളുടെമേലും നടപടിയുണ്ടായിട്ടില്ല. ഇത്രയും ഭീകരമായ ഉരുട്ടിക്കൊലപാതകം അങ്ങ് ഭരിക്കുന്ന കേരളത്തിന്റെ മണ്ണിലാണുണ്ടായത്. ഉരുട്ടിക്കൊലപാതകങ്ങൾ നടന്ന കാലഘട്ടത്തിൽ അതിനെതിരെ സംസാരിച്ച നിങ്ങൾ, ഇപ്പോൾ ഭരിക്കുന്ന സമയത്ത് ചെയ്യുന്നതെന്താണ്? വരാപ്പുഴയിലെ ശ്രീജിത്തിന്റെ സംഭവംതന്നെ നമ്മുടെ മുന്നിലുള്ള ഏറ്റവും വലിയ ഉദാഹരണമല്ലേ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറയുന്ന വാക്കിനും കീറച്ചാക്കിനും എന്തെങ്കിലും വിലയുണ്ടോ? ശ്രീജിത്തിനെ കൊന്ന ആളുകളെല്ലാം ഇന്ന് സർവ്വീസിലുണ്ട്. പൗരാവകാശങ്ങളുടെ നഗ്നമായ ലംഘനം, ജീവിക്കാനുള്ള അവകാശത്തിന് നേരെയുള്ള കടന്നാക്രമണം തുടങ്ങിയവയാണ് അവിടത്തെ പോലീസ് സ്റ്റേഷനിൽ നടന്നത്. ഞാൻ ശനിയാഴ്ച കോലാഹലമേട്ടിൽ പോയിരുന്നു. അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച, മഴ പെയ്ത് മുഴുവൻ വെള്ളവും പ്ലാസ്റ്റിക് കൂടിനകത്ത് തങ്ങിനിൽക്കുന്ന ഒരു ലയത്തിലാണ് ഇയാളും ഭാര്യയും മൂന്ന് കുട്ടികളും വൃദ്ധയായ മാതാവും കഴിഞ്ഞിരുന്നത്. രാജ്കുമാറിന് കോടിക്കണക്കിന് രൂപയുടെ സമ്പാദ്യമുണ്ടായിരുന്നെങ്കിൽ ആ ലയത്തിൽ കഴിയുമോ; അദ്ദേഹം താമസിച്ചതിന് തൊട്ടടുത്ത വീട്ടിലെ ആളുകൾ അവിടെ വന്നു. അതിൽ വിവിധ പാർട്ടിക്കാരുണ്ട്. അങ്ങയുടെ പാർട്ടിക്കാരുമുണ്ട്. അവർ എന്നോട് പറഞ്ഞത് രാത്രി 12.00 മണിക്ക് രാജ്കുമാറിനെ ഇവിടെ കൊണ്ടുവന്നുവെന്നും അവരുടെ മുന്നിലിട്ട് ഭീകരമായി പോലീസ് മർദ്ദിച്ചുവെന്നുമാണ്. അവിടെ കൊണ്ടുവന്നത് എന്തിനാണെന്ന് അറിയാമോ; ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ പണമെവിടെ എന്നാണ്

പോലീസ് ചോദിക്കുന്നത്. പോലീസ് ധരിച്ച ഇയാളുടെ കയ്യിൽ കോടിക്കണക്കിന് രൂപയുണ്ട്, അത് എവിടെയോ മാറ്റിവച്ചിരിക്കുന്നു, അത് വീട്ടിലാകാം എന്നാണ്. അർദ്ധരാത്രി 12.00 മണിക്ക് ഇയാളെ കൊണ്ടുവന്ന് വീട് മുഴുവനും പരതുകയാണ്. അവിടെനിന്നും ഒന്നും കിട്ടിയില്ല. എന്നിട്ട് എവിടെ പണം എന്ന് ചോദിച്ച് കമ്പികൊണ്ട് ഇയാളുടെ കാലിലും കയ്യിലുമെല്ലാം ഭീകരമായി മർദ്ദിക്കുകയാണ്. നാട്ടുകാർ വന്നു. തൊട്ടടുത്ത ലയത്തിലെ ആളുകളാണ് വന്നത്. വൃദ്ധയായ ഇയാളുടെ മാതാവ് എന്നോട് പറഞ്ഞത് ഇയാൾക്ക് തമിഴല്ലാതെ മറ്റൊരു ഭാഷയുമറിയില്ല എന്നാണ്. ഒരു മൊബൈൽ ഫോൺ പോലും ശരിക്ക് ഓപ്പറേറ്റ് ചെയ്യാൻ അറിയാത്ത ആളാണ്. അങ്ങനെയുള്ള ഒരാൾ എങ്ങനെയാണ് കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തുന്നത്? അപ്പോൾ അതിന്റെ പിന്നിൽ ആരോ ഉണ്ട്. ശക്തമായ നിലയിൽ ഇതിന്റെ പിന്നിൽ ആളുകൾ പ്രവർത്തിക്കുന്നു. ഒരു സഹകരണ സംഘത്തെപ്പറ്റി ഇവിടെ പറഞ്ഞു. ആ സഹകരണ സംഘമുണ്ട്; അതിന്റെ പ്രസിഡന്റുണ്ട്, മെമ്പർമാരുണ്ട്. അവരുടെ കറുത്ത കൈകൾ ഇതിന്റെ പിന്നിലുണ്ടെന്നുള്ളത് വസ്തുതയാണ്. വളരെ ക്രൂരമായ മർദ്ദനമാണിത്. ശ്രീ. പി. ടി. തോമസ് ഇവിടെ പറഞ്ഞു. 12-ാം തീയതിയാണ് കസ്റ്റഡിയിലെടുത്തത്. റിക്കോർഡ് ചെയ്യുന്നത് 15-ാം തീയതിയാണ്. ഇത് വളരെ ക്ലിയർ കേസ്സാണ്. ഒരു മനുഷ്യനെ പച്ചയോടെ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിൽവച്ച് ഉരുട്ടിക്കൊലപ്പെടുത്തിയ ദാരുണ സംഭവമാണ്. ഇതിനെപ്പറ്റി പോലീസ് തന്നെ അന്വേഷിച്ചാൽ മതിയോ? കാൽക്കോടി രൂപ കൈക്കൂലി വാങ്ങിയ ഒരു ഡിവൈ.എസ്.പി.-യെക്കൊണ്ടാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കൊലപാതകക്കേസ് അന്വേഷിക്കുന്നത്? ക്രൈംബ്രാഞ്ചിന്റെ അന്വേഷണ ടീമിലുള്ള ഒരു ഉദ്യോഗസ്ഥനെപ്പറ്റിയാണ് പറയുന്നത്. ഒരു എം.ബി.ബി.എസ്. അഡ്മിഷനുമായി ബന്ധപ്പെട്ട കേസ് ഒതുക്കിത്തീർത്ത് പണം തിരികെ വാങ്ങിക്കൊടുത്ത് അതിൽനിന്നും കാൽക്കോടി രൂപ തട്ടിയെടുത്ത ഉദ്യോഗസ്ഥനാണത്. ഞാൻ അവിടെ ചെന്നപ്പോൾ തന്നെ ഇയാളെക്കൊണ്ട് അന്വേഷിപ്പിക്കരുതെന്നും ഇയാൾ വലിയ അഴിമതിക്കാരനാണെന്നും എല്ലാവരും പറഞ്ഞു. അയാളാണ് ക്രൈംബ്രാഞ്ച് അന്വേഷണ സംഘത്തിലുള്ളത്. കാൽക്കോടി രൂപ വെട്ടിച്ച, കൈക്കൂലി വാങ്ങിയ ഉദ്യോഗസ്ഥനെയാണ് അന്വേഷണത്തിനുവേണ്ടി നിയോഗിച്ചിരിക്കുന്നത്. പോലീസ് ലോക്കപ്പിൽവച്ച് നടന്ന ക്രൂരമായ ഒരു കൊലപാതകത്തെപ്പറ്റി പോലീസ് തന്നെ അന്വേഷിക്കണമെന്ന് പറയുന്ന അങ്ങയുടെ നിലപാട് മാറ്റണം. അത് ശരിയായ നടപടിയല്ല. ഇതിൽ ജുഡീഷ്യൽ അന്വേഷണമാണ് ആവശ്യമായിട്ടുള്ളത്. അവിടത്തെ മജിസ്ട്രേറ്റിന്റെ കാര്യത്തിൽ എനിക്ക് അത്ഭുതം തോന്നുകയാണ്.

നടക്കാൻ വയ്യാത്ത ഒരു പ്രതിയേയുംകൊണ്ട് ഇടുക്കി മജിസ്ട്രേറ്റിന്റെയടുത്ത് ചെന്നപ്പോൾ മജിസ്ട്രേറ്റ് ആ പ്രതിയെ കാണാൻ കാറിനടുത്ത് പോകുകയാണ്. കാറിനടുത്ത് പോകുന്ന മജിസ്ട്രേറ്റ്, റിമാന്റ് റിപ്പോർട്ടിൽ എന്താണ് എഴുതിയതെന്ന് അങ്ങ് പരിശോധിക്കണം. ഇങ്ങനെയും മജിസ്ട്രേറ്റുമാരുണ്ടോ? നടക്കാൻ വയ്യാത്ത പ്രതിയെ ഉടനെതന്നെ 15 ദിവസത്തേയ്ക്ക് റിമാന്റ് ചെയ്യുകയാണോ വേണ്ടത്; ഇതെന്ത് മജിസ്ട്രേറ്റാണ്? ഇതിൽ പ്രധാനപ്പെട്ട കാര്യമെന്ന് പറയുന്നത് ഇടുക്കി എസ്.പി. നരനായാട്ട് നടത്തുന്ന നരാധമനാണെന്ന് മുഴുവനാളുകളും പറയുന്നു. ഞാൻ പറഞ്ഞതല്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ജുഡീഷ്യൽ എൻക്വയറിയായാൽ ഇവർ കുറ്റവാളികളാണെങ്കിൽ അതിൽ കുറേ കാലതാമസം വരികയല്ലേ ചെയ്യുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ...(മൈക്ക് ഓഫ്)... പാരലൽ എൻക്വയറിയാണ് വേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് ഇക്കാര്യത്തിൽ ആരെയും സംരക്ഷിക്കുന്നില്ലെന്ന് പറയുന്നു. ഞാനും അങ്ങ് കൈകാര്യം ചെയ്യുന്ന ഈ വകുപ്പ് കൈകാര്യം ചെയ്തതാണ്. കുറച്ച് കഴിഞ്ഞ് നമ്മുടെയെല്ലാം ശ്രദ്ധ പോയിക്കഴിഞ്ഞാൽ പോലീസിന് ഭംഗിയായി ഈ കേസ്സിൽ പ്രതികളായ പോലീസുകാരെ രക്ഷപ്പെടുത്താനുള്ള എല്ലാ ഉപായവും കണ്ടെത്താൻ കഴിയും. ദയവായി കാലതാമസമില്ലാതെ നടപടി സ്വീകരിക്കണം. സിറ്റിംഗ് ജഡ്ജിയെ കിട്ടുമെങ്കിൽ സിറ്റിംഗ് ജഡ്ജിയോട് പറയണം.

ശ്രീ. വി. ഡി. സതീശൻ: സർ, ...(മൈക്ക് ഓഫ്)... ക്രിമിനൽ കേസ് വേറെ പോകട്ടെ. പാരലൽ എൻക്വയറിയാണ് വേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് ആര് ഭരിച്ചാലും കുറ്റവാളികളെ സംരക്ഷിക്കാൻ കഴിയുന്ന രീതിയിൽ പ്രവർത്തിക്കാൻ കഴിവുള്ള പോലീസ് ഉദ്യോഗസ്ഥർ പോലീസ് സേനയിലുണ്ട്. ഒരു നിരപരാധിയെ പിടിച്ചുകൊണ്ടുപോയി ഭീകരമായി മർദ്ദിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ അങ്ങ് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കണം. ക്രൈം കേസ് ആ രീതിയിൽ നടക്കട്ടെ. കുറ്റവാളികളെ കണ്ടെത്തട്ടെ. എന്തിനാണ് അങ്ങ് മടിക്കുന്നത്? ഗവൺമെന്റിന് ആരെയും സംരക്ഷിക്കാൻ താല്പര്യമില്ലെന്ന് അങ്ങ് പറഞ്ഞല്ലോ. ഇന്ന് അങ്ങയെ കാണാൻ മരണപ്പെട്ടയാളുടെ ബന്ധുക്കൾ വരുന്നുണ്ടെന്ന് ഞാൻ പത്രത്തിൽ വായിച്ചു.

നിരാലംബരായ കുടുംബം, അയാൾ എന്തെങ്കിലും തെറ്റ് ചെയ്തതുകൊണ്ടാണല്ലോ പോലീസ് പിടിച്ചത്. അയാൾ കുഴപ്പക്കാരനാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എം. മണി ഇവിടെ പറഞ്ഞു. കുഴപ്പക്കാരെയെല്ലാം അടിച്ചുകൊല്ലുകയാണോ നമ്മുടെ ജോലി. കുഴപ്പക്കാരനാണെങ്കിൽ അവരെ പോലീസ് സ്റ്റേഷനിൽവച്ച് അടിച്ചുകൊല്ലാനുള്ള അനുവാദം നമ്മൾ കൊടുക്കുന്നത് ശരിയാണോ? ഇടുക്കി എസ്.പി.-യെപ്പറ്റി വ്യാപക അഭിപ്രായവ്യത്യാസമുണ്ട്. അതിവിടെ സി.പി.ഐ.-യുടെ ജില്ലാ സെക്രട്ടറി ശിവരാമൻ പരസ്യമായിത്തന്നെ പറഞ്ഞു. മാത്രമല്ല ആ എസ്.പി.-യെപ്പറ്റി ഞാൻ അവിടെ പല ആളുകളോടും ചോദിച്ചു. രാഷ്ട്രീയ വ്യത്യാസമില്ലാതെ വലിയ അഭിപ്രായവ്യത്യാസമാണുള്ളത്. രണ്ടര വർഷമായി ഈ എസ്.പി. മാത്രം അവിടെയിരിക്കുന്നു. എത്ര എസ്.പി.-മാർ മാറി, എന്തുകൊണ്ട് ഇയാൾ മാറുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെപ്പറ്റി ആലോചിക്കണം. ഗുരുതരമായ അഴിമതി ആരോപണങ്ങൾ ആ എസ്.പി.-യുടെ പേരിലുണ്ട്. ഞാൻ ഒരു എസ്.പി.-യെപ്പറ്റിയും അങ്ങനെ വ്യക്തിപരമായി പറയുന്ന ആളല്ല. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ സർവ്വീസിലുണ്ടായിരുന്ന ആളാണ്. ഈ എസ്.പി.-യെപ്പറ്റി വളരെ ഗുരുതരമായ അഭിപ്രായവ്യത്യാസം എല്ലാ രാഷ്ട്രീയപ്പാർട്ടിക്കാർക്കുമുണ്ട്. ഇടുക്കി പോലൊരു ജില്ലയിൽ, നമ്മുടെ കണ്ണെത്താത്ത ദൂരത്ത് ഇങ്ങനെയൊരു എസ്.പി.-യുള്ളത് ഗുണകരമാണോയെന്ന് അങ്ങ് തന്നെ പരിശോധിക്കണം. ഈ കേസ് ഇപ്പോൾ തന്നെ തേച്ചുമാച്ച് കളയാൻ ശ്രമിക്കുന്നു. അതാണ് ശ്രീ. വി. ഡി. സതീശൻ ഇവിടെ ശ്രദ്ധയിൽക്കൊണ്ടുവന്നത്. ഈ കേസ് വഴിമാറ്റാൻ പോവുകയാണ്. അങ്ങിവിടെ വാർഡ് മെമ്പർ ആലീസിന്റെ കാര്യം പറഞ്ഞു. ഇന്നലത്തെ പത്രത്തിൽ വന്ന ഒരു കാര്യമാണ്. പോലീസും പഞ്ചായത്തംഗവുമായുള്ള ഒത്തുകളിയാണെന്ന് നാട്ടുകാർ ആരോപിക്കുന്നു. പോലീസ് നിർദ്ദേശപ്രകാരമാണ് ആലീസ് പരാതിപ്പെട്ടതെന്ന് വ്യക്തമാക്കുന്ന ശബ്ദരേഖ മംഗളം പത്രത്തിന് ലഭിച്ചു. ഇതൊരു പത്രത്തിൽ വന്ന വാർത്തയാണ്. പോലീസുകാർ ഇപ്പോൾ തെളിവുണ്ടാക്കുകയാണ്. അവർ പ്രതികളായതോടുകൂടി അവർ തന്നെ ആളുകളിൽനിന്ന് പരാതി എഴുതി വാങ്ങി രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിയെ കസ്റ്റഡിയിലെടുത്തത് എസ്.പി. അറിഞ്ഞില്ലെന്നാണ് പറഞ്ഞത്. എല്ലാ ദിവസവും എല്ലാ പോലീസ് സ്റ്റേഷനുകളിൽനിന്നും രാവിലെ 8.00 മണിക്ക് മുമ്പ് 'സാട്ട' വഴി വയർലെസ്സിലൂടെ പോലീസ് സ്റ്റേഷനിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എസ്.പി.-ക്ക് ലഭിക്കും. 'സാട്ട' ദിവസവും നടക്കുന്ന കാര്യമാണ്, വിവരങ്ങളെല്ലാം എസ്.പി.-ക്ക് ലഭിക്കും. 12- ാം തീയതി കസ്റ്റഡിയിലെടുത്തിട്ടും അക്കാര്യം എന്റെ ശ്രദ്ധയിൽ വന്നിട്ടില്ലെന്നാണ് എസ്.പി പറഞ്ഞത്. ശരിയായ നടപടിയാണോ ഇത്? അതോടൊപ്പം ഒരു പ്രതിയെ ജയിലിലയച്ചാൽ അപ്പോൾ

തന്നെ ജയിൽ ഡി.ജി.പി. വരെ അറിയണം. വളരെ പ്രമാദമായ കേസ്സാണെങ്കിൽ ജയിൽ ഡി.ജി.പി. തീർച്ചയായും അറിഞ്ഞിരിക്കും. പ്രതിയെ ആശുപത്രിയിൽ കൊണ്ടുപോകുന്ന കാര്യമുൾപ്പെടെ എല്ലാ വിവരങ്ങളും അറിഞ്ഞിരിക്കണം. ഇതെല്ലാം നടപടി ചട്ടങ്ങളിലുള്ള കാര്യമാണ്. ഇടുക്കി എസ്.പി. പറയുന്നത് പ്രതിയെ കസ്റ്റഡിയിലെടുത്ത കാര്യം അറിഞ്ഞില്ലെന്നാണ്. പോലീസുകാർ കാശ് തട്ടുന്നതിനുവേണ്ടിയാണ് ആ പാവത്തിനെ അടിച്ചുകൊന്നത് എന്നതിന് യാതൊരു സംശയവുമില്ല. അയാളുടെ വീടിന്റെ കാര്യം ഞാൻ പറഞ്ഞല്ലോ, നിരാലംബരായ മൂന്ന് കുട്ടികളും അമ്മയുമുള്ള ഒരു പാവപ്പെട്ട കുടുംബമാണ്. ഇത്രയും പാവപ്പെട്ട ആ കുടുംബത്തിന് നേരെയുണ്ടായ ഗുരുതരമായ സംഭവത്തെപ്പറ്റി പോലീസാണോ അന്വേഷിക്കേണ്ടത്? പോലീസ് അന്വേഷിച്ചാൽ കേസ് തെളിയുമോ? ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് നാട്ടുകാരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എം. മണി ഇവിടെ പറഞ്ഞു. നാട്ടുകാർ മർദ്ദിച്ചിട്ടുണ്ടോ; അത് പോലീസിന്റെ വാദമാണ്. അദ്ദേഹം ഇവിടെ പറഞ്ഞത് പോലീസിന്റെ വാദമാണ്. നാട്ടുകാർ മർദ്ദിച്ചുവെന്നതാണ് പോലീസിന്റെ വാദം. നാട്ടുകാർ മർദ്ദിച്ച പ്രതിയെ പോലീസ് ആദ്യം ആശുപത്രിയിലെത്തിച്ച് അഡ്മിറ്റ് ചെയ്യുകയല്ലേ വേണ്ടത്? ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യാതെ മജിസ്ട്രേറ്റിനെ കണ്ട് റിമാൻഡ് ചെയ്ത് അകത്താക്കിയതിനെത്തുടർന്ന് പോലീസ് കസ്റ്റഡിയിൽ വച്ച് അയാൾക്കേറ്റ ഭീകരമായ മർദ്ദനമാണ് മരണത്തിന് കാരണം. ഞാൻ ചോദിച്ചപ്പോൾ ഓടിപ്പോയതാണെന്നാണ് അവർ പറഞ്ഞത്. അയാളുടെ കാലിൽ കമ്പി ഇട്ടിട്ടുള്ളതുകൊണ്ട് ഓടാൻ കഴിയില്ലെന്ന് അയാളുടെ മാതാവ് എന്നോട് പറഞ്ഞു. ഇത്തരത്തിലുള്ള ധാരാളം കാര്യങ്ങളാണ് അവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത് നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഇതിൽ ജൂഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകണമെന്നാണ്. ഒരു നിരപരാധിയെ ലോക്കപ്പിൽവച്ച് ഉരുട്ടിക്കൊല്ലുന്ന ദാരുണമായ സംഭവമുണ്ടായിട്ട് അത് പോലീസ് മാത്രം അന്വേഷിച്ചാൽ മതി ഇല്ലെങ്കിൽ കാലതാമസമുണ്ടാകുമെന്ന് പറയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാദം ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. വരാപ്പുഴയിൽ സംഭവിച്ചുതന്നെ ഇവിടെയും സംഭവിക്കും. വരാപ്പുഴയിലെ ശ്രീ. ജോർജ്ജിന് കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറായി പ്രവർത്തിക്കാമെങ്കിൽ ഇടുക്കി എസ്.പി.-ക്ക് സ്ഥാനക്കയറ്റം കൊടുത്ത് ഡി.ഐ.ജി.-യാക്കി നിങ്ങൾ എറണാകുളം സിറ്റിയിൽ പോസ്റ്റ് ചെയ്യുന്നത് എന്നാണെന്ന് മാത്രം ആലോചിച്ചാൽ മതി. ആ നിലയിലേയ്ക്ക് കാര്യങ്ങൾ പോകുന്നുവെന്ന ആശങ്കയാണ് ജനങ്ങൾക്കുള്ളത്. ഈ ഗവൺമെന്റ് ഭരിക്കുന്ന കാലഘട്ടത്തിൽ പോലീസിന്റെ പ്രവർത്തനം എവിടെയെത്തി നിൽക്കുന്നു? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസിന്റെ മേൽ യാതൊരു

നിയന്ത്രണവുമില്ല. കഴിഞ്ഞ ദിവസം പത്തനാപുരത്ത് പോലീസിനെ കണ്ട് ഭയന്നോടി വൈദ്യുതി കമ്പിയിൽ തട്ടിവീണ് വിനായകൻ എന്ന ഒരു ചെറുപ്പക്കാരൻ മരിച്ചു. അങ്ങനെ എത്രയോ സംഭവങ്ങളാണ് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. പാർട്ടിക്കാർ തന്നെ പോലീസ് സ്റ്റേഷനുകൾ ഭരിക്കുന്ന അവസ്ഥയുണ്ടാകുന്നു. അതിന്റെ ഫലമായി പോലീസും ലോക്കൽ പാർട്ടി നേതാക്കന്മാരും തമ്മിലുള്ള ബന്ധം കാരണം നീതി നിഷേധിക്കപ്പെടുന്ന സാഹചര്യം കേരളത്തിലുടനീളം കാണാൻ കഴിയുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ 1977-ലെ ശ്രീ. ഡി. കെ. ബാസു കേസ്സിനെപ്പറ്റി പറഞ്ഞു. ശ്രീ. ഡി. കെ. ബാസു Vs സ്റ്റേറ്റ് ഓഫ് ബംഗാൾ കേസ്സിൽ ഒരു പ്രതിയെ അറസ്റ്റ് ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. രാജേന്ദ്ര ബാബു കമ്മീഷൻ കസ്റ്റോഡിയൽ ഡെത്തിനെപ്പറ്റിയും എന്ത് നടപടികൾ സ്വീകരിക്കണമെ ന്നതിനെപ്പറ്റിയും വിശദമായി പറയുന്നുണ്ട്. ഇതൊന്നും സ്വീകരിക്കാൻ തയ്യാറായിട്ടില്ല. മാത്രമല്ല നിരപരാധികളുടെ ജീവിതം കേരളത്തിലെ ലോക്കപ്പിൽ പൊലിയുന്ന അതിദാരുണമായ സംഭവമാണ് ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവിടെ മനുഷ്യജീവന് യാതൊരു വിലയുമില്ലാത്ത അവസ്ഥയുണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഈ കേസ് അന്വേഷിക്കേണ്ടത് പോലീസ് അല്ല. ഒരു പാവപ്പെട്ട മനുഷ്യനെ ഉരുട്ടിക്കൊന്ന പോലീസിനെക്കൊണ്ടുതന്നെ ഉരുട്ടിക്കൊല അന്വേഷിപ്പിക്കുമെന്ന് പറയുന്നത് വിചിത്രമാണ്, ന്യായമല്ലാത്തതാണ്. ആ എസ്.പി.-യെ ഉടനടി അവിടെ നിന്നും സസ്പെന്റ് ചെയ്യണം, നടപടി സ്വീകരിക്കണം. അതോടൊപ്പം ഈ കേസ് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുന്നു. അതിന് തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ഡോ. എം. കെ. മുനീർ</u>: സർ, കസ്റ്റഡി മരണങ്ങളെക്കുറിച്ചുള്ള ചോദ്യത്തിന് മേയ് മാസത്തിൽ നൽകിയ മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കുന്ന എല്ലാ വ്യക്തികളോടും വളരെ മാന്യമായി മാത്രമേ പെരുമാറാൻ പാടുള്ളൂ എന്ന നിർദ്ദേശവും അവബോധവും എല്ലാ

പോലീസുദ്യോഗസ്ഥർക്കും നൽകിയെന്നാണ്. മേയ് മാസത്തിൽ നിർദ്ദേശം നൽകിയപ്പോൾ ജൂൺ മാസത്തിൽ വളരെ മര്യാദയായി അദ്ദേഹം പറഞ്ഞതനുസരിച്ച് മാന്യമായി ഒരാളെ കാലപുരിയിലേയ്ക്ക് അയച്ചു. എസ്.പി.-യെ മാറ്റിനിർത്താൻ പറ്റില്ലെന്നുള്ളതാണ് ഇതിലെ പ്രധാനപ്പെട്ട കാര്യം. എസ്.പി.-യും വിവരം അറിഞ്ഞിട്ടുണ്ട്. ഒന്നാമത് ഇതിന് നേതൃത്വം നൽകുന്ന എസ്.പി.-യുടെ കീഴിലുള്ള സ്പെഷ്യൽ സ്ക്വാഡിന്റെ തലപ്പത്ത് ഇരിക്കുന്നത് ഇപ്പോൾ സസ്പെന്റ് ചെയ്തിട്ടുള്ള വ്യക്തിയാണ്. എസ്.പി.-യുടെ സ്ക്വാഡിന്റെ തലപ്പത്തിരിക്കുന്ന ആൾ തന്നെയാണ് സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ളത്. അപ്പോൾ എസ്.പി.-യെ എങ്ങനെ മാറ്റി നിർത്തും. മാത്രമല്ല എല്ലാ ദിവസവും രാവിലെ 8.00 മണിക്ക് 'സാട്ട' എന്ന പേരിൽ വയർലെസ് സംഭാഷണമുണ്ട്. ഒന്ന്, 12-6-2019-ന് അറസ്റ്റ് ചെയ്ത വിവരം എസ്.പി.-യെ അറിയിച്ചില്ലേ? രണ്ട്, സ്റ്റേഷനിലെ സ്പെഷ്യൽ ബ്രാഞ്ച് ഹെഡ് കോൺസ്റ്റബിൾ എസ്.പി.-യെ വിവരമറിയിക്കാൻ മാത്രമായുണ്ട്. അദ്ദേഹം വിവരം അറിയിച്ചില്ലേ? മൂന്ന്, പ്രതിയെ കസ്റ്റഡിയിൽ എടുത്താൽ എസ്.പി.-യെ അറിയിക്കണമെന്ന് ഡി.ജി.പി.-യുടെ ഒരു സർക്കുലറുണ്ട്. ഈ മൂന്ന് കാര്യവും വച്ചുനോക്കുമ്പോൾ 12-6-2019-ന് കസ്റ്റഡിയിലെടുത്തെന്ന വിവരം എസ്. പി. അറിഞ്ഞിട്ടുണ്ട്. 12-6-2019-ന് കസ്റ്റഡിയിലെടുത്ത ആളിനെ 15-6-2019 വരെ ഏത് രഹസ്യ സങ്കേതത്തിലേയ്ക്കാണ് കൊണ്ടുപോയത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ അദ്ദേഹം ഇത് കസ്റ്റഡി മരണമാണെന്ന് ഉറപ്പിക്കുന്ന രീതിയിൽ സംസാരിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ മന്ത്രി വേറെ രീതിയിൽ പറയുന്നു. അദ്ദേഹം ഞങ്ങളുടെ തലയ്ക്ക് കയറേണ്ട ആവശ്യമില്ല. അങ്ങനെയാണെങ്കിൽ അദ്ദേഹം മനോരമ ഓൺലൈനിനെതിരെ കേസ് കൊടുക്കട്ടെ. മനോരമ ഓൺലൈനിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്, "മരിച്ച ആൾ കുഴപ്പക്കാരനാണ്, അദ്ദേഹം ധാരാളം കോടികൾ തട്ടിയെടുത്ത ആളാണ്. തട്ടിയെടുപ്പിൽ ക്രൂരമായി മർദ്ദിച്ചതാണ്. ഇയാളെ നാട്ടുകാർ മർദ്ദിച്ചതാണ് കാരണം. എന്നാൽ വസ്തുതാവിരുദ്ധമായ ആരോപണങ്ങൾ പ്രതിപക്ഷം നിയമസഭയിൽ ഉന്നയിക്കുകയാണ്" എന്നാണ്. ഞങ്ങൾ വസ്തുതാവിരുദ്ധമായതാണ് ഉന്നയിച്ചിട്ടുള്ളതെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയല്ലേ പറഞ്ഞിട്ടുള്ളത് കസ്റ്റഡിയിൽ വച്ച് മരിച്ചിട്ടുണ്ട്, അതിനെക്കുറിച്ച് അന്വേഷിച്ച് ആരായാലും അവരുടെ പേരിൽ മുഖം നോക്കാതെ നടപടിയെടുക്കുമെന്ന്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, മനോരമ ആണോ എല്ലാത്തിന്റെയും ആധാരം? മനോരമയോട് ഞാൻ ഇങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ഇദ്ദേഹത്തിന് ഉദ്ധരിക്കാൻ മനോരമയല്ലേ ഉള്ളൂ. എന്തൊരു ഗതികേടാണ്. ഞാൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: യെസ്.. യെസ്.. നമ്മൾ വിഷയം ചർച്ച ചെയ്യുന്നില്ല.

ഡോ. എം. കെ. മുനീർ: സർ, ഇത് തെറ്റാണെങ്കിൽ അങ്ങ് മനോരമയ്ക്കെതിരെ കേസ് കൊടുക്കൂ. തട്ടിപ്പുമായി ബന്ധപ്പെട്ട് ആരുടെ വണ്ടിയിൽ വന്നുവെന്നതാണ് പ്രധാന കേസ്സെന്നാണ് അദ്ദേഹം പറയുന്നത്. തട്ടിപ്പ് കേസ് വേറെ നോക്കട്ടെ. സാമ്പത്തിക തട്ടിപ്പ് നടത്തിയവരെ ഇപ്പോഴല്ലേ വലിയ കുഴപ്പക്കാരായി നിങ്ങൾക്ക് തോന്നിയിട്ടുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സാമ്പത്തിക തട്ടിപ്പ് നടത്തിയവരുടെ വാക്കുകൾ മഹദ്‌വചനങ്ങളായി നിങ്ങൾ കൊണ്ടുനടന്നിട്ടില്ലേ? ഇപ്പോൾ സാമ്പത്തിക തട്ടിപ്പ് നടത്തിയതാണ് ഏറ്റവും വലിയ പ്രശ്നമെങ്കിൽ നിങ്ങൾ അത് അന്വേഷിക്കൂ. ഞങ്ങൾക്ക് അതിൽ വേറൊന്നും നോക്കാനില്ല. അതേ സമയം കസ്റ്റഡി മരണത്തെ ലഘൂകരിക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കാൻ പാടില്ല. എസ്. പി. കുറ്റക്കാരനാണെന്നാണ് സി.പി.ഐ. നേതാവ് ശ്രീ. ശിവരാമൻ പറഞ്ഞിട്ടുള്ളത്. ഞാൻ ദീർഘമായി പറയുന്നില്ല. ഇത്ര ഗൗരവമായ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ രീതിയിൽ എടുത്താൽ പോര. കാരണം, അങ്ങ് ധാരാളം മറുപടികൾ ഞങ്ങൾക്ക് തന്നിട്ടുണ്ട്. പോലീസുകാരോട് മാന്യമായി പെരുമാറണമെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. പോലീസിന്റെ മുഖം മിനുക്കുമെന്ന് അങ്ങ് പറയുന്നുണ്ട്. പോലീസിന്റെ മുഖം മിനുക്കിയിട്ട് കാര്യമില്ല. ഇങ്ങനെയാണെങ്കിൽ നമ്മൾ മുഖം മൂടിവച്ച് നടക്കേണ്ട അവസ്ഥയിലേയ്ക്ക് വരും. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ആഭ്യന്തര വകുപ്പുമന്ത്രിയാണെന്ന് പറയുന്നത് ആളുകൾക്ക് ലജ്ജാകരമാകുമ്പോൾ സ്വയം മുഖംമൂടി വച്ച് നടക്കേണ്ട അവസ്ഥയിലേയ്ക്ക് പോകും. പോലീസിന്റെ മുഖം മിനുക്കിയിട്ട് കാര്യമില്ല എന്നുള്ള അവസ്ഥയാണുള്ളത്. ഈ സംവിധാനം തന്നെ അടിമുടി അഴിച്ചുപണിയേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുന്നു. ഇത് വളരെ ഗൗരവമായ ഒരു വിഷയമാണ്. ഈ വിഷയം ചർച്ച ചെയ്തിരുന്നെങ്കിൽ കുറച്ചുകൂടി നിർദ്ദേശങ്ങൾ ഞങ്ങൾക്ക് വയ്ക്കാമായിരുന്നു. ഒരേ മന്ത്രിസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും വ്യത്യസ്ത രീതിയിലാണ് സംസാരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പുപോലെ ആഭ്യന്തര വകുപ്പിനെയും രണ്ടാക്കിയോ? ഇടുക്കിയിലേയ്ക്ക് വേറെ ആഭ്യന്തര വകുപ്പുമന്ത്രിയുണ്ടോ? പിടിച്ചുകൊടുക്കുന്ന ആളിന്റെ പേരിൽ കേസ്സെടുക്കുമെന്ന് പറഞ്ഞാൽ ഏതെങ്കിലും ഒരാൾ ഇനി ആരെയെങ്കിലും പിടിച്ചുകൊടുക്കുമോ? തെറ്റ് ചെയ്ത ഒരാളെ കണ്ടുപിടിച്ചാൽ പോലീസിന് പിടിച്ചുകൊടുക്കില്ല, കാരണം അവന്റെ പേരിൽ കേസ് വരും. അങ്ങനെയുള്ള തെറ്റായ നിർദ്ദേശങ്ങൾ നൽകുന്ന മന്ത്രിമാരെയും ഈ ഘട്ടത്തിൽ ഈ കേസ്സിൽ പ്രതികൂലമായി നിൽക്കുന്നതിൽ നിന്ന്

തടയാൻകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ധൈര്യം കാണിക്കണമെന്ന് പറഞ്ഞുകൊണ്ട് ഇതിനൊന്നും സാധിക്കാത്ത ഒരു അവസ്ഥയിൽ നിൽക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദയനീയ അവസ്ഥ കണ്ടുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, എന്റെ ജില്ലയിലാണ് ഈ സംഭവം നടന്നിട്ടുള്ളത്. ലയങ്ങളിൽ എത്ര എം.എൽ.എ.-മാർ പോയിട്ടുണ്ടെന്ന് എനിക്കറിയില്ല. വളരെ ദയനീയമാണ് അവിടത്തെ ചിത്രം. പതിറ്റാണ്ടുകൾക്ക് മുമ്പ് തീർത്തിട്ടുള്ള നനഞ്ഞൊലിക്കുന്ന ലയങ്ങളിൽ മൃഗതുല്യമായിട്ടാണ് ആളുകൾ താമസിക്കുന്നത്. അവിടെ താമസിക്കുന്ന ഇത്രയും പാവപ്പെട്ട ഒരാൾ വലിയ പണക്കാരനാണെന്നുള്ള ധാരണ പോലീസിന് എങ്ങനെയോ കിട്ടി. ഇയാൾ പണക്കാരനാണെന്നതിന്റെ ഒരു ലക്ഷണവും ആ വീട്ടിലും പരിസരത്തുമില്ല. അയാളെ പിടിച്ചുകൊണ്ടുപോയി. രണ്ടുമൂന്നു ദിവസക്കാലം മർദ്ദിച്ചു. റിമാന്റ് ചെയ്യപ്പെട്ട പ്രതി ജയിലിൽ വന്നപ്പോൾ, ശ്രീ. ഋഷിരാജ് സിംഗിനെപ്പറ്റി രാജ്യത്ത് നല്ല അഭിപ്രായമാണുള്ളത്. മൃതപ്രായനായ ഒരാൾ ജയിലിൽ കിടക്കുന്ന കാര്യം അദ്ദേഹം അറിഞ്ഞില്ലേ, അല്ലെങ്കിൽ അദ്ദേഹത്തെ ആശുപത്രിയിലാക്കേണ്ടിയിരുന്നില്ലേ? മനുഷ്യത്വമില്ലാത്ത ഒരു പെരുമാറ്റമാണ്. പോലീസ് അന്വേഷിച്ച് ഇത് തെളിയാൻ പോകുന്നില്ല. കുറ്റക്കാരായ ആളുകളെ കണ്ടെത്തണം. ഇത് ഒരു ഗവൺമെന്റിനും ഒരു പാർട്ടിക്കും ഭൂഷണമല്ല. കേരളത്തിന് തന്നെ അപമാനമാണിത്. അതുകൊണ്ട് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം. ക്രൈം കേസ് നടക്കട്ടെ. കുറ്റക്കാരായ, മനുഷ്യത്വമില്ലാത്ത ആളുകളെ കണ്ടെത്തി, എത്രയോ പേർ കൂടിച്ചേർന്ന് നടത്തിയിട്ടുള്ള മർദ്ദനം എസ്.പി. അറിഞ്ഞിട്ടില്ലെന്ന് പറഞ്ഞാൽ ആളുകൾ വിശ്വസിക്കുമോ? എല്ലാ ദിവസവും രാവിലെ അദ്ദേഹത്തിന് റിപ്പോർട്ട് കിട്ടുന്നതല്ലേ. അതുകൊണ്ട് യഥാർത്ഥത്തിൽ അറിഞ്ഞുകൊണ്ട് ഒരു കൊല നടത്തിയിരിക്കുന്നു. കൊലപാതകത്തിന് കേസ്സെടുക്കണം. ജുഡീഷ്യൽ അന്വേഷണം നടത്തി സത്യാവസ്ഥ പുറത്ത് കൊണ്ടുവരണം. ഇത്ര ദാരുണമായ ഒരു സംഭവം കേരളത്തിലുണ്ടായത് കേരള പോലീസിനും ഗവൺമെന്റിനും ആകെ നാണക്കേടാണ്. ഏറ്റവും വേഗം സത്യാവസ്ഥ കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുന്ന നടപടി സ്വീകരിക്കണം. അതിന് തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, രാജ്യത്ത് ആൾക്കൂട്ട കൊലപാതകങ്ങൾ വളരെയേറെ വർദ്ധിച്ചുവരുന്ന ഒരു സന്ദർഭമാണ്. കേരളത്തിലും അതിന്റെ സൂചനകളുണ്ടാകുന്നുണ്ട്. ഈ ആൾക്കൂട്ട കൊലപാതകങ്ങൾ എത്രമാത്രം അപലപനീയമാണോ; എത്രമാത്രം ഭീകരമാണോ അതിനെക്കാളേറെ ഭീകരാവസ്ഥയാണ് ഈ കസ്റ്റഡി മരണത്തിനുള്ളത്. ഒരാളെ കെട്ടിയിട്ട് ആൾക്കാർ തല്ലിക്കൊല്ലുന്നത് പലപ്പോഴും നമ്മൾ സോഷ്യൽ മീഡിയയിലൂടെ കാണാറുണ്ട്. നിസ്സഹായനായ ഒരു വ്യക്തിയെ അധികാരത്തിന്റെ ഗർവ്വുപയോഗിച്ച് പോലീസ് കസ്റ്റഡിയിൽവച്ച് മൃഗീയമായി മർദ്ദിച്ച് കൊല ചെയ്യുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം കസ്റ്റഡി മരണങ്ങൾ ആവർത്തിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. മുഖ്യമന്ത്രി അതിനെ ന്യായീകരിക്കുന്നില്ല. അതിനെ അപലപിച്ചുകൊണ്ട് കുറ്റക്കാർ ശിക്ഷിക്കപ്പെടുമെന്നാണ് അദ്ദേഹം ഇന്നും സംസാരിച്ചത്. പക്ഷെ ഒരു ആത്മപരിശോധന ഗവൺമെന്റ് നടത്തണം. എത്ര കേസ്സുകളിൽ ട്രയലുണ്ടായിട്ടുണ്ട്. കസ്റ്റഡി മരണങ്ങളടക്കം ഈ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഉണ്ടായിരിക്കുന്ന മറ്റ് ഒഫൻസുകൾക്കെതിരെ എത്ര ട്രയലുകളുണ്ടായിട്ടുണ്ട്; ഇവർക്കെതിരെ എന്ത് നിയമനടപടികൾ വന്നിട്ടുണ്ട് എന്നൊരു ആത്മപരിശോധന ഗവൺമെന്റ് നടത്തേണ്ടതായിട്ടുണ്ട്. ഇതിനകത്ത് പലപ്പോഴും സംഭവിക്കുന്നത് അന്വേഷണങ്ങൾ അനന്തമായി നീണ്ടുപോകുന്നു. റിപ്പോർട്ടുകൾ സമർപ്പിക്കാതിരിക്കുന്നു എന്നുള്ളതാണ്. അവസാനം ഈ ഉദ്യോഗസ്ഥർ റിട്ടയറാകുമ്പോൾ അതിന്റെ ആനുകൂല്യത്തിൽ പലരും രക്ഷപ്പെടുന്നു. പോലീസിൽ മാത്രമല്ല, ഇത് മറ്റ് വകുപ്പുകളിലുമുണ്ടാകുന്നു എന്നുള്ളതാണ് വസ്തുത. ഇത്തരത്തിലുള്ളവർക്കെതിരെ കൃത്യമായ നടപടികളുണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ജുഡീഷ്യൽ അന്വേഷണം വേണമെന്ന നിർദ്ദേശം ഞങ്ങൾ മുമ്പോട്ടുവച്ചിരിക്കുന്നത്. ഇടുക്കി എസ്.പി.-യെക്കുറിച്ച് വ്യാപകമായ പരാതികളുണ്ടാകുന്നു. എനിക്കറിയാൻ കഴിഞ്ഞത് ശാന്തൻപാറ കൊലപാതകക്കേസ്സിലെ പ്രതികളെ പിടിച്ചതിന് എസ്.ഐ.-യെ സസ്പെന്റ് ചെയ്ത ആളാണ് ഈ എസ്.പി. എന്നാണ്. അത്തരത്തിൽ കുറ്റാരോപിതനായി നിൽക്കുന്ന ഒരു എസ്.പി. ഇപ്പോൾ ഈ കേസ് വഴിതിരിച്ചുവിടാൻ ശ്രമിക്കുന്നുവെന്നുള്ളതാണ് ആക്ഷേപം. പിടിച്ചുകൊടുത്ത നാട്ടുകാർക്കെതിരെ കേസ്സെടുക്കാൻ പോകുന്നു. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ പരാമർശങ്ങൾ അതിന് ആക്കം കൂട്ടുന്ന നിലയിലാണ്. അന്വേഷണത്തിലിരിക്കുന്ന വിഷയത്തിൽ അത്തരത്തിലുള്ള പരാമർശം ഒരു മന്ത്രി നടത്താൻ പാടില്ലായിരുന്നു. അത് ഏറ്റവും അപലപനീയമായ ഒന്നുതന്നെയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, 'ഡെന്മാർക്കിലെന്തോ ചീഞ്ഞുനാറുന്നു' എന്നൊരു ചൊല്ലുണ്ട്. അതുപോലെയാണ് ഇപ്പോൾ ഇടുക്കി ജില്ലയിൽ ചില സംഭവങ്ങൾ നടക്കുന്നത്. കണ്ണെത്താദൂരത്ത് പലതും സംഭവിക്കുന്നത് നിർഭാഗ്യവശാലാണ്. അതിന്റെ ക്രൂരമായ മുഖമാണ് ഇവിടെ നമ്മൾ കാണുന്നത്. ഈ സാഹചര്യത്തിൽ പോലീസിന്റെ ഭാഗത്ത് തെറ്റുണ്ടായി എന്ന് പത്രവാർത്തകളുടെ മാത്രമല്ല, ഇവിടെ കേട്ടിട്ടുള്ള സംവാദങ്ങളിൽ നിന്നുതന്നെ വളരെ വ്യക്തമായിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പോലീസ് തന്നെ അന്വേഷിക്കണമെന്ന് നിർബന്ധം പിടിക്കുന്നതിന്റെ ആവശ്യമെന്താണുള്ളത്? ഒരു ജുഡീഷ്യൽ അന്വേഷണത്തിന് വിട്ടുകൊടുത്താൽ എന്ത് കുഴപ്പമാണുള്ളത്? അക്കാര്യം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകണം. ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയം കഴിഞ്ഞ് സഭയിൽ തിരികെ പ്രവേശിച്ചു.)

11.00 A.M.]

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) തീരസുരക്ഷ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. റ്റി. വി. രാജേഷ്: സർ, തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട ഈ വിഷയം കഴിഞ്ഞ കുറേ നാളുകളായി സഭയിൽ ശ്രദ്ധ ക്ഷണിക്കലായും സബ്മിഷനായും ചോദ്യമായും ഉയർന്നുവന്നിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് 576 കിലോമീറ്റർ കടൽത്തീരമുണ്ട്. അതിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള രണ്ട് ജില്ലകളിലൊന്നാണ് കണ്ണൂർ. ആലപ്പുഴയും കണ്ണൂരും ഏതാണ്ട് തത്തുല്യമായ വിധത്തിൽ തീരദേശമുള്ള ജില്ലകളാണ്. തീരദേശമേഖലയിലെ ജനങ്ങൾ കടലാക്രമണം കാരണം കടുത്ത ആശങ്കയിലാണ്. പഴയകാലത്ത് മൺസൂൺ കാലത്താണ് സാധാരണ കടലാക്രമണമുണ്ടാകുന്നത്. എന്നാൽ ഇപ്പോൾ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി മൺസൂൺ കാലത്ത് മാത്രമല്ല വേനൽക്കാലത്തും അപ്രതീക്ഷിത കടലാക്രമണമുണ്ടാകുകയാണ്. ഈ കടലാക്രമണത്തിന്റെ ഭാഗമായി പലയിടത്തും 100-150 മീറ്റർ വരെ തീരത്ത് കടൽ കയറിക്കഴിഞ്ഞിരിക്കുന്നു. നിരവധിയാളുകളുടെ വീടുകൾ നഷ്ടപ്പെട്ടു, തെങ്ങുകൾ

പോയി. പലരും ആശങ്കയുടെ നടുവിലാണ് കഴിഞ്ഞുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച വിഷയം സഭയിൽ ഉന്നയിക്കുന്ന ഘട്ടത്തിൽ അതുസംബന്ധിച്ച് മറുപടി നൽകും, യോഗം വിളിക്കും, തീരുമാനങ്ങളെടുക്കും, സമഗ്രമായ പഠനം നിർദ്ദേശിക്കപ്പെടും. പക്ഷെ ഇതുകൊണ്ടൊന്നും ഫലപ്രദമായ നടപടിയുണ്ടാകുന്നില്ലെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഈ ശ്രദ്ധ ക്ഷണിക്കലിന് ശേഷമെങ്കിലും ഇക്കാര്യത്തിൽ ഉറപ്പുനൽകുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്ന സ്ഥിതിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഏത് സമയവും കടൽ കയറാമെന്നൊരു സ്ഥിതി വന്നതുകൊണ്ട്, ചെന്നൈ ഐ.ഐ.ടി.യുടെ പഠനമായാലും മറ്റ് പഠനങ്ങളായാലും ആ പഠനങ്ങൾ ഈ പുതിയ പ്രതിഭാസത്തെ വിലയിരുത്താൻ പര്യാപ്തമല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകേണ്ടതായിട്ടുണ്ട്. നേരത്തെയൊക്കെ ഒരിക്കൽ കടൽ കയറിയാൽ കടൽ തന്നെ തീരം വീണ്ടെടുക്കുമെന്നാണ് പഴമക്കാർ പറയുന്നത്. അത് പ്രകൃതിയുടെ പ്രതിഭാസമായിരുന്നു. കഴിഞ്ഞ നാലഞ്ചുവർഷമായി കടൽ കയറിയാൽ പിന്നെ ആ തീരം വീണ്ടെടുക്കാൻ സാധിക്കുന്നില്ല. നഷ്ടപ്പെടുന്ന തീരം വീണ്ടെടുക്കാനുള്ള സ്ട്രാറ്റജിയെക്കുറിച്ച് നാം വളരെ ഗൗരവത്തിൽ ആലോചിക്കേണ്ടതാണ്. കേരളത്തിൽ ഏറ്റവും രൂക്ഷമായ കടലാക്രമണം നേരിടുന്ന മേഖലയെക്കുറിച്ച് വളരെ കൃത്യമായി ഇറിഗേഷൻ വകുപ്പിന് അറിയാവുന്നതാണ്. കടലാക്രമണം സംഭവിച്ചുകഴിഞ്ഞാൽ ഭിത്തിയുടെ റീഫോർമേഷനെക്കുറിച്ചാണ് നമ്മൾ ആലോചിക്കുന്നത്. അതൊരു ഡിഫൻസ് മാത്രമാണ്. അത് കടലാക്രമണ ഭീഷണിയെ ചെറുക്കാൻ പര്യാപ്തമല്ല. അതുകൊണ്ട് കേരളത്തിൽ രൂക്ഷമായ കടലാക്രമണമുള്ള മേഖലകൾ ഏതൊക്കെയാണെന്നുള്ളത് മുൻകൂട്ടിതന്നെ അടയാളപ്പെടുത്തണം. ഓരോ ജില്ലയിലും ഇത് അടയാളപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം - ചെറിയതുറയും വലിയതുറയും, കൊല്ലം - ഇരവിപുരം മുതൽ കോങ്ങൽ, മലപ്പുറം ഉപ്പൂപ്പ പള്ളിവരെ, ആലപ്പുഴ - വലിയഴീക്കൽ മുതൽ പള്ളിത്തോട് വരെ, എറണാകുളം - ചെല്ലാനം ബസാർ മുതൽ ചെറായി, മുനമ്പം, കുഴിപ്പള്ളി, വെളിയത്തുപറമ്പ് വരെ, തൃശ്ശൂർ - ഏറിയാട് മുതൽ ചാവക്കാട് വരെ. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലമായ പൊന്നാനി രൂക്ഷമായ കടലാക്രമണം നടക്കുന്ന മേഖലയാണ്. മലപ്പുറം - പൊന്നാനി ലൈറ്റ് ഹൗസ് പരിസരം മുതൽ പാലപ്പട്ടി വരെയുള്ള മേഖല, കോഴിക്കോട് - ബേപ്പൂർ മുതൽ മടപ്പള്ളി വരെയുള്ള മേഖല, കണ്ണൂർ - പുന്നോൽ മുതൽ പാലക്കോട് വരെയുള്ള മേഖല, കാസർഗോഡ് - മൂസോടി കടപ്പുറം മുതൽ കസബ കടപ്പുറം വരെ. ഈ പറയുന്ന പ്രദേശങ്ങളിലെല്ലാം എല്ലാ വർഷവും കടലാക്രമണം ഉണ്ടാകുന്നതാണ്.

അത്തരം കേന്ദ്രങ്ങളിൽ കടലാക്രമണം നടന്നതിനുശേഷം എന്തെങ്കിലും പ്രവൃത്തികൾ ചെയ്തിട്ട് കാര്യമില്ല. അവിടെ മൺസൂൺ കഴിഞ്ഞാൽ ഡിസംബർ മാസം മുതൽ ഇതിനുള്ള പ്രാഥമികമായ നടപടികൾ ആരംഭിക്കണം. ഇത് തടയാനുള്ള മുൻകരുതലുകൾ സ്വീകരിച്ചാൽ കടലാക്രമണത്തിന്റെ ആഘാതത്തിൽ നിന്നും തീരദേശവാസികളായ മത്സ്യത്തൊഴിലാളികളെ വലിയൊരളവിൽ നമുക്ക് സംരക്ഷിക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകണം.

ഇപ്പോൾ ഗ്രോയിൻസ് എന്ന് പറയുന്ന ചെറിയ പുലിമുട്ടുകളുണ്ട്. വിഴിഞ്ഞത്ത് അതാണ് ചെയ്തിട്ടുള്ളത്. എല്ലായിടത്തും വലിയ പുലിമുട്ടിന്റെ ആവശ്യമില്ല. പുലിമുട്ട് നിർമ്മിക്കണമെങ്കിൽ പൂനെയിലെ Central Water and Power Research Station (CWPRS)-ന്റെ പഠനം വേണം. അതിന് ധാരാളം സമയം വേണ്ടിവരും. അങ്ങനെ വരുമ്പോൾ വർഷങ്ങൾ കഴിഞ്ഞാലും ജനങ്ങളുടെ ആവശ്യം പരിഹരിക്കപ്പെടാത്ത സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകണം. എം.എൽ.എ.-മാരായ ഞങ്ങൾക്ക് തീരദേശ മേഖലകളിൽ പോകാൻ സാധിക്കുന്നില്ല. കടുത്ത പ്രതിഷേധത്തിന് ഞങ്ങൾ ഇരയാകുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ ഇത്തരത്തിലുള്ള ഒരു ദുരനുഭവമുണ്ടായതായി പത്രങ്ങളിൽ വന്ന വാർത്തയിലൂടെ ഞങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ സത്വര നടപടിയുണ്ടാകണം. 2000 കോടി രൂപയുടെ തീരദേശ പാക്കേജ് പ്രഖ്യാപിച്ചു. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് 334 കോടി രൂപയുടെ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അടിയന്തരമായി പണം കണ്ടെത്തി തീരദേശവാസികളുടെ സുരക്ഷ ഉറപ്പുവരുത്തി തീരദേശ മേഖലയിൽ ഇന്നുള്ള അശാന്തിക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെടുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച വിഷയം തന്നെയാണ് എല്ലാവരുടെയും പ്രശ്നം. കടലോര മേഖലയിലുള്ള എം.എൽ.എ.-മാരെല്ലാം വലിയ പ്രതിസന്ധിയിലാണ്. ഇക്കാര്യത്തിൽ രാഷ്ട്രീയമൊന്നുമില്ല. ഈ വിഷയത്തിന്മേൽ മറുപടി പറയുന്ന അങ്ങേയ്ക്ക് ഒരു രൂപ പോലും വിനിയോഗിക്കാൻ കഴിയില്ല. ഇപ്പോൾ അനുവദിച്ചിട്ടുള്ള 22 കോടി രൂപയ്ക്ക് ഒരു പ്രവൃത്തിയും ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് സഭാസമ്മേളനം കഴിഞ്ഞതിനുശേഷം കടലോര പ്രദേശത്തുള്ള എം.എൽ.എ.-മാരുടെ പ്രശ്നം കേൾക്കാനായി അങ്ങ് മുഖ്യമന്ത്രിയും കൂടി പങ്കെടുക്കുന്ന ഒരു യോഗം വിളിച്ചുചേർക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, മുഖ്യമന്ത്രിയും കൂടി പങ്കെടുക്കുന്ന യോഗം വിളിക്കുന്നത് സംബന്ധിച്ച് അദ്ദേഹവുമായി ആലോചിച്ച് മറുപടി പറയുന്നതാണ്.

കേരളത്തിലെ മൊത്തം കടൽത്തീരത്തിലെ 576 കിലോമീറ്ററിൽ 366 കിലോമീറ്റർ നീളം കടൽഭിത്തി, പുലിമുട്ട് എന്നീ പരമ്പരാഗത മാർഗ്ഗങ്ങളാൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 125 കിലോമീറ്റർ നീളം കടൽഭിത്തിക്ക് പുനരുദ്ധാരണ പ്രവൃത്തികൾ ആവശ്യമാണ്. കടൽഭിത്തിയില്ലാത്ത 210 കി.മീറ്ററിൽ കടുത്ത കടലാക്രമണം നേരിടുന്ന 23 കി.മീ. കടൽത്തീരം അതീവ ദുർബ്ബലമാണ്. കേരളത്തിൽ പൊതുവെ തീരശോഷണം നടക്കുന്നത് ജൂൺ മുതൽ സെപ്റ്റംബർ മാസം വരെയും പുനർസൃഷ്ടി പ്രക്രിയ നടക്കുന്നത് നവംബർ മുതൽ ഏപ്രിൽ മാസം വരെയുമുള്ള കാലങ്ങളിലാണ്. മൺസൂൺ സമയത്ത് തീരപ്രദേശങ്ങളിലെ ചില സ്ഥലങ്ങളിൽ അതിരൂക്ഷമായ കടലാക്രമണം നേരിടാറുണ്ട്. ഉയർന്നതും ശക്തമായതുമായ തിരമാലകളും Storm Surge (കാറ്റിന്റെ സ്വാധീനത്താൽ കടൽ ഉയരുന്ന പ്രതിഭാസം), കാലാവസ്ഥാ വ്യതിയാനംമൂലമുള്ള കടലിന്റെ ജലത്തിലെ ഉയരം കൂടുന്നതുമെല്ലാം ഇതിനുകാരണമായി വിലയിരുത്തുന്നു. ഇവ കൂടാതെ സമീപ നാളുകളിലായുണ്ടാകുന്ന ചുഴലിക്കാറ്റുകളും കേരളതീരത്തെ പ്രക്ഷുബ്ധമാക്കുന്നു.

2004-ലെ സുനാമിയുടെ പശ്ചാത്തലത്തിൽ തീരദേശ പരിപാലനം ഉറപ്പുവരുത്താൻ സർക്കാർ, മദ്രാസ് ഐ.ഐ.ടി. മുഖേന ഒരു പഠനം നടത്തുകയുണ്ടായി. പഠന റിപ്പോർട്ട് പ്രകാരം ദുർബ്ബലമായ കടലോര മേഖലകൾ തിരിച്ചറിയുകയും ഈ മേഖലകളിൽ അനുയോജ്യമായ തീരസംരക്ഷണ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള കടൽഭിത്തിയുടെ അവസ്ഥ, കടൽത്തീരത്തിന്റെ വ്യതിയാനങ്ങൾ, ലിറ്ററൽ ഡ്രിഫ്റ്റിന്റെ ദിശ (കരയ്ക്ക് സമാന്തരമായി മണലിന്റെ സഞ്ചാരം) തീരദേശ സവിശേഷതകൾ, തീരത്തിന്റെ പ്രാധാന്യം മുതലായവ ഈ പഠനത്തിൽ നിരീക്ഷിച്ചിട്ടുണ്ട്. തീരദേശ സംരക്ഷണത്തിനായി പൊതുവായ ആശയരൂപത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഈ പഠനത്തിൽ നൽകിയിരിക്കുന്നത്. കേരളത്തിലെ തീരദേശ ജില്ലകളിലെ ദുർബ്ബലമായ സ്ഥലങ്ങൾ തിരിച്ചറിയുകയും ലഭ്യമായ വിവരങ്ങളുപയോഗിച്ച് ഈ പ്രദേശങ്ങളിൽ അനുയോജ്യമായ സംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലെ കടൽഭിത്തികൾ തകരാനുള്ള കാരണങ്ങളും ഇത് തുടരാതിരിക്കാൻ എടുക്കേണ്ട നടപടികളും നിർദ്ദേശിച്ചിട്ടുണ്ട്. പ്രധാനമായും നിലവിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണം, കടൽഭിത്തി നിർമ്മാണം, ഗ്രോയിൻഫീൽഡ് നിർമ്മാണം, പ്ലാന്റേഷൻസ് ട്രെയിനിംഗ് വാൾസ്, ജിയോസിന്തറ്റിക്സ് ഉപയോഗിച്ചുള്ള ഗാബിയോൺ, ജിയോട്യൂബ് മുതലായ

സംരക്ഷണ മാർഗ്ഗങ്ങളാണ് പഠനത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഓരോ പ്രദേശത്തും വിശദമായ പ്രാദേശിക പഠനം നടത്തിയാൽ മാത്രമേ വിശദമായ രൂപരേഖ തയ്യാറാക്കാൻ കഴിയുകയുള്ളൂ എന്നും പഠനം വ്യക്തമാക്കുന്നു. ഗ്രോയിൻഫീൽഡ് നിർമ്മിക്കുന്നതിന് മുന്നോടിയായി ലിറ്ററൽ ഡ്രിഫ്റ്റിന്റെ വിശദമായ പഠനം ആവശ്യമാണെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് മുമ്പ് വിശദമായ പര്യവേക്ഷണം നടത്തുകയും ന്യൂമറിക്കൽ/ഫിസിക്കൽ മോഡലിംഗ് നടത്തുകയും വേണമെന്നും പഠനത്തിൽ പരാമർശിച്ചിട്ടുണ്ട്. ഐ.ഐ.ടി. മദ്രാസ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പനത്തുറക്കര, ബീമാപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലും കൊല്ലം ജില്ലയിൽ ഇരവിപുരം, കാക്കത്തോട് എന്നീ സ്ഥലങ്ങളിലും ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്, ആലപ്പുഴ, അമ്പലപ്പുഴ എന്നീ നിയോജകമണ്ഡലങ്ങളിലെ തീരദേശ മേഖലയിലും ചേർത്തലയിൽ ഒറ്റമശ്ശേരി, വാഴക്കൂട്ടം പൊഴി എന്നിവിടങ്ങളിലും എറണാകുളം ജില്ലയിലെ എടവനക്കാട്, ചെല്ലാനം ദ്വീപ്, മാലാഖപ്പടി എന്നിവിടങ്ങളിലും കോഴിക്കോട് ജില്ലയിലെ കല്ലായി അഴിമുഖത്തും പ്രദേശ നിർദിഷ്ട പഠനം നടത്തിയിട്ടുണ്ട്. ഈ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ടി പ്രദേശങ്ങളിൽ കടലാക്രമണ പ്രതിരോധത്തിനായി പുലിമുട്ടുകൾ/വിവിധ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചപ്രകാരം ഇവയിൽ ചില സ്ഥലങ്ങളിൽ പുലിമുട്ട്/ ഗാബിയോൺ/ കടൽഭിത്തി നിർമ്മാണം നടത്തുകയും ബാക്കി ചില സ്ഥലങ്ങളിൽ പഠനം നിർദ്ദേശിച്ച പ്രതിരോധ പ്രവൃത്തികൾ നിർമ്മിക്കാനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

2019-20-ലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 15-6-2019-ലെ സർക്കാർ ഉത്തരവുപ്രകാരം കടുത്ത കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിലെ അടിയന്തര പ്രതിരോധ പ്രവർത്തനങ്ങൾക്കായി 22.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഫണ്ടിൽപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ വലിയതുറ, കൊല്ലം ജില്ലയിൽ ഇരവിപുരം, ആലപ്പാട്, ആലപ്പുഴ ജില്ലയിൽ ചേർത്തല, ഒറ്റമശ്ശേരി, ഹരിപ്പാട്, എറണാകുളം ജില്ലയിൽ ചെല്ലാനം തൃശ്ശൂർ ജില്ലയിൽ കയ്പമംഗലം, മലപ്പുറം ജില്ലയിൽ പൊന്നാനി, കോഴിക്കോട് ജില്ലയിൽ കാപ്പാട് തുടങ്ങിയ സ്ഥലങ്ങളിൽ അടിയന്തര പ്രവൃത്തികൾ ആരംഭിച്ചു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കൂടാതെ അടിയന്തര സാഹചര്യമുണ്ടാകുന്ന തീരപ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഈ ഫണ്ടിൽ നിന്നും ആവശ്യമായ പ്രവൃത്തികൾക്ക് അനുമതി നൽകുന്നതാണ്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തകർന്ന കടൽഭിത്തികളുടെ പുനർനിർമ്മാണം,

സംരക്ഷണമില്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തി പുലിമുട്ടുകളുടെ ശ്രേണി, ബീച്ച് നറിഷ്മെന്റ് തുടങ്ങിയ ദീർഘകാല മാർഗ്ഗങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് ആകെ 934 കോടി രൂപ വേണമെന്നും കണക്കാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച കാര്യം അങ്ങ് മുൻകയ്യെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിക്കണമെന്നുള്ളതാണ്. എന്റെ നിയോജകമണ്ഡലത്തിൽ 14 കി.മീറ്റർ ദൂരം തീരദേശമാണ്. അതിൽ മാട്ടൂൽ സൗത്ത്, നീരൊഴുക്കുംചാൽ, കക്കാടൻചാൽ, വാവുവളപ്പിൽ തോട്, ചൂട്ടാട് എന്നീ മേഖലകളിലാണ് രൂക്ഷമായ കടലാക്രമണമുള്ളത്. അതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. അതിനെങ്കിലും അടിയന്തരമായി ഭരണാനുമതി നൽകി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സൗകര്യവും അഭിപ്രായവും പരിഗണിച്ച് യോഗം വിളിക്കുന്നതാണ്.

## (2) കുടിവെള്ള ലഭ്യതയും വിതരണവും

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ജൂലൈ മാസമായിട്ടും സംസ്ഥാനത്ത് ആവശ്യത്തിന് മഴ ലഭിക്കാത്തത് വളരെയധികം ഗുരുതരമായ സ്ഥിതിവിശേഷമാണുണ്ടാക്കിയിരിക്കുന്നത്. വരൾച്ചയുടെ കാലമാണ് വരാനിരിക്കുന്നതെന്ന് എല്ലാ മാധ്യമങ്ങളും പറഞ്ഞുകൊണ്ടിരിക്കുകയാണ്. മാത്രമല്ല കഴിഞ്ഞ പ്രളയത്തിനുശേഷം പുഴകളിലും ജലാശയങ്ങളിലും തോടുകളിലും വെള്ളം സ്ഥിരമായി നിൽക്കുന്നില്ലെന്നുള്ള പ്രതിഭാസവുമുണ്ട്. ഭൂഗർഭജലം വളരെയധികം താഴ്ന്നിരിക്കുന്നുവെന്ന് ശാസ്ത്രജ്ഞന്മാരൊക്കെ അഭിപ്രായ പ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ശാസ്ത്രീയവും സമഗ്രവുമായ പഠനം നടത്തുന്നതിനോ പരിഹാരമുണ്ടാക്കുന്നതിനോ ഗവൺമെന്റ് മുന്നോട്ടുവന്നിട്ടില്ല. കുടിവെള്ളത്തിന് ഇപ്പോൾ വളരെയധികം ക്ഷാമമുണ്ട്. മഴക്കാലത്തുതന്നെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുവെന്ന് പറയുമ്പോൾ അത് സംസ്ഥാനം നേരിടാൻ പോകുന്ന ഏറ്റവും വലിയ ദുരന്തത്തിന്റെ മുന്നറിയിപ്പായി ഗവൺമെന്റ് കണക്കാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ചെന്നൈയിലുണ്ടായ കുടിവെള്ളക്ഷാമത്തിൽ ഗവൺമെന്റുതന്നെ നിശ്ചലമായിപ്പോയ സ്ഥിതിവിശേഷമാണുണ്ടായിരിക്കുന്നത്. അത് കേരളത്തിലുണ്ടാകുകയില്ലെന്ന് പറയാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. അതിന് മുൻകൂട്ടി ചില പദ്ധതികൾ ഗവൺമെന്റ്

തയ്യാറാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മഴയുടെ തോത് കുറയുന്നുവെന്നുള്ളതാണ്. കേരളത്തിൽ ലഭിക്കുന്ന മഴയുടെ വാർഷിക ശരാശരി 3000 മില്ലി മീറ്ററിൽനിന്ന് 2925 മില്ലി മീറ്ററായി കുറഞ്ഞിരിക്കുന്നു. വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ കണക്കനുസരിച്ച് ഒരാൾ ശരാശരി 135 ലിറ്റർ വെള്ളമാണ് ഉപയോഗിക്കേണ്ടത്. പക്ഷേ കേരളത്തിലെ ആളുകൾ 400 ലിറ്റർ വെള്ളമാണ് ഉപയോഗിക്കുന്നത്. മനുഷ്യനിർമ്മിതമായ ഈ പ്രതിഭാസങ്ങളെ എങ്ങനെ തരണം ചെയ്യാൻ സാധിക്കുമെന്നുള്ളത് ഗവൺമെന്റ് ആലോചിച്ച് പദ്ധതി തയ്യാറാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വളരെ അഡ്വാൻസ്ഡായിട്ടുള്ള രാജ്യങ്ങളിലൊക്കെ ഇങ്ങനെ സംഭവിക്കുമ്പോൾ കടൽ വെള്ളത്തിന്റെ സബ്സ്റ്റിറ്റ്യൂട്ട് എന്താണെന്ന് ആലോചിക്കുകയാണ് ചെയ്യുന്നത്. കടൽ വെള്ളം ശുദ്ധീകരിക്കാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. ചെന്നൈയിൽ ഇപ്പോൾ എടുത്തിരിക്കുന്ന നിലപാട് അതാണ്. 1659 കോടി രൂപ ചെലവ് വരുന്ന പദ്ധതിയുടെ വർക്ക് ഇപ്പോൾ തുടങ്ങുകയാണ്. 24 മാസത്തിനുള്ളിൽ ആ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ആ പദ്ധതിയിലൂടെ ഒരു ദിവസം 15 കോടി ലിറ്റർ വെള്ളം ശുദ്ധീകരിക്കുന്നുണ്ട്. ഒരു ലിറ്റർ വെള്ളം ശുദ്ധീകരിക്കുന്നതിന് ഏകദേശം 42 പൈസ മാത്രമേ ചെലവാകുന്നുള്ളൂ. കൊച്ചിയിലും കോഴിക്കോടും തിരുവനന്തപുരത്തുമൊക്കെ ഇപ്പോൾത്തന്നെ ഡി-സാലിനേഷൻ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

നമ്മുടെ സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയുടെയും വേൾഡ് ബാങ്കിന്റേയും മറ്റും ധാരാളം കുടിവെള്ള പദ്ധതികളുണ്ട്. അതെല്ലാം മുടങ്ങിക്കിടക്കുകയാണ്. ഇങ്ങനെ മുടങ്ങിക്കിടക്കുന്ന പദ്ധതികളെല്ലാം ഉടൻതന്നെ നടപ്പിലാക്കണം. മാത്രമല്ല കിഫ്ബിയിലൂടെ പണം കൊടുക്കുമെന്ന് പറഞ്ഞ പല പ്രോജക്ടുകളും ഇതുവരെ ആരംഭിച്ചിട്ടില്ല. ഇനി എന്നാണ് അത് ആരംഭിച്ച് പൂർത്തീകരിക്കാൻ സാധിക്കുക? 24 മാസം കൊണ്ട് പൂർത്തീകരിക്കേണ്ട പദ്ധതികൾ വാട്ടർ അതോറിറ്റി 24 വർഷം കൊണ്ടാണ് പൂർത്തിയാക്കുന്നത്. അതുപോലെ പല പദ്ധതികൾക്കും പൈപ്പിടാൻ ഗവൺമെന്റ് പൈസ കൊടുത്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ കട്ട് ചെയ്തുവേണം പൈപ്പിടാൻ. ആ റോഡുകൾ പുനഃസ്ഥാപിക്കാനുള്ള പൈസ നൽകിയിട്ടില്ല. ആനയെ വാങ്ങി, പക്ഷേ തോട്ടി വാങ്ങാനുള്ള പൈസ നിങ്ങൾ കൊടുത്തിട്ടില്ല. അങ്ങനെ പല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൈപ്പിടാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. കുടിവെള്ളത്തിന്റെ പ്രശ്നമായതുകൊണ്ട് ഇത് വളരെ ഗൗരവമായിട്ടെടുക്കണം. ചെന്നൈ അഭിമുഖീകരിച്ച പ്രശ്നം ലോകത്തിനുതന്നെ താക്കീതായി എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിൽ അങ്ങനെയുണ്ടാകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല.

എന്റെ മണ്ഡലത്തിലെ നിരവധി പദ്ധതികൾക്കായി ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടന്നു. ഇന്നുവരെ ആ പദ്ധതികൾ റീസ്റ്റാർട്ട് ചെയ്യാനോ അതിൽ നടപടിയെടുക്കാനോ സാധിച്ചിട്ടില്ല. കുടിവെള്ള പദ്ധതികളിൽ ശാസ്ത്രീയമായൊരു അപ്രോച്ച് വേണം. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഉടൻതന്നെ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും മന്ദഗതിയിൽ പോകുന്ന പദ്ധതികളെ വളരെ വേഗത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും കടൽവെള്ളം ശുദ്ധീകരിക്കുന്നതുപോലെ ലോകം സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണത്തിന്റെ ഗുണഭോക്താക്കൾ സംസ്ഥാനത്തെ ജനസംഖ്യയുടെ 56 ശതമാനമാണ്. ആയതിൽ വീടുകളിൽ വാട്ടർ കണക്ഷൻ ഉപയോഗപ്പെടുത്തുന്നവരും പൊതുടാപ്പുകൾ ഉപയോഗപ്പെടുത്തുന്നവരും ഉൾപ്പെട്ടിരിക്കുന്നു. കേരളത്തിൽ 941 ഗ്രാമപഞ്ചായത്തുകളിലെ 15962 വാർഡുകളിലായി ഗ്രാമീണ മേഖലയിൽ ഏകദേശം 60 ലക്ഷം വീടുകളുള്ളതിൽ കേരള വാട്ടർ അതോറിറ്റിയുടെ കണക്ഷൻ ഏകദേശം 13.3 ലക്ഷം വീടുകളിലും ജലനിധിയുടെ കണക്ഷൻ ഏകദേശം 4.3 ലക്ഷം വീടുകളിലും ലഭ്യമാണ്. ഇതുകൂടാതെ നാൽപ്പതിനായിരത്തോളം കണക്ഷനുകൾ തദ്ദേശസ്വയംഭരണ വകുപ്പും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ കേരളത്തിലെ ഗ്രാമീണ മേഖലയിൽ 30.7 ശതമാനം വീടുകളിൽ സ്വന്തമായി പൈപ്പ് കണക്ഷൻ നിലവിലുണ്ട്.

2016-19-ൽ 6284.29 കോടി രൂപയുടെ 422 വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി NABARD, STATE PLAN, KIIFB, AMRUT, NITI AYOG എന്നീ സാമ്പത്തിക സ്രോതസ്സുകളുടെ ധനസഹായം ലഭ്യമാക്കി. നാളിതുവരെ ചെറുതും വലുതുമായ 78 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും 350 ദശലക്ഷം ലിറ്ററോളം കുടിവെള്ളം അധികമായി ഉൽപ്പാദിപ്പിക്കുകയും 579002 അധിക വാട്ടർ കണക്ഷനുകൾ നൽകുകയും ചെയ്തു.

പദ്ധതികൾ നടപ്പാക്കുന്നതിൽ വരുന്ന കാലതാമസവും അധിക ചെലവുകളും വരുമാനരഹിത ജലത്തിന്റെ അളവ്, ജലം ശുദ്ധീകരിച്ച് വിതരണം നടത്താൻ ചെലവാകുന്ന തുകയും അതിൽനിന്ന് ലഭിക്കുന്ന വരുമാനവും തമ്മിലുള്ള അന്തരം, വർദ്ധിച്ച പ്രവർത്തനച്ചെലവുകൾ, വരവും ചെലവും തമ്മിലുള്ള അന്തരം എന്നിവ കേരള വാട്ടർ അതോറിറ്റി അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്.

സ്രോതസ്സിൽനിന്നും ജലം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ അതോറിറ്റി ചെലവഴിക്കുന്നത് ആയിരം ലിറ്ററിന് ഏകദേശം 24 രൂപയാണെന്നിരിക്കെ വളരെ കുറഞ്ഞ തുകയാണ് ഗുണഭോക്താക്കളിൽനിന്നും

ഈടാക്കുന്നത്. ഒരു ലിറ്ററിന് ശരാശരി ഒരു പൈസയിൽ താഴെമാത്രം ഈടാക്കിക്കൊണ്ടാണ് കേരള വാട്ടർ അതോറിറ്റി ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നത്. വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കാരണമുണ്ടാകുന്ന കുടിവെള്ളക്ഷാമം ലഘൂകരിക്കാൻ സ്രോതസ്സുകളിൽ പരമാവധി ജലം സംരക്ഷിക്കാനും ലഭ്യമായ ജലം സൂക്ഷ്മതയോടെ വിനിയോഗിക്കാനും ജലസംരക്ഷണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളും മറ്റ് ഗ്രാമീണ നഗര കുടിവെള്ള പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് വകുപ്പുകളിൽനിന്നുള്ള അനുമതി ലഭിക്കാനുള്ള കാലതാമസവും ഫീൽഡ് ലെവലിൽ ഉദ്യോഗസ്ഥരുടെ കുറവും പദ്ധതികളുടെ പ്രവർത്തനത്തെ ചിലപ്പോൾ ബാധിക്കാറുണ്ട്.

2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽപ്പെടുത്തിയതും കിഫ്ബി വഴി നടപ്പിലാക്കുന്നതുമായ 23 കുടിവെള്ള പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ അനുമതി സർക്കാരിൽനിന്നും കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. ഇവയിൽ 5 പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. കൂടാതെ 2017-18-ൽ ഉൾപ്പെട്ടിട്ടുള്ള 35 പദ്ധതികളിൽ 31 പദ്ധതികൾക്ക് 2223.184 കോടി രൂപയുടെ അനുമതിയും 2018-19-ൽ ഉൾപ്പെട്ടിട്ടുള്ള രണ്ട് കിഫ്ബി പദ്ധതികൾക്ക് 320.41 കോടി രൂപയുടെ അനുമതിയും ലഭ്യമായിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40-45 ശതമാനം വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ഇന്ത്യയിലെ തന്നെ പല സംസ്ഥാനങ്ങളിലും വരുമാനരഹിത ജലത്തിന്റെ അളവ് ഇതിലും കൂടുതലാണെന്ന് റിപ്പോർട്ടുകളുണ്ട്. എന്നാലും വരുമാനരഹിത ജലത്തിന്റെ അളവ് ഘട്ടംഘട്ടമായി കുറയ്ക്കാൻ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു. ആയതിന് ഭീമമായ മുതൽമുടക്ക് ആവശ്യമായതിനാൽ മുടക്കുന്ന തുകയ്ക്ക് ആനുപാതികമായി വരുമാന നേട്ടം ഉറപ്പാക്കേണ്ടതുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ ഉത്ഭവകാലം മുതൽ തന്നെ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധിവരെ സഹായകമാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാ തിരിച്ചടവ് എന്നിവയ്ക്കനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവുണ്ടാകുന്നില്ല. ഇതിനുപുറമെ 1-10-2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര

നിരക്കിൽ പ്രതിമാസം 15 കിലോലിറ്റർ വരെ വെള്ളം ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധനവിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇവ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു. കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയ വകയിലും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് വകയിലുമായി 472.71 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയായുണ്ട്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർക്കാത്തതിനാൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ട പ്രവൃത്തികൾ ചില മേഖലയിലെ കരാറുകാർ ഏറ്റെടുക്കുന്നതിന് താമസം വന്നിട്ടുണ്ട്. കൂടാതെ യഥാസമയം തുക കൊടുക്കാൻ സാധിക്കാത്തതിനാൽ സമയബന്ധിതമായി പല പദ്ധതികളും പൂർത്തിയാക്കാൻ സാധിക്കാതെ വരാറുണ്ട്. ഈ പ്രശ്നം ലഘൂകരിക്കുന്നതിനായി ആവശ്യപ്പെടുന്ന കരാറുകാർക്ക് ബാങ്ക് വായ്പാ സൗകര്യം ഏർപ്പെടുത്തി നൽകാറുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്യുന്ന കരാറുകാർക്ക് 14 മാസത്തെ കുടിശ്ശിക നൽകാനുണ്ട്. ആയതിൽ മൂന്ന് മാസത്തെ കുടിശ്ശിക തുക നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചി മെട്രോ നഗരത്തിനും വിശാലകൊച്ചി മേഖലയിലെ 5 മുനിസിപ്പാലിറ്റികൾക്കും 13 സമീപ പഞ്ചായത്തുകൾക്കും വേണ്ടി ഭാവിയിലെ ഉയർന്ന കുടിവെള്ള ആവശ്യകത കണക്കിലെടുത്ത് രൂപകൽപ്പന ചെയ്തിട്ടുള്ള 135 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ പ്രഥമ ഘട്ടത്തിൽ, ആലുവയിൽ കിണറും പമ്പ് ഹൗസും സ്ഥാപിച്ച് അവിടെ നിന്ന് പമ്പ് ചെയ്യുന്ന ജലം കളമശ്ശേരിയിൽ സ്ഥാപിക്കുന്ന 135 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച്, സംഭരണികളിൽ ശേഖരിച്ച് വിതരണം ചെയ്യുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഈ പദ്ധതിക്കായി 238.53 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചുവെങ്കിലും ശുദ്ധീകരണശാല നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. 135 എം.എൽ.ഡി. ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കളമശ്ശേരിയിലുള്ള കിൻഫ്രയുടെ ഹൈടെക് പാർക്കിൽ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 26-12-2018-ൽ കളമശ്ശേരി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിൽവച്ച് കിൻഫ്രയുടേയും കെ.ഡബ്ല്യൂ.എ.-യുടേയും ഉദ്യോഗസ്ഥരുടെ സംയുക്ത യോഗത്തിൽ കിൻഫ്രയുടെ അധീനതയിലുള്ള ഏകദേശം 8 ഏക്കർ സ്ഥലം ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയും അത് കെ.ഡബ്ല്യൂ.എ.-യ്ക്ക് വിട്ടുനൽകാമെന്ന് അറിയിക്കുക യുമുണ്ടായി. യോഗതീരുമാനപ്രകാരം സ്ഥലം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ

31-12-2018-ൽ നിശ്ചിത ഫീസായ 5,900 രൂപയുടെ ഡി.ഡി. സഹിതം കിൻഫ്രയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കെ.ഡബ്ല്യൂ.എ. ഉന്നത ഉദ്യോഗസ്ഥരുമായി 5-1-2018-ൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ എറണാകുളം ഗസ്റ്റ്ഹൗസിൽ വച്ച് ചർച്ച നടത്തുകയും അതിനെത്തുടർന്ന് കിൻഫ്ര മാനേജറുമൊരുമിച്ച് കിൻഫ്രയുടെ അധീനതയിലുള്ള കളമശ്ശേരിയിലെ നിർദ്ദിഷ്ട സ്ഥലം പരിശോധന നടത്തുകയുമുണ്ടായി. തുടർന്ന് 19-1-2019-ൽ കെ.ഡബ്ല്യൂ.എ.-യുടെ നേതൃത്വത്തിൽ ആലുവയിൽ കെ.ഡബ്ല്യൂ.എ.-യുടെ അധീനതയിലുള്ള ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള 3.90 ഏക്കർ സ്ഥലവും പ്രസ്തുത പദ്ധതിക്കായി പരിശോധന നടത്തിയിട്ടുണ്ട്. ആധുനിക രീതിയിലുള്ള ജലശുദ്ധീകരണശാല സ്ഥാപിക്കുകയാണെങ്കിൽ ആലുവയിൽ ലഭ്യമായ കെ.ഡബ്ല്യൂ.എ.-യുടെ സ്ഥലമാണ് ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കൂടുതൽ അനുയോജ്യവും ചെലവുകുറവുമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആലുവയിൽ ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുക്കുകയുണ്ടായി. സർവ്വേ, രൂപകല്പന എന്നിവ പൂർത്തീകരിച്ച് പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതിക്കായി ഒന്നാം ഘട്ടമായി 50 കോടി രൂപ 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നത് പരിഗണനയിലാണ്.

കളമശ്ശേരിയിലെ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽ നിന്നും 496 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുള്ളതായ കടുങ്ങല്ലൂർ പഞ്ചായത്തിലെ 7, 8 വാർഡുകളായ കുഞ്ഞുണ്ണിക്കര - ഉളിയന്നൂർ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്. 505 ലക്ഷം രൂപ ചെലവ് വരുന്ന പ്രസ്തുത പദ്ധതി കുഞ്ഞുണ്ണിക്കര – ഉളിയന്നൂർ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, അങ്ങ് കുറച്ചുകൂടി സ്പീഡായി കാര്യങ്ങൾ കൊണ്ടുപോകുന്നതിൽ വലിയ സന്തോഷമുണ്ട്. പക്ഷെ വാട്ടർ അതോറിറ്റിയുടെ എല്ലാ പ്രോജക്ട് വർക്കുകളും വളരെ മന്ദഗതിയിലാണ് പോകുന്നത്. അവ ത്വരിതപ്പെടുത്താനും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ; അതോടൊപ്പം ചെറുകിട കരാറുകാർക്ക് ധാരാളം കുടിശ്ശിക കൊടുക്കാനുള്ളതുകൊണ്ട് എവിടെയെങ്കിലും പൈപ്പ് പൊട്ടിയാൽപോലും അവർ അറ്റൻഡ് ചെയ്യുന്നില്ല. ചെറുകിട കരാറുകാർക്കുള്ള കുടിശ്ശിക തീർക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ടാങ്കും ഫിൽറ്റർ പ്ലാന്റുമെല്ലാം ഉണ്ടെങ്കിലും വിതരണം മാത്രം നടക്കുന്നില്ല. അത് കുറേക്കാലമായി അങ്ങനെ ഡെഡ് മണിയായി മുടങ്ങിക്കിടക്കുകയാണ്. അത് വിതരണം ചെയ്യണമെങ്കിൽ 11,000 കോടി രൂപയെങ്കിലും ആവശ്യമാണ്. അതുകൊണ്ട് ബാങ്കിൽ ഗ്യാരന്റി കൊടുത്തുകൊണ്ട് കരാറുകാരുടെ കുടിശ്ശിക നൽകാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. കഴിയുന്നത്ര അവരെ സഹായിക്കാൻ ശ്രമിക്കാം.

# IV. സബ്മിഷൻ

## (1) കേരള കലാമണ്ഡലത്തിന്റെ സബ് സെന്റർ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിലെ ഏവൂരിൽ 2014 ഫെബ്രുവരിയിൽ അന്നത്തെ സാംസ്കാരിക വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. സി. ജോസഫ് അനുവദിച്ചുതന്ന കേരള കലാമണ്ഡലത്തിന്റെ സബ് സെന്റർ പ്രവർത്തനം നല്ലനിലയിൽ നടന്നുവരികയാണ്. ഇപ്പോൾ അത് നിർത്തലാക്കാനുള്ള തീരുമാനമെടുത്തിരിക്കുന്നുവെന്ന വാർത്തയാണ് കഴിഞ്ഞദിവസം പുറത്തുവന്നത്. ഇവിടെ 140 കുട്ടികൾ ചെണ്ട, കഥകളി, മോഹിനിയാട്ടം എന്നിവ അഭ്യസിക്കുന്നുണ്ട്. കേരളത്തിലെ മധ്യതിരുവിതാംകൂറിൽ ഏറ്റവും നല്ല കഥകളി യോഗമുള്ള സ്ഥലമാണ് ഏവൂർ എന്നുപറയുന്ന പ്രദേശം. 25-ാം വാർഷികം ആഘോഷിച്ച 'മണിച്ചിത്രത്താഴ്' എന്ന സിനിമ മുഴുവൻ ഷൂട്ട് ചെയ്തത് ഏവൂർ ഗ്രാമപ്രദേശത്തുവച്ചാണ്. കഥകളി, മോഹിനിയാട്ടം തുടങ്ങിയ കലകൾക്ക് വളരെ പ്രാധാന്യമുള്ള സ്ഥലമായതുകൊണ്ടാണ് അന്നത്തെ സാംസ്കാരിക വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. സി. ജോസഫ് അവിടെ വന്ന് പരിശോധിച്ചതിനുശേഷം ഈ സ്ഥാപനം അനുവദിച്ചുനൽകിയത്. മൂന്ന് അദ്ധ്യാപകരും ഒരു അനദ്ധ്യാപികയുമുൾപ്പെടെയുള്ള ഈ സ്ഥാപനത്തിൽ ആഴ്ചയിൽ നാല് ദിവസം കുട്ടികളെ പഠിപ്പിച്ചുവരികയാണ്. നിലവിൽ ഈ സ്ഥാപനം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസ്തുത സ്ഥാപനത്തിനുവേണ്ടി സ്ഥലം വാങ്ങിക്കൊടുക്കാൻ തീരുമാനമെടുത്തു. എം.എൽ.എ. എന്നുള്ള നിലയിൽ ഞാൻ കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ടും അനുവദിച്ചിട്ടുണ്ട്. ആ സന്ദർഭത്തിലാണ് കലാമണ്ഡലത്തിന്റെ സബ് സെന്റർ നിർത്താനുള്ള തീരുമാനം എടുത്തതെന്നുള്ള വാർത്തയറിഞ്ഞത്. ദയവായി ഇത് നിലനിർത്താനുള്ള തീരുമാനമെടുക്കണമെന്ന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ 12-2-2014-ലെ സർക്കാർ ഉത്തരവുപ്രകാരമാണ് തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ പഠന കളരികൾ ആരംഭിക്കാൻ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലയിലെ ഏവൂർ, കോട്ടയം ജില്ലയിലെ കുടമാളൂർ, പത്തനംതിട്ട ജില്ലയിലെ അയിരൂർ, തിരുവല്ല, മലപ്പുറം ജില്ലയിലെ ശുകപുരം എന്നിവിടങ്ങളിൽ കലാസ്വാദന പഠന കളരികൾ ആരംഭിച്ചു. എന്നാൽ വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ വിവിധ സമയങ്ങളിലായി തിരുവനന്തപുരം, തിരുവല്ല എന്നിവിടങ്ങളിലെ കളരികൾ അടച്ചുപൂട്ടി. നിലവിൽ ആലപ്പുഴ ജില്ലയിലെ ഏവൂർ, കോട്ടയം ജില്ലയിലെ കുടമാളൂർ, പത്തനംതിട്ട ജില്ലയിലെ അയിരൂർ, മലപ്പുറം ജില്ലയിലെ ശുകപുരം എന്നീ നാല് കളരികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രതീക്ഷിച്ച രീതിയിൽ കലാപുരോഗതിക്കുവേണ്ടി തൃപ്തികരമായ പ്രവർത്തനം നടത്താൻ ഈ കളരികൾക്ക് കഴിയുന്നില്ലെന്ന് കലാമണ്ഡലം വിലയിരുത്തി. മാത്രമല്ല, യു.ജി.സി.-യുടെ 11-7-2016-ലെയും 20-2-2019-ലെയും റെഗുലേഷനിലെ വ്യവസ്ഥകളനുസരിച്ച് നാക് അക്രെഡിറ്റേഷൻ അല്ലെങ്കിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (എൻ.ഐ.ആർ.എഫ്.) റാങ്കിംഗോ കിട്ടിയതിനുശേഷം മാത്രമേ ഓഫ് ക്യാമ്പസ് സെന്ററുകൾ തുടങ്ങാൻ പാടുള്ളൂവെന്ന വ്യവസ്ഥയും വന്നു. അതിന്റെ അടിസ്ഥാനത്തിലാണ് കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റിയുടെ എക്സിക്യൂട്ടീവ് ബോർഡ് സംസ്ഥാനത്തെ മുഴുവൻ പഠന കളരികളും നിർത്തലാക്കാൻ തീരുമാനിച്ചത്. അതിനാൽ പുതിയ വിദ്യാർത്ഥി പ്രവേശനം നടത്താൻ പാടില്ലെന്ന് ബന്ധപ്പെട്ട കളരികളെ അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ പഠനം നടത്തുന്ന കുട്ടികളുടെ കോഴ്സ് പൂർത്തിയാക്കാൻ അനുവദിക്കും. അതേസമയം യു.ജി.സി.-യുടെ പ്രത്യേക അനുമതി ലഭിച്ചാൽ പഠന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് എക്സിക്യൂട്ടീവ് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കലാമണ്ഡലം കല്പിത സർവ്വകലാശാല നാക് അക്രെഡിറ്റേഷൻ തേടുന്നതിനുള്ള പ്രവർത്തനങ്ങളും പെട്ടെന്ന് നടത്തും. ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയാൽ ഈ കേന്ദ്രങ്ങളും ഓഫ് ക്യാമ്പസുകളാക്കി മാറ്റുന്നതിന് മുൻഗണന നൽകും. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിലുള്ള സ്ഥാപനത്തിൽ ചെണ്ട, മോഹിനിയാട്ടം, കഥകളി തുടങ്ങിയ കലാരൂപങ്ങൾ നല്ല രീതിയിൽ അഭ്യസിപ്പിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അത് പൂട്ടേണ്ട സ്ഥിതിവിശേഷം ഇപ്പോൾ ഉണ്ടാകുകയില്ല. നാക്-ന്റെയും എൻ.ഐ.ആർ.എഫ്.-ന്റെയും റാങ്കിംഗ് ഒരു പ്രധാന

വിഷയമായി വന്നിരിക്കുകയാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഈ റാങ്കിംഗ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. കെ. സി. ജോസഫ്: സർ, ഇക്കൊല്ലം പുതിയ അഡ്മിഷൻ ഇല്ലല്ലോ; ......(മൈക്ക് ഓഫ്).......... അതിന്റെ അർത്ഥം അടുത്ത കൊല്ലം അടച്ചുപൂട്ടേണ്ട സ്ഥിതിയാണെന്നല്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, അത് അടച്ചുപൂട്ടേണ്ട സ്ഥിതി വരില്ലായെന്ന് ഞാൻ പറഞ്ഞതാണ്. ഇപ്പോൾ കൃത്യമായി പഠിക്കുന്ന സ്ഥലങ്ങളിൽ ബുദ്ധിമുട്ടില്ലാത്ത രീതിയിൽ തുടർന്നുപോകാൻ ഈ റാങ്കിംഗ് ഒരാവശ്യമായി വന്നിട്ടുണ്ട്. ഞാൻ അത് സർവ്വകലാശാലയുമായി ബന്ധപ്പെട്ട് അന്വേഷിച്ചിട്ട് പറയാം. എന്തായാലും വലിയ ബുദ്ധിമുട്ടുണ്ടാകുകയില്ല.

## (2) ആൾക്കൂട്ട ആക്രമണങ്ങൾ

ഡോ. എം. കെ. മുനീർ: സർ, വളരെ സുപ്രധാനമായ വിഷയമാണ് ഞാൻ സഭയുടെ മുമ്പിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. കഴിഞ്ഞ കുറച്ചുനാളുകളായി വിദ്വേഷ രാഷ്ട്രീയത്തിന് (hate politics) വിധേയമായി ധാരാളം ആൾക്കൂട്ട കൊലപാതകങ്ങൾ ഇന്ത്യയിൽ നടക്കുന്നു. മറ്റുള്ള വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ ആൾക്കൂട്ട കൊലപാതകം നടന്ന (mob lynching) കാലമായിരുന്നു കഴിഞ്ഞ അഞ്ച് വർഷം. ഇന്ത്യയിൽ ഇതിനെതിരെ ധാരാളം ശബ്ദങ്ങൾ മുഴങ്ങിയിട്ടുണ്ട്. ആൾക്കൂട്ട കൊലപാതകങ്ങൾക്കെതിരെ സർവ്വശ്രീ കനയ്യ കുമാറും ജിഗ്നേഷ് മേവാനിയും തെഹസിൻ പൂനാവാലയുംകൂടി 'മാനവ് സുരക്ഷാ കാനൂൻ' (മസുക) എന്നൊരു ഡ്രാഫ്റ്റ് ബിൽ തയ്യാറാക്കി. ഇതിന്റെയടിസ്ഥാനത്തിൽ 2017-ൽ ശ്രീ. കെ. ടി. എസ്. തുളസി രാജ്യസഭയിൽ ഒരു ബിൽ (Protection from lynching bill) കൊണ്ടുവന്നു. പക്ഷെ ഇതൊന്നും ഫാസിസ്റ്റ് സർക്കാർ മുഖവിലയ്ക്കെടുത്തില്ലെന്ന് മാത്രമല്ല അത് തള്ളിക്കളയുകയും ചെയ്തു. ഇതിനെക്കുറിച്ച് "Horrendous acts of mobocracy" എന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്. മാത്രമല്ല, സെൻട്രൽ ഗവൺമെന്റും സ്റ്റേറ്റ് ഗവൺമെന്റുകളും ഇരുമ്പ് മുഷ്ടി ഉപയോഗിച്ചുകൊണ്ട് ഇതിനെ നേരിടാൻ ധൈര്യം കാണിക്കണമെന്നാണ് (to take preventive remedial and curative measures with iron hand) സുപ്രീംകോടതി പറഞ്ഞത്. ഇത് പാലിക്കാത്തവർ deliberate negligence വരുത്തിയതായി കാണേണ്ടി വരുമെന്നും സുപ്രീംകോടതി പറഞ്ഞു. എവിടെയും ആരും അത് ശ്രദ്ധിച്ചില്ല. ഏറ്റവും അവസാനം ഝാർഖണ്ഡിൽ തബ്രിസ് അൻസാരിയെ കൊലചെയ്തത് നമ്മൾ കണ്ടു. ആ വ്യക്തിയെ ഒരു മരത്തിൽ കെട്ടിയിട്ട് 'ജയ് ശ്രീറാം', 'ജയ് ഹനുമാൻ'

എന്നുവിളിക്കണമെന്ന് ആവശ്യപ്പെട്ടു. ജീവൻ തിരിച്ചുകിട്ടുമെന്ന് വിചാരിച്ച് അവൻ 'ജയ് ശ്രീറാം', 'ജയ് ഹനുമാൻ വിളിച്ചു'. പക്ഷെ ആ ക്രൂര ആൾക്കൂട്ടം അവനെ വെറുതെ വിട്ടില്ല, തല്ലിക്കൊന്നു. ഇതുപോലെതന്നെ ജുനൈദിന്റെയും തഹല്ലൂഖാന്റെയും അഹ്ലാഖിന്റെയും വിഷയവും നമുക്കറിയാം. മാത്രമല്ല, പൂനെയിലെ ദളിത് സഹോദരങ്ങളെ നഗ്നരാക്കി ഒരു വാഹനത്തിൽ കെട്ടിയിട്ട് പരസ്യമായി അവഹേളിക്കുകയും അടിക്കുകയും വലിച്ചിഴച്ച് കൊണ്ടുപോകുകയും ചെയ്തത് നമ്മൾ കണ്ടു. ഈ രാജ്യത്ത് ഏറ്റവും കൂടുതൽ ആൾക്കൂട്ട കൊലപാതകങ്ങൾക്ക് വിധേയമാകുന്നത് മുസ്ലീങ്ങളും ദളിതരും പിന്നോക്ക വിഭാഗങ്ങളുമാണ്. എന്തിനധികം, ആദിവാസികൾപോലും ഇവരുടെ ആക്രമണത്തിന് വിധേയരാകുന്നു. പക്ഷെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇതൊന്നും കണ്ടില്ലെന്നാണ് എപ്പോഴും നടിക്കുന്നത്. അദ്ദേഹം നിശബ്ദനായി നിൽക്കുകയാണ്. കാരണം എന്താണ്; ഇപ്പറഞ്ഞ പശുവിന്റെയും പിങ്ക് റെവല്യൂഷന്റെയും പേരിലാണ് അദ്ദേഹം അധികാരത്തിൽ വന്നത്. അതുകൊണ്ട് അദ്ദേഹത്തിന് ശബ്ദിക്കാൻ പറ്റില്ല. ഇത് പതുക്കെ പതുക്കെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കയറിവരികയാണ്. പെർലക്കിന് സമീപം എൻമകജെ എന്ന സ്ഥലത്ത് ഒരു പിക്കപ്പ് വാനിൽ പശുവിനെ കടത്തിയെന്ന് പറഞ്ഞ് ബജ്റംഗ്ദൾ പ്രവർത്തകർ കുറെയധികം ആളുകളെ അടിച്ച് ഓടിക്കുകയും പരിക്കേൽപ്പിക്കുകയുമുണ്ടായി. നമുക്ക് ഇതൊക്കെ നോക്കി നിൽക്കാനേ സാധിക്കുകയുള്ളൂ. ഐ.പി.സി.-യിൽ lynching എന്ന വാക്കേയില്ല. എന്നാൽ ക്രിമിനൽ പ്രൊസിഡ്യൂവർ കോഡ് സെക്ഷൻ 223 (എ)-യിൽ mob എന്ന വാക്കുണ്ട്. പക്ഷെ ഇതിന്റെയൊന്നും വെളിച്ചത്തിൽ ഇവരെ നേരിടാൻ കഴിയില്ല. കേരളത്തിലേയ്ക്കും mob lynching പതുക്കെ പതുക്കെ കടന്നുവരികയാണ്. ഇന്ത്യയിൽ ഭയാനകമായ അവസ്ഥയാണ്. അതുപോലെ ജുനൈദിനെ കൊല്ലുന്ന സമയത്ത് ആ കമ്പാർട്ട്മെന്റിലെ ആർക്കും, ജുനൈദിനെ ആക്രമിക്കുന്നവരുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. പക്ഷെ അക്രമകാരികൾ 'ഇവൻ നമ്മുടെ ജന്മശത്രുവാണ് അതുകൊണ്ട് ഇവനെ അടിക്കാൻ നിങ്ങളും കൂടെക്കൂടണമെന്ന്' പറഞ്ഞപ്പോൾ ജുനൈദിനെ ഒരു പരിചയമില്ലാത്തവരും കൂടെക്കൂടി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്, പ്ലീസ്...

<u>ഡോ. എം. കെ. മുനീർ</u>: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഒരു മിനിട്ടേ എടുക്കൂ. നമ്മുടെ രാജ്യത്തേയ്ക്ക് കടന്നുവരുന്ന ഈ ഭയാനകരമായ അവസ്ഥ ഇവിടെ അവതരിപ്പിച്ചില്ലെങ്കിൽ അത് സമൂഹത്തോട് ചെയ്യുന്ന അനീതിയായിരിക്കും. ജുനൈദിനെ അക്രമകാരികൾ ആക്രമിക്കുമ്പോൾ കമ്പാർട്ട്മെന്റിലെ ആളുകൾക്ക് ജുനൈദിനെ അറിയില്ല. 'നിങ്ങൾ നമ്മുടെ

ജന്മശത്രുവിനെ അക്രമിക്കാൻ കൂടെകൂടണമെന്ന് പറഞ്ഞപ്പോൾ ഒരു പരിചയമില്ലാത്തവരും കൂടെക്കൂടി ജുനൈദിനെ കൊല്ലുകയാണ് ചെയ്തത്. Hate politics-ലൂടെ ജനങ്ങളുടെ ഹൃദയത്തിൽ അത്രമാത്രം വിദ്വേഷം ജനിപ്പിച്ചിരിക്കുന്നു. വലിയൊരു polarization-നും dehumanisation process-ഉം ഈ രാജ്യത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ നമ്മൾ മുമ്പെ പറക്കുന്ന പക്ഷികൾ എന്ന നിലയ്ക്ക് കേരളം ആദ്യമായി ഇതിനെ എല്ലാതലത്തിലും അപലപിച്ചുകൊണ്ട് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി ഒരു നിയമനിർമ്മാണം നടത്താൻ നമ്മുടെ നിയമസഭ തയ്യാറാകണം. 'ആലന്തപച്ചി' എന്നൊരു പുസ്തകം പെരുമാൾ മുരുകൻ എഴുതിയിട്ടുണ്ട്. ആലന്തപച്ചി വൃത്തികെട്ട/നീചൻമാരെ റാഞ്ചിക്കൊണ്ടുപോകും. എന്നാൽ നല്ല മനുഷ്യരെ സംരക്ഷിക്കുകയും ചെയ്യും. ഇന്ത്യയിലെ മുഴുവൻ നല്ലവരായ മനുഷ്യരെയും സംരക്ഷിക്കുന്ന ആലന്തപച്ചിയായി കേരള നിയമസഭയ്ക്ക് മാറാൻ കഴിയട്ടെയെന്ന് പറയുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് ആൾക്കൂട്ട കൊലപാതകം ഇന്ന് കേരളത്തിലേയ്ക്കും വരുന്നുവെന്നത് ആശങ്കാജനകമായൊരു കാര്യമാണ്. അതുകൊണ്ട് ആൾക്കൂട്ട കൊലപാതകങ്ങൾക്കെതിരെ ഈ സഭ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കണം. സർക്കാർ ഇത് കൊണ്ടുവന്നാൽ ഞങ്ങൾ പിന്തുണയ്ക്കും.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വളരെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദീകരിച്ചത്. തീർച്ചയായും പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്. പശുവിന്റെ പേരിലുള്ള ആൾക്കൂട്ട കൊലപാതകങ്ങൾ തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികളിൽ വിധി പറഞ്ഞുകൊണ്ട് രാജ്യത്ത് വലിയ വിപത്തായി മാറിയ പശുസംരക്ഷണ ആൾക്കൂട്ട ആക്രമണങ്ങളെ കോടതി ശക്തമായി വിമർശിക്കുകയുണ്ടായി. ഇത്തരം ആൾക്കൂട്ട കൊലപാതകങ്ങളും അക്രമങ്ങളും തടയുന്നതിനും അക്രമകാരികൾക്ക് മതിയായ ശിക്ഷ ഉറപ്പുവരുത്തുന്നതിനുമായി കേന്ദ്ര സർക്കാർ നിയമം കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെ നിർദ്ദേശിച്ചിരിക്കുകയാണ്. ആൾക്കൂട്ട ആക്രമണങ്ങൾ നേരിടുന്നതിന് വ്യക്തമായ നിയമം നിർമ്മിക്കണമെന്ന നിർദ്ദേശം തികച്ചും സ്വാഗതാർഹമാണ്. പശുവിന്റെ പേരിൽ അല്ലെങ്കിൽപ്പോലും കേരളത്തിൽ ആൾക്കൂട്ട ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് 7-8-2018-ലും 5-9-2018-ലും സംസ്ഥാന പോലീസ് മേധാവി ഇക്കാര്യത്തിൽ ജാഗ്രതാ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവികളെ നോഡൽ ഓഫീസർമാരായും ഇവരെ സഹായിക്കുന്നതിനായി ഓരോ

ഡിവൈ.എസ്.പി.-മാരെയും നിയോഗിച്ചിട്ടുണ്ട്. സാമൂഹ്യ മാധ്യമങ്ങളിലൂടെയും അല്ലാതെയുമുള്ള ഇത്തരം പ്രചരണങ്ങളെ തടയുന്നതിന് ഒരു പ്രത്യേക ടാസ്ക്ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഡോ. എം. കെ. മുനീറും ഉന്നയിച്ചതുപോലെ ഒരു പ്രത്യേക പ്രമേയം കൊണ്ടുവരുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## (3) അടയ്ക്ക കർഷകർക്കുള്ള നഷ്ടപരിഹാരം

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിലെ കവുങ്ങ് കൃഷിക്കാർ നേരിടുന്ന പ്രശ്നം പരിഹരിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കവുങ്ങ് കൃഷി ചെയ്യുന്ന ജില്ലയാണ് കാസർഗോഡ്. കാസർഗോഡ് ജില്ലയിൽ പാരമ്പര്യമായി കവുങ്ങ് കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള 50000-ത്തോളം കർഷകരുണ്ട്. 2000 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്യുന്നുണ്ട്. ആദ്യകാലത്ത് ഈ കർഷകരെ സഹായിക്കുന്നതിനായി ആരംഭിച്ച കാംപ്കോ എന്നൊരു സഹകരണ സ്ഥാപനം കർണാടകയിലുണ്ടായിരുന്നു. കേരള ഗവൺമെന്റും കർണാടക ഗവൺമെന്റും സമമായി ഷെയർ എടുത്ത് നടത്തിക്കൊണ്ടു പോന്നൊരു സ്ഥാപനമായിരുന്നു. നിയമാവലിയുടെ അടിസ്ഥാനത്തിൽ അതിപ്പോൾ കർണാടക ഗവൺമെന്റ് സ്വന്തമാക്കിയി രിക്കുകയാണ്. അവിടെനിന്നുള്ള സഹായം കാസർഗോഡിലെ കൃഷിക്കാർക്ക് ഇപ്പോൾ ലഭിക്കുന്നില്ല. കാസർഗോഡ് ജില്ലയിൽ പ്രത്യേകിച്ച് ഒരു അഗ്രോ പാർക്ക് അനുവദിക്കണമെന്ന് പല പ്രാവശ്യം ആവശ്യപ്പെട്ടതായിരുന്നു. അതും ഇതുവരെ പരിഗണിച്ചിട്ടില്ല. അതുകൂടി പരിഗണിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ വർഷത്തെ അതിവർഷത്തിലും മഹാളി, കുമ്പുചീയൽ, മഞ്ഞളിപ്പ് രോഗങ്ങൾമൂലവും അടയ്ക്കാ കൃഷി പൂർണ്ണമായും നശിച്ചു. തുടർന്നുവന്ന രൂക്ഷമായ വരൾച്ച ജലസേചനത്തിനുള്ള സൗകര്യം ഇല്ലാതാക്കി. കവുങ്ങിന്റെ തല ഉണങ്ങി ലക്ഷക്കണക്കിന് കവുങ്ങുകൾ നശിച്ചു. ഈ കൃഷിക്കാരെ സഹായിക്കാനായി 2019-20 സാമ്പത്തിക വർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും നാശനഷ്ടത്തിന്റെ കണക്ക് നോക്കിയാൽ ഈ തുക വളരെ കുറവാണ്. ആയതിനാൽ ഈ വിഷയങ്ങൾ വിശദമായി പരിശോധിച്ച് ജില്ലയിലെ കവുങ്ങ് കൃഷിക്കാരെ സഹായിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുകയും നിശ്ചയിച്ച 2 കോടി രൂപ കുറച്ചുകൂടി വർദ്ധിപ്പിക്കുകയും ചെയ്യാനുള്ള നടപടി ബഹുമാനപ്പെട്ട കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കാസർഗോഡ് ജില്ലയിലെ പ്രധാനപ്പെട്ട വിളയാണ് കവുങ്ങ്. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെത്തുടർന്ന് 22.148 ഹെക്ടർ സ്ഥലത്തെ 30200 കവുങ്ങുകൾ പൂർണ്ണമായി നശിച്ചുപോയി. നഷ്ടപരിഹാരമായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം 2392 കർഷകർക്കായി 45,02,005 (നാൽപ്പത്തിയഞ്ച് ലക്ഷത്തി രണ്ടായിരത്തി അഞ്ച്) രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 55 കർഷകർക്ക് 547 കവുങ്ങുകൾക്കുള്ള നഷ്ട പരിഹാരത്തുകയായി 90,10,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ കവുങ്ങ് കർഷകരിൽ വളരെ കുറച്ചുപേർ മാത്രമേ വിള ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ജൂലൈ മാസം ഒന്നാം തീയതി ആരംഭിച്ചിരിക്കുന്ന ഈ വർഷത്തെ വിള ഇൻഷ്വറൻസ് ക്യാമ്പയിനിൽ ഈ വിഷയം പ്രത്യേകം പരിഗണിച്ച് എല്ലാ കർഷകരെയും വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ പ്രകാരം കവുങ്ങ് കൃഷിയുടെ വിസ്തൃതിയിൽ പ്രകടമായ മാറ്റം കാണുന്നില്ലെങ്കിലും അതിന്റെ ഉൽപ്പാദനം കുറഞ്ഞുവരുന്നതായി കാണുന്നു. ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന fruit rot, മഹാളി എന്ന കുമിൾരോഗം, രോഗ നിയന്ത്രണത്തിനായി അവലംബിക്കുന്നതിനുള്ള ചെലവ്, നല്ലയിനം നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്, കൃഷി ചെലവുകൾക്കാവശ്യമായ സാമ്പത്തിക സഹായം ലഭിക്കാത്തതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ കുറവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ്, വിലയിലുണ്ടായ വ്യത്യാസം തുടങ്ങിയ കവുങ്ങ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന നിരവധി ഘടകങ്ങൾ ഇവിടെയുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അവിടെയുണ്ടായിരുന്ന ഒരു സൊസൈറ്റി ഇപ്പോൾ കർണാടക ഗവൺമെന്റാണ് കൈകാര്യം ചെയ്യുന്നത്. അതിനുള്ള സഹായം ഇപ്പോൾ കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടുന്നില്ല. കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി കവുങ്ങ് കൃഷിക്കുവേണ്ടി പ്രത്യേകം ഫണ്ട് മാറ്റിവയ്ക്കുന്ന സാഹചര്യമുണ്ടായിരുന്നു. ബഹുമാനപ്പെട്ട അംഗം പലതവണ ഇവിടെ ഉന്നയിച്ചതിന്റെ ഫലമായി 2019-20 സാമ്പത്തിക വർഷം കൃഷി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ 'കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി' എന്ന പേരിൽ ഒരു പുതിയ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. 2 കോടി രൂപയാണ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്. കൃഷി വ്യാപനം, വിളപരിപാലനം, സസ്യ സംരക്ഷണം എന്നീ ഘടകങ്ങൾക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകുന്ന പ്രോജക്ടാണ് തയ്യാറാക്കുന്നത്. ഇതിൽ പുതുകൃഷി വ്യാപനത്തിനായി കർഷകർ മുഖേന നല്ലയിനം നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും പ്രായാധിക്യമുള്ളതും രോഗബാധിതവുമായ കവുങ്ങുകൾ മുറിച്ചുമാറ്റി പകരം തൈകൾ നട്ടുപിടിപ്പിക്കുക,

മഹാളി രോഗബാധയ്ക്കെതിരെ സസ്യസംരക്ഷണ നടപടികൾ ചെയ്യുക തുടങ്ങിയവയും Pradhan Mantri Krishi Sinchayee Yojana (PMKSY)-യുമായി ബന്ധപ്പെടുത്തി ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം തുടങ്ങിയ ഘടകങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. കവുങ്ങ് കൃഷിക്കാരെ സംബന്ധിച്ച എല്ലാ വിഷയങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയില്ലെങ്കിലും കഴിഞ്ഞ കുറേ കാലങ്ങളായി ഉണ്ടായിരുന്ന മുരടിപ്പിന് മാറ്റം വരുത്തിക്കൊണ്ട് ഈ വർഷം മുതൽ ഈ പദ്ധതി ആരംഭിക്കുകയാണ്. ആവശ്യമായി വരികയാണെങ്കിൽ അധികം തുക അടുത്ത സാമ്പത്തിക വർഷം കൊടുക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## (4) കാരുണ്യ ബെനവലന്റ് പദ്ധതി

ശ്രീ. പി. ജെ. ജോസഫ്: സർ, ലോട്ടറി ടിക്കറ്റ് വിൽപ്പനകൊണ്ട് കിട്ടുന്ന വരുമാനം വഴി വളരെ കുറഞ്ഞ സമയംകൊണ്ട് 2,39,000 ആളുകൾക്ക് 2318 കോടി രൂപയുടെ ചികിത്സാ അനുമതി ലഭിക്കുന്നു. ബി.പി.എൽ.-കാർക്കും റേഷൻ കാർഡിൽ മൂന്ന് ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്കും അപേക്ഷിക്കാമായിരുന്നു; അപേക്ഷിച്ചാൽ വളരെ വേഗത്തിൽ ചിലപ്പോൾ 24 മണിക്കൂറിനുള്ളിൽ തന്നെ സഹായം ലഭിക്കുന്ന സ്ഥിതിയുണ്ടായിരുന്നു. ഹൃദ്രോഗം, വൃക്കരോഗം, കാൻസർ, കരൾ രോഗം തുടങ്ങിയവ ബാധിച്ച പാവപ്പെട്ട ആളുകൾക്ക് ചികിത്സാ ചെലവുകൾ താങ്ങാൻ പറ്റാത്ത സാഹചര്യമുണ്ടായതിനെത്തുടർന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിയാണ് 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കാരുണ്യ പദ്ധതി അവതരിപ്പിച്ചത്. ഇക്കാര്യങ്ങൾ വളരെ വേഗത്തിൽ സുതാര്യമായി നീങ്ങിയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ജില്ലാതല സമിതിയുടെ ശിപാർശപ്രകാരം ഫണ്ട് രേഖപ്പെടുത്തി തിരുവനന്തപുരത്ത് കാരുണ്യ ബെനവലന്റ് ഫണ്ട് ആസ്ഥാനത്തേയ്ക്ക് റിപ്പോർട്ട് നൽകിയാൽ തുക ബന്ധപ്പെട്ട ആശുപത്രിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഉടനെയെത്തുന്ന സ്ഥിതിയായിരുന്നു. ഇപ്പോൾ എന്താണ് സംഭവിക്കുന്നത്? ആർ.സി.സി., ശ്രീചിത്ര തുടങ്ങിയ വലിയ സ്ഥാപനങ്ങളിൽ ഇത് തുടരാനുള്ള നടപടിയായിട്ടില്ല. ഇന്നുമുതൽ അപേക്ഷ കൊടുക്കണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. ഹെൽത്ത് കാർഡ് ആർക്കെല്ലാമാണുള്ളത്; എ.പി.എൽ.-കാർക്ക് ഹെൽത്ത് കാർഡുണ്ടോ? ഇല്ല. അങ്ങനെ വരുമ്പോൾ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട വളരെ പാവപ്പെട്ട, ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകൾക്ക് വലിയ ചെലവുവരുന്ന ചികിത്സ ലഭിക്കാതെ പോകുകയാണ്. കാരുണ്യ പദ്ധതി എന്തിനാണ് മാറ്റുന്നത്? ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു കത്ത് നൽകിയിരുന്നു. കെ. എം. മാണി പേരിൽ തുടങ്ങിയ കാരുണ്യ പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി കുറച്ചുകൂടി മെച്ചപ്പെട്ട

രീതിയിൽ വേഗത്തിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കണം. ഇത് ഗവൺമെന്റ് ഫണ്ടല്ല. ലോട്ടറി വിൽപ്പന വഴി കിട്ടുന്ന ഫണ്ടാണ്. നേരത്തെ സാന്റിയാഗോ മാർട്ടിന്റെ പേരിൽ ലോട്ടറിയെക്കുറിച്ച് മോശമായ അഭിപ്രായമുണ്ടായിരുന്നു. അതൊക്കെ മാറി. കാരുണ്യ ലോട്ടറി എന്ന പേര് വന്നപ്പോൾ തന്നെ ലോട്ടറിയുടെ ഇമേജ് മാറി. സാധാരണ ഒരു ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവന്നാൽ സമയത്തൊന്നും ഏറ്റവും അടിയന്തര ചികിത്സ ലഭിക്കേണ്ട ആളുകൾക്ക് അതിന്റെ ഗുണം ലഭിക്കില്ല. ഇന്ന് ആർ.സി.സി.യുടെയും ശ്രീചിത്രയുടെയും സ്ഥിതി എനിക്കറിയില്ല. വളരെ വിജയകരമായി നടപ്പിലാക്കിയ, എല്ലാവരാലും സ്വാഗതം ചെയ്യപ്പെട്ട ഈ പദ്ധതി കെ. എം. മാണിയോടുള്ള ആദരവായി കണക്കാക്കി തുടർന്നും നടപ്പാക്കാൻ നടപടി സ്വീകരിക്കണം. എല്ലാവർക്കും ഗുണം ലഭിക്കുന്ന ഒരു പദ്ധതിയാണിത്. ഇതിൽ രാഷ്ട്രീയമില്ല. പാവപ്പെട്ട ആളുകൾ അപേക്ഷിച്ചാൽ വളരെ വേഗത്തിൽ, സുതാര്യമായി ചികിത്സാ സഹായം ലഭിക്കുന്ന കാരുണ്യ പദ്ധതി തുടർന്നും നടപ്പാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ബഹുമാനപ്പെട്ട പി. ജെ. ജോസഫ് പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതിയായിരുന്നു കാര്യണ്യ ബെനവലന്റ് പദ്ധതി. കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ രണ്ട് ലക്ഷത്തി മുപ്പതിനായിരത്തിൽപ്പരം ആളുകൾക്ക് രണ്ടായിരത്തി മുന്നൂറോളം കോടി രൂപയുടെ ആനുകൂല്യങ്ങൾ ഇതുവഴി നൽകിയിട്ടുണ്ട്. അതിനുള്ള പണം നമ്മുടെ ബഡ്ജറ്റിൽ നിന്നുതന്നെയാണ് ചെലവഴിച്ചിട്ടുള്ളത്. ലോട്ടറിയും ബഡ്ജറ്റിൽ വന്നിട്ടാണ് പോകുന്നത്. കെ. എം. മാണി നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്ന പരിഷ്കാരങ്ങളിൽ ഒരു പ്രധാനപ്പെട്ട പദ്ധതിയാണ് കാരുണ്യ പദ്ധതിയെന്ന് അദ്ദേഹത്തിന്റെ ചരമവേളയിൽ ഞാൻ ഇവിടെ എടുത്തുപറഞ്ഞിട്ടുള്ള കാര്യമാണ്. അക്കാര്യത്തിലൊന്നും തർക്കമില്ല. പക്ഷെ ഇതിനിടയിൽ കേന്ദ്രസർക്കാർ ആയുഷ്മാൻ ഭാരത് സ്കീം കൊണ്ടുവന്നു. അത് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയേ തീരൂ. അപ്പോൾ ആദ്യം സർക്കാർ ആലോചിച്ചത് ആർ.എസ്.ബി.വൈ. പോലെ ഒന്നോ രണ്ടോ ലക്ഷം രൂപയ്ക്കുള്ള ഇൻഷ്വറൻസ്, അതിനുമുകളിൽ കാരുണ്യ പദ്ധതിപോലെയുള്ള അഷ്വറൻസ് സ്കീമായി ഒരു ഹൈബ്രിഡ് സ്കീം നടപ്പാക്കുന്നതിനാണ്. അതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വിളിച്ചപ്പോൾ ടെണ്ടറിന് നമുക്ക് ലഭിച്ച ക്വാട്ടുകൾ 50,000 രൂപ വരെയുള്ളതിനാണെങ്കിൽ 1538 രൂപ പ്രീമിയം, ഒരു ലക്ഷം രൂപ വരെയാണെങ്കിൽ 1591 രൂപ പ്രീമിയം, രണ്ട് ലക്ഷം രൂപ വരെയാണെങ്കിൽ

1631 രൂപ പ്രീമിയം, 5 ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസാണെങ്കിൽ 1671 രൂപ പ്രീമിയം. 5 ലക്ഷം രൂപയുടെ ആനുകൂല്യം ലഭിക്കാൻ രണ്ട് ലക്ഷത്തിന്റെ പ്രീമിയത്തിനേക്കാളും 40 രൂപയേ കൂടുതൽ വരുന്നുള്ളൂ. സ്വാഭാവികമായും 5 ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് എടുത്തില്ലെങ്കിൽ ഇൻഷ്വറൻസ് കമ്പനി ഇത്ര തുക വച്ചിട്ടും അതിനെ തള്ളിക്കളഞ്ഞുവെന്നുള്ള വിമർശനം നിങ്ങൾ തന്നെ ഉയർത്തും. അങ്ങനെ 5 ലക്ഷം രൂപവരെയുള്ള ഇൻഷ്വറൻസ് സ്കീം വന്നു. അത് വന്നതിന്റെ പശ്ചാത്തലത്തിൽ കാരുണ്യ പദ്ധതി ഇന്നത്തേതുപോലെ തുടരുന്നതിൽ അർത്ഥമില്ല. വിപരീത ഫലമുണ്ടാക്കിയേയ്ക്കും. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കാം. കാരുണ്യ പദ്ധതിയിൽ 2 ലക്ഷം രൂപവരെയാണ് ആനുകൂല്യം. ഇവിടെ 5 ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കും. കാരുണ്യ പദ്ധതിയിൽ ബി.പി.എൽ. മാത്രമല്ല മൂന്ന് ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള എ.പി.എൽ. വിഭാഗക്കാരും ഉൾപ്പെടുന്നുണ്ട്. ഇപ്പോഴുള്ള ഇൻഷ്വറൻസ് സ്കീമിലും അത് ലഭിക്കും. അതുപോലെ ബി.പി.എൽ. വിഭാഗത്തിന് പുറമെ 42 ലക്ഷം കുടുംബങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എ.പി.എൽ. കുടുംബങ്ങളും വരും. മൂന്ന് ലക്ഷത്തിൽ താഴെ വരുമാനമുള്ള ഏതെങ്കിലും എ.പി.എൽ. കുടുംബങ്ങൾ ഇനിയും ഉൾപ്പെട്ടിട്ടില്ലെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിൽ വിരോധമില്ല. ഉൾപ്പെടുത്തണമെന്ന് തന്നെയാണ് ആഗ്രഹവും. 32-33 ലക്ഷം കുടുംബങ്ങളും 10 ലക്ഷം വരുന്ന എംപ്ലോയീസ് പെൻഷനേഴ്സ്, ഇ.എസ്.ഐ. സ്കീമിൽ വരുന്ന അഞ്ചോ ആറോ ലക്ഷം ആൾക്കാർ, 80 ലക്ഷം കുടുംബങ്ങളിലുള്ളതിൽ 65 ലക്ഷം പേർക്ക് കവറേജ് വരുന്നതാണ്. ബാക്കി 15 ലക്ഷം കുടുംബങ്ങളുണ്ട്. അവർക്ക് 3 ലക്ഷം രൂപയിൽ താഴെയാണ് വരുമാനമുള്ളതെങ്കിൽ ഉൾപ്പെടുത്താൻ വിരോധമില്ല. അതിന് മുകളിലാണ് വരുമാനമെങ്കിൽ അവരെയും ഇതിൽ കൊണ്ടുവരണമെന്നാണ് ആഗ്രഹം. പക്ഷെ ഒറ്റയ്ക്ക് പദ്ധതിയിൽ ചേർക്കാൻ സാധിക്കില്ല. മറിച്ച് പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി ബാക്കിയുള്ള മുഴുവൻ പേരും പ്രീമിയം എടുക്കാൻ തീരുമാനിച്ചാൽ ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച ചെയ്ത് അവരെക്കൂടി ഉൾപ്പെടുത്താം. അത്തരത്തിൽ യൂണിവേഴ്സൽ ഹെൽത്ത് കവറേജ് വരുന്ന ഒരു സംവിധാനമാണ്.

<u>മി. സ്പീക്കർ</u>: കാരുണ്യ എന്ന പേര് നിലനിർത്തിക്കൊണ്ടുതന്നെ ചെയ്തുകൂടെ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അതിനെക്കുറിച്ച് ഞാൻ അവസാനം പറയാം. ഇത്തരത്തിൽ വിപുലമായ പരിപാടിയാണ്. കാരുണ്യ പദ്ധതിക്ക് ഒരു പരിമിതിയുണ്ട്. ഒരു കുടുംബത്തിന്/ഒരു റേഷൻ കാർഡിന് ഒരിക്കൽ രണ്ട് ലക്ഷം രൂപ എന്നത് പരമാവധി സീലിംഗാണ്. രണ്ടരലക്ഷം പേർക്ക് നമ്മൾ കൊടുത്തുവെന്ന് പറഞ്ഞു. രണ്ടരലക്ഷം പേർക്ക് ഇനി കാരുണ്യ

പദ്ധതി ലഭിക്കുകയില്ല. അതേസമയം കാൻസർ രോഗിയാണ്, ടെർമിനൽ ഡിസീസാണ്, മൂന്ന് വർഷം നിങ്ങൾക്ക് ചികിത്സ വേണമെങ്കിൽ മൂന്ന് വർഷവും തുടർച്ചയായി ഈ ഇൻഷ്വറൻസ് സ്കീമിൽനിന്നും പണം ലഭിക്കും. അതുകൊണ്ട് നിലവിലുള്ള കാരുണ്യ പദ്ധതിയേക്കാൾ വളരെ വിപുലീകൃതമായിട്ടുള്ള ഒരു സ്കീമാണിത്. എന്നാൽ ഇവിടെ അങ്ങ് പറഞ്ഞതുപോലെ കെ. എം. മാണിയോടുള്ള ആദരവ് കണക്കിലെടുത്തുകൊണ്ട് ഇതിന് വേറൊരു പേരല്ല കൊടുത്തിട്ടുള്ളത്. 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)' എന്ന പേരാണ് നൽകിയിട്ടുള്ളത്. പക്ഷെ അങ്ങ് പറഞ്ഞ വിമർശനത്തിൽ ശരിയായ ഒരു കാര്യമുണ്ട്. അത് നേരത്തേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ചർച്ച ചെയ്തപ്പോൾ സമ്മതിച്ചിട്ടുള്ളതാണ്. ഹീമോഫീലിയ പോലെയുള്ള ചില രോഗങ്ങൾ ഇൻഷ്വറൻസ് സ്കീമിൽ വരുന്നില്ല. അത് പരിശോധിച്ച് നിയമസഭയിൽ ഞാൻ അഷ്വറൻസ് നൽകിയതാണ്. അതിന് പ്രത്യേകം ഉത്തരവിറക്കി, കാരുണ്യ പദ്ധതിയിൽ നിന്ന് ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്ന ഇത്തരം വിഭാഗങ്ങൾ പുറന്തള്ളപ്പെടുകയില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യാം. അതുകൊണ്ട് അത് ആ സ്പിരിറ്റിലെടുക്കണം. കെ. എം. മാണി സാറിനോടുള്ള ആദരവ് കൊണ്ടു തന്നെയാണ് കാരുണ്യ എന്ന പേര് മാറ്റാത്തത്. പല നിർദ്ദേശങ്ങളുമുണ്ടായിരുന്നു. ആയുഷ് മാൻ എന്നതുമായി ബന്ധപ്പെട്ട പേര് കൊണ്ടുവരണമെന്നായിരുന്നു കേന്ദ്ര സർക്കാരിനും താൽപ്പര്യം. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരാണ് നമ്മൾ തെരഞ്ഞെടുത്തിരിക്കുന്നത്. ഇത് കെ. എം. മാണി കൊണ്ടുവന്ന കാരുണ്യ പദ്ധതിയുടെ വിപുലീകൃതവും സമഗ്രവുമായിട്ടുള്ള രീതിയായി കണക്കിലെടുക്കണം. അങ്ങ് ഇതിനിടയ്ക്ക് ആർ.സി.സി. തുടങ്ങിയ ആശുപത്രികൾ പദ്ധതിയിൽ സൈൻ ചെയ്തിട്ടില്ല എന്ന് പറയുകയുണ്ടായി. സൈൻ ചെയ്യാതിരിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണം നമ്മൾ പുതിയ പദ്ധതി നടപ്പാക്കിയിട്ടും കാരുണ്യ പദ്ധതി സമാന്തരമായി തുടരുന്നതിന് അനുവദിച്ചു. സ്വാഭാവികമായും ഹോസ്പിറ്റലുകൾക്ക് കാരുണ്യയിൽ നിൽക്കാനാണ് താൽപ്പര്യമുള്ളത്. കാരണം ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ആനുകൂല്യം വാങ്ങണമെങ്കിൽ വളരെ കൃത്യമായ ഡോക്യുമെന്റേഷൻ വേണം. സർക്കാർ ആശുപത്രികളിലെ ഡോക്യുമെന്റേഷൻ അങ്ങേയ്ക്ക് ഒരുപക്ഷേ അറിവുള്ളതായിരിക്കും. Conciliate ചെയ്യുന്നതുവരെ എത്ര പറഞ്ഞാലും അതിന്റെ കണക്കും കാര്യങ്ങളും ഉണ്ടാവുകയില്ല. അത് ഇങ്ങനെ നീണ്ടുപോയിക്കൊണ്ടിരിക്കും. ഇത് ഇവിടെ പറ്റില്ല. കാരുണ്യ പദ്ധതിയിലാണെങ്കിൽ സർക്കാർ ആശുപത്രികൾ, ആർ.സി.സി. അടക്കമുള്ളവർ എന്ത് ചെലവ് പറയുന്നുവോ അത് കാരുണ്യയിൽ നിന്ന് കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത് നിർത്തിയാൽ മാത്രമേ ബാക്കിയുള്ള കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. RSBY-യേക്കാൾ മെച്ചപ്പെട്ട

പാക്കേജാണിത്. അല്ലെങ്കിൽ ഇത് കുഴപ്പങ്ങൾ സൃഷ്ടിച്ച് തുടങ്ങും. അതിനിടയ്ക്ക് നമ്മുടെ ആശുപത്രികൾക്കായാലും ആർ.സി.സി.-ക്കായാലും നഷ്ടം വന്നുവെന്നിരിക്കട്ടെ. ഇതിന്റെ മുഴുവൻ ചെലവും സർക്കാരല്ലേ വഹിക്കുന്നത്. നഷ്ടം വന്നാൽ സർക്കാർ നികത്തും. നഷ്ടം പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താം. അവരുടെ വാദം ഞാൻ അംഗീകരിക്കുന്നില്ല. ചികിത്സാ തുക എത്ര വന്നാലും കൊടുക്കാം എന്നൊരു നിലപാട് സർക്കാരിന് സ്വീകരിക്കാൻ പറ്റുകയില്ല. കൊച്ചി കാൻസർ സെന്റർ കൂടി വന്നുകഴിഞ്ഞാൽ കേരളത്തിലെ പേഷ്യന്റ്സിന്റെ 85 ശതമാനം ചികിത്സിക്കാനുള്ള സൗകര്യം നമ്മുടെ പൊതു സംവിധാനത്തിലുണ്ടാകുകയാണ്. അത് ഒരു പ്രോട്ടോക്കോളോ പാക്കേജോ ഇല്ലാതെ എത്രയാണെങ്കിലും open ended ആയി സർക്കാർ മുഴുവൻ വഹിക്കുമെന്ന് പറഞ്ഞാൽ ഒരു സിസ്റ്റത്തിനും വഹിക്കാൻ പറ്റുന്നതല്ല. അതിനൊക്കെ ചില ചിട്ടകൾ വേണം. ആ ചിട്ടകൾ ഉണ്ടാകും വരെ എന്താണോ നഷ്ടം വരുന്നത് ആ നഷ്ടം വരുന്നത് സർക്കാർ സഹിക്കും. അതുകൊണ്ട് നമുക്ക് സമഗ്രമായി മുമ്പോട്ട് കൊണ്ടുപോകാം. മറ്റൊരു സ്പിരിറ്റിൽ ഇതെടുക്കരുത് എന്നാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഇത്ര വേഗത്തിൽ നടക്കുന്ന ഈ കാര്യത്തിൽ കാലവിളംബം ഉണ്ടാകുമെന്നാണ് ആശങ്ക.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ആർ.എസ്.ബി.വൈ.യിൽ ഉണ്ടായിരുന്നവരെ ഓട്ടോമാറ്റിക്കായി മൈഗ്രേറ്റ് ചെയ്യാം. അവരുടെ പഴയ ഹെൽത്ത് കാർഡും ആധാർ കാർഡും മതി. 60 ശതമാനം വരെ മൈഗ്രേറ്റ് ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവർ ഇതുമായി എപ്പോൾ ആശുപത്രിയിൽ വരുന്നുവോ അവർക്ക് നമ്മുടെ പുതിയ സ്കീമിൽ രജിസ്ട്രേഷൻ നൽകും. 3 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള ഏതെങ്കിലും കുടുംബം വിട്ടുപോയിട്ടുണ്ടെങ്കിൽ ആ കുടുംബങ്ങളെക്കൂടി ഉൾക്കൊള്ളിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

### (5) റെഗുലേറ്റർ-കം-ബ്രിഡ്ജ്

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ ജലദൗർലഭ്യം നേരിടുന്ന മണ്ഡലത്തിലൊന്നാണ് പട്ടാമ്പി. പട്ടാമ്പി നിയോജകമണ്ഡലത്തിന്റെ 60 ശതമാനത്തോളം അതിർത്തി പങ്കിടുന്നത് ഭാരതപ്പുഴയും തൂതപ്പുഴയും ആണെങ്കിലും അവിടെ കുടിവെള്ളത്തിനും കൃഷിക്കും വലിയ രീതിയിലുള്ള പ്രതിസന്ധിയാണുള്ളത്. പ്രത്യേകിച്ച് പ്രളയത്തിനുശേഷം വളരെയേറെ വരൾച്ച കൂടിയിരിക്കുകയാണ്. ജലദൗർലഭ്യം പരിഗണിച്ചുകൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവേഗപ്പുറ റെഗുലേറ്റർ-കം-

ബ്രിഡ്ജും അതുപോലെ മറ്റ് രണ്ടുമൂന്ന് റെഗുലേറ്ററുകളുടെ കാര്യവും പറഞ്ഞിരുന്നു. തിരുവേഗപ്പുറ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡിസൈൻ തയ്യാറാക്കി KIIDC (Kerala Irrigation Infrastructure Development Corporation)-ക്ക് കൊടുത്തിട്ടുണ്ട്. എന്നാൽ തൂതപ്പുഴയ്ക്ക് കുറുകെ കാലടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷന് താഴെയായിട്ടുള്ള റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡിസൈൻ ഫൈനലൈസ് ചെയ്ത് KIIDC-ലേയ്ക്ക് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഇടയ്ക്ക് പലതരത്തിലുള്ള കമ്മ്യൂണിക്കേഷനും വിശദീകരണങ്ങൾ/ക്വറി ചോദിച്ചുകൊണ്ടും വളരെ നീണ്ടുപോകുന്ന ഒരവസ്ഥയുണ്ട്. അത് എത്രയും പെട്ടെന്ന് കിഫ്ബിക്ക് സമർപ്പിച്ചുകൊണ്ട് യാഥാർത്ഥ്യമാക്കണം. അതോടൊപ്പം ഏറ്റവും ചെലവുകുറഞ്ഞ രീതിയിൽ വിളയൂരിൽ ഒരു തടയണ നിർമ്മിച്ചിരുന്നു. പ്രളയത്തിനുശേഷം അത് പൊട്ടിപ്പോകുന്ന സാഹചര്യമുണ്ടായി. വിളയൂർ, കൊപ്പം എന്നീ രണ്ട് പഞ്ചായത്തുകൾക്ക് കുടിവെള്ളം ലഭ്യമാക്കാനും കൃഷിക്കും ഈ തടയണ അനിവാര്യമാണ്. അതുകൊണ്ട് അത് നവീകരിക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ വിളയൂർ, പാറക്കടവ് തടയണയുടെ ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. എത്രയുംവേഗം അത് യാഥാർത്ഥ്യമാക്കുകയാണെങ്കിൽ പുലിക്കല്ലൂർ, വിളയൂർ, കൊപ്പം പഞ്ചായത്തുകൾക്കൊക്കെ ഇതിന്റെ ഗുണം ലഭിക്കും. പട്ടാമ്പി മുനിസിപ്പൽ ഏരിയയിൽ പുതിയൊരു തടയണയ്ക്കുള്ള പ്രൊപ്പോസൽകൂടി വന്നിട്ടുണ്ട്. അതുകൂടി വളരെ വേഗത്തിലാക്കുകയാണെങ്കിൽ ഈ മണ്ഡലത്തിലെ ജലദൗർലഭ്യം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. അതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, പട്ടാമ്പി നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമത്തിനും നെൽകൃഷി അടക്കമുള്ള കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി തിരുവേഗപ്പുറ പഞ്ചായത്തിൽ ഒരു ആർ.സി.ബി.യും വിളയൂരിൽ ഒരു തടയണയും പട്ടാമ്പിയിൽ ഒരു റെഗുലേറ്ററും നിർമ്മിക്കുവാനാണ് പദ്ധതികളുള്ളത്. പ്രസ്തുത പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

തിരുവേഗപ്പുറ പഞ്ചായത്തിൽ കിഫ്ബി സഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന ആർ.സി.ബി.-ക്ക് 31-12-2018-ലെ സർക്കാർ ഉത്തരവുപ്രകാരം 25.5 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകുകയും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ഐ.ഐ.ഡി.സി.) തുടർനടപടികൾ സ്വീകരിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു. കെ.ഐ.ഐ.ഡി.സി. പദ്ധതി റിപ്പോർട്ട് 17-6-2019-ന് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി ആവശ്യമായ പരിശോധനകളെല്ലാം നടത്തിയശേഷം

ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി വിശദമായ പരിശോധനകൾ നടത്തി സാങ്കേതികാനുമതി നൽകി ടെൻഡർ വിളിച്ച് പണികളാരംഭിക്കും. ബാക്കി പറഞ്ഞ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ബഹുമാനപ്പെട്ട എം.എൽ.എ.യുമായും ചർച്ച ചെയ്ത് തീരുമാനിക്കും.

## (6) കോട്ടയം ജനറൽ ആശുപത്രിയിലെ സൗകര്യങ്ങൾ

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാരുണ്യ പദ്ധതിയെക്കുറിച്ച് പറഞ്ഞതിൽ ഇൻഷ്വറൻസ് സ്കീമും കാരുണ്യ സ്കീമും തമ്മിലൊരു വ്യത്യാസമുണ്ട്. ഇൻഷ്വറൻസ് സ്കീമിൽ അസുഖം വരുന്നതിന് മൂന്ന് മാസം മുമ്പ് ഇൻഷ്വറൻസ് ചെയ്യണം. കാരുണ്യ പദ്ധതിയിലാണെങ്കിൽ അസുഖം വന്ന് ഓപ്പറേഷൻ സ്റ്റേജിൽ എത്തിയാൽ പോലും നമുക്ക് അപേക്ഷ കൊടുക്കാൻ സാധിക്കും. അവർ എമർജൻസിയായി അപേക്ഷ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പണം അനുവദിക്കുകയും ചെയ്യും. പാവങ്ങൾക്ക് അത് ഗുണകരമാവും. അസുഖം വന്നാൽ ഡിറ്റക്ട് ചെയ്യണ്ടേ; ഡിറ്റക്ട് ചെയ്യുന്നതിനുമുമ്പുണ്ടാകുന്ന കേസ്സുകൾ മാത്രമേ ഇൻഷ്വറൻസ് കമ്പനി എടുക്കുകയുള്ളൂ. അല്ലാത്ത കേസ്സുകൾ ഇൻഷ്വറൻസ് കമ്പനി സ്വീകരിക്കുകയില്ല. അതുകൊണ്ട് ദയവായി അങ്ങ് ഇതുപോലുള്ള കേസ്സുകൾ പരിശോധിച്ച് എങ്ങനെ എന്റർടെയ്ൻ ചെയ്യാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം.

യഥാർത്ഥത്തിൽ എന്റെ സബ്മിഷൻ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ടതാണ്. എന്റെ നിയോജകമണ്ഡലമായ കോട്ടയത്ത് ഞാൻ എം.എൽ.എ. ഫണ്ടിനകത്തുനിന്ന് മൂന്ന് കോടി രൂപയോളം മുടക്കി കോട്ടയം ജനറൽ ആശുപത്രിയിൽ ഒരു ബ്ലോക്ക് പണി പൂർത്തിയാക്കി. അതിന് ഫയർ ആന്റ് റെസ്ക്യൂവിന്റെ പെർമിറ്റ് വാങ്ങുന്നതിനുള്ള ശ്രമം നടക്കുന്നില്ല. അതിനുള്ള പെർമിറ്റ് ലഭിച്ചാൽ മാത്രമേ ആ കെട്ടിടം വിനിയോഗിക്കാൻ കഴിയുകയുള്ളൂ. അത് ലഭിക്കുന്നതിനുവേണ്ടിയും അതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. മഹാരാജാവിന്റെ കാലത്ത് ആരംഭിച്ച ഏറ്റവും പഴയ ആശുപത്രിയാണത്. അതോടൊപ്പം തന്നെ ആ ആശുപത്രിയിൽ കുറെക്കൂടി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. അവിടെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ ഒരു പേവാർഡ് ആരംഭിക്കുന്നതിന് നേരത്തേ തീരുമാനമെടുത്തതാണ്. പക്ഷെ ആ തീരുമാനം ഇപ്പോൾ നടപ്പിലാകുന്നില്ല. അത് ഇങ്ങനെ പ്രൊട്ടാക്റ്റ് ചെയ്ത് മുമ്പോട്ട് പോകുകയാണ്. ഇപ്പോൾ പേവാർഡ് കൊടുക്കുന്നതിന് ആകപ്പാടെ മൂന്ന്

മുറികൾ മാത്രമാണുള്ളത്. ഈ മൂന്ന് മുറികൾകൊണ്ട് ജില്ലാ തലസ്ഥാനത്തുള്ള ഒരു ജനറൽ ആശുപത്രിക്ക് എന്ത് ചെയ്യാൻ സാധിക്കുമെന്ന് അങ്ങേയ്ക്ക് ആലോചിക്കാവുന്നതേയുള്ളൂ.

അതുകൊണ്ട് K.H.R.W.S.-നുള്ള പെർമിഷൻ നൽകാൻ പറയണം. ജില്ലാ ആസ്ഥാനമായതുകൊണ്ട് അതിനുള്ള പരിഗണന കൊടുക്കണം. അവിടെ നടക്കുന്ന മറ്റ് നടപടികൾ വേഗത്തിലാക്കണം. അതിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ രൂപീകരിച്ചിട്ടുണ്ട്. ഫയൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിലുണ്ട്. ആ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നടപടികൾ വേഗത്തിലാക്കണം. അതുപോലെ ചികിത്സാ ചെലവ് വളരെയധികം വർദ്ധിക്കുകയാണ്. ചികിത്സാ ചെലവ് വർദ്ധിക്കുന്നതുകൊണ്ടാണ് ഇൻഷ്വറൻസ് സ്കീമിനെക്കുറിച്ച് പ്രത്യേകമായി പറയുന്നത്. ജില്ലാ ആശുപത്രിയാണെങ്കിലും വർദ്ധിച്ച ചികിത്സാ ചെലവിലേയ്ക്ക് എത്താൻ ബുദ്ധിമുട്ടുണ്ട്. ഞാൻ തന്നെ ഇനിഷ്യേറ്റീവെടുത്ത് 10 ഡയാലിസിസ് മെഷീനുകൾ ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുണ്ട്. ആ 10 ഡയാലിസിസ് മെഷീനുകൾ വർക്ക് ചെയ്താലും അവിടെ ആളുകൾ കൂടുതലായി നിൽക്കുകയാണ്. രോഗികൾക്ക് പൂർണ്ണമായും സൗജന്യമായി ഡയാലിസിസ് നടത്തുന്നതിനുള്ള സംവിധാനമാണ് അവിടെയുള്ളത്. അവിടെ നിന്നും പുറത്തേയ്ക്ക് കുറിച്ചുകൊടുത്താൽ 800 രൂപയും 900 രൂപയും ഒരു സ്ഥാപനത്തിൽകൊണ്ടുപോയി ഈ പാവങ്ങൾ കൊടുക്കേണ്ടിവരും. അതുകൊണ്ടാണ് സമ്പൂർണ്ണമായും സൗജന്യമായി നടത്തിയിരിക്കുന്നത്. ഇപ്പോൾ അതിന് ലിമിറ്റുണ്ട്. ആ ലിമിറ്റിനപ്പുറത്തേയ്ക്ക് ഡയാലിസിസിനുള്ള ആളുകളുടെ രജിസ്ട്രേഷൻ നടക്കുന്നില്ല. രജിസ്ട്രേഷൻ നടന്നില്ലെങ്കിൽ പത്തോ നൂറോ ആളുകളെക്കൊണ്ട് അത് നിന്നുപോകും. അതുകൊണ്ട് 10 മെഷീനും ഒരുപോലെ പ്രവർത്തിക്കാനും ആളുകൾക്ക് സൗജന്യമായി ഡയാലിസിസ് നടത്താനും കേരളത്തിൽ നടത്തുന്ന ഏറ്റവും മോഡലായ സമ്പ്രദായത്തെ സപ്പോർട്ട് ചെയ്യുന്നതിന് നടപടിയെടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

12.00 Noon]

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ശരാശരി 2,500-ഓളം ഒ.പി. വരുന്ന 374 കിടക്കകളുള്ള കോട്ടയം ജനറൽ ആശുപത്രിയിൽ ന്യൂറോളജി, നെഫ്രോളജി, ഓങ്കോളജി, ഗൈനക്കോളജി തുടങ്ങിയ പ്രധാനപ്പെട്ട എല്ലാ സ്പെഷ്യാലിറ്റി സേവനങ്ങളുമുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന എക്സ്-റേ, ബ്ലഡ് ബാങ്ക്, ലബോറട്ടറി, ഇ.സി.ജി., ലേബർ റൂം അടക്കമുള്ള സംവിധാനങ്ങളുമുണ്ട്. ഇവിടെ

ആകെ 410 അംഗീകൃത തസ്തികകളാണുള്ളത്. ഈ സർക്കാർ വന്നതിനുശേഷം കോട്ടയം ജനറൽ ആശുപത്രിയെ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 9 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 48 പേർ നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി അവിടെ പ്രവർത്തിക്കുന്നതിനുള്ള ഏർപ്പാടും ചെയ്തിട്ടുണ്ട്. കോട്ടയം ജനറൽ ആശുപത്രിയെ മെച്ചപ്പെടുത്താൻ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2.3 കോടി രൂപ അനുവദിക്കുകയും ഒ.പി. ട്രാൻസ്ഫർമേഷൻ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുകയാണ്. ആർദ്രം മിഷന്റെ അടിസ്ഥാനത്തിലുള്ള ഒ.പി. നവീകരണത്തിന് ഈ ഗവൺമെന്റ് അനുവദിച്ച 2.3 കോടി രൂപയ്ക്ക് പുറമെ ജില്ലാ പഞ്ചായത്ത് ഒരു കോടി രൂപകൂടി അവരുടെ പ്രോജക്റ്റിൽ വച്ചിട്ടുണ്ട്. അതുകൂടി വരുമ്പോൾ ഒ.പി. ആധുനികമായി മാറും; അതിനുള്ള പ്രവർത്തനം നടക്കുകയാണ്. അസറ്റ് മെയിന്റനൻസ് ഫണ്ടിൽനിന്നും 3, 4 വാർഡുകളുടെ നവീകരണത്തിന് 1.25 കോടി രൂപ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനവും നടക്കുകയാണ്. ഇതോടൊപ്പം നേരത്തെ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ 3 കോടിയോളം രൂപ എം.എൽ.എ. ഫണ്ടിൽനിന്നും ചെലവഴിച്ചുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. അതിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ പെർമിഷൻ കിട്ടുന്ന കാര്യമാണ് ഇവിടെ പറഞ്ഞത്. അതിന് അടിയന്തരമായി അവരെ വിളിച്ചുചേർത്ത് ആവശ്യമായ ഏർപ്പാട് ചെയ്യുന്നതാണ്. ഇപ്പോൾ പറഞ്ഞ ഫണ്ടുകൾക്ക് പുറമെ എൻ.എച്ച്.എം. മുഖാന്തരം കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 1,37,18,315 രൂപ ഈ ആശുപത്രിക്കായി അനുവദിച്ചിട്ടുണ്ട്. അത് വിവിധ ആവശ്യങ്ങൾക്കുവേണ്ടി അനുവദിച്ചതാണ്. അത്രയും വർക്ക് അവിടെ നടക്കുകയും ചെയ്യുന്നുണ്ട്. എൻ.സി.ഡി. കെയർ, ഓറൽ ഹെൽത്ത് എന്നിവയുമായി ബന്ധപ്പെട്ടാണ് ആ തുക വിനിയോഗിക്കുന്നത്. ആ പ്രവർത്തനവും അവിടെ നടക്കുന്നുണ്ട്. ഈ സർക്കാർ വന്നതിനുശേഷം 2018 ഏപ്രിലിൽ ഈ ആശുപത്രിയിൽ ആദ്യമായി മൈക്രോബയോളജി വിഭാഗം ആരംഭിക്കുകയും അതിനാവശ്യമായ ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശ്വാസ് ക്ലിനിക്, സ്ട്രോക് റീഹാബിലിറ്റേഷൻ യൂണിറ്റ്, ഡയബറ്റിക് ഫൂട്ട് ക്ലിനിക് എന്നിവ എൻ.സി.ഡി.-യുടെ ഭാഗമായി പ്രധാനപ്പെട്ട ആശുപത്രികൾക്ക് കൊടുക്കാൻ തീരുമാനിച്ചപ്പോൾ പ്രഥമ പരിഗണനയിൽ കോട്ടയം ആശുപത്രിക്ക് നൽകിയതാണ്. സ്ട്രോക് യൂണിറ്റടക്കം അവിടെ ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും ഇൻകെലിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 219 കോടി രൂപയുടെ മാസ്റ്റർ പ്ലാനിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ

ആദ്യഘട്ട വികസനത്തിനുവേണ്ടി 174.45 കോടി രൂപയുള്ള ഡി.പി.ആർ. കിഫ്ബി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ പരിഗണനയിലാണ് ഇക്കാര്യമുള്ളത്. ഈ തുകകൊണ്ട് മൂന്ന് നിലകളിലായുള്ള ആശുപത്രിയാണ് ഉദ്ദേശിക്കുന്നത്. 30576 സ്ക്വയർ മീറ്റർ വിസ്താരത്തിലുള്ള ഒരു പദ്ധതിയുടെ ഡി.പി.ആർ. ആണ് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ പൂർണ്ണസജ്ജമായ എമർജൻസി ഓപ്പറേഷൻ തിയേറ്ററടക്കമുള്ള ഒരു അത്യാഹിത ട്രോമാകെയർ സംവിധാനവും ഉൾപ്പെടുന്നുണ്ട്. ഇതുപോലെതന്നെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾ, റേഡിയോ ഡയഗ്നോസിസ്, ലക്ഷ്യ നിലവാരത്തിലുള്ള ഗൈനക്കോളജി വിഭാഗം, ഒഫ്ത്താൽമോളജി, ഓർത്തോപീഡിക്സ്, ജനറൽ സർജറി തുടങ്ങിയ വിഭാഗത്തിനുള്ള ഓപ്പറേഷൻ തിയേറ്ററുകൾ അടങ്ങിയ മോഡുലാർ ഓപ്പറേഷൻ തിയേറ്റർ ഇതൊക്കെയാണ് ഡി.പി.ആർ.-ലുള്ളത്. അത് കിഫ്ബിയുടെ അനുമതി കിട്ടുന്ന മുറയ്ക്ക് ചെയ്യാൻ സാധിക്കും. ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ നല്ല തിരക്കുള്ള ആശുപത്രിയായതുകൊണ്ട് പടിപടിയായി മാത്രമേ നിർമ്മാണ പ്രവർത്തനം നടത്താൻ സാധിക്കുകയുള്ളൂ; ഒറ്റയടിക്ക് ചെയ്യാൻ സാധിക്കില്ല. ഒരിടത്തുനിന്നും മറ്റിടത്തേയ്ക്ക് മാറ്റിപ്പാർപ്പിച്ചും ഡിമോളിഷ് ചെയ്യേണ്ടത് ഡിമോളിഷ് ചെയ്തുമൊക്കെ വരുമ്പോൾ സാധാരണഗതിയിലുള്ള വേഗത കിട്ടില്ല. എല്ലാ ആശുപത്രിയുടെയും കഥ അങ്ങനെയാണ്. എങ്കിലും വളരെ മെച്ചപ്പെട്ട പരിഗണനയാണ് കോട്ടയം ജനറൽ ആശുപത്രിക്ക് നൽകുന്നത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പേ-വാർഡിനെക്കുറിച്ച് പറഞ്ഞിരുന്നു. K.H.R.W.S.-മായി സംസാരിച്ച് അവിടെ ഒരു പേ-വാർഡ് നിർമ്മിക്കുന്നതിനാവശ്യമായ സമീപനം സ്വീകരിക്കുന്നതിന് അവരെ ചുമതലപ്പെടുത്തുന്നതാണ്. അത് വളരെ അത്യാവശ്യമാണ്. സ്ഥലം ലഭ്യമാകണം. സ്ഥലത്തിന്റെ ലഭ്യതകൂടി പരിശോധിച്ച് പേ-വാർഡിന്റെ കാര്യം പരിഗണിക്കും. ഡയാലിസിസ് യൂണിറ്റിന്റെ കാര്യത്തിൽ എത്ര യൂണിറ്റ് തുടങ്ങിയാലും ആളുകൾ പിന്നെയും ക്യൂവിലാണ്. അത്രയധികം ആളുകൾക്ക് ഡയാലിസിസ് ആവശ്യമുണ്ടെന്നുള്ളതാണ്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഡയാലിസിസിന്റെ കാര്യം ഒന്നുകൂടി പരിശോധിക്കുന്നതാണ്.

## (7) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

ശ്രീമതി യു. പ്രതിഭ: സർ, കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തായി ഒന്നര ഏക്കർ സ്ഥലത്താണ് കായംകുളം താലൂക്കാശുപത്രി സ്ഥിതിചെയ്യുന്നത്. ഈ ആശുപത്രിയിൽ ദിനംപ്രതി ഒ.പി.-യിൽ 1500 മുതൽ 1800 വരെ രോഗികളാണ് എത്തുന്നത്. ഈ ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട മന്ത്രിയുടെ സത്വര ശ്രദ്ധയ്ക്കായാണ് ഈ

സബ്മിഷൻ അവതരിപ്പിക്കുന്നത്. ദേശീയ-സംസ്ഥാന പാതയോരത്തുകൂടി ആയതുകൊണ്ട് ഈ ആശുപത്രിയിൽ നിരവധി ആക്സിഡന്റ് കേസ്സുകൾ പ്രതിദിനം റിപ്പോർട്ട് ചെയ്യുന്നുണ്ട്. അവിടെ ഡോക്ടർമാർ അടക്കം ഏകദേശം 115-ഓളം ജീവനക്കാർ നിലവിലുണ്ട്. താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ടെങ്കിലും സ്റ്റാഫ് പാറ്റേൺ അടിയന്തരമായി പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. ഡോക്ടർമാരുടെ എണ്ണത്തിൽ കുറവുള്ളതുകൊണ്ട് ഒ.പി.-യിൽ എപ്പോഴും നല്ല തിരക്കാണ് അനുഭവപ്പെടുന്നത്. നിലവിൽ 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസേഴ്സ് തസ്തിക മാത്രമാണ് അവിടെയുള്ളത്. അതുകൊണ്ട് 24 മണിക്കൂറും സേവനം നൽകാനുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസേഴ്സിനെക്കൂടി അധികമായി, വളരെ പ്രാധാന്യത്തോടെ അവിടെ നിയമിക്കേണ്ടതായിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ നോക്കുകയാണെങ്കിൽ, ഒരു ബഹുനില കെട്ടിടം ഒഴിച്ചാൽ ബാക്കിയുള്ളവയെല്ലാം കാലപ്പഴക്കത്താൽ ജീർണ്ണിച്ചുപോയിട്ടുണ്ട്. 40 മുതൽ 50 വർഷം വരെ പഴക്കമുള്ള കെട്ടിടങ്ങളാണ് അവിടെ നിൽക്കുന്നതിൽ ഏറെയും. ഇവ പല സ്ഥലങ്ങളിലായി ചിതറിയാണ് സ്ഥിതിചെയ്യുന്നത്. നിലവിൽ 4 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 12 ഡയാലിസിസ് യൂണിറ്റുകൾ കൂടി ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും അനുവദിച്ചിട്ടുണ്ടെങ്കിലും അതിനുള്ള സ്ഥലം കണ്ടെത്താൻ വലിയ പ്രയാസം അനുഭവിക്കുന്നുണ്ട്. K.H.R.W.S.-ന്റെ പേരിലുള്ള 2 പേ-വാർഡുകൾ അൻപതിലേറെ വർഷത്തെ പഴക്കമുള്ളതാണ്. ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഇവിടെ ഇല്ലാത്തതുകൊണ്ട് അത് കൂട്ടിയിട്ട് കത്തിക്കുന്നതായുള്ള പരാതി എപ്പോഴും ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇത് വലിയൊരു പരാതിയുടെ സ്ഥാപനമായി മാറുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കിഫ്ബിയിൽനിന്നും ജില്ല/താലൂക്ക്/ജനറൽ ആശുപത്രികൾക്ക് 2000 കോടി രൂപയുടെ നിക്ഷേപം പുതുതായി അനുവദിച്ച അവസരത്തിൽ താമരശ്ശേരി താലൂക്കാശുപത്രിയും കായംകുളം താലൂക്കാശുപത്രിയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിലുണ്ടായിരുന്നു. അതിന്റെ ഭാഗമായി നിലവിലുള്ള പോരായ്മകൾ മനസ്സിലാക്കിക്കൊണ്ട് അവിടത്തെ ഡോക്ടർമാരും ജീവനക്കാരും എച്ച്.എം.സി. അംഗങ്ങളും നഗരസഭയും എല്ലാവരുമായി കൂടിയാലോചിച്ചുകൊണ്ട് വിശദമായ ഒരു ഡി.പി.ആർ. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെക്കൊണ്ട് തയ്യാറാക്കി സർക്കാരിലേയ്ക്ക് ഞാൻ സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഹാബിറ്റാറ്റ് എസ്.പി.വി.-യിൽ ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ട് 7-3-2018-ൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെ സർക്കാർ എസ്.പി.വി. ആയി ചുമതലപ്പെടുത്തി കായംകുളം താലൂക്കാശുപത്രിയുടെ പ്രോജക്ട് തയ്യാറാക്കാനായി നിർദ്ദേശിച്ചു.

അതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വിശദമായ പ്രോജക്ട് തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ട് ഏകദേശം ഒരു വർഷമാകുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകുകയും ഈ പ്രോജക്ട് കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുകയും ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകുകയും ചെയ്യണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ): സർ, 1800 ഒ.പി. വരെ പ്രതിദിനമുണ്ടാകുന്ന 125 കിടക്കകളുള്ള കായംകുളം താലൂക്കാശുപത്രിയെ നവീകരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. അതിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 9 പുതിയ തസ്തികകൾ കായംകുളം താലൂക്കാശുപത്രിക്കുവേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അതിനുപുറമെ ദേശീയ ആരോഗ്യ ദൗത്യത്തിൽ ഉൾപ്പെടുത്തി മറ്റ് 9 തസ്തികകൾകൂടി ഇപ്പോൾ അനുവദിക്കുകയും മൊത്തം 18 ജീവനക്കാരെ അവിടെ നിയമിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ കെട്ടിട നവീകരണത്തിനായും ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിനുംവേണ്ടി ഒരു കോടി അറുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തിയേഴായിരത്തി ഇരുന്നൂറ് രൂപയുടെ ഒരു പ്രവൃത്തി ലഭ്യമാക്കുന്നതിനും സി.റ്റി. സ്കാൻ അടക്കം സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനമാണ് ഇതിന്റെ ഭാഗമായി നടത്തിയത്. ഡയാലിസിസ് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. സ്ഥലപരിമിതി കാരണം ആദ്യം നാല് മെഷീനുകളാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ നഗരസഭയുടെ സഹായംകൂടി ലഭ്യമായിട്ടുണ്ട്. അതല്ലാതെ തന്നെ എട്ട് ഡയാലിസിസ് യൂണിറ്റുകൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതാണ് എന്നുള്ളതും പ്രഖ്യാപിച്ചിട്ടുണ്ട്. അതിനനുസരിച്ച് ഡയാലിസിസ് ചെയ്യുന്നതിന് കൂടുതൽ സേവനം ലഭ്യമാക്കുവാൻ സാധിക്കും. കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ഇതുസംബന്ധിച്ചുള്ള വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് വിപുലമാക്കുന്ന പ്രവർത്തനം ഉടനെ നടക്കുന്നതാണ്. അതുപോലെ അവിടെ ട്രാൻസ്ഫോർമർ, സബ്സ്റ്റേഷൻ തുടങ്ങിയവ സ്ഥാപിക്കുന്നതിനുവേണ്ടി 48 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പി.ഡബ്ല്യൂ.ഡി. (ഇലക്ട്രിക്കൽ)-ന് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. ഇതിനായി 18 ലക്ഷം രൂപ നഗരസഭയും അനുവദിച്ചിട്ടുണ്ട്. ഇതെല്ലാംകൂടി ചേർന്നാണ് സി.റ്റി. സ്കാൻ, പവർ ലോൺട്രി എന്നിവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള

ഇലക്ട്രിക്കൽ വർക്ക് നടക്കുന്നത്. അതിനുള്ള പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഇതിൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ സി.എസ്.ആർ. ഫണ്ട് 76 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. അതുപയോഗിച്ച് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കുന്നതാണ്. അതിനുള്ള നടപടിക്രമങ്ങളും ഇപ്പോൾ തന്നെ തുടങ്ങിയിട്ടുണ്ട്. എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. നഗരസഭ സോളാർ പാനൽ സ്ഥാപിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. ഇതുകൂടാതെ നാഷണൽ ഹെൽത്ത് മിഷനിൽ ഉൾപ്പെടുത്തി 3.19 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് അഡീഷണൽ ഗൈനക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിനുവേണ്ടിയാണ്. 'കെൽ' എന്ന സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തിവരികയും ചെയ്യുകയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഇതിനെല്ലാം പുറമെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നേരത്തെ ഹാബിറ്റാറ്റിനെ ഉൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. എന്നാൽ എംപാനൽ ചെയ്ത ഏജൻസികളെ വച്ച് മാത്രമേ നമുക്ക് കിഫ്ബിയിൽ കൊടുക്കാൻ സാധിക്കൂ. അതുകൊണ്ട് സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെ ഇക്കാര്യം ഏൽപ്പിക്കുകയും ഹൗസിംഗ് ബോർഡ് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ നടപടിക്രമങ്ങൾക്കനുസരിച്ച് അത് അനുവദിച്ചുകിട്ടുമ്പോൾ നമുക്ക് പെട്ടെന്നുതന്നെ തുടങ്ങാൻ സാധിക്കും. അതിനുവേണ്ടി വകുപ്പും ഇടപെടുന്നതാണ്.

### (8) എയർ ആംബുലൻസ്

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഏതാനും മാസങ്ങൾക്കുമുമ്പ് പതിനഞ്ച് ദിവസം മാത്രം പ്രായമുള്ള ഹൃദയ സംബന്ധമായ ഗുരുതരമായ ആരോഗ്യ പ്രശ്നമുള്ള ഒരു പിഞ്ചു കുഞ്ഞിനെയുംകൊണ്ട് ബാംഗളൂരിൽനിന്നും കൊച്ചി അമൃത ആശുപത്രിയിലേയ്ക്ക് ഒരു ആംബുലൻസ് അതിവേഗം പാഞ്ഞെത്തിയ വിവരം അറിയാത്തവരായി കേരളക്കരയിൽ ആരും തന്നെ ഉണ്ടാകില്ല. വളഞ്ഞുപുളഞ്ഞ റോഡിലൂടെ നിലയ്ക്കാത്ത വാഹനങ്ങളെ പിന്തള്ളി അഞ്ചേകാൽ മണിക്കൂറുകൾകൊണ്ട് ആ വാഹനം ഓടിത്തീർത്തത് നാനൂറിലേറെ കിലോമീറ്ററാണ്. ആ ആംബുലൻസിന് ചിറകുണ്ടായിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കാത്തവരായി ആരും തന്നെയില്ല. സമയംകൊണ്ട് ദൂരത്തെ എത്തിപ്പിടിക്കാൻ ആവില്ലെന്ന് തിരിച്ചറിയുന്ന നേരങ്ങളിൽ ചിറകുകൾക്കായി പ്രാർത്ഥിച്ചുപോകുക എന്നത് സ്വാഭാവികം മാത്രമാണ്. പോലീസും പൊതുജനങ്ങളും സോഷ്യൽ മീഡിയയും മാധ്യമങ്ങളും ചേർന്നൊരുക്കിയ കാരുണ്യ പാതയിലൂടെ ഇതിനുമുമ്പും ഒരുപാട് പേർ ഇതുപോലെ ജീവിതത്തിലേയ്ക്ക്

ഓടിയെത്തിയിട്ടുണ്ട്. എന്നാൽ ജനസാന്ദ്രതയും വാഹനപ്പെരുപ്പവും ഇടുങ്ങിയ റോഡുകളും ഏറെയുള്ള കേരളത്തിൽ ഇതൊരു സ്ഥിരം സംവിധാനമായി കാണാൻ കഴിയുമോ; ഒരിക്കലും സാധ്യമല്ല. ഇവിടെയാണ് ചിറകുള്ള, പറക്കുന്ന എയർ ആംബുലൻസ് സംവിധാനം നമുക്ക് സ്വന്തമായി ഇല്ലാതെപോയത് എന്തുകൊണ്ടെന്നുള്ള ചോദ്യം ഉയർന്നുവരുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ ആശയം ഉയർന്നുവന്നതാണ്. തുടർന്ന് രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷനും കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗും ധാരണാപത്രത്തിൽ ഒപ്പിട്ടു. എന്നാൽ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ അനുമതി ലഭിക്കാതായതോടെ പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. ധനകാര്യ വകുപ്പിന്റെ എതിർപ്പായിരുന്നു മറ്റൊരു തടസ്സം. സാങ്കേതിക നൂലാമാലയിൽ കുടുക്കി എന്തിനും ഏതിനും അനുമതി നിഷേധിക്കുക എന്നത് ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ ഒരു രീതിയാണ്. അത് ഇവിടെയും ആവർത്തിച്ചുവെന്നുമാത്രം. ഈ ചുവപ്പുനാടയുടെ കുരുക്കഴിക്കാനുള്ള ആർജ്ജവവും ഇച്ഛാശക്തിയുമാണ് സർക്കാർ കാണിക്കേണ്ടത്. കാസർഗോഡ് നിന്നും ഒരു മണിക്കൂർകൊണ്ട് കൊച്ചിയിലും രണ്ട് മണിക്കൂർ കൊണ്ട് തിരുവനന്തപുരത്തും ഈ സംവിധാനം വഴി എത്തിച്ചേരുവാൻ സാധിക്കും. അവയവദാനത്തിന് തയ്യാറാകുന്നവരുടെ എണ്ണം കൂടുകയും ഹൃദയമടക്കമുള്ള അവയവങ്ങൾ അടിയന്തരമായി മറ്റ് ജില്ലകളിലേയ്ക്ക് എത്തിക്കേണ്ട സാഹചര്യവും ദൈനംദിനം വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യമെല്ലാം വിരൽചൂണ്ടുന്നത് എയർ ആംബുലൻസ് എന്ന സംവിധാനത്തിന്റെ ആവശ്യകതയിലേയ്ക്കാണ്. ബംഗളൂരിൽ നിന്നും തിരുവനന്തപുരത്തേയ്ക്കുള്ള യാത്രാവേളയിൽ എറണാകുളത്തുള്ള അമൃത ആശുപത്രിയിലാണ് കുഞ്ഞിനെ പ്രവേശിപ്പിച്ചത്. സർക്കാരിന്റെ ഹൃദ്യം പദ്ധതിയാണ് അമൃത ആശുപത്രിയിൽ കുഞ്ഞിന് ചികിത്സ ലഭിക്കാൻ സഹായകരമായത്. ഇതിന് മുൻകയ്യെടുത്ത ആരോഗ്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഹൃദ്യം പദ്ധതിയുടെ പാനലിൽപ്പെട്ട ആശുപത്രിയായി ഉത്തര കേരളത്തിൽ കോഴിക്കോടുള്ള ആസ്റ്റർ മിംസ് മാത്രമാണുള്ളത്. സർക്കാർ മേഖലയിൽ ഒന്നുംതന്നെയില്ല. മലബാർ മേഖലയിലെ ചികിത്സാരംഗത്തുള്ള അപര്യാപ്തത ഇത് വ്യക്തമാക്കുന്നു. എയർ ആംബുലൻസ് പുതിയ കാലത്തിന്റെ സാമൂഹിക ആവശ്യമാണ്. നമ്മൾ ആരോഗ്യമേഖലയിൽ ലോകത്തിനുതന്നെ മാതൃകയാണ്. അതുകൊണ്ടുതന്നെ ലോകം മുഴുവനും നിലവിലുള്ള ഈ സംവിധാനം നമുക്കും ലഭ്യമാകണം. ഹൃദ്യം പദ്ധതിയുടെ ഭാഗമായിത്തന്നെ സൗജന്യ എയർ ആംബുലൻസ് എന്ന ആവശ്യത്തിന് സഹായധനം രൂപീകരിക്കുന്നതിന് സർക്കാർ മുൻകയ്യെടുത്താൽ സാധിക്കാവുന്നതേയുള്ളൂ. വിരലിലെണ്ണാവുന്ന ഏതാനും പേർക്ക് സഞ്ചരിക്കാൻ കോടികളുടെ കാറുകൾ വാങ്ങിക്കൂട്ടുന്ന നമ്മുടെ സർക്കാർ

സംവിധാനത്തിൽ എത്രയോ പേരുടെ ജീവൻ രക്ഷിക്കാൻ സഹായകരമാകുന്ന ഇത്തരമൊരു കാര്യത്തിന് പണം കണ്ടെത്താൻ കഴിയാത്തത് ഏറെ സങ്കടകരമാണ്. സർക്കാർ ഉടമസ്ഥതയിൽ അത്തരമൊരു സംവിധാനമുണ്ടെങ്കിൽ മാത്രമേ പാവപ്പെട്ട രോഗികൾക്ക് ആശ്രയമാകുകയുള്ളൂ. അല്ലെങ്കിൽ അത്തരം സാഹചര്യം പണക്കാർക്ക് മാത്രമായി ചുരുങ്ങും. കാലഘട്ടത്തിന്റെ ആവശ്യമായി ഈ സംവിധാനം ഒരുക്കുവാൻ സർക്കാർ അടിയന്തരമായി മുന്നോട്ട് വരണമെന്നാണ് സൂചിപ്പിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, എയർ ആംബുലൻസിന്റെ കാര്യത്തിൽ നേരത്തെതന്നെ ഈ സഭയിൽ അഭിപ്രായം പറഞ്ഞിരുന്നു. സർക്കാരിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽ ജീവൻ രക്ഷിക്കുകയെന്ന കാര്യങ്ങൾക്ക് മുൻഗണന കൊടുക്കുകയെന്നുള്ളതാണ്. അപ്പോൾ മുൻഗണനാക്രമത്തിൽ കേരളത്തിൽ വരേണ്ടത് എന്താണെന്നുള്ളത് നേരത്തേതന്നെ പറഞ്ഞിരുന്നു. അപകടങ്ങൾ സംഭവിച്ചോ മറ്റേതെങ്കിലും രീതിയിലോ അത്യാസന്ന നിലയിലുള്ള രോഗികളെ എത്രയുംവേഗം ആശുപത്രിയിലെത്തിച്ച് ജീവൻ രക്ഷിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. കേരളത്തിലുണ്ടാകുന്ന മരണങ്ങളിൽ വലിയൊരു ശതമാനവും റോഡപകടങ്ങളിലൂടെയോ മറ്റ് അപകടങ്ങളിലൂടെയോ സംഭവിക്കുന്നതാണെന്ന് എല്ലാവർക്കും അറിയാം. അപകടം സംഭവിച്ച് ആദ്യത്തെ ഒരു മണിക്കൂറിനകം തൊട്ടടുത്ത ആശുപത്രിയിൽ എത്തിച്ച് രോഗിക്ക് പ്രാഥമിക ജീവൻ രക്ഷാ സംവിധാനം ഉണ്ടാക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനം. എന്നാൽ കേരളത്തിൽ അത്തരത്തിലുള്ള ബേസിക് ലൈഫ് സപ്പോർട്ട് സിസ്റ്റം, ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസോ അല്ലെങ്കിൽ ആശുപത്രിയിൽ എത്തുമ്പോൾ പ്രാഥമികമായി ജീവൻ രക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കുന്ന ട്രോമാകെയർ സിസ്റ്റമോ വേണ്ടത്ര ഇല്ലായെന്നുള്ളതാണ് സത്യം. അതുകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തോടുകൂടി ഒരു സമ്പൂർണ്ണ ട്രോമാകെയർ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് തീരുമാനിച്ചത്. ഹൈവേയുടെ പരിസരത്തുള്ള പ്രധാനപ്പെട്ട ആശുപത്രികളിലും മറ്റ് പ്രധാന ആശുപത്രികളിലും അതിൽ സ്വകാര്യ ആശുപത്രികളടക്കം ഉൾപ്പെടുത്തിക്കൊണ്ട് അത്യാഹിതങ്ങൾ നേരിടുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കുക, അപകടം നടന്ന സ്ഥലത്തുനിന്നും അല്ലെങ്കിൽ ഒരു അത്യാഹിത പ്രശ്നമുണ്ടാകുമ്പോൾ പെട്ടെന്ന് എത്തിച്ചേരാൻ സൗകര്യപ്പെടുന്ന രീതിയിൽ ആശുപത്രികളെ സജ്ജീകരിക്കുന്നതോടൊപ്പം ആംബുലൻസ് സൗകര്യങ്ങളും ഒരുക്കുക. ബേസിക് ലൈഫ് സപ്പോർട്ട് സിസ്റ്റമുള്ള ആംബുലൻസുകൾ തയ്യാറാക്കുന്നതിനാണ് പ്രഥമ പരിഗണന കൊടുത്തിട്ടുള്ളത്.

ഇതനുസരിച്ച് എല്ലാ പ്രവർത്തനങ്ങളും മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ ഏറ്റവും നല്ല ലെവൽ വൺ നിലവാരത്തിൽ എയിംസിന്റെ സഹായത്തോടുകൂടി ട്രോമാകെയർ സംവിധാനം പൂർത്തിയാകുകയാണ്. തിരുവനന്തപുരത്ത് രണ്ട് മാസത്തിനകം ഉദ്ഘാടനം ചെയ്യാൻ സാധിക്കും. അതോടൊപ്പംതന്നെ 30 കിലോമീറ്ററിനുള്ളിൽ എല്ലാ ജീവൻ രക്ഷാസൗകര്യങ്ങളുമുള്ള ഒരു ആംബുലൻസ് വിന്യസിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി അതുസംബന്ധിച്ച ടെണ്ടർ നടപടികളെല്ലാം പൂർത്തിയായിക്കഴിഞ്ഞു. 315 ആംബുലൻസുകളും വിന്യസിക്കുന്നതിനുള്ള നടപടികൾ രണ്ട് മാസത്തിനകം പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുമെന്നാണ് കാണുന്നത്. ഇതിലെ പരിശീലനവും വളരെ പ്രധാനപ്പെട്ടതാണ്. അതിനാവശ്യമായ ഒരു അപ്പെക്സ് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനവും ആരംഭിക്കുകയാണ്. അങ്ങനെ വളരെ പെട്ടെന്ന് ആശുപത്രിയിൽ എത്തിച്ച് ജീവൻ രക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയെന്നുള്ളതിനാണ് പ്രഥമ പരിഗണന നൽകിയത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എയർ ആംബുലൻസ് ഒന്നാമത്തെ പരിഗണനയിൽ വരാത്തത് രണ്ടുമൂന്ന് കാരണങ്ങളാലാണ്. ഒന്ന്, അതിന് വൻതോതിൽ ചെലവുണ്ടാകും എന്നുള്ളതുകൊണ്ടാണ്. വാങ്ങുന്നതിനുള്ള ചെലവ് മാത്രമല്ല, എയർ ആംബുലൻസിന്റെ ഉപയോഗം അപൂർവ്വമായി മാത്രമേ വരികയുള്ളൂ. പക്ഷെ എയർ ആംബുലൻസ് ദൈനംദിനമായി, അതിന്റെ സർവ്വീസ് ടാക്സ്, അതുപോലെ പൈലറ്റുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്ന കാര്യം, എയർപോർട്ട് യൂസർ സർവ്വീസ് തുടങ്ങിയവയ്ക്കെല്ലാം വമ്പിച്ച ചെലവ് വേണ്ടിവരും. കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്തിന് പ്രഥമ പരിഗണന കൊടുത്ത് തുടങ്ങാൻ കഴിയുന്ന കാര്യമല്ല. രണ്ടാമത്തേത് എല്ലാ അസുഖങ്ങളും എയർ ലിഫ്റ്റ് ചെയ്യാൻ സാധിക്കില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാസർഗോഡ് നിന്നും വന്ന ആ കുഞ്ഞിനെ എയർ ലിഫ്റ്റ് ചെയ്യാൻ കഴിയില്ലായിരുന്നു. അതേസമയം എയർ ആംബുലൻസിന്റെ കാര്യം ചോദിച്ചപ്പോൾ ഞാൻതന്നെ വിദഗ്ദ്ധരോട് ചോദിച്ചിരുന്നു, ചെറിയ കുഞ്ഞുങ്ങൾ അതുപോലെ ബ്ലഡ് പ്രഷർ ഉള്ളവർ, ശ്വാസകോശ സംബന്ധമായ അസുഖമുള്ളവർ ഇവരെയെല്ലാം എയർ ലിഫ്റ്റ് ചെയ്യുന്നത് അസാധ്യമാണ്. അതുകൊണ്ട് നമുക്ക് ഏറ്റവും തൊട്ടടുത്തുള്ള ആശുപത്രിയിൽ എത്തിച്ച് ജീവൻ രക്ഷിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കുന്നതിനാണ് ഒന്നാമത്തെ പരിഗണന കൊടുക്കേണ്ടത്. അതാണ് ഈ ചെറിയ സംസ്ഥാനമായ കേരളം ഇപ്പോൾ നൽകിയിട്ടുള്ളത്. എയർ ആംബുലൻസ് പ്രഥമ പരിഗണനയിൽ ഇല്ലെന്ന് പറയാനുള്ള കാരണവും അതാണ്. ഈ സിസ്റ്റം വന്നുകഴിഞ്ഞാൽ ഇത്തരം പ്രശ്നങ്ങൾക്ക് വലിയൊരളവിൽ പരിഹാരം കാണാൻ സാധിക്കും.

## (9) അണ്ടർ പാസ്സേജ് നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി കോടതി ജംഗ്ഷനോട് ചേർന്ന് ദേശീയ പാതയിലെ അണ്ടർ പാസ്സേജിന്റെ നിർമ്മാണം വളരെ മന്ദഗതിയിലാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. നിർമ്മാണത്തിന്റെ ഭാഗമായി സർവ്വീസ് റോഡുകളിലൂടെ ഗതാഗതം തിരിച്ചുവിട്ടിരിക്കുന്നതിനാൽ ഗതാഗതക്കുരുക്കും പതിവാണ്. സർവ്വീസ് റോഡുകൾ ഈ മഴക്കാലത്ത് തകർന്ന് ഗതാഗത യോഗ്യമല്ലാതായിത്തീർന്നിരിക്കുകയാണ്. അണ്ടർ പാസ്സേജിന്റെ നിർമ്മാണം അനന്തമായി നീണ്ടുപോകുന്ന അവസ്ഥയാണ്. ദേശീയപാത അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളായ സർവ്വീസ് റോഡുകൾ, ഡ്രെയിനേജുകൾ, ബസ് ബേകൾ, ബസ് ഷെൽട്ടറുകൾ, സ്കൈ വാക്ക്, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുമെന്ന് നിരവധി യോഗങ്ങളിൽ തന്ന ഉറപ്പും ഇനിയും യാഥാർത്ഥ്യമായിട്ടില്ല. അവയുടെ പൂർത്തീകരണത്തിനും ദേശീയപാതയിൽ ചാലക്കുടി കോടതി ജംഗ്ഷനിൽ നിർമ്മാണത്തിലിരിക്കുന്ന അണ്ടർ പാസ്സേജിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ആവശ്യമായ അടിയന്തര ഇടപെടലുകളും നടപടികളും സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ചാലക്കുടി വെഹിക്കുലാർ അണ്ടർ പാസ്സിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽനിന്നും 2008-ലാണ് അംഗീകാരം ലഭിച്ചത്. എന്നാൽ അതിന്റെ ലൊക്കേഷനുമായി ബന്ധപ്പെട്ടുള്ള സ്ഥലവാസികളുടെ തർക്കംമൂലം പ്രവൃത്തിയൊന്നും ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യപ്രകാരം രണ്ട് തവണ ഞാൻ കൂടി പങ്കെടുത്ത് യോഗം ചേരുകയും ചില പ്രവൃത്തികളിൽ പുരോഗതിയുണ്ടാവുകയും ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ അടുത്തകാലത്ത് അതിന്റെ നിർമ്മാണം ശക്തിപ്പെട്ടിട്ടുണ്ട്.

ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ സർവ്വീസ് റോഡിലേയ്ക്ക് ഗതാഗതം തിരിച്ചുവിട്ടിരിക്കുകയാണ്. സർവ്വീസ് റോഡിന് ശക്തി കുറവാണ്. സ്വാഭാവികമായും അതിന് കേടുപാട് സംഭവിക്കുന്നുണ്ട്. അത് നന്നാക്കണമെന്ന് എൻ.എച്ച്.എ.ഐ.-യുടെ കോൺട്രാക്ടറോട് പറഞ്ഞിട്ടുണ്ട്. കുറെയൊക്കെ അവർ നന്നാക്കിയിട്ടുണ്ട്. എങ്കിലും വീണ്ടും വീണ്ടും കേടുവരുന്നൊരു സ്ഥിതിയുണ്ട്. പ്രവൃത്തി ത്വരിതപ്പെടുത്തുവാനായി കൂടുതൽ തൊഴിലാളികളെയും യന്ത്രസാമഗ്രികളെയും വിന്യസിക്കണമെന്ന് എൻ.എച്ച്.എ.ഐ. കൺസ്ട്രക്ഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മഴക്കാലമായതിനാൽ ഈ രണ്ടുമൂന്നു മാസം വലിയ

നിർമ്മാണം നടക്കില്ല. ട്രഞ്ചുകൾ കുഴിക്കുന്ന പ്രവൃത്തികൾ മാത്രമേ നടക്കുകയുള്ളൂ; റോഡ് നന്നാക്കാൻ കഴിയില്ല. ഈ പ്രോജക്ട് മേയ് 2020-ൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഇപ്പോൾ എൻ.എച്ച്.എ.ഐ. പറയുന്നത്. കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം 52.4 കിലോമീറ്റർ നീളത്തിലാണ് സർവ്വീസ് റോഡ്. അതിൽ 52.25 കിലോമീറ്റർ നീളം കൺസ്ട്രക്ഷണർ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പുതുക്കാട് ലൊക്കേഷനിൽവരുന്ന 150 മീറ്റർ നീളം പുതുക്കാട് അണ്ടർപാസ്സ് നിർമ്മിക്കുമ്പോൾ പൂർത്തീകരിക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. എഗ്രിമെന്റിൽ ഡ്രെയിനുകളുടെ നീളം സൂചിപ്പിച്ചിട്ടില്ല. സൈഡ് കണ്ടീഷനും കൺസൽട്ടന്റിന്റെ നിർദ്ദേശവും അനുസരിച്ചാണ് ഇപ്പോൾ ഡ്രെയിനുകൾ നിർമ്മിക്കുന്നത്. 40.09 കിലോമീറ്റർ നീളത്തിൽ ഡ്രെയിൻ നിർമ്മിച്ചിട്ടുണ്ട്. സ്ഥലവാസികളുടെ എതിർപ്പ് ശക്തമായി ഉണ്ടാകുന്നുണ്ട്. അത്തരം പ്രശ്നങ്ങളൊക്കെ പ്രവൃത്തിയെ ബാധിക്കുന്നുണ്ട്. ഡ്രെയിനേജ് കണക്ഷനും കവർ സ്ലാബ് ഇടുന്നതും ആരംഭിക്കാൻ ഇത്തരം കാര്യങ്ങളാൽ കഴിഞ്ഞിട്ടില്ല. കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം 29 ബസ്ബേകൾ നിർമ്മിക്കുവാനായി സ്ഥലം ഏറ്റെടുക്കണം. അതിനായി 3A നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചെങ്കിലും 2010-ലെ ഗവൺമെന്റിന്റെ കാലത്ത് ബാൻ ആയിരുന്നതിനാൽ അത് തുടരാൻ കഴിഞ്ഞില്ല. പിന്നീട് ബാൻ പിൻവലിച്ചപ്പോൾ സ്ഥലവാസികളുടെ എതിർപ്പുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ച് കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. അങ്ങനെ പല കാര്യങ്ങളും നടന്നു. 2008 മുതലുള്ള കാര്യങ്ങളാണ് പറയുന്നത്. ഇപ്പോൾ സ്ഥലം ഏറ്റെടുക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ലഭ്യമായ സ്ഥലത്തിൽ 29 ബസ് ഷെൽട്ടർ, 3 ബസ്ബേകൾ എന്നിവ നിർമ്മിച്ചു. കൺസ്ട്രക്ഷൻ എഗ്രിമെന്റിൽ സ്കൈ വാക്കിനായുള്ള പ്രൊവിഷൻ ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ട് അത് അവർക്ക് നിർമ്മിക്കേണ്ടതില്ല. കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം ക്ലാസ്സിഫൈഡ് അർബൻ സ്ഥലങ്ങളിൽ ഗ്രേഡ് സെപ്പറേറ്റഡ് ടോൾ പ്ലാസ, അഡ്മിനിസ്ട്രേറ്റീവ് ക്യാമ്പ് എന്നിവിടങ്ങളിലാണ് ഹൈവേ ലൈറ്റിംഗിനായുള്ള പ്രൊവിഷനുള്ളത്. എഗ്രിമെന്റ് പ്രകാരം 583 തെരുവ് വിളക്കുകളാണ് സ്ഥാപിക്കേണ്ടത്. എന്നാൽ കൺസ്ട്രക്ഷണർ 1063 വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പണി ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ആണ് ഇതെല്ലാം ചെയ്യേണ്ടത്. അവരുടേതായ ചില സ്വഭാവങ്ങളുണ്ടല്ലോ. കതിരാനിലെയും കോഴിക്കോട് ബൈപ്പാസിന്റെയുമൊക്കെ കാര്യങ്ങൾ അറിയാമല്ലോ. അത്തരം ചില പ്രശ്നമുണ്ട്. എങ്കിലും നമ്മൾ ഇടപെടുന്നുണ്ട്. വീണ്ടും ഇടപെടും.

## (10) ചട്ടങ്ങളുടെ രൂപീകരണം

ശ്രീ. ജെയിംസ് മാത്യു: സർ, സംസ്ഥാനത്തെ കെട്ടിടനിർമ്മാണ ചട്ടങ്ങളിലും ലൈവ്സ്റ്റോക്ക് ഫാം ലൈസൻസിംഗ് ചട്ടങ്ങളിലും നിലവിലുള്ള ചില നിബന്ധനകൾ റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

കോഴി, ആട്, പശു തുടങ്ങിയ ഫാം ആരംഭിക്കുന്ന ആളുകൾക്ക് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടം ഹാനികരമായ വ്യവസായങ്ങൾക്ക് ബാധകമാകുന്ന ചട്ടമാണ്. ഫാമുകൾ ആരംഭിക്കുന്ന ഒരാൾക്ക് 5 പശുവിലധികം 6-ഉം 20 കോഴികളിലധികം 21 കോഴികളുമുണ്ടെങ്കിൽ അതിനുവേണ്ടി നിർമ്മിക്കുന്ന ഷെഡ്ഡിന് 3.6 മീറ്റർ ഉയരം വേണം, ഫയർ ആന്റ് സേഫ്റ്റിയുടെ എൻ.ഒ.സി. വേണം, സെറ്റ് ബാക്ക് 3 മീറ്റർ വേണം, Effluent Treatment Plant വേണം, 30 ശതമാനമേ Built-up Area പാടുള്ളൂ, 1000 സ്ക്വയർ മീറ്ററിൽ അധികം Built-up Area ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്തേയ്ക്ക് 5 മീറ്ററിലധികം വീതിയുള്ള റോഡ് വേണം. ഇതെല്ലാം hazardous ആയിട്ടുള്ള വ്യവസായങ്ങൾക്ക് ബാധകമാകുന്ന ജി.ഐ. 1 വകുപ്പിന്റെ നിബന്ധനകളാണ്. ഇതാണ് 6 പശുവിനെയോ 21 കോഴിയെയോ പോറ്റാൻ ആവശ്യമായ ഒരു ലൈവ് സ്റ്റോക്ക് ഫാമിന്റെ കെട്ടിടനിർമ്മാണ നിബന്ധന. ഇതിനുപുറമേ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് വേണം. 100 കോഴികളെ വരെ വളർത്തുന്നതിന് ലൈസൻസ് വേണ്ട. അപ്പോൾ ലൈസൻസ് ആവശ്യമില്ലാത്ത 100-ൽ താഴെയുള്ള കോഴികളെ വളർത്തുന്ന ഒരു കോഴിഫാം ഉടമ മേൽപ്പറയുന്ന മുഴുവൻ നിബന്ധനകളും പാലിക്കണം. എന്നാൽ അയാൾക്ക് ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് വേണോ; അത് ആവശ്യമില്ല. തികച്ചും പരസ്പര വിരുദ്ധമായ നിബന്ധനകളാണ് ഇതിന്റെ ഭാഗമായി വന്നിട്ടുള്ളത്. കഴിഞ്ഞ എട്ടുപത്ത് വർഷമായി ഈ മേഖലയിൽ പുതിയ സ്ഥാപനങ്ങളും ഫാമും ഒന്നും വരുന്നില്ല. ഇതിന് പ്രധാനപ്പെട്ട കാരണം ഒരു ഫാം ആരംഭിക്കണമെങ്കിൽ മൃഗസംരക്ഷണ വകുപ്പിന്റെ നിബന്ധനപ്രകാരം ഒരു സെന്റ് സ്ഥലത്ത് ആവശ്യമായ 10 പശുക്കളെ വളർത്താം. അതിനുള്ള വ്യവസ്ഥയാണുള്ളത്. എന്നാൽ കെട്ടിടനിർമ്മാണ ചട്ടപ്രകാരം, ഫാം ലൈസൻസിംഗ് പ്രകാരം ഒരു സെന്റ് സ്ഥലത്ത് ഒരു പശുവിനെയേ പോറ്റാൻ സാധിക്കുകയുള്ളൂ. അതുപോലെ ഒരു സെന്റ് സ്ഥലത്ത് 15 കോഴികളെ മാത്രമേ പോറ്റാൻ സാധിക്കുകയുള്ളൂ. 440 കോഴികളെ പോറ്റാൻ സാധിക്കുമെന്നാണ് നിലവിൽ നമ്മുടെ Animal Husbandry Department ശാസ്ത്രീയമായ ഫാം നടത്തിപ്പിനുവേണ്ടി നിർദ്ദേശിക്കുന്നത്. 440 കോഴികളെ പോറ്റാൻ പറ്റുന്നിടത്ത് 15 കോഴികളെയും 10 പശുക്കളെ പോറ്റാൻ പറ്റുന്നിടത്ത് ഒരു പശുവിനെയും മാത്രമേ പോറ്റാൻ

സാധിക്കുന്നുള്ളൂവെന്നാണ് കെട്ടിട നിർമ്മാണ ചട്ടത്തിൽ പറയുന്നത്. ഇത് അങ്ങേയറ്റം അശാസ്ത്രീയമാണ്. നമ്മുടെ നാട്ടിൽ അഞ്ചോ പത്തോ കോഴിയെയോ, പത്തോ പന്ത്രണ്ടോ പശുവിനെയോ വളർത്താൻ ശ്രമിക്കുന്ന ഒരാൾക്ക് ഒരുനിലയിലും സാധ്യമാകാത്തതാണ് ഈ വ്യവസ്ഥകൾ. ഈ വ്യവസ്ഥകൾ ഇങ്ങനെ വരുന്നതിന്റെ കാരണം ഇതൊരു വ്യവസായമായി കണക്കാക്കിയിരിക്കുകയാണ്. എന്നാൽ വ്യവസായ വകുപ്പ് പറയുന്നത് അസംസ്കൃത പദാർത്ഥങ്ങൾ മെഷിനറി ഉപയോഗിച്ച് സംസ്കരിച്ച് ഉൽപ്പന്നങ്ങളാക്കുന്നതാണ് വ്യവസായം എന്നാണ്. ആടും പശുവും കോഴിയും പന്നിയും ഒക്കെ ഏത് യന്ത്രമാണ്; പുല്ല് തിന്ന് പാൽ ഉല്പാദിപ്പിക്കുന്നതിനെ എങ്ങനെ വ്യവസായമായി കണക്കാക്കാൻ സാധിക്കും; എന്നാൽ അങ്ങനെ വ്യവസായമായി കണക്കാക്കുകയാണെങ്കിൽ വ്യവസായ വകുപ്പ് കൊടുക്കുന്ന എന്തെങ്കിലുമൊരു സബ്സിഡി, ആനുകൂല്യം ഈ ആടിനെയും കോഴിയെയും പശുവിനെയും പോറ്റുന്ന ആൾക്ക് കൊടുക്കുന്നുമില്ല. അതുകൊണ്ട് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ഫാം ലൈസൻസിംഗ് ചട്ടങ്ങളിലും നിർബന്ധമായും ഭേദഗതി വരുത്തണം. ഇല്ലെങ്കിൽ ഈ മേഖലയിൽ ആർക്കും ഒരു സംരംഭവും ആരംഭിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ. വളരെ ഗൗരവമായ വിഷയം തന്നെയാണ് ഇവിടെ അവതരിപ്പിച്ചത്. പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ തറ വിസ്തീർണ്ണത്തിന്റെ കാര്യത്തിലും സെറ്റ് ബാക്കിന്റെ കാര്യത്തിലും ആക്സസ് വിഡ്ത്തിന്റെ കാര്യത്തിലും നിലവിലുള്ള റൂളുകൾ വളരെ പ്രയാസം ഉണ്ടാക്കുന്നത് തന്നെയാണ്. ലേഔട്ട് അപ്രൂവലിന് നൽകാൻവേണ്ടിയുള്ള ചട്ടങ്ങളിലും ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. നാഷണൽ ബിൽഡിംഗ് കോഡിന് അനുരോധമായിട്ടുള്ള രീതിയിലാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്. നേരത്തെ ഇവിടെ പറഞ്ഞ മലിനജല റീസൈക്ലിംഗ് സംവിധാനം, ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം എന്നിവയൊക്കെ ആവശ്യമാണ്. ഇപ്രകാരമുള്ള ഈ ചട്ടങ്ങളും നിയമങ്ങളുംമൂലം കൃഷി, മൃഗസംരക്ഷണം, സംയോജിത കൃഷി, ജൈവ കൃഷി എന്നിവയുടെ വ്യാപനത്തിൽ വല്ലാത്ത തടസ്സങ്ങൾ സൃഷ്ടിക്കുന്നതായി പരാതി ഇപ്പോൾത്തന്നെ ലഭ്യമായിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ച് മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ ലളിതവും സുതാര്യവുമായ ചട്ടങ്ങളും നിബന്ധനകളും ആവിഷ്കരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം അടിയന്തരമായി വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## V. റിപ്പോർട്ടുകളുടെ സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി IV-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി V-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2019-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2019-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

4. സബ്ജക്ട് കമ്മിറ്റി IX-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

5. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റി അഞ്ച് മുതൽ തൊണ്ണൂറ്റി ഏഴ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ തൊണ്ണൂറ്റി അഞ്ച് മുതൽ തൊണ്ണൂറ്റി ഏഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

6. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ

ശ്രീ. കെ. വി. അബ്ദുൾഖാദർ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VI. ക്രമപ്രശ്നം

### കാലഹരണപ്പെട്ട റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, നിരന്തരമായി ക്രമപ്രശ്നം ഉന്നയിക്കുന്നത് ബഹുമാനപ്പെട്ട ചെയറിനും മന്ത്രിമാർക്കും നീരസമുണ്ടാക്കുന്നതിനോ അലോസരപ്പെടുത്തുന്നതിനോ വേണ്ടിയല്ല. പലപ്പോഴും ഉന്നയിച്ച കാര്യങ്ങളാണെങ്കിലും ആവർത്തിക്കുകയാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166 (ബി) പ്രകാരം കമ്പനികൾ/സ്വയംഭരണാധികാ സ്ഥാപനങ്ങൾ/ ബോർഡ്/ കോർപ്പറേഷൻ മുതലായവയുടെ റിപ്പോർട്ടുകൾ ഒൻപത് മാസത്തിനുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. എന്നാൽ നടപ്പു സമ്മേളനത്തിൽ 29-5-2019-ലും

13-6-2019-ലും മേശപ്പുറത്തുവച്ച റിപ്പോർട്ടുകൾ പലതും കാലഹരണപ്പെട്ടതാണ്. ഞാൻ മുഴുവനും വായിക്കുന്നില്ല. 16 എണ്ണമുണ്ട്. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ ലിമിറ്റഡ് 16 വർഷം മുമ്പുള്ള റിപ്പോർട്ടാണ് ഇപ്പോൾ മേശപ്പുറത്ത് വച്ചിരിക്കുന്നത്. കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡും കേരള സ്റ്റേറ്റ് ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനും 7 വർഷം മുമ്പുള്ള റിപ്പോർട്ടാണ് വച്ചിരിക്കുന്നത്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് വച്ചിരിക്കുന്നത് 5 വർഷം മുമ്പുള്ള റിപ്പോർട്ടാണ്. കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് 23 വർഷം മുമ്പത്തെ റിപ്പോർട്ടാണ് വച്ചിട്ടുള്ളത്. ആകെ പത്തോ മുപ്പതോ പേജിൽ ഒതുങ്ങുന്ന ഒരു റിപ്പോർട്ട് ഇപ്പോഴാണ് വച്ചത്. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന്റേത് 8 വർഷം മുമ്പുള്ളതാണ്. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് 6 വർഷം മുമ്പുള്ളതും കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ 7 വർഷം മുമ്പുള്ളതുമാണ് വച്ചിരിക്കുന്നത്. കോഴിക്കോട് സർവ്വകലാശാലയുടേത് 10 വർഷം മുമ്പുള്ള റിപ്പോർട്ടാണ്. ഞാൻ ഇവിടെ വായിച്ചത് പലതും കാലഹരണപ്പെട്ടതാണ്. അതുകൊണ്ട് സമയബന്ധിതമായി, ബഹുമാനപ്പെട്ട മെമ്പർമാർക്ക് ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ചർച്ചയിൽ ഫലപ്രദമായി ഇടപെട്ട് ഈ വക സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കി പറയാനുള്ള അവസരം നഷ്ടപ്പെടുകയാണ്. 23 വർഷം മുമ്പുള്ള റിപ്പോർട്ട് ഇപ്പോൾ മേശപ്പുറത്ത് വച്ചിട്ട് എന്തു പ്രയോജനമാണുള്ളത്? അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇതിൽ കാര്യമായി ഇടപെടണം. അങ്ങ് പലതിലും ഇടപെട്ടതുകൊണ്ട് പല റിപ്പോർട്ടും കൃത്യസമയത്ത് വയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു ഗവൺമെന്റിന്റെ കാലമല്ല 23 വർഷം എന്നുപറയുന്നത്. നാലോ അഞ്ചോ ഗവൺമെന്റിന്റെ കാലാവധി കഴിഞ്ഞു പോയിട്ടുണ്ട്. ബ്യൂറോക്രസിയുടെ കെടുകാര്യസ്ഥതയാണ് ഇതിന്റെ പിന്നിലുള്ള ഏറ്റവും വലിയ സംഗതി. ഇത് ഈ സഭയോട് ചെയ്യുന്ന അനാദരവാണെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് അതിനുള്ള റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (ബി)3 അനുസരിച്ച് ബഹുമാനപ്പെട്ട എം. ഉമ്മർ സൂചിപ്പിച്ചതുപോലെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിൽ കാലതാമസം നേരിടുന്ന പക്ഷം അതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റുകൂടി ബന്ധപ്പെട്ട വകുപ്പുമന്ത്രി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് അനുശാസിക്കുന്നുണ്ട്. ഇപ്രകാരമാണ് സാധാരണ നിലയിൽ ഡിലേ സ്റ്റേറ്റുമെന്റുകൾ നമ്മൾ വയ്ക്കുന്നത്.

നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ആറും ഏഴും എട്ടും ഒൻപതും കൊല്ലം പഴക്കമുള്ള റിപ്പോർട്ടുകൾ മേശപ്പുറത്തു വയ്ക്കാൻ നിർബന്ധിക്കപ്പെടുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള ശക്തമായ ഇടപെടലുകളാണ് ഇപ്പോൾ നടക്കുന്നത്. വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളുടെ സമർപ്പണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും 22-11-2018 തീയതിയിൽ പാർലമെന്ററികാര്യ വകുപ്പിന്റെ കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട എം. ഉമ്മർ ഈ പ്രശ്നം കൊണ്ടുവന്നു. അത് പൊതുമേഖലയുമായി ബന്ധപ്പെട്ടതല്ല. അതിന്റെ ഭാഗമായി എല്ലാ വകുപ്പുകൾക്കും നിർദ്ദേശം കൊടുക്കണമെന്ന് ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം കൊടുത്തു. അതുകൊണ്ട് ഇത് കൃത്യമായി പാലിക്കുന്നതിന് ജാഗ്രത പുലർത്താൻ എല്ലാ വകുപ്പ് മേലദ്ധ്യക്ഷൻമാർക്കും നിർദ്ദേശം കൊടുക്കുന്നുണ്ട്. എല്ലാ വകുപ്പുകളെയും ഈ ക്രമപ്രശ്നത്തിന്റെ ഭാഗമായി ഒന്നുകൂടി റിമൈൻഡ് ചെയ്യിപ്പിക്കുന്നതായിരിക്കും.

## റൂളിംഗ്

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166 (ബി) പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസം വരുത്തിയെന്നുള്ള സുപ്രധാനമായ ക്രമപ്രശ്നം തന്നെയാണ് ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. എന്നാൽ സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ട രേഖകൾ യഥാസമയം മേശപ്പുറത്തു വയ്ക്കേണ്ടതാണെന്ന് കാണിച്ച് നേരത്തേയും പാർലമെന്ററികാര്യ വകുപ്പ് സർക്കാർ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതിന്റെ ഭാഗമായിട്ട് ഇക്കാര്യത്തിൽ നേരിട്ടിരുന്ന കാലതാമസം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിക്കുകയുണ്ടായി. എന്നാലും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ ഭരണപരമായ കാര്യങ്ങളിൽ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും അതിൽ ചട്ടപ്രകാരമുള്ള ഡിലേ സ്റ്റേറ്റുമെന്റുകൾ പ്രസ്തുത രേഖകളോടൊപ്പം തന്നെ സഭയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. അതോടൊപ്പം ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിലും നടപടികൾ സ്വീകരിക്കണമെന്നുതന്നെയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് ചെയർ മുഖവിലയ്ക്ക് എടുക്കുകതന്നെയാണ്. ഇവിടെ ഉന്നയിച്ച പ്രശ്നം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ചില കാര്യങ്ങൾ ആലോചിക്കുന്നത് നല്ലതാണെന്ന് തോന്നുന്നു. സർക്കാരിന്റെ വിവിധ വകുപ്പുകൾ, സർക്കാരിനു കീഴിലുള്ള വിവിധ കമ്പനികൾ, സ്വയംഭരണാധികാര സ്ഥാപനങ്ങൾ, ബോർഡുകൾ,

കോർപ്പറേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന രേഖകൾ യഥാസമയമാണോ വച്ചത്; കാലതാമസമുണ്ടായെങ്കിൽ അതിനുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടുണ്ടോ; ഡിലേ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ യുക്തിസഹമാണോ എന്നീ കാര്യങ്ങളുടെ പരിശോധന മാത്രമാണ് നിലവിലുള്ള ചട്ടപ്രകാരം മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് ഇപ്പോൾ നടത്തുവാൻ അവസരമുള്ളത്. അതുകൊണ്ട് ചട്ടപ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്കായി ലഭ്യമാക്കുന്നുണ്ടോയെന്ന കാര്യം നിരീക്ഷിക്കാനും അല്ലാത്തപക്ഷം അതിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിനുമുള്ള ചുമതലകൂടി മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങളിൽപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്. അങ്ങനെ വന്നാൽ അപ്രകാരമുള്ള ഒരു ചുമതല പ്രസ്തുത സമിതിയിൽ നിക്ഷിപ്തമാക്കുന്നതോടുകൂടി ഭാവിയിൽ ഇത്തരത്തിലുള്ള പരാതികളൊക്കെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് തന്നെ പരിശോധിക്കാനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനും കഴിയുന്നതാണെന്ന കാര്യം കൂടി ഇത്തരുണത്തിൽ ചെയർ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്, അതിൽ തുടർനടപടികൾ ഉണ്ടാകുമെന്നുകൂടി റൂൾ ചെയ്യുന്നു.

## VII. ധനകാര്യം

### 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,90,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ചരക്ക് സേവന നികുതിയും, കാർഷികാദായ നികുതിയും, വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 28,08,25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,99,05,000 രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 67,56,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,00,02,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 72,63,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,08,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,89,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,56,66,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 358,60,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുന്നതിന് മുമ്പ് ചട്ടം 288 പ്രകാരം ശ്രീ. എം. സ്വരാജിന് വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

## VIII. വ്യക്തിപരമായ വിശദീകരണം

### (1) വസ്തുതാപരമല്ലാത്ത പരാമർശം

ശ്രീ. എം. സ്വരാജ്: സർ, ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകുന്നതിന് അവസരം ചോദിച്ചതിന് കാരണം ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ തേഞ്ഞിപ്പലം പഞ്ചായത്തിലെ വ്യവസായിയുടെ പ്രശ്നം ഉന്നയിച്ച ബഹുമാന്യനായ അംഗം ചോദ്യത്തിന്റെ ഭാഗമായി എന്റെ പേരെടുത്ത് പരാമർശിക്കുകയും ഞാൻ സഭയിൽ നടത്തിയ പ്രസംഗം അടിസ്ഥാനരഹിതമാണ്, അങ്ങനെയല്ല എന്ന് സൂചിപ്പിക്കുകയും ചെയ്തു. ഞാൻ കഴിഞ്ഞ ദിവസം സഭയിൽ നടത്തിയ പ്രസംഗത്തിൽ പ്രസ്തുത പ്രശ്നം പരാമർശിച്ചത് മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ്. പക്ഷെ തൊട്ടടുത്ത ദിവസം തേഞ്ഞിപ്പലം പഞ്ചായത്തിലെ പരാമർശിക്കപ്പെട്ട ഈ വ്യവസായി ശ്രീ. രമേഷ് കുമാർ ഈ പ്രസംഗം മനസ്സിലാക്കിയതിന് ശേഷം എന്നെ ഫോണിൽ വിളിക്കുകയും സഭയിൽ വിഷയം ഉന്നയിച്ചതിന് നന്ദി പറയുകയും അദ്ദേഹം അവിടത്തെ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രവർത്തനംകൊണ്ട് ശ്വാസംമുട്ടി നിൽക്കുകയാണ് എന്ന നിലയ്ക്ക് ഞാൻ ഉന്നയിച്ച വിഷയങ്ങൾ ശരിയാണെന്ന് എന്നോട് പറഞ്ഞ് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയുമാണ് ചെയ്തത്. മറിച്ചൊരു സ്ഥിതി ഈ സഭയുടെ മുമ്പാകെ വന്നത് ശരിയല്ല. വസ്തുത അങ്ങനെയല്ല എന്ന് വിശദീകരിക്കാനാണ് ഈ അവസരം ഞാൻ വിനിയോഗിക്കുന്നത്.

### ധനകാര്യം (തുടർച്ച)

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളം ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയായിട്ടുള്ള നിരവധി പദ്ധതികൾ നടപ്പാക്കിക്കൊണ്ടാണ് കഴിഞ്ഞ മൂന്ന് വർഷക്കാലമായി മുന്നോട്ടുപോകുന്നത്. 2015-16-ലെ ബഡ്ജറ്റ് ചെലവ് 87,032 കോടി രൂപയായിരുന്നെങ്കിൽ 2019-20-ൽ അത് 1,41,980 കോടി രൂപയായി ഉയർന്നു. പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന വാഗ്ദാനങ്ങൾ ഓരോന്നോരോന്നായി നടപ്പാക്കിക്കൊണ്ട് ഒരു വിഭാഗത്തെയും മാറ്റിവയ്ക്കാതെ സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. സാമൂഹിക സുരക്ഷാ മേഖലയിലെ ചെലവ് 2015-16-ൽ 35,000 കോടി രൂപ എന്നത് 2019-20 ആകുമ്പോഴേയ്ക്കും 68,728 കോടി രൂപയായി ഉയർന്നു. ഓരോ മേഖലയിലെയും കാര്യങ്ങൾ ഇതുപോലെതന്നെയാണ്. കാർഷിക മേഖലയിലെ ചെലവ് 2015-16-ൽ 4388 കോടി രൂപയായിരുന്നെങ്കിൽ 2019-20-ൽ അത്

7332 കോടി രൂപയായി ഉയർന്നിരിക്കുന്നു. ആരോഗ്യ മേഖലയിലെ ചെലവ് 5500 കോടി രൂപയിൽ നിന്നും 15,525 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഓരോ പദ്ധതികളും കൂടുതൽ മെച്ചപ്പെട്ട നിലയിൽ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഈ വർദ്ധനവുണ്ടായത്. വിദ്യാഭ്യാസ മേഖലയിൽ 2015-16-ൽ ചെലവ് 14100 കോടി രൂപയായിരുന്നെങ്കിൽ 2019-20 കാലയളവിൽ അത് 21,089 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി അഞ്ച് കൊല്ലം കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് ചെലവഴിച്ചത് 9270.10 കോടി രൂപയായിരുന്നെങ്കിൽ ഈ മൂന്ന് വർഷം കൊണ്ട് എൽ.ഡി.എഫ്. ഗവൺമെന്റ് ചെലവഴിച്ചത് 17,510 കോടി രൂപയാണ്. പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 35,83,886-ൽ നിന്നും 2019-20 ആകുമ്പോഴേയ്ക്കും 45,45,358 ആയി ഉയർന്നു. ഇങ്ങനെ ഓരോതരത്തിലും നിശ്ചയമായും നാടിന്റെ താത്പര്യം സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ധനകാര്യ വകുപ്പും സർക്കാരും മറ്റെല്ലാ വകുപ്പുകളും കൂടിച്ചേർന്ന് ചെയ്തുകൊണ്ടിരിക്കുന്നത്. കേരളം ഇന്ത്യയ്ക്കും ലോകത്തിനും തന്നെ മാതൃകയായിട്ടുള്ള ഏറ്റവും നല്ല നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കഴിഞ്ഞ തവണ ഞങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ അന്നത്തെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് ഇപ്പുറത്തിരുന്ന് പറഞ്ഞത് എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്. കുത്തുപാളയെടുത്ത് നഷ്ടപ്പെടുത്തിയിടാനായി എന്തെല്ലാം നടപടികളാണുണ്ടായത്. അവഗണനയുടെ ചൂണ്ടിക്കാണിക്കലായി, 'ഇങ്ങനെ പോയാൽ ഇത് താനേ നിൽക്കും 'എന്നാണ് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത്. അവരുടെയെല്ലാം ഭാഗത്തുനിന്നുള്ള അവഗണനയെക്കുറിച്ച് 'ഇത് താനേ നിൽക്കും' എന്നുപറയേണ്ടിവന്ന, അങ്ങനെ പടുകുഴിയിലായിപ്പോയ ആ സ്ഥാപനത്തെ ഉയർത്തിക്കൊണ്ടുവരാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്! ഈ സാമ്പത്തിക വർഷം തന്നെ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയത് 1000 കോടി രൂപയാണ്. നമ്മുടെ തൊട്ടപ്പുറത്തുള്ള തമിഴ്നാട് അനുഭവിക്കുന്ന പ്രയാസം നാം കാണുന്നുണ്ട്. അവിടെ കുടിവെള്ളത്തിനായി ജനങ്ങൾ കുടങ്ങളും നിരത്തിക്കൊണ്ട് മണിക്കൂറുകളോളം ക്യൂ നിൽക്കുകയാണ്. കേരളത്തിന് ആ അവസ്ഥയുണ്ടാകാതിരിക്കാനായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ തന്നെ നല്ല രീതിയിലുള്ള നടപടികൾ സ്വീകരിച്ചു. ഹരിത കേരളം മിഷനിലൂടെ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ട് ജലസ്രോതസ്സുകളെ സമ്പുഷ്ടീകരിച്ച് rejuvenate ചെയ്തു. ജലസ്രോതസ്സുകളുടെ സൈഡുകൾ മുഴുവൻ കൃഷി വ്യാപിപ്പിച്ചു. ഹരിത കേരളം

മിഷൻ മുഖേന സർക്കാർ പണം ചെലവഴിച്ച് കൃഷിയും ജലസംരക്ഷണവും മെച്ചപ്പെടുത്തുകയും ആ മേഖലയെ പുഷ്ടിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് നമുക്ക് കാണാൻ കഴിയും. ഗവൺമെന്റ് മാത്രമല്ല, ഭരണപക്ഷം മാത്രമല്ല, അപ്പുറത്തിരിക്കുന്നവർകൂടി ഒറ്റക്കെട്ടായി നിന്നുകൊണ്ട് പ്രവർത്തിക്കേണ്ട ഒരു സാഹചര്യമാണ് അവിടെയൊക്കെ നാം കാണുന്നത്. തമിഴ്നാടിന്റെ അവസ്ഥയിലേയ്ക്ക് കേരളത്തെ കൊണ്ടെത്തിക്കാതിരിക്കാനുള്ള വലിയ പ്രവർത്തനങ്ങൾ നടക്കുകയാണ്. കാർഷിക മേഖലയിൽ എന്തെല്ലാം മെച്ചങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിൽ എന്റെ മണ്ഡലത്തിലുള്ള ഒരു കാര്യം പറഞ്ഞു, ദീർഘനാളായി, 35 വർഷങ്ങൾക്കുമേൽ വരമ്പുകൾ ഏതാണെന്നുപോലും അറിയാതെ കിടന്നിരുന്ന, ഉടമസ്ഥർക്കുപോലും വേണ്ടാതെ കളഞ്ഞിരുന്ന വയലുകൾ ഇന്ന് വന്ന് കാണേണ്ടതാണ്. പാണ്ടിവയലും അതിനോടുചേർന്ന വയലുകളും തോടും സംരക്ഷിച്ചിരിക്കുകയാണ്. അവിടെ ഒരു വേസ്റ്റ് കൊണ്ടിട്ടാൽ നാട്ടുകാർ പ്രതികരിക്കുന്ന സ്ഥിതിയായി. കർഷകർ നമ്മോടൊപ്പം വന്നുതുടങ്ങി. എല്ലാം ശരിയാക്കാമെന്ന് പറഞ്ഞുകൊണ്ട് അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലായെന്ന് ഇന്ന് രാവിലെ ഒരു ചോദ്യത്തിനിടയ്ക്ക് ശ്രീ. പി. ടി. തോമസ് പറയുകയുണ്ടായി. രണ്ടുപേരുടെ ആത്മഹത്യയ്ക്ക് സാക്ഷ്യം വഹിക്കാൻ മാത്രമാണ് കഴിഞ്ഞതെന്ന് അദ്ദേഹം പറഞ്ഞു. എങ്ങനെയാണ് ഇങ്ങനെ പറയാൻ കഴിയുക; നിങ്ങൾ ഇതൊന്നും കാണുന്നില്ലേ? ഇതൊക്കെ ചില സാഹചര്യത്തിന്റേതാണ്, ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകുന്നുണ്ട്, ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ഓരോന്ന് ചെയ്യുന്നുണ്ട്. ആത്മഹത്യകളെല്ലാം ദൗർഭാഗ്യകരമാണ്. ഞാനാരെയും കുറ്റം പറയുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പെന്നത് ഗവൺമെന്റിന്റെ എല്ലാ പദ്ധതികളും താഴേത്തട്ടിലേയ്ക്ക് എത്തിക്കുന്ന ഏറ്റവും വലിയ സംവിധാനമാണ്. ഏറ്റവും നന്നായി തുക ചെലവഴിക്കുന്നതും പ്രസ്തുത വകുപ്പാണ്. ദൗർഭാഗ്യകരമായ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ ഇത്തരം പ്രശ്നങ്ങളിൽ, അതായത് ചട്ടമനുസരിച്ചാണോ കെട്ടിടം കെട്ടുന്നത് എന്നുള്ളത് കൂടുതൽ ജാഗ്രതയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിക്കണം. അത് ചെയ്യാതെ വരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളാണ് ഇത്തരത്തിൽ ഉണ്ടാകുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചിലപ്പോൾ പാർക്കിംഗ് ഏരിയയ്ക്കുള്ള സ്ഥലം കാണിച്ച് സാംഗ്ഷനും വാങ്ങിക്കഴിഞ്ഞതിനുശേഷം ആ പാർക്കിംഗ് ഏരിയയുടെ സ്ഥലത്ത് ഹോട്ടലുകൾ നടത്തുന്നത് കണ്ടിട്ടുണ്ട്. ഇത്തരത്തിലുള്ള ചട്ടലംഘനങ്ങൾ ഉണ്ടായാൽ ഈ നാട് എവിടെയെത്തിച്ചേരും; ഒരിക്കലും ദൗർഭാഗ്യകരമായ ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ പാടില്ല. അതുണ്ടാകാതിരിക്കാൻ ചെയ്യുന്നവർ കൂടി ഓർക്കണം. നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടേണ്ടതല്ലേ; അത് വേണ്ടെന്നുവച്ച് പോകേണ്ടതല്ലല്ലോ; അങ്ങനെ നല്ല നിലയിൽ പോകാൻ നമുക്ക് സാധിക്കണം.

ഈ സർക്കാർ വന്നതിനുശേഷം എഞ്ചിനീയർമാരടക്കം 2732 പേരെയാണ് പഞ്ചായത്തുകളിൽ നിയമിച്ചിട്ടുള്ളത്. നഗരസഭകളിൽ 1494 പേരെ നിയമിച്ചു. അങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്ന തരത്തിലാണ് പ്രവർത്തിക്കുന്നത്. ധനസ്ഥിതി വളരെ മോശമായിട്ടും കേന്ദ്രസർക്കാരിന്റെ കടുത്ത നടപടികളായ നോട്ട് നിരോധനം, ജി.എസ്.ടി., നികുതി പിരിക്കാൻ പറ്റാതാക്കിയത്, നമ്മുടെ അധികാരം 101-ാം ഭേദഗതിയിലൂടെ എടുത്തത് മുതലായ കാര്യങ്ങളൊക്കെ ചെയ്തിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 100 ശതമാനത്തിന് അടുത്തുള്ള തുക ചെലവഴിക്കാൻ സാധിച്ചു. 84.74 ശതമാനം തുക ചെലവഴിച്ചു കഴിഞ്ഞു. കൊടുത്തിട്ടുള്ള ബില്ലുകൂടിയാകുമ്പോൾ 93 ശതമാനം തുക എക്സ്പെൻഡീച്ചറാകും. അടുത്ത തവണ 100 ശതമാനം എക്സ്പെൻഡീച്ചറും 100 ശതമാനം നികുതി പിരിക്കലും നടപ്പാക്കാനുള്ള ലക്ഷ്യത്തോടുകൂടിയാണ് തദ്ദേശസ്വയംഭരണ വകുപ്പ് മുമ്പോട്ടുപോകുന്നത്. ഈ സർക്കാർ വന്നതിനു ശേഷം 408 ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. അംഗീകാരം ലഭിച്ചു. അവർക്ക് കൊടുത്ത സഹായം നന്നായി ഉപയോഗിച്ചു. അങ്ങനെയാണ് അവരെ നമ്മൾ ഗൈഡ് ചെയ്യുന്നത്. എന്റെ മണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾപ്പെടെ 509 ഗ്രാമപഞ്ചായത്തുകളിൽ 100 ശതമാനം നികുതി പിരിച്ചെടുത്തു. അക്കാര്യത്തിൽ സന്തോഷമുണ്ട്. 203 പഞ്ചായത്തുകളും 46 ബ്ലോക്ക് പഞ്ചായത്തുകളും 16 മുനിസിപ്പാലിറ്റികളും ഒരു ജില്ലാ പഞ്ചായത്തും ഒരു കോർപ്പറേഷനും 100 ശതമാനം പദ്ധതിപ്പണം വിനിയോഗിച്ചു. അത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി ഓരോ മേഖലയേയും സംരക്ഷിച്ചുകൊണ്ട് നാടിന്റെ വികസനത്തിനുതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. റോഡുകളുടെ കാര്യം സംബന്ധിച്ച് ധാരാളം ചർച്ച ചെയ്തുകഴിഞ്ഞതിനാൽ ഇനി ദീർഘമായി പോകുന്നില്ല. നല്ല നിലവാരമുള്ള റോഡുകൾ ഉണ്ടാകണം. പാലാരിവട്ടം പാലം പോലെയാകാൻ പാടില്ല. തീർച്ചയായും നോട്ടക്കുറവുണ്ടാകാൻ പാടില്ല. ഏനാത്ത് പാലം പൊളിഞ്ഞു. ആ സമയം ബഹുമാനപ്പെട്ട മന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസിലെ ഉദ്യോഗസ്ഥരും ദിവസേനയെന്നവണ്ണം വരികയും കറക്ടായി കാര്യങ്ങൾ ചെയ്യുന്നുണ്ടോയെന്ന് സൂപ്പർവിഷൻ നടത്തുകയും ചെയ്തിരുന്നു. അത്തരത്തിലൊക്കെയുള്ള ധാരാളം ഉത്തരവാദിത്വം നമുക്കൊക്കെയുണ്ട്. ആ രീതിയിൽ പോകണം. അല്ലാതെ ചെറിയ ചെറിയ സംഭവങ്ങളോ ഒറ്റപ്പെട്ട വീഴ്ചകളോ ഏതെങ്കിലും ഭാഗത്ത് ഉണ്ടാകുമ്പോൾ അത് സർക്കാരിനെതിരെ പ്രയോഗിക്കുകയും സർക്കാർ ചെയ്യുന്ന നല്ലകാര്യങ്ങളെ മറച്ചുപിടിച്ചുകൊണ്ട് പ്രചരണം നടത്തുകയും ചെയ്യുന്ന രീതിയിൽനിന്നും ദയവുചെയ്ത് എല്ലാവരും പിൻമാറണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

ജനങ്ങളുമായി ഏറ്റവും ബന്ധപ്പെട്ട കാര്യമാണ് വിദ്യാഭ്യാസം. കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുകയെന്നത് അങ്ങേയറ്റം പ്രതിബദ്ധതയുള്ള കാര്യമാണ്. സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങളുണ്ടാക്കിക്കൊടുത്ത് കുട്ടികൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം കൊടുക്കുന്നതിനുള്ള ശ്രമമാണ് സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഈ സർക്കാർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് വളരെയധികം കുട്ടികൾ സ്കൂളുകളിലേയ്ക്ക് വന്നത്. നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് കുട്ടികളെ പഠിപ്പിക്കുന്നതിന് വേണ്ടിവരുന്ന വൻതോതിലുള്ള ചെലവ് കുറഞ്ഞുകിട്ടി. അത് ജനങ്ങൾക്ക് ആശ്വാസമായി.

വിലക്കയറ്റം തടഞ്ഞുനിർത്താൻ സിവിൽ സപ്ലൈസ് വകുപ്പും സഹകരണ വകുപ്പും എന്തുമാത്രം കാര്യങ്ങളാണ് ചെയ്യുന്നത്; അത് കാണാതിരിക്കാൻ കഴിയുമോ; വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് 13 ഇന സാധനങ്ങൾ ഇപ്പോഴും വില കുറച്ചുകൊടുക്കുകയാണ്. ഹോം അപ്ലയൻസസ് വിലകുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടിയുമായി നമ്മുടെ സർക്കാർ മുന്നോട്ടുവന്നു. 1100-ലധികം രൂപ വിലയുള്ള തറ തുടയ്ക്കുന്ന സാധനം 40 ശതമാനത്തിലധികം വിലകുറച്ച് 610 രൂപയ്ക്ക് ഞാൻ വാങ്ങിയതുകൊണ്ട് എനിക്കത് കൃത്യമായി പറയാൻ കഴിയും. എന്റെ മണ്ഡലത്തിൽ ഹോം അപ്ലയൻസസിന്റെ കട ഉദ്ഘാടനം ചെയ്ത ദിവസം ഞാൻ പോയി വാങ്ങി. വൻതോതിലുള്ള ലാഭമില്ലാതെ കമ്പനിക്കാരിൽ നിന്ന് നേരിട്ട് ഹോം അപ്ലയൻസസ് വാങ്ങി വില്പന നടത്തുന്നതിലൂടെ ജനങ്ങൾക്ക് ഉപകാരമല്ലേ ചെയ്യുന്നത്; ജീവിക്കാനുള്ള പണച്ചെലവ് വളരെ കുറച്ച് ജനങ്ങളെ ആശ്വസിപ്പിക്കുന്ന നടപടിയല്ലേ അവിടെ വന്നിട്ടുള്ളത്?

ടൂറിസം, പരമ്പരാഗത വ്യവസായം, കശുവണ്ടി മേഖല എന്നിവയെക്കുറിച്ചൊക്കെ ഇവിടെ എന്തെല്ലാം വാഗ്വാദങ്ങളുണ്ടായി. ഫാക്ടറികൾ തുറക്കാൻ, ചെറുകിട വ്യവസായികളെ സഹായിക്കാൻ ഗവൺമെന്റും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും സാധ്യമായ എല്ലാ ഇടപെടലുകളും നടത്തിയില്ലേ; ഈ സർക്കാർ ഒന്നാകെ ഇടപെടൽ നടത്തിയില്ലേ; എത്ര ഫാക്ടറികൾ തുറന്നു; സർക്കാർ മേഖലയിലുള്ള കാപ്പെക്സും കോർപ്പറേഷനും തുറന്ന് നന്നായി പ്രവർത്തിക്കുകയല്ലേ; പക്ഷെ ഒറ്റപ്പെട്ട ചിലത് അടഞ്ഞുകിടക്കുകയാണ്. നമുക്കവരെ ബലം പ്രയോഗിച്ച് എഴുന്നേൽപ്പിക്കാൻ പറ്റുമോ; ഒരു വർഷത്തെ പലിശവരെ വഹിച്ച് സാധ്യമായ ഇടപെടലുകൾ നടത്തിക്കൊണ്ട് നടപടികൾ സ്വീകരിക്കാമെന്ന് പറഞ്ഞു. കൈത്തറി വ്യവസായം എത്രമാത്രം മെച്ചപ്പെട്ടു; ജനപ്രതിനിധി എന്ന നിലയിൽ ഞാനും അതിന്റെ ഒരു ഗുണഭോക്താവാണ്. എന്റെ മണ്ഡലത്തിൽ വെളിയം പഞ്ചായത്തിലും മറ്റുമുണ്ടായിരുന്ന, അടച്ചുപൂട്ടി ചിലന്തിവലപിടിച്ച് കിടന്നിരുന്ന നൂൽനൂൽപ്പ് കേന്ദ്രങ്ങളൊക്കെ തുറന്നു

എന്നുമാത്രമല്ല അവിടെനിന്ന് അതിമനോഹരമായ സാരിയും യൂണിഫോമുമൊക്കെ തയ്പിച്ചുകൊടുക്കുന്നതിന് ഇപ്പോൾ സമയം തികയാത്ത അവസ്ഥയാണുള്ളത്. അതാണ് അവിടെ കാണാൻ കഴിയുന്ന കാര്യങ്ങൾ. അതുപോലെതന്നെയാണ് ജോലികൊടുക്കുന്ന കാര്യത്തിലുമുള്ളത്. പഠനം കഴിഞ്ഞാൽ എല്ലാവരും ആഗ്രഹിക്കുന്നത് ഒരു ജോലി കിട്ടുക എന്നുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെ മന്ത്രിമാരെല്ലാം വിദേശ രാജ്യങ്ങളിലും മറ്റും പോയി നല്ല നിലയിൽ ഇടപെട്ട് നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് കിട്ടാൻ സാധ്യമായവ വാങ്ങിയെടുക്കാനുള്ള നടപടികളാണ് സ്വീകരിച്ചത്. തൊഴിൽ കിട്ടുന്നതിനുവേണ്ടി സ്കിൽ പാർക്കുകൾ സജ്ജമാക്കി, സിംഗപ്പൂർ ബേസ്ഡ് കമ്പനിയുമായി ഈ ഗവൺമെന്റ് ഉണ്ടാക്കിയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ കുളക്കടയുള്ള സ്ഥാപനത്തിൽ നല്ല കോഴ്സുകളാണ് നടപ്പാക്കുന്നത്. നോർക്ക റൂട്ട്സ് വഴി നിയമപരവും ധാർമ്മികവും സുരക്ഷിതവും സുതാര്യവുമായി ജോലിക്ക് പോകാൻ സർക്കാർ സൗകര്യമുണ്ടാക്കിക്കൊടുക്കുന്നുണ്ട്. ഗാർഹിക തൊഴിലാളികൾക്കുപോലും സുരക്ഷിതമായി പോകാൻ സാധിക്കുന്നുണ്ട്. അങ്ങനെയുള്ള കാര്യങ്ങളൊക്കെ ചെയ്തുപോകുമ്പോഴാണ് പ്രളയവും സുപ്രീംകോടതി വിധിയുമൊക്കെ വന്നത്. പ്രളയം വന്നപ്പോൾ അതിനെ അതിജീവിക്കാൻ സമാനതകളില്ലാത്ത നടപടികളാണ് സർക്കാർ സ്വീകരിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം പറയുന്നത് കേട്ടു, അത് നാട്ടിലുള്ള ജനങ്ങൾക്ക് കൊടുത്ത അപ്ലാസ് ആണെന്ന്. ഒരു സർക്കാർ ഇച്ഛാശക്തിയോടെ, സർവ്വ സന്നാഹവുമായി സഹായിക്കാതെ ജനങ്ങൾ മാത്രം വിചാരിച്ചാൽ ഇത്രയൊക്കെ ചെയ്യാൻ കഴിയുമോ; എങ്ങനെയാണ് മനസ്സാക്ഷിയില്ലാതെ സംസാരിക്കാൻ കഴിയുന്നത്? കണ്ണുണ്ടായാൽ പോരാ, കണ്ണ് തുറന്ന് കാണണം, കാതുണ്ടായാൽ പോരാ കേൾക്കണം എന്നുപറയുന്നതുപോലെ ഇതൊക്കെ കണ്ടു മനസ്സിലാക്കി വേണം സംസാരിക്കേണ്ടത്. എല്ലാം തകർന്നു, അപ്പോഴും നമ്മുടെ നാട്ടിലുള്ള എല്ലാവരേയും ചേർത്തുകൊണ്ട് സാധ്യമായ ഇടപെടലൊക്കെ നടത്തി.

പ്രളയത്തിൽ നമ്മളെ സഹായിച്ചവരുടെ കൂട്ടത്തിൽ വ്യവസായികളും വ്യാപാരികളുമൊക്കെയുണ്ട്. അവരുടെ ചെറിയൊരു പ്രശ്നംകൂടി ഉന്നയിക്കാനുണ്ട്. നിലവിലെ ആംനെസ്റ്റി സ്കീം അനുസരിച്ച് അസെസ്സ്മെന്റിന്റെ 100 ശതമാനവും അടയ്ക്കണം. ഉദ്യോഗസ്ഥർ ഒരു ലക്ഷം രൂപ അസെസ്സ് ചെയ്തുകൊടുത്താൽ അവർ ആ തുക മുഴുവൻ അടയ്ക്കണം. എത്ര രൂപയാണോ അസെസ്സ് ചെയ്തുകൊടുക്കുന്നത് അത്രയും തുക അടയ്ക്കണം. അവരുടെ ഒരു നിവേദനത്തിന്റെ കാര്യം കൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആംനെസ്റ്റി സ്കീമിൽ 20 ശതമാനം മുതൽ 30 ശതമാനംവരെ കൺസഷൻ

കൊടുത്ത് തിരിച്ചടയ്ക്കാൻ സഹായിക്കണമെന്ന് അവർ പറയുന്നു. അക്കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുക എന്നുള്ളത് ആലോചിച്ച് അവരെ സഹായിക്കണമെന്നുള്ളതാണ്. ജി.എസ്.ടി. നിലവിൽ വന്ന 1-7-2017-ന് മുമ്പ് 30-6-2019 വരെയുള്ള കേസ്സുകളിൽ വ്യാപാരികൾക്കുകൂടി സഹായകരമായ ആംനെസ്റ്റി സ്കീം പ്രഖ്യാപിക്കണമെന്നതാണ് അവരുടെ അഭ്യർത്ഥന. അവരെ സഹായിക്കാൻ പറ്റുന്നത് ചെയ്യണമെന്നാണ് അഭ്യർത്ഥിക്കുന്നത്. ജി.എസ്.ടി.-യുടെ ഒരു ശതമാനം പ്രളയ സെസ് ഈടാക്കിയാൽ മതിയെന്ന് ജി.എസ്.ടി. കൗൺസിൽ പറഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. പക്ഷെ ഉത്തരവ് വന്നപ്പോൾ ജി.എസ്.ടി.യുടെ ഒരു ശതമാനം എന്നതല്ലാതെ ടോട്ടൽ ബില്ലിന്റെ ഒരു ശതമാനമെന്നാണ് വന്നിട്ടുള്ളത്. എന്താണ് അതിൽ വന്നിട്ടുള്ള പ്രശ്നമെന്ന് പരിശോധിച്ച് അവരെ സഹായിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

സ്ത്രീകൾക്കായുള്ള വകുപ്പുകളും വളരെ ഭംഗിയായി പോകുന്നുണ്ട്. തൊഴിൽ കൊടുക്കാനും സുരക്ഷിതത്വത്തിനും ഒറ്റപ്പെട്ടുപോകുന്ന ആൾക്കാർക്ക് ഒറ്റരാത്രി തങ്ങാൻവേണ്ടിയും 12 വയസ്സിനുതാഴെയുള്ള കുട്ടികളടക്കം, ഓരോ വകുപ്പുകൾ വഴിയും സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുവഴി ഗ്രാമങ്ങളുണ്ടാക്കി, എല്ലാ വീട്ടിലേയ്ക്കുമുള്ള വഴി, വെള്ളം ഇതെല്ലാം സ്വയംപര്യാപ്തമാക്കി മാറ്റുകയും പഠനത്തിനും ഐ.എ.എസ്-ന് പ്രിപ്പെയർ ചെയ്യാനുമുള്ള സൗകര്യം ഇങ്ങനെ എല്ലാ മേഖലകളേയും നന്നായിക്കൊണ്ടുപോകുന്ന ഈ സർക്കാരിന്റെ ഓരോ വകുപ്പുകളുടെയും ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് ഏറ്റവും സന്തോഷത്തോടെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

1.00 P.M.]

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ ആളോഹരി വരുമാനം ഏറ്റവും കുറവ് രേഖപ്പെടുത്തിയ വർഷമാണ് 2018-19. അത് ഏതാണ്ട് 6.98 ശതമാനമാണ്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ വേണ്ടവണ്ണം മനസ്സിലാക്കാതെയും ഇന്ത്യൻ ഇക്കോണമിക്ക് താങ്ങാനാവുന്നതിനേക്കാളപ്പുറം അതിന്റെ ചലനം മനസ്സിലാക്കാതെയും നടത്തിയ വിനാശകരമായ ധാരാളം ഇടപെടലുകളും പരിഷ്കാരങ്ങളും രാജ്യത്ത് കടുത്ത സാമ്പത്തിക മാന്ദ്യത്തിന് ഇടയാക്കിയിട്ടുണ്ട്. ലോകത്താകമാനം കമ്പോള വ്യവസ്ഥയിൽ കാതലായ മാറ്റങ്ങളുണ്ടാവുകയും നമ്മുടെ രാജ്യവും അതിന്റെ ഭാഗമാകുകയും ചെയ്യുമ്പോൾ രാജ്യത്ത് മാത്രമല്ല നമ്മുടെ കേരളത്തിലും ആഗോള കമ്പോള ചലനങ്ങൾ ഉണ്ടാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ലോകത്തെ ഏത് സമ്പദ്‌വ്യവസ്ഥയെയും

നിയന്ത്രിക്കുന്നത് ഏതാണ്ട് ഏകീകൃത ഘടകങ്ങൾ തന്നെയാണ്. അതിൽ ഏറ്റവും പ്രധാനമാണ് സ്വകാര്യ നിക്ഷേപം. സ്വകാര്യ നിക്ഷേപത്തിന് ഉതകുന്ന ഒരന്തരീക്ഷം കേരളത്തിൽ ഇല്ല എന്നുള്ളതായിരുന്നു കേരളവുമായി ബന്ധപ്പെട്ട് ഇതുവരെയുണ്ടായിരുന്ന ശക്തമായ പ്രചാരണങ്ങൾ. അതിനെ അതിജീവിക്കാൻവേണ്ടി, ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുവേണ്ടി വലിയ ഇടപെടലുകളാണ് ഈ ഗവൺമെന്റ് നടത്തിയത്. അതിന്റെ ഭാഗമെന്ന നിലയിൽ ബില്ലുകൾ, പ്രത്യേകിച്ച് തൊഴിലാളികളുമായി ബന്ധപ്പെട്ട ബില്ലുകൾപോലും ഭേദഗതി ചെയ്യുന്നതിന് ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. അതുമായി ബന്ധപ്പെട്ട് നിരവധി നിയമങ്ങൾ ഭേദഗതി ചെയ്യപ്പെട്ട ഒരു കാലഘട്ടമാണിത്. ഇവിടെ രാഷ്ട്രീയ സംവാദങ്ങൾ വേണ്ട എന്നുപറയുന്നു. രാഷ്ട്രീയ സംവാദങ്ങൾ നമുക്കാവശ്യമാണ്. പക്ഷേ അത് ആരോഗ്യകരമായ രൂപത്തിൽ പോകുന്നില്ലെങ്കിൽ അതുണ്ടാക്കുന്ന ഭവിഷ്യത്തുകൾ വളരെ ഗുരുതരമായിരിക്കും. കഴിഞ്ഞ ദിവസം നിയമസഭയിൽ നടത്തിയ അടിയന്തരപ്രമേയ ചർച്ചയുടെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ, ഈ വിഷയത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്നത് ഒരു തുറന്ന സമീപനമാണ്, ലോക കേരളസഭയിൽ നിന്ന് രാജിവച്ച പ്രതിപക്ഷത്തിന്റെ നടപടി പിൻവലിക്കണമെന്ന് അദ്ദേഹം നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടു. ഇതിൽ ഒരു തുറന്ന സമീപനമാണ് ഉണ്ടാകേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം ലോക കേരള സഭയുടെ പ്രവർത്തനങ്ങളെ അത്രമാത്രം വിശാലാടിസ്ഥാനത്തിലാണ് കാണുന്നത്. അത് നന്നായി കൊണ്ടുപോകുന്നതിനുവേണ്ടി അദ്ദേഹം നടത്തുന്ന ഇടപെടലുകൾ വളരെ വലുതാണ്. അതുകൊണ്ടുതന്നെയാണ് രാജിവച്ച പ്രതിപക്ഷത്തോട് ഈ കാര്യങ്ങളിൽ സഹകരണം ഉണ്ടാകണം, രാജി പിൻവലിക്കണം എന്ന് അദ്ദേഹം ആവർത്തിച്ച് ആവശ്യപ്പെടുന്നത്. പ്രവാസിയായ സാജന്റെ മരണം കേരളത്തെ സംബന്ധിച്ചിടത്തോളം നൊമ്പരമാണെന്ന കാര്യത്തിൽ സംശയമില്ല. തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അത് തിരുത്തുക തന്നെ വേണം. അത് ചൂണ്ടിക്കാണിക്കേണ്ടത് പ്രതിപക്ഷത്തിന്റെ കടമയാണെന്ന കാര്യത്തിൽ തർക്കമില്ല. അത് തിരുത്തിപ്പോകുന്നതിനുള്ള വിശാലമായ മനസ്സാണ് യഥാർത്ഥത്തിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമുള്ളത്. പ്രതിപക്ഷം ചൂണ്ടിക്കാണിക്കുന്നതിനുമുമ്പ് തന്നെ പല വിഷയങ്ങളിലും നടപടി സ്വീകരിക്കുകയും സ്വീകരിച്ച നടപടി സഭയിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നതാണ് ഇപ്പോൾ സ്വീകരിച്ചുവരുന്ന രീതി. പോലീസ് മർദ്ദനത്തിൽ മരിച്ച രാജ്കുമാറിന്റെ വീട് കഴിഞ്ഞ ശനിയാഴ്ച ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സന്ദർശിച്ചു. സംഭവം നടന്നത് നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലാണെങ്കിലും എന്റെ മണ്ഡലമായ പീരുമേടിലെ കോലാഹലമേട് എന്ന സ്ഥലത്താണ് രാജ്കുമാർ താമസിച്ചിരുന്നത്. രാജ്കുമാറിന്റെ കസ്റ്റഡി മരണം ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. അതുമായി ബന്ധപ്പെട്ട് ഈ

ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുമുമ്പ് തന്നെ അദ്ദേഹം ഈ കാര്യങ്ങളിൽ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. അതിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുകാരെ സസ്പെന്റ് ചെയ്യുകയും ജാഗ്രത കാണിക്കാതിരുന്ന ആളുകളെ സ്ഥലംമാറ്റുകയും ചെയ്തു. ക്രൈംബ്രാഞ്ച് അന്വേഷണം ഏറ്റെടുത്തു. ഗൗരവതരമായി അതിന്റെ അന്വേഷണം നടന്നുവരുന്നു. അദ്ദേഹത്തിന്റെ ഭാര്യ വിവിധ സ്റ്റേഷനുകളിൽ കൊടുത്തിട്ടുള്ള കേസ്സുകളെ സംബന്ധിച്ചുകൂടി ഗവൺമെന്റ് പരിശോധിക്കണമെന്ന അഭ്യർത്ഥനയാണുള്ളത്. വളരെ നിർദ്ധനരായ ഒരു തോട്ടം തൊഴിലാളി കുടുംബമാണ് അദ്ദേഹത്തിന്റേത്. ജീവിക്കാൻ കഴിയുന്ന ഒരു സാഹചര്യവും നിലവിലില്ല എന്നുള്ളതുകൊണ്ട് ആ കുടുംബത്തെ സഹായിക്കുന്നതിന് ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. അന്ധമായ രാഷ്ട്രീയത്തിൽപ്പെട്ട് വിഷയങ്ങളെ ശരിയായി വിലയിരുത്താൻ നമുക്ക് കഴിയാതെ പോകുന്നുണ്ടോ എന്നൊരു സന്ദേഹമുണ്ട്. കേരളത്തിന്റെ തലയ്ക്കുമുകളിൽ ഒരു വാട്ടർ ബോംബ് പോലെ നിൽക്കുന്നതാണ് നമ്മൾ നിരവധി തവണ സഭയിൽ ചർച്ച ചെയ്തിട്ടുള്ള മുല്ലപ്പെരിയാർ വിഷയം. ഇതിനെ ഒരു വാട്ടർ ബോംബ് എന്നുതന്നെ നമുക്ക് വിളിക്കാൻ പറ്റും. ഒരു സത്യാഗ്രഹ സമരത്തിലോ മനുഷ്യച്ചങ്ങലയിലോ അതല്ലെങ്കിൽ നിയമസഭയിൽ ഐകകണ്ഠ്യേന പാസ്സാക്കുന്ന ഒരു പ്രമേയംകൊണ്ടോ മുല്ലപ്പെരിയാർ വിഷയത്തിന് പരിഹാരമുണ്ടാക്കാൻ കഴിയില്ലെന്ന് നമുക്കറിയാം. അനുഭവങ്ങളിൽ നിന്ന് നമ്മൾ പാഠം പഠിക്കുന്നില്ല എന്നുപറഞ്ഞാൽ പിന്നെ എന്നാണ് നമുക്ക് തിരുത്താൻ കഴിയുക? ഓരോ അനുഭവങ്ങളും നമ്മളെ സംബന്ധിച്ചിടത്തോളം പുതിയ പാഠങ്ങൾ നൽകണമെന്ന അഭിപ്രായമാണുള്ളത്. മുല്ലപ്പെരിയാർ വിഷയത്തിൽ തമിഴ്നാട് ഗവൺമെന്റിന് കോടതിയിൽ നിന്ന് കിട്ടിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 142 അടി വരെ അവർ വെള്ളം സംഭരിക്കുന്ന ഒരു നിലപാടിലേയ്ക്ക് പോയത്. എന്നാൽ ഈ പ്രളയകാലത്തും 142 അടി വരെ വെള്ളം എത്തുന്നതിനുവേണ്ടി കാത്തിരിക്കുകയും നിരവധി തവണ ജില്ലാ കളക്ടറുടെയും ചീഫ് സെക്രട്ടറിയുടെയും അഭ്യർത്ഥന ഉണ്ടായിട്ടും സമയബന്ധിതമായി വെള്ളം തുറന്നുവിടാനുള്ള നടപടി അവർ സ്വീകരിക്കാതിരിക്കുകയും ചെയ്തതുകൊണ്ടുണ്ടായ ദുരന്തമെന്ന് പറയുന്നത് ചെറിയ രൂപത്തിലല്ല. 142 അടിയിൽ എത്തുകയും അതിവൃഷ്ടി തുടരുകയും ചെയ്തപ്പോൾ മൂന്ന് ഷട്ടറുകളിലൂടെ അരയടി വീതം വെള്ളം തുറന്നുവിടാൻ അവർ ശ്രമിച്ചു. പക്ഷേ ആ വെള്ളം 142 അടിയിൽ നിന്നും 145 അടിയിലേയ്ക്ക് എത്തിയപ്പോൾ ഇലക്ട്രോണിക് വാട്ടർ ലെവൽ റീഡർ മെഷീൻ അവർ ഓഫാക്കി. പതിമൂന്ന് ഷട്ടറുകളിൽക്കൂടി ഒരുപോലെ വെള്ളം തുറന്നുവിടുന്ന സാഹചര്യമുണ്ടായി. അത് പെരിയാറിലൂടെ ഒഴുകിയെത്തി. പെരിയാർ തീരദേശവാസികളെ ഒരു കാഷ്വാലിറ്റിയിൽ നിന്ന് രക്ഷപ്പെടുത്തി സുരക്ഷിത ക്യാമ്പുകളിലേയ്ക്ക് മാറ്റുന്നതിന് ഇടപെടലുകൾ നടത്തി. എന്നാൽ ഇതൊന്നും ലോകം അറിഞ്ഞില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ വളരെ പ്രധാനപ്പെട്ട ഉപധനാഭ്യർത്ഥന ചർച്ച നടക്കുകയാണ്. ഭരണകക്ഷിയിൽ മന്ത്രിയുൾപ്പെടെ 14 എം.എൽ.എ.-മാർ മാത്രമാണുള്ളത്. ആകെ ഒരു മന്ത്രിയുള്ളത് പകുതി വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള ആളാണ്. ഹയർ എഡ്യൂക്കേഷനും ജനറൽ എഡ്യൂക്കേഷനും അതിലില്ല. വിദ്യാഭ്യാസത്തിന്റെ പകുതിയുള്ള ഒരു മന്ത്രിയാണ് സഭയിലുള്ളത്. ഒരു മര്യാദ വേണ്ടേ സർ? മന്ത്രിമാർ ഈ സഭയോട് ഇത്രയും അവഗണന കാണിക്കാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....യെസ്.....

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് റൂളിംഗ് നൽകണം. ആ ഗ്യാലറിയിലോട്ട് നോക്കു; അവിടെ ആരുണ്ട്? ഇതൊരു നിയമസഭയല്ലേ? ഇതൊരു നിയമസഭയാണെന്ന് അംഗീകരിക്കാനുള്ള മാന്യത കാണിക്കണ്ടേ? എന്ത് അപമാനകരമാണിത്?

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....യെസ്.....ശ്രദ്ധയിൽപ്പെടുത്താം. പ്ലീസ്.....

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ ഒരു തിരുത്തുണ്ട്. ഡോ. കെ. ടി. ജലീൽ സബ്ജക്ടിൽ ഡോക്ടറേറ്റുള്ള ആളാണ്. അദ്ദേഹത്തെ പകുതി വിദ്യാഭ്യാസം ഉള്ളയാളാണ് എന്ന് കുറച്ച് പറയരുത്. അത് മോശമാണ്. ഡോക്ടറേറ്റുള്ള ആളല്ലേ? അങ്ങനെ ഒരു പകുതി വിദ്യാഭ്യാസമന്ത്രി എന്നൊക്കെ പറയുന്നത് ശരിയായ നടപടിയല്ല.

ഡോ. എം. കെ. മുനീർ: സർ, എല്ലാ ഉദ്യോഗസ്ഥരും വരാൻവേണ്ടി ബഹുമാനപ്പെട്ട ചെയർ നിർദ്ദേശം കൊടുക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ചെയ്യാം. യെസ്.....യെസ്..... വേണ്ട നിർദ്ദേശം കൊടുക്കാം.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ തുടരട്ടെ?

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....ശ്രീമതി ഇ. എസ്. ബിജിമോൾ..... (ബഹളം).....റൂളിംഗൊക്കെ നിലവിലുള്ളതാണ്. നിർദ്ദേശം കൊടുക്കാം.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വലിയ കാഷ്വാലിറ്റി ഒഴിവാക്കുന്നതിനുവേണ്ടി അന്ന്.....(ബഹളം).....ഇത് അത്രയും പ്രധാനപ്പെട്ട വിഷയമാണ്. ഇതെന്താ ശ്രീ. പി. സി. ജോർജ്, സഭ കേൾക്കുന്നുണ്ട്. അതിനുള്ള സംവിധാനങ്ങൾ നമ്മുടെ നാട്ടിലില്ലേ? .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....പ്ലീസ്.....സമയം പോകുന്നു. ശ്രീമതി ഇ. എസ്. ബിജിമോൾ, പ്ലീസ്.....

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, നിങ്ങൾ കേട്ടാൽ മതി. പ്രതിപക്ഷം ഇല്ലാതെ പ്രസംഗിക്കുമ്പോഴാണ് നമുക്ക് സങ്കടം വരുന്നത്. ഈ വലിയ കാഷ്വാലിറ്റിയിൽ നിന്ന് ആളുകളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി പരിശ്രമങ്ങൾ നടത്തി. രണ്ട് ഡൈവെർഷൻ സ്കീമുകളാണ് പീരുമേട്ടിൽ നിന്ന് ഇടുക്കിയിലേയ്ക്ക് വെള്ളമെത്തിക്കുന്നത്. വാഗമൺ ഡൈവെർഷൻ സ്കീമും മറ്റൊന്ന് പീരുമേട് ഡൈവെർഷൻ സ്കീമുമാണ്. പീരുമേട് ഡൈവെർഷൻ സ്കീമിൽ വെള്ളം ഓവർഫ്ലോ ചെയ്തതുമൂലമുണ്ടായ അപകടങ്ങളെ ഒരിക്കലും ചെറിയ രൂപത്തിൽ കാണാൻ കഴിയില്ല. ഇരുപത്തിയേഴ് പാലങ്ങളും നിരവധി റോഡുകളും ഒഴുകിപ്പോയി. ഇടുക്കി പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇടുക്കി പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക സംഭാവന ചെയ്യുന്നതാണ് തോട്ടം മേഖല. തോട്ടം മേഖലയിലെ ഭൂമിക്ക് കരമടയ്ക്കാൻ കഴിയുന്നില്ല, ഭൂമിയുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രശ്നങ്ങളുണ്ട്. ഓക്ഷന്റെ വിഷയം ഇന്ന് രാവിലെ ചൂണ്ടിക്കാണിച്ചതാണ്. അതടക്കമുള്ള വിഷയങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന്റെ ഗൗരവതരമായിട്ടുള്ള ഇടപെടലുണ്ടാകണം. ഏതാണ്ട് ഒന്നേകാൽ ലക്ഷം ആളുകൾക്ക് ഇതിനോടകം പട്ടയം കൊടുത്തിട്ടുണ്ട്. ലാന്റ് റിഫോംസ് ആക്ട് വരുന്നതിനുമുമ്പ് കരമടച്ചുകൊണ്ടിരുന്ന ഏതാണ്ട് അയ്യായിരത്തിലധികം കുടുംബങ്ങൾക്ക് ഇപ്പോൾ കരമടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇത് എന്റെ മണ്ഡലത്തിലെ മാത്രം പ്രശ്നമല്ല. ഇടുക്കിയിലാകെയും, കേരളത്തിലാകെയും, ലാന്റ് റിഫോംസ് ആക്ട് വരുന്നതിനുമുമ്പ് പ്ലാന്റേഷൻ ആയിരുന്ന സ്ഥലം വാങ്ങി വീട് വച്ച് താമസിക്കുന്ന ആളുകൾക്ക് കരമടയ്ക്കാൻ കഴിയാത്ത സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. രണ്ടാം ഭൂപരിഷ്കരണ നിയമം ആവശ്യമാണെങ്കിൽ അതടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗൗരവതരമായി ഗവൺമെന്റ് ആലോചിക്കണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. റിയൽ എസ്റ്റേറ്റ് അടക്കം, നിർമ്മാണ മേഖല അടക്കം ഈ മാന്ദ്യത്തിന്റെ ഭാഗമായി നിശ്ചലമായി നിൽക്കുന്ന സാഹചര്യമുണ്ട്. നിർമ്മാണ മേഖലയ്ക്കാവശ്യമായ മെറ്റീരിയൽസ് കിട്ടാത്ത ഗുരുതര പ്രതിസന്ധി നമ്മുടെ മുമ്പിലുണ്ട്. ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമുണ്ടാക്കുക എന്നുപറയുന്നത് നമുക്ക് മാത്രമായി ചെയ്യാൻ കഴിയുന്ന കാര്യമല്ല. സ്വകാര്യ മേഖലയുടെ ഇൻവെസ്റ്റ്മെന്റ് കേരളത്തിലേയ്ക്ക് വരണമെന്ന് പറയുമ്പോഴും നമ്മുടെ രാജ്യത്ത് എത്തിക്കൊണ്ടിരിക്കുന്ന ഇൻവെസ്റ്റ്മെന്റുകളെക്കുറിച്ച് പരിശോധിച്ചാൽ, 2018-19 വർഷമാണ് ഏറ്റവും കുറവ് ഇൻവെസ്റ്റ്മെന്റ് വന്നിട്ടുള്ളത്. ഏതാണ്ട് 9.5 ലക്ഷം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റാണ് ഈ കാലഘട്ടത്തിൽ വന്നിട്ടുള്ളത്. എന്നാൽ മുൻ വർഷങ്ങളിലേത് എടുത്തുനോക്കുമ്പോൾ ശരാശരി 25 ലക്ഷം കോടി രൂപയിലധികം ഇൻവെസ്റ്റ്മെന്റ് നമ്മുടെ രാജ്യത്തേയ്ക്ക് വന്നിരുന്നുവെങ്കിൽ,

സ്വാഭാവികമായി നമ്മുടെ രാജ്യത്താകമാനമുണ്ടായ മാന്ദ്യം സ്വകാര്യ ഇൻവെസ്റ്റർമാരെ നമ്മുടെ രാജ്യത്തേയ്ക്ക് കൊണ്ടുവരുന്നതിന് വിമുഖത കാട്ടിയിട്ടുണ്ട്. ആ മാന്ദ്യം കേരളത്തെയും ബാധിച്ചിട്ടുണ്ടെന്ന വിഷയം നമ്മൾ ഗൗരവമായി കാണുകയാണ്. ഇത്തരമൊരു സന്ദർഭത്തിലാണ് ഈ മാന്ദ്യത്തെ അതിജീവിക്കുന്നതിനുവേണ്ടി കിഫ്ബി പോലെയുള്ള പാക്കേജുകൾ പ്രഖ്യാപിക്കുന്നത്. അതുമായി നമ്മൾ മുന്നോട്ടുപോകുന്നതിനുവേണ്ടിയുള്ള നിരന്തരമായ പരിശ്രമം നടത്തുകയും ചെയ്യുന്നുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്.....പ്ലീസ്.....

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഞാൻ നിർത്തുകയാണ്. മലയാളിയെ സംബന്ധിച്ച് മലയാളി എപ്പോഴും പറയുന്നത് വിശ്വപൗരനെന്നുള്ള നിലയിലാണ്. ലോകത്തുണ്ടാകുന്ന മാറ്റങ്ങൾ നമ്മുടെ രാജ്യത്തെ ബാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. അത് കേരളത്തെയും ബാധിക്കും. അത് ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. ഈ മാന്ദ്യത്തിൽ നിന്ന് രക്ഷപ്പെടുന്നതിനും അതിനെ അതിജീവിക്കുന്നതിനും വേണ്ടിയുള്ള പ്രത്യേക ഷോക്ക് അബ്സോർബർ ഒന്നും കേരളത്തെ സംബന്ധിച്ചിടത്തോളം നമുക്ക് സ്വന്തമായി ഇല്ല. എന്നാൽ അതിനെ അതിജീവിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഒരു ഇൻവെസ്റ്റ്മെന്റ് എന്ന നിലയിൽ, സ്വകാര്യ നിക്ഷേപം എത്തുന്നില്ല, കയറ്റുമതിയിൽ നമുക്ക് വേണ്ടത്ര പെർഫോം ചെയ്യാൻ കഴിയാതെ പോകുന്ന സാഹചര്യമുണ്ടാകുന്നു, ആഭ്യന്തര ഉപയോഗത്തിൽ വലിയ കുറവുണ്ടാകുന്നു, പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപയോഗത്തിൽപ്പോലും കുറവുണ്ടാകുന്നു. എല്ലാ വിപണികളും നിർജ്ജീവ മായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ബൂസ്റ്റ് ചെയ്ത് നിർത്തുന്നതിനുവേണ്ടി ഗവൺമെന്റ് നടത്തുന്ന ഇടപെടൽ എന്നുള്ള നിലയിലാണ് കിഫ്ബിയുടെ പ്രവർത്തനങ്ങളെ നമ്മൾ കാണുന്നത്. കിഫ്ബിയുടെ പ്രവർത്തനങ്ങളോട് തുറന്ന സമീപനമുണ്ടാകണം. കുറ്റങ്ങളും പോരായ്മകളും ചൂണ്ടിക്കാണിക്കുന്നതോടൊപ്പം തന്നെ പിന്നിൽ നിന്ന് ചവിട്ടാതിരിക്കുന്നതിനുള്ള മനോഭാവം ഉണ്ടാകണം. എങ്കിൽ മാത്രമേ നമുക്ക് ഈ കടുത്ത വെല്ലുവിളിയിൽ വീണുപോകാതെ പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഈ പ്രസംഗം ഇപ്പോൾ ഇവിടെയൊരു പ്രഹസനം മാത്രമാണ്. കാരണം ഉപധനാഭ്യർത്ഥന ചർച്ച നടക്കുമ്പോൾ ഒരു മന്ത്രി പോലും ഇവിടെയില്ല. ഉദ്യോഗസ്ഥന്മാർ ഗ്യാലറിയിലില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അത് പറഞ്ഞുകഴിഞ്ഞല്ലോ.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പറഞ്ഞുകഴിഞ്ഞെങ്കിലും ഇവർ ഇവിടെയുള്ള ആളുകളല്ലേ? അവരിത് പരിഗണിക്കുന്നില്ലെന്നാണ് ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. 1957 ജൂൺ 7-ന് 24 പേജുള്ള കേരളത്തിന്റെ പ്രഥമ ബഡ്ജറ്റ് അവതരിപ്പിച്ച അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അച്യുതമേനോൻ കടബാധ്യതയെക്കുറിച്ച് ഒന്നുംതന്നെ ആ ബഡ്ജറ്റിൽ പറഞ്ഞിരുന്നില്ല. അതായത് അന്ന് കേരളത്തിന് കടം ഇല്ലായിരുന്നു. മിച്ച ബഡ്ജറ്റായിരുന്നു. ഒന്നര കോടിയായിരുന്നു അന്നത്തെ കേരളത്തിന്റെ ജനസംഖ്യ. എന്നിട്ടും ബഡ്ജറ്റിന്റെ രണ്ടാം ഖണ്ഡിക അദ്ദേഹം തുടങ്ങുന്നത് 'കേരളത്തിന്റെ കൂടിയ ജനസംഖ്യയും സാമ്പത്തിക പ്രയാസങ്ങളും എല്ലാവർക്കും അറിയുന്നതാണല്ലോ' എന്ന് പറഞ്ഞുകൊണ്ടാണ്. ആറ് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ സംസ്ഥാനത്തെ കാര്യങ്ങൾ ആകെ മാറിമറിഞ്ഞിരിക്കുകയാണ്. രണ്ട് ലക്ഷത്തിൽപ്പരം കോടി രൂപയാണ് സംസ്ഥാനത്തിന്റെ പൊതുകടം. ഇതനുസരിച്ച് ആളോഹരി കടം 47116.87 രൂപയാണ്. ജനസംഖ്യയാകട്ടെ മൂന്നര കോടിയിൽ എത്തിനിൽക്കുന്നു. മാത്രവുമല്ല ഇന്ന് രാജ്യത്ത് ഏറ്റവും കൂടുതൽ ധനപ്രതിസന്ധി നേരിടുന്ന മൂന്ന് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. രണ്ടാമത്തേത് ഞാൻ പറയേണ്ടതില്ലല്ലോ? എല്ലാവർക്കും ഊഹിച്ചാൽ മനസ്സിലാകും. അത് പശ്ചിമ ബംഗാളാണ്. മൂന്നാമത്തേത് പഞ്ചാബും. റവന്യൂ വരുമാനവും ചെലവും തമ്മിലുള്ള അന്തരമാണ് റവന്യൂ കമ്മി എന്ന് നമുക്കറിയാം. അതുപോലെ മൊത്തം ചെലവ് മൊത്തം വരുമാനത്തേക്കാൾ കൂടുമ്പോൾ ഉണ്ടാകുന്നതാണ് ധനകമ്മി. കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിലും സംസ്ഥാനത്തിന്റെ കാര്യത്തിലുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധിക്ക് ധൂർത്തും ദുർവിനിയോഗവുമാണ് പ്രധാന കാരണങ്ങളെന്ന് ഇന്നിവിടെ ചർച്ച ചെയ്യുന്ന സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് പരിശോധിച്ചാൽ ആർക്കും കാണാനാകും. ഉദാഹരണമായി 658.05 കോടി രൂപയുടെ 1-ാം ഉപധനാഭ്യർത്ഥനയിൽ ഒന്നരകോടിയോളം രൂപ വിവിധ ഉദ്യോഗസ്ഥ മേധാവികൾക്ക് കാറുകൾ വാങ്ങുന്നതിനാണ് നീക്കിവച്ചിരിക്കുന്നത്. സാധാരണക്കാരായ ആളുകൾക്ക് ജീവൻരക്ഷാ മരുന്നുകളും ശസ്ത്രക്രിയാ ഉപകരണങ്ങളും വാങ്ങാൻപോലും ഈ നാട്ടിൽ പണമില്ല. മരുന്ന് കമ്പനികൾ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് മരുന്ന് വിതരണം നിർത്തിവച്ച സാഹചര്യം ഇവിടെയുണ്ടായി. ഈ സാഹചര്യത്തിലാണ് സ്കോഡ ഒക്ടോവിയയും ഇന്നോവയും പോലെയുള്ള 20-ഉം 25-ഉം ലക്ഷം രൂപ വിലവരുന്ന കാറുകൾ ഉദ്യോഗസ്ഥന്മാർ വാങ്ങിക്കൂട്ടുന്നത്. ഒരു മിനി ബസ്സിനും ഈ പറഞ്ഞ കാറുകൾക്കുമൊക്കെ ഒരേ സ്ഥലമാണ് നമ്മുടെ തിരക്കേറിയ റോഡുകളിൽ വേണ്ടത്. മിനി ബസ്സിൽ ചുരുങ്ങിയത് 25-ഓളം യാത്രക്കാർ യാത്ര ചെയ്യുമ്പോൾ

സർക്കാർ കാറിൽ യാത്ര ചെയ്യുന്നത് ഒരുദ്യോഗസ്ഥൻ മാത്രമാണ്. 'സാറും' 'കാറും' ചേർന്നതാണ് 'സർക്കാർ' എന്നാണ് ആലങ്കാരികമായ പ്രയോഗം. സർ വിളിയും കാറ് ഉപയോഗവും ഭരണ സംവിധാനത്തിലെ രണ്ട് പ്രതീകങ്ങളാണ്. എന്നിരുന്നാലും ഇതിനൊക്കെ ഒരു മാറ്റം വരുത്തണ്ടേ? കാലം മാറി, കഥ മാറി. ഇതിനൊക്കെ മാറ്റം വരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വില കുറഞ്ഞതും തുടർ പരിപാലന ചെലവ് കുറഞ്ഞതുമായ അനേകം കാറുകൾ ഇന്ന് വിപണിയിൽ ലഭ്യമാണ്. ലോകമൊട്ടാകെ സ്വീകരിച്ചുകഴിഞ്ഞ കാർ പൂളിംഗ് നമുക്ക് നടപ്പാക്കാനാകുന്നില്ലെങ്കിലും ഇത്തരം വിലകുറഞ്ഞ കാറുകളിലേയ്ക്കെങ്കിലും മാറാൻ നമുക്ക് കഴിയേണ്ടതുണ്ടെന്നാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. കാറുകൾ വാങ്ങുന്നവരിൽ ലിക്വിഡേറ്റ് ചെയ്യാൻ പോകുന്ന വകുപ്പുകളുമുണ്ട്. ഒരു വകുപ്പ് മേധാവി ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർത്തലാക്കുമെന്ന് ഉറപ്പുള്ള വൊക്കേഷണൽ ഹയർ സെക്കന്ററിയുടെ ഡയറക്ടറാണ് എന്നുള്ളതാണ് വിചിത്രം. വകുപ്പ് ലിക്വിഡേറ്റ് ചെയ്യുകയാണ്. എന്നിട്ട് ആ വകുപ്പിന്റെ മേധാവിക്കാണ് കാർ ആവശ്യപ്പെടുന്നത്. അതുമാത്രമല്ല, എന്തെങ്കിലും ജനക്ഷേമപരവും ജനോപകാരപ്രദവുമായ പദ്ധതികൾ തങ്ങൾക്ക് മുന്നിലെത്തിയാൽ സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാട്ടി അതിനെ ചുവപ്പുനാടയിൽ മുക്കിക്കൊല്ലുന്ന ഈ ഉദ്യോഗസ്ഥർ തന്നെയാണ് യാതൊരു ദയാദാക്ഷിണ്യവുമില്ലാതെ അവർക്കായി ഇത്തരം കാറുകൾ വാങ്ങിക്കൂട്ടുന്നത്.

ഡിമാന്റ് നമ്പർ 3-ൽ ഇനം 'സി' ആയി ചേർത്തിട്ടുള്ള ഫുട്ട്നോട്ട് പ്രകാരം വഖഫ് ട്രൈബ്യൂണലിന്റെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിൽ ഉണ്ടായ അധിക ചെലവിനും പുതിയ തസ്തികകൾക്കായി ഉണ്ടായ അധിക സാമ്പത്തിക ബാധ്യതയ്ക്കുമാണ് അനുമതി തേടിയിരിക്കുന്നത്. വഖഫ് ട്രൈബ്യൂണൽ കോഴിക്കോട് ആരംഭിച്ചത് 2013-ലെ വഖഫ് ആക്റ്റിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ഇതിനുശേഷം തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിച്ചിരുന്ന മൂന്ന് റീജിയണൽ വഖഫ് ട്രൈബ്യൂണലുകൾ സർക്കാർ അടച്ചുപൂട്ടി. ഇത് കാരണം തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നുള്ള മഹല്ല് ഭാരവാഹികളും പ്രായംചെന്ന പള്ളി മുത്തഅല്ലിംമാരുമൊക്കെ കോഴിക്കോട് എത്തിച്ചേരാൻ ഏറെ ബുദ്ധിമുട്ടുകയാണ്. യാത്രാ ചെലവുകളൊക്കെയായി നല്ല തുക വേറെയും ചെലവ് വരുന്നു. ഈ സാഹചര്യത്തിൽ മറ്റ് പല സംസ്ഥാനങ്ങളിലെയും പോലെ ഓരോ ജില്ലയിലും ക്യാമ്പ് സിറ്റിംഗ് സമ്പ്രദായം ആരംഭിക്കുകയാണെങ്കിൽ ഏറെ സൗകര്യപ്രദമാവും. ഇക്കാര്യം സർക്കാർ പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഡിമാന്റ് നമ്പർ 35-ൽ പിണറായി ഗ്രാമപഞ്ചായത്തിൽ ഒരു കൺവെൻഷൻ സെന്റർ പണിയുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനായി ടോക്കൺ തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് ആധാരമായ സർക്കാർ ഉത്തരവോ മറ്റ് വിശദാംശങ്ങളോ ഒന്നും തന്നെ ഇതിൽ പറയുന്നില്ല. ഇത് പിണറായി പഞ്ചായത്തിൽ മാത്രമുള്ള ഒരു പദ്ധതിയാണോ? അല്ലെങ്കിൽ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കുമോ എന്നൊന്നും ഇതിൽ നിന്നും വ്യക്തമല്ല. ഏതായാലും ആന്തൂരിലെ പാർത്ഥ കൺവെൻഷൻ സെന്ററിനുണ്ടായ ദുർവിധി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പഞ്ചായത്തിലുള്ള ഈ കൺവെൻഷൻ സെന്ററിന് ഉണ്ടാകില്ലെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. പതിറ്റാണ്ടുകളോളം നൈജീരിയയിൽ ജോലി ചെയ്ത് കയ്യിലുള്ള 16 കോടി രൂപ മുടക്കി ആന്തൂർ മുനിസിപ്പാലിറ്റിയിൽ ആഡിറ്റോറിയവും കൺവെൻഷൻ സെന്ററും സ്ഥാപിച്ച സാജൻ പാറയിൽ എന്ന പാവം പ്രവാസിക്ക് കൊലക്കയർ സമ്മാനമായി നൽകിയ സർക്കാരാണിത്. സർക്കാർ പറയുന്നതുപോലെ ഉദ്യോഗസ്ഥർക്ക് മാത്രമാണോ ഇക്കാര്യത്തിൽ ഉത്തരവാദിത്വം. അങ്ങനെയാണെങ്കിൽ അവിടെ എന്തിനാണ് ഒരു മുനിസിപ്പാലിറ്റി? എന്തിനാണ് ഒരു ചെയർപേഴ്സൺ? എന്തിനാണ് ഒരു ഭരണസമിതി? സർക്കാർ മറുപടി പറയേണ്ട കാര്യങ്ങളാണിവ. കേവലം ഒന്നോ രണ്ടോ ഉദ്യോഗസ്ഥന്മാരെ മാത്രം സംഭവത്തിന്റെ ഉത്തരവാദികളായി മാറ്റി മറ്റുള്ളവർക്ക് ഇതിൽ നിന്നും ഓടിയൊളിക്കാനാവില്ല. ഇതുമായി ബന്ധപ്പെട്ട മറ്റൊരു സംഭവമാണ് എന്റെ നിയോജകമണ്ഡലമായ കുറ്റ്യാടിയിലെ വടകര താലൂക്കിൽ 20 വർഷക്കാലം ഗൾഫിൽ ജോലി ചെയ്ത പ്രവാസിയായ റഫീക്ക് എം., ആലോള്ളതിൽ വീട്, പൊന്മേരി പറമ്പിൽ പോസ്റ്റ്, വില്ല്യാപ്പള്ളി. അദ്ദേഹത്തിന്റെ സഹോദരൻ രണ്ട് കാലിനും സ്വാധീനമില്ലാത്ത ഒരു വികലാംഗനാണ്. രണ്ടര വർഷമായി ഒരു ബുള്ളറ്റിന്റെ വർക്ക്ഷോപ്പുമായി ബന്ധപ്പെട്ട് രണ്ട്-രണ്ടര കോടി രൂപ ചെലവഴിച്ചിട്ട് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എല്ലാ അംഗീകാരവും ലഭ്യമായിട്ടുപോലും ചില ഇടപെടലുകൾ കാരണം അവിടെ ആ സംവിധാനം തുടരാനോ അവന്റെ പ്രവൃത്തി ഉദ്ഘാടനം ചെയ്യാനോ ആ പ്രവാസിക്ക് കഴിയാത്ത സാഹചര്യമാണുണ്ടായിട്ടുള്ളത്. ഇത് ഒരു സ്ഥലത്ത് മാത്രമല്ല, പല സ്ഥലങ്ങളിലുമുണ്ട്. ആന്തൂരിൽ സാജൻ പാറയിൽ ആത്മഹത്യ ചെയ്തപ്പോൾ ഇത് ചർച്ച ചെയ്തുവെന്നല്ലാതെ കാര്യക്ഷമമായ ഒരു നടപടിയും എടുത്തില്ല. പതിറ്റാണ്ടുകൾ ഗൾഫിലെ മണലാരണ്യത്തിൽ അധ്വാനിച്ച് കഷ്ടപ്പെട്ട ആളുകൾ എവിടെയെങ്കിലും ഒരു ചെറുകിട വ്യവസായം ചെയ്യുകയാണെങ്കിൽ അതിനെതിരെ ശക്തമായ രാഷ്ട്രീയ ഇടപെടലുകളുണ്ടാകുന്നു. ഞാൻ ആരേയും കുറ്റം പറയുന്നില്ല. അത് നാട്ടിൽ പരക്കെയുണ്ട്. ഒരു ഒറ്റപ്പെട്ട പഞ്ചായത്തിൽ മാത്രമല്ല, കേരളത്തിലെ മഹാഭൂരിപക്ഷം സ്ഥലങ്ങളിലും പരിശോധിച്ചുനോക്കിയാൽ കാണാൻ സാധിക്കുന്ന

ഒരു വസ്തുതയാണിത്. നമ്മൾ ഇപ്പോൾ ലോക കേരള സഭ രൂപീകരിച്ചു. പ്രവാസികൾക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ നമ്മൾ ചെയ്യാൻ ശ്രമിക്കുന്നുവെന്നൊക്കെ പറഞ്ഞു. വിമാന യാത്രാ കൂലിയുമായി ബന്ധപ്പെട്ട കാര്യം എല്ലാ കാലവും നമ്മൾ പറയാറുണ്ട്. അങ്ങനെ ഒരു ഭാഗത്ത് കൊള്ളയടി നടക്കുകയാണ്. ഇതുപോലൊരു കൊള്ള പ്രവാസികളോട് ഒരുകാലത്തുമില്ലാത്ത വിധത്തിൽ വർദ്ധിച്ചുവരികയാണ്. പതിനായിരവും പന്ത്രണ്ടായിരവും കൊടുക്കേണ്ട ടിക്കറ്റിന് ഒരു ലക്ഷം രൂപ വരെ വാങ്ങുകയാണ്. ഇപ്പോൾ ഗൾഫിൽ വെക്കേഷൻ സമയമാണ്. ആളുകളൊക്കെ നാട്ടിലേയ്ക്ക് വരാൻ നോക്കുമ്പോൾ ഒരു ലക്ഷം രൂപ കൊടുത്താലും ടിക്കറ്റ് കിട്ടാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. സാധാരണ ഫ്ലൈറ്റുകൾക്ക് സീസൺ വരുമ്പോൾ എയർ ഇന്ത്യ എക്സ്പ്രസ്സ് അഡീഷണൽ ഫ്ലൈറ്റിടും. നമ്മൾ കാണേണ്ടത് ഇവിടെ ഒരു ഫ്ലൈറ്റ് പോലും അഡീഷണലായി ഇല്ല. ആയിരക്കണക്കിന് പ്രവാസികൾ നാട്ടിലേയ്ക്ക് വെക്കേഷൻ സമയത്ത് വരാനിരിക്കുമ്പോൾ അവർക്ക് നാട്ടിൽ വരാൻ പറ്റാത്ത സാഹചര്യമാണ് അവിടെയുള്ളത്. എയർപോർട്ടിൽ ഇപ്പോൾ ആളുകൾ കെട്ടിക്കിടക്കുകയാണ്. ഇനിയിപ്പോൾ സെപ്റ്റംബറിൽ തിരിച്ച് പോകുമ്പോൾ ഇതേ അവസ്ഥ വീണ്ടുമുണ്ടാകും. അപ്പോൾ ഇതിനൊരു പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും ഒരു നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. സംസ്ഥാന സർക്കാരല്ല കേന്ദ്ര ഗവൺമെന്റിന്റെ സിവിൽ ഏവിയേഷൻ വകുപ്പാണ് ഇത് ചെയ്യേണ്ടത്. നമ്മളൊന്നിച്ച് നിന്നുകൊണ്ട് പ്രവാസികളുടെ യാത്രാപ്രശ്നത്തിലുള്ള കൊള്ളയടി നിർത്താൻ ശ്രമിക്കണം. വിദേശരാജ്യങ്ങളിൽ നമ്മൾ കാണുന്നത് എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള പൗരന്മാരെ വെക്കേഷൻ സമയങ്ങളിൽ അതാത് ഗവൺമെന്റ് അഡീഷണൽ ഫ്ലൈറ്റ് ഇട്ട് സ്വദേശത്ത് എത്തിക്കുന്നതാണ്. ഇന്ത്യാ രാജ്യത്ത് മാത്രം ഇത് അനുവദിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. മാലിന്യ സംസ്കരണത്തിന് നൂതന പദ്ധതികളാവിഷ്കരിക്കുന്നതിന് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്നതും വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതുമായ ഒരു കമ്പനിയാണ് ക്ലീൻ കേരള കമ്പനി. മറ്റ് പാഴ്വസ്തുക്കൾ ഇവിടെത്തന്നെ സംസ്കരിക്കുന്നുണ്ടെങ്കിലും ഇലക്ട്രോണിക് വേസ്റ്റ് പോലെയുള്ളവ അവർ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുകയാണ്. ഇത് അധികകാലം തുടരാനാകില്ല. ഈ സാഹചര്യത്തിൽ കേരളത്തിൽ തന്നെ ഇവയും റീ-സൈക്കിൾ ചെയ്യുന്നതിന് പ്ലാന്റുകൾ സ്ഥാപിക്കണം. അത്തരം സംരംഭങ്ങൾക്കാണ് സർക്കാർ ഫണ്ട് നൽകി പ്രോത്സാഹിപ്പിക്കേണ്ടത്. അല്ലാതെ ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ദൈനംദിന പ്രവൃത്തികൾക്ക് സർക്കാർ ഫണ്ട് നൽകുന്നത് ആശാസ്യമായൊരു കീഴ്വഴക്കമല്ല. ഞാൻ ദീർഘിപ്പിച്ച് പറയുന്നില്ല. 'മുടിയാൻ നേരത്ത് മുച്ചീർപ്പൻ കുലയ്ക്കും' എന്ന് മലബാറിൽ ഒരു പ്രയോഗമുണ്ട്. ഇപ്പോൾ സി.പി.ഐ.(എം.)

അനുഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്. കാരണം എൽ.ഡി.എഫ്.-ന്റെ ഒരു കൺവീനറുണ്ട് ശ്രീ. എ. വിജയരാഘവൻ. സി.പി.ഐ.(എം.)-ന്റെ നാശത്തിനു വേണ്ടിയാണ് അങ്ങനെയൊരു കൺവീനർ ഇപ്പോഴുള്ളത്. എന്നെക്കുറിച്ച് പറഞ്ഞതിനൊക്കെ കൃത്യമായി കിട്ടി. ഇനിയും ഇത് അവസാനിപ്പിക്കാനും അദ്ദേഹത്തിന്റെ നാവിനെ നിയന്ത്രിക്കാനുമുള്ള ഏർപ്പാട് നിങ്ങളുണ്ടാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് രണ്ട് മിനിറ്റിൽ കൂടുതൽ എടുത്തു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, രാജ്കുമാറിന്റെ ലോക്കപ്പ് മരണവും ശ്രീജിത്ത് മരിച്ചതും എല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണ്. ലാസ്റ്റ് ബസ് കൂടെക്കൂടെ വരുമെന്ന് സാധാരണ പറയാറുണ്ട്. അതുപോലെ ഒറ്റപ്പെട്ട സംഭവം ഇടയ്ക്കിടെ ആവർത്തിക്കുകയാണ്. നിരന്തരമായി ഇങ്ങനെ സംഭവങ്ങളുണ്ടാകുമ്പോൾ അതൊക്കെ ഒറ്റപ്പെട്ടതാണെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് പാർട്ടി തകർന്നപ്പോൾ തകരാൻ കാരണമെന്തെന്ന് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു അന്വേഷണം നടത്തി. അവർ അന്ന് കണ്ടുപിടിച്ച ഒരു കാരണമുണ്ട്. അവിടെ എല്ലാം പാർട്ടി സെക്രട്ടറിയിലാണ് ഒതുങ്ങുന്നത്. ഒരു ജനാധിപത്യ സംവിധാനവും അവിടെയില്ല, ചർച്ചയില്ല, എല്ലാം സെക്രട്ടറിയിൽ കേന്ദ്രീകരിച്ചാണ്. സെക്രട്ടറിയുടെ ഉപജാപക സംഘമാണ് ഇതൊക്കെ ചെയ്യുന്നത്. അവർ ജനങ്ങളുമായി ബന്ധപ്പെട്ടിട്ടാണ് ഇതൊക്കെ ചെയ്യുന്നത്. അതുകൊണ്ട് ഈ രീതി മാറണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്. അങ്ങ് മൂന്ന് മിനിറ്റിൽ കൂടുതൽ എടുത്തു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഇന്നും അതേ രൂപത്തിലാണ് സി.പി.ഐ.(എം.) ഇവിടെ ഒരു ഉപജാപക സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നത്. നിങ്ങൾ മാറിയില്ലെങ്കിൽ സി.പി.ഐ.(എം.) ഇല്ലാതെ പോകുന്ന സാഹചര്യം നാട്ടിലുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ഉപധനാർഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്ത് ഏറ്റവും പ്രധാനമായ ആവശ്യം നല്ല റോഡുകളാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് ഒരു കാലത്തുമുണ്ടായിട്ടില്ലാത്ത വിധം നല്ല സൗകര്യങ്ങളുള്ള, നിലവാരമുള്ള റോഡുകൾ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും നിർമ്മിച്ചുകഴിഞ്ഞു. ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നല്ല നിലവാരമുള്ള റോഡുകൾ വളരെ പ്രധാനപ്പെട്ട ആവശ്യമാണ്. അതിന്

കേരളത്തിലുണ്ട്. ഒരുകാലത്ത് സാമ്പത്തികമായി കഴിവില്ലാത്തവർക്കടക്കം തങ്ങളുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം ലഭ്യമാക്കണമെങ്കിൽ സ്വകാര്യ വിദ്യാലയങ്ങളിൽ കുട്ടികളെ ചേർക്കണമെന്നൊരു ധാരണയുണ്ടായിരുന്നു. കാരണം സർക്കാർ വിദ്യാലയങ്ങളിലെ സൗകര്യങ്ങളും പഠന നിലവാരവും മോശമാണ്. എന്നാൽ കഴിഞ്ഞ മൂന്ന് കൊല്ലത്തിനിടയ്ക്ക് സർക്കാർ വിദ്യാലയങ്ങളിലെ സൗകര്യങ്ങളും പഠന നിലവാരവും മെച്ചപ്പെട്ടതിന്റെ ഫലമായി കുട്ടികളുടെ വർദ്ധനവുണ്ടാകുന്നുവെന്നാണ് പത്രങ്ങളിൽ വാർത്ത വരുന്നത്. എന്റെ മണ്ഡലത്തിൽ എട്ട് സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുണ്ട്. ആ സ്കൂളുകളിൽ പി.ടി.എ. വഴിയോ മറ്റേതെങ്കിലും തരത്തിലോ പണം സ്വരൂപിക്കുന്നത് ഒഴിവാക്കി സർക്കാർ വക പണം ചെലവഴിക്കുന്നതിന്റെ ഫലമായി നല്ല സൗകര്യമുള്ള കെട്ടിടങ്ങൾ, പഠിക്കാൻ ആധുനിക സൗകര്യങ്ങൾ, സ്വകാര്യ മേഖലയിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങളടക്കം ലഭിക്കുന്നുണ്ട്. ചെറിയ ക്ലാസ്സുകളിലെ കുട്ടികൾക്ക് യൂണിഫോം, പുസ്തകം, ഭക്ഷണം എന്നിവ നൽകുന്നതിന്റെ ഫലമായി സർക്കാർ വിദ്യാലയങ്ങളിൽ പഠിച്ച് നല്ല വിദ്യാഭ്യാസ നിലവാരം നേടുന്ന വിദ്യാർത്ഥികളെ വാർത്തെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് കഴിഞ്ഞിട്ടുണ്ട്. അതുപോലെ മറ്റൊരു പ്രത്യേകതയുള്ളത് എല്ലാ ഭാഗത്തും സ്റ്റേഡിയങ്ങൾ വരുന്നുവെന്നതാണ്. ഇപ്പോൾ സ്റ്റേഡിയങ്ങളിൽ പകൽ സമയത്ത് മാത്രമല്ല രാവിലെ മുതൽ കളിക്കുകയും പരിശീലിക്കുകയും ചെയ്യുന്നവരുണ്ട്. വിവിധ ജോലികൾക്കുള്ള ടെസ്റ്റിനായി പരിശീലനം നേടുന്നവരുണ്ട്. ടെസ്റ്റിൽ വിജയിക്കണമെങ്കിൽ സ്പോർട്സിൽ, ഗെയിംസിൽ, ഓട്ടത്തിലൊക്കെ പരിശീലനം നേടണം. സ്റ്റേഡിയങ്ങളുടെ പ്രവൃത്തി ആരംഭിക്കുന്നതോടുകൂടി ഓരോ സ്കൂളിന്റെ ഗ്രൗണ്ടിലും നഗരത്തിന്റെ ഹൃദയഭാഗത്തും സ്റ്റേഡിയത്തിന്റെ പണി ആരംഭിച്ചിരിക്കുന്ന പ്രദേശത്തും പല മണ്ഡലങ്ങളിലും മത്സരം നടക്കുന്നിടത്തും ജോലിക്ക് പോകുന്നിടത്തുമൊക്കെ നമ്മുടെ ചെറുപ്പക്കാർക്ക് പരിശീലനം നേടാൻ സാധിക്കും. ഇനി സർക്കാർ പ്രധാനമായി ശ്രദ്ധിക്കേണ്ട മറ്റൊരു മേഖല നമ്മൾ പ്രതീക്ഷിച്ചതുപോലെ മഴ ലഭിക്കുന്നില്ല എന്നതാണ്. മഴ ലഭിക്കാതിരുന്നാൽ കുടിവെള്ള പ്രതിസന്ധിയുണ്ടാകും. കുടിവെള്ളം നൽകാൻ കഴിഞ്ഞ കാലത്തുണ്ടായതിനേക്കാളും കൂടുതൽ സൗകര്യങ്ങൾ ഈ ഗവൺമെന്റിന്റെ കാലത്ത് ജലസേചന വകുപ്പിന് ചെയ്തുകൊടുത്തിട്ടുണ്ട്. പക്ഷെ ആവശ്യത്തിന് വെള്ളം ലഭിക്കാത്ത പുതിയൊരു പ്രതിസന്ധിയിലേയ്ക്കാണ് നമ്മൾ പോകുന്നത്. പഴയ കാലത്ത് ഉണ്ടായിരുന്ന കനാലുകളൊക്കെ അടഞ്ഞു. ജനങ്ങൾ തന്നെ അത് മണ്ണിട്ട് മൂടി. അത് തുറക്കാനും മറ്റുള്ള പ്രവർത്തനങ്ങൾ നടത്താനുമായി പഴയ കാലത്ത് ചെലവഴിച്ചതിനേക്കാളും കോടിക്കണക്കിന് രൂപ ഓരോ നിയോജകമണ്ഡലങ്ങളിലും നമ്മൾ ചെലവഴിക്കുന്നുണ്ടെങ്കിലും മഴയുടെ ലഭ്യത

കുറയുന്ന ഘട്ടത്തിൽ വെള്ളത്തിന് വളരെ ബുദ്ധിമുട്ടുണ്ടാകും. അപ്പോൾ കേരളത്തിൽ ലഭിക്കുന്ന മുഴുവൻ മഴവെള്ളവും സംഭരിക്കേണ്ടിവരും. ഒരുകാലത്ത് കേരളത്തിൽ പല പ്രദേശത്തും വെള്ളത്തിന്റെ ആവശ്യം വന്ന അവസരത്തിൽ ജനങ്ങളെ സഹായിച്ചത് നമ്മുടെ നാട്ടിലുള്ള കുളങ്ങളിൽനിന്ന് വെള്ളമെടുത്തിട്ടാണ്. ആ കുളങ്ങളെ വളരെ വേഗം നന്നാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

രാഷ്ട്രീയ പ്രശ്നങ്ങളെ സംബന്ധിച്ചൊന്നും ഞാൻ ഈ അവസരത്തിൽ പറയുന്നില്ല. മുസ്ലീം ലീഗ് നേതാവ് ഡോ. എം. കെ. മുനീർ ഇവിടെ അവതരിപ്പിക്കേണ്ട ഒരു പ്രമേയത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ ആ പ്രമേയം അവതരിപ്പിക്കാൻ സന്നദ്ധനാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ ഒരു പ്രത്യേകത മുസ്ലീം ലീഗിന്റെ നേതൃത്വമടക്കം പ്രതിപക്ഷം അംഗീകരിച്ചുവെന്നാണ് എനിക്ക് നേരത്തെ തോന്നിയത്. ഇന്ത്യയിൽ ഇന്ന് പല സംസ്ഥാനങ്ങളിലും പാവപ്പെട്ട ആദിവാസികളും ന്യൂനപക്ഷത്തിലെ ദരിദ്രരായവരടക്കമുള്ളവരും കടുത്ത ഭീഷണിയാണ് നേരിടുന്നത്. ഒരു സംസ്ഥാനമെന്ന നിലയിൽ അത്തരം സംഭവങ്ങളെ വെല്ലുവിളിച്ചുകൊണ്ട് പ്രവർത്തിക്കാൻ സാധിക്കുന്നത് കേരളത്തിനാണ്. അതിന് ഏത് തരത്തിലുള്ള പിന്തുണ സംസ്ഥാന ഗവൺമെന്റിന് പ്രതിപക്ഷം നൽകുന്നുവെന്നത് ഭാവിയിൽ കേരളത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട പ്രശ്നമായിരിക്കും. ഒരു സംസ്ഥാനമെന്ന നിലയിൽ നമ്മൾ പ്രവർത്തിക്കുന്നതോടൊപ്പം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ കേന്ദ്ര ഗവൺമെന്റ് വരുത്താൻ ശ്രമിക്കുന്ന പല മാറ്റങ്ങളുമുണ്ട്. അത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെയും മോഡലായി കേരള നിയമസഭ മാറിക്കൊണ്ടിരിക്കുകയാണ്. ആ കേരള നിയമസഭയെ വിമർശനപരമായ കാര്യങ്ങളിൽ ശക്തമായ രൂപത്തിൽ വിമർശിക്കാം, അതേ അവസരത്തിൽ അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഈ ഗവൺമെന്റിനെ സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ഈ പ്രത്യേക കാലഘട്ടത്തിൽ നിയമസഭയിലെ എല്ലാ കക്ഷികളും മുന്നോട്ടുവരേണ്ടതുണ്ട്. അത്തരം ഒരു രാഷ്ട്രീയ സാഹചര്യമാണ് യഥാർത്ഥത്തിൽ വന്നിരിക്കുന്നത്. ഒരു പ്രതിപക്ഷ കക്ഷിക്കുമില്ലാത്ത ഈ ചുമതല ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇവിടത്തെ പ്രതിപക്ഷ കക്ഷികൾക്കുണ്ട് എന്നത് മനസ്സിലാക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സാധാരണയുള്ള ജനാധിപത്യ സ്വഭാവത്തിൽനിന്നും വ്യത്യസ്തമായി അവർ സ്വീകരിക്കുന്ന പല നടപടികളെ തടയാനും ഇന്ത്യയ്ക്ക് തന്നെ മാതൃകയാകാനും സാധിക്കുന്ന ഒരു

സംസ്ഥാനമായി കേരളം മാറും. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ പലതും നടക്കുന്നു. അതൊക്കെ വേറെ. കേന്ദ്രത്തിൽ പല മാറ്റങ്ങളും വന്നു. ആ മാറ്റങ്ങളുടെ ഭീകരതയാണ് ഇന്ന് നമ്മുടെ മുമ്പിലുള്ളത്. അതുകൊണ്ട് കേരളത്തിലെ ഈ ഗവൺമെന്റിനെ സംരക്ഷിക്കാൻ എല്ലാവരും സന്നദ്ധരാകണം. നമ്മൾ കൂട്ടായ ഐക്യത്തിൽ ഇവിടെ നിന്ന് പറയുന്ന വാക്കുകൾ ഇന്ത്യാ ഗവൺമെന്റിനുള്ള സൂചനയായി മാറ്റാൻ നമുക്ക് സാധിക്കണം. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, 201920 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ അഭിമാനപൂർവ്വം പിന്താങ്ങുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ സമസ്ത വികസന ക്ഷേമ മേഖലകളിലും വൻപുരോഗതിയാണ് ഉണ്ടായത്. കേരളത്തിലെ ഏതൊരു സർക്കാർ വകുപ്പിന്റെ പ്രവർത്തനങ്ങളെടുത്ത് പരിശോധിച്ചാലും ഏറെ നേട്ടങ്ങൾ എടുത്ത് പറയാൻ കഴിയും. ഈ ഭരണ നേട്ടങ്ങൾ പൊതുജനങ്ങളുടെ ഇടയിൽ ചർച്ചയാകുന്നത് തടയുകയെന്ന പണി മാത്രമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതെന്ന് കാണാം. കേരളത്തിൽ പ്രമുഖമായ മാധ്യമങ്ങളും ഈ കാര്യത്തിൽ പ്രതിപക്ഷത്തോടൊപ്പം മത്സരിക്കുകയാണ്. ചരിത്രത്തി ലാദ്യമായാണ് ഒരു സർക്കാരിന്റെ പ്രവർത്തനങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് പുറത്തിറക്കാൻ ആ സർക്കാർ തന്നെ ധൈര്യം കാണിക്കുന്നത്. എന്നാൽ ഇത് മാധ്യമങ്ങൾ വാർത്തയാക്കിയില്ല. കേരളത്തിലെ മാധ്യമങ്ങൾ ഒരാഴ്ച നിഷ്പക്ഷമായി വാർത്തകൾ കൊടുക്കാൻ തയ്യാറായാൽ ഇന്ന് കേരളത്തിൽ പ്രതിപക്ഷം അപ്രസക്തമാകുന്ന സ്ഥിതിയാണുള്ളതെന്ന് നമുക്ക് കാണാൻ കഴിയും. ഒരു സംസ്ഥാനത്തിന്റെ വികസനം നിർണ്ണയിക്കുന്ന ഏത് സൂചികയെടുത്ത് പരിശോധിച്ചാലും കേരളം ഒന്നാം സ്ഥാനത്താണെന്നത് ഈ സർക്കാരിന്റെ ഭരണ നേട്ടം തന്നെയാണ്. ആരോഗ്യ പരിപാലനത്തിൽ കേരളം ഒന്നാം സ്ഥാനത്തെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നീതി ആയോഗിന്റെ വിലയിരുത്തൽ. ഈ സർക്കാർ കഴിഞ്ഞ മൂന്ന് വർഷമായി ആരോഗ്യ രംഗത്ത് നടത്തിയ ഏറ്റവും ആത്മാർത്ഥമായ ഇടപെടൽകൊണ്ടാണ് ഈ നേട്ടം സാധ്യമായത്. കഴിഞ്ഞ വർഷവും ഈ വർഷവും ഇന്ത്യയിലെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തത് കേരളത്തിലെ പി.എച്ച്.സി.-കളെയാണ്. ലോകത്തെയാകെ ഭീതിയിലാഴ്ത്തിയ 'നിപ' എന്ന മാരകമായ പകർച്ചവ്യാധിയെ വരുതിക്ക് നിർത്തിയ നാടാണ് കേരളം. ലോകം വാഴ്ത്തിയ ഈ മഹത്തായ മഹാപ്രവർത്തനത്തെക്കുറിച്ച് എന്തുകൊണ്ടാണ് പ്രതിപക്ഷം പ്രതികരിക്കാത്തത്; ഒരുപക്ഷെ അടുത്ത ഇലക്ഷൻ വരുമ്പോൾ നിപയെ തുറന്നുവിട്ടത് ആരോഗ്യ വകുപ്പുമന്ത്രിയാണ് എന്നൊരു വാദവുമായി അവർ രംഗത്തുവരാൻ സാധ്യതയുണ്ട്.

അതാണ് നാം പ്രളയാനന്തര കാലത്ത് കണ്ടത്. ഒരു മഹാദുരന്തത്തിന്റെ വക്കിലെത്തിനിന്ന കേരളത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ എല്ലാവരും ഒറ്റക്കെട്ടായി നിന്ന് രക്ഷിച്ചു. ആ ദുരന്തത്തെ നാം അതിജീവിക്കുകയും ചെയ്തു. സർക്കാരും പോലീസും മത്സ്യത്തൊഴിലാളികളും ഫയർഫോഴ്സും വിവിധ കേന്ദ്രസേനകളും നാട്ടുകാരും രാഷ്ട്രീയ നേതൃത്വവുമൊക്കെ ഒറ്റമനസ്സോടെ പ്രവർത്തിച്ചു. നാം ഒത്തൊരുമിച്ച് ഒരേ മനസ്സോടെ പ്രവർത്തിച്ച് മഹാപ്രളയത്തെ മറികടന്നു. ഈ കാര്യത്തിൽ നമ്മുടെ മുഖ്യമന്ത്രി കാണിച്ച 'ക്രൈസിസ് മാനേജ്മെന്റ് വൈദഗ്ദ്ധ്യ'ത്തെ ലോകം പ്രശംസിച്ചു. കേരളീയർക്കാകെ അഭിമാനകരമായ പ്രവർത്തനമായിരുന്നു അത്. എന്നാൽ ഒരു ഘട്ടം കഴിഞ്ഞപ്പോൾ പ്രതിപക്ഷം തിരിഞ്ഞുനിന്നു. അവരുടെ സഹജസ്വഭാവം കാണിച്ചു. പിന്നീട് നാം കണ്ടത് പ്രതിപക്ഷത്തിന്റെ പരിഹാസ്യമായ രാഷ്ട്രീയ പാപ്പരത്തമാണ്. പ്രതിസന്ധി ഘട്ടത്തിൽ കേരളത്തെ കാലുവാരിയ കേന്ദ്ര ഭരണ കക്ഷിയോടൊപ്പം അവരും ചേർന്നു. പ്രളയത്തെ നേരിടാനും പ്രളയക്കെടുതികളെ മറികടക്കാനും ലഭിക്കേണ്ടിയിരുന്ന സഹായങ്ങളത്രയും മുടക്കാൻ അവർ കൂട്ടുനിന്നു. രക്ഷാപ്രവർത്തനത്തിന് കേന്ദ്രമയച്ച ഹെലികോപ്റ്ററുകൾക്കുപോലും വാടക നിശ്ചയിച്ചപ്പോൾ പ്രതിപക്ഷം കുറ്റകരമായ മൗനം പാലിച്ചു. വിദേശ രാജ്യങ്ങളിൽനിന്നും ലഭിക്കുമായിരുന്ന സഹായം മുടക്കാൻ കേന്ദ്ര സർക്കാർ മുന്നിട്ടിറങ്ങിയപ്പോൾ അവർ ഉള്ളിൽ ചിരിച്ചു. കേരളത്തിലെ പിഞ്ചുകുട്ടികൾ അവരുടെ ചില്ലറ സൂക്ഷിച്ചിരുന്ന മൺപാത്രങ്ങൾപോലും ഉടച്ച് സംഭാവനകൾ നൽകി. അദ്ധ്യാപകരും കേരളത്തിലെ ജീവനക്കാരും അവരുടെ ഒരുമാസത്തെ വേതനം സാലറി ചലഞ്ചിലൂടെ പ്രളയബാധിതർക്ക് നൽകാൻ തയ്യാറായി മുന്നോട്ടുവന്നപ്പോൾ പോഷക സംഘടനകളെ ഇളക്കിവിട്ട് അത് അട്ടിമറിക്കാൻ ശ്രമിച്ചു. ഒരുവിഭാഗം യു.ഡി.എഫ്. അനുകൂല ജീവനക്കാർ ഈ പ്രചരണത്തിൽ കുടുങ്ങി നയാപൈസ പ്രളയക്കെടുതിയിൽപ്പെട്ടവർക്ക് നൽകാതെ സാലറി ചലഞ്ചിൽനിന്നും പിന്മാറി. ഇതൊക്കെയായിട്ടും കേരളം മുന്നോട്ടുതന്നെ പോയി. തീർത്തും കേരള സമൂഹത്തിൽ ഒറ്റപ്പെട്ടുവെന്ന് ബോധ്യമായപ്പോൾ പ്രളയബാധിതർക്ക് ആയിരം വീടുകൾ നിർമ്മിച്ചുനൽകുമെന്ന് പ്രധാന പ്രതിപക്ഷകക്ഷി പരസ്യമായി പ്രഖ്യാപിച്ചു. എന്നാൽ ഇപ്പോൾ ആ ആയിരം വീടുകൾ എവിടെയെന്ന് സ്വന്തം അണികൾപോലും ചോദിക്കാൻ തുടങ്ങി. അപ്പോഴാണ് ഏറ്റവും വിചിത്രമായൊരു വാദവുമായി പ്രതിപക്ഷം രംഗത്തിറങ്ങിയിരിക്കുന്നത്. കേരളം കണ്ട മഹാപ്രളയം ഉണ്ടായത് ഡാമുകൾ തുറന്നുവിട്ടതുകൊണ്ടാണെന്നാണ് അവരുടെ പുതിയ കണ്ടുപിടിത്തം. ഒടുവിൽ മന്ത്രിയാണ് ഡാം തുറന്നുവിട്ടതെന്നുവരെ പറഞ്ഞു. ഏറ്റവും പരിഹാസ്യമായ അവസ്ഥയിലേയ്ക്ക് പ്രതിപക്ഷമെത്തി. എന്റെ നിയോജകമണ്ഡലം കോഴിക്കോട്

ജില്ലയിലാണ്. ബേപ്പൂർ നിയോജകമണ്ഡലത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തിലും കോർപ്പറേഷൻ ഏരിയയിലും കഴിഞ്ഞ പ്രളയത്തിൽ വെള്ളം കയറുകയും വലിയ നാശനഷ്ടങ്ങളുണ്ടാവുകയും ചെയ്തു. ചാലിയാറിലും കല്ലായിപ്പുഴയിലും കടലുണ്ടിപ്പുഴയിലും വെള്ളം കയറിയതുകൊണ്ടാണ് അത്രയും നാശനഷ്ടങ്ങൾ ഉണ്ടായത്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രം 22 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുകയും രണ്ടായിരത്തിലധികം ആളുകളെ മാറ്റി പാർപ്പിക്കുകയും ചെയ്തു. നിരവധി വീടുകൾ തകർന്നു. എന്നാൽ ഇത്രയും വെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടാക്കിയ ചാലിയാറിലും കല്ലായിപ്പുഴയിലും കടലുണ്ടിപ്പുഴയിലും തുറന്നുവിടാൻ ഡാം പോയിട്ട് ഒരു തടയണപോലും ഉണ്ടായിരുന്നില്ല. നല്ല ഡാം മാനേജ്മെന്റ് എന്നാൽ ഡാമുകൾ നിറയുമ്പോൾ ആവശ്യമായ മുന്നറിയിപ്പുകൾ നൽകി തുറന്നുവിടുകയാണ് വേണ്ടത്. അല്ലാതെ ഡാം നിറഞ്ഞ് തകരുന്ന അവസ്ഥ ഉണ്ടായാൽ എന്താവും സ്ഥിതിയെന്ന് ഇവർ ആലോചിക്കാത്തത് എന്താണ്; കേരളം കണ്ട റെക്കോർഡ് മഴയാണ് കഴിഞ്ഞ വർഷം ഉണ്ടായതെന്ന് കാണാം. ഈ മഴ കൊണ്ടാണ് ഡാം നിറഞ്ഞതെന്നത് സൗകര്യപൂർവ്വം മറക്കുകയാണ്. കേരളത്തെ ദിവസങ്ങളോളം മുക്കാൻതക്ക അളവിൽ മഴപെയ്തിട്ടും കേരളം പൂർണ്ണമായി മുങ്ങിപ്പോകാതിരുന്നത് മഴയുടെ നല്ലൊരു പങ്ക് ജലവും നമ്മുടെ ഡാമുകളിൽ സംഭരിച്ചതുകൊണ്ടാണ്. കേരളത്തിൽ ഡാമുകൾ ഇല്ലാതിരുന്ന പ്രളയത്തിൽ, 1924-ൽ കേരളം ആഴ്ചകളോളം മുങ്ങിപ്പോയിരുന്നു എന്നത് ചരിത്രമാണ്. 4000 പേർ അന്ന് മരണപ്പെട്ടിട്ടുണ്ട്. കനത്ത മഴയിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടായി. ഏറ്റവും കൂടുതൽ ആളപായവും നാശനഷ്ടങ്ങളും ഉണ്ടായ ജില്ലയാണ് കോഴിക്കോട്. കരിഞ്ചോലമലയിലും കട്ടിപ്പാറയിലും ജില്ലയിലെ മലയോര മേഖലയിലുമാകെ ഉരുൾപൊട്ടലുണ്ടായത് ഒരു ഡാമും തുറന്നുവിട്ടതുകൊണ്ടായിരുന്നില്ല എന്നും പ്രതിപക്ഷത്തെ ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. എന്റെ അടുത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗം പി. ടി. എ. റഹീമിന്റെ വീട് പൂനൂർ പുഴയുടെ വക്കിലാണ്. അദ്ദേഹത്തിന്റെ വീടും മുങ്ങിപ്പോയി. അവിടെ ഡാമില്ല. പാണക്കാട് പ്രദേശത്തും വെള്ളം കയറി. അവിടെ കുറെ ആളുകൾ ഒഴിഞ്ഞുപോയി. അവിടെ ഏത് ഡാമാണുള്ളത്; മലപ്പുറം ജില്ലയിൽ ഡാമുണ്ടോ? കേരളം നല്ല വളർച്ചയിലാണ്. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നു. ഒരു പരാതിയും ഇപ്പോൾ ആരോഗ്യ രംഗത്തെപ്പറ്റി ആർക്കും പറയാനില്ല. ജില്ലാ-താലൂക്കുതല ആശുപത്രികളിലെല്ലാം അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി. കേരളത്തിലാകെ 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങി. എന്റെ നിയോജകമണ്ഡലത്തിലെ ഫറോക്കിലുള്ള താലൂക്കാശുപത്രിക്ക് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ

താലൂക്കാശുപത്രിയെന്ന ബോർഡ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് അവിടെ 11 ഡോക്ടർമാരും ആവശ്യത്തിന് ജീവനക്കാരുമുണ്ട്. 8 പുതിയ ഡയാലിസിസ് യന്ത്രങ്ങൾ പ്രവർത്തിച്ചുതുടങ്ങി. എല്ല്, പല്ല്, കണ്ണ്, ഗൈനക് തുടങ്ങിയ സ്പെഷ്യാലിറ്റി ചികിത്സ ആരംഭിച്ചു. നിത്യേന 1000 മുതൽ 1500 ആളുകൾ വരെ ഇപ്പോൾ ഇവിടെ ചികിത്സയ്ക്കായി എത്തുന്നുണ്ട്. ഇതോടെ ഈ പ്രദേശത്തെ സാധാരണ ജനങ്ങൾ വളരെ സന്തുഷ്ടരാണ്.

കേരളത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ച് ആർക്കും പരാതിയില്ല. സർക്കാർ ഇടപെടുകയാണ്. സർക്കാർ സ്കൂളുകളിൽ കുട്ടികൾ വർദ്ധിച്ചു. പല സ്വകാര്യ വിദ്യാലയങ്ങളിലും കുട്ടികളെ കിട്ടാതെയായി. കോടിക്കണക്കിന് തുകയാണ് കേരളത്തിലാകെ സ്കൂളുകൾക്കുവേണ്ടി ചെലവഴിക്കുന്നത്. സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എല്ലാ മണ്ഡലങ്ങളിലും കോടികളാണ് ചെലവഴിക്കുന്നത്. ഇപ്പോൾ സ്കൂളുകൾക്ക് കെട്ടിടമില്ലാത്തതിനെപ്പറ്റിയോ അദ്ധ്യാപകരില്ലാത്ത തിനെപ്പറ്റിയോ ആർക്കും പരാതിയില്ല. നോട്ട് നിരോധനവും ജി.എസ്.ടി.യും കേരളത്തിലെ വ്യാപാര വ്യവസായ മേഖലയിൽ വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചപ്പോഴും കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ കേരളം പിടിച്ചുനിന്നു. കേരളത്തിലെ ഏറ്റവും പ്രയാസമനുഭവിക്കുന്നവർക്ക് ലഭിക്കുന്ന ഒരാനുകൂല്യവും വെട്ടിക്കുറയ്ക്കാൻ ഈ സർക്കാർ തയ്യാറായിട്ടില്ല എന്നുമാത്രമല്ല കഴിഞ്ഞ സർക്കാർ കുടിശ്ശികയാക്കിയ ആനുകൂല്യങ്ങൾപോലും പൂർണ്ണമായി നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചത്. അർഹരായ എല്ലാവർക്കും വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷേമ പെൻഷൻ തുക അവരുടെ വീടുകളിൽ എത്തിച്ചുനൽകിയത് ഈ സർക്കാരാണ്. യു.ഡി.എഫ്. ഭരണകാലത്ത് ക്ഷേമ പെൻഷൻ ലഭ്യമായത് 35,73,000 പേർക്കായിരുന്നു. ഇപ്പോൾ അത് 10 ലക്ഷത്തോളം ആളുകൾക്ക് കൂടുതലായി നൽകുന്നുണ്ടെന്നത് ഈ സർക്കാരിന്റെ നേട്ടമാണ്. എല്ലാവരും എഴുതിത്തള്ളിയ കെ.എസ്.ആർ.ടി.സി.-യുടെ വീണ്ടെടുപ്പിന് സർക്കാർ 1000 കോടി രൂപയാണ് വകയിരുത്തിയത്. ഇന്ന് സ്വന്തം വരുമാനംകൊണ്ട് ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയുന്ന നിലയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. മാറുകയാണ്. കേരളത്തിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും യു.ഡി.എഫ്. സർക്കാർ കൊടുക്കാൻ ബാക്കിവച്ച് ഇറങ്ങിപ്പോയ ശമ്പളപരിഷ്കരണ കുടിശ്ശിക പണമായി കൊടുത്തുതീർക്കാനും കേരളത്തിലെ ധനകാര്യ വകുപ്പിന് സാധിച്ചു. കേരളത്തിന്റെ വികസനത്തിന് ബഡ്ജറ്റിന് പുറത്തുനിന്നും ധനസമാഹരണം നടത്തി ഫലപ്രദമായി ഉപയോഗിക്കുന്നതിനുവേണ്ടി കിഫ്ബിയെ ഫലപ്രദമായി ചലിപ്പിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. കിഫ്ബിയുടെ ഭാഗമായ വികസന പ്രവർത്തനങ്ങൾ നടക്കാത്ത ഒരു പ്രദേശവും ഇന്ന് കേരളത്തിലില്ല. എന്നിട്ടും കിഫ്ബിക്കെതിരെ ഘോരഘോരം പ്രസംഗിക്കുകയാണ്. മസാല ബോണ്ടുകൾവഴി 2650 കോടി രൂപയുടെ അധിക ധനസമാഹരണവും കിഫ്ബിവഴി നടത്തിയിട്ടുണ്ട്.

ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ ചോദിക്കണമെന്ന് ഉദ്ദേശിച്ചതാണ്. പക്ഷേ എനിക്ക് ചോദ്യം ചോദിക്കാനുള്ള അവസരം കിട്ടിയില്ല. നിക്ഷേപ സൗഹൃദമാക്കുന്ന നടപടി വന്നത് ഭരണപക്ഷവും പ്രതിപക്ഷവുമെല്ലാം ചേർന്നുണ്ടാക്കിയ ഒരു നിയമംമൂലമാണ്. ഞാൻ ഒരു ചെറുകിട വ്യവസായിയാണ്. ആ നിലയ്ക്ക് ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും ഞാൻ ചെറിയ സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്. അതെല്ലാംവച്ച് നോക്കിയാൽ വ്യവസായ കാര്യങ്ങൾക്ക് ഇന്ത്യയുടെ മറ്റേത് സംസ്ഥാനത്തെക്കാളും മെച്ചപ്പെട്ട, അനുകൂലമായിട്ടുള്ള നിയമമാണ് നമ്മൾ ഇവിടെ രൂപീകരിച്ചിട്ടുള്ളത്. ആ നിയമം നടപ്പിലാക്കുന്ന കാര്യത്തിലാണ് ഇവിടെ പ്രശ്നങ്ങളുള്ളത്. അതെന്താണെന്ന് വച്ചാൽ കൈക്കൂലിക്കുവേണ്ടി പ്രശ്നം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥർ, കൈക്കൂലി കൊടുത്ത് എന്തും സാധിക്കാമെന്ന് ഉദ്ദേശിക്കുന്ന വ്യവസായികൾ, എല്ലാ വിഷയങ്ങളിലും കുഴപ്പങ്ങളുണ്ടാക്കി അതിൽ കടന്നുകൂടി അവരെ ഭീഷണിപ്പെടുത്തി അവരിൽനിന്നും പണം വാങ്ങാൻ ശ്രമിക്കുന്ന ക്വട്ടേഷൻ സംഘങ്ങൾ തുടങ്ങിയവരാണ് കേരളത്തിൽ പ്രശ്നങ്ങളുണ്ടാക്കുന്നത്. അതുകൊണ്ട് നിലവിലുണ്ടാക്കിയിട്ടുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കണമെന്നും ഇന്ത്യയിലെതന്നെ ഒന്നാന്തരം നിയമമാണ് ഇവിടെ രൂപീകരിച്ചിട്ടുള്ളതെന്നുമുള്ള കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഗ്യാലറിയിൽ ഉദ്യോഗസ്ഥന്മാർ വരണമെന്ന് നിർദ്ദേശം കൊടുത്തുകൊണ്ടുള്ള അങ്ങയുടെ ശക്തമായ റൂളിംഗ് ഞാൻ കേട്ടു. അന്നേരം മുതൽ നോക്കിയിരിക്കുകയാണ്. ദൈവാനുഗ്രഹംകൊണ്ട് ഒരുദ്യോഗസ്ഥനും ഗ്യാലറിയിൽ ഇതുവരെ വന്നിട്ടില്ല. ഇവിടെ നടക്കുന്നത് ഉപധനാഭ്യർത്ഥന ചർച്ചയാണ്. ഒരു ധനകാര്യ സെക്രട്ടറിയെങ്കിലും വരണ്ടേ; എവിടെപ്പോയി അദ്ദേഹം? ഈ സഭയുടെ ഗതിയെന്താണ്; എന്തിനാണ് ഇങ്ങനെ സഭ ചേരുന്നത്; ഭരണപക്ഷത്ത് 3 മന്ത്രിമാരും 17 എം.എൽ.എ.-മാരും ഉണ്ട്. ക്വാറം നോക്കിയതുകൊണ്ടാണ് പറയുന്നത്. 1980 മുതൽ ഈ സഭയ്ക്കകത്ത് ഇരിക്കുന്ന ആളാണ് ഞാൻ. നിങ്ങൾ കുറവാണെന്ന് കുറ്റം പറയുന്ന പ്രതിപക്ഷം എവിടെയാണെന്ന് ഓർക്കണം. കാര്യം പറയുമ്പോൾ വിഷമിക്കേണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്......പ്ലീസ്.... വിഷയത്തിലേയ്ക്ക് വരൂ.

ശ്രീ. പി. സി. ജോർജ്: സർ, കാര്യം പറയുമ്പോൾ വിഷമിക്കേണ്ട കാര്യമെന്താണ്; ഞാൻ ഭരണപക്ഷത്തിന്റെ കാര്യമൊന്നും പറഞ്ഞില്ല. ഇവിടെ ഞാൻ പറഞ്ഞത് വളരെ വ്യക്തമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..., അങ്ങ് വിഷയത്തിലേയ്ക്ക് വരൂ.

ശ്രീ. പി. സി. ജോർജ്: സർ, അവർ നിർത്തട്ടെ. അതുകഴിഞ്ഞ് സംസാരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം പോകും.

ശ്രീ. പി. സി. ജോർജ്: സർ, സമയം എന്നുപറഞ്ഞാൽ എങ്ങനെയാണ്? എന്റെ സമയം എനിക്ക് കിട്ടണ്ടേ.

മി. ഡെപ്യൂട്ടി സ്പീക്കർ: സംസാരിക്കൂ.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങനെ പറഞ്ഞാൽ ഞാൻ സംസാരിക്കും. അത്രയേയുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മോശക്കാരനാണെന്ന അഭിപ്രായമൊന്നും എനിക്കില്ല. എങ്ങനെ വിഭവ സമാഹരണം നടത്തും; സൂപ്പർ സാച്ചുറേഷനിലെത്തിയില്ലേ, പിന്നെ എവിടെനിന്ന് വിഭവം ഉണ്ടാക്കും? വിഭവ സമാഹരണം നടത്താൻ കഴിയാത്ത നിലയിലേയ്ക്ക് കേരളം മാറിയില്ലേ; നിങ്ങളിപ്പോൾ ഈ ഭരണം നടത്തിയത് എങ്ങനെയാണ്; പാവപ്പെട്ട തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ളവരെക്കൊണ്ട് ലോട്ടറി കച്ചവടം നടത്തി അതിന്റെ ലാഭംകൊണ്ട് മാത്രം ഒരു ഗവൺമെന്റ് നിലനിൽക്കുകയാണ്. അല്ലാതെ എന്താണ് ഇവിടെയുള്ളത്; ആ ലാഭം കൊണ്ട് മാത്രം ഒരു ഗവൺമെന്റിന് എത്രകാലം നിലനിൽക്കാൻ സാധിക്കും? നിങ്ങളുടെ മുഖം വികൃതമാണ്. അത് നിങ്ങൾ അംഗീകരിക്കണം. ഇവിടെ നിയമസമാധാന രംഗം താറുമാറായിരിക്കുന്നു. ഇന്ന് രാവിലെ അടിയന്തരപ്രമേയമായി വന്ന നെടുങ്കണ്ടം കേസ് ഉൾപ്പെടെ, ആരോടാണ് ഇത്രമാത്രം വൈരാഗ്യം; ഇത്ര ദയനീയമായ ഒരു കൊലപാതകം; പോലീസ് നരനായാട്ട്; ചവിട്ടിയും ഉരുട്ടിയും കൊന്നുവെന്ന് എല്ലാവരും സമ്മതിച്ചിരിക്കുന്നു. എന്തുകൊണ്ട് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ കഴിയുന്നില്ല. ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ട് കുറ്റക്കാർ ആരാണെന്ന് കണ്ടെത്തി അവരെ ശിക്ഷിക്കാൻ പാടില്ലേ; അതിന് ഭരണപക്ഷം തയ്യാറാകുന്നില്ല. നിങ്ങൾ പറയുന്നത് ജുഡ്യഷ്യൽ അന്വേഷണത്തിന് കാലതാമസം വരും, കുറ്റക്കാർ രക്ഷപ്പെടും എന്നൊക്കെയാണ്. ഇങ്ങനെ എത്രനാൾ നുണപറഞ്ഞ് രക്ഷപ്പെടാൻ സാധിക്കും; അതുപോലെ തന്നെയാണ് ഒരു പുത്തൻ വ്യവസായിയുടെ ആത്മഹത്യ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്......പ്ലീസ്..... സമയമില്ല രണ്ട് മിനിട്ടാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ആ കസ്റ്റഡി മരണം ആ കുടുംബത്തെയാകെ അനാഥമാക്കിയിരിക്കുകയാണ്. ജീവിക്കാൻ നിവൃത്തിയില്ലാത്തൊരു കുടുംബം. അവർക്ക് മതിയായ നഷ്ടപരിഹാരം സർക്കാർ നൽകണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഉണ്ട്. അക്കാര്യമാണ് ഞാൻ പറഞ്ഞുവരുന്നത്. ആ കുടുംബം തകർന്നിരിക്കുകയാണ്.

<u>ശ്രീ. വി. ജോയി</u>: സർ, ഈ കൊലപാതകത്തെക്കുറിച്ച് പറയുമ്പോൾ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പാറശ്ശാലയിൽ ശ്രീജു എന്ന വ്യക്തിയെ പോലീസ് അടിച്ചുകൊന്നുവെന്ന കേസ്സിനെപ്പറ്റി താങ്കൾക്ക് അറിയാമല്ലോ!

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ആ സ്ഥലത്തും ഞാൻ പോയിരുന്നു. അതും തല്ലിക്കൊന്നതാണ്. ആര് ഭരിച്ചാലും കേരള പോലീസിന്റെ മുഖം വികൃതമാണ്. ഇവരെ മര്യാദയ്ക്ക് നിർത്താൻ നടപടി വേണം. ശ്രീ. പിണറായി വിജയൻ ഇരട്ടചങ്കനാണെന്നാണ് പറയുന്നത്. അദ്ദേഹത്തിന് പോലും ഇവിടത്തെ പോലീസിനെ നിയന്ത്രിക്കാൻ സാധിക്കുന്നില്ലെന്ന് പറഞ്ഞാൽ, ഇക്കാര്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചേ മതിയാകു എന്നതാണ് എന്റെ അഭിപ്രായം. ഒന്നിച്ച് നിന്നുകൊണ്ട് ഈ ജനാധിപത്യ സംവിധാനത്തിൽ പോലീസിന്റെ നരനായാട്ട് അവസാനിപ്പിക്കണം. എന്തും ചെയ്യാമെന്ന നിലയിലേയ്ക്ക് പോലീസ് മാറരുത്. പോലീസിനെ നിലയ്ക്കുനിർത്താൻ എന്താണ് മാർഗ്ഗമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് ശക്തമായി ഇടപെടണം. ഒരു പാവപ്പെട്ട സംരംഭകന്റെ ആത്മഹത്യയുടെ പ്രശ്നത്തിൽ എന്തിനാണ് നിങ്ങൾക്ക് ദുരഭിമാനം? അതിലെ കുറ്റക്കാർ ഏതെങ്കിലും നേതാവിന്റെ ഭാര്യയാണെന്നുള്ളതുകൊണ്ട് നമ്മൾ വിഷമിക്കേണ്ട. കുറ്റക്കാർ ആരാണെങ്കിലും അവർ ശിക്ഷിക്കപ്പെടണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>:: പ്ലീസ്...കൺക്ലൂഡ്. പ്ലീസ്...

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ആ പാവപ്പെട്ടവന്റെ ജീവന് വില കൊടുക്കണ്ടേ; ആ കുടുംബത്തോട് സ്നേഹം കാണിക്കണ്ടേ; നെടുങ്കണ്ടം കൊലപാതകം നടന്ന കുടുംബത്തെ രക്ഷിക്കണം. മരിച്ചയാളുടെ ഭാര്യയും അമ്മയും കരഞ്ഞുകൊണ്ട് ഈ നിയമസഭാ കവാടത്തിൽ എത്തിയിട്ടുണ്ട്. ഗവൺമെന്റ് അവർക്ക് നഷ്ടപരിഹാരം നൽകുവാനുള്ള നടപടി സ്വീകരിക്കണം എന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളം അഭിമുഖീകരിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് നമുക്കെല്ലാം അറിവുള്ളതും നമ്മളെല്ലാം കൂടിച്ചേർന്ന് ആലോചിച്ച് പരിഹരിക്കേണ്ടൊരു കാര്യവുമാണ്. നമ്മുടെ ഉത്പന്നങ്ങൾക്ക് വില കുറഞ്ഞത് നമ്മുടെ വാങ്ങൽശേഷിയെ ബാധിച്ചിട്ടുണ്ട്. റബ്ബർ വില കുറഞ്ഞതും റബ്ബർ വെട്ട് കുറഞ്ഞതും കേരളത്തിന്റെ പ്രശ്നമല്ല. കേന്ദ്ര സർക്കാർ കൈക്കൊണ്ട കയറ്റിറക്കുമതി നയങ്ങളിലൂടെ,പുതിയ കരാറിലൂടെ കേരളത്തിനുണ്ടാക്കിയൊരു പ്രതിസന്ധിയാണ്.

പുറംനാടുകളിലുണ്ടായ പ്രതിസന്ധിയുമായി ബന്ധപ്പെട്ട് കേരളത്തിൽ വരുന്ന പണത്തിന്റെ അളവും കുറഞ്ഞിട്ടുണ്ട്. ഈ രണ്ട് കാരണങ്ങളുംകൊണ്ട് കയ്യിലുള്ള പണം ചെലവഴിക്കുന്നതിനുള്ള ഭയപ്പാട് കേരളത്തിലെ വാങ്ങൽശേഷി ഉള്ളവരിൽത്തന്നെ വന്നുചേർന്നിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ പാവപ്പെട്ടവന്റെ കയ്യിൽ പണമെത്തുമ്പോഴാണത് വാങ്ങൽ ശേഷിയാകുന്നത്. ആ പണം അങ്ങനെയാണ് കമ്പോളത്തിലെത്തുന്നത്. അങ്ങനെയാണ് കേരളത്തിലെ 37 ലക്ഷം ക്ഷേമപദ്ധതികളുടെ എണ്ണം 45 ലക്ഷത്തിലേയ്ക്ക് കടന്നത്. അതൊരു ഗവൺമെന്റിന്റെ മാനവീകമായ ഇടതുപക്ഷ സമീപനമാണ്. സത്യത്തിൽ നാടിനുവേണ്ടി ചിന്തിക്കുന്ന ഒരാളുടെ ബുദ്ധി പ്രയോഗവത്കരണത്തിലൂടെ നടപ്പാക്കപ്പെടുന്നത് ഒരു പ്രതിസന്ധിയുള്ളപ്പോഴാണ്. അങ്ങനെയൊരു ബുദ്ധിയുള്ള ധനകാര്യ വകുപ്പുമന്ത്രി കേരളത്തിനുണ്ടെന്നുള്ളത് ഈ പ്രതിസന്ധി കാലത്തും നമുക്ക് മുന്നോട്ടുപോകാനുള്ള വഴി തുറന്നുനൽകുന്നുവെന്ന പ്രതീക്ഷയാണ് നൽകുന്നത്. എങ്ങനെയാണ് നമുക്കിനി മുന്നോട്ട് പോകാൻ കഴിയുക? പണം വന്നുപോകുന്നൊരിടമായി കേരളം മാറരുത്. ഗൾഫിൽ നിന്നോ യൂറോപ്പിൽ നിന്നോ പണം ധാരാളം വരുന്നു. ഇവിടെ റബ്ബർ വെട്ടി പൈസ ഉണ്ടാകുന്നു. നമ്മളെല്ലാം ആ പൈസ ഉപയോഗിച്ച് ആർഭാടമായ വീട് നിർമ്മിക്കുന്നു. അതിന് സാധനങ്ങൾ പുറത്തുനിന്ന് വാങ്ങുന്നു. അതുവഴി പുറത്തേയ്ക്ക് പണം പോകുന്നു. അങ്ങനെ നമുക്കിനി പണം പുറത്തേയ്ക്ക് നൽകാൻ കഴിയില്ല. നമ്മുടെ കാർഷിക മേഖലയെപ്പോലെ, ഇനി വരുന്ന പുതിയ പണം ഇവിടെ കറങ്ങാവുന്ന ചില മേഖലകൾ ഏതെന്ന് കേരളം മുൻഗണനാക്രമത്തിൽ കണ്ടെത്തണം. എനിക്ക് തോന്നുന്നത് അത്തരം വലിയൊരു മേഖല കേരളത്തിന്റെ സാധ്യതയുള്ളത് ടൂറിസമാണ്. ടൂറിസത്തെ എങ്ങനെയാണ് നമുക്ക് ജനകീയമായി പ്രകടിപ്പിക്കാൻ കഴിയുന്നത്; എങ്ങനെയാണ് ജനങ്ങൾക്കാകെ ആ വരുന്ന പണം പങ്കുവയ്ക്കുവാൻ കഴിയുന്നത്? നമ്മുടെ ടൂറിസം സാധ്യതകൾ നിലനിർത്തുന്നതിന് കേരളത്തിന്റെ പ്രകൃതി മനോഹാരിത നിലനിർത്തണം. നമ്മുടെ വികസനങ്ങളെല്ലാം പാരിസ്ഥിതികമായി ബന്ധപ്പെട്ട് അതിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ളതാകണം. വികസനമെന്ന് പറയുന്നത് പ്രകൃതി വിരുദ്ധമാകരുത്. നമ്മുടെ പ്രകൃതിയുടെ അനുകൂല ഘടകങ്ങളാകണം. ഒരു പ്രളയം കഴിഞ്ഞതിന്റെ അനുഭവം നമ്മുടെ മുന്നിലുണ്ട്. പ്രളയത്തിന്റെ ഫലമായി നമ്മുടെ നദികൾ മുമ്പുണ്ടായിരുന്നതിനേക്കാൾ ചെറുതായി തീർന്നിട്ടുണ്ട്. ഒരു നദി എന്നത് അതിന്റെ ചാലുകളും കുളങ്ങളും അതിന്റെ കരയിലെ വയലും അവിടെ നിൽക്കുന്ന മരവും അടങ്ങുന്നതാണ്. ഈ സംരംഭങ്ങൾക്കെല്ലാം വെള്ളപ്പൊക്ക കാലത്ത് നദി വെള്ളം നൽകുകയും വെള്ളമില്ലാത്ത കാലത്ത് വെള്ളം തിരിച്ചെടുക്കുകയും ചെയ്യുന്നതാണ്. ഇപ്പോഴത്തെ ലോക സമ്മിറ്റുകളുടെ ഒരു സംവിധാനമനുസരിച്ച് ഓരോ നദിയും ഒരു ജല

കുടുംബമാണ്. നദി ആ കുടുംബത്തിലുള്ള കുളങ്ങളേയും മരങ്ങളേയും വയലുകളേയുമെല്ലാം സംരക്ഷിക്കുകയാണ്. ഒപ്പം ആ നദിക്ക് വേനൽക്കാലത്ത് ഈ കുടുംബത്തിലുള്ളവർ ജലം ഇങ്ങോട്ട് കൊടുക്കുകയാണ്. അങ്ങനെയാണെങ്കിൽ 44 നദികളും ആയിരക്കണക്കിന് തോടുകളും പതിനായിരക്കണക്കിന് കുളങ്ങളും കാവുകളുമുള്ള കേരളം ഒരു ജല സാമ്രാജ്യമാണ്. ഓരോ നദിയും ഒരു ജല കുടുംബമാണെങ്കിൽ കേരളമൊരു ജല സാമ്രാജ്യമാണ്. ഈ ജല സാമ്രാജ്യം മാത്രം നിലനിർത്തിയാൽ നാളെ കേരളത്തിന് ലോകത്തിന്റെ മുന്നിൽ കൈനീട്ടാതെ നിൽക്കാം. പക്ഷേ അത് എങ്ങനെ സംരക്ഷിക്കുവാൻ സാധിക്കും? അത്തരത്തിൽ സംരക്ഷിക്കുവാൻ പറ്റുന്നതിനനുസരിച്ചാണ് സത്യത്തിൽ ഇവിടെ നാല് മിഷനുകളും വെള്ളപ്പൊക്കത്തിനുശേഷമുള്ള കേരള നിർമ്മിതിയും നമ്മൾ മുന്നോട്ടുവച്ചത്. ഇത് സമൂഹത്തിന്റെ വലിയൊരു അവബോധമാകും. നമ്മുടെ ഏറ്റവും വലിയ പ്രത്യേകത നമ്മുടെ അന്തസ്സ് നിലനിർത്താൻ നമ്മുടെ വീടുകൾ പരമാവധി വലുതാകണമെന്ന ചിന്തയാണ്. പരമാവധി വലുതാക്കാൻ തക്ക ഇടം നമുക്കില്ല. കടലിനും മലയ്ക്കും ഇടയിലെ കേരളത്തിലെ ഏറ്റവും കൂടിയ ദൂരം 127 കി.മീറ്റർ ആണ്. പലയിടത്തും 60-ഉം 50-ഉം കി.മീറ്റർ ആണ്. അങ്ങനെയാണെങ്കിൽ കേരളത്തിലുള്ള ജനം, കേരളത്തിലെ വീട്, കേരളത്തിലെ ഭൂമി, ആ ഭൂമിയിൽ ജല സംവിധാനത്തെ ഏതെങ്കിലും തരത്തിൽ പരിക്കേൽപ്പിക്കാതെ വീട് നിർമ്മിക്കുവാൻ സാധിക്കുന്നത്, റോഡ് വെട്ടാൻ കഴിയുന്നത്, ആഫീസുകൾ നിർമ്മിക്കുവാൻ കഴിയുന്നത് എത്രയാണെന്ന് നിശ്ചയിക്കണം. നമ്മുടെ ടൂറിസം നിലനിർത്തുവാനും വളർത്തുവാനുംവേണ്ടി ഇത് അനിവാര്യമായൊരു കാര്യമാണ്. ജലമാണ് കേരളത്തിലെ ഏറ്റവും വലിയ വിഭവം. ആ വിഭവത്തെ ഒട്ടും ചോരാതെ വലിയ ജലസാമ്രാജ്യം പോലെ നിലനിർത്തികൊണ്ടേ നമുക്ക് നാളെ കേരളത്തെ ലോകത്തിന് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. നമുക്ക് മാത്രമേ നമ്മളേയും നമ്മുടെ പിന്നാലെ വരുന്നവരേയും രക്ഷിക്കാൻ സാധിക്കുകയുള്ളൂ. കാലാവസ്ഥാ നിരീക്ഷണങ്ങൾ പറയുന്നതെല്ലാം തെറ്റുകയാണ്. കഴിഞ്ഞ വർഷം നമുക്ക് ചരിത്രത്തിലെ ഏറ്റവും വലിയ മഴ ലഭിച്ചു. ചിലർ പറയുന്നത് ഈ വർഷം ഏറ്റവും വലിയ വരൾച്ച കിട്ടുമെന്നാണ്. പലയിടത്തും ഇപ്പോൾ മഴ മാറിയെന്നതിന് തെളിവാണ് ഇന്നലെ ബോംബെയിലും പൂനെയിലും ഉണ്ടായ വൻമഴ. കേരളം നമ്മുടെ മൺസൂണിന്റെ എന്റർ പോയിന്റാണ്. ഇവിടെയാണ് കടന്നുകൂടുന്നത്. ഇവിടെ കടന്നുകൂടിയാൽ പിന്നെ തമിഴ്നാട്ടിലേയ്ക്ക്, പിന്നെ തെക്കേ ഇന്ത്യയിലേയ്ക്ക് അത് കഴിഞ്ഞ് വടക്കേ ഇന്ത്യയിലേയ്ക്ക് അങ്ങനെ പോവുകയാണ്. ഇതാണ് സ്ഥിതിയെങ്കിൽ നമ്മൾ ജലത്തെക്കുറിച്ച് കൂടുതൽ പഠിക്കേണ്ടതുണ്ട്. ജലസമൃദ്ധമായ ഈ ജല സാമ്രാജ്യത്തിൽ ജലമില്ലാത്തൊരു കേരളമുണ്ടായാൽ പിന്നെ ഒന്നും ഉണ്ടാവുകയില്ല. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയും ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റും അധികാരത്തിൽ വന്ന സമയത്തുതന്നെ എങ്ങനെയാണ് ഒരു ഹരിത കേരളം രൂപപ്പെടുത്തേണ്ടതെന്ന് ആലോചിച്ചിരുന്നു. ഹരിത കേരളമെന്ന് പറയുന്നത് മുകളിൽ മരം ഉള്ള കേരളം മാത്രമല്ല, മനസ്സിലൊരു പച്ചപ്പുള്ള കേരളം കൂടിയാണ്, മനസ്സിലൊരു ആർദ്രതയുള്ള കേരളം കൂടിയാണ്. ഉള്ള ജലത്തെ സംരക്ഷിക്കുന്നൊരു കേരളം കൂടിയാണ്. അതുകൊണ്ട് നമുക്ക് എങ്ങനെയാണ് നാളെ തിരിച്ചുകിട്ടാവുന്ന തരത്തിൽ നിക്ഷേപം നടത്താവുന്നത്. അതിനാണ് കേരളത്തിലെ ഗവൺമെന്റ് ആ നിക്ഷേപം കൃത്യമായി നടത്തുന്നത്. പശ്ചാത്തല മേഖല കഴിഞ്ഞാൽ കേരളത്തിൽ രണ്ട് മേഖലകൾക്കാണ് ഏറ്റവും കൂടുതൽ പരിഗണന കൊടുത്തത്. പോസ്റ്റ് ക്രിയേഷൻ പോലും കൊടുത്തത്. ഒന്നാമത്തേത് ആരോഗ്യ മേഖലയാണ്. അതിന്റെ പ്രതിഫലനമാണ് എറണാകുളത്തുള്ള ഒരു സാധാരണ മനുഷ്യന് 'നിപ' പിടിപെട്ടപ്പോൾ നമ്മൾ ആ രോഗത്തെ പിടിച്ചുകെട്ടി പടിക്ക് പുറത്താക്കിയത്. എന്നാൽ ബീഹാറിലെ മുസഫർപൂരിൽ മസ്തിഷ്കജ്വരം വന്ന് കുട്ടികൾ ഇപ്പോഴും മരിച്ചുകൊണ്ടിരിക്കുകയാണ്. ഇതാണ് കേരളം ആരോഗ്യ മേഖലയിൽ നേടിയിരിക്കുന്ന നിക്ഷേപം. നമുക്കത് വീണ്ടെടുത്തേ പറ്റൂ. അവിടെ നിക്ഷേപം കൊടുത്തേ പറ്റൂ. അതൊരു എൽ.ഡി.എഫ്. ഏർപ്പാടോ ഗവൺമെന്റ് ഏർപ്പാടോ അല്ല. നമ്മുടെ പൊതുസമൂഹത്തിന്റെ ആരോഗ്യം നിലനിർത്തുവാനുള്ള കാര്യമാണ്. രണ്ടാമത്തേത് നമ്മുടെ കൃഷി മേഖലയാണ്. ഓണത്തിന് പോലും തമിഴ്നാട്ടിലെ ഇലയും ആന്ധ്രാപ്രദേശിലെ അരി കൊണ്ടുണ്ടാക്കിയ ചോറും മറ്റു സ്ഥലങ്ങളിൽ നിന്നുള്ള പച്ചക്കറികളും ആണ് നമ്മൾ ഉപയോഗിക്കുന്നത്. എല്ലാം കൂടി കഴിച്ചാൽ നമ്മൾ രോഗികൾ ആകുമെന്ന കാര്യം ഉറപ്പാണ്. അമേരിക്കയിലൊരു പ്രസ്ഥാനം വളർന്നുവരുന്നുണ്ട്. ആ പ്രസ്ഥാനത്തിന്റെ പ്രധാന മുദ്രാവാക്യം അടുത്തുള്ള ആഹാരം ആരോഗ്യത്തിനും അകലെയുള്ള ആഹാരം രോഗത്തിനുമെന്നാണ്. അവർ ജീവിക്കുന്നതിന് 100 കിലോമീറ്ററിനകത്തുള്ള ആഹാരമേ കഴിക്കൂ. കാരണം ആ പ്രകൃതിയാണ് അവരുടെ പ്രകൃതി. ആ പ്രകൃതിയിൽ വളരുന്നതാണ് ആരോഗ്യത്തിന് പറ്റിയത്. അങ്ങനെയാണെങ്കിൽ കേരളത്തിന്റെ ആഹാരം ഇന്നല്ലെങ്കിൽ നാളെ കേരളം കണ്ടെത്തണം. അരി ചിലപ്പോൾ കണ്ടെത്താൻ പ്രയാസമായിരിക്കും. പക്ഷെ പച്ചക്കറി, പഴം, കിഴങ്ങ് വർഗ്ഗങ്ങൾ, നമുക്കാവശ്യമുള്ള ഇലയും ഇലക്കറികളും എല്ലാം കണ്ടെത്താം. അങ്ങനെ കണ്ടെത്തുന്നത് ഒരു പാർട്ടിയുടെയോ മുന്നണിയുടേയോ ഒരു ഗവൺമെന്റിന്റേയോ കാര്യമല്ല. അതൊരു മിഷനാണ്. കേരളത്തിലെ ജനങ്ങളും സകല സംവിധാനങ്ങളും ചേർന്ന് ഏറ്റെടുക്കേണ്ട മിഷനാണ്. ആ മിഷൻ വിജയിപ്പിക്കണം. അവിടെ കൂടുതൽ നിക്ഷേപം വേണം. എല്ലാവരേയും ആകർഷിക്കുന്ന തരത്തിൽ ടൂറിസത്തിൽ വികസനം വരണം. അതിൽ നിന്നും

വരുന്ന വരുമാനം ജനകീയമായി പങ്കുവയ്ക്കപ്പെടണം. നമ്മുടെ പ്രകൃതി സൗന്ദര്യം നിലനിർത്തണം. നമ്മുടെ ജലസാമ്രാജ്യം ചോരാതെ നോക്കണം. ഇങ്ങനെയെല്ലാം നോക്കിക്കൊണ്ട് മാത്രമേ നമുക്ക് മുന്നോട്ട് പോകുവാൻ കഴിയൂ.

2.00 P.M.]

രണ്ടാമത് നിക്ഷേപിച്ചത് വിദ്യാഭ്യാസത്തിലാണ്. വിദ്യാഭ്യാസത്തിൽ പണ്ടുമുതൽ മുന്നിൽ നിന്ന കേരളം ചരിത്രപരമായി പുറത്തുപോയത് ചില അടിസ്ഥാന കാര്യങ്ങൾ കൊണ്ടാണ്. അതിന് കാരണം നവോത്ഥാനമാണ്. ഇവിടെ നിലനിന്നിരുന്ന അടിമത്വ മനോഭാവത്തിൽ പൊരുത്തപ്പെടാൻ കഴിയാതെ വന്നതാണ് കേരളത്തിലെ സാധാരണ മനുഷ്യനും മുസ്ലീമിനും പിന്നോക്കക്കാരനും ക്രിസ്ത്യാനിക്കുമെല്ലാം പുറത്തുപോകുവാൻ തോന്നിയത്. അവർ ശ്രീലങ്കയിലും മലേഷ്യയിലും യൂറോപ്പിലും ഗൾഫിലുമെല്ലാം പോയി. അത് ചരിത്രപരമായി കേരളം മനസ്സിൽപ്പേറിയ ഒരു നവോത്ഥാനത്തിന്റെ വെളിച്ചം കൂടിയാണ്. കാരണം അവന് അടിമയായും അന്തസ്സുകളഞ്ഞും നിൽക്കുവാൻ കഴിയില്ല. ചരിത്രത്തിൽ അങ്ങനെയാണ് കേരളത്തിൽ നവോത്ഥാനമുണ്ടായത്. തമിഴ്നാട്ടിൽ നിന്നോ ആന്ധ്രയിൽ നിന്നോ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നോ പോലുമുണ്ടായില്ല. ഇവിടത്തെ അടിമത്ത മനോഭാവത്തിൽ നിന്നും നവോത്ഥാനത്തിന്റെ മനസ്സുണ്ടായ കേരളം ജീവിതത്തിന്റെ ഒരു അന്തസ്സ് നേടാൻ പുറത്തുപോയി. അതിനെക്കുറിച്ചൊക്കെ ധാരാളം പഠനങ്ങൾ വന്നിട്ടുണ്ടെങ്കിലും ഞാൻ മനസ്സിലാക്കുന്നത് ഇനിയും പഠനങ്ങൾ വരേണ്ടതുണ്ട് എന്നാണ്. എങ്ങനെയാണ് കേരളം മാത്രം ഇങ്ങനെ പുറത്തുപോയത്? കേവലം വിദ്യാഭ്യാസം കൊണ്ടുമാത്രമല്ല, വിദ്യാഭ്യാസത്തിൽ നമ്മുടെ മുന്നിൽ ഒരു പ്രതിസന്ധിയുണ്ടായി. ഇപ്പോൾ വിദേശത്തേയ്ക്ക് പോകുന്ന കേരളത്തിലെ വിദ്യാർത്ഥികളും അവിടെനിന്ന് പുറത്താക്കപ്പെടാവുന്ന തരത്തിലാകുന്നു. ഒരു മത്സരത്തിൽ, പിന്നിൽ പ്രതിഭയുണ്ടെങ്കിലും അത് അതിജീവിക്കാൻ കഴിയുന്ന തരത്തിൽ അവൻ ലോകത്തിന്റെ അറിവ് സ്വാംശീകരിച്ചിട്ടില്ല. അവന്റെ കെൽപ്പും അദ്ധ്വാനവും കൊണ്ട് അവൻ അതിലേയ്ക്ക് എത്തിച്ചേർന്നിട്ടില്ല. അതുകൊണ്ട് ഒരു ലോകോത്തര സമഗ്ര വിദ്യാഭ്യാസം നേടുന്നതിനുവേണ്ടി കടം വാങ്ങിയും കിഫ്ബി വഴിയും ആയിരക്കണക്കിന് കോടി രൂപ ഉപയോഗിച്ച് ഒരു മണ്ഡലത്തിലോ പഞ്ചായത്തിലോ മാത്രമല്ല കേരളത്തിൽ മുഴുവനും വരുന്ന രണ്ട് വർഷം കൊണ്ട് യു. പി. തലം മുതൽ സ്മാർട്ട് വിദ്യാഭ്യാസം ഉണ്ടാവുകയാണ്. അങ്ങനെയൊന്നുണ്ടാകുകയും അതിലേയ്ക്ക് മുടക്കുന്നത് തിരിച്ചുകിട്ടുകയും ചെയ്യുമെന്ന് ഞാൻ ഉറപ്പായി പറയുന്നു. അതുപോലെ ടൂറിസത്തിൽ മുടക്കുന്നതും തിരികെ

ലഭിക്കും. ലോകത്തിന്റെ മുന്നിൽ നാളത്തെ ഏറ്റവും വിലപ്പെട്ട വസ്തു ജലമായിരിക്കും. ജലയുദ്ധമെന്നൊന്നും ഞാൻ പറയുന്നില്ല പക്ഷേ ജലമായിരിക്കും ഏറ്റവും വിലപ്പെട്ട വസ്തു. ജലത്തെ സംരക്ഷിച്ചുകൊണ്ട് ടൂറിസത്തെ ജനകീയമായി വികസിപ്പിച്ചു കൊണ്ട് ഇവിടെ കറങ്ങുന്ന പണത്തിന്റെ അളവ് വർദ്ധിപ്പിച്ചുകൊണ്ട് പുറത്തുനിന്ന് വരുന്നത് കുറഞ്ഞാലും ഇവിടെയുള്ള നമ്മുടെ ഉൽപ്പന്നങ്ങളെ വാല്യൂ ആഡഡ് പ്രോഡക്റ്റുകളാക്കി മാറ്റാൻ സാധിക്കും.

ഒറ്റകാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. കേരളത്തിലെ കശുവണ്ടി മേഖല പ്രതിസന്ധിയിലാണ്. ടാൻസാനിയയിൽ നിന്ന് കശുവണ്ടി കേരളത്തിൽ കൊണ്ടുവന്ന് ഇവിടെ പ്രോസസ്സ് ചെയ്ത് യൂറോപ്പിലേയ്ക്ക് കൊണ്ടുപോകുവാൻ സാധ്യത കുറവാണ്. കശുവണ്ടി മേഖലയിലെ പ്രതിസന്ധി ഇല്ലാതാകണമെങ്കിൽ ഇവിടെ കശുവണ്ടിയുണ്ടാകണം അല്ലെങ്കിൽ തമിഴ്നാട്ടിലോ കർണാടകത്തിലോ ഉണ്ടാകണം. നമ്മൾ കശുമാവിൽ നിന്നും ഉപയോഗമുള്ള ഒന്നേ കണ്ടെത്തുന്നുള്ളൂ. അത് കശുവണ്ടിയാണ്. പക്ഷേ ലോകത്തിലെ പലരും പറയുന്നത് കശുമാവിലെ ഏറ്റവും നല്ല ഉൽപ്പന്നം കശുമാമ്പഴമാണെന്നാണ്. മദ്യം കുടിക്കുന്ന ഒരുപാട് പേരുണ്ട്. കശുമാവിൽ നിന്നെടുക്കുന്ന മദ്യമാണ് ഏറ്റവും നല്ല മദ്യമെങ്കിൽ ഇവിടെ തടസ്സമായി നിൽക്കുന്നത് ഒരു അബ്കാരി നയമാണെങ്കിൽ ആ നയം ഗവൺമെന്റ് തന്നെ തിരുത്തണം. കശുമാമ്പഴത്തിൽ നിന്ന് നല്ല മദ്യം ഗോവയേക്കാൾ ലോകത്തിലെ പല ഏഷ്യൻ രാജ്യങ്ങളിലും ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. എന്തുകൊണ്ടാണ് കേരളത്തിൽ കശുമാവ് വളർത്തുവാനുള്ള പ്രേരണ ഉണ്ടായത്? റബ്ബർ വളർത്താൻ പ്രേരണ ലഭിച്ചത് റബ്ബർ ബോർഡുള്ളതുകൊണ്ടല്ല. അത് ലാഭകരമായ കൃഷിയാണെന്ന് കേരളത്തിലെ മനുഷ്യൻ തിരിച്ചറിഞ്ഞതു കൊണ്ടാണ്. കശുമാവിൽ നിന്ന് നമുക്ക് ഇന്ന് ലഭിക്കുന്ന ആദായം 1000 രൂപയാണെങ്കിൽ അത് 3000 രൂപയായി വർദ്ധിപ്പിച്ചാൽ റബ്ബർ മാത്രമല്ല പലതും മാറ്റി കേരളത്തിലെ മനുഷ്യൻ കശുമാവ് നടും. കേരളത്തിൽ 20 ലക്ഷം ചക്ക ഉൽപ്പാദിപ്പിക്കുകയാണ്. പ്ലാനിംഗ് ബോർഡിന്റെ കണക്കനുസരിച്ച് 8 ലക്ഷം ചക്ക നഷ്ടപ്പെട്ടുപോകുകയാണ്. ഈ 8 ലക്ഷം ചക്കയിൽ നിന്ന് കേരളത്തിൽ വൈൻ നിർമ്മിക്കാൻ തീരുമാനിച്ചാൽ, ലോകത്തിലെ ഏറ്റവും നല്ല വൈൻ ചക്ക വൈൻ ആണ്. ഇവിടെ ഇപ്പോൾ ഒരു അബ്കാരി നയം തടസ്സമായി നിൽക്കുന്നുണ്ട്. കേരളത്തിലെ എല്ലാത്തരം ഉൽപ്പന്നങ്ങളും പ്രകൃതി വിഭവങ്ങളും പഴങ്ങളും നമുക്ക് വാല്യൂ ആഡഡ് പ്രോഡക്ടുകളാക്കി ഇവിടത്തെ ആളുകൾക്ക് ഉപയോഗിക്കാവുന്നതാണ്. ഇപ്പോൾ കേരളത്തിന് പുറത്താണ് ആ തുക പോകുന്നത്. ആ തുകയിൽ പത്ത് മുപ്പത് ശതമാനം രണ്ടോ മൂന്നോ വർഷം കൊണ്ട്

കേരളത്തിൽ തന്നെ കറങ്ങാവുന്ന നോട്ടാക്കി മാറ്റുവാൻ നമുക്ക് കഴിയണം. ശ്രീലങ്കയിൽ ടൂറിസം തകരുമ്പോൾ എല്ലാവരും ഉറ്റുനോക്കുന്നത് കേരളത്തെയാണ്. നമുക്കത് കൊണ്ടുവരാനായി ജനകീയമായ കാര്യങ്ങൾ ഉൾക്കൊള്ളുവാനും നടപ്പാക്കാനും കഴിയണം. ആ വരുമാനം ഗ്രാമങ്ങളിലെ സാധാരണ മനുഷ്യർക്കുകൂടി പങ്കുവച്ച് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയണം. അങ്ങനെയാണെങ്കിൽ അങ്ങയുടെ ബുദ്ധിയും ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുവയ്ക്കുന്ന മാനവീകതയും കേരളത്തിന്റെ സമഗ്രമായ വികസനത്തിന് വച്ച നമ്മുടെ മിഷനുകളും ഒപ്പം നമ്മൾ പുതിയതായി പ്രളയത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കേരളവുമൊക്കെയാകുമ്പോൾ ഇനിയും നമുക്ക് വളരാൻ കഴിയും. പണ്ടും വടക്കുള്ള കേന്ദ്രം നൽകിയല്ല നമ്മൾ വളർന്നത്. നമ്മൾ പുറത്തുപോയി കൊണ്ടുവന്നതും അകത്തുള്ളത് സംഭരിച്ചുമാണ് വളർന്നത്. അതിനുതകും വിധമുള്ള ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. റ്റി. വി. രാജേഷ്)

ശ്രീ. എം. നൗഷാദ്: സർ, ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തോട് സ്നേഹവും ഈ സമൂഹത്തോട് പ്രതിബദ്ധതയുമുള്ള ഒരാൾക്കും ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുവാൻ കഴിയുകയില്ല. ഇന്ന് നമ്മുടെ സംസ്ഥാനത്ത് റവന്യൂ വരവ് 22%-വും റവന്യൂ ചെലവ് 10%-വും ആണ്. അങ്ങനെ ചെലവ് കൂടുതലും വരവ് കുറവും മാത്രമുള്ളപ്പോഴും ജനങ്ങളെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളെയും ഒരു മുടക്കവും കൂടാതെ നടത്തിക്കൊണ്ട് പോകുന്നതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. മാർക്കറ്റ് ബോറോയിംഗ് മാത്രമാണ് ഇപ്പോൾ നമ്മുടെ മുന്നിലുള്ള പോംവഴി. മാർക്കറ്റ് ബോറോയിംഗിലൂടെ പണം കണ്ടെത്തി സാധാരണക്കാരന്റെ കൈകളിലേയ്ക്ക് സമ്പത്തെത്തിച്ച് അവന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തും ഒരു സാമ്പത്തിക സന്തുലിതാവസ്ഥ നിലനിർത്തി മുന്നോട്ടുകൊണ്ടുപോകുക എന്നുള്ളത് അത്ര എളുപ്പമുള്ള ജോലിയല്ല, വളരെ ശ്രമകരമായ ജോലി തന്നെയാണ്. ആ ശ്രമകരമായ ജോലി കേരളത്തിലെ ജനതയ്ക്കുവേണ്ടി കൃത്യമായി ചെയ്തുകൊണ്ടിരിക്കുകയാണ് നമ്മുടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി. ഇവിടെ ബോറോയിംഗിനെക്കുറിച്ചെല്ലാം വലിയ രീതിയിലുള്ള പരാതിയാണ് വന്നിട്ടുള്ളത്. എന്താണ് കിഫ്ബി എന്ന് ചോദിക്കുന്നവർക്കെല്ലാം കിഫ്ബിയിൽ പദ്ധതികൾ ആവശ്യമാണ്. മലയോര ഹൈവേയും തീരദേശ ഹൈവേയും

ആരംഭിക്കുവാൻ പോകുന്നെന്നും ഇതെല്ലാം നടക്കുന്നുണ്ടെന്നുള്ളതും അതിനെ എതിർക്കുന്ന ശ്രീ. കെ. എസ്. ശബരീനാഥൻ ഉൾപ്പെടെയുള്ളവർക്ക് അറിയാം. പണമില്ലാതെ ഇത് ചെയ്യാൻ കഴിയുമോ? വരുമാനം കുറവും ചെലവ് കൂടുതലുമാകുമ്പോൾ പണം എവിടെ നിന്നാണ് കണ്ടെത്തുക? മസാല ബോണ്ടിനെക്കുറിച്ച് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു. പക്ഷേ അങ്ങനെ വരുന്ന തുകയുടെ വിഹിതം ഞങ്ങൾക്കും വേണമെന്ന് പറയുന്നതിന് യാതൊരു ഉളുപ്പുമില്ല. ഞാൻ മനസ്സിലാക്കുന്നത് രാഷ്ട്രീയ അന്ധതകൊണ്ട് മാത്രമാണ് അവർക്ക് എതിർപ്പുള്ളത് എന്നാണ്. ഡോ. ടി. എം. തോമസ് ഐസക് ആയതുകൊണ്ട് ഈ വണ്ടി ഓടിക്കുന്നു എന്ന് അവർ സ്വകാര്യമായി സമ്മതിക്കുന്നുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. അടിയന്തരപ്രമേയം എന്തിനാണ് കൊണ്ടുവരുന്നത്? നമ്മുടെ നാടിനെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാണ്. വികസന പ്രവർത്തനങ്ങളെല്ലാം അനായാസം മുന്നോട്ടുപോകുമ്പോൾ വായ്പാ പരിധി കുറച്ചുകൊണ്ട് നമ്മുടെ ട്രഷറിയിലെ നിക്ഷേപങ്ങളിൽ സ്ഥിര നിക്ഷേപങ്ങൾ ഉൾപ്പെടെ സാധാരണക്കാരന്റെ ട്രഷറിയിലെ നിക്ഷേപത്തെപ്പോലും ആ പരിധിയിൽപ്പെടുത്തിക്കൊണ്ട് നമുക്ക് ലഭിക്കേണ്ട വായ്പയുടെ 6,000 കോടി രൂപ നഷ്ടപ്പെടുത്തിയ കേന്ദ്ര ഗവൺമെന്റിന്റെ നടപടി ഇവിടെ സഭാ നപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു അടിയന്തരപ്രമേയം എന്താണ് അവർ കൊണ്ടുവരാത്തത്? കേരളത്തിലെ ജനങ്ങളോടും സമൂഹത്തോടും സ്നേഹമുണ്ടെങ്കിൽ അങ്ങനെയല്ലേ ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കേണ്ടത്. ശ്രീ. എൻ. കെ. സിംഗിന്റെ നേതൃത്വത്തിലുള്ള 15-ാം ധനകാര്യ കമ്മീഷൻ വായ്പാ പരിധി 3% എന്നത് 2.5% ആക്കാൻ പോകുന്നുവെന്നാണ് ഇനി പുറത്തുവരാൻ പോകുന്ന വാർത്ത. അങ്ങനെ വായ്പാ പരിധി 2.5 ആക്കി മാറ്റുമ്പോൾ വീണ്ടും 5,000 കോടി രൂപയുടെ വായ്പയെടുക്കാനുള്ള കുറവാണ് നമ്മുടെ സംസ്ഥാനത്തിന് വരാൻ പോകുന്നത്. ഇതാണ് നമ്മുടെ ധനകാര്യ സ്ഥിതിയെങ്കിൽ എന്താണ് സാമൂഹ്യമായി നടത്തിയിട്ടുള്ളത്? വളരെ കൃത്യമായി ധനകമ്മി കുറയ്ക്കണം കാരണം അഞ്ച് വർഷംകൊണ്ട് 8,888 കോടി രൂപ സാമൂഹ്യസുരക്ഷാ പെൻഷനായി 3583886 പേർക്ക് മാത്രമാണ് വിതരണം ചെയ്തിരുന്നതെങ്കിൽ മൂന്ന് വർഷംകൊണ്ട് 17,510 കോടി രൂപ 4545358 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയ ഗവൺമെന്റാണിത്. അത് കുറയ്ക്കണോ? അത് കുറച്ചാണോ ധനകമ്മി കുറച്ചുകൊണ്ടുവരേണ്ടത്? ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലയിൽ 2645 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പാവപ്പെട്ടവരുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി തസ്തിക സൃഷ്ടിച്ചത് നിർത്തി ധനകമ്മി കുറയ്ക്കണോ? 125000-ത്തോളം പേർക്കാണ് ഈ ഗവൺമെന്റ് വന്നപ്പോൾ നിയമനം

നൽകിയത്. അവർക്ക് ശമ്പളം കോടുക്കണ്ടേ? അങ്ങനെ ശമ്പളം കൊടുക്കുമ്പോൾ സ്വാഭാവികമായും ചെലവുണ്ടാകില്ലേ? നിയമന നിരോധനമാണ് നിങ്ങളുടെ മുദ്രാവാക്യമെങ്കിൽ എങ്ങനെ നിയമനം നൽകും, അതുവഴി ജനങ്ങൾക്ക് സേവനം നൽകാമെന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഇതുരണ്ടും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ മാത്രമാണിത്. പെൻഷൻ കൊടുക്കുന്നതിന്റെ കണക്ക് ഞാൻ പറഞ്ഞു. കാരുണ്യ പദ്ധതി എന്നുപറഞ്ഞ് ഇവിടെ എല്ലാവരും കണക്ക് പറയുകയാണ്. ഈ പദ്ധതി തുടങ്ങിയിട്ട് ഏഴ് വർഷമായി. ഏഴ് വർഷംകൊണ്ട് 239044 പേർക്കാണ് കാരുണ്യ പദ്ധതിയിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളത്. 2,318 കോടി രൂപയാണ് ആ ഇനത്തിൽ ഇതുവരെ ചെലവ് വന്നതെങ്കിൽ ഈ ഗവൺമെന്റ് കൊണ്ടുവന്ന പുതിയ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 4096000 പേർക്കാണ് ഒരൊറ്റ വർഷംകൊണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. മുൻവർഷം കാരുണ്യ പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂവെങ്കിൽ പുതിയ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 4096000 പേർ ഇപ്പോൾ അതിലുണ്ട്. അതിന്റെ പുതിയ രജിസ്ട്രേഷൻ ആരംഭിക്കാൻ പോകുന്നു. 70%-ത്തോളം ആൾക്കാരെ ഈ പരിധിയിൽ കൊണ്ടുവരിക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 4096000 പേർക്ക് പദ്ധതി നടപ്പിലാക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് ഇതിൽ 2157000 പേർക്ക് മാത്രമേ വിഹിതം തരുകയുള്ളൂ. അവർ തരുന്ന വിഹിതം എത്രയാണ്? നമ്മൾ അടയ്ക്കുന്ന പ്രീമിയം 1671 രൂപയാണെങ്കിൽ അതിൽ 630 രൂപ മാത്രമാണ് കേന്ദ്രഗവൺമെന്റ് തരുന്നത്. അതും 2157000 പേർക്ക്. ഇത്തരത്തിൽ ചെലവുകൾ കുറച്ചുകൊണ്ടാണോ ധനകമ്മി പരിഹരിക്കേണ്ടത്? ജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്നുള്ളതാണ് ഏതൊരു ഗവൺമെന്റിന്റെയും ചുമതല. അത്തരത്തിൽ വളരെ സ്തുത്യർഹമായ തരത്തിലാണ് ഇവിടെ ധനകാര്യ മാനേജ്മെന്റ് നടത്തിക്കൊണ്ട് പോകുന്നത്. അതേസമയം ഇവിടെ ഏതെല്ലാം തരത്തിലുള്ള വാർത്തകളാണ് ഈ ഗവൺമെന്റിനെതിരായി നിങ്ങൾ ഉപയോഗിക്കുന്നത്? ഇതൊന്നും ജനങ്ങൾ അറിയരുത്. ഇതൊക്കെ ജനങ്ങളെ അറിയിക്കുന്നതിൽ കുറെ പോരായ്മകൾ നമ്മുടെ ഭാഗത്തുനിന്നും സംഭവിച്ചിട്ടുണ്ട്. ആ പോരായ്മകൾ സംഭവിച്ചതിന്റെ ഗുണമാണ് നിങ്ങൾക്ക് കഴിഞ്ഞ തവണ കിട്ടിയത്. ഇനി അത് കിട്ടുമെന്ന് കരുതണ്ട. ഒരു മാസം മുമ്പ് 600 വോട്ടിന് ഭൂരിപക്ഷം നേടിയ സ്ഥലത്ത് 177 വോട്ടിന് തോറ്റുപോയത് അതിന്റെ തെളിവാണ് എന്നുള്ളത് നിങ്ങൾ മറക്കരുത്. കഴിഞ്ഞ പ്രസംഗത്തിൽ നിങ്ങൾ പറഞ്ഞിരുന്നു, 'ഒരു ചക്ക വീണ് മുയൽ ചത്തെന്നുപറഞ്ഞ് എപ്പോഴും ചാകുമെന്ന് കരുതണ്ട' എന്ന്. അതിപ്പോൾ തെളിവായിട്ടുണ്ട്. ഇവിടെ ഏതെല്ലാം തരത്തിലാണ് നുണപ്രചരണങ്ങൾ

നടത്തുന്നത്? നമ്മുടെ ഒരു പ്രവാസി മരണപ്പെട്ടു. അത് ശരിയായ വസ്തുതയാണ്. സംഭവിക്കാൻ പാടില്ലാത്തതാണ്. പക്ഷേ ആ മരണത്തെപ്പോലും രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഉപയോഗിക്കുന്നത് ക്രൂരതയാണ്. സാജനെക്കുറിച്ച് എന്താണ് നിയമസഭാ വേദിയിൽ പറഞ്ഞത്? പ്രവാസി ചിട്ടിയിലെ അംഗമെന്നാണ് ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞത്. എവിടെ നിന്നു കിട്ടി ഈ വിവരം? ആകെ യു.കെ.-യിലും യു.എ.ഇ.-യിലും മാത്രമാണ് പ്രവാസി ചിട്ടി രജിസ്റ്റർ ചെയ്യാൻ കഴിയുന്നത്. ഇദ്ദേഹം നൈജീരിയയിലാണ്. നൈജീരിയൻ പ്രവാസിയുമാണ്. നൈജീരിയയിൽ 15 പേർ മാത്രമാണ് പ്രവാസി ചിട്ടിയിൽ സാജൻ എന്ന പേരിലുള്ളത്. അതിൽ ഈ സാജൻ ഇല്ല. നിയമസഭ വേദികളിൽപ്പോലും എത്ര ക്രൂരമായാണ് ഒരാളുടെ മരണത്തെ ആഘോഷിക്കുന്നത്. രാഷ്ട്രീയ ലാഭത്തിനുവേണ്ടി മരണത്തെ ആഘോഷിക്കുന്നതിന്റെ തെളിവാണ് ഇവിടെ നടത്തിയ പ്രസംഗം. ഇവിടെ എന്താണ് കോൺഗ്രസിന്റെ സ്ഥിതി? പടവലങ്ങയുടെ വളർച്ചയാണ്. പടവലങ്ങ താഴോട്ടാണ് വളരുന്നത്. കോൺഗ്രസ് വളർന്നുവളർന്ന് ആ രൂപത്തിലായി. എന്നാലും എന്തിനും ഏതിനും ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയാണ്. എവിടെ പിടിച്ചാലും കേരളം കഴിഞ്ഞാൽ നേരെ ബംഗാളിലോട്ടാണ് പോകുന്നത്. എന്തിനാണെന്ന് അറിയില്ല. നീതി ആയോഗിന്റെ പുതിയ റിപ്പോർട്ടിൽ ആരോഗ്യ മേഖലയിൽ കേരളം ഒന്നാമതാണ്. 2030-ൽ ശിശുമരണ നിരക്ക് 12 ആക്കി മാറ്റണമെന്നാണ് പ്ലാനിംഗ് കമ്മീഷൻ ആഗ്രഹിക്കുന്നതെങ്കിൽ ഇപ്പോൾ തന്നെ ആ നേട്ടം കൈവരിച്ച സംസ്ഥാനമാണ് കേരളം. അതിശക്തമായ ഭരണാധികാരികളുടെ ഇടപെടലുകളിലൂടെ ആരോഗ്യ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്. നിങ്ങൾക്കറിയാമോ? അറിയണം. ആരോഗ്യ കിരണം, സുഹൃദം, താലോലം, മാതൃയാനം, മിഠായി, പുഞ്ചിരി എന്നീ പദ്ധതികളാണ് ആരോഗ്യ മേഖലയിൽ പ്രധാനമായും നടപ്പാക്കുന്നത്. ഇതിനെല്ലാം പുറമേ ഈ പദ്ധതിയുടെ പരിധിയിലൊന്നും വരാത്തവർക്കുവേണ്ടിയുള്ള ഒരു പുതിയ പദ്ധതിയാണ് വി-കെയർ. വി-കെയർ പദ്ധതിയിലൂടെ 573 പേർക്ക് 8 കോടിയിൽപ്പരം രൂപ ഇതിനകം ഈ ഗവൺമെന്റിന് നൽകാൻ കഴിഞ്ഞു. പ്രളയം, ഓഖി, നിപ, ജി.എസ്.ടി., നോട്ടുനിരോധനം തുടങ്ങിയ പ്രതിസന്ധികളെയെല്ലാം സർക്കാർ വളരെ കൃത്യമായി കൈകാര്യം ചെയ്ത് മുന്നോട്ടുപോയി. കേരളത്തെ ദീർഘവീക്ഷണത്തോടെ മുന്നോട്ടുനയിക്കുന്ന ധനകാര്യ മന്ത്രിയേയും ധനകാര്യ മാനേജ്മെന്റിനേയും ഈ ഗവൺമെന്റിനേയും ഹൃദയപൂർവ്വം അഭിനന്ദിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ വിദഗ്ദ്ധ ധനകാര്യ മാനേജ്മെന്റ് ഇന്ത്യയ്ക്കാകെ മാതൃകയായി മാറുന്നുണ്ട്. അതിന് നേതൃത്വം നൽകുന്ന ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ വിവിധ മേഖലകളിലുണ്ടായിട്ടുള്ള അസൂയാവഹമായ നേട്ടങ്ങൾ ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യരായ മെമ്പർമാർ സൂചിപ്പിച്ചു. വിദ്യാഭ്യാസ രംഗം, ആരോഗ്യ രംഗം, പൊതുമരാമത്ത്, ക്ഷേമപെൻഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളിലൊക്കെ ഏറെ മുന്നോട്ടുപോകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങളിൽ ഇപ്പുറത്ത് ഇരിക്കുന്നവർക്ക് മാത്രമല്ല അപ്പുറത്ത് ഇരിക്കുന്നവർക്കും നല്ല അഭിപ്രായമാണുള്ളത്. ഞാൻ അടുത്തകാലത്ത് യു.ഡി.എഫ്.-ലെ ഒരു എം.എൽ.എ. സ്കൂളിൽ നടത്തിയ പ്രസംഗം കേൾക്കാനിടയായി. ഞാൻ അതിലെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നല്ലതല്ലാതെ ഒരു വാക്കും ആ വായിൽ നിന്നും വീണില്ല. ഇവിടെ അത്തരം കാര്യങ്ങൾ സൂചിപ്പിച്ചതുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുകയാണ്. പ്രധാനമായും പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ അതിൽ കയർ വകുപ്പ് കൈകാര്യം ചെയ്യുന്നത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ്. കഴിഞ്ഞ കാലത്ത് പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കശുവണ്ടി വ്യവസായ മേഖലയാകെ പ്രതിസന്ധിയിലായി. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കാത്ത സ്ഥിതിയുണ്ടായി. കാപ്പെക്സും കാഷ്യൂ കോർപ്പറേഷനും അടഞ്ഞുകിടക്കുന്ന സാഹചര്യമുണ്ടായി. എന്നാൽ അതിൽ നിന്നെല്ലാം വളരെ വ്യത്യസ്തമായി ആ പരമ്പരാഗത വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മേഴ്സിക്കുട്ടി അമ്മയ്ക്ക് സാധിച്ചുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കൊല്ലം ജില്ലയോട് ചേർന്നുകിടക്കുന്നതാണ് വർക്കല നിയമസഭാ മണ്ഡലം. ഞാൻ എം.എൽ.എ. ആകുമ്പോൾ അവിടത്തെ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുകയായിരുന്നു. ഇപ്പോൾ വി.എൽ.സി.യുടെ ഒരു ഫാക്ടറി ഒഴികെ മറ്റെല്ലാ സ്വകാര്യ ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചുവെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഏതാണ്ട് സെപ്റ്റംബർ-ഒക്ടോബർ വരെയുള്ള തോട്ടണ്ടി ഇപ്പോൾ തന്നെ കൊടുക്കാൻ സാധിക്കുന്ന തരത്തിലേയ്ക്ക് അത് ഉയർത്തിക്കൊണ്ടുവരാൻ ബഹുമാന്യയായ മന്ത്രിക്ക് സാധിച്ചു. പരമ്പരാഗത വ്യവസായത്തിൽപ്പെടുന്നതാണ് കൈത്തറി. തിരുവനന്തപുരത്തെ അതിപ്രശസ്തമായ ബാലരാമപുരം സ്പിന്നിംഗ് മിൽ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ അടച്ചിടും. എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ തുറക്കും. ഇപ്പോൾ ആ

സ്പിന്നിംഗ് മില്ലും കൈത്തറി വ്യവസായവും പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കയർ രംഗത്ത് എടുക്കുന്ന പ്രത്യേക താൽപ്പര്യത്തെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. പ്രത്യേകിച്ച് ചില കാര്യങ്ങൾ അദ്ദേഹത്തിന്റെ അടിയന്തര ശ്രദ്ധയിൽപ്പെടുത്തേണ്ടതുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനയിൽ അതുകൂടി ഉൾപ്പെടുത്തുകയാണ്. രണ്ടാം കയർ പുനഃസംഘടന സ്കീമിന് അങ്ങ് രൂപം നൽകുകയുണ്ടായി. യന്ത്രത്തിനും മറ്റ് കാര്യങ്ങൾക്കും ധാരാളം സഹായങ്ങൾ നൽകുന്നുണ്ട്. പക്ഷെ ഇന്ന് ആ വ്യവസായം വലിയൊരു പ്രതിസന്ധി നേരിട്ടുവരികയാണ്. ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന കയർ, കയർഫെഡ് വാങ്ങുന്നു. സർവ്വകാല റിക്കോർഡിലാണ് കയർഫെഡ് കയർ വാങ്ങിയിട്ടുള്ളത്. തിരിച്ച് വിൽക്കുന്നതും ആ നിലയിൽ തന്നെയാണ്. പക്ഷെ ഈ പുനഃസംഘടന പാക്കേജിനകത്ത് ഉൾപ്പെടുത്തിയിട്ടുള്ള തൊണ്ട് സംഭരണം ഇന്നാകെ പരാജയത്തിലാണ്. 30 ശതമാനം തൊണ്ടെങ്കിലും തദ്ദേശീയമായി ഉണ്ടാക്കിയാൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അതിനെ സംബന്ധിച്ച് പരിശോധിക്കണം. തിരുവനന്തപുരം ജില്ലയെ സംബന്ധിച്ച് തൊണ്ട് അഴുക്കിയാണ് കയർ ഉൽപ്പാദിപ്പിക്കുന്നത്. 'ഗോൾഡൻ ഫൈബർ' എന്ന പേരിലറിയപ്പെടുന്ന വളരെ പ്രശസ്തമായിട്ടുള്ള നാരാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. പക്ഷെ തൊണ്ട് കിട്ടാനില്ലാത്ത ഒരു സാഹചര്യത്തിലേയ്ക്ക് പോകുകയാണ്. കയറിനെ സംബന്ധിച്ച് വില വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകത വളരെ പ്രധാനമാണ്. അഞ്ച് വർഷമായി അതിന്റെ വില വർദ്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. 2019 ജനുവരി 1 മുതൽ തൊഴിലാളികളുടെ കൂലി 50 രൂപ വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. പക്ഷെ അത് നൽകുന്നതിനെ സംബന്ധിച്ച് ചില ബുദ്ധിമുട്ടുകൾ വരുന്നുണ്ടെന്ന് നാം മനസ്സിലാക്കേണ്ടതാണ്. കയറുമായി ഇഴുകിച്ചേർന്ന് കയറിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മന്ത്രിയെന്ന നിലയിൽ കഴിഞ്ഞ മൂന്ന് വർഷവും ഒരിക്കലുമില്ലാത്ത സഹായം ആ മേഖലയ്ക്ക് അങ്ങ് നൽകിയിട്ടുണ്ട്. പക്ഷെ തൊണ്ട് കിട്ടാനില്ലാത്ത പ്രതിസന്ധി മറികടക്കേണ്ടതായിട്ടുണ്ട്. അക്കാര്യം ശ്രദ്ധിക്കണമെന്ന് അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുന്നു. മറ്റൊന്ന്, സഹകരണ മേഖലയെ സംബന്ധിച്ചാണ്. യു.ഡി.എഫ്. ഭരിച്ചാലും എൽ.ഡി.എഫ്. ഭരിച്ചാലും എപ്പോഴെല്ലാം സാമ്പത്തികമായ പ്രശ്നങ്ങൾ വരുന്നോ അപ്പോഴെല്ലാം സംസ്ഥാന ഗവൺമെന്റിനെ സഹായിക്കുന്നത് സഹകരണ മേഖലയാണ്. നേരത്തെ എൽ.ഡി.എഫ്. വന്നപ്പോൾ ഇ.എം.എസ്. ഭവന പദ്ധതിക്ക് പണം നൽകിയതും സഹകരണ മേഖലയാണ്. ഇപ്പോൾ ട്രാൻസ്പോർട്ട് ജീവനക്കാർക്ക് പെൻഷൻ നൽകുന്നതും സഹകരണ വകുപ്പാണ്. ക്ഷേമ പെൻഷനുകൾ നൽകാൻ പൈസയ്ക്ക്

ബുദ്ധിമുട്ടിയപ്പോൾ സഹായിച്ചതും സഹകരണ വകുപ്പാണ്. സംസ്ഥാന ഗവൺമെന്റ് ആ സഹകരണ ബാങ്കുകളെ സഹായിക്കുന്ന സമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. ചില കാര്യങ്ങൾ ചെയ്താൽ സഹകരണ മേഖലയെ കുറച്ചുകൂടി സഹായിക്കാൻ സംസ്ഥാന ഗവൺമെന്റിന് സാധിക്കും. പൊതുമരാമത്ത് വകുപ്പിൽ വർക്ക് ടെണ്ടർ ചെയ്ത് എഗ്രിമെന്റ് ചെയ്യുമ്പോൾ അഞ്ച് ശതമാനം തുക എഫ്.ഡി.യായി കെട്ടിവയ്ക്കണമെന്ന് അതിനകത്ത് ഒരു ക്ലോസ് ഉണ്ട്. ധനകാര്യ വകുപ്പ് അടുത്ത സമയങ്ങളിൽ സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി അതിൽ രണ്ടര ശതമാനം നിർബന്ധമായും ട്രഷറികളിൽ തന്നെ നിക്ഷേപിക്കണമെന്ന് ഒരുത്തരവിറക്കി. എന്നാൽ ബാക്കിയുള്ള രണ്ടര ശതമാനം നാഷണലൈസ്ഡ് ബാങ്കുകളുടെ എഫ്.ഡി.-യാണ് ഇന്ന് ഹാജരാക്കുന്നത്. ധനകാര്യ വകുപ്പ് ഒരുത്തരവിലൂടെ ആ രണ്ടര ശതമാനം തുകയ്ക്ക് സഹകരണ ബാങ്കുകളിലെ എഫ്.ഡി. സ്വീകരിക്കുന്നതിന് തയ്യാറായാൽ അത് ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യമായി മാറുമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പണം കേന്ദ്ര ഗവൺമെന്റാണ് നൽകുന്നത്. സ്വാഭാവികമായും നാഷണലൈസ്ഡ് ബാങ്കുകൾ വഴിയാണ് തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് വേതനം വരുന്നത്. സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിന്റെ ഭാഗമായി നഗരസഭകളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ തൊഴിലുറപ്പ് പദ്ധതിയുടെ പണം സഹകരണ ബാങ്കുകൾക്ക് നൽകിയാൽ തീർച്ചയായും തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നൽകാൻ കഴിയും. സഹകരണ ബാങ്കുകൾക്ക് സഹായവും കിട്ടും. ഏറെക്കാലമായി നാം ആവശ്യപ്പെടുന്നതാണ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തനത് ഫണ്ട് സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ചെയ്യാൻ കഴിയുമോ എന്നുള്ളത് ആലോചിക്കണം. ഇതിനെല്ലാം നാഷണലൈസ്ഡ് ബാങ്കുകളെ ആശ്രയിക്കേണ്ട കാര്യമുണ്ടോ എന്നതിനെ സംബന്ധിച്ച് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. മറ്റൊന്ന് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. ആസ്തി വികസന ഫണ്ട് അനുവദിക്കുന്ന ഒരു വർക്ക് ടെണ്ടർ ചെയ്താൽ ഈ വർക്ക് എടുക്കുന്നത് തദ്ദേശീയരായിട്ടുള്ള കോൺട്രാക്ടർമാരാണ്. അവർ ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും എം.എൽ.എ.-മാരുടെയും വർക്ക് എടുക്കും. ഗവൺമെന്റ് കോൺട്രാക്ടർമാർ വർക്ക് എടുത്താൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 80 ശതമാനം തുക പ്രവൃത്തികൾ നടത്തുന്നതിന് അവർക്ക് അഡ്വാൻസായി നൽകും. കെ.എഫ്.സി.യുടെ വെബ്സൈറ്റ് പരിശോധിച്ചാലും പരസ്യത്തിലൂടെയും ഇക്കാര്യം മനസ്സിലാകും. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിലെ പണി ഏറ്റെടുക്കുന്ന

കോൺട്രാക്ടർമാർക്കുകൂടി അഡ്വാൻസ് നൽകുകയാണെങ്കിൽ പൈസ കിട്ടിയില്ലെന്നുപറഞ്ഞ് ഒഴിയുന്നതിനുപകരം എളുപ്പത്തിൽ ആ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നതാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി തന്നെ കഴിഞ്ഞ തവണ ശ്രീ. പി. കെ. ബഷീർ സംസാരിച്ചപ്പോൾ ആസ്തി വികസന ഫണ്ട് 20 വർക്കുകൾക്കായി പരിമിതപ്പെടുത്തിയിരിക്കുകയാണെന്ന് പറഞ്ഞിരുന്നു. അത് വലിയ വർക്കുകൾ ആകണമെന്ന തത്വത്തിന്റെ അടിസ്ഥാനത്തിലായിരിക്കാം. പക്ഷെ അതുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർക്ക് വലിയ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. നല്ല ആസ്തികൾ വരുന്നത് തന്നെയാണ്. പക്ഷെ അതിന്റെ എണ്ണം 20-ൽ നിന്ന് 30 ആയെങ്കിലും വർദ്ധിപ്പിക്കുന്നതിന് അങ്ങ് തയ്യാറാകണമെന്നതാണ് എന്റെ വിനയപുരസ്സരമായ അഭ്യർത്ഥന. അങ്ങ് ഇത് സൂചിപ്പിച്ചത് കഴിഞ്ഞ സഭയിലാണെന്ന് തോന്നുന്നു.

ഇവിടെ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒന്നുരണ്ട് കാര്യങ്ങൾ കൂടി പറയാനുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം സഭയിൽ സ്ഥിരം കേൾക്കുന്ന ഒരു വാക്കാണ് പ്രത്യേകിച്ച് മുസ്ലീം ലീഗിലെ അംഗങ്ങളാണ് പറയുന്നത്, 'ലാസ്റ്റ് ബസ് പോയി' എന്നുള്ളത്. കാസർഗോഡ് എം.എൽ.എ.യും അതുതന്നെ പറഞ്ഞു. ഇന്നിപ്പോൾ ബഹുമാനപ്പെട്ട പാറക്കൽ അബ്ദുല്ലയും ലാസ്റ്റ് ബസ് പോയെന്ന് പറഞ്ഞു. ലാസ്റ്റ് ബസ്സൊന്നും പോയിട്ടില്ല. നിങ്ങൾക്കുതന്നെ അറിയാം. പാർലമെന്റ് തെരഞ്ഞെടുപ്പുകളുടെ ചരിത്രം പരിശോധിച്ചാൽ ഞങ്ങൾക്ക് അങ്ങനെ വലിയ സീറ്റൊന്നും ലഭിക്കാറില്ല. 2004 ഒഴിച്ചാൽ രണ്ടോ മൂന്നോ സീറ്റ്, അടിയന്തരാവസ്ഥ കഴിഞ്ഞതിനുശേഷം പൂജ്യം എന്നിങ്ങനെയാണ് സീറ്റുകൾ ലഭിക്കുന്നത്. അങ്ങനെയൊക്കെയാണെങ്കിലും മറ്റ് തെരഞ്ഞെടുപ്പുകളിൽ നന്നായി തിരിച്ചുവരാനുള്ള ജനങ്ങളുടെ സ്വാധീനമുള്ള പാർട്ടിയാണ് ഇടതുപക്ഷ പാർട്ടി, വിശേഷിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടികൾ. അത് മനസ്സിലാക്കാതെയാണ് ലീഗിന്റെ ആളുകൾ ലാസ്റ്റ് ബസ് പോയെന്ന് പറയുന്നത്. പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ഫലം വന്നിട്ട് 30 ദിവസമേ ആകുന്നുള്ളൂ. 23-ാം തീയതി ഫലം വന്നു. ഈ 30 ദിവസംകൊണ്ട് കേരളത്തിലെ 44 തദ്ദേശസ്വയംഭരണ വാർഡുകളിൽ തെരഞ്ഞെടുപ്പ് നടന്നു. അങ്ങനെ ലാസ്റ്റ് ബസ് പോയെങ്കിൽ ഇതും കൂടി പോകണ്ടേ. പാർലമെന്റ് തെരഞ്ഞെടുപ്പിൽ വയനാട്ടിലെ മണ്ടാട് വാർഡിൽ ശ്രീ. രാഹുൽ ഗാന്ധിക്ക് 591 വോട്ടിന്റെ ഭൂരിപക്ഷമുണ്ടായിരുന്നു. അതേ വാർഡിൽ ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തെരഞ്ഞെടുപ്പ് നടന്നപ്പോൾ 117 വോട്ടിന്റെ ഭൂരിപക്ഷത്തിൽ എൽ.ഡി.എഫ്. ജയിച്ചുവെന്നുപറഞ്ഞാൽ ഈ പറഞ്ഞ ലാസ്റ്റ് ബസ് പോയിട്ടില്ലെന്ന് നിങ്ങൾക്ക് മനസ്സിലാക്കാം. ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ വാർഡിൽ ആദ്യമായി ബി.ജെ.പി. ജയിച്ചു.

അതുപറയുമ്പോൾ നിങ്ങൾക്ക് മറുചോദ്യം ചോദിക്കാം, മുഖ്യമന്ത്രിയുടെ വാർഡിൽ നേരത്തെയുണ്ടായിരുന്നതിനേക്കാൾ പകുതി വോട്ടിന് ബി.ജെ.പി. ജയിച്ചു. ബി.ജെ.പി.-യാണ് അവിടെ സ്ഥിരം ജയിക്കുന്നത്. വർക്കല നിയമസഭാ മണ്ഡലത്തിനകത്തുവരുന്ന ഇടമൻനില വാർഡ് 19 വർഷമായി യു.ഡി.എഫ്.-ന്റെ കയ്യിലിരുന്നതാണ്. 203 വോട്ടിന് നിങ്ങൾ കഴിഞ്ഞ തവണ ജയിച്ചതാണ്. ഇപ്പോൾ നമുക്കത് തിരിച്ചുപിടിക്കാൻ സാധിച്ചു. നിങ്ങൾ മനസ്സിലാക്കുന്നത് പോലെയല്ല. ചിന്തിക്കുന്ന ആളുകൾ, ചെറുപ്പക്കാർ പ്രത്യേകിച്ചും പുതുതായി വോട്ടർമാരായി വരുന്നവരൊന്നും നിങ്ങളോട് ആഭിമുഖ്യം കാണിക്കുന്നില്ല. ഇവിടെ കേരള സർവ്വകലാശാല യൂണിയനിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നു. എതിരില്ലാതെ വിജയിക്കാൻ കേരള സർവ്വകലാശാലയിലെ എസ്.എഫ്.ഐ.-ക്ക് കഴിഞ്ഞുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതിനുശേഷം നടന്ന കേരള സർവ്വകലാശാല സെനറ്റിൽ കഴിഞ്ഞ തവണ കെ.എസ്.യു.-വിന് മൂന്ന് സീറ്റുണ്ടായിരുന്നു. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങൊന്ന് അന്വേഷിച്ച് നോക്കണം. കേരള സർവ്വകലാശാലയ്ക്ക് പത്തിൽ പത്താണ്. ഇവിടെ ചിന്തിക്കുന്നവർ, വിദ്യാർത്ഥികൾ, ആദ്യമായി വോട്ടവകാശം കിട്ടുന്നവർ ഒന്നും നിങ്ങളോടൊപ്പമല്ല. ഇടതുപക്ഷ മുന്നണിയോടൊപ്പമാണെന്നുള്ള കാര്യം ഓർത്തിരുന്നാൽ കൊള്ളാം. കാറൽ മാർക്സിന്റെ മൂലധനം എന്ന ഗ്രന്ഥം എഴുതാൻ സഹായിച്ച ആളുകളെന്ന മട്ടിലാണ് ചില ആളുകൾ ഇവിടെ വലിയ വർത്തമാനം പറയുന്നത്. മിച്ചമൂല്യ സിദ്ധാന്തമെല്ലാം പ്രചരിപ്പിച്ചിട്ട് ഏറ്റവും അവസാനം വീക്ഷണത്തിന്റെ മിച്ചമുണ്ടായിരുന്ന തുക കാണാനില്ല. അങ്ങനെ കാണാതെ വന്നപ്പോൾ ഇപ്പോൾ കമ്മീഷനെ വച്ചിരിക്കുകയാണ്. നേരത്തെ തേക്ക് മുറിച്ചുകൊണ്ടുപോയി. ഇപ്പോൾ കമ്മീഷനെ വച്ചിരിക്കുന്ന ഒരു പ്രത്യേക സാഹചര്യം കൂടിയുണ്ട്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് പ്രത്യേകിച്ചും ഡോ. ടി. എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിലുള്ള ധനകാര്യ മാനേജ്മെന്റ് എടുക്കുന്ന നിലപാടുകൾ ഈ നാടിനെ വളരെക്കാലത്തേയ്ക്ക് മുന്നോട്ടുകൊണ്ടുപോകാൻ സഹായകരമാണ്. അതുകൊണ്ടുതന്നെ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഈ ഉപധനാഭ്യർത്ഥനകളിൽ ഏറ്റവും കൂടുതൽ തുക ആവശ്യപ്പെട്ടിരിക്കുന്നത് പൊതുവിദ്യാഭ്യാസം, നഗരവികസനം, ഗതാഗതം, വനം, തൊഴിൽ തുടങ്ങിയ വകുപ്പുകളിലാണ്. നമ്മുടെ സർക്കാരിന്റെ എല്ലാ വകുപ്പുകളും മികച്ച നിലയിൽ പ്രവർത്തിക്കുന്നു. കൂടുതൽ തുക ആവശ്യപ്പെട്ട വകുപ്പുകളും മികവുറ്റ

പ്രവർത്തനത്തിന് സൽപ്പേരുണ്ടാക്കിയവരാണ്. അതുകൊണ്ടുതന്നെ ഈ ഉപധനാഭ്യർത്ഥനകളിൽ അവരുടെ ആവശ്യങ്ങൾ ഈ സഭ ഏകകണ്ഠമായി അംഗീകരിച്ചുകൊടുക്കാനുള്ള സന്മനസ് കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ എന്റെ സഹപ്രവർത്തകർ സംസാരിച്ചപ്പോൾ സൂചിപ്പിച്ചതുപോലെ സാമ്പത്തിക വൈഷമ്യം നമ്മുടെ ഇക്കോണമി നേരിടുന്നുണ്ട്. ആ സന്ദർഭത്തിൽ അനുപമമായ സാമ്പത്തിക മാനേജ്മെന്റിലൂടെ നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ നേർവഴിക്ക് നയിക്കുന്ന ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെ ഇവിടെ എല്ലാവരും പ്രകടിപ്പിച്ച വികാരത്തോടുകൂടി ഞാനും അഭിനന്ദിക്കുകയാണ്. നമ്മൾ പ്രതീക്ഷിക്കുന്ന നിലയിൽ ഈ നാടിന്റെ വികസന പ്രവർത്തനങ്ങളും ധനകാര്യ മാനേജ്മെന്റും കൂടുതൽ നന്നായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയട്ടെയെന്ന് ആശംസിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തെ സംബന്ധിച്ച് വളരെ സമഗ്രമായൊരു കാഴ്ചപ്പാട് ഈ സർക്കാർ വന്ന സന്ദർഭം മുതൽ മുമ്പോട്ടുവച്ചാണ് പ്രവർത്തിച്ചിട്ടുള്ളത്. നേരത്തെ ഇവിടെ സംസാരിക്കുന്ന സമയത്ത് ശ്രീ. മുല്ലക്കര രത്നാകരൻ നമ്മൾ അഭിമുഖീകരിക്കാൻ പോകുന്നൊരു പ്രധാനപ്പെട്ട വിഷയം ഉന്നയിച്ചു. അത് ജല ദൗർലഭ്യമാണ്. മഴയുടെ കുറവ്, അതുണ്ടാക്കാനിടയുള്ള പ്രശ്നങ്ങൾ. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഹരിത കേരള മിഷനെന്ന കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുകയും നമ്മുടെ പ്രകൃതി വിഭവങ്ങളും ജലസ്രോതസ്സുകളുമൊക്കെ സംരക്ഷിക്കുകയും പുതിയ സാധ്യതകൾ അന്വേഷിക്കാനുമൊക്കെയുള്ള പരിശ്രമങ്ങൾ നടത്തുകയാണ്. അത് പലതും പദ്ധതികളായി വന്നു. അതിൽ എനിക്ക് അഭിമാനപൂർവ്വം പറയാനുള്ളത് എന്റെ മണ്ഡലത്തിൽ നേരത്തെതന്നെ ഒരു പദ്ധതി മുന്നോട്ടുവച്ചിരുന്നു. അത് യാഥാർത്ഥ്യമാകുന്ന നിലയിൽ മുമ്പോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഞാൻ കോഴിക്കോട് നഗരത്തിലെ എം.എൽ.എ.-യാണ്. 60 ഏക്കറോളം വിസ്തൃതിയുള്ളൊരു തടാകം നിർമ്മിക്കാനുള്ള ശ്രമം നടക്കുകയാണ്. അതിന് ബഡ്ജറ്റിൽ പണം അനുവദിച്ചിട്ടുണ്ട്. അതിന്റെ സാധ്യതാ പഠനങ്ങളൊക്കെ സി.ഡബ്ല്യൂ.ആർ.ഡി.എം. പൂർത്തിയാക്കി. അതിന് അനുകൂല റിപ്പോർട്ടും വന്നു. അവിടെയുള്ള ഭൂമിയുടെ ഉടമകളുടെ വിവരങ്ങളൊക്കെ ശേഖരിച്ച് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ സർക്കാർ വലിയ പിന്തുണ നൽകുന്നുവെന്നതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. അത് യാഥാർത്ഥ്യമായിക്കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും വലിയ മനുഷ്യനിർമ്മിത ജലാശയമായിരിക്കും അതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പുതിയ കാലം ആവശ്യപ്പെടുന്ന ഇങ്ങനെയുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഇവിടെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ചവരിൽ പലരും ഉപധനാഭ്യർത്ഥനകളെ

എതിർത്തിട്ടുണ്ട്. ഇതിനെ എതിർക്കാൻ മനസ്സില്ലാത്തതുകൊണ്ടായിരിക്കും ശ്രീ. പി. ജെ. ജോസഫ് ചർച്ചയിൽ പങ്കെടുക്കാതെ പോയത്. ഇവർ ഉപധനാഭ്യർത്ഥനയെ മാത്രമല്ല, പ്രത്യേകിച്ച് യുക്തിയും ന്യായവുമൊന്നുമില്ലാതെ തുടർച്ചയായി എല്ലാത്തിനെയും ഈ സഭയിൽ എതിർത്തുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷത്തിന് ഭരണകക്ഷിയുടെ പ്രവർത്തനങ്ങളെ എതിർക്കാൻ അവകാശമുണ്ട്. ആ എതിർപ്പ് കുറച്ചുകൂടി സൃഷ്ടിപരവും സർക്കാരിന്റെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കുന്ന നിലയിലുമാകണം. പക്ഷെ ഗവൺമെന്റിനോടുള്ള രാഷ്ട്രീയ എതിർപ്പുകാരണം ജനങ്ങളെ ആകർഷിക്കുന്ന സമീപനം നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ കൊണ്ടുവന്ന ചില അടിയന്തരപ്രമേയങ്ങൾക്ക് ഇക്കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്ന സമയത്ത് നിങ്ങളുടെ സമീപനത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അതിലൊന്ന് മഹാപ്രളയം സൃഷ്ടിച്ച ദുരന്തത്തിൽനിന്ന് ഈ സംസ്ഥാനത്തെ കരകയറ്റാനുള്ള ഈ സർക്കാരിന്റെ പരിശ്രമത്തെ സംബന്ധിച്ചാണ്. അവിടെ രാഷ്ട്രീയ അതിർവരമ്പ് നോക്കാതെ ഒന്നിച്ചു നിൽക്കേണ്ടവരല്ലേ നമ്മൾ; നിങ്ങളുടെ സമീപനമെന്തായിരുന്നു? കേന്ദ്രഗവൺമെന്റ് നമുക്കർഹതപ്പെട്ട വിഹിതം നൽകാത്ത പ്രശ്നം വന്നപ്പോൾ അതിനെതിരെ ശക്തമായിട്ടൊരു വിമർശനം ഉന്നയിക്കാൻ നിങ്ങൾ തയ്യാറായില്ല. അക്കാര്യത്തിൽ നമ്മൾ ഒന്നിച്ചുനിൽക്കേണ്ടതായിരുന്നില്ലേ; നമുക്ക് ലഭിക്കാനിടയുണ്ടായിരുന്ന വിദേശ സഹായത്തെ കേന്ദ്രം രാഷ്ട്രീയ വിദ്വേഷംവച്ച് മുടക്കിയപ്പോൾ അതിനെതിരെ ഒരക്ഷരം മിണ്ടാൻ നിങ്ങൾ തയ്യാറായില്ല. പ്രവാസി സമൂഹത്തിന്റെ സഹായം സ്വീകരിക്കാൻ മന്ത്രിമാരുടെ യാത്ര തീരുമാനിച്ചത് മുടക്കിയപ്പോഴും നിങ്ങൾക്കതിൽ വിഷമമുണ്ടായില്ല. മാത്രമല്ല, കോഴിക്കോടുള്ള വലിയൊരു സഹകരണ സ്ഥാപനം മുൻകയ്യെടുത്ത് ദുബായിൽ സംഘടിപ്പിച്ച പ്രവാസികളുടെ വലിയ സമ്മേളനത്തിൽ നിങ്ങളുടെ പക്ഷത്തിരുന്ന ഒരു എം.എൽ.എ. അവിടെപോയി പ്രസംഗിച്ചത് ഒരു പൈസപോലും കേരളത്തിന് കൊടുക്കരുതെന്നാണ്. നിങ്ങളുടെ പക്ഷത്തിരുന്ന എം.എൽ.എ.-യാണ് അങ്ങനെ പ്രസംഗിച്ചത്. എത്ര നീചമായൊരു സമീപനമാണത്. തെളിവുണ്ട്. ഈ കാര്യം ഞാൻ മുമ്പൊരിക്കൽ ഇവിടെ സൂചിപ്പിച്ചിരുന്നു. പ്രളയത്തിൽ നിങ്ങളുടെ ഭാഗത്തുനിന്നുള്ളൊരു പങ്കെന്ന നിലയിലാണ് കെ.പി.സി.സി. ആയിരം വീടുകൾ നിർമ്മിച്ച് കൊടുക്കാമെന്ന് പറഞ്ഞത്. അത് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു ഞങ്ങൾ 300 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ബാക്കിയുള്ളത് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.-യും മറ്റ് ചില എം.എൽ.എ.-മാരുംകൂടി ചേർന്ന് നിർമ്മിക്കുമെന്ന്. 300 വീട് നിർമ്മിച്ചതിന്റെ ലിസ്റ്റ് ഞങ്ങളെ ബോധ്യപ്പെടുത്താൻവേണ്ടി ഈ സഭ മുമ്പാകെ സമർപ്പിക്കാൻ കഴിയുമോ; ആർക്കൊക്കെ കൊടുത്തു? അതവിടെ

നിൽക്കട്ടെ, ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. എന്ന പദവി ഉപയോഗിച്ച് നിർമ്മിക്കുന്ന വീട് എങ്ങനെയാണ് കെ.പി.സി.സി.-യുടെ അക്കൗണ്ടിൽ വരുന്നത്? ഞാൻ എം.എൽ.എ. എന്ന എന്റെ പദവി ഉപയോഗിച്ച് വില്ലേജ് ഓഫീസറെയും താലൂക്ക് ഓഫീസറെയുമെല്ലാം വിളിച്ചുചേർത്ത് സർക്കാരിൽനിന്നും കിട്ടാനുള്ളതും വാങ്ങി ചില സ്പോൺസർഷിപ്പും സംഘടിപ്പിച്ച് ഈ പറഞ്ഞതുപോലൊരു വീട് നിർമ്മിച്ചുകൊടുക്കുന്നത് സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി നിർമ്മിച്ചുകൊടുക്കുന്ന വീടിന്റെ അക്കൗണ്ടിൽ വരില്ലല്ലോ? ഞങ്ങളുടെ പാർട്ടി നിർമ്മിച്ചുകൊടുക്കുന്ന വീട് പാർട്ടി സ്വതന്ത്രമായി നിർമ്മിച്ചുകൊടുക്കുന്ന വീടാണ്. ആയിരം വീട് പ്രഖ്യാപിച്ച് ആളുകളെ കബളിപ്പിച്ച്, എത്ര വീട് നിർമ്മിച്ചുവെന്നതിന്റെയും പിരിച്ച പണം എന്തുചെയ്തുവെന്നതിന്റെയും ചിത്രംപോലും നിങ്ങൾക്ക് അവതരിപ്പിക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, ഇപ്പോൾ എം.എൽ.എ.-മാർ അവരുടെ പദവി ഉപയോഗിച്ച് നിർമ്മിക്കുന്നത് പാർട്ടിയുടെ കണക്കിൽപ്പെടുത്തുന്നതിന്റെ ന്യായമെന്താണ്? ഈ നിലയിലാണ് നിങ്ങൾ പ്രളയ ദുരിതവുമായി ബന്ധപ്പെട്ട ഓരോ പ്രശ്നങ്ങളിലുമെടുത്ത നിലപാടുകൾ. അതിൽനിന്നും ഈ നാടിനെ കരകയറ്റാൻ സർക്കാർ നടത്തുന്ന ശ്രമത്തോട് നിങ്ങളുടെ സമീപനം ഇതാണ്. അത് പറയാൻവേണ്ടിയാണ് ഞാൻ ഈ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത്. ഇവിടെ എല്ലാവരും പ്രശംസിക്കുകയും നിങ്ങൾ വിമർശനങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അതിന്റെ നേട്ടങ്ങളേറെ അനുഭവിക്കുന്ന മേഖലയിലൊന്നാണ് നമ്മുടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. അടിസ്ഥാനസൗകര്യ വികസനത്തിലൊക്കെ അത്ഭുതകരമായ മുന്നേറ്റമുണ്ടാക്കി. അതിന് കിഫ്ബിവഴി വൻതോതിൽ പണം ലഭ്യമാക്കി. അതിന്റെ തുടർച്ചയാണ് ഹയർ സെക്കണ്ടറി-ഹൈസ്കൂൾ ഏകീകരണം. നിങ്ങൾ ഈ സഭയിൽ ആ ഏകീകരണത്തെ അട്ടിമറിക്കാനുള്ള നീക്കങ്ങളുമായി വന്നു. നിങ്ങൾ അതിനെതിരെ അദ്ധ്യാപക സംഘടനകളെ തെരുവിലിറക്കി സമര രംഗത്തേയ്ക്ക് കൊണ്ടുവന്നു. നിങ്ങൾ ഇതിനെ എതിർക്കുന്നതിന്റെ ന്യായവും യുക്തിയുമെന്താണ്? നിങ്ങൾ ഇപ്പോഴും പറയുന്നത് എൻടി കേഡർ തസ്തികകൾ, പ്രൊമോഷൻ തുടങ്ങിയവയെ സംബന്ധിച്ചാണ്. അതിനൊന്നും ഒരപകടവും സംഭവിക്കുന്നില്ല എന്നുള്ളതാണ് മറ്റൊരു കാര്യം. പക്ഷേ അത്തരം ചേദ്യങ്ങളാണ് നിങ്ങൾ ഉന്നയിക്കുന്നത്. കുട്ടികളുടെ പക്ഷത്തുനിന്നുകൊണ്ട് ഈ പരിഷ്കരണത്തെ നിങ്ങൾ നോക്കിയിട്ടുണ്ടോ? കുട്ടികൾക്ക് കുറേക്കൂടി ആരോഗ്യകരമായ അന്തരീക്ഷത്തിൽ പഠിക്കാനും ചിന്തിക്കാനും പരീക്ഷണം നടത്താനുമുള്ള ക്യാമ്പസ് അന്തരീക്ഷം സൃഷ്ടിക്കാനാണ് യഥാർത്ഥത്തിൽ ഈ ഏകീകരണം. അതിനെ നിങ്ങൾ എതിർക്കുകയാണ്. രാജീവ് ഗാന്ധി 1986-ൽ കൊണ്ടുവന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കാഴ്ചപ്പാടിനനുസരിച്ചാണ് നമ്മൾ നവോദയ സ്കൂളുകളുണ്ടാക്കിയിരുന്നത്. ഏതാണ്ട് അതേ രീതിയിലുള്ള, അതിന് അനുയോജ്യമായ ഘടനാപരമായ പരിഷ്കാരമാണിത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാനും ശ്രീ. എ. പ്രദീപ്കുമാറും ഒന്നിച്ച് നടക്കാവ് സ്കൂളിൽപ്പോയി. അപ്പോഴുണ്ടായ അനുഭവം സഭയിൽ പറയാൻ ഉദ്ദേശിക്കുകയാണ്. ഏതാണ്ട് 15 കോടി രൂപയോളം ചെലവുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ആ ക്യാമ്പസിൽ നടക്കുകയാണ്. കണ്ടാൽ ഞെട്ടിപ്പിക്കുന്ന കാഴ്ച, ഹയർ സെക്കണ്ടറിയും സെക്കണ്ടറിയും തമ്മിൽ വേർതിരിക്കുന്നതിനുവേണ്ടി അതിന്റെ നടുവിലൂടെ ഒരു അര മതിൽ പണിയുന്നു. ഇങ്ങനെയൊരു സംവിധാനത്തിലൂടെ മുന്നോട്ടുപോകാൻ സാധിക്കുമോ? ഇത് രണ്ടായി നിൽക്കുമ്പോൾ ആരുടേതാണ് പ്ലേ ഗ്രൗണ്ട്; ആരുടേതാണ് ലൈബ്രറി; ഡൈനിംഗ് ഹാൾ; ഹൈസ്കൂളിലെ കുട്ടികളും ടീച്ചർമാരും ഇപ്പുറത്തെ യൂറിനലിൽ പോകാൻ പാടില്ലെന്ന് ശഠിക്കുന്ന നില വന്നുകഴിഞ്ഞാലോ; ഇത് അക്കാഡമിക് ഏകീകരണമല്ല, ഒറ്റ യൂണിറ്റിൽ നിൽക്കുന്ന ഈ സ്ഥാപനങ്ങളുടെ ഭരണത്തിൽ ഒരു ഏകീകരണം വേണ്ടേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ...(മൈക്ക് ഓഫ്)... വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് വേറെയാണ്.

ഡോ. ടി. എം. തോമസ് ഐസക്: വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയും. ചോദിച്ചുകൊള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് സംസാരിച്ചത് നന്നായി. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇവരുടെ സർവ്വീസ് സീനിയോരിറ്റി തീരുമാനിക്കുന്നതാണ്. അതിനെയാണ് ഞങ്ങൾ പ്രധാനമായും എതിർക്കുന്നത്. ബാക്കിയുമുണ്ട്. പോലീസ് വകുപ്പിൽ 24 കൊല്ലമായി സർവ്വീസ് സീനിയോരിറ്റിയെക്കുറിച്ച് നമ്മൾ ആലോചിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ തീരുമാനമുണ്ടായിട്ടില്ല. ഈ അദ്ധ്യാപകരും അതിന്റെ പിന്നാലെ പോകുകയാണ്. റിട്ടയർ ചെയ്യുന്നവരുടെ ഗ്രേഡനുസരിച്ചുള്ള ശമ്പളവും ആനുകൂല്യവും കൊടുക്കാൻ പറ്റില്ല.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, അങ്ങ് ഇവിടെ സർവ്വീസ് സീനിയോരിറ്റിയുടെ കാര്യം പറഞ്ഞു. ഈ ഏകീകരണത്തിലൂടെ ഏത് അദ്ധ്യാപകന്റെ സർവ്വീസ് സീനിയോരിറ്റിക്കാണ് പ്രശ്നം വരുന്നതെന്ന് ഒരുദാഹരണം പറയാൻ കഴിയുമോ; അധികം വേണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ...(മൈക്ക് ഓഫ്)... അദ്ധ്യാപക സംഘടനകളെ വിളിച്ചുകൂട്ടി അഭിപ്രായം കേൾക്കു.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അദ്ധ്യാപക സംഘടനകളെ ആദ്യം വിളിച്ചുകൂട്ടി അഭിപ്രായമാരാഞ്ഞ് ആ അഭിപ്രായംകൂടി ഉൾപ്പെടുത്തിക്കൊണ്ട് അത് മെച്ചപ്പെടുത്തി വീണ്ടും അവരുടെ യോഗം വിളിച്ച് ചർച്ച ചെയ്തു. രണ്ട് തവണയാണ് അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്തത്. ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. എ. പ്രദീപ്കുമാറും പറഞ്ഞു, ആ ഒരു ക്യാമ്പസ് ഒറ്റ യൂണിറ്റായി ഭരണപരമായി ഏകീകരിക്കുക എന്നല്ലാതെ നേരത്തെ ഇവിടെ പറഞ്ഞതുപോലെ, ആരുടെ ഗ്രൗണ്ട്; ആരുടെ അടുക്കള; ആരുടെ ലൈബ്രറി; ആരുടെ ഓഫീസ് എന്നുള്ള തർക്കങ്ങൾ അങ്ങയുടെ മണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളിൽ ചെന്നുനോക്കിയാലും കാണാം. അത് വിടൂ. ഇതിനെ ഒരൊറ്റ യൂണിറ്റായി കാണുന്നുവെന്നല്ലാതെ അവിടത്തെ ഒരദ്ധ്യാപകനും അനദ്ധ്യാപകനും സീനിയോരിറ്റിയും പ്രൊമോഷൻ ചാൻസും നഷ്ടപ്പെടില്ല. ഏതെങ്കിലും ഒരുദാഹരണം അങ്ങ് പറഞ്ഞാൽ ഞാൻ ഉത്തരം പറയാം. അധികമൊന്നും വേണ്ട. ഒരു വ്യത്യാസവും അദ്ധ്യാപകർക്ക് വരുന്നില്ല. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ...(മൈക്ക് ഓഫ്)... ഞാൻ ശ്രീ. എ. പ്രദീപ്കുമാറിന്റെ സമയം എടുക്കുന്നില്ല. പത്ത് ഉദാഹരണങ്ങൾ എഴുതി നൽകാം. അതൊരു വെല്ലുവിളിയായി എടുക്കുകയാണ്.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട കാര്യമാണ് അങ്ങ് പറയുന്നത്. സീനിയോരിറ്റി നഷ്ടപ്പെടുന്ന 10 പേരുടെ ഉദാഹരണം എഴുതി നൽകുമെന്നാണ് പറഞ്ഞത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, സീനിയോരിറ്റി നഷ്ടപ്പെടില്ലെന്ന് മാത്രമല്ല, അവർക്ക് നേരത്തേയുണ്ടായിരുന്നതിനെക്കാൾ മികച്ച പ്രൊമോഷൻ സാധ്യതകളും അവസരങ്ങളും വരികയാണ്. അത് വേണമെങ്കിൽ ഞാനും പ്രൂവ് ചെയ്യാം. ഞാനും ഇക്കാര്യങ്ങളെല്ലാം വിശദമായി ശ്രദ്ധിച്ചിട്ടുള്ള ആളാണ്.

മി. സ്പീക്കർ: അദ്ദേഹം 10 പേരുടെ ലിസ്റ്റ് എഴുതി നൽകട്ടെ. എന്നിട്ട് കൂടുതൽ സംസാരിക്കാം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ വേറൊന്ന് ചോദിക്കട്ടെ, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഏറ്റവും ഒടുവിൽ നമ്മുടെ മുന്നിലുള്ളത് രാജീവ് ഗാന്ധിയുടെ കാലത്ത് കൊണ്ടുവന്ന ദേശീയ വിദ്യാഭ്യാസ നയമാണ്. അതാണ് തുടർന്നുവരുന്നത്. ഇപ്പോൾ പുതിയത് വരാൻ പോകുന്നു. അത് എന്താണെന്ന്

നമുക്ക് നോക്കാം. അതിന്റെ ഭാഗമായി പഴയ കേന്ദ്രീയ വിദ്യാലയങ്ങളോടൊപ്പം നവോദയ സ്കൂളുകളുണ്ടായില്ലേ; നവോദയ സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും ഒന്ന് മുതൽ പന്ത്രണ്ട് വരെ തന്നെയല്ലേ ക്ലാസ്സുകൾ നടക്കുന്നത്; നിങ്ങൾ പറയുന്നതുപോലെയുള്ള നിലവാരത്തകർച്ചയോ തസ്തിക സംബന്ധിച്ച പ്രശ്നങ്ങളോ അവിടെ ഉണ്ടായിട്ടുണ്ടോ? അതുപോലെയല്ലേ ഇതും ചെയ്യുന്നത്. നമ്മൾ നോക്കേണ്ടത് എന്താണ്; നമ്മുടെ കുട്ടികൾക്ക് ഒരു സംഘർഷവും വേർതിരിവും തൊട്ടുകൂടായ്മയുമില്ലാതെ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കാനുള്ള അന്തരീക്ഷം, അവരെ ഒന്നായി പരിഗണിക്കുന്ന ക്യാമ്പസ് അന്തരീക്ഷം, കുട്ടികൾക്ക് പഠിക്കാനും പരീക്ഷണം നടത്താനുമുള്ള പ്രചോദനം നൽകുന്ന ഒരു അന്തരീക്ഷം, അതാണ് വേണ്ടത്. അതിന് ഭരണപരമായ ഏകീകരണം അനിവാര്യമാണെന്നത് സ്കൂളുമായി ബന്ധമുള്ള ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ ഞാൻ പറയുകയാണ്. നിങ്ങളുടെ അദ്ധ്യാപക സംഘടന സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. അതിലൊരു മുദ്രാവാക്യം എന്താണെന്ന് വച്ചാൽ ഹയർ സെക്കണ്ടറിക്ക് മലയാളത്തിൽ കൂടി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുവെന്നാണ്. വേണമെങ്കിൽ ആളുകൾക്ക് വായിക്കാം. അത് മലയാളം മീഡിയത്തിലേയ്ക്ക് മാറ്റിയിട്ടില്ല, ഇംഗ്ലീഷ് മീഡിയത്തിൽ തന്നെയാണ് തുടരുന്നത്. പക്ഷെ അതിനെതിരെ നിങ്ങൾ സമരം ചെയ്യേണ്ട കാര്യമെന്താണ്? മലയാളത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചാൽ, ലോക ചരിത്രത്തിൽ ആരെങ്കിലും ഇന്നുവരെ സ്വന്തം മാതൃഭാഷയിലുള്ള പുസ്തകം പ്രസിദ്ധീകരിച്ചതിനെതിരെ സമരം നടത്തിയിട്ടുണ്ടോ? മഹാത്മാ ഗാന്ധി പറഞ്ഞത് ഒരു രാജ്യത്ത് സ്വന്തം മാതൃഭാഷയിൽ വിദ്യാഭ്യാസം ചെയ്യാൻ അവസരമില്ലാത്ത സാഹചര്യത്തെ ഞാൻ ദേശീയ ദുരന്തം എന്നാണ് വിശേഷിപ്പിക്കുന്നത് എന്നാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വള്ളത്തോളിന്റെ കവിതയിൽ പറയുന്നത്, '*അന്യഭാഷാബ്ധിയിലാണ്ടാണ്ടു മുങ്ങിയ ധന്യരേ, നിങ്ങൾതൻ വേല പാഴിൽ*' എന്നാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ വികൃതമായ കാഴ്ചപ്പാടുകളുമായി അദ്ധ്യാപക സംഘടനകളെ സമരത്തിന് പറഞ്ഞയയ്ക്കുന്ന യു.ഡി.എഫ്.കാർ ആലോചിക്കേണ്ടത് ലോകത്തിൽ സ്വന്തം മാതൃഭാഷയിലല്ലാതെ സ്കൂൾ വിദ്യാഭ്യാസം നടത്തുന്നത് ഇന്ത്യയും പാകിസ്ഥാനും ബർമ്മയും ബംഗ്ലാദേശും ശ്രീലങ്കയും മാത്രമേയുള്ളൂ. വേറെവിടെയുമില്ല. ബ്രിട്ടനിൽ അവരുടെ മാതൃഭാഷയിലാണ്. അമേരിക്കയിൽ അമേരിക്കൻ ഇംഗ്ലീഷിലാണ്. ബ്രസീലും അർജന്റീനയും പെറുവും ക്യൂബയും ചിലിയും നിക്കരാഗ്വയും വെനസ്വേലയും

ഉൾപ്പെടെ എല്ലാ ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും സ്പാനിഷാണ് ഭാഷ. അവർ സ്കൂളിൽ പഠിപ്പിക്കുന്നത് സ്പാനിഷ് ഭാഷയിലാണ്. ജർമ്മനിയിൽ ഇംഗ്ലീഷുംകൊണ്ട് ചെല്ലാൻ പറ്റില്ല. ജർമ്മനാണ് അവരുടെ ഭാഷ. ഫ്രാൻസിൽ ഫ്രഞ്ച് ഭാഷയിലാണ് സ്കൂളിൽ പഠിപ്പിക്കുന്നത്. രണ്ടാം ലോക മഹായുദ്ധത്തിൽ തകർന്നടിഞ്ഞുപോയ ജപ്പാൻ ജാപ്പനീസ് ഭാഷയിൽ സർവ്വകലാശാലാ വിദ്യാഭ്യാസം നേടിയിട്ടാണ് കുതിച്ചുയർന്നത്. അല്ലാതെ മറ്റേതെങ്കിലുമൊരു ഭാഷയിലല്ല.

കഴിഞ്ഞ പത്തിരുപത് വർഷക്കാലത്തിൽ എട്ട് നോബൽ സമ്മാനം ലഭിച്ചത് ഐൻസ്റ്റീനും ഫ്രോയിഡും സ്ഥാപിച്ച ഹീബ്രു സർവ്വകലാശാലയ്ക്കാണ്. ഐൻസ്റ്റീന്റെ പ്രബന്ധങ്ങളെല്ലാം അവിടെയാണ് കൊടുത്തത്. ഹീബ്രു ഭാഷയിലാണ് സ്കൂൾ വിദ്യാഭ്യാസവും സർവ്വകലാശാലാ വിദ്യാഭ്യാസവും നൽകുന്നത്. ഞാൻ ഇംഗ്ലീഷ് മീഡിയത്തിന് എതിരല്ല. ഇംഗ്ലീഷിനെതിരായുമല്ല പറയുന്നത്. മാതൃഭാഷയുടെ പേരിൽ ഏറ്റവും വികൃതമായ ഒരു സമരത്തിലേയ്ക്ക് ഇവർ പോകുന്നു. അതുകൊണ്ടാണ് ഇത് പറഞ്ഞത്. ഇംഗ്ലീഷ് വളരെ മനോഹരമായ വലിയ സാഹിത്യ മൂല്യമുള്ള ഭാഷയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ...(മൈക്ക് ഓഫ്)...

<u>മി. സ്പീക്കർ</u>: ഇല്ല, ശ്രീ. പി. കെ. ബഷീർ സംസാരിക്കുമ്പോൾ സംസാരിക്കാം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ലോകത്തിലെ ഒരു വികസിത രാജ്യവും സ്വന്തം മാതൃഭാഷയിലല്ലാതെ സ്കൂൾ വിദ്യാഭ്യാസം നടത്തിയിട്ടില്ല. എന്തുകൊണ്ടാണ്? മൗലിക ചിന്ത, സ്വതന്ത്രമായ ഭാവന ഇതെല്ലാം വികസിക്കണമെങ്കിൽ മാതൃഭാഷയിൽ സ്കൂൾ വിദ്യാഭ്യാസം നടക്കണം. അതിന് വിരുദ്ധമായ കാര്യങ്ങൾ ഇവിടെ നടന്നുവരികയാണ്. നമുക്ക് മാത്രമായി ഒറ്റയടിക്ക് മാറ്റാവുന്ന കാര്യമല്ല. പക്ഷെ അത് ചിന്തിക്കേണ്ട കാര്യമാണെന്നാണ് പറയാനുള്ളത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ...(മൈക്ക് ഓഫ്)...

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: ബഹുമാനപ്പെട്ട സ്പീക്കർ സമയം അനുവദിച്ചാൽ ഞാൻ വഴങ്ങാം.

<u>മി. സ്പീക്കർ</u>: ഇല്ല. അങ്ങനെ പറ്റില്ല, പ്രാതിനിധ്യ സ്വഭാവത്തിലാണ് ചർച്ച. അദ്ദേഹത്തിന് പറയാനുള്ളത് ശ്രീ. പി. കെ. ബഷീറിനെക്കൊണ്ട് പറയിച്ചാൽ മതി. അങ്ങയുടെ പാർട്ടിയെ പ്രതിനിധീകരിച്ച് ശ്രീ. പി. കെ. ബഷീർ സംസാരിക്കും. ശ്രീ. പ്രദീപ്കുമാർ, കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ സർക്കാരിനെതിരെ വസ്തുനിഷ്ഠമായ വിമർശനങ്ങൾ ഉന്നയിക്കാൻ ഒന്നും കയ്യിലില്ലാത്തതുകൊണ്ട് ഇതുപോലെയുള്ള വികൃതമായിട്ടുള്ള ആശയങ്ങളും സമരങ്ങളുമായി ഇവർ വരികയാണ്. അത് കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിന്റെ കടുത്ത കമ്മ്യൂണിസ്റ്റ് വിരുദ്ധതകൊണ്ട് ഉണ്ടാകുന്നതാണ്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയുന്നത് ഈ കമ്മ്യൂണിസ്റ്റ് വിരുദ്ധത അങ്ങുൾപ്പെടെയുള്ള എല്ലാവരും ഒഴിവാക്കണം. കേരളത്തിലെ കോൺഗ്രസിന് മാത്രമെന്താണ് ഇത്രയും കമ്മ്യൂണിസ്റ്റ് വിരുദ്ധതയെന്ന് ഞാൻ ആലോചിക്കുകയുണ്ടായി. അതിനെക്കുറിച്ച് ചെറിയൊരു ഗവേഷണം ഞാൻ നടത്തി.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ കൺക്ലൂഡ് ചെയ്യൂ. ബാക്കി പിന്നീട് പറയാം. പ്ലീസ്.... ശ്രീ. പി. കെ. ബഷീറിനെ വിളിക്കുകയാണ്. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പണ്ട് ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പാഠപുസ്തകം കിട്ടാത്തതിനെക്കുറിച്ച് ഒരു കുട്ടി പരാതി പറഞ്ഞ കഥയുണ്ട്. ടോംസിന്റെ കാർട്ടൂണാണ്. പാഠപുസ്തകം എന്ന് കിട്ടുമെന്ന് ചോദിച്ചപ്പോൾ മന്ത്രി പറയുന്നു പാഠപുസ്തക കമ്മിറ്റിയിൽ ആരൊക്കെ വേണമെന്ന് തീരുമാനിക്കാനുള്ള യോഗം, എവിടെവച്ച് കൂടണമെന്ന് തീരുമാനിക്കാനുള്ള യോഗ തീയതിയും അടുത്ത മന്ത്രിസഭാ യോഗം തീരുമാനിക്കുമെന്നാണ്. ഇതാണ് സംസ്ഥാനത്തെ പദ്ധതി പ്രവൃത്തിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രസംഗം കേൾക്കാതെ പോയി. പിന്നെ പറയേണ്ട ആവശ്യമില്ലല്ലോ?

മി. സ്പീക്കർ: പ്രസംഗം മന്ത്രിമാരുടെ ഓഫീസിൽ കിട്ടും.

ശ്രീ. പി. കെ. ബഷീർ: സർ, അതൊക്കെ നമുക്കറിയാം. കേൾക്കാൻ മടിയുണ്ടായിട്ടല്ലേ പോയത്; കാര്യങ്ങൾ ചോദിക്കുമ്പോൾ മറുപടി പറയാൻ കഴിയില്ല. ഭരണകക്ഷിയിലെ ഒരാൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി അങ്ങോട്ട് ചോദിക്കുന്നു, വിദ്യാഭ്യാസ വകുപ്പുമന്ത്രി അങ്ങോട്ട് ചോദിക്കുന്നു, ഇതെന്താ കൂട്ടുകച്ചവടമാണോ? ഇത് അസംബ്ലിയാണ്. ചർച്ച നടക്കണം. ഈ സമ്മേളനം അവസാനിക്കുമ്പോൾ ഈ സാമ്പത്തിക വർഷത്തെ ആദ്യത്തെ ക്വാർട്ടർ കഴിയാൻ പോകുകയാണ്. 25% പദ്ധതി തുക ചെലവഴിക്കേണ്ട

സമയമായി. 10% ചെലവഴിച്ചിട്ടുണ്ടോ? അവിടെയുള്ള മന്ത്രിമാരോട് ഞാൻ ചോദിക്കട്ടെ, ഇവിടെ ഇപ്പോൾ സപ്ലിമെന്ററി ഗ്രാന്റാണല്ലോ അവതരിപ്പിക്കുന്നത്, നെഞ്ചത്ത് കൈവച്ച് നിങ്ങളാരെങ്കിലും പറയുമോ കഴിഞ്ഞ വർഷം 2018-19-ൽ 20% പദ്ധതി വിഹിതം നിങ്ങൾ കട്ട് ചെയ്തില്ലേ; പഞ്ചായത്തിന്റെ കാര്യം പോട്ടെ, ഡിപ്പാർട്ട്മെന്റ് വിഹിതത്തിൽ 20% കട്ട് ചെയ്തില്ലേ? ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിക്കാണല്ലോ പണം നീക്കിവയ്ക്കുന്നത്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ഇപ്പോൾ ഇവിടെ പറഞ്ഞല്ലോ ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഏകീകരിക്കുമെന്ന്. കേരളത്തിലെ വിദ്യാഭ്യാസം ഇങ്ങനെ കുളമാക്കിയതിന്റെ മുഖ്യ പങ്ക് ഇടതുപക്ഷത്തിനല്ലേ? 1982-ൽ പരേതനായ ടി. എം. ജേക്കബ് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ 1978-79 കാലഘട്ടത്തിൽ പ്ലസ് ടു വന്നിരുന്നു. നിങ്ങൾ 20 വർഷം സമരം ചെയ്തു, ഇവിടെ 1998-99 കാലഘട്ടത്തിലാണ് പ്ലസ് ടു വരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിലവിൽ വന്നിട്ട് 40 വർഷമായി. ഏകീകരിക്കണമെന്ന് ഇപ്പോഴാണോ ബോധമുണ്ടാകുന്നത്. ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരമല്ലേ ഹൈസ്കൂളും ഹയർ സെക്കണ്ടറിയും വൊക്കേഷണൽ ഹയർ സെക്കണ്ടറിയും ഒന്നാക്കുന്നത്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രിൻസിപ്പാൾ ഇല്ലല്ലോ? പിന്നെന്തിനാണ് വി.എച്ച്.എസ്.ഇ. ഡയറക്ടർക്ക് കാർ വാങ്ങുന്നതിന് 24-5-2019-ന് 8 ലക്ഷം രൂപയുടെ സർക്കാർ ഉത്തരവ് ഇറക്കിയത്. ഏകീകരണമാണെങ്കിൽ വി.എച്ച്.എസ്.ഇ.-യ്ക്ക് ഡയറക്ടറുണ്ടാകില്ലല്ലോ! പിന്നെന്തിനാണ് 8 ലക്ഷം രൂപ കൊടുത്ത് കാർ വാങ്ങുന്നത്?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. അങ്ങയുടെ factual error തിരുത്തുന്നതിനുവേണ്ടിയാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. 1987-ൽ നായനാർ ഗവൺമെന്റിന്റെ കാലത്ത് ചന്ദ്രശേഖരൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് 47 പ്ലസ് ടു സ്കൂളുകൾ കേരളത്തിൽ ആദ്യമായി ആരംഭിച്ചത്. ഇവിടെ പ്ലസ് ടു ആരംഭിച്ചിട്ട് 37 വർഷമായി.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ പറഞ്ഞത് 1997-98 കാലഘട്ടത്തിലാണ് ഇത് ഒന്നായി വന്നതെന്നാണ്. അതിനുമുമ്പ് ഇല്ലായിരുന്നു. ഞാൻ പഠിക്കുന്ന സമയത്ത് 1979-ൽ മദ്രാസിൽ പ്ലസ് ടു ഉണ്ട്. അതിനുമുമ്പ് പ്രീ യൂണിവേഴ്സിറ്റിയായിരുന്നു. ഇവിടെ അപ്പോൾ പ്രീ-ഡിഗ്രി ബോർഡിന്റെ സമരമായിരുന്നു. പൂജ്യം പ്ലസ് പൂജ്യം പ്ലസ് 429 എന്ന് കേരള യൂണിവേഴ്സിറ്റിയിൽ സിൻഡിക്കേറ്റ് മാർക്ക് കൊടുത്തതെല്ലാം ആ കാലഘട്ടത്തിലല്ലേ?

ലേബർ ഡിപ്പാർട്ട്മെന്റിലെ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ടൊയോട്ട ഇന്നോവ ക്രിസ്റ്റ വാഹനം വാങ്ങുന്നതിന് 17 ലക്ഷം രൂപ വകയിരുത്തിയിരിക്കുകയാണ്.സാധാരണഗതിയിൽ അത് ടൂറിസം ഡിപ്പാർട്ട്മെന്റല്ലേ വാങ്ങുന്നത്. ഇവിടെയെന്തിനാണ് അഡീഷണലായി കൊടുക്കുന്നത്? സർക്കാരിന്റെ മറ്റൊരു മുൻഗണനാ വിഷയം വനിതാ മതിൽ മെമ്മോറിയൽ എല്ലാ സ്ഥലത്തും ഉണ്ടാക്കാൻ പോകുകയാണ്. മറ്റൊന്ന് എ.കെ.ജി. മെമ്മോറിയൽ മ്യൂസിയം. കൂടാതെ നഷ്ടത്തിലോടുന്ന കെൽട്രോൺ എന്ന സ്ഥാപനത്തിന്റെ ചെയർമാന് വാഹനം വാങ്ങുന്നതിന് 25-6-2019-ന് ഇറക്കിയ ഉത്തരവ്. പിണറായിയിൽ ഒരു കൺവെൻഷൻ സെന്റർ. പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുന്നതിന് കമ്മിറ്റിയെ നിയമിച്ചിട്ട് ഒരു വർഷമാകുന്നു. ഒരു സിറ്റിംഗ് എങ്കിലും നടത്തിയോ? അനാവശ്യത്തിന് ധാരാളമായി ചെലവഴിക്കും. എന്നാൽ ആവശ്യത്തിന് ചെലവഴിക്കുന്നുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ കഴിഞ്ഞ പ്രാവശ്യം ഒരു ചോദ്യം ചോദിച്ചിരുന്നു. 2018-19-ൽ ധാരാളം വർക്കുകൾക്ക് 100 രൂപ ടോക്കൺ പ്രൊവിഷൻ വച്ചിരുന്നല്ലോ, ആ വർക്കുകളൊക്കെ എങ്ങനെയാണ് നടക്കുന്നത്? ചില വർക്കുകൾക്ക് മാത്രമാണല്ലോ 20% നീക്കിവച്ചിട്ടുള്ളതെന്ന്. അന്ന് എന്നോട് അങ്ങ് പറഞ്ഞ മറുപടി 400 കോടി രൂപ അതിന് പ്രത്യേക ഹെഡ്ഡിൽ വകയിരുത്തിയിട്ടുണ്ടെന്നാണ്. അത് എല്ലാവർക്കുമുണ്ടെന്നും പറഞ്ഞു. ഈ സഭയിൽ 140 എം.എൽ.എ.-മാരുണ്ട്. ഏതെങ്കിലും വർക്കിന്റെ എ.എസ്.-ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അടുത്ത് പോയാൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ 20% ഇല്ലെങ്കിൽ ആ ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കണ്ടെന്ന് പറഞ്ഞ് മാറ്റും. ആ 400 കോടി രൂപ ആർക്കാണ് കിട്ടിയത്? ഇപ്പോൾ മൂന്ന് വർഷമായി ടോക്കൺ പ്രൊവിഷൻ 100 രൂപ വച്ചിട്ടുള്ള ഏതെങ്കിലും പദ്ധതിക്ക് എ.എസ്./എസ്.എസ്. കൊടുത്തിട്ടുണ്ടോ? 400 കോടി രൂപ നീക്കിവച്ചുവെന്ന് പറഞ്ഞു. കഴിഞ്ഞ ബഡ്ജറ്റിൽ ഞങ്ങൾക്കാർക്കും സ്ഥലവും കാര്യങ്ങളും മനസ്സിലാകാതിരിക്കാൻ വേണ്ടി 59-ാമത്തെ പേജിൽ മലപ്പുറം എന്ന ഹെഡ്ഡിംഗിൽ ആലപ്പുഴയിലെ റോഡ്, വേറൊരു ഹെഡ്ഡിംഗിൽ തിരുവനന്തപുരം റോഡ് അങ്ങനെ തെരഞ്ഞുപിടിച്ച് ഒരു കോളം. അങ്ങനെയല്ലേ ചെയ്തത്. ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികൾക്ക് ബഡ്ജറ്റിൽ വാല്യം രണ്ടിൽ ഉൾപ്പെടുത്തിയത് എന്ത് ചെയ്യുന്നുവെന്ന ശ്രീമതി ഗീതാ ഗോപിയുടെ 29-5-2019-ലെ ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞത് 400 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നാണ്. ഇപ്പോഴത്തെ ബഡ്ജറ്റിലും അത് നീക്കി വച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്. അങ്ങനെയാണെങ്കിൽ നിങ്ങൾ ഡയറക്ഷൻ കൊടുക്കണം. ഇവിടെ ഇപ്പോൾ എന്ത് കാര്യത്തിന് ഫയൽ പോയാലും

സാമ്പത്തിക സ്ഥിതി മോശമാണെന്ന് പറഞ്ഞാണ് വരുന്നത്. ബഹുമാനപ്പെട്ട തോമസ് ഐസക്, നിങ്ങൾ സാമ്പത്തിക വിദഗ്ദ്ധനാണല്ലോ; ജി.എസ്.ടി.-ക്ക് സെസ് ഏർപ്പെടുത്തുമെന്ന് പറഞ്ഞല്ലോ? ജി.എസ്.ടി. നിലവിലുള്ളപ്പോൾ കേരളത്തിന് മാത്രമായി പ്രളയ സെസ് ഏർപ്പെടുത്തുകയാണ്. സോഫ്റ്റ്‌വെയർ പരിഷ്കരിക്കണമെന്ന് ആർക്കാണ് അറിയാത്തത്. നിങ്ങളുടെ ഓഫീസിലുള്ളവർക്ക് ഇത് അറിയില്ലേ? ഇത് എത്ര പ്രാവശ്യം നീട്ടിവച്ചു.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ഇവിടെ ധൂർത്തിന്റെ കാര്യം പറഞ്ഞു. വനിതാ മതിൽ നടന്ന പാതയിലൂടെ അതിനുവേണ്ടി സ്മാരകമുണ്ടാക്കാൻ സപ്ലിമെന്ററി ഡിമാന്റിൽ പണം വകയിരുത്തിയിരിക്കുകയാണ്. ലോക്‌സഭാ ഇലക്ഷനിൽ വിജയിച്ച 19 എം.പി.മാരുടെ സ്മാരകം പോരെ ഇവർക്ക്. ഇനിയും സ്മാരകം വേണോ?

ശ്രീ. പി. കെ. ബഷീർ: സർ, അതാണ് ഞാൻ പറഞ്ഞത്. ഇവിടെ എന്ത് കാര്യം ചോദിച്ചാലും സബ്ജക്ട് കമ്മിറ്റിയിൽ പോയാൽ കിട്ടുന്ന മറുപടി പൂർത്തീകരിച്ചിട്ട് അഡീഷണൽ അലോക്കേഷൻ കൊടുക്കുമെന്നാണ്. ഏതിനെങ്കിലും അഡീഷണൽ അലോക്കേഷൻ കൊടുത്തിട്ടുണ്ടോ? 29-5-2019-ന് ശ്രീ. മഞ്ഞളാംകുഴി അലിയുടെ ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞത് 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ എത്രയായിരുന്നു? 37,000 കോടി രൂപ. 2019 മാർച്ച് 31 വരെ ചെലവഴിച്ചത് എത്ര രൂപയായിരുന്നു? 25,761 കോടി രൂപ, അതായത് 69% മാത്രം. വേണ്ടത് 80%-90% ആണ്.

3.00 P.M.]

സംസ്ഥാന പ്ലാനിംഗ് ബോർഡിന് റീബിൽഡ് കേരളയിൽ എന്തെങ്കിലും പങ്കുണ്ടോ? ബഹുമാനപ്പെട്ട ജി. സുധാകരൻ അത്യാവശ്യം വായിക്കുന്ന, നല്ല വിവരമുള്ള മനുഷ്യനാണല്ലോ. 19-6-2019-ലെ മലയാള മനോരമ പത്രത്തിൽ മുൻ പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. എ. വിജയരാഘവൻ പറഞ്ഞിരിക്കുന്നത് - നവകേരള നിർമ്മാണത്തിനായി രൂപം നൽകിയ ആർ.കെ.ഐ. ലക്ഷ്യത്തിലേയ്ക്കല്ല എന്ന തിരിച്ചറിവ് നിരാശയാണുണ്ടാക്കുന്നതെന്നാണ്. എന്താണ് കാരണം? ധനസമാഹരണമാണ് ഇതിന്റെ ലക്ഷ്യമെന്നും റീബിൽഡല്ലെന്നുമാണ് ആർ.കെ.ഐ. മേധാവി ഡോ. വേണു വി., ഐ.എ.എസ്. പറഞ്ഞിരിക്കുന്നത്. രാജ്യാന്തര ഫണ്ട് ലഭിക്കാൻ ഒരു റിപ്പോർട്ട് തയ്യാറാക്കിയാൽ മതി എന്നത് ഡോ. ടി. എം. തോമസ് ഐസക്കിന് നന്നായി അറിയാവുന്ന കാര്യമല്ലേ; ആ റിപ്പോർട്ട് തയ്യാറാക്കിക്കൊടുത്താൽ നമുക്ക് ഫണ്ട് കിട്ടില്ലേ; ഇത്രയും വിദഗ്ദ്ധരുടെ

സേവനം തേടേണ്ട ആവശ്യമുണ്ടോ? സർക്കാർ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ് നമ്മൾ എപ്പോഴും പറയുന്നത്. നവകേരള നിർമ്മാണത്തിൽ വകുപ്പുകളുടെ ഏകോപനം നിർവ്വഹിക്കുന്ന ആസൂത്രണ ബോർഡിനെ ആർ.കെ.ഐ.യുടെ ഏതെങ്കിലും ഒരു പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? ഇതൊക്കെയാണ് ഇവിടെ സംഭവിക്കുന്നത്.

എന്റെ ബഹുമാന്യനായ സ്നേഹിതനും നാട്ടുകാരനുമായ ശ്രീ. എം. സ്വരാജ് കഴിഞ്ഞ തവണ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് താത്വികമായി ഒരവലോകനം നടത്തി. അദ്ദേഹം എന്താണ് പറഞ്ഞത്? ഒന്ന് ശരിയായ ഇലക്ഷൻ, രണ്ട് തെറ്റായ ഇലക്ഷൻ. അതായത് കമ്മ്യൂണിസ്റ്റ് പാർട്ടി ജയിക്കുമ്പോൾ ശരിയായ ഇലക്ഷനും തോൽക്കുമ്പോൾ തെറ്റായ ഇലക്ഷനുമാണെന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. ഈ സർക്കാർ ഒന്നും ചെയ്തില്ലെന്ന് പറയാൻ സാധിക്കില്ല. സെക്രട്ടേറിയറ്റിന് മുമ്പിലെ സമരപ്പന്തലുകളല്ലേ അർദ്ധരാത്രി മഴയത്ത് പൊളിച്ചുനീക്കിയത്. ജനാധിപത്യത്തിന്റെ ഉത്സവം നടത്തി, ബഹുസ്വരതയ്ക്കും അഭിപ്രായ സ്വാതന്ത്ര്യത്തിനും വേണ്ടി വീറോടെ വാദിച്ച നിങ്ങളാണ് ഈ രീതിയിൽ ജനാധിപത്യത്തെ വെടിപ്പാക്കി കൊടുത്തത്. നിങ്ങൾക്ക് ഇപ്പോൾ മിണ്ടാട്ടമില്ലേ; അഭിപ്രായ സ്വാതന്ത്ര്യമൊക്കെ എവിടെപ്പോയി? സി.പി.ഐ.-ക്കാരുടെ കഥ പറയാതിരിക്കുകയാണ് നല്ലത്. പഴയ ഒരു മലയാള സിനിമയിൽ ധനികനായ ഒരു കാരണവരുണ്ടായിരുന്നു. ആ കുടുംബമൊന്നാകെ കടത്തിലായപ്പോൾ ബന്ധുക്കളൊക്കെ ഓടിച്ചെന്ന് അവിടെയുള്ള കിണ്ടിയും കോളാമ്പിയുമൊക്കെ എടുത്തുകൊണ്ടുപോയി. ശബരിമല വിഷയത്തിൽ മുഖ്യമന്ത്രിയുടെ കൂടെ സി.പി.ഐ. നിന്നു. ഞങ്ങൾ തറവാടികളാണ്, ഞങ്ങൾക്ക് സ്ഥാനങ്ങളും ചീഫ് വിപ്പും കാര്യങ്ങളുമൊന്നും വേണ്ടെന്ന് പറഞ്ഞു. അവസാനം കിട്ടുന്നത് പോരട്ടെ എന്നുവിചാരിച്ചു. അപ്പോൾ ശ്രീ. മുല്ലക്കര രത്നാകരനും ശ്രീ. സി. ദിവാകരനും തങ്ങൾക്ക് ആ സ്ഥാനം വേണ്ടെന്ന് പറഞ്ഞു. ഞാൻ ചോദിക്കട്ടെ, വനിതാ മതിലൊക്കെ നിങ്ങൾ നടത്തിയല്ലോ, സി.പി.ഐ.യിൽ മൂന്ന് വനിതാ മെമ്പർമാരാണുള്ളത്. ശ്രീമതി ഇ. എസ്. ബിജിമോൾക്കെങ്കിലും ആ ചീഫ് വിപ്പ് സ്ഥാനം കൊടുത്തുകൂടായിരുന്നോ? ഈ സ്വഭാവം കൊണ്ടാണ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങളുടെ ഒരൊറ്റ വനിതകൾപോലും ജയിക്കാത്തത്. അത് എന്തുകൊണ്ടാണ് നിങ്ങൾ മനസ്സിലാക്കാത്തത്?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, വനിതകൾക്ക് മുസ്ലീം ലീഗ് സീറ്റ് കൊടുക്കുമോ? ഏറനാട് സീറ്റ് അങ്ങയുടെ ഭാര്യയ്ക്ക് കൊടുത്തുകൂടേ?

ശ്രീ. പി. കെ. ബഷീർ: സർ, 1996-ലെ അസംബ്ലി തെരഞ്ഞെടുപ്പിൽ സംസ്ഥാന വനിതാ ലീഗിന്റെ അന്നത്തെ അദ്ധ്യക്ഷ ശ്രീമതി ഖമറുന്നീസ അൻവറിന് കോഴിക്കോട്-II സീറ്റ് കൊടുത്തപ്പോൾ വെറും 3000 വോട്ടിനാണ് തോറ്റത്. ജയിക്കാത്തത് ഞങ്ങളുടെ കുറ്റമാണോ?

ശ്രീ. എം. സ്വരാജ്: സർ, ഒറ്റക്കാര്യമേ ഞാൻ ചോദിക്കുന്നുള്ളൂ, അങ്ങ് ശ്രീമതി ഖമറുന്നീസ അൻവറിന്റെ കാര്യം പറഞ്ഞു. അതിനുശേഷം മുസ്ലീം ലീഗിൽ ഒരു വനിതയുണ്ടായിട്ടില്ലേ?

ശ്രീ. പി. കെ. ബഷീർ: സർ, സി.പി.ഐ.-യ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നാല് പാർലമെന്റ് സീറ്റ് കിട്ടിയതിൽ എത്ര വനിതകളെയാണ് നിർത്തിയത്? ഞങ്ങൾ ഘട്ടംഘട്ടമായി വരും, ഞങ്ങൾ അവിടെ എത്തുന്നതല്ലേയുള്ളൂ, നിങ്ങളെപ്പോലെയല്ലല്ലോ. പോളിറ്റ് ബ്യൂറോയിലെയും കേന്ദ്രകമ്മിറ്റിയിലെയും വനിതകളുടെ എണ്ണമൊക്കെ നമുക്കറിയാം. അതൊന്നും ഇവിടെ പറയേണ്ട. സി.പി.ഐ.(എം.)-നോട് ഞാൻ ഒരു കാര്യം പറയാം. പശ്ചിമ ബംഗാളിൽ സിംഗൂരായിരുന്നു നിങ്ങളുടെ അധഃപതനത്തിന് കാരണമെങ്കിൽ കേരളത്തിൽ നിങ്ങളുടെ അധഃപതനത്തിന്റെ ആരംഭമാണ് ആന്തൂർ എന്ന് നിങ്ങൾ മനസ്സിലാക്കിക്കൊള്ളണം.

ആഭ്യന്തര സുരക്ഷയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് ഭയങ്കര സംഭവമാണ്. വനിതാ മതിലിലൂടെയാണ് സ്ത്രീ ശാക്തീകരണം എന്നാണ് പറഞ്ഞത്. മുൻ ആഭ്യന്തര വകുപ്പുമന്ത്രിമാരായിരുന്ന ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർക്കൊന്നും കിട്ടാത്ത ഒരു സൗഭാഗ്യമാണ് നമ്മുടെ മുഖ്യമന്ത്രിക്ക് കിട്ടിയിട്ടുള്ളത്. ഒന്നും വിട്ടുകൊടുക്കുന്ന സ്വഭാവം മുഖ്യമന്ത്രിക്കില്ലല്ലോ. തിരുവനന്തപുരം വനിതാ ജയിലിൽ നിന്ന് കഴിഞ്ഞയാഴ്ച രണ്ട് വനിതാ തടവുകാർ ജയിൽ ചാടി. നിങ്ങൾക്കാർക്കും അതിന് മറുപടി പറയേണ്ട യോഗമുണ്ടായില്ല. ഇതൊക്കെയാണ് നമ്മുടെ ശാക്തീകരണം. നിങ്ങൾ ഇനി മതിൽ നടത്തുകയാണെങ്കിൽ ആരെയൊക്കെയാണ് കൂട്ടേണ്ടതെന്നുള്ളതിനെക്കുറിച്ച് ഞാൻ ഇപ്പോൾ പറയുന്നില്ല. പറയേണ്ട കുറച്ച് ആൾക്കാരുണ്ട്. പീഡനത്തിനിരയായവർ, ചിലരുടെ മക്കൾ, എന്റെ സംസ്കാരം അനുവദിക്കാത്തതുകൊണ്ട് ഒരുപാട് പറയുന്നില്ല. ഈ തെരഞ്ഞെടുപ്പ് പരാജയത്തിൽ നിന്ന് നിങ്ങൾ ഇപ്പോഴും പാഠം പഠിച്ചിട്ടില്ല. കോൺഗ്രസിനെ നിങ്ങൾ ഇങ്ങനെ കുറ്റം പറയുന്നതെന്തിനാണ്? നിങ്ങളുടെ തെറ്റ് നിങ്ങൾ തിരുത്തണ്ടേ? ആന്തൂരിലെ സംഭവത്തിൽ എന്താണ് പറയുന്നത്? പെർമിഷൻ കൊടുക്കാത്തതിന് അവസാനം അത് കുടുംബ കലഹമാണ്, അയാൾക്ക് വേറെ പ്രശ്നങ്ങളുണ്ടായിരുന്നു എന്നൊക്കെയാണ്

പറയുന്നത്. നിങ്ങളുടെ തെറ്റിനെ തെറ്റാണെന്ന് പറഞ്ഞുകൂടേ? തെറ്റുപറ്റിയെങ്കിൽ അത് പരിഹരിച്ച് മുന്നോട്ടുപോകുന്നതല്ലേ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രീതി. ഇത് വെറുതെ ചർച്ച ചെയ്ത് പിടിവാശി പിടിച്ച് ബലം പിടിച്ച് നിൽക്കുകയാണ്. വിദ്യാഭ്യാസ വകുപ്പിൽ ഖാദർ കമ്മിറ്റി റിപ്പോർട്ടും കാര്യങ്ങളുമൊക്കെ നടപ്പിലാക്കി. ഞാൻ അവസാനിപ്പിക്കാം. ത്രിതല പഞ്ചായത്തിനെപ്പറ്റി ഒറ്റ ചോദ്യം. കഴിഞ്ഞ പ്രാവശ്യം ഞങ്ങളൊക്കെ ചർച്ചയിൽ പങ്കെടുത്തപ്പോഴും അടിയന്തരപ്രമേയത്തിൽ പങ്കെടുത്തപ്പോഴും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഒരു കാര്യമുണ്ട്. ക്യാരി ഓവർ 20 ശതമാനം, 30 ശതമാനം കൊടുക്കും. ഇവിടെ ശ്രീ. കെ. സി. ജോസഫ് ചോദിച്ച ചോദ്യത്തിന് 29-5-2019-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ മറുപടി - ട്രഷറികളിൽ 28-3-2019-ന് 5 മണി വരെ ലഭിച്ചിട്ടുള്ളതും 2018-19 സാമ്പത്തിക വർഷത്തിൽ പാസ്സാക്കാൻ സാധിക്കാത്തതുമായ എല്ലാ ബില്ലുകളും ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയിരിക്കുന്നു. 2019 മാർച്ച് 31 വരെ ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച 834 കോടി രൂപയുടെ ബില്ലുകൾ ക്യൂവിൽ ഉൾപ്പെടുത്തുകയുണ്ടായി. ഇത് കേൾക്കണം, സഭയെ ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധരിപ്പിച്ചതാണ്. ഈ തുക നടപ്പുസാമ്പത്തിക വർഷത്തെ, 2019-20-ലെ, കണക്കിൽ ഉൾപ്പെടുത്തി നൽകുന്നതിന് 12-4-2019-ൽ ഉത്തരവ് നൽകിയിട്ടുണ്ട്. ഈ 20 ശതമാനവും 30 ശതമാനവും തുക എവിടെ നിന്നാണ് കൊടുക്കാൻ സാധിക്കുന്നത്; വകുപ്പുകളുടെ പദ്ധതിയിനത്തിൽ നിന്ന് കട്ട് ചെയ്ത പണം എങ്ങനെയാണ് കൊടുക്കുന്നത്? നിങ്ങൾ സപ്ലിമെന്ററി ഡിമാന്റ് കൊണ്ടുവരുമ്പോൾ റീബിൽഡ് കേരളയുടെ കാര്യത്തിലെങ്കിലും ഒരു തീരുമാനമെടുക്കണം. വർഷം ഒന്നായി. ഇനിയെന്തെങ്കിലും ദുരന്തമുണ്ടായാൽ ഒരു മനുഷ്യനും നമുക്ക് ഒരു പൈസയും തരില്ല. അതുകൂടി ആലോചിക്കണമെന്നാണ് പറയാനുള്ളത്. സമയം കുറവായതുകൊണ്ട് നിർത്തുന്നു.

ശ്രീ. എസ്. ശർമ്മ: സർ, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ നടന്ന ചർച്ചകളിൽ എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച എന്റെ സ്നേഹിതൻ ശ്രീ. പി. കെ. ബഷീറും യു.ഡി.എഫ്.ലെ മറ്റ് സുഹൃത്തുക്കളും ഭരണപക്ഷത്തുനിന്നും സംസാരിച്ചിട്ടുള്ള സഹപ്രവർത്തകരുമെല്ലാം കൂടുതലും ഫോക്കസ് ചെയ്ത് സംസാരിച്ചത് വിദ്യാഭ്യാസത്തെക്കുറിച്ചായിരുന്നു. സാധാരണഗതിയിൽ എല്ലാ വിഷയങ്ങളെയും സംബന്ധിച്ച് ചർച്ച വരേണ്ടതാണ്. പക്ഷെ ഇന്നത്തെ ചർച്ചയുടെ ഫോക്കസ് പോയിന്റ് വിദ്യാഭ്യാസമായിരുന്നു.

കേരളപ്പിറവിക്ക് ശേഷം വിദ്യാഭ്യാസ മേഖലയിൽ ഇത്രയും മാറ്റങ്ങളുണ്ടായിട്ടുള്ള കാലം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഈ വർഷം 1,63,000

വിദ്യാർത്ഥികളാണ് പുതിയതായി സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് പ്രവേശിച്ചത്. കഴിഞ്ഞ മൂന്ന് വർഷക്കാലം കൊണ്ട് 4,93,000 കുട്ടികളാണ് സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് എത്തിച്ചേർന്നിട്ടുള്ളത്. കേരളം അതിന്റെ തിരിച്ചുവരവ് ആരംഭിച്ചിരിക്കുകയാണ്. നഷ്ടപ്പെട്ടത് വീണ്ടെടുക്കാനുള്ള യജ്ഞമാണ് യഥാർത്ഥത്തിൽ ആധുനിക കേരളത്തിന്റെ നിർമ്മിതിയിലേയ്ക്ക് അടിസ്ഥാനപരമായ പങ്ക് വഹിക്കുന്ന വൈജ്ഞാനിക ലോകത്തിന്റെ തറവാടായ വിദ്യാഭ്യാസ വകുപ്പ് വഹിക്കുന്നത്. ഇതിന് മുമ്പ് കേരളത്തിന്റെ സ്ഥിതി എന്തായിരുന്നു? അൺ ഇക്കണോമിക് വിദ്യാലയങ്ങളെന്ന് പറഞ്ഞ് നൂറുകണക്കിന് അൺ എയ്ഡഡ് വിദ്യാലയങ്ങൾ കേരളത്തിൽ അടച്ചുപൂട്ടിയില്ലേ; ആ പ്രക്രിയയുടെ സ്ഥാനത്ത് മലയിറക്കം ആരംഭിച്ചിരിക്കുന്നു എന്ന് പറയുന്നതുപോലെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് സാധാരണ കുട്ടികളടക്കം പോയിരുന്ന സ്ഥാനത്ത് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കുട്ടികൾ തിരിച്ചുവരാൻ തുടങ്ങിയിരിക്കുന്നു. ശ്രീ. പി. കെ. ബഷീർ ഇതൊന്നും കാണുകയും കേൾക്കുകയും ചെയ്യുന്നില്ലേ?

അദ്ദേഹം വളരെ ഉന്മേഷവാനായി കുറേ കാര്യങ്ങൾ പറഞ്ഞു. ഇന്നലത്തെ പത്രം അദ്ദേഹം കണ്ടുകാണുമായിരിക്കും. പത്രം കൃത്യമായി വായിക്കുന്ന ആളായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം ഇടതുപക്ഷം തകർന്നുതരിപ്പണമായെന്നല്ലേ പറഞ്ഞത്. 44 തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ 22 സീറ്റ് അതായത് നേർപകുതി സീറ്റ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ലഭിച്ചു. പാർലമെന്റ് തെരഞ്ഞെടുപ്പിലെ വോട്ടിന്റെ കണക്കനുസരിച്ചാണെങ്കിൽ എൽ.ഡി.എഫ്.-ന് അവിടെ കെട്ടിവച്ച കാശ് കിട്ടാൻ പാടില്ലല്ലോ; ആ വിജയം കൈവരിച്ച മാറ്റം വരുന്നത് കണ്ടില്ലേ? അത് മാറും, അത് വളരും, അത് വികസിക്കും, അത് രാജ്യത്ത് മുമ്പോട്ടുപോകും.

ഉപധനാഭ്യർത്ഥനകളെക്കുറിച്ച് ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ഇന്ന് വലുതായി ചർച്ചയ്ക്ക് വിധേയമാകാതിരുന്നതാണ് കിഫ്ബി. ഇക്കഴിഞ്ഞ ഒന്നുരണ്ട് വർഷങ്ങളിലായി ധനവിനിയോഗവും ധനമാനേജ്മെന്റും സംബന്ധിച്ച് ഇവിടെ നടന്ന ചർച്ചകളിൽ പ്രതിസ്ഥാനത്ത് വന്നത് കിഫ്ബി ആയിരുന്നുവെങ്കിൽ ആ സംശയത്തിന് ദൂരീകരണം നടത്തി പുതിയ പന്ഥാവിലേയ്ക്ക് സംസ്ഥാനത്തിന്റെ വികസന പശ്ചാത്തലത്തെ നയിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. സാമ്പത്തിക പ്രതിസന്ധി പുതിയ കാര്യമല്ല. അത് സാധാരണഗതിയിൽ ഇവിടെ മാത്രം ഒതുങ്ങുന്നതല്ല. ലോകാടിസ്ഥാനത്തിൽ വളർന്നുവരുന്ന പ്രതിസന്ധിയുടെ സ്വാധീനവും ചലനങ്ങളും നമ്മുടെ പ്രതിസന്ധിയെയും ബാധിക്കും. എന്നാൽ ആ പ്രതിസന്ധിക്കിടയിൽ എങ്ങനെ അതിജീവിക്കാം, നമ്മൾ സമാഹരിക്കുന്ന തുക

ആർക്കുവേണ്ടി എന്തിനുവേണ്ടി വിനിയോഗിക്കാം എന്നത് സംബന്ധിച്ച് ജനപക്ഷ ധനമാനേജ്മെന്റുണ്ട്. ആ ജനപക്ഷ ധനമാനേജ്മെന്റിന്റെ കാര്യത്തിൽ, ദാരിദ്ര്യത്തിന്റെ നടുവിലാണെങ്കിലും അതിജീവനത്തിന്റെ പാതയിൽ മുന്നോട്ടുവരുന്നതിനും വിജയം കൈവരിക്കുന്നതിനും ഡോ. ടി. എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ ധനമാനേജ്മെന്റ് വിജയകരമായി മുന്നോട്ടുപോകുന്നതിന്റെ ഏറ്റവും വലിയ തെളിവാണ് കിഫ്ബി. ബഡ്ജറ്റിതര വരുമാനത്തെ കൂടുതൽ ആശ്രയിച്ച് രാജ്യത്തിന്റെ വികസന പ്രവർത്തനത്തിന് യാതൊരു തടസ്സവുമില്ലാതെ തിരിച്ചടവ് ഉറപ്പാക്കി വികസന പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കാൻ അദ്ദേഹത്തിന് കഴിയുമോ എന്നൊരു സംശയം ഞങ്ങളിൽ തന്നെ പലർക്കുമുണ്ടായിരുന്നു. ഇത്രയും തുക എങ്ങനെ സമാഹരിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമുണ്ടായിരുന്നു. എല്ലാ സംശയങ്ങൾക്കും അന്ത്യം കുറിച്ചുകൊണ്ട് കേരളത്തിന്റെ വികസന ചരിത്രത്തിൽ പുതിയൊരു അടിത്തറ രൂപപ്പെടുത്തി മുന്നോട്ടുപോകുന്നതിന് കിഫ്ബി പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ഈ വായ്പാ സംവിധാനത്തിലൂടെ 50,000 കോടി രൂപയുടെ വികസനാ വശ്യങ്ങളാണ് നിർവ്വഹിക്കപ്പെടുന്നത്. ആ വായ്പാ സംവിധാനത്തിലൂടെയുള്ള വികസന പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുമ്പോൾ 50,000 കോടി രൂപ എന്നുവച്ചാൽ, 10 വർഷക്കാലം കൊണ്ട് ബഡ്ജറ്റ് അലോക്കേഷനിൽ വരുന്ന തുക ചെലവഴിക്കുന്നതാണ് കണക്കുകൂട്ടിയിരുന്നതെങ്കിൽ, അരനൂറ്റാണ്ടിന്റെ വികസനപരമായ കുതിച്ചുചാട്ടമായിരിക്കും ഈ പദ്ധതികളാകെ വിജയകരമായി തീർന്നുകഴിഞ്ഞാൽ മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ വികസനത്തിന് പുതിയ അദ്ധ്യായവും ചരിത്രവും സംസ്കാരവും നൽകി, രാജ്യത്തെ പണയം വയ്ക്കാതെ രാജ്യതാൽപ്പര്യം ഉയർത്തിപ്പിടിച്ച് സംശയനിവാരണം നടത്തി ധനമാനേജ്മെന്റ് വിജയകരമായി മുന്നോട്ടുകൊണ്ടുപോകുകയാണ്.

കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്ത് നിശ്ചയിച്ചിട്ടുള്ള ബോറോയിംഗ് കപ്പാസിറ്റിയായ 6000 കോടി രൂപയുടെ സ്ഥാനത്ത് 2000 കോടി രൂപ കുറച്ചാണ് വായ്പ എടുക്കുന്നതിനുള്ള അനുവാദം നൽകുന്നത്. എല്ലാ പീഡന നടപടികളും വ്യത്യസ്ത തലങ്ങളിൽ, വ്യത്യസ്ത പ്രശ്നങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഒരുഭാഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ നടപടികൾ, മറുഭാഗത്ത് സാമ്പത്തിക പ്രതിസന്ധിയും പ്രളയക്കെടുതിയും. ഇതിനെയെല്ലാം അതിജീവിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നുണ്ട്. ഉപയോഗിക്കുന്ന പണത്തിന്റെ, വിനിയോഗത്തിന്റെ ഒന്നുരണ്ട് ഉദാഹരണങ്ങൾ

ഞാൻ പറയാം. ഈ ഗവൺമെന്റിന്റെ ജനപക്ഷ നിസ്വവർഗ്ഗത്തോട് കടപ്പെട്ടൊരു നയം എങ്ങനെയാണ്, ഏത് രൂപത്തിലാണ് എന്നുള്ളത് സംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ ഉദാഹരണസഹിതം പറയാൻ കഴിയും. ഓഖി, സുനാമി ദുരന്തങ്ങളുണ്ടായി. ഇവയുടെ പേരിൽ മാത്രമാണ് വ്യത്യാസമുള്ളത്. സുനാമി ദുരന്തം നടക്കുമ്പോൾ ഒരു ഗവൺമെന്റ് സംവിധാനം കേരളത്തിലുണ്ടായിരുന്നു. അന്ന് കേരളത്തിൽ 325 പേർ മരിച്ചു. ആ കുടുംബത്തിലെ ആർക്കെങ്കിലും ഒരാൾക്ക് തൊഴിൽ കൊടുക്കാൻ അന്നത്തെ ഗവൺമെന്റ് സന്നദ്ധമായിരുന്നോ? അന്നത്തെ ഗവൺമെന്റിന് കഴിഞ്ഞില്ല. ഓഖി ദുരന്തത്തിൽ നിരവധിയാളുകളുടെ വിലപ്പെട്ട ജീവനാണ് നഷ്ടപ്പെട്ടത്. അന്ന് ശ്രീ. പിണറായി വിജയനാണ് സംസ്ഥാനത്തെ മുഖ്യമന്ത്രി. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആലോചിച്ചത് എന്താണ്? ഒരാൾ സർക്കാർ സർവ്വീസിലിരുന്ന് മരിക്കുമ്പോൾ കിട്ടുന്നതുപോലെ dying-in-harness സ്വഭാവത്തോടുകൂടി ഓഖി ദുരന്തത്തിൽപ്പെട്ട് മരിച്ചുപോയവരുടെ ആശ്രിതർക്ക് ജോലി കൊടുത്ത ഗവൺമെന്റ് ഈ കേരളത്തിലല്ലാതെ ലോകത്തെവിടെയെങ്കിലും ഉണ്ടെന്ന് എന്റെ അറിവിലില്ല. മറ്റാരുടെയെങ്കിലും അറിവിലുണ്ടെങ്കിൽ ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. സുനാമി ദുരന്തത്തിന്റെ ഭാഗമായി മരണപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ ആശ്രിതർക്ക് ജോലി കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. അന്ന് അവിടെ രാഷ്ട്രീയമായ ചേരിതിരിവ് ഉണ്ടായിരുന്നില്ല. ഇവിടെയിരിക്കുന്ന മഹാഭൂരിപക്ഷം അംഗങ്ങളും ആ സ്ഥലത്ത് പോയതാണ്. നൂറുകണക്കിന് ആളുകളാണ് മരിച്ചുവീണത്. അങ്ങനെയെല്ലാം ഉണ്ടായിട്ടും സുനാമി ദുരന്തത്തിൽപ്പെട്ടവർക്ക്, സി.പി.ഐ.(എം.) മുൻകയ്യെടുത്തത് രാഷ്ട്രീയമായ ചേരിതിരിവിനല്ല, അവിടെ മുഖ്യമന്ത്രി വരുമ്പോൾ തടയുന്നതിന് വേണ്ടിയും ആയിരുന്നില്ല. അവിടെ ഉണ്ടായ സംഭവത്തിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അന്ന് സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറിയായിരിക്കുമ്പോൾ അഞ്ഞൂറ് പാവപ്പെട്ട കുടുംബങ്ങൾക്കാണ് പാർട്ടിയുടെ പേരിൽ വീട് നിർമ്മാണം പൂർത്തിയാക്കി താക്കോൽ കൊടുത്തത്. അന്നത്തെ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന എന്റെ സ്നേഹിതൻ ശ്രീ. ഡൊമിനിക് പ്രസന്റേഷനാണ് ആ വീടുകളുടെ താക്കോൽ കൊടുത്തത്. അത്രയേറെ ദുരന്തമുണ്ടായപ്പോൾ അവിടെ രാഷ്ട്രീയം കളിക്കുകയായിരുന്നില്ല, ഉത്തരവാദിത്വത്തോടെ ചുമതല നിർവ്വഹിക്കുകയായിരുന്നു. അതാണ് അവിടെ ചെയ്തത്.

രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ സവിശേഷതകൾ കൂടിയിട്ടുള്ള മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ മറ്റൊരു സംഭവംകൂടി

ചൂണ്ടിക്കാണിക്കുകയാണ്. സഹ്യന്റെ പുത്രനായ മധുവിന് വിശന്നതിന്റെ പേരിൽ ആഹാരം കഴിച്ചപ്പോൾ ഏതാനും റൗഡികൾ ചേർന്ന് തല്ലിക്കൊന്നു. അതിന്റെ ഫലമായി മധുവിന്റെ സഹോദരിക്ക് dying-in-harness വഴി പോലീസ് വകുപ്പിൽ ജോലി കൊടുത്തു. കേരളത്തിൽ ആദിവാസി കുടുംബത്തിൽ നിന്നുമുള്ള മധുവിന്റെ സഹോദരി വനിതാ പോലീസായി. എന്നാൽ കുറച്ചു വർഷങ്ങൾക്ക് മുമ്പ് വയനാട്ടിലെ മുത്തങ്ങയിൽ പോലീസ് വെടിവയ്പ്പുണ്ടായി. വെടിയേറ്റ് മരിച്ച ജോഗിയുടെ കുടുംബത്തിന് അന്നത്തെ ഗവൺമെന്റ് ആശ്രിത നിയമനം കൊടുത്തില്ല. എന്നാൽ പിന്നീട് എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നപ്പോഴാണ് ജോഗിയുടെ കുടുംബത്തിന് ആശ്രിത നിയമനം കൊടുത്ത് ജീവിതം സംരക്ഷിച്ചത്. ഇതാണ് വ്യത്യാസം.

ബി.ജെ.പി.-യുടെ കയ്യിൽ കൊണ്ടുപോയി കോൺഗ്രസ് അധികാരം കൊടുത്തതുപോലെയാണ് കോൺഗ്രസിന്റെ രാഷ്ട്രീയ ഇടപെടലുകൾകൊണ്ട് സംഭവിച്ചത്. നേരെ അധികാരമെടുത്ത് കൊടുക്കുന്നതുപോലെയാണ്. വർഗ്ഗീയതയ്ക്കെതിരെ ഉറച്ച നിലപാട് സ്വീകരിക്കാൻ കോൺഗ്രസ് പാർട്ടിക്ക് കഴിയാത്തതിന്റെ ഫലമായാണ് രാജസ്ഥാനിൽ ബി.ജെ.പി.യുടെ കാലത്തുനടന്ന ഗോരക്ഷ കൊലയാളികളെ പുതിയ കോൺഗ്രസ് ഗവൺമെന്റ് വെറുതെ വിട്ടത്. അതിനുശേഷം മരിച്ച വീട്ടിലെ ആളുകളുടെ പേരിൽ വീണ്ടും കേസ്സെടുക്കുകയാണ് ചെയ്തത്. ബി.ജെ.പി.-ക്കാർ ചെയ്തതിനേക്കാൾ കടുംകൈ പ്രവർത്തനമാണ് കോൺഗ്രസ് ചെയ്തിട്ടുള്ളത്. മധ്യപ്രദേശിലും ഇത് ആവർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. മതനിരപേക്ഷതയും ന്യൂനപക്ഷ സംരക്ഷണവും ഇടതുപക്ഷത്തിന്റെ കൈകളിൽ ഭദ്രമാണ്. അതാണ് കേരളത്തിന്റെ മഹത്വം. അതാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഭാവന. മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്നതിനും ന്യൂനപക്ഷ സംരക്ഷണം ഉറപ്പാക്കുന്നതിനും ഇടതുപക്ഷത്തിന്റെ കൈകളിൽ സുരക്ഷിതത്വം ഉറപ്പാക്കുവാൻ കഴിയുന്നതിൽ പങ്കുവഹിച്ചു. തെരഞ്ഞെടുപ്പ് കാലത്ത് സമ്പദ്‌വ്യവസ്ഥയുടെ യഥാർത്ഥ നിറം മറച്ചുപിടിക്കുന്നതിൽ ബി.ജെ.പി. വിജയിച്ചു. കപട ദേശീയതയും മുസ്ലീം വിരോധവും പാകിസ്ഥാൻ ഉയർത്തിക്കാണിച്ചും അപകടകരമായ പ്രചരണങ്ങൾ നടത്തിയും പങ്കുവഹിച്ചു. എന്നാൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടു. ഇപ്പോൾ ജി.ഡി.പി.-യുടെ തകർച്ച എത്രയോ ഭീകരമാണ്. 45 വർഷത്തിനിടയിലെ ഏറ്റവും വലിയ തൊഴിലില്ലായ്മ പ്രത്യക്ഷപ്പെടുകയാണ്. മാനുഫാക്ചറിംഗ് രംഗം തളർന്നുവീണു. കാർഷിക മേഖലയുടെ ദുരന്തം ആത്മഹത്യയിലേയ്ക്കുപോയി. കയറ്റുമതി കുറഞ്ഞു. നിക്ഷേപമില്ല. എല്ലാം മുൻപന്തിയിലേയ്ക്ക് വന്നിരിക്കുന്നു. ഇതിന് പരിഹാരം കാണാൻ നവലിബറൽ നയങ്ങൾക്ക് കഴിയുന്നില്ല. കാരണം കുഴപ്പങ്ങളുടെ മാതൃസ്ഥാനവും പിതൃസ്ഥാനവും നവലിബറൽ നയമാണെന്നുള്ള കാര്യം വളരെ

പ്രധാനമാണ്. കോൺഗ്രസ് ഇപ്പോഴും ആഗോള നയങ്ങളുടെ ഉപാസകരാണ്. എതിർ രാജ്യത്തെ രക്ഷിക്കുകയില്ല. കോൺഗ്രസിന്റെ സാമ്പത്തിക നയമോ പരിപാടിയോ അല്ല. പരാജയത്തിനുശേഷം പാഠം പഠിക്കുന്ന നടപടിയുള്ളതുപോലെ തോന്നുന്നില്ല. എല്ലാവരും അക്കാര്യം ഗൗരവമായി കാണേണ്ടതാണ്. ഇടതുപക്ഷ പിന്തുണയോടെ ഒന്നാം യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഒരൊറ്റ പൊതുമേഖലാ സ്ഥാപനവും വിൽക്കാൻ അനുവദിച്ചിരുന്നില്ല. തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാൻ കർശന നടപടി സ്വീകരിച്ചു. വിവരാവകാശ നിയമം ഉറപ്പാക്കുന്നതിനുള്ള നടപടി വന്നു. അങ്ങനെ ഇടതുപക്ഷത്തിന്റെ പിന്തുണ വന്നപ്പോൾ ഒന്നാം യു.പി.എ. ഗവൺമെന്റിൽ കുറേ പുരോഗമന മാറ്റങ്ങളുണ്ടായി. എന്നാൽ രണ്ടാം യു.പി.എ. ഗവൺമെന്റ് പൂർണ്ണ വലതുപക്ഷ വ്യതിയാനത്തിൽ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഗവൺമെന്റായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജനവിരുദ്ധ നയങ്ങൾ അടിച്ചേൽപ്പിക്കപ്പെട്ടു. ഇതിലൂടെ ഉയർന്നുവന്ന അസംതൃപ്തിയാണ് 2014-ൽ ബി.ജെ.പി. അധികാരത്തിൽ വരുന്നതിനുള്ള സന്ദർഭമുണ്ടാക്കിയത്. 2008-ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് ഇന്ത്യൻ സമ്പദ്ഘടന പിടിച്ചുനിന്നത്, ഇന്ത്യയുടെ ധനകാര്യ മേഖലയുടെ പൊതുമേഖലാ ആധിപത്യവും സാന്നിദ്ധ്യവും നേതൃത്വവുമായിരുന്നുവെന്ന് എല്ലാവരും സമ്മതിക്കും. പൊതുമേഖലയോട് ഇടതുപക്ഷത്തിന്റെ സമീപനം ആയിരംവട്ടം ശക്തിപ്പെടുത്തുന്ന അനുഭവങ്ങളാണുണ്ടായിട്ടുള്ളത്. വമ്പിച്ച പ്രക്ഷോഭ സമരങ്ങൾ രാജ്യത്ത് ഉയർന്നുവരും. അങ്ങനെ ഉയർന്നുവരുന്ന പോരാട്ടത്തിന്റെ നേതൃസ്ഥാനീയ ദൗത്യത്തിൽ ഇടതുപക്ഷം അതിന്റെ എളിയ പങ്ക് വഹിക്കുകതന്നെ ചെയ്യും. ലോകത്താകെ വർദ്ധിച്ചുവരുന്ന അസമത്വത്തിനെതിരായും മുതലാളിത്തത്തിന്റെ ലാഭാർത്തിക്കെതിരായും വൻ മുന്നേറ്റങ്ങളാണ് ഉയർന്നുവരിക. ഒടുവിലുണ്ടായ ഡെൻമാർക്കിലെ ഇടതുപക്ഷ അനുകൂല വിജയം ഒരു മഹത്തായ സന്ദേശമാണ് ഇന്നത്തെ ലോക സാഹചര്യത്തിൽ ഉയർത്തിയിരിക്കുന്നത്. നവകേരളത്തിന്റെ നിർമ്മിതിയിലും വികസനത്തിലും പശ്ചാത്തല വികസനത്തിലും വിദ്യാഭ്യാസ രംഗത്തും സാമൂഹ്യസുരക്ഷയിലും പങ്കുവഹിക്കുവാൻ നമുക്ക് കഴിയണം.

മാർക്സിസം സൃഷ്ടിപരമായ ഒരു ശാസ്ത്രമാണ്. പ്രകൃതിയെയും സമൂഹത്തെയും അതിന്റെ വികാസ പരിണാമങ്ങളെയും സഹായിക്കുന്ന സർഗ്ഗാത്മകമായ ശാസ്ത്രമാണ് മാർക്സിസം. അതിന് നാശം വരുത്തുകയില്ല. അത് നിരന്തരം നവീകരിക്കപ്പെട്ട് പ്രസക്തമായി തുടരും. പ്രപഞ്ച സത്യാന്വേഷണങ്ങളുടെ തീർത്ഥാടനവും നിത്യയൗവ്വനവുമാണ് മാർക്സിസമെന്ന കാര്യം ഇന്നത്തെ ലോക സാഹചര്യത്തിൽ വളരെ പ്രസക്തമാണ്. ഇവിടെ ചിലർ സംസാരിച്ചപ്പോൾ

കമ്മ്യൂണിസം കാലഹരണപ്പെട്ടുവെന്ന് പറഞ്ഞു. കമ്മ്യൂണിസത്തിന്റെ സംരക്ഷണം ഇന്നും ഭാരതത്തിനുണ്ടെന്നുള്ള കാര്യം മറക്കരുതെന്ന് ഈ സന്ദർഭത്തിൽ ഞാൻ വ്യക്തമാക്കുകയാണ്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അമേരിക്കയിലാണ് ആദ്യം പോയത്. അവിടെ പലിശയുടെ കാര്യത്തിൽ കണ്ടീഷൻ വന്നു. നെഹ്റു മടങ്ങിവന്ന് സോവിയറ്റ് യൂണിയനുമായി ചർച്ച ചെയ്ത് കരാറുണ്ടാക്കി. അതിന്റെ ഫലമായിട്ടാണ് ഇന്നുകാണുന്ന ഇന്ത്യയുടെ അടിസ്ഥാന വ്യവസായങ്ങളായ ഖനന വ്യവസായം, ഇരുമ്പുരുക്ക് വ്യവസായം, എണ്ണ വ്യവസായം എന്നിവയുടെ മാതൃവ്യവസായങ്ങളിലുള്ള സഹായം അൺകണ്ടീഷണലായത്. പാകിസ്ഥാനും ഇന്ത്യയും തമ്മിൽ യുദ്ധമുണ്ടായപ്പോൾ ഇന്ത്യക്കുനേരെ ആക്രമണം നടത്താൻ പാകിസ്ഥാനുവേണ്ടി അമേരിക്കയുടെ ഏഴാം കപ്പൽപ്പട വന്നു. കപ്പൽപ്പട വന്നപ്പോൾ മോസ്കോയിൽ ഇരുന്നുകൊണ്ട് ക്രൂഷ്ചേവ് പ്രഖ്യാപിച്ചു, ഏഴാം കപ്പൽപ്പട തിരിഞ്ഞ് പോയില്ലെങ്കിൽ ഞങ്ങൾ പിടിച്ചുകെട്ടുമെന്നും അന്തർവാഹിനിയെ പറഞ്ഞുവിടുമെന്നും പറഞ്ഞപ്പോൾ ഇന്ത്യ-യു.എസ്.എസ്.ആർ. കരാറിന്റെ അടിസ്ഥാനത്തിൽ അമേരിക്കൻ കപ്പലുകൾ നങ്കൂരമിട്ടു, അമേരിക്ക പിന്മാറി. ഇന്ത്യയുടെ ജീവൻ രക്ഷിക്കാൻ ഓടിയെത്തിയത് മഹത്തായ സോവിയറ്റ് യൂണിയനായിരുന്നു. ശാസ്ത്രലോകത്ത് ഇന്ന് ഇന്ത്യ വലിയ പങ്കുവഹിക്കുന്നുണ്ട്. പത്തുമുപ്പത് വർഷങ്ങൾക്കുമുമ്പ് മഹത്തായ സോവിയറ്റ് യൂണിയനിലെ ശാസ്ത്രജ്ഞരുടെ പങ്കാളിത്തത്തോടെയാണ് രാകേഷ് ശർമ്മ എന്ന ചെറുപ്പക്കാരനെ ഇന്ത്യ ബഹിരാകാശത്തേയ്ക്ക് വിട്ടത്. നിങ്ങൾ കളിയാക്കുകയോ വിമർശിക്കുകയോ വേണ്ട. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജയിലിൽ കിടക്കുമ്പോഴാണ് 1917 നവംബർ 7-ന്റെ ഒരു റവല്യൂഷൻ വിജയകരമായി പൂർത്തീകരിച്ചത്. അച്ഛൻ മകൾക്ക് അയച്ച കത്ത് ഓർമ്മയുണ്ടാകുമല്ലോ. "മകളേ നീ ഭാഗ്യവതിയാകുന്നു. ഈ മഹത്തായ സോവിയറ്റ് വിപ്ലവത്തിന്റെ വിജയദിനത്തിൽ തന്നെ നിനക്ക് ജന്മം നൽകാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു" എന്നാണ് നെഹ്റു പറഞ്ഞത്. അത് നമ്മളെല്ലാം പഠിച്ചിട്ടുള്ളതല്ലേ? കമ്മ്യൂണിസത്തെ ആരും കളിയാക്കേണ്ട. കമ്മ്യൂണിസത്തിന്റെ ആഗോള സംരക്ഷണവും പോരാട്ടത്തിന്റെ ഓക്സിജനും പുരോഗമനത്തിന്റെ മുന്നേറ്റവും എല്ലാംകൂടി ഒത്തുചേരുമ്പോൾ ഈ നാടിന്റെ ചരിത്രത്തിൽ മാതൃകാപരമായ സ്ഥാനം അർഹിക്കുന്നതും ലോകത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ വിശ്വാസമർപ്പിക്കുന്നതുമായ തത്വശാസ്ത്രം മാർക്സിസമാണെന്ന് കണക്കാക്കിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിലെ നിർണ്ണായക ദിനമായിരുന്നു 2005 ജൂലൈ 28. കേരളത്തിന്റെ

വികസനത്തിനുവേണ്ടി പത്ത് മിഷനുകൾ വേണമെന്ന് ഡോ. എ. പി. ജെ. അബ്ദുൾകലാം നിയമസഭയിൽ പറഞ്ഞു. അദ്ദേഹം കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെ മിക്കവാറും എല്ലാ സംസ്ഥാന നിയമസഭകളിലും പ്രസംഗിച്ചു. അദ്ദേഹത്തിന്റെ വിഷൻ 2020 ഇന്ത്യയെ സംബന്ധിച്ച് ആഴത്തിലുള്ള പഠനമായിരുന്നു. 5000 ശാസ്ത്രജ്ഞർ പങ്കെടുത്തുകൊണ്ടുള്ള പഠനമാണത്. അതിൽപ്പറഞ്ഞ കാര്യങ്ങൾ ഇപ്പോഴും പ്രസക്തിയുള്ളതാണ്. കേരളം ഒന്നാമതായി കണക്കാക്കേണ്ടത് ടൂറിസമാണെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ ചരിത്രപരമായ പശ്ചാത്തലം, കാലാവസ്ഥ, ഭൂപ്രകൃതി എന്നിവയെ കൂടുതൽ ആകർഷിക്കാൻ ടൂറിസത്തിന് കഴിയും. തിരുവനന്തപുരം - കാസർഗോഡ് വാട്ടർ വേയ്സ് പൂർത്തിയാക്കണമെന്ന് അദ്ദേഹം പറഞ്ഞു. പൂർത്തിയാക്കണമെന്ന് പറഞ്ഞാൽ അതിന് മുമ്പുണ്ടായിരുന്ന വീതി മതി, ആഴപ്പെടുത്തണം, ചെറിയ കപ്പലുകൾക്ക് സഞ്ചരിക്കാനുള്ള സൗകര്യമുണ്ടാകണം. 600 കിലോമീറ്റർ കോസ്റ്റൽ ഏരിയ, തൊട്ടടുത്ത് വാട്ടർ വേയ്സ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന് താല്പര്യമെടുത്തിട്ടുണ്ട്. അതിന്റെ പണികൾ കോട്ടപ്പുറം വരെയായി. ഇനിയങ്ങോട്ട് എളുപ്പമാണ്. സമയബന്ധിതമായി വർക്ക് തീർക്കാൻ കഴിയുമോ? അത് തീർത്താൽ കേരളത്തിലെ റോഡുകളിലെ തിരക്ക് വളരെയധികം കുറയും. ചെറിയ കപ്പലുകൾ പോകുന്നത് ടൂറിസത്തിന് ഏറ്റവും പ്രധാനപ്പെട്ടതാണ്. അടുത്തത് വിദ്യാഭ്യാസമാണ്. ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള കുട്ടികൾ പ്ലസ് ടു, സ്കൂൾ സിലബസ്, യൂണിവേഴ്സിറ്റി സിലബസ്, ഇന്റഗ്രേറ്റീവ് എന്നിവ പഠിച്ച് പുറത്തിറങ്ങുന്നവർ എംപ്ലോയബിളായിരിക്കണമെന്ന് അദ്ദേഹം പറയുന്നു. പ്രവാസി സമ്മേളനത്തിന് ദുബായിൽ പോയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം ഞാൻ കേട്ടു. മലയാളികളെ ആവശ്യമില്ലാതെ വരുന്ന സ്ഥിതി, പുതിയ മെഷിനറികളും സാങ്കേതികവിദ്യയും ഉപയോഗിക്കാൻ അവർക്ക് കഴിയണം. അതിന് യൂണിവേഴ്സിറ്റികളിൽ മാറ്റം വരുത്തി റീ-സ്ട്രക്ചേർഡ് കോഴ്സുകളുണ്ടാകണം. ഇപ്പോഴത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ കുട്ടികളെ കിട്ടുന്നില്ല. ലോകത്തെമ്പാടുമുള്ള opportunity-കളെക്കുറിച്ച് പഠിക്കാൻ കഴിഞ്ഞാൽ കേരളത്തിലിരുന്ന് നാലോ അഞ്ചോ എക്സ്റ്റെൻഷനുകൾ പഠിക്കാം. അങ്ങനെ പഠിച്ചുകഴിഞ്ഞാൽ അതിനനുസരിച്ച് ഇവിടത്തെ കോഴ്സുകൾ ഡിസൈൻ ചെയ്യണം. കേരളത്തിലെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെ ആളുകൾക്കും ലോകത്തെമ്പാടും ജോലി ചെയ്യാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. ഒരു കാര്യം കൂടി പറഞ്ഞു ഇപ്പോൾ ഇംഗ്ലീഷ് സ്പീക്കിംഗ് രാജ്യങ്ങളിൽ മാത്രമേ പോകുന്നുള്ളൂവെന്ന്. യൂറോപ്പിൽ യു. കെ. മാത്രമാണ്; ജർമ്മനി, ഓസ്ട്രിയ, സ്വിറ്റ്സർലൻഡ്. ഭൂപടം നോക്കിയാൽ നോർത്ത് അമേരിക്ക ഇൻഡ്യയുടെ

മൂന്നിരട്ടിയാണ്. നോർത്ത് അമേരിക്കയും സൗത്ത് അമേരിക്കയും നോക്കിയാൽ നോർത്ത് അമേരിക്കയ്ക്ക് നല്ല വലിപ്പമുണ്ട്. ധാരാളം ആളുകൾ നോർത്ത് അമേരിക്കയിൽ പോകുന്നുണ്ട്. എന്നാൽ ആരെങ്കിലും സൗത്ത് അമേരിക്കയിൽ പോകുന്നുണ്ടെങ്കിൽ സ്പാനിഷ്, ഫ്രഞ്ച് തുടങ്ങിയ ഭാഷ അറിയണം. നന്നായി ഡെവലപ്പ് ചെയ്ത രാജ്യങ്ങളാണവ.

ഈ വിദ്യാഭ്യാസ സിസ്റ്റത്തിലേയ്ക്ക് ഫോറിൻ ലാംഗ്വേജസ് പഠിക്കാൻ തയ്യാറുണ്ടോയെന്ന് ചോദിക്കുകയാണ്. അദ്ദേഹം നഴ്സസിനെപ്പറ്റിയും പറയുന്നുണ്ട്. ലോകമെമ്പാടും ഇത്രയും കമ്പാഷണേറ്റായിട്ടുള്ള സ്നേഹം പകരാൻ കഴിയുന്ന കേരളത്തിലെ നേഴ്സസിന് ഇന്നുള്ളതിന്റെ പത്തിരട്ടി ചാൻസാണുള്ളത്. യൂറോപ്പിൽ എല്ലായിടത്തും നഴ്സസിന്റെയും ഡോക്ടേഴ്സിന്റെയും ഇടയ്ക്ക് ഒരു ലിങ്ക് വന്നിരിക്കുന്നു. അത് കേരളത്തിൽ ഒരിടത്തുമില്ല. ഇത് എന്താണെന്ന് പറഞ്ഞാൽ ഡോക്ടർക്ക് ചെയ്യാൻ കഴിയാത്ത സന്ദർഭത്തിൽ നഴ്സിന് കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അത് പകുതി ഡോക്ടേഴ്സിന്റെ പ്രയോജനം ചെയ്യും. ആ നഴ്സസിന് ഇരട്ടി ശമ്പളമാണ്. ഇവിടെ കോഴ്സുകളുണ്ടോ; ഇതിനൊരു പ്ലാൻ വേണ്ടേ; എങ്കിൽ ലോകമെമ്പാടും ഇന്നുള്ളതിന്റെ പത്തിരട്ടി നഴ്സസിനെ ആവശ്യമുണ്ടെന്ന് പറയുന്നു. അത് സംഭാവന ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ സ്റ്റേറ്റ് കേരളമാണ്. കേരളത്തിലെ പെൺകുട്ടികൾക്ക് മാത്രം വിദ്യാഭ്യാസരംഗത്ത് അടിമുടി മാറ്റം വരുത്തണം. എംപ്ലോയ്മെന്റ് പൊട്ടൻഷ്യൽ മനസ്സിലാക്കിക്കൊണ്ട് സ്കൂൾ സിലബസിനെയും കോളേജ് സിലബസിനെയും ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് എന്റർപ്രണേഴ്സിനെ സൃഷ്ടിക്കണം. ചെറുകിട സംരംഭങ്ങൾ ഇവിടെ തുടങ്ങണം. കേരളത്തിന്റെ ഏറ്റവും വലിയ ഹ്യൂമൻ റിസോഴ്സാണത്. ഞാൻ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വീണ്ടും അടിവരയിട്ട് പറയുന്നു. ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്, നാഷണൽ വാട്ടർ വേ, ഒരു കൊല്ലം യുദ്ധകാലാടിസ്ഥാനത്തിൽ ചേർന്നാൽ അത് സാധ്യമാകും. നമുക്ക് കാസർഗോഡ് നിന്ന് ഇവിടെ വരെ യാത്ര ചെയ്യാൻ എത്ര മണിക്കൂർ വേണം. എല്ലാ ടൗണുകളിലും വലിയ ഗതാഗതക്കുരുക്കാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി നായനാർ സർക്കാരിന്റെ കാലത്ത് സ്ട്രാറ്റജിക് ഓപ്ഷൻ സ്റ്റഡി നടത്തി. ആ സ്ട്രാറ്റജിക് ഓപ്ഷൻ സ്റ്റഡിയിൽ 3000 കിലോമീറ്റർ റോഡ് ഒന്നാന്തരമായി പണിയണം; ബി.എം. ആന്റ് ബി.സി അതിലാണ് വന്നത്. അതോടൊപ്പം ഒരു എക്സ്പ്രസ്സ് ഹൈവേ - നോർത്തു ടു സൗത്ത്, മലേഷ്യയുടെ ഏറ്റവും വലിയ വികസനത്തിന് കാരണം നോർത്ത് ടു സൗത്ത് എക്സ്പ്രസ്സ് ഹൈവേയാണ്. അത് 700 കിലോമീറ്ററാണ്. ആ 700 കിലോമീറ്റർ കാറിൽ ഞാനും ഇ. കെ. നായനാരും യാത്ര ചെയ്യാൻവേണ്ടി എടുത്ത സമയം 3 മണിക്കൂറാണ്. അതിനെതിരെ ആദ്യമായി ഒരു ലേഖനമെഴുതിയത്

ശ്രീ. എം. പി. വീരേന്ദ്രകുമാറാണ്. അദ്ദേഹം പറഞ്ഞത്, കേരളത്തെ രണ്ടായി വിഭജിക്കണമെന്നാണ്. അതിൽ എനിക്ക് വളരെ സങ്കടമുണ്ട്. റെയിൽവേ രണ്ടായി വിഭജിക്കുകയല്ലേ? അങ്ങനെവന്നാൽ ഏരിയൽ സർവ്വേ നടത്തണം; അപ്പോൾ സ്ഥലമുണ്ടാകും. പബ്ലിക് ഒപ്പീനിയൻ കൂടി എടുക്കണം. ഒരു എക്സ്പ്രസ്സ് ഹൈവേ എന്നുപറഞ്ഞാൽ നാലുവരിപ്പാതയൊന്നുമല്ല; മുംബൈ-പൂനെ 8 വരിപ്പാതയാണ്. ഈ എക്സ്പ്രസ്സ് ഹൈവേ 8 വരിപ്പാതയായിരിക്കണം. അതിന് ഏരിയൽ സർവ്വേ നടത്തിയാൽ മതി. അവിടെനിന്നും ചെറിയ ടൗണുകളിലേക്കുള്ള ഡീവിയേഷൻ, വലിയ ട്രക്കുകൾ, ബസ്സുകൾ, ലോംഗ് ഡിസ്റ്റൻസ് ഓടുന്ന വാഹനങ്ങളുമൊക്കെ അതിലെ പോകും. ടൗണുകളിലേയ്ക്ക് വരില്ല. കേരളത്തിൽ ആ എക്സ്പ്രസ്സ് ഹൈവേ എസ്സൻഷ്യലാണ്. 10 കൊല്ലം കഴിഞ്ഞാൽ ഇവിടെയൊന്നും കാറോടില്ല.

അതുപോലെതന്നെ കൃഷിയും ടൂറിസവും വിദ്യാഭ്യാസവും ഹോംസ്റ്റെഡ് ഫാമിംഗും കേരളത്തിന്റെ ട്രെഡിഷണലാണ്. വീട്ടുവളപ്പിൽ ഒരു കീടനാശിനിയും ഉപയോഗിക്കാതെ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, വാഴപ്പഴം, മുരിങ്ങ, വെണ്ട ഇതൊക്കെയുള്ള ഒരു ഹോംസ്റ്റെഡ് ഫാമിംഗ് ഉണ്ടാക്കുകയെന്നതാണ്. വീട്ടാവശ്യത്തിനുള്ള ഭക്ഷണസാധനങ്ങൾ വീടുകളിൽ തന്നെ ഉല്പാദിപ്പിക്കുന്ന ചെറിയ ഹോംസ്റ്റെഡ്. ആ ഒരു ഹോംസ്റ്റെഡ് ഫാമിംഗിന് വലിയ പ്രാധാന്യം കൊടുക്കണം. ഭക്ഷ്യാവശ്യത്തിനുവേണ്ടി നമ്മൾ തന്നെ ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കണം. അതോടൊപ്പംതന്നെ ഒരു പശുവിനെ വളർത്തുക. കേരളത്തിൽ മാൽന്യൂട്രീഷൻ ഏറ്റവും വലിയ പ്രശ്നമാണ്. പോഷകാഹാരത്തിന്റെ കുറവ് മൂന്നിലൊന്ന് ജനങ്ങളെ ബാധിച്ചിരിക്കുന്നു. തീരപ്രദേശങ്ങളെയും ഗവൺമെന്റ് സ്കൂളുകളെയും സംബന്ധിച്ച് എനിക്ക് നല്ല അനുഭവമുണ്ട്. ഗവൺമെന്റ് സ്കൂളുകളിൽ പാൽ കൊടുത്താൽ കുട്ടികൾ കുടിക്കുന്നില്ല; അവർ അമ്മിഞ്ഞപ്പാൽ മാത്രമേ കുടിച്ചിട്ടുള്ളൂ. അവർക്ക് സേമിയ പായസം ഉണ്ടാക്കിക്കൊടുക്കേണ്ടി വന്നു. എന്റെ നിയോജകമണ്ഡലത്തിലെന്ന് മാത്രമല്ല എല്ലാ ഗവൺമെന്റ് സ്കൂളുകളിലെയും സ്ഥിതി ഇതായിരുന്നു.

<u>മി. സ്പീക്കർ:</u> അങ്ങയുടെ സമയം അതിക്രമിച്ചു.

<u>ശ്രീ. പി. ജെ. ജോസഫ്:</u> സർ, ഇപ്പോൾ അവസാനിപ്പിക്കാം. പാവപ്പെട്ട കുട്ടികൾക്ക് കുടിക്കാൻ പാലില്ല. ഈ കുഞ്ഞുങ്ങൾക്ക് മാൽ ന്യൂട്രീഷന്റെ പ്രശ്നമാണ്. അതിന് പശുവിനെയോ ആടിനേയൊ വളർത്താം. ആട്ടിൻപാൽ ഒരു ലിറ്ററിന് 250 രൂപ വിലയാണുള്ളത്. മഹാത്മാഗാന്ധി ആട്ടിൻപാലിനുവേണ്ടി കപ്പലിൽ ആടിനെക്കൊണ്ടുപോയി. ഞാൻ വെള്ളിയാമറ്റത്തുള്ള ലക്ഷംവീട് കോളനിയിൽ

ചെന്നപ്പോൾ ഒരു ഉമ്മ 6 ആടുകളെ വളർത്തുന്നു. ആടിനെ വളർത്താൻ നമുക്കെല്ലാവർക്കും കഴിയും. അങ്ങനെയെങ്കിൽ മാൽന്യൂട്രീഷന്റെ കാര്യത്തിൽ പരിഹാരമാകുമായിരുന്നു. ഇവിടെ ആശുപത്രിയുണ്ടാക്കുകയല്ല വേണ്ടത് അതിനുപകരം ആവശ്യമായ പോഷകാഹാരം കൊടുക്കണം. അതിനുവേണ്ടി ഹോംസ്റ്റെഡ് ഫാമിംഗുകൾ വികസിപ്പിക്കണം.

മി. സ്പീക്കർ: അങ്ങയുടെ സമയം അവസാനിക്കുന്നു. നാല് മിനിറ്റായി.

ശ്രീ. പി. ജെ. ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് ലക്ഷ്മി അമ്മ എന്ന ആദിവാസി സ്ത്രീ ഉണ്ട്. കണ്ടറിവ്, കേട്ടറിവ് ഇതെല്ലാം ഉള്ള ആളാണ്. നാട്ടറിവുകൾ വളരെ നല്ലതാണ്. നാട്ടറിവുകൾ മുഴുവൻ പ്രയോജനപ്പെടുത്തണം. ശത്രുകീടങ്ങൾ, മിത്രകീടങ്ങൾ ഇങ്ങനെയുള്ള ഇൻസെക്ടിസൈഡ്സെല്ലാം അടിച്ച് പരിസ്ഥിതിയെ മലീമസമാക്കുകയാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ മണ്ണിലേയ്ക്ക് ഫംഗിസൈഡ്, പെസ്റ്റിസൈഡ് തുടങ്ങിയ കീടനാശിനികൾ അടിച്ച് മലീമസമാക്കുകയാണ്. ഇത് മുഴുവൻ നിരോധിക്കണം. കീടനാശിനികളും കുമിൾ നാശിനികളും നിരോധിക്കണം. മണ്ണിന്റെ പവിത്രതയും ജലസംഭരണശേഷിയും കൂട്ടണം. ഇന്നലത്തെ പ്രധാനമന്ത്രിയുടെ ആഹ്വാനം ഓരോ തുള്ളി വെള്ളവും പരിപാവനമാണ് എന്നതാണ്. ഞാൻ അവസാനിപ്പിക്കുന്നു. കേരളത്തിന്റെ വികസനത്തെപ്പറ്റി വിശദമായ ചർച്ചകൾ നടത്തേണ്ടിയിരിക്കുന്നു. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ധനകാര്യ മാനേജ്മെന്റിൽ പൂർണ്ണമായി പരാജയപ്പെട്ട ഒരു സർക്കാരാണിത്. 2000-ലെ നായനാർ ഗവൺമെന്റിന്റെ കാലത്ത് ശിവദാസമേനോൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഈ സംസ്ഥാനത്തുണ്ടായ ധനപ്രതിസന്ധിയെക്കാൾ ഭീകരമായ ഒരു ധനപ്രതിസന്ധിയിലൂടെയാണ് നമ്മുടെ സംസ്ഥാനം കടന്നുപോകുന്നത്. വലിയ കടത്തിലേയ്ക്കാണ് ഗവൺമെന്റ് മുങ്ങിക്കൊണ്ടിരിക്കുന്നത്. വികസന പ്രവർത്തനങ്ങൾ മുരടിക്കുകയും ദൈനംദിന സാമ്പത്തിക പ്രശ്നങ്ങൾപോലും നേരിടാൻ കഴിയാതെ ഇതെല്ലാം മറച്ചുവച്ചുകൊണ്ട് ഗവൺമെന്റ് ധനപ്രതിസന്ധിയിലൂടെ ഉഴലുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. എല്ലാ മേഖലകളിലും സമസ്ത പരാജയമായി ഗവൺമെന്റ് നിൽക്കുകയാണ്. ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയത്തിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പുനർനിർമ്മാണ പ്രവർത്തനങ്ങളിലും ഗവൺമെന്റ് പരാജയപ്പെട്ടു. ഓഖി ദുരന്തബാധിതരെ ദീർഘകാലാടിസ്ഥാനത്തിൽ സഹായിക്കുന്നതിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ പലതും പാളിപ്പോയി.

സംസ്ഥാനത്ത് പകർച്ചവ്യാധികൾ വ്യാപകമായി ഉണ്ടാകുന്നു. ഗവൺമെന്റാണ് പകർച്ചവ്യാധികൾക്ക് കാരണമെന്ന് ഞാൻ പറയുന്നില്ല. എന്നാൽ ഈ പകർച്ചവ്യാധികൾ തുടർച്ചയായി ഉണ്ടാകുമ്പോൾ അതിനെ നേരിടാൻവേണ്ടി നവീകരിക്കപ്പെട്ട, റീ-സ്ട്രക്ച്ചർ ചെയ്ത ഒരു ആരോഗ്യ നയത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നില്ല. വലിയ പ്രളയങ്ങളും പ്രകൃതിദുരന്തങ്ങളുമുണ്ടാകുന്ന ഡെയിഞ്ചറസ് സോണിൽ കേരളം നിൽക്കുമ്പോൾ, ഡിസാസ്റ്റർ മാനേജ്മെന്റിനെക്കുറിച്ചും ഡിസാസ്റ്റർ മിറ്റിഗേഷൻ പ്രോജക്ടുകളെക്കുറിച്ചും ദീർഘവീക്ഷണത്തോടുകൂടി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണ് കേരളം ഭരിക്കുന്നതെന്ന് കേരളത്തിലെ ജനങ്ങളെ ബോധ്യപ്പെടുത്തുന്ന കാര്യത്തിലും ഈ ഗവൺമെന്റ് പരാജയപ്പെട്ടു. പദ്ധതി വിഹിതങ്ങൾ കൃത്യമായി നടപ്പാക്കുന്നതിലും ബഡ്ജറ്റ് പെർഫോമൻസിന്റെ കാര്യത്തിലും ഗവൺമെന്റ് വലിയ പരാജയമാണ്. നമുക്കെല്ലാവർക്കുമറിയാം പദ്ധതിയുടെ 30 ശതമാനത്തിലധികം ചെലവാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വളരെ വലിയ പ്രതിസന്ധിയിലൂടെ പോകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കഴുത്ത് ഞെക്കി കൊല്ലുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഒരു ദശാബ്ദക്കാലമായി മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നിൽക്കുന്ന അനിശ്ചിതത്വം ' നീറ്റ് ' വന്നിട്ടും ഈ വർഷംപോലും മുൻകൂട്ടി കണ്ട് പരിഹരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടു. മെഡിക്കൽ കോളേജിൽ അഡ്മിഷൻ നടക്കുകയാണ്. ഫീസ് എത്രയാണെന്ന് ചോദിച്ചാൽ, ഫീ റെഗുലേറ്റിംഗ് കമ്മിറ്റിയെക്കൊണ്ട് തീരുമാനമെടുപ്പിച്ച് അത് നടപ്പാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് എവിടെയായിരുന്നു? എല്ലാ വിഷയങ്ങളെക്കുറിച്ചും എല്ലാ രംഗങ്ങളെക്കുറിച്ചും ഞാൻ പറയുന്നില്ല. പല രംഗങ്ങളിലും ക്രമക്കേടുകളും ധൂർത്തും അശ്രദ്ധയുംകൊണ്ട് വലിയ നഷ്ടം ഈ സർക്കാരിനുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഒരു വിഷയം എഴുതി നൽകിയിട്ടുണ്ട്. ആ വിഷയത്തിൽ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽ കേരളത്തിനെ തെരഞ്ഞെടുത്തിരുന്നു. കേരളത്തിന് ആകെ അനുവദിച്ചത് 2357 കോടി രൂപയാണ്. കേരളത്തിലെ 9 നഗരങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്വീവേജ് ആന്റ് സെപ്റ്റേജ് മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുകയാണ് ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകം. 628 കോടി രൂപയുടെ പദ്ധതിയാണിത്. 2015-ൽ നിലവിൽ വന്ന ഈ പദ്ധതികളെല്ലാം 2020-ൽ പൂർത്തിയാക്കേണ്ടതാണ്. കോടികളുടെ കൺസൽട്ടൻസി കരാർ പിൻവാതിലിലൂടെ ഒരു സ്വകാര്യ കമ്പനിക്ക് നൽകി വൻക്രമക്കേടാണ്

ഈ കമ്പനിയിൽ നടന്നിരിക്കുന്നത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ ഇവിടെ ഇരിപ്പുണ്ട്. ഞാൻ ഈ അഴിമതി ആരോപണം ഉന്നയിക്കുന്നത് ഇപ്പോഴത്തെ മന്ത്രി ശ്രീ. എ. സി. മൊയ്തീനെതിരെയല്ലെന്ന് ആമുഖമായി പറയാൻ ആഗ്രഹിക്കുന്നു. അദ്ദേഹം വരുന്നതിനുമുമ്പേ ഇതിന്റെ ക്രമക്കേട് ആരംഭിച്ചു. പക്ഷെ അദ്ദേഹത്തിന് ഉത്തരം പറയാനുള്ള ബാധ്യതയുണ്ട്. അദ്ദേഹത്തിന്റെ വകുപ്പിന്റെ കീഴിലാണ് ഈ 628 കോടി രൂപയുടെ പദ്ധതി അട്ടിമറിക്കപ്പെടുന്നത്. കേന്ദ്ര മാനദണ്ഡങ്ങളും ടെണ്ടർ വ്യവസ്ഥകളും കാറ്റിൽപ്പറത്തി ഈ മേഖലയിൽ യാതൊരു മുൻപരിചയവുമില്ലാത്ത സ്വകാര്യ കമ്പനിക്ക് ഈ പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള കൺസൽട്ടൻസി കരാർ നൽകിയതാണ് വലിയ അഴിമതി. ഏഴ് നഗരങ്ങളിലെ 23 പദ്ധതികൾക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കരാർ കോഴിക്കോട് ആസ്ഥാനമായ റാം ബയോളജിക്കൽസ് എന്ന കമ്പനിക്കാണ് ലഭിച്ചത്. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ 5 പ്രത്യേക സാങ്കേതികവിദ്യകൾ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഈ 5 ടെക്നോളജിയിലും ഉൾപ്പെടാത്ത electrocoagulation (ഇ-കിഡ്) എന്ന സാങ്കേതിക വിദ്യയിലാണ് കമ്പനി ഡി.പി.ആർ. തയ്യാറാക്കിയത്. മൂന്ന് പ്രാവശ്യം റീ ടെണ്ടർ ചെയ്തിട്ടുപോലും പ്രചാരമില്ലാത്ത, ഫീസിബിളല്ലാത്ത, നടപ്പാക്കാൻ സാധ്യമല്ലാത്ത, സാങ്കേതിക തകരാറുകളുള്ള ഈ സാങ്കേതിക വിദ്യ ഏറ്റെടുക്കാൻ ആരും മുന്നോട്ടുവന്നില്ല. തിരുവനന്തപുരത്ത് മാത്രം പദ്ധതി നടക്കുന്നു. കാരണം തിരുവനന്തപുരത്ത് കേരള വാട്ടർ അതോറിറ്റിയാണ് ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയത്. ഈ കമ്പനി ഏറ്റെടുത്ത ഒരു സ്ഥലത്തും മലിനജല സംസ്കരണ പ്ലാന്റുകൾ നടക്കുന്നില്ല. പദ്ധതി എങ്ങും എത്തിയില്ലെങ്കിൽപ്പോലും കൺസൽട്ടൻസി ഇനത്തിൽ ഈ കമ്പനി വിവിധ നഗരസഭകളിൽ നിന്നും വൻ തുക പറ്റിക്കഴിഞ്ഞു. ഇവർക്ക് ബിൽ കൊടുക്കാൻ തിരുവനന്തപുരത്തുനിന്നും കനത്ത സമ്മർദ്ദമാണ് നഗരസഭാ സെക്രട്ടറിമാർക്കുമേൽ ചെലുത്തുന്നത്. സാധാരണ കൺസൽട്ടൻസി കരാർ 5 ശതമാനം മുതൽ 1.7 ശതമാനം വരെയാണ് പതിവെങ്കിലും 1.8 ശതമാനം മുതൽ 2.3 ശതമാനം വരെയാണ് ഇവർക്ക് കൊടുക്കുന്നത്. പദ്ധതിക്ക് കേന്ദ്ര സർക്കാർ വാപ്കോസ് എന്ന ഒരു ഏജൻസിയെ നിർദ്ദേശിച്ചിരുന്നു. അവർക്ക് കൺസൽട്ടൻസി നൽകിയാൽ കേന്ദ്ര സർക്കാർതന്നെ പ്രോജക്ടിൽ ഉൾപ്പെടുത്താതെ പ്രത്യേകമായി 28 കോടി രൂപ നൽകാമെന്ന് പറഞ്ഞിരുന്നു. അങ്ങനെ വാപ്കോസിന് കൺസൽട്ടൻസി കരാർ നൽകാൻ യു.ഡി.എഫ്. സർക്കാർ 2015 നവംബറിൽ തീരുമാനമെടുത്തു. എന്നാൽ

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനെക്കുറിച്ച് പുനരാലോചനകൾ നടത്തി. 2017 ഫെബ്രുവരി 21-ന് ശുചിത്വ മിഷനിൽ കേരളത്തിനുമാത്രമായി 9 കൺസൽട്ടൻസി കമ്പനികളുടെ പ്രത്യേക പട്ടിക തിടുക്കപ്പെട്ട് തയ്യാറാക്കുകയാണ്. രണ്ട് ദിവസം കഴിഞ്ഞപ്പോൾ ഫെബ്രുവരി 23-ന് അമൃത് പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി ചേർന്ന് ശുചിത്വ മിഷൻ പട്ടികയിൽ നിന്നുമാത്രമേ അമൃത് പദ്ധതിക്ക് കൺസൽട്ടൻസിയെ തെരഞ്ഞെടുക്കാൻ പാടുള്ളൂ എന്ന് തീരുമാനിക്കുന്നു. ശുചിത്വ മിഷൻ എംപാനൽ ചെയ്ത ഈ ലിസ്റ്റിൽ റാം ബയോളജിക്കൽസ് കമ്പനി വന്നിട്ടുണ്ട്. മാത്രമല്ല, വാപ്കോസിന്റെ സേവനം ആവശ്യമില്ലെന്നും സംസ്ഥാനത്തുതന്നെ അതിവിദഗ്ദ്ധരായ കൺസൽട്ടൻസികളും ഉദ്യോഗസ്ഥരുമുണ്ടെന്ന് അമൃത് പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ കമ്മിറ്റി കേന്ദ്രത്തെ അറിയിച്ചു. ഈ വ്യവസ്ഥ പ്രകാരം എംപാനൽ ലിസ്റ്റിൽപ്പെടാത്ത ഒരു കമ്പനിക്കും ഡി.പി.ആർ. നൽകാനുള്ള ടെണ്ടറിൽ മത്സരിക്കാൻ പറ്റാത്ത സ്ഥിതിവിശേഷം മനഃപൂർവ്വം ഉണ്ടാക്കി. ഈ കമ്പനിയെ എങ്ങനെ ശുചിത്വമിഷൻ തെരഞ്ഞെടുത്തു എന്നതാണ് പ്രധാനപ്പെട്ട ചോദ്യം? മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് യാതൊരു മുൻപരിചയവുമില്ലാത്ത ഈ കമ്പനി എങ്ങനെയാണ് എംപാനൽ ലിസ്റ്റിൽ വന്നത്; ഈ കമ്പനിക്ക് വീട്ടിൽ വയ്ക്കുന്ന പൈപ്പ് കമ്പോസ്റ്റ്, കിച്ചൺ ബിൻ തുടങ്ങിയവ മാത്രമാണ് ചെയ്ത് പരിചയമുള്ളത്. ഇവർ ഇതിനുമുമ്പ് എവിടെയൊക്കെയാണ് മലിനജല സംസ്കരണപ്ലാന്റ് നിർമ്മിച്ചിട്ടുള്ളത്; ശുചിത്വ മിഷൻ എംപാനൽ ചെയ്യുന്നതിന്റെ പ്രൊസീഡ്യുവർ എന്താണ്; കഴിഞ്ഞ മൂന്ന് വർഷക്കാലം മുമ്പുള്ള ഈ കമ്പനിയുടെ പെർഫോമൻസ് ഫിസിക്കലായി പരിശോധന നടത്തുകയാണ് വേണ്ടത്. 2016-ൽ സ്ഥാപിച്ച കമ്പനിയെ 2017-ൽ തെരഞ്ഞെടുക്കുമ്പോൾ എങ്ങനെയാണ് മൂന്ന് വർഷത്തെ മുൻപരിചയം ഉണ്ടെന്ന് തീരുമാനിക്കുന്നത്; എംപാനൽ ചെയ്ത് മുൻ പരിചയമുള്ള മറ്റു കമ്പനികൾ കൺസൽട്ടൻസി ടെണ്ടറുകളിൽ പങ്കെടുത്തെങ്കിലും സാങ്കേതിക മികവില്ലെന്ന് പറഞ്ഞ് ഒഴിവാക്കി. ശുചിത്വമിഷൻ സാങ്കേതിക മികവുള്ള കമ്പനികളെ എംപാനൽ ചെയ്യുന്നു. അതിനുശേഷം ടെണ്ടർ contest ചെയ്യുന്നു. റാം ബയോളജിക്കൽസുമായി contest ചെയ്ത കമ്പനികൾക്ക് ടെക്നിക്കൽ ക്വാളിഫിക്കേഷൻ ഇല്ലെന്ന് പറയുന്നു. ടെക്നിക്കൽ ക്വാളിഫിക്കേഷനില്ലാത്ത കമ്പനിയെ ശുചിത്വമിഷൻ എങ്ങനെ എംപാനൽ ചെയ്തു; വിചിത്രമായ കാര്യങ്ങളാണ് നമുക്ക് ഇതിലൂടെ കാണാൻ കഴിയുന്നത്. ഏതെല്ലാം രാഷ്ട്രീയ നേതാക്കന്മാരാണ് റാം ബയോളജിക്കൽസിനുവേണ്ടി ചരടുവലി നടത്തിയത്; ഏത് പ്രധാനപ്പെട്ട

ഉദ്യോഗസ്ഥനാണ്; ആർക്കാണ് അവരോട് ഇത്ര താൽപ്പര്യം തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കണം. ഇതിനിടയിൽ ഇവരുടെ സാങ്കേതിക വിദ്യ ചോദ്യം ചെയ്യപ്പെട്ടു. അപ്പോൾ കണ്ണൂരിൽ കമ്പനി ശുദ്ധീകരിച്ച വെള്ളം നൽകുന്ന ഒരു മോഡൽ പ്ലാന്റ് തയ്യാറാക്കി. ഗവൺമെന്റ് ഒരു ടെക്നിക്കൽ കമ്മിറ്റിയെ അപ്പോയിന്റ് ചെയ്തു. ഡോ. കെ. എ. സ്വർണ്ണലത കൺവീനറായിട്ടുള്ള ഒരു കമ്മിറ്റി ഇത് പരിശോധിച്ചു. ആ കമ്മിറ്റി 2018 ജനുവരിയിൽ റിപ്പോർട്ട് നൽകി. ഇന്ത്യയിലെ തന്നെ ഏറ്റവും ക്രെഡിബിലിറ്റിയുള്ള സ്ഥാപനമായ Centre for Water Resources Development and Management, Calicut (CWRDM)-ൽ ആണ് വെള്ളം പരിശോധിച്ചത്. ഈ റിപ്പോർട്ട് നമ്മളെയൊക്കെ ഞെട്ടിക്കുന്നതാണ്. എന്റെ കയ്യിൽ ആ റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ചാൽ വളരെ ഗൗരവമായ കാര്യങ്ങളാണ് പുറത്തുവരുന്നതെന്ന് മനസ്സിലാകും. ഈ പ്ലാന്റിൽ ശുദ്ധീകരിക്കുന്ന വെള്ളം ഉപയോഗിച്ചാൽ അൽഷിമേഴ്സ് പോലുള്ള രോഗങ്ങൾ വരാൻ സാധ്യതയുണ്ടെന്ന് പറഞ്ഞ് പൂർണ്ണമായും ഇത് അപ്രായോഗികമായ, ഒരു കാരണവശാലും എടുക്കാൻ വയ്യാത്ത, ഫീസിബിളല്ലാത്ത പ്രോജക്ടാണ് ഇതെന്ന് ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് ചെയ്തു. ആ ടെക്നിക്കൽ കമ്മിറ്റിയോട് ഗവൺമെന്റ് എങ്ങനെയാണ് റെസ്പോണ്ട് ചെയ്തത്; ആ ടെക്നിക്കൽ കമ്മിറ്റിയെ ഗവൺമെന്റ് പിരിച്ചുവിട്ടു. അതിനുശേഷം ശുചിത്വമിഷൻ ഡയറക്ടർ ഈ മോഡൽ പ്ലാന്റ് സന്ദർശിക്കാതെ ഹൈദരാബാദ് പോലീസ് അക്കാഡമിയിലേക്ക് യാത്രയായി. അദ്ദേഹം അവിടെ electrocoagulation plant ഉണ്ടെന്നും പറഞ്ഞ് തിരിച്ചുവന്നതിനുശേഷം ഈ electrocoagulation plant ഗംഭീരമാണെന്നും അതുകൊണ്ട് നമുക്ക് അതുതന്നെ കൊടുത്താൽ മതിയെന്നും റിപ്പോർട്ട് നൽകി. അഞ്ഞൂറോ ആയിരമോ പേരുള്ള ഹൈദരാബാദിലെ പോലീസ് അക്കാഡമിയിലെ മാലിന്യ സംസ്കരണ പ്ലാന്റാണോ ലക്ഷക്കണക്കിന് ജനങ്ങളുള്ള കോഴിക്കോട്ടെയും കണ്ണൂരിലെയും സെപ്റ്റേജ് സ്വീവറേജ് പ്ലാന്റുകൾ! ഈ പറയുന്ന കമ്പനിക്ക് യാതൊരു ടെക്നിക്കൽ കോംപീറ്റൻസിയും ടെക്നോളജിക്കൽ എക്സ്പെർട്ടൈസും എക്സ്പീരിയൻസും ഒന്നും ഇല്ലെന്ന് മനസ്സിലായിട്ടും എന്ത് വാശിയോടുകൂടിയാണ് ഈ കമ്പനിയെ എംപാനൽ ലിസ്റ്റിൽപ്പെടുത്താൻ ശ്രമിച്ചത്; കൺസൾട്ടൻസി തുക പരമാവധി വിട്ടുകൊടുക്കാൻ ഏത് ഉദ്യോഗസ്ഥനാണ് നഗരസഭകളിൽ വിളിച്ച് സമ്മർദ്ദം ചെലുത്തിയത്? 629 കോടി രൂപയുടെ പദ്ധതിയാണ് പൂർണ്ണമായും തകർന്നിരിക്കുന്നത്. എന്റെ കയ്യിൽ കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി അയച്ചിരിക്കുന്ന കത്തുണ്ട്. അതിൽ The committee came to a conclusion that it is not a proven technology and does not seem to be technically feasible

for a large scale septage treatment plant എന്നാണ് പറഞ്ഞിരിക്കുന്നത്. ചീഫ് എഞ്ചിനീയർ ശുചിത്വമിഷൻ ഡയറക്ടർക്ക് കൊടുത്തിരിക്കുന്ന റിപ്പോർട്ടിൽ ഈ ടെക്നോളജിയുടെ പ്രവർത്തനത്തിൽ സംശയം പ്രകടിപ്പിക്കുകയും അതിനെത്തുടർന്ന് കൺസൽട്ടന്റിനോട് ആവശ്യപ്പെട്ടപ്രകാരം സജ്ജമാക്കിയ ഇ-കിഡ് റിയാക്ടറിന്റെ ഒരു മിനിവർക്കിംഗ് മോഡൽ കമ്മിറ്റി നേരിൽ കണ്ട് വിലയിരുത്തുകയുണ്ടായി. ഈ ട്രീറ്റ്മെന്റിൽ ഉപയോഗിച്ച സെപ്റ്റേജ് സാമ്പിൾ, ട്രീറ്റ്മെന്റിനുശേഷം ലഭിച്ച എഫ്ലുവെന്റ് എന്നിവയുടെ സാമ്പിൾ നേരിട്ട് ശേഖരിക്കുകയും സി.ഡബ്ല്യൂ.ആർ.ഡി.എം. (Centre for Water Resources Development and Management)-ൽ പരിശോധിക്കുകയുമുണ്ടായി. ആയതിന്റെ റിസൽട്ട് ലഭ്യമായത് കമ്മിറ്റി പരിശോധിച്ചു. ഇ-കിഡ് റിയാക്ടർ ഉപയോഗിച്ചുള്ള സെപ്റ്റേജ് സ്വീവേജ് ട്രീറ്റ്മെന്റ് വിപുലമായ തോതിൽ ഇന്ത്യയിൽ എവിടെയും നടപ്പാക്കുന്നതായി അറിയുന്നില്ല. കൺസൽട്ടന്റ് അവകാശപ്പെട്ടതിൽനിന്നും വ്യത്യസ്തമായി കുറഞ്ഞ നിലവാരത്തിലുള്ള എഫ്ലുവെന്റാണെന്നാണ് ടെസ്റ്റ് റിസൽട്ട് സൂചിപ്പിക്കുന്നത്. കൂടാതെ സെൻട്രൽ പബ്ലിക് ഹെൽത്ത് ആൻഡ് എൻവയോൺമെന്റ് എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ മാന്വൽ, സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് മാന്വൽ, സെപ്റ്റേജ് ട്രീറ്റ്മെന്റ് മാന്വൽ എന്നീ ഗൈഡ്‌ലൈനുകളിൽ ഒന്നുംതന്നെ സെപ്റ്റേജ് സ്വീവേജ് ട്രീറ്റ്മെന്റിനായി ഇ-കിഡ് റിയാക്ടർ Electrocoagulation എന്ന സാങ്കേതികവിദ്യ പരാമർശിക്കപ്പെടുന്നതുപോലുമില്ല. അപ്രകാരമുള്ള ബയോളജിക്കൽ ട്രീറ്റ്മെന്റിൽ ഉൾപ്പെടുന്ന രീതിയിൽ ഭേദഗതി വരുത്താൻ നിർദ്ദേശിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചു. എത്രയും വേഗം സാങ്കേതികാനുമതിക്ക് സമർപ്പിക്കണമെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരിക്കുന്നു. കോഴിക്കോട് കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഇതുപോലെ തന്നെ ഈ റിപ്പോർട്ടുകൾ, the content of aluminium in effluent water is found to be very high. Dissolved aluminium is a suspected causative agent of neurological disorders such as Alzheimer's disease and presenile dementia. Due to possible harmful effects of aluminium, the permissive content of aluminium in drinking water is .03 mg and .02 mg. Since it is a new technology the working cost, maintenance cost, electrode consumption, power consumption, frequency of cleaning, quantity of sludge produce etc., are yet to be analysed. എല്ലാം കൊടുത്ത് കഴിഞ്ഞിട്ടാണ് പറയുന്നത് E-kid reactor is not recommended as a method for septage sewage treatment as per Central Pollution Control

Board manual and for septage treatment as well as Central Public Health and Environmental Engineering Organization manual etc. ഇപ്പോൾ വന്നിരിക്കുന്ന സംഭവങ്ങൾ മുഴുവൻ ഇതാണ്. എന്തിനുവേണ്ടിയാണ്? ഒരു പരിചയവുമില്ലാത്ത കമ്പനിയെ വാശിപിടിച്ചുകൊണ്ട്, എല്ലാ വ്യവസ്ഥകളെയും ലംഘിച്ചുകൊണ്ട് ഇങ്ങനെ എംപാനൽ ചെയ്ത ലിസ്റ്റിൽപ്പെടുത്തുകയും ശുചിത്വമിഷന്റെ എല്ലാവിധ നിബന്ധനകളെയും ലംഘിച്ചുകൊണ്ട് അവസാനം അവർക്കുതന്നെ നിർബന്ധിച്ച് കൊടുത്ത് 629 കോടി രൂപയുടെ 2020-ൽ പൂർത്തിയാക്കേണ്ട ഈ പദ്ധതി പൂർണ്ണമായും അട്ടിമറിക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. റാം ബയോളജിക്കൽസ് എന്ന കമ്പനിയെ തെരഞ്ഞെടുത്തതിൽ ഗുരുതരമായ ക്രമക്കേടും അഴിമതിയും ഞാൻ ആരോപിക്കുന്നു. അതിനെക്കുറിച്ച് ഗൗരവമായി അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവകുപ്പിനെ സംബന്ധിച്ച ഒരു വിവരം കൂടി ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ വിഷയം ഞാൻ നേരത്തെ എഴുതിക്കൊടുത്തതാണ്. രണ്ട് കാര്യങ്ങളാണ് ഈ ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിക്കുന്നത്. രക്തം വേർതിരിച്ച് പ്ലേറ്റ്ലെറ്റ് എടുത്തതിനുശേഷം വരുന്ന പ്ലാസ്മ റിലയൻസിന് വിൽക്കാനുള്ള തീരുമാനം ഈ സർക്കാർ എടുത്തിരിക്കുകയാണ്. ബോംബെ ആസ്ഥാനമായ റിലയൻസിന്റെ ലൈഫ് സയൻസിന് പ്ലാസ്മ വിൽക്കാനുള്ള കേരള സർക്കാരിന്റെ തീരുമാനം എന്തിന്റെ ചുവടുപിടിച്ചാണ്? 2014-ൽ നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വന്നതിന്റെ ചൂട് മാറുന്നതിനുമുമ്പുതന്നെ ഒരു ബ്ലഡ് ഡൊണേഷൻ പോളിസിയുണ്ടാക്കി. ആ പോളിസി റിലയൻസിനെ സഹായിക്കാൻവേണ്ടിയുള്ള പോളിസിയാണ്. അവർ രക്തദാനം നടത്തുന്ന മേഖലയെ കൊമേഴ്സ്യലൈസ് ചെയ്യാൻ, സാധാരണ ബി.ജെ.പി. സർക്കാർ ചെയ്യുന്നതുപോലെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്തായ അംബാനിയെ സഹായിക്കുന്നതിനുവേണ്ടി, റിലയൻസിനെ സഹായിക്കുന്നതിനുവേണ്ടി പോളിസി ചെയ്ഞ്ച് നടത്തി. ബ്ലഡ് ബാങ്കുകളിൽനിന്ന് അധികമായി വരുന്ന പ്ലാസ്മ വിൽക്കാമെന്നത് ആ പോളിസി ചെയ്ഞ്ചിൽനിന്നുവന്ന തീരുമാനമാണ്. ബ്ലഡ് ബാങ്കുകൾ വിൽക്കുന്ന പ്ലാസ്മ റിലയൻസ് കമ്പനി albumin, immunoglobulin, Factor VIII, Factor IX, fibrinogen തുടങ്ങിയ പല മൂല്യവർദ്ധിത ഉല്പന്നങ്ങളും മരുന്നുകളും ഉണ്ടാക്കാൻ ഉപയോഗിക്കുകയാണ്. ഈ മരുന്നുകളുടെ ഒരു വയലിന്റെ വില 6000 മുതൽ

20,000 രൂപ വരെയാണ്. നല്ല മരുന്ന് കച്ചവടമാണ്. ഇവ കരൾ രോഗങ്ങൾ, ഹീമോഫീലിയ, അനിയന്ത്രിത രക്തസ്രാവം തുടങ്ങി പല രോഗങ്ങൾക്കും ആവശ്യമുണ്ട്. ഇതൊരു വിൽപ്പനയായി. രക്തദാനം മഹാദാനം എന്നെല്ലാം പ്രചരണം നടത്തുമ്പോൾ റിലയൻസിന് പ്ലാസ്മ വിൽക്കാൻ സംസ്ഥാനത്തെ സ്വകാര്യമേഖലയിൽപ്പോലും പുതിയ ബ്ലഡ് ബാങ്കുകൾ തുടങ്ങുകയാണ്. പ്ലാസ്മയുടെ വിൽപ്പനയ്ക്ക് ആക്കംകൂട്ടാൻ കൂടുതൽ രക്തദാന ക്യാമ്പുകൾ നടത്തുമ്പോൾ രക്തം ദാനമായി നൽകി ദൈവികമായ കർമ്മം നിർവ്വഹിച്ചുവെന്ന സന്തോഷത്തോടുകൂടി പുറത്തുവരുന്ന രക്തദാതാവ് അറിയുന്നില്ല ഈ ബ്ലഡ് വേർതിരിച്ച് പ്ലാസ്മ വിൽപ്പനയ്ക്ക് വച്ചിരിക്കുന്നുവെന്ന്. പാവം രക്തദാതാക്കൾ അറിയാതെയാണ് മഹത്തായ ജീവൻരക്ഷാ ഉപാധിയായ ഈ രക്തം വിൽക്കുന്നത്. കേരളത്തിലെ സർക്കാർ സ്വകാര്യമേഖലയിലെ മിക്ക രക്തബാങ്കുകളും റിലയൻസിനുവേണ്ടി പ്ലാസ്മ നൽകിത്തുടങ്ങിയിരിക്കുകയാണ്. ഇത് ഒരു വർഷം മുമ്പുള്ള ഉത്തരവാണ്. ആ ഉത്തരവ് ആരും ശ്രദ്ധിച്ചിട്ടില്ല. ഇപ്പോൾ ഇത് പൂർണ്ണമായി വാണിജ്യവൽക്കരിച്ചുകൊണ്ട് പ്ലാസ്മ വിൽക്കുന്ന നടപടികൾ വ്യാപകമായി തുടങ്ങുകയും ഇതിനുവേണ്ടി പുതിയ ബ്ലഡ് ബാങ്കുകൾ ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. ഒരു ലിറ്റർ പ്ലാസ്മയ്ക്ക് 2200 രൂപയാണ് സർക്കാർ വാങ്ങുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഒരു വിലക്കുണ്ട്. കേന്ദ്ര സർക്കാർ റിലയൻസിനെ സഹായിക്കുമ്പോൾ നല്ലതുപോലെ സഹായിക്കും. അവർ പറഞ്ഞു, നിങ്ങൾ ഒരു ലിറ്ററിന് 1600 രൂപയിൽ കൂടുതൽ വാങ്ങരുത്. കാരണം 1600 രൂപയിൽ കൂടുതൽ അതിന് വാങ്ങിയാൽ അത് വളരെ ഗുരുതരമായ പ്രശ്നമാകും. മനുഷ്യാവയവത്തിന്റെ ഭാഗമായ ഒന്ന് വിൽക്കുന്നുവെന്ന നിലയിലേയ്ക്ക് ഇത് വാണിജ്യവൽക്കരിക്കപ്പെടും. അതുകൊണ്ട് ഒരു ഗവൺമെന്റും 1600 രൂപയിൽ കൂടുതൽ കൊടുത്ത് ഇത് വാങ്ങരുത്. ബ്ലഡ് പോളിസിയിൽ collecting higher than the uniform exchange value of Rs.1600 per litre would amount to sale of a product of human origin and it is against the tenets of National Blood Policy with respect to non profitability. ഇതിൽ നിന്നും ലാഭമുണ്ടാക്കാനോ കച്ചവടം നടത്താനോ 1600 രൂപയിൽ കൂടുതൽ വിൽക്കാനോ പാടില്ല. ഇത് ടെണ്ടർ നടത്തിയാണ് കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇതിന് പറയുന്ന മറുപടിയെന്താണെന്ന് എനിക്ക് മനസ്സിലാകും. ഇന്ത്യയിൽ എവിടെ വച്ച് ടെണ്ടർ നടത്തിയാലും റിലയൻസിനല്ലാതെ വേറെ ഒരു കമ്പനിക്കും കിട്ടില്ല. കാരണം ഇതിന്റെ മാർക്കറ്റ് ലീഡറാണവർ. 90 ശതമാനം മരുന്നുകളുടെയും

നിർമ്മാതാക്കളാണവർ. ഏത് വിലയ്ക്കും അവർ ടെണ്ടർ എടുക്കും കാരണം ഈ മരുന്നിൽ നിന്നും വലിയ മാർജിനാണ് അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. പ്ലാസ്മ നൽകുമ്പോൾ പകരമായി പ്ലാസ്മ ഉല്പന്നങ്ങളായ മരുന്നുകൾ എക്സ്ചേഞ്ച് വിലയിൽ സർക്കാരിന് വാങ്ങാം എന്ന് ബ്ലഡ് പോളിസിയിൽ പറയുന്നു. കേരള ഗവൺമെന്റ് ആ ഓപ്ഷൻ നോക്കിയില്ല. പ്ലാസ്മ അവർക്ക് കൊടുക്കുമ്പോൾ അതിന് പകരമായി നമുക്ക് ആവശ്യമുള്ള വിലകൂടിയ മരുന്നുകൾ കുറഞ്ഞവിലയ്ക്ക് നൽകാൻ വേണമെങ്കിൽ നമുക്ക് അവരുമായി നെഗോഷ്യേറ്റ് ചെയ്യാം. അങ്ങനെ നെഗോഷ്യേറ്റ് ചെയ്യാൻ ഈ ഉത്തരവ് ഇറക്കിയപ്പോൾ, ഈ തീരുമാനമെടുത്തപ്പോൾ ഗവൺമെന്റ് തയ്യാറായോ എന്ന വിനയപൂർവ്വമായ ഒരു ചോദ്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ ഉന്നയിക്കുന്നു. എന്തുകൊണ്ട് അത് ഉപയോഗപ്പെടുത്തി രോഗികളെ സഹായിക്കാൻ സാധിക്കുന്നില്ല. ഒരു പ്രധാനപ്പെട്ട ചോദ്യം, ഏത് മാനദണ്ഡപ്രകാരമാണ് surplus plasma നിശ്ചയിക്കുന്നത്. വേസ്റ്റേജ് ഒഴിവാക്കാൻ രക്തബാങ്കുകൾ തമ്മിൽ പ്ലാസ്മ ട്രാൻസ്ഫർ ചെയ്യാമെന്ന് നാഷണൽ ബ്ലെഡ് പോളിസിയിലുണ്ടെങ്കിലും അതെന്തുകൊണ്ട് നടപ്പാക്കുന്നില്ല. ഒരു സ്ഥലത്ത് അധികമായി പ്ലാസ്മയുണ്ടെങ്കിൽ വേറൊരു സ്ഥലത്ത് അതിന്റെ കുറവുണ്ടാകും. ആയത് പരസ്പരം അന്വേഷിച്ച് എക്സ്ചേഞ്ച് ചെയ്യേണ്ടതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്ലാസ്മ അധികമായുണ്ടെങ്കിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ അതിന്റെ അപര്യാപ്തതയുണ്ടാകും. അധികമായുള്ള പ്ലാസ്മ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാം. അങ്ങനെ ചെയ്യുന്നതിനുപകരം അധികമായുള്ളത് വേസ്റ്റേജാണെന്നുപറഞ്ഞ് വിൽക്കുകയാണ്. ഇത് എപ്പോഴാണ് വേസ്റ്റേജാകുന്നത്; പ്ലാസ്മയുടെ കപ്പാസിറ്റി എത്രയാണ്? പ്ലാസ്മ ഒരു വർഷം വരെ ഉപയോഗിക്കാം. ഒരു വർഷം കഴിഞ്ഞാൽ ഇത് ഉപയോഗിക്കാൻ പാടില്ല. പക്ഷേ ഈ ഔട്ട്ഡേറ്റഡായ പ്ലാസ്മ ആർക്കുപയോഗിക്കാം? ഇത് മരുന്ന് കമ്പനികൾക്കുപയോഗിക്കാം. മരുന്ന് കമ്പനികൾക്ക് ഈ കാലാവധിയിൽ തന്നെ ഉപയോഗിക്കണമെന്നില്ല. കാലാവധി കഴിഞ്ഞ പ്ലാസ്മ അവർക്കുപയോഗിക്കാം. കേരള ഗവൺമെന്റ് തീരുമാനമെടുക്കുമ്പോൾ അതൊക്കെ ആലോചിക്കണം. ഈ പ്ലാസ്മ ഒരു വർഷം വരെ സൂക്ഷിച്ച് കേരളത്തിലെവിടെയെങ്കിലും ആവശ്യമുണ്ടെങ്കിൽ ഉപയോഗിക്കുകയും ഒരു വർഷം കഴിഞ്ഞ് ഔട്ട് ഡേറ്റഡായിക്കഴിഞ്ഞ് വേസ്റ്റേജായ പ്ലാസ്മ വിൽക്കാം. Surplus plasma എന്ന് ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം യുക്തിക്ക് നിരക്കാത്തതാണ്.

ഈ കച്ചവടത്തിലൂടെ മാസംതോറും ലക്ഷക്കണക്കിന് രൂപ വരുമാനമുണ്ടാക്കുന്ന ബാങ്കുകൾ ഓരോന്നോരോന്നായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതേ അവസരത്തിൽ പല രക്തബാങ്കുകളിലും ആവശ്യമായ രക്തം ലഭിക്കുന്നില്ലായെന്നിരിക്കെയാണ് ഈ കച്ചവടം നടക്കുന്നത്. കൂടാതെ രക്തദാതാക്കളുടെ അറിവോടെ വേണം ഇത് ചെയ്യാൻ. രക്തദാതാക്കളെയും സന്നദ്ധസേവകരെയും ചൂഷണം ചെയ്തുകൊണ്ടാണ് ഇത് വ്യാപകമായി നടക്കുന്നത്. കാര്യങ്ങൾ ശ്രദ്ധിച്ചുചെയ്യേണ്ട ഒരു സംസ്ഥാന ഗവൺമെന്റിന്, മോദി ഗവൺമെന്റ് രാജ്യത്തെ മുഴുവൻ സ്വകാര്യമേഖലയ്ക്ക് തീറെഴുതാൻ വേണ്ടിയുള്ള കരാറുകളിലും പോളിസിയിലും ഏർപ്പെട്ടപ്പോൾ ഞങ്ങൾ ആ പോളിസികളെ ചോദ്യം ചെയ്ത്, ഞങ്ങൾ ഞങ്ങളുടേതായ ഒരു ബദൽ ഉണ്ടാക്കുമെന്ന് ഈ സഭയിൽ സംസാരിച്ചശേഷം ആ പോളിസിയുടെ ചുവടുപിടിച്ച് ഈ രക്തദാന മേഖലയെ വാണിജ്യവൽക്കരിക്കുന്നതിനുള്ള നടപടി ഈ ഗവൺമെന്റെടുക്കുന്നതിനെ ഞങ്ങൾ ചോദ്യം ചെയ്യുന്നു. ഇതിൽ വലിയ ക്രമക്കേടുണ്ട്. അവരുടെ സമ്മർദ്ദമുണ്ടായിട്ടുണ്ട്. ഇത്തരമൊരു തീരുമാനമെടുക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചതെന്താണെന്ന് വ്യക്തമാക്കണം. റിലയൻസുമായുള്ള കരാർ അടിയന്തരമായി റദ്ദ് ചെയ്യണം. ഈ കരാറിലേയ്ക്ക് നയിക്കാനിടയായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തണം. രണ്ട് പ്രധാനപ്പെട്ട വിഷയങ്ങൾ, നമ്മുടെ സംസ്ഥാനത്തെ മലിനീകരണ പ്ലാന്റുകളുമായും ബ്ലഡ് ട്രാൻസ്ഫ്യൂഷനുമായും ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് ഈ ഉപധനാഭ്യർത്ഥന ചർച്ചയിൽ ഞാൻ അവതരിപ്പിക്കുന്നു. ഈ രണ്ട് വിഷയങ്ങളെക്കുറിച്ചും ഗൗരവമായ അന്വേഷണം നടത്തണം. ഈ രണ്ട് വിഷയത്തിലും അഴിമതി നടന്നിട്ടുണ്ടെന്നാരോപിച്ചുകൊണ്ടും ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ടും ഞാൻ നിർത്തുന്നു.

4.00 P.M.]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ശ്രീ. വി. ഡി. സതീശൻ അവതരണം ആരംഭിച്ചതുതന്നെ നമ്മുടെ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് സംസ്ഥാനം പോകുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ടാണ്. ഇന്നത്തെ ദി ഹിന്ദു പത്രത്തിലെ ഒരു പ്രധാനപ്പെട്ട വാർത്തയിലേയ്ക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. 2013-14-ൽ നിങ്ങളുടെ ക്യാബിനറ്റിന്റെ പരിഗണനയ്ക്കുവന്ന വിശദമായ കുറിപ്പ്.... (ബഹളം).... എന്തിനാണ് അസ്വസ്ഥരാകുന്നത്; അതിന്റെ ആവശ്യമെന്താണ്; 'സംസ്ഥാനത്തിന്റെ വരുമാനം കുത്തനെ 10 ശതമാനം താഴ്ന്നിരിക്കുന്നു. ഇതിന്റെ

ഫലമായി ട്രഷറി തന്നെ ഓവർ ഡ്രാഫ്റ്റിലേയ്ക്ക് ഏതാനും ദിവസം പോയി. ഇനിയുള്ള വർഷങ്ങളിൽ ഇത് കൂടുതൽ രൂക്ഷമാകും, അതുകൊണ്ട് കർശന നടപടികൾ സ്വീകരിക്കണം' എന്നാണ് അതിൽ ചൂണ്ടിക്കാണിച്ചത്. ഞാൻ സഭയോട് ആദ്യം പറയാൻ ഉദ്ദേശിക്കുന്നത്, 2013-14-ൽ തുടങ്ങിയ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ഞങ്ങൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല എന്നുമാത്രമേ നിങ്ങൾക്ക് ആക്ഷേപിക്കാൻ സാധിക്കുകയുള്ളൂ എന്നാണ്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആ പ്രതിസന്ധിയുടെ പല മാനങ്ങളെയും കുറിച്ച് വിശദമായ ധവളപത്രം ഇവിടെ വയ്ക്കുകയുണ്ടായി. അതുവച്ചശേഷം വരാൻ പോകുന്ന വർഷങ്ങളിൽ എങ്ങനെയാണ് വരുമാനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്, അതിന്റെയടിസ്ഥാനത്തിൽ എങ്ങനെ ഫിസ്കൽ കൺസോളിഡേഷന് പോകാൻ പറ്റും എന്നുള്ളതിനെക്കുറിച്ചാണ് ആ ധവള പത്രത്തിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ അതുണ്ടായിട്ടില്ല. ജി.എസ്.ടി. എന്ന പുതിയ നികുതി സമ്പ്രദായത്തിന്റെ സിസ്റ്റം ഇതുവരെ നിലവിൽ വന്നിട്ടില്ല എന്നതാണ് അതുണ്ടാകാത്തതിന് കാരണം. ഉദാഹരണത്തിന്, നികുതി ചോർച്ച തടയാം. ആ നികുതി ചോർച്ച തടയണമെന്നുണ്ടെങ്കിൽ മിനിമം വേണ്ടത് വാർഷിക റിട്ടേൺ ആണ്. എങ്കിൽ മാത്രമേ എക്സസ് ഇൻപുട്ട് ക്രെഡിറ്റ് എടുത്തിട്ടുള്ളത് തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കാൻ സാധിക്കുകയുള്ളൂ. ആദ്യമായി വാർഷിക റിട്ടേൺ ആഗസ്റ്റ് മാസത്തിലാണ് വരാൻ പോകുന്നത്. E-Way ബിൽ കഴിഞ്ഞ ഏപ്രിൽ മുതൽ ഇൻട്രൊഡ്യൂസ് ചെയ്യപ്പെട്ടു. പക്ഷേ അത് ട്രാക്ക് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഇപ്പോഴും ആയിട്ടില്ല. ഈ പരിമിതികൾ മൂലം നമ്മുടെ സാധ്യതകൾ നമുക്ക് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. നമ്മെപ്പോലെ ഉപഭോക്തൃ ശക്തമായിട്ടുള്ള സംസ്ഥാനങ്ങളെല്ലാം ഇന്ന് നല്ല വളർച്ചയിലേയ്ക്ക് നീങ്ങുന്നുണ്ട്. തമിഴ്നാട്, തെലങ്കാന, മഹാരാഷ്ട്ര എന്നിവയാണവ. എന്നാൽ കേരളത്തിന് ആ രീതിയിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതിനുള്ള കാരണം എന്താണെന്ന് ചോദിച്ചാൽ കേരളത്തിന്റെ ഉപഭോഗത്തിൽ 70-75 ശതമാനം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നതാണ്. അതേ സമയം ഞാൻ നേരത്തെ പറഞ്ഞ സംസ്ഥാനങ്ങളിൽ അവിടത്തെ തന്നെ മാനുഫാക്ചറിംഗ് ബെയ്സിൽ നിന്നുമാണ് ലഭിക്കുന്നത്. അതുകൊണ്ട് ഐ.ജി.എസ്.ടി. (Integrated Goods and Services Tax)യുടെ ചോർച്ച അവിടെയില്ല. കേരളത്തിൽ അങ്ങനെയല്ല. എന്നാൽ ഇത് പരിഹരിക്കുന്നതിനു വേണ്ടി ശക്തമായ നടപടികൾ നമ്മൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ ഈ വർഷം സംസ്ഥാനത്തിന്റെ വരുമാനത്തിൽ

ആഗസ്റ്റ് മുതലുള്ള മാസങ്ങളിൽ വലിയ വളർച്ചയുണ്ടാകും എന്നാണ് ഞങ്ങൾ കണക്കുകൂട്ടുന്നത്. രണ്ടാമത്തെ ചോദ്യം ശ്രീ. പി. സി. ജോർജ് ചോദിച്ചതാണ്. എന്തുകൊണ്ട് കുടിശ്ശിക പിരിക്കുന്നില്ല എന്നുള്ളതാണ്. കഴിഞ്ഞ വർഷം അതിനുള്ള തയ്യാറെടുപ്പ് നടത്തുമ്പോഴാണ് പ്രളയം വന്നത്. അതുകൊണ്ട് എടുത്ത നടപടികളും നോട്ടീസ് അയയ്ക്കുന്നതും നിർത്തിവച്ചു. അത് പുനരാരംഭിക്കാൻ പോകുന്നതേയുള്ളൂ. ഇത് രണ്ടും കൂടി ചേർന്ന് നമ്മുടെ വരുമാനം വർദ്ധിപ്പിക്കും. പക്ഷേ അതുകൊണ്ട് ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെയുള്ള പ്രതിസന്ധി ഇല്ലാതാകുകയില്ല. അതിന് കാരണം നിങ്ങൾക്ക് കിട്ടിയ ആനുകൂല്യം ഈ സർക്കാരിന് ഇല്ല എന്നതാണ്. 2013-14-ൽ നിങ്ങളുടെ ഉദ്യോഗസ്ഥർ പ്രവചിച്ച, ഈ സഭയിൽ ശ്രീ. വി. ഡി. സതീശൻ ഇരുന്ന സ്ഥാനത്ത് നിന്നുകൊണ്ട് ഞാൻ പലവട്ടം അടിവരയിട്ട് പറഞ്ഞ കാര്യമാണ് ഈ പ്രതിസന്ധി വലിയ തകർച്ചയിലേയ്ക്ക് പോകുന്നുവെന്നുള്ളത്. ആ അപകടം ഒഴിവാക്കാൻ കഴിഞ്ഞത് നിങ്ങളുടെ കഴിവുകൊണ്ടല്ല. മറിച്ച്, പതിനാലാം ധനകാര്യ കമ്മീഷന്റെ വളരെ ഉദാരമായ സമീപനം കൊണ്ടാണ്. നിങ്ങളുടെ അവസാന വർഷ കേന്ദ്രവിഹിതം എന്നുപറയുന്നത് തലേ വർഷത്തിന് ഇരട്ടിയായി കൂടി. ഇപ്പോൾ ബി.ജെ.പി. സർക്കാർ സ്വീകരിക്കുന്ന നിലപാടെന്താണ്; പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ വായ്പാ പരിധി ഉയർത്തണം. മൂന്ന് ശതമാനം പോരാ, ഒരു വർഷം അത് നാലരയായി ഉയർത്തണം. പിന്നീടുള്ള വർഷം മൂന്നര ശതമാനമാക്കണം എന്നുപറഞ്ഞു. വേൾഡ് ബാങ്കിന്റെ ലോണെങ്കിലും ഇതിന് പുറത്താക്കിത്തരുമെന്നാണ് നമ്മൾ പ്രതീക്ഷിച്ചത്. ഈ പറഞ്ഞ ഡിമാന്റ് എല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ചു തന്നിട്ടുള്ളതാണ്. ഇതുവരെ ചെയ്തിട്ടില്ല എന്നുമാത്രമല്ല ഈ വർഷം മൂന്നിൽ നിന്നും രണ്ടരയാക്കി കുറച്ചിരിക്കുകയാണ്. ഈ വർഷം അനുവദനീയമായ വായ്പയിൽ നിന്ന് കേരള സർക്കാരിന് 6000 കോടി രൂപ കുറവായിരുന്നു. ഇതാണ് പ്രശ്നം. കേരളം മൊത്തത്തിൽ ഇക്കാര്യം ഗൗരവമായി എടുക്കേണ്ടതാണ്. പ്രളയകാലത്തെ സഹായത്തിനുവേണ്ടി അഭ്യർത്ഥിക്കുമ്പോഴും അതിനോട് ഈ രീതിയിലുള്ള സമീപനം കൈക്കൊള്ളുകയാണ്. ഭരണഘടന പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുവാദത്തോടുകൂടി മാത്രമേ വായ്പ എടുക്കാൻ പാടുള്ളൂ. അത് ശരി തന്നെ. പക്ഷേ പബ്ലിക് അക്കൗണ്ടിനെക്കുറിച്ചും ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനെക്കുറിച്ചും ജീവനക്കാരുടെ ശമ്പള കുടിശ്ശികയുണ്ടെങ്കിൽ അത് ട്രഷറിയിൽ ഇട്ടുകഴിഞ്ഞാൽ അത് അധിക വായ്പയായി പരിഗണിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ അടിസ്ഥാനപരമായി തെറ്റായ സമീപനമാണ്. ഈയൊരു രാഷ്ട്രീയം മനസ്സിലാക്കണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ദി ഹിന്ദു പത്രത്തെ ഉദ്ധരിച്ചുകൊണ്ടാണ് അങ്ങയുടെ പ്രസംഗം തുടങ്ങിയത്. ദി ഹിന്ദുവിന്റെ കറസ്പോണ്ടന്റ് ആക്സസ് ചെയ്തതോ അല്ലെങ്കിൽ അങ്ങ് കൊടുത്തതോ ആയ ഡോക്യുമെന്റിൽ പറയുന്നത് 2014-ലെ fiscal break down and resource crunch ഒഴിവാക്കാൻ വേണ്ടി ധനകാര്യ വകുപ്പ് മൂന്ന് നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഒന്ന്, റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിക്കണം. 56 വയസ് 58 ആക്കണം. രണ്ട്, Free Zone recruitment and post creation. മൂന്ന്, 26 ശതമാനം Disinvestment. ഞങ്ങൾ അത് സമ്മതിച്ചില്ല. അങ്ങ് അത് സമ്മതിക്കാൻ തയ്യാറാണോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഒരിക്കലും സമ്മതിക്കില്ല. ആ പരിഹാരം അവർ നിർദ്ദേശിച്ചതല്ല. പരിഹാരം വരുമാനം വർദ്ധിപ്പിക്കലാണ്. ഈ നടപടി നടപ്പാക്കലല്ല. ഞാൻ പറഞ്ഞത് 2013-14 മുതൽ ഇത്തരത്തിലുള്ള പ്രതിസന്ധിയെ നമ്മൾ അഭിമുഖീകരിക്കുകയാണ്. എന്തോ പുതിയതായി പൊട്ടിവീണു എന്നുകരുതല്ലേ എന്ന് മാത്രമാണ് പറയാനുള്ളത്. അതിനപ്പുറത്തേയ്ക്കൊന്നും ആരോപിക്കുന്നില്ല. ഈ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ 658 കോടി രൂപയുടെ ഡിമാന്റുകളാണ് വച്ചിട്ടുള്ളത്. അതിൽ പുതിയ ഡിമാന്റുകൾ 296 കോടി രൂപയുടേതുണ്ട്. നേരത്തേ തന്നെ ചെലവഴിച്ചതിന്റെ റെഗുലറൈസേഷന് വേണ്ടിയുള്ള 361 കോടി രൂപയുണ്ട്. അതിൽ 358 കോടി രൂപയും കൊച്ചി മെട്രോയ്ക്ക് വേണ്ടിയുള്ളതാണ്. അത് യഥാർത്ഥത്തിൽ അധിക ചെലവ് വന്നതല്ല. റീ-ക്ലാസിഫിക്കേഷനാണ്. എ.ജി.യുടെ നിർദ്ദേശപ്രകാരം ഹെഡ്ഡിൽ ഒരു മാറ്റം വരുത്താൻവേണ്ടി വന്നിരിക്കുന്നതാണ്. അതുകൊണ്ട് ഏതാണ്ട് 300 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റാണ് ഇവിടെ വച്ചിട്ടുള്ളത്. അതിൽ 52 എണ്ണം ടോക്കൺ പ്രൊവിഷനാണ്. എന്നുവച്ചാൽ അതിന് പ്രോജക്ടുകളും കാര്യങ്ങളുമുണ്ടാകും. നിയമസഭയുടെ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളാണ്. അതിനെല്ലാത്തിനും ടോക്കൺ പ്രൊവിഷൻ വച്ചിരിക്കുകയാണ്. ബന്ധപ്പെട്ട വകുപ്പുകൾ അത് സ്കീമുകളോ പ്രോജക്ടുകളോ ആക്കി മാറ്റി സബ്മിറ്റ് ചെയ്യുമ്പോൾ അതിനാവശ്യമായ പണം സുഗമമായി ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ടോക്കൺ പ്രൊവിഷൻ വച്ചിരിക്കുന്നത്. അല്ലെങ്കിൽ ന്യൂ സർവ്വീസ് പ്രൊസീഡ്യുവറൊക്കെ നമുക്ക് പാലിക്കേണ്ടി വരും. അത്തരത്തിൽ വച്ചിട്ടുള്ളതിൽ ഏറ്റവും പ്രധാനപ്പെട്ടത് കിഫ്ബിയുടെ സെന്റേജിനുവേണ്ടിയുള്ള 200 കോടി രൂപയാണ്. കാരണം കിഫ്ബിയുടെ പ്രോജക്ടുകൾക്ക് പുറത്തുള്ള കൺസൽട്ടന്റുമാരെക്കൊണ്ടാണ്

എസ്.പി.വി.-കൾ തയ്യാറാക്കുന്നത്. അതിന് അവർക്കുള്ള ഫീസ് തുടങ്ങിയ കാര്യങ്ങൾ സർക്കാർ ബഡ്ജറ്റിൽ നിന്നാണ് നൽകുന്നത്. അതാണ് തുടക്കം മുതലുള്ള ധാരണ. അതിനുവേണ്ടി 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ കിഫ്ബിക്ക് വേണ്ടിയുള്ള നാല് ലാന്റ് അക്വിസിഷൻ യൂണിറ്റുകൾക്കുള്ള ടോക്കൺ പ്രൊവിഷനുണ്ട്. കിഫ്ബി പ്രോജക്ടുകളുടെ വേഗത വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധേയമായ ഇടപെടൽ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് വഴിയുണ്ട്.

പ്രധാനപ്പെട്ട മറ്റൊന്ന്, വാട്ടർ അതോറിറ്റിയാണ്. ടോക്കൺ പ്രൊവിഷനേയുള്ളൂവെങ്കിലും 753 കോടി രൂപ സംസ്ഥാന സർക്കാരിന്റെ വായ്പ വാട്ടർ അതോറിറ്റിയിലുള്ളത് ഇക്വിറ്റിയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ ഫിനാൻഷ്യൽ റീസ്ട്രക്ചറിംഗിന്റെ ഒരു പ്രധാനപ്പെട്ട ഭാഗമാണിത്. ഇത്തരത്തിലുള്ള നടപടികളിലൂടെ വാട്ടർ അതോറിറ്റി ബാലൻസ് ഷീറ്റ് ക്ലീനാക്കി സ്വന്തമായ നിലയിൽ അതിനാവശ്യമായ പണത്തിന്റെ ഒരു ഭാഗം മാർക്കറ്റിൽ നിന്നും സമാഹരിക്കാൻ പ്രാപ്തിയുണ്ടാക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. കൃഷി ഡിപ്പാർട്ട്മെന്റ് ഈ പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള ടോക്കൺ പ്രൊവിഷൻസ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നുവച്ചാൽ ഇവിടെ പറയുന്നതുപോലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് അനന്തമായി നീളാനല്ല പോകുന്നത്. എത്രയുംവേഗം നടപ്പാക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ സപ്ലിമെന്ററി ഡിമാന്റ്സിലുള്ള മറ്റൊരു പ്രധാനപ്പെട്ട നയപരമായ എലമെന്റ്, നമ്മൾ കുറേ നാളുകളായി പറഞ്ഞുകൊണ്ടിരുന്ന റിവർ ബേസിൻ അതോറിറ്റിക്ക് ടോക്കൺ പ്രൊവിഷൻ വച്ചിരിക്കുന്നു എന്നുള്ളതാണ്. റിവർ ബേസിൻ അതോറിറ്റി യാഥാർത്ഥ്യമായി മാറാൻ പോകുകയാണ്. മുനിസിപ്പാലിറ്റികളുടെ കോമൺ സർവ്വീസ് പെൻഷൻ ഫണ്ടിലേയ്ക്ക് 50 കോടി രൂപ വച്ചിട്ടുണ്ട്. അതുപോലെ ഒരു പ്രധാനപ്പെട്ട പുതിയ സ്ഥാപനത്തിന് ഇതിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുള്ളത് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ്, കോഴിക്കോടിനുള്ളതാണ്. ഇതുപോലെ സെന്റർ ഫോർ കോസ്റ്റൽ ഹെറിറ്റേജ് സ്റ്റഡീസ്, മുസിരീസ് പദ്ധതിയുടെയും അതുപോലുള്ള ഹെറിറ്റേജ് പഠനങ്ങളുടെയുമെല്ലാം കേന്ദ്ര സ്ഥാനത്ത് നിൽക്കുന്നതിനുവേണ്ടി ആദ്യമായി ബഡ്ജറ്റിൽ പണം ഇതുവഴി നീക്കിവയ്ക്കുകയാണ്. ഈ രീതിയിലുള്ള ശ്രദ്ധേയമായ പല പദ്ധതികൾക്കും പണം

മാറ്റിവച്ചിട്ടുണ്ട്. വിമർശനവിധേയമായിട്ടുള്ളത് അധിക ചെലവ് എന്നുള്ള രീതിയിൽ വാഹനങ്ങളുടെ എണ്ണമാണ്. വാഹനങ്ങൾ ആർക്കൊക്കെ വാങ്ങാമെന്നതിന് കൃത്യമായ ഗൈഡ്‌ലൈനുണ്ട്. ഹെഡ് ഓഫ് ഡിപ്പാർട്ടുമെന്റ്സിനും ജുഡീഷ്യൽ ബോഡികൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലുകൾക്കും ബാക്കിയുള്ള മെമ്പർമാർക്കും അതിനുപുറമെ സവിശേഷ സാഹചര്യത്തിൽ ഡിപ്പാർട്ട്മെന്റുകൾക്കും വാഹനം വാങ്ങാം. ഉദാഹരണത്തിന് ഇതിൽ ഏറ്റവും കൂടുതൽ വരുന്നത് വാണിജ്യ നികുതി വകുപ്പിനുള്ള വാഹനമാണ്. എണ്ണം തീരുമാനിച്ചിട്ടില്ല. എ.പി.ആർ. നമ്പരും റീഡറും ഉൾപ്പെടെ ഘടിപ്പിച്ചിട്ടുള്ള വാഹനങ്ങളുടെ ചെറിയ വ്യൂഹം ഉണ്ടാക്കാൻ ഉദ്ദേശിക്കുകയാണ്. എവിടെ വച്ചും ഏത് വണ്ടി കടന്നുപോകുമ്പോഴും നമ്പർ പ്ലേറ്റ് റീഡ് ചെയ്ത് അതിൽ ഇ-വേ ബിൽ ഉണ്ടോ ഇല്ലയോ എന്നുള്ളത് പരിശോധിക്കുന്നതിന് ഓട്ടോമാറ്റിക് സംവിധാനമുള്ള ഏതാനും വാഹനങ്ങൾ എക്സ്പെരിമെന്റലായി എടുക്കാൻ ശ്രമിക്കുന്നു. ഇതിലൊക്കെ നിയന്ത്രണം വയ്ക്കുമ്പോഴും അത്യാവശ്യ കാര്യങ്ങൾ ഒഴിവാക്കാനാകില്ല. ശ്രീ. പി. കെ. ബഷീറിനെ ഏറ്റവും അരിശം പിടിപ്പിക്കുന്നത്, എങ്ങനെയാണ് വൊക്കേഷണൽ ഹയർ സെക്കണ്ടറിക്ക് വയ്ക്കുമെന്നുള്ളതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡിപ്പാർട്ട്മെന്റിനുവേണ്ടി അത് ഉപയോഗപ്പെടുത്താവുന്നതാണ്. ഏകീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇത് വേണ്ടെന്നുണ്ടെങ്കിൽ ടോക്കൺ പ്രൊവിഷനേ വയ്ക്കുന്നുള്ളൂ. മുഴുവൻ അനുവാദവും ഇനിയും വരേണ്ടതാണ്. അപ്പോൾ പരിശോധിക്കാവുന്നതേയുള്ളൂ. പക്ഷെ ഏകീകരണത്തെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ വാക്കുകൾ പാലിക്കുമെന്നും നാളെ 10 കേസ്സുകൾ ഏകീകരണത്തിന്റെ ഫലമായി സീനിയോറിറ്റിയിൽ മാറ്റം വരുന്നത് തരുമെന്നും ഞാൻ പ്രതീക്ഷിക്കുകയാണ്. എന്നിട്ട് മന്ത്രി മറുപടി പറയും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, സർവ്വീസ് സീനിയോറിറ്റി സംബന്ധിച്ച് ഒരു പ്രശ്നവുമില്ലെന്നാണ് അങ്ങ് എന്നോട് പറയുന്നത്. സർവ്വീസ് സീനിയോറിറ്റി സംബന്ധിച്ച് പ്രശ്നങ്ങൾ ഉണ്ടെന്നുതന്നെയാണ് എന്റെ സ്റ്റാന്റ്. അതിന് എന്താണ് തർക്കം?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, തർക്കം സംബന്ധിച്ച് അങ്ങ് ഉദാഹരണം പറയുമ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയും. ഒരു സർവ്വീസ് ഇന്റഗ്രേഷനുമില്ല. ഹയർ സെക്കണ്ടറി അദ്ധ്യാപകർ ഇന്നുള്ളതുപോലെതന്നെ ഹയർ സെക്കണ്ടറിയിൽ തുടരും. ഹൈസ്കൂൾ അദ്ധ്യാപകർ

ഇന്നുള്ളതുപോലെതന്നെ ഹൈസ്കൂളിൽ തുടരും. അവരുടെ ഹെഡ്മാസ്റ്റർ പദവിപോലും പോകില്ല. ഹെഡ്മാസ്റ്ററെ റീ-ഡെസിഗ്നേറ്റ് ചെയ്ത് വൈസ് പ്രിൻസിപ്പൽ എന്ന് വിളിക്കും. എന്ത് ഇന്റഗ്രേഷനാണ് നടക്കുന്നത്. ഇന്റഗ്രേഷന്റെ പ്രശ്നമുണ്ടെങ്കിൽ അങ്ങ് സഭയിൽ പറഞ്ഞതുപോലെ നാളെ അതിന്റെ വിവരം തരു. തീർച്ചയായും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്യും.

<u>ശ്രീ. പി. ജെ. ജോസഫ്:</u> സർ, നാഷണൽ പോളിസി പ്രഖ്യാപിച്ചിരിക്കുന്നു. ഇനി മുതൽ 9, 10, 11, 12 ക്ലാസ്സുകൾ ഒറ്റ യൂണിറ്റായിരിക്കും. ഓപ്ഷൻ സബ്ജക്ട് 11-ാം ക്ലാസ്സിൽ തുടങ്ങേണ്ടിടത്ത് 9-ാം ക്ലാസ്സിൽ തുടങ്ങും. ടീച്ചേഴ്സിനെല്ലാം ഒരേ ക്വാളിഫിക്കേഷൻ. പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രിയുള്ളവർ. ആകെ മാറാൻ തുടങ്ങുകയാണ്. അടുത്ത വർഷം മുതൽ വരികയാണ്. 9, 10, 11, 12 ക്ലാസ്സുകൾ ഒരു ഡയറക്ടറേറ്റ് ആകാതിരിക്കാൻ പറ്റില്ല. ഇപ്പോഴുള്ള നില താൽക്കാലികമാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ പറഞ്ഞത് ഞാൻ പറഞ്ഞതിനോട് കൂടുതൽ യോജിക്കുകയാണ്. അങ്ങ് പറഞ്ഞത് ഏകീകരണം അനിവാര്യമാണെന്നാണ്. ഇപ്പോൾ ഞങ്ങൾ ആ നിലപാട് എടുത്തിട്ടില്ല. ദേശീയ വിദ്യാഭ്യാസ നയത്തിൽ വരുന്ന സംയോജനം സംബന്ധിച്ച് വിശദമായി നമ്മൾ ചർച്ച ചെയ്ത് നിലപാട് സ്വീകരിക്കേണ്ടതുണ്ട്. ക്യാമ്പസിന്റെ അഡ്മിനിസ്ട്രേഷൻ ഏകീകരിക്കൽ മാത്രമാണ് ഇപ്പോൾ ആകെ ചെയ്യുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് -2 മുതൽ +2 വരെ, ആ സിസ്റ്റത്തിലേയ്ക്കാണ് മാറ്റം വരുത്തുന്നത്. അങ്ങനെ മാറ്റം വരുമ്പോൾ ഹയർ സെക്കണ്ടറിയും സെക്കണ്ടറിയും തമ്മിൽ വ്യത്യാസമുണ്ട്.

<u>മി. സ്പീക്കർ:</u> നേരത്തെ ഒരു കൺക്ലൂഷനിൽ എത്തിയതാണ്. സർവ്വീസ് സീനിയോറിറ്റിയുടെ ബുദ്ധിമുട്ടുള്ള 10 പേരുടെ ലിസ്റ്റ് അങ്ങ് നാളെ കൊടുക്കുമെന്ന് പറഞ്ഞു. അത് കൊടുത്തിട്ട് സംസാരിച്ചാൽ പോരെ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് രണ്ട് സിസ്റ്റവും നിലനിൽക്കുമെന്നാണ്. ഹെഡ്മാസ്റ്റർ എന്നുള്ളത് വൈസ് പ്രിൻസിപ്പൽ ആകും. പേരിന്റെ ചെയിഞ്ച് മാത്രമേ ഉള്ളൂ. ആ രൂപത്തിലാണ് അങ്ങിവിടെ പറഞ്ഞത്. ഞാൻ പറയുന്ന പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നേരത്തെ പറഞ്ഞത് അനുസരിച്ച് -2 മുതൽ +2 വരെ ഒരേ സിസ്റ്റത്തിലേയ്ക്ക് പോകുകയാണെന്നാണ്. അങ്ങനെ വരുമ്പോൾ സർവ്വീസ് സീനിയോറിറ്റി നിശ്ചയമായും വരും. അതുതന്നെയാണ് ഞാൻ പറഞ്ഞത്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, -2 മുതൽ +2 വരെ ഒന്നിച്ചാക്കുമെന്ന് ഞാൻ ഈ നിയമസഭയിൽ എവിടെയെങ്കിലും ഒരു വാചകം പറഞ്ഞിട്ടുണ്ടെങ്കിൽ, എഴുതി കാണിച്ചുതന്നാൽ ഞാൻ പറയാം. ഇതുവരെ അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങ് വെറുതെ ഓരോന്ന് പുതിയതായി പറയുന്നതാണ്. ഞാൻ ഇങ്ങനെ ഒരു വാചകം ഈ നിയമസഭയിൽ എന്നെങ്കിലും പറഞ്ഞത് റെക്കോർഡിൽനിന്നും കാണിച്ചുതരുമോ? വെറുതെ പറയരുത്. ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. അഡ്മിനിസ്ട്രേറ്റീവ് ഇന്റഗ്രേഷൻ മാത്രമേ പറഞ്ഞിട്ടുള്ളൂ.

മി. സ്പീക്കർ: ഒരു ദിവസം കാത്തുനിൽക്കു അദ്ദേഹം 10 പേരുടെ ലിസ്റ്റ് തരട്ടെ.

ശ്രീ. പി. കെ. ബഷീർ: സർ........

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, 6 മിനിട്ട് കൂടുതൽ എടുത്ത് വളരെ വിശദമായി സംസാരിച്ചതല്ലേ;

ഡോ. ടി. എം. തോമസ് ഐസക്: സർ, സമയം തരാം. ഞാൻ പറഞ്ഞുകഴിയട്ടെ. ശ്രീ. വി. ജോയി പല ശ്രദ്ധേയമായ നിർദ്ദേശങ്ങളും വച്ചു. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി സർക്കാരിന്റെ വിവിധ ഫണ്ടുകൾ എന്തുകൊണ്ട് സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചുകൂടാ എന്ന് ചോദിക്കുകയുണ്ടായി. അത് പരിശോധിക്കാം. അതിൽ ബുദ്ധിമുട്ടുള്ളത് കോർ ബാങ്കിംഗ് സിസ്റ്റത്തിലേയ്ക്ക് പ്രാദേശിക സഹകരണ ബാങ്കുകൾ വന്നിട്ടില്ല. എന്നാൽ കേരള ബാങ്ക് വരുന്നതോടുകൂടി ഇതിൽ അടിസ്ഥാനപരമായി വളരെയധികം വ്യത്യാസം വരാൻ പോകുകയാണ്. കേരള ബാങ്കിന്റെ മിറർ ഇമേജ് വരുന്നതോടുകൂടി പ്രാദേശിക സഹകരണ ബാങ്കുകൾ ഇതിനേക്കാൾ ഉപയുക്തമായ കഴിവുള്ള രീതിയിലേയ്ക്ക് മാറും. ആ കാലത്തിന് കാത്തുനിൽക്കാതെ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന് സജീവമായി സഹകരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് നിലപാട് സ്വീകരിക്കാവുന്നതാണ്. അടുത്തത് ആസ്തി വികസന ഫണ്ട് 20 വർക്കുകൾക്കായി പരിമിതപ്പെടുത്തിയിരിക്കുന്നത് വർദ്ധിപ്പിക്കണം എന്നുള്ളതാണ്. അത് നേരത്തെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ എണ്ണം വർദ്ധിപ്പിക്കുന്നതിൽ തീരുമാനം എടുത്തുകഴിഞ്ഞിട്ടുള്ളതാണ്. സഭയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. സ്പെഷ്യൽ സാംഗ്ഷനുവന്നാൽ പരിഗണിക്കുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, എ.ഡി.എഫ്.-ന്റേത് 20 എന്നത് വർദ്ധിപ്പിക്കാമെന്നാണ് കഴിഞ്ഞ സഭയിൽ ഞാൻ ചോദിച്ചപ്പോൾ അങ്ങ്

പറഞ്ഞത്. ഇതിൽ ഒരു വിഷയമുള്ളത് ഓരോന്നിലും സെപ്പറേറ്റ് വർദ്ധിപ്പിക്കുമ്പോൾ അങ്ങേയ്ക്ക് കത്ത് തരണമെന്നുള്ളതാണ്. പൊതുവിൽ ഇരുപതിനെ മുപ്പതായോ മറ്റോ വർദ്ധിപ്പിച്ച് ഒരുത്തരവിറക്കി ജില്ലാ കളക്ടർമാർക്ക് നൽകണം. ഈ സഭയിൽ കഴിഞ്ഞ പ്രാവശ്യം അങ്ങ് 400 കോടി രൂപയുടെ പ്രോജക്റ്റിന് 100 രൂപ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ടെന്ന് പറഞ്ഞു.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, അക്കാര്യം ചർച്ചയിൽ പറഞ്ഞതല്ലേ?

ശ്രീ. പി. കെ. ബഷീർ: സർ, അതിന്റെ മറുപടിയാണ് ചോദിച്ചത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് ചോദിച്ച കാര്യം എനിക്ക് ഓർമ്മയുണ്ട്. അതിന് നിശ്ചയമായും മറുപടി പറയുക തന്നെ ചെയ്യും. ഏത് ചോദ്യത്തിനാണ് മറുപടി പറയാതെ പോയിട്ടുള്ളത്? 400 കോടി രൂപയെന്ന് പറഞ്ഞു. കഴിഞ്ഞ വർഷം 1400 കോടി രൂപയുടെ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ലാത്ത റോഡുകൾക്കുവേണ്ടി അധികമായി പണം പി.ഡബ്ല്യൂ.ഡി.ക്ക് ലഭ്യമാക്കി. ഈ വർഷം ഇതിനകംതന്നെ ആയിരം കോടി രൂപ അധികമായി ചെലവാക്കിക്കഴിഞ്ഞു. ഇനി നമ്മുടെ പണലഭ്യത പരിശോധിച്ചിട്ട് ഇത് പോരായെന്ന് അഭിപ്രായമുണ്ടെങ്കിൽ കൂടുതൽ തുക ലഭ്യമാക്കും. അതുകൊണ്ട് ഞാൻ എന്ത് വാക്ക് പാലിച്ചില്ലെന്നാണ് പറയുന്നത്? അത് അർത്ഥമില്ലാത്ത കാര്യമാണ്. ശ്രീ. വി. ജോയി പറഞ്ഞ കാര്യങ്ങളിൽ ഒരു വിമർശനമുള്ളതിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ശ്രീ. ജോയി പറഞ്ഞത് കയറിന്റെ ഉൽപ്പാദനച്ചെലവ് കൂടിക്കൊണ്ടിരിക്കുന്നതിനാൽ അതിന്റെ വില വർദ്ധിപ്പിക്കണമെന്നാണ്. പോരാത്തതിന് സമീപകാലത്ത് കൂലി 50 രൂപ വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ വില വർദ്ധിപ്പിച്ചില്ലെങ്കിൽ വലിയ പ്രതിസന്ധിയുണ്ടാകുമെന്നാണ്. കൂലി മാത്രം പരിശോധിച്ചാൽ പോര, അതിന്റെ പ്രൊഡക്ടിവിറ്റിയും പരിശോധിക്കേണ്ടതാണ്. ശ്രീ. വി. ജോയിയുടെ മണ്ഡലത്തിലെ അഞ്ചുതെങ്ങ് മേഖലയെ മാറ്റി നിർത്താം. ഇന്ന് 85 ശതമാനം കയറും വൈക്കം കയറാണ്. വൈക്കം കയറിൽ കഴിഞ്ഞ നാലഞ്ച് വർഷം കൊണ്ടുവന്നിരിക്കുന്ന വലിയ മാറ്റം എന്നുപറയുന്നത് ഏതാണ്ട് എല്ലാം പരമ്പരാഗത റാട്ടിൽ നിന്നും ഇലക്ട്രോണിക് റാട്ടിലേയ്ക്ക് മാറിക്കഴിഞ്ഞു എന്നുള്ളതാണ്. എവിടെയെങ്കിലും ഇലക്ട്രോണിക് റാട്ടില്ലെങ്കിൽ സൗജന്യമായി കൊടുക്കുകയാണ്. ആ രീതിയിൽ ഇതിന്റെ പ്രൊഡക്ഷൻ ഇലക്ട്രോണിക് റാട്ടിലൂടെ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇവ തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ നേരത്തെ മൂന്ന് തൊഴിലാളികൾ അല്ലെങ്കിൽ രണ്ട് തൊഴിലാളികൾ മിനിമം ഒരു റാട്ടിന്

വേണ്ടിയിരുന്ന സ്ഥലത്ത് ഇലക്ട്രോണിക് റാട്ട് വരുമ്പോൾ ഒരു തൊഴിലാളി മതിയാകും. പ്രൊഡക്ടിവിറ്റി മിനിമം ഇരട്ടിയാകുകയോ അല്ലെങ്കിൽ ചില ഘട്ടങ്ങളിൽ രണ്ടര മൂന്ന് ഇരട്ടിയായോ വർദ്ധിക്കുകയാണ്. അപ്പോൾ 50 രൂപ കൂലി വർദ്ധിപ്പിച്ചു എന്ന കാരണത്താൽ വില വർദ്ധിപ്പിക്കേണ്ട ആവശ്യമെന്താണ്? നാളെ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ വന്നാൽ പ്രൊഡക്ടിവിറ്റി 20 ശതമാനം വരെ വർദ്ധിച്ചേയ്ക്കാം. അപ്പോൾ കൂലി വർദ്ധിപ്പിച്ചാൽ അപ്പോഴും വില വർദ്ധിപ്പിക്കണോ? കയർ ദേശീയ മാർക്കറ്റിലാണ് വിപണനം നടത്തുന്നത്. കൈത്തറി നമ്മുടെ മാർക്കറ്റിൽ വിറ്റഴിക്കാൻ കഴിയും. സ്കൂൾ കുട്ടികളുടെ യൂണിഫോമായി കൊടുക്കാൻ കഴിയും. ഈ കയർ മുഴുവൻ സംഭരിച്ചുകഴിഞ്ഞാൽ വിറ്റഴിക്കണ്ടേ? സാങ്കേതികവിദ്യയിൽ മാറ്റം വരുത്തുന്നത് ഉൽപ്പാദനച്ചെലവ് കുറച്ച് കയറിന്റെ വില കോമ്പറ്റിറ്റീവായി കുറയ്ക്കുവാൻ വേണ്ടിയാണ്. അതുകൊണ്ട് വളരെ വിശദമായ പഠനം നടത്തിയതിൽനിന്നും ഞാനത് വ്യവസായം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കാം. മുഴുവൻ റിപ്പോർട്ടും മുഴുവൻ അംഗങ്ങൾക്കും പരിശോധിക്കാവുന്നതാണ്. ഇന്നത്തെ പ്രൊഡക്ടിവിറ്റി അനുസരിച്ച് ഏഴ് മണിക്കൂർ പണിയെടുക്കാൻ തയ്യാറായാൽ നാന്നൂറും നാന്നൂറ്റിയമ്പതും രൂപ വരെ സമ്പാദിക്കാൻ കഴിയും. അതാണ് പഠനം കാണിക്കുന്നത്. അത് മുഴുവൻ വ്യവസായം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരട്ടെ. എം.എൽ.എ.-മാർ മുഴുവൻ അത് പരിശോധിക്കണം. വ്യവസായത്തെ ചിട്ടപ്പെടുത്തണം. എന്നിട്ടും നഷ്ടം വരാനുള്ള കാരണമെന്താണെന്ന് പരിശോധിക്കേണ്ടതുണ്ട്. ആ പഠനം പൂർത്തിയായിട്ടില്ല. അതിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് ഒരു കിലോ ചകിരി ഉുക്കാൻ രണ്ട് രൂപ ചെലവ്, പത്ത് കിലോമീറ്റർ വരെ വാഹനത്തിൽ എത്തിക്കുന്നതിന് രണ്ടായിരം രൂപ ചെലവ്, പത്തൊൻപത് രൂപ വിലയുള്ളപ്പോൾ ചകിരിക്ക് വാങ്ങിയത് 26 രൂപ. ഈ അരാജകത്വം സംഭവിക്കില്ല. ഈ വ്യവസായത്തെ പുനഃസംഘടിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ പ്രൊഡക്ടിവിറ്റി വച്ച് ന്യായമായ കൂലി 350 രൂപയിൽ നിന്നും 400 രൂപയായി വർദ്ധിപ്പിക്കാൻ കഴിയും. ആ ചിട്ടയിൽ പ്രവർത്തിക്കണം. അതുകൊണ്ട് ഞാൻ ചിറയിൻകീഴിനെ ഒഴിവാക്കിയത് നിങ്ങൾ പറഞ്ഞതുപോലെ ഫൈനൽ ഫൈബർ വേണം, തൊണ്ട് അഴുക്കണം. ഇപ്പോൾ തൊണ്ടിനും സബ്സിഡിയില്ല. അതിന്റെ വില വർദ്ധിപ്പിക്കുന്നതിന് എതിരല്ല. അതിനുവേണ്ടി ആറാട്ടുപുഴ വരെ പോകേണ്ടിവന്നേയ്ക്കാം.

ശ്രീ. വി. ജോയി: സർ, അതുകൊണ്ട് നമ്മുടെ തൊഴിലാളികൾക്ക് മിനിമം 12 രൂപയേ നേടാൻ കഴിയുന്നുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതുകൊണ്ട് ഞാൻ നിങ്ങളെ ഒഴിവാക്കിയിട്ടാണ് പറഞ്ഞത്. അത് വച്ച് നിങ്ങൾ സംസ്ഥാനം മുഴുവനായി വാദിക്കരുത്. ശ്രീ. പി. കെ. ബഷീർ വീണ്ടും ഉന്നയിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധിക ഫണ്ടിനെപ്പറ്റിയാണ്. അങ്ങ് വായിച്ച ചോദ്യോത്തരത്തിന്റെ അർത്ഥമെന്താണ്? കഴിഞ്ഞ വർഷം ക്യൂവിൽ വച്ച ബിൽ, ഈ വർഷത്തെ അലോക്കേഷനിൽ നിന്നല്ലാതെ എവിടെ നിന്നാണ് കൊടുക്കാൻ കഴിയുന്നത്? കഴിഞ്ഞ വർഷത്തെ അലോക്കേഷനെന്ന് പറഞ്ഞ് കൊടുക്കാൻ സർക്കാർ ഭരണത്തിൽ സാധ്യമല്ല. ഞാൻ എത്ര പ്രാവശ്യം സഭയിൽ പറഞ്ഞു 833 കോടി രൂപയുടെ ക്യൂവിൽ നിന്ന ബില്ലുണ്ട്. 833 കോടി രൂപ കൂടുതൽ ലഭ്യമാക്കും. 833 കോടി രൂപ ലഭ്യമാക്കുന്നതെങ്ങനെ? പ്ലാൻ 20 ശതമാനം വർദ്ധിപ്പിച്ച് റിവൈസ് ചെയ്തുകൊള്ളൂ. ജില്ലാ പഞ്ചായത്തും മറ്റുമാണെങ്കിൽ 30 ശതമാനം റിവൈസ് ചെയ്തോളൂ പണം സർക്കാർ തരുന്നതാണ്. ജില്ലാ പഞ്ചായത്തിൽ മുപ്പത് ശതമാനം കൊണ്ട് തികയുന്നില്ലെങ്കിൽ അത് പ്രത്യേകം പരിഗണിക്കുന്നതാണ്. ഇങ്ങനെ പറയുന്നതിന്റെ അർത്ഥം അഡീഷണലായി 833 കോടി രൂപ കൊടുക്കുമെന്നതന്നെയാണ്. ഇത് 833 കോടി രൂപയാണ്, ഇത് ഇപ്പോഴത്തെ കറന്റ് പ്ലാനാണ്, ഇന്ന് ചാപ്പ കുത്തിയല്ല ട്രഷറിയിൽ നിന്നും പണം കൊടുക്കുന്നത്. Fund is punchable; നിങ്ങൾക്ക് എന്തിനായാലും ചെലവഴിക്കാം. അപ്പോൾ ഞാൻ വീണ്ടും സഭയിൽ പറയുന്നത് ഈ സമരത്തിന്റെയും കോലാഹലത്തിന്റെയുമൊന്നും കാര്യമില്ല. അതിന് അധിക പണം ലഭ്യമാക്കും.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് കോൺട്രഡിക്ടറിയാണ്. ഡിപ്പാർട്ട്മെന്റ് പറഞ്ഞിരിക്കുന്നത് നേരത്തെ ഫൈനലൈസ് ചെയ്ത എല്ലാ പദ്ധതികളും റിവൈസ് ചെയ്യാനാണ്. അത് റിവൈസ് ചെയ്തുകഴിഞ്ഞു. ക്യൂ നിന്ന ബില്ലുകളും സ്പിൽ ഓവറുകളും ഒഴിവാക്കിക്കൊണ്ട് മാത്രമേ അലോക്കേഷൻ ഉള്ളൂവെന്ന് പറഞ്ഞ് റിവൈസ് ചെയ്യുകയും എന്നാൽ 20 ശതമാനം അഡീഷണൽ കൊടുക്കുമെന്ന് ഇവിടെ പറയുകയും ചെയ്യുന്നു. അങ്ങനെയാണെങ്കിൽ എന്തിനാണ് ഈ വർഷത്തെ പ്ലാൻ റിവൈസ് ചെയ്യാൻ പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, കാരണം ഈ വർഷത്തെ അലോക്കേഷനിൽനിന്നും ആദ്യം ഈ പണം കൊടുക്കുമ്പോൾ നിലവിൽ ഉണ്ടാക്കിയിട്ടുള്ള പ്ലാൻ പ്രോജക്ടുകൾക്ക് പണമില്ലാതെ വരും. അതുകൊണ്ട് 20 ശതമാനം നിങ്ങൾ വർദ്ധിപ്പിച്ചുകൊള്ളൂ. എന്നാൽ ചില പഞ്ചായത്തുകൾക്ക് 20 ശതമാനമല്ല, പ്ലാൻ ക്യൂവിൽ ഒന്നുമില്ല. അങ്ങനെയാണെങ്കിൽ അവർ സ്പിൽ ഓവറായിട്ടുള്ള പ്രോജക്ടുകളിൽ ഉൾപ്പെടുത്തിക്കൊള്ളട്ടെ. ശ്രീ. പി. കെ. ബഷീർ നേരത്തെ അവിടെനിന്ന് ചോദിച്ചു നിങ്ങൾ കൊടുക്കുമോ; ഓർഡർ ഇറക്കുമോ എന്ന്.

ഞാൻ അപ്പോൾ സമ്മതിക്കേണ്ടതില്ലായിരുന്നു. ശ്രീ. പി. കെ. ബഷീർ, ക്യൂവിൽ നിൽക്കുന്നതിന് മാത്രം കൊടുക്കാം എന്ന് ഞാൻ ഓർഡർ ഇറക്കിക്കൊള്ളാം. അപ്പോൾ ശ്രീ. പി. കെ. ബഷീറിന് മനസ്സിലായി അതിനേക്കാൾ 400 രൂപ കൂടുതലാണ് ഇരുപതും മുപ്പതും ശതമാനം വച്ച് കൊടുക്കേണ്ടി വരുമ്പോൾ വരുന്നതെന്ന്. അതുകൊണ്ട് ആ പ്രശ്നം ഒഴിവാക്കാൻ വേണ്ടിയാണ് പ്ലാൻ റിവൈസ് ചെയ്യാൻ പറഞ്ഞത്. അതുകൊണ്ട് 833 കോടി രൂപ കൊടുക്കുവാൻ ഈ സർക്കാർ കമ്മിറ്റഡാണ്. ക്യൂവിൽ കഴിഞ്ഞ വർഷം സബ്മിറ്റ് ചെയ്ത ബില്ലുകൾ ഡിപ്പാർട്ട്മെന്റിന്റേതായാലും ലോക്കൽ ഗവൺമെന്റിന്റേതായാലും ഈ വർഷത്തെ അലോക്കേഷന് കൊടുക്കും. അധികമായി പണം ലഭ്യമാക്കുകയും ചെയ്യും. ഞാൻ ഈ സന്ദർഭത്തിൽ കൂടുതൽ സംസാരിക്കുന്നില്ല. മറ്റ് മന്ത്രിമാർക്ക് സംസാരിക്കാനുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അതങ്ങ് നേരെ പറഞ്ഞാൽ പോരെ. അങ്ങയുടെ കയ്യിൽ ഇപ്പോൾ തരാൻ കാശില്ല, അതുകൊണ്ട് പിന്നെ തരാമെന്ന് നേരെ പറഞ്ഞാൽ പോരെ. എന്തിനാണ് ഇങ്ങനെ വളച്ചുകെട്ടി പറയുന്നത്; ആരെ കബളിപ്പിക്കാനാണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്തിനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെ തെറ്റിദ്ധാരണ ഉണ്ടാക്കുന്നത്? വല്ല കാര്യവും ഉണ്ടോ? ഞാൻ നേരെയല്ലേ പറഞ്ഞത് അതിനുവേണ്ടി പദ്ധതികൾ റിവൈസ് ചെയ്തുകൊള്ളൂ അധിക തുക അനുവദിക്കുമെന്ന്. നമുക്ക് രണ്ടുപേർക്കും കാര്യം മനസ്സിലായ സ്ഥിതിക്ക് നമുക്കിത് അവസാനിപ്പിക്കാം.

## വ്യക്തിപരമായ വിശദീകരണം (തുടർച്ച)

## (2)ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അഴിമതിയാരോപണം

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കൺസൾട്ടൻസിയെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട് ചില ആക്ഷേപങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. വസ്തുതകൾ വേണ്ടത്ര അദ്ദേഹത്തിന് മനസ്സിലാകാത്തതിന്റെ ഭാഗമായിട്ടും തെറ്റായ വിവരങ്ങൾ ലഭ്യമായതിന്റെ ഭാഗമായിട്ടുമാണ് അദ്ദേഹം അത് ഉന്നയിച്ചതെന്ന് ഞാൻ കരുതുന്നു. ഈ പദ്ധതിയാകെ തകരാറിലായിരിക്കുകയാണ് എന്നാണ് അദ്ദേഹം ആദ്യം ഉന്നയിച്ചത്. ആറ് കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലുമായിട്ടാണ് സ്വീവേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ 629 കോടി രൂപയുടെ 137 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചത്. അതിൽ 136

പദ്ധതികൾക്ക് ഭരണാനുമതി നൽകി, 133 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകി, 132 പദ്ധതികൾ ടെണ്ടർ ചെയ്തു. 88 പദ്ധതികളുടെ വർക്ക് അവാർഡും ചെയ്തു. അപ്പോൾ സ്വാഭാവികമായും ഈ വർക്ക് സ്തംഭനത്തിലല്ല, വർക്ക് മുന്നോട്ടുപോകുകയാണ്. കാലതാമസമുണ്ടായത് ഈ കാരണം കൊണ്ടുമാത്രമല്ല സാങ്കേതികമായിട്ടുള്ള നിരവധി പ്രശ്നങ്ങളുടെയും പരിശോധനകളുടെയും ഭാഗമായിട്ടാണ്. കഴിഞ്ഞ ദിവസം കേന്ദ്ര മന്ത്രിതന്നെ ഇതിന്റെ പരിശോധന നടത്തുകയും വളരെ വേഗത്തിൽ പദ്ധതികൾ പോകുന്നുവെന്നതിൽ തൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അമൃത് പദ്ധതിയുടെ ഭാഗമായുള്ള ദ്രവമാലിന്യ സംസ്കരണ പദ്ധതി സ്തംഭിച്ചിരിക്കുകയാണ് എന്ന അദ്ദേഹത്തിന്റെ നിഗമനവും അഭിപ്രായവും ശരിയല്ല എന്ന് പറയാനാണ് ഞാൻ ഇത് സൂചിപ്പിച്ചത്. രണ്ടാമത്തെ കാര്യം, ഇതിന്റെ കൺസൾട്ടൻസിയെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ടതാണ്. 2015-ൽ അംഗീകാരം കിട്ടിയ ഈ പദ്ധതിയുടെ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻവേണ്ടി expression of interest വിളിച്ചിരിക്കുന്നത് 26-5-2016-നാണ്. ഈ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്തതിന്റെ തൊട്ടടുത്ത ദിവസം. കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ച എന്നുള്ള നിലയ്ക്കാണ് ആ തീരുമാനത്തിന്റെ ഭാഗമായി കൺസൽട്ടൻസിയെ വയ്ക്കണമെന്ന് തീരുമാനിച്ചത്. എംപാനൽ ചെയ്ത സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളുകളുടെ ഒരു ലിസ്റ്റുണ്ടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക എന്നുള്ള നല്ല ഉദ്ദേശ്യത്തോടുകൂടി ആയിരിക്കാം അങ്ങനെയൊരു തീരുമാനം എടുത്തിട്ടുള്ളത്. ആ നടപടിക്രമങ്ങളുടെ ഭാഗമായി liquid waste management-ന് 9 ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. Manu Creations, Ultratech environmental consultancy, Sens Wasser Solutions & co., Global Labs and Consultants, Mantras Green Resources Ltd, KITCO Ltd, Ram Biologicals, INKEL Limited, Confident Engineering India (P) Ltd എന്നിങ്ങനെ 9 സ്ഥാപനങ്ങളാണ് അവ. അവരുടെ സാങ്കേതികവിദ്യകളൊക്കെ പരിശോധിച്ച് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയാണ് ഇവരെ എംപാനൽ ചെയ്തത്. എംപാനൽ ചെയ്ത കമ്പനികളിൽനിന്ന് സർക്കാരിന്റെ നിർദ്ദേശപ്രകാരം ഇന്ന ഏജൻസിയെതന്നെ എടുക്കണമെന്നുള്ള നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ല. എംപാനൽ ചെയ്ത ലിസ്റ്റിൽനിന്ന് അവരുടെ സാമ്പത്തികവും സാങ്കേതികവുമായ പ്രശ്നങ്ങളെല്ലാം പരിശോധിച്ച് ഇ-ടെണ്ടർ നടപടികളിലൂടെയാണ് ഓരോ നഗരസഭാ/ കോർപ്പറേഷനുകൾ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുള്ളത്. ഗവൺമെന്റിന് അക്കാര്യത്തിൽ ഒരു നിർബന്ധവുമില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻവേണ്ടി ഈ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ എംപാനൽ

ലിസ്റ്റുണ്ടാക്കാൻ മുൻഗവൺമെന്റ് തീരുമാനിച്ചതിന്റെ തുടർച്ച എന്നുള്ള നിലയ്ക്കാണ് ആ നടപടികൾ നടന്നുവന്നത്. കേരളത്തിലെ ഒൻപത് നഗരസഭകളിലെ ഭരണസമിതി ചേർന്ന് നിയമാനുസരണമുള്ള ടെണ്ടർ നടപടികളിലൂടെയാണ് ഇവരെ തെരഞ്ഞെടുത്തിട്ടുള്ളത്.

നേരത്തെ പറഞ്ഞ 629 കോടി രൂപയുടെ 115 പ്രോജക്ടുകളിൽ മഹാഭൂരിപക്ഷവും വാട്ടർ അതോറിറ്റിയാണ് നടപ്പാക്കുന്നത്. അതിലെ 23 പ്രോജക്ടുകൾ മാത്രമാണ് കോഴിക്കോട് ആസ്ഥാനമായ ഈ കമ്പനി ഇ-ടെണ്ടർ വഴി വിവിധ നഗരസഭകളിൽ ഏറ്റെടുത്ത് കൺസൾട്ടൻസി സേവനം നൽകിവരുന്നത്. ഈ പദ്ധതികളുടെ സിംഹഭാഗം പ്രോജക്ടുകളും നടപ്പാക്കുന്നത് വാട്ടർ അതോറിറ്റി മുഖേനയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി .എം. തോമസ് ഐസക്): സർ, ആരാണ് ടെണ്ടർ ചെയ്യുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, അതത് കോർപ്പറേഷൻ/നഗരസഭകൾ തന്നെയാണ് ഇത് ടെണ്ടർ ചെയ്യുന്നതും സെലക്ട് ചെയ്യുന്നതും. ആലപ്പുഴയിലും ഇങ്ങനെതന്നെയാണ്. അവർ കൊടുത്ത ഫീസിന്റെ കണക്കെല്ലാം എന്റെ കയ്യിലുണ്ട്. ഞാൻ അതിനെ രാഷ്ട്രീയമായിട്ടൊന്നും കാണാനുദ്ദേശിക്കുന്നില്ല. ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമായി എന്തെങ്കിലും തെറ്റായ കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് ശ്രമിച്ചിട്ടില്ല എന്നുപറയാൻ വേണ്ടിയാണ്. ബന്ധപ്പെട്ട നഗരസഭകൾ തന്നെയാണ് അക്കാര്യത്തിൽ തീരുമാനിച്ചിട്ടുള്ളത്.

115 പ്രോജക്ടുകൾ വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പാക്കുന്നത്. നേരത്തെ ശ്രീ. വി.ഡി. സതീശൻ, എം.എൽ.എ. പറഞ്ഞതുപോലെ 23 എണ്ണമാണ് മറ്റ് നഗരസഭകളിൽ സെപ്റ്റേജ്, സ്വീവേജ് മാലിന്യങ്ങൾ ടെണ്ടർ നടപടികളിലൂടെ അതാത് നഗരസഭകൾ ടെണ്ടർ ചെയ്തതിനനുസരിച്ചാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ഇവരുടെ സാങ്കേതികവിദ്യയെ സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ഇവിടെ വരികയുണ്ടായി. Electrocoagulation സാങ്കേതികവിദ്യയാണ് ഇതിന് ഉപയോഗിച്ചിട്ടുള്ളത്, അത് രാജ്യത്ത് നിലവിലില്ലാത്തതാണ് എന്നെല്ലാമുള്ള അദ്ദേഹത്തിന്റെ വിശദീകരണം ഇവിടെയുണ്ടായി. അമൃത് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഏതുതരം സാങ്കേതികവിദ്യ ഉപയോഗിക്കണമെന്ന് കേന്ദ്രം നിഷ്കർഷിച്ചിട്ടില്ല. ഈ സാങ്കേതികവിദ്യയെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. 23-12-2017-ന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പദ്ധതിക്ക് എ.എസ്. ലഭിച്ചു. 5-1-2018-ന് കൺസൾട്ടന്റ് ബയോളജിക്കൽ കെമിക്കൽസ് സെപ്റ്റേജ്

പ്രോജക്ടിനെക്കുറിച്ചുള്ള പ്രസന്റേഷൻ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു. അവർ ഉണ്ടാക്കിയ ടെക്നോളജിയുടെ വർക്ക്മോഡൽ കോഴിക്കോട്ടുവച്ച് അവതരിപ്പിച്ചു. അതിനെത്തുടർന്നും ചില സംശയങ്ങൾ ഉണ്ടായി. അവ പരിഹരിക്കാൻവേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ ഹൈപവർ സ്റ്റിയറിംഗ് കമ്മിറ്റി അത് പരിശോധിച്ചു. കേരളത്തിലെ തന്നെ നിരവധി സ്ഥലങ്ങളിൽ, ഇന്ത്യയിൽ മുന്നൂറോളം പ്ലാന്റുകളിൽ ഈ സാങ്കേതിവിദ്യയുണ്ടെന്ന് അവർ കണ്ടു.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ആലപ്പുഴയിൽ പ്രളയകാലത്ത് മുഴുവൻ ക്യാമ്പുകളിലും ട്രീറ്റ്മെന്റ് mobile electrocoagulation plant-കളാണ് ഉപയോഗപ്പെടുത്തിയത്. അത് വിജയകരമായിരുന്നു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ ആലപ്പുഴയിലെ പ്രശ്നത്തിലേയ്ക്ക് വരുന്നുണ്ട്. ഇന്ത്യയിൽ തന്നെ 300-ഓളം പ്ലാന്റുകളുണ്ട്. കേരളത്തിൽ ചില ആശുപത്രികളിലും ചില സ്ഥാപനങ്ങളിലും ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ട്. ടെക്നിക്കൽ കമ്മിറ്റി വിജയകരമായ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് അങ്ങ് പറഞ്ഞ പോലീസ് അക്കാദമിയിൽ സ്ഥാപിച്ച പ്ലാന്റ് സന്ദർശിച്ച് റിപ്പോർട്ട് നൽകിയിട്ടുള്ളത്. ഈ സാങ്കേതികവിദ്യയുടെ ഇൻസ്റ്റലേഷൻ വളരെ എളുപ്പമാണ്. അതുപോലെതന്നെ ഇത് പരിസ്ഥിതി സൗഹൃദവുമാണ് എന്നുള്ള സാധ്യത അവർ അറിയിച്ചു. ഇന്ന് ലഭ്യമാകുന്നതിൽവച്ച് സാമാന്യേന മെച്ചപ്പെട്ട സാങ്കേതികവിദ്യയാണ് എന്നുള്ള അവരുടെ നിർദ്ദേശമുണ്ടായി. ഇതിനെത്തുടർന്നാണ് ബന്ധപ്പെട്ട കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം ഈ സാങ്കേതികവിദ്യ അംഗീകരിച്ചത്. ഇതുമായി ബന്ധപ്പെട്ട് ഒരു സാങ്കേതിക സമിതിയുടെ റിപ്പോർട്ടിനെയാണ് സർക്കാരിന് വിശ്വസിക്കാനാവുന്നത്. ഇതിൽ അങ്ങ് WAPCOS-നെക്കുറിച്ച് ഇവിടെ സാന്ദർഭികമായി പറഞ്ഞതാകുമെന്ന് വിശ്വസിക്കുന്നു. കേരളത്തിൽ WAPCOS-ന് ഒരു ചരിത്രമുണ്ട്. പഴയ KSUDP, JnNURM പദ്ധതികളിൽ സംസ്ഥാന സർക്കാരിന് ലഭ്യമാകേണ്ടിയിരുന്ന സംഖ്യ നഷ്ടപ്പെടുത്തിയ കൺസൽട്ടൻസിയാണ് WAPCOS. ഞാൻ ആരേയും ആക്ഷേപിക്കുകയല്ല. പക്ഷേ WAPCOS-ന്റെ വാചകവും അവരുടെ ആവശ്യവും പറയുന്നതുപോലെ ആയിപ്പോയി ഇവിടെ ഈ കാര്യങ്ങൾ അവതരിപ്പിച്ചത് എന്ന് എനിക്ക് തോന്നുകയാണ്. WAPCOS ചെയ്ത പിശകിന് 10.5 ലക്ഷം രൂപ നഗരസഭകൾ പിഴ കൊടുക്കേണ്ടിവന്ന സംസ്ഥാനം കൂടിയാണിത്. ഞാൻ അത് തിരിച്ച് ആക്ഷേപമായി ഉന്നയിക്കാൻവേണ്ടി പറഞ്ഞതല്ല. തെറ്റായ വിവരങ്ങളുടെയോ ധാരണകളുടെയോ ഭാഗമായിട്ടാകാം അദ്ദേഹം അത് അവതരിപ്പിച്ചത്. ഇങ്ങനെയൊരു സംഭവമുണ്ട്. പക്ഷേ അവരുടെ അത്തരം തെറ്റായ പ്രചാരവേല

ഈ മേഖലയിലുണ്ട്. കേരളത്തിൽ ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ് എന്നുള്ളതുകൊണ്ട് ദ്രവമലിനീകരണത്തിനും സെപ്റ്റേജിന്റെ മലിനീകരണം നിയന്ത്രിക്കാനുമുള്ള സംവിധാനത്തിന് ലഭ്യമാകാവുന്ന ഏത് സാങ്കേതികവിദ്യയും നമുക്ക് പ്രയോജനപ്പെടുത്താം. എല്ലാ പരിശോധനയും നടത്തിയതിനുശേഷമാണ് ഇക്കാര്യം നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. 1950 മുതൽ ഈ സാങ്കേതികവിദ്യ പ്രാബല്യത്തിലുണ്ട് എന്നാണ് പറയുന്നത്. ഇതിന്റെ ഭാഗമായുള്ള സാങ്കേതിക വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ഇതിന്റെ സാമ്പത്തികമായ പ്രശ്നങ്ങൾ നോക്കിയിട്ടുണ്ട്. കൺസൾട്ടൻസിക്കുള്ള ഫീ സംബന്ധിച്ച്, ഡി.പി.ആർ. തയ്യാറാക്കുന്നതിന് മൊത്തം പദ്ധതിയുടെ 2.33 ശതമാനം വരെ നൽകാമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന് മുകളിലല്ല. അതിന് താഴെ ഒരു സംഖ്യ ടെണ്ടറിന്റെ നിബന്ധനകൾക്ക് വിധേയമായി അതാത് നഗരസഭകൾ/ കോർപ്പറേഷനുകളാണ് നിർവ്വഹിക്കുന്നത്. ആ അർത്ഥത്തിലാണ് ഇതിന്റെ ടെണ്ടർ നടപടികളൊക്കെ പൂർത്തീകരിച്ചിട്ടുള്ളത്. ഇതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. നഗരസഭകളുടെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അമൃത് പദ്ധതിയുടെ ഭാഗമായി നമ്മൾ നടപ്പാക്കുന്ന പദ്ധതി പുരോഗതിയിലാണ്. ചില പ്രോജക്ടുകൾ മാത്രമാണ് ടെണ്ടർ ചെയ്യാനും അവാർഡ് ചെയ്യാനുമുള്ളത്. ഈ 23 പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കിയ കൺസൽട്ടേഷനുള്ള ഫീയായി ഈ ഏജൻസിക്ക് മാത്രമായി നഗരസഭകൾ നൽകിയത് 2.15 കോടി രൂപയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ സൂചിപ്പിച്ച ആലപ്പുഴയിൽ 38 ലക്ഷം രൂപ ഇതിന്റെ കൺസൽട്ടേഷൻ ഫീയായി കൊടുത്തിട്ടുണ്ട്. ഏറ്റവും നല്ല രീതിയിൽ പ്രളയകാലത്തും അതിനുശേഷവും അവർ അതവിടെ ചെയ്യുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടെപ്പോയി സന്ദർശിച്ചിട്ടുള്ള ആളുകൾക്ക് അറിയാം.

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രളയകാലത്ത് ചെയ്തത് ഇവരല്ല. അന്ന് ദിണ്ടുഗൽ അടിസ്ഥാനമാക്കിയിട്ടുള്ള യൂണിസെഫ് സപ്പോർട്ടോടെയുള്ള ഒരു പ്രോഗ്രാമിന്റെ ഭാഗമായിട്ടാണ് ചെയ്തത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഈ പ്രശ്നത്തിൽ ഏതെങ്കിലും അഴിമതിയുടെ അംശമോ ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും സംരക്ഷിക്കാനോ ഉള്ളൊരു നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ല. ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ നഗരസഭകളോട് നിങ്ങൾ ഈ സ്ഥാപനത്തിന് ഫീ കൊടുക്കണമെന്ന് അനാവശ്യമായി നിർബന്ധിച്ചതായി സർക്കാരിന്റെ ശ്രദ്ധയിലില്ല. അങ്ങനെ അനുവദിക്കുന്ന പ്രശ്നവുമില്ല. ഇതാണ് വസ്തുത എന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ അഴിമതിയുടെ ഒരംശം പോലുമില്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഉന്നയിച്ച പ്രധാനപ്പെട്ട ആരോപണങ്ങൾക്കൊന്നും അങ്ങ് മറുപടി പറഞ്ഞില്ല. ഞാൻ ചോദിച്ചത് എംപാനൽ ചെയ്ത ലിസ്റ്റിൽ യാതൊരു മുൻപരിചയവുമില്ലാത്ത ഈ കമ്പനി എങ്ങനെ കടന്നുകയറിയെന്നാണ്. ശുചിത്വമിഷന് മൂന്ന് വർഷത്തെ എക്സ്പീരിയൻസ് വേണമെന്നുണ്ട്, ഫിസിക്കൽ എക്സാമിനേഷൻ നടത്തേണ്ടതുണ്ട്. മാത്രമല്ല 2016-ൽ രൂപീകരിച്ച കമ്പനി എങ്ങനെ 2017-ലെ ലിസ്റ്റിൽ വന്നു? വാട്ടർ അതോറിറ്റിയിൽ ചെയ്തിട്ടില്ലെന്ന് ഞാൻ പറഞ്ഞില്ലല്ലോ. ഞാൻ 23 പ്രോജക്ടുകളുടെ കാര്യമാണ് പറഞ്ഞത്. ഈ 23 പ്രോജക്ടുകളിൽ എവിടെയൊക്കെയാണ് പ്രോജക്ട് നടക്കുന്നത്? അങ്ങ് വാട്ടർ അതോറിറ്റി ചെയ്യുന്ന എല്ലാ വർക്കുകളുംകൂടി ചേർത്ത് വർക്ക് അവാർഡ് ചെയ്യുന്നതുവരെ പറഞ്ഞുനിർത്തി. എവിടെയാണ് വർക്ക് നടക്കുന്നത്; ഈ കമ്പനിയുടെ ഈ പ്രോജക്ട് അനുസരിച്ച് എത്ര പ്രാവശ്യം റീ-ടെണ്ടർ ചെയ്തിട്ടും പല സ്ഥലത്തും വർക്ക് എടുക്കാൻ ആരും വന്നില്ല. എല്ലാ സ്ഥലത്തും ഈ ടെക്നോളജി നടക്കുന്നുണ്ടെന്ന് അങ്ങ് പറഞ്ഞു. എവിടെയാണ് നടക്കുന്നത്; ആശുപത്രിയിലും സ്കൂളുകളിലുമുള്ള മലനീകരണ പ്ലാന്റാണോ, അതാണ് ഹൈദരാബാദ് അക്കാഡമിയുടെ കാര്യം ഞാൻ പറഞ്ഞത്. ഇത് ഫീസിബിളില്ലാത്ത ഒരു പ്രോജക്ടാണ്. ഒരു സിറ്റിയിലോ ലക്ഷക്കണക്കിന് ആളുകളുടെ സ്വീവേജ് ട്രീറ്റുമെന്റിനോ ഫീസിബിളില്ലാത്ത ഒരു പ്രോജക്ടാണിത്. ഞാൻ പറഞ്ഞ ഒരു കാര്യവും വസ്തുതകൾക്ക് വിരുദ്ധമാണെന്ന് അങ്ങ് തെളിയിച്ചിട്ടുമില്ല, പറഞ്ഞിട്ടുമില്ല. യഥാർത്ഥത്തിൽ ഞാൻ ഉന്നയിച്ച പ്രധാനപ്പെട്ട ആരോപണങ്ങൾക്ക് അങ്ങ് വളരെ ബുദ്ധിപൂർവ്വം മറുപടി പറയാതെ ഒഴിഞ്ഞുമാറി. എനിക്ക് ഒരു കാര്യം മാത്രമേ സംശയമുള്ളൂ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ടെണ്ടർ കൊടുക്കാൻ തീരുമാനിച്ചതെന്ന് അങ്ങ് പറഞ്ഞു, അങ്ങ് പറഞ്ഞ തീയതി ഞങ്ങൾ അധികാരത്തിൽ വരുന്നതിന് തൊട്ടുമുൻപാണ്. അത് ഏത് സമയത്താണെന്നു കൂടി അറിയണം, കാരണം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഭരണനേതൃത്വം അറിഞ്ഞ് ഒരു തീരുമാനം എടുത്തിരിക്കുന്നത് 2015-ലാണ്, അത് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം കൊടുക്കാനാണ്. അതിനുശേഷം പിന്നെ തീരുമാനമെടുത്തിരിക്കുന്നത് ഇലക്ഷൻ സമയത്താണോ, ഇലക്ഷൻ കഴിഞ്ഞിട്ടാണോ, ഏത് സമയത്താണ്, എപ്പോഴാണ് എന്നുകൂടി അങ്ങ് വ്യക്തമാക്കിയാൽ കുറച്ചുകൂടി എളുപ്പമായിരുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ അത് പറഞ്ഞു, 26-5-2016 എന്നത് ഞങ്ങളുടെ ഗവൺമെന്റ് വന്ന് സത്യപ്രതിജ്ഞ ചെയ്തതിന്റെ പിറ്റേദിവസം. അതൊരു നടപടിയുടെ തുടർച്ചയാണല്ലോ, ഞാൻ അതാണ് സൂചിപ്പിച്ചത്. ഞാൻ അത് ഒളിച്ചുവച്ചിട്ടില്ല, ഇതിനു മുൻപ് നിങ്ങൾ സ്വീകരിച്ച ……(ബഹളം)…….

മി. സ്പീക്കർ: ദയവായി ഇരിക്കൂ.. അങ്ങ് പറയൂ..

ശ്രീ. എ. സി. മൊയ്തീൻ: സർ, പറയുന്നത് കേൾക്കൂ, ഞാനൊന്ന് പറഞ്ഞോട്ടെ.

മി. സ്പീക്കർ: അദ്ദേഹം പറയട്ടെ. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. എ. സി. മൊയ്തീൻ: സർ, 2015-ൽ അനുമതി കിട്ടിയ ഒരു പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിൽ നിങ്ങൾ ചർച്ച ചെയ്ത് പോയിട്ടുണ്ട്. ആ നടപടികളുടെ ഭാഗമായിട്ടാണ്. ഇലക്ഷൻ പെരുമാറ്റച്ചട്ടം (Code of Conduct) വന്നു. അതിനെത്തുടർന്നാണ് 26-5-2016-ന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചത്. രേഖകൾ വച്ചാണ് ഞാൻ പറയുന്നത്. ഇതിൽ അങ്ങ് റാം ബയോളജിക്കൽസിനെക്കുറിച്ച് കേട്ടിട്ടില്ലായെന്ന് പറയുകയുണ്ടായി. ഇത് 28-12-2013-ലെ നിങ്ങളുടെ സർക്കാരിന്റെ കാലത്തിറക്കിയ ഒരു ഉത്തരവാണ്. അതിൽ ഈ കമ്പനിയെ നിങ്ങൾ എംപാനൽ ചെയ്തിട്ടുണ്ട്. ഇതിനെ മാത്രമല്ല കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ... (ബഹളം).... ഏതെങ്കിലും ഒരു കമ്പനിയുടെ പേര് നിങ്ങൾ പുതിയതായി കേൾക്കുകയാണെന്ന് പറഞ്ഞതിനുള്ള മറുപടിയാണ് ഞാൻ പറഞ്ഞത്. നിങ്ങളുടെ കാലത്തുതന്നെ ഈ കാര്യം ചെയ്തിട്ടുണ്ട്. ....(ബഹളം)....

മി. സ്പീക്കർ: അദ്ദേഹം അവസാനിപ്പിച്ചു. അദ്ദേഹം അവസാനിപ്പിച്ചുവെന്ന് പറഞ്ഞാൽ ചെയറിന് എന്ത് ചെയ്യാൻ പറ്റും?

## (3) പ്ലാസ്മയുടെ വിൽപ്പനയുമായി ബന്ധപ്പെട്ട അഴിമതിയാരോപണം

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): സർ, ഇവിടെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചിരിക്കുന്നത് തികച്ചും അടിസ്ഥാനരഹിതമായിട്ടുള്ള ഒരു ആരോപണമാണ്. 2012-ൽ തന്നെ സെൻട്രൽ ഗവൺമെന്റും NACO-യും ഒരു കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. നമ്മുടെ ബ്ലഡ് ബാങ്കുകളിൽ ബ്ലഡ് യൂണിറ്റുകളുടെ സെപ്പറേഷൻ നടക്കുന്ന സമയത്ത് പ്ലാസ്മ വേറിട്ട് സെപ്പറേറ്റ് ചെയ്യാറുണ്ട്. സാധാരണഗതിയിൽ വിവിധ കമ്പോണന്റ് സെപ്പറേറ്റ് ചെയ്യുമ്പോൾ പ്ലാസ്മ മുഴുവനായി നമുക്ക് വേണ്ടിവരാറില്ല. ഈ പ്ലാസ്മ അധികമായി വരുന്നു. പ്രതിവർഷം അനേക യൂണിറ്റ് പ്ലാസ്മയാണ് എക്സ്പെയറിയായി പോകുന്നത്. 2012-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് NACO ഒരു ഓർഡർ പുറപ്പെടുവിച്ചിരുന്നു. അധികമായി വരുന്ന പ്ലാസ്മ എക്സ്പെയറിയാകുന്നതിന് മുമ്പേ അത് കൈമാറ്റം ചെയ്യേണ്ടതാണെന്നും അതിനാവശ്യമായിട്ടുള്ള കംപോണന്റ്സ് നമുക്ക് വാങ്ങിക്കാമെന്നും അത് ആവശ്യമില്ലാത്ത ഘട്ടത്തിൽ പണമായിട്ടാണെങ്കിൽ സ്വീകരിക്കാമെന്നും പറഞ്ഞു. മാർക്കറ്റിൽ ഇടപെട്ടുകൊണ്ട് ഈ കംപോണന്റ്സ് സെപ്പറേറ്റ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞ്

2012-ൽ തന്നെ NACO-യുടെ ഓർഡർ ഉണ്ടായിരുന്നു. 2013-ൽ ഇതിന് പരിഹാരം കാണുന്നതിനുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് ബ്ലഡ് ബാങ്കുമായി ബന്ധപ്പെട്ട പ്രോജക്ട് ഡയറക്ടർ, KSACS-ന്റെ മേധാവി, ഡി.എം.ഇ., ഡ്രഗ്സ് കൺട്രോളർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. ഇത്രയും പേർ ചേർന്ന കമ്മിറ്റി രൂപീകരിക്കുന്നത് 2013-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ടെണ്ടർ നടപടിക്കാവശ്യമായ ഫോർമാറ്റ് തയ്യാറാക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അത്രയും കൊണ്ട് അവർ അവസാനിപ്പിച്ചു. പിന്നെ ഈ പ്ലാസ്മയെല്ലാം നശിച്ചുപോകാൻ വിടുകയാണ് ചെയ്തത്. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 2015-ൽ NACO ഒരു സർക്കുലർകൂടി അയച്ചു. നിങ്ങൾ ഒന്നും ചെയ്തിട്ടില്ലെന്നും ഇത് നശിപ്പിക്കരുതെന്നും അടിയന്തരമായി മാർക്കറ്റിൽ ഇടപെട്ടുകൊണ്ട് കൈമാറ്റം ചെയ്യണമെന്നും പറഞ്ഞു. മാർക്കറ്റിൽ ഇത് കൈമാറ്റം ചെയ്യാനുള്ള ഏറ്റവും സുതാര്യമായിട്ടുള്ള മാർഗ്ഗം ടെണ്ടർ നടപടിക്രമങ്ങളാണ്, ഓപ്പൺ ടെണ്ടർ വിളിക്കുകയെന്നുള്ളതാണ്. നേരിട്ട് കൈമാറിയാൽ വലിയ അഴിമതി ആരോപണം വരും. അതുകൊണ്ടുതന്നെ നേരത്തെ യു.ഡി.എഫ്. ഗവൺമെന്റ് 2013-ൽ നിശ്ചയിച്ചിട്ടുള്ള ടെണ്ടർ ഫോർമാറ്റ് ഉപയോഗിച്ചുകൊണ്ട് ഓപ്പൺ ടെണ്ടർ വിളിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ്. അങ്ങനെ ടെണ്ടർ വിളിച്ചപ്പോൾ റിലയൻസ് ലൈഫ് സയൻസസ് ഇതിൽ ക്വാട്ട് ചെയ്തിട്ടുണ്ട്. NACO-യുടെ നിർദ്ദേശത്തിൽ പറയുന്നത് ലിറ്ററിന് 1600 രൂപ കിട്ടുന്ന രീതിയിൽ കൊടുക്കണമെന്നാണ്. റിലയൻസ് ലൈഫ് സയൻസസ് ലിറ്ററിന് 2200 രൂപയാണ് ക്വാട്ട് ചെയ്തത്. NACO-യുടെ നിർദ്ദേശത്തേക്കാളും കൂടിയ തുക ക്വാട്ട് ചെയ്തത് ഒന്നാമതായി വന്നു. ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്തവരെയാണല്ലോ നമ്മൾ തെരഞ്ഞെടുക്കുന്നത്. അങ്ങനെ മൂന്ന് പേർ ക്വാട്ട് ചെയ്തു. പക്ഷെ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്തത് റിലയൻസ് ലൈഫ് സയൻസസ് ആണ്. അതുകൊണ്ട് അവരുടെ ക്വട്ടേഷൻ അംഗീകരിച്ചു. എല്ലാ വ്യവസ്ഥാപിത മാർഗ്ഗങ്ങളും സ്വീകരിച്ചുകൊണ്ട് റിലയൻസുമായി എഗ്രിമെന്റ് സൈൻ ചെയ്തു. നിയമ വകുപ്പിന്റേയും ഗവൺമെന്റിന്റെയും എല്ലാ പിന്തുണയോടും കൂടിയാണ് റിലയൻസിന്റെ ടെണ്ടർ അക്സെപ്റ്റ് ചെയ്ത് അവർക്ക് കൈമാറാൻ തീരുമാനിച്ചത്. ഇത് അതാത് സ്ഥാപനങ്ങളിൽനിന്ന് ശേഖരിക്കണം. അങ്ങനെ ശേഖരിക്കുമ്പോൾ ആ സ്ഥാപനത്തിന് പ്ലാസ്മ ആവശ്യമാണെങ്കിൽ പ്ലാസ്മ ഫാക്ടറായി കൊടുക്കണം അല്ലെങ്കിൽ പണമായി സ്വീകരിക്കാം. അങ്ങനെ സ്വീകരിക്കുന്ന പണം അതത് ബ്ലഡ് ബാങ്കിന്റെ വികസനത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. ഫാക്ടറിന്റെ ആവശ്യകത കഴിഞ്ഞ് ബാക്കി വരുന്നുണ്ടെങ്കിൽ അതത് സ്ഥാപനങ്ങളുടെ, ബ്ലഡ് ബാങ്കിന്റെ വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തണമെന്നാണ്. ഇത് ഒന്നിച്ചു കളക്ട് ചെയ്യുകയല്ല ചെയ്യുന്നത്. ആ സ്ഥാപനത്തിന് നൽകുകയാണ് ചെയ്യുന്നത്. ആ സ്ഥാപനത്തിനും ഒരു കമ്മിറ്റി

ഉണ്ടാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ സൂപ്രണ്ട്, ബ്ലഡ് ബാങ്കിന്റെ ഭാരവാഹി ഇവരൊക്കെ ചേർന്ന കമ്മിറ്റിയാണ് ഇത് നിശ്ചയിക്കുന്നത്. അങ്ങനെ ബാക്കിവരുന്നത് സ്വാഭാവികമായിട്ടും ബ്ലഡ് ബാങ്കിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കുകയാണ്. ഇതെല്ലാം ഓഡിറ്റബിളാണ്. കൃത്യമായി ഓഡിറ്റ് ചെയ്യുന്ന കാര്യമാണ്. ഡബ്ല്യൂ.എച്ച്.ഒ.-യുടെ നിർദ്ദേശപ്രകാരം 3 ലക്ഷം യൂണിറ്റ് രക്തം ഒരു വർഷം വേണമെന്നാണ് കണക്കാക്കിയിരിക്കുന്നത്. പക്ഷെ നമുക്ക് ഫലത്തിൽ 4.10 ലക്ഷം യൂണിറ്റ് ബ്ലഡ് ആവശ്യമായിവരുന്നുണ്ട്. അത് നമ്മൾ ശേഖരിക്കുന്നത് സന്നദ്ധ സംഘടനകളും മറ്റും രക്തദാന ക്യാമ്പുകൾ നടത്തിക്കൊണ്ടാണ്. അത്രയും ബ്ലഡ്ഡിൽ നിന്ന് സെപ്പറേറ്റ് ചെയ്യുന്ന പ്ലാസ്മ, അത് നശിപ്പിക്കരുത്, ആർക്കും ഉപയോഗമില്ലാതെ പോകരുത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പ്ലാസ്മയിൽ നിന്ന് മെഡിസിൻ പോലെയുള്ള മറ്റു പല ഫാക്ടറുകൾ പ്രിപ്പയർ ചെയ്യാൻ സാധിക്കും. എന്നാൽ നമുക്കാവശ്യമുള്ള കംപോണന്റ് സ്വീകരിക്കുക, അത് അത്രത്തോളം ആവശ്യമില്ലാത്ത സമയത്ത്, നശിച്ചു പോകുമല്ലോ അതിന്റെയിടയിൽ, ആ സമയത്ത് ആവശ്യമായ പണമായി നമുക്ക് സ്വീകരിക്കാൻ സാധിക്കും. ഇത് NACO-യുടേയും അതുപോലെ എല്ലാ നിയമനടപടികളും സ്വീകരിച്ചുകൊണ്ട് തുടങ്ങിയതാണ്. ടെണ്ടർ ചെയ്യാനുള്ള നടപടിക്രമം ആരംഭിക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്, അതെല്ലാം മറച്ചുവച്ചുകൊണ്ടാണ് ഇങ്ങനെ തെറ്റിദ്ധാരണാജനകമായിട്ടുള്ള ഒരു കാര്യം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ........

<u>മി. സ്പീക്കർ</u>: എന്താണ്? അങ്ങനെ മറുപടിക്ക് മറുപടിയില്ല. ....(ബഹളം)... ബഹുമാനപ്പെട്ട മന്ത്രി സജ്ജമാണെങ്കിൽ ചെയറിന് വിരോധമില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഒന്നാമത്തെ കാര്യം, ഇതിനുമുമ്പ് ദേശീയ ഗവൺമെന്റ് ഇതുസംബന്ധിച്ച് ഒരു പോളിസി തീരുമാനമെടുത്തിട്ടില്ല. 2014-നുശേഷം നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇതിലാവശ്യമായ അമെന്റ്മെന്റ് വരുത്തുന്നതും ഇങ്ങനെയൊരു തീരുമാനമെടുക്കുന്നതും. ഇതിനുമുമ്പ് എൻ.ഡി.പി.-യിൽ നിന്ന് ഇതുപോലെ നിർദ്ദേശങ്ങൾ കിട്ടിയിട്ടുണ്ട്, സംസ്ഥാനം ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ഇത് വിൽക്കേണ്ടെന്ന തീരുമാനത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് എത്തിയത്. കാരണം ഇത് എല്ലാവരുമായി ചർച്ച ചെയ്യുമ്പോൾ, ഇതിനകത്ത് അപകടകരമായ ചില സാധ്യതകൾ ഉണ്ടല്ലോ? ആ അപകടകരമായ സാധ്യതയിലേയ്ക്കാണ് ഇപ്പോൾ എത്തിയിരിക്കുന്നത്. സ്വകാര്യ രക്ത ബാങ്കുകൾ കൂടുതലായി ഉണ്ടാകുകയും ഇത് കൊമേഴ്സ്യലൈസ് ചെയ്ത്, പ്ലാസ്മ വിൽക്കുകയും ചെയ്ത് ലക്ഷക്കണക്കിന് രൂപ

ലാഭമുണ്ടാക്കുകയും ഇതിന്റെ പേരിൽ രക്തദാന ക്യാമ്പുകൾ നടത്തുകയും ചെയ്യുന്ന കാര്യം ഇത്രയും നാളായിട്ട് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടില്ലേ? അപകടകരമായ നിലയിലേയ്ക്ക് ഈ വില്പന പോകുകയാണ്. ഇത് 1600 രൂപ കിട്ടുന്നതല്ല, പണം കിട്ടുന്നതല്ല, ഗവൺമെന്റിന് ലാഭം കിട്ടുന്നതല്ല, വലിയ ലാഭമാണ് റിലയൻസ് ഉണ്ടാക്കുന്നത്. അതിനുവേണ്ടി സ്വകാര്യ ബ്ലഡ് ബാങ്കുകളെ അവർ തന്നെ സ്പോൺസർ ചെയ്ത് ഉണ്ടാക്കുകയും അവർ തന്നെ ക്യാമ്പുകൾ നടത്തി രക്തം ശേഖരിച്ച് പ്ലാസ്മ കൊണ്ടുപോകുകയും ചെയ്യുന്ന രക്തദാനമെന്ന് പറയുന്ന ഒരു മഹത്തായ കാര്യത്തെ ഇല്ലായ്മ ചെയ്ത്, അത് കൊമേഴ്സ്യലൈസ് ചെയ്യുന്ന പ്രശ്നമാണ്. ടെണ്ടർ ചെയ്തിട്ടാണ് നടത്തിയതെന്ന് പറഞ്ഞു. ടെണ്ടർ ഇന്ത്യയിൽ എവിടെ, ഒറീസ്സയിലും മറ്റു സംസ്ഥാനങ്ങളിലും ഇതുസംബന്ധിച്ച് ഉണ്ടായ പ്രശ്നം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ പറയും. വളരെ അപകടകരമായ രീതിയിലാണ് ഉണ്ടായത്. ഇത്ര അപകടകരമായ രീതിയിൽ പോകുന്നതുകൊണ്ട് ഈ കരാർ റദ്ദാക്കണമെന്നാണ് ഞങ്ങൾ പറഞ്ഞത്. ഇതിൽ രണ്ടുമൂന്ന് കാര്യങ്ങളുണ്ട്. പകരം മരുന്ന് വാങ്ങുന്ന കാര്യം ചോദിച്ചു, ഡെഫിഷ്യൻസിയുള്ള സ്ഥലത്തേയ്ക്ക് പ്ലാസ്മ ട്രാൻസ്ഫർ ചെയ്യുന്ന കാര്യം ചോദിച്ചു, അതിനൊന്നും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ശ്രീ. വി. ഡി. സതീശനെപ്പോലുള്ളവർ ഇങ്ങനെ അടിസ്ഥാനരഹിതമായി സഭാതലത്തിൽ പറയുന്നത് ശരിയല്ല. ഞാൻ എല്ലാ കാര്യങ്ങളും വളരെ വ്യക്തമായി ഇവിടെപ്പറഞ്ഞു. ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് ഞാൻ കേട്ടുവെങ്കിൽ ഞാൻ പറയുന്നത് ശ്രീ. വി. ഡി. സതീശനും കേൾക്കാൻ ബാദ്ധ്യസ്ഥനാണ്. 2012-ലാണ് NACO ഈ കാര്യം എല്ലാ ഗവൺമെന്റുകളുടെയും ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. അതായത് ബ്ലഡ് കംപോണന്റ് സെപ്പറേഷനിൽ പ്ലാസ്മ കൂടുതലായി വരുന്നുണ്ട്, ഒരു വർഷം വരെയേ പ്ലാസ്മ എക്സ്പെയറി ആകാതിരിക്കൂ, അതുകൊണ്ട് എക്സ്പെയറി ആകുന്നതിനുമുമ്പേ ഈ പ്ലാസ്മ നിങ്ങൾ കൈമാറ്റം ചെയ്യണം. കൈമാറ്റം ചെയ്യുന്നതിന് ഒരു ഗൈഡ്‌ലൈൻ തരുന്നുണ്ട്. ഇതിനുപകരം മറ്റു ഫാക്ടറുകൾ വാങ്ങാം അല്ലെങ്കിൽ പണമായിട്ടു വാങ്ങാം എന്നാണ് ഗൈഡ്‌ലൈനിലുള്ളത്. ഒരു കൊല്ലം കഴിയുമ്പോൾ ഇത് ആർക്കും ഉപകരിക്കാതെ നശിച്ചുപോകും. അതുകൊണ്ട് നശിപ്പിക്കരുത് എന്നാണ് 2012-ലെ ഗൈഡ്‌ലൈനിൽ പറയുന്നത്. അതുവന്നപ്പോഴാണ് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് പ്ലാസ്മ കൊടുക്കാൻവേണ്ടി ടെണ്ടർ കമ്മിറ്റി രൂപീകരിക്കുന്നത്. ഇതിനെല്ലാം രേഖകളുണ്ട്. അവ എടുത്തുനോക്കിയാൽ മതി. യു.ഡി.എഫ്. ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ടെണ്ടർ കമ്മിറ്റി ടെണ്ടർ ചെയ്യാനാവശ്യമായ ഒരു

ഫോർമാറ്റും രൂപീകരിച്ചു. ടെണ്ടർ ചെയ്യുമ്പോൾ ശ്രീ. വി. ഡി. സതീശൻ എന്താണ് വിചാരിച്ചത്; നമുക്ക് ഇഷ്ടമുള്ളയാൾക്ക് കൈമാറ്റം ചെയ്ത് കൊടുക്കാൻ പറ്റുമെന്നാണോ; ടെണ്ടർ ചെയ്യുമ്പോൾ ആരെങ്കിലും ക്വാട്ട് ചെയ്യില്ലേ; റിലയൻസ് ലൈഫ് സയൻസസ് ക്വാട്ട് ചെയ്യാൻ പാടില്ല എന്ന് പറയാൻ സാധിക്കുമോ? അത് ബ്ലാക്ക് ലിസ്റ്റിൽപ്പെട്ട കമ്പനിയായിരുന്നെങ്കിൽ ക്വാട്ട് ചെയ്യില്ലായിരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിൽ ഒരു പ്രധാന കാര്യമുണ്ട്. 1600 രൂപയ്ക്കാണ് കൊടുക്കേണ്ടതെന്ന് ദേശീയതല നിർദ്ദേശമുണ്ടായിട്ടും 2500 രൂപയ്ക്ക് ഒരു കമ്പനി ക്വാട്ട് ചെയ്യുകയാണെങ്കിൽ അതിന്റെ വോള്യം എത്രയുണ്ടെന്നത് നമ്മൾ കാണേണ്ട കാര്യമാണ്. ഇത് ഒറീസ്സയിലും ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും വിവാദമുണ്ടാക്കിയ പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇത് ഒരു ചെറിയ കാര്യമല്ല. റിലയൻസിന്റെ കച്ചവട താത്പര്യമാണ് ഇതിന്റെ പുറകിൽ നിൽക്കുന്നത്. 1600 രൂപ വില നിശ്ചയിച്ച സാധനത്തിന് 2500 രൂപ ക്വാട്ട് ചെയ്യുക എന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? ഇത് വലിയ തോതിലുള്ള കച്ചവടമാണ്. ഈ കച്ചവടത്തിന് ഗവൺമെന്റ് കൂട്ടുനിൽക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. ....(ബഹളം)....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എന്താണ് ഇങ്ങനെ പറയുന്നത് എന്നറിയില്ല. അദ്ദേഹം വളരെയധികം രാഷ്ട്രീയ അനുഭവമുള്ള ആളാണ്. ഇതിലെ പകൽപോലെയുള്ള പരമാർത്ഥം ഈ ഫാക്ടർ നശിപ്പിക്കരുത്, അത് കൊടുക്കണമെന്നതാണ്. വെറുതെ കൊടുക്കണമെന്ന് NACO പറഞ്ഞിട്ടില്ല. നിങ്ങൾക്ക് രണ്ട് കാര്യങ്ങൾ ചെയ്യാം. ഈ ഫാക്ടർ കൊടുത്ത് പകരം മറ്റെന്തെങ്കിലും ഫാക്ടർ വാങ്ങാം. മറ്റ് ഫാക്ടറുകൾ ആവശ്യമില്ലാത്ത സമയത്താണ് കൊടുക്കുന്നതെങ്കിൽ എന്തുചെയ്യും? ഇതൊന്നും വാങ്ങിയശേഷം ഏറെക്കാലം സൂക്ഷിക്കാൻ കഴിയുന്നതല്ല. ഓരോ ഫാക്ടറും വേർതിരിച്ചാൽ അത് ഉപയോഗിക്കുന്നതിന് ഒരു സമയപരിധിയുണ്ട്. ആ സമയത്തല്ലാതെ ഫാക്ടർ വാങ്ങിയാൽ സൂക്ഷിക്കാൻ കഴിയില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പകരം പണം വാങ്ങാം. ഇതാണ് ടെണ്ടർ നടപടിക്രമങ്ങളുടെ പൊരുൾ. അങ്ങനെ ടെണ്ടർ ക്വാട്ട് ചെയ്യുമ്പോൾ ലിറ്ററിന് 1600 രൂപ എന്നുപറഞ്ഞാൽ 1600 രൂപയിൽ കൂടുതൽ അഞ്ച് പൈസപോലും വാങ്ങരുതെന്നാണോ അർത്ഥം;ഇതെന്തൊരു വർത്തമാനമാണ്? 1600 രൂപയിൽ കൂടുതൽ ലഭിക്കുന്ന തുക എന്തുചെയ്യുവെന്ന് ഞാൻ ഇവിടെപ്പറഞ്ഞു .....(ബഹളം)... .അങ്ങനെയൊന്നും പറഞ്ഞിട്ട് കാര്യമില്ല. അപ്പോൾ 1600-നേക്കാൾ കൂടുതൽ കിട്ടുന്ന തുക എന്തു ചെയ്യുവെന്ന് ഇവിടെ പറഞ്ഞു, അത് ബ്ലഡ് ബാങ്കിന്റെ വികസനത്തിന് ഉപയോഗിക്കുന്നു. ഏത് യൂണിറ്റാണോ കൊടുക്കുന്നത്....(ബഹളം).... ഞാൻ സ്വകാര്യ സ്ഥാപനങ്ങളുടെ കാര്യമല്ല പറയുന്നത്. ഇത് കേരളത്തിൽ ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള 38 ബ്ലഡ് ബാങ്കുകൾ......(ബഹളം)...

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായി മറുപടി പറയുന്നുണ്ട്. നിങ്ങൾ ബഹളമുണ്ടാക്കേണ്ട....

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇങ്ങനെ ബഹളം വച്ചാലൊന്നും ഇല്ലാത്ത ആരോപണങ്ങൾ ശരിയാകില്ല. ബഹളം വച്ചതുകൊണ്ട് കാര്യമില്ല, ഏതോ വലിയ അഴിമതിയാരോപണം ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചു. അതിൽ ആകപ്പാടെ കുഴഞ്ഞുമറിഞ്ഞു പോകുമെന്നാണ് നിങ്ങൾ ധരിച്ചത്. അതില്ലായെന്ന് മനസ്സിലായപ്പോഴാണ് വീണ്ടും ബഹളം വയ്ക്കുന്നത്. ഇതിൽ യാതൊരു കുഴപ്പവുമില്ല. 2200 രൂപ ലിറ്ററിന് കിട്ടുമ്പോൾ ആവശ്യമുള്ള ഫാക്ടർ ഉണ്ടെങ്കിൽ അത് വാങ്ങിക്കുന്നു, അല്ലാത്തപക്ഷം അധികം വരുന്ന തുക ഏത് യൂണിറ്റാണോ കൊടുത്തിരിക്കുന്നത് ആ ആശുപത്രിയുടെ ബ്ലഡ് ബാങ്കിന്റെ വികസനത്തിന് ഉപയോഗിക്കുന്നു. ഗവൺമെന്റ് ആശുപത്രികളുടെ കാര്യമാണ് ഞാൻ പറഞ്ഞത്. സ്വകാര്യ ആശുപത്രികൾ ടെണ്ടർ ചെയ്യുന്നുണ്ടോയെന്ന കാര്യം ഇതിൽ വരില്ല. അതും പറഞ്ഞാണ് ബഹളമുണ്ടാക്കുന്നത്. ഒരു അടിസ്ഥാനവുമില്ലാത്ത ആരോപണമാണ് ഉന്നയിച്ചിരിക്കുന്നത്. ഇത്തരം ആരോപണങ്ങൾ സഭാതലത്തിൽ കൊണ്ടുവരുന്നത് ശരിയല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. വി. ഡി. സതീശൻ രണ്ട് ആരോപണങ്ങളാണ് ഉന്നയിച്ചത്. ഈ ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാണോ എന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്. ഞങ്ങൾക്ക് കിട്ടിയ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഇവിടെ കാര്യങ്ങൾ പറഞ്ഞത്. വളരെ ഉത്തരവാദിത്വ ബോധത്തോടെയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ആരോപണം ഉന്നയിച്ചത്. ഇത് അന്വേഷിക്കാൻ തയ്യാറാകുമോ?

<u>മി. സ്പീക്കർ</u>: ഗവൺമെന്റ് നിലപാട് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിക്കഴിഞ്ഞു. .....(ബഹളം).....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ബഹുമാനപ്പെട്ട ചെയറിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത് രണ്ട് പ്രധാനപ്പെട്ട ആരോപണങ്ങൾ ഈ സഭാതലത്തിൽ എഴുതിക്കൊടുത്ത് ഉന്നയിച്ചതാണ്. രണ്ട് മന്ത്രിമാരുടെയും മറുപടികൾ തൃപ്തികരമല്ല. ഇതിൽ അന്വേഷണത്തിന് ഗവൺമെന്റ് തയ്യാറുണ്ടോ എന്നുള്ളതാണ് ഞങ്ങളുടെ ചോദ്യം.

<u>മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)</u>: സർ, ഇക്കാര്യത്തിൽ രണ്ട് മന്ത്രിമാരും വ്യക്തമായി മറുപടി പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഉന്നയിച്ച ആദ്യത്തെ പ്രശ്നത്തിൽ പറയാനുള്ളത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെ ഈ പറഞ്ഞ ഏജൻസിയെ എംപാനൽ ചെയ്തിട്ടുണ്ടെന്ന് ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞു. ...(ബഹളം)... 2013-ൽ തന്നെ എംപാനൽ ചെയ്ത ഏജൻസികളുടെ കൂട്ടത്തിൽ ഈ പറഞ്ഞ ഏജൻസിയുമുണ്ടായിരുന്നെന്ന് അദ്ദേഹം ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞു. അതുപോലെതന്നെ രണ്ടാമത് ഉന്നയിച്ച പ്ലാസ്മയുടെ കാര്യത്തിൽ സുതാര്യമായിട്ടാണ് കാര്യങ്ങൾ തീരുമാനിച്ചിരിക്കുന്നത്. 2012-ൽ അന്നത്തെ യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് ഇതുമായി ബന്ധപ്പെട്ട ആദ്യത്തെ നിർദ്ദേശങ്ങൾ വന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിക്കഴിഞ്ഞു. അതിന്റെ തുടർച്ചയായ നടപടിക്രമങ്ങൾ ഉണ്ടായി. ടെണ്ടർ നടപടികളിലൂടെയാണ് കാര്യങ്ങൾ നീങ്ങിയിട്ടുള്ളത്. ഗവൺമെന്റ് ഹോസ്പിറ്റലുകളിൽനിന്നും ബന്ധപ്പെട്ട ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും വിൽപ്പന നടത്തുമ്പോൾ ആ സ്ഥാപനത്തിന് കിട്ടുന്ന വരുമാനം ആ സ്ഥാപനത്തിന് തന്നെയാണ് ചെലവഴിക്കുന്നതെന്നും പറഞ്ഞുകഴിഞ്ഞു. ഈ വിഷയത്തിൽ യാതൊന്നും പ്രത്യേകമായി അന്വേഷിക്കേണ്ടതില്ല. ...(ബഹളം)...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്കരിച്ചു.)

<u>മി. സ്പീക്കർ</u>: Let them go out. അവർ പോകട്ടെ. നിങ്ങൾ യാത്ര അയയ്ക്കേണ്ട... പ്ലീസ്... യാത്രയയപ്പ് ആവശ്യമില്ല....

## ധനകാര്യം (തുടർച്ച)

<u>മി. സ്പീക്കർ</u>: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,90,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 28,08,25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,99,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 67,56,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,00,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 72,63,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,08,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,89,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,56,66,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 358,60,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ചകൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,68,88,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂലൈ മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.03-ന് പിരിഞ്ഞു.)